# മൈലപ്രാ അച്ചന്റെ ഓർമ്മക്കുറിപ്പുകൾ

റവ. ഫാ. ഏ.ജി. ഏബ്രഹാം
(മൈലപ്രാ അച്ചൻ)

സമാഹർത്താവ്
ഡോ. റ്റി.എ. ഏബ്രഹാം

www.malankaralibrary.com

www.malankaralibrary.com

# മൈലപ്രാ അച്ചന്റെ ഓർമ്മക്കുറിപ്പുകൾ

ഡോ. റ്റി.എ. ഏബ്രഹാം

BP NO. 161

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2015

www.malankaralibrary.com

(Malayalam)
**Mylapra Achante Ormakurippukal**

**Rev. Fr. A.G. Abraham**
(Mylapra Achan)

*Compiler*
Dr. T.A. Abraham

*First Published*
May 2015


*Cover Design & Type Setting*
St. Mary's Press, Pattom

*Printed at*
St. Mary's Press, Pattom, Trivandrum

*Published by*
Bethany Publishers, Kottayam

Price : ₹ 300/-

www.malankaralibrary.com



**റവ. ഫാ. ഏ.ജി. ഏബ്രഹാം**
(മൈലപ്രാ അച്ചൻ)

www.malankaralibrary.com

www.malankaralibrary.com

# പ്രസാധക കുറിപ്പ്

ലോകത്തിലും ഇന്ത്യയിലും കേരളത്തിലും അംഗസംഖ്യയിലും പൗരാണികതയിലും സാക്ഷ്യത്തിലും ഒന്നാംസ്ഥാനത്തു നിൽക്കുന്ന സഭ വി. കത്തോലിക്കാസഭയാണ്. 1665-വരെ (17-ാം നൂറ്റാണ്ട്) യാക്കോബായക്കാരോ ഓർത്തഡോക്സ്കാരോ ഇന്ത്യയിലോ കേരളത്തിലോ ഉണ്ടായിരുന്നില്ല. എന്നാൽ പുത്തൻകൂറുകാരിൽ കുറെപേർ യാക്കോബായക്കാരും ഓർത്തഡോക്സുകാരും ആവുകയും അവർ വീണ്ടും വിശ്വവ്യാപകമായ (കാതോലികം) വി. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തത് പുണ്യശ്ലോകനും ഭാഗ്യസ്മരണാർഹനുമായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിലൂടെയാണ്. അദ്ദേഹം ആരംഭിച്ച പുനരൈക്യപ്രസ്ഥാനം മലങ്കര കത്തോലിക്കാ ഇപ്പോൾ തിരുസഭയായി മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ അനുദിനം വളർന്നുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുക കൂടി ചെയ്തപ്പോൾ മലങ്കര കത്തോലിക്കാസഭ കൂടുതൽ അനുഗ്രഹിക്കപ്പെട്ടിരിക്കയാണ്.

വിശാലമനസ്ഥിതിയോടുകൂടി കാത്തോലിക്കാസഭയ്ക്കും പുനരൈക്യപ്രസ്ഥാനത്തിനും മലങ്കര സഭയ്ക്കും പൊതുസമൂഹത്തിനും വലിയ നേതൃത്വം കൊടുത്തിരുന്നത് വന്ദ്യ ഏ.ജി. ഏബ്രഹാം അച്ചനാണ്. അച്ചന്റെ മകൻ ഏബ്രഹാമാണ് “മൈലപ്രാ അച്ചന്റെ ഓർമ്മക്കുറിപ്പുകൾ” ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുന്നത്. അച്ചനെയും ആ കാലഘട്ടത്തെയും അനശ്വരമാക്കുന്ന ഈ ഉദ്യമത്തിന് നിർവ്വഹിക്കാൻ ബഥനി പ്രസിദ്ധീകരണങ്ങൾക്ക് സന്തോഷമുണ്ട്. ബഥനി പബ്ലിക്കേഷൻസിന്റെ 161-ാം ഗ്രന്ഥമായി ഇത് പ്രസിദ്ധീകരിക്കുന്നു. ഗ്രന്ഥകാരൻ ഡോ. റ്റി.എ. ഏബ്രഹാമിനും ഈ പ്രസിദ്ധീകരണ വുമായി ബന്ധപ്പെട്ട ഏവർക്കും അഭിനന്ദനം അർപ്പിക്കുന്നു. ഏവരുടെയും സഹകരണവും സൗമനസ്യവും അഭ്യർത്ഥിക്കുന്നു. സഭൈക്യവും മാനവൈക്യവും പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

7-4-2015

**റവ. ഫാ. ഡോ. ജയിംസ് മാമൂട്ടിൽ ഒ.ഐ.സി.**
ബഥനി പബ്ലിക്കേഷൻസ്
കോട്ടയം



www.malankaralibrary.com

## ആമുഖം

സംഭവബഹുലമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു തെങ്ങുതറ മേടയിൽ റവ. ഫാ. ഏ.ജി. ഏബ്രഹാം. മൈലപ്രാ അച്ചൻ എന്നറിയപ്പെട്ടിരുന്ന ഈ ശ്രേഷ്ട വൈദീകൻ ഒരു കാലത്ത് ഒരു ദേശത്തിന്റെ മുഴുവൻ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കു നേതൃത്വം കൊടുത്തിരുന്ന ആളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജനിച്ച അദ്ദേഹം തന്റെ 78 വർഷത്തെ ജീവിതം മുഴുവൻ മൈലപ്രായിലേയും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലേയും നാനാ ജാതി മതസ്ഥരായ ആളുകളുടെ സമഗ്രമായ വികസനത്തെ ലക്ഷ്യം വച്ചുകൊണ്ടു ജീവിച്ച ഒന്നായിരുന്നു. അദ്ദേഹം ആരംഭിച്ച സ്കൂളുകൾ, സഹകരണസംഘം, പോസ്റ്റ് ഓഫീസ്, മുതലായവ ഇതിനുദാഹരണമാണ്. ഇന്നും ഈ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ മഹത്വത്തെ വിളിച്ചോതിക്കൊണ്ട് നിലകൊള്ളുന്നു.

1901 ഒക്ടോബർ 17-ാം തീയതി ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കുണ്ടറ സെമിനാരിയിലും, എം.ഡി. സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി, 1926 ഓഗസ്റ്റ് 31-ാം തീയതി ഓർത്തഡോക്സ് സഭയിൽ ഒരു വൈദികനായി. പല പള്ളികളുടെയും വികാരി ആയിരിക്കെ തന്നെ, മാക്കാംകുന്നു മദ്ധ്യകേരള കൺവൻഷന്റെ സെക്രട്ടറിയായികൂടി പ്രവർത്തിക്കുന്നതിനിടയായി. ദൈവപരിപാലന യിൽ ഇത് അദ്ദേഹത്തിന്റെ ജീവിതത്തിൽ സഭകളെക്കുറിച്ചു കൂടുതൽ പഠിക്കുന്നതിന് അവസരമൊരുക്കി. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യവും തുടർന്നുണ്ടായ മലങ്കര കത്തോലിക്കാ സഭാ സ്ഥാപനവും, വളർച്ചയുമൊക്കെ അദ്ദേഹത്തെ കത്തോലിക്കാ സഭയെക്കുറിച്ചു കൂടുതൽ പഠിക്കുന്നതിനും, അങ്ങനെ നമ്മുടെ കർത്താവു സ്ഥാപിച്ച ശ്ലൈഹിക പാരമ്പര്യമുള്ള സഭ കത്തോലിക്കാ സഭ ആണെന്നു മനസ്സിലാക്കുവാനും സാധിച്ചു. കത്തോലിക്കാ സഭയുമായി നേരത്തെ തന്നെ പുനരൈക്യപ്പെട്ടിരുന്ന പുത്തൻപീടികയിൽ ബഹുമാനപ്പെട്ട ഗീവറുഗീസ് പീടികയിൽ അച്ചനുമായുണ്ടായിരുന്ന സൗഹൃദം അദ്ദേഹത്തിന്റെ തീരുമാനങ്ങൾ വേഗത്തിലാക്കുവാൻ വളരെയേറെ സഹായിച്ചു. അങ്ങനെ 1935 ജൂലൈ 20-ാം തീയതി അദ്ദേഹം ഏതാണ്ട് 150 കുടുംബങ്ങളോടു കൂടി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. താമസിയാതെ കൂടുതൽ കുടുംബങ്ങളെ സഭയിലേക്കു കൊണ്ടുവരുന്നതിനും അദ്ദേഹത്തിനു



www.malankaralibrary.com

സാധിച്ചു. കത്തോലിക്കാ സഭയെ അദ്ദേഹം ആശ്ലേഷിച്ചത് ഏതെങ്കിലും മനുഷ്യ വ്യക്തിയുടെ പ്രേരണ കൊണ്ടോ, മറ്റേതെങ്കിലും നേട്ടത്തിനു വേണ്ടിയോ ആയിരുന്നില്ല എന്നത് അദ്ദേഹത്തിന്റെ പിൽക്കാല ജീവിതത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം. താൻ ഓർത്തഡോക്സ് സഭയിൽ ആയിരുന്നപ്പോൾ സ്വപ്രയത്നം കൊണ്ടുണ്ടാക്കിയ സ്കൂളുകളും മറ്റും മാർ ഈവാനിയോസ് പിതാവിനു വിട്ടു കൊടുക്കുവാൻ അദ്ദേഹം ഒരു മടിയും കാട്ടിയില്ല.

കത്തോലിക്കാ സഭയെക്കുറിച്ചു നല്ലതുപോലെ പഠിച്ചപ്പോൾ സഭയെ ആഴമായി സ്നേഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ സ്നേഹമാണ് കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതിനു അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നു അദ്ദേഹത്തിന്റെ വാക്കുകൾ പ്രകടമാക്കുന്നു. താൻ പുനരൈക്യപ്പെടുന്നതിനു മുമ്പ് താൻ വികാരിയായിരുന്ന മൈലപ്രാ ഓർത്തഡോക്സ് പള്ളിയിലെ ജനങ്ങളോട് അദ്ദേഹം ചെയ്ത വിടവാങ്ങൽപ്രസംഗം അദ്ദേഹത്തിന്റെ ആത്മാർത്ഥതയുടെ ഏറ്റവും വലിയ തെളിവാണ്. അന്നു മൈലപ്രാ ട്രെയിനിംഗ് സ്കൂളിൽ പഠിപ്പിച്ചിരുന്ന ഞായല്ലൂർ എൻ.ജെ. ജോർജ്ജ് സാർ, ഏബ്രഹാമച്ചന്റെ പുനരൈക്യത്തോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച ആ പ്രസംഗത്തിന്റെ ഏതാനും ഭാഗങ്ങൾ രേഖപ്പെടുത്തിക്കൊള്ളട്ടെ, “സത്യ സഭ ഒന്നേയുള്ളൂ. അതു ഞാൻ മുമ്പു പറഞ്ഞ കത്തോലിക്കാസഭയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ലോകത്തിലെനിയ്ക്കുള്ള കൂട്ടുകെട്ടും സഖിത്വവുമെല്ലാം ഉപേക്ഷിക്കേണ്ടി വന്നാലും ആ തിരുസഭയെ ആശ്ലേഷിക്കുവാൻ ഞാൻ ബദ്ധപ്പെടുന്നു. ആരും എന്നെ പിൻതിരിപ്പിക്കുവാൻ പരിശ്രമിക്കേണ്ട. ദൈവീകമായി എനിക്കു ലഭിച്ച ഈ സുവർണ്ണാവസരത്തെ ഞാൻ ഇനിയും മാറ്റിവെയ്ക്കുകയില്ല. നിങ്ങളും ഈ സത്യം ഗ്രഹിയ്ക്കണമെന്നും എന്നെ അനുഗമിയ്ക്കണമെന്നും ഞാൻ അതിയായി ആഗ്രഹിയ്ക്കുന്നു. മിശിഹാതമ്പുരാന്റെ തിരുസഭയിൽ നിന്നുകൊണ്ട് തന്നെ ആരാധിയ്ക്കുവാൻ, താൻ എനിയ്ക്കും നിങ്ങൾക്കും സംഗതിയാകട്ടെ എന്നു ഞാൻ പ്രാർത്ഥിയ്ക്കുന്നു. കലഹവും ശണ്ഠയുമായി കഴിഞ്ഞു കൂടേണ്ടവരല്ല ക്രിസ്ത്യാനികൾ. മാനുഷിക കൂട്ടുകെട്ടുകൾ അസ്ഥിരങ്ങളും അപലപനീയങ്ങളും ആയിരിക്കും. നമ്മുടെ സഭയിലെ നേതാക്കന്മാർക്ക് നിരാശയും ഭാവിയേപ്പറ്റി ആശങ്കയുമാണുള്ളത്.... അവസാനമായി ഞാൻ ഈ സഭയോടു യാത്ര പറയുന്നു. ദൈവമെന്നെ നയിയ്ക്കുന്നു എന്നു പൂർണ്ണമായി ബോദ്ധ്യമുള്ളതിനാൽ തന്റെ തൃകൈയ്യിൽ ഭാവിയെ ഞാൻ ഭരമേൽപ്പിയ്ക്കുന്നു. നിങ്ങളോടൊരുമിച്ചു ഭാവി



www.malankaralibrary.com

കഴിപ്പാൻ എനിയ്ക്കു വാഞ്ഛയുണ്ട്. അതിനു ദൈവം സഹായിയ്ക്കട്ടെ.... എന്നെ അനുഗമിക്കാത്തവരായി ഇവിടെ ആരെങ്കിലുമുണ്ടെങ്കിൽ അവരോടു ഞാൻ സവിനയം യാത്ര ചോദിച്ചുകൊള്ളട്ടെ; നിങ്ങൾ ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. ഞാൻ നിങ്ങൾക്കു വേണ്ടി തുടർന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതാണ്. നിങ്ങളേവരേയും ഞാൻ ഒരിക്കൽ കൂടി സാക്ഷാൽ കത്തോലിക്കാ സഭയിലേക്കു ക്ഷണിച്ചു കൊണ്ട് തൽക്കാലം വിരമിക്കുന്നു". ബഹുമാനപ്പെട്ട അച്ചന്റെ ദൈവ നിയോഗത്തോടുള്ള വിധേയത്വവും, വ്യക്തിത്വവും, ആത്മാർത്ഥതയു മെല്ലാം ഈ പ്രസംഗത്തിൽ പ്രതിഫലിക്കുന്നതായി നമുക്കു കാണാം. അതുപോലെ തന്നെ, എല്ലാവരെയും കത്തോലിക്കാ സഭയിലേക്കു കൊണ്ടുവരുന്നതിനുള്ള തീക്ഷ്ണമായിട്ടുള്ള ആഗ്രഹവും, മദ്ധ്യതിരു വിതാംകൂറിൽ പുനരൈക്യപ്രസ്ഥാനം ശീഘ്രമായി വളർന്നു വരുന്ന തിനുള്ള കാരണം ബഹുമാനപ്പെട്ട ഏബ്രഹാം അച്ചന്റെയും ആ അവ സരത്തിൽ അതേ തീക്ഷ്ണതയോടെ പ്രവർത്തിച്ച കുമ്പഴ അച്ചന്റെയും, കടമ്മനിട്ട അച്ചന്റെയുമൊക്കെ നിശ്ചയദാർഢ്യവും, ദൈവാശ്രയവും കൊണ്ടാണെന്ന് നിസ്സംശയം പറയുവാൻ സാധിക്കും.

ബഹുമാനപ്പെട്ട മൈലപ്രാ അച്ചന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ ഡയറിക്കുറിപ്പായി അദ്ദേഹം എഴുതി വച്ചിരുന്നു. അദ്ദേഹ ത്തിന്റെ മൂത്തമകൻ ഡോ. റ്റി. എ. ഏബ്രഹാം (ജോയി) ഈ ഡയറി ക്കുറിപ്പുകൾ വരും തലമുറയ്ക്കു പ്രയോജനപ്പെടണമെന്നാഗ്രഹിച്ചു കൊണ്ട് കുറേ നാളുകളായി അതിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടിയുള്ള പരിശ്രമത്തിലായിരുന്നു. പല ഡയറികളിലായി സാധാരണ രീതിയിൽ എഴുതിയിരുന്നത് വായിച്ചു മനസ്സിലാക്കുന്നതിന് വളരെയേറെ പ്രയാസ മുണ്ടായിരുന്നു. ഞാൻ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ വികാരിയാ യിരിക്കുമ്പോൾ പലപ്പോഴും ഇതിന്റെ പ്രസിദ്ധീകരണത്തെക്കുറിച്ചു ഞങ്ങൾ തമ്മിൽ സംസാരിച്ചിട്ടുണ്ട്. അപ്പോഴൊക്കെ വേണ്ട പ്രോത്സാഹനം ഞാൻ കൊടുത്തിട്ടുണ്ട്. മൈലപ്രാ അച്ചനും ഞാനും തമ്മിലുള്ള ബന്ധ ത്തെക്കുറിച്ച് ഒരു വാക്ക്:- ഞാൻ അച്ചന്റെ സഹോദരന്റെ കൊച്ചു മകനാണ്. എന്റെ ദൈവവിളിക്ക് അദ്ദേഹം ഒരു പ്രചോദനമായിരുന്നു. ചെറുപ്പത്തിൽ മൈലപ്രാ പള്ളിയിൽ പോകുമ്പോൾ അച്ചന്റെ വി. കുർബാന എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്. അച്ചന്റെ സ്വരവും ഭക്തിയോടുകൂടിയുള്ള കുർബാനയും മനോഹരമായിരുന്നു. ഞാൻ സെമിനാരിയിൽ ചേർന്നു കഴിഞ്ഞും അദ്ദേഹം തിരുവനന്തപുരത്തു വരുമ്പോഴൊക്കെ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വന്ന്



www.malankaralibrary.com

എന്നെ കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. മേജർ സെമിനാരിയിൽ നിന്നും അവധിക്കു വരുമ്പോൾ ഞാൻ അദ്ദേഹത്തെ കാണുവാൻ പോകുമ്പോഴൊക്കെ അദ്ദേഹം പറയുന്ന ഒരു കാര്യമായിരുന്നു എല്ലാവരുടെയും പുനരൈക്യത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്നും, വൈദീക ജീവിതത്തിൽ അതിനുവേണ്ടി പ്രവർത്തിക്കണമെന്നും.

ബഹുമാനപ്പെട്ട മൈലപ്രാ അച്ചന്റെ ഡയറിക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ ഒത്തിരിയേറെ ത്യാഗത്തോടെ അതു തയ്യാറാക്കിയ ജോയിച്ചായനെ അഭിനന്ദിക്കുന്നതിനോടൊപ്പം, പുനരൈക്യപ്രസ്ഥാനത്തിലെ ആദിമ വൈദികരുടെ ത്യാഗോജ്ജ്വലമായ ജീവിതം പുതിയ തലമുറയ്ക്കു ഒരു പ്രചോദനമാകട്ടെയെന്ന് ആഗ്രഹിക്കുന്നു. ഈ പുസ്തകത്തിന്റെ വരുമാനം മുഴുവൻ അച്ചന്റെ മാതൃ ഇടവകയായ മൈലപ്രാ പള്ളിയിൽ ഏൽപ്പിക്കണമെന്നും, അതുവഴി അച്ചന്റെ ഓർമ്മയ്ക്കായി ഏതെങ്കിലും സൽക്കർമ്മത്തിന് ഉപയോഗിക്കണമെന്നുമാണ് ജോയിച്ചായന്റെ ആഗ്രഹമെന്ന് എന്നോട് സംസാരിയ്ക്കുകയുണ്ടായി. ഈ ആഗ്രഹം സഫലമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

Rt. Rev. George Jacob Cor Episcopo
Vicar, St. Albert's Malankara Catholic Church
Kattoor P.O., Kozhenchery 689 650
Pathanamthitta District.



www.malankaralibrary.com

**The Syro-Malankara Catholic Church**

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA


Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicosbm@gmail.com
Personal Tel: + 91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

03.03.2015

## അവതാരിക

മൈലപ്രാ അച്ചൻ എന്ന് മലങ്കര സഭയിലും മധ്യതിരുവിതാം



കൂറിലും അറിയപ്പെട്ടിരുന്ന, ഇപ്പോഴും ഓർമി ക്കപ്പെടുന്ന, റവ. ഫാദർ ഏ.ജി. ഏബ്രഹാം ജന്മംകൊണ്ടു മാത്രമല്ല, കർമംകൊണ്ടും 'ദേശ ത്തുപട്ടക്കാരൻ' ആയിരുന്നു. കർമംകൊണ്ട് പല ദേശങ്ങളുടെയും പട്ടക്കാര നാകാൻ അർഹത നേടിയ ദേഹവുമത്രേ.

പുരോഹിതശൃംഖല കണ്ണിമുറിയാതെ കിടന്ന കുടുംബശാഖയിലെ ജന്മംതന്നെ ബഹു. ഏബ്ര ഹാമച്ചന് ഒരേ സമയം ദൈവത്തിലേക്കും മനു ഷ്യരിലേക്കും തുറന്ന കണ്ണോടെയും കൂമ്പിയ അക്ഷികളോടെയും നോക്കിയിരിക്കാൻ ഇരു ത്തമുള്ള നിലവാടായിരുന്നല്ലോ. ആ നിലവാട്ടുതറയിൽ നിന്നുകൊണ്ട് അദ്ദേഹം കരങ്ങൾ കൂപ്പിയതും വിരിച്ചതും ദൈവത്തിന്റെയും മനുഷ്യ രുടെയും നേർക്കുമായിരുന്നതിനാൽ അവയി ലൂടെ പുണ്യവും സുകൃത ങ്ങളും വ്യാപകമായി വ്യാപരിക്കപ്പെട്ടു. ദൈവത്തിൽനിന്നു പ്രാപിച്ച പുണ്യം ബഹു. അച്ചൻ മനുഷ്യർക്കുവേണ്ടിയുള്ള സുകൃതങ്ങളായി രൂപാ ന്തരപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ പള്ളി വേണ്ടവർക്കു പള്ളി, വിദ്യ അഭ്യസിപ്പിക്കാൻ പല തലങ്ങളിലുള്ള വിദ്യാ ലയങ്ങൾ, ദേശവാ സികൾ സഹോദരങ്ങളെന്നപോലെ പരസ്പരം സഹായിക്കാനുതകുന്ന സംഘങ്ങളും സമാനങ്ങളായ മറ്റു സംവിധാന ങ്ങളും, തൊഴിൽസംരം ഭങ്ങൾ, നാട്ടാരുടെ വിശപ്പിന്റെ വിളിക്ക് ഉത്തരം നല്കാനുതകുന്ന കാർഷിക സംരംഭങ്ങൾ എന്നിവയൊക്കെ വിഭാവന ചെയ്യാനും



www.malankaralibrary.com

പ്രാവർത്തികമാക്കാനും നയിക്കാനും വളർത്താനും ബഹു. മൈലപ്രാ അച്ചനു സാധിച്ചു.

രാഷ്ട്രീയ മണ്ഡലങ്ങളിൽ തനിക്കുണ്ടായിരുന്ന നിർണായക സ്വാധീനവും നാടിന്റെ വളർച്ചയ്ക്ക് അദ്ദേഹം പ്രയോജനപ്പെടുത്തി. സംസ്ഥാനത്തിന്റെ ഭരണകേന്ദ്രത്തിലെ ഓഫീസുകൾതൊട്ട് ഭരണവഴി യിലെ താഴേത്തട്ടിലെ ഓഫീസുകൾവരെയും ധൈര്യപൂർവം കടന്നു ചെന്ന് തന്റെ നാടിന്റെയും നാട്ടാരുടെയും ആവശ്യങ്ങൾ നേടിയെടു ത്തിരുന്നു. തായ്ക്കുടുംബത്തോടും ശാഖാകുടുംബങ്ങളോടും ദേശത്തെ എല്ലാ കുടുംബങ്ങളോടും ബഹു. അച്ചൻ ഊഷ്മളബന്ധം പുലർത്തി യിരുന്നു. അത്തരമൊരു വ്യക്തി നാടിന്റെ മുക്കും മൂലകളും തമ്മിൽ ബന്ധിപ്പിക്കുന്ന 'വഴിവെട്ടിന്' പ്രതിബന്ധങ്ങളെ അതിലംഘിച്ചു നേതൃത്വം നൽകിയതിൽ അസ്വാഭാവികതയില്ല. അതുപോലെതന്നെ വിദൂര സ്ഥർക്കും സമീപസ്ഥർക്കും പരസ്പരം വിവരങ്ങളും വിശേഷങ്ങളും കൈമാറി ബന്ധം പുതുക്കിക്കൊണ്ടിരിക്കാൻ അന്നുണ്ടായിരുന്ന പോസ്റ്റോഫീസ് സ്വദേശമായ മൈലപ്രായിൽതന്നെ നിലനിർത്താൻ ഉത്തരവാദപ്പെട്ടവരെ നിർബന്ധിച്ചു ഫലപ്രാപ്തിയിലെത്തിച്ചതിലും. ബഹു. മൈലപ്രാ അച്ചന്റെ കർമനിരതത്വത്തിന്റെ ബഹുമുഖസാക്ഷ്യമായ 'ഓർമക്കുറിപ്പുകളു'ടെ വായന എന്റെ പുരോഹിതമനസ്സിൽ ബഹു. അച്ചന്റെ പരമഗുരുവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഈ പൊതു മൊഴിയെ ഓർമിപ്പിക്കുന്നു: "അവൻ നാടുനീളെ നന്മ ചെയ്തുകൊണ്ടു കടന്നുപോയി".

ബഹു. മൈലപ്രാ അച്ചന്റെ കർമകാലത്തെ ദേശീയ, സാമൂഹ്യ, രാഷ്ട്രീയ, സമുദായ, സഭാസാഹചര്യങ്ങളിൽ താനേർപ്പെട്ട ഇടപാടു കളിലെല്ലാം വിജയശ്രീമാനാകാൻ അദ്ദേഹത്തിനു സാധിച്ചു. അതിന് അദ്ദേഹത്തെ പ്രാപ്തനാക്കിയ ചില സത്ഗുണവിശേഷങ്ങൾ 'ഓർമ ക്കുറിപ്പുകൾ' പ്രസിദ്ധീകരിച്ച സ്മര്യപുരുഷന്റെ പുത്രൻ ഡോ. റ്റി.എ. ഏബ്രഹാം (ജോയി) എടുത്തുപറയുന്നുണ്ട്: "വിവിധമാനങ്ങളിൽ ശോഭിച്ച സഹജാവബോധം, ഫലപ്രദമായി ഏത് കർമ്മവും അനു ഷ്ഠിക്കാൻപോന്ന ദൃഢമായ ക്രിയാശേഷി, പ്രതികൂലങ്ങളെ കൂസാത്ത ധീരത....."(പുറം 28). ഇപ്പറഞ്ഞവയ്ക്കൊക്കെ ബലവും ക്രിയാശേഷിയും നല്കിയത് ബഹു. അച്ചന്റെ ആഴമായ ദൈവാശ്രയവും അകളങ്കിതമായ ആത്മാർഥതയും അർപ്പണബോധവുമാണെന്നാണ് ഈ 'ഓർമക്കുറി പ്പുകളു'ടെ സൂക്ഷ്മവായന അനുവാചകമനസ്സിനോടു മൊഴിയുന്നത്.



www.malankaralibrary.com

ദൈവാശ്രയത്തിൽ വളരാനിടയായതിനെക്കുറിച്ചുള്ള ബഹു. അച്ചന്റെ നേർസാക്ഷ്യം ഈ 'ഓർമക്കുറിപ്പുകളി'ലുണ്ടല്ലോ. ദൈവാശ്രയത്തിന്റെ തെളിനീരൊഴുക്കുകളായിരുന്നു അച്ചന്റെ ഭക്തിയും ധ്യാനബോധവും അപരോന്നതി ലക്ഷ്യമാക്കിയുള്ള കർമോത്സുകതയും കർമകൗശലങ്ങളും. അപ്രകാരംതന്നെ അദ്ദേഹത്തിന്റെ സഭാപ്രവർത്തനങ്ങളും. അത് ഓർത്തഡോക്സ് സഭയിലായിരുന്നപ്പോഴും കത്തോലിക്കാസഭയിലായിരുന്നപ്പോഴും. അതേ സത്ഗുണശക്തികളോടൊത്ത് സത്യത്തോടുള്ള തുറവും അദ്ദേഹത്തിന്റെ ഹൃദയസ്പന്ദനത്തിൽ സദാ മിടിച്ചിരുന്നു. അതാണല്ലോ എതിർക്കാൻവേണ്ടി പഠിച്ച കത്തോലിക്കാസഭയെ പുല്കാൻ അദ്ദേഹത്തിനു ഭവികമായി ഭവിച്ചതും, ശിഷ്ടജീവത് പര്യന്തം പുനരൈക്യപ്രസ്ഥാനത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും 'സ്പ്തസകാര' സുസ്ഥിതിക്കും അഭിവൃദ്ധിക്കും വേണ്ടി തനിച്ചും സഹപ്രവർത്തകരോടും സമശീർഷകരോടൊത്തുമെല്ലാം രാപകൽ അവിശ്രമം അധ്വാനിക്കാൻ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നത്.

തന്റെ ആത്മികസുസ്ഥിതിക്ക് തെല്ലും ഊനമുണ്ടാക്കാൻ വിശാല സമൂഹത്തിന്റെയും സമുദായത്തിന്റെയും സഭയുടെയും സമുന്നതിക്കു വേണ്ടിയുള്ള പ്രവർത്തനബാഹുല്യത്തെ ബഹു. മൈലപ്രാ അച്ചൻ അനുവദിച്ചില്ല എന്ന വസ്തുത സവിശേഷശ്രദ്ധയർഹിക്കുന്നു. സ്വന്തം ചുമതലയിലുണ്ടായിരുന്ന പള്ളികളിൽ ഏതു ത്യാഗവും സഹിച്ചും കൃതിനിഷ്ഠയോടും, തനിക്കും സന്നിഹിതരായ സകലർക്കും ആത്മികോത്ക്കർഷം സംഭവിക്കുംവിധവും, ശുശ്രൂഷകൾ നിർവഹിക്കുകയും ധ്യാനയോഗങ്ങളും സുവിശേഷമഹായോഗങ്ങളും മറ്റും സംഘടിപ്പിക്കുകയും മാത്രമല്ല അച്ചൻ ചെയ്തിരുന്നത്. മറ്റിടങ്ങളിൽ നടത്തപ്പെട്ടിരുന്ന അത്തരം ശുശ്രൂഷകളിലും യോഗങ്ങളിലും സജീവമായി സംബന്ധിക്കാനും അദ്ദേഹം അതിയായി ശ്രദ്ധിച്ചിരുന്നു. അങ്ങനെ തന്റെ ആത്മികാഭിവൃദ്ധിയുടെ വഴികൾ അദ്ദേഹം അനുസ്യൂതം അവലംബിച്ചിരുന്നു. ഇതിന്റെ ഭാഗമാണ് പുണ്യാഭിവൃദ്ധിക്ക് പതിവായി ഭരണങ്ങാനത്ത് അൽഫോൻസാപ്പുണ്യവതിയുടെ കബറിങ്കലേക്കും മുഖത്തല വിശുദ്ധ യൂദാശ്ലീഹായുടെ സവിധത്തിലേക്കും തീർത്ഥാടനങ്ങളും അവിടങ്ങളിൽ കുർബാനയർപ്പണവും നടത്തിയിരുന്നത്. ഇതിനോടു ചേർത്തു വായിക്കേണ്ടതാണ് ഭരണങ്ങാനത്തെ അൽഫോൻസാപ്പുണ്യവതിയോടുള്ള ഭക്തിയുടെ ഒരു സജീവ സാക്ഷ്യമെന്നോണം



www.malankaralibrary.com

തന്റെ ഒരു പുത്രിക്ക് അൽഫോൻസ എന്ന നാമം നല്കി സന്യാസിനി യാകാൻ സമർപ്പിച്ചത്.

തന്റെ ആത്മിക സുസ്ഥിതിക്കുവേണ്ടിയുള്ള ബഹു. അച്ചന്റെ അതീവ ശ്രദ്ധയ്ക്കും താത്പര്യത്തിനുമൊത്തുള്ള അന്ത്യശുശ്രൂഷകളും അദ്ദേഹത്തിനു ലഭിച്ചുവെന്ന സംഗതിയും സ്മർത്തവ്യമത്രേ. താൻ ശരണപ്പെട്ട സ്ലീബായുടെ പെരുന്നാളിൽ തന്റെ നാഥനോടു ചേരാൻ ആ പുണ്യാത്മാവിനു ഭാഗ്യമുണ്ടായതും ആകസ്മികമല്ലെന്നതു വിസ്മ രിച്ചുകൂടാ. അത്ഭുതാദരവുകളോടുകൂടി മാത്രം പുനർവായന സാധ്യ മായ ബഹു. മൈലപ്രാ അച്ചന്റെ സ്വരൂപം അനുവാചകമനസ്സുകളിൽ സ്ഥിരപ്രതിഷ്ഠിതമാക്കുന്നു 'ഓർമക്കുറിപ്പുകൾ'. അവയുടെ പ്രകാശിത രൂപം അനേകർക്ക് ഉത്തേജകമാകുമെന്നു തീർച്ച. പരോത്കർഷത്തിനും പരിത്രാണനത്തിനും സ്വയം പ്രതിഷ്ഠിക്കുന്ന പുരോഹിതന്മാരുടെ പിന്തുടർച്ചയർഹിക്കുന്നൊരു പ്രേഷ്യഭാവത്തെ 'ഓർമക്കുറിപ്പുകൾ' സംഭാവന ചെയ്യുന്നു. ഈ ഓർമ്മത്താളുകൾക്കൊരു പുസ്തകരൂപം നല്കി പ്രസിദ്ധീകരിച്ച ഡോ. റ്റി.എ. ഏബ്രഹാമിന് (ജോയിക്ക്) മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നന്ദിയും അഭിനന്ദനവും രേഖ പ്പെടുത്തുന്നു.

ബഹു. മൈലപ്രാ അച്ചന്റെ അവകാശികളായ സകലരെയും 'ഓർമക്കുറിപ്പുകളുടെ' അനുവാചകരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്
പ്രസിഡന്റ്, സി.ബി.സി.ഐ. & കെ.സി.ബി.സി.



www.malankaralibrary.com

# DIOCESE OF MAVELIKARA

## JOSHUA MAR IGNATHIOS

Bishop of Mavelikara

### സന്ദേശം



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്യകാല ഘട്ടത്തിൽ ദൈവജനത്തിന്റെ ആത്മീയരൂപീകരണത്തിനും ക്ഷേമത്തിനും വേണ്ടി അക്ഷീണം പ്രയത്നിച്ച് വന്ദ്യ വൈദിക ശ്രേഷ്ഠനാണ് മൈലപ്രായച്ചൻ എന്ന് നാം വിളിക്കുന്ന ആദരണീയനായ ഏ. ജി. ഏബ്രഹാം അച്ചൻ. ബഹുമാനപ്പെട്ട അച്ചന്റെ ഹൃദയതുടിപ്പുകളാണ് ഡയറിക്കുറിപ്പിലുള്ളത്. ഒരു കാലഘട്ടത്തിന്റെ ചരിത്രം ഹൃദയസ്പർശിയായി രേഖപ്പെടുത്തിയ ഡയറിക്കുറിപ്പുകൾ സഭാചരിത്രകാരന്മാർക്ക് ആധികാരിക മായ പഠനരേഖകളാണ് 'ഓർമ്മക്കുറിപ്പുകൾ' എന്ന പേരിൽ ഇപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. പുസ്തകത്തിന് പ്രചുരപ്രചാരവും ദൈവാനുഗ്രഹങ്ങളും നേരുന്നു.

മൈലപ്രായച്ചൻ എന്നും എന്റെ മനസ്സിൽ ഒരു ദീപ്തസ്മരണയാണ്. പൗരോഹിത്യ ശുശ്രൂഷയിൽ പിൻഗാമികളായ ഞങ്ങൾക്ക് അദ്ദേഹം നല്ലൊരു മാർഗ്ഗദർശിയായിരുന്നു. ഞങ്ങളുടെ മൈനർ സെമിനാരി പഠനകാലത്ത് അദ്ദേഹം അരമനയിൽ വരുമ്പോൾ നല്ല ഉപദേശങ്ങളും പ്രോത്സാഹനങ്ങളും വേണ്ടത്ര നല്കിയിരുന്നു. മേജർ സെമിനാരി പഠനകാലത്തും അവധികാലത്ത് ബഹുമാനപ്പെട്ട ഏബ്രഹാമച്ചനെ സന്ദർശിക്കുമ്പോൾ പഠനകാര്യങ്ങളും മറ്റും വിശദമായി ചോദിച്ചറിയുകയും നന്നായി പഠിക്കണമെന്ന് പറഞ്ഞ് പ്രോത്സാഹിപ്പിക്കു



www.malankaralibrary.com

കയും ചെയ്തത് പിൽക്കാലത്ത് എനിക്ക് ഗുണകരമായിട്ടുണ്ട്. പുന രൈക്യ പ്രസ്ഥാനത്തിന് കൈത്താങ്ങും നേതൃത്വവും നല്കിയ ആദരണീയനായ, കൊട്ടാരക്കര വലിയ വീട്ടിലച്ചന്റെ അയൽവാസി എന്ന നിലയിൽ അച്ചൻ എന്നെ ഏറെ സ്നേഹിച്ചിരുന്നു.

ഓർത്തഡോക്സ് സഭയിലെ തീഷ്ണതയുള്ള പ്രേഷിതനാ യിരുന്നു ബഹുമാനപ്പെട്ട അച്ചൻ. ശ്രദ്ധയോടും ഭക്തിയോടും, കൂടി വിശുദ്ധ കൂദാശകൾ പരികർമ്മം ചെയ്യുന്ന ശക്തനായ കാര്യനിർവ്വഹ കനും ധിഷണാശാലിയായ നേതാവുമായിരുന്നു അച്ചൻ. പുനരൈക്യ ത്തിനു ശേഷം ഈ കഴിവുകളെല്ലാംതന്നെ അതിന്റെ തീവ്രതയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കു വേണ്ടി അച്ചൻ സമർപ്പിച്ചു. ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാ നിയോസ് പിതാവിനോടും ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാ വിനോടുമൊപ്പം നിദാന്തജാഗ്രതയുള്ള കാര്യസ്ഥനായി അച്ചൻ പ്രവർത്തിച്ചു. പ്രശ്ന സങ്കീർണ്ണമായ പല മേഖലകളിലും വന്ദ്യ പിതാ ക്കന്മാരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കുന്ന സ്ഥാനപതിയായി അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. വിഷയങ്ങൾ ആഴത്തിൽ പഠിച്ച് സഭാത്മകമായി അതിനെ സമീപിക്കുകയും ക്രൈസ്തവോചിതമായി ഒരു പരിഹാരം കണ്ടെത്തി മേധാശക്തിയോടെ അത് നടപ്പിലാക്കുകയും ചെയ്യാൻ അച്ചന് സവിശേഷമായ പാടവമുണ്ടായിരുന്നു. കറകളഞ്ഞ സഭാ സ്നേഹം അച്ചന്റെ പ്രത്യേകതയായിരുന്നു. വിവിധങ്ങളായ കഴിവുകളും സ്വാധീനങ്ങളും സഭാമക്കളുടെ സർവതോന്മുഖമായ അഭ്യുന്നതിയ്ക്ക് അച്ചൻ വിനിയോഗിച്ചു.

സഭാപ്രവർത്തനത്തോടൊപ്പം സമൂഹത്തിന്റെ വളർച്ചയും അച്ചന്റെ പരിഗണനാ വിഷയമായിരുന്നു. മൈലപ്രാ ഗ്രാമത്തിന്റെ വിക സനത്തിനുവേണ്ടി വിവിധ പദ്ധതികൾ വിഭാവന ചെയ്യുകയും അവ തന്മയത്വമായി ആസൂത്രണം ചെയ്യുകയും ചെയ്തു ബഹുമാനപ്പെട്ട അച്ചൻ. ഇന്നത്തെ മൈലപ്രായുടെ വികസനത്തിന് അടിത്തറയിട്ട മഹാ ശില്പി എന്ന നിലയിൽ അച്ചന്റെ സ്ഥാനം വളരെ ശ്രേഷ്ഠമാണ്. മനുഷ്യന്റെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കി ആത്മസമർപ്പണത്തോടെ പ്രവർത്തിച്ച ബഹുമാനപ്പെട്ട അച്ചൻ പൊതുപ്രവർത്തകർക്ക് എന്നും മാതൃകയാണ്. ജനപക്ഷത്ത് നിന്ന് പ്രവർത്തിക്കുകയും പൊതുജന ത്തിന്റെ ആദരവും കൂട്ടുത്തരവാദിത്വവും ആകർഷിക്കുകയും ചെയ്യുന്ന പൊതുപ്രവർത്തനശൈലി അച്ചൻ സ്വീകരിച്ചിരുന്നു.



www.malankaralibrary.com

പുനരൈക്യ പ്രസ്ഥാനത്തിന്റെ സത്യസന്ധമായ ചരിത്രരേഖ യായി മൈലപ്രായച്ചന്റെ ഡയറി രേഖകൾ ഉപകരിക്കും. സഭയോടും സഭാസംവിധാനത്തോടും സമൂഹത്തോടും സത്യസന്ധമായും ധീരത യോടും പ്രതികരിച്ച് മനുഷ്യസ്നേഹിയായ ഒരു ആചാര്യന്റെ ഓർമ്മ ക്കുറിപ്പുകൾ പുതിയ തലമുറയ്ക്ക് പ്രചോദന നല്കുന്ന അക്ഷരക്കൂട്ടു കളാണ്. മലങ്കര സുറിയാനി കത്തോലിക്കനായി ജീവിക്കുന്നതിൽ അഭി മാനം കൊണ്ട അച്ചന്റെ ജീവിതത്തിന്റെ മനോഹര മുഹൂർത്തങ്ങൾ ചാരുതയോടെ രേഖപ്പെടുത്തിയ ഈ കൃതി അങ്ങേയറ്റം പ്രശംസായോഗ്യ മാണ്. ചരിത്രരേഖയെന്ന് വിശേഷിപ്പിക്കാവുന്ന ഈ കൃതി തയ്യാറാക്കിയ തെങ്ങുംതറ കുടുംബാംഗങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. പ്രത്യേകിച്ച് അച്ചന്റെ വത്സലപുത്രനും ഈ ഗ്രന്ഥത്തിന്റെ രചയിതാവുമായ ഡോ. റ്റി.എ. ഏബ്രഹാമിനെ. മലങ്കര കത്തോലിക്കാ സഭയുടെ മഹാനായ ഈ ആചാര്യന്റെ ദീപ്തമായ ഓർമ്മയ്ക്ക് മുൻപിൽ ഹൃദയപൂർവ്വം ആദരാഞ്ജലി അർപ്പിക്കുന്നു.

+ Mar Ignatius

**ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ

അമലഗിരി
19 മാർച്ച് 2015



www.malankaralibrary.com

**THE SYRO-MALANKARA CATHOLIC CHURCH**

**DIOCESE OF PATHANAMTHITTA**


MOST REV. YOOHANON MAR CHRYSOSTOM
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: 0468-2223100, 2223200
Fax: +91-468-2223800
E-mail: bpdiopta@gmail.com

മാർച്ച് 07, 2015

## സന്ദേശം

മലങ്കര കത്തോലിക്കാ സഭയിൽ അതിന്റെ പ്രാരംഭകാലത്ത് ഓർത്തഡോക്സ് യാക്കോബായ സഭയിൽ നിന്നും വളരെ പ്രഗത്ഭരായ



പല വൈദികരും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. കടമ്മനിട്ട അച്ചനും, പുത്തൻപീടിക അച്ചനും, കുമ്പഴ അച്ചനും, കൊട്ടാരക്കര അച്ചനും ഒക്കെ അതിന്റെ ഉദാഹരണങ്ങളാണ്. അതിൽ പ്രഗത്ഭനായ ഒരാളാണ് മൈലപ്രാ അച്ചൻ എന്നറിയപ്പെടുന്ന തെങ്ങുംതറ മേടയിൽ ഏ.ജി. ഏബ്രഹാം. ഇന്ന് തലയെടുപ്പോടുകൂടി ഉയർന്ന് നില്ക്കുന്ന മൈലപ്രാ മലങ്കര കത്തോലിക്കാപ്പള്ളി അതിന്റെ പ്രാരംഭദിശയിൽ ബഹുമാനപ്പെട്ട മൈലപ്രാ അച്ചനും അച്ചന്റെ കൂടെ 150 ഓളം കുടുംബങ്ങളും ഓർത്തഡോക്സ് മൈലപ്രാ ഇടവകയിൽ നിന്ന് സത്യവിശ്വാസത്തിലേക്ക് പുനരൈക്യപ്പെട്ടവരാണ്. അതുപോലെ ഇന്ന് മൈലപ്രായിൽ കാണുന്ന സേക്രട്ട് ഹാർട്ട് സ്കൂളും, റ്റി.റ്റി.ഐ. സ്കൂളും ബഹുമാനപ്പെട്ട അച്ചന്റെ ഉത്തരവാദിത്വത്തിൽ ഉണ്ടായിരുന്നവയാണ്. മൈലപ്രായ്ക്ക് ചുറ്റുമുള്ള ദൈവാലയങ്ങൾ ബഹുമാനപ്പെട്ട അച്ചന്റെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും ത്യാഗത്തിന്റെയും ഫലമായിട്ട് വളർന്നുവന്നവയാണ്. ബഹുമാനപ്പെട്ട അച്ചന്റെ ഓർമ്മക്കുറിപ്പുകൾ മൂത്തമകൻ ജോയി എന്നറിയപ്പെടുന്ന ഡോ. റ്റി.എ. ഏബ്രഹാം ക്രോഡീകരിച്ച് ഒരു പുസ്തകമാക്കുന്നതിൽ വളരെ സന്തോഷം. അത് മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിന്റെ ഭാഗമാണ്. അതിന് എല്ലാവിധ ആശംസകളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ബഹുമാനപ്പെട്ട അച്ചന്റെ ഓർമ്മയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്,

**യൂഹാനോൻ മാർ ക്രിസോസ്റ്റം**

പത്തനംതിട്ട മെത്രാപ്പോലീത്താ



www.malankaralibrary.com

## THE SYRO MALANKARA CATHOLIC CHURCH
## Eparchy of Pathanamthitta

**Msgr. Chamakalayil Jose**
Chief Vicar General

### ആശംസ

മൈലപ്രാ തെങ്ങുതറയിൽ പെരിയ ബഹുമാനപ്പെട്ട ഏ.ജി. ഏബ്രഹാം അച്ചന്റെ ഓർമക്കുറിപ്പുകൾ ക്രോഡീകരിച്ച് അച്ചന്റെ മൂത്ത മകൻ ജോയിച്ചായൻ ഒരു പുസ്തകം ഇറക്കുന്നു എന്നറിഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. മൂന്നര പതിറ്റാണ്ടുകാലം മുമ്പുവരെ മൈലപ്രാ പ്രദേശത്ത് മലങ്കര കത്തോലിക്കാ സഭയുടെ വാക്കായി വിഹരിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് ബഹു. മൈലപ്രാ അച്ചൻ.

ഒരു പുരോഹിതനായി ദൈവശുശ്രൂഷ നടത്തിയിരുന്ന ഓർത്ത ഡോക്സ് സഭയിൽ നിന്ന് കത്തോലിക്കാസഭയുമായുള്ള ദൃശ്യവും സമ്പൂർണ്ണവും കാനോനികവുമായ ഐക്യത്തിലേക്ക് കടന്നുവരാൻ അദ്ദേഹം തിരുമാനിച്ചപ്പോൾ, വലിയ ഒരു വിശ്വാസസമൂഹത്തെക്കൂടെ തന്റെ കൂടെ കൊണ്ടുവരുവാൻ അദ്ദേഹത്തിന് സാധിച്ചു. ബഹുമാനപ്പെട്ട മൈലപ്രാ അച്ചൻ അടിസ്ഥാനം ഇട്ടതാണ് ഇന്ന് മൈലപ്രായിൽ തല ഉയർത്തിനിൽക്കുന്ന പ്രൗഢഗംഭീരമായ മലങ്കര കത്തോലിക്കാ ദൈവാലയം. ഓർത്തഡോക്സ് സഭയിൽ നിന്ന് അദ്ദേഹത്തിന്റെ കൂടെ ഏതാണ്ട് 150 ഓളം കുടുംബങ്ങൾ കത്തോലിക്കാസഭാ സംസർഗ ത്തിൽ എത്തിച്ചേർന്നു. അച്ചന്റെ സ്വന്തം സമ്പാദ്യങ്ങളായ എസ്.എച്ച്. ഹൈസ്കൂളും എസ്.എച്ച്. റ്റി.റ്റി.ഐ. സ്കൂളും അദ്ദേഹം മലങ്കര കത്തോലിക്കാ സഭയ്ക്ക് നല്കി. കൊച്ചുകുട്ടികളായ ഞങ്ങൾ വളർന്നു വന്നത് ഈ അച്ചനെ കണ്ടും കേട്ടുമാണ്. ബഹുമാനപ്പെട്ട അച്ചന്റെ വി. കുർബാനയും പ്രാർത്ഥനയും പ്രസംഗവുമെല്ലാം ഞങ്ങൾക്ക് പ്രചോദന മായിരുന്നു. ദൈവാലയത്തിന്റെയും വിശ്വാസികളുടെയും കാര്യങ്ങളിൽ മാത്രമല്ല നാടിന്റെ മുഴുവൻ വളർച്ചയ്ക്ക് അദ്ദേഹം ക്രിയാത്മകമായി പ്രവർത്തിച്ചു. നാടിന്റെ വളർച്ചയ്ക്ക് ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിച്ചു. പഞ്ചായത്തിന്റെ പ്രസിഡന്റായി ദീർഘകാലം സാമൂഹ്യ സേവനം ചെയ്തു.



www.malankaralibrary.com

മലങ്കര സഭയുടെ ആരംഭകാലത്ത് ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഈ പ്രദേശത്ത് ചുക്കാൻപിടിച്ച വൈദികരിൽ മുൻപന്തിയിൽ നിന്ന ആളാണ് ബഹു. മൈലപ്രാ അച്ചൻ. ഈ പുസ്തകം മലങ്കര സഭയുടെ ചരിത്രത്തിന്റെ ഭാഗമാണ്. അതിന് എല്ലാ ഭാവുകങ്ങളും ആശംസകളും നേരുന്നു. പ്രിയപ്പെട്ട ജോയിച്ചായന് എല്ലാ അനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ



**മോൺ. ജോസ് ചാമക്കാലായിൽ കോർ എപ്പിസ്കോപ്പാ**
മുഖ്യവികാരി ജനറാൾ



www.malankaralibrary.com

# Rev. Dr. Ignatius Thangalathil, OIC

President, Archbishop Benedict Mar Gregorios Foundation
Bethany Ashram, Kottoor 689 582



**ആശംസ**

1953 ജൂലൈ 17. രണ്ടുദിവസം മുമ്പ് സ്വർഗപ്രാപ്തനായ ദൈവ ദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ മൃതദേഹം പാളയത്തു നിന്നു പട്ടത്തേക്കു നഗരി കാണിക്കൽ ശുശ്രൂഷ നടക്കുന്നു. മലങ്കര ആരാധനക്രമത്തിലെ അതിമനോഹരവും ഹൃദയസ്പർശവുമായ ഗീതങ്ങളും പ്രാർത്ഥനകളും കേൾക്കാം. ഘനഗംഭീരശബ്ദം, ആരേയും തപിപ്പിക്കുന്ന ഈണം. പ്രാർത്ഥനകളും ഗീതങ്ങളും ആലപിക്കുന്നതാരാണെന്നു അന്വേഷിച്ചപ്പോൾ, മൈലപ്രാ അച്ചനും കുമ്പഴ അച്ചനും എന്നു മനസ്സിലായി. 1979 സെപ്റ്റംബർ 14-ാം തീയതി മൈലപ്രാ തിരുഹൃദയ ദേവാലയത്തോടും സമൂഹത്തോടും മൈലപ്രാ അച്ചൻ വിട പറഞ്ഞപ്പോൾ ഈ സംഭവം എന്റെ മനസ്സിൽ തെളിഞ്ഞു.

മൈലപ്രാ അച്ചൻ എന്നു പൊതുവെ അറിയപ്പെട്ടിരുന്ന തെങ്ങുംതറ മേടയിൽ ഏബ്രഹാം അച്ചനെ ആദ്യമായി കാണുകയും കേൾക്കുകയും ചെയ്തത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറടക്കശുശ്രൂഷാവസരത്തിലാണ്. അന്നു ഞാൻ ബഥനി സന്ന്യാസാശ്രമത്തിൽ പ്രാരംഭ പരിശീലനത്തിലായിരുന്നു. പിന്നീട് പലപ്പോഴും, പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്ത് അതിന്റെ നെടുംതൂണുകളിലൊന്നായ മൈലപ്രാ അച്ചനെ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്.

കുമ്പഴ ഇടവക വികാരിയായി ഞാൻ 1970-ൽ ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് പത്തുവർഷത്തോളം ബഹു. അച്ചനുമായി അടുത്തു സഹകരിക്കുവാൻ സാധിച്ചു. പലപ്പോഴും ഉപദേശങ്ങൾ സ്വീകരിക്കുവാനും, പ്രവർത്തനങ്ങളിൽ സഹായം തേടുവാനും സാധിച്ചു. വിശേഷിച്ച് മൗണ്ട് ബഥനി സ്കൂളിന്റെ പ്രാരംഭത്തിൽ അച്ചൻ വലിയ തുണയായിരുന്നു.

ബഹു. അച്ചൻ രോഗിയായിരുന്നപ്പോൾ സന്ദർശിച്ചു പ്രാർത്ഥിക്കുവാനും, മരണസമയം അടുത്തുനിന്നു പ്രാർത്ഥന ചൊല്ലിക്കൊടുക്കുവാനും ഭാഗ്യമുണ്ടായി. സംസ്കാര ശുശ്രൂഷയിൽ സജീവമായി പങ്കുചേരുവാനും മൃതദേഹം ഉയർത്തി വിടപറയൽ കർമ്മത്തിൽ സഹകരിക്കുവാനും സാധിച്ചത് വലിയ അനുഗ്രഹമായി കരുതുന്നു.



www.malankaralibrary.com

പൗരോഹിത്യ പാരമ്പര്യമുള്ള ഒരു പുരാതന കുടുംബമാണ് തെങ്ങുംതറയിൽ കുടുംബം. ബഹു. അച്ചന്റെ പൗരോഹിത്യശുശ്രൂഷയെ വീക്ഷിക്കുമ്പോൾ ഏശയ്യാ പ്രവചനം 61: 1–2 വാക്യങ്ങളാണ് ഓർമ്മയിൽ വരുന്നത്. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും, അന്ധർക്കു കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18–19).

പൗരോഹിത്യം ദേവാലയശുശ്രൂഷയിൽ പരിമിതപ്പെടുത്തുന്നതോ പ്രാർത്ഥിക്കുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്യുന്നതോ മാത്രമല്ലാ താൻ ആയിരിക്കുന്ന സമൂഹത്തിന്റെ സമഗ്രവികസനം തന്റെ കടമ കൂടിയാണെന്ന് അച്ചൻ തിരിച്ചറിഞ്ഞിരുന്നു. ആധുനിക വിമോചന ദൈവശാസ്ത്രം ഉടലെടുക്കുന്നതിനുമുമ്പ് ഏശയ്യാ പ്രവാചകന്റെ വിമോചന ശാസ്ത്രം അഭ്യസിച്ച ശ്രേഷ്ഠ പുരോഹിതനാണ് ബഹു. മൈലപ്രാ അച്ചൻ.

മനുഷ്യനു ആത്മാവും ശരീരവുമുണ്ടെന്നും അവന്റെ പുരോഗതിയും വികസനവും ഈ രണ്ടു ഘടകങ്ങളുടെയും പുരോഗതിയിലും വികസനത്തിലുമാണെന്നുള്ള ബോധ്യത്തിലാണ് അച്ചൻ പ്രവർത്തിച്ചത്. വികസനത്തിന് അടിസ്ഥാനഘടകം വിദ്യാഭ്യാസമാണ്. ചുറ്റുപാടുമുള്ള ആളുകൾക്ക് വിദ്യാഭ്യാസം നല്കുന്നതിന് പല വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തി. സ്വന്തം പെരുമയ്ക്കു വേണ്ടിയല്ല സ്കൂളുകൾ സ്ഥാപിച്ചത്. വ്യക്തിപരമായുള്ള പ്രവർത്തനത്തിനു പരിധിയുണ്ടെന്നു തിരിച്ചറിഞ്ഞ അച്ചൻ സ്കൂളുകൾ നല്ല നിലയിൽ നടത്തുന്നതിന് സഭയ്ക്കു സമർപ്പിച്ചു.

സാമൂഹികരംഗങ്ങളിൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തിയ അച്ചനിൽ പൊതുജനം വിശ്വാസമർപ്പിച്ചു സഹകരിച്ചു. ബഹു. അച്ചന്റെ നേതൃത്വം സമൂഹത്തിനു നന്മയെന്നു മനസ്സിലാക്കിയ ജനം പഞ്ചായത്തു പ്രസിഡന്റായും സഹകരണസംഘങ്ങളുടെ നേതാവായും എതിരില്ലാതെ തെരഞ്ഞെടുത്തു. അവസാന നാളുകൾ വരെയും ബഹു. അച്ചൻ ജനത്തെ സേവിച്ചു.

സഭാജീവിതത്തിൽ, പൗരോഹിത്യപാരമ്പര്യമുള്ള കുടുംബത്തിന്റെ ചൈതന്യം കാത്തുസൂക്ഷിച്ചു. അതിനാൽ മലങ്കര ഓർത്ത





www.malankaralibrary.com

ഡോക്സ് സഭയിലെ പ്രധാന ചുമതലകളും സഭ അദ്ദേഹത്തെ ഏല്പി ച്ചിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ ശൈശവദശയിൽ അതിനെ തിരായി പ്രവർത്തിച്ച്, അതിനെ നശിപ്പിക്കുവാനുള്ള ചുമതലയും ഭരമേല്പിക്കപ്പെട്ടിരുന്നുവെന്നു നാം മനസ്സിലാക്കുന്നു.

ദൈവദാസൻ മാർ ഇവാനിയോസ് പുനരൈക്യപ്പെട്ടപ്പോൾ, അന്ന് ആ പ്രസ്ഥാനത്തിനെതിരായി പ്രവർത്തിക്കുവാൻ ശൗലിനെ പ്പോലെ ശക്തനായ സേവേറിയോസ് തിരുമേനിയെ നിയോഗിച്ചിരുന്നു. ആ നിയോഗം പൂർത്തികരിക്കുന്നതിന് അദ്ദേഹം പ്രാർത്ഥിച്ചു, വായിച്ചു, പഠിച്ചു. അത് അദ്ദേഹത്തിന്റെ പുനരൈക്യത്തിനു വഴിതെളിച്ചു. അതു പോലെ ബഹു. മൈലപ്രാ ഏബ്രഹാം അച്ചനും അദ്ദേഹത്തെ ഓർത്ത ഡോക്സ് സഭ ഏല്പിച്ച കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കു ന്നതിന് പ്രാർത്ഥനയും പഠനവും ആവശ്യമായിരുന്നു. ബഹു. അച്ചൻ പ്രാർത്ഥിച്ചു, പഠിച്ചു. തത്ഫലമായി കത്തോലിക്കാ പുനരൈക്യം സാധിതമായി.

മൈലപ്രാ അച്ചന്റെ ജനസ്വാധീനം വ്യക്തമായി വെളിപ്പെടുന്നത് വലിയ ഒരു സമൂഹം അദ്ദേഹത്തോടൊപ്പം പുനരൈക്യപ്പെട്ടതു വഴി യാണ്. നൂറ്റമ്പതോളം കുടുംബങ്ങൾ ഒരുമിച്ച് ഒരു വൈദികനോടൊപ്പം പുനരൈക്യപ്പെടുന്ന സംഭവം വേറൊന്ന് എന്റെ അറിവിലില്ല. സമൂഹ ത്തിനുവേണ്ടി ജീവിച്ചു, ജീവിതമർപ്പിച്ചു. നാടു പൊതുവെ അഭിവൃദ്ധി പ്രാപിച്ചു. ജനം അംഗീകരിച്ചു.

ബഹുമാനപ്പെട്ട മൈലപ്രാ ഏബ്രഹാം അച്ചന്റെ പൗരോഹിത്യ ജീവിതദർശനം പുതുതലമുറയ്ക്ക് പ്രചോദനമാകട്ടെ എന്നു പ്രാർത്ഥി ക്കുന്നു. ഇതുപോലെ ശക്തമായ, മാതൃകാപര ഫലദായകവുമായ ശുശ്രൂഷ ചെയ്ത പിതാക്കന്മാരുടെ ജീവിതം അടുത്ത തലമുറയ്ക്കു പ്രചോദനം നൽകും. കഠിനാദ്ധ്വാനം ചെയ്ത് അച്ചന്റെ ഈ "ഓർമ്മ ക്കുറിപ്പുകൾ" സംലഭ്യമാക്കിയ ജോയി സാറിന് ആയിരമായിരം നന്ദി. ലക്ഷ്യപ്രാപ്തിക്കായി പ്രാർത്ഥിക്കുന്നു.



www.malankaralibrary.com

# ആശംസ

ജന്മനാടിന്റെയും, ജീവിച്ച കാലഘട്ടത്തിന്റെയും കഥാപുരുഷനായി മാറിയ മഹാത്മാവാണ് "മൈലപ്രാ അച്ചൻ" എന്ന അപരനാമത്തിൽ അറിയപ്പെട്ട ഫാദർ ഏ.ജി. ഏബ്രഹാം, തെങ്ങുംതറമേടയിൽ. മൈലപ്രാ തന്റെ കർമ്മവേദിയാക്കിക്കൊണ്ട് മദ്ധ്യതിരുവിതാംകൂറിന്റെ വടക്കു കിഴക്കൻ മേഖലകളിൽ മലങ്കര കത്തോലിക്കാസഭയുടെ പുരോഗതിക്കായും ജനക്ഷേമത്തിനായും കഠിനാദ്ധ്വാനം ചെയ്ത ക്രാന്തദർശിയായ ഒരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. യാക്കോബായ സഭയിൽ വൈദിക പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിക്കുകയും തന്റെ പിതാക്കന്മാരുടെ പാത പിന്തുടർന്ന് 31-08-1926-ൽ പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. 1929-ൽ ശ്രീലങ്കയിൽ മലയാളികളായ യാക്കോബായ സഹോദരങ്ങളുടെ ഇടയിൽ ഒരു മിഷ്യനറിയായി ആറു മാസക്കാലം ചെലവഴിച്ചു. തുടർന്ന് നാട്ടിലെത്തി മൈലപ്രാ, മണ്ണാരക്കുളഞ്ഞി തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവന മനുഷ്ഠിച്ചു. എം.ഡി. സ്കൂളുകളുടെ കറസ്പോണ്ടന്റ്, മാക്കാംകുന്ന് സിറിയൻ കൺവെൻഷന്റെ സെക്രട്ടറി എന്നീ നിലകളിൽ സേവനം ചെയ്ത് തന്റെ പ്രാഗത്ഭ്യം തെളിയിക്കുകയുണ്ടായി.

മലങ്കരസഭയിൽ വഴക്കും വ്യവഹാരവും അന്തഃഛിദ്രവും നടമാടിയിരുന്ന കാലം. "സാർവ്വത്രിക കൂട്ടായ്മ മലങ്കരസഭയ്ക്ക് കൂടിയേ തീരൂ" എന്ന ദർശനത്തിൽ എത്തിയ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, പെരുനാട് മുണ്ടൻമലയിൽ താൻ സ്ഥാപിച്ച ബഥനി ആശ്രമം വിട്ടിറങ്ങി 1930 സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. ഈ പുനരൈക്യസംഭവം മദ്ധ്യതിരുവിതാംകൂറിലെ പത്തനംതിട്ടയിലും ചുറ്റുമുള്ള പ്രദേശങ്ങളിലെ ക്രിസ്തീയ വിഭാഗങ്ങൾക്കിടയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. ഒരു മലങ്കര കത്തോലിക്കാ വിശ്വാസിയോ, ഒരു വൈദികനോ ആ പ്രദേശത്ത് ഇല്ലാതിരുന്ന അക്കാലത്ത്, 1930 ഒക്ടോബർ 29 ന് 'കുമ്പഴ അച്ചൻ' എന്നറിയപ്പെടുന്ന ഫാദർ പീലിപ്പോസ് മേടയിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പാത പിന്തുടർന്ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. തുടർന്ന് കുമ്പഴ വടക്കുംപുറം, കോന്നി, കല്ലേലി, മൈലപ്രാ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും അനേകം കുടുംബങ്ങൾ പുനരൈക്യപ്പെടുകയുണ്ടായി. 1932-ൽ ഫാദർ ഗീവറുഗിസ്



www.malankaralibrary.com

പീടികയിൽ ഫാദർ പീലിപ്പോസ് മേടയിൽ ഇവരുടെ പരിശ്രമഫലമായി മൈലപ്രായിൽ ഒരു മലങ്കര കത്തോലിക്കാ ഇടവക സ്ഥാപിതമാകുകയും കുമ്പഴ അച്ചൻ അതിന്റെ ആദ്യത്തെ വികാരിയാകുകയും ചെയ്തു. ഓർത്തഡോക്സ്-യാക്കോബായ സഭയിലെ അംഗങ്ങളുടെ സർവ്വ ശ്രദ്ധയും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിക്കും, അനുയായികൾക്കുമെതിരേ ആഞ്ഞടിച്ചു. ശൈശവം പിന്നിട്ടില്ലാത്ത സഭയെ വളർത്തുവാൻ പ്രഭാഷണങ്ങളും, കൺവെൻഷനുകളും ഒരു വശത്തു നടക്കുമ്പോൾ പുനരൈക്യത്തിനെതിരായി പ്രവർത്തിക്കുവാൻ മാക്കാംകുന്ന് കൺവെൻഷൻ സെക്രട്ടറി എന്ന നിലയിൽ മൈലപ്രാ അച്ചനും ഇടവന്നിട്ടുണ്ടാവാം. എന്നാൽ അതിനായുള്ള സഭാചരിത്ര പഠനവും ബഹു. ഗീവറുഗീസ് പീടികയിലച്ചനുമായുണ്ടായിരുന്ന സമ്പർക്കവും മൂലം സത്യസഭ ഏതെന്ന് മനസ്സിലാക്കി പുനരൈക്യപ്പെടുക എന്നതായിരുന്നു ദൈവനിശ്ചയം. അങ്ങനെ ദൈവപരിപാലനയാൽ 1935 ജൂലായിൽ 150-ഓളം കുടുംബങ്ങളുമൊത്ത് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി. കുമ്പഴ അച്ചനും മൈലപ്രാ അച്ചനും ഉറ്റ സുഹൃത്തുക്കളായി. പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ ഇരുവരും മാർ ഈവാനിയോസ് തിരുമേനിയ്ക്കും മലങ്കര കത്തോലിക്കാസഭയ്ക്കും എല്ലാ പിന്തുണയും നൽകി സഭയ്ക്കുവേണ്ടി പടപൊരുതി. അങ്ങനെ അന്നത്തെ തിരുവിതാംകൂറിന്റെ വടക്കുകിഴക്കൻ മേഖലയിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് അടിത്തറ പാകി. അവിഭക്ത തിരുവനന്തപുരം അതിരൂപതയിൽ പുനരൈക്യപ്രസ്ഥാനത്തെ ശക്തമായി വളർത്തിയ പിതാക്കന്മാരാണ് മൈലപ്രാ അച്ചൻ, കുമ്പഴ അച്ചൻ, കടമ്മനിട്ട അച്ചൻ (ഫാ. പി.സി. വറുഗീസ് പുത്തൻപുരയ്ക്കൽ), കൊട്ടാരക്കര അച്ചൻ (അലക്സാണ്ടർ വലിയവീട്ടിൽ - കോർ എപ്പിസ്കോപ്പാ) എന്നിവർ. മദ്ധ്യതിരുവിതാംകൂറിലെ ഭൂരിഭാഗം ഇടവകകൾക്കും തുടക്കം കുറിക്കുന്നതിനും ഇടവകകൾ വളർത്തിയെടുത്ത് ധീരതയും വിശ്വാസ സ്ഥിരതയുമുള്ള ഒരുകൂട്ടം ജനതയെ രൂപപ്പെടുത്തുന്നതിനും മലങ്കര കത്തോലിക്കാസഭയുടെ നെടുംതൂണുകളായി നിന്നു പ്രവർത്തിച്ചവരാണ് നമ്മുടെ ഈ നാല് ബഹു. വൈദികരും എന്നത് ഇവിടെ അനുസ്മരിക്കുന്നത് ഉചിതമെന്നുതോന്നുന്നു.

സഭാപ്രവർത്തനങ്ങളോടൊപ്പം വിദ്യാഭ്യാസമേഖലയിലും, രാഷ്ട്രീയരംഗത്തും, സാമൂഹ്യപ്രവർത്തനരംഗത്തും തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ഒരു വൈദികനാണ് ഫാദർ ഏ.ജി. ഏബ്രഹാം. മൈലപ്രാ



www.malankaralibrary.com

യിൽ ഇപ്പോഴുള്ള M.S.C. L.P., U.P., Higher Secondary Schools, Training സ്കൂൾ ഇവയെല്ലാം അടിസ്ഥാനമിട്ടതും, അതിന്റെ പിന്നിൽ പ്രവർത്തിച്ചതും ബഹു. അച്ചനാണെന്ന് നന്ദിപൂർവ്വം സ്മരിക്കേണ്ട തുണ്ട്. മൈലപ്രാ പ്രദേശത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുന്നതിനും നാടിനെ പുരോഗതിയിലേക്കു നയിക്കുന്നതിനും അദ്ദേഹം പ്രയത്നിച്ചു. സഭയ്ക്കും സമൂഹത്തിനും വേണ്ടി ജീവിതമർപ്പിച്ച ബഹു. മൈലപ്രാ അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. മൈലപ്രാ അച്ചന്റെ 'സ്മരണ' സജീവമായി സഭാമക്കൾക്കു കൈമാറു വാൻ ഈ 'ഓർമ്മക്കുറിപ്പുകൾ' വഴി സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**സി. ഫിലോമിന എസ്.ഐ.സി.**
ബഥനി പ്രൊവിൻഷ്യൽ ഹൗസ്
പത്തനംതിട്ട - 689 645



www.malankaralibrary.com

## സ്നേഹാഞ്ജലി

മലങ്കര കത്തോലിക്കാ സഭയിൽ ഏതാണ്ടു മൂന്നര പതിറ്റാണ്ടു മുമ്പുവരെ മൈലപ്രായിലും, പത്തനംതിട്ടയിലും മാത്രമല്ല മദ്ധ്യ തിരുവിതാംകൂറിലെ പരിസരപ്രദേശങ്ങളിലെല്ലാം വൈദീക ശുശ്രൂഷ യോടൊപ്പം സമുദായ, സാമൂഹിക രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ജാഗ രൂകനായി അശ്രാന്തം പ്രവർത്തിച്ച് ദൈവസന്നിധിയിലേക്ക് കടന്നു പോയ ഒരു ശ്രേഷ്ഠ വൈദികനായിരുന്നു മൈലപ്രാ അച്ചൻ. ഇപ്രകാരം പൊതുവിൽ അറിയപ്പെട്ടിരുന്ന മൈലപ്രാ തെങ്ങുംതറ മേടയിൽ റവ. ഫാ. ഏ. ജി. ഏബ്രഹാം ആദ്ധ്യാത്മിക, സമുദായിക പ്രവർത്തന ങ്ങൾക്കൊപ്പം പൊതുനന്മ ലക്ഷ്യമാക്കിയ സാമൂഹിക പ്രവർത്തകനും, സൂക്ഷ്മ ദർശിയും ഉത്സാഹിയുമായ സംഘാടകനുമായിരുന്നു. വിവിധ മാനങ്ങളിൽ ശോഭിച്ച സഹജാവബോധം, ഫലപ്രദമായി ഏത് കർമ്മവും അനുഷ്ഠിക്കാൻ പോന്ന ദൃഢമായ ക്രിയാശക്തി, പ്രതികൂലങ്ങളെ കൂസാത്ത ധീരത, ഇവയെല്ലാം ആ വ്യക്തിത്വത്തെ ധന്യമാക്കി.

യാക്കോബായ സഭയിൽ പൗരോഹിത്യ പാരമ്പര്യം നിറഞ്ഞു നിന്ന ഒരു കുടുംബശൃംഖലയായിരുന്നു മദ്ധ്യ തിരുവിതാംകൂറിലെ തെങ്ങുംതറ കുടുംബം. ഭരണങ്ങാനം പ്ലാന്തോട്ടം കുടുംബത്തിലെ ഒരു ശാഖാപിതാവായിരുന്നു ഇലന്തൂരിലെ തെങ്ങുംതറയിൽ കൊച്ചിട്ടിതരകൻ. ധന്യമായ ഒരു ജീവിതം നയിച്ച കർമ്മധീരനായിരുന്നു ആ പിതാവ്. അദ്ദേഹത്തിന്റെ മൂന്ന് പുത്രന്മാരിൽ, കൊച്ചിട്ടി ഗീവർഗീസ് കത്തനാർ പത്തനംതിട്ട മാക്കാംകുന്നേൽ വന്ന് താമസമാക്കി, സമീപ പള്ളികളിൽ സേവനമനുഷ്ഠിച്ചു. പിൽകാലത്തു അദ്ദേഹം കൊച്ചിട്ടി ഗീവറിഗീസ് എപ്പിസ്കോപ്പാ ഒന്നാമൻ എന്നറിയപ്പെട്ടു. ഗീവറുഗീസ് എപ്പിസ്ക്കോ – ആച്ചിയമ്മ ദമ്പതികൾക്ക് 7 പുത്രന്മാരും 4 പുത്രിമാരും ഉണ്ടായിരുന്നു. മക്കളിൽ സീമന്ത പുത്രനായ ഫാദർ റ്റി. ജി. ഏബ്രഹാം മൈലപ്രാ, കുമ്പഴ മുതലായ പള്ളികളുടെ വികാരിയായി പ്രവർത്തിക്കുമ്പോൾ സൗകര്യാർത്ഥം മൈലപ്രായിൽ ആലുനിൽക്കുന്നതിൽ പുരയിടം ഒറ്റി വാങ്ങി താമസമാക്കി. ഫാ. ഏബ്രഹാം-മറിയാമ്മ ദമ്പതികളുടെ നാലാ മത്തെ മകനായി 1901 ഒക്ടോബർ 17-ാം തീയതി (1077 കന്നി 31) ഏ. ജി. ഏബഹാം ജനിച്ചു. ഫാ. റ്റി. ജി. ഏബ്രഹാമിന്റെ രണ്ടു സഹോ ദരന്മാരും വൈദീകരായിരുന്നു. അതിൽ മൂത്തയാൾ കോർഎപ്പിസ്കോപ്പ രണ്ടാമനായി. ഏ. ജി. ഏബ്രഹാമിന് 4 വയസ്സും മൂത്ത സഹോദരന് 13 വയസ്സും ഇളയ സഹോദരിക്ക് 2 വയസ്സും ഉള്ളപ്പോഴാണ് പിതാവ് മരി



www.malankaralibrary.com

ക്കുന്നത്. സാമ്പത്തികമായി വളരെ പ്രയാസപ്പെട്ടാണ് അമ്മ മറിയാമ്മ 5 മക്കളേയും പ്രാഥമിക വിദ്യാഭ്യാസം കൊടുത്തു വളർത്തിയത്. അമ്മ മറിയാമ്മ 27-9-1939 ൽ മരണമടഞ്ഞു, മൈലപ്രാ കത്തോലിക്കാ സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

പ്രാഥമിക വിദ്യാഭ്യാസം പത്തനംതിട്ടയിലും മൈലപ്രായിലും കഴിഞ്ഞ് ഏബ്രഹാം കുണ്ടറ സെമിനാരിയിലും കോട്ടയത്തു എം. ഡി. സെമിനാരിയിലും വൈദിക പഠനം നടത്തി. 26-2-1916 ൽ കണ്ടനാടു ഇടവകയുടെ മാർ ഈവാനിയോസ് തിരുമേനി മാക്കാം കുന്നേൽ പള്ളിയിൽ വച്ച് കോറുയോ പട്ടം കൊടുത്തു. 1925 ഏപ്രിൽ 27-ാം തീയതി പുത്തൻ പീടികയിൽ പടിഞ്ഞാറ്റേതിൽ ഗീവറുഗീസിന്റെ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. വൈദീക പഠനം നടന്നു കൊണ്ടിരിക്കുമ്പോൾ, പിൽകാലത്തു കാതോലിക്കാ ബാവയായിതീർന്ന, മാർ ഗ്രിഗോറിയോസ് തിരുമേനി 1926-ൽ പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു ഏതാനും കാലം തിരുമേനിയോടുകൂടി താമസിപ്പിച്ചു. തിരുമേനിയോടുകൂടിയുള്ള വാസം തന്റെ ജീവിതത്തെ ഭക്തിപാരമ്യത്തിലും ധ്യാനനിഷ്ഠയിലും, സർവ്വോപരി ദൈവാശ്രയത്തിലും വളരെ സഹായിച്ചു എന്ന് എഴുതിയിട്ടുണ്ട്. കുണ്ടറ സെമിനാരിയിൽ വച്ച് 31-8-1926 ൽ മാർ ഗ്രിഗോറിയോസ് തിരുമേനിയാൽ ആചാര്യനായി അഭിഷിക്തനായി. മൈലപ്രാ പള്ളിയിൽ സെപ്റ്റംബർ 18-ാം തീയതി നവപൂജാർപ്പണം നടത്തി.

ശെമ്മാശ്ശനായിരിക്കുമ്പോൾ തന്നെ മൈലപ്രായുടെ അഭിവൃദ്ധി കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു. അങ്ങനെ ആദ്യമായി 1923-ൽ ഒരു സഹകരണ സംഘം 639-ാം നമ്പരായി സ്ഥാപിച്ചു. അത് പിൽകാലത്തു പരസ്പര സഹായ സഹകരണ സംഘമായും, സഹകരണബാങ്കായും വികസിപ്പിച്ചു. സംഘം തുടങ്ങിയ നാൾ മുതൽ മരിക്കുന്നതിന് രണ്ടു മൂന്ന് വർഷങ്ങൾക്കു മുമ്പ് വരെ അതിന്റെ നോമിനേറ്റഡും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായും പ്രവർത്തിച്ചു. ടാങ്കിയസിസ്റ്റ പ്രകാരം വനത്തിൽ നെൽകൃഷി ചെയ്യാൻ ഗവൺമെന്റിൽ നിന്നും 100-ൽ പരം ഏക്കർ വനഭൂമി വാങ്ങി നെൽകൃഷി ദേശവാസികളെ കൊണ്ട് ചെയ്യിച്ചു. സംഘത്തോടൊപ്പം മൈലപ്രാ, മണ്ണാരക്കുളഞ്ഞി, വലിയഅയന്തി എന്നിവിടങ്ങളിൽ എൽ. പി. സ്കൂളുകൾ സ്ഥാപിച്ച് നടത്തിപോന്നു.

സിലോണിലെ (ശ്രീലങ്ക)യാക്കോബായക്കാരുടെ ആദ്ധ്യാത്മിക



www.malankaralibrary.com

കാര്യങ്ങൾ അന്വേഷിക്കുന്നതിനും അന്നവിടെയുണ്ടായിരുന്ന ഫാദർ അൽവാർസിനെ സഹായിക്കുന്നതിനുമായി അന്നത്തെ കാതോലിക്കാ ബാവായുടെ കല്പനയാൽ 1929 ജനുവരിയിൽ അവിടെ പോയി. തലസ്ഥാനമായ കൊളംബോയിലെത്തി താമസിച്ച് ഫാദർ അൽവാറിസിന്റെ കൂടെ ജോലി ചെയ്തു. യാക്കോബായ സഭയിലേക്ക് പരിവർത്തനം ചെയ്ത ഇടവകക്കാരുടെ കൂട്ടത്തിലുള്ള മലയാളികളുമായും അടുത്ത പ്രദേശങ്ങളിൽ സഞ്ചരിച്ചു മലയാളികളായ ധാരാളം ആളുകളുമായും സമ്പർക്കം പുലർത്തി അവരുടെ ആത്മീയ കാര്യത്തിൽ ദത്തശ്രദ്ധനായി കഴിഞ്ഞു. ആറുമാസങ്ങൾക്കുശേഷം മടങ്ങിവന്ന് മൈലപ്രാ, മണ്ണാരക്കുളഞ്ഞി മുതലായ പള്ളികളുടെ വികാരിയായി ജോലി നിർവഹിച്ചു വന്നു. അപ്പോൾ എം. ഡി. സ്കൂളുകളുടെ കറസ്പോണ്ടന്റായും, മാക്കാംകുന്ന് സിറിയൻ കൺവൻഷൻ സെക്രട്ടറിയായും, തുമ്പമൺ ഇടവക വൈദീക മീറ്റിംഗിന്റെ സെക്രട്ടറിയായും ചുമതലയേറ്റ് ഏതാനും വർഷം പ്രവർത്തിക്കേണ്ടി വന്നു. 1932-ൽ പരുമലയിൽ കൂടിയ വൈദീക സമ്മേളനം, വൈദീകരുടെ ഉന്നമനാർത്ഥം ആവശ്യമായ അന്വേഷണം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് മറ്റു രണ്ടു അച്ചന്മാരോടു കൂടി ഫാദർ ഏ. ജി. ഏബ്രഹാമിനെ നിയോഗിച്ചു. ഒരു വർഷത്തെ ശ്രമഫലമായി തയ്യാറാക്കിയ റിപ്പോർട്ടു 1933-ൽ കൂടിയ വൈദീക പൊതുയോഗത്തിൽ സമർപ്പിച്ചത് യാതൊരു ഭേദഗതിയും കൂടാതെ അംഗീകരിക്കപ്പെട്ടു. പ്രൈമറി സ്കൂളുകളോടൊപ്പം 1934-ൽ ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ അനുവദിപ്പിച്ച് ആരംഭിച്ചെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ അത് മൈലപ്രായിൽ നിന്നും മാറ്റപ്പെടുകയും കാലാന്തരത്തിൽ നിന്നുപോകുകയും ചെയ്തു. വീണ്ടും പരിശ്രമം നടത്തി വിദ്യാഭ്യാസ ഉദ്യോഗസ്ഥർ, ഡയറക്ടർമാർ തുടങ്ങി ദിവാൻജിയെ വരെ കണ്ടു ട്രെയിനിംഗ് സ്കൂൾ വീണ്ടും മൈലപ്രായിൽ അനുവദിപ്പിച്ചു. 1939 മെയ് 29-ാം തീയതി ഉദ്ഘാടനം നടത്തുകയും കുട്ടികളെ അഡ്മിറ്റ് ചെയ്ത് അദ്ധ്യാപകരെ നിയമിച്ച് പിറ്റേ ദിവസം തന്നെ ക്ലാസ്സ് ആരംഭിക്കുകയും ചെയ്തു. ഇന്നും വളരെ ഭംഗിയായി ആ സ്കൂൾ തുടരുന്നു. ട്രെയിനിംഗ് സ്കൂളിനൊപ്പം യു. പി. സ്കൂൾ തുടങ്ങി, പിന്നീട് മലയാളം ഹൈസ്കൂളാക്കി 7-ാം ക്ലാസുവരെ അനുവദിപ്പിച്ചു നടത്തിപോന്നു.

മൈലപ്രാ അച്ചൻ യാക്കോബായ പള്ളിവികാരിയായിരിക്കുമ്പോൾ മൈലപ്രായിൽ വച്ചും പുത്തൻ പീടികയിൽ പോകുമ്പോൾ



www.malankaralibrary.com

അവിടെവച്ചും പരേതനായ പീടികയിൽ ഗീവർഗീസ് അച്ചനുമായി നല്ല സമ്പർക്കം പുലർത്തിയിരുന്നു. അതുപോലെ മൈലപ്രായിലെ ആദ്യ കാല നാലഞ്ചു കത്തോലിക്കാ കുടുംബാംഗങ്ങളുമായും ഉറ്റ ബന്ധം പുലർത്തി സുഹൃത്തുക്കളായി വർത്തിച്ചു. മാക്കാംകുന്ന് കൺവൻഷന്റെ സെക്രട്ടറിയായിരിക്കെ കത്തോലിക്കാസഭയ്ക്കും പുനരൈക്യത്തിനും എതിരെ പ്രസംഗിക്കുന്നതിന് സഭാനേതൃത്വം അച്ചനേയും ചുമതല പ്പെടുത്തിയിരുന്നു. അതിനു വേണ്ടി കത്തോലിക്കാ സഭാ വിശ്വാസവും മലങ്കര സഭാചരിത്രവും മറ്റും അവഗാഹത്തോടെ പഠിക്കുന്നതിന് സാധിച്ചു. തൽഫലമായി ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും അടി സ്ഥാനമില്ലാത്തവയാണെന്നും കർത്താവു സ്ഥാപിച്ചു സത്യസഭ പരിശുദ്ധ മാർപാപ്പാ അദ്ധ്യക്ഷം വഹിക്കുന്ന സഭയാണെന്നും ബോദ്ധ്യ പ്പെട്ടു. ഇതിന് ഉപോദ്ബലകമായി പീടികയിലച്ചന്റെ പ്രേരണയും പ്രചോദനവും വളരെയധികം സ്വാധീനിച്ചു. അതേസമയം ചില പ്രത്യേക കാരണങ്ങൾമൂലം ഇടവകമെത്രാപ്പൊലിത്തായുമായുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ ഒരു വിചിന്തനത്തിന് പ്രേരകമായി. അങ്ങനെ കത്തോ ലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് നിശ്ചയിച്ചു. 1935 ജൂലായ് 20-ാം തീയതി (4-12-1111) ശനിയാഴ്ച മൈലപ്രാ യാക്കോബായ പള്ളിയിൽ ഒരു വിടവാങ്ങൽ പ്രസംഗം (അന്യത്ര ചേർത്തിട്ടുണ്ട്) ചെയ്തശേഷം അച്ചനും തെങ്ങുംതറ കുടുംബത്തിലെ മൈലപ്രാ ശാഖ മുഴുവനും ചേർന്ന് 100-ൽ പരം വീട്ടുകാരും കൂടി പള്ളിയിൽ നിന്നും ഇറങ്ങി അടുത്തുള്ള കത്തോലിക്കാ ചാപ്പലിൽ എത്തിയിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. പിറ്റേ ദിവസം മൈലപ്രാ സ്കൂളിൽ തിരുമേനി വന്ന് 50-ൽ പരം വീട്ടുകാരെകൂടി സഭയിലേക്ക് സ്വീകരിച്ചു. മൈലപ്രാ അച്ചനോടുകൂടി അങ്ങനെ 150-ൽ പരം കുടുംബാംഗങ്ങൾ- 400ൽ പരം വിശ്വാസികൾ- ഒന്നിച്ച് പുന രൈക്യപ്പെട്ടു എന്നത് യാക്കോബായ സഭയുടെ ക്ഷതത്തിനും മലങ്കര കത്തോലിക്കാസഭയുടെ മുന്നേറ്റത്തിനും കാരണമായി. സ്വാഭാവിക മായും പത്തനംതിട്ടയിലും, റാന്നിയിലും മറ്റും ഉണ്ടായിരുന്ന തെങ്ങും തറ കുടുംബാംഗങ്ങളെല്ലാം, പ്രത്യേകിച്ചു അച്ചന്മാരായ കൊച്ചപ്പൻമാർ ഈ തീരുമാനത്തിൽ നിന്നും പിൻമാറ്റുന്നതിനു ശ്രമിച്ചെങ്കിലും നടന്നില്ല. ആദ്യം എതിർപ്പും വിഷമങ്ങളും പ്രകടിപ്പിച്ചെങ്കിലും കാലക്രമേണ അച്ചന്റെ സ്നേഹ സൗഹാർദപരമായ സമീപനം മൂലം എതിർപ്പെല്ലാം മറന്ന് വളരെ സ്നേഹാദരവോടുകൂടി അന്യോന്യം സഹായിച്ചു





www.malankaralibrary.com

സമ്പർക്കം പുലർത്തി ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞു വന്നു.

പുനരൈക്യത്തിനുശേഷം, പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും സഭയുടെ ഉന്നമനത്തിനും വേണ്ടി അശ്രാന്തം അച്ചൻ പരിശ്രമിച്ചു. മദ്ധ്യതിരുവിതാംകൂറിലെ ഇപ്പോഴത്തെ മലങ്കര കത്തോലിക്കരുടെ പൂർവ്വികർ മലങ്കരസഭാ മക്കളായി പുനരൈക്യപ്പെട്ടതു പ്രധാനമായും മലങ്കര കത്തോലിക്കാ സഭയുടെ നാല് നെടുംതൂണുകളെന്ന് അറിയപ്പെടുന്ന മൈലപ്രാ അച്ചൻ, കുമ്പഴ അച്ചൻ (ഫാ. ഫിലിപ്പോസ് മേടയിൽ), കടമ്മനിട്ട അച്ചൻ (ഫാ. പി. സി. ഗീവർഗീസ് പുത്തൻപുരയ്ക്കൽ), കൊട്ടാരക്കര അച്ചൻ (ഫാ. അലക്സാണ്ടർ വലിയവീട്ടിൽ കോർ എപ്പിസ്കോപ്പ) എന്നിവരുടെ കൂട്ടായ നേതൃത്വവും പരിശ്രമഫലവുമായാണ് നടന്നത്. പള്ളിക്കും പള്ളിക്കൂടത്തിനും ആവശ്യമായ സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിനും മറ്റും മാർ ഈവാനിയോസ് തിരുമേനിയും മാർ ഗ്രിഗോറിയോസ് തിരുമേനിയും മൈലപ്രാ അച്ചനെ ചുമതലപ്പെടുത്തിയിരുന്നു. അങ്ങനെ പത്തനംതിട്ട, മൈലപ്രാ, കോന്നി, റാന്നി, പെരുനാട്, പുനലൂർ, മണ്ണാരകുളഞ്ഞി, വലിയ അയന്തി, ചെങ്ങറ, പൊന്നമ്പ്, കുമ്പളാം പൊയ്ക, വലഞ്ചുഴി, ഇടമൺ, മേക്കൊഴൂർ മുതലായ സ്ഥലങ്ങളിലെല്ലാം സ്ഥലം വാങ്ങി കെട്ടിടംവയ്ക്കുന്നതിന് അച്ചന്റെ നിസ്തുല സേവനം സഭയ്ക്ക് കിട്ടിയിട്ടുണ്ട്. മേക്കൊഴൂർ, പൂങ്കാവ്, വടശ്ശേരിക്കര, വകയാർ മുതലായ സ്ഥലങ്ങളിൽ പള്ളിസ്ഥലത്തിന്റെ അതിർത്തിതർക്കം, കുരിശ്ശടിസ്ഥാപനം, സെമിത്തേരിപ്രശ്നം മുതലായവ സംബന്ധിച്ചു അവിടങ്ങളിലെ വികാരിമാരോ പള്ളിക്കാരോ വന്ന് അഭ്യർത്ഥിക്കുകയും ചില സന്ദർഭങ്ങളിൽ മാർ ഗ്രിഗോറിയോസ് തിരുമേനി നേരിട്ടു വിളിച്ചു പറയുകയും ചെയ്തതിന്റെ ഫലമായി മാദ്ധ്യസ്ഥം വഹിച്ചു ഒത്തുതീർപ്പാക്കിയിരുന്നു. പത്തനംതിട്ടക്ക് ചുറ്റുമുള്ള മിക്ക പള്ളികളിലും വികാരിയായും അല്ലാതെയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൈലപ്രാ, കുമ്പഴ, മണ്ണാരകുളഞ്ഞി, വലിയഅയന്തി, പത്തനംതിട്ട, വട്ടക്കുളഞ്ഞി, മേക്കൊഴൂർ, ഉതിമൂട്, തോട്ടമൺ, വടശ്ശേരിക്കര, പെരുനാട്, നാറാണംമൂഴി, ഏറതുമ്പമൺ, നോർത്തുതുമ്പമൺ, രാമഞ്ചിറ, പൂങ്കാവ്, വലഞ്ചുഴി, ആഞ്ഞിലിക്കുന്ന്, പൊന്നമ്പ, കിഴവള്ളൂർ, ചെങ്ങറ, കുംബളാംപൊയ്ക, പുതുശ്ശേരിമല, വയലത്തല, കടമ്പനാട് എന്നീ പള്ളികളെല്ലാം ഇവയിൽ ചിലതു മാത്രമാണ്.

1944-ൽ മൈലപ്രാ ചാപ്പലിന് പകരം ഒരു പുതിയ പള്ളിയുടെ പണിനടക്കുന്നുണ്ടായിരുന്നു. അതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നപ്പോൾ



www.malankaralibrary.com

അച്ചൻ നടത്തികൊണ്ടിരുന്ന മലയാളം ഹൈസ്കൂൾ നിറുത്തി പകരം ഇംഗ്ളീഷ് ഹൈസ്കൂളാക്കിയാൽ കൊള്ളാമെന്ന് ആഗ്രഹിക്കുകയും അതിനു വേണ്ടി പരിശ്രമം ആരംഭിക്കുകയും ചെയ്തു. അതിന് മാർ ഈവാനിയോസ് തിരുമേനിയുടെ ശിപാർശയും സഹായവും കൂടി വേണ്ടി വരുമെന്ന് തിരുമേനിയോട് സൂചിപ്പിച്ചു. അപ്പോൾ തിരുമേനി 'നമ്മുടെ മൈലപ്രാ പള്ളിക്ക് പള്ളിക്കൂടമില്ലല്ലോ അച്ചന്റെ സ്കൂളുകൾ നമുക്ക് തരരുതോ'? എന്നു ചോദിച്ചു. ഉടനെ മറുപടി പറഞ്ഞില്ലെങ്കിലും, പുതിയ സ്കൂൾ അനുവദിപ്പിച്ചു കെട്ടിടവും മറ്റും പണിയിക്കാനുള്ള സാമ്പത്തിക ശേഷി കുറവായിരുന്നതുകൊണ്ട്, പിന്നീട് സമ്മതം പറഞ്ഞു. അങ്ങനെ മൈലപ്രയിലെ എൽ. പി., യു. പി., ട്രെയിനിംഗ് സ്കൂളുകളും മണ്ണാരകുളഞ്ഞിയിലേയും വലിയ അയന്തിയിലേയും എൽ. പി. സ്കൂളുകളും സ്ഥലവും പിന്നീട് തിരുമേനിക്ക് എഴുതികൊടുത്തു. അതിന് 9000 രൂപാ കിട്ടിയെന്ന് ഒരിക്കൽ എന്നോട് പറഞ്ഞിരുന്നു. അതിനുശേഷം ഈ സ്കൂളുകളുടെ ലോക്കൽ മാനേജരായി കാര്യങ്ങൾ നിർവഹിച്ചുവന്നു. 1948 സെപ്റ്റംബറിൽ ഹൈസ്കൂളിനു വേണ്ടി അപേക്ഷിക്കാൻ തിരുമേനി പറഞ്ഞു. അതനുസരിച്ചു അപേക്ഷ കൊടുത്തു കൊല്ലത്തും തിരുവനന്തപുരത്തും പലതവണപോയി വേണ്ടപ്പെട്ട ഉദ്യോഗസ്ഥരേയും ഡയറക്ടരേയും മന്ത്രിയേയും കണ്ടു അന്വേഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ 1949 മേയ് 18-ാം തീയതി ഹൈസ്കൂൾ അനുവദിച്ചതായി അറിഞ്ഞു. ഉടനെ നെല്ലിമൂട്ടിൽ പോയി തോമസ് കരിയിലച്ചനെ കണ്ടു കാര്യം പറഞ്ഞ് ഹെഡ്മാസ്റ്ററായി മൈലപ്രായിൽ കൊണ്ടു വന്ന്, സ്കൂൾ തുടങ്ങുന്നതിന് വേണ്ട തൽക്കാല സൗകര്യങ്ങളെല്ലാം ചെയ്തു. സ്കൂൾ അനുവദിച്ചുകിട്ടിയതിന് ദൈവത്തിന് സ്തോത്രം ചെയ്തു മേയ് 30-ാം തീയതി കരിയിലച്ചന്റെയും കടമ്മനിട്ട അച്ചന്റേയും സഹകരണത്തിൽ മൂന്നിന്മേൽ കുർബാന ചൊല്ലി. ജൂൺ 6-ാം തീയതി ക്ലാസു തുടങ്ങാനുള്ള ഓർഡർ കിട്ടി. കുട്ടികളെ അഡ്മിറ്റ് ചെയ്തും ടീച്ചേഴ്സിനെ നിയമിച്ചും IV Form ക്ലാസ് ആരംഭിച്ചു. അന്നാരംഭിച്ച ഹൈസ്കൂൾ ഇപ്പോൾ ഹയർ സെക്കണ്ടറി സ്കൂളായി ടീച്ചേഴ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം പരിലസിക്കുന്നു. ആദ്യ കമ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസ ബില്ലിന് എതിരേ ഓൾ കേരള മാനേജേഴ്സ് അസോസിവേഷൻ, ഓൾ ക്രിസ്ത്യൻ മാനേജേഴ്സ് അസോസിയേഷൻ എന്നിവ സംഘടിപ്പിക്കുന്നതിലും പ്രതിഷേധ യേഗങ്ങൾ കൂടുന്നതിലും പ്രധാന നായകത്വവും സജീവ പ്രവർത്തനവും ആണ് വഹിച്ചത്.



www.malankaralibrary.com

തിരുവനന്തപുരം അതിരൂപത സംബന്ധിച്ച് മലങ്കര കത്തോലിക്കാ സഭ സംബന്ധിച്ചും മാർ ഈവാനിയോസ് പിതാവും തുടർന്ന് മാർ ഗ്രിഗോറിയോസ് പിതാവും മൈലപ്രാ അച്ചനുമായി ചർച്ച ചെയ്യുകയും അഭിപ്രായം ആരായുകയും പലകാര്യങ്ങളും അച്ചനെ ചുമതലപ്പെടു ത്തുകയും ചെയ്തിരുന്നു. 1950 മാർച്ച് 28-ാം തീയതി മാർ ഈവാനി യോസ് പിതാവ് അച്ചനെ മുറിയിൽ വിളിച്ചുവരുത്തി അതിരൂപതയുടെ കൺസൾട്ടന്റായി നിയമിച്ചു. അച്ചനോടുകൂടി ഫാ. കുര്യൻ ഇലഞ്ഞിമ റ്റവും ഫാ. സിറിയക്ക് മണവാളനും സത്യപ്രതിജ്ഞ ചെയ്തു ഒപ്പിട്ടു കൊടുത്തു. മാർ ഗ്രിഗോറിയോസ് പിതാവിന്റെ കാലത്തും തുടർന്ന് അച്ചന്റെ അവസാന കാലം വരെ കൗൺസിൽ മെമ്പറായി സേവനം അനുഷ്ഠിച്ചു. മറ്റു കൗൺസിൽ മെമ്പറന്മാർ മാറിവന്നെങ്കിലും മൈലപ്രാ അച്ചന് മാറ്റമില്ലായിരുന്നു. അങ്ങനെ സഭയുടെ പൊതു കാര്യങ്ങളി ലെല്ലാം ഇടപെടുകയും അച്ചന്മാരുടെ പ്രയാസങ്ങളിലും പരാതിക ളിലും ഇടപെട്ടു തിരുമേനിയുമായി ആലോചിച്ചു പരിഹരിക്കപ്പെടു ന്നതിന് വളരെയധികം ശ്രമിച്ചിട്ടുണ്ടെന്ന് ഈ ഓർമ്മക്കുറിപ്പുകൾ വായി ക്കുമ്പോൾ മനസിലാകും. മലങ്കര സഭയുടെ പടിസാധനം തയ്യാറാ ക്കുന്നതിലും തുക്കാസാ ശരിപ്പെടുത്തി എഴുതുന്നതിലും അച്ചനെയാണ് പ്രധാനമായും ചുമതലപ്പെടുത്തിയത്. അതുപോലെ അച്ചന്മാരുടെ പ്രോവിഡന്റ് ഫണ്ട് രൂപീകരണം സംബന്ധിച്ച് ബൈലോയും മറ്റും തയ്യാറാക്കുന്നതിലും മുഖ്യ പങ്കുവഹിച്ചു. മലങ്കര കത്തോലിക്കാ സഭ സംബന്ധിച്ചും ഏകറീത്തു സംബന്ധിച്ചും ചേപ്പാടു റമ്പാച്ചൻ, ഫാ. ഗീവറുഗീസ് പണിക്കർ ഫാ. ഫിലിപ്പ് പന്തോളിൽ മുതലായവരുമായി ചർച്ചകൾ നടത്തിയിരുന്നു. 1959 നവംബർ 25-ാം തീയതി ഇന്റേർനൂൺഷിയോ മോസ്റ്റ് റവ. ജോആൻ നോക്സ് തിരുമേനി ചങ്ങ നാശ്ശേരി അരമനയിലെത്തിയിട്ടുണ്ടെന്നറിഞ്ഞു. ഉടനെ കുമ്പഴ അച്ചനോടും പത്തനംതിട്ടനിന്ന് തോമസ് പണിക്കരച്ചനോടും കൂടി ചങ്ങ നാശ്ശേരിക്ക്പോയി. അരമനയിൽ 7 മണിക്കെത്തി സെക്രട്ടറിയെ കണ്ടതിനുശേഷം തിരുമേനിയുമായി സംസാരിക്കുന്നതിന് സാധിച്ചു. അതിരൂപത സംബന്ധിച്ചും റീത്തു സംബന്ധിച്ചും 40 മിനിറ്റോളം വിശ ദമായി സംസാരിച്ച് രണ്ടു മെമ്മോറാണ്ടവും കൊടുത്തു. അതുപോലെ അധികം ആരും അറിയപ്പെടാതെ പോയ ഒരു കാര്യമാണ് വർഷങ്ങൾക്ക് മുൻപ് പേട്രിയാർക്ക് സ്ഥാനലബ്ധിക്കുവേണ്ടി ചില പരിശ്രമങ്ങൾ നടന്നു എന്നുള്ളത് 1969 മാർച്ചിൽ തിരുവല്ലാ അരമനയിൽ വച്ച് മാർ അത്തനാസിയോസ് തിരുമേനിയുമായി ആ കാര്യം സംസാരിച്ചപ്പോൾ



www.malankaralibrary.com

നിങ്ങൾ ശ്രമിക്കിൻ എന്ന് തിരുമേനി പറഞ്ഞു. പിന്നീട് അതുസംബന്ധിച്ച ചേപ്പാട്ട് റമ്പാച്ചൻ, ഫാ. ഫിലിപ്പ് പന്തോളിൽ, ഫാ. ജോൺ ഒ.ഐ. സി., ഫാ. സി. എ. ഏബ്രഹാം, ഫാ. തോമസ് ഇഞ്ചക്കലോടി, ഫാ. ഗീവർഗീസ് പണിക്കർ എന്നിവരോടൊപ്പം പലതവണ ചർച്ചനടത്തി. 7-7-1969-ൽ കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി അരമനയിൽ വന്ന പ്പോൾ റമ്പാച്ചൻ തിരുമേനിയുമായി ഈ കാര്യം സംസാരിച്ചു. നൂറുശ തമാനം ആ കാര്യത്തിൽ വേണ്ടതു ചെയ്യാമെന്ന് തിരുമേനി റമ്പാച്ച നോടു പറഞ്ഞു. റമ്പാച്ചൻ ഉടനെ മുറിയിൽ വന്ന് അവിടെയുണ്ടായി രുന്ന മൈലപ്രാ അച്ചനോട് ആ വിവരം പറഞ്ഞു. വൈകിട്ടു റമ്പാച്ചൻ മാർ ഗ്രിഗോറിയോസ് തിരുമേനിയേയും പ്രസ്തുത കാര്യം അറിയിച്ചു. തുടർന്നും ചില ചർച്ചകൾ നടന്നു. സെനറ്റുമീറ്റിംഗ് കൂടിയപ്പോൾ ഇതു സംബന്ധിച്ചു ഒരു നിശ്ചയം എടുത്തു. എന്നാൽ ക്രമേണ അച്ചന്റെ അനാരോഗ്യം മൂലവും മറ്റും പിന്നീടു ഒന്നും നടക്കാതെ ആ കാര്യം വിസ്മൃതിയിലായി. അന്ന് നടന്ന പരിശ്രമം വിഫലമായെങ്കിലും ഇപ്പോ ഴത്തെ നമ്മുടെ സഭയുടെ സ്ഥിതി കണ്ടു അന്ന് ശ്രമിച്ചവരെല്ലാം സന്തോ ഷിക്കുന്നുണ്ടാവും.

ആത്മീയ കാര്യങ്ങളിലും അതീവശ്രദ്ധാലുവുമായിരുന്നു അച്ചൻ. ധ്യാന യോഗങ്ങളിലും കൺവൻഷനുകളിലും പോയി സംബ ന്ധിക്കുകയും നോമ്പുകാലങ്ങളിലും മറ്റും ഇവ പള്ളിയിൽ സംഘടി പ്പിച്ചു ധ്യാനഗുരുക്കളേയും പ്രമുഖ പ്രാസംഗികരേയും ക്ഷണിച്ചുവരുത്തി നടത്തിയിരുന്നു. സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വി. അൽഫോൻസാ മ്മയുടെ വിശുദ്ധിയും അത്ഭുതകഴിവും വളരെ നേരത്തേ മനസ്സിലാക്കി അച്ചൻ തനിച്ചോ ചിലപ്പോൾ കുടുംബസമ്മേതമോ 1945 മുതൽ എല്ലാ വർഷവും ജൂലായ് 28 നോടടുത്തു ഭരണങ്ങാനത്തു പോയി പള്ളിമേ ടയിലോ മറ്റോ താമസിക്കും. അതിരാവിലെ കബറിങ്കൽ എത്തി കുറെ നേരം പ്രാർത്ഥിച്ച് നേർച്ച ഇടും. സൗകര്യമനുസരിച്ചു കബറിങ്കലോ പള്ളിയിലോ സ്വന്തം നിയോഗത്തിലോ അൽഫോൻസാമ്മയുടെ നിയോഗത്തിലോ വി. കുർബാന അർപ്പിച്ചിരുന്നു. അതുകഴിഞ്ഞു സൗകര്യപെടുമ്പോഴൊക്കെ തെങ്ങുംതറ കുടുംബത്തിന്റെ ആസ്ഥാന കുടുംബമായ പ്ലാന്തോട്ടം കുടുംബാംഗങ്ങളെ പോയി കണ്ടു സമ്പർക്കം പുലർത്തി വന്നു. ഭരണങ്ങാനം പോലെ തന്നെ അച്ചന്റെ ഒരു നിത്യ സന്ദർശന കേന്ദ്രമായിരുന്നു മുഖത്തല വി. യൂദാതദേവൂസിന്റെ നാമ ത്തിലുള്ള പള്ളിയും കുരിശ്ശടിയും. പള്ളിപെരുന്നാളിനോടനുബന്ധിച്ചും അല്ലാതെയും മുഖത്തല എത്തി പെരുനാൾ ആഘോഷങ്ങളിലെല്ലാം





www.malankaralibrary.com

സംബന്ധിച്ച് കുർബാന ചൊല്ലി അനുഗ്രഹം പ്രാപിക്കുമായിരുന്നു. മൈലപ്രായിലും സമീപ പ്രദേശങ്ങളിലുമുള്ള ക്രൈസ്തവരെ മുഴുവനും സംഘടിപ്പിച്ച് ഓൾ ക്രിസ്റ്റ്യൻ മൂവ്മെന്റിന്റെ പേരിൽ ക്രിസ്തുമസിനും സെന്റ് തോമസ് ഡേയ്ക്കും മറ്റും യോഗം കൂടി ജാഥ നടത്തിയിരുന്നു. യോഗ ഉദ്ഘാടനത്തിന് പ്രമുഖ ക്രൈസ്തവരെ ക്ഷണിച്ചു വരുത്തും. വി. തോമ്മാശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ പള്ളിയുടെ അടിത്തറ കണ്ടുപിടിക്കുന്നതിനു അച്ചൻ അനേകം പരിശ്രമങ്ങൾ നടത്തുകയുണ്ടായി. അതിനു വേണ്ടി 1957-ൽ ജേഷ്ഠ സഹോദരനെ ഈ ദൗത്യം ഏൽപ്പിച്ച് നിലയ്ക്കൽ കാട്ടിലേക്ക് വിട്ടു. വനത്തിലൊക്കെ അന്വേഷിച്ചുപോയി ഫോറസ്റ്റുദ്യോഗസ്ഥരുടെ തടസ്സംകൊണ്ടും മറ്റും തിരിച്ചുപോന്നു. പിന്നീട് പലസ്ഥലങ്ങളിലും പലരെയും കൂട്ടി മീറ്റിംഗുകൾ സംഘടിപ്പിച്ചു ചിലകാര്യങ്ങൾ ചുമതലപ്പെടുത്തിയിരുന്നു. മാർ ഗ്രിഗോറിയോസ് തിരുമേനിയുമായി നിലയ്ക്കൽ കാര്യം ആലോചിച്ചു. തിരുമേനി ക്രിസ്ത്യൻ എം. എൽ. എ. മാരെ അരമനയിൽ വിളിച്ചു വരുത്തിയപ്പോൾ അവരോടു വിശദമായി സംസാരിച്ചു. ഒരിക്കൽ തിരുമേനിയോടുകൂടി ഒരുശ്രമം നടത്തി, കാട്ടിലൊക്കെ കുറെ നടന്നിട്ടു പോരേണ്ടി വന്നു. കുറെ ആളുകളുമുണ്ടായിരുന്നു. പല ഗ്രൂപ്പുകൾ ഇതിനുവേണ്ടി പരിശ്രമിച്ചിട്ടുണ്ട്. 1970-ലാണ് അടിത്തറ കണ്ടുപിടിച്ചത്.

സഭാകാര്യങ്ങളിൽ വ്യാപൃതനായിരുന്നപ്പോഴും നാടിന്റെ പുരോഗതിക്കുവേണ്ടി ശെമ്മാശനായിരുന്നപ്പോൾ മുതലെ വളരെ ശ്രദ്ധാലുവായിരുന്നു എന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. യാത്രാസൗകര്യങ്ങൾ പരിമിതമായിരുന്ന ആദ്യകാലങ്ങളിൽ ആഴ്ചയിൽ പലതവണ മാവേലിക്കര, കൊല്ലം, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തു വിദ്യാഭ്യാസം, കൃഷി, സഹകരണം, പൊതുജനാരോഗ്യം, പൊതുമരാമത്തു, ഇലക്ട്രിസിറ്റി തുടങ്ങി നാടിന്റെ വികസനത്തിനായും ചിലരുടെ വ്യക്തിപരമായ ശുപാർശകൾക്കായും ഡയറക്ടറേറ്റുകളും, കളക്റ്ററേറ്റുകളും മന്ത്രിമന്ദിരങ്ങളും കയറി ഇറങ്ങി കാര്യങ്ങൾ നേടിയെടുക്കുവാൻ അച്ചൻ കാണിച്ച ശുഷ്കാന്തി അതിശയത്തോടുകൂടി മാത്രമേ കാണാൻ കഴിയൂ. ഇന്ന് മൈലപ്രായിൽ കാണുന്നതും പിൽകാലത്തു ചിലപ്രത്യേക കാരണത്താൽ നിന്നുപോയതുമായ പൊതുജനോപകാരപ്രദമായ സ്ഥാപനങ്ങൾ അച്ചന്റെ അക്ഷീണ പ്രയത്ന ഫലങ്ങളാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. മൈലപ്രാ സഹകരണ സംഘം, മണ്ണാരക്കുളഞ്ഞി, വലിയ അയന്തി പ്രൈമറിസ്കൂളുകൾ, മൈലപ്രായിലെ എൽ. പി., യു. പി., ഹൈസ്കൂളുകൾ, ട്രെയിനിംഗ് സ്കൂൾ, 1938-ൽ 301 രൂപ കെട്ടിവച്ചു സ്ഥാപിച്ച അഞ്ചൽ ഓഫീസ് - പിൽകാലത്തെ പോസ്റ്റ് ഓഫീസ്, 1940-ൽ സ്ഥാപിച്ച വില്ലേജ് യൂണിയൻ -



www.malankaralibrary.com

പിൽകാലത്തെ മൈലപ്രാ പഞ്ചായത്ത് ഇവയെല്ലാം ഇപ്പോഴും പ്രവർത്തിക്കുന്നു. ഗ്രാമോദ്ധാരണ കേന്ദ്രവും അതിനോടനുബന്ധിച്ചു നടത്തിയ നെയ്ത്തുശാല, തയ്യലിനുള്ള ഉണ്ട നൂൽ, സ്റ്റീൽപെൻ, ഫയൽ ടാഗ് മുതലായവ ഉണ്ടാക്കുന്നതിനുള്ള കൈ മെഷിനുകൾ, മോറിസ് വാഴകൃഷി ഇവയെല്ലാം പിന്നീട് നിർത്തേണ്ടിവന്നു. പഴയ പേപ്പർ കുതിർത്തു അരച്ച് പൾപ്പാക്കി ഏതാണ്ടു 35x25cm വലുപ്പത്തിലുള്ള നെറ്റുഫ്രെയിം ഉപയോഗിച്ചുണ്ടാക്കിയ കടലാസ് നോട്ടീസടിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്നു. ഒരു ഗ്രാന്റ് വൈദ്യശാലയും മിഡൈഫറി സെന്ററും ഡിസ്‌പെൻസറിയും കുറെവർഷം പ്രവർത്തിച്ചിരുന്നു. വില്ലേജ് യൂണിയന്റെ നോമിനേറ്റഡ് പ്രസിഡന്റായി പ്രത്യേകം ഓഫീസു പോലുമില്ലാതെ പ്രവർത്തിച്ചു. അത് കുമ്പഴമൈലപ്രാ പഞ്ചായത്തായപ്പോൾ എതിരില്ലാതെ ആദ്യത്തെ പ്രസിഡന്റായി. ചില കാരണങ്ങളാൽ പിന്നീടു മൈലപ്രാ പഞ്ചായത്തായി രൂപീകരിക്കപ്പെട്ടപ്പോൾ 3-ാം വാർഡിൽ നിന്നും എതിരില്ലാതെ മെമ്പറായും തുടർന്ന് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ഒന്നുരണ്ടു തവണ കഴിഞ്ഞപ്പോൾ സ്വയം മാറി നിന്നു. മൈലപ്രാ പോസ്റ്റു ഓഫീസ് ചില കാരണങ്ങളാൽ കുമ്പഴ വടക്കുമാറ്റി സ്ഥാപിക്കപ്പെട്ടപ്പോൾ, യാത്രാക്ലേശം ഉണ്ടായിരുന്നെങ്കിലും കൊല്ലത്തും തിരുവനന്തപുരത്തും പോയി പോസ്റ്റൽ സൂപ്രണ്ടിനേയും പോസ്റ്റുമാസ്റ്റർ ജനറലിനെയും മറ്റും കണ്ടു സ്വാധീനം ചെലുത്തി മൈലപ്രാ ടൗൺ എന്ന പുതിയ പൊസ്റ്റു ഓഫീസ് മൈലപ്രായിൽ തന്നെ അനുവദിച്ചുകിട്ടി. വളരെ നാളത്തെ ശ്രമഫലമായി മൈലപ്രായിൽ ഇലക്ട്രിസിറ്റി അനുവദിച്ചുകിട്ടിയപ്പോൾ പഞ്ചായത്തു ഓഫീസിൽ വച്ചു സ്വിച്ചു ഓൺ ചെയ്തു സ്വന്തം റേഡിയോപ്രവർത്തിപ്പിച്ചു ഉൽഘാടനം നടത്തി. മൈലപ്രായിലെ പ്രധാന റോഡൊഴിച്ച് മറ്റു സഞ്ചാരയോഗ്യമായ റോഡില്ലാത്ത ഭാഗങ്ങളിലെല്ലാം വാഹന സഞ്ചാര യോഗ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് മുന്നിട്ടിറങ്ങി ആളുകളെ സംഘടിപ്പിച്ച് റോഡുണ്ടാക്കി. റോഡുനിർമ്മാണം സംബന്ധിച്ചുണ്ടായ കേസുകളിൽ പ്രതിയും ആയിരുന്നു. പക്ഷേ ദൈവാനുഗ്രഹം കൊണ്ടു കേസുകളെല്ലാം അനുകൂലമായിത്തീർന്നു. ഭവനങ്ങളിൽ സ്വത്തു തർക്കം, കുടുംബ പ്രശ്നം, അടിപിടികേസുകൾ, മോഷണം, അതിരുതർക്കം, കൃഷിയിടങ്ങളിലെ പ്രശ്നം തുടങ്ങിയ വ്യവഹാരങ്ങളിലെല്ലാം മാദ്ധ്യസ്ഥത വഹിച്ചു പരിഹരിച്ചുകൊടുക്കുന്നതിന് നാട്ടുകാർ തന്നെയാണ് ഇടപെടുത്തിയിരുന്നത്. ടാങ്കിയ സിസ്റ്റം പ്രകാരം ഗവൺമെന്റിൽ നിന്നും റാന്നി, കോന്നി, പുനലൂർ മുതലായ സ്ഥലങ്ങളിലെ വനപ്രദേശം ചുരുങ്ങിയ കാലത്തേക്ക് സംഘത്തിന്റെ പേരിൽ അനുവദിപ്പിച്ച് നെൽകൃഷിയും കപ്പകൃഷിയും മറ്റും ദേശവാസികളെ



www.malankaralibrary.com

കൊണ്ടു ചെയ്യിച്ചു. അവരുടെ കൂടെ പോയി താമസിച്ചു വിളവെടുപ്പിച്ചിരുന്നു. റേഷൻ കടയും ടെക്സ്റ്റയിൽസും സംഘത്തിന്റെ ചുമതലയിൽ നടത്തിയിട്ടുണ്ട്. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പല ഹിന്ദു, മുസ്ലീം സഹോദരങ്ങൾ അച്ചന്റെ കൂടെ നിന്ന് പ്രവർത്തിച്ച് സഹായിച്ചിട്ടുണ്ട്. ഭൂദാനപ്രസ്ഥാനവും രാഷ്ട്രീയവും അച്ചന് അന്യമല്ലായിരുന്നു. 1945 ഒക്ടോബർ 2-ാം തീയതി ജയപ്രകാശ് നാരായണൻ ഭൂദാന പ്രസ്ഥാനത്തിന്റെ പ്രചരണത്തിനായി റാന്നിയിലേക്ക് പോയവഴി അച്ചന്റെ ഭവനത്തിലെത്തിയപ്പോൾ അച്ചൻ മൂന്നാലു ഏക്കർ ഭൂമിദാനം ചെയ്ത് സഹകരിച്ചു. തെരഞ്ഞെടുപ്പു കാലത്തു പത്തനംതിട്ട, റാന്നി പ്രദേശങ്ങളിലെ സ്ഥാനാർത്ഥി നിർണയത്തിൽ കോൺഗ്രസ് കമ്മിറ്റി അച്ചന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മീറ്റിംഗുകളിൽ പങ്കെടുക്കുകയും ചെയ്യുമായിരുന്നു.

യാത്രാക്ലേശങ്ങൾ മൂലവും വിശ്രമരഹിതമായ കഠിനാദ്ധ്വാനം മൂലവും ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട് 1975 ആയപ്പോഴേക്ക് വളരെ ക്ഷീണിതനായി. പിന്നീട് ദൂരയാത്രകൾ കഴിവതും കുറച്ചു വിശ്രമ ജീവിതമായിരുന്നെങ്കിലും പല കമ്മിറ്റി യോഗങ്ങളിലും സംബന്ധിക്കുകയും രോഗികളേയും മറ്റും കാണാനും ആശ്വസിപ്പിക്കുവാനും ഭവനങ്ങൾ സന്ദർശിക്കുകയും മറ്റും ചെയ്തിരുന്നു. അസുഖങ്ങൾ കൂടി കിടപ്പിലായപ്പോൾ 30-04-1975 ൽ മാർ ഗ്രിഗോറിയോസ് തിരുമേനി അനവധി വൈദികരുടേയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ വീട്ടിൽ വച്ചു കന്തീല ശുശ്രൂഷ നടത്തി. അതിനുശേഷം ക്രമേണ ഭേദമായി സാധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. കുറെയൊക്കെ യാത്രകളും ചെയ്തുപോന്നു. വിശ്രമത്തിലായിരുന്നപ്പോഴും സൗകര്യം പോലെ രാവിലെയോ വൈകിട്ടോ പള്ളിയിൽ നടന്നെത്തി വി. കുർബാന അർപ്പിക്കുമായിരുന്നു. 1979 സെപ്റ്റംബർ 4-ന് ഒരു സ്ട്രോക്കുണ്ടായി ആശുപത്രിയിലാക്കി. ചികിത്സ നടന്നെങ്കിലും രോഗശാന്തി കിട്ടിയില്ല. തിരുവനന്തപുരത്തുനിന്നും സിസ്റ്റർ അൽഫോൻസായും, ജോയിയും എത്തി ആശുപത്രിയിൽ വേണ്ട പരിചരണം നടത്തിയിരുന്നു. ധാരാളം ആളുകൾ ആശുപത്രിയിലെത്തി സന്ദർശനം നടത്തി. 14-ാം തീയതി സ്ലീബാ പെരുനാൾ ദിവസം ഉച്ചയോടുകൂടി ആ ധന്യാത്മാവ് കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. ആ സമയം സിസ്റ്റർ അൽഫോൻസായും, കുമ്പഴ ഇടവക വികാരി ഫാ. ഇഗ്നേഷ്യസ് ഒ. ഐ. സി., ഫാ. സി. മാത്യു ഏഴനിക്കാട്, ഫാ. ഡേവിഡ് ഇല്ലിരിക്കൽ എന്നിവരോടൊപ്പം ഡോക്ടരും മറ്റും ഉണ്ടായിരുന്നു. ജോയി ഉച്ചയ്ക്ക് വീട്ടിലേക്ക് പോയ സമയമായിരുന്നു. ഉടനെ ഇഗ്നേഷ്യസ് അച്ചൻ ഒരു കാറുമായി വീട്ടിൽ എത്തിയപ്പോൾ തന്നെ



www.malankaralibrary.com

കാര്യം മനസ്സിലാക്കി ജോയി അച്ചന്റെ കൂടെ ആശുപത്രിയിലെത്തി.

മൈലപ്രാ അച്ചന്റെ ദേഹവിയോഗ വിവരം പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലും ആളുകൾ പരസ്പരം അറിയിച്ച് ധാരാളം ആളുകൾ ആശുപത്രിയിലെത്തി. മൈലപ്രായിലും അറിഞ്ഞുകഴിഞ്ഞു. ആശുപത്രിയിലെ ക്രമീകരണം കഴിഞ്ഞ് മൃതശരീരം വീട്ടിൽ കൊണ്ടുവന്ന് ആചാരപ്രകാരം ശരീരം അച്ചന്മാർ കാപ്പ ധരിപ്പിച്ചു കിടത്തി. കടകളൊക്കെ അടച്ചു നാട്ടുകാരും നാനാ പ്രദേശത്തുനിന്ന് മറ്റാളുകളും വന്ന് ആദരാഞ്ജലി അർപ്പിച്ചുപോയി. 15-ാം തിയതി രാവിലെ 9 മണിക്ക് അച്ചൻ സ്ഥാപിച്ച എൽ. പി. സ്കൂളിൽ മൃതശരീരം പൊതു ദർശനത്തിനുള്ള സൗകര്യാർത്ഥം കൊണ്ടുവച്ചു. ക്രമേണ മൈലപ്രാ ജനനിബിഡമായി. നാനാ ജാതി മത വിഭാഗത്തിൽപ്പെട്ടവരും ഉദ്യോഗസ്ഥരും പ്രമുഖരും വന്ന് അച്ചനോടു അവർക്കുണ്ടായിരുന്ന സ്നേഹാദരവ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. മാർഗ്രിഗോറിയോസ് തിരുമേനിയും അച്ചന്മാരും സ്കൂളിലെത്തി പ്രാർത്ഥന നടത്തി. ഉച്ചകഴിഞ്ഞ് അലങ്കരിച്ച വാഹന മഞ്ചത്തിൽ മൃതശരീരം കയറ്റി നഗരികാണിക്കൽ തുടങ്ങി. അനേകം വൈദീകരും, സിസ്റ്റേഴ്സും, ബന്ധുമിത്രാദികളും, നാട്ടുകാരും മറ്റുമായി വലിയ ഒരു ജനാവലി നഗരികാണിക്കലിലും തുടർന്നു പള്ളിയിലെ സംസ്കാര ശുശ്രൂഷയിലും, നല്ല മഴയുണ്ടായിട്ടും, സംബന്ധിച്ചു. ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ, ബിഷപ്പ് പൗലോസ് മാർ ഫിലോക്സിനോസ് തിരുമേനിയുടെയും വേലശ്ശേരിൽ മാത്യുസ് റമ്പാച്ചന്റെയും അനേകം വൈദീകരുടേയും സഹകരണത്തിലാണ് സംസ്കാര ശുശ്രുഷ നടന്നത്. പള്ളിയുടെ വടക്കേ മുറ്റത്തു മദ്ബഹായുടെ ഭിത്തിയോടു ചേർന്ന് ഭൗതിക ശരീരം സംസ്കരിച്ചു. പുതിയ പള്ളിയുടെ നിർമ്മാണാരംഭത്തിൽ മദ്ബഹായുടെ പുറകിൽ കിഴക്കു ഭാഗത്ത് വൈദീകർക്കു വേണ്ടി നിശ്ചയിക്കപ്പെട്ട ഭാഗത്തു തീർത്ത പുതിയ കല്ലറയിൽ 30-9-2003-ൽ ശേഷിച്ച ഭൗതിക ശരീരം വികാരി ഫാ. ജോൺ വടക്കേപ്പുറം ബന്ധുക്കളുടെ സാന്നിദ്ധ്യത്തിൽ മാറ്റി സംസ്കരിച്ചു.

**സമാപനം** : അപ്പച്ചന്റെ മരണശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ, അപ്പച്ചൻ ഉപയോഗിച്ചിരുന്ന സുറിയാനി, പ്രാർത്ഥന, ജീവചരിത്രം, ഭാഷാപുസ്തകങ്ങൾ ശേഖരിച്ച കൂട്ടത്തിൽ കിട്ടിയ ഡയറികളും എടുത്ത് തിരുവനന്തപുരത്ത് കൊണ്ടുവന്ന് അലമാരിയിൽ സൂക്ഷിച്ചു. ആദ്യ കാലത്തെ ഡയറികൾ കൊല്ലവർഷപ്രകാരമുള്ള ചെറിയ പോക്കറ്റ് ഡയറികളായിരുന്നു. അതിൽ പലതും കുത്തിക്കെട്ട് അഴിഞ്ഞും കടലാസ് പൊടിഞ്ഞും നഷ്ടപ്പെട്ടു. ഞാൻ റിട്ടയർ ചെയ്ത





www.malankaralibrary.com

തിനുശേഷം ഒന്നു രണ്ടു ഡയറികൾ സാധാരണ ഒരു ജിജ്ഞാസയ്ക്ക് വായിച്ചപ്പോൾ, ഓരോ ദിവസത്തെ യാത്രയേപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായി സമയം വച്ചു എഴുതിയിരിക്കുന്നത് കണ്ട് അതിശയിച്ചു പോയി. കൂടുതൽ വായിച്ചപ്പോൾ സഭയെ സംബന്ധിച്ചും സാമൂഹ്യപ്രവർത്തനം സംബന്ധിച്ചും, തിരുമേനിമാരും വൈദീകരും, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും, മന്ത്രിമാരും മറ്റുമായുള്ള സംവാദങ്ങളും ഇടപാടുകളും എന്നെ വളരെയധികം ആകർഷിക്കുകയും വിസ്മയപ്പെടുത്തുകയുമാണ് ചെയ്തത്.

ഡയറി വായിച്ചപ്പോൾ തോന്നിയ താല്പര്യപ്രകാരം ഓരോ ഡയറിയും പൂർണമായി നാലുവലിയ ബുക്കുകളിലായി ഏതാണ്ട് 700-ൽ പരം പേജുകളോളം പകർത്തി എഴുതി. ഇതിനിടയിൽ ഡയറിയിൽ പരാമർശിച്ചിട്ടുള്ള പല അച്ചന്മാരെയും ആളുകളെയും കണ്ടപ്പോൾ അവരുമായുള്ള കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുയുണ്ടായി. അവർക്കൊക്കെ സന്തോഷവും അതിശയവും തോന്നി. മറന്നുപോയ ചില ഡേറ്റുകളും പ്രത്യേകകാര്യങ്ങളും ഡയറിനോക്കി ചിലർക്ക് പറഞ്ഞു കൊടുത്തിട്ടുണ്ട്. അപ്പച്ചന്റെ പ്രവർത്തനങ്ങളെല്ലാം ചേർത്ത് ഒരു ജീവചരിത്ര പുസ്തകമായോ മറ്റോ പ്രസിദ്ധീകരിക്കണമെന്ന് പലരും അഭിപ്രായപ്പെട്ടു. ഒരു ജീവചരിത്ര പുസ്തകമായി അടുക്കും ചിട്ടയോടും കൂടി എഴുതാനുള്ള പ്രാഗല്ഭ്യം ഇല്ലാത്തതുകൊണ്ട് അതിന് ഞാൻ തുനിഞ്ഞില്ല. ഒരു ചരിത്രകാരനെ സമീപിച്ചെങ്കിലും നിരാശപ്പെടേണ്ടി വന്നു. എന്റെ അനന്തരവൻ ജോർജ് ജേക്കബച്ചനും ഹൈസ്കൂൾ സഹപാഠിയായിരുന്ന പരേതനായ ജേക്കബ് ജോണച്ചനും ഇളയ സഹോദരി സി. അൽഫോൻസായും സിസ്റ്ററിന്റെ സമകാലികയും കുമ്പഴ അച്ചന്റെ മകളുമായ സി. ഫിലോമിനയും മറ്റു പലരും കൂടെ കൂടെ എന്നെ ഈ കാര്യം ഓർമ്മിപ്പിച്ചിരുന്നു. അങ്ങനെ എന്തു ചെയ്യണമെന്നറിയാതിരിക്കുമ്പോഴാണ് 'കുമ്പഴ അച്ചന്റെ ഡയറികുറിപ്പുകൾ' സി. ഫിലോമിന എനിക്ക് തന്നിട്ട് അപ്പച്ചന്റേതും എങ്ങനെയെങ്കിലും പ്രസിദ്ധീകരിക്കണമെന്ന് പറഞ്ഞത്. മറ്റുവിധത്തിൽ സാധിക്കാത്തതുകൊണ്ട് കഴിഞ്ഞ കുറെ മാസങ്ങൾകൊണ്ട് രൂപപ്പെടുത്തിയതാണ് ഈ 'ഓർമ്മക്കുറിപ്പുകൾ'. ഇതിന്റെ വലിപ്പം കുറയ്ക്കുന്നതിനും വിരസത ഒഴിവാക്കുന്നതിനും വേണ്ടി സാധാരണ പള്ളി ശുശ്രൂഷകളും കുടുംബകാര്യങ്ങളും മറ്റു സാധാരണ പരിപാടികളും ഒഴിവാക്കി പരിമിതപ്പെടുത്തി. പല വൈദീകരുടേയും ആളുകളുടേയും ചെല്ലപ്പേരോ, ഇനിഷ്യൽസോ, ചുരുക്കപ്പേരോ ഒക്കെയാണ് എഴുതിയിരിക്കുന്നത്. അങ്ങനെയുള്ളിടത്തും മറ്റു വിശദീകരണം ആവശ്യമുള്ളിടത്തും എനിക്കറിയാവുന്ന വിശദീകരണം ബ്രാക്കറ്റിൽ കൊടുത്തിട്ടുണ്ട്. ഇതിൽ ഭാഷാപരമായോ അല്ലാ



www.malankaralibrary.com

തെയോ വന്നിട്ടുള്ള തെറ്റുകൾ വായനക്കാർ സദയം ക്ഷമിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

എന്റെ അഭ്യർത്ഥനപ്രകാരം ഇതിന് അവതാരിക എഴുതിതന്ന് അനുഗ്രഹിച്ചതിന് മലങ്കര കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മേജർ ആർച്ചുബിഷപ്പുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിക്ക് ഭക്തിയാദരപൂർവ്വം നന്ദി അർപ്പിക്കുന്നു. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോക്ടർ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിക്കും, പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോക്ടർ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിക്കും, സന്ദേശം നൽകിയതിന് ഹൃദയം നിറഞ്ഞ നന്ദി വിനയപൂർവ്വം രേഖപ്പെടുത്തുന്നു. ആശംസകൾ എഴുതിയ റൈറ്റ് റവ. മോൺസിഞ്ഞോർ ജോസ് ചാമക്കാലായിൽ കോർ എപ്പിസ്കോപ്പാ, റവ. ഫാ. ഇഗ്നേഷ്യസ് ഒ.ഐ.സി., റവ. സി. ഫിലോമിന എസ്സ്.ഐ.സി., ആമുഖം എഴുതിയ റൈറ്റ് റവ. ജോർജ്ജ് ജേക്കബ് കിഴക്കേതിൽ കോർ എപ്പിസ്കോപ്പാ, പല സംശയ നിവാരണം വരുത്തിതന്ന് പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഇളയസഹോദരി റവ. സി. അൽഫോൻസാ എന്നിവരോടെല്ലാമുള്ള എന്റെ സ്നേഹവും കടപ്പാടും എന്നും ഉണ്ടായിരിക്കും. ഈ പുസ്തകം ഭദ്രമായി മുദ്രണം നിർവഹിച്ചുതന്ന സെന്റ് മേരീസ് പ്രസ്സ് മാനേജർ ഫാ. ബോവസ് മാത്യു അച്ചനും സഹകാരികൾക്കും ഇതിന്റെ പ്രസിദ്ധീകരണത്തിൽ പലവിധത്തിൽ എന്നെ സഹായിച്ച ഏറത്ത് ഡോ. ഏ.ഒ. റോയിക്കും അകൈതവമായ കൃതജ്ഞത അറിയിച്ചുകൊള്ളുന്നു.

*ഈ പുസ്തകം വിറ്റുകിട്ടുന്ന മുഴുവൻ തുകയും അപ്പച്ചന്റെ ഓർമ്മയ്ക്കായി ഒരു സ്ഥിരനിക്ഷേപമായി മൈലപ്രാ എസ്.എച്ച്. പള്ളിയുടെ പേരിൽ നിക്ഷേപിച്ച് വർഷംതോറും പലിശ എടുത്ത് ഒരു നല്ല സംരംഭത്തിന് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.*

**ഡോ. റ്റി.എ. ഏബ്രഹാം (ജോയി)**

തെങ്ങുംതറ മേടയിൽ
1/വിവേകാനന്ദ നഗർ
കേശവദാസപുരം
തിരുവനന്തപുരം- 695 004





www.malankaralibrary.com

**പത്തനംതിട്ട, മൈലപ്രാ മുതലായ പള്ളികൾക്ക് വികാരിയും, ഏതാനും സ്കൂളുകളുടെ മാനേജരും കർമ്മകുശലനും ഊർജ്ജസ്വലനും, മദ്ധ്യതിരുവിതാംകൂറിൽ ഓർത്തഡോക്സ് സഭയുടെ ഒരു ജീവൽപ്രവർത്തകനുമായിരുന്ന റവ. ഫാ. ഏ.ജി. ഏബ്രഹാം അവർകൾ സ്വസമുദായം വിട്ടപ്പോൾ തന്റെ ഇടവകജനങ്ങളോട് പരസ്യമായി പ്രസ്താവിച്ച**

## ഒരു ലേഖനപ്രസംഗത്തിന്റെ സംഗ്രഹം

എന്റെ എത്രയും പ്രിയപ്പെട്ട ഇടവക ജനങ്ങളെ!

നമ്മുടെ സഭയുടെ താല്കാലിക നിലയേയും അതിന്റെ ഭാവിയേയുംപറ്റി കൂലംകുഷമായി ചിന്തിക്കുന്ന യാതൊരുത്തനും ആശാജനകമായി യാതൊന്നും തോന്നുന്നതല്ല. കുറഞ്ഞൊരുകാലമായി എനിക്കു നേരിടേണ്ടിവന്ന സംഗതികൾ സഭയെക്കുറിച്ച് കൂടുതലായി അന്വേഷിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചു. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയും ഞാനുമായുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ ഈ വിചിന്തനത്തിന് എന്നെ കൂടുതൽ സഹായിച്ചു. ഇങ്ങനെ ദീർഘമായി ചിന്തിച്ചതിൽ ഇപ്പോഴത്തെ ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും അടിസ്ഥാനമില്ലാത്തവയാണെന്നും നമ്മുടെ കർത്താവു സ്ഥാപിച്ചതായ സഭ പത്രോസ്ശ്ലീഹായുടെ പിൻഗാമിയായ മാർപാപ്പാ ആദ്ധ്യക്ഷം വഹിക്കുന്ന സഭയാണെന്നും എനിക്ക് ബോദ്ധ്യപ്പെട്ടു. അതിനാൽ ആ സഭയുമായി പുനരൈക്യപ്പെടുന്നതിനു ഞാൻ നിശ്ചയിച്ചിരിക്കുന്നു. എന്റെ ഈ പുതിയപ്രസ്ഥാനത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപായി എന്റെ സ്നേഹിതന്മാരും പ്രിയപ്പെട്ടവരുമായ നിങ്ങളേവരെയും ഒരുമിച്ചുകൂട്ടി എന്റെ ഈ മനോബോദ്ധ്യം നിങ്ങളോടു പ്രസ്താവിക്കണമെന്നുള്ള പ്രതീക്ഷയുടെ ഫലമാണ് ഈ കൂട്ടം.

ദൈവം പലനിലയിൽകൂടിയാണ് നമ്മെ നയിക്കുന്നത്. ചിലപ്പോൾ അടികൊണ്ടും ഉപദ്രവംകൊണ്ടും നമ്മെനയിച്ചേക്കാം. ഞാൻ ഇതേവരെ ചെയ്തിട്ടുള്ള ദേശസേവനം നിസ്വാർത്ഥമാണെന്ന് നിങ്ങൾക്കറിയാമല്ലോ അടുത്തയവസരത്തിൽതന്നെ ഞാൻ തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയോടുകൂടി യോജിക്കുന്നതാണ്. എന്റെ പ്രിയപ്പെട്ടവരായ നിങ്ങളേവരും ഈ കാര്യത്തെക്കുറിച്ച് ഗാഢമായി ചിന്തിച്ച് ആത്മരക്ഷയേയും ആശ്വാസത്തേയും കരുതിയും ശണ്ഠയേയും വഴക്കിനേയും ഉപേക്ഷിച്ചും സത്യസഭയെ



www.malankaralibrary.com

പ്രാപിക്കണമെന്ന് പ്രത്യേകം ഞാൻ ഗുണദോഷിച്ചുകൊള്ളുന്നു. ഓർത്തഡോക്സ് സഭയുടെ അടിസ്ഥാനത്തെപ്പറ്റി ചിന്തിച്ചുതുടങ്ങിയ ഞാൻ യഥാർത്ഥ കത്തോലിക്കാസഭയിൽ വന്നവസാനിക്കുവാൻ ഇട യായതുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു.

സത്യസഭ ഒന്നേയുള്ളൂ. അത് ഞാൻ മുൻപു പറഞ്ഞ് സാക്ഷാൽ കത്തോലിക്കാ സഭയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ലോകത്തിലെനിക്കുള്ള കൂട്ടുകെട്ടും സഖിത്വവും എല്ലാം ഉപേക്ഷിക്കേ ണ്ടിവന്നാലും ആ തിരുസഭയെ ആശ്ലേഷിക്കുവാൻ ഞാൻ ബദ്ധപ്പെടു ന്നു. ആരും എന്നെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കേണ്ട. ദൈവികമായി എനിക്ക് ലഭിച്ച ഈ സുവർണ്ണാവസരത്തെ ഞാൻ ഇനിയും മാറ്റിവെ യ്ക്കുകയില്ല. നിങ്ങളും ഈ സത്യം ഗ്രഹിക്കണമെന്നും എന്നെ അനു ഗമിക്കണമെന്നും ഞാൻ അതിയായി ആഗ്രഹിക്കുന്നു. മിശിഹാതമ്പു രാന്റെ തിരുസഭയിൽ നിന്ന് തന്നെ ആരാധിക്കുവാൻ താൻ എനിക്കും നിങ്ങൾക്കും സംഗതയാക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കല ഹവും ശണ്ഠയുമായി കഴിഞ്ഞുകൂടേണ്ടവരല്ല ക്രിസ്ത്യാനികൾ. മാനു ഷിക കൂട്ടുകെട്ടുകൾ അസ്ഥിരങ്ങളും അപലപനീയങ്ങളും ആയിരി ക്കും. നമ്മുടെ സഭയിലെ നേതാക്കന്മാർക്ക് നിരാശയും ഭാവിയെപ്പറ്റി ആശങ്കയുമാണുള്ളത്. സഭയുടെ ഉന്നതിക്ക് ഒന്നായിനിന്നു പരിശ്രമി ക്കേണ്ട അംഗങ്ങൾ ബാബിലോൺകോട്ട പണിക്കാരെപ്പോലെ ഭിന്ന തയിലും അന്യോന്യം പൊരുത്തമില്ലായ്മയിലും കഴിഞ്ഞുകൂടുന്നു. ഇതൊക്കെ ചിന്തിക്കുമ്പോൾ യഥാർത്ഥസത്യം അന്വേഷിപ്പാൻ പ്രയാസത്തോടെയായാലും നിങ്ങളെല്ലാവരും പ്രേരിപ്പിക്കപ്പെടണം.

അവസാനമായി ഞാൻ ഈ സഭയോട് യാത്രപറയുന്നു. ദൈവ മെന്നെ നയിക്കുന്നുവെന്ന് പൂർണ്ണമായി ബോദ്ധ്യമുള്ളതിനാൽ തന്റെ തൃക്കൈയിൽ ഭാവിയെ ഞാൻ ഭരമേൽപ്പിക്കുന്നു. നിങ്ങളോടൊരുമിച്ചു ഭാവി കഴിപ്പാൻ എനിക്ക് വാഞ്ചയുണ്ട്. അതിന് ദൈവം സഹായിക്കട്ടെ. എന്നിൽനിന്ന് എന്തെല്ലാം തെറ്റുകൾ വന്നിട്ടുണ്ടെന്നിരുന്നാലും അവ യെല്ലാം ദൈവത്തിന്റെ ഒരെളിയദാസനെന്ന നിലയിൽ നിങ്ങൾ ക്ഷമി ക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ കഴിഞ്ഞകാലങ്ങളിൽ എനിക്ക് ചെയ്തുതന്ന എല്ലാ ഉപകാരങ്ങൾക്കും ഞാൻ ഏറ്റം നന്ദിയു ള്ളവനായിരിക്കുന്നു. എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. എന്നെ അനുഗമിക്കാത്തവരായി ഇവിടെ ആരെങ്കിലും ഉണ്ടെങ്കിൽ അവരോട് ഞാൻ സവിനയം യാത്രചോദിച്ചുകൊള്ളട്ടെ. നിങ്ങൾ ചിന്തിക്കുകയും





www.malankaralibrary.com

പ്രാർത്ഥിക്കുകയും ചെയ്‌വിൻ. ഞാൻ നിങ്ങൾക്കുവേണ്ടി തുടർന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതാണ്. നിങ്ങളേവരേയും ഞാൻ ഒരിക്കൽ കൂടി സാക്ഷാൽ കത്തോലിക്കാ സഭയിലേക്ക് ക്ഷണിച്ചുകൊണ്ട് തല്ക്കാലം വിരമിക്കുന്നു.

മൈലപ്രാ, പത്തനംതിട്ട
3-12-1111.

P.S. മേൽക്കാണുന്ന പ്രസംഗം അദ്ദേഹം പറഞ്ഞുതീർന്ന ശേഷം സ്വന്തംപള്ളിയിൽ നിന്നിറങ്ങി അടുത്തുള്ള കാതോലിക്ക് ചാപ്പ ലിലേക്കു പോകുകയും ഒട്ടുവളരെപേർ അദ്ദേഹത്തെ അനുഗമിക്കു കയും ചെയ്തു. അപ്പോൾ അവിടെയുണ്ടായിരുന്ന തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമനസ്സിലെ സന്നിധിയിൽ വച്ചു പ്രസ്തുത വൈദികനും അനുയായികളായ കുറെ ജനങ്ങളും വിശ്വാസപ്രതിജ്ഞ ചെയ്ത് കാതോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. അന്നും പിന്നീട് തുടർന്ന് പതിനൊന്നാംതീയതി ഞായറാഴ്ച വരെയും പുനരൈക്യപ്പെട്ടവരായി നാനൂറിനുമേൽ അംഗങ്ങൾ (നൂറിൽപരം വീടുകൾ) ഉണ്ടെന്നറിയുന്നു. സ്ഥലത്തും, പരിസരപ്രദേശങ്ങളിലും കാതോലിക്കാസഭ സംബന്ധമായ മതതത്വങ്ങൾ അറിയുന്നതിനും പഠി ക്കുന്നതിനും തുടർന്നു പുനരൈക്യപ്പെടുന്നതിനും ആകാംക്ഷയുള്ള വരായി വളരെയധികം ആളുകളുണ്ടെന്നും സൂക്ഷ്മമായി അറിയാം.

പ്രസാധകൻ, അനുവാദപ്രകാരം
എൻ.ജെ. ജോർജ്ജ്, ബി.എ.



www.malankaralibrary.com

# 1937

**സെപ്റ്റംബർ 6.** തിരുവനന്തപുരത്ത് പട്ടംപള്ളിയിൽ കുർബാന ചൊല്ലി. ടൗണിൽ പോയി അഞ്ചൽ സൂപ്രണ്ടിനെ കണ്ടു. അഞ്ചൽ ഓഫീസിന്റെ കാര്യം സംസാരിച്ചു. പിന്നീട് അഗ്രികൾച്ചറൽ ഇൻസ്പെക്ടറെ കണ്ട് കൃഷി സംബന്ധിച്ചും ധർമ്മകോട്ടുപിള്ളയെ കണ്ട് തെങ്ങു കൃഷിയെപ്പറ്റിയും സംസാരിച്ചു. മടങ്ങി പോന്നു, വീട്ടിൽ എത്തി.

**8.** സ്കൂളിൽ എത്തി സൊസൈറ്റി (കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ: 639) കമ്മറ്റി കൂടി റിപ്പോർട്ടു പാസാക്കി. 10 മണിക്ക് രജിസ്ട്രാർ, ഇൻസ്പെക്ടർ മി. റ്റൈറ്റസ്, നാരായണപിള്ള എന്നിവർ വന്ന് റിക്കാർഡുകൾ പരിശോധിച്ചു. റിപ്പോർട്ടിന്റെ കോപ്പി അവർക്ക് കൊടുത്തു.

**13.** 2 മണിക്ക് പത്തനംതിട്ട പോയി കുമ്പഴ അച്ചനെ (ഫാ. ഫിലിപ്പോസ് മേടയിൽ) ഒരു പോലീസുകാരൻ ചീത്ത പറഞ്ഞതു സംബന്ധിച്ച് ടൗൺ പാർക്കിൽ ഏഴര മണിക്ക് എല്ലാവരും കൂടി. സമാധാനം കാംക്ഷിച്ച് ഞാനും മറ്റു പലരും പ്രസംഗിച്ചു.

**14.** 8 മണിക്ക് കുമ്പഴ സ്കൂളിൽ എത്തി പ്രതിഷേധയോഗം കൂടി. എന്നെ അദ്ധ്യക്ഷനാക്കി, ഞാൻ പ്രസംഗിച്ചു. മറ്റു പലരും പ്രസംഗിച്ചു. പ്രമേയം പാസാക്കി പല അധികാരികൾക്കും അയച്ചു കൊടുത്തു.

**20.** തിരുവനന്തപുരത്തിനു പോയി. 2 മണിക്ക് മി. റ്റി.എം. വറുഗീസിനെ കണ്ടു വിവരം പറഞ്ഞു.

**22.** മി. ഗോപാലപിള്ള മുതലായവർ ഡെപ്യൂട്ടേഷനായി കാറിൽ വന്നു. ഞാനും കൂടി 9.30-ന് ദിവാൻജിയെ കണ്ട് നെൽകൃഷി കാര്യം പറഞ്ഞു. പിന്നീട് കൺസർവേറ്റർ, കൃഷി ഡയറക്ടർ മുതലായവരേയും കണ്ട് സംസാരിച്ചു.

**23.** കുർബാന കഴിഞ്ഞ് ടൗണിൽ പോയി അഞ്ചൽ സൂപ്രണ്ട്, വ്യവസായ ഡയറക്ടർ, നെയ്ത്തു വിദഗ്ധർ ഇവരെ കണ്ട് സംസാരിച്ച് മടങ്ങി പോന്നു.

**28.** ഞാൻ കർത്താവുമായി (മൈലപ്രാ വരുവാതിൽ മാധവൻ കർത്താവ്) കോന്നിയിൽ പോയി ഡെപ്യൂട്ടി ഫോറസ്റ്റ് ഓഫീസിൽ ചെന്ന് കൃഷി സംബന്ധിച്ചു വേണ്ടതു ചെയ്തു. ഡി.എം.ഒ. യെ കണ്ടു. അദ്ദേഹം വളരെ അനുകൂലമായിരുന്നു. സന്ധ്യ കഴിഞ്ഞ് വീട്ടിൽ എത്തി.

**ഒക്ടോബർ 11.** 10 മണിക്ക് പത്തനംതിട്ട സൊസൈറ്റി ഓഫീസിൽ എത്തി. 11 മണിക്ക് മീറ്റിംഗ് തുടങ്ങി. എന്നെ പ്രസിഡന്റായും



www.malankaralibrary.com

ഗോപാലപിള്ളയെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. അഞ്ചര മണിക്ക് എന്റെ അദ്ധ്യക്ഷതയിൽ Extraordinary Meeting കൂടി പത്തനംതിട്ട സബ് രജിസ്ട്രാർ ഉതുപ്പിന് യാത്ര അയപ്പു നടത്തി.

**നവംബർ 21.** കുരിശടിക്ക് കൽകുരിശ് പണിയാൻ മുത്തുവിന് 100 രൂപ കൊടുത്തു.

**22.** തിരുവനന്തപുരത്തിന് പോയി. ആശ്രമത്തിൽ വച്ച് തിരുമേനിയെ കണ്ടു. 35 രൂപ തന്നു. ടൗണിൽ പോയി പല Departmental Heads - നേയും കണ്ടു. രണ്ടര മണിക്ക് തിരിച്ചു ഒമ്പതരക്ക് വീട്ടിൽ എത്തി.

**ഡിസംബർ 30.** പള്ളിക്കൂടം പണിക്ക് വാനം തോണ്ടാൻ ആളെ നിറുത്തി. കുരിശടിയുടെ കുരിശ് ഒമ്പതര മണിക്ക് പ്രാർത്ഥിച്ച് നിറുത്തി. പത്തനംതിട്ട പോയി. സൊസൈറ്റി യൂണിയനിലേക്ക് ജനറൽ വാർഡിൽ നിന്നും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

## 1938

**ജനുവരി 10.** സ്കൂളിൽ പണികാണാൻ പോയി. ഉച്ചകഴിഞ്ഞ് കൊല്ലത്തിന് തിരിച്ച് 8 മണിക്ക് മി. റ്റി.എം. വറുഗീസിന്റെ വീട്ടിൽ എത്തി താമസിച്ചു.

**11.** ഇന്ന് 12 മണിവരെ റ്റി.എം. വറുഗീസിന്റെ വീട്ടിൽ കഴിച്ചുകൂടി. കച്ചേരിയിൽ പോയി. 4 മണിക്ക് തിരിച്ചുവന്ന് കൊട്ടാരക്കരക്ക് പോയി. 6 മണിയോട് കൊട്ടാരക്കര അച്ചന്റെ (ഫാ. അലക്സാണ്ടർ വലിയവീട്ടിൽ) വീട്ടിൽ താമസിച്ചു.

**12.** 4 മണിക്ക് എഴുന്നേറ്റു കൊട്ടാരക്കര നിന്നും തിരുവനന്തപുരത്തിന് പോയി. 9.45-ന് അരമനയിൽ എത്തി വിശ്രമിച്ചു. ടൗണിൽ പോയി പലരേയും കണ്ടു മടങ്ങി അരമനയിൽ എത്തി.

**13.** രാവിലെ ടൗണിൽ പോയി ഉള്ളൂരിനെ കണ്ട് സ്കൂൾ കാര്യം പറഞ്ഞു. കൃഷി ഡയറക്ടർ ധനുകോടിയെ കണ്ടു. 35 രൂപയ്ക്ക് വിത്തുകാളയെ തരാൻ ഓർഡർ ഇടാമെന്ന് പറഞ്ഞു. രണ്ടര മണിക്ക് മടങ്ങി പോന്നു, വീട്ടിൽ എത്തി.

**29.** കോന്നിയിൽ നിന്നും വിത്തുകാളയെ - Irish Seed Bull - 35 രൂപക്ക് മൈലപ്രാ സംഘത്തിലേക്ക് കൊണ്ടുപോന്നു. വാങ്ങാൻ ഞാനും പോയിരുന്നു.

**ഫെബ്രുവരി 1.** തിരുവല്ലായ്ക്ക് പോയി. അവിടെ നിന്നും തിരുവനന്തപുരത്തിന് തിരിച്ച് രാത്രി 11 മണിക്ക് കത്തീഡ്രലിൽ (പാളയം) എത്തി ഉറങ്ങി.



www.malankaralibrary.com

**2.** കുർബാന ചൊല്ലി. അസംബ്ളിയിൽ പോയി. അരമനയിൽ എത്തി.

**3.** അരമനയിൽ നിന്നും കുരിശ്ശടി സംബന്ധിച്ചുള്ള 240 രൂപ തന്നു.

**8.** മേക്കൊഴൂർക്കാരൻ 5-ാം ക്ലാസ് എ-യിലെ കെ.ഐ. ജോർജിന് Half fee concession കൊടുത്തു.

**9.** തിരുവല്ലായിൽ പോയി സ്വാമിയെ കണ്ടു സ്കൂൾ കാര്യം പറഞ്ഞു. മൂന്നര മണിക്ക് തിരിച്ചു പോന്നു. രാത്രിയിൽ റ്റി.ബി.യിൽ വച്ച് അഞ്ചൽ ഇൻസ്പെക്ടറെ കണ്ടു.

**10.** ഇന്ന് ഒരാൾ വന്ന് കേസ് അപ്പീൽ അനുവദിക്കും, കോടതി ചെലവ് പകുതി തരുമെന്നും കേസ് തള്ളുമെന്നും പറഞ്ഞു. ട്രെയിനിംഗ് സ്കൂൾ അനുവാദം 18 മാസം കഴിഞ്ഞ് കിട്ടുമെന്ന് പറഞ്ഞു.

**ഫെബ്രുവരി 17.** തിരുമേനിമാർ (മാർ തെയോഫിലോസ്, മാർ സേവറിയോസ്) എത്തി. 4 മണിക്ക് മീറ്റിംഗ് നടന്നു. മംഗളപത്രം മാർ സേവേറിയോസ് തിരുമേനിക്ക് കൊടുത്തു.

**18.** കുർബാന കഴിഞ്ഞ് 9 മണിക്ക് കുരിശ്ശടി കൂദാശ നടന്നു. 10 അച്ചന്മാരും ഉണ്ടായിരുന്നു. തിരുമേനിമാർ 19-നു മടങ്ങി പോയി.

**മാർച്ച് 7.** രാവിലെ കൊല്ലത്തിന് പോയി. മി. റ്റി.എം. വറുഗീസിനെ കണ്ടു വിവരം അറിഞ്ഞു. തിരുവനന്തപുരത്തിന് പോയി നാലര മണിക്ക് അരമനയിൽ എത്തി. പിതാവ് 5 മണിക്കു വന്നു.

**8.** ടൗണിൽ പോയി ഡയറക്ടറോഫീസിൽ എത്തി പല ഉദ്യോഗസ്ഥരേയും കണ്ടു.

**12.** തിരുവല്ലായ്ക്ക് പോയി സ്വാമിയെ കണ്ടു. “It has been recommended” എന്ന് അദ്ദേഹം പറഞ്ഞു. മടങ്ങി പോന്നു.

**ഏപ്രിൽ 20.** പത്തനംതിട്ട എത്തി സഹകരണസംഘം പൊതുയോഗം കൂടി. പുതിയ കമ്മറ്റിയെ നിയമിച്ചു. യൂണിയൻ ഓഫീസിൽ കയറി 9 മണിവരെ പലതും ആലോചിച്ചു. ഗോപാലപിള്ളയെ മാറ്റി പരമേശ്വരൻ പിള്ളയെ സെക്രട്ടറി ആക്കി നിയമിച്ചു. രാത്രി ചാക്കോയുടെ വീട്ടിൽ താമസിച്ചു.

**21.** തിരുവനന്തപുരത്തിന് പോയി, 10 മണിക്ക് എത്തി. ഡയറക്ടറെ പോയി കണ്ടു. 7-ാം ക്ലാസ് (മലയാളം ഹൈസ്കൂൾ 9-ാം ക്ലാസ് വരെ ആയിരുന്നു) അനുവദിച്ചതായി പറഞ്ഞു. മറ്റു പലരേയും കണ്ടു. അരമനയിൽ എത്തി താമസിച്ചു.

**22.** ടൗണിൽ പോയി സഹകരണസംഘം രജിസ്ട്രാറെ കണ്ടു. സെക്രട്ടറിയെ മാറ്റിയതിൽ സന്തോഷിച്ചു. ടാങ്കിയ സിസ്റ്റം കൃഷിക്ക് അപേക്ഷിക്കണം കുറെ ഗ്രാന്റ് കൂടി തരാം എന്ന് പറഞ്ഞു. ഗ്രാന്റിന്



www.malankaralibrary.com

ബിൽ അയക്കണം. അന്വേഷണത്തിൽ അഞ്ചലാഫീസ് സ്ഥിരപ്പെടുത്തുന്നതിന് ശിപാർശ ചെയ്തതായി അറിഞ്ഞു. തിരിച്ചു വീട്ടിലേക്കു പോന്നു.

**ആഗസ്റ്റ് 20.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി കൃഷി ഓഫീസ്, അഞ്ചൽ ഓഫീസ് ഇവിടങ്ങളിൽ കയറി കാര്യങ്ങൾ അന്വേഷിച്ചു. മടങ്ങി രാത്രിയിൽ വീട്ടിൽ എത്തി.



**ലോവർ പ്രൈമറി സ്കൂൾ**

**22.** രാവിലെ പത്തനംതിട്ട പോയി. അഞ്ചൽ ഓഫീസിന് 301 രൂപ 26 ചക്രം (സർക്കാർ രൂപ - ബ്രിട്ടീഷ് 296 രൂപ 6 അണ) കെട്ടിവച്ചു. അഞ്ചൽ ഓഫീസിൽ നിന്നും കൊണ്ടുവന്ന കുറിപ്പിൻ പ്രകാരം ഉള്ള ചെലവുകൾ ചെയ്തു. 6 മണിയോടുകൂടി വീട്ടിൽ എത്തി വിശ്രമിച്ചു.

**23.** കോന്നിയിൽ പോയി സ്കറിയാച്ചനെ കണ്ടു. ഫോറസ്റ്റ് ഓഫീസിൽ കയറി ടാങ്കിയ കാര്യം അന്വേഷിച്ചു.

**28.** മുരുപ്പേൽ സി.ജി. മാത്യുവിന്റെ വീടു കൂദാശ നടത്തി. തീകുറിഞ്ഞിയിൽ ഉണ്ണിയെ പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോയി. കടമ്മനിട്ട അച്ചനും ഞാനും കൂടി പോയി ശ്രമിച്ചു. പറ്റിയില്ല. രാത്രി 9 മണിക്ക് വീട്ടിൽ എത്തി.

**സെപ്റ്റംബർ 2.** രാവിലെ തടി അറക്കുന്നിടത്ത് പോയി, രാത്രി 7 മണി വരെ കഴിച്ചു. തടി ഭാഗിച്ച് കൊണ്ടു വരുന്നതിന് ഏർപ്പാടു ചെയ്തു. അതുകഴിഞ്ഞ് വീട്ടിൽ എത്തി. തറയിൽ കൊച്ചുകുഞ്ഞിന് ജാമ്യം അനുവദിപ്പിക്കുന്നതിന് ചെങ്ങന്നൂർക്ക് രാത്രിയിൽ പോയി.

**4.** 10 മണികഴിഞ്ഞ് പള്ളിക്കാരിൽ ചിലരുമായി ഒന്നിച്ചിരുന്ന് കുടിശിഖ പിരിവിന്റെ കാര്യം ആലോചിച്ചു പിരിഞ്ഞു. വീട്ടിൽ എത്തി ഗ്രാമ പുനരുദ്ധാരണ സ്കീം തയ്യാറാക്കി. വിശ്രമത്തിനുശേഷം പുത്തൻ



www.malankaralibrary.com

പീടികയിൽ എത്തി അച്ചനെ (ഫാ. ഗീവർഗീസ് പീടികയിൽ) കണ്ടിട്ടു കുമ്പഴ വന്ന് അച്ചനേയും കണ്ടിട്ടു 6 മണിക്ക് വീട്ടിൽ എത്തി.

**5.** രാവിലെ ചെറിയ അയന്തിയിൽ എത്തി തടി വെട്ടുന്ന കാര്യം ഏർപ്പാടു ചെയ്തു. തിരിച്ചു സ്കൂളിൽ എത്തി തടി അറപ്പ് കണ്ടു, വിശ്രമിച്ചു.

**6.** പത്തനംതിട്ട എത്തി കാറിൽ ഇലന്തൂർക്ക് പോയി. മി. കുമാറിനെ കണ്ട് മി. കുമരപ്പയുടെ (All India Rural Re-Construction Council Secretary) യാത്രയെപ്പറ്റി ആലോചിച്ചു. ഗ്രാമ റിപ്പോർട്ടു കൊടുത്തു. തിരിച്ച് മാക്കാംകുന്നുവഴി വീട്ടിൽ എത്തി.

**8.** പരിശുദ്ധ മാതാവിന്റെ ജനനപെരുന്നാൾ. രാവിലെ കുർബാന കഴിഞ്ഞ് സ്കൂളിൽ എത്തി വേണ്ട ഒരുക്കങ്ങൾ ചെയ്തു. ആളുകൾ വന്നു. 10 മണിയോടു കൂടി മി. കുമരപ്പ, കുമാർ ഇവർ വന്നു. 10.15 –ന് ഗ്രാമോദ്ധാരണ മീറ്റിംഗ് തുടങ്ങി. മി. കുമരപ്പയുടെ പ്രസംഗം 11.40–ന് കഴിഞ്ഞു. അനന്തരം ഞങ്ങൾ മാധവൻ കർത്താവിന്റെ വീട്ടിൽ എത്തി ഭക്ഷണം കഴിച്ചു. 12.35–ന് അവർ പോയി, ഞാൻ വീട്ടിൽ എത്തി വിശ്രമിച്ചു. ഒരു ഹർജി തിരുവനന്തപുരത്ത് ആർച്ചു ബിഷപ്പിന് കമ്മറ്റി വക അയച്ചു.

**10.** 10 മണിക്ക് മനോരമ ഗവൺമെന്റ് കണ്ടു കെട്ടി. 11 മണിക്ക് പത്തനംതിട്ട യൂണിയൻ മീറ്റിംഗിൽ സംബന്ധിച്ചു. പള്ളിയിൽ റമ്പാച്ചൻ വന്നു.

**11.** ഞാൻ രാവിലെ ചൊല്ലി. റമ്പാച്ചൻ പരസ്യ കുർബാന ചൊല്ലി പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് ആളുകൾ കൂടി പല കാര്യങ്ങൾ ആലോചിച്ചു. കുമ്പഴ, കടമ്മനിട്ട അച്ചന്മാരും കൂടിവന്ന് രാത്രി 12 മണിവരെ കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരുന്നു.

**13.** ഇന്ന് മനോരമ കുന്നംകുളത്തുനിന്നും തുടങ്ങി. രാവിലെ സ്കൂളിൽ എത്തി, കിഴക്കേസ്കൂൾ കെട്ടിടം കെട്ടി കൊണ്ടിരിക്കുന്നു. വലിയ അയന്തിയിൽ എത്തി തടി അറപ്പ് കണ്ടു. 11 മണിയോട് മൈലപ്രായിൽ എത്തി. മലയാലപ്പുഴ സഹകരണ സംഘത്തിന്റെ രണ്ടു കേസുകൾ വിസ്തരിച്ച് വിധിച്ചു. പിന്നീട് കണ്ണൻ മണ്ണിൽ എത്തി അവിടത്തെ തടി സ്കൂളിൽ എത്തിച്ചു. വലിയ അയന്തിയിൽ വീണ്ടും എത്തി അവിടത്തെ അറുത്ത തടി സ്കൂളിൽ എത്തിക്കാൻ പൊടിയനെ ഏർപ്പാടു ചെയ്തു.

**16.** ഉച്ച കഴിഞ്ഞ് 2 മണിക്ക് സംയുക്ത സമ്മേളനത്തിൽ സംബന്ധിക്കാൻ പത്തനംതിട്ടയിൽ പോയി. അവിടെ സഹകരണ ബാങ്കിന്റെയും യൂണിയന്റേയും കമ്മറ്റികൾ ഒരുമിച്ച് എന്റെ അദ്ധ്യക്ഷതയിൽ





www.malankaralibrary.com

കൂടി. സമസ്ത തിരുവിതാംകൂർ കൊല്ലം കോൺഗ്രസ് ഇവിടെ വച്ച് നടത്തുന്ന കാര്യം ആലോചിച്ചു. അടുത്ത 15-ാം തീയതി യൂണിയൻ പൊതുയോഗത്തിൽ ആലോചിക്കാമെന്ന് നിശ്ചയിച്ചു പിരിഞ്ഞു.

**20.** സ്കൂളിൽ പണി നടക്കുന്നു. സ്കൂളിൽ സ്ട്രൈക്ക് നടത്താൻ ശ്രമിച്ച കുട്ടികളെ ഗുണദോഷിച്ച് പിൻതിരിപ്പിച്ചു. അദ്ധ്യാപകരോട് ആ കാര്യത്തെപ്പറ്റി ആരും ഇടപെടാതിരിക്കുന്നതിന് നിഷ്കൃഷ്ടമായി ശട്ടംകെട്ടി വേണ്ടതു ചെയ്തു. മറ്റുള്ള സ്കൂളുകളെപ്പോലെ ഇവിടെ ഉണ്ടാകാതിരിക്കുന്നതിനായി അദ്ധ്യാപകർ കൂടുതൽ പരിശ്രമിക്കുന്നതായി ബോധ്യപ്പെട്ടു.

**22.** കൊട്ടാരക്കര അച്ചന്റെ വീട്ടിൽ ഇന്നലെ രാത്രി എത്തി ഉറങ്ങി. രാവിലെ എണീറ്റ് നടന്ന് പുലമൺ മുക്കിൽ എത്തി ബസിൽ കൊല്ലത്ത് 8 മണിക്ക് എത്തി. വക്കീൽ ഗുമസ്തനെകണ്ട് വൈദ്യനാഥയ്യർക്ക് വക്കാലത്ത് കൊടുക്കുന്നതിന് ഇടപാടു നടത്തി 1.14.4 രൂപ (രൂപ.അണ.പൈസ) കൊടുത്തശേഷം തിരിച്ചുപോന്നു.

**29.** കുർബാനക്കുശേഷം സ്കൂളിൽ എത്തി. 12.45 ന് ഉത്തരം വച്ചു.

**30.** ഇന്നു കഴുക്കോൽ ഇറക്കി തുടങ്ങി. ഉച്ച കഴിഞ്ഞ് രണ്ടര മണിക്ക് കുമ്പ്ളാംപൊയ്ക സ്കൂൾ കുട്ടികൾ വന്ന് ബഹളം ഉണ്ടാക്കുകയാൽ പഠിത്തം തുടരുന്നതിന് നിവൃത്തിയില്ലാതെ സ്കൂൾ പിരിച്ച് വിടുന്നതിനും ബുധനാഴ്ച വീണ്ടും തുടങ്ങുന്നതിനും നിശ്ചയിച്ചു. പത്തനംതിട്ട പോയി യൂണിയൻ കമ്മറ്റി കൂടിയിട്ട് 7 മണിക്ക് തിരിച്ചെത്തി.

**ഒക്ടോബർ 1.** ഇന്നു കഴുക്കോൽ ഇറക്കി. 10.30 ന് യൂണിയൻ പൊതുയോഗത്തിൽ കൂടുന്നതിനു വേണ്ടി പത്തനംതിട്ടയിൽ പോയി. മി. കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടി. പുതിയ കമ്മിറ്റിയിൽ ജനറൽ വാർഡിൽ നിന്നും എന്നെ വീണ്ടും തെരഞ്ഞെടുത്തു. 5 മണിക്ക് സ്കൂളിൽ എത്തിയ ശേഷം പുത്തൻപീടിക പള്ളിപെരുന്നാളിൽ സംബന്ധിക്കാനായി പോയി. ചടങ്ങിൽ സംബന്ധിച്ച ശേഷം അച്ചന്റെ വീട്ടിൽ താമസിച്ചു.

**2.** രാവിലെ പുത്തൻപീടിക പള്ളിയിൽ 7.30 ന് കുർബാന ചൊല്ലി, 12 മിനിട്ടു നേരം പ്രസംഗിച്ചു. അനേകം പേർക്ക് കുർബാന കൊടുത്തു. മറ്റു ചടങ്ങുകളിൽ സംബന്ധിച്ചശേഷം മടങ്ങിപോന്നു.

**5.** രാവിലെ സ്കൂളിൽ പോയി. പത്തനംതിട്ടയിൽ പോയി വാര്യരെ കണ്ട് യാത്ര പറഞ്ഞു. 1 മണിയോടുകൂടി ചെറിയ അയന്തിയിൽ പോയി ഇഞ്ചക്കാടൻ മണ്ണിൽ ഉള്ളവരെ കത്തോലിക്കരായി ചേർത്തു. മത്തായിയെ ചേർത്തില്ല.



www.malankaralibrary.com

**8.** സ്കൂളിൽ അധ്യാപക മീറ്റിംഗ് നടത്തി. 3 മണിക്ക് മൈലപ്രാ സംഘത്തിന്റെ പൊതുയോഗം കൂടി. ഞാനു ൾപ്പെടെ കമ്മറ്റിയെ നിശ്ചയിച്ചു. യൂണിയ നിലേക്ക്എന്നെ പ്രതിനിധിയായി തെരഞ്ഞെടുത്തു. 6 മണിക്ക് യോഗം തീർന്നു.

**10.** സ്കൂളിൽ പണി നടക്കുന്നു. 12 മണിക്ക് പത്ത നംതിട്ട പോയി ഇൻസ്പെക്ടറെ കണ്ട് സൂകൂൾ പണി സംബ ന്ധിച്ച റിപ്പോർട്ടു കൊടുത്തു. 3 മണിക്ക് വീട്ടീൽ എത്തി. 6 മണിക്ക് സംഘം കമ്മറ്റി കൂടി എന്നെ പ്രസിഡന്റായും സി.എം. തോമസിനെ സെക്രട്ടറി യായും തെരഞ്ഞെടുത്തു.



**സഹകരണ ബാങ്ക്**

**11.** സ്കൂളിൽ നിന്നും 12 മണിക്ക് പത്തനംതിട്ട പോയി ഇൻസ്പെക്ടർ ആഫീസിൽ ഉണ്ണിയുടെ കാര്യം സംബന്ധിച്ചും സ്കൂളിന്റെ കാര്യം സംബന്ധിച്ചും 4 മണിവരെ കഴിച്ചുകൂട്ടി. Memo Recommend ചെയ്യിച്ച് തിരിച്ചുപോന്നു.

**13.** തിരുവല്ലാ കത്തീഡ്രലിൽ കഴിഞ്ഞ രാത്രിയിൽ എത്തി. രാവിലെ തിരുവനന്തപുരത്തിന് തിരിച്ച് 12 മണിക്ക് അരമനയിൽ എത്തി, വിശ്രമിച്ചു. അരമനയിൽ നിന്നും 5 രൂപ വാങ്ങികൊണ്ട് കുമ്പഴ അച്ചനോടുകൂടി ട്രയിനിൽ തിരിച്ച് രാത്രി 9 മണിക്ക് കൊല്ലത്ത് എത്തി. ഊണു കഴിഞ്ഞ് ഡോക്ടറുടെ വീട്ടിൽ പോയി ഉറങ്ങി.

**15.** പത്തനംതിട്ട യൂണിയൻ മീറ്റിംഗിൽ സംബന്ധിച്ചു. ഒരു ക്രിസ്ത്യൻ സെക്രട്ടറി വേണമെന്നുള്ളതുകൊണ്ട് ഞാൻ പ്രസിഡന്റ് സ്ഥാനത്തു നിന്നും മാറി റാവുത്തരെ പ്രസിഡന്റാക്കി. റാന്നി തോമസിനെ സെക്രട്ടറിയാക്കി നിശ്ചയിച്ചു.

**19.** പത്തനംതിട്ട പോയി ഇൻസ്പെക്ടറെ കണ്ടു. മണ്ണാരക്കുളഞ്ഞിയുടെ ബിൽ പാസാക്കി തന്നു. വലിയ അയന്തിയുടേയും മൈലപ്രായു ടെയും മെമ്മോ വന്നു. വീട്ടിൽ എത്തി വിശ്രമിച്ചു.



www.malankaralibrary.com

**20.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു അരമനയിൽ എത്തി. 9 മണിയോടുകൂടി മൂന്ന് തിരുമേനിമാരുടെ (മാർ ഈവാനിയോസ്, മാർ തിയോഫിലോസ്, മാർ സേവേറിയോസ്) എഴുന്നെള്ളത്ത് കത്തീഡ്രലിലേക്ക് ഉണ്ടായിരുന്നു. 10 മണിക്ക് മീറ്റിംഗ് തുടങ്ങി 1 മണിവരെ ഉണ്ടായിരുന്നു. വലിയ ആൾക്കൂട്ടമായിരുന്നു. അരമനയിൽ എത്തി യാത്ര ചോദിച്ച് തിരിച്ചുപോന്നു.

**22.** ഉച്ച കഴിഞ്ഞ് പത്തനംതിട്ട പോയി. 5 മണിയോടുകൂടി അയ്യാ സ്വാമി ഒരു അപേക്ഷ തന്നു. ഞാൻ സ്റ്റേറ്റ് കോൺഗ്രസിൽ പ്രവർത്തക നാണെന്നും ടിക്കറ്റുകൾ നൽകുന്നു എന്നും മറ്റും വിവരിച്ച അപേക്ഷയായിരുന്നു. അന്വേഷിച്ചിട്ട് അയാളുടെ ഇഷ്ടം പോലെ ചെയ്യാൻ ഞാൻ പറഞ്ഞു. വി.ജി. പരമേശ്വരൻ പിള്ളയുടേയും മറ്റും ശ്രമമാണ് അപേക്ഷ എന്നു തോന്നുന്നു.

**23.** പള്ളിയിൽ രാജത്വതിരുനാൾ കാര്യം ആലോചിച്ചു. ഉച്ചയോടു കൂടി പുത്തൻപീടികയീൽ മിഷ്യൻ സൺഡേയും തിരുനാളും ആഘോഷിക്കുന്നതിൽ സംബന്ധിക്കാൻ പോയി. 2 മണിക്ക് ഘോഷയാത്ര തുടങ്ങി. 4 മണിക്ക് സ്കൂളിൽ എത്തി മീറ്റിംഗ് തുടങ്ങി. ഒരു പ്രസംഗം ഞാൻ നടത്തി. 6 മണിയോടുകൂടി മടങ്ങിപോന്നു, പത്തനംതിട്ടയിലെ കരിമരുന്ന് പ്രയോഗവും കുറെ കണ്ടിട്ട് 9 മണിക്ക് വീട്ടിൽ എത്തി.

**24.** രാവിലെ സ്കൂളിൽ എത്തി മഹാരാജാവിന്റെ തിരുനാൾ എത്രയും ഭംഗിയായായി കൊണ്ടാടുന്നതിന് മീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ നടന്നു. പലരും പ്രസംഗിച്ചു. ബിൽ രണ്ടും മാറുന്നതിന് സി.എം. തോമസിനെ ഏൽപിച്ചു. ഉച്ച കഴിഞ്ഞ് കൊല്ലത്തിന് പുനലൂർ വഴി പോയി 6.30 ന് എത്തി. അന്നപൂർണ്ണാലയത്തിൽ താമസിച്ചു.

**25.** രാവിലെ റ്റി.എം. വറുഗീസിന്റെ വീട്ടിൽ എത്തി. മി.കെ.റ്റി. തോമസ് മുലയായവർ ഉണ്ടായിരുന്നു. പല കാര്യങ്ങളും സംസാരിച്ചു കൊണ്ടിരുന്നു. കേസു കാര്യം എസ്. വൈദ്യനാഥയ്യരെ കണ്ട് പറഞ്ഞു. തിരിച്ച് ഹോട്ടലിൽ എത്തി, കുളിച്ചിട്ട് വിശ്രമിച്ചു. തോമ്മാച്ചന്റെ കൂടെ ഒരു സിനിമാ കണ്ടിട്ട് 10 മണിക്ക് ഞാൻ ഡോ. ഐസക്കിന്റെ വീട്ടിൽ പോയി താമസിച്ചു.

**26.** രാവിലെ വക്കീലിനെ കണ്ട് 7 രൂപ കൊടുത്തു. കേസു കാര്യം മനസ്സിലാക്കി. തിരിച്ചുപോന്നു. കോന്നിയിൽ എത്തി ഡി.എഫ്.ഒ. യെ കണ്ട് ടാങ്കിയാ കാര്യം പറഞ്ഞു. 6 മണിക്ക് വീട്ടിൽ എത്തി.

**30.** കുർബാന കഴിഞ്ഞ് രാജത്വതിരുനാൾ മീറ്റിംഗ് സ്കൂളിൽ വച്ച് നടത്തി.



www.malankaralibrary.com

ഞാൻ അദ്ധ്യക്ഷത വഹിച്ചു. 12 മണിക്ക് തിരിച്ച് ചന്ദനപ്പള്ളിയിൽ എത്തി. 3 മണിക്ക് ചന്ദനപ്പള്ളിയിൽ രാജത്വതിരുനാൾ സംബന്ധിച്ചുള്ള മീറ്റിംഗ് നടന്നു. ഞാൻ ഒരു പ്രസംഗം ചെയ്തു. 6 മണിക്ക് വീട്ടിൽ എത്തി.

**നവംബർ 2.** അരമനയിൽ ചൊല്ലി. അഗ്രികൾച്ചറൽ രജിസ്ട്രാർ ഓഫീസിലെത്തി മാനേജരെ കണ്ടു. കൃഷിക്ക് സ്ഥലം കിട്ടുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞു. പിന്നീട് കൃഷി മാനേജരെ കണ്ടു, ആവശ്യമുള്ളതെല്ലാം ചെയ്യാമെന്ന് പറഞ്ഞു. അരമനയിൽ എത്തി വിശ്രമിച്ചു. 3 മണിയോടുകൂടി ആശ്രമത്തിൽ എത്തി പിതാവിനെ കണ്ടു.

**9.** സ്കൂളിൽ ഉച്ചവരെ ഉണ്ടായിരുന്നു. അതിനുശേഷം പത്തനംതിട്ട പോയി അസിസ്റ്റന്റ് ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തി, 6-ാം ക്ലാസിന്റെ അംഗീകാരത്തിന് വേണ്ടതു ചെയ്തു. വരുന്നവഴി മൈതാനത്ത് സ്റ്റേറ്റ് കോൺഗ്രസ് യോഗം നടക്കുന്നത് കേൾക്കാൻ യൂണിയൻ കെട്ടിടത്തിൽ പോയി. മീറ്റിംഗ് സംഘം കെട്ടിടത്തിന്റെ പുറകുവശത്തായിരുന്നു. അവിടെ അനേകം അച്ചന്മാരുടെ കൂടെ ഞാനും പോയിനിന്നു. 9 മണിക്ക് തിരിച്ചുപോന്നു.

**14.** ഉച്ച കഴിഞ്ഞ് നന്നൂക്കാട് പോയി അവിടുത്ത്കാരെ കണ്ടു സംസാരിച്ചു. ഉടനെ തിരുവനന്തപുത്ത് പോയി പിതാവിനെ കണ്ട് അവർ ചേരാൻ തയ്യാറായിരിക്കയാണെന്നും പറയണമെന്ന് അവർ പറഞ്ഞു. കിഴക്കേവീട്ടിൽ അച്ചനും തയ്യാറാണ്. മടങ്ങിവന്ന് കുമ്പഴ അച്ചനെ കണ്ട് വിവരം പറഞ്ഞ് വീട്ടിൽ എത്തി.

**15.** തിരുവനന്തപുരത്തിന് പോയി. 12.15 ന് അരമനയിൽ എത്തി വിശ്രമിച്ചു.

**16.** കുർബാനക്കുശേഷം ടൗണിൽ പോയി ചില ഓഫീസുകളിൽ കയറി കാര്യങ്ങൾ അന്വേഷിച്ചു. അരമനയിൽ തിരിച്ചെത്തി. പിതാവിനോട് കിഴക്കേവീട്ടിൽ അച്ചന്റെയും നന്നുക്കാട്ടുകാരുടേയും പുനരൈക്യത്തേപ്പറ്റി ആലോചിച്ചു. തിരുമേനി നാളെ എത്താമെന്ന് പറഞ്ഞു. ഞാൻ മടങ്ങി 9 മണിക്ക് വീട്ടിൽ എത്തി.

**17.** രാവിലെ റ്റി.ബി-യിൽ എത്തി. റ്റി.ബി. വാടകക്ക് എടുത്തു. ചിലരെ കണ്ടു വിവരം പറഞ്ഞു. കിഴക്കേവീട്ടിൽ അച്ചനേയും കണ്ടു. 1 മണിക്ക് തിരുമേനിയും റമ്പാച്ചനും എത്തി. കിഴക്കേവീട്ടിൽ അച്ചനും വലിയ ശ്രമങ്ങൾ നടത്തുന്നുണ്ട്. സ്കൂളിൽ വച്ച് മീറ്റിംഗ് നടന്നു.



www.malankaralibrary.com

ഞാൻ വക്കീലിന്റെ വീട്ടിൽ പോയി ഉറങ്ങി.

**18.** രാവിലെ വീട്ടിൽ പോയി ചില കാര്യങ്ങൾ ശരിപ്പെടുത്തിയിട്ട് തിരിച്ചു പോന്നു. തിരുമേനി സ്കൂളിൽ കുർബാന ചൊല്ലി. രണ്ടര മണിക്ക് മീറ്റിംഗ് സ്കൂളിൽ നടന്നു. കിഴക്കേവീട്ടിൽ അച്ചനെ കണ്ടു. രാത്രി കിഴക്കേവീട്ടിൽ ഉറങ്ങി.

**19.** രാവിലെ പ്രസിൽ അച്ചന്റെ പ്രസ്താവന കൊടുത്തു. അച്ചനെ പോയി വിളിച്ചുകൊണ്ടുവന്ന് തിരുമേനിയുടെ അടുക്കൽ എത്തിച്ചു. ഉടനെ ചേർക്കുന്നതിന് നിശ്ചയിച്ചു. 10.30-ന് സ്കൂളിൽ പോയി ചേർത്തു. നോട്ടീസ് 1000 പ്രതികൾ അടിച്ച് വിതരണം ചെയ്തു. സ്കൂളിൽ അനുമോദനയോഗം നടന്നു.

**20.** രാവിലെ മൈലപ്രാ എത്തി പരസ്യ കുർബാന ചൊല്ലി. 9.45-ന് പിരിഞ്ഞു. റ്റി.ബി.യിൽ എത്തി വിശ്രമിച്ചു. 2 മണിക്ക് മീറ്റിംഗ് ഉണ്ടായിരുന്നു.

**21.** റ്റി.ബി.യിൽ കഴിച്ചു കൂട്ടി. തിരുമേനി ഉണ്ടായിരുന്നു. അനേകർ ചേരാൻ വന്നുകൊണ്ടിരുന്നു. ഞാൻ പലയിടത്തും ചുറ്റി നടന്ന് പ്രചരണം നടത്തി. വൈകിട്ട് സ്കൂളിൽ യോഗം ഉണ്ടായിരുന്നു. ഞാൻ പോയില്ല. രാത്രി 11 മണിക്ക് വീട്ടിലേക്ക് തിരിച്ചു, എത്തി ചില കാര്യങ്ങൾ ചെയ്തു.

**26.** രാവിലെ കോന്നി ഡി.എഫ്.ഒ. യിൽ പോയി കാര്യങ്ങൾ അന്വേഷിച്ചു. ഒന്നര മണിയോടുകൂടി തിരിച്ച് പത്തനംതിട്ട എത്തി. 2 മണിക്ക് യൂണിയൻ മീറ്റിംഗിൽ സംബന്ധിച്ചു. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ മി. ദാനിയേലിനെ കണ്ടു സംസാരിച്ചു. 7-ന് മടങ്ങി.

**ഡിസംബർ 1.** പത്തനംതിട്ടയും നന്നൂക്കാട്ടും പോയി ചില വിവരങ്ങൾ അറിഞ്ഞശേഷം വീട്ടിൽ എത്തി. നാലര മണിക്ക് കൊല്ലത്തിന് പോയി രാത്രി എട്ടരക്ക് എത്തി ഡോക്ടറോടു കൂടി താമസിച്ചു.

**2.** രാവിലെ വക്കീലിനെ കാണാൻ പോയി. 11 മണിയോടുകൂടി കച്ചേരിയിൽ എത്തിയപ്പോൾ ഇന്ന് കേസ് നടക്കുകയില്ലെന്ന് അറിഞ്ഞു. ഉടനെ തിരുവനന്തപുരത്തിന് തിരിച്ച് മൂന്നര മണിക്ക് അരമനയിൽ എത്തി. പത്തനംതിട്ട പള്ളിക്ക് 44 രൂപ, വലംഞ്ചുഴിക്ക് 15 രൂപ, കാലായിൽ തോമസിന് 100 രൂപ ഇത്രയും വാങ്ങി ഏഴര മണി വണ്ടിക്ക് കോട്ടയത്തിന് തിരിച്ചു. രജിസ്റ്റർ ഓഫീസിൽ എത്തി, മി. റ്റൈറ്റസിനെ കണ്ടു. കോട്ടയത്ത് മൂന്നര മണി വെളുപ്പിന് എത്തി.

**3.** രാവിലെ കോര സാറിന്റെ വീട്ടിൽ എത്തി വിശ്രമിച്ചു. മി. ജി.ആർ.



www.malankaralibrary.com

പിള്ളയെ 11 മണിക്ക് ഓഫീസിൽ പോയി കണ്ടു. വിവരം അറിഞ്ഞ ശേഷം പന്ത്രണ്ടര മണിക്ക് തിരിച്ചു പോന്നു. വീട്ടിൽ അഞ്ചര മണിക്ക് എത്തി. കാലായിൽ തോമസിന് 100 രൂപ കൊടുത്തു.

4. നന്നൂക്കാട് പോയി കുർബാന ചൊല്ലി. 100-ൽ കൂടുതൽ ആളുകൾ വന്നിരുന്നു. ഊപ്പമല മുതലായിടത്തു പോയി തിരിച്ച് സ്കൂളിൽ എത്തി വായന യോഗം നടത്തി. ധ്യാനത്തിന്റെ ഭക്ഷണം തയ്യാറാക്കുന്നത് ലേലത്തിൽ കൊടുക്കുന്നതിന് നിശ്ചയിച്ചു. 10 രൂപ തോമസ് സാറിനെ ചേങ്കലക്ക് ഏല്പിച്ചു. കുഴിയിൽ മത്തായിച്ചന്റെ വീട്ടിൽ എത്തി. കിഴക്കേവീട്ടിൽ അച്ചനും ഉണ്ടായിരുന്നു. വീട്ടിലേക്കു പോന്നവഴി ചരുവിലേത്ത് അച്ചന് 15 രൂപ കൊടുത്തു (Fr. Geevarghese Charuvileth, Vicar, Valanchuzhy). 7 മണിക്ക് വീട്ടിൽ എത്തി.

5. രാവിലെ സംഘത്തിന്റെ കേസ് അവധിക്ക് വച്ച ശേഷം കോട്ടയത്തിന് തിരിച്ചു. 5 മണിയോടുകൂടി അവിടെ എത്തി, ഓഫീസിൽ നിന്നും ശിപാർശ ചെയ്ത വിവരം അറിഞ്ഞു. എ.ആർ.നെ കണ്ട ശേഷം തിരുവനന്തപുരത്തിന് തിരിച്ച്, രാത്രി 1 മണിക്ക് അരമനയിൽ എത്തി ഉറങ്ങി.

6. രാവിലെ ടൗണിൽ പോയി മി. റ്റൈറ്റസിനെ കണ്ടു വിവരം അറിഞ്ഞു. തിരിച്ച് അരമനയിൽ എത്തി. കിഴക്കേവീട്ടിൽ അച്ചൻ വന്നിരുന്നു. അരമനയിൽ താമസിച്ചു.

7. രാവിലെ വീണ്ടും ഓഫീസിൽ എത്തി. 4 മണിയോടുകൂടി ഓർഡർ ഇട്ട ലറ്റർ ഡി.എഫ്.ഒ.യ്ക്കു വാങ്ങി. അരമനയിൽ എത്തി താമസിച്ചു.

8. രാവിലെ തിരുവനന്തപുരത്തു നിന്നും തിരിച്ച് പന്ത്രണ്ടര മണിക്ക് വീട്ടിൽ എത്തി, വിശ്രമിച്ചു. 4 മണിക്ക് നന്നൂക്കാട് പോയി അവിടെ നിന്നും മാക്കാംകുന്നേൽ എത്തി കിഴക്കേവീട്ടിൽ അച്ചന്റെ വീട്ടിൽ എത്തി പലതും സംസാരിച്ചിരുന്നു. പത്തര മണിക്ക് കിഴക്കെമുറിയിൽ അച്ചന്റെ വീട്ടിൽ എത്തി ഉറങ്ങി.

9. സ്കൂളിലും മറ്റുമായി ചിലതൊക്കെ ചെയ്തു. രാത്രിയിൽ പള്ളിയിൽ വന്നു കിടന്നു. 10 മണി ആയപ്പോൾ ആർച്ചുബിഷപ്പ് തിരുമേനിയുടെ അപ്പൻ തോമ്മാപണിക്കർ അവർകൾ മരിച്ചതായി ആൾ വന്നു പറഞ്ഞു. അങ്ങോട്ടുള്ള യാത്രയ്ക്കായി ഒരുങ്ങി പലയിടത്തും കാറിൽ ചെന്ന് അച്ചന്മാരെ കൂട്ടി പന്തളത്ത് പമ്പൂരേത്ത് (Fr. Chandapilla Pampooreth) വീട്ടിൽ എത്തി ഉറങ്ങി.





www.malankaralibrary.com

**10.** രാവിലെ ഞങ്ങൾ പന്തളത്തുനിന്നും കാറിൽ തിരിച്ച് ആറര മണിക്ക് മാവേലിക്കര എത്തി. ഉടനെ വന്ദ്യ തിരുമേനി ഉൾപ്പെടെ 11 അച്ചന്മാർ കൂടി വി. കുർബാന നടത്തി. ഏതാണ്ട് 40 അച്ചന്മാർ കൂടിയിരുന്നു. 2 മണിക്ക് സംസ്കാരശുശ്രൂഷ തുടങ്ങി. 5 മണിയോടുകൂടി മംഗളമായി നടന്നു. 6 മണിയോടുകൂടി ഞങ്ങൾ തിരിച്ചു പോന്നു, മൈലപ്രായിൽ എത്തി. കാർ കൂലി ബാക്കിയുള്ള 7 രൂപ കൊടുത്തു. കടമ്മനിട്ട അച്ചനും കൂടി വന്ന് വീട്ടിൽ ഉറങ്ങി.

**21.** രാവിലെ നന്നുക്കാട് എത്തി. മീറ്റിംഗ് 10 മണിക്ക് തുടങ്ങി. കയ്യാല ച്ചന്റെ മകളുടെ മരണം സംബന്ധിച്ച് റമ്പാച്ചനും ഞാനും മറ്റും പോയി. നന്നുക്കാട് തിരിച്ചെത്തി ഉറങ്ങി.

## 1939

**ജനുവരി 8.** കുർബാന കഴിഞ്ഞ്, ഘോഷയാത്ര 2 മണിക്ക് തുടങ്ങി കുമ്പഴ വഴി പത്തനംതിട്ട റ്റി.ബി.യിൽ എത്തി. തിരുമേനിമാരെ സ്വീ കരിച്ച് നന്നുക്കാട്ട് എത്തി യോഗം തുടങ്ങി. 10 മണിക്ക് യോഗം പിരിഞ്ഞു.

**10.** പട്ടത്ത് ചൊല്ലി. ടൗണിൽ പോയി മി. റ്റൈറ്റസിനെ കണ്ടു. കൃഷി മാനേജരെ കണ്ടു. ഡി.പി.ഐ. ആഫീസിൽ പോയി. അരമനയിൽ എത്തി വിശ്രമിച്ചു. ഇന്ന് ഇർവിൻ പ്രഭു വൈസ്രോയിയുടെ സ്വീകരണം നടന്നു.

**11.** മി. കെ.വി. വർഗീസും ഒരുമിച്ച് എം.ഒ. വർഗീസിനെ കാണാൻ (Superintendent of Rural Development) പോയി. കണ്ട് വിവരം പറഞ്ഞു. അവിടെ നടക്കുന്ന കാര്യങ്ങളെപ്പറ്റി ഒരു വിവരണം എഴുതി അറി യിക്കണം എന്നു പറഞ്ഞു. വേണ്ട സഹായം ചെയ്തു തരാമെന്ന് ഉറപ്പ് തന്നു.

**28.** തിരുവല്ലായിൽ പോയി ശിവരാധാകൃഷ്ണയ്യർ സ്വാമിയെ Send off - ന് ക്ഷണിച്ചു. വ്യാഴാഴ്ച 4 മണിക്ക് വരാമെന്ന് സമ്മതിച്ചു.

**ഫെബ്രുവരി 2.** പത്തനംതിട്ട എത്തി ഇൻസ്പെക്ടറുമായി ആലോ ചിച്ച് തിരുവല്ലായ്ക്ക് കാറിൽ പോയി സ്വാമിയെ 5 മണിക്ക് റ്റി.ബി. -യിൽ കൊണ്ടുവന്നു. ഫോട്ടോയും ടീപാർട്ടിയും കഴിഞ്ഞ് മീറ്റിംഗ് കൂടി പ്രസംഗിച്ചു. എല്ലാം കഴിഞ്ഞ് 9 മണിക്ക് വീട്ടിൽ തിരിച്ചെത്തി.

**6.** കുരിശു കേസിൽ മൊഴികൊടുക്കുന്നതിന് ചെങ്ങന്നൂർക്ക് പോയി.



www.malankaralibrary.com

കോർട്ടിൽ എത്തി ഓഫീസിൽ ഇരുന്നു. 3 മണിക്ക് എന്നെ വിസ്തരിച്ചു. അതുകഴിഞ്ഞ് കൊല്ലത്തിന് പോയി രാത്രി 8 മണിക്ക് അവിടെ എത്തി.

**7.** രാവിലെ വക്കീൽ വൈദ്യനാഥയ്യരെ കണ്ടു. കേസ് വച്ചിട്ടില്ല എന്ന് അറിഞ്ഞു. അനന്തരം എസ്. നാരായണൻ നായരെ കണ്ട് വേണ്ട എർപ്പാടുകൾ ചെയ്തു. 4 മണിക്ക് ഒരുമിച്ച് തിരുവനന്തപുരത്തിന് പോയി. 6.40-ന് അവിടെ എത്തി. ഡി.പി.ഐ-യെ വീട്ടിൽ പോയി കണ്ടു. സ്കൂൾ തരാമെന്ന് ഉറപ്പിച്ചു പറഞ്ഞു. അരമനയിൽ എത്തി വിശ്രമിച്ചു.

**8.** രാവിലെ വക്കീലിനെ കണ്ടു. 10 മണിക്ക് തൈക്കാട്ടു ആശുപത്രിയിൽ പോയി ഒരു രോഗിയെ കണ്ട് കാര്യങ്ങൾ അന്വേഷിച്ചു. 12 മണിക്ക് ഡി.പി.ഐ. ഓഫീസിൽ പോയി കണ്ടു. സ്കൂൾ തരാം കെട്ടിടം കെട്ടണം എന്ന് പറഞ്ഞു. ഞാൻ പള്ളിയിൽ എത്തി വിശ്രമിച്ചു. രണ്ടര മണിക്ക് തിരിച്ച് 9 മണിക്ക് വീട്ടിൽ എത്തി.

**12.** കുർബാനക്കുശേഷം മാർപാപ്പയുടെ (പത്താം പീയൂസ്) മരണം സംബന്ധിച്ച് പ്രത്യേക പ്രാർത്ഥന നടത്തി.

**18.** സ്കൂളിൽ എത്തി ചില കാര്യങ്ങൾ ചെയ്തു. 10 മണിക്ക് പത്തനംതിട്ട പോയി യൂണിയൻ മീറ്റിംഗിൽ സംബന്ധിച്ചു. പിന്നീട് ബാങ്കിന്റെ മീറ്റിംഗും കഴിഞ്ഞ് 6.30-ന് വീട്ടിൽ എത്തി.

**22.** തിരുവനന്തപുരത്ത് എത്തി. കുർബാനക്കുശേഷം ടൗണിൽ പോയി കൃഷി ഡയറക്ടറോഫീസിൽ പോയി ചില കാര്യങ്ങൾ അറിഞ്ഞ ശേഷം അരമനയിൽ എത്തി. 4 മണിയോട് കൊല്ലത്തിന് തിരിച്ചു. എസ്. നാരായണൻ നായരുടെ വീട്ടിൽ താമസിച്ചു. സ്കൂൾ കേസ് ജയിച്ചതായി അറിഞ്ഞു.

**23.** രാവിലെ കച്ചേരിയിൽ എത്തി വിധി പകർപ്പ് കിട്ടുന്നതിനായി ശ്രമിച്ചു. സ്വാമിക്ക് 3 രൂപ കൊടുത്തു. ഉച്ചയോടു കൂടി തിരിച്ച് ചെങ്ങന്നൂർക്ക് പോയി, പിന്നീട് അവിടെനിന്നും പത്തനംതിട്ട വഴി 4 മണിക്ക് വീട്ടിൽ എത്തി.

**25.** പത്തനംതിട്ട യൂണിയൻ മീറ്റിംഗിന് പോയി. 10.30-ന് എന്റെ അദ്ധ്യ ക്ഷതയിൽ കൂടി വെണ്ടറെ പ്രസിഡന്റ് സ്ഥാനത്തുനിന്നും മാറ്റി. 2 മണിക്ക് മൈലപ്രാ എത്തി. സംഘം രജിസ്ട്രാർ സംഘം ഓഫീ സിൽ വന്ന് പല കാര്യങ്ങൾ അന്വേഷിച്ചു അറിഞ്ഞശേഷ റാന്നിക്ക് പോയി. ഡപ്യൂ ട്ടേഷനായി പോയി റ്റി.ബി.-യിൽ വച്ചു രജിസ്ട്രാറെ കണ്ടു സംസാരിച്ചു.



www.malankaralibrary.com

**27.** കുരിശ് കേസ് വെറുതെവിട്ടതായി അറിഞ്ഞു. (150-ൽ പരം വീട്ടുകാരുമായി പുനരൈക്യപ്പെട്ടതിന് പ്രതികാരമായി നാലഞ്ചുപേരുടെ പേരിൽ കുരിശുമോഷണം ആരോപിച്ച് യാക്കോബായക്കാർ കൊടുത്ത കള്ളകേസാണ്).

**28.** തിരുവല്ലായിൽ പോയി തിരുമേനിയെ കണ്ടു. 100 രൂപ കടം തരാമെന്ന് പറഞ്ഞു. തിരിച്ചുവന്ന് പള്ളി കമ്മറ്റി 5 മണിക്ക് കൂടി പെരുനാൾ കാര്യം നിശ്ചയിച്ചു 8 മണിക്ക് പിരിഞ്ഞു.

**മാർച്ച് 6.** രാവിലെ പീടികയിൽ അച്ചൻ വന്ന് പല കാര്യങ്ങളും സംസാരിച്ചിട്ട് പോയി. ഉച്ച കഴിഞ്ഞ് തിരുവല്ലായിൽ പോയി തിരുമേനിയെ കണ്ടു. അദ്ദേഹം 50 രൂപ ട്രെയിനിംഗ് സ്കൂളിനായി തന്നു. രണ്ടു മൂന്നു മാസത്തിനകം തിരിച്ചു കൊടുക്കാമെന്ന് എഴുതി കൊടുത്തു. 4 മണിക്ക് തിരിച്ചുപോന്നു.

**7.** പെരുനാൾ സജ്ജീകരണങ്ങൾ ചെയ്തു വന്നു. സന്ധ്യയോടു കൂടി റമ്പാച്ചനും അച്ചന്മാരും വന്നു. പ്രാർത്ഥനയും മറ്റും കഴിഞ്ഞ് റാസ 10 മണിക്ക് മണ്ണാരകുളഞ്ഞിയിൽ നിന്നും തുടങ്ങി മൈലപ്രായിൽ എത്തി. 2.30-ന് എല്ലാം ഭംഗിയായി നടന്നു. വീട്ടിൽ ഉറങ്ങി.

**8.** രാവിലെ കുർബാന റമ്പാച്ചനും അച്ചന്മാരും കൂടി നടത്തി. എല്ലാവരും വിശ്രമിച്ചു. വീണ്ടും പടിഞ്ഞാറേ കരയിൽ നിന്നും 4 മണിക്ക് റാസ തുടങ്ങി 6 മണിക്ക് തീർന്നു. വി. കുർബാനയുടെ വാഴ്വ് നടത്തി പിരിഞ്ഞു. പള്ളിയിൽ ഉറങ്ങി.

**9.** രാവിലെ ഇലന്തൂർക്ക് പോയിട്ടു 12 മണിയോടുകൂടി ചന്ദനപ്പള്ളിയിൽ എത്തി. കുരിശു തീർക്കുന്നതിന് മേസ്രിയെ ഏർപ്പാടു ചെയ്തു പണവും കൊടുത്തു. 8 മണിക്ക് വീട്ടിൽ എത്തി.

**10.** സ്കൂളിൽ വെള്ള ഇടുന്നതിന് വേണ്ടത് ചെയ്തു. ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി യൂണിയൻ കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരുന്നു, 11 മണിവരെ നീണ്ടു. ചെറിയാൻ വക്കീലിന്റെ വീട്ടിൽ പോയി ഉറങ്ങി.

**13.** ഇലന്തൂർക്ക് പോയി 50 രൂപ വാങ്ങിവന്നശേഷം ചന്ദനപ്പള്ളിയിൽ പോയി കുരിശടിയുടെ കാര്യം ഏർപ്പാടു ചെയ്തു.

**16.** പത്തനംതിട്ട പോയി, രണ്ടര മണിയുടെ ബസിൽ പുനലൂർക്ക് മേശയും കൊണ്ടുപോയി തിരുവനന്തപുരത്തിന് അയച്ചിട്ട് ഞാൻ കൊല്ലത്തിന് പോയി. വക്കീലിന്റെ വീട്ടിൽ 9.30-ന് എത്തി വിവരം പറഞ്ഞു. അവിടെ താമസിച്ചു.

**17.** വെളുപ്പിന് 4.30-ന് തിരുവനന്തപുരത്തിന് തിരിച്ച് 7.30-ന് എത്തി.



www.malankaralibrary.com

ടൗണിൽ പോയി പല ഓഫീസുകളിലും കയറി പല സംഗതികളും ഉദ്യോഗസ്ഥരുമായി ആലോചിച്ചു. ഒരു ശിപാർശക്കുവേണ്ടി ചീഫ് സെക്രട്ടറിയേയും കണ്ടു. അരമനയിൽ എത്തി.

**27.** അരമനയിൽ കുർബാനക്കുശേഷം മി. നാരായണൻ നായരെ പോയി കണ്ടു. 12 മണിക്ക് ഡി.പി.ഐ-യെ പോയി കണ്ടു. അനുകൂലമായി പറഞ്ഞു. അരമനയിൽ തിരിച്ചെത്തി.

**28.** 9 മണിക്ക് ഡി.പി.ഐ-യെ വീണ്ടും കണ്ട് സംസാരിച്ചു. അരമനയിൽ തിരിച്ചെത്തി. 4 മണിക്ക് കൊല്ലത്തിന് പോയി ചിലരെ കണ്ടു. രാത്രി 7.30-ന് ചെങ്ങന്നൂർക്ക് തിരിച്ച് യൂണിയൻ ആഫീസിൽ ഉറങ്ങി.

**ഏപ്രിൽ 1.** കുർബാന ചൊല്ലി. രണ്ടു ദിവസമായി നല്ല സുഖമില്ല. വിശ്രമിച്ചു.

**2.** ഓശാന ശുശ്രൂഷയും കുർബാനയും നടത്തി. മരുന്ന് കഴിച്ച് വിശ്രമിച്ചു.

**9.** ഉയിർപ്പിന്റെ പെരുനാൾ ശുശ്രൂഷ എല്ലാം വെളുപ്പിന് 5 മണിക്ക് കഴിഞ്ഞു. വീട്ടിൽ എത്തി ഉറങ്ങി.

**10.** പത്തനംതിട്ട യൂണിയൻ മീറ്റിംഗിന് പോയി. അവിടെ നിന്നും ചന്ദനപ്പള്ളിയിൽ എത്തി കുരിശടി കണ്ടു. നിർദ്ദേശങ്ങൾ കൊടുത്തശേഷം മടങ്ങി. രാത്രിയിൽ റമ്പാച്ചൻ നന്നുക്കാട് വന്നിരുന്നു, അവിടെ ചെന്ന് താമസിച്ചു.

**14.** തിരുവനന്തപുരത്ത് എത്തി. ഓഫീസുകളിൽ പോയി ഡയറക്ടറേയും, പി.എ-യും മറ്റും കണ്ടു സംസാരിച്ചു. കൃഷി ഡയറക്ടരേയും പോയി കണ്ടു കാര്യം പറഞ്ഞു. അരമനയിൽ എത്തി താമസിച്ചു.

**18.** രാവിലെ ചന്ദനപ്പള്ളിയിൽ കുരിശുപണി സംബന്ധിച്ച് പോയി. ജോലി ചെയ്യിച്ച് താമസിച്ചു. വൈകിട്ട് അച്ചൻ തിരുവനന്തപുരത്ത് പോയി. ഞാൻ പെരുമല താമസിച്ചു.

**19.** ചന്ദനപ്പള്ളിയിൽ കുർബാന ചൊല്ലി, ഉച്ചവരെ പള്ളിസ്ഥലത്ത് നിന്നു. 3 മണിയോട് എഴിയത്ത് കയറിയിട്ട് 8 മണിയോട് വീട്ടിൽ എത്തി.

**25.** തിരുവല്ലായിൽ പോയി പലരേയും കണ്ടു, മടങ്ങി എത്തി. 4 മണിക്ക് പുനലൂർക്ക് പോയി 9 മണിക്ക് എത്തി. റയിൽവേ സ്റ്റേഷനിൽ കിടന്നു. 12 മണിക്കുള്ള ട്രെയിനിൽ തിരുവനന്തപുരത്തിന് പോയി.

**26.** കത്തീഡ്രലിൽ വിശ്രമിച്ചു. കുർബാനക്കുശേഷം പഞ്ഞിക്കാരൻ വക്കീലിനെ കണ്ടു സ്കൂൾ കാര്യം പറഞ്ഞു. അരമനയിൽ എത്തി.

**മെയ് 10.** രാത്രി 12 മണിക്ക് കടമ്മനിട്ട അച്ചൻ വന്നു. 4 മണിയോടു



www.malankaralibrary.com

കൂടി ഒരുമിച്ച് തിരുവനന്തപുരത്തിന് പോയി, 9 മണിക്ക് എത്തി. വൈകിട്ടു 9.40-ന് മധുരക്ക് തമ്പാനൂർ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ പോയി.

**11.** ചെങ്കോട്ടുവഴി മധുരയിൽ 9.30-ന് എത്തി. മി. ഗോപാല മേനോനെ കണ്ടു. മി. നാരായണൻ നായരും കൂടി ആലോചിച്ച് എഴുത്തയച്ചു. 2 മണിക്ക് ട്രയിനിൽ തിരുവനന്തപുരത്തിന് തിരിച്ചുപോന്നു.

**16.** അരമനയിൽ എത്തി. ടൗണിൽ പോയി പല ഓഫീസുകളിലും കയറി അന്വേഷണങ്ങൾ നടത്തി. അരമനയിൽ മടങ്ങി എത്തി. ഉച്ചകഴിഞ്ഞ് വീണ്ടും ഡി.പി.ഐ. ഓഫീസിൽ പോയി. ലോവർ ഹൈസ്കൂൾ അനുവദിച്ചതായി അറിഞ്ഞു (മലയാളം 7-9 ക്ലാസുകൾ), ട്രെയിനിംഗ് സ്കൂൾ കൂടി തരുന്ന കാര്യം ആലോചിക്കുന്നതായി അറിഞ്ഞു. മടങ്ങിപോന്നു, 8 മണിക്ക് വീട്ടിൽ എത്തി.

**24.** തിരുവനന്തപുരത്ത് എത്തി. 7 മണിയോടുകൂടി കെ.ടി. തോമസ് വന്നു. 10 മണിക്ക് എസ്. പരമേശ്വരൻ പിള്ളയെ കണ്ടു. സ്കൂൾ അനുവദിച്ചതായി പറഞ്ഞു. 12 മണിക്ക് അരമനയിൽ എത്തി.

**25.** കുർബാന കഴിഞ്ഞ് പത്തര മണിയോടുകൂടി ഡി.പി.ഐ. ഓഫീസിൽ എത്തി. ഓർഡർ ടൈപ്പു ചെയ്യുന്നതായി കണ്ടു. ഒന്നര മണിയോടു കൂടി ഒപ്പിട്ടു കൊണ്ടുവന്നു. ഓർഡർ കയ്യിൽ വാങ്ങി തിരിച്ച് അരമനയിൽ എത്തി. രണ്ടര മണിക്ക് തിരിച്ച് 8 മണിക്ക് വീട്ടിൽ എത്തി.

**26.** രാവിലെ തിരുവല്ലായിൽ പോയി സ്വാമിയെ കണ്ടു. അരമനയിൽ എത്തി തിരുമേനിയെ കണ്ട് മീറ്റിംഗിന് ക്ഷണിച്ചു. വരാമെന്ന് പറഞ്ഞു. 8 മണിക്ക് വീട്ടിൽ എത്തി.

**29.** ട്രെയിനിംഗ് സ്കൂൾ ഉദ്ഘാടനം. രാവിലെ മൂന്നിന്മേൽ കുർബാന ചൊല്ലി. വീട്ടിൽ എത്തി കാപ്പികുടി കഴിഞ്ഞ് സ്കൂളിൽ എത്തി. മീറ്റിംഗ് 11.45-ന് തുടങ്ങി. കോന്നി റേയ്ഞ്ചർ മി. കെ. ആർ. കൃഷ്ണ പിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നു. മി. കെ. ഗോവിന്ദൻ നായർ, റ്റി. ഗോപാലൻ വക്കീൽ, പി. യോശുവ ഇവർ പ്രസംഗിച്ചു. 1 മണിയോടുകൂടി ഉദ്ഘാടനം ഭംഗിയായി നടന്നു. കുട്ടികൾ പലരും ചേരുന്നതിന് വന്നു. പേപ്പറുകൾ പരിശോധിച്ച് ചേർത്തു തുടങ്ങി.

**31.** 10 മണിയോട് കൂടി സ്കൂളിൽ എത്തി, കുറെ കുട്ടികൾ ചേർന്നിട്ടുണ്ട്. ഉടനെ കോഴഞ്ചേരിയിൽ പോയി മി. കെ.എം. ജോർജ്, ബി.എ., എൽ.റ്റി.യെ കൂട്ടികൊണ്ടുവന്ന് സ്കൂളിൽ ആദ്യം ട്രെയിനിംഗ് പാഠം എടുപ്പിച്ചു.



www.malankaralibrary.com



അദ്ധ്യാപക പരിശീലന സ്ഥാപനം

**ജൂൺ 1.** കുർബാന കഴിഞ്ഞ് സ്കൂളിൽ എത്തി. മി. കെ.എം. ജോർജ് നേരത്തെ തന്നെ വന്നിരുന്നു. ചിലർ സ്കൂളിൽ ചേരാൻ വന്നവരേയും പരിശോധിച്ച് ചേർത്തു. അഡ്മിഷൻ ക്ലോസ് ചെയ്തു. 4 മണി വരെ ഞാൻ സ്കൂളിൽ തന്നെ ഇരുന്നു. അതിനുശേഷം പത്തനംതിട്ട എത്തി സ്കൂളിലേക്ക് ആവശ്യമുള്ള കുറെ സാധനങ്ങൾ വാങ്ങിപോന്നു.

**2.** സ്കൂളിൽ എത്തി ചില കാര്യങ്ങൾ ചെയ്തു. ഉച്ചയോടുകൂടി കൊല്ലത്തിന് പോയി 6.15-ന് എത്തി. മി. നാരായണൻ നായരുടെ വീട്ടിൽ എത്തി വിശ്രമിച്ചു. സ്കൂൾ കാര്യത്തിന് സഹായിച്ചതിന് 40 രൂപ കൊടുത്തു. മി. നായർ സന്തോഷിച്ചു.

**12.** സ്കൂളിൽ ചില ജോലി ചെയ്തു. രാത്രി 9 മണിക്ക് എം. തോമസ് എം.എ., എൽ.റ്റി., കൊട്ടാരക്കര വന്ന് കാര്യങ്ങൾ ഒക്കെ പറഞ്ഞു.

**13.** രാവിലെ സ്കൂളിൽ എത്തി. കെ.എം. ജോർജ് മാസ്റ്ററെ കണ്ടു വിവരം പറഞ്ഞു. അദ്ദേഹം എന്റെ വിഷമസ്ഥിതി മനസ്സിലാക്കി. ഉടനെ പോകാൻ തയ്യാറാണെന്ന് പറഞ്ഞു. ഞങ്ങൾ മൂന്നുപേരും കാപ്പി കുടിച്ചു. മി. ജോർജിന് യാത്രയയപ്പ് നടത്തുന്നതിന് തീരുമാനിച്ചു. 9 മണി കഴിഞ്ഞ് ഏവരും കൂടി പ്രസംഗങ്ങളും മറ്റും നടത്തി. സന്തോഷത്തോട് പിരിഞ്ഞു. ജോർജ് വീട്ടിൽ വന്ന് ഭക്ഷണം കഴിച്ചശേഷം ആളുകൂട്ടി പത്തനംതിട്ടക്ക് അയച്ചു. മി. എം. തോമസിനെ ഹെഡ്മാസ്റ്ററായി നിയമിച്ചു.

**18.** പുനരൈക്യ സംഘത്തിന്റെ ഒരു പ്രതിനിധി വന്നിരുന്നു. ഒരു മീറ്റിംഗ് കൂടി ഇവിടെ ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. ഏതാനും കാര്യങ്ങൾ നിശ്ചയിച്ച ശേഷം പിരിഞ്ഞു. 4.30-ന് മണ്ണാരകുളഞ്ഞിയിൽ എത്തി. ചിറക്കടവിൽക്കാരും മറ്റുമായുള്ള കേസുകൾ പറഞ്ഞ് രണ്ടു കൂട്ടരും



www.malankaralibrary.com

കൂടി സമ്മതിച്ചതനുസരിച്ച് രാജിയാക്കുന്നതിന് നിശ്ചയിച്ചു. രണ്ടു കൂട്ടരും ഞാൻ പറയുന്നതനുസരിച്ച് സമ്മതിക്കാമെന്ന് പറഞ്ഞു. 8 മണിക്ക് വീട്ടിൽ തിരിച്ചെത്തി.

**20.** രാവിലെ സ്കൂളിൽ പോയി. ചിറക്കടവിൽക്കാരും അമ്പലത്തിൽക്കാരും തമ്മിലുണ്ടായ കേസ് സംബന്ധിച്ച് മാധ്യസ്ഥം വഹിച്ചതനുസരിച്ച് കേസ് പിൻവലിക്കാൻ ചെങ്ങന്നൂർക്ക് പോയി എല്ലാം ശരിപ്പെടുത്തി കൊടുത്തു. 3 മണിയോട് തിരിച്ചുപോന്നു. മാക്കാംകുന്നേൽ പോയി മത്തായി കൊച്ചപ്പനെ (അപ്പന്റെ അനുജൻ അച്ചൻ) കണ്ടിട്ട് 9 മണിക്ക് വീട്ടിൽ എത്തി.

**27.** തിരുവനന്തപുരത്ത് എത്തി, പല ഓഫീസുകളിലും പോയി മി. കുമാർ മുതൽ പേരെ കണ്ടു. അസിസ്റ്റന്റ് ഇൻസ്പെക്ടറാഫീസ് പത്തനംതിട്ട നിന്നും മാറ്റാൻ പാടില്ല എന്ന് ഡെപ്യൂട്ടേഷൻ മൂലം ഡി.പി.ഐ. യെ അറിയിക്കാൻ വേണ്ടത് ചെയ്തു. 2 മണിക്ക് തിരിച്ചുപോന്നു.

**29.** ഇന്ന് സെന്റ് പീറ്റർ & പോൾ പെരുനാൾ കുർബാന ചൊല്ലി. ഉച്ച കഴിഞ്ഞ് തെക്കേഭാഗം വായനയിൽ വീടുകൂദാശ നടത്തി. വൈകിട്ട് 7 മണിയോട് കൂടി പിരിഞ്ഞു.

**ജൂലൈ 9.** ഉച്ചക്ക് 2 മണിയോടുകൂടി പുത്തൻപീടികയിൽ എത്തി കാവുംപുറത്ത് വല്യപ്പന് തൈലാഭിഷേകം നടത്തി. മടങ്ങി വന്നു. വാതത്തിന്റെ ഉപദ്രവം വളരെ കൂടുന്നതിനാൽ വൈദ്യോപദേശ പ്രകാരം ഇന്നുമുതൽ 11 ആവർത്തിച്ച എണ്ണ സേവിച്ചു തുടങ്ങി.

**26.** തിരുവല്ലായിൽ എത്തി അരമനയിൽ ചൊല്ലി. തിരുമേനിയെ കണ്ടു. ഡിപി. ഓഫീസിൽ എത്തി പല കാര്യങ്ങളും ആലോചിച്ചു. വെറ്റിനറി ഇൻസ്പെക്ടറെ കണ്ട് Seed Bull - ന്റെ കാര്യം പറഞ്ഞു.

**ആഗസ്റ്റ് 2.** രാവിലെ അരമനയിൽ നിന്നും ടൗണിൽ പോയി കെ.റ്റി. ജോണിനെ കണ്ടു സംസാരിച്ചു. ഡി.പി.ഐ. ആഫീസിൽ എത്തി ചില വിവരങ്ങൾ അറിഞ്ഞു. അരമനയിൽ തിരിച്ചെത്തി.

**3.** രാവിലെ ടൗണിൽ പോയി കൃഷി ഡയറക്ടരെ കണ്ടു ചില കാര്യങ്ങൾ ആലോചിച്ചു. പിന്നീട് ലാന്റ് റവന്യൂ കമ്മീഷണറുടെ വീട്ടിൽ എത്തി കാര്യം പറഞ്ഞശേഷം മടങ്ങിപോന്നു.

**4.** സ്കൂളിൽ എത്തി ചില കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. പത്തനംതിട്ട പോയി അഗ്രികൾച്ചറൽ ഇൻസ്പെക്ടറെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. സ്കൂളിൽ എത്തി ജോലി ചെയ്തു. സംഘത്തിന്റെ കമ്മറ്റി മീറ്റിംഗ് ഉണ്ടായിരുന്നു. 9 മണിക്ക് തീർന്നു.



www.malankaralibrary.com

**9.** അരമനയിൽ ചൊല്ലി. ആശ്രമത്തിൽ പോയി പിതാവിനെ കണ്ട് വിവരം പറഞ്ഞു. പണം ഇല്ലെന്നു പറഞ്ഞു. തിരിച്ച് അരമനയിൽ എത്തി.

**10.** ടൗണിൽ പോയി പല ഓഫീസിലും കയറി ഉദ്യോഗസ്ഥരെ കണ്ട് പല കാര്യങ്ങളും ആലോചിച്ചു. മൈലപ്രായ്ക്ക് മടങ്ങി പോന്നു.

**13.** പത്തനംതിട്ട എത്തി റൂറൽ റീകൺസ്ട്രക്ഷൻ സ്കീം തയ്യാറാക്കി.

**15.** മാതാവിന്റെ പെരുന്നാൾ കുർബാന ചൊല്ലി. സ്കൂളിൽ എത്തി ചില ജോലികൾ ചെയ്തു. അമ്മയ്ക്ക് നല്ല സുഖമില്ല.

(M.E. 1115, 1116 ഡയറികൾ (1939 ആഗസ്റ്റ് 17-1941 ആഗസ്റ്റ് 16) നഷ്ടപ്പെട്ടു.



# 1941

**ആഗസ്റ്റ് 18.** സ്കൂൾ ആവശ്യത്തിന് കെ.എസ്.കെ വൈദ്യനിൽ നിന്നും 4 രൂപക്ക് തേക്കു തടി വാങ്ങിച്ചു. പത്തനംതിട്ട പോയി മണ്ണാരകുളഞ്ഞിയിലെ പുതുവേൽ കേസിന് കൗണ്ടർ പെറ്റീഷൻ കൊടുത്തു. യൂണിയൻ ഓഫീസിൽ കയറിയിട്ടു മടങ്ങി എത്തി.

**19.** സ്കൂളിൽ പല ജോലികളും ചെയ്തു. പത്തനംതിട്ട പോയി പോലീസ് ഇൻസ്പെക്ടർ സ്വാമിയെ കണ്ടു കേസു സംബന്ധിച്ചു സംസാരിച്ചു. ഹെഡ് കോൺസ്റ്റബിൾ മഹസർ എഴുതി തയ്യാറാക്കി.

**22.** ഉച്ചകഴിഞ്ഞ് 3 മണിക്ക് പത്തനംതിട്ട പോയ ദിവാന് സ്വീകരണം കൊടുക്കുന്നതിൽ സംബന്ധിച്ചു. ധാരാളം ആളുകളുണ്ടായിരുന്നു. 4 മണിക്ക് ദിവാൻ വന്നു. താലൂക്കിന്റെ വകയായി മംഗളപത്രം കൊടുത്തു. പത്രോസ് മത്തായി പ്രസംഗിച്ചു. 5 മണിക്ക് മീറ്റിംഗ് കഴിഞ്ഞ് ടൗൺ ഹാളിൽ വച്ചു കമ്മറ്റിക്കാരുടെ വക ടീപാർട്ടി നടത്തി.

**25.** പത്തനംതിട്ട പോയി, കേസു സംബന്ധിച്ച് എതിർപാർട്ടിയുടെ വിവരങ്ങൾ അന്വേഷിച്ചു വരാൻ അപ്പാവുവിനെ ചെങ്ങന്നൂർക്ക് അയച്ചു. 12 മണിക്ക് അഗ്രികൾച്ചർ ആഫീസിൽ പോയി ഗ്രാന്റ് സംബന്ധിച്ച റിപ്പോർട്ടു ശിപാർശ ചെയ്ത് ഡയറക്ടറോഫീസിലേക്ക് അയച്ചതായി അറിഞ്ഞു. കെ.സി. തോമസിന്റെ കേസിൽ മുൻസിഫ് കോർട്ടിൽ എനിക്കുവേണ്ടി വാദിക്കാൻ ഫിലിപ്പ് വക്കീലിന് വക്കാലത്തു ഒപ്പിട്ടു കൊടുത്തു.

**സെപ്റ്റംബർ 2.** തിരുവല്ലാ അരമനയിൽ നിന്നും ചങ്ങനാശ്ശേരിക്ക് പോയി. അവിടെനിന്നും ബോട്ടിൽ പുളിങ്കുന്നിന് പോയി. 8 മണിക്ക്



www.malankaralibrary.com

എത്തി, കാപ്പികുടി കഴിഞ്ഞ് മി. ഐ.സി. ചാക്കോയുടെ വീട്ടിൽ എത്തി. ഞാൻ കൊണ്ടുവന്ന ലേഖനം കൊടുത്തു. വായിച്ചിട്ട് ഒരു തിരുത്തലും പറഞ്ഞില്ല. അദ്ദേഹത്തിന്റെ വള്ളത്തിൽ പള്ളിയിൽ 12 മണിക്ക് എത്തി വിശ്രമിച്ചു. 2 മണിക്ക് തിരിച്ചുപോന്നു, 7 മണിക്ക് വീട്ടിൽ എത്തി.

**6.** രാവിലെ നന്നൂക്കാട് പള്ളിയിൽ എത്തി കുർബാന ചൊല്ലി. രണ്ടു മാമോദീസാ - ജോണിന്റെയും ബേബിയുടെയും പെൺമക്കൾ - നടത്തി. അനന്തരം കിഴക്കേവീട്ടിൽ അച്ചനോടൊപ്പം അവരുടെ വീട്ടിൽ പോയി വീടു കൂദാശ നടത്തി. അതുകഴിഞ്ഞ് തിരുവല്ലായിൽ മാനേജർ ചാക്കോച്ചന്റെ മകൻ കുഞ്ഞുകുഞ്ഞും ജോണിന്റെ മകന്റെ മകൾ മേരിക്കുട്ടിയും തമ്മിലുള്ള വിവാഹനിശ്ചയത്തിന് പോയി. 28.10.41-ൽ നടത്താൻ തീരുമാനിച്ചു.

**10.** വെളുപ്പിന് പുനലൂർ വഴി കൊല്ലത്തിന് പോയി. അപ്പാവുവും ഉണ്ടായിരുന്നു. എം.എസ്. നാരായണപിള്ളയെ കണ്ടു. കേസു മാറ്റുന്നതിന് വാദിച്ചതായി അറിഞ്ഞു. പിന്നീട് പേഷ്കാരെ (ഇപ്പോഴത്തെ കളക്ടർ) കണ്ടു. വില്ലേജ് യൂണിയന്റെ കാര്യം പറഞ്ഞു. മകൻ തോമസ് അനുകൂലമായി ചെയ്യാമെന്ന് പറഞ്ഞു. സന്ധ്യയ്ക്ക് ട്രെയിനിൽ പോന്നു. പുനലൂരിൽ എത്തി.

**14.** ഉച്ചകഴിഞ്ഞ് കൊല്ലാവരമ്പ് (ഒരു തോടിന്റെ - ചെറിയ സ്ട്രീം - വശത്തെ നടപ്പാത) വീതി കുറച്ചു വെട്ടിയുണ്ടാക്കിയ പാതയേപ്പറ്റി ദേശാഭിവൃദ്ധി സംഘത്തിന്റെ മീറ്റിംഗ്കൂടി ആലോചിച്ചു. സ്ഥലം സന്ദർശിച്ച് ആളിനെ വിളിപ്പിച്ചു വേണ്ട നിർദ്ദേശം കൊടുത്തു. രാത്രി 7 മണിക്ക് മീറ്റിംഗ് തീർത്തു.

**15.** ഉച്ചകഴിഞ്ഞ് Drawing and Drill Master വി.റ്റി. ജോർജിന് യാത്രയയപ്പ് എന്റെ അദ്ധ്യക്ഷതയിൽ കൂടി. പലരും പ്രസംഗിച്ചു. റ്റീപാർട്ടിയും നടത്തി. 5 മണിക്ക് ഓമല്ലൂരിൽ പോയി മി. റ്റി.പി. ജോൺ സാറിന്റെ മകൻ ജോർജിനെ Drawing and Drill Master ആയി 11 രൂപ ശമ്പളത്തിൽ എടുക്കാമെന്ന് ഞാൻ പറഞ്ഞു. 7 മണിക്ക് തിരിച്ചുപോന്നു.

**19.** അരമനയിൽ ചൊല്ലി. കാപ്പി കഴിഞ്ഞ് തിരുമേനിയെ കാണാൻ ആശ്രമത്തിൽ പോയി കണ്ടശേഷം തിരിച്ചുപോന്നു. ഡ്രോയിംഗ് മാസ്റ്റർ ജോർജ് ജോണിനെ പുത്തൂരിൽ നിന്നും ഇപ്പോൾ വിടാൻ സാധിക്കയില്ലെന്ന് പറഞ്ഞു. 1.40-ന് തിരിച്ച് രാത്രി 9.00-ന് മാക്കാംകുന്നേൽ കിഴക്കേവീട്ടിൽ എത്തി കിടന്നു.



www.malankaralibrary.com

**20.** രാവിലെ വീട്ടിൽ എത്തി. കുളിയും മറ്റും കഴിഞ്ഞ് കോന്നിയിൽ പോയി ചിലതൊക്കെ അന്വേഷിച്ചു. 2 മണിക്ക് പത്തനംതിട്ട എത്തി നാരായണ പിള്ളയെ കൂട്ടി കൊണ്ട് വീണ്ടും കോന്നിക്ക് പോയി പോക്കുവരവു സംബന്ധിച്ച് വേണ്ടത് ചെയ്തു. 165/113-114 ഈ പോക്കുവരവിന്റെ കാര്യത്തിൽ നോട്ടീസ് കൊടുത്തിട്ട് ചെല്ലാമെന്ന് വച്ചു. രാത്രി 7 മണി കഴിഞ്ഞ് പവ്വത്ത് എത്തി കിടന്നു.

**23.** രാവിലെ സ്കൂളിൽ പോയി വേണ്ട ക്രമീകരണങ്ങൾ ചെയ്തു. 9.45-ന് കൃഷി ഡയറക്ടർ വന്നു. പരിസരങ്ങൾ, നെയ്ത്തുശാല മുതലായവ കണ്ടു. സംഘം വക കൃഷി സംബന്ധിച്ച റിക്കാർഡുകൾ പരിശോധിച്ചു. മീറ്റിംഗ് 10 മണിക്ക് തുടങ്ങി. ട്രെയിനിംഗ് കുട്ടികളും അധ്യാപകരും മറ്റും സംബന്ധിച്ചു. ഡയറക്ടർ കൃഷി സംബന്ധിച്ച് പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ നന്ദി പറഞ്ഞു. മീറ്റിംഗ് 11.30-ന് കഴിഞ്ഞ് അദ്ദേഹം പോയി. വിശ്രമത്തിനുശേഷം കേസ് അന്വേഷിക്കാനായി ഞാൻ കമ്മറ്റിക്കാരുടെ കൂടെ മുള്ളൻകല്ലേൽ പൊയി. 4 മണിക്ക് തിരിച്ചുപോന്നു.

**24.** രാവിലെ ഞാൻ കമ്മറ്റിക്കാരിൽ ചിലർ കൂടി പത്തനംതിട്ട പോയി തഹസീൽദാരെ കണ്ടു കാര്യം പറഞ്ഞു. ശനിയാഴ്ച 4 മണിക്ക് വരമ്പു വഴി മൈലപ്രായ്ക്ക് വരാമെന്ന് സമ്മതിച്ചു. റോഡും പുറംപോക്കും മറ്റും നോക്കാനാണ് വരുന്നത്. 12 മണിക്ക് ഞങ്ങൾ തിരിച്ചുപോന്നു. കേസ് ചെങ്ങന്നൂർക്ക് മാറ്റി ഓർഡർ വന്നു. സ്വാമിയെ കണ്ടു പറഞ്ഞു. മണൽ കേസു സംബന്ധിച്ചു പോലീസുകാർ വന്ന് അന്വേഷിച്ചതായി അറിഞ്ഞു.

**27.** ഇന്ന് അമ്മയുടെ മരണത്തിന്റെ ഓർമ്മ കുർബാന ചൊല്ലി. വീട്ടിൽ വന്ന് ധൂപം അർപ്പിച്ചു.

**29.** രാവിലെ കോന്നിക്ക് പോയി. പേരിൽ കൂട്ടുന്നത് സംബന്ധിച്ച് വേണ്ടത് ആലോചിച്ചു. തിരിച്ചുപോന്നു. 4 മണിക്ക് കടമ്മനിട്ടക്ക് പോയി. ആടുമോഷണ കേസു സംബന്ധിച്ചു ഞാനും കടമ്മനിട്ട അച്ചനും കൂടി അന്വേഷിച്ചു. മത്തായിയെ വരുത്തി ചോദിച്ചപ്പോൾ ഈപ്പൻ രാത്രിയിൽ ആടിനെ കെട്ടുന്നതായി കണ്ടെന്ന് പറഞ്ഞു. രാത്രി പള്ളിമുറിയിൽ താമസിച്ചു.

**30.** കുർബാനക്കുശേഷം മുള്ളൻകല്ലേൽ ഞാനും അച്ചനും കൂടി പോയി സ്കൂളിൽ എത്തി. മത്തായിയും ഉണ്ടായിരുന്നു. ഈപ്പനെ അന്വേഷിച്ചു ഞങ്ങൾ വരുന്നതു കണ്ട് അവൻ മാറികളഞ്ഞു. 12 മണിയോട് ഞാൻ തിരിച്ചുപോന്നു.



www.malankaralibrary.com

**ഒക്ടോബർ 1.** കുർബാന ചൊല്ലിയിട്ടു വന്ന്, കാലിലെ വൃണം കുറയാത്തതു കൊണ്ട് വിശ്രമിച്ചു. 4 മണിക്ക് തകടി പാപ്പിയുടെ കേസു വിസ്തരിച്ചു.

**5.** കാലിലെ വേദന കുറയുന്നില്ല. വിശ്രമിച്ചു. സ്കൂളിൽ എത്തി കേസ് അന്വേഷിച്ചു.

**11.** ഉച്ചകഴിഞ്ഞ് സംഘത്തിന്റെ പൊതുയോഗം കൂടി തെരഞ്ഞെടുപ്പും മറ്റും നടന്നു. കേസ് അന്വേഷണവും നടത്തി.

**12.** രാവിലെ ചൊല്ലി. പരസ്യ കുർബാന ചരുവിലേത്ത് അച്ചൻ ചൊല്ലി. 4 മണിക്ക് സ്കൂളിൽ പോയി കേസു വിസ്തരിക്കുകയും വിധിക്കുകയും ചെയ്തു.

**നവംബർ 2.** ഉച്ചയോടുകൂടി ചെറിയ അയന്തിയിൽ പോയി കേസു കേട്ട ഒരു തീരുമാനത്തിൽ എത്തിചേർന്നു.

**6.** മൈലപ്രാ കേസു സംബന്ധിച്ച് ചിലരുടെ മൊഴി വാങ്ങി. ഉച്ച കഴിഞ്ഞ് പത്തനംതിട്ട പോയി ചില പകർപ്പുകൾ എടുക്കാൻ അപേക്ഷിച്ചു. പോലീസ് ഇൻസ്പെക്ടറെ കണ്ട് കേസുകാര്യം പറഞ്ഞു. 25-ാം തീയതി സ്ഥലത്ത് വരാമെന്ന് പറഞ്ഞു.

**7.** കുർബാന ചൊല്ലി താഴത്തേതിൽ പോയി ധൂപം വച്ചു. സ്കൂളിൽ പോയി ചില ജോലികൾ ചെയ്തു. മണ്ണാരകുളഞ്ഞിയിൽ പോയി കളീക്കൽ വടക്കേപുരയിടത്തിൽ താമസിക്കുന്ന പാട്ടക്കാരെ സമൻസ് നൽകാൻ പോയ ഒരു പോലീസുകാരൻ (ചെറിയാൻ) ഭീതിപ്പെടുത്തി ഇറങ്ങിപോകണമെന്നും മറ്റും പറഞ്ഞത് അന്വേഷിച്ച് സത്യാവസ്ഥ മനസ്സിലാക്കി. കൂടാതെ ചിറക്കടവിൽ കുഞ്ഞമ്മയെ പ്പറ്റിയുള്ള കേസ് സംബന്ധിച്ച് വേണ്ട അന്വേഷണവും നടത്തി.

**11.** കൊല്ലത്ത് എത്തി, മി. റ്റി. എം. വറുഗീസിനെ പോയി കണ്ടു. ഗ്രാമോദ്ധാരണ പ്രവർത്തികളെപ്പറ്റി അന്വേഷിച്ചു. സ്കീം ഓഫ് വർക്കിന്റെ ഒരു കോപ്പി കൊടുക്കണമെന്ന് പറഞ്ഞു. കൊടുക്കാമെന്ന് ഞാൻ സമ്മതിച്ചു. കച്ചേരിയിൽ എത്തി അന്വേഷിച്ചശേഷം മടങ്ങി.

**28.** ചെങ്ങന്നൂരിൽ പോയി. കേസു രാജിയായി. ജോർജ്ജിന്റെ കേസു പിൻവലിച്ചു. ഏവരും കാറിൽ തിരിച്ചുപോന്നു.

**ഡിസംബർ 1.** സ്കൂളിൽ എത്തി. കേസ് രാജിക്കുവേണ്ടതു ചെയ്യാൻ നിശ്ചയിച്ചു. ആധാരം എഴുതിവച്ചു, രജിസ്ട്രറാക്കിയില്ല. ഏവരും പിരിഞ്ഞു.

**6.** സ്കൂളിൽ എത്തി ചില കാര്യങ്ങൾ ചെയ്തു. 11 മണിയോടുകൂടി പത്തനംതിട്ട കോ-ഓപ്പറേറ്റീവ് ബാങ്ക് മീറ്റിംഗിന് പോയി.



www.malankaralibrary.com

സെയിൽസ് ഓഫീസർ ഇൻസ്പെക്ടർ നിയമനത്തിനുള്ള നിശ്ചയം മാധവൻ നായർ ഹാജരാക്കിയത് ഞാനും മി. കുമാറും മറ്റും അനുകൂലിച്ചു, അത് പാസായി. ഗ്രാമോദ്ധാരണ കമ്മറ്റി മി. റ്റി.എൻ. രാമൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി.

**7.** ഉച്ചയോടുകൂടി മണ്ണാരകുളഞ്ഞിയിൽ പോയി, 4 മണിയോടുകൂടി സ്ഥലം ഓരോരുത്തർക്ക് കൃഷിചെയ്യാൻ വീതിച്ചുകൊടുത്തു. 6 മണിക്ക് മടങ്ങി എത്തി. രാത്രി പഞ്ചായത്ത് കമ്മറ്റി നടന്നു. പിന്നീട് ഗ്രാമോദ്ധാരണ കമ്മറ്റി സംഘം കമ്മറ്റിയോടു ചേർന്നു നടന്നു. കുമ്പഴ അച്ചൻ വീട്ടിൽ എത്തി താമസിച്ചു.

**9.** സ്കൂളിൽ എത്തി ശ്രമം ചെയ്തു. ഡയറക്ടർ ജീവദായകം ട്രെയിനിംഗ് സ്കൂൾ പരിശോധിക്കാൻ വന്നു. ഉച്ചക്ക് ഭക്ഷണം കൊടുത്തു. പരിശോധന കഴിഞ്ഞ് തൃപ്തിയായി പോയി.

**13.** രാവിലെ മേക്കൊഴുർ സംഘത്തിൽ ഞാനും, കുമ്പഴ അച്ചനും മാധവൻ കർത്താവും കൂടിപോയി. ഗ്രാമോദ്ധാരണപരമായ പലതും ചെയ്തു. 3 മണിക്ക് പൊതുയോഗം കൂടി. അത് കഴിഞ്ഞ് തിരിച്ചുപോന്നു.

**15.** ഇന്ന് വില്ലേജു യൂണിയന്റെ മീറ്റിംഗ് തഹസീൽദാരുടെ അദ്ധ്യക്ഷതയിൽ കൂടി പല കാര്യങ്ങളും തീരുമാനിച്ചു.

**22.** ഉച്ച കഴിഞ്ഞ് സഹകരണസംഘം ഇൻസ്പെക്ടർ മി. ജോർജ്ജും കൂടി മണ്ണാരകുളഞ്ഞി സംഘം പരിശോധിക്കുന്നതിന് പോയി. 5 മണിവരെ പരിശോധന കഴിഞ്ഞ് മടങ്ങി.

**23.** സ്കൂളിൽ ചില ജോലി ചെയ്തു. ഉച്ചയോടു കൂടി പുത്തൻപീടികയിൽ പള്ളിയിൽ എത്തി കുമ്പസാരം നടത്തി. പീടികയിൽ അച്ചന്റെ വീട്ടിൽ എത്തി രോഗിയായ അച്ചനെ കണ്ടു. വീണ്ടും പള്ളിയിൽ എത്തി കുമ്പസാരം നടത്തി, അവിടെ താമസിച്ചു.

**27.** മണ്ണാരകുളഞ്ഞിയിൽ എത്തി ചില കാര്യങ്ങൾ ആലോചിച്ചു. തിരിച്ചു വീട്ടിൽ എത്തി. വൈകിട്ട് കിഴക്കേവീട്ടിൽ അച്ചനോടു കൂടി വടക്കേവീട്ടിൽ മൂത്ത കുഞ്ഞിനെ ചേർക്കുന്നതിനായി പോയി. ആ കുടുംബത്തെ മുഴുവനും കത്തോലിക്കാസഭയിൽ ചേർത്തു.

**29.** ഇന്നലെ രാത്രി കത്തീഡ്രലിൽ എത്തി. 10 മണിയോടുകൂടി അസംബ്ലി ഹാളിൽ പൊയി ടിക്കറ്റു വാങ്ങി. 11 മണിക്ക് കോൺഗ്രസ് കൂടി. അദ്ധ്യ ക്ഷൻ വെങ്കിട്ടരാമൻ മദ്രാസ് ആയിരുന്നു. സർ സി.പി. ദിവാൻ ഉദ്ഘാടനപ്രസംഗം നടത്തി. 2 മണിക്ക് പിരിഞ്ഞു. 3 മണിക്ക് വിഷയ കമ്മിറ്റി കൂടി. കൃഷി സംബന്ധിച്ച പ്രമേയം ഹാജ



www.malankaralibrary.com

രാക്കി ഞാൻ അവതരിപ്പിക്കണമെന്ന് നിശ്ചയിച്ചു. 5 മണിക്ക് പിരിഞ്ഞു. 9.30-ന് പള്ളിയിൽ എത്തി ഉറങ്ങി.

**29.** പ്രോ കത്തീഡ്രലിൽ ചൊല്ലി. വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് മീറ്റിംഗിന് അസംബ്ലി ഹാളിൽ പോയി. മി. വെങ്കിട്ടരാമന്റെ അദ്ധ്യക്ഷതയിൽ കൂടി പല നിശ്ചയങ്ങളും എടുത്തു. കൃഷിയെപ്പറ്റിയും നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനെപ്പറ്റിയും ഞാൻ 9-ാം നമ്പർ പ്രമേയം അവതരിപ്പിച്ച് പ്രസംഗിച്ചു. 7.30-ന് തീർത്തു. പള്ളിയിലെത്തി താമസിച്ചു.

**31.** രാവിലെ അരമനയിലേക്ക് പോയി. പല കാര്യങ്ങളും ആലോചിച്ചു. 3 മണി കഴിഞ്ഞ് മടങ്ങി. 9.30-ന് വീട്ടിൽ എത്തി.

# 1942

**ജനുവരി 3.** ഉച്ചകഴിഞ്ഞ് വില്ലേജ് യൂണിയൻ മീറ്റിംഗ് ആഫീസിൽ കൂടുന്നതിന് പോയി. തഹസീൽദാർ വന്നു. ചില നിശ്ചയങ്ങൾ പാസാക്കി. ബൈലോ വായിച്ച് പാസാക്കി.

**13.** ദനഹാ കുർബാനയായിരുന്നു. തറയിൽ ചാണ്ടിയച്ചന്റെ ഓർമ്മയായിരുന്നു. ധൂപം വച്ചു. 1 രൂപ തന്നു. വീട്ടിൽ എത്തി വിശ്രമിച്ചു. കൊല്ലശ്ശേരിൽ സ്കറിയായുടെ വീട്ടുകാരും കോടിയാട്ടുകാരുമായി വഴക്കുണ്ടായി. ചീത്തവിളിയും അടിപിടിയും നടന്നതായി അറിഞ്ഞു.

**14.** രാവിലെ കുമ്പഴ എത്തി കുർബാന ചൊല്ലി. തേക്കിടയിൽ പോയി ധൂപം വച്ചു. 6 അണ തന്നു. ഒന്നും പറയാതെ തിരിച്ചു പോന്നു. മേലേതിൽ അച്ചന്റെ വീട്ടിൽ കയറി വെയിൽ താഴുന്നതുവരെ വിശ്രമിച്ചു. കോന്നിയിൽ പോയിട്ടു മടങ്ങിപോന്നു.

**19.** വൈകിട്ട് 5 മണിയോടുകൂടി കടമ്മനിട്ട പെരുന്നാളിൽ സംബന്ധിക്കാൻ പോയി. പള്ളിയിൽ പ്രസംഗിച്ചു. അവിടെ കിടന്നു. പരപ്പനാൽ കൊച്ചു കേശവൻ കല്ലിൽ പീലിപ്പോസ് കൂട്ടി ഏല്പിച്ചതനുസരിച്ച് 25 രൂപ തന്നു.

**25.** കുർബാന കഴിഞ്ഞ് സൺഡേസ്കൂളിലും മർത്തമറിയം സമാജത്തിലും ക്ലാസ് എടുത്തു. രാത്രിയിൽ ഞാനും മാധവൻ കർത്താവും കൂടി തഹസീൽദാരെ കണ്ട് വില്ലേജ് യൂണിയൻ കാര്യം പറഞ്ഞു.

**30.** ഇന്ന് മണ്ണിൽ വീട്ടുകാരെ സഭാംഗം ആക്കി. തോമ്മാച്ചൻ ചേർന്നില്ല. പിന്നീട് ചേരാമെന്ന് പറഞ്ഞു.



www.malankaralibrary.com

**ഫെബ്രുവരി 24.** സ്കൂളിൽ പലതും ചെയ്തുകൊണ്ടിരുന്നു. സന്ധ്യയ്ക്ക് 6 മണിക്ക് ചീഫ് സെക്രട്ടറിയുടെ കമ്പി വന്നു. സംഘം കമ്മറ്റി വിളിച്ചു കൂട്ടി തിരുവനന്തപുരത്ത് പോകുന്ന കാര്യത്തെപ്പറ്റി ആലോചിച്ചു.

**25.** ചീഫ് സെക്രട്ടറിയുടെ കമ്പി അനുസരിച്ച് തിരുവനന്തപുരത്ത് എത്തി മി. സാബിൻ എന്ന ആളിനെ കണ്ട് കാര്യം പറഞ്ഞു.

**മാർച്ച് 7.** വൈകിട്ട് കടമ്മനിട്ട അച്ചൻ വന്നു. പൊടിയന്റെയും മറ്റും കേസുകാര്യം പറഞ്ഞു. വസ്തു അളക്കുന്നതിന് ഏർപ്പാടു ചെയ്തു.

**12.** രാവിലെ കിഴവള്ളൂർക്ക് നടന്ന് പോയി. 11 മണിയോട് നെയ്ത്തു ശാലയിൽ എത്തി. 3 മണിവരെ അവിടെ കഴിഞ്ഞു. റാന്നി ബസിൽ റാട്ടുമായി കയറി മൈലപ്രാ എത്തി. 4 മണിക്ക് ട്രെയിനിംഗ് റ്റീച്ചേഴ്സിനും കുട്ടികൾക്കും ഞാൻ സ്കൂൾ വക ടീപാർട്ടി നടത്തി. മോഡൽ സ്കൂൾ ടീച്ചേഴ്സിനെയും വിളിച്ചിരുന്നു. പത്തനംതിട്ട പോലീസ് ഇൻസ്പെക്ടർ, ഉണ്ണിയുടെ അടികേസ് സംബന്ധിച്ച് അന്വേഷണത്തിനായി വന്നു. സ്കൂളിൽ എത്തി കുറെ കഴിഞ്ഞ് തിരിച്ചുപോയി.

**ഏപ്രിൽ 30.** കാലിൽ നീരും വേദനയും ആയിട്ട് വിശ്രമിച്ചു. വൈകിട്ട് റമ്പാച്ചൻ വന്നു, പള്ളിയിൽ താമസിച്ചു. വേണ്ട സജ്ജീകരണങ്ങൾ ചെയ്തു കൊടുത്തു.

**മെയ് 1.** സ്കൂളിനു വേണ്ടി സിമന്റ് വാങ്ങുന്നതിന് സി.എം.ടി. യെ (തോമസ് ചാമക്കാലായിൽ) ചുമതലപ്പെടുത്തി. പണം കൊടുത്തത് വാങ്ങി സൂക്ഷിക്കാനും പറഞ്ഞു.
ജോർജ്ജിന്റെ പരാതിയെപ്പറ്റി, സമാധാനമായി തീരണമെന്നുള്ള റമ്പാച്ചന്റെ അഭിപ്രായപ്രകാരം അപേക്ഷ പിൻവലിപ്പിച്ച്, പറ്റ് നീക്കി ഒരുമാസത്തേക്കുള്ള 33.4 രൂപ കൊടുത്തു തീർത്തു.

**8.** മാരാമൺ പള്ളിയിൽ നിന്നും രാവിലെ തിരിച്ച് കുറിയന്നൂർ വഴി വെണ്ണികുളത്ത് 9 മണിക്ക് എത്തി. സമ്മേളനം നടന്നു. മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം നടത്തി. വനിതാ സമ്മേളനവും ഉണ്ടായിരുന്നു.

**9.** വെണ്ണികുളത്ത് ചൊല്ലി. 9 മണിക്ക് വിദ്യാഭ്യാസ സമ്മേളനം നടന്നു. ഞാൻ സ്വാഗതപ്രസംഗം നടത്തി. ഉച്ചകഴിഞ്ഞ് മടങ്ങിപോന്നു.

**21.** ചങ്ങനാശ്ശേരിക്ക് പോയി, അരമനയിൽ എത്തി വികാരി ജനറലിനെ കണ്ടു. കരിങ്കുറ്റിക്കൽ കെ.പി. ജോർജിന് കോളേജിൽ അഡ്മിഷന്റെ കാര്യം പറഞ്ഞു. (പിന്നീട് അഡ്മിഷൻ എസ്.ബി. കോളേജിൽ



www.malankaralibrary.com

കൊടുത്തു). വൈകിട്ട് ചന്ദനപള്ളിയിൽ എത്തി പെരുമല അച്ചന്റെ അടിയന്തിരത്തിൽ കൂടി.

(മെയ് 23 – ജൂൺ 7 വരെ സുഖമില്ലാതെ വിശ്രമിച്ചു).

**ജൂൺ 8.** അഗ്രികൾച്ചർ ഡയറക്ടർ മി. നാരായണ അയ്യർ വന്നു. 4 മണിവരെ സ്കൂളിലും സംഘം ആഫീസിലുമായി കഴിച്ചുകൂട്ടി, തിരിച്ചുപോയി.

**10.** രാവിലെ കൊല്ലത്തിന് പോയി. 10 മണിയോട് എത്തി. സ്വാമിയെ കണ്ട് വിവരം പറഞ്ഞു. രണ്ടുപേരെ ഉടനെ തന്നെ എടുത്തു. തിരുവനന്തപുരത്തിന് തിരിച്ച് 3 മണിക്ക് അരമനയിൽ എത്തി. കുറെ കഴിഞ്ഞ് ടൗണിൽ പോയി വറുഗീസിനെ കണ്ട് അവിടെ താമസിച്ചു.

**11.** രാവിലെ എം. തോമസ്, എം.എ. എൽ.റ്റി.യെ കണ്ട് ചില കാര്യങ്ങൾ ആലോചിച്ചു തിരിച്ചുപോന്നു. ഡയറക്ടറോഫീസിൽ എത്തി പി.എ. യെ കണ്ടു കുറെപേരെ കൂടി അനുവദിച്ചുകിട്ടുന്നതിനായി അപേക്ഷ കൊടുത്തു. 4 മണി കഴിഞ്ഞ് പാളയം കത്തീഡ്രലിൽ എത്തി താമസിച്ചു.

**12.** അരമനയിൽ പോയി, കുറെ കഴിഞ്ഞ് തിരിച്ചുവന്ന് ഡയറക്ടറോഫീസിൽ എത്തി മി. പരമേശ്വരൻ പിള്ളയെ കണ്ടു. മടങ്ങിവന്ന് പള്ളിയിൽ താമസിച്ചു.

**13.** രാവിലെ കൊല്ലം ബസിൽ തിരിച്ച് 9 മണിയോട് കൊല്ലത്ത് എത്തി, സ്വാമിയെ മഠത്തിൽ പോയി കണ്ടു. തിരിച്ച് 11 മണിയോടുകൂടി ഡിവിഷൻ ഓഫീസിൽ എത്തി അപേക്ഷ കൊടുത്തു. 28 പേർക്ക് ശിപാർശ ചെയ്തു എന്ന് പറഞ്ഞു. 12.30–ന് മടങ്ങി പോന്നു, 5 മണിക്ക് വീട്ടിൽ എത്തി.

**18.** രാവിലെ സ്കൂളിൽ എത്തി. പത്തനംതിട്ട പോയി മി. തോമസ് മാത്യു വക്കീലിനെ കണ്ടു. എം.ഒ. വർഗീസിന്റെ കാര്യം പറഞ്ഞു. ഇൻസ്പെക്ടറോഫീസിൽ എത്തി അദ്ദേഹത്തെ കണ്ട് ബിൽ കാര്യം പറഞ്ഞു. 5 മണിക്ക് വീട്ടിലെത്തി എണ്ണസേവയും പത്ഥ്യവും തുടങ്ങി, വിശ്രമിച്ചു.

**ജൂലൈ 8.** ഇന്ന് ജില്ലാ ഹെൽത്ത് ഓഫീസർ മി. തമ്പി വന്ന് മിഡ് വൈഫ് ഓഫീസും പ്രവർത്തനങ്ങളും പരിശോധിച്ച് തിരിച്ചുപോയി.

**10.** കോൺട്രാക്ടർ സൂസൻ അന്തോണി വന്ന് പുതിയപള്ളി പണി സംബന്ധിച്ച് ആലോചിച്ചു. ഉച്ചകഴിഞ്ഞ് മണ്ണാരകുളഞ്ഞിയിൽ പോയി മണൽ വാരുന്നതിന് എന്റെ സാന്നിദ്ധ്യത്തിൽ ചുമതലപ്പെ



www.malankaralibrary.com

ടുത്തി. 100 ചതുരശ്രയടിക്ക് 3 രൂപ റേറ്റുവച്ചു. 15 രൂപ, അഡ്വാൻസ് കൊടുത്തിട്ട് മടങ്ങിപോന്നു.

**ജൂലൈ 11.** ഫാ. സെറാഫിയോൻ വന്നു. സൂസൻ അന്തോണിയും വന്ന് പള്ളിയുടെ സ്ഥാനം നിശ്ചയിച്ചു. അച്ചൻ പള്ളിയിൽ താമസിച്ചു.

**12.** ഫാ. സെറാഫിയോൻ മൈലപ്രായിൽ ചൊല്ലി. ഞാൻ ഒരു ചെറു പ്രസംഗം ചെയ്തു.

**20.** ഇന്ന് മേസ്രി വന്ന് പള്ളിക്ക് വാനം വെട്ടുന്നതിനും മറ്റും വേണ്ട ചുമതലക്കാരെ ഏർപ്പാടു ചെയ്തു.

**ആഗസ്റ്റ് 6.** ഇന്ന് 8 മണിക്ക് ഞാനും സെറാഫിയോൻ അച്ചനും കൂടി പള്ളി പണിയുടെ മൂലക്കല്ലിട്ടു.

**10.** സ്കൂളിൽ എത്തി. നെയ്ത്തുശാലയിൽ കഴിച്ചുകൂട്ടി.

ME 1118 (1942 August 17 - 1943 August 16) നഷ്ടപ്പെട്ടു

# 1943

**ആഗസ്റ്റ് 17.** മി. പി.ഇ. ചെറിയാന്റെ ആവശ്യപ്രകാരം ഹാന്റ് മെയ്ഡ് കവറിംഗ് പേപ്പർ വീട്ടിൽ വച്ചുണ്ടാക്കി കൊടുത്തു. 12 മണിക്ക് സംഘം ഓഫീസിൽ പോയി റ്റി.റ്റി. ഏബ്രഹാമും, എൻ.ഐ. തോമസും, ചാമക്കാലായിൽ ചാക്കോച്ചനും തമ്മിലുള്ള പല തർക്കങ്ങളും മറ്റും ഒത്തുതീർപ്പാക്കി. റ്റി.റ്റി.ഏ. മറ്റവർക്ക് ഉടൻ തന്നെ 75 രൂപ കൊടുക്കണമെന്നും ബാക്കി പണം ബിൽ പാസായിട്ട് കൊടുക്കണമെന്നും തീരുമാനിച്ചു. അതുകഴിഞ്ഞ് പള്ളിയിൽ പോയി തിരുവനന്തപുരത്തിന് പോകുന്ന ജോസ് ചാൽക്കടവിൽ അച്ചനെ കണ്ട് ചില കാര്യങ്ങൾ പറഞ്ഞു.

**18.** മാധവൻ കർത്താവും ഞാനും കൂടി 10 മണിക്ക് പത്തനംതിട്ട പോയി വില്ലേജ് യൂണിയൻ സംബന്ധിച്ച് തഹസീൽദാരെ കണ്ടു. അദ്ദേഹം കുറെ അരി, ചോളം, എണ്ണ ഒക്കെ അനുവദിച്ചുതന്നു.

**28.** ഉച്ചകഴിഞ്ഞ് നെൽകൃഷിക്കാരുടെ മീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ കൂടി. ഡെപ്യൂട്ടേഷനായി അധികാരികളെ കണ്ട് ഇപ്പോഴത്തെ അവശതകൾക്ക് പരിഹാരം ഉണ്ടാക്കാൻ തീരുമാനിച്ചു.

**29.** 11 മണിക്ക് പത്തനംതിട്ടക്ക് തിരിച്ച് 2 മണിക്ക് മാരാമൺ മി. റ്റി.റ്റി. മാത്യുവിന്റെ വീട്ടിൽ എത്തി. ഞങ്ങൾ ഒരുമിച്ച് തിരുവല്ലായ്ക്ക്



www.malankaralibrary.com

പോയി. 3 മണിക്ക് അവിടെ എത്തി. 8 മണിക്ക് കെ.കെ. കുരുവിള വന്ന് സമ്മതം പറഞ്ഞു. ഞാൻ 10 മണിക്ക് കത്തീഡ്രലിൽ എത്തി ഉറങ്ങി.

**സെപ്റ്റംബർ 1.** തിരുവനന്തപുരത്ത് കത്തീഡ്രലിൽ ചൊല്ലി. നെല്ലെടുപ്പ് സംബന്ധിച്ച് ഞാൻ ഡെപ്യൂട്ടേഷനായി ചീഫ് സെക്രട്ടറിയെ പോയി കണ്ടു. പിന്നീട് ഭക്തിവിലാസത്ത് പോയി (ദിവാൻജിയുടെ ഓഫീസ്) കാര്യം ധരിപ്പിച്ചു. 2 മണിക്ക് തിരിച്ചുപോന്നു, വീട്ടിലെത്തി.

**3.** രാവിലെ അരമനയിൽ എത്തി. തൂക്കാസ ശരിപ്പെടുത്തി എഴുതി കൊണ്ടിരുന്നു.

**4.** തൂക്കാസ ശരിപ്പെടുത്തികൊടുത്തു. ഉച്ചയ്ക്ക് രജിസ്റ്റർ കച്ചേരിയിൽ പോയി പത്തനംതിട്ട വസ്തു ആധാരം എഴുതികൊടുത്തു.

**8.** പത്തനംതിട്ട പോയി. ഉച്ചകഴിഞ്ഞ് കോന്നിയിൽ പോയി അരി കൊണ്ടുവരുന്നതിന് ഇടപാടു ചെയ്തു. 100 രൂപയുടെ ചെക്ക് തോമ്മാച്ചന് കൊടുത്തു. 3 ചാക്ക് അരി കൊണ്ടുവരുന്നതിന് അനുവദിച്ചു. 6 മണിക്ക് തിരിച്ചുപോന്നു.

**9.** രാവിലെ പല സന്ദർശനങ്ങൾ നടത്തി വന്ന് വിശ്രമിച്ചു. പള്ളിയിൽ എത്തി അച്ചന്മാർക്കുള്ള അരി പതിമൂന്നര പക്ക വീതിച്ചുകൊടുത്തു.

**13.** പത്തനംതിട്ട പള്ളിയിൽ എത്തി കുർബാനക്കുശേഷം കിഴക്കേ വീട്ടിൽ അച്ചന്റെ മക്കളുടെ കല്യാണം നടത്തികൊടുത്തു. വീട്ടിലും പോയിട്ട് മടങ്ങി മൈലപ്രായിൽ എത്തി. ദാമോദരൻ ആശാൻ വന്ന് നെയ്ത്തുകാര്യം പറഞ്ഞു.

**18.** 10 മണിയോടുകൂടി അരിവിതരണത്തിന് സംഘം വക പീടികയിൽ പോയി മേൽനോട്ടം വഹിച്ച് 5 മണിവരെ കഴിച്ചുകൂട്ടി.

**19.** പരസ്യകുർബാനക്കുശേഷം 11 മണിക്ക് വീട്ടിൽ എത്തി. ഉടനെ തന്നെ നെല്ലുവയൽ കൊയ്ത്തിന് പോകുന്നതിന് ഒരുങ്ങി. മാധവൻ കർത്താവും ഉണ്ടായിരുന്നു. ഞങ്ങൾ സാമാനങ്ങളുമായി 1 മണിയോട് കൂടി തിരിച്ച് 5 മണിയോടുകൂടി ഉഴവിൽ എത്തി. രാത്രി ആനകൾ വന്നു. ആളുകൾ ഓടിച്ചു.

**20.** ഇന്ന് നിയമപ്രകാരം കൊയ്ത്ത് തുടങ്ങി. 23 പേരുണ്ടായിരുന്നു. ഉച്ചവരെ കൊയ്തു. 409 കറ്റ അടുക്കിവച്ചു. ഞാൻ മാടത്തിൽ വിശ്രമിച്ചു. രാത്രി ആന കയറിവന്നു. ഓടിച്ചുകളഞ്ഞു.

**21–23.** കൊയ്ത്ത് നടന്നുകൊണ്ടിരുന്നു. കച്ചിയും പിഴുത് അടുക്കി. ആന വന്ന് നെല്ലുപിഴുത് തിന്നു. ഏവരും കൂടി അതിനെ ഓടിച്ചു. 24–ാം തീയതി മൈലപ്രായിൽ തിരിച്ചെത്തി.



www.malankaralibrary.com

**27.** 4 മണിക്ക് സി.എം.റ്റി. യുടെ (സി.എം. തോമസ്, ചാമക്കാലാ) യാത്ര അയപ്പുമീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രസംഗിച്ചു. സംഘത്തിന്റെ ചുമതല സെക്രട്ടറിയായി ഒ.ജി. സ്കറിയായെ ഏല്പിച്ചു.

**28.** ഉച്ചകഴിഞ്ഞ് വീണ്ടും കൊയ്ത്ത് സ്ഥലത്ത് പോയി. ഈ ദിവസങ്ങളിലെല്ലാം കൊയ്ത്തും മെതിയും നടന്നുകൊണ്ടിരുന്നു. ആന ശല്യവും കുറവല്ല.

**ഒക്ടോബർ 2.** രാവിലെ ആല ശരിപ്പെടുത്തി. 2 മൂട നെല്ല് വീശി, 195 പറ ആലയിൽ ഇട്ടു. ആദ്യം ഇട്ടത് നിയമപ്രകാരം ഞാൻ നടത്തി. പ്രാർത്ഥന ഏവരുമായി നടത്തി. ഡി.എഫ്.ഒ. യെ ഞാൻ വടശ്ശേരിക്കര പോയി കണ്ട് കാര്യം പറഞ്ഞു. 6 മണിക്ക് വീട്ടിൽ എത്തി.

**4.** രാവിലെ വീണ്ടും മലയ്ക്കായി തിരിച്ചു. യോശുവായും മറ്റും ഉണ്ടായിരുന്നു. 4 മണിയോടുകൂടി മലയിൽ എത്തി.

**5.** കൊയ്ത്തും മറ്റും നടക്കുന്നു. ഞാനും കൂട്ടത്തിൽ ഇറങ്ങി നടന്നു. ഫോറസ്റ്ററും പാർവ്വത്യകാരനും (വില്ലേജ് ഓഫീസർ) വന്നു കണ്ടിട്ട് പോയി.

**8.** ഇന്ന് കൊയ്ത്ത് അവസാനിച്ചു. ഈ ദിവസങ്ങളിൽ മഴ കഠിനമായിരുന്നു. കുറെ അധികം നെല്ല് നശിച്ചു. കുറെ ഏറെ ആലയിൽ ഇട്ടു.

**9.** കഠിനമഴയാണ്. തെക്കേതിലെ കേശവൻ നായർ നെല്ലു മോഷണത്തിന് എത്തിയത് സംബന്ധിച്ച് ക്ഷമാപണപത്രം എഴുതി തന്നത് സ്വീകരിച്ചു. ഞങ്ങൾ വീട്ടിലേക്ക് തിരിച്ചുപോന്നു.

**12.** രാവിലെ പുനലൂർവഴി തിരുവനന്തപുരത്തിന് തിരിച്ച് 4.30-ന് അവിടെ എത്തി. ഡി.പി.ഐ. ഓഫീസിൽ പോയി കെ.റ്റി. ജേക്കബിനെ കണ്ട് വിവരം അറിഞ്ഞു. തിരിച്ച് അരമനയിൽ എത്തി.

**15.** രാവിലെ കട്ടപ്പനയ്ക്ക് തിരിച്ചു, 2 മണിക്ക് എത്തി. മഴ കഠിനമായിരുന്നു. കറ്റയും മറ്റും കിളിച്ചുകിടക്കുന്നു.

**16.** മഴ കുറവുണ്ട്. മെതിയും പൊലിയും മറ്റും നടന്നു. ഉച്ചയോടുകൂടി കമ്മറ്റിക്കാർ വന്നു. 4 മണിക്ക് കമ്മറ്റി കൂടി ചിട്ടിയിട്ട് സ്പോട്ട് നിശ്ചയിച്ചു.

**23.** സ്ഥലത്തിന്റെ അപേക്ഷ കൊച്ചുവിളയിൽ തോമസ് മാത്രം തന്നു. മുതിര കൃഷിയുടെ കാര്യം പറഞ്ഞിട്ടില്ലാത്തതിനാൽ പിന്നീട് തിരുമേനിക്കാനായി മാറ്റിവച്ചു.

**28.** രാവിലെ തിരുനാളിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. സാധുക്കൾക്ക് കഞ്ഞിവീഴ്ത്തുന്നതിന് പതിനാറര ഇടങ്ങഴി അരി കൊടുത്തു. 12 മണിയോടുകൂടി എല്ലാ ഒരുക്കുകാരും കൂടി എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തി. കുരുവിള മാത്യു മുതലായവർ പ്രസംഗിച്ചു.



www.malankaralibrary.com

അത് കഴിഞ്ഞ് കഞ്ഞിയും കഴിഞ്ഞ് കുറെദിവസങ്ങൾക്ക് ശേഷം ഞാൻ മൈലപ്രായ്ക്ക് തിരിച്ചു 6 മണിയോട് എത്തി.

**31.** രാവിലെ ചൊല്ലി. റമ്പാച്ചൻ പരസ്യ കുർബാന ചൊല്ലി. ഉച്ചയോടു കൂടി രാജത്വതിരുനാൾ സംബന്ധിച്ച് എഴര പറ അരി ഇട്ട് കഞ്ഞി വച്ച് എല്ലാവർക്കും കൊടുത്തു. റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. ഞാൻ സ്വാഗതം പറഞ്ഞു.

**നവംബർ 3.** രാവിലെ കട്ടപ്പനക്ക് തിരിച്ചു. ഉച്ചകഴിഞ്ഞ് എത്തി. പല കാര്യങ്ങളും ആലോചിച്ചു.

**4.** പാസുപ്രകാരം നെല്ലു അയച്ചു തുടങ്ങി. മാധവൻ കർത്താവ് വീട്ടിൽ പോയി. സി.എം.റ്റി. യും മറ്റും എന്റെ കൂടെ ഉണ്ടായിരുന്നു.

**5.** നെല്ല് ചുമടായി അയച്ചുകൊണ്ടിരുന്നു. ചിലർക്ക് വിഷമങ്ങൾ ഉണ്ടായെങ്കിലും കുഴപ്പമില്ലാതെ കാര്യങ്ങൾ ശരിപ്പെടുത്തി.

**6.** ഇന്ന് ബാക്കി നെല്ലുണ്ടായിരുന്നത് സംഘത്തിലേക്ക് അയച്ചു. ഉച്ചയോടു കൂടി ഞാൻ തിരിച്ചുപോന്നു.

**18.** രാവിലെ കൊല്ലത്തിന് പോയി. 11 മണിക്ക് ശിവരാമപൈയെ കണ്ട് ചില കാര്യങ്ങൾ അറിഞ്ഞു. പിന്നീട് തേവലക്കരക്ക് തിരിച്ചു അച്ചന്റെ വീട്ടിൽ എത്തി താമസിച്ചു. മി. വർക്കിക്ക് ആളയച്ചു. 8 മണിക്ക് എത്തി. വർക്കിയുടെ ഇപ്പോഴത്തെ ജോലിവിട്ട് മൈലപ്രായിൽ വന്നാൽ വൃശ്ചികം (നവംബർ) മുതൽ മീനം (മാർച്ച്) വരെ ഈ വർഷത്തേക്ക് ജോലിചെയ്താൽ 80 രൂപ ശമ്പളം കൊടുക്കാമെന്നും തുടർന്ന് നോക്കുന്ന പക്ഷം പ്രതിമാസം 60 രൂപ വച്ചുകൊടുക്കാമെന്നും സമ്മതിച്ചു. മേൽ ആണ്ടിൽ 24-ൽ കൂടുതൽ കുട്ടികൾ ട്രെയിനിംഗ് ക്ലാസിലുള്ള പക്ഷം പ്രതിമാസം 60 രൂപ വച്ചും 24 പേരെമാത്രം അനുവദിക്കുന്നെങ്കിൽ 55 രൂപ വച്ചും കൊടുക്കാമെന്നും സമ്മതിച്ചു. ഉടനെ തന്നെ ഞാൻ കരുനാഗപ്പള്ളി വഴി തിരിച്ച്, നടന്ന് കായംകുളത്ത് എത്തി. അവിടെനിന്നും വണ്ടിയിൽ കയറി വീട്ടിൽ എത്തി.

**22.** രാവിലെ സ്കൂളിൽ പൊയി. മി. പി.ജെ. വർഗീസ് മരിച്ചു എന്നറിഞ്ഞു. 10 മണിയോടുകൂടി മൃതശരീരം സ്കൂൾ പടിക്കൽ കൊണ്ടുവന്നു. പോയി കണ്ടു, കുട്ടികളും മറ്റും കണ്ടു, ഇന്ന് സ്കൂളിന് അവധി കൊടുത്തു.

**23.** മി. വറുഗീസിന്റെ ചരമത്തിൽ അനുശോചിച്ച് എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി നിശ്ചയം പാസാക്കി. മി. എ.സി. ഉമ്മൻ തൊടുപുഴ നിന്നും വന്നു. വൈകിട്ട് 5 മണിക്ക് പി.വി. വർക്കി ബി.എ, എൽ.റ്റി. വന്നു.



www.malankaralibrary.com

**24.** മി. വർക്കി ഹെഡ്മാസ്റ്റർ ആയി ചാർജ് എടുത്തു.

**27.** 12 മണിക്ക് കുമ്പഴ വടക്ക് സംഘം മീറ്റിംഗ് നടന്നു. യൂണിയന്റെ ആഭിമുഖ്യത്തിലാണ് നടന്നത്. രമ്യമായി കാര്യങ്ങൾ പരിഹരിച്ച് മീറ്റിംഗ് ഭംഗിയായി തീർത്തു.

**ഡിസംബർ 8.** അരമനയിൽ ചൊല്ലി. അവിടെ ചില കാര്യങ്ങൾ ആലോചിച്ചു. ശങ്കരപിള്ള സാറിനെ പോയി കണ്ടിട്ട് 1 മണിക്ക് അരമനയിൽ തിരിച്ചെത്തി.

**9.** 12 മണിയോടുകൂടി പിതാവും ഞാനും കൂടി ഫോറസ്റ്റ് കൺസർവേറ്ററിനെ കണ്ട് കൃഷിസംഘത്തിന്റെ കാര്യം പറഞ്ഞു.

**10.** ഉച്ചയോടുകൂടി ടൗണിൽ പോയി ചില ഉദ്യോഗസ്ഥരെ കണ്ടു. മി. കെ. കെ. ഉമ്മൻ കോന്നിയുമായി അരമനയിൽ എത്തി പിതാവിനെ കണ്ടു ചേരുന്ന കാര്യം പറഞ്ഞു.

**18.** പള്ളിയിൽ തന്നെയായിരുന്നു. 5 മണിക്ക് തിരുമേനി വന്നു. രാത്രി 10 മണിവരെ തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. പിന്നീട് വീട്ടിലെത്തി.

**19.** ഞാൻ പരസ്യ കുർബാന ചൊല്ലി. തിരുമേനി പ്രസംഗിച്ചു. ഉച്ച കഴിഞ്ഞ് 4 മണിയോടുകൂടി കോന്നിയിൽ പോയി ചാപ്പലിൽ ഏവരും താമസിച്ചു.

**20.** കോന്നിയിൽ ചൊല്ലി. ഉച്ചകഴിഞ്ഞ് വകയാറ്റിൽ പോയി മാമ്മൻ കണ്ണന്താനത്തിന്റെ വീട്ടിൽ താമസിച്ചു. എല്ലാവരും ഉണ്ടായിരുന്നു.

**21.** രാവിലെ അവിടെ ബംഗ്ലാവിൽ കുർബാന ചൊല്ലി. പല അച്ചന്മാരും തിരുമേനിയും ഉണ്ടായിരുന്നു. അനേകരെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചു. ഞാൻ പ്രസംഗിച്ചു.

**22.** വകയാറ്റ് കുർബാന ചൊല്ലി. തിരുമേനിയോടുകൂടി കഴിച്ചുകൂട്ടി. പിതാവിന്റെ കൂടെ പറമ്പിൽ ബംഗ്ലാവിൽ എത്തി വിശ്രമിച്ചു.

**23.** രാവിലെ ഉമ്മച്ചന്റെ സ്ഥലം എഴുതിക്കാൻ ഞാൻ പത്തനംതിട്ട പോയി. ഒരേക്കർ 1000 രൂപയ്ക്ക് എഴുതിച്ചു. വൈകിട്ട് തിരിച്ച് വകയാറ് എത്തി.

**24.** വകയാറ്റ് ചൊല്ലി. ഉച്ചയ്ക്ക് ഒരത്യാവശ്യം പ്രമാണിച്ച് വീട്ടിൽ എത്തി. അതു കഴിഞ്ഞ് വീണ്ടും വകയാറ്റ് എത്തി. യൽദാ ശുശ്രൂഷ പിതാവിനോടുകൂടി കഴിച്ചു.

**31.** പത്തനംതിട്ട പോയി തഹസീൽദാർ സ്വാമിയെ കണ്ടു. വില്ലേജ് യൂണിയൻ അംഗങ്ങൾക്കായി 1 ചാക്ക് പഞ്ചസാര അനുവദിച്ചുതന്നു.



www.malankaralibrary.com

# 1944

**ജനുവരി 3.** പത്തനംതിട്ട പോയി ഫുഡ് പ്രോഡക്ട് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച് വേണ്ടത് ചെയ്തു. തിരിച്ചുപോന്നു.

**22.** 7 അച്ചന്മാരോടുകൂടി പരിയാരത്ത് ചൊല്ലി. ഉച്ചവരെ ധ്യാനവും കുമ്പസാരവും ആയിരുന്നു. ചില കാര്യങ്ങൾ ആലോചിച്ചു. മടങ്ങി പോന്നു.

**23.** ഉച്ചകഴിഞ്ഞ് റേഷൻ കാർഡ് വിതരണത്തിന് ഓഫീസിൽ പോയി. പിന്നീട് പള്ളിയിൽ വന്ന് അദ്യവിളവുലേലം നടത്തിച്ചു. അതു കഴിഞ്ഞ് തുമ്പമൺ ചാണ്ടിയുടെ വീട്ടുകാരെ ചേർക്കുന്നതിന് പോയി. ഏവരേയും ചേർത്തു. രാത്രി 9 മണിക്ക് തിരിച്ചുപോന്നു.

**25.** കുർബാന കഴിഞ്ഞ് വകയാറ്റ് പോയി സ്ഥലം അളന്ന് ശരിപ്പെടുത്തിയതു കണ്ടു. അവിടെ നിന്നും കോന്നിയിൽ എത്തി ഡി.എഫ്.ഒ. യെ കണ്ടു. അച്ചനേയും കണ്ടിട്ട് തിരിച്ചുപോന്നു.

**ഫെബ്രുവരി 1.** പുത്തൻപീടിക പെരുനാളിന് പോയി വി. കുർബാന ചൊല്ലി. മറ്റു അച്ചന്മാരും ഉണ്ടായിരുന്നു. പ്രൊസഷനും മറ്റും കഴിഞ്ഞ് പീടികയിൽ അച്ചന്റെ വീട്ടിൽ പോയി അച്ചനെ കണ്ടു. 6 മണിയോട് തിരിച്ചുപോന്നു.

**8.** സംഘത്തിന് പണ പിരിവിനായി ചുറ്റി നടന്നു.

**10.** രാവിലെ പുനലൂരിൽ എത്തി ട്രെയിനിൽ തിരുവനന്തപുരത്ത് പോയി. ഫോറസ്റ്റ് ഓഫീസിൽ പോയി വിവരം പറഞ്ഞു. അരമനയിൽ നിന്നും ഉച്ചകഴിഞ്ഞ് തിരിച്ച് രാത്രി 8 മണിയ്ക്ക് ചെങ്ങന്നൂരിൽ എത്തി. ഒരു കാർ പിടിച്ച് വീട്ടിൽ എത്തി.

**12.** കണ്ണൻമണ്ണിൽ അച്ചായൻ (മൂത്ത ജേഷ്ടൻ) വീണ് സുഖമില്ലാതെ കിടക്കുന്നു എന്നറിഞ്ഞ് അവിടെ പോയി കണ്ടു.

**17.** സ്കൂളിൽ എത്തി. 4 മണിയോടുകൂടി കുമ്പഴ ധ്യാനയോഗത്തിന് പോയി. പള്ളിയിൽ താമസിച്ചു. പല അച്ചന്മാരും വന്നിരുന്നു.

**18.** ധ്യാനം ഉച്ചയോടുകൂടി കഴിഞ്ഞു. കുമ്പഴ അച്ചന്റെ വീട്ടിൽ പോയി ഊണും വീടുകൂദാശയും കഴിഞ്ഞ് 4 മണിക്ക് മടങ്ങിപോന്നു.

**22.** അരമനയിൽ ചൊല്ലി. ഉടനെതന്നെ മി. കുര്യൻ ദാസിനെ പീറ്ററിന്റെ കൂടെ കണ്ടു. കൂടുതൽ ലോഡ് മണ്ണിൽ ലോറിയ്ക്ക് കൊടുക്കുന്നതിന് പറഞ്ഞു. ചില സ്ഥലങ്ങളിൽ പോയി കാര്യങ്ങൾ പറഞ്ഞു. ബസിൽ തിരിച്ചുപോന്നു. രാത്രി 10 മണിയോടുകൂടി വീട്ടിൽ എത്തി.

**മാർച്ച് 6.** ചെങ്ങന്നൂരിൽ പോയി പുത്തൻകാവിൽ എത്തി കെട്ടിടം



www.malankaralibrary.com

കണ്ടു. ചെങ്ങന്നൂരിൽ തിരിച്ചെത്തി. മിഷ്യൻ പള്ളിയിൽ തിരുമേനി വന്നു. ട്രിച്ചിയിൽ നിന്നും മദറും സിസ്റ്റേഴ്സും വന്നു. സ്കൂൾ കാര്യങ്ങൾ പറഞ്ഞശേഷം തിരിച്ചുപോന്നു.

**8.** രാവിലെ മുള്ളംകല്ലേൽ ഉണ്ണിയുടെ വീട്ടിൽ പോയി അവന്റെ മാവി യുമായുള്ള തർക്കം കേട്ടു. പിന്നീട് പുതിയ മേലേതിൽ എത്തി മത്തായിയും അബ്രഹാമും തമ്മിലുള്ള വസ്തു തർക്കവും മറ്റു പരാ തികളും കേട്ടു. പരിഹാരം കണ്ട് തീരുമാനിക്കാൻ വേണ്ടതു ചെയ്തു.

**9.** ഇന്ന് മത്തായിയുടെയും അബ്രഹാമിന്റെയും വസ്തു അളപ്പിക്കു ന്നതിന് ശ്രമിച്ചു. ഉച്ചവരെ അവിടെനിന്നു പിന്നീട് വീട്ടിൽ എത്തി. വീണ്ടും 2 മണിക്ക് പോയി അതിരിട്ടു പോന്നു. വീണ്ടും വൈകിട്ട് എത്തി ഏവരേയുംകൂട്ടി കാര്യങ്ങൾ പറഞ്ഞ് സമാധാനപ്പെടുത്തിയിട്ട് തിരിച്ചുപോന്നു.

**19.** ഉച്ചകഴിഞ്ഞ് 4 മണിക്ക് സെറാഫിയോൻ അച്ചൻ പള്ളിയിൽ വന്നു. സ്കൂൾ സംബന്ധിച്ച് ചില അധ്യാപകരെ വരുത്തി ആലോചിച്ച് പിരിഞ്ഞു.

**22.** ഇന്ന് വില്ലേജ് മിഡ്വൈഫിനെ നിയമിച്ച് ജോലിയിൽ പ്രവേശിപ്പിച്ചു.

**29.** പത്തനംതിട്ട പോയി. അവിടെ നിന്നും പുത്തൻപീടികയിൽ പീടിയേൽ അച്ചനെ കുമ്പസാരിപ്പിച്ചിട്ട് തിരിച്ചുപോന്നു.

**31.** സ്കൂളിൽ പോയി. പിന്നീട് സംഘം സ്റ്റോറിൽ എത്തി കുറെ ജോലി ചെയ്തു. 5 മണിക്ക് മണ്ണാരകുളഞ്ഞിയിൽ പോയി ചിറക്കടവിൽ ഉറങ്ങി.

**ഏപ്രിൽ 1.** മണ്ണാരക്കുളഞ്ഞിയിൽ ചൊല്ലി. കുറെ കുമ്പസാരവും നടന്നു. ചിറക്കടവിൽ നിന്നും ഊണുകഴിഞ്ഞു.

**2.** ഓശാന മൈലപ്രായിൽ ചൊല്ലി. രാത്രിയിൽ റ്റി.എസ്. ജോർജ് വന്ന് ഒരാവശ്യം പ്രമാണിച്ച് ഫ്രാൻസിസിനെ കാണാൻ പെരുന്നാട്ടിൽ പോകണമെന്ന് പറഞ്ഞു.

**3.** രാവിലെ ഞാനും റ്റി.എസ്.ജോർജും കൂടി പെരുനാട്ടിൽ പോയി ഫ്രാൻസിസിനെ കണ്ടു കാര്യം പറഞ്ഞിട്ട് തിരിച്ചുപോന്നു. പിന്നീട് രാമൻചിറ പോയി, 2 മണിക്ക് അവിടെ എത്തി തിരുമേനിയെ കണ്ടു. തിരിച്ചു 6 മണിക്ക് വീട്ടിൽ എത്തി.

**4.** മൈലപ്രാ വയലിൽ പുറംപോക്ക് അളക്കുന്നതിന് അളവുകാർ വന്നു. അളവു കഴിഞ്ഞു. ഞാൻ അവരോടുകൂടി ഉണ്ടായിരുന്നു.

**13.** അരമനയിൽ ചൊല്ലി. പടിസാധനത്തിന്റെ ജോലി ചെയ്തു കൊണ്ടിരുന്നു.



www.malankaralibrary.com

**14.** ഇന്നും അരമനയിൽ ജോലിചെയ്തുകൊണ്ടിരുന്നു. ഞാനും വടശ്ശേരി അച്ചനും കടമ്മനിട്ട അച്ചനും തിരുമേനിയും ഉണ്ടായിരുന്നു.

**16.** 2 മണിക്ക് തിരുവല്ലായ്ക്ക് തിരിച്ചു. 5 മണിക്ക് അവിടെ അരമനയിൽ എത്തി. രാത്രി തിരുമേനിമാർ വന്നു കണ്ടു.

**17.** അവിടെയിരുന്ന് പടിസാധനം ജോലി പകലും രാത്രിയിലും ചെയ്തു.

**18.** അരമനയിൽ പടിസാധന ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. 2 മണിയോടുകൂടി എല്ലാം പൂർത്തിയാക്കി കൊടുത്തു. മൈലപ്രാ പള്ളിക്ക് ഓടിനുവേണ്ടി 120 രൂപ തിരുമേനി തന്നു. 5 രൂപ യാത്രാ ചെലവിനും തന്നു. തിരിച്ചുപോന്നു.

**22.** സംഘം സ്റ്റോറിലേക്ക് 700 പറ നെല്ല് സർക്കാരിൽ നിന്നു അളന്നു കിട്ടി.

**23.** ഉച്ചയ്ക്ക് 2 മണിക്ക് സൂസൻ അന്തോണി വന്നു. കുമ്പനാട്ടുകാരൻ ആശാരി കൂടെ ഉണ്ടായിരുന്നു. 275 രൂപ ഉടമ്പടിക്ക് പള്ളിയുടെ മേൽക്കൂരകൂട്ടം കൊടുത്തു. ഇന്ന് മാരാമൺ നിന്നും പള്ളിമണി കൊണ്ടുവന്നു, 52 റാത്തൽ.

**25.** രാവിലെ പത്തനംതിട്ടക്കും പിന്നീട് കിഴവള്ളൂർക്കും പോയി. അച്ചനെ കണ്ടില്ല. ധൂപകുറ്റി കാര്യത്തിന് എഴുത്ത് കൊടുത്തു. തിരിച്ച് പത്തനംതിട്ട എത്തി കലുങ്കുന്തറ സാറിന്റെ വക വസ്തു 136 രൂപ കൊടുത്ത് എഴുതിച്ചു. 3 മണിയോട് വീട്ടിൽ എത്തി.

**മെയ് 8.** പത്തനംതിട്ട പോയി ഓടു കൊണ്ടുവരുന്നതിന് വേണ്ട ഏർപ്പാട് ചെയ്തു.

**9.** പള്ളിപണിയും സ്കൂൾ പണിയും സംബന്ധിച്ച് വേണ്ടത് ചെയ്തു.

**16.** ഇന്ന് സന്ധ്യയോടുകൂടി ഞാനും കുഞ്ഞുതോമാച്ചനും കൂടി ബഥനിയിൽ പോയി. 10 മണിക്ക് അവിടെ എത്തി. മാർ തിയോഡേഷ്യസിനെ കണ്ടു. ലീവ് സാങ്ഷൻ ചെയ്യുന്ന കാര്യം പറഞ്ഞു. ചില നിർദ്ദേശങ്ങൾ തന്നു.

**19.** രാവിലെ റ്റി.ഒ. തോമസുമായി ചേപ്പാട്ട് പോയി അവനെ അവിടെ സ്കൂളിൽ ചേർത്തു. കുരുവിള അച്ചന്റെ സൂക്ഷിപ്പിലും സംരക്ഷണയിലും ആക്കി. ആ വഴി ഞാൻ ആലപ്പുഴ ഹോളി ക്രോസ് ചർച്ച് എന്ന പഴവങ്ങാടി പള്ളിയിൽ എത്തി. അവിടെ തിരുമേനി മൊഴി കൊടുക്കുന്നതിന് വന്ന് താമസിക്കുകയായിരുന്നു. ഞാൻ തിരുമേനിയുമായി ചില കാര്യങ്ങൾ പറഞ്ഞു.

**23.** ഇന്ന് കുമ്പഴ സ്കൂൾ പൊളിച്ച് പണി തുടങ്ങി.



www.malankaralibrary.com

**26.** കുമ്പഴ എത്തി സ്കൂൾ പണി ചെയ്യിച്ചു. കോന്നിയിൽ പോയി അച്ചനെ കണ്ടു, 25 രൂപ കൊടുത്തു. വകയാറ്റു പോയി, 6 മണിക്ക് തിരിച്ചുപോന്നു.

**27.** ഓടുകൊണ്ടുവന്നു, എണ്ണി വാങ്ങിച്ചു. കുമ്പഴ പോയി പണി കണ്ടു.

**29.** ഒരു കല്യാണം നടത്തി കൊടുത്തു. മണിമലക്കാർ വന്ന് താമസിക്കുന്നവരുടെ വീട്ടിൽ പോയി കാര്യങ്ങൾ അന്വേഷിച്ചു. കുമ്പഴ എത്തി ഓടിടീൽ തുടങ്ങി. രാത്രി 8 മണിയോട് വീട്ടിൽ എത്തി. തെക്കേതിൽ നാരായണപിള്ള വന്ന് വസ്തുവിന്റെ കാര്യം പറഞ്ഞു. പതാക്ക് വറുഗീസിന്റെ വീട്ടിൽ എത്തി തീരുമാനിച്ചു.

**30.** രോഗിയായ പി.എം. മത്തായിക്ക് വല്ലീറയിൽ പോയി വി. കുർബാന കൊണ്ടുകൊടുത്തു. സ്കൂളിൽ 11 മണിക്ക് എത്തി. തെക്കേതിലെ പുരയിടത്തിന്റെ 1/3 വീതം വല്യകാലായിൽ വി.കെ. വർഗീസിന്റെ പേർക്ക് 140 രൂപ കരാർ എഴുതിവച്ച് വാങ്ങി. 9 മാസത്തിനകം വീതിച്ച് തരാമെന്ന് കരാർ ചെയ്തു. ആധാര ചെലവിനായി ഞാൻ ആധാരമെഴുത്ത് പതാക്ക് വറുഗീസിന് 102 രൂപ കൊടുത്തയച്ച് രജിസ്റ്ററാക്കി.

**31.** സ്കൂളിൽ പോയി ചില കാര്യങ്ങൾ ചെയ്തശേഷം വീട്ടിൽ എത്തി. ഉച്ചയോടുകൂടി കൊല്ലം രൂപതയിലെ ഫാ. ഡേവിഡ് തൂയത്തുപള്ളി വന്നു. ഊണുകഴിഞ്ഞ് വിശ്രമിച്ച് 3 മണിക്ക് തിരിച്ചുപോയി.

**ജൂൺ 1.** കുമ്പഴക്ക് പോയി. അവിടെ നിന്നും പുത്തൻപീടികയിൽ പോയി സ്കൂൾ സ്ഥലം കണ്ടു. പ്ലാൻ തയ്യാറാക്കി പള്ളിയിൽ എത്തി അച്ചനെ കണ്ടു. തിരിച്ച് 2 മണിയോട് വീട്ടിൽ എത്തി.

**7.** കൊല്ലത്ത് പോയി 11 മണിക്ക് ഡിവിഷൻ ഇൻസ്പെക്ടർ ആഫീസിൽ എത്തി അദ്ദേഹത്തെ കണ്ടു. 30 പേരെ ശിപാർശ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു (ട്രെയിനിംഗ് സ്കൂൾ അഡ്മിഷനു വേണ്ടി). ഉടനെ തിരുവനന്തപുരത്തിന് പോയി. 5 മണിക്ക് എത്തി.

**10.** അരമനയിൽ നിന്നും ഡി.പി.ഐ. ഓഫീസിൽ എത്തി ചില വിവരങ്ങൾ അറിഞ്ഞു. ചാലയിലും മറ്റും പോയിട്ട് 12 മണിക്ക് അരമനയിൽ തിരിച്ചെത്തി. 300 രൂപ തടിക്കും മറ്റും കൊടുത്തു. മടങ്ങിപോന്നു.

**13.** ഇന്ന് ഡി.പി.ഐ. യുടെ ഓർഡർ 30 പേരെ പ്രവേശിപ്പിക്കുവാൻ കിട്ടി. 4 പേരെ കൂടി പ്രവേശിപ്പിച്ച് അപേക്ഷ എഴുതി അയച്ചു.

**19.** രാവിലെ മുണ്ടുകോട്ടയ്ക്കൽ സംഘം വക കച്ചവടത്തിന് ഡിപ്പോ തുടങ്ങാൻ പോയി. 10 മണിയോടു കൂടി ഡിപ്പോ തുടങ്ങി. തിരിച്ചു വന്ന് സ്കൂളിൽ എത്തി വിശ്രമിച്ചു.

**20.** പത്തനംതിട്ട പോയി അസിസ്റ്റന്റ് റേഷനിംഗ് ഓഫീസറെ കണ്ട് മുണ്ടുകോട്ടയ്ക്കൽ ഡിപ്പോ തുടങ്ങിയ കാര്യം പറഞ്ഞ് മടങ്ങി.



www.malankaralibrary.com

**22.** ഇന്ന് മണ്ണാരക്കുളഞ്ഞിയിൽ ഡിപ്പോ തുടങ്ങുന്നതിന് വേണ്ട ഏർപ്പാടു ചെയ്തു.

**24.** രാവിലെ ചൊല്ലി. 10 മണി ആയപ്പോൾ ആളുകൾ പള്ളിയിൽ കൂടി. അനേകർ അപ്പവും മറ്റും കൊണ്ടുവന്നു. 1 മണിക്ക് ഉത്തരം കൂട്ടി. പലഹാരവും കാപ്പിയും ഏവർക്കും കൊടുത്തു.



തിരുഹൃദയ (പഴയ) പള്ളി

**25.** 10 മണിയോടുകൂടി മുണ്ടുകോട്ടയ്ക്കൽ എത്തി ഡിപ്പോ തുറന്ന് സാധനങ്ങൾ വിൽക്കാനും മറ്റും ഏല്പിച്ചു. കേസ് എടുത്തു എന്ന് അറിഞ്ഞു. രാത്രി 10 മണിക്ക് ഞാനും മാധവൻ കർത്താവും കൂടി സ്വാമിയെ വീട്ടിൽ പോയി കണ്ടു. ഡിപ്പോ തുറക്കാൻ പറഞ്ഞശേഷം സ്വാമിതന്നെ കേസ് എടുത്തത് എന്തിനെന്ന് ചോദിച്ചു. ഉഴപ്പൻ ഉത്തരം പറഞ്ഞു. ഇനിയും ഒന്നും ചെയ്യുകയില്ലയെന്ന് പറഞ്ഞു.

**26.** 2 മണിയോടുകൂടി റാന്നിയിൽ പോയി പകുതി കച്ചേരിയിൽ വച്ച് എന്റെ മൊഴി വേണമെന്ന് പറഞ്ഞു. ഞാൻ മൊഴി കൊടുത്തു. അപ്പോൾ അദ്ദേഹത്തിന്റെ ചോദ്യത്തിനുള്ള മറുപടിമാത്രം മതി എന്നും വേറെ പറയാനുള്ളത് സ്റ്റേറ്റുമെന്റായി തന്നാൽ മതിയെന്നും പറഞ്ഞു. സ്വാമി പറഞ്ഞിട്ടാണ് ഡിപ്പോ തുടങ്ങിയതെന്ന് പറഞ്ഞത് രേഖപ്പെടുത്തിയില്ല. 5 മണിക്ക് മടങ്ങി പോന്നു.

**28.** രാവിലെ നരിയാപുരത്ത് പോയി വയലിൽ ജോർജുകുട്ടിയെ കണ്ട് വിവരം പറഞ്ഞു, സ്വാമിയെ കണ്ട് കാര്യം പറയുന്നതിന്.

**29.** വീട്ടിൽ 11 മണിക്ക് ഞാനും ചെങ്ങന്നൂർ കണ്ണന്താനം കുഞ്ഞും കൂടി ഇരിക്കുമ്പോൾ താലൂക്ക് കച്ചേരിയിലെ പ്യൂൺ ഒരു കത്ത് കൊണ്ടു തന്നു. അത് സംഘത്തിന്റെ കച്ചവട ലൈസൻസ് റദ്ദു ചെയ്തു എന്നാ



www.malankaralibrary.com

യിരുന്നു. ഉടനെ സ്റ്റോറിലെത്തി സ്റ്റോർ അടയ്ക്കാൻ പറഞ്ഞു. തിരുവനന്തപുരത്തിന് പോയി.

**30.** അരമനയിൽ ചൊല്ലി. ഉച്ചയോടുകൂടി ടൗണിൽ എത്തി ശ്രീ. പി.റ്റി. വറുഗീസിനെ കണ്ട് വിവരം പറഞ്ഞു. അപ്പീൽ തയാറാക്കി കത്തീഡ്രലിൽ കിടന്നു.

**ജൂലൈ 1.** അപ്പീൽ ടൈപ്പു ചെയ്ത് രാവിലെ തന്നെ രജിസ്ട്രാരെ കണ്ട് വിവരം പറഞ്ഞു. അതിനുശേഷം റേഷനിംഗ് ഓഫീസറെ കണ്ടു അപ്പീൽ കൊടുത്തു. പള്ളിയിൽ തിരിച്ചെത്തി. (ജൂൺ 30 മുതൽ ജൂലൈ 13 വരെ അരമനയിലും പാളയത്ത് കത്തീഡ്രലിലും താമസിച്ച് പല ഉദ്യോഗസ്ഥന്മാരെയും കണ്ടു വേണ്ടത് ചെയ്തു കൊണ്ടിരുന്നു). ജൂലൈ 8-ാം തീയതി എനിക്കുവേണ്ടി കത്തീഡ്രലിൽ മൂന്നിന്മേൽ കുർബാന ചൊല്ലിച്ചു. പലരേയും കണ്ടു.

**13.** വൈകിട്ട് 4.25-ന് പാളയത്തു നിന്നും ബസിൽ കയറി ചെങ്ങന്നൂർ വഴി മൈലപ്രായിൽ 9.45-ന് എത്തി.

**20.** മൈലപ്രായിൽ നിന്നും രാവിലെ ബസിൽ കയറി കൂടല്ലൂരിൽ എത്തിയപ്പോൾ ബസ് കേടായി. അവിടെ നിന്ന് സൂര്യഗ്രഹണം കണ്ടു. കൂട്ടുകാരും കൂടി നടന്ന് പത്തനാപുരത്ത് എത്തിയപ്പോൾ ബസ് വന്നു. അതിൽ കയറി പുനലൂരിൽ എത്തി. മൂന്നര മണിക്ക് തിരുവനന്തപുരത്തിന് പോയി (21-24 വരെ തിരുവനന്തപുരത്ത് ആഫീസിൽ കയറി പലരുമായി കേസു സംബന്ധിച്ച് സംസാരിച്ചു).

**25.** കത്തീഡ്രലിൽ ചൊല്ലി. റേഷൻ കേസ് ഇന്ന് 5 മണിക്ക് ദോഷമായി തീരുമാനിച്ചു. ഓർഡർ വാങ്ങിപോന്നു.

**26.** അപ്പീൽ കൊടുക്കുവാൻ തീരുമാനിച്ചു. അതിന് വേണ്ടതെല്ലാം ചെയ്തുകൊണ്ടിരുന്നു. 28-ാം തീയതി മടങ്ങിപോന്നു.

**30.** 11 മണിയോട് ചെങ്ങന്നൂർക്ക് പോയി, അവിടെനിന്ന് തിരുവല്ലായിൽ നാലര മണിക്ക് എത്തി. കുഞ്ഞമ്മാവനും സ്കറിയാ വക്കീലും അവിടെ ഉണ്ടായിരുന്നു. ഒരു കാറിൽ ഞങ്ങൾ ആറന്മുള എത്തി തഹസീൽദാർ മി. രാഘവൻപിള്ളയെ കണ്ട് സംഗതികൾ പറഞ്ഞു. പിന്നെ ചെങ്ങന്നൂരെത്തി ഞാൻ കാടുവെട്ടൂർ വൈദ്യന്റെ വീട്ടിൽ എത്തി താമസിച്ചു. (ആഗസ്റ്റ് 1-13 വരെ 12 ആവർത്തിച്ച എണ്ണയും സേവിച്ച് പത്ഥ്യത്തിൽ കഴിഞ്ഞു).

ME 1120, 1121, 1122 ഡയറികൾ -
(1944 August 16 - 1947 August 16 വരെ) നഷ്ടപ്പെട്ടു.





www.malankaralibrary.com

# 1947

**ആഗസ്റ്റ് 18.** പതാക്കു വറുഗീസിന്റെ തടിവാങ്ങി, വില ഒന്നും പറഞ്ഞില്ല. 100 രൂപ കൊടുക്കണം. പാറപ്പള്ളിൽ വീടുപണി (പുതിയ വീടു റോഡു സൈഡിൽ) നടക്കുന്നു.

**19.** പള്ളിയിൽ നിന്നും ഞാനും ജോൺ മാത്യു അച്ചനും കൂടി വീട്ടിൽ എത്തി കാപ്പികുടി കഴിഞ്ഞ് റോഡിൽ വന്ന് വീടുപണി കണ്ടു. അതു കഴിഞ്ഞ് ഞാൻ സ്കൂളിൽ എത്തി. പത്തനംതിട്ട പോയി 3.30-ന് ജൗളി കമ്മറ്റി കൂടി പല കാര്യങ്ങളും നിശ്ചയിച്ചു. അഞ്ചര മണിക്ക് പിരിഞ്ഞു. 6 മണിക്ക് ശേഷം പള്ളിയിൽ എത്തി തെങ്ങിട തോമ്മായെപറ്റി വന്ന പരാതിയെപ്പറ്റി അയാളോട് ചോദിച്ചു. 10 മണിക്ക് വീട്ടിൽ എത്തി.

**20.** 10 മണി കഴിഞ്ഞ് ഊതിമൂട്ടിൽ പോയി ജൗളി വിതരണം ഭംഗിയായ നടക്കുന്നത് കണ്ടു. കുറെ കഴിഞ്ഞ് തോപ്പിൽ എത്തി വിശ്രമിച്ചു. ഊണു കഴിഞ്ഞ് ഒരു മണിയോട് വിതരണം ഒന്നുകൂടി പോയി കണ്ടിട്ട് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. പിന്നീട് വയലത്തല പോയി വെട്ടിയാനിക്കൽ എത്തി വിശ്രമിച്ചു. അവിടെ താമസിച്ചു.

**25.** പത്തനംതിട്ട പോയി ടെക്സ്റ്റൈൽ കമ്മറ്റി മീറ്റിംഗ് 3 മണിക്ക് തുടങ്ങി. വളരെ പ്രാധാന്യമായി പങ്കെടുത്ത് പല നിശ്ചയങ്ങൾ എടുത്തു.

**27.** തെങ്ങിടയിൽ തോമ്മായുടെ പേരിൽ ഉള്ള കേസ് വിസ്താരം നടന്നു. മരുമകൻ മൊഴി തന്നു. ഒടുവിൽ അയാൾ എല്ലാം സമ്മതിച്ചു. അവർ നിർബന്ധിച്ചിട്ട് അവളുടെ സമ്മതത്തോടു കൂടി മാത്രമേ അയാൾ ഇടപെട്ടിട്ടുള്ളൂ എന്ന് പറഞ്ഞു. അവസാനം വേണ്ട തീരുമാനം ചെയ്തു. ഒരാഴ്ചയ്ക്കകം അവൾ ഭർത്താവിനോടു കൂടി നിൽക്കണമെന്നു അയാൾ കുമ്പസാരിച്ച് കുർബാന കൊള്ളണമെന്ന പ്രായശ്ചിത്തം ചെയ്യണമെന്നും നിശ്ചയിച്ചു. 5 മണിക്ക് പിരിഞ്ഞു.

**28.** കുർബാനക്കുശേഷം ഞാനും കൊച്ചച്ചനും (ഫാ. ജോൺ മാത്യു) കൂടി റാന്നി കളമ്പാലയ്ക്ക് പോയി ശീമോൻ കുഞ്ഞിനെ കണ്ടു. അച്ചന്റെ പെങ്ങൾക്കുവേണ്ടിയുള്ള കല്ല്യാണമാലോചന സംബന്ധിച്ചാണ് പോയത്. 2 മണി കഴിഞ്ഞ് റാന്നിയിൽ എത്തി ചില ജൗളിക്കടകൾ പരിശോധിച്ചു. 5 മണിക്ക് വീട്ടിൽ എത്തി.

**31.** 2 മണിക്ക് പത്തനംതിട്ട Food Relief Committee - ക്ക് പോയി പല കാര്യങ്ങളും ആലോചിച്ചശേഷം മടങ്ങിപോന്നു.

**സെപ്റ്റംബർ 1.** പല കാര്യങ്ങളും ചെയ്തിട്ടു വൈകിട്ട് പള്ളിയിൽ എത്തി. അപ്പോൾ പത്തരയിലെ കുട്ടി വന്നു അവന്റെ ഭാര്യയെ



www.malankaralibrary.com

വിളിച്ചിട്ടു അവനോടുകൂടി വീട്ടിൽ വരുന്നില്ലെന്ന് പറഞ്ഞു. കുറെ ക്ഷമിക്കാൻ പറഞ്ഞ് വിട്ടു. 8 മണിക്ക് വീട്ടിൽ എത്തി.

**3.** നെല്ലെടുക്കാൻ പാർവ്വത്യകാർ വന്നിരുന്നു. കൂടാതെ ചെങ്ങന്നൂർ നിന്നും ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസർ വന്ന് വില്ലേജ് യൂണിയന്റെ അതിർത്തിയിൽ മട വീണത് അളുന്നു കൊണ്ടുപോയി. ഞാൻ അവരോടുകൂടി 4 മണിവരെ നടന്നു കാണിച്ചുകൊടുത്തു.

**4.** മട ഇടുന്നിടത്ത് പോയി നിന്നു 5 മണി കഴിഞ്ഞ് പത്തനംതിട്ടക്ക് പോയി. ഇന്ന് ഉത്തരവാദ ഭരണപ്രഖ്യാപനം മഹാരാജാവ് നടത്തി. 9 മണിക്ക് മടങ്ങിപോന്നു.

**6.** രാവിലെ വയലത്തല പള്ളിയിൽ ഞാനും മൈലാടി അച്ചനും (ഫാ. ജോസഫ്) ജോൺ മാത്യു അച്ചനും കൂടി കഴിയംമണ്ണിൽ കോശി അച്ചനു വേണ്ടി മൂന്നിൻമേൽ കുർബാന ചൊല്ലി. ഇന്ന് അദ്ദേഹത്തിന്റെ ഒരാണ്ടായിരുന്നു. വീട്ടിൽ പോയി ധൂപപ്രാർത്ഥനയും മറ്റും കഴിഞ്ഞ് 2 മണിയോട് ഞാൻ തോട്ടമൺ പോയി തൊമ്മസാറിന്റെ വീട്ടിൽ എത്തി താമസിച്ചു.

**7.** തോട്ടമൺ പള്ളിയിൽ പരസ്യ കുർബാന ചൊല്ലി. 12 മണിക്ക് മടങ്ങിപോന്നു. 4 മണിക്ക് സ്റ്റേറ്റ് കോൺഗ്രസിന്റെ ഒരു മീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ പള്ളി മൈതാനത്ത് കൂടി. അനുമോദന പ്രമേയം പാസ്സാക്കി.

**8.** ഉച്ച കഴിഞ്ഞ് പത്തനംതിട്ട പോയി ടെക്സ്റ്റൈൽ കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു. 6 മണിക്ക് മടങ്ങിപോന്നു.

**9.** പത്തനംതിട്ട എത്തി ജോർജ് കണ്ണന്താനത്തിനെ കണ്ടു വെടിയാറ്റുകാരന്റെ വസ്തു സംബന്ധിച്ച് നോട്ടീസ് അയപ്പിച്ചു. പിന്നീട് റാന്നിയിൽ എത്തി പേട്ട മാർക്കറ്റിൽ ചില ജൗളി കടക്കാരെ കണ്ട് പരിശോധിച്ച് കാര്യങ്ങൾ പറഞ്ഞു. രാത്രിയിൽ താഴത്തച്ചന്റെ വീട്ടിൽ പോയി ഉറങ്ങി.

**10.** റാന്നി പള്ളിയിൽ ചൊല്ലി. ഡോ. പി.പി. ജോർജിന്റെ വീട്ടിൽ പോയി ഷേക്കിന്റെ കടയുടെ കാര്യം ആലോചിച്ചു. ചില ക്രമക്കേടുകൾക്ക് തെളിവു ശേഖരിച്ചു. അനന്തരം പ്രവൃത്തി കച്ചേരിയിൽ എത്തി കുറെ നമ്പർ കുറിച്ചെടുത്തു. ഊണു കഴിഞ്ഞ് പള്ളിയിൽ എത്തി കത്തുകൾ തയ്യാറാക്കി, വിതരണത്തിനായി ഏൽപിച്ചു. രാത്രി മാവേലിൽ പോയി ഉറങ്ങി.

**12.** രാവിലെ റാന്നിയിൽ പോയി ജൗളി വിതരണം നടത്തുന്നതിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പേട്ട മാർക്കറ്റിലും ചെത്തോങ്കരയിലും പോയി. ഒരു കടയിൽ കുറെ വിഷമം ഉണ്ടായിരുന്നു. അത് ഏകദേശം ശരിപ്പെടുത്തി വിതരണം നടത്തി മടങ്ങി.



www.malankaralibrary.com

**15.** മാമ്പാറ പള്ളിയിൽ ചൊല്ലിയിട്ടു പെരുനാടു ചന്തയിൽ പോയി തുണി വിതരണം നടത്തുന്നത് കണ്ട് വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് ഏർപ്പാടു ചെയ്തു. 2 മണിക്ക് മടങ്ങി പോന്നു.

**16.** റാന്നിക്ക് പോയി. ആന്താര്യത്തുകാരുടെ തുണിവിതരണം ക്രമക്കേടായിട്ടായിരുന്നു. ഞാൻ പലതും കണ്ടുപിടിച്ചു. 4 മണിക്ക് ചെത്തോങ്കര എത്തി ശമുവേലിന്റെ (കസിൻ) വീട്ടിൽ ഉറങ്ങി.

**17.** രാവിലെ മാവേലിൽ കൊച്ചുകുഞ്ഞുജേഷ്ടനെ രോഗകിടക്കയിൽ പോയി കണ്ടു. 9 മണിയോടുകൂടി റാന്നി കടയിൽ എത്തി. ആന്താര്യം മാത്തച്ചൻ കുറെ കാർഡിനുകൂടി ജൗളി കൊടുക്കണമെന്ന് പറഞ്ഞു വന്നു. ഞാൻ ആശ്ചര്യപ്പെട്ടു. ചില കടകൾ പരിശോധിച്ചശേഷം മൈലപ്രായ്ക്ക് പോന്നു.

**18.** രാവിലെ കുമ്പ്ളാംപൊയ്കയിലും തലച്ചിറയിലും പോയി തുണി വിതരണം സംബന്ധിച്ചു വേണ്ട നിർദ്ദേശം കൊടുത്തശേഷം ഉച്ചയോടുകൂടി മടങ്ങിപോന്നു. ഉച്ചകഴിഞ്ഞ് ചെങ്ങന്നൂരിൽ പോയി ഇറിഗേഷൻ സെക്ഷൻ ഓഫീസിലെത്തി അന്വേഷിച്ചു. മിഷ്യൻ ഹൗസിൽ താമസിച്ചു.

**23.** വടശ്ശേരിക്കരയിലും പെരുനാട്ടിലും പോയി ജൗളി വിതരണത്തിന് ചില ഏർപ്പാടുകൾ ചെയ്തിട്ട് മടങ്ങിപോന്നു.

**24.** 4 മണിക്ക് ട്രെയിനിംഗ് സ്കൂളിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ ഇവിടത്തെ പ്രാദേശിക സഭ മീറ്റിംഗ് കൂടി എന്നെ പ്രസിഡന്റായി തെരഞ്ഞെടുത്തു. സെക്രട്ടറി വി.കെ.വി., ഖജാൻജി കെ.എം. വർഗീസ്, 4.30–ന് തീർന്നു.

**ഒക്ടോബർ 1.** പുനലൂർ വഴി കൊട്ടാരക്കരക്ക് പോയി. അച്ചന്റെ അപ്പൻ ഇന്നലെ മരിച്ചതായി അറിഞ്ഞിരുന്നു. 2 മണിക്കൂർ അവിടെ കഴിച്ചുകൂട്ടി. പിന്നീട് തിരുവനന്തപുരത്തിന് പോയി 7 മണിയോട് അരമനയിൽ എത്തി. റമ്പാച്ചനെ കണ്ടു.

**2.** ഉച്ചയോടുകൂടി ടൗണിൽ എത്തി ശ്രീ. രാജഗോപാലിനെ കണ്ട് ചില കാര്യങ്ങൾ പറഞ്ഞു. അഞ്ചരമണിയോട് പന്തളത്തിന് തിരിച്ചു. രാത്രി 11 മണിയോടുകൂടി പമ്പൂരേത്ത് അച്ചന്റെ വീട്ടിൽ എത്തി. വല്ല്യച്ചൻ അവശതയായി കിടക്കുന്നതു കണ്ടു. അന്ത്യകൂദാശയുടെ കാര്യവും മറ്റും പറഞ്ഞ് അവിടെ താമസിച്ചു.

**3.** കാരക്കാട്ടു പള്ളിയിൽ ചൊല്ലി. വല്ല്യച്ചന് വി. കുർബാന എഴുന്നെള്ളിച്ച് കൊടുത്തു. പുന്തല പോയിട്ട് വീണ്ടും പമ്പൂരേത്ത് എത്തി. പല അച്ചൻമാരും വന്നിരുന്നു. ഊണു കഴിഞ്ഞ് കിളന്നമണ്ണിൽ എത്തി വിശ്രമിച്ചു. 3 മണിയോടുകൂടി കൊച്ചുതിരുമേനിയും (മാർ



www.malankaralibrary.com

സേവേറിയോസ് തിരുമേനി) റമ്പാച്ചനും വന്നു. 10 അച്ചൻമാരുമു ണ്ടായിരുന്നു. തൈലാഭിഷേകശുശ്രൂഷ നടത്തി. 5 മണി കഴിഞ്ഞ് മടങ്ങിപോന്നു, 9 മണിക്ക് വീട്ടിൽ എത്തി.

**8.** ഉച്ച കഴിഞ്ഞ് വെട്ടൂർ സ്കൂൾ ഹെഡ്മാസ്റ്റർ മാറ്റം സംബന്ധിച്ച് ആലോചിക്കാൻ കുമ്പഴ അച്ചന്റെ വീട്ടിൽ എത്തി. വാദ്ധ്യാൻമാരെ വരുത്തി ആലോചിച്ചു. റമ്പാച്ചനെ കൂടി കണ്ടശേഷം തീരുമാനി ക്കാനായി പിരിഞ്ഞു. പത്തനംതിട്ട പോയി തൈക്കാവു മുരുപ്പേൽ തടി അറക്കുന്നത് കണ്ടിട്ടു ഏഴര മണിക്ക് വീട്ടിൽ എത്തി.

**10.** 10 മണിയോടുകൂടി വകയാറ്റു പള്ളിയിൽ എത്തി. ഫാ. പി.വി. ജോർജ്ജിനെ റോമിൽ ഉപരിപഠനത്തിന് അയക്കുന്നത് സംബന്ധി ച്ചുകൂടിയ മീറ്റിംഗിൽ ഞാൻ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിച്ചു. മറ്റു പലരും പ്രസംഗിച്ചു.

**13.** 3 മണിക്ക് വില്ലേജ് യൂണിയൻ മീറ്റിംഗ് നടന്നു. 4 മണിക്കുശേഷം സ്റ്റേറ്റ് കോൺഗ്രസ് നേതാക്കളെ സ്വീകരിക്കാനുള്ള പൊതുയോഗം നടന്നു.

**16.** 11 മണിയോടു കുമ്പഴ പോയി മേലേതിൽ അച്ചന്റെ വീട്ടിൽ എത്തി. എം.വി.റ്റി.യ്ക്ക് (എം.വി. തോമസ്) ആളയച്ചു. അയാൾ വന്നില്ല. ഉച്ചയോടുകൂടി ഞാൻ സ്കൂളിൽ എത്തി മാറ്റത്തിന്റെ ഓർഡർ കൊടുത്തു. പരുഷമായി അയാൾ സംസാരിച്ചു. മടങ്ങി 4 മണിക്ക് വീട്ടിൽ എത്തി.

**18.** അപ്പച്ചന്റെ ഓർമ്മയ്ക്ക് കുർബാന ചൊല്ലി. വീട്ടിൽ എത്തി ധൂപം വച്ചു. ജോൺ മാത്യു അച്ചനും ചരുവിലേത്ത് അച്ചനും കുടി ഉണ്ടാ യിരുന്നു. ഭക്ഷണം കഴിഞ്ഞ് പാറപ്പള്ളിയിലെ രണ്ടു നില കെട്ടിടം കൂദാശ ജോൺ മാത്യു അച്ചൻ നടത്തി.

**21.** രാവിലെ മാവേലിക്കരക്ക് തിരിച്ചു, അവിടെ നിന്നും ഈരേഴ പോയി അച്ചന്റെ അമ്മ സുഖമില്ലാതെ കിടക്കുന്നതു കണ്ടു. സന്ധ്യക്ക് തുമ്പ മൺ പുത്തൻവീട്ടിൽ എത്തി താമസിച്ചു.

**22.** തുമ്പമൺ ചൊല്ലി. രാമൻചിറ എത്തി ഇടയിലെ വീട്ടിൽ തോമ്മാ ച്ചന്റെ കേസു കേട്ടു. പ്രക്കാനം വഴി പത്തനംതിട്ട എത്തി 1 മണി യോടു വീട്ടിൽ എത്തി. ഉച്ച കഴിഞ്ഞ് വീണ്ടും പത്തനംതിട്ട പോയി ടെക്സ്റ്റൈൽ കമ്മറ്റിയിൽ സംബന്ധിച്ചു.

**24.** ഒരു മണിയോടുകൂടി കോന്നിയിൽ പോയി അവിടത്തെ വില്ലേജ് യൂണിയന്റെ ഉദ്ഘാടനമീറ്റിംഗിൽ സംബന്ധിച്ച് പ്രസംഗിച്ചു. രാത്രി 8 മണിക്ക് വീട്ടിൽ എത്തി.

**30.** കുമ്പഴ അച്ചന്റെ വീട്ടിൽ ഞാനും സി. മാത്യു അച്ചനും കൂടി പോയി.



www.malankaralibrary.com

അനന്തരം വെട്ടൂർ സ്കൂളിൽ എത്തി എം. വി. തോമസിന്റെ സ്ഥലം മാറ്റം നടത്തി. ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി ടെക്സ്റ്റൈൽ കമ്മറ്റി കൂടി. 7 മണിക്ക് മടങ്ങിപോന്നു.

**നവംബർ 1.** എന്റെ മേടയിൽ കെട്ടിടത്തിൽ വച്ച് 3 മണിക്ക് വില്ലേജു യൂണിയൻ മീറ്റിംഗ് നടന്നു. കാലിലെ പരുവിന്റെ വേദന കൂടുതലാണ്.

**4.** കല്ലുംപുറത്ത് റോഡുവെട്ടുകാണാൻ പോയി. കടമ്മനിട്ട അച്ചനും വന്നു. കാലിന് നല്ലവേദന ഉണ്ടായിരുന്നു.

**5.** വറുഗീസ് വീട്ടിൽ വന്ന് കാലിലെ പരു പൊട്ടിച്ചു. മരുന്ന് വച്ചുകെട്ടി. കുറെ ആശ്വാസം തോന്നി.

**7.** മൈലപ്രാ തുണി വിതരണം സംബന്ധിച്ച് വേണ്ടതെല്ലാം ചെയ്തു. അറിയിപ്പ് കൊടുത്തു.

**12.** മൈലപ്രായിൽ തുണിവിതരണം നടത്തി. ഉച്ചവരെ അവിടെ മേൽനോട്ടം വഹിച്ചുനിന്നു. പത്തനംതിട്ട വായനശാല ഉദ്ഘാടനത്തിന് ടൗൺ സ്കൂളിൽ എത്തി.

**13.** ജോൺ മാത്യു അച്ചന്റെ പെങ്ങളുടെ കല്യാണത്തിന് ഒത്തു കല്യാണം നടത്താൻ അച്ചന്റെ കൂടെ ഈരേഴ പോയി. 2 മണിയോട് അത് നടത്തി കൊടുത്തിട്ടു മടങ്ങിപോന്നു.

**16.** റാന്നിയിൽ എത്തി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ഓഫീസിൽ നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് എന്റെ അദ്ധ്യക്ഷതയിൽ കൃഷി കമ്മറ്റി കൂടി. ഉടനെ ഡെപ്യൂട്ടേഷൻ പോയി ദിവാനെ കാണണമെന്ന് നിശ്ചയിച്ചു.

**18.** മൈലപ്രാ-പത്തനംതിട്ട റോഡുവെട്ടു കാര്യം സംബന്ധിച്ച് ആലോചിച്ച് ശ്രീ. വാര്യരുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. പല കാര്യങ്ങളും ആലോചിച്ച് തീരുമാനിച്ച് ഒരു കമ്മറ്റിയെ നിശ്ചയിച്ച് പിരിഞ്ഞു.

**21.** പത്തനംതിട്ട ടെക്സ്റ്റൈൽ കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

**23.** റോഡുവെട്ടു കമ്മറ്റി മീറ്റിംഗ് കൂടി, റോഡിന്റെ വീതി, ലൈയിൻ മുതലായവ നിശ്ചയിച്ച് സ്ഥലത്ത് പോയി അടയാളപ്പെടുത്തി.

**25.** രാവിലെ പെരുനാട്ടിൽ നിന്നും തിരിച്ചു നാറാണംമൂഴിയിൽ അറക്കമണ്ണിൽ തോമസിന്റെ വീട്ടിൽ എത്തി. പിന്നീട് തുണി വിതരണ സ്ഥലത്തു പോയി രണ്ടുകടകളിലെ വിതരണം നടത്തിച്ചു. ഉച്ചയ്ക്ക് പള്ളിയിൽ പോയി ഭക്ഷണം കഴിഞ്ഞ് രണ്ടു കടകളും പരിശോധിച്ചു. വൃന്ദാവനത്തിൽ എത്തി ഉറങ്ങി.

**26.** നാറാണംമൂഴിയിൽ നിന്നും തിരിച്ച് മാടമൺ വഴി വടശ്ശേരിക്കര



www.malankaralibrary.com

എത്തി ഇ.ടി. മാത്യുവിന്റെ വീട്ടിൽ കയറി വേണ്ടത് ആലോചിച്ചു. 11 മണികഴിഞ്ഞ് വീട്ടിൽ എത്തി വിശ്രമിച്ചു. 3 മണികഴിഞ്ഞ് പടി ഞ്ഞാറേക്കര റോഡുവെട്ടുന്നത് കാണാൻ പോയി. ഇന്നലെ വെട്ടിയ റോഡ് തെക്കേ അറ്റം വരെ പോയി കണ്ടു. സന്ധ്യയോടുകൂടി വെട്ടുനിറുത്തിച്ച് അടുത്ത് വെട്ടുന്നത് സംബന്ധിച്ച് ആലോചിച്ച് പിരിഞ്ഞു.

**27.** ഉച്ച കഴിഞ്ഞ് പത്തനംതിട്ട പോയി ചില കാര്യങ്ങൾ ചെയ്തു. 5 മണിയോടുകൂടി റോഡുവെട്ടു കമ്മറ്റി കൂടി വേണ്ട ആലോചനകൾ നടത്തി. പുളിനിൽക്കുന്നതിൽ ഭാഗത്ത് റോഡുവെട്ടിയടത്ത് ആകെ പരാതിയുള്ളതായി അറിഞ്ഞു. രാത്രി പല ഭാഗമായി പിരിഞ്ഞ് അരി പിരിവും പണപിരിവും നടത്തി.

**29.** പല ഭാഗത്തുമായി റോഡുവെട്ടു നടക്കുന്നു. പത്തനംതിട്ട പോയി ടെക്സ്റ്റൈൽ കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

**30.** റോഡുവെട്ടുകമ്മറ്റി മീറ്റിംഗ് 1 മണിയ്ക്ക് നടന്നു. പല കാര്യങ്ങളും ആലോചിച്ചു പിരിഞ്ഞു.

**ഡിസംബർ 1.** പള്ളിയിൽ നിന്നും 8 മണിയോടുകൂടി തെങ്ങുംതറ മേടയിൽ എത്തി. ഒരു ഡിസ്പെൻസറി ഉദ്ഘാടനത്തിന് ഡോ. ടി.എം. മാത്യു വന്നിരുന്നു. എന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഞാൻ അതിന്റെ ഉദ്ഘാടനം നടത്തി. ഡോ. മാത്യുവും മാധവൻ കർത്താവും മറ്റും പ്രസംഗിച്ചു.

**4.** ഡോക്ടർ വന്ന് പരിശോധിച്ച് പലർക്കും മരുന്ന് കൊടുത്തു.

**5.** റോഡുവെട്ടിന് പോയി, മാമ്പറ പടിക്കൽവരെ വെട്ടി. മാമ്പറ നിന്നും ഊണു കഴിഞ്ഞു. 6 മണിയോടുകൂടി മടങ്ങി റോഡുകമ്മറ്റി കല്ലൂ നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി, പല നിശ്ചയങ്ങൾ എടുത്തു.

**7.** ഉച്ചകഴിഞ്ഞ് റോഡുവെട്ടു കേസിന്റെ കാര്യവും ജാമ്യം എടുക്കുന്ന കാര്യവും പലരുമായി ആലോചിച്ചു.

**8.** പത്തനംതിട്ട പോയി 23 പ്രതികളും കൂടി മത്തായി വക്കീലിനെയും കണ്ട് ഒന്നാം ക്ലാസിൽ ജാമ്യം അനുവദിപ്പിക്കുന്നതിന് അപേക്ഷിച്ചു. ജാമ്യം കിട്ടി. 3 മണിയോട് ഞാൻ ചെങ്ങന്നൂരിൽ എത്തി ഇറിഗേഷൻ ഓഫീസറെ കണ്ട് മടയുടെ വിവരം അറിഞ്ഞു. അനന്തരം എ.എ സ്.പി. യെ പോയി കണ്ടു റോഡ് കേസ് സംബന്ധിച്ച് രാത്രി മടങ്ങി മാമ്പറ ചെറിയാറ്റുപുരത്ത് വന്ന് കിടന്നു.

**9.** റോഡുവെട്ടുണ്ടായിരുന്നു. മാക്കാംകുന്ന് ഗവ. ആശുപത്രിയിൽ



www.malankaralibrary.com

പോയി കോഴിമല കുഞ്ഞവറാച്ചൻ (ജേഷ്ടൻ തോമാച്ചായന്റെ മകൻ) കാലൊടിഞ്ഞ് കിടക്കുന്നത് കണ്ടു. ഡോക്ടറുമായി സംസാരിച്ചു. ഉച്ചവരെ അവിടെ കഴിഞ്ഞു വേണ്ടത് ചെയ്തു. വീണ്ടും റോഡു വെട്ടുസ്ഥലത്തെത്തി. സന്ധ്യയോടുകൂടി വെട്ടു നിറുത്തിച്ചിട്ട് മീറ്റിംഗ് കൂടി ആലോചിച്ചു.

**11.** ഇറിഗേഷൻ സെക്ഷൻ ആഫീസർ വന്ന് മട വീണത് അളന്നു. പ്യൂൺ വന്നു. 10 രൂപ കൊടുത്തു.

**15.** പത്തനംതിട്ട പോയി. ഇന്ന് റോഡു കേസായിരുന്നു. 11 മണി മുതൽ കച്ചേരിയിൽ തന്നെ കഴിച്ചുകൂട്ടി. 7 മണിയോടുകൂടി ജാമ്യം കിട്ടി, പിരിഞ്ഞു. ജാമ്യം തരാതിരിക്കാൻ അവർ ശ്രമിച്ചു.

**18.** കുമ്പഴ പോയി മേലേതിൽ അച്ചനെ കണ്ടു ചില കാര്യങ്ങൾ ആലോചിച്ചു. പത്തനംതിട്ട പോയി എന്റെ അദ്ധ്യക്ഷതയിൽ കർഷക മീറ്റിംഗ് നടന്നു. രാത്രി മടങ്ങി.

**23.** കോഴിമല കുഞ്ഞവറാച്ചന്റെ കാല് ഒടിഞ്ഞത് വളരെ കൂടുതലായി. ഡോ. ജോർജിനെ വിളിച്ചു വരുത്തി കാണിച്ചു. അവരുടെ ആശുപത്രിയിൽ ആക്കണമെന്ന് പറഞ്ഞു. ആശുപത്രിയിൽ കൊണ്ടാക്കി ഞാൻ 12 മണി വരെ അവിടെ കഴിച്ചുകൂട്ടി.

**24.** നല്ല സുഖമില്ല. നടുവിന് വേദനയുണ്ട്. കുറെ വിശ്രമിച്ചു. 3 മണിയോടുകൂടി മേക്കൊഴൂർ റോഡുവെട്ടു കാണാൻ പോയി. അവിടെ ഡോക്ടറുടെ കത്തുമായി ഒരാൾ വന്നു. കുഞ്ഞവറാന്റെ കാൽ മുറിച്ചെങ്കിലേ സുഖമാകയുള്ളൂയെന്ന് അറിയിച്ചു. ഞാൻ ഉടനെ ആശുപത്രിയിൽ എത്തി. 6 മണിയോടുകൂടി കോഴഞ്ചേരിയിൽ നിന്നും ഡോ. പി.കെ. ജോസഫും വന്നു. മൂന്നുപേരും കൂടി ആലോചിച്ചിട്ട് ഒടുവിൽ രണ്ടും ദിവസം കൂടി കാത്തു നോക്കിയിട്ട് നിശ്ചയിക്കാം എന്നു പറഞ്ഞു. അൽഫോൺസാമ്മയുടെ മാദ്ധ്യസ്ഥതയിൽ ഞാൻ നേരത്തെ അപേക്ഷിച്ചിരുന്നു. 9 മണിക്ക് വീട്ടിൽ എത്തി.

**29.** രാവിലെ ഗോപാലൻ നായരും കൂടി പോലീസ് ഇൻസ്പെക്ടറിനെ കണ്ടു റോഡു കേസിന്റെ കാര്യം പറഞ്ഞു. കേസു തീർക്കാനുള്ള മാർഗം അദ്ദേഹം ആലോചിക്കാം എന്നു പറഞ്ഞു. അതുകഴിഞ്ഞ് ഞാൻ ആശുപത്രിയിൽ പോയി. കാലിലേത് അഴിച്ചുനോക്കി. വളരെ കുഴഞ്ഞ പ്രശ്നമായി എനിക്ക് തോന്നി. ഡോ. ജോർജ്ജ് എന്നോടും കൊച്ചച്ചനോടും (ഫാ. ജോൺ മാത്യു) പറഞ്ഞത് കാലു മുറിച്ചേ രക്ഷയുള്ളൂ എന്നാണ്. കോഴഞ്ചേരിയിൽ നിന്നും ഡോക്ടറെ വരുത്തി നാളെ രാവിലെ ചെയ്യണമെന്നാണ് പറഞ്ഞത്.



www.malankaralibrary.com

# 1948

**ജനുവരി 2.** ഉച്ചയോടുകൂടി ആശുപത്രിയിൽ പോയി ഡോക്ടറെ കണ്ട് കാലുമുറിച്ചു കിടക്കുന്ന കുഞ്ഞവറാന്റെ സ്ഥിതി അന്വേഷിച്ചു.

**11.** ഉച്ചകഴിഞ്ഞ് ഞാനും ബേബിയും കൂടി തോണി കടവിലേക്ക് പോയി. രാത്രി 7 മണിക്ക് അവിടെ എത്തി. അളവുകാർ അവിടെ ഉണ്ടായിരുന്നു. അവിടെ രാത്രി ഉറങ്ങി.

**12.** രാവിലെ അളവുകാർ ജോലി തുടങ്ങി. സുപ്രവൈസർ പീലിപ്പോസ് വന്നു. സ്ഥലനിർണ്ണയം ചെയ്തു. 5 മണിയോടുകൂടി ഒരുമിച്ച് വള്ളത്തിൽ വടശ്ശേരിക്കരക്ക് പോയി. അവിടെ നിന്നും തിരിച്ച് രാത്രി വീട്ടിൽ എത്തി.

**14.** 4 മണിയോടുകൂടി പത്തനംതിട്ട ആശുപത്രിയിൽ എത്തി. ഡോക്ടർ നടത്തിയ ടീപാർട്ടിയിൽ സംബന്ധിച്ചു. ഡോക്ടർക്ക് 250 രൂപ കൊടുത്തിട്ടു ബാക്കി പിന്നീടു കൊടുക്കാമെന്ന് പറഞ്ഞ് ഞാൻ പോന്നു.

**15.** കുഞ്ഞവറാനെ ആശുപത്രിയിൽ നിന്നും രാവിലെ ഡോ. മാത്യുവിന്റെ കാറിൽ കോഴിമല കൊണ്ടുവന്നാക്കി.

**17.** രാവിലെ വില്ലേജ് യൂണിയൻ തെരഞ്ഞെടുപ്പു തർക്കം സന്ധിയിൽ തീർക്കാൻ പോയി ശ്രമിച്ചു. 2 മണിക്ക് മീറ്റിംഗ് കൂടി. ഞാനുൾപ്പെടെ 5 പേരെ തെരഞ്ഞെടുത്തു. വലിയ പിടിയോ ശല്യമോ അവിടെ ഇല്ലായിരുന്നു. എതിരാളികൾ വിചാരിച്ചതൊന്നും സാധിച്ചില്ല.

**20.** രാവിലെ ഞാനും അച്ചനും (ഫാ. ജോൺ മാത്യു) കൂടി മാവേലിക്കര ഈരേഴത്ത് പോയി 11 മണിക്ക് അച്ചന്റെ വീട്ടിൽ എത്തി, അച്ചന്റെ അമ്മയുടെ സുഖക്കേടു കണ്ടു. ഞാൻ 2 മണിക്ക് മടങ്ങിപോന്നു.

**25.** രാവിലെ തിരുവല്ലാ കത്തീഡ്രലിൽ എത്തി. അവിടെ അഷ്ടദിന പ്രാർത്ഥന സമാപനം നടക്കുകയായിരുന്നു. അതിനുശേഷം മലങ്കര കത്തോലിക്കാ കോൺഗ്രസ് മീറ്റിംഗ് നടന്നു. കഴിഞ്ഞ വർഷത്തെ കണക്ക് പാസാക്കി രണ്ടു മാസത്തിനകം പണം തരാമെന്ന് നിശ്ചയിച്ചു.

**26.** തിരുവല്ലായിൽ നിന്നും രാവിലെ മൈലപ്രായിൽ എത്തി. എന്റെ കെട്ടിടത്തിൽ തഹസീൽദാർ വന്നു. പല കാര്യങ്ങളും അദ്ദേഹവുമായി സംസാരിച്ചുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞ് അദ്ദേഹം തിരിച്ചുപോയി.

**29.** മുരുപ്പേൽ ഒരു വീടുകൂദാശ പോയി നടത്തിയിട്ട് വന്നു. 4 മണിയോടുകൂടി, പത്തനംതിട്ട കാളവണ്ടി തൊഴിലാളികളുടെ ഒരുയോഗം എന്റെ അദ്ധ്യക്ഷതയിൽ വില്ലേജ് യൂണിയൻ ഓഫീസിൽ വച്ചു നടന്നു. പല നിശ്ചയങ്ങളും എടുത്തു. 5 മണി കഴിഞ്ഞ് ഞാനും കൊച്ചച്ചനും കൂടി പത്തനംതിട്ട പോയി ചിലരെ കണ്ടിട്ടു രാത്രി മടങ്ങിവന്നു.



www.malankaralibrary.com

**ഫെബ്രുവരി 1.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. തടത്തിൽ കാക്കു വൈദ്യന്റെ വീട്ടിൽ പോയി ഭക്ഷണം കഴിച്ചു. 4 മണിയോടു പള്ളിയിൽ എത്തി വസ്തു പാട്ടത്തിന് ലേലം ചെയ്ത് കൊടുത്തു. അതുകഴിഞ്ഞ് സന്ധ്യ യോടുകൂടി ഞാനും അച്ചനും കൂടി കടമ്മനിട്ട അച്ചന്റെ മകൻ പാപ്പച്ചന്റെ കല്യാണം സംബന്ധിച്ച് അവിടെ പോയി പള്ളിയിൽ താമസിച്ചു.

**5.** രാവിലെ റാന്നിയിൽ, ഇലഞ്ഞിലേത്ത് അന്നമ്മയുടെ (ജോൺ മാത്യു അച്ചന്റെ സഹോദരി) കല്യാണം സംബന്ധിച്ച് അവരുടെ ബസിൽ പോയി. അവിടെ എത്തി 10 മണിയോടുകൂടി കല്യാണം നടത്തി. വേറെ 9 അച്ചന്മാരും ഉണ്ടായിരുന്നു. 3 മണിയോട് മടങ്ങി എത്തി. പള്ളിയിൽ എത്തി ആദ്യവെള്ളിയാഴ്ചയുടെ ഒരു മണിക്കൂർ ആരാധന നടത്തി. രാത്രി 1.30–ന് ഈരേഴത്തു നിന്നും ആൾ വന്ന് അച്ചന്റെ അമ്മ മരിച്ചതായി പറഞ്ഞു.

**6.** കുമ്പസാരിപ്പിക്കലും കുർബാനയും കഴിഞ്ഞ് കൊച്ചുവിളയിൽ അബ്രഹാമിന്റെ 6 മാസം പ്രായമുള്ള കൊച്ചുമകൾ മരിച്ചതറിഞ്ഞ് അവിടെ പോയി. പിന്നീട് അടക്കി കഴിഞ്ഞ് ഈരേഴക്ക് റാന്നിക്കാർ വന്ന കാറിൽ പോയി. 10 മണി കഴിഞ്ഞ് അവിടെ എത്തി. വേറെ അച്ചന്മാരും ഉണ്ടായിരുന്നു. 6 മണിയോട് അടക്കം കഴിഞ്ഞു. രാത്രി തട്ടാരംബലത്ത് എത്തി ഉറങ്ങി.

**13.** രാവിലെ പാളയം കത്തീഡ്രലിൽ ചൊല്ലി. അവിടെ നിന്നും കെ. ആർ. നമ്പിയാരെ പോയി കണ്ടു പല കാര്യങ്ങളും പറഞ്ഞു. പിന്നീട് മറ്റു പല ആഫീസുകളിലും പോയശേഷം ഊണു കഴിഞ്ഞ് ശ്രീ. രാജഗോപാലിനെ കണ്ടു കാര്യം പറഞ്ഞു. 4 മണിക്ക് അരമനയിൽ എത്തി, 5 മണിക്ക് മടങ്ങി. 7 മണിക്ക് കൊട്ടാരക്കരക്ക് തിരിച്ചു 9 മണിക്ക് അവിടെ എത്തി കൈപ്പയ്ക്കൽ അച്ചന്റെ വീട്ടിൽ താമസിച്ചു.

**23.** പത്തനംതിട്ട റ്റി.ബി.യിൽ പോയി വിദ്യാഭ്യാസ സെക്രട്ടറി ശ്രീ. കേശവൻ നായരെ കണ്ടു സംസാരിച്ചു. മടങ്ങി വീട്ടിൽ എത്തി.

**24.** ഗോപാലപിള്ളയോടുകൂടി കോഴഞ്ചേരിയിൽ പോയി മുളമൂട്ടിൽ ഈപ്പച്ചനെ കണ്ടു റോഡു വെട്ടുന്ന കാര്യം പറഞ്ഞു. സമ്മതമാണെന്നും മാനേജരെ കാണണമെന്നും പറഞ്ഞു. ഉടനെ പോയി മാനേജരെ കണ്ടു. മടങ്ങിപോന്നു.

**മാർച്ച് 1.** പന്തളത്ത് മത്തായി സാർ വന്നു. വൃന്ദാവനം തോട്ടത്തിന്റെ കാര്യം പറഞ്ഞു. അസുഖമായി പോയി.

**3.** പത്തനംതിട്ട പോയി വഴി വെട്ടുസംബന്ധിച്ചു പൊടിയൻ പിള്ളയുടെ പരാതി അനുസരിച്ച് പോലീസ് ഇൻസ്പെക്ടരെ കണ്ടു പല കാര്യങ്ങളും പറഞ്ഞു.



www.malankaralibrary.com

**5.** മൈലപ്രാപള്ളി പടിക്കൽ കരുവിൻഞ്ചേരിൽ പടിക്കൽ നിന്നും കണ്ടത്തിൽ കൂടി കാലായിൽ പടിക്കൽ വരെ റോഡുവെട്ടുന്നതിന് ലൈൻ ഇട്ടു. 50 പേരുണ്ടായിരുന്നു.

**6.** റോഡുവെട്ടു തുടങ്ങി. 50 പേരുണ്ടായിരുന്നു. വേണ്ട നിർദ്ദേശം കൊടുത്തു.

**13.** International Money Loan സംബന്ധിച്ച് അപേക്ഷയും 50 രൂപ 10 അണ ഇന്നയച്ചു. 5000 രൂപ ലോണിനുള്ള അപേക്ഷയാണ് അയച്ചത്. 10 മണിയോട് റാന്നിയിൽ പോയി മില്ലിൽ കുഞ്ഞിന്റെ വീട്ടിൽ എത്തി. ഊണും വിശ്രമവും കഴിഞ്ഞ് കളീയ്ക്കൽ മുതലായ സ്ഥലത്ത് കയറി. പിന്നീട് വില്ലേജ് യൂണിയൻ മീറ്റിംഗിൽ കൂടി വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു മടങ്ങിപോന്നു.

**15.** ഇന്ന് മൈലപ്രാ പാറപ്പള്ളിൽ വാങ്ങിച്ച 80 സെന്റ് പുരയിടം അളന്നു നോക്കി. 66 സെന്റു മാത്രമേയുള്ളൂ. 14 സെന്റ് അടുത്ത കൊണ്ടൂർ പുരയിടത്തിൽ കയറി കിടപ്പുണ്ട് എന്ന് മനസിലായി.

**22.** പത്തനംതിട്ട എത്തി എസ്. രാമൻ പിള്ളയോടുകൂടി ചെങ്ങന്നൂരിൽ പോയി എ.എസ്.പി.യെ കണ്ടു റോഡുവെട്ടു കേസും മറ്റും പറഞ്ഞു. അവിടെ ഇറിഗേഷൻ സെക്ഷൻ ഓഫീസറെ കണ്ട് വിവരം അറിഞ്ഞിട്ടു മടങ്ങി. സന്ധ്യയ്ക്ക് കുർബാന ചൊല്ലി.

**25.** മണ്ണാരകുളഞ്ഞിയിൽ പെസഹാ കുർബാന ചൊല്ലി, പോന്നു.

**ഏപ്രിൽ 2.** ആദ്യവെള്ളി. കൊച്ചച്ചന് പനി ഉണ്ട്. അനേകരെ കുമ്പസാരിപ്പിച്ചു കുർബാന ചൊല്ലി. വീട്ടിൽ എത്തി ടെക്സ്റ്റൈൽ അസിസ്റ്റന്റ് ശ്രീ. ടി.എം. ചാക്കോ വന്ന് നെയ്ത്തുശാലയും മറ്റും പരിശോധിച്ചിട്ട് പോയി.

**5.** ഉച്ചകഴിഞ്ഞ് തിരുവല്ലായിൽ എത്തി. കാർ പിടിച്ച് മറ്റു അച്ചൻമാരോടുകൂടി മേളാംപറമ്പിൽ എത്തി. അവിടെ പത്ത് കമ്മറ്റി അംഗങ്ങൾ ഉണ്ടായിരുന്നു. രാത്രി 12 മണിവരെ ഭരണഘടനാ കാര്യം ആലോചിച്ചു കഴിച്ചുകൂട്ടി.

**6.** പുളിക്കീഴ് പള്ളിയിൽ ചൊല്ലി. കാപ്പികുടിയും മറ്റും കഴിഞ്ഞ് മീറ്റിംഗ് തുടർന്ന് നടന്നു. 12 മണിയോട് പഞ്ചസാര ഫാക്ടറി കാണാൻ ഏവരും കൂടി പോയി. 2 മണിക്ക് മടങ്ങി വന്ന് ഊണ് കഴിഞ്ഞ് രണ്ടര മണിയോട് തിരുവല്ലായ്ക്ക് പോയി. അവിടെ എത്തി മീറ്റിംഗ് നടന്നു. കോൺഗ്രസ് വാർഷിക കാര്യം ആലോചിച്ചു. 8 മണിയോട് മടങ്ങി, രാത്രിയിൽ വീട്ടിൽ എത്തി.

**8.** കിടപ്പാണ്. തലവേദനയും വയറുവേദനയും മറ്റും. ഡോ. ടി.എം. മാത്യു വീട്ടിൽ വന്നു പരിശോധിച്ചു. മരുന്ന് നിർദ്ദേശിച്ചിട്ട് പോയി. 3 മണിക്ക് വില്ലേജ് യൂണിയൻ മീറ്റിംഗ് തുടങ്ങി. എന്നെ പ്രസിഡന്റായി വീണ്ടും തെരഞ്ഞെടുത്തു.



www.malankaralibrary.com

**10.** നല്ല സുഖമില്ല. എങ്കിലും പത്തനംതിട്ട പോയി. ഇന്ന് റോഡുവെട്ടു കേസിന്റെ അവധിയായിരുന്നു. ഞാൻ വക്കീൽ മൂലം ഹാജരാകാൻ അപേക്ഷിച്ചു. അനുവദിച്ചുതന്നു. മടങ്ങിപോന്നു.

**13.** ഇന്നലെ രാത്രി കാട്ടുവെട്ടൂർ സാറിന്റെ വീട്ടിൽ എത്തി താമസിച്ചു. രാവിലെ കാപ്പി കഴിഞ്ഞ് തിരിച്ചു. ഇറിഗേഷൻ ഓഫീസറുടെ വീട്ടിൽ ചെന്ന് കണ്ട് കാര്യങ്ങൾ പറഞ്ഞു. മടങ്ങി വീട്ടിൽ എത്തി. മേക്കൊഴൂർ മേച്ചിലിന് 50 രൂപ കൊടുത്തയച്ചു.

**19.** ഇറിഗേഷൻകാർ വന്ന് അളന്നു. 12 മണിയോട് അളന്ന് തീർന്നു. ഊണ് കഴിഞ്ഞ് യാത്രാചെലവിന് രൂപ കൊടുത്തുവിട്ടു.

**28.** രാവിലെ കോഴഞ്ചേരിയിൽ എത്തി കൊച്ചുകുട്ടിയെ കണ്ടു. അടുത്ത തിങ്കളാഴ്ച ആധാരം നടക്കുമെന്നും അന്ന് പത്തനംതിട്ട ചെല്ലണ മെന്നും പറഞ്ഞു. ഞാൻ കാട്ടൂർ കേശവപിള്ളയുടെ വീട്ടിൽ എത്തി. പിന്നീട് പള്ളിയിൽ പോയി മൈലാടി അച്ചനെ കണ്ടു. അവിടെ നിന്നും ജോസഫ് സാറിന്റെ വീട്ടിലും കയറിയിട്ട് മണ്ണാരകുളഞ്ഞിയിൽ എത്തി. 7 മണികഴിഞ്ഞ് മടങ്ങി വീട്ടിൽ എത്തി.

**മെയ് 11.** തഹസീൽദാരെ കണ്ടു മണ്ണെണ്ണക്ക് സ്പെഷ്യൽ കാർഡ് അനുവദിച്ചുതന്നു. രാത്രി 12 മണി കഴിഞ്ഞ് കൊല്ലശ്ശേരിൽ ചേട്ടത്തി (ജ്യേഷ്ടന്റെ ഭാര്യ) മരിച്ചു.

**12.** രാവിലെ കൊല്ലശ്ശേരിൽ എത്തി സംസ്കാര ശുശ്രൂഷകൾ നടത്തിയിട്ട് വീട്ടിൽ എത്തി. ഉച്ചകഴിഞ്ഞ് വീണ്ടും അവിടെ എത്തി ബാക്കി ശുശ്രൂഷകളും നടത്തി പള്ളിയിൽ മൃതശരീരം കൊണ്ടുവന്ന് സംസ്കാര ശുശ്രൂഷ നടത്തി അടക്കി.

**14.** കോന്നിയിൽ പൊയി. അവിടെ നിന്നും ഉച്ചയോടുകൂടി വകയാറ്റ് പള്ളിയിൽ എത്തി. ഈട്ടി നിൽക്കുന്നതിൽ അച്ചനും മറ്റും പുന രൈക്യപ്പെടുവാൻ ആഗ്രഹിച്ച് വന്നു, ആലോചിച്ചു. ഞാൻ 6 മണിക്ക് വീട്ടിൽ മടങ്ങി എത്തി.

**17.** വകയാറ്റ് പള്ളിയിൽ കുർബാന ചൊല്ലി. 9 വീട്ടുകാരെ സഭാംഗങ്ങ ളാക്കി. 9 മണി കഴിഞ്ഞ് മടങ്ങി പോന്നു. രാത്രിയിൽ ഉമ്മച്ചനും ഈട്ടിനിൽക്കുന്നതിൽ അച്ചനും കൂടി വന്നു. അച്ചനെ ചേർക്കാൻ റമ്പാച്ചനെ വരുത്തണമെന്നും അതിലേക്ക് ഫോൺ ചെയ്യണമെന്നും പറഞ്ഞു. അവർ പള്ളിയിൽ പോയി കിടന്നു.

**18.** രാവിലെ ഞാനും ഈട്ടിനിൽക്കുന്നതിൽ അച്ചനും കൂടി ചെങ്ങന്നൂർക്ക് പോയി. 9 മണിയോട് റമ്പാച്ചനെ ഫോണിൽ വിളിച്ചു. ബുധനാഴ്ച വരാമെന്ന് പറഞ്ഞു. അതുകഴിഞ്ഞ് ഞാൻ ഇറിഗേഷൻ ഓഫീസറെ കാണാൻ പോയി. 6 മണിക്ക് മടങ്ങി എത്തി. വില്ലേജ് യൂണിയൻ മീറ്റിംഗ് നടന്നു.



www.malankaralibrary.com

**19.** സന്ധ്യയോടുകൂടി വകയാറ്റിന് പോയി. റമ്പാച്ചൻ വന്നില്ല. കുമ്പഴ അച്ചനും ഉണ്ടായിരുന്നു. ഞങ്ങൾ രാത്രി പല കാര്യങ്ങളും പറഞ്ഞു കൊണ്ടിരുന്നു.

**22.** രാവിലെ വകയാറ്റ് എത്തി. റമ്പാച്ചൻ ഉണ്ടായിരുന്നു. അദ്ദേഹവുമായി ചില കാര്യങ്ങൾ പറഞ്ഞു. ഒരു കൊച്ചനെ സെമിനാരിയിൽ എടുക്കുന്ന കാര്യം സമ്മതിപ്പിച്ച്, മടങ്ങിപോന്നു.

**30.** തിരുവനന്തപുരത്തിന് പോയി 2 മണിയോട് പാളയത്ത് എത്തി. ഊണു കഴിഞ്ഞ് കത്തീഡ്രലിൽ വിശ്രമിച്ചു. 6 മണിയോടുകൂടി അസംബ്ളി പ്രതിനിധികൾ താമസിക്കുന്ന ഹോസ്റ്റലിൽ പോയി. മീറ്റിംഗ് നടന്നു. 8 മണിയോട് പിരിഞ്ഞു. ഞാൻ കത്തീഡ്രലിൽ പോയി.

**31.** കത്തീഡ്രലിൽ ചൊല്ലി. കാപ്പികഴിഞ്ഞ് 8 മണിക്ക് ജൂബിലി ഹാളിൽ പോയി മീറ്റിംഗിൽ കൂടി. രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മന്ത്രി സി. കേശവൻ വന്ന് ഉദ്ഘാടനം നടത്തി. 12 മണിവരെ മീറ്റിംഗ് നടന്നു. ഊണിന് പോയി, വീണ്ടും രണ്ടര മണിക്ക് മീറ്റിംഗ് തുടർന്നു. പലരും പ്രസംഗിച്ചു. സി. കേശവനും വന്ന് പ്രസംഗിച്ചു. നിശ്ചയങ്ങൾ പാസാക്കി, 6 മണിക്ക് പിരിഞ്ഞു. പള്ളിയിൽ എത്തി ഉറങ്ങി.

**ജൂൺ 1.** കത്തീഡ്രലിൽ ചൊല്ലി. മീറ്റിംഗിന് പോയി. 2 മണിയോട് തീർന്നു. ഊണു കഴിഞ്ഞ് മൂന്നര മണിക്ക് അരമനയിൽ എത്തി, താമസിച്ചു.

**2.** അരമനയിൽ ചൊല്ലി. പാളയത്ത് എത്തി. 11 മണിയോടുകൂടി ഞാനും ഇഞ്ചക്കലോടി അച്ചനുംകൂടി പ്രതിനിധി സഭയിൽ എത്തി ചടങ്ങുകൾ കണ്ടു. 4.30 വരെ അവിടെ കൂടി. 5 മണിയോട് തിരിച്ച് രാത്രി 9 മണിക്ക് ചെങ്ങന്നൂരിൽ എത്തി വിശ്രമിച്ചു.

**4.** തിരുഹൃദയ പെരുനാൾ ആയിരുന്നു. മൂന്നിൻമേൽ കുർബാനയ്ക്ക് കുമ്പഴ അച്ചൻ കൂടി ഉണ്ടായിരുന്നു. ഭക്ഷണവും മറ്റും കഴിഞ്ഞ് ഉച്ചയ്ക്ക് പിരിഞ്ഞു. ഉച്ചകഴിഞ്ഞ് പത്തനംതിട്ട എത്തി റോഡു കേസു സംബന്ധിച്ച് വക്കീലുമായി ആലോചിച്ചു. എനിക്കുവേണ്ടി ജോർജ് വറുഗീസ് വക്കാലത്ത് കൊടുത്തു. സന്ധ്യകഴിഞ്ഞ് വീട്ടിൽ എത്തി.

**8.** മാവേലിക്കര എത്തി. എസ്.ഡി.ഒ.യെ (Sub-Divisional Officer) കണ്ട് ബിൽ പാസാക്കി അയക്കാൻ വേണ്ടതു ചെയ്തു. ഈരേഴ എത്തി താമസിച്ചു.

**12.** കൊല്ലത്ത് എത്തി. 10 മണികഴിഞ്ഞ് ഡിവിഷണൽ ഓഫീസിൽ പോയി 2 മണിവരെ വിശ്രമിച്ചു. ചെക്ക് ഇന്ന് ശരിപ്പെടുകയില്ലെന്ന് പറഞ്ഞതുകൊണ്ട് ഉടനെ മടങ്ങി സന്ധ്യയോടുകൂടി വീട്ടിൽ എത്തി.



www.malankaralibrary.com

**15.** തട്ടാരംബലം വഴി നങ്ങിയാർകുളങ്ങര എത്തി മദറിനെ കണ്ട ശേഷം കൊല്ലത്തിന് പൊയി. 2 മണിയോട് ഓഫീസിൽ എത്തി വേണ്ട ഏർപ്പാടു ചെയ്തു. തിരുവനന്തപുരത്തിന് തിരിച്ച് 5 മണി കഴിഞ്ഞ് അരമനയിൽ എത്തി വിശ്രമിച്ചു.

**16.** നാലാഞ്ചിറ ആശ്രമത്തിൽ പോയി സെറാഫിയോൻ അച്ചനെ കണ്ട് ചില കാര്യങ്ങൾ ചെയ്തു തീർത്തു. 12 മണിയോടു കൊല്ലത്തിന് തിരിച്ചു. 5 മണിയോടുകൂടി ഓഫീസിൽ എത്തി കാര്യങ്ങൾ പറഞ്ഞ് പ്രേരിപ്പിച്ചു. ഹോട്ടലിൽ പോയി താമസിച്ചു.

**17.** ഹോട്ടലിൽ നിന്നും തിരിച്ചു 10 മണിയോട് ഇറിഗേഷൻ ഡിവിഷൻ ഓഫീസിൽ പോയി വേണ്ട ജോലി ചെയ്തു. 5 മണിയോടുകൂടി ചെക്കു കിട്ടി. അവർക്ക് വേണ്ടതുപോലെ ചെയ്തു. ചെക്കുമാറി കൊട്ടാരക്കരക്ക് തിരിച്ചു. രാത്രി 8 മണിക്ക് മിഷ്യൻ ഹൗസിൽ എത്തി താമസിച്ചു.

**18.** കൊട്ടാരക്കര നിന്നും പന്തളം വഴി മൈലപ്രായിൽ എത്തി വിശ്രമിച്ചു. ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററിനെ നെല്ലിമൂട് സ്കൂളിലേക്ക് മാറ്റിയതായി ഓർഡവർ വന്നു. പകരം പുലിതിട്ട അച്ചനെ നിയമിച്ചതായിട്ടും മൂന്നര മണിക്ക് ഞാൻ ഹെഡ്മാസ്റ്ററിനെ ഇവിടെ നിന്നും പിരിച്ചുവിട്ടു.

**19.** ചെറിയ അയന്തിയിൽ സുഖമില്ലാതെ കിടക്കുന്ന വറുഗീസിനെ പോയി കണ്ടു. മടപൊട്ടിയതിന്, ഇറിഗേഷനിൽ നിന്നും വാങ്ങിയ പണത്തിൽ നിന്നും കണ്ണൻമണ്ണിലും, രാമൻ നായർക്കും അവരവർക്കുള്ള തുക കൊടുത്ത് രസീത് വാങ്ങി.

**20.** കഠിനമഴ. മണ്ണാരകുളഞ്ഞിയിൽ പോയി ചൊല്ലി. വൈകിട്ട് ശാസ്താ പിള്ള വക്കീലിന്റെ മട വീണതിന്റെ 22 രൂപ കൊടുത്തു. സന്ധ്യയോടുകൂടി കുമ്പഴ അച്ചനെ കണ്ടു. തിരുമേനിയെ സ്വീകരിക്കാൻ പോകണമെന്ന് നിശ്ചയിച്ചു. (മാർ ഈവാനിയോസ് തിരുമേനി അമേരിക്കൻ യാത്ര കഴിഞ്ഞ് വരുകയാണ്).

**22.** കുർബാന കഴിഞ്ഞ് 10 മണിയോടുകൂടി പുനലൂർക്ക് പോയി ഒന്നര മണിക്ക് അവിടെ എത്തി. ഊണു കഴിഞ്ഞ് വിശ്രമിച്ചു. സന്ധ്യയോടുകൂടി കുമ്പഴ അച്ചനും വന്നു. ഊണു കഴിഞ്ഞ് മാലവാങ്ങി ഞങ്ങൾ അരമന വക സ്ഥലത്ത് പൊയി ഉറങ്ങി.

**23.** വെളുപ്പിന് 1.30–ന് ട്രെയിനിൽ ചെങ്കോട്ടക്ക് തിരിച്ചു. കുറെ സമയം ഫസ്റ്റ് ക്ലാസിൽ യാത്ര ചെയ്തു. വെളുപ്പിന് 3 മണിയോടു കൂടി ഞങ്ങൾ ചെങ്കോട്ടയിൽ എത്തി. സ്റ്റേഷനിൽ കഴിച്ചുകൂട്ടി. രാവിലെ എഴുന്നേറ്റു ഉപചാരങ്ങൾ കഴിഞ്ഞ് മധുരയ്ക്ക് പിതാവിന്റെ വിവരം



www.malankaralibrary.com

അറിയാൻ കമ്പി അടിച്ചു. പിതാവ് ഫസ്റ്റ് ക്ലാസിൽ വരുന്നുവെന്നും ഭക്ഷണം ആവശ്യമാണെന്നും മറുപടി കിട്ടി. ഞങ്ങൾ ഒരുങ്ങി നിന്നു. 12.40-ന് വരേണ്ട ട്രെയിൻ 2.05-ന് വന്നു. ഞാനും അച്ചനും കൈമുത്തി തിരുമേനിയെ സ്വീകരിച്ച് മാല അണിയിച്ചു. ഭക്ഷണം കൊടുത്തു. ഒന്നിച്ച് ആ മുറിയിൽ ഞങ്ങളും യാത്രചെയ്തു. പുനലൂരിൽ സ്വീകരണമുണ്ടായിരുന്നു. കൊട്ടാരക്കര വമ്പിച്ച സ്വീകരണമുണ്ടായിരുന്നു. അത് കഴിഞ്ഞ് ഞാനും അച്ചനും ട്രെയിനിൽ തന്നെ തിരിച്ചു 9 മണിക്ക് പാളയത്ത് എത്തി ഉറങ്ങി.

**24.** പാളയത്ത് ചൊല്ലി. റയിൽവേ സ്റ്റേഷനിൽ പോയി വന്ദ്യപിതാവിനെ സ്വീകരിച്ച് പാളയം പള്ളിയിൽ കൊണ്ടുവന്നു. പിതാവ് കുർബാന ചൊല്ലി. ഉടനെ ഞാൻ അരമനയിൽ എത്തി അവിടെ സ്വീകരണം സംബന്ധിച്ച് വേണ്ടതെല്ലാം ചെയ്തു. 9.15-ന് പട്ടം പാലസ് ജംഗ്ഷനിൽ നിന്ന് തിരുമേനിയെ അത്യാഡംബരപൂർവ്വം എതിരേറ്റ ഘോഷയാത്ര. സ്റ്റേറ്റു ബാന്റും ഉണ്ടായിരുന്നു. അരമന ചാപ്പലിൽ എത്തി വി. കുർബാനയുടെ വാഴ്വ് നടന്നു. പിന്നീട് 11 മണിക്ക് പൊതുമീറ്റിംഗ് നടന്നു. കൊച്ചുതിരുമേനിയുടെ (മാർ സേവേറിയോസ്) അദ്ധ്യക്ഷതയിൽ ജസ്റ്റീസ് തളിയത്ത് മുതലായവർ പ്രസംഗിച്ചു. തിരുമേനിക്കും റമ്പാച്ചനും മംഗളപത്രം സമർപ്പിച്ചു. റമ്പാച്ചനുള്ളത് ഞാൻ വായിച്ചു കൊടുത്തു. രാത്രി 9 മണിക്കുള്ള ട്രെയിനിൽ മടങ്ങി പുനലൂരിൽ എത്തി. രാവിലെ വീട്ടിൽ എത്തി.

**29.** മാർ സേവേറിയോസ് തിരുമേനിയുടെ കല്പനപ്രകാരം രാവിലെ തിരിച്ചു 1 മണിയോട് തിരുവല്ലാ അരമനയിൽ എത്തി. 5 മണിക്ക് തിരുമേനിയോടുകൂടി കത്തീഡ്രലിൽ എത്തി അലങ്കാരങ്ങളും പ്രവർത്തനങ്ങളും കണ്ടു മടങ്ങി, അരമനയിൽ എത്തി.

**30.** തിരുവല്ല അരമനയിൽ ചൊല്ലി. കത്തീഡ്രലിൽ എത്തി എല്ലാ കാര്യങ്ങളും ഭംഗിയായി നടക്കുന്നു. അവിടെനിന്നും ആശ്രമത്തിൽ പോയി ജോണച്ചനെ കണ്ടു. ഊണുകഴിഞ്ഞ് ചിലരെ പോയി കണ്ട ശേഷം വീണ്ടും കത്തീഡ്രലിൽ പോയിട്ട്, അരമനയിൽ മടങ്ങി എത്തി. മാർ ഈവാനിയോസ് തിരുമേനി വന്നു. തിരുമേനിയെ കണ്ടശേഷം വീണ്ടും പള്ളിയിൽ പോയി കമ്മറ്റികൂടി പ്രമേയങ്ങളും മറ്റും പാസാക്കി 11 മണിക്ക് പിരിഞ്ഞു.

**ജൂലൈ 1.** കുർബാനക്കുശേഷം വേണ്ട ഒരുക്കങ്ങൾ ചെയ്തു. 9 മണിയോടുകൂടി ഏവരും കവലയിൽ എത്തി. മേളവും മറ്റും ഉണ്ടായിരുന്നു. 9.30-ന് തിരുമേനിമാർ വന്നു. എല്ലാവിധത്തിലും ഗംഭീരമായ സ്വീകരണം നടത്തി. പള്ളിയിൽ എത്തി ശുശ്രൂഷകഴിഞ്ഞ് 11 മണിയൊടു കൂടി





www.malankaralibrary.com

ടൗൺ ഹാളിൽ വച്ചു മീറ്റിംഗ് നടന്നു. പല മെത്രാച്ചന്മാർ ഉണ്ടായിരുന്നു. 12 മണികഴിഞ്ഞ് ഊണും കഴിഞ്ഞ് വീണ്ടും രണ്ടര മണിക്ക് കൂടി ചില നിശ്ചയങ്ങൾ എടുത്തു. 5 മണിക്ക് പിരിഞ്ഞു.

**6.** പത്തനംതിട്ട പൊയി. ഉച്ചകഴിഞ്ഞ് കുമ്പഴ അച്ചന്റെ വീട്ടിൽ പോയി തിരുമേനിയുടെ എതിരേൽപു സംബന്ധിച്ച് ആലോചിച്ചു. അവിടെ ഉറങ്ങി.

**7.** രാവിലെ ഞങ്ങൾ ഒരുമിച്ചു പത്തനംതിട്ട പോയി ചില പ്രതിനിധികളെ കണ്ടു. തിരുമേനിയെ പബ്ളിക്കിന്റെ വകയായി സ്വീകരിക്കാൻ നിശ്ചയിച്ചു. കത്തു തയാറാക്കി ഒപ്പിടുവിപ്പിച്ചു. ഉച്ചയോടുകൂടി നന്നുക്കാടു പള്ളിയിൽ എത്തി അച്ചന്മാരുമായി ആലോചിച്ചു കത്തുകൾ അയച്ചു. 5 മണിയോടുകൂടി ഞാൻ കുമ്പഴ അച്ചൻ, കിഴക്കേവീട്ടിൽ അച്ചൻ ഇവരോടുകൂടി മൈലപ്രാ പള്ളിയിൽ വന്നു താമസിച്ചു ആലോചനകൾ നടത്തി.

**12.** 11 മണിയോടു നന്നുക്കാടുപള്ളിയിൽ എത്തി തിരുമേനിയെ സ്വീകരിക്കുന്നത് സംബന്ധിച്ച് മീറ്റിംഗ് കൂടി. 4 മണിക്ക് പിരിഞ്ഞു.

**13.** ഉച്ചകഴിഞ്ഞ് സംഘം അസി. രജിസ്ട്രാർ ശ്രീ. ദാനിയേൽ, ഇൻസ്പെക്ടർ മുതലായവർ വന്നു. വൈദ്യനും മാധവൻ കർത്താവും വന്നു. സംഘം സംബന്ധിച്ചും വൈദ്യശാല സംബന്ധിച്ചും ആലോചിച്ച് ഒത്തുതീർപ്പിന് ശ്രമിച്ചു. ഞാൻ സഹകരിക്കാം എന്നു പറഞ്ഞു. നാലര മണിക്ക് സംഘത്തിന്റെ പൊതു മീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ കൂടി. മിക്കവാറും അംഗങ്ങൾ എല്ലാവരും ഉണ്ടായിരുന്നു. സംഗതികൾ ക്രമമായി നടന്നു. പുതിയ കമ്മറ്റിയുടെ നവീകരണം വന്നപ്പോൾ ഇൻസ്പെക്ടർ ശ്രീ. ജോൺ ആക്ഷേപകരമായി Hopless People എന്നു പറഞ്ഞത് സംബന്ധിച്ചു പ്രക്ഷോഭമുണ്ടായി. കുറെ കഴിഞ്ഞ് ഞാൻ ശാന്തതപ്പെടുത്തി തെരഞ്ഞെടുപ്പ് നടന്നു. രജിസ്ട്രാറും വളരെ നന്നായി ശ്രമിച്ചു. അദ്ദേഹത്തിന്റെ ശ്രമത്തെ വിലമതിക്കുന്നു.

**14.** രാവിലെ പുനലൂർ വഴി തിരുവനന്തപുരത്തിന് പോയി. 3 മണിക്ക് അരമനയിൽ എത്തി. തിരുമേനിയെ കണ്ടു. പത്തനംതിട്ട സ്വീകരണം സംബന്ധിച്ചു പറഞ്ഞു, വേണ്ടത് ചെയ്തു.

**18.** രാവിലെ മണ്ണാരകുളഞ്ഞിയിലും പിന്നീട് മൈലപ്രായിലും വന്ന് കുർബാന ചൊല്ലി. മാമോദീസാ നടത്തി. വർക്കിയുടെ അമ്മയെ സഭാംഗമാക്കി. പത്തനംതിട്ട പോയി തിരുമേനിയുടെ സ്വീകരണം സംബന്ധിച്ചു ആലോചന നടന്നു.

**20–23.** സുഖമില്ലാതെ വീട്ടിൽ കിടന്നു.



www.malankaralibrary.com

**ആഗസ്റ്റ് 10.** കുമ്പഴ അച്ചനെ പോയി കണ്ടു. തിരുമേനിയുടെ സ്വീകരണം ആഗസ്റ്റ് 28-ാം തീയതി എന്ന് നിശ്ചയിച്ചു.

**12.** രാവിലെ ഞാനും നൈനാൻ വറുഗീസും കൂടി നടുവത്ത് മൂഴിയിൽ പൊയി 11 മണിക്ക് എത്തി. 2 മണിക്കുള്ള തടിലേലത്തിൽ കൂടി 4 വെൺതേക്ക് 1B-തരം ലേലം പിടിച്ചു. രാത്രി അവിടെ കല്ലേലിൽ പോയി താമസിച്ചു.

**13.** 10 മണിയോടു കല്ലേലിൽ നിന്നും മൈലപ്രായിൽ എത്തി. ഉച്ചയോടുകൂടി പത്തനംതിട്ട പോയി കെ.എം. വറുഗീസ് വക്കീലും ഞാനും കൂടി കാറിൽ തിരുവനന്തപുരത്തിന് തിരിച്ചു. 5 മണിക്ക് അരമനയിൽ എത്തി താമസിച്ചു. വക്കീൽ ടൗണിൽ പോയി.

**14.** അരമനയിൽ ചൊല്ലി. രാവിലെ ടൗണിൽ പോയിട്ടു മടങ്ങി എത്തി. 4 മണിക്ക് കോളേജ് പണികാണാൻ തിരുമേനിയോടുകൂടി പോയി 5 മണിക്ക് തിരിച്ചെത്തി. കോൺഗ്രസ് അസംബ്ളി മെമ്പർമാരായ കത്തോലിക്കരുടെയും മറ്റും ഒരു മീറ്റിംഗ് ഉണ്ടായിരുന്നു. അരമനയിൽ വച്ചു ഞാനും അതിൽ സംബന്ധിച്ചു. 11 മണിയോടുകൂടി തീർന്നു. അതുകഴിഞ്ഞ് ഞാനും വറുഗീസ് വക്കീലും കാറിൽ തിരിച്ച് 2 മണിക്ക് കോഴഞ്ചേരിയിൽ എത്തി ഉറങ്ങി.

**19.** ഉച്ചയോടുകൂടി തുമ്പമൺ പുത്തൻവീട്ടിൽ എത്തി. 2 മണിക്ക് കൊച്ചു തിരുമേനി (മാർ സെവേറിയോസ്) വന്നു. റമ്പാച്ചനും 12 അച്ചൻമാരും ഉണ്ടായിരുന്നു. പുത്തൻവീട്ടിൽ അച്ചന് കന്തീല ശുശ്രൂഷ നടത്തി. 5 മണി കഴിഞ്ഞ് മടങ്ങി പോന്നു.

**21.** കുർബാനക്കുശേഷം ഒരു പെൺകുട്ടിയെ സഭാംഗമാക്കി ഒരു കല്യാണത്തിന്റെ മനഃസമ്മതം നടത്തി. പിന്നീട് പള്ളിയിൽ തന്നെ ഇരുന്ന് തിരുമേനിക്ക് കൊടുക്കുവാനുള്ള മംഗളപത്രം എഴുതി തയ്യാറാക്കികൊണ്ടിരുന്നു.

**22.** ഒരാളെ അംഗമായി ചേർത്ത് കല്യാണ മനഃസമ്മതം നടത്തി. പത്തനംതിട്ട പോയി മീറ്റിംഗ് നടന്നു. എതിരേൽപ്പു സംബന്ധിച്ചു ആലോചനകൾ നടന്നു. 8 മണിയോടു വീട്ടിൽ എത്തി.

**25.** പത്തനംതിട്ട പോയി സ്വീകരണം സംബന്ധിച്ചുള്ള ജോലി ചെയ്തു. നോട്ടീസും ക്ഷണകത്തും മറ്റും അയച്ചു.

**26.** പത്തനംതിട്ട പോയി ജോലി ചെയ്തുകൊണ്ടിരുന്നു. വൈകിട്ടു ഉദ്യോഗസ്ഥരെ കണ്ടു ക്ഷണിച്ചു. രാത്രി 12 മണിക്ക് നന്നുക്കാട് എത്തി യോശുവാ അച്ചനും കുമ്പഴ അച്ചനുമായി സംസാരിച്ചു.

**28.** രാവിലെ തന്നെ പത്തനംതിട്ട പോയി ജോലി ചെയ്തു. തിരുമേനി 12 മണിക്ക് വന്നു. മൂന്നര മണിക്ക് അതികേമമായ എതിരേൽപ്പ്



www.malankaralibrary.com

തുടങ്ങി. 5 മണിക്ക് സി.കെ.എം. തീയേറ്ററിൽ വച്ച് മീറ്റിംഗ് പി. രാജ രാജ വർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്നു. അനേകം പ്രാസംഗികരുണ്ടായിരുന്നു. ടീപാർട്ടി ടൗൺ ഹാളിൽ 7 മുതൽ 8 വരെ നടന്നു. രാത്രി കുമ്പഴ എത്തി താമസിച്ചു.

**29.** 10 മണിയോടുകൂടി തുമ്പമൺ പുത്തൻവീട്ടിൽ അച്ചന്റെ സംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുവാൻ പോയി, തിരുമേനിയെ കാത്ത് മൂന്നര മണിവരെ കുമ്പഴ നിന്നു. ഒടുവിൽ തിരുമേനിയുടെ കാറിൽ തിരിച്ചു 4 മണിക്ക് എത്തി. സേവേറിയോസ് തിരുമേനിയും വന്നിരുന്നു. സംസ്കാര ശുശ്രൂഷ കഴിഞ്ഞ് തിരുമേനിയോടുകൂടി മൈലപ്രായിൽ 10 മണിക്കെത്തി, തിരുമേനി താമസിച്ചു. ഞാൻ 12 മണിക്ക് വീട്ടിൽ എത്തി ഉറങ്ങി.

**30.** രാവിലെ കുർബാനയ്ക്കുശേഷം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ലീജിയൻ മീറ്റിംഗ് നടന്നു. 11 മണിക്ക് തിരുമേനിയെ പള്ളിയിൽ നിന്നും സ്കൂളിലേക്ക് സ്വീകരിച്ചുകൊണ്ടുപോയി. സ്കൂളിൽ മീറ്റിംഗ് നടത്തി പ്രസംഗവും മംഗളപത്രസമർപ്പണവും മറ്റും നടന്നു. അത് കഴിഞ്ഞ് പള്ളിയിൽ എത്തി വിശ്രമിച്ചു. 4 മണിക്ക് ഏർ തുമ്പമൺ വഴി പന്തല പോയി. അവിടെ ധാരാളം ആളുകളുണ്ടായിരുന്നു. തിരുമേനി മാവേലിക്കരക്ക് പോയി, ഞാൻ പന്തല താമസിച്ചു.

**സെപ്റ്റംബർ 6.** വയലത്തല പള്ളിയിൽ, കുഴിയംമണ്ണിൽ അച്ചനുവേണ്ടി മൂന്നിൻമേൽ കുർബാന ചൊല്ലി. വീട്ടിൽ എത്തി ധൂപപ്രാർത്ഥനയും മറ്റും കഴിഞ്ഞ് 10 മണിയോട് മടങ്ങി പോന്നു. 12 മണിക്ക് പുനലൂർക്ക് തിരിച്ചു അവിടെ നിന്നും ആയൂരിൽ 6 മണിക്ക് എത്തി. 8 മണിക്ക് തിരുവനന്തപുരം ബസിൽ കയറി, ഇടക്ക് ബസ് കേടായി. വളരെ ദൂരെ രാത്രി എല്ലാവരും കൂടി തള്ളി വിഷമിച്ചു. വെളുപ്പിന് 4 മണിക്ക് അരമനയിൽ എത്തി.

**7.** എട്ടര മണിക്ക് തിരുമേനിയെ കണ്ടു. അതിരൂപത വക സ്ഥലം സംബന്ധിച്ചു ആലോചിച്ചു. കുമ്പഴ അച്നും കൊട്ടാരക്കര അച്ചനും ഉണ്ടായിരുന്നു. ചില തീരുമാനങ്ങൾ എടുത്ത് ചില മാറ്റങ്ങൾ നടത്തുന്നതിന് ഏർപ്പാടു ചെയ്തു. മറ്റു പല കാര്യങ്ങളും ആലോചിച്ചു.

**8.** അരമനയിൽ ചൊല്ലി. വീണ്ടും കാര്യങ്ങൾ തിരുമേനിയുമായി ആലോചിച്ചു. മൈലപ്രാ ഇംഗ്ലീഷ് ഹൈസ്കൂളിന് അപേക്ഷിക്കാൻ തിരുമേനി കല്പിച്ചു. മാളിയേക്കൽ ബാക്കി സ്ഥലം കൂടി സ്കൂളിനു വേണ്ടി വാങ്ങാനും രൂപയും പലിശയും തരാമെന്നും കല്പിച്ചു. അലവൻസ് 15 രൂപ സ്ഥിരപ്പെടുത്തി തന്നു. കടമ്മനിട്ട അച്ചന്റെ കുഴപ്പം പരിഹരിച്ചു കല്പനയും 200 രൂപയ്ക്ക് ചെക്കും തന്നു.



www.malankaralibrary.com

പത്തനംതിട്ട സ്ഥലം വിൽക്കാൻ ഏർപ്പാടു ചെയ്യാനും അവിടെ കിടക്കുന്ന പ്ലാവിൻതടി സ്കൂളിന് അറുത്ത് ഉപയോഗിക്കാനും കല്പിച്ചു.

**9.** വെളുപ്പിന് തിരിച്ചു പുനലൂർ വഴി വീട്ടിൽ 10.30-ന് എത്തി. ഉച്ചയോടു പത്തനംതിട്ട എത്തി ജോർജു വറുഗീസിനെ കണ്ടു. അവിടെ നിന്നും തിരിച്ച് 2 മണി കഴിഞ്ഞപ്പോൾ കടമ്മനിട്ട എത്തി അച്ചനെ കണ്ട് കത്തും ചെക്കും കൊടുത്തു. 4 മണിയോട് ഞങ്ങൾ ഒന്നിച്ചു മൈലപ്രായിൽ എത്തി. അച്ചൻ റാന്നിക്ക് പോയി.

**26.** കുമ്പഴ അച്ചന്റെ വീട്ടിൽ പോയി സുഖക്കേടായി കിടക്കുന്ന അദ്ദേഹത്തിന്റെ അമ്മയെ കണ്ടു പ്രാർത്ഥിച്ചു. പിന്നീട് മടങ്ങി.

**28.** അരമനയിൽ പല കാര്യങ്ങളും ചെയ്തുകൊണ്ടിരുന്നു. അരമനയുമായുള്ള കണക്ക് തീർത്തു. അരമനയ്ക്ക് കൊടുക്കാനുള്ള രൂപ 357 ചക്രം 25 കാശ് 12. വസ്തു വാങ്ങിയ വകയിൽ കിട്ടാനുള്ള 780 രൂപയും പുനലൂർ വസ്തു വക 700 രൂപയും.

**ഒക്ടോബർ 4.** മേക്കൊഴൂർ പോയി വസ്തു സംബന്ധിച്ച ജോലിക്ക് ഹെഡ്മാസ്റ്ററിനെ ചുമതലപ്പെടുത്തി. ഷെഡ് പൊളിച്ച് അടുക്കുന്നതിനും കല്ലുപൊളിക്കുന്നതിനും ഏർപ്പാടു ചെയ്തു. മണ്ണാരകുളഞ്ഞിയിൽ എത്തി വടക്കർ വന്നു താമസിക്കുന്ന സ്ഥലത്തു പോയി അവരുടെ വീടുകൾ സന്ദർശിച്ചു അന്വേഷണങ്ങൾ നടത്തി. രാത്രി ചിറത്തലയ്ക്കൽ അവറാച്ചന്റെ വീട്ടിൽ ഉറങ്ങി.

**9.** റാന്നി വയലായിൽ പോയി കുഞ്ഞച്ചനെ കണ്ട് വസ്തുവിന്റെ കാര്യം പറഞ്ഞു. അവിടെ നിന്നും പാലയ്ക്കാമണ്ണിൽ എത്തി കുഞ്ഞുഞ്ഞിനെ കണ്ട് സ്ഥലകാര്യം പറഞ്ഞു. സ്ഥലം തരാമെന്ന് സമ്മതിച്ചു.

**10.** 4 മണിക്ക് റോഡുകമ്മറ്റി വീട്ടിൽ കൂടി പലതും ആലോചിച്ചു.

**11.** റാന്നിയിൽ പോയി പാർവ്വത്യകാരെ (വില്ലേജ് ഓഫീസർ) കണ്ട് ചില കാര്യങ്ങൾ ഏർപ്പാടു ചെയ്തു.

**26.** 10 മണിയോടുകൂടി കോഴഞ്ചേരിയിൽ പോയി 1100 ഓടും 5 കമത്തും എടുത്ത്, കൊണ്ടുവരാനായി ഏർപ്പാടു ചെയ്തു. 4 മണിയ്ക്ക് വീട്ടിൽ എത്തി. ഇലന്തൂരിൽ നിന്നും ചിലർ കപ്യാരുടെ കല്യാണം സംബന്ധിച്ചു ആലോചിക്കാൻ വന്നു. നാളെ അവിടെ ചെന്നിട്ടു ആലോചിക്കാമെന്ന് പറഞ്ഞ്വിട്ടു.

**27.** 10 മണിയോടുകൂടി ഇലന്തൂരിൽ എത്തി സ്കറിയായുടെ കല്യാണം സംബന്ധിച്ചു അഭിപ്രായം ആരാഞ്ഞു. പുലിന്തിട്ട അച്ചനും മേലേതിൽ ഈശോച്ചനും ഉണ്ടായിരുന്നു. കേട്ടതെല്ലാം വാസ്തവമല്ല. കൂടുതൽ കാര്യത്തിനായി മാറ്റിവച്ചു.



www.malankaralibrary.com

**28.** തോട്ടമൺ കുർബാനക്കുശേഷം അച്ചുകുട്ടി എന്ന തെക്കും ഭാഗ ക്കാരിയെ സഭാംഗമാക്കി, പുന്തുരേത്ത് ജോർജുമായി മനഃസമ്മതം നടത്തി. 12 മണിയോട് മടങ്ങിപോന്നു.

**നവംബർ 2.** സന്ധ്യയോടുകൂടി കുമ്പഴ പോയി കളീയ്ക്കൽ എത്തി കുഞ്ഞുമോനെ കണ്ടു. കുമ്പഴ അച്ചന്റെ വീട്ടിൽ എത്തി ഉറങ്ങി. കിളന്നമണ്ണിൽ (ഫാ. ജേക്കബ്) അച്ചനും ഉണ്ടായിരുന്നു.

**3.** കിളന്നമണ്ണിൽ അച്ചനും ഞാനും കൂടി രാവിലെ ആഞ്ഞിലികുന്നിൽ എത്തി ചരുവിലേത്തു അച്ചന്റെ അമ്മയുടെ അടിയന്തിരത്തിന് ജോസഫ് വടക്കേക്കുറ്റ് അച്ചനോടുകൂടി മൂന്നിൻമേൽ കുർബാന ചൊല്ലി. 8 മണികഴിഞ്ഞ് മടങ്ങിപോന്നു.

**9.** രാവിലെ നന്നുക്കാടു എത്തി പല കാര്യങ്ങളും ചെയ്തു. പിന്നീട് നിരണത്ത് പോയി. കണിയാത്ര പള്ളത്ത് തോമസ് മുതലാളി വന്നു. അന്നമ്മ ജേക്കബിന്റെ ഇടപാടു സംബന്ധിച്ചു 100 രൂപക്കുള്ള ഒരു ചെക്ക് ടിയാന് കൊടുത്തു. മടങ്ങി 8 മണിക്ക് വീട്ടിൽ എത്തി. വിഷബാധയേറ്റു കിടക്കുന്ന ഐ.സി. ഉണ്ണിയെ പോയി കണ്ടു പ്രാർത്ഥിച്ചു.

**14.** രാവിലെ മണ്ണാരകുളഞ്ഞിയിലും പിന്നീടു മൈലപ്രായിലും കുർബാന ചൊല്ലി. 2 മണിയോടുകൂടി വയലിൻകരയിലുണ്ടായിരുന്ന പുത്തൻപുരയിൽ നിന്നും മൈലപ്രാ ജംഗ്ഷനിൽ തീർത്ത തെങ്ങും തറമേടയിലേക്ക് താമസം മാറ്റി.

**15.** പുതിയ വീടുകൂദാശ. രാവിലെ ഞാനും കുമ്പഴ അച്ചനും കടമ്മനിട്ട അച്ചനും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലി. കിഴക്കേവീട്ടിലച്ചനും ആശ്രമത്തിലെ അച്ചനും വന്നു. എല്ലാവരും കൂടി മേടയിൽ എത്തി വീടുകൂദാശയും ധൂപവും കഴിഞ്ഞ് കാപ്പിയും ഊണും മറ്റും കഴിഞ്ഞ് പിരിഞ്ഞു. കുറെ ഏറെ ബന്ധുമിത്രാദികളും ഉണ്ടായിരുന്നു. സന്ധ്യക്ക് കുമ്പഴ അച്ചന്റെ വീട്ടിൽ എത്തി ഉറങ്ങി.

**16.** രാവിലെ വടക്കുപുറത്തു പോയി മൂന്നിൻമേൽ കുർബാന ചൊല്ലി. ഒരു വീടുകൂദാശയും മറ്റും കഴിഞ്ഞ് മടങ്ങിപോന്നു.

**23.** 11 മണിയോടുകൂടി പുനലൂർക്കു പോയി. അവിടെ നിന്നും ട്രെയിനിൽ തിരുവനന്തപുരത്ത് എത്തി. 8.30-ന് കത്തീഡ്രലിൽ എത്തി ഉറങ്ങി.

**24.** അരമനയിൽ എത്തി തിരുമേനിയെ കണ്ടു പല കാര്യങ്ങൾ ആലോചിച്ചു കഴിച്ചുകൂട്ടി. മന്ത്രി കുഞ്ഞുരാമന്റെ കത്ത് കിട്ടി.

**25.** മന്ത്രി കുഞ്ഞുരാമനെ കാണാൻ പോയി. 9.30-ന് അദ്ദേഹത്തെ കണ്ടു. മിഡ്വൈഫിന്റെ കാര്യം പറഞ്ഞു. മടങ്ങി അരമനയിൽ എത്തി. 75 രൂപാ വാങ്ങിച്ചു ബസിൽ തിരിച്ചു 9 മണിയോടു ചെങ്ങന്നൂരിൽ എത്തി കിടന്നു.



www.malankaralibrary.com

**ഡിസംബർ 1.** ഏറനാടു ചൊല്ലി. ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് എത്തി. വില്ലേജ് യൂണിയൻ രജിസ്ട്രാരെ പോയി കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. രാത്രി അരമനയിൽ എത്തി പിതാവിനെ കണ്ട് ചില കാര്യങ്ങൾ സംസാരിച്ചു.

**2.** ടൗണിൽ പോയി ചീഫ് എൻജിനീയരെ കണ്ട് അപേക്ഷ കൊടുത്തു. പത്തനാപുരം-റാന്നി റോഡ് മെറ്റലിംഗ് വില്ലേജ് യൂണിയന് കോൺട്രാക്ട് നൽകാൻ വേറെ ചിലരെയും കണ്ടു. അരമനയിൽ തിരിച്ചെത്തി വിശ്രമിച്ചിട്ട് പുനലൂർ വഴി മടങ്ങിപോന്നു.

**8.** അമലോൽഭവ തിരുനാൾ കുർബാന ചൊല്ലി. കൊടിഞ്ഞിനാൽ പൗലോസിനെ തിരിച്ചെടുത്ത് പള്ളിയിൽ അംഗമാക്കി. ഭാര്യയെ ചേർത്ത് കുമ്പസാരിപ്പിച്ചു കുർബാന കൊടുത്തു. പ്രായശ്ചിത്തമായി ഒരു മെഴുകുതിരി വയ്ക്കാൻ ഏർപ്പാടു ചെയ്തു.

**9.** പുതിയ മെലേതിൽ കുഞ്ഞച്ചനേയും ഭാര്യയേയും അംഗമായി ചേർത്തു. 4 മണിയോട് നന്നുക്കാട് എത്തി അച്ചന്മാരെ കണ്ടു.

**24.** പത്തനംതിട്ട എത്തി മന്ത്രിയെ സ്വീകരിക്കുന്നതിനുള്ള ആലോചനാ മീറ്റിംഗിൽ കൂടി. 12 മണിക്ക് വീട്ടിൽ എത്തി. 4 മണിക്ക് കുമ്പഴ പള്ളിയിൽ എത്തി. 6 മണിക്ക് അവിടെ നിന്നും ക്രിസ്തുമസ് ആഘോഷയാത്ര തുടങ്ങി. കുമ്പഴ എത്തിയപ്പോൾ ഞാൻ മടങ്ങി പ്പോന്നു. രാത്രി 10 മണിക്ക് മണ്ണാരകുളഞ്ഞിയിൽ എത്തി കിടന്നു.

**25.** മണ്ണാരകുളഞ്ഞിയിൽ ക്രിസ്തുമസ് കുർബാനയും ശുശ്രൂഷയും നടത്തി. വീട്ടിലെത്തി, പിന്നീട് മന്ത്രി കെ.ആർ. ഇലങ്കത്തിനെ പോയി കണ്ടു. പത്തനംതിട്ട-മൈലപ്രാ റോഡു കാണിച്ചു. 9 മണി യോടുകൂടി മടങ്ങിപോന്നു. മൈലപ്രായിൽ മന്ത്രിയെ സ്വീകരിക്കാൻ വേണ്ടത് ചെയ്തു. 2.40-ന് മന്ത്രി വന്നു. ഹാരം അണിയിച്ച് സ്വീകരിച്ചു. ഒരു മെമ്മോറാണ്ടം കൊടുത്ത് സംസാരിച്ചു. മറുപടി കഴിഞ്ഞ് ഫോട്ടോയും എടുത്ത് പിരിഞ്ഞു.

**26.** നല്ല സുഖമില്ല. ഉച്ചയോടുകൂടി ജോയിയുമായി പത്തനംതിട്ടക്ക് തിരിച്ചു. റമ്പാച്ചന്റെ കൂടെ പുത്തൻപീടികയിൽ എത്തി ചിലരെ ചേർത്തു. കാറിൽ പുനലൂരിൽ പോയി 7 മണിക്ക് ചെമ്പുമല എത്തി.

**27.** ചെമ്പുമല പെരുനാൾ ആയിരുന്നു. റമ്പാച്ചനും ഞാനും മറ്റും അവിടെ ചൊല്ലി. പെരുനാൾ കഴിഞ്ഞ് ഞാൻ ചിലയിടത്ത് കയറിയിട്ട് മടങ്ങിപോന്നു. 9 മണിക്ക് വീട്ടിൽ എത്തി.

**29.** ഉച്ചയോടുകൂടി ഫാ. സിപ്രിയാൻ വന്നു. ഊണുകഴിഞ്ഞ് ഞങ്ങൾ പത്തനംതിട്ട പോയി. അവിടെനിന്നും ഡോ. റ്റി.എം. മാത്യുവിന്റെ കാറിൽ കൈപ്പട്ടൂർ പാപ്പച്ചനെ കാണാൻ പോയി. അവിടെനിന്നും സന്ധ്യയോടുകൂടി എഴിയത്ത് പോയി. രാത്രി മീൻപിടിക്കാൻ ഞാനും അച്ചനും മറ്റും പോയി.



www.malankaralibrary.com

# 1949

**ജനുവരി 3.** അരമനയിൽ ചൊല്ലി. വൈദീക പ്രോവിഡന്റ് ഫണ്ടിന്റെ കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു. 7-ാം തീയതി വരെ അരമനയിൽ ധ്യാനം ഉണ്ടായിരുന്നു.

**12.** വകയാറ്റു കുര്യച്ചൻ മരിച്ചതറിഞ്ഞ് സന്ധ്യയോടുകൂടി അവിടെ പോയി.

**13.** 9 മണിക്ക് മൂന്നിൻമേൽ കുർബാന ചൊല്ലി. സംസ്കാരശുശ്രൂഷയും മറ്റും കഴിഞ്ഞ് മടങ്ങി.

**15.** ഒരംഗത്തെ മൈലപ്രായിൽ ചേർത്തു. മാണിക്കശ്ശേരി മേമുറിയിൽ പോയി ധൂപം വച്ചു. ഒരു മനഃസമ്മതം നടത്തി പത്തനംതിട്ട പോയി. തലവേദനയും അസുഖവും തോന്നിയതുകൊണ്ടു വടക്കേൽ കയറി വിശ്രമിച്ചു. 12 മണിയോട് ഡോ. റ്റി.എം. മാത്യുവിനെ കണ്ടു. നന്നുക്കാട്ടു മീറ്റിംഗിൽ കൂടി.

**20.** പത്തനംതിട്ട എത്തി. 12 മണിയോട് കോന്നിയിൽ പോയി. തിരുമേനി പള്ളിയിൽ ഉണ്ടായിരുന്നു. 4 മണിയോടുകൂടി തിരുമേനിയെ കാറുമല പള്ളിയിലേക്ക് എതിരേറ്റു. പള്ളിയിൽ എത്തി തോട്ടത്തിൽ രാത്രി ഉറങ്ങി. പുത്തൻപീടിക വസ്തു 900 രൂപക്ക് അളിയന് കൊടുക്കാമെന്ന് തിരുമേനി പറഞ്ഞു.

**24.** ഒരു കല്യാണം നടത്തികൊടുത്തു. 4 മണിയോടു വകയാറ്റു പോയി പെരുനാളിൽ സംബന്ധിച്ചു. റാസക്ക് കോന്നിയിൽ നിന്നും കാപ്പ ധരിച്ച് ഞാൻ പോയി. 11 മണിക്ക് ചടങ്ങുകൾ തീർന്നു. അവിടെ ഉറങ്ങി.

**ഫെബ്രുവരി 1.** ഇന്നലെ രാത്രി 9 മണിക്ക് റമ്പാച്ചൻ വന്നു താമസിച്ചു. കുർബാന ചൊല്ലി. പല കാര്യങ്ങളും ഞങ്ങൾ ആലോചിച്ചു.

**3.** രാവിലെ മണ്ണാരകുളഞ്ഞിയിൽ എത്തി. കല്യാണക്കാർ വരാൻ താമസിച്ചതുകൊണ്ട് കാര്യം പറഞ്ഞിട്ടു ഞാൻ മൈലപ്രായിൽ എത്തി ഒരു കല്യാണം നടത്തി. മണ്ണാരകുളഞ്ഞിക്കാരും വന്നു, അതും നടത്തി. 12 മണിക്ക് തിരുവല്ലായ്ക്ക് പോയി. അവിടെ നിന്നും 6 മണിക്ക് നന്നൂക്കാട് എത്തി ഒരു മണിക്കൂർ ആരാധനയിൽ കൂടി. 11 മണിക്ക് മടങ്ങിപോന്നു.

**21.** കുർബാനയും കല്യാണവും നടത്തി. ഇന്ന് 5 കല്യാണങ്ങൾ നടത്തി. കൊച്ചച്ചനും ഉണ്ടായിരുന്നു.

**23.** രാവിലെ ചെങ്ങന്നൂർ കണ്ണന്താനത്ത് എത്തി. അവിടെ ജോർജ് വറുഗീസിന്റെ വിവാഹം നാളെ നടക്കുന്നതിൽ സംബന്ധിക്കുവാൻ



www.malankaralibrary.com

സൗകര്യമില്ലാത്തതിനാൽ ഇന്ന് പോയി കണ്ടു മംഗളം നേർന്നതാണ്. 6 മണിക്ക് മടങ്ങി എത്തി.

**24.** മൈലപ്രായിൽ ഇന്ന് മൂന്നു കല്യാണങ്ങൾ നടത്തി.

**25.** തിരുവനന്തപുരത്തിന് പോയി 9 മണിക്ക് എത്തി. തിരുമേനിയുമായി ഹൈസ്കൂൾ സംബന്ധിച്ചു അപേക്ഷ തയ്യാറാക്കി.

**26.** അരമനയിൽ നിന്നും തിരിച്ചു കൊല്ലത്ത് എത്തി. ഡി.ഐ. (ഡിവിഷൻ ഇൻസ്പെക്ടർ) ഓഫീസിൽ പോയി ശ്രീ. ചെറിയാനെ കണ്ടു സ്കൂളിന്റെ കാര്യം പറഞ്ഞു. ഞങ്ങൾ ഒന്നിച്ച് എക്സ്പ്രസിൽ കായംകുളത്ത് പോയി. ഞാൻ അവിടെ നിന്നും തിരിച്ച് 5 മണിക്ക് വീട്ടിൽ എത്തി.

**മാർച്ച് 6.** രാവിലെ മണ്ണാരകുളഞ്ഞിയിലും പിന്നീടു മൈലപ്രായിലും ചൊല്ലി. മൈലപ്രാ പള്ളി കണക്കു കേട്ടു. ഉച്ചകഴിഞ്ഞ് കുമ്പഴ എത്തി. 3.30-ന് റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന സൺഡേ സ്കൂൾ വാർഷികയോഗത്തിൽ 20 മിനിട്ടു ഞാൻ പ്രസംഗിച്ചു. മണ്ണാരകുളഞ്ഞിയിൽ എത്തി മീറ്റിംഗിൽ പള്ളി കണക്കുകേട്ടു.

**15.** രാവിലെ കൊല്ലത്തിന് പോയി. ഡി.ഐ. ആഫീസിൽ കയറി അന്വേഷിച്ചു. തിരുവനന്തപുരത്ത് എത്തി തിരുമേനിയെ കണ്ടു. പുത്തൻപീടിക വസ്തുവിന്റെ ബാക്കി രൂപ 40 രൂപ അരമനയിൽ ഏല്പിച്ചു.

**21.** പത്തനംതിട്ട ഡി.പി.ഐ. വന്നിട്ടുണ്ടെന്നറിഞ്ഞ് പോയി കണ്ടു. മൈലപ്രാ സ്കൂൾ സ്ഥലം കാണാൻ ക്ഷണിച്ചു. ഉടനെ ഞാൻ പൊന്നു. 3.30-ന് ഡി.പി.ഐ.-യും ഡി.ഐ.-യും വന്ന് സ്ഥലം കണ്ടു പോയി.

**ഏപ്രിൽ 1.** ചൊല്ലി. കുലശേഖരപേട്ടയിൽ പൊയി തൊമ്മിസാറിന്റെ അമ്മക്ക് വി. കുർബാന എഴുന്നെള്ളിച്ചു കൊടുത്തു. നന്നുക്കാട് പോയിട്ട് വീട്ടിൽ എത്തി. 3 മണിക്ക് കടമ്മനിട്ട പോയി അച്ചനെ കണ്ടു. സുഖമില്ലാതെ ഇരിപ്പാണ്.

**4.** വെളുപ്പിന് നാലര മണിക്ക് പന്തളത്തിന് പോയി. അവിടെ നിന്നും തിരുവനന്തപുരത്ത് അരമനയിൽ എത്തി വിശ്രമിച്ചു. 3 മണിക്ക് ടൗണിൽ പോയി ചില കാര്യങ്ങൾ ചെയ്തു. 7 മണിയോടുകൂടി ശ്രീ. എം.ഒ. വറുഗീസിന്റെ വീട്ടിൽ പോയി കണ്ട് ചില കാര്യങ്ങൾ പറഞ്ഞു. 9 മണിക്ക് അരമനയിൽ തിരിച്ചെത്തി.

**5.** അരമനയിൽ ചൊല്ലി. ചില കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. രാത്രി 9 മണിയോടുകൂടി ഡി.പി.ഐ., ഡോ. റ്റി.കെ. കോശി അരമനയിൽ വന്ന് സ്കൂൾ കാര്യം പറഞ്ഞു. സ്കൂൾ തരാമെന്ന് സമ്മതിച്ചു.



www.malankaralibrary.com

**10.** മൈലപ്രായിൽ ഓശാന ശുശ്രൂഷയും കുർബാനയും നടത്തി. പമ്പൂരെത്ത് വല്ല്യച്ചൻ (ഫാ. ചാണ്ടപിള്ള പമ്പൂരേത്ത്) മരിച്ചതായി അറിഞ്ഞു. റമ്പാച്ചനെ വിളിക്കാൻ ആളു വന്നു. അവരോടുകൂടി കടമ്മനിട്ട എത്തി റമ്പാച്ചനുമായി കാറിൽ പന്തളത്തിന് പോയി. 7 മണിക്ക് സംസ്കാരം കഴിഞ്ഞ് കിളന്നമണ്ണിൽ എത്തി ഉറങ്ങി.

**13.** ഉച്ചകഴിഞ്ഞപ്പോൾ തൊമ്മിസാറിന്റെ അമ്മ മരിച്ചതായി ആളുവന്നു പറഞ്ഞു. പള്ളിയിൽ പോയി വേണ്ട സജ്ജീകരണങ്ങൾ ചെയ്ത ശേഷം കുലശേഖരപേട്ടയിൽ പോയി പ്രാർത്ഥന നടത്തി. 6 മണിയോടു മൃതശരീരം പള്ളിയിൽ എത്തിച്ച് സംസ്കാര ശുശ്രൂഷ നടത്തി. 7.30-ന് കഴിഞ്ഞു. പള്ളിയിൽ സിപ്രിയാൻ അച്ചൻ കുമ്പസാരിപ്പിക്കാൻ വന്നു.

**29.** അരമനയിൽ നിന്നും ടൗണിൽ പോയി ഡി.പി.ഐ. ഓഫീസിൽ എത്തി. സ്കൂൾ അനുവാദത്തിന് ശിപാർശ ചെയ്തു മന്ത്രിക്ക് അയച്ചതായി അറിഞ്ഞു. തിരുമേനി കത്തീഡ്രലിൽ എത്തി. ഞങ്ങൾ ഒരുമിച്ചു കെ.ജി. നായരെ കാണാൻ പോയി. അരമനയിൽ 1.30-ന് തിരിച്ചെത്തി. 4 മണിക്ക് ഞാൻ ടൗണിൽ പോയി ശ്രീ. എം. തോമസിന്റെ കൂടെ മന്ത്രിയെ പോയി കണ്ടു. 9.30-ന് കത്തീഡ്രലിൽ എത്തി ഉറങ്ങി.

**30.** കത്തീഡ്രലിൽ ചൊല്ലി. ശ്രീ. എം.ഒ. വറുഗീസിനെ വീട്ടിൽ പൊയി കണ്ടു റോഡു കാര്യം പറഞ്ഞു. 8 മണിയോടു വീട്ടിൽ എത്തി.

**മേയ് 12.** തിരുവനന്തപുരത്തിന് ടെലഗ്രാം ചെയ്തു. 6 മണിയോടുകൂടി കുര്യച്ചനും (ഫാ. കുര്യൻ ഇലഞ്ഞിമറ്റം) ബ്രദർ ഗബ്രിയേലും മറ്റും വന്ന് പല കാര്യങ്ങളും ആലോചിച്ചു. അവർ സ്കൂൾ സ്ഥലം പോയി കണ്ടിട്ട് വീട്ടിൽ വന്നിട്ട് മടങ്ങിപോയി.

**17.** രാത്രി 8 മണിയോട് അരമനയിൽ എത്തി. സേവേറിയോസ് തിരുമേനി അവിടെ ഉണ്ടായിരുന്നു. പിതാവിന്റെ സഹായി ശമുവേൽ ടൈഫോയിഡു മൂലം ആശുപത്രിയിൽ കിടന്നു മരിച്ചു.

**18.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി ശ്രീ. എം. തോമസിനെ കണ്ട് സ്കൂൾ കാര്യം അന്വേഷിച്ചു. അനുവദിച്ചതായി അറിഞ്ഞു. ടൗണിൽ ചില കാര്യങ്ങൾ ചെയ്തിട്ടു അരമനയിൽ മടങ്ങി എത്തി.

**19.** ഉച്ചവരെ സ്കൂൾ തുടങ്ങുന്ന കാര്യം തിരുമേനിയുമായി ആലോചിച്ചു. 1 മണിക്ക് കുഞ്ഞുകുഞ്ഞ് പാസ്ബുക്ക് കൊണ്ടുവന്നു തന്നു. 500 രൂപ എടുത്ത് കെട്ടിടം പണിക്ക് കൊടുക്കുവാൻ പറഞ്ഞു. 2.30-ന് ഞാൻ മടങ്ങിപോന്നു.

**26.** അരമനയിൽ ചൊല്ലി. സ്കൂൾ സംബന്ധിച്ച ചില കാര്യങ്ങൾ



www.malankaralibrary.com

ആലോചിച്ചു. സി. മാത്യു അച്ചനെ ഡി.പി.ഐ. ഓഫീസിലേക്ക് അയച്ചു ചില വിവരങ്ങൾ അറിഞ്ഞു.

**27.** രാവിലെ മന്ത്രി കുഞ്ഞുരാമനെ പൊയി കണ്ടിട്ടു അരമനയിൽ തിരിച്ചെത്തി. 2 മണിയോടുകൂടി നെല്ലിമൂട്ടിൽ എത്തി തോമസ് കരിയിൽ അച്ചനെ കണ്ട് മൈലപ്രാ ഹൈസ്കൂളിലേക്ക് ക്ഷണിച്ച് കാര്യം പറഞ്ഞു. അരമനയിൽ തിരിച്ചെത്തി. രാത്രി 8 മണിക്ക് വന്ദ്യപിതാവിനോടുകൂടി പോയി ഡി.പി.ഐ. ഡോ. കോശിയെ കണ്ടു സംസാരിച്ചു, മടങ്ങി.

**28.** രാവിലെ അരമനയിൽ നിന്നും തിരിച്ചു കൊല്ലത്ത് എത്തി. ഡെപ്യൂട്ടി ഡയറക്ടറെ കണ്ടു അപേക്ഷ കൊടുത്തു. സന്ധ്യയോടു കൂടി വീട്ടിൽ എത്തി.

**29.** കരിയിലച്ചൻ വന്ന് പള്ളിയിൽ താമസിച്ചു. കടമ്മനിട്ട അച്ചനും പുലന്തിട്ട അച്ചനും ഉണ്ടായിരുന്നു.

**30.** രാവിലെ കരിയിലച്ചനും കടമ്മനിട്ട അച്ചനും ഞാനും കൂടി സ്കൂളിന് അനുവാദം കിട്ടിയതിന് ദൈവത്തിന് സ്തോത്രം ചെയ്ത് മൂന്നിൻ മേൽ കുർബാന ചൊല്ലി. ഉടനെ ഞാൻ പത്തനംതിട്ട പോയി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് ശ്രീ. പി.എൻ. ചെല്ലപ്പൻ പിള്ളയേയും ശ്രീ. റ്റി.സി. ജോണിനേയും മറ്റും കാറിൽ 9.30-ന് സ്കൂളിൽ കൊണ്ടുവന്നു. 10.30-ന് ഉദ്ഘാടന മീറ്റിംഗ് തുടങ്ങി, ഞാൻ സ്വാഗതപ്രസംഗം നടത്തി. 11 മണിക്ക് മീറ്റിംഗ് തീർന്നു.

**ജൂൺ 1.** വെളുപ്പിന് 4 മണിക്ക് പന്തളത്തിന് തിരിച്ചു. അവിടെ നിന്ന് കൊല്ലത്തിന് പോയി. 12 മണിക്കെത്തി, ഓഫീസിൽ കയറി ചില ജോലികൾ കഴിഞ്ഞ് തിരുവനന്തപുരത്തിന് പോയി.

**2-3.** അരമനയിൽ നിന്നും ഡി.പി.ഐ. ഓഫീസിൽ എത്തി ഡോ. കോശിയേയും മറ്റു ചിലരേയും കണ്ടു പല കാര്യങ്ങളും പറഞ്ഞ് ചെയ്യിച്ചു.

**4.** വില്യം അച്ചനോടുകൂടി (ഫാ. വില്യം റ്റി. ഒ.സി.ഡി.) ഡി.പി.ഐ -യെ പോയി കണ്ടു. ക്ലാസ് തുടങ്ങുന്നതിന് ഏതാനും നിർദ്ദേശങ്ങൾ അവർ കൊല്ലത്തിന് അയച്ചു.

**5.** ഞാനും വില്ല്യം അച്ചനും കൂടി കൊല്ലത്തിന് പോയി. ഡി.ഐ. -യെ കണ്ടു. ഡി.പി.ഐ.-യുടെ ഓർഡർ വരട്ടെ, കുഴപ്പമില്ല എന്നു പറഞ്ഞു. ഞങ്ങൾ മടങ്ങി 7 മണിക്ക് തിരുവനന്തപുരത്ത് എത്തി.

**6.** കുർബാന കഴിഞ്ഞ് കൊല്ലത്തിന് പോയി. 12 മണിക്കെത്തി ഓഫീസിൽ പോയി. ഓർഡർ വന്ന വിവരം പറഞ്ഞു. 4 മണിക്ക് ഓർഡർ കിട്ടി. ചെങ്ങന്നൂർ വഴി മടങ്ങി, അവിടെ കിടന്നു.





www.malankaralibrary.com

7. രാവിലെ 7 മണിക്ക് മൈലപ്രാ എത്തി. കുർബാന കഴിഞ്ഞ് സ്കൂളിൽ എത്തി ചില കാര്യങ്ങൾ ചെയ്തു. കുര്യച്ചന്റെയും തര്യച്ചന്റെയും വസ്തുഭാഗം കുഴപ്പത്തിലായി. അവർ മടങ്ങിപോകാൻ നിശ്ചയിച്ചു. ഞാൻ സമാധാനപ്പെടുത്തി, അവർ താമസിച്ചു.

8. സ്കൂളിൽ എത്തി ചില ജോലികൾ ചെയ്തു. കുര്യച്ചനേയും തര്യച്ച നേയും കണ്ടു, കാക്കുചേട്ടനേയും കണ്ടു മാധ്യസ്ഥ തീരുമാനത്തി നായി ചില കാര്യങ്ങൾ ചെയ്തു.

10. ചങ്ങനാശ്ശേരിക്കാരുടെ കാര്യത്തിനായി ഒരു മണിക്കൂർ ആരാധ നയും പ്രത്യേക സമാധാന ശുശ്രൂഷയും നടത്തി. അവർ കുമ്പസാ രിച്ച് കുർബാന കൈകൊണ്ടു. കുർബാന കഴിഞ്ഞ് ഞാൻ സ്കൂളിൽ എത്തി ജോലിചെയ്തു.

13. മണ്ണിൽ ജോർജ്ജിന്റെ അമ്മയ്ക്ക് തൈലാഭിഷേകം നടത്തി കുർബാ നയും കൊടുത്തു. സ്കൂൾ പണി കാലായിൽ തോമസിന്റെ ചുമത ലയിൽ നടത്തിച്ചു തുടങ്ങി. ജോലി ഉള്ള ദിവസം 2 രൂപ ശമ്പളം വച്ചു എടുക്കാൻ പറഞ്ഞു.

16. സ്കൂൾ പണി നടത്തുന്നത് പോയി കണ്ടു. വൈകിട്ടു പ്രക്കാനത്തിന് പോയി അവരുടെ ശണ്ഠക്കുള്ള കാരണങ്ങൾ അറിഞ്ഞു.



**മൈലപ്രാ ഹൈസ്കൂൾ**

24. രാവിലെ 8 മണിയോട് അരമനയിൽ എത്തി. തിരുമേനിയുമായി സ്കൂളിനെ പ്പറ്റി സംസാരിച്ചു. ബുക്ക്സും സയൻസ് സാധനങ്ങളും വാങ്ങാൻ ഇടപാടു ചെയ്തു.

25. പല കാര്യങ്ങളും ഏർപ്പാടു ചെയ്തു. 200 രൂപ കെട്ടിടം പണിക്ക് വാങ്ങി. 100 രൂപ അലവൻസും കരിയിലച്ചനു വേണ്ടി 100 രൂപയും വാങ്ങി. ഉച്ചകഴിഞ്ഞ് ടൗണിൽ എത്തി പല കാര്യങ്ങളും ചെയ്തു.



www.malankaralibrary.com

രാത്രി 8 മണിക്ക് ട്രെയിനിൽ തിരിച്ച് 12 മണിക്ക് പുനലൂരിൽ എത്തി. വെളുപ്പിന് 4 മണിക്ക് തിരിച്ച് 8 മണിയോടുകൂടി മൈലപ്രാ എത്തി.

**30.** ചങ്ങനാശ്ശേരി കാക്കാംതോട്ടക്കാരുടെ വസ്തുഭാഗം സംബന്ധിച്ച് ചിലത് മനസ്സിലാക്കി, ക്രമീകരണം ചെയ്ത് തീരുമാനം എഴുതുവാൻ തുടങ്ങി.

**ജൂലൈ 1.** ചൊല്ലി. ചങ്ങനാശ്ശേരിക്കാർ രണ്ടു കൂട്ടരുടേയും അഭിപ്രായം അറിഞ്ഞ് വസ്തുഭാഗം തീർപ്പു ഞാനെഴുതികൊണ്ടിരുന്നു.

**2.** ഭാഗവിധി തയ്യാറാക്കി 12 മണി കഴിഞ്ഞ് കുര്യച്ചൻ, തര്യച്ചൻ, മാത്തച്ചൻ മുതലായവർ വന്നു. ഭാഗവിധി ഞാൻ വായിച്ച് പ്രസ്താവിച്ചു. തര്യച്ചൻ കുറെ പ്രയാസം പറഞ്ഞു. എങ്കിലും അവർ എല്ലാം സമ്മതിച്ച് പിരിഞ്ഞു.

**7.** അരമനയിൽ ചൊല്ലി. സ്കൂൾ കാര്യങ്ങൾ തീരുമേനിയുമായി ആലോചിച്ചു. ഉച്ചകഴിഞ്ഞ് ഡി.പി.ഐ. ഓഫീസിൽ പോയി. പിന്നീട് ഡോ. കോശിയെ വീട്ടിൽ പോയി കണ്ടു. അരമനയിൽ എത്തി വിശ്രമിച്ചു. കോളേജു പണി പോയി കണ്ടു.

**10.** മണ്ണാരകുളഞ്ഞിയിൽ ചിറക്കടവിൽ ബേബി ക്രമരഹിതമായി വിവാഹം ചെയ് തതിൽ അനുതപിച്ച് തന്നെകൂടി ചേർക്കണമെന്ന് പറഞ്ഞു. പിഴയായി 30.7.8 (രൂ.ച.കാ.) പള്ളിയിൽ ഏല്പിച്ചു. അതനുസരിച്ച് വേണ്ടത് എഴുതി അയക്കാനായി നിശ്ചയിച്ചു.

**14.** കാക്കാംതോട്ടക്കാരുടെ വസ്തുഭാഗകാര്യത്തിൽ ഇടപെട്ടു.

**15.** കാക്കാംതോട്ട ഇട്ടി അവരായ്ക്കുവേണ്ടി ചൊല്ലി. രാവിലെ കാക്കു ചേട്ടനെ കണ്ടു കാക്കാംതൊട്ടു കുടുംബകാര്യം ആലോചിച്ചു. 5 മണിക്ക് പള്ളിയിൽ എത്തി അവരുടെ കുടുംബകാര്യം സംസാരിച്ചു.

**23.** പത്തനംതിട്ട പോയി സിപ്രിയാൻ അച്ചനും, കിഴക്കേവീട്ടിൽ അച്ചനും ആയി ചില കാര്യങ്ങൾ ആലോചിച്ചു. പത്തനംതിട്ട കുരിശടി പണിയുന്ന കാര്യവും പറഞ്ഞു.

**26.** സ്കൂളിൽ നിന്ന് ഫീസ് പിരിവു വന്നത് കടംവീട്ടുന്നതിന് കൊടുത്തു.

**29.** അരമനയിൽ ചൊല്ലി. സ്കൂൾ കാര്യം തിരുമേനിയെ അറിയിച്ചു. തിരുമേനി കല്പിച്ചതനുസരിച്ചു ജോൺ എം. ജോണും ഞാനും കൂടി ഡിപി.ഐ.-യെ പോയി കണ്ട് ടിയാനെ സ്കൂൾ ഇൻസ്പെക്ടർ ആക്കുന്ന കാര്യം പറഞ്ഞു. വേണ്ടത് ചെയ്യാമെന്ന് സമ്മതിച്ചു. അരമനയിൽ എത്തി. സ്കൂൾ പണിയ്ക്ക് 700 രൂപ മേക്കൊഴൂർക്ക് 100 രൂപ എനിക്ക് അലവൻസ് 50 രൂപയും ഇങ്ങനെ 850 രൂപയ്ക്കുള്ള ചെക്ക് കിട്ടി. കത്തീഡ്രലിൽ പോയി താമസിച്ചു.





www.malankaralibrary.com

**ആഗസ്റ്റ് 11.** താഴത്തേതിൽ കുഞ്ഞച്ചന്റെ ഭാര്യയുടെ സംസ്കാരം നടത്തി. 5 മണിക്ക് പുതിയേൽ ഉണ്ണിയുടെ സുഖക്കേടു കണ്ടു മടങ്ങിപോന്നു.

**20.** ഉച്ച കഴിഞ്ഞ് സംഘം അസി. രജിസ്ട്രാർ വി.എസ്. ദാനിയേൽ വന്നു. 3 മണി ആയപ്പോഴേക്ക് ധാരാളം ആളുകൾ എത്തി. സ്കൂളിൽ 639-ാം നമ്പർ സംഘത്തിന്റെ രജതജൂബിലി 3 മണിക്ക് വി.എസ്. ദാനിയേലിന്റെ അദ്ധ്യക്ഷതയിൽ കൂടി. കെ.പി. ജോർജ്, വി.ജി. ജോർജ്ജു മുതലായവർ പ്രസംഗിച്ചു. എനിക്ക് ഒരു മംഗളപത്രം വായിച്ചു തന്നു. ഞാൻ മറുപടി പറഞ്ഞു. 5 മണികഴിഞ്ഞ് പിരിഞ്ഞു.

**27.** 10 മണിയോടുകൂടി സിപ്രിയാൻ അച്ചൻ വന്നു. സിമന്റ് 40 പായ്ക്കറ്റ് അദ്ദേഹത്തിന്റെ പേരിൽ വന്നത്, 10 രൂപ ചെലവായതുകൊടുത്ത് ഞാൻ പെർമിറ്റു വാങ്ങി.

**29.** സ്കൂളിൽ എത്തി. കെട്ടിടത്തിന്റെ ഉത്തരംവയ്പ് നടന്നു. കാപ്പി സൽക്കാരം നടന്നു. എന്റെ കാലിൽ ചുമപ്പും വേദനയും ഉണ്ടായിരുന്നു.

**സെപ്റ്റംബർ 2.** ഉച്ചയോടുകൂടി അരമനയിൽ എത്തി. പിതാവിനെ കണ്ടു. ഓടിന് ചാലക്കുടി ഫാക്ടറിക്ക് കൊച്ചുപാപ്പിയുടെ പേർക്ക് എഴുത്ത് തന്നു. 100 രൂപ വാത്തിയുടെ 94 സെന്റ് സ്ഥലം വാങ്ങാൻ അഡ്വാൻസ് കൊടുക്കാൻ തന്നു. 40 രൂപ അച്ചനോട് കടം വാങ്ങി കത്തീഡ്രലിൽ എത്തി.

**3.** കത്തീഡ്രലിൽ ചൊല്ലി. പുരയ്ക്കൽ അച്ചനോടുകൂടി (ഫാ. മാത്യു പുരയ്ക്കൽ) തിരിച്ച് ട്രെയിനിൽ കൊല്ലത്ത് എത്തി. ആശ്രമം ഫാക്ടറിയിൽ എത്തി സി.പി. നൈനാനെ കണ്ടു. 3032 മേച്ചിലോടും 111 കമത്തും കയറ്റി വള്ളത്തിൽ അയച്ചു. 5 മണിക്ക് തിരിച്ച് പുന്തല വന്നു താമസിച്ചു.

**5.** വയലത്തല പള്ളിയിൽ കുഴിയംമണ്ണിൽ അച്ചനു വേണ്ടി മൂന്നിൻമേൽ കുർബാന ചൊല്ലി. ധൂപം വച്ചു മടങ്ങി.

**13.** കോഴഞ്ചേരിയിൽ പോയി ഓടും കൊണ്ടു വള്ളം വന്നോ എന്ന് അന്വേഷിച്ചു. തിരുമേനിയെ ഫോണിൽ വിളിച്ച് ഒരു ടീച്ചറെ എടുക്കുന്ന കാര്യം പറഞ്ഞു. പാലാക്കാർ ഒരു കുടുംബം തലശ്ശേരിയിൽ വച്ചു തങ്ങളുടെ സർവ്വവും മോഷ്ടാക്കൾ അപഹരിക്കപ്പെട്ടവർ വന്ന് വീട്ടിൽ താമസിക്കുന്നു. അവർക്ക് ഭക്ഷണം കൊടുക്കാൻ സമ്മതിച്ചു. 11 പേരുണ്ടായിരുന്നു.

**18.** കടമ്മനിട്ട അച്ചനെ കാണാൻ പോയി. വയലത്തല പള്ളികേസ് കാര്യം സംബന്ധിച്ച് പറഞ്ഞു. നാളെ രാവിലെ ഞാൻ കൂടി അവിടെ പോകണമെന്ന് നിശ്ചയിച്ചു. വീട്ടിൽ എത്തി. സന്ധ്യയോടുകൂടി



www.malankaralibrary.com

കുഞ്ഞുതോമ്മാ, മൂത്തകുഞ്ഞു, വാത്തിനാണു എന്നിവർ വന്ന് വസ്തു സ്കൂളിന് എഴുതുന്ന കാര്യം പറഞ്ഞു. 26 രൂപ വച്ചു 94 സെന്റ് സ്ഥലം എഴുതി തരാമെന്നും ഒക്ടോബർ 4-ാം തീയതി അതു സംബന്ധിച്ച ഉടമ്പടി എഴുതി തരാമെന്നും പറഞ്ഞു. അഡ്വാൻസായി 50 രൂപ നാളെ കൊടുക്കുവാൻ ഏർപ്പാട് ചെയ്ത് പിരിഞ്ഞു.

**21.** ഉച്ചയോടുകൂടി പത്തനംതിട്ട, മാക്കാംകുന്ന്, ഓമല്ലൂർ എന്നിവിടങ്ങളിൽ പോയി. ഓമല്ലൂരിൽ കാപ്പിൽ വീട്ടിൽ ഇരിക്കുമ്പോൾ ആശാര്യത്ത് അച്ചനെ (ഫാ. ഏബ്രഹാം ആശാര്യത്ത്, പ്രക്കാനം) കുത്തികൊന്നു എന്ന് കേട്ടു. രാത്രി മടങ്ങിപോന്നു.

**22.** പ്രക്കാനത്തിന് ഞാനും അച്ചനും (കരിയിൽ അച്ചൻ) അദ്ധ്യാപകരും 10 മണിയോടുകൂടി പോയി (ആശാരിയത്ത് അച്ചന്റെ മകൻ ഏബ്രഹാം മൈലപ്രാ സ്കൂളിൽ അദ്ധ്യാപകനായിരുന്നു). ചീക്കനാൽ പള്ളിയിൽ എത്തി. റമ്പാച്ചനും മറ്റു അനേകം അച്ചന്മാരും ഉണ്ടായിരുന്നു. പോസ്റ്റ്മോർട്ടും, മഹസർ മുതലയായവ കഴിഞ്ഞ് 6 മണിക്ക് സംസ്കാരം നടന്നു. ഞങ്ങൾ ഉടനെ മടങ്ങി.

**28.** ഞാനും കടമ്മനിട്ട അച്ചനും കൂടി പ്രക്കാനത്ത് ആശാര്യത്ത് എത്തി. അവരെ ആശ്വസിപ്പിച്ചു പ്രാർത്ഥന നടത്തി പോന്നു.

**30.** കടമ്മനിട്ട അച്ചൻ കത്ത് കൊടുത്തയച്ചതനുസരിച്ച് അവിടെ പോയി. പന്തളം മത്തായി സാറും മറ്റും അവിടെ ഉണ്ടായിരുന്നു. 2 മണിയോടുകൂടി കൊട്ടാരക്കര അച്ചൻ വന്നു. ആശാര്യത്ത് അച്ചന്റെ കാര്യം ഞങ്ങൾ ആലോചിച്ചു ഏതാനും കാര്യം നിശ്ചയിച്ചു. അവിടെ താമസിച്ചു.

**ഒക്ടോബർ 2.** 4 മണികഴിഞ്ഞ് വയലത്തല പള്ളിയിൽ എത്തി പള്ളി കേസു സംബന്ധിച്ച് പറഞ്ഞ് അവിടെ താമസിച്ചു.

**3.** വയലത്തല ചൊല്ലി. സ്ഥലം അളപ്പിച്ചും മറ്റും 4 മണിവരെ അവിടെ കഴിച്ചു കൂട്ടി. തീരുമാനം ഒന്നുമുണ്ടാകാതെ മടങ്ങിപോന്നു.

**4.** പത്തനംതിട്ട പോയി വാത്തിയുടെ സ്ഥലത്തിന്റെ ഉടമ്പടി എഴുതിച്ചു.

**11.** ഇന്ന് സ്കൂളിൽ കോൺക്രീറ്റ് ചെയ്യിച്ചുകൊണ്ടിരുന്നു. രാത്രി മുഴുവനും ജോലി ആയിരുന്നു.

**27.** ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് കാളാശേരി തിരുമേനി കാലം ചെയ്തതായി അറിഞ്ഞു.

**28.** തിരുവല്ലാ അരമനയിൽ എത്തി. അവിടെനിന്നും ചങ്ങനാശ്ശേരിയിൽ എത്തി സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. 4 മണി കഴിഞ്ഞ് മടങ്ങിപോന്നു.





www.malankaralibrary.com

**നവംബർ 1.** ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാനായി 3 ടൈപ്പ്റൈറ്റിംഗ് മെഷീനുകൾ 800 രൂപക്ക് വാങ്ങികൊണ്ടുവന്നു.

**3.** എന്റെ മേടയിൽ മുകളിൽ വടക്കേമുറിയിൽ ടൈപ്പിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി. ഞാൻ പ്രസംഗിച്ചു. കരിയിൽ അച്ചൻ പ്രസിഡന്റായിരുന്നു. ഗ്രേസി അദ്ധ്യാപികയായി വന്നിരുന്നു.

**6.** റാന്നിയിൽ 3 മണിക്ക് എത്തി. മീറ്റിംഗ് കൂടി വില്ലേജ് പഞ്ചായത്ത് രൂപീകരണം നടന്നു. മൈലപ്രാ മേക്കൊഴൂർ ഒന്നിച്ചു നടത്താൻ തീരുമാനിച്ചു.

**10–18.** നല്ല സുഖം ഇല്ലാതെ വിശ്രമിച്ചുകഴിഞ്ഞു.

**19.** കുമ്പഴ പള്ളിയിൽ കിഴക്കേവീട്ടിൽ അച്ചനും കുമ്പഴ അച്ചനും ഞാനും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലി.

**ഡിസംബർ 1.** പെരുനാട്ടിൽ നിന്നും ജോയിച്ചനും ഒരാളും കൂടി വന്ന് 1000 രൂപയും 400 രൂപയുടെ ചെക്കും ഫ്രാൻസിസ് കൊടുത്തയച്ചത്, സ്കൂളിന് സ്ഥലം എഴുതിക്കാനായി കിട്ടി.

**5.** സ്കൂളിനു വേണ്ടി വസ്തു എഴുതിക്കാനായി അളന്നു നോക്കി. ഉച്ചകഴിഞ്ഞ് പത്തനംതിട്ട എത്തി ആധാരം എഴുതി വയ്ച്ചിട്ടു മടങ്ങി പോന്നു.

**6.** പത്തനംതിട്ട പോയി ആധാരം രജിസ്റ്ററാക്കിച്ചു. 1302 രൂപ നാണുവിന് കൊടുത്തു. ഇനിയും 169 രൂപ കൂടി കൊടുക്കണം.

**13–15.** തിരുവനന്തപുരത്ത് അരമനയിൽ പല കാര്യങ്ങളും ചെയ്തു കൊണ്ടിരുന്നു.

**21.** കണ്ണന്താനം കീവർച്ചൻ വന്ന് ഇവിടെ താമസിച്ചു.

**22.** കീവർച്ചനും ഞാനുംകൂടി കീക്കൊഴൂർ പോയി റമ്പാച്ചനെ കണ്ടു. മാടത്തുപോയി വിവരം അറിഞ്ഞിട്ട് കീക്കൊഴൂർ എത്തി താമസിച്ചു.

**23.** 8 മണിക്ക് റമ്പാച്ചനോടുകൂടി ചെങ്ങന്നൂർക്ക് തിരിച്ച് ആശ്രമത്തിൽ എത്തി. ഫാത്തിമ മാതൃസ്വരൂപം സ്വീകരണകമ്മറ്റി കൂടി ചില കാര്യങ്ങൾ തീരുമാനിച്ചു. മടങ്ങിപോന്നു.

**31.** രാവിലെ ചൊല്ലി. 7.30-ന് സേവേറിയോസ് തിരുമേനി വന്നു. ഒരുമിച്ചു മണ്ണാരകുളഞ്ഞിയിൽ എത്തി തിരുമേനി ചൊല്ലി. കാറിൽ കാക്കുച്ചന്റെ വീട്ടിൽ എത്തി. അനേകർ അവിടെ ഉണ്ടായിരുന്നു. വീടുകൂദാശ കഴിഞ്ഞ് ഭക്ഷണവും കഴിഞ്ഞ് മടങ്ങിപോന്നു. നന്നുക്കാടു എത്തി ആഘോഷമായി പത്തനംതിട്ട എത്തി കുരിശു കൂദാശ നടന്നു. ഞാൻ ഏഴര മണിക്ക് ഇലന്തൂർ എത്തി വടക്കേക്കര വീട്ടിൽ പോയി കിടന്നു.



www.malankaralibrary.com

# 1950

**ജനുവരി 1.** രാത്രി 12 മണിക്ക് എഴുന്നേറ്റ് ഇലന്തൂർ പള്ളിയിൽ മാർപാപ്പയുടെ നിയോഗപ്രകാരം കുർബാന ചൊല്ലി. ഒരു മണിക്കൂർ ആരാധനയും കഴിഞ്ഞ് മൂന്നര മണിക്ക് മടങ്ങിപോന്നു. വീട്ടിൽ എത്തി ഉറങ്ങി. രാവിലെ മണ്ണാരകുളഞ്ഞിയിൽ എത്തി കുർബാന ചൊല്ലി, വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് ആദ്യ വിളവ് ശേഖരണം ഉണ്ടായിരുന്നു.

**6.** 4 മണികഴിഞ്ഞ് കടമ്മനിട്ട പള്ളിപെരുന്നാളിന് പോയി. 6 മണിക്ക് നമസ്കാരം കഴിഞ്ഞ് അച്ചന്റെ വീട്ടിൽ എത്തി ഊണു കഴിഞ്ഞു. റാസ തുടങ്ങാൻ എരവത്ത് പോയി ഞാൻ 20 മിനിട്ടു പ്രസംഗിച്ചു. ഉടനെ റാസ തുടങ്ങി, ഞാൻ പള്ളിപടിക്കൽ വന്ന് പള്ളിയിൽ കയറി, അവിടെ വിശ്രമിച്ചു.

**7.** രാവിലെ കോട്ടയത്തിന് തിരിച്ചു 11.30-ന് എത്തി. എ.കെ.സി.സി. ആഫീസിൽ വിശ്രമിച്ചു. 2.30-ന് മീറ്റിംഗ് തുടങ്ങി. 4 മണിക്ക് ഞാൻ മടങ്ങിപോന്നു. 9 മണിക്ക് വീട്ടിൽ എത്തി.

**15.** രാവിലെ ചെങ്ങന്നൂർ മണ്ഡപത്തിൽ മൂന്നിൻമേൽ കുർബാന ചൊല്ലി. തിരുവല്ലായിൽ പോയി ഫാത്തിമ മാതാ പ്രതിമ കണ്ടു വന്ദിച്ചു. 2 മണിക്ക് സ്വീകരിച്ചു ആഢംബരപൂർവ്വം അനേകായിരങ്ങളോടുകൂടി 4 മണിക്ക് ചെങ്ങന്നൂരിൽ എത്തി വേണ്ട ചടങ്ങുകൾ നടത്തി. 6 മണിക്ക് മാവേലിക്കരക്ക് കൊണ്ടുപോയി.

**30.** 10 മണിയോടുകൂടി ഫാ. ജേക്കബ് വലിയപറമ്പിൽ വന്നു. ഒരുമിച്ചു പള്ളി, സ്കൂൾ ഇവ സന്ദർശിച്ചിട്ട് കുമ്പഴ അച്ചന്റെ വീടും സന്ദർശിച്ചിട്ട് മടങ്ങിപോന്നു. അച്ചൻ മടങ്ങിപോയി.

**ഫെബ്രുവരി 4.** ഉച്ചയോടുകൂടി ആശാര്യത്ത് അച്ചന്റെ ഘാതകനെ അച്ചന്റെ അനുജൻ ഓമല്ലൂരിൽ വച്ചു കുത്തികൊന്നതായി അറിഞ്ഞു.

**13.** ഇന്ന് മൈലപ്രായിൽ 4 കല്യാണങ്ങൾ നടത്തി. വീട്ടിൽ വിശ്രമിച്ചു.

**21.** 4 മണിക്ക് വില്ലേജു യൂണിയൻ മീറ്റിംഗ് കൂടി. തഹസീൽദാർ വന്നിരുന്നു. ഒരു കാളചന്തയ്ക്കുള്ള സ്ഥലം അദ്ദേഹത്തെ കാണിച്ച് അദ്ദേഹത്തിന്റെ ശിപാർശക്കുവേണ്ടി അപേക്ഷിച്ചു. 5 മണികഴിഞ്ഞ് ഞാൻ തിരുവനന്തപുരത്തിന് തിരിച്ചു. കുമ്പഴ അച്ചനും ഉണ്ടായിരുന്നു, കൊല്ലത്ത് എത്തി ഹോട്ടലിൽ ഞങ്ങൾ താമസിച്ചു.

**22.** രാവിലെ കാപ്പി കുടിയും മറ്റും കഴിഞ്ഞ് ഞങ്ങൾ പേഷ്കാരെ (കളക്ടരെ) പോയി കണ്ടു റോഡു കേസു കാര്യവും മറ്റു ചില കാര്യങ്ങളും പറഞ്ഞു. മടങ്ങിവന്ന് ഞാൻ തിരുവനന്തപുരത്തിന്



www.malankaralibrary.com

പോയി ഉച്ചയോടുകൂടി അരമനയിൽ എത്തി ചില കാര്യങ്ങൾ തിരുമേനിയെ അറിയിച്ചു.

**23.** തിരുമേനിയെ കണ്ടു പള്ളി കുരിശിന്റെ കാര്യവും ശവകോട്ടയ്ക്കു വസ്തു വാങ്ങുന്ന കാര്യവും പറഞ്ഞു. തിരുമേനി സമ്മതിച്ചു. ഒന്നര ഏക്കർ സ്ഥലം 1050 രൂപയ്ക്ക് വാങ്ങുന്നതിന് ഏർപ്പാടു ചെയ്യാൻ കല്പിച്ചു. ഉടനെ മടങ്ങി ഉച്ചകഴിഞ്ഞ് വീട്ടിൽ എത്തി.

**മാർച്ച് 2.** കരിയിൽ അച്ചന്റെ അമ്മ മരിച്ചെന്ന് അറിഞ്ഞു. ഞങ്ങൾ 2 മണിയോടുകൂടി ചേർത്തലയ്ക്ക് തിരിച്ചു. 6.30-ന് ആലപ്പുഴ എത്തി താമസിച്ചു.

**3.** വെളുപ്പിന് ഞങ്ങൾ രണ്ടും ചേർത്തലക്ക് തിരിച്ചു അച്ചന്റെ സ്വദേശമായ കരക്കോതമംഗലത്ത് എത്തി. അപ്പോഴാണ് അച്ചന്റെ അമ്മ അല്ല മരിച്ചത് കൊച്ചപ്പന്റെ അമ്മ ആണെന്ന് അറിഞ്ഞത്. ഉച്ച കഴിഞ്ഞ് ഞാൻ മടങ്ങിപോന്നു. ഹരിപ്പാട് എത്തി ഒരു വീട്ടിൽ താമസിച്ചു.

**5.** ഫാ. ജോഷ്വാ ഒ.ഐ.സി. വന്നു പരസ്യകുർബാന ചൊല്ലി. 2 മണി കഴിഞ്ഞ് സണ്ടേസ്കൂൾ സമ്മാനദാന മീറ്റിംഗ് അച്ചന്റെ അദ്ധ്യക്ഷതയിൽ പള്ളിയിൽ കൂടി. പ്രസംഗവും മറ്റും കഴിഞ്ഞ് അച്ചൻ പോയി. റോഡുവെട്ടുകാര്യം ആലോചിക്കാൻ കടമ്മനിട്ട അച്ചൻ വന്ന് ആലോചിച്ചു പിരിഞ്ഞു.

**15.** വടക്കേക്കര ചിറ്റപ്പന് സുഖക്കേടു കൂടുതലാണെന്ന് അറിഞ്ഞു. ഉടനെ തിരിച്ചു 1 മണിക്ക് അവിടെ എത്തി. വളരെ കൂടുതലായതു കൊണ്ടു അവിടെ താമസിച്ചു. കിളന്നമണ്ണിൽ അച്ചനും യോബ് അച്ചനും മറ്റ് അനേകം ആളുകളും ഉണ്ടായിരുന്നു. രാത്രി 9.30-ന് മരിച്ചു. 11 മണിക്ക് ഞങ്ങൾ കളീക്കൽ എത്തി ഉറങ്ങി.

**16.** അതിരാവിലെ കാരൂർ പള്ളിയിൽ എത്തി ചൊല്ലി. വീട്ടിൽ എത്തി 10 മണിയോടു ശുശ്രൂഷകൾ നടത്തി. ഒരു ചരമപ്രസംഗം ഞാൻ ചെയ്തു. ഒന്നര മണിയോടു സംസ്കാര ശുശ്രൂഷയും മറ്റും കഴിഞ്ഞു. ഊണു കഴിഞ്ഞ് 5 മണിക്ക് തിരിച്ചുപോന്നു.

**21.** 9 മണിയോടു കൂടി വക്കീൽ രാമൻപിള്ളയോടുകൂടി കൊല്ലത്ത് പോയി പേഷ്കാരെ കണ്ട് ചില കാര്യങ്ങൾ പറഞ്ഞശേഷം ഞാൻ തിരുവനന്തപുരത്തിന് പോയി. അരമനയിൽ എത്തി ജൂബിലി സംബന്ധിച്ചു അച്ചന്മാരുമായി ആലോചിച്ചു.

**22.** ജൂബിലി കാര്യം ആലോചിച്ചശേഷം അഞ്ചരമണിക്ക് തിരിച്ചുപോന്നു.

**28.** അരമനയിൽ ചൊല്ലി. 10 മണിക്ക് ജൂബിലി ആലോചനകൾ തുടങ്ങി പലതും നിശ്ചയിച്ചു. 15 അച്ചന്മാർ ഉണ്ടായിരുന്നു. കൊച്ചു



www.malankaralibrary.com

തിരുമേനി തിരുവല്ലായിൽ നിന്നും വന്നു. രാത്രി 10 മണിക്ക് പിതാവ് എന്നെ വിളിച്ചു അതിരൂപതയിലെ കൺസൾട്ടന്റായി നിയമിച്ചു. സത്യ പ്രതിജ്ഞ ഞാനും കുര്യച്ചനും (ഫാ. കുര്യൻ ഇലഞ്ഞിമറ്റം) മൈലാടി അച്ചനും (ഫാ. ജോസഫ് മൈലാടിയിൽ) നടത്തി. സത്യ പ്രതിജ്ഞാവാചകം എഴുതി ഒപ്പിട്ടുകൊടുത്തു. അരമനയിൽ ഉറങ്ങി.

**30.** ഇവിടെ അനുവദിച്ചുകിട്ടിയ കാളച്ചന്ത ഉദ്ഘാടനം ചെയ്യുന്നതിന് എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. തഹസീൽദാർ ശ്രീ. പി.കെ. ഉമ്മൻ ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 1-9.** ഹാശാ ആഴ്ച ശുശ്രൂഷകൾ വന്ദ്യ റമ്പാച്ചൻ വന്ന് താമസിച്ചു നടത്തി.

**9.** ഉയിർപ്പ് കുർബാന റമ്പാച്ചൻ ചൊല്ലി. 6 മണിക്ക് തീർന്നു. 6.30-ന് ഞാൻ ചൊല്ലി. 2 മാമോദീസാ നടത്തി. ഉച്ചയ്ക്ക് റമ്പാച്ചനും പാർട്ടിക്കും വീട്ടിൽ ഭക്ഷണം കൊടുത്തു. ഫിലിപ്പച്ചനും (ഫാ. ഫിലിപ്പ് പന്തോളിൽ) ഉണ്ടായിരുന്നു.

**10.** റമ്പാച്ചൻ ഉച്ചകഴിഞ്ഞ് പോയി. കരിയിൽ അച്ചനും ഫിലിപ്പ് അച്ചനും പള്ളിയിൽ താമസിക്കുന്നു.

**17.** കുമ്പഴ അച്ചന് സുഖമില്ലാത്തതിനാൽ ഞാൻ വടക്കുപുറത്ത് പോയി ഒരു സംസ്കാരശുശ്രൂഷ നടത്തി, മടങ്ങി.

**24.** രാവിലെ മണ്ണാരകുളഞ്ഞിയിൽ പോയി 2 കല്യാണം നടത്തി. ഉടനെ വന്ന് മൈലപ്രായിൽ ചൊല്ലി. തെങ്ങിടയിൽക്കാരുടെ ഒരു വിവാഹവും നടത്തി. വീട്ടിൽ എത്തി വിശ്രമിച്ചു. വൈകിട്ടു നിരണത്തുകാരൻ പാഴൂർ അച്ചൻ (ഫാ. തോമസ് പാഴൂർ, തിരുവല്ല) വന്നു. ഒരുമിച്ചു പള്ളിയിൽ പോയി ആക്കി. ഞാൻ മടങ്ങിപോന്നു.

**30.** വന്ദ്യപിതാവിന്റെ ജൂബിലി ചടങ്ങുകൾ മൈലപ്രായിൽ നടന്നു. 3 മണിയോടുകൂടി ആഘോഷങ്ങളും വാഴ്വും കഴിഞ്ഞ് സ്കൂളിൽ വന്ന് ഫിലിപ്പച്ചന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. ഞാൻ കൂടാതെ റ്റി.സി. ജോൺ, കെ.പി. ജോർജ് മുതലായവർ പ്രസംഗിച്ചു. ആശംസാപ്രമേയം പാസാക്കി.

**മെയ് 5.** തിരുവല്ലായിൽ നിന്നും ജോണച്ചന്റെ കത്തുമായി കുഞ്ഞുകുഞ്ഞുവന്നു. ഇവിടെ കിടന്നു. ഇന്ന് 8 മണിക്ക് നല്ലമഴ പെയ്തു. മഴയ്ക്കുവേണ്ടിയുള്ള നൊവേന 7 ദിവസമായി നടത്തിയത് ഇന്നു തീർന്നു.

**26.** അരമനയിൽ ചൊല്ലി. 11 മണിക്ക് വിമാനത്താവളത്തിൽ എത്തി റോമിന് പോകുന്ന സേവേറിയോസ് തിരുമേനിയെ യാത്ര അയച്ചു. മടങ്ങിവന്ന് പി.ജെ. സെബാസ്റ്റ്യനെ കണ്ടു. അരമനയിൽ താമസിച്ചു.





www.malankaralibrary.com

**27.** ജോർജിന് വസ്തു എഴുതിക്കാൻ വേണ്ടി 525 രൂപ തന്നു. 8.40-നുള്ള ട്രെയിനിൽ തിരിച്ചു. 1.30-ന് പുനലൂർ എത്തി. സ്റ്റേഷനിൽ വിശ്രമമുറിയിൽ കിടന്നു. രാവിലെ വീട്ടിലേക്ക് പോന്നു.

**30.** അരമനയിൽ എത്തി പല ജോലികളും ചെയ്തു കൊണ്ടിരുന്നു.

**31.** ഉച്ചകഴിഞ്ഞ് ടൗണിൽ പോയി. 4 മണിക്ക് പണ്ഡിറ്റ് നെഹ്റു വന്നു. വ്യക്തമായി കാണാൻ സാധിച്ചു.

**ജൂൺ 1.** അരമനയിൽ പലതും ചെയ്തു. നെഹ്റുവിന്റെ പ്രസംഗം സ്റ്റേഡിയത്തിൽ നടന്നത് കേൾക്കാൻ പോയി. ധാരാളം പേരുണ്ടായിരുന്നു. അരമനയിൽ തിരിച്ചെത്തി.

**2–3.** അരമനയിൽ പലതും ചെയ്തു. 3-ാം തീയതി മടങ്ങി പോന്നു.

**5.** പത്തനംതിട്ട പോയി തഹസീൽദാരെ കണ്ടു. മടങ്ങിപോന്നു. ഉദ്യോഗാർത്ഥം അനേകർ വീട്ടിലുണ്ടായിരുന്നു. അവരെ പറഞ്ഞയച്ച ശേഷം സ്കൂൾ കാര്യങ്ങളിൽ ഏർപ്പെട്ടു.

**7.** 10 മണിയോടുകൂടി വടശ്ശേരിക്കര പോയി തടി ഇടപാടു ചെയ്തു. തേരകത്ത് പാപ്പച്ചനും വന്നു. 11 കണ്ടിയോളം തടി വാങ്ങി. 750 രൂപ ആയി. പത്തനംതിട്ട എത്തി ആശാര്യത്ത് അച്ചന്റെ ഒറ്റിപോയ നിലം വന്ദ്യ പിതാവിന്റെ പേർക്ക് എഴുതിച്ചു. 725 രൂപ കൊടുത്തു. നിലംപാട്ടത്തിന് അച്ചന്റെ മകനെ ഏൽപിച്ചു.

**9.** ഡോ. റ്റി.എം. മാത്യുവിനെ പോയി കണ്ടു. കോന്നിയിൽ പോയി കുറെ കടമരംതടി 46 രൂപ വില വച്ചുവാങ്ങി. പത്തനംതിട്ട 1 മണി കഴിഞ്ഞെത്തി വാത്തിയുടെ സ്ഥലത്തിന്റെ ആധാരം എഴുതിച്ചു അത് രജിസ്റ്റരാക്കി. ബാക്കി 1000 രൂപ ശങ്കുവിന് കൊടുത്തു. 100 രൂപ ചെലവായി. 6 മണിക്ക് വീട്ടിൽ എത്തി.

**10.** കടമ്മനിട്ട അച്ചൻ വന്നിരുന്നു. പത്തനംതിട്ട പോയി തിരുമേനിയെ ഫോണിൽ വിളിച്ചു ചോദിച്ചതനുസരിച്ച് അച്ചന്റെ മകനെ കൂടി ഇ. എച്ച്.എസ്-ൽ എടുക്കാൻ സമ്മതിച്ചു, മടങ്ങിപോന്നു.

**16.** ഇന്നു തിരുഹൃദയ പെരുനാൾ ആയിരുന്നു. ഞാനും കരിയിലച്ചനും ചേപ്പാടു തുരുത്തിയിൽ ഫിലിപ്പച്ചനും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലി.

**19.** രാവിലെ മാവേലിക്കര പോയി വക്കീൽ എസ്.എൻ.പി-യെ കണ്ടു വിവരങ്ങൾ അറിഞ്ഞശേഷം തിരുവനന്തപുരത്തിന് പോയി. രാത്രി 8 മണിക്ക് അരമനയിൽ എത്തി.

**20.** ടൗണിൽ പോയി പല ഓഫീസുകളിലും പോയി കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞു. രാത്രി അരമനയിൽ തിരിച്ചെത്തി.

**21.** വെളുപ്പിന് 3.30-ന് എഴുന്നേറ്റു ചൊല്ലി. ഞാനും അഡ്മിനിസ്ട്രേറ്റർ



www.malankaralibrary.com

ബ. സാലസച്ചനും (ഫാ. സെയിൽസ് സി.എം.ഐ.) കൂടി എക്സ്പ്രസ്സിൽ തിരിച്ചു കൊട്ടാരക്കര ഇറങ്ങി വലിയവീട്ടിൽ അച്ചനെ പോയി കണ്ടു. പുനലൂർ വസ്തുവിന്റെ കാര്യം പറഞ്ഞു. ഞാൻ 10 മണിയോടു പുനലൂർക്ക് പോയ വഴി പൊടിയനെ കണ്ട് കത്ത് പാപ്പിയുടെ പേർക്ക് വാങ്ങി. പുനലൂരെത്തി ആലോചിച്ചശേഷം 3 മണിയോടു മടങ്ങി വീട്ടിലെത്തി.

**22.** സ്കൂളിൽ കുറെ ജോലിചെയ്തശേഷം പത്തനംതിട്ട പോയി ലാന്റ് കമ്മിറ്റിയുടെ അടുക്കൽ ഞാൻ മൊഴികൊടുത്തു.

**30.** അരമനയിൽ ചൊല്ലി. ഉച്ചകഴിഞ്ഞ് മടങ്ങി കൊട്ടാരക്കര അച്ചനെ കണ്ടു പുനലൂർ വസ്തു വിൽക്കുന്നത് സംബന്ധിച്ച് വേണ്ടത് ആലോചിച്ചു. രാത്രി ഈശോസാറിന്റെ വീട്ടിൽ എത്തി ഉറങ്ങി.

**ജൂലൈ 2.** മൈലപ്രായിൽ ചൊല്ലി. അച്ചൻ (ഫാ. കരിയിലച്ചൻ) അടുത്ത ഞായറാഴ്ച മുതൽ കമ്യൂണിറ്റി മാസ് ചൊല്ലുകയില്ലെന്ന് പറഞ്ഞു.

**6.** പുനലൂരിൽ പോയി പലകക്കാരനെ കാണാൻ ആളയച്ചിട്ടു ബാങ്കിൽ വിശ്രമിച്ചു. ശാസ്ത്രി തോപ്പിന്റെ വില്പന സംബന്ധിച്ചു വേണ്ടത് ആലോചിച്ചു. പൊടിയൽ പലകയുമായി ശനിയാഴ്ച വരാമെന്ന് കത്ത് കൊടുത്തയച്ചു.

**10.** 7 മണിക്ക് തിരിച്ചു പുനലൂർ വഴി കൊട്ടാരക്കര എത്തി. അച്ചനെ പോയി കണ്ടു തോപ്പ് വിൽക്കുന്നത് സംബന്ധിച്ച് പറഞ്ഞു. അവിടെ നിന്നും സന്ധ്യയോടുകൂടി ഈശോസാറിന്റെ വീട്ടിൽ എത്തി താമസിച്ചു.

**11.** അതിരാവിലെ ഉണ്ണിയുടെ വീട്ടിൽ കയറിയിട്ടു മടങ്ങി ശാസ്ത്രിതോപ്പിൽ ചുറ്റികറങ്ങി ബ്ലോക്ക് നിർണ്ണയമൊക്കെ കഴിഞ്ഞ് 11 മണിയോടു മടങ്ങി പോന്നു. വീട്ടിലെത്തിയപ്പോൾ Father-in-law -യ്ക്ക് സുഖക്കേട് കൂടുതലാണെന്നറിഞ്ഞ് അവിടെ പോയി കണ്ടിട്ടു രാത്രി വീട്ടിൽ തിരിച്ചെത്തി.

**20.** പുനലൂരിൽ നിന്നും തിരിച്ച് കൊട്ടാരക്കര എത്തി കുർബാന ചൊല്ലി. അച്ചനെ കണ്ടശേഷം തിരുവനന്തപുരത്തിന് പോയി. 11 മണിയോടു അരമനയിൽ എത്തി വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് കോളേജിൽ പോയിട്ടു മടങ്ങി അരമനയിലെത്തി.

**21.** തിരുമേനിയുമായി പല കാര്യങ്ങളും സംസാരിച്ചു. ടൗണിൽ പോയി.

**25.** ഇന്ന് ഒരു സംസ്കാര ശുശ്രൂഷ നടത്തി. ഉച്ചക്കുശേഷം ഞാനും കുഞ്ഞുഞ്ഞമ്മയും (സി. അൽഫോൻസ) കൂടി പത്തനംതിട്ട പോയി കുമ്പഴ അച്ചന്റെ കൂടെ ഗ്രേസിയേയും (സി. ഫിലോമിന) അവളെയും ഒരുമിച്ചു നങ്ങിയാർകുളങ്ങര സ്കൂളിൽ കൊണ്ടുപോകാൻ



www.malankaralibrary.com

ഏർപ്പാടു ചെയ്തു. അത് കഴിഞ്ഞ് ഇൻസ്പെക്ടർ ഓഫീസിലും മറ്റും പോയിട്ട് 4 മണികഴിഞ്ഞ് വീട്ടിൽ എത്തി. ഇന്നു വൈകിട്ടുമുതൽ എണ്ണസേവ തുടങ്ങി.

**ആഗസ്റ്റ് 8.** എണ്ണസേവയും പത്ഥ്യവും കഴിഞ്ഞു. പത്തനംതിട്ട പോയി ഓലിപ്പാട്ടു വറുഗീസിന്റെ വസ്തു പാറേൽ ജോർജിന് 1000 രൂപയ്ക്ക് എഴുതികൊടുപ്പിച്ചു.

**13.** 4 മണിയോട് ചിറക്കടവിൽ മത്തായിച്ചനെ ആശുപത്രിയിൽ നിന്നും കൊണ്ടുവന്നു. അന്ത്യകൂദാശ നടത്തണമെന്ന് ബേബി വന്ന് അപേക്ഷിച്ചു. കുടിശിഖയും ക്രമക്കേടും പരിഹരിക്കാൻ പറഞ്ഞു. അപ്രകാരം ചെയ്തു. മണ്ണാരകുളഞ്ഞിയിൽ പോയി തൈലാഭിഷേകം നടത്തി. കവിയൂർ ഏബ്രഹാമിന്റെ വീട്ടിൽ പോയി ഉറങ്ങി.

**14.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. ചിറക്കടവിൽ മത്തായിച്ചന് വി. കുർബാനകൊണ്ടുപോയി കൊടുത്തു.

**25.** 4 മണിയോടുകൂടി കടമ്മനിട്ട എത്തി അച്ചനെ കണ്ടു. മേക്കൊഴൂർ പള്ളി കാര്യം പറഞ്ഞു. നാളെ ചാർജു തരാമെന്ന് പറഞ്ഞു. മടങ്ങിപോന്നു.

**26.** ഉച്ചകഴിഞ്ഞ് മണ്ണാരകുളഞ്ഞിയിൽ പോയി ചിറക്കടവിൽ ധൂപം വച്ചു. അവിടെ നിന്നും മേക്കൊഴൂർ ചാപ്പലിൽ എത്തി ചാർജു അച്ചനോട് വാങ്ങി, 6 മണിക്ക് മടങ്ങിവന്നു.

**സെപ്റ്റംബർ 18.** പത്തനംതിട്ട പോയി. നന്നുക്കാട് പള്ളിക്ക് കല്ലിട്ടു പണി തുടങ്ങി.

**19.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു. പുനലൂർ, കൊട്ടാരക്കര വഴി 4 മണിക്ക് അരമനയിൽ എത്തി താമസിച്ചു.

**20.** പിതാവുമായി പല കാര്യങ്ങളും സംസാരിച്ചു. ഇന്ന് പുനരൈക്യ പ്രസ്ഥാനത്തിന്റെ വാർഷികം ആയിരുന്നു. പിതാവ് കുർബാന ചൊല്ലി പ്രസംഗിച്ചു.

**23.** രാവിലെ കോന്നിയിൽ നിന്നും കാറുമല എത്തി കുർബാന ചൊല്ലി. കാപ്പി കഴിഞ്ഞ് കറിയാച്ചനെ കണ്ട് കല്പന കൊടുത്തു. സ്ഥലം വേണ്ട എന്നു പറഞ്ഞു. ഉച്ചകഴിഞ്ഞ് അവിടെനിന്നും കിഴക്കുംപുറം വഴി കുമ്പഴ അച്ചന്റെ വീട്ടിൽ കയറി വിശ്രമിച്ചു. 5 മണിക്ക് വീട്ടിൽ എത്തി. സന്ധ്യയോടു കൂടി കോന്നിയിൽ നിന്നും ഉമ്മച്ചനും മറ്റും വന്നു ഈട്ടിനിൽക്കുന്നതിൽ അച്ചനെ ചേർക്കുന്നത് സംബന്ധിച്ച് പറഞ്ഞു.

**24.** അതിരാവിലെ തിരിച്ച് വകയാറ്റു 8 മണിക്ക് എത്തി. അച്ചൻ നെടുവങ്കാടിന് കുർബാനക്ക് പോയി. ഞാൻ വകയാറ്റ് ചൊല്ലി. ചില



www.malankaralibrary.com

വീടുകളിൽ കയറിയശേഷം 3 മണിക്ക് വീട്ടിലെത്തി. 5 മണിക്ക് നാറാണംമൂഴി അറക്കമണ്ണിലേക്ക് പോയി. 8 മണിക്കു അവിടെ എത്തി മത്തായിച്ചന്റെ 41-ാം അടിയന്തിരമായിരുന്നു ഇന്ന്. 10 മണിക്ക് ചാക്കോച്ചന്റെ വീട്ടിൽ എത്തി ഉറങ്ങി.

**25.** രാവിലെ കുറ്റിക്കയം പള്ളിയിൽ എത്തി ചൊല്ലി. അനന്തരം ഫ്രാൻസിസിനെ കണ്ട് കല്പന കൊടുത്തു. 1 മാസം കഴിഞ്ഞ് വസ്തു എഴുതിക്കാമെന്നു പറഞ്ഞതനുസരിച്ച് ഉടനെ മടങ്ങി 9 മണിക്ക് വീട്ടിൽ എത്തി. അപ്പോൾ വകയാറ്റുകാർ പലരും അവിടെ എന്നെ കാത്തിരിക്കുകയായിരുന്നു. അവരെ പറഞ്ഞയച്ചശേഷം തിരുവനന്തപുരത്തിന് തിരിച്ചു, പവ്വത്ത് കറിയാച്ചനെ കണ്ടു. പുനലൂർ കൊല്ലം വഴി പോയി രാത്രി 11 മണിക്ക് പാളയത്ത് കത്തീഡ്രലിൽ എത്തി ഉറങ്ങി.

**26.** അരമനയിൽ പോയി ചൊല്ലി. തിരുമേനിയെ കണ്ട് ഈട്ടിനിൽക്കുന്നതിൽ അച്ചനെ ചേർക്കുന്ന കാര്യം പറഞ്ഞു. വകയാറ്റു നിന്നു വന്നവരും ഉണ്ടായിരുന്നു. തിരുമേനി എതിരാണ്. ദൈവവിളി അയാൾക്കില്ലെന്നും കുറെ കൂടി നന്നായിട്ടു എടുക്കാമെന്നും കല്പിച്ചു. വകയാറ്റുകാരും അപേക്ഷിച്ചു, നടന്നില്ല. അവർ തിരിച്ചുപോയി.

**27.** അരമനയിൽ ചൊല്ലി. സ്കൂൾ പണി നടത്തിയ വകയിൽ അരമനയിൽ നിന്നും കിട്ടാനുള്ള രൂപാ ചോദിച്ചു. പണം ഇല്ലെന്ന് കല്പിച്ചു. ഞാൻ വളരെ വിഷമിച്ചു.

**28.** അരമനയിൽ ചൊല്ലി. ഉച്ചയോടുകൂടി കൊല്ലത്തിന് തിരിച്ചു. അവിടെ എത്തി പവ്വത്ത് കറിയാച്ചനെ കണ്ടു പണം കിട്ടിയില്ലെന്ന് പറഞ്ഞു. അവിടെ നിന്നും കൊട്ടാരക്കരക്ക് തിരിച്ചു കലയപുരത്ത് എത്തി കൊച്ചുണ്ണിയുടെ വീട്ടിൽ കിടന്നു.

**29.** രാവിലെ കലയപുരത്ത് അച്ചന്റെ (ഫാ. മത്തായി മുഞ്ഞനാട്) വീട്ടിൽ എത്തി. അച്ചൻ അവിടില്ലായിരുന്നു. 9 മണിക്ക് മടങ്ങിവന്നു. അച്ചനോടുകൂടി കുറെ സമയം ചെലവഴിച്ചു. പരമു വൈദ്യനെ കണ്ടു. അവിടെ നിന്നും കൊച്ചുണ്ണിയുടെ വീട്ടിൽ എത്തി ഊണു കഴിച്ചു. വിശ്രമത്തിനുശേഷം 3 മണികഴിഞ്ഞ് പന്തളത്തിന് പോയി. അവിടെ നിന്നും തിരിച്ചു തുമ്പമൺ പുത്തൻവീട്ടിൽ ഉമ്മച്ചന്റെ വീട്ടിൽ എത്തി കിടന്നു.

**30.** തുമ്പമൺ നിന്നും തിരിച്ചു മാക്കാംകുന്നേൽ ഇറങ്ങിയശേഷം വീട്ടിൽ എത്തി. 9 മണിക്ക് റാന്നിയിൽ എത്തി കാട്ടൂർ മാടത്തുപോയി കാര്യം ആലോചിച്ച ശേഷം മടങ്ങി 1 മണിക്ക് വീട്ടിലെത്തി. പള്ളിയിൽ പോയി ചൊല്ലി.



www.malankaralibrary.com

**ഒക്ടോബർ 2.** തിരുവല്ല അരമനയിൽ ചൊല്ലി. 8 മണിക്ക് തിരിച്ചു കാട്ടൂരിൽ 11 മണിക്കെത്തി. അവിടെ നിന്നും 2 മണിക്ക് മാടത്ത്വീട്ടിൽ കയറി 240 രൂപ വാങ്ങി. മലവഴി നടന്ന് 4 മണിക്ക് ഉതിമൂട്ടിൽ എത്തി, ബസിൽ വീട്ടിൽ മടങ്ങി എത്തി.

**3.** പത്തനംതിട്ടയിലും പുത്തൻപീടികയിലും പോയി. അവിടെ നിന്നും ആമ്പശ്ശേരിൽ (ഫാ. തോമസ് ആമ്പശ്ശേരിൽ) അച്ചനോടുകൂടി എഴിയത്ത് (ഫാ. സഖറിയാസ് ഏഴിയത്ത്) പോയി പല വിവരങ്ങളും അറിഞ്ഞു, അവിടെ താമസിച്ചു.

**4.** രാവിലെ ആറ്ററികത്ത് ചൊല്ലി. 11 മണിക്ക് വീട്ടിൽ എത്തി. ഉടനെ പുനലൂർ വഴി കൊട്ടാരക്കര എത്തി പള്ളിയിൽ താമസിച്ചു. പുനലൂർ വസ്തു സംബന്ധിച്ച് തിരുവനന്തപുരത്തിന് പോകാൻ തീരുമാനിച്ചു.

**5.** കൊട്ടാരക്കര ചൊല്ലി. തിരുവനന്തപുരത്തിന് പോയി 11 മണിക്ക് അരമനയിൽ എത്തി. ഇന്ന് മാനേജേഴ്സ് ഡെപ്യൂട്ടേഷൻ മന്ത്രിമാരെ കണ്ടു സംസാരിച്ചു. തൃപ്തികരമല്ല. തിരുവല്ലാ തിരുമേനി 6.40-ന് റെയിൽവേ സ്റ്റേഷനിൽ വന്നു. ഞങ്ങൾ പോയി സ്വീകരിച്ച് 7 മണി കഴിഞ്ഞ് അരമനയിൽ എത്തി.

**6.** സ്കൂൾ ടീച്ചേഴ്സ് മീറ്റിംഗ് അരമനയിൽ നടന്നു. മാനേജേഴ്സ് എല്ലാം അരമനയിൽ കൂടി ചില തീരുമാനങ്ങൾ എടുത്ത് പിരിഞ്ഞു. ഞാൻ അരമനയിൽ താമസിച്ചു.

**7.** വെളുപ്പിന് ചൊല്ലിയിട്ടു കൊല്ലം വഴി മാവേലിക്കര എത്തി. വക്കീൽ ഓഫീസിൽ കയറി കേസുകാര്യം അറിഞ്ഞു. പന്തല വഴി മടങ്ങി രാത്രി 8 മണിയോട് വീട്ടിൽ എത്തി.

**8.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. വീട്ടിൽ എത്തിയപ്പോൾ കരിയിൽ അച്ചൻ എത്തിയിട്ടില്ല എന്നറിഞ്ഞു. ഉടനെ പള്ളിയിൽ പോയി ചൊല്ലി.

**10.** പുനലൂരിൽ 10 മണിക്കെത്തി. ഈശോസാറും കൂടി കുളത്തൂപ്പുഴ പോയി പലരേയും കണ്ടു. രാത്രി 10 മണിയോടു മടങ്ങി ഈശോ സാറിന്റെ വീട്ടിൽ താമസിച്ചു.

**11.** പുനലൂരിൽ 12 മണിക്ക് അളവുകാർ വന്നു. എന്നാൽ പ്ലാൻ ഇല്ലാത്തതുകൊണ്ടു അതിൽ ഒരാളെ തിരുവനന്തപുരത്തിന് അയച്ചു. 12 രൂപ ഞാൻ കൊടുത്തു.

**17.** ഇന്ന് അപ്പച്ചന്റെ ഓർമ്മയായിരുന്നു. 9 മണിക്ക് പുനലൂർക്ക് പോയി. 2 മണിവരെ കാത്തുനിന്നു. വസ്തു അളക്കാത്തതിനാൽ ഞാൻ മടങ്ങിപോന്നു.



www.malankaralibrary.com

**20.** കുർബാന കഴിഞ്ഞ ഉടനെ പുനലൂരിൽ പോയി വസ്തു അളന്നു കഴിഞ്ഞു. ഞാനും ഈശോസാറും കൂടി അവിടെ പോയി പരിശോധിച്ചു. കൊട്ടാരക്കര അച്ചനും വന്നു. ഏവരും അവിടെ ചുറ്റി നടന്ന് കണ്ടു വില നിശ്ചയിച്ചു. 1 മണിക്ക് ടൗണിലെത്തി 4 മണിയോട് മടങ്ങിപോന്നു, 8 മണിക്ക് എത്തി.

**29.** മേക്കൊഴൂർ ചൊല്ലി. ഉടനെ റാന്നിയിൽ പോയി രാജത്വതിരുനാൾ ആഘോഷത്തിൽ സംബന്ധിച്ചു. മാർ സേവേറിയോസ് തിരുമേനിയുടെ സ്വീകരണവും മംഗളപത്രസമർപ്പണവും നടന്നു. ഘോഷയാത്രയിൽ എന്റെ പേഴ്സ് പോക്കറ്റു അടിച്ചു. അയാളെ ആളുകൾ പിടിച്ച് പോലീസിൽ ഏല്പിച്ചു. 8 മണിക്ക് മീറ്റിംഗ് കഴിഞ്ഞ് ഞാൻ മടങ്ങി പോന്നു.

**നവംബർ 7.** പത്തനംതിട്ട പോയി 20 പായ്ക്കറ്റു സിമെന്റിന് രൂപ കൊടുത്തു. വാത്തിയുടെ പുരയിടത്തിന്റെ ഒറ്റി ഒരുഭാഗം ഒഴിപ്പിക്കുന്നതിന് ഏർപ്പാടു ചെയ്തു. മടങ്ങിപോന്നു.

**20.** രാവിലെ പുനലൂരിൽ നിന്നും കൊല്ലത്തിന് തിരിച്ചു, 11 മണിക്ക് അവിടെ എത്തി. ഡി.ഐ.-യെ (ഡിവിഷൻ ഇൻസ്പെക്ടർ) കണ്ടു സ്കൂൾ കാര്യം സംബന്ധിച്ചു ചോദിച്ച് പണം കെട്ടിവയ്ക്കുന്നില്ല എന്നു പറഞ്ഞു. തിരുവനന്തപുരത്തിന് തിരിച്ചു 4 മണിയോടു അരമനയിൽ എത്തി, താമസിച്ചു.

**21.** വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ചു പലതും ആലോചിച്ചു. ഉച്ച കഴിഞ്ഞ് മടങ്ങി പുനലൂരിൽ 5 മണിക്കെത്തി ചിലരെ കണ്ട് സംസാരിച്ചു. അവിടെ നിന്നും കൊട്ടാരക്കര വല്ല്യവീട്ടിൽ 8 മണി കഴിഞ്ഞ് എത്തി ഉറങ്ങി.

**22.** 8 മണിയോടുകൂടി വല്ല്യവീട്ടിൽ അച്ചനും ഞാനും കൂടി പുനലൂർ എത്തി. ഈശോ സാറിനോടുകൂടി ശാസ്ത്രി തോപ്പിൽ വില്പന സംബന്ധിച്ച് വേണ്ടത് ആലോചിച്ച് തീരുമാനിച്ചു. 2 മണിയോടു ഞാൻ വീട്ടിലേക്ക് പോന്നു.

**23.** അതിരാവിലെ തിരിച്ച് കടമ്മനിട്ട പള്ളിയിൽ 6.30-ന് എത്തി കുർബാന ചൊല്ലി. ധൂപം വച്ചു. അതുകഴിഞ്ഞ് മേക്കൊഴൂർകാരി ഒരു അമ്മൂമ്മയെ കടമ്മനിട്ട അടക്കി. ഞാനും കടമ്മനിട്ട അച്ചനും കൂടി മൈലാടി അച്ചനെ പോയി കണ്ട് അവിടെ താമസിച്ചു. വയലത്തല വസ്തു സംബന്ധിച്ചു വേണ്ടത് ചെയ്യുന്നതിനായി പലരുമായി ആലോചിച്ചു. ഞങ്ങൾ സന്ധ്യയ്ക്ക് മത്തായിച്ചന്റെ വീട്ടിൽ എത്തി ഉറങ്ങി.

**29.** രാവിലെ പെരുനാട്ടിന് പോയി ഫ്രാൻസിസിനെ കണ്ടു.



www.malankaralibrary.com



മൈലപ്രാ അച്ചനും കൊട്ടാരക്കര അച്ചനും

പത്തനംതിട്ട വസ്തു സംബന്ധിച്ച് പിതാവിന്റെ കല്പന പ്രകാരം 1000 രൂപ തന്നു. മടങ്ങിപോന്നു. വൈകിട്ട് വിദ്യാഭ്യാസ പ്രതിഷേധയോഗത്തിന്റെ ആലോചനയ്ക്ക് നന്നുക്കാട് പോയി പല കാര്യങ്ങളും നിശ്ചയിച്ചു.

**ഡിസംബർ 1.** ഉച്ചകഴിഞ്ഞു നന്നുക്കാടു പോയി. വിദ്യാഭ്യാസ പ്രതിഷേധയോഗത്തിനു വേണ്ടി പണപിരിവു നടത്താൻ വക്കീലന്മാരെയും മറ്റു പലരേയും പോയി കണ്ടു. 8 മണിക്ക് വീട്ടിൽ എത്തി.

**15.** പത്തനംതിട്ട പോയി സന്ധ്യയോടുകൂടി മടങ്ങിപോന്നു. രാത്രി 12 മണിക്ക് ചെങ്ങറ പാപ്പൻ വന്നു, ചങ്ങനാശ്ശേരിക്ക് പോയി. മണ്ണിൽ ജോർജ് ഓടിച്ച കാർ ഒരു സ്ത്രീയെ തട്ടി ഇട്ടതായി അറിഞ്ഞു. 3 മണിക്ക് പോലീസ് സ്റ്റേഷനിൽ എത്തി വിവരം അറിഞ്ഞു. 6 മണിക്ക് പുലിമുഖത്ത് സ്കറിയാച്ചനെ (തഹസീൽദാർ) പോയി കണ്ടു വേണ്ട ഇടപാടു ചെയ്തു മടങ്ങിപോന്നു.

**19.** അരമനയിൽ ചൊല്ലി. നേമം സ്കൂളിൽ നിന്നും കൊണ്ടുവന്ന പുസ്തകങ്ങളും സയൻസ് സാധനങ്ങളും മൈലപ്രാ കൊണ്ടുപോകാൻ തയ്യാറാക്കി വച്ചു.

**21.** അരമനയിൽ ചൊല്ലി. 9 മണിയോടുകൂടി ഒരു കാറിൽ പുസ്തകങ്ങളും മറ്റു സാധനങ്ങളുമായി തിരിച്ചു 12 മണിക്കെത്തി. കാറുകൂലി 50 രൂപ കൊടുത്തു.

**24.** 3 മണിക്ക് നന്നുക്കാടു എത്തി വിദ്യാഭ്യാസ പ്രതിഷേധ യോഗത്തിൽ സംബന്ധിച്ചു. 7 മണിക്ക് അവസാനിച്ചു.

**25.** രാത്രി 2 മണിക്കു മൈലപ്രാ പള്ളിയിൽ ജനനപെരുനാൾ ശുശ്രൂഷയും കുർബാനയും നടത്തി. ഒരു മാമോദീസയും നടത്തി. ഗ്രിഗറികണ്ടംകരിയും ഉണ്ടായിരുന്നു. ഞങ്ങൾ വീട്ടിൽ എത്തി.



www.malankaralibrary.com

# 1951

**ജനുവരി 7.** രാവിലെ മണ്ണാരകുളഞ്ഞിയിലും 9 മണിക്ക് മേക്കൊഴൂരും പോയി ചൊല്ലി. 4 മണിക്ക് കടമ്മനിട്ട പോയി അച്ചന്റെ വീട്ടിൽ എത്തി. അച്ചനുമായി അസുഖകരമായിട്ടിരിക്കുന്ന ചിലരെ വിളിച്ചു വരുത്തി അച്ചനുമായി ഇണക്കത്തിലാക്കി. രാത്രി തന്നെ മടങ്ങി പോന്നു.

**9.** പുനലൂരിൽ പോയി വസ്തു സംബന്ധിച്ചു ഏർപ്പാടു ചെയ്തു. പവ്വത്ത് കറിയാച്ചനെ കണ്ടു 5500 രൂപയ്ക്ക് നാൽപത്തി ഏഴര സെന്റ് വസ്തു എടുക്കാമെന്നു പറഞ്ഞു.

**18.** ഇന്നു രാത്രി 1.45-ന് തെങ്ങിടയിൽ നിന്നും കുട്ടി വന്നു എന്നെ വിളിച്ചുണർത്തി അന്തോണിയുടെ ഭാര്യ കെട്ടിഞാന്നു ചത്തു എന്നും ഞാൻ അവിടെ വരെ ചെല്ലണമെന്നും പറഞ്ഞു. കുറെ കഴിഞ്ഞപ്പോൾ വക്കനും വേറൊരു ആളും വന്ന് അതുതന്നെ പറഞ്ഞു.

**20.** ഇന്നലെ കാറുമല പള്ളിയിൽ ആയിരുന്നു. കാറുമല നിന്നും തിരിച്ചു കുമ്പഴ എത്തി കുർബാന ചൊല്ലി. വീട്ടിൽ എത്തി വിശ്രമിച്ചു. 2 മണിയോടുകൂടി കുമ്പഴ മങ്ങാട്ടു മനുവേൽ അയിരൂർ കുഞ്ഞുതോമ്മാച്ചനോടു കൂടിവന്ന് അവന്റെ കല്യാണത്തിന് കുറി വേണമെന്ന് പറഞ്ഞു. അവൻ ദീർഘകാലം പള്ളി കാര്യത്തിൽ ഉത്സുകനല്ലാതെ വന്നതിന് പള്ളി കുടിശിഖ തീർത്ത് 10 മെഴുകുതിരി പള്ളിക്ക് വയ്ക്കാൻ ഏർപ്പാടു ചെയ്തു. ഞാൻ ചെങ്ങറ വഴി കാറുമലക്കു പോയി വടക്കേമുറിയിൽ കൊച്ചുകുഞ്ഞിന്റെ വീട്ടിൽ വിശ്രമിച്ചു.

**21.** കാറുമല പള്ളിപെരുനാളായിരുന്നു. 7 മണിക്ക് ഞാനും താഴത്തുവീട്ടിൽ അച്ചനും (ഫാ. ജോസഫ്) കുറ്റിയിൽ അച്ചനും (ഫാ. ജോർജ്) കൂടി മൂന്നിൻമേൽ കുർബാന ചൊല്ലി. കറിയാ മുതലാളിയുടെ വീട്ടിൽ പോയി ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**27.** രാവിലെ തിരുവല്ല അരമനയിൽ എത്തി. കത്തീഡ്രലിൽ വച്ചു ഫാ. ജോൺ മേളാംപറമ്പിലിന്റെ പട്ടം കൊടയിൽ സംബന്ധിച്ചു. അരമനയിൽ എത്തി ഊണുകഴിഞ്ഞ് 1 മണിക്കുശേഷം തിരുമേനി, ജോൺസാർ ഇവരോടുകൂടി തിരിച്ചു മൈലപ്രായിൽ 2 മണിക്കെത്തി. സ്കൂൾ വാർഷികം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തി. 5 മണിക്കു ശേഷം തിരുമേനിയും മറ്റും മടങ്ങിപോയി.

**29.** ഇന്ന് ചാങ്ങേൽക്കാരും തുണ്ടിൽ ചാക്കോച്ചനും, ചാമക്കാലായിൽ മത്തായിയും അടിപിടി ഉണ്ടാക്കി. ചാക്കോച്ചന്റെ തല പൊട്ടി



www.malankaralibrary.com

ആശുപത്രിയിലാക്കി. വൈരാഗ്യത്തോടുകൂടി ചാമക്കാലായിൽക്കാർ കഴിയുന്നു. അവരെ ശാന്തപ്പെടുത്താൻ ഞാൻ ശ്രമിച്ചു.

**ഫെബ്രുവരി 4.** തോട്ടമൺ പള്ളിയിൽ ചൊല്ലി. 9 മണി കഴിഞ്ഞ് കുഴിയംമണ്ണിൽ എത്തി. ഉച്ചകഴിയുന്നതുവരെ വിശ്രമിച്ചു. അവിടത്തെ മക്കൾക്ക് (കോശി അച്ചന്റെ) മൂന്നു മാലകളും 3 ചെറുമോതിരങ്ങളും വേണമെന്ന് ഏലിയാമ്മ (അച്ചന്റെ ഭാര്യ) പറഞ്ഞു. മുൻപു ഏൽപ്പിച്ച 240 രൂപ കൂടാതെ 100 രൂപാ കൂടി തന്നു. ഞാൻ മടങ്ങി വീട്ടിൽ എത്തി.

**5.** പുനലൂർ വഴി തിരുവനന്തപുരത്ത് എത്തി. സിപ്രിയാൻ അച്ചനും ഉണ്ടായിരുന്നു.

**6.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി പുനലൂർ വസ്തു സംബന്ധിച്ചു പലതും ആലോചിച്ചു. മടങ്ങി കൊട്ടാരക്കര എത്തി അച്ചനെ കണ്ടു വിവരം പറഞ്ഞു. പുനലൂരിൽ എത്തി താമസിച്ചു.

**9.** സ്കൂൾ വക 600 രൂപ അച്ചൻ ഏല്പിച്ചു. 11 മണിയോടു ബാങ്കിൽ പോയി 500 രൂപ ഇട്ടു. മാധവനാശാരിയെ കണ്ടു മൂന്നു മാലകളും മോതിരവും അളവു കൊടുത്ത് പണിയാൻ ഏർപ്പാടു ചെയ്തു. 100 രൂപ അഡ്വാൻസു കൊടുത്തു. പുനലൂരിൽ പോയി അവിടെ നിന്നും കൊല്ലത്ത് എത്തി കറിയാച്ചനെ കണ്ടു. സന്ധ്യയായപ്പോൾ ഉമ്മച്ചനും വന്നു. ഒരുമിച്ചു ട്രെയിനിൽ തിരുവനന്തപുരത്തിന് പോയി.

**10.** അരമനയിൽ എത്തി പിതാവിനെ കണ്ടു വസ്തുവിന്റെ കാര്യം പറഞ്ഞു. പുനലൂരിൽ നാൽപത്തി ഏഴര സെന്റ് സ്ഥലം 5500 രൂപക്ക് കറിയാച്ചന് കരാർ ചെയ്തു. 5250 രൂപ കൊടുത്ത് മടങ്ങി പോന്നു. രാത്രി ഏഴര മണിക്കുള്ള വണ്ടിയിൽ പുനലൂർക്ക് തിരിച്ചു. സ്വദേശി ബാങ്കിൽ 2 മണിക്കെത്തി കിടന്നു.

**15.** പുനലൂർക്ക് തിരിച്ചു 10 മണിക്ക് എത്തി. ആധാരം എഴുതിച്ചു. 12 പേർ വസ്തു വേണ്ടവരായിരുന്നു. സന്ധ്യയോടു കൂടി ഊണു കഴിഞ്ഞു പോയി. സ്വദേശി ബാങ്കുകെട്ടിടത്തിൽ കിടന്നു. വെളുപ്പിന് 2 മണിക്ക് ട്രെയിനിൽ തിരുവനന്തപുരത്തിന് പോയി.

**16.** രാവിലെ 7 മണിയോടു അരമനയിൽ എത്തി വന്ദ്യപിതാവിനോടു വിവരം പറഞ്ഞു. ആധാരം എഴുതിയതെല്ലാം ഒപ്പിട്ടുതന്നു. ഉച്ച യോടുകൂടി കൊച്ചുകാറിൽ ഉള്ളന്നൂർ മലഞ്ചരുവിൽ മത്തായി സാറിനെ കാണാൻ തിരിച്ചു. 5 മണിക്ക് അവിടെ എത്തി കാര്യം പറഞ്ഞിട്ടു 6 മണിയോടു വീട്ടിലേക്കു പോന്നു.

**17.** വെളുപ്പിന് 5 മണിക്ക് കാറിൽ പുനലൂർക്ക് തിരിച്ചു. ആറര



www.malankaralibrary.com

മണിക്കെത്തി. ആധാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചു വേണ്ടത് ചെയ്തു. 10 മണിയോടു മത്തായി സാർ വന്നു. 6 മണിയോടുകൂടി 12 ആധാരങ്ങൾ രജിസ്റ്റർ ചെയ്യിച്ചു. 9055 രൂപ എന്നെ ഏൽപിച്ചു. 50 രൂപ തൊമ്മി ജോർജ്ജിന്റെ തുക എന്റെ പറ്റായി വകവച്ചു. 6.30 കൊട്ടാരക്കര അച്ചന്റെ വീട്ടിൽ എത്തി താമസിച്ചു.

**18.** രാവിലെ കിഴക്കേതെരുവുപള്ളിയിൽ ചൊല്ലി. ഉടനെ തന്നെ മത്തായി സാറിനോടുകൂടി തിരുവനന്തപുരത്തിന് തിരിച്ചു. 11 മണിക്ക് അരമനയിൽ എത്തി. വൈകിട്ടു വസ്തുവിറ്റ കണക്കുകൾ തിരുമേനിയെ കേൾപ്പിച്ചു. കമ്മീഷനു വേണ്ടി 500 രൂപയും മൈലപ്രാ വസ്തുവിന്റെ കടം വീട്ടാൻ 2450 രൂപയും തന്നു.

**19.** അരമനയിൽ ചൊല്ലി. പുനലൂർ 6 ഏക്കർ 30 സെന്റ് സ്ഥലത്തിന്റെ ആധാരം എന്റെ പേർക്ക് ഇന്ന് എഴുതണമെന്ന് പറഞ്ഞു. അങ്ങനെ എഴുതി രജിസ്റ്റർ ചെയ്തു. ഞാൻ 5.30-നുള്ള എക്സ്പ്രസ്സിൽ കയറി കൊട്ടാരക്കര ഇറങ്ങി അവിടെ നിന്നും പുനലൂരെത്തി ഈശോ സാറിന്റെ വീട്ടിൽ ചെന്ന് ഉറങ്ങി.

**21.** പത്തനംതിട്ട പോയി വാത്തിയുടെ വസ്തുവിന്റെ നിലനിറുത്തു തുക രജിസ്റ്റർ രസീതുപടി കൊടുത്തു. മടങ്ങിപോന്നു.

**23.** രാവിലെ ചങ്ങനാശ്ശേരിയിൽ പോയി. തഹസീൽദാരെ കണ്ടു. മണ്ണിൽ ജോർജ്ജിന്റെ മോട്ടോർ കേസ്സ് സംബന്ധിച്ചു പല കാര്യങ്ങളും അന്വേഷിച്ചറിഞ്ഞു. ചെങ്ങറ പാപ്പിയച്ചനും വന്നിരുന്നു. 4 മണിക്കു ശേഷം മടങ്ങിപോന്നു.

**മാർച്ച് 6.** അടൂരിൽ പോയി Seeds Multiplication ഓഫീസിൽ എത്തി ശ്രീ. മാധവൻ നായരെ കണ്ടു വിവരം പറഞ്ഞു. ഉടനെ മടങ്ങി. കാപ്പിൽ തോമ്മാച്ചൻ എനിക്കു തരാനുള്ള 401 രൂപ മുട്ടത്ത് വക്കീലിനെ ഏല്പിച്ചു എന്നറിഞ്ഞു. പത്തനംതിട്ട എത്തി അന്വേഷിച്ചിട്ടു പോന്നു.

**7.** പത്തനംതിട്ട പോയി മാധവനാശാരിയോടു 5 പവൻ പന്ത്രണ്ടര പണവിട സ്വർണ്ണ ഉരുപ്പടി പറഞ്ഞിരുന്നത് അനുസരിച്ച കുഴിയംമണ്ണിലേക്ക് വാങ്ങിപോന്നു.

**9.** 4 മണിയോടുകൂടി കുഴിയംമണ്ണിലേക്ക് പോയി 5 മണിക്ക് എത്തി. സ്വർണ്ണ ഉരുപ്പടികൾ കൊടുത്തു. 100 രൂപ തന്നു. ഇനിയും രൂപ 110.10.9 തരാനുണ്ടു. അവിടെ താമസിച്ചു.

**20.** പത്തനംതിട്ട തഹസീൽദാരെ പോയി കണ്ടു ശവക്കോട്ട സംബന്ധിച്ചു പറഞ്ഞു. പത്തനംതിട്ട വച്ചു ചെരുപ്പു തെറ്റിവീണു. കുറെ അവശത ഉണ്ടായി. മടങ്ങിവന്നു വിശ്രമിച്ചു.



www.malankaralibrary.com

**27.** പുനലൂർ, കൊല്ലം വഴി അരമനയിൽ എത്തി. പല കാര്യങ്ങളും തിരുമേനിയുമായി ആലോചിച്ചു. പുനലൂർ വസ്തു ഇഷ്ടം പോലെ വിൽക്കുവാൻ സമ്മതിച്ചു.

**29.** കൊട്ടാരക്കര നിന്നും പുനലൂരിൽ എത്തി ഏതാനും കാര്യങ്ങൾ ശരിപ്പെടുത്തിയശേഷം മടങ്ങി 11 മണിക്ക് എത്തി.

**ഏപ്രിൽ 17.** രാവിലെ റാന്നിയിൽ പോയി. കടമ്മനിട്ട അച്ചൻ 55 സെന്റ് നിലം കുഴിയംമണ്ണിൽ ഏലിയാമ്മയ്ക്ക് 3500 രൂപയ്ക്ക് ഒറ്റി എഴുതി. ഏറത്ത് വറുഗീസ് പാട്ടചീട്ടു രജിസ്റ്ററാക്കി തന്നു. അതുകഴിഞ്ഞ് ഞാനും അച്ചനും അടൂർക്ക് പോയി. അടൂർ പള്ളിയിൽ തിരുമേനി യുടെ ജൂബിലി ആഘോഷ ചടങ്ങുകൾ നടന്നു. രാത്രി പുത്തൻ പുരയ്ക്കൽ പോയി ഉറങ്ങി. മാർ പിലോക്സിനോസ് തിരുമേനി (യാക്കോബായ) പഴഞ്ഞിയിൽ വച്ചു കാലം ചെയ്തതായി അറിഞ്ഞു.

**18.** രാവിലെ അടൂരിൽ പട്ടം കൊട ഉണ്ടായിരുന്നു. അതുകഴിഞ്ഞ് 11 മണിയോടുകൂടി പിലോക്സിനോസ് തിരുമേനിയുടെ മൃതശരീരം കാണാൻ വല്ല്യതിരുമേനി, കൊച്ചുതിരുമേനി, റമ്പാച്ചൻ മുതലായവരും ഞാനും കൂടി പോയി കണ്ടു. 2 മണിക്ക് മടങ്ങി അടൂരിൽ എത്തി. 4 മണിക്ക് അനുമോദന മീറ്റിംഗ് നടന്നു. ഞാൻ മംഗളപത്രം വായിച്ചു തിരുമേനിക്ക് കൊടുത്തു.

**24.** പത്തനംതിട്ട 2 മണിയോടുകൂടി പോയി. 3400 രൂപ എടുത്ത് റാന്നി അഞ്ചലോഫീസിൽ എത്തി പാസുബുക്ക് പതിച്ചു പണം വാങ്ങി. മൈലപ്രാ എത്തി, 3500 രൂപ അച്ചനെ ഏല്പിച്ചു. ആധാര ചെലവിന്റെ പകുതി 50 രൂപ പരമകുറുപ്പിന്റെ വക, എനിക്ക് വരാനുള്ള 24 രൂപ കഴിച്ചു അച്ചൻ കൊണ്ടുപോയി.

**25.** പുനലൂർ, ആയൂർ വഴി അരമനയിൽ എത്തി. തിരുമേനിയുമായി പുത്തൻപീടിക, പുനലൂർ, പത്തനംതിട്ട വസ്തുക്കളെപ്പറ്റി സംസാരിച്ചു. അരമനയിൽ നിന്നും മടങ്ങി കൊട്ടാരക്കര എത്തി ഉറങ്ങി.

**മെയ് 3.** രാവിലെ ഞാൻ ചൊല്ലി. പള്ളി പെരുന്നാളിന് മൂന്നിൻമേൽ കുർബാന ഫാ. തോമസ് ഇഞ്ചക്കലോടി, ഫാ. ആന്റണി കേളംപറ മ്പിൽ, ഫാ. മാത്യു തേക്കുംകാട്ടിൽ ഇവർ ചൊല്ലി. പ്രദക്ഷണവും മറ്റും കഴിഞ്ഞ് പെരുനാൾ അവസാനിച്ചു.

**7.** അരമനയിൽ ചൊല്ലി. 11 മണിയോടുകൂടി വാഴയിൽ കൊച്ചുകുഞ്ഞും പാപ്പിയും വന്നു. പത്തനംതിട്ട ടൗൺ വസ്തു അവർക്ക് ഇടപാട പറഞ്ഞു. 15,100 രൂപ അരമനയിൽ കൊടുത്തു. 20,500 രൂപ മൊത്തം വിലയ്ക്ക് തീർച്ചപ്പെടുത്തി. കുരിശ്ശടിയുടെ പുറകിൽ ഒരു മുറിക്ക്



www.malankaralibrary.com

സ്ഥലം ഇട്ടിട്ടു ബാക്കിയുള്ളത് എഴുതികൊടുക്കാം എന്നാണ് നിശ്ചയിച്ചത്. സ്ഥലം നിർണ്ണയിക്കാൻ എന്നെ തിരുമേനി ചുമതല പ്പെടുത്തി.

**9.** അതിരാവിലെ തിരുവനന്തപുരത്തുനിന്നും തിരിച്ചു കൊട്ടാരക്കര എത്തി അച്ചന്റെ വീട്ടിൽ പോയി. പുനലൂർ വസ്തുവിന്റെ കാര്യം പറഞ്ഞു. 4 മണിക്ക് ഞാൻ മടങ്ങിപോന്നു.

**11.** പത്തനംതിട്ട പോയി ടൗണിൽ വസ്തുവിൽ കയറി അളപ്പിച്ചു നോക്കി. അവർ 2250 രൂപാ തന്നു. അത് ബാങ്കിൽ ഇട്ടു. ഇന്ന് വാത്തിയുടെ 200 രൂപ കൊടുത്ത് ഒറ്റി ഒഴിപ്പിച്ചു.

**15.** നന്നുക്കാടു പോയി അച്ചനെ കണ്ടു ഒരുമിച്ചു മത്തായി സാറിനോടു കൂടി പത്തനംതിട്ട എത്തി വസ്തു അളന്നു തിരിച്ച് അച്ചന് 1000 രൂപയുടെ ചെക്കുകൊടുത്തു. വീട്ടിൽ എത്തി ആധാരത്തിന്റെ നക്കൽ തയാറാക്കാൻ ഏർപ്പാടു ചെയ്തു.

**16.** പത്തനംതിട്ട എത്തി മത്തായി സാറും കൂടി വസ്തു തിട്ടപ്പെടുത്തി. ആധാരം എഴുതി. ഞാൻ 4 മണിയോടു മടങ്ങി പോന്നു. രാത്രിയിൽ രണ്ടു ആധാരങ്ങളും 3150 രൂപയും പാപ്പി കൊണ്ടുവന്നുതന്നു. രസീത് ഞാൻ കൊടുത്തു.

**19.** അരമനയിൽ ചൊല്ലി. ആധാരത്തിൽ തിരുമേനി ഒപ്പുവച്ചുതന്നു. 10 മണിക്ക് തിരിച്ചു പുനലൂർ വഴി 8 മണിക്ക് എത്തി.

**24.** പത്തനംതിട്ട പോയി. ഇന്ന് ആധാരം രജിസ്റ്ററാക്കാൻ മത്തായി സാർ വന്നു. മുക്ത്യാർ സ്വീകാര്യമല്ലെന്ന് രജിസ്ട്രാർ പറഞ്ഞു. ഫോണിൽ തിരുമേനിയെ വിളിച്ചു പറഞ്ഞു. ഉടനെ ചെല്ലാൻ പറഞ്ഞതനുസരിച്ചു മത്തായി സാറിനെ തിരുവനന്തപുരത്തിന് വിട്ടു.

**ജൂൺ 2.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി സ്കൂൾ കാര്യങ്ങൾ പറഞ്ഞു. കോളേജിൽ പോയി ജോയിയുടെ ഇന്റർമീഡിയേറ്റു അഡ്മിഷൻ സംബന്ധിച്ചു വേണ്ടത് ചെയ്തു. വി.കെ.വി-യുടെ (വി.കെ. വറുഗീസ്) മാറ്റക്കാര്യത്തിൽ വേണ്ടത് ചെയ്യാൻ തിരുമേനി യോടു അപേക്ഷിച്ചു.

**7.** രാവിലെ നങ്ങിയാർ കുളങ്ങരക്ക് പോയി 9 മണിക്കെത്തി. അവിടെ അധികാരികളുമായി കുറെ സംസാരിച്ചു. അനന്തരം ചേപ്പാടു എത്തി. ഉച്ച കഴിഞ്ഞ് മാത്യു അച്ചനും കുരുവിള അച്ചനും വന്നു ഒന്നിച്ചു കാരിച്ചാൽ പോയി. അവിടെനിന്നും ഞാൻ കായംകുളത്തിന് പോയി, പിന്നീട് കൊല്ലത്ത് എത്തി. സി.ജി. ഫിലിപ്പിന്റെ വീട്ടിൽ എത്തി ഓടിന്റെ കാര്യം പറഞ്ഞു. ബസ് സ്റ്റാന്റിൽ എത്തി കാത്തുനിന്നു.



www.malankaralibrary.com

ബസ് കിട്ടാതെ മടങ്ങി കറത്തേടത്ത് (ശ്രീ. പിലിപ്പിന്റെ വീട്ടിൽ) ഉറങ്ങി.

**8.** രാവിലെ കറത്തേടത്തുനിന്നും ചാത്തന്നൂർ വണ്ടിയിൽ കയറി ഇത്തിക്കര ഇറങ്ങി ഓടുകാര്യം പറഞ്ഞു കത്തു കൊടുത്തു. തിരിച്ചു കുണ്ടറ എത്തി 9.30-ന് ട്രെയിനിൽ കയറി പുനലൂരിൽ 11.30-ന് എത്തി. അവിടെ നിന്നും തിരിച്ചു 4 മണിക്ക് വീട്ടിൽ എത്തി.

**11.** ആയൂരിൽ നിന്നും തിരുവനന്തപുരത്തിന് തിരിച്ചു 11 മണിക്ക് അരമനയിൽ എത്തി. ഊണു കഴിഞ്ഞ് മാർ ഈവാനിയോസ് കോളേജിൽ പോയി ജോയിയുടെയും കുഞ്ഞുകുട്ടിയുടെയും (ചാമക്കാലാ തോമസിന്റെ മകൻ) അഡ്മിഷൻ സംബന്ധിച്ചു എല്ലാം ശരിയാക്കി. അരമനയിൽ ഉറങ്ങി.

**19.** രാവിലെ തിരിച്ചു 11.30-ന് അരമനയിൽ എത്തി. തിരുമേനിയുമായി പുനലൂർ വസ്തു സംബന്ധിച്ചു സംസാരിച്ചു. കോളേജിൽ പോയി ജോയിയുടെയും കുഞ്ഞുകുട്ടിയുടെയും ഫീസെല്ലാം കൊടുത്ത് മടങ്ങി.

**20.** അരമനയിൽ നിന്നും വെളുപ്പിന് 4 മണിക്ക് തിരിച്ചു 11.30-ന് പുനലൂരിൽ എത്തി. ഊണു കഴിഞ്ഞ് 40 സെന്റ് സ്ഥലത്തിന്റെ ആധാരം നടന്നു. 430 രൂപ കിട്ടി. ഉടനെ തിരിച്ചു 8 മണിക്ക് വീട്ടിൽ എത്തി. വഴിയിൽ വച്ചു വണ്ടി മറിയേണ്ടതായിരുന്നു, രക്ഷപ്പെട്ടു.

**ജൂലൈ 3.** കോന്നിയിൽ പോയി തടി ഇടപാടു ചെയ്തു. വാളങ്ങാട്ടു മത്തായിയ്ക്ക് മുൻപു കൊടുത്ത 90 രൂപ കൂടാതെ 300 രൂപ തടി വിലയായി കൊടുത്തു. മടങ്ങിപോന്നു.

**4.** ഉച്ചയോടുകൂടി കുമ്പഴ പോയി തോമ്മായെ തടി അറപ്പിക്കാൻ ഏർപ്പാടു ചെയ്തു. തടികൊണ്ടുവന്നു. 15 രൂപ കൊടുത്തു. അതു വഴി പുനലൂരിൽ പോയി ഈശോസാറിന്റെ വീട്ടിൽ എത്തി താമസിച്ചു.

**5.** പുനലൂരിൽ നിന്നും തിരിച്ചു. 10.30-ന് അരമനയിൽ എത്തി. പലതും ചെയ്തുകൊണ്ടിരുന്നു.

**6.** അരമനയിൽ ചൊല്ലി. സ്കൂൾ കാര്യവും മറ്റും പറഞ്ഞു. ഓഫീസിൽ ഇരുന്നു. വി.കെ.വി.-യുടെ നിയമന ഓർഡർ സംബന്ധിച്ചു പല തടസ്സങ്ങളും ഉന്നയിച്ചു. ഒടുവിൽ ഓർഡർ തരാമെന്ന് പറഞ്ഞു.

**7.** ചൊല്ലി. ഓർഡർ വാങ്ങി 10 മണിക്ക് തിരിച്ചു 4 മണിയ്ക്ക് വീട്ടിലെത്തി.

**16.** രാവിലെ പുനലൂർക്ക് പോയി. അവിടെ തോപ്പിൽ പോയി താമസക്കാരെ കണ്ടു. മത്തായി സാർ വന്നു വസ്തു രജിസ്റ്റർ ചെയ്തു കൊടുത്തു. ഈശോസാറിന്റെ വീട്ടിൽ കിടന്നു.

**17.** രാവിലെ കൊട്ടാരക്കര എത്തി കുർബാന ചൊല്ലി. അച്ചന്റെ വീട്ടിൽ



www.malankaralibrary.com

ഞങ്ങൾ രണ്ടുപേരും കൂടി ചെന്ന് ഊണു കഴിഞ്ഞ് അച്ചനുമായി ഒരുമിച്ചു പുനലൂർ എത്തി തോപ്പിൽ പോയി. വസ്തുവിൽ നിന്നും ഇറങ്ങുന്ന കാര്യം സംസാരിച്ചു. അവർ വേണ്ടതുപോലെ വഴിപ്പെടുന്നതായി കണ്ടില്ല. ഞാൻ ബാങ്കിൽ പോയി കിടന്നു. അച്ചൻ തിരിച്ചു പോയി.

**18.** പുനലൂരിൽ വീണ്ടും തോപ്പിൽ പോയി അവരോടു സംസാരിച്ചു. 500 രൂപ കിട്ടാതെ പോകയില്ലെന്ന് പറഞ്ഞു. കവിയൂർകാരന് 44 സെന്റ് 15 രൂപ റേറ്റിൽ വസ്തു കൊടുക്കാമെന്ന് സമ്മതിച്ചു 100 രൂപ അഡ്വാൻസ് വാങ്ങി. ബാങ്കിൽ എത്തി മത്തായി സാറിനെ കൊട്ടാരക്കരയ്ക്ക് അയച്ചു. ഞാൻ മൈലപ്രായിക്ക് പോന്നു. വൈകിട്ടു കടമ്മനിട്ട എത്തി അച്ചന്റെ വീട്ടിൽ താമസിച്ചു.

**19.** രാവിലെ അച്ചനോടുകൂടി തടത്തിൽ എത്തി കുട്ടികളുടെ പരാതി സംബന്ധിച്ചു കക്ഷികളെ എല്ലാം വരുത്തി സമാധാനപ്പെടുത്തിവിട്ടു. 11 മണിയോടു വീട്ടിൽ എത്തി. സ്കൂൾ പണി നടക്കുന്നത് പോയി കണ്ടു.

**20.** രാവിലെ പുനലൂരിൽ പോയി കക്ഷികളെ കണ്ടു. വൈകിട്ടു 5 മണിക്ക് കൃഷിക്കുള്ള സ്ഥലം നിശ്ചയിച്ചു പറയാമെന്ന് പറഞ്ഞു. അപ്പോൾ ഞാനും ഈശോസാറും പവ്വത്ത് കറിയാച്ചനും തുണ്ടിക്കാട്ടിലെ കീവർച്ചനും കൂടി പോയി കാര്യംപറഞ്ഞ് സമ്മതിപ്പിച്ചു. 300 രൂപക്ക് സമ്മതിച്ചു. നാളെ 11 മണിക്ക് പണം കൊടുത്ത് പിരിയാം എന്ന് പറഞ്ഞ് പോന്നു.

**ജൂലൈ 21.** രാവിലെ 10 മണിക്ക് 325 രൂപ ബാങ്കിൽ നിന്നും എടുത്ത് തോപ്പിൽ കഴിഞ്ഞ ദിവസം പോയവർ തന്നെ പോയി ഇടപാടു തീർത്തു രസീതു വാങ്ങി പണം കൊടുത്തു. പ്രാർത്ഥന കഴിഞ്ഞു പിള്ളാർക്കും മറ്റുമായി 6 രൂപ കൊടുത്തു. തുണ്ടിക്കാട്ടു കീവർച്ചനെ അവിടെ താമസിപ്പിച്ചിട്ടു മടങ്ങി. ഉച്ചകഴിഞ്ഞു വീട്ടിലേക്കു പോന്നു, 5 മണിക്കെത്തി.

**23.** പത്തനംതിട്ട പോയി പുത്തൻപീടിക വസ്തുവിന്റെ ആധാരം തയ്യാറാക്കി. പുനലൂർ വസ്തുവും ഒന്നിച്ചാണ് ആധാരം നടത്തിയത്.

**26.** അരമനയിൽ ചൊല്ലി. വൈകിട്ടു 4 മണിക്ക് നന്തൻകോടു പോയി ബാലൻ പ്രസിൽ കയറി ശ്രീ. തോമസിനെ കണ്ടു കുറെ പുസ്തകങ്ങൾ എടുത്തു. അതുകഴിഞ്ഞു പഞ്ചായത്ത് ഡയറക്ടറോഫീസിൽ പോയി ചില കാര്യങ്ങൾ അന്വേഷിച്ചു. പിന്നീടു ലബോറട്ടറി സപ്ലൈസിൽ കയറി സയൻസ് സാധനങ്ങൾ ഓർഡർ ചെയ്തു.





www.malankaralibrary.com

**27.** അരമനയിൽ നിന്നും 4 മണിക്ക് തിരിച്ചു ട്രെയിനിൽ കയറി പത്തര മണിയോടുകൂടി പുനലൂരിൽ എത്തി. ബാങ്കിൽ നിന്നും കണക്കു തീർത്തു ബാക്കി തുകയ്ക്കുള്ള ഡ്രാഫ്റ്റു പത്തനംതിട്ട ഹെഡ് ഓഫീസിലേക്ക് വാങ്ങി. ഈശോസാർ തരാനുള്ളതിൽ 98 രൂപ വാങ്ങി മടങ്ങിപോന്നു.

**29.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. ചിറക്കടവിൽ പൊടിയന്റെ ഭാര്യയെ സഭാംഗമാക്കി. പുത്തൻപീടികയിൽ പോയി സ്ഥലം എഴുതുന്ന കാര്യം ആലോചിച്ചു.

**31.** പത്തനംതിട്ട പോയി പുത്തൻപീടികയിൽ തുണ്ടിക്കാട്ടിൽ പുരയിടം അതിരൂപതയ്ക്കും പുനലൂർ 4 ഏക്കർ തെങ്ങുംതോപ്പ് തുണ്ടിക്കാട്ടിൽ കീവർച്ചനും പരസ്പരം കൈമാറ്റാധാരം എഴുതി രജിസ്റ്റർ ചെയ്തു. മത്തായി സാർ വന്നു ആധാരം എഴുതിച്ചശേഷം ഞാൻ പുത്തൻ പീടികയിൽ പോയി വസ്തു കൈവശപ്പെടുത്തി പൊത്തിടാൻ ഏർപ്പാടു ചെയ്തു. 6 മണിയോടു മടങ്ങിപോന്നു.

**ആഗസ്റ്റ് 3.** റാന്നിയിൽ പോയി പ്രവൃത്തി കച്ചേരിയിൽ (വില്ലേജ് ഓഫീസ്) എത്തി തിരുമേനിയുടെ പെരുമാറ്റ ഹർജിക്ക് മറുപടി തയ്യാറാക്കിച്ചു രജിസ്റ്റർ കച്ചേരിയിൽ എത്തി ചില റിക്കാർഡുകൾ എടുക്കാൻ ഏർപ്പാടു ചെയ്തിട്ടു മടങ്ങിപോന്നു.

**5.** മേക്കൊഴൂർ ചൊല്ലി. 2 മണിക്ക് പത്തനംതിട്ട പോയി കോൺഗ്രസ് മീറ്റിംഗിൽ കൂടി. വോട്ടു ആർക്ക് കൊടുക്കണമെന്ന കാര്യം തീരുമാനിച്ചു അതാതു നിയോജകമണ്ഡലത്തിൽ നിൽക്കുന്നവർക്ക് കൊടുക്കണമെന്ന് നിശ്ചയിച്ചു. ഉടനെ പോന്നു.

**6.** മൂന്നിൻമേൽ കുർബാന ചൊല്ലി. ഇന്നുമുതൽ ക്ഷീരബല 14 ആവർത്തിച്ചത് സേവിച്ചു തുടങ്ങി. വീട്ടിൽ തന്നെ വിശ്രമിച്ചു.

**14.** ചൊല്ലി. വല്ലീറയിൽ പോയി കൃഷിക്കാരെ കണ്ടു കാര്യം അറിഞ്ഞു. ഉടമ്പടി കൈമാറണമെന്ന് പറഞ്ഞുപോന്നു. ഉണ്ണുണ്ണി വന്നു. അവനോടുകൂടി പുനലൂർ വഴി കൊട്ടാരക്കര പോയി അച്ചനെ കണ്ടു. ഉണ്ണിയും പണിക്കാരും ആയ കള്ള ഇടപാടുകാര്യം പറഞ്ഞു. രാത്രി 10 മണിക്ക് പുനലൂരിൽ എത്തി.

**19.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. സ്കൂളിൽ വച്ചു 2 മണിക്ക് സൺഡേ സ്കൂൾ വാർഷികം തുടങ്ങി. 3 മണിക്കുശേഷം വലിയ അയന്തി ചാപ്പൽ കല്ലിടീലിന് പോയി. 6 മണിക്ക് കടമ്മനിട്ട അച്ചൻ കല്ലിട്ടു. ഞങ്ങൾ വീട്ടിലെത്തി ഉറങ്ങി.

**20.** ഞാനും കടമ്മനിട്ട അച്ചനും കൂടി മണ്ണാരകുളഞ്ഞിയിൽ എത്തി.



www.malankaralibrary.com

ചരുവിലേത്ത് അച്ചനും വന്നു, ഞങ്ങൾ മൂന്നിൻമേൽ കുർബാന ചൊല്ലി. ചിറക്കടവിൽകാർക്കു വേണ്ടിയായിരുന്നു.

**23.** ഇന്നലെ സ്കൂളിൽ നടന്നത് സംബന്ധിച്ച് ഇന്ന് അദ്ധ്യാപകർ ക്ലാസു നടത്താതെ മൗനം പൂണ്ടു. ഞാൻ ചെന്ന് ക്ലാസു തുടങ്ങാൻ വേണ്ട നിർദ്ദേശം കൊടുത്തു. 11.30-ന് അവർ ക്ലാസിൽ പോയി. അവർ കൂടി ആലോചിച്ചു അനന്തര നടപടി തുടങ്ങുന്നതിന് ഞാൻ പത്തനംതിട്ട പോയപ്പോൾ അവിടെ ഒരപേക്ഷ അവർ കൊണ്ടുവന്നു തന്നു. ഞാൻ ഉടനെ പുനലൂരും അവിടെനിന്ന് തിരുവനന്തപുരത്തിനും പോയി.

**24.** രാവിലെ 7 മണിക്ക് അരമനയിൽ എത്തി. തിരുമേനിയെ കണ്ടു സ്കൂളിൽ നടന്ന കാര്യം പറഞ്ഞു. മറ്റു പല കാര്യങ്ങളും ആലോചിച്ചു അരമനയിൽ താമസിച്ചു, നാളെ രാവിലെ മടങ്ങി പോരാനായിട്ടു.

**28.** ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി കാതോലിക്കേറ്റു ഹൈസ്കൂളിൽ എത്തി. യൂണിവേഴ്സിറ്റി കമ്മീഷൻ കോളേജുസ്ഥലം നോക്കാൻ വന്നു. ഞാനും അവരെ സ്വീകരിക്കുന്നതിന് കൂടി. ടീപാർട്ടിയും കഴിഞ്ഞ് നന്നുക്കാടു വൈക്കത്ത് പോയി കിടന്നു.

**31.** സന്ധ്യയോടുകൂടി ആമ്പശ്ശേരിൽ അച്ചൻ വന്ന് വീട്ടിൽ താമസിച്ചു. കടമ്മനിട്ട അച്ചൻ വന്ന് കുറെയൊക്കെ പറഞ്ഞിട്ടുപോയി.

**സെപ്റ്റംബർ 2.** മൂന്നര മണിക്ക് നന്നുക്കാടു എത്തി സിപ്രിയോൻ അച്ചന്റെയും മറ്റും യാത്രയയപ്പ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു പ്രസംഗിച്ചു. രാത്രി മടങ്ങിപോന്നു.

**3.** കുർബാനക്കുശേഷം നന്നുക്കാടുപോയി അച്ചന്മാരെ യാത്ര അയച്ചു. ഞാനും കടമ്മനിട്ട അച്ചനും കൂടി ഒരു കാറിൽ അവരെ 2 മണിയോടുകൂടി കോഴഞ്ചേരിയിൽ കൊണ്ടുചെന്നാക്കി. മടങ്ങിപോന്നു.

**6.** വയലത്തല പള്ളിയിൽ എത്തി കുഴിയംമണ്ണിൽ അച്ചനുവേണ്ടി മൂന്നിൻമേൽ ചൊല്ലി ധൂപപ്രാർത്ഥന നടത്തി. മൈലാടി അച്ചനും ഇളവട്ട പള്ളിയിലെ അച്ചനും ഉണ്ടായിരുന്നു. മടങ്ങിവന്ന് 3.30-ന് മാവേലിക്കരക്ക് പോയി. അവിടെ വക്കീൽ എസ്. നാരായണൻ നായരെ കണ്ടു. ഉടനെ ഈരേഴഇലഞ്ഞിലേത്ത് എത്തി താമസിച്ചു.

**7.** ഈരേഴമഠം ചാപ്പലിൽ ചൊല്ലി. വീണ്ടും മാവേലിക്കര എത്തി വക്കീലിനെ കണ്ടു വിവരം അറിഞ്ഞു. മടങ്ങിപോന്നു.

**9.** ചങ്ങനാശ്ശേരി തഹസീൽദാർ ശ്രീ. സ്കറിയായും ഭാര്യയും വന്നു. കുറെ കഴിഞ്ഞ് ഞാനും കൂടി പത്തനംതിട്ട പോയി വസ്തു സംബന്ധിച്ചു സംസാരിച്ചു. ഞാൻ മടങ്ങിപോന്നു.

**11.** രാവിലെ പുനലൂരിൽ പോയി കാഞ്ഞിരംമല തോട്ടം കയറി കണ്ടു. 2 മണികഴിഞ്ഞ് പേപ്പർ മില്ലിൽ സായിപ്പിനെ കാണാൻ കാറിൽ



www.malankaralibrary.com

പോയി. ആദ്യം സ്വാമിയെ കണ്ടു വിവരം പറഞ്ഞുകൊണ്ടിരുന്നു. സായ്പു അവിടെ വന്നു. ഒരു മണിക്കൂറോളം സമയം സ്ഥലം സംബന്ധിച്ചു കാര്യം പറഞ്ഞു. പിന്നീടു ഓഫീസിൽ പോയി പ്ലാൻ വരച്ചു കാര്യങ്ങൾ പറഞ്ഞു. വേറൊരു അവസരത്തിലേക്ക് മാറ്റിവച്ചു പിരിഞ്ഞു. രാത്രിയിൽ വീട്ടിലെത്തി.

**21.** രാവിലെ അരമനയിൽ ചൊല്ലി. പിതാവിനെ കണ്ടു സ്കൂൾ അദ്ധ്യാപകരുടെ പരാതിയെപ്പറ്റി സംസാരിച്ചു. ഹെഡ്മാസ്റ്ററിന് ഒരു കല്പന തയാറാക്കി തന്നു. 11 മണിക്ക് തിരിച്ചുപോന്നു.

**27.** ചെങ്ങന്നൂരിൽ പോയി ഒരു സംസ്കാര ചടങ്ങിൽ കൂടി. അതു കഴിഞ്ഞ് മാവേലിക്കര പോയി നാരായണൻ നായർ വക്കീലിന്റെ വീട്ടിൽ എത്തി സംസാരിച്ചു. അവിടെ വീട്ടിൽ താമസിച്ചു.

**ഒക്ടോബർ 7.** മേക്കൊഴൂർ ചൊല്ലി. അബ്രഹാം വാദ്ധ്യാരുടെ അമ്മയ്ക്ക് കുർബാന കൊണ്ടുകൊടുത്തു. മടങ്ങിവന്ന് 2 മണിക്ക് തിരുവല്ലായ്ക്കു തിരിച്ചു. മൂന്നര മണിയോടു കൂടി ഇരവിപേരൂർ വച്ചു റമ്പാച്ചനേയും മറ്റും കൂട്ടി ജസ്റ്റിസ് എ. പീലിപ്പോസിനെ വീട്ടിൽ പോയി കണ്ടു. 5 മണിക്ക് മടങ്ങി ഇഞ്ചക്കലോടി അച്ചനെ കണ്ടു. അരമനയിൽ എത്തി 9 മണിക്ക് കമ്മറ്റി യോഗം കൂടി.

**8.** തിരുവല്ല അരമനയിൽ ചൊല്ലി. 9 മണിക്ക് കമ്മറ്റിക്കാർ 9 പേരും കൂടി മീറ്റിംഗ് തുടങ്ങി. പല കാര്യങ്ങളും ആലോചിച്ചു. ഉച്ച ഊണിനുശേഷം വീണ്ടും യോഗം കൂടി ആലോചിച്ചു. 6.30-ന് വിശ്രമാർത്ഥം യോഗം പിരിഞ്ഞു. പിന്നീടു 8 മണിക്കു വീണ്ടും കൂടി 11 മണിവരെ ആലോചിച്ചു ഏകദേശം ഒരു നിശ്ചയത്തിൽ പിരിഞ്ഞു.

**9.** അരമനയിൽ ചൊല്ലി. 9 മണിക്ക് മടങ്ങിപോന്നു. രാത്രി 8 മണിക്ക് കരിയിലച്ചൻ വന്ന് അച്ചന്റെ സഹോദരന്റെ വീട്ടിലെ കേസുകാര്യം പറഞ്ഞു. രാവിലെ ആലപ്പുഴയ്ക്ക് പോകണമെന്ന് അച്ചൻ പറഞ്ഞിട്ടു പോയി.

**10.** രാവിലെ കുർബാന കഴിഞ്ഞ ഉടനെ തുമ്പമൺ പോയി. അവിടെ നിന്നും പി.പി. വറുഗീസ് വക്കീലിനോടൊപ്പം കരീയിലച്ചനും ഞാനും കൂടി ആലപ്പുഴ എത്തി പൊലീസ് സർക്കിൾ ഇൻസ്പെക്ടറെ കണ്ടു. പുത്തൻവീട്ടിൽ തോമ്മാച്ചനും അവിടെ ഉണ്ടായിരുന്നു. അച്ചന്റെ അനുജന്റെ കേസു സംബന്ധിച്ചു പറഞ്ഞു ഏർപ്പാടു ചെയ്തശേഷം 6 മണിയോടുകൂടി മടങ്ങിപോന്നു. രാത്രി 8 മണിയോടുകൂടി ചേപ്പാടു ഞങ്ങൾ എത്തി ഉറങ്ങി.

**17.** ഇന്ന് കുമ്പഴ അച്ചനും ആമ്പശ്ശേരിൽ അച്ചനും വന്നു. സന്ധ്യവരെ ഞങ്ങൾ പല കാര്യങ്ങളും പറഞ്ഞുകൊണ്ടിരുന്നു.



www.malankaralibrary.com

**21.** റാന്നിയിൽ നിന്നും പണിക്കരും ഭാര്യയും വന്നു. 5 മണിക്ക് അവരും ഞങ്ങൾ വീട്ടിലുള്ള എല്ലാവരും കൂടി ഭരണങ്ങാനത്തിന് കാറിൽ തിരിച്ചു. അവിടെ എത്തി ബംഗ്ലാവിൽ താമസിച്ചു. അച്ചൻ വേണ്ട സൗകര്യം ഉണ്ടാക്കി തന്നു. ഞങ്ങൾ പതിനൊന്നു പേരുണ്ടായിരുന്നു.

**22.** ഭരണങ്ങാനത്ത് ഞാൻ 6.30–ന് കബറിങ്കൽ പരസ്യകുർബാന ചൊല്ലി, ധൂപപ്രാർത്ഥന നടത്തി. കാപ്പി കഴിഞ്ഞ് അൽഫോൺസാമ്മായുടെ മുറി സന്ദർശിച്ചിട്ടു മടങ്ങി. ഉച്ചയോടു തിരിച്ചെത്തി.

**24.** കുമ്പഴ പോയി അച്ചനെ കണ്ടു. ഈ ആഴ്ചയിൽ തന്നെ കുഞ്ഞു ഞ്ഞമ്മയെ മഠത്തിൽ അയക്കണമെന്ന് മദറിന്റെ കത്ത്വന്ന വിവരം പറഞ്ഞു. നാളെ രാവിലെ പോകാനും നിശ്ചയിച്ചതായി പറഞ്ഞു.

**25.** കുഞ്ഞുഞ്ഞമ്മയേയും കൊണ്ടു തിരുവനന്തപുരത്തിന് തിരിച്ചു. പുന ലൂരിൽ നിന്നും ട്രെയിനിൽ പോയി 6 മണിക്ക് തിരുവനന്തപുരത്ത് എത്തി. ഒരു കാർ പിടിച്ചു അരമനയിൽ എത്തി പിതാവിനെ കണ്ടു. മോളെ മഠത്തിൽ ചേർക്കുന്ന കാര്യം പറഞ്ഞു. പിതാവു അനുഗ്ര ഹിച്ചു. അനന്തരം മഠത്തിൽ പോയി അവളെ അവിടെ ആക്കിയിട്ടു മടങ്ങി അരമനയിൽ എത്തി.

**26.** അരമനയിൽ ചൊല്ലി. 8 മണിയോടു കോളേജിൽ എത്തി ജോയി ക്കുട്ടിയേയും കൊണ്ടു മഠത്തിൽ പോയി എല്ലാ കാര്യങ്ങളും പറഞ്ഞു ചുമതലപ്പെടുത്തി. അരമനയിൽ തിരിച്ചെത്തി. കുമ്പഴ അച്ചൻ ഗ്രേസിയേയും കൊണ്ടുവന്ന് മഠത്തിലാക്കി.

**28.** രാവിലെ തോട്ടമണ്ണിൽ പോയി. അക്കരെ മാർ സേവേറിയോസ് തിരുമേനി വന്നതായി അറിഞ്ഞു. അവിടെ എത്തി കുരിശ്ശടിക്ക് കല്ലീടിൽ നടത്തുന്നത് കണ്ടു. മടങ്ങി തോട്ടമൺ പള്ളിയിൽ കുർബാന ചൊല്ലി. പണിക്കരുടെ വീട്ടിൽ പോയി വിശ്രമിച്ചു. 4 മണിക്ക് ഇലക്ഷൻ കാര്യം സംബന്ധിച്ച മീറ്റിംഗിൽ കൂടി. 5.30–ന് മടങ്ങിപോന്നു.

**29.** പര്യാരത്ത് പോയി മാവേലിതുണ്ടിയിൽ അബ്രഹാമിന് കല്യാണം പറഞ്ഞ സ്ത്രീയെ ചേർത്ത് അവരുടെ മനഃസമ്മതം നടത്തി. ഉടനെ മടങ്ങിപോന്നു.

**31.** രാവിലെ റാന്നിയിൽ എത്തി. അവിടെ ഇലക്ഷൻ മീറ്റിംഗിൽ സംബ ന്ധിച്ചു. ആരെ സ്ഥാനാർത്ഥി ആക്കണമെന്ന് നിശ്ചയിക്കാനുള്ള ഏഴംഗ കമ്മിറ്റിയിൽ എന്നെ കൂടെ എടുത്തു. ഞങ്ങൾ ആലോചിച്ചു. അനന്തരം ചില സ്ഥാനാർത്ഥികളെ കാണാൻ വടശ്ശേരിക്കര, അയിരൂർ, എഴുമറ്റൂർ എന്നിവിടങ്ങളിൽ പോയി. രാത്രി 2 മണിക്ക് മടങ്ങി വീട്ടിൽ എത്തി.



www.malankaralibrary.com

**നവംബർ 6.** പുനലൂർ വഴി ട്രെയിനിൽ തമ്പാനൂരിൽ എത്തി. കാപ്പി കഴിഞ്ഞു രാമലിംഗം അയ്യരെ കണ്ടു. പുനലൂർ പേപ്പർ മിൽ വസ്തു വാങ്ങുന്ന കാര്യം പറഞ്ഞു. മറ്റുപല കാര്യങ്ങളും കഴിഞ്ഞ് 12 മണിക്ക് അരമനയിൽ എത്തി. ശ്രീ. റ്റി.എം. വറുഗീസും എ.ജെ. ജോണും അവിടെ ഉണ്ടായിരുന്നു. ആരെയും കാണാതെ ഞാൻ മടങ്ങി പുനലൂരിൽ എത്തി ബാങ്കിൽ പോയി കിടന്നു.

**10.** പത്തനംതിട്ട സ്കൂൾ ഇൻസ്പെക്ടരെ മേക്കൊഴൂർ സ്കൂൾ സ്ഥലം കാണിക്കാൻ കൊണ്ടുപോയി. 10 മണിയ്ക്ക് മടങ്ങിവന്നു. പത്തനംതിട്ടയും കുമ്പഴയും മറ്റും പോയി. കുമ്പഴ പരശുരാം പറമ്പിൽ കുഞ്ഞു തോമ്മാ ഫെബ്രുവരി വരെ സൂക്ഷിക്കാൻ 3000 രൂപാ എന്നെ ഏല്പിച്ചു. ഞാൻ അത് സ്വദേശി ബാങ്കിൽ ഇട്ടു.

**15.** ഞാനും ആമ്പശ്ശേരിൽ അച്ചനും ഇന്നലെ മേക്കൊഴൂർ പള്ളിയിൽ എത്തിയിരുന്നു. രാവിലെ കിളന്നമണ്ണിൽ അച്ചനും വന്നു. ഞങ്ങൾ മൂന്നിൻമേൽ ചൊല്ലി. ശ്രീ. എം.വി. ഏബ്രഹാമിന്റെ വിവാഹം നടത്തി. ഭക്ഷണം കഴിഞ്ഞ് മടങ്ങിപോന്നു.

**23.** 5 മണിക്കുശേഷം ശ്രീ. റ്റി.എം. വറുഗീസ് മുതലായവർ വന്നു. 9 മണി വരെ റാന്നി വോട്ടു സംബന്ധിച്ചു ഞങ്ങൾ സംസാരിച്ചു. അനവധി ആളുകളും ഉണ്ടായിരുന്നു. ശ്രീ. റ്റി.എം.വി. സ്ഥാനാർത്ഥിയായി നിൽക്കുന്നു.

**29.** മൈലപ്രാ തെരഞ്ഞെടുപ്പു യോഗം നടന്നു. ഒരു കമ്മ്യൂണിസ്റ്റുകാരൻ പ്രസംഗിച്ചു. ഞാൻ അതിനെ എതിർത്തു പ്രസംഗിച്ചു. അടുത്തു തന്നെ ഉണ്ടാകാവുന്ന സംഭവവികാസം അനുസരിച്ച് വേണ്ടത് ചെയ്തു പ്രഖ്യാപിക്കുന്നതാണെന്നും അതുപ്രകാരം ചെയ്യണമെന്നും ഞാൻ പ്രസംഗിച്ചു.

**ഡിസംബർ 3.** പെരുനാട്ടിലും നാറാണംമൂഴിയിലും പോയി തിരുമേനിയുടെ വസ്തുവിന്റെ കാര്യം ആലോചിച്ചു. റാന്നിയിൽ എത്തി. ശ്രീ. റ്റി.എം. വറുഗീസിനേയും മറ്റും കണ്ടിട്ടു 12.45–ന് വീട്ടിൽ എത്തി.

**5.** ഇന്ന് സ്കൂളിൽ വച്ചു 4 മണിക്ക് ശ്രീ. നാരായണപിള്ള, പി.എസ്. ജോർജ്, കെ.എസ്. സ്കറിയാ, റ്റി.എം. വറുഗീസ്, ഞാൻ മുതലായവർ ഇലക്ഷൻ പ്രസംഗം നടത്തി. അത് കഴിഞ്ഞു ഞാനും അവരോടു കൂടി മേക്കൊഴൂർ പോയി. 10 മണിയോടുകൂടി മടങ്ങിവന്നു.

**7.** തെരഞ്ഞെടുപ്പു ജോലികൾ നടക്കുന്നു. ഒരു ഓഫീസ് മുറി എടുത്ത് ചിലരെ ചുമതലപ്പെടുത്തി ശ്രീ. മന്നത്ത് പത്മനാഭൻ വന്ന് നായന്മാരെ കണ്ടു പ്രേരിപ്പിച്ചു.



www.malankaralibrary.com

**9.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. ശ്രീ. റ്റി.എം. വറുഗീസ്, മന്നം, കുമ്പളം എന്നിവരെ റോഡിൽ വച്ചു കണ്ടു. മൈലപ്രായിലെ നായന്മാരുടെ സ്ഥിതി അവരെ ധരിപ്പിച്ചു. വേണ്ടത് ചെയ്യാമെന്ന് പറഞ്ഞു. ഞാൻ മേലേതിൽ വീടുകൂദാശ നടത്തിയിട്ടു മടങ്ങിപോന്നു. മന്നം മൈലപ്രാ നായർ പ്രധാനികളെ കണ്ടു. ശ്രീ. റ്റി.എം.വി-ക്ക് വോട്ടു കൊടുക്കണമെന്ന് പറഞ്ഞു. രാത്രിയിൽ നായർ പ്രധാനികളെ കാറിൽ റാന്നിയിൽ പോയി മന്നത്തിനെ കാണാൻ അയച്ചു.

**10.** ഇലക്ഷൻ ദിവസം. 7.15-ന് തുടങ്ങി. ഞാൻ ആദ്യം വോട്ട് ചെയ്തു. മൈലപ്രായിൽ വളരെ അധികം പേർ വയലാ ഇടിക്കുളക്കു വേണ്ടി പ്രവർത്തിക്കുന്നു. ഞാൻ മൈലപ്രായിലും മണ്ണാരകുളഞ്ഞിയിലുമായി ശ്രീ. റ്റി.എം.വി-ക്ക് വേണ്ടതു ചെയ്തു. കൂടെ ധാരാളം പേരുമുണ്ട്. ഇവിടെ 52% വോട്ടുനടന്നു.

**11.** പത്തനംതിട്ട പോയി. കുഴിയംമണ്ണിൽ നിന്നും കിട്ടിയ 300 രൂപ ബാങ്കിൽ ഇട്ടു. പരശുനാൽ തോമസിന്റെ തുകയിൽ 2900 രൂപ വ്യാഴാഴ്ച വേണമെന്ന് പറഞ്ഞു. അതിന് ഏർപ്പാടു ചെയ്തു. 4 മണിക്ക് ഫാ. ആന്റണി (കേളംപറമ്പിൽ) വന്നു. റ്റി.എം.വി.-യുടെ മകനും അനന്തരവനും വന്ന് കണക്കുതീർത്തു. 111 രൂപ 7 അണ ചെലവിനു തന്നതിന്റെ ബാക്കി 41 രൂപതന്നു. കണക്ക് കൊടുത്തു. അവർ മടങ്ങിപോയി.

**18.** രാവിലെ പുനലൂർ വഴി കൊട്ടാക്കര എത്തി. അവിടെ നിന്നും കലയപുരത്ത് പോയി വൈദ്യൻ പരമുനായരെ കണ്ടു പല കാര്യങ്ങളും സംസാരിച്ചു. 30-ാം തീയതി മൈലപ്രായിൽ വരാമെന്നും അപ്പോൾ ഒരു 'വിൽ' തയാറാക്കി വയ്ക്കാമെന്നും എന്നോടുപറഞ്ഞു. ഞാൻ കൊച്ചുണ്ണൂണ്ണിയുടെ വീട്ടിൽ പോയി കിടന്നു.

**19.** അതിരാവിലെ കൊട്ടാരക്കര എത്തി. 5 മണിക്കുള്ള ബസിൽ കൊല്ലത്തിന് പൊയി. 7.30-ന് റ്റി.എം.വി.-യുടെ വീട്ടിൽ എത്തി. വോട്ടിന്റെ പല കാര്യങ്ങളും പറഞ്ഞുകൊണ്ടിരുന്നു. 11 മണിയോടു ഡി.ഐ. ശ്രീ. ചെറിയാനെ കണ്ടു സ്കൂൾ കാര്യങ്ങൾ എല്ലാം പറഞ്ഞു. തിരിച്ചു റ്റി.എം.വി.-യുടെ വീട്ടിൽ എത്തി ഊണു കഴിച്ചു. 3 മണിയോടു തിരുവനന്തപുരത്തിന് പോയി അരമനയിൽ കിടന്നു.

**20.** കമ്മറ്റി മീറ്റിംഗ് 8.30-ന് തുടങ്ങി. എല്ലാ അംഗങ്ങളും ഉണ്ടായിരുന്നു. വളരെ ശക്തിയായ വാദപ്രതിവാദങ്ങൾ നടന്നു. പല കാര്യ ത്തിനും ഞങ്ങൾ പലർ ഒരുമിച്ചു നിന്നു. രാത്രി 10 മണി വരെ മീറ്റിംഗു നടന്നു.

**21.** കുർബാന കഴിഞ്ഞ് മീറ്റിംഗു തുടർന്നു. 5 മണിവരെ നടന്നു. റ്റി.എം.വി.-തോറ്റു എന്നു ആദ്യം കേട്ടു. ഞാൻ ടൗണിൽ പോയി



www.malankaralibrary.com

ശ്രീ. ആർ. രാമലിംഗം അയ്യരെ കണ്ടു പുനലൂർ വസ്തു കാര്യം പറഞ്ഞു. അദ്ദേഹം വേണ്ടത് ചെയ്യാമെന്നു പറഞ്ഞു. മടങ്ങി അരമനയിൽ എത്തി. റ്റി.എം.വി. ജയിച്ചു എന്നും തോറ്റു എന്നും കേട്ടു. 7 മണിയോടുകൂടിയ പൗരകാഹളം ആഫീസിൽ നിന്നും റ്റി.എം.വി. ജയിച്ചു എന്ന് സൂക്ഷ്മമായി അറിഞ്ഞു. അരമനയിൽ കിടന്നു.

**25.** വെളുപ്പിന് 2.30-ന് പള്ളിയിൽ എത്തി കുമ്പസാരവും യൽദാ ശുശ്രൂഷയും കുർബാനയും നടത്തി. 6 മണി കഴിഞ്ഞ് രണ്ടു മാമോദീസായും നടത്തിയിട്ടു വീട്ടിൽ എത്തി വിശ്രമിച്ചു.

**27.** വൈകിട്ടു 5 മണിക്ക് ഈവാനിയോസ് തിരുമേനി വന്ന് സ്കൂളിൽ കയറി. വീട്ടിൽ വന്ന് വിശ്രമിച്ചു. അഞ്ചര മണികഴിഞ്ഞ് പെരുനാട്ടിൽ പോയി. ഞാനും കൂടെ പോയി. അവിടെ സ്വീകരണമുണ്ടായിരുന്നു. കുരിശ്ശടി കൂദാശ നടന്നു. ഞാനും അവിടെ താമസിച്ചു.

**28.** വന്ദ്യപിതാവിന്റെ കുർബാനയിൽ ഞാനും സംബന്ധിച്ചു. ബഥനിമല ഞങ്ങൾ കയറി കണ്ടു. ഫ്രാൻസിസിന്റെ വീട്ടിലെത്തി ഊണു കഴിഞ്ഞ് 2 മണിക്കുശേഷം ഞാൻ മടങ്ങിപോന്നു.

**29.** പത്തനംതിട്ട പോയി സ്കൂൾ പണം ട്രഷറിയിൽ പി.എ. അക്കൗണ്ടിൽ കെട്ടിവയ്ക്കാനുള്ള ക്രമീകരണം അന്വേഷിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ ഓർഡർ വേണമെന്ന് പറഞ്ഞു. ഞാൻ ഉടനെ മടങ്ങി പോന്നു.

## 1952

**ജനുവരി 7.** 3 മണിയോടുകൂടി പത്തനംതിട്ട പോയി 4.30-ന് എം.റ്റി. ഹൈസ്കൂളിൽ വച്ചു മദ്യവർജനായോഗം എന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. എസ്. രാമൻപിള്ള വക്കീൽ, മീരാ റാവുത്തർ, പി.ഐ. പിലിപ്പു മുതലായവർ പ്രസംഗിച്ചു. ഞാനുൾപ്പെടെ ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു.

**9.** തിരുവനന്തപുരത്തു അരമനയിൽ 3 മണിക്കെത്തി. പിതാവിനെ കണ്ടു പല കാര്യങ്ങളും പറഞ്ഞു.

**10.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി ചില കാര്യങ്ങൾ അന്വേഷിച്ചു. മൽപാൻ സി.ജെ. സ്കറിയായെ കണ്ടു. അരമനയിലെത്തി.

**11.** അരമനയിൽ നിന്നും തിരിച്ചു 8 മണിക്ക് പുനലൂരിൽ എത്തി. അവിടെ നിന്നും ഇടമൺ എന്ന സ്ഥലത്തുപോയി പള്ളിക്കുവേണ്ടി സ്ഥലം നോക്കി. കണ്ടു. ചിലരുമായി സംസാരിച്ചിട്ടു മടങ്ങിപോന്നു. 8 മണിക്ക് കിഴവള്ളൂർ എത്തി പ്രസംഗയോഗത്തിൽ കൂടി. 11 മണിക്ക് മടങ്ങി വീട്ടിൽ എത്തി.



www.malankaralibrary.com

**21.** രാവിലെ പുനലൂരിൽ സ്കറിയാച്ചന്റെ വീട്ടിൽ നിന്നും കാപ്പികഴിഞ്ഞു ഇറങ്ങി പേപ്പർ മില്ലിൽ പോയി. സ്വാമിമാര രണ്ടുപെരെയും മാനേജർ സായ്പിനേയും കണ്ടു വസ്തു സംബന്ധിച്ച ചില തീരുമാനങ്ങൾ എടുത്തു. അവിടെ നിന്നും 11.30-നുള്ള ട്രെയിനിൽ തിരിച്ചു 4.30-ന് തിരുവനന്തപുരത്ത് എത്തി. അരമനയിൽ വന്ന് താമസിച്ചു. പിതാവിനെ കണ്ടു വിവരം പറഞ്ഞു. ഇടമൺ കാര്യവും പറഞ്ഞു. ഒരേക്കർ വാങ്ങാൻ സമ്മതിച്ചു.

**26.** 10 മണിയോടുകൂടി ഹെഡ്മാസ്റ്റർ അച്ചനോടുകൂടി കാറുമല പോയി. 4 മണിക്ക് വായനശാലയുടെ ഉദ്ഘാടനത്തിന് ഞാൻ അദ്ധ്യക്ഷം വഹിച്ചു. സന്ധ്യയ്ക്ക് പെരുനാളിലും റാസയിലും കൂടി. കുരിശടിയിൽ വച്ചു പ്രസംഗിച്ചു. രാത്രിയിൽ കഥാകാലക്ഷേപം നടന്നു. അതു കഴിഞ്ഞു അനുമോദനപ്രസംഗം നടത്തി.

**27.** കാറുമലയിൽ മൂന്നിൻമേൽ കുർബാന ചൊല്ലി. പെരുനാൾ പ്രസംഗം നടത്തി. ഉച്ചകഴിഞ്ഞ് മടങ്ങിപോന്നു.

**ഫെബ്രുവരി 5.** ഉച്ചകഴിഞ്ഞു പത്തനംതിട്ട പോയി. 5 മണിയോടു വെട്ടിപ്പുറം റോഡു നോക്കാൻ പത്തനംതിട്ട തഹസീൽദാരും ഒരുമിച്ചു വെട്ടിപ്പുറം വഴിയേ നടന്ന് മൈലപ്രായിൽ എത്തി. അദ്ദേഹം പള്ളിയിൽ കയറി വിശ്രമിച്ചിട്ടു മടങ്ങിപോയി.

**15.** കഥാകാലക്ഷേപം നടത്താൻ കൈമാപറമ്പനും പാർട്ടിയും വന്നു. ചിലർ എതിർപ്രവർത്തനം നടത്തി. തഹസീൽദാരും കുടുംബവും ഡോ. പി.വി. ജോർജ്ജ് എന്നിവർ വന്നിരുന്നു. അവർക്ക് പള്ളിയിൽ വച്ചു ഡിന്നർ നടത്തി. 9 മണിക്ക് കഥാപ്രസംഗം തുടങ്ങി 2 മണിക്ക് കഴിഞ്ഞു. എല്ലാം ഭംഗിയായി കഴിഞ്ഞു.

**18.** പര്യാരത്ത് പോയി ഒരു കല്യാണം നടത്തി. മറ്റു പല അച്ചന്മാരും ഉണ്ടായിരുന്നു. മടങ്ങിവന്ന് തിരുമേനിയെ ഫോണിൽ വിളിച്ചു മണ്ണാര കുളഞ്ഞിയിൽ ശവകോട്ടക്ക് 10 സെന്റ് സ്ഥലം 20 രൂപ വിലവച്ചു വാങ്ങുന്ന കാര്യം പറഞ്ഞു. പിതാവു അനുവദിച്ചു.

**21.** 10 മണിയോടു കുമ്പഴ എത്തി. കുമ്പഴ അച്ചനോടുകൂടി പുനലൂർ വഴി ട്രെയിനിൽ തിരുവനന്തപുരത്തിന് പോയി. 7 മണിക്ക് അരമനയിൽ എത്തി താമസിച്ചു.

**22.** അരമനയിൽ ചൊല്ലി. തിരുമേനിയും റമ്പാച്ചനും തമ്മിലുള്ള അസുഖ കാര്യം അന്വേഷിച്ചു. രണ്ടുപേരോടും ഞങ്ങൾ സംസാരിച്ചു. രമ്യത യായി എന്ന് മനസ്സിലായി. 12 മണിക്ക് ഊണു കഴിഞ്ഞ് തിരിച്ചു



www.malankaralibrary.com

ഞാൻ കൊട്ടാരക്കര വഴി പുനലൂരിൽ എത്തി. റെയിൽവേ പാഴ്സൽ വാങ്ങി വീട്ടിലേക്ക് പോന്നു. 6 മണിക്കെത്തി.

**മാർച്ച് 2.** ആദ്യം മേക്കൊഴൂരും പിന്നീടു മണ്ണാരകുളഞ്ഞിയിലും പോയി ചൊല്ലി. അനന്തരം തടത്തിൽ എത്തി വിശ്രമിച്ചു. 3.30-ന് മണ്ണാര കുളഞ്ഞിയിൽ നിന്നും പരിഹാരപ്രദക്ഷിണം തുടങ്ങി മൈലപ്രാ പള്ളിയിൽ 5.30-ന് എത്തി. അനേകം ആളുകളുണ്ടായിരുന്നു. പ്രസംഗവും വി. കുർബാനയുടെ വാഴ്വും കഴിഞ്ഞ് പിരിഞ്ഞു.

**3.** രാവിലെ പുനലൂർക്ക് പോയി. 10 മണിയോടു അന്തോണി അച്ചൻ വന്നു. തച്ചേട്ടച്ചനും (ഫാ. ജോസഫ് തച്ചേട്ടു) ഉണ്ടായിരുന്നു. ഞങ്ങൾ ഇടമൺ എത്തി ആളുകളെ കണ്ടു വസ്തു വാങ്ങുന്ന കാര്യം ആലോചിച്ചു. ഊണു കഴിഞ്ഞ് ആര്യങ്കാവിൽ പോയി അവിടെയും വസ്തു നോക്കി. 4 മണിയോടുകൂടി 8 മണിക്ക് തട്ടയിൽ എത്തി താമസിച്ചു.

**4.** തട്ടയിൽ ചൊല്ലി. ഉടനെ തിരിച്ചെങ്കിലും വണ്ടി കിട്ടാത്തതുകൊണ്ടു പത്തനംതിട്ട വരെ നടന്നു. വീട്ടിൽ എത്തി വിശ്രമിച്ചു.

**7.** രാവിലെ പെരുനാട്ടിലും തോണിക്കടവിലും പോയി തിരുമേനിയുടെ സ്ഥലം കണ്ടു. പാട്ടക്കാരെയും മറ്റും കണ്ടു കരത്തിന്റെ കാര്യം പറഞ്ഞു. പെരുനാട്ടിൽ എത്തി, മടങ്ങിപോന്നു.

**9.** തോട്ടമൺ പള്ളിയിൽ ചൊല്ലി. രജിസ്ട്രാർ പി.സി. ദാനിയേലിന്റെ മകൻ അലക്സാണ്ടർ എന്ന കുട്ടിക്ക് മൂറോൻ അഭിഷേകം നടത്തി. ദാനിയേലിന്റെ വീട്ടിൽ എത്തി ഊണു കഴിഞ്ഞു 12 മണിക്ക് മടങ്ങി പോന്നു.

**18.** ചെങ്ങന്നൂർ ആശ്രമത്തിൽ ചൊല്ലി. മാവേലിക്കര പോയി എസ്. നാരായണൻ നായരെ കണ്ടു കേസിന്റെ കാര്യം പറഞ്ഞു. അപ്പീൽ എടുക്കാൻ ഏർപ്പാടു ചെയ്തു. മടങ്ങിവന്നു. സന്ധ്യയോടുകൂടി ചീങ്കൽ തടത്തിൽ എത്തി ചാപ്പലിലെ പെരുനാളിൽ സംബന്ധിച്ചു. റാസയും കഴിഞ്ഞ് അവിടെ ഉറങ്ങി.

**19.** ചീങ്കൽതടം ചാപ്പലിൽ ചൊല്ലി. കാക്കുച്ചന്റെ മകളുടെ മകനെ മാമോദീസാമുക്കി മൂറോൻ അഭിഷേകം നടത്തി.

**22.** സന്ധ്യയോടുകൂടി കടമ്മനിട്ട അച്ചന് സുഖമില്ലെന്നും എന്നെ കാണണമെന്നും അറിയിച്ചതനുസരിച്ചു അവിടെപോയി. 8 മണിയോടു എത്തി അവിടെ താമസിച്ചു.

**23.** കടമ്മനിട്ട പള്ളിയിൽ പരസ്യകുർബാന ചൊല്ലി. മടങ്ങി 10 മണിക്ക്



www.malankaralibrary.com

വീട്ടിൽ എത്തി. 11 മണിക്ക് കാക്കുച്ചൻ കാറുമായി വന്നു. ഒരുമിച്ചു പത്തനംതിട്ട എത്തി ഫാ. ഡേവിഡിനോടുകൂടി തിരുവല്ലാ അരമനയിൽ പോയി വിശ്രമിച്ചു.

**24.** തിരുവല്ലാ അരമനയിൽ വെളുപ്പിന് ചൊല്ലി. മൂന്നുപേരും കൂടി തിരുവനന്തപുരത്തിന് പോയി. 10 മണിക്ക് അരമനയിൽ എത്തി. തിരുമേനിയെ കണ്ടു ചീങ്കൽ തടത്തിൽ ഒരു ആശ്രമം തുടങ്ങുന്നതിനും അവിടെ പ്രകൃതി ചികിത്സ അഭ്യസിപ്പിക്കുന്നതിനും വേണ്ടതു ചെയ്യണമെന്ന് അപേക്ഷിച്ചു. രാത്രി 8.30-നുള്ള ട്രെയിനിൽ തിരിച്ചു. ഞങ്ങൾ 10 മണി കഴിഞ്ഞ് പുനലൂർ പള്ളിയിലെത്തി ഉറങ്ങി.

**30.** വൈകിട്ടു 4 മണിക്ക് പള്ളിയിലേക്ക് പോയപ്പോൾ ഡോ. ജോർജും നന്നുക്കാട്ടെ അച്ചനും കാറിൽ കടമ്മനിട്ടക്ക് പോകുന്നതു കണ്ടു ഞാൻ കൂടി അതിൽ കയറി പോയി. അവിടെ എത്തി അച്ചനെ പരിശോധിച്ചു. ക്ഷീണം കൂടുതലായി അനിശ്ചിതമായ സ്ഥിതിയിലായിരുന്നതുകൊണ്ടു വേണ്ടതെല്ലാം ചെയ്യാമെന്ന് പറഞ്ഞു 9 മണിയോടു മടങ്ങിപോന്നു.

**31.** രാവിലെ 6 മണിക്ക് കടമ്മനിട്ട പോയി കുർബാന ചൊല്ലി. അച്ചന് കുർബാന എഴുന്നെള്ളിച്ചു കൊണ്ടുപോയി, കുമ്പസാരംകേട്ടു, കുർബാനകൊടുത്തു. 4 മണിക്ക് തൈലാഭിഷേകം നടത്താൻ വേണ്ട ഏർപ്പാടു ചെയ്തു. അച്ചന്മാർക്കുള്ള കത്തുകൾ എഴുതി കൊടുത്തയച്ചു. കൃത്യം 4.15-ന് കിഴക്കേവീട്ടിൽ അച്ചൻ, ആമ്പശ്ശേരിൽ അച്ചൻ, അബ്രഹാം തെക്കേടത്ത് അച്ചൻ, പുത്തൂർ അച്ചൻ (ഫാ. തോമസ്) എന്നിവർ വന്നു. ഞാൻ പ്രധാന കാർമ്മികനായി തൈലാഭിഷേകം നടത്തി. 7 മണിക്ക് തീർന്നു. ഞാൻ അവിടെ താമസിച്ചു.

**ഏപ്രിൽ 1.** രാവിലെ കടമ്മനിട്ട നിന്നും പോന്നു. അന്തോണി അച്ചൻ വന്ന് കടമ്മനിട്ടക്ക് പോയി.

**11.** ദുഃഖവെള്ളി. ഞാൻ മൈലപ്രാ ശുശ്രൂഷ നടത്തി, 3.15-ന് തീർന്നു. ചീങ്കൽ തടത്തിൽ നിന്നും ബീഡച്ചനും കണ്ണാരത്തിൽ അച്ചനും വന്ന് ശുശ്രൂഷയിൽ കൂടി. കരിയിലച്ചനും ഉണ്ടായിരുന്നു.

**28.** തോമസ് കരിയിലച്ചനോടുകൂടി തിരുവനന്തപുരത്തിന് തിരിച്ചു 5 മണിയോടുകൂടി കോളേജിൽ എത്തി. 9 മണി മുതൽ അച്ചന്മാർക്ക് ധ്യാനം തുടങ്ങി. ധ്യാനഗുരു എറണാകുളത്തുനിന്നുള്ള മാത്യു മങ്കുഴിക്കര അച്ചനായിരുന്നു. മേയ് 2-ാം തീയതിവരെ ധ്യാനം (3-ാം തീയതി മടങ്ങിപോന്നു).



www.malankaralibrary.com

**മെയ് 5.** ഉച്ചയോടുകൂടി കോട്ടയത്തിന് പോയി. 5 മണിക്ക് തിരുവല്ല റ്റി.ബി.-യിൽ വച്ചു മന്ത്രി റ്റി.എം. വറുഗീസിനെ കണ്ടു സംസാരിച്ചു. കോട്ടയത്ത് 7 മണിക്കെത്തി ദീപിക ആഫീസിൽ പോയി കിടന്നു.

**6.** രാവിലെ 7.30-ന് ദേവികുളത്തിന് തിരിച്ചു, മൂവാറ്റുപുഴ ഇറങ്ങി ഊണു കഴിഞ്ഞു യാത്ര തുടർന്നു. നേരിയമംഗലം പള്ളിവാസൽ ഇവ കണ്ടു മൂന്നാർ വഴി 6 മണിയോടു കൂടി ദേവികുളത്ത് അരമനയിൽ എത്തി വിശ്രമിച്ചു. തിരുമേനിയുമായി പല കാര്യങ്ങളും പറഞ്ഞു.

**7-9.** ദേവികുളത്ത് തിരുമേനി വിശ്രമിക്കുന്ന അരമനയിൽ ചൊല്ലി. അവിടെ താമസിച്ചു തിരുമേനിയുമായി പല കാര്യങ്ങളും ആലോചിച്ച് തീരുമാനിച്ചു. തിരുമേനി അവിടെ തന്നെ കഴിയുന്നു. ഞാൻ 9-ാം തീയതി രാവിലെ കാപ്പി കഴിഞ്ഞു ബസിൽ തിരിച്ചു രാത്രി വീട്ടിൽ എത്തി.

**10-12.** പനിയും തൊണ്ടവേദനയും മറ്റുമായി വിശ്രമിച്ചു.

**15.** കുർബാന കഴിഞ്ഞു കുടശ്ശനാടു പോയി ഇഞ്ചക്കലോടി അച്ചനെ കണ്ടു സംസാരിച്ചു. 2 മണിയോടു ഏഴംകുളത്ത് റമ്പാച്ചനെ കാണാൻ പോയി അവിടെ എത്തി താമസിച്ചു.

**17.** കടമ്മനിട്ട പോയി അവിടെ സ്കൂളിൽ വച്ചു ഹൈസ്കൂൾ തുടങ്ങുന്നത് സംബന്ധിച്ചു ആലോചന നടന്നു. ഉച്ചയ്ക്ക് അച്ചന്റെ വീട്ടിൽ പോയി. ഊണു കഴിഞ്ഞ് മടങ്ങിപോന്നു.

**18.** 9 മണിക്ക് മേക്കൊഴൂർ ചൊല്ലി. ഊണു കഴിഞ്ഞ് അദ്ധ്യാപകരെ എല്ലാം വരുത്തി അവിടത്തെ ശണ്ഠകാര്യം പര്യാലോചിച്ചു. ഒടുവിൽ ഇനിയും വഴുക്കു കൂടാതെ സ്വസ്ഥമായി കഴിയാം എന്ന് ഏവരും സമ്മതിച്ചു. മടങ്ങിപോന്നു.

**22.** ഹെഡ്മാസ്റ്ററിന് ട്രാൻസ്ഫർ ഓർഡർ വന്നു. പത്തനംതിട്ടയും പ്രക്കാനത്തും പോയി. പ്രക്കാനത്തുനിന്നും കിട്ടാനുള്ള 1000 രൂപ കിട്ടി.

**27.** രാവിലെ മാവേലിക്കര പോയി 12 മണിക്കെത്തി. പിതാവിനെ കണ്ടു കാര്യം പറഞ്ഞു. ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**ജൂൺ 2.** രാവിലെ മേക്കൊഴൂർ പോയി എസ്.എൻ.ഡി.പി. വക മിഡിൽ സ്കൂൾ ഉദ്ഘാടന മീറ്റിംഗിൽ സംബന്ധിച്ച് ഞാൻ ഒരു പ്രസംഗം ചെയ്തു. അതുകഴിഞ്ഞു കടമ്മനിട്ട എത്തി ഹൈസ്കൂൾ ഉദ്ഘാടനം 2 മണിക്കു നടന്നു. മീറ്റിംഗിൽ ഞാനും പ്രസംഗിച്ചു. രണ്ടിടത്തും ഉദ്ഘാടകൻ മക്കപ്പുഴ വാസുദേവൻ നായരായിരുന്നു. ഉച്ചയോടു



www.malankaralibrary.com

കൂടി തിരിച്ചു പുനലൂർ വഴി തിരുവനന്തപുരത്ത് പോയി കത്തീഡ്രലിൽ താമസിച്ചു.

**7.** കത്തീഡ്രലിൽ ചൊല്ലി. ടൗണിൽ പോയി ചിലരെ കാണാൻ ശ്രമിച്ചു. മന്ത്രി ശ്രീ. റ്റി.എം.വറുഗീസ് സ്ഥലത്തില്ല. ഉച്ചയോടുകൂടി അരമനയിൽ എത്തി. ചില കാര്യങ്ങൾ അറിഞ്ഞശേഷം വീണ്ടും ടൗണിൽ പോയി ഒരു കാറിൽ മടങ്ങി രാത്രി 11 മണിക്ക് വീട്ടിൽ എത്തി.

**10.** കത്തീഡ്രലിൽ ചൊല്ലി. 9 മണിക്ക് മന്ത്രി ശ്രീ. റ്റി.എം. വറുഗീസിനെ കണ്ടു കരിങ്കുറ്റിങ്കൽ ബേബിയുടെ (കെ.പി. ജോർജ്) കാര്യം പറഞ്ഞു. Cattle Farming Scheme മന്ത്രിയുടെ അഭിപ്രായപ്രകാരം കൊടുത്തു. വേണ്ടതു ചെയ്യാമെന്നു പറഞ്ഞു. ഡി.പി.ഐ. ഓഫീസിലും പോയിട്ടു അരമനയിൽ എത്തി. ഊണു കഴിഞ്ഞു വന്ദ്യപിതാവുമായി അരമനയിലെ ചില ചുമതലക്കാരുടെ മാറ്റത്തെപ്പറ്റി സംസാരിച്ചു. ഒരുമിച്ചിരുന്ന് ഒരു തീരുമാനത്തിലെത്തി. രണ്ടുമൂന്നു പ്രാവശ്യം ആലോചിച്ചു സെറാഫീയോനച്ചനെ കൂടി വരുത്തി നിശ്ചയിച്ചു.

**11.** അരമനയിൽ ചൊല്ലി. വന്ദ്യപിതാവുമായി മറ്റേ കാര്യം ശക്തിയായി പ്രബോധിപ്പിച്ചു. എല്ലാം തീരുമാനിച്ചു. ഫെയർ കോപ്പി തയ്യാറാക്കാൻ അന്തോണി അച്ചനെ ഏർപ്പെടുത്തി. സ്കൂളിൽ 31-05-1952 വരെ വന്ന അധികചെലവിന് 719 രൂപയും, വലിയ അയന്തിയിൽ വന്ന ചെലവിന് 500 രൂപയും ചേർത്ത് 1219 രൂപയുടെ ചെക്കുതന്നു. രാത്രിയിൽ വീണ്ടും പിതാവുമായി അരമനകാര്യം സംസാരിച്ചു.

**12.** അരമനയിൽ 5 മണിക്ക് ചൊല്ലിയിട്ടു തിരിച്ചുപോന്നു. ഉച്ചകഴിഞ്ഞു വീട്ടിൽ എത്തി. പത്തനംതിട്ട ആശുപത്രിയിൽ പോയി തീരെ സുഖമില്ലാതെ കിടക്കുന്ന പീടികപറമ്പിൽ വറുഗീസിനെ കണ്ടു.

**13.** മന്ത്രി കൊച്ചുകുട്ടനെ അടുത്ത തിങ്കളാഴ്ച 9 മണിക്ക് കാണാൻ ആവശ്യപ്പെട്ടു കത്തുവന്നു.

**15.** 10 മണിയോടു തിരിച്ചു പുനലൂർ വഴി ആയൂരെത്തി. 2 മണിക്കു ശേഷം സേവേറിയോസ് തിരുമേനിയുടെ കൂടെ തിരുവനന്തപുരത്ത് 4 മണിക്കെത്തി. അരമനയിൽ കിടന്നു.

**16.** മന്ത്രി കൊച്ചുകുട്ടനെ 9 മണിക്ക് പോയി കണ്ടു. കുമ്പഴക്കാരുമായുള്ള വില്ലേജു പഞ്ചായത്തിന്റെ അതിർത്തി സംബന്ധിച്ചു സംസാരിച്ചു. മൈലപ്രായുടെ ഇപ്പോഴത്തെ അതിർത്തിക്ക് മാറ്റം വരുത്തുവാൻ നിവൃത്തിയില്ലെന്ന് ഞാൻ പറഞ്ഞു. കുമ്പഴ വടക്കുഭാഗക്കാരുടെ ഒരു അപേക്ഷ കൂടി അപ്രകാരം കാണിച്ചു മന്ത്രിക്ക് കൊടുത്തു.



www.malankaralibrary.com

മാറ്റുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു പിരിഞ്ഞു. 4 മണിക്ക് തിരിച്ചു പുനലൂരിൽ എത്തി താമസിച്ചു.

**19.** 10 മണിയോടുകൂടി നന്നുക്കാട്ടു സ്കൂളിൽ എത്തി മത്തായി അദ്ധ്യാപകനെ കാത്തിരുന്നു. അയാൾ വന്നില്ല. പള്ളിയിൽ എത്തി അബ്രഹാം അച്ചനെ കണ്ടു മടങ്ങിപോന്നു. 3 മണിക്ക് കുമ്പഴ അച്ചനെ കാണാൻ തിരിച്ചു. കോഴിമലയിൽ, തീക്കുറിഞ്ഞിയിൽ ഇവിടെ ഒക്കെ കയറിയിട്ടു 5 മണിക്ക് അച്ചന്റെ വീട്ടിൽ എത്തി. അവിടില്ലായിരുന്നു. മടങ്ങിവന്നപ്പോൾ അച്ചനെ കുമ്പഴമുക്കിൽ വച്ചു കണ്ടു.

**21.** ചൊല്ലി. നല്ല സുഖമില്ലായിരുന്നു. എങ്കിലും സി.എം. പാപ്പിയുടെ വീടു കൂദാശയും തിരുഹൃദയ പ്രതിഷ്ഠയും പോയി നടത്തി. നല്ല പനിയും ദേഹവേദനയും ഉള്ളതുകൊണ്ടു ഒരുവിധം നടന്ന് വീട്ടിലെത്തി വിശ്രമിച്ചു.

(22-26 വരെ തീരെ സുഖമില്ലാതെ മരുന്ന് കഴിച്ചു. വിശ്രമിച്ചു).

**27.** അതിരാവിലെ എഴുന്നേറ്റു പള്ളിയിലെത്തി. കരിയിലച്ചനോടുകൂടി പത്തനംതിട്ട എത്തി ഒരു കാറുപിടിച്ചു ചെങ്ങന്നൂർ പോയിട്ടു തിരുവനന്തപുരത്തിന് പോയി. 11.15-ന് അവിടെ എത്തി. 1 മണിക്ക് റ്റി.എം.വി-യെ പോയി കണ്ടു ചേർത്തല കിഴക്കുംമുറിയിൽ കൊക്കമംഗലം എന്ന സ്ഥലത്ത് പൊലീസുകാർ ചെയ്ത അതിക്രമം അറിയിച്ചു. പരിഹാരം ഉണ്ടാക്കാമെന്ന് പറഞ്ഞു. ഞങ്ങൾ കത്തീഡ്രൽ, അരമന ഇവിടെയൊക്കെ കയറിയിട്ടു മടങ്ങിപോന്നു. 7 മണിക്ക് വീട്ടിൽ എത്തി.

**ജൂലൈ 7.** നല്ല സുഖമില്ല. ഇന്ന് ചിറക്കടവിൽ ബേബിയെ സ്കൂളിൽ ക്ലർക്കായി 35 രൂപ ശമ്പളത്തിൽ ഈ സ്കൂൾ വർഷത്തേക്ക് നിയമിച്ചു. ഇന്നു മുതൽ എണ്ണസേവയും പത്ഥ്യവും തുടങ്ങി ഒരാഴ്ചത്തേക്ക്.

**12.** രാവിലെ കരിയിലച്ചനോടുകൂടി കാറിൽ ആലപ്പുഴയ്ക്ക് പോയി. അവിടെ നിന്നും കൊല്ലത്തിന് പോയി തെല്ലെരി ആശ്രമത്തിൽ താമസിച്ചു.

**13.** ആശ്രമത്തിൽ ചൊല്ലി. പിന്നീടു മന്ത്രി റ്റി.എം.വി-യുടെ വീട്ടിൽ പോയി അദ്ദേഹവുമായി ദീർഘമായി ചില കാര്യങ്ങൾ സംസാരിച്ചു. 9.30-ന് ഞങ്ങൾ മടങ്ങിപോന്നു.

**14.** ഇന്ന് 11 മണിയോടു പത്തനംതിട്ട പോയി ചിദംബരം പിള്ളയുടെ 40 സെന്റ് വസ്തു 1500 രൂപക്ക് എഴുതിച്ചു.



www.malankaralibrary.com

**25.** ക്രിസോസ്റ്റോം അച്ചൻ വന്നു. അച്ചനേയും കൊണ്ടു കാക്കുച്ചനെ പോയി കണ്ടു. ഉച്ചയോടു വീട്ടിലെത്തി. ഊണു കഴിഞ്ഞ് അച്ചൻ തിരുവനന്തപുരത്തിന് പോയി.

**26.** 11 മണിയോടുകൂടി കാട്ടൂരിൽ പോയി കുഴിയംമണ്ണിൽ വിശ്രമിച്ചു. 4 മണിക്ക് തോട്ടമൺ പള്ളിയിൽ എത്തി. ഒരു മാവു പാപ്പി മുറിച്ച തായി അറിഞ്ഞു. ഞാൻ വഴക്കുപറഞ്ഞു. അതിന്റെ വില അടക്ക ണമെന്നു പറഞ്ഞു. മടങ്ങിപോന്ന് 8 മണിക്ക് എത്തി.

**31.** അരമനയിൽ ചൊല്ലി. തിരുമേനിയെ കാണാൻ ബംഗ്ളൂരിൽ പോകാൻ ഒരുങ്ങി. 100 രൂപ അരമനയിൽ നിന്നും വാങ്ങി. 11.50-ന് കാറിൽ എയർപോർട്ടിൽ എത്തി 80 രൂപയ്ക്ക് ടിക്കറ്റു വാങ്ങി. 12.45-ന് വിമാനത്തിൽ തിരിച്ചു കൊച്ചി, കോയമ്പത്തൂർ ഇവിടെ ഇറങ്ങിയ ശേഷം 3.30-ന് ബാംഗ്ളൂരിൽ എത്തി. കാർ പിടിച്ചു സെന്റ് മാർത്താസ് ഹോസ്പിറ്റലിൽ എത്തി പിതാവിനെ കണ്ടു. അവശ നായി കിടക്കുന്നു. രോഗം കുറയുന്നില്ല. കുറെ കാര്യങ്ങൾ സംസാരിച്ചു. രാത്രി നിയോ ഹോട്ടലിൽ ഞാൻ താമസിച്ചു.

**ആഗസ്റ്റ് 1.** ഹോസ്പിറ്റൽ ചാപ്പലിൽ കുർബാന ചൊല്ലി. പിതാവിന്റെ അടുക്കൽ എത്തി ചില കാര്യങ്ങൾ പറഞ്ഞു. പനി 101 ഡിഗ്രി ഉണ്ട്, നല്ല ക്ഷീണവും. ഞാൻ അവിടെ തന്നെയായിരുന്നു. വൈകിട്ടു 6 മണിക്ക് എറണാകുളം ആർച്ചുബിഷപ്പിന്റെ സെക്രട്ടറി, അന്തോണി അച്ചൻ, ക്രിസോസ്റ്റോം അച്ചൻ ഇവരോടൊപ്പം ഞാൻ ട്രെയിനിൽ യാത്ര തിരിച്ചു. ഇന്റർക്ലാസിൽ ഉറങ്ങാതെ കഴിച്ചുകൂട്ടി.

**ആഗസ്റ്റ് 2.** 9 മണിക്ക് തൃശൂരിൽ എത്തി. മറ്റു മൂന്നു അച്ചന്മാരും ഇറങ്ങി പോയി. ഫാ. ഫ്രാൻസിസ് സെയിൽസ് മദ്രാസിൽ നിന്നും എത്തി, ഞങ്ങൾ ഒരുമിച്ചു ആലുവായ്ക്കു തിരിച്ചു. അവിടെ നിന്നും ഞാൻ ഒരു എക്സ്പ്രസ്സിൽ തിരിച്ചു തിരുവല്ലാ എത്തി. അവിടെ നിന്നും കോഴഞ്ചേരിവഴി 8 മണിക്ക് വീട്ടിൽ എത്തി.

**3.** രാവിലെ തിരിച്ചു പുനലൂർ വഴി തിരുവനന്തപുരത്ത് 5 മണിയോടു അരമനയിൽ എത്തി.

**4.** അന്തോണി അച്ചനും മറ്റും രാത്രി വന്നുചേർന്നു. ഞാനും സെയിൽസ് അച്ചനും കൂടി ചില കാര്യങ്ങൾ ആലോചിച്ചു. അദ്ദേഹം എനിക്ക് 100 രൂപ ബാംഗ്ളൂർ യാത്രക്ക് തന്നു. വലിയ അയന്തി പള്ളി പണിക്ക് 500 രൂപ തരാമെന്ന് പറഞ്ഞു. വീണ്ടും അച്ചനുമായി പല കാര്യങ്ങളും ആലോചിച്ചു.



www.malankaralibrary.com

**5.** സെയിൽസ് അച്ചനെ എയർപോർട്ടിൽ കൊണ്ടുവിട്ടു പ്ലെയിനിൽ ബാംഗ്ളൂരിന് യാത്ര അയച്ചു. അരമനയിൽ തിരിച്ചെത്തി. സ്കൂൾ കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു.
**6.** അരമനയിൽ പലതും ശരിപ്പെടുത്തികൊണ്ടിരുന്നു.
**7.** 9 മണിക്ക് കേളംപറമ്പിലച്ചനും (ഫാ. ആന്റണി) പന്തോളിൽ അച്ചനും (ഫാ. ഫിലിപ്പ്) ഒന്നിച്ചു കുറത്തിയാട്ടു പള്ളി പണി കാണാൻ തിരിച്ചു. കായംകുളം മഠം, കറ്റാനം മുതലായിടത്ത് കയറിയിട്ടു കുറത്തിയാട്ടു പോയി പള്ളിപണി കണ്ടു. വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. എസ്റ്റിമേറ്റു തയ്യാറാക്കാൻ കെ.ജെ. തോമസിനോടു പറഞ്ഞു. അവിടെ നിന്നും പോയി ജോബച്ചനെ കണ്ടു. പിന്നീടു കുടശ്ശനാടു എത്തി ഇഞ്ചക്കലോടി അച്ചനെ കണ്ട് ഞാൻ താമസിച്ചു. മറ്റവർ പോയി.
**9.** ഉച്ചയോടുകൂടി കുമ്പഴ അച്ചൻ വന്ന് പല കാര്യങ്ങളും പറഞ്ഞു. 2 മണിക്ക് പോയി. അതുകഴിഞ്ഞ് ആമ്പശ്ശേരിലച്ചൻ വന്നു.
**10.** ഉച്ചകഴിഞ്ഞ് 2 മണിക്ക് ഫാ. തോമസ് പെരുമല വന്ന് പല കാര്യങ്ങളും പറഞ്ഞു.
**11.** ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തിന് തിരിച്ചു രാത്രി 8 മണിക്ക് അരമനയിൽ എത്തി. തിരുമേനി ആശ്രമത്തിൽ താമസിക്കുന്നു.
**ആഗസ്റ്റ് 11.** സെയിൽസ് അച്ചന് വയറുകടി, പന്തോളിലച്ചന് കണ്ണിന് അസുഖം. അവരെ കണ്ടു അതു സംബന്ധിച്ചു വേണ്ടത് ആലോചിച്ചു ചെയ്തു.
**12.** സെയിൽസ് അച്ചനെ ആശുപത്രിയിൽ ആക്കാൻ ശ്രമിച്ചു. കുറവില്ലാത്തതുകൊണ്ടു 4 മണിക്ക് ആശുപത്രിയിൽ കൊണ്ടുപോയി ആക്കി. ആശ്രമത്തിൽ തിരുമേനിയെ പോയി കണ്ടു. വിവശതയിൽ ഇരിക്കുന്നു. കൊല്ലത്ത് പോയി ഡി.ഐ. ഓഫീസിൽ എത്തി നിയമനങ്ങൾ സംബന്ധിച്ചും മറ്റും വേണ്ടത് ചെയ്തു. രാത്രി 8 മണിയോടു അരമനയിൽ എത്തി.
**13.** രാവിലെ തിരുമേനിയെ പോയി കണ്ടു. സെയിൽസ് അച്ചന് അല്പം കൂടുതലാണ്. ഞാൻ പല കാര്യങ്ങളും ചെയ്തുകൊണ്ടിരുന്നു. കൊച്ചു തിരുമേനി വന്ന് പല കാര്യങ്ങളും ആലോചിച്ചു. സെയിൽസ് അച്ചനെ ചുമതലപ്പെടുത്തിയുള്ള കല്പന എഴുതാൻ എന്നെ ചുമതലപ്പെടുത്തി. അതു എഴുതി തുടങ്ങി.
**14.** കല്പന എഴുതിയത് വലിയ തിരുമേനിയെ കൊണ്ടുപോയി കാണിച്ചു. ചില തിരുത്തലുകൾ വരുത്തി. അരമനയിലും ആശുപത്രിയിലുമായി ഞാൻ കഴിച്ചുകൂട്ടി.

(ME 1128 Diary (Aug. 16 1952 - Dec.13, 1952) നഷ്ടപ്പെട്ടു.



www.malankaralibrary.com

# 1953

**ജനുവരി 1.** വെളുപ്പിന് 3 മണിക്ക് എറണാകുളത്തുനിന്നും തിരിച്ചു ചെങ്ങന്നൂർ വഴി മൈലപ്രാ എത്തി. കുർബാന ചൊല്ലി വീട്ടിൽ വിശ്രമിച്ചു. സന്ധ്യയ്ക്ക് ഡോ. ജോർജ് തരകൻ വന്നു. മാർത്തോമ്മാ ജൂബിലി കാര്യം പറഞ്ഞുപോയി. കുമ്പഴ എത്തി അച്ചനുമായി കോട്ടയത്തിന് പോയി. തിരുവല്ലായിൽ സേവേറിയോസ് തിരുമേനിയേയും ചിങ്ങവനത്ത് വയലാ തിരുമേനിയേയും കണ്ടു ക്ഷണിച്ചു.

**2.** കോട്ടയത്ത് എത്തി മലയാള മനോരമ ഓഫീസിൽ എത്തി എ.വി. ജോർജിനെ ക്ഷണിച്ചു. ഏതാനും സാധനങ്ങൾ എടുത്ത്പോന്നു. 4 മണിക്ക് കല്ലേലിൽ പോയി പണപിരിവു നടത്തി.

**4.** പത്തനംതിട്ട പോയി ജൂബിലി ആഘോഷ കാര്യത്തിൽ ഇടപെട്ടു. 2.30-ന് ആഘോഷം തുടങ്ങി. 4 മണിക്ക് മീറ്റിംഗ് സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ തുടങ്ങി. അവസാനം ഞാൻ നന്ദി പറച്ചിൽ നടത്തി.

**ജനുവരി 5.** വലഞ്ചുഴിയിൽ ചൊല്ലി. വിവാഹശുശ്രൂഷ നടത്തി. 10 മണിയോടുകൂടി നല്ലാനികുന്നിൽ കാറിൽ പോയി ഒരു വീട്ടുകാരെ ചേർത്തു. വീട്ടിൽ പോയി ഊണു കഴിഞ്ഞ് 4 മണിക്ക് മടങ്ങിപോന്നു. 10 രൂപ കാറുകൂലി കൊടുത്തു.

**8.** അരമനയിൽ ചൊല്ലി. ചാലയിൽ പോയി അംശവടി ഉണ്ടാക്കാൻ പി.എം. ചെട്ടിയാരെ ഏർപ്പാടു ചെയ്തു. അവിടെ നിന്നും ഡയറക്ടർ ഓഫീസിലെത്തി സ്വാമിയെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. അരമനയിൽ എത്തി 3 മണിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി മെത്രാഭിഷേകം സംബന്ധിച്ചു ചില കാര്യങ്ങൾ ആലോചിച്ചു നിശ്ചയിച്ചു. മെസ് കമ്മിറ്റി കൺവീനർ ആയി എന്നെ തെരഞ്ഞെടുത്തു.

**9.** അരമനയിൽ പലകാര്യങ്ങളും ചെയ്തു. സേവേറിയോസ് തിരുമേനി വന്നു. പോയപ്പോൾ അദ്ദേഹത്തിന്റെ കാറിൽ മുളക്കുഴ എത്തി രാത്രി കിടന്നു.

**13.** അരമനയിൽ ചൊല്ലി. മംഗളപത്രങ്ങൾ കൊച്ചു തിരുമേനിയും സെയിൽസ് അച്ചനും ഞാനും കൂടി തയ്യാറാക്കി കൊണ്ടിരുന്നു.

**14.** പല കാര്യങ്ങൾ ചെയ്തു. റ്റീപാർട്ടി ആന്റ് ഡിന്നർ ഓരോരുത്തരെ സ്ഥിരപ്പെടുത്തി. ടൗണിൽ പോയി പലരേയും കണ്ടു പല കാര്യങ്ങൾ ചെയ്തു.



www.malankaralibrary.com

**20.** അരമനയിൽ ചൊല്ലി. പല കാര്യങ്ങൾ ചെയ്തു. ചാലയിൽ പോയി പി.എം. ചെട്ടിയാരെ കണ്ടു. അരമനയിൽ എത്തി.

**21.** അരമനയിൽ പല കാര്യങ്ങളും ക്രമീകരിച്ചു. സേവേറിയോസ് തിരുമേനി വന്നു.

**25.** മണ്ണാരകുളഞ്ഞിയിലും മൈലപ്രായിലും ചൊല്ലി. 12 മണിക്ക് തിരിച്ചു പന്തളം വഴി പോയി. രാത്രി 8 മണിക്ക് അരമനയിലെത്തി.

**26–28.** അരമനയിൽ പല കാര്യങ്ങളും ആലോചിച്ചു ക്രമീകരിച്ചു.

**29.** സഹായമെത്രാനായി ഫാ. ബനഡിക്റ്റ് ഒ.ഐ.സി. യെ അഭിഷേകം ചെയ്തു. മാർ ഈവാനിയോസ് തിരുമേനി, കോട്ടയം മെത്രാൻ മാർ തോമസ് തറയിലിന്റെയും തിരുവല്ലാ മെത്രാൻ മാർ സേവേറിയോസിന്റെയും സഹകാർമ്മികത്വത്തിൽ ആണ് ശുശ്രൂഷ നടത്തിയത്. മാർ ഗ്രിഗോറിയോസ് എന്ന പേരിൽ. 11 മണിക്ക് അത് കഴിഞ്ഞു. ഞാൻ ഇതിനിടയിൽ പല കാര്യങ്ങളിലും വ്യാപൃതനായിരുന്നു. ഉച്ചഭക്ഷണം നടത്തുന്നതിന്റെ ചുമതല വഹിച്ചു. പാളയത്ത് വിക്റ്റോറിയ ജൂബിലി ഹാളിൽ വച്ചു അനുമോദന മീറ്റിംഗ് നടന്നു. സെയിൽസ് അച്ചൻ മംഗളപത്രം വായിച്ചുകൊടുത്തു. എനിക്ക് കഴിഞ്ഞ രാത്രിയിൽ ഒട്ടും ഉറങ്ങാത്തതിന്റെ ക്ഷീണമുണ്ട്.

**30.** പട്ടത്തുചൊല്ലി. ബില്ലുകൾ തയ്യാറാക്കാൻ ഏർപ്പാടു ചെയ്തു. ടൗണിൽ തന്നെ കഴിച്ചുകൂട്ടി.

**31.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി പലകാര്യങ്ങളും ചെയ്തു. എലൈറ്റിൽ വിശ്രമിച്ചു. ഡി.പി.ഐ. ഓഫീസിൽ പോയിട്ടു മടങ്ങി അരമനയിൽ എത്തി കണക്കുകൾ തീർത്തു ശരിപ്പെടുത്തി. എലൈറ്റിന് ഭക്ഷണമൊക്കെ നല്ലതുപോലെ നടത്തിയതിന് 32 രൂപ വിലയുള്ള ഒരു മോതിരം കൊടുത്തു. മടങ്ങിപോന്നു. വീട്ടിലെത്തി.

**ഫെബ്രുവരി 5.** 4 മണിക്കുശേഷം അരമനയിൽ എത്തി, പല കാര്യങ്ങളും ആലോചിച്ചു ചെയ്തു.

**6.** ഡി.പി.ഐ. ഓഫീസിൽ പോയി സുബ്രമണ്യ അയ്യരെ കണ്ടു. അക്കൗണ്ട് ഫയൽ കാണിച്ചു. 2-2-53-ൽ ഓർഡർ പാസായി. ഉച്ച കഴിഞ്ഞു മടങ്ങിപോന്നു. 6.30-ന് വീട്ടിലെത്തി.

**10.** രാവിലെ പുനലൂർക്ക് പോയി. 11 മണിക്ക് റ്റി.ബി.യിൽ എത്തി വിശ്രമിച്ചു. മുൻ നിശ്ചയപ്രകാരം നടത്തിയ സെന്റ് തോമസ് ഡെ ആഘോഷത്തിൽ സംബന്ധിച്ചു. സേവേറിയോസ് തിരുമേനിയും കൊല്ലം ബിഷപ്പും വന്നിരുന്നു. മാറനാട്ടു അച്ചന്റെ വീട്ടിൽ കിടന്നു.



www.malankaralibrary.com

**14.** സന്ധ്യയോടുകൂടി കുമ്പഴ അച്ചന്റെ മകൾ ആലീസ് മരിച്ചതായി കരിയിലച്ചനും ഒരാളും കൂടി വന്നു പറഞ്ഞു. ഞങ്ങൾ ഉടനെ തിരിച്ചു അവിടെ എത്തി. പിന്നീടു പള്ളിയിൽ എത്തി സംസ്കാര ശുശ്രൂഷ നടത്തി കഴിഞ്ഞ് 11 മണിയോടു മടങ്ങിപോന്നു.

**19.** രാവിലെ മണിമല പോയി ആശ്രമത്തിലെത്തി സെയിൽസ് അച്ചനെ കണ്ടു പല കാര്യങ്ങൾ പറഞ്ഞു. 1 മണിക്ക് മടങ്ങിവന്നു. 6 മണിക്ക് കോന്നി, കാറുമലയിൽ എത്തി. അച്ചൻ അവിടെ ഇല്ലായിരുന്നു. 9 മണിക്കുശേഷംവന്നു. ഞാനവിടെ താമസിച്ചു.

**20.** കാറുമല ചൊല്ലി. ഞാനും പിലിപ്പു കോശിയും കൂടി പോയി കാറുമല മുതലാളിയെ കണ്ടു വസ്തുവിന്റെ തർക്കം സംബന്ധിച്ചു അമ്പേഷിച്ചു. ആധാരം എടുത്ത് നോക്കി. പള്ളിയിൽ മടങ്ങി എത്തി അച്ചനുമായി ആലോചിച്ചു. ഉച്ചയ്ക്ക് കോയിക്കൽ നിന്നും ഊണു കഴിച്ചിട്ടു പ്രവൃത്തി കച്ചേരിയിൽ എത്തി പോക്കുവരവു ശരിപ്പെടുത്തി. മടങ്ങി വീട്ടിലെത്തി.

**25.** അതിരുങ്കൽ കൊച്ചു തിരുമേനിയുടെ സ്വീകരണത്തിന് തിരിച്ചു. കുമ്പഴ വച്ചു തിരുമേനിയെ കണ്ടു. ഒരുമിച്ചു കോന്നിയിൽ എത്തി വിശ്രമിച്ചു. മുറിഞ്ഞ കല്ലിൽ എത്തി, അവിടെനിന്നും സ്വീകരണം നടന്നു. കുരിശടിയിൽ എത്തി കൂദാശ നടന്നു. 9 മണിക്ക് പ്രസംഗം. ഞാനവിടെ താമസിച്ചു. തിരുമേനി മാർച്ചു 14-ാം തീയതി സ്വീകരണത്തിന് വരാമെന്ന് സമ്മതിച്ചു.

**ഫെബ്രുവരി 28.** 9 മണിയോടു കുമ്പഴ അച്ചൻ വന്നു. ഒരുമിച്ചു പത്തനംതിട്ട, ഇലന്തൂർ, കാട്ടൂർ എന്നിവിടങ്ങളിൽ പോയി വന്നു. 4 മണിക്ക് സ്വദേശി ബാങ്കു മീറ്റിംഗ് മാനേജരുടെ വീട്ടിൽ വച്ചു നടന്നു. അതുകഴിഞ്ഞ് മടങ്ങിപോന്നു.

**മാർച്ച് 1.** വലഞ്ചുഴിയിൽ ചൊല്ലി. പൊതുയോഗം കൂടി ഭരണ സമിതിയിലേക്ക് 9 പേരെ തെരഞ്ഞെടുത്തു. വറുഗീസും കൂട്ടുകാരും കൂടി ലഹള ഉണ്ടാക്കാൻ ശ്രമിച്ചു. ഞാൻ അത് ഒതുക്കിതീർത്തു. മീറ്റിംഗ് കഴിഞ്ഞു കുഞ്ഞു തോമ്മായുടെ വീട്ടിൽ നിന്നും ഊണു കഴിച്ചു വിശ്രമത്തിനുശേഷം പോന്നു. സന്ധ്യ കഴിഞ്ഞു കുമ്പഴ വടക്കുകാർ പഞ്ചായത്ത് കാര്യം സംബന്ധിച്ചു ആലോചിച്ചു ചില തീരുമാനങ്ങൾ എടുത്തു. ഞാനും കൂടി അതിൽ സംബന്ധിച്ചു.

**4.** അരമനയിൽ ചൊല്ലി. വലിയ തിരുമേനി സുഖമില്ലാതെ ഇരിക്കുന്നു. കൊച്ചു തിരുമേനി യാത്രയിലാണ്. കാറുമല സംബന്ധിച്ച രണ്ടു റിപ്പോർട്ടുകളും കൊടുത്തു.



www.malankaralibrary.com

**7.** 4 മണിക്ക് പത്തനംതിട്ട പോയി. മണ്ഡലം പ്രതിനിധി മീറ്റിംഗ് കൂടി കമ്മ്യൂണിറ്റി പ്രോജക്ട് പത്തനംതിട്ട തുടങ്ങുന്നതിന് വേണ്ടത് ചെയ്യണമെന്ന് നിശ്ചയിച്ചു. കമ്മിറ്റിയിൽ എന്നെ കൂടെ എടുത്തു. 6 മണിക്ക് പിരിഞ്ഞു.

**9.** രാവിലെ തിരിച്ചു 3 മണിയോടു അരമനയിൽ എത്തി. 5 മണിക്ക് കൗൺസിൽ മീറ്റിംഗ് തുടങ്ങി. അച്ചന്മാരുടെ പ്രോവിഡന്റ് ഫണ്ടു കാര്യവും മറ്റു പല കാര്യങ്ങളും തീരുമാനിച്ചു. 6.30-ന് പിരിഞ്ഞു.

**13.** പത്തനംതിട്ട പോയി. കുമ്പഴ അച്ചനും കുര്യച്ചനും ഉണ്ടായിരുന്നു. സ്വീകരണത്തിനു വേണ്ടതെല്ലാം ചെയ്തു.

**14.** കൊച്ചു തിരുമേനിയ്ക്ക് സ്വീകരണം. രാവിലെ പത്തനംതിട്ട റ്റി. ബി.യിൽ എത്തി വേണ്ടതു ചെയ്തു. കൊച്ചുതിരുമേനി 2 മണിക്കു വന്നു. 4 മണിക്ക് ഘോഷയാത്ര തുടങ്ങി നന്നുക്കാടു പള്ളിയിൽ എത്തി കാവുക്കാട്ടു തിരുമേനിയുടെ (മാർ മാത്യു കാവുക്കാട്ട്, ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ്) അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. അനേകർ പ്രസംഗിച്ചു. ഞാൻ മംഗളപത്രം വായിച്ചുകൊടുത്തു.

**15.** വലഞ്ചുഴിപള്ളിയിൽ ചൊല്ലി. 1.30-ന് നന്നുക്കാടു എത്തി തിരുമേനിയോടുകൂടി നല്ലാനികുന്നിൽ പോയി. ചാപ്പലിൽ തിരുമേനി പ്രസംഗിച്ചു. 4 മണി കഴിഞ്ഞു ഞങ്ങൾ പുത്തൻപീടികയിൽ എത്തി ലത്തീൻ പള്ളിയിൽ താമസിച്ചു.

**16.** അതിരാവിലെ ഞാൻ ലത്തീൻ പള്ളിയിൽ ചൊല്ലി. അവിടെ നിന്നും തിരുമേനി സ്കൂളിൽ എത്തി ചൊല്ലി. അനേകർ വി. കുർബാന സ്വീകരിച്ചു. 9 മണിക്ക് മാനേജരുടെ വീട്ടിലെത്തി കാപ്പി കഴിഞ്ഞു. ഓർത്തഡോക്സിലെ തിമോത്തിയോസ് തിരുമേനിയോടുകൂടി കോളേജിൽ പോയി. അവിടെ നിന്നും കാക്കുച്ചന്റെ വീട്ടിൽ എത്തി വീടുകൂദാശയും ആശുപത്രി കൂദാശയും നടത്തി വിശ്രമിച്ചു. 3 മണിക്ക് മടങ്ങി. തിരുമേനി രാത്രി 10 മണിക്ക് മൈലപ്രായിൽ എത്തി താമസിച്ചു.

**17.** ഞാനും, കരിയിലച്ചനും കുറ്റിയിലച്ചനും (ഫാ. ജോർജ് കുറ്റിയിൽ) രഹസ്യകുർബാന ചൊല്ലി. തിരുമേനി പരസ്യകുർബാന ചൊല്ലി. 150 പേരോളം ആളുകൾ വി. കുർബാന സ്വീകരിച്ചു. 9 മണിക്ക് തിരുമേനി പോയി. 101 രൂപ കൈമുത്തു കൊടുത്തു. വീട്ടിലെത്തി വിശ്രമിച്ചു.

**19.** വലിയ അയന്തി ചാപ്പലിന് ഉത്തരം വച്ചു. അനേകർക്ക് കാപ്പിയും ഭക്ഷണവും കൊടുത്തു.



www.malankaralibrary.com

**20.** ഉച്ചകഴിഞ്ഞ് കിഴവള്ളൂരിൽ എത്തി. 5 മണിക്ക് തിരുമേനി വന്നു. പല അച്ചന്മാരുണ്ടായിരുന്നു. സ്വീകരണം കഴിഞ്ഞ് ഞാൻ 9 മണിക്ക് മടങ്ങിപോന്നു.

**25.** രാവിലെ തിരിച്ചു പുനലൂർ-കൊട്ടാരക്കര വഴി തിരുവനന്തപുരത്ത് 7 മണിക്കെത്തി. കോളേജിൽ പോയി ജോസ് മാത്യു അച്ചന്റെ കൂടെ താമസിച്ചു.

**26.** രാവിലെ അരമനയിൽ എത്തി. തിരുമേനിമാരെ കണ്ടു പല കാര്യങ്ങളും പറഞ്ഞു. ഉച്ചകഴിഞ്ഞ് മടങ്ങിപോന്നു.

**28.** പത്തനംതിട്ട പോയി നോമിനേഷൻ പേപ്പർ എൻ.ജി. ചാക്കോയുടെ കയ്യിൽ കൊടുത്തു. 25 രൂപയും കൊടുത്തു. 3 മണിക്ക് പത്തനംതിട്ട എത്തി സ്വദേശി ബാങ്കിന്റെ പൊതുയോഗം എന്റെ അദ്ധ്യക്ഷതയിൽ കൂടി.

**31.** പത്തനംതിട്ട ഫസ്റ്റ് ക്ലാസ് കോടതിയിൽ പോയി മത്തായിക്കുവേണ്ടി സാക്ഷി എഴുതിയിട്ടു മടങ്ങിപോന്നു. 2 മണിക്ക് വലിയ തിരുമേനിക്ക് കൂടുതലാണെന്ന് കമ്പികിട്ടി. ഉടനെ പത്തനംതിട്ട എത്തി കാറു പിടിച്ചു അച്ചന്മാരുമായി തിരിച്ചു 7 മണിക്ക് അരമനയിൽ എത്തി. പിതാവ് അസുഖം കൂടി കിടക്കുന്നതായി കണ്ടു. തൈലാഭിഷേകം നടത്തി.

**ഏപ്രിൽ 1.** കോളേജിൽ എത്തി ജോയിയെ കൂട്ടികൊണ്ടു അരമനയിൽ എത്തി പിതാവിനെ കാണിച്ചു വിട്ടു. ഞാൻ മടങ്ങിപോന്നു.

**4.** തിരുമേനിക്ക് കൂടുതലാണെന്ന് കേട്ടു. ജോയിയെ ഫോണിൽ വിളിച്ചു പോയി അന്വേഷിച്ചു അറിയിക്കാൻ പറഞ്ഞു. അസുഖം കൂടി തന്നെ കിടക്കുന്നു എന്ന് ജോയി അറിയിച്ചു. രാത്രിയിൽ വല ഞ്ചുഴിയിൽ എത്തി പുലിനില്ക്കുന്നതിൽ താമസിച്ചു.

**5.** 4 മണിക്ക് എഴുന്നേറ്റു ഉയർപ്പിന്റെ ശുശ്രൂഷയും കുർബാനയും മറ്റും നടത്തി. 8 മണിക്ക് മടങ്ങിപോന്നു.

**6.** തിരുവനന്തപുരത്തിന് തിരിച്ചു. 5 മണിക്ക് അരമനയിൽ എത്തി. തിരുമേനി വിവശനായി കിടക്കുന്നു.

**7.** തിരുമേനിക്ക് രോഗം കൂടിവരുന്നു. അനേകം അച്ചന്മാർ വന്നിട്ടുണ്ട്. Internuntio തിരുമേനിയും മറ്റു പല തിരുമേനിമാരും വന്നു കണ്ടു കൊണ്ടിരുന്നു.

**8.** വൈകിട്ടു 5 മണിവരെ തിരുമേനിയുടെ സ്ഥിതി ആശങ്കാജനകം. ഞാൻ 5 മണിക്കുപോന്നു. പന്തളത്ത് ശങ്കരത്തിൽ എത്തി ഉറങ്ങി.



www.malankaralibrary.com

**9.** രാവിലെ ഓമല്ലൂർ എഴിയത്ത് എത്തി. ആറ്ററികിൽ പള്ളിയിൽ ചൊല്ലി. എഴിയത്തച്ചന്റെ മകൾ റോസമ്മയുടെ കല്യാണത്തിന് കൂടി. 1 മണിയോടു മടങ്ങി പത്തനംതിട്ട എത്തി അരമനയിലേക്ക് വിളിച്ചു. സ്ഥിതി കുറച്ചു നന്നായിരിക്കുന്നു എന്നു പറഞ്ഞു.

**12.** രാവിലെ വലഞ്ചുഴിയിലും പിന്നീടു 9 മണിക്ക് മൈലപ്രായിലും ചൊല്ലി. വീണ്ടും 10 മണികഴിഞ്ഞ് വലഞ്ചുഴിയിൽ എത്തി ഒരു കല്യാണം നടത്തിയിട്ടു മടങ്ങിപോന്നു.

**17.** അരമനയിൽ ചൊല്ലി. തിരുമേനി ക്ഷീണിതനായി കിടക്കുന്നു. ഡി. പി.ഐ. ഓഫീസിൽ പോയിട്ടു മടങ്ങി വീട്ടിൽ എത്തി.

**24.** പഞ്ചായത്ത് തെരഞ്ഞെടുപ്പിന് നോമിനേഷൻ കൊടുത്തു.

**28–30.** (അരമനയിൽ എത്തി പല കാര്യങ്ങളും ചെയ്തുകൊണ്ടിരുന്നു).

**മെയ് 5.** അരമനയിൽ ചൊല്ലി. കൗൺസിൽ മീറ്റിംഗ് നടന്നു.

**9.** ചങ്ങനാശ്ശേരിയിൽ പോയി പി.ജെ. സെബാസ്റ്റ്യനെ കണ്ടു പ്രസംഗത്തിനു ക്ഷണിച്ചു. അസൗകര്യമാണെന്ന് പറഞ്ഞു. മടങ്ങി വന്നു. കുമ്പഴ കോൺഗ്രസ് പ്രചരണമീറ്റിംഗിൽ ഞാൻ പ്രസംഗിച്ചു.

**14.** രാവിലെ കാറിൽ കുടുംബസഹിതം തിരുവനന്തപുരത്തിന് തിരിച്ചു 10 മണിക്ക് നാലാഞ്ചിറ എത്തി. ഹോസ്റ്റലിൽ താമസിച്ചു. കുറെ കഴിഞ്ഞു ടൗൺ കാണുന്നതിന് എല്ലാവരേയും അയച്ചു. സന്ധ്യയോടുകൂടി മഠത്തിലെ ചാപ്പലിൽ വച്ചു കുഞ്ഞൂഞ്ഞമ്മയുടേയും മറ്റു 6 പേരുടെയും ആദ്യവ്രത വാഗ്ദാനത്തിന്റെ പ്രാരംഭശുശ്രൂഷ നടന്നതിൽ സംബന്ധിച്ചു. കൊച്ചുതിരുമേനി നിർവഹിച്ചു.

**15.** ഹോസ്റ്റൽ ചാപ്പലിൽ ചൊല്ലി. ഞങ്ങൾ മഠത്തിലെ ചാപ്പലിൽ എത്തി. ഗ്രീഗോറിയോസ് തിരുമേനി വന്നു കുർബാന ചൊല്ലി. വ്രത വാഗ്ദാനത്തിന്റെ ശുശ്രൂഷ നടത്തി. കുഞ്ഞൂഞ്ഞമ്മയ്ക്ക് സിസ്റ്റർ അൽഫോൻസാ എന്ന പേരിട്ടു. ചടങ്ങുകളെല്ലാം കഴിഞ്ഞു വിശ്രമിച്ചു, വെളുപ്പിന് മടങ്ങിപോന്നു.

**22.** പഞ്ചായത്ത് ഇലക്ഷൻ. 7 മണിക്ക് തുടങ്ങി. എനിക്ക് കാര്യമായ എതിരില്ല. പോരിന് ഒരാളുനിന്നെങ്കിലും. വീട്ടിൽ ഓഫീസേഴ്സിന് ഭക്ഷണം കൊടുത്തു.

**23.** വോട്ടെണ്ണൽ ദിവസം. 9 മണിക്ക് പത്തനംതിട്ട ഇലക്ഷൻ ഓഫീസിൽ പോയി. എനിക്ക് 471 വോട്ടും എതിരാളിക്ക് 18 വോട്ടും കിട്ടി. 7 പേർ തെരഞ്ഞെടുക്കപ്പെട്ടു. പലരും എനിക്ക് മാലയിട്ടു.

**25.** കൊച്ചുതിരുമേനി രാത്രിയിൽ പള്ളിയിൽ എത്തി. രാവിലെ പരസ്യ കുർബാന ചൊല്ലി. ഒരുമിച്ചു കാക്കുച്ചന്റെ സ്ഥലത്ത് എത്തി മകൻ



www.malankaralibrary.com

ജോസഫിന്റെ കല്യാണം തിരുമേനി നടത്തികൊടുത്തു. ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ കടമ്മനിട്ട പോയി അച്ചനെ കണ്ടിട്ടു തിരുവനന്ത പുരത്തിന് പോയി. ഞാൻ കോളേജു ഹോസ്റ്റലിൽ പോയി കിടന്നു.

**26.** ഹോസ്റ്റൽ ചാപ്പലിൽ ചൊല്ലി. ധ്യാനം മുറപോലെ നടന്നു. കൊച്ചു തിരുമേനി ഉപദേശപ്രസംഗം നടത്തി. 12.30-ന് ജോയി ഫസ്റ്റ് ക്ലാസിൽ ജയിച്ചതായി അറിഞ്ഞു. ചാപ്പലിൽ പോയി ദൈവത്തെ മഹത്വപ്പെടുത്തി പ്രാർത്ഥിച്ചു.

**30.** ഹോസ്റ്റൽ ചാപ്പലിൽ ചൊല്ലി. ധ്യാനം കഴിഞ്ഞ് അരമനയിൽ പോയി ഊണു കഴിഞ്ഞു. ജോയിയുടെ മാർക്കു ലിസ്റ്റു കിട്ടി. ഞാൻ 2 മണിക്ക് തിരിച്ചുപോന്നു.

**ജൂൺ 7.** രാവിലെ കൂത്താട്ടുകുളത്ത് പോയി 20-ൽപരം പേരെ ചേർത്തു. ജേക്കബ് അച്ചൻ കുർബാന ചൊല്ലി. 2 മണിക്ക് മടങ്ങിപോന്നു. 6 മണിക്ക് പത്തനംതിട്ട എത്തി ഭൂദാനയജ്ഞം മീറ്റിംഗിൽ കൂടി. 8 മണിക്ക് മടങ്ങി വീട്ടിൽ എത്തി.

**11.** അരമനയിൽ ചൊല്ലി. കൊച്ചുതിരുമേനിയുമായി കുറെനേരം സംഭാഷണം നടത്തി. ടൗണിൽപോയി മടങ്ങിപോന്നു.

**14.** രാവിലെ മേക്കൊഴൂരും പിന്നീടു മണ്ണാരകുളഞ്ഞിയിലും പോയി ചൊല്ലി. മൂത്തമകൾ കുഞ്ഞമ്മയുടേയും കൊച്ചുകുട്ടിയുടേയും പുതിയ വീടു കൂദാശ നടത്തി. ലഘുഭക്ഷണവും നടത്തി. അവർ മാറി താമസിച്ചു.

**20.** ജോയിക്ക് തൃശിനാപള്ളി സെന്റ് ജോസഫ് കോളേജിൽ ബി.എസ്.സി-ക്ക് അഡ്മിഷൻ കിട്ടി. ജോയിയും വല്ല്യത്ത് രാജനും കൂടി 4 മണിയോടുകൂടി തൃശിനാപള്ളിയ്ക്ക് രാത്രിയിലത്തെ ട്രെയിനിൽ പോകാൻ പുനലൂരിലേക്ക് പോയി.

**22.** കൊല്ലത്ത് 10 മണിക്കെത്തി ഫാത്തിമാ ബീവിക്ക് പോക്കുവരവുകേസും ശവക്കോട്ടകേസും വക്കാലത്ത് കൊടുത്തു. 3 മണിയോടു തിരുവനന്തപുരത്തിന് തിരിച്ചു 7 മണിക്കെത്തി.

**23.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി കാര്യങ്ങൾ പറഞ്ഞു. ഉച്ചയോടുകൂടി പാറേക്കാട്ടിൽ തിരുമേനിയോടു കൂടി തിരിച്ചു 8 മണിക്ക് പന്തളത്ത് എത്തി. അവിടെ നിന്നും പോന്നു. വീട്ടിലെത്തി.

**30.** 4 മണിയോടുകൂടി ഞാനും സി.എം.റ്റി.-യും കൂടി മാവേലിക്കര പോയി എസ്. നാരായണൻ നായരെ കണ്ടു കേസുകാര്യം പറഞ്ഞു. ഗോപാലപിള്ളയേയും കണ്ടു. അനന്തരം കണ്ണന്താനം വക്കീലിന്റെ വീട്ടിൽ പോയി ഉറങ്ങി.



www.malankaralibrary.com

**ജൂലൈ 14.** എഴിയത്ത് എത്തി അച്ചനോടു നോട്ടുപ്രകാരം 500 രൂപ കടം വാങ്ങി.

**15.** രാത്രി മരുതൂർ പോയി കിടന്നു. ഇന്നു രാത്രി മാർ ഈവാനിയോസ് തിരുമേനി മരിച്ചു എന്നറിഞ്ഞു.

**16.** മരുതൂർ നിന്നും മടങ്ങി, പി.വി. സാമുവേലിനെ കണ്ടു പഞ്ചായത്തുകാര്യം സംസാരിച്ചു. 8 മണിക്ക് വീട്ടിൽ എത്തിയപ്പോൾ പിതാവു കാലം ചെയ്തതായി കമ്പികിട്ടി. ഉടനെ കാർ പിടിച്ചു കരിയിലച്ചനും ഇടവകക്കാരും കൂടി തിരിച്ചു തിരുവനന്തപുരത്ത് എത്തി. കത്തീഡ്രലിൽ എത്തി മൃതശരീരം കണ്ടു പ്രാർത്ഥന നടത്തി. അരമനയിൽ കൗൺസിൽ കൂടി കൊച്ചുതിരുമേനിയെ വികാർ അഡ്മിനിസ്ട്രേറ്റർ ആയി നിശ്ചയിച്ചു.

**17.** അരമനയിൽ ചൊല്ലി. പാളയം പ്രോ കത്തീഡ്രലിൽ എത്തി മൃതശരീരവും കൊണ്ടുള്ള നഗരികാണിക്കൽ ശുശ്രൂ ഷക്ക് ഒരുങ്ങി. 9 മണിക്കുശേഷം മൃതശരീരം അലങ്കരിച്ച വാഹനത്തിൽ കയറ്റി പിതാ വിനോടൊത്ത് അതിൽ ഞാനും ഉണ്ടായിരുന്നു. 12 മണിയോടു പട്ടത്ത് അരമനയുടെ അടുത്ത് പണിയുന്ന പുതിയ കത്തീഡ്രലിന്റെ മദ്ബഹായുടെ താഴെ കബറടക്കി. അനേകായിരം ആളുകൾ നഗരികാണിക്കലിലും സംസ്കാര ശുശ്രൂഷയിലും സംബന്ധിച്ചു. 13 തിരുമേനിമാർ ഉണ്ടായിരുന്നു. എല്ലാം വളരെ ഭംഗിയായിരുന്നു.



**മൈലപ്രാ അച്ചനും സെറാഫിയോനച്ചനും മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം മഞ്ചത്തിൽ**

**18.** അരമനയിൽ ചൊല്ലി. കൊച്ചുതിരുമേനിയായും മറ്റും പലതും ആലോചിച്ചു. 2 മണിക്ക് തിരിച്ചു 6 മണിക്ക് വീട്ടിൽ എത്തി.



www.malankaralibrary.com

**20.** ഉച്ചയോടുകൂടി തിരുവനന്തപുരത്തിന് തിരിച്ചു 4 മണിക്ക് അരമന യിലെത്തി. കൗൺസിൽ സംബന്ധിച്ച ജോലി ചെയ്തു.

**21.** അരമനയിൽ ചൊല്ലി. കൗൺസിൽ കൂടി പല കാര്യങ്ങളും ചെയ്തു.

**22.** അരമനയിൽ ചൊല്ലി. പല കാര്യങ്ങളും ആലോചിച്ചു. മടങ്ങിപോന്നു.

**24.** കടമ്മനിട്ട പോയി. കാട്ടുകല്ലിൽ പോയി കുറുപ്പിനെ കണ്ടു. വേണ്ടതു ചെയ്തു എന്ന് കുറുപ്പു പറഞ്ഞു. വീട്ടിലെത്തി. കുമ്പഴ പോയി അച്ചനെ കണ്ടു തിരിച്ചുവന്നു. സ്വദേശി ബാങ്കുകാർ വന്നു. ഡയറക്ടർ സ്ഥാനം ഞാൻ രാജിവച്ചുകൊടുത്തു.

**25.** പത്തനംതിട്ട പോയി സ്വദേശി ബാങ്കു ഡയറക്ടർ ബോർഡ് മീറ്റിംഗ് കൂടി. ഞാൻ ജോൺ പീലിപ്പോസിനുവേണ്ടി ഡയറക്ടർ സ്ഥാനം രാജിവച്ചു. 6 മണിക്ക് മടങ്ങിപോന്നു.

**26.** മേക്കൊഴൂരും മണ്ണാരകുളഞ്ഞിയിലും ചൊല്ലി. ഉച്ചകഴിഞ്ഞു കുമ്പഴ പോയി സ്വതന്ത്രരുടെ ഒരു മീറ്റിംഗ് കൂടി ഒന്നും തീരുമാനിക്കാതെ പിരിഞ്ഞു. കടമ്മനിട്ട അച്ചനും കുമ്പഴ അച്ചനും ഉണ്ടായിരുന്നു. കുമ്പഴ അച്ചൻ എതിർപക്ഷത്ത് നിൽക്കുന്നതായി അനുഭവപ്പെട്ടു. കടമ്മനിട്ട അച്ചൻ വേണ്ടതുപോലെ ചെയ്തു. മടങ്ങിപോന്നു.

**27.** കുമ്പഴ പള്ളിയിൽ പോയി. 9 മണിവരെ അച്ചന്മാരെ കാത്തിരുന്നു. വന്നില്ല. ജേക്കബ് വന്നു. കടമ്മനിട്ട അച്ചൻ വന്ന് വിവരം അറിഞ്ഞു പോയി. ഞാൻ വീട്ടിൽ എത്തി. സഖറിയാ അനുകൂലിക്കാമെന്ന് പറഞ്ഞ് ആളയച്ചു.

**28.** കുറുപ്പും, ബേബിയും, കുട്ടിയും വീട്ടിൽ വന്നു അനുകൂലമായി പറഞ്ഞു. 12 മണിക്ക് പത്തനംതിട്ട പോയി. കുറുപ്പും, രാഘവനും, കീവർച്ചനും, ബേബിയും മറ്റും കൂടി എന്നെ ക്ഷണിച്ച് ശാസ്താപിള്ള വക്കീലിന്റെ ആഫീസിൽ കൂടി എന്റെ നോമിനേഷൻ പേപ്പറിൽ ഒപ്പിട്ടുതന്നു. രാഘവനെ വൈസ് പ്രസിഡന്റ് ആക്കുന്നതിന് പരമാവധി ശ്രമിക്ക ണമെന്ന് പറഞ്ഞു. 2 മണിക്ക് മടങ്ങിപോന്നു.

**ആഗസ്റ്റ് 3.** പത്തനംതിട്ട പോയി. സഖറിയാ എതിരായി പ്രവർത്തിക്കും എന്നറിഞ്ഞു. തങ്കപ്പനെ (വി.കെ. വർഗീസ്) കൊല്ലത്തിന് അയച്ചു. വലിയ അയന്തിയിൽ പോയി കാട്ടുകല്ലിൽ എത്തി കുറുപ്പിനെ കണ്ടു കാര്യം പറഞ്ഞു. ഇന്ന് ചിലരെ അദ്ധ്യാപകരമായി നിയമിച്ചു.

**5.** ചൊല്ലി. വീട്ടിലെത്തി പഞ്ചായത്ത് ഓഫീസ് സജ്ജീകരിച്ചു. 8 മണി മുതൽ മെമ്പറന്മാരും ആളുകളും വന്നു തുടങ്ങി. മെമ്പറന്മാർക്ക് കാപ്പി കൊടുത്തു. 10 മണിക്ക് ഇൻസ്പെക്ടർ ശ്രീ. മേനോൻ വന്നു. വോട്ടിംഗ് ആരംഭിച്ചു വേണ്ട റിക്കാർഡുകൾ ചമച്ചു. സഖറിയായ്ക്ക് ആരും ചെയ്തില്ല.



www.malankaralibrary.com

**9.** സ്വദേശി ബാങ്കു മാനേജരുടെ മരണം പ്രമാണിച്ചു അവിടെ പോയി കണ്ടു. അടക്കത്തിൽ സംബന്ധിച്ചിട്ടു പോന്നു.

**10.** 2 മണിയോടു അരമനയിൽ എത്തി. തിരുവല്ലാ തിരുമേനിയും ഉണ്ടായിരുന്നു. കൗൺസിൽ കൂടി മാർ ഈവാനിയോസ് തിരുമേനിയുടെ 'വിൽ' എടുത്തു വായിച്ചു. രാത്രി 11 മണിവരെ അത് സംബന്ധിച്ചു ആലോചിച്ചു കഴിച്ചുകൂട്ടി.

**11.** അരമനയിൽ ചൊല്ലി. തിരുമേനിയുടെ സേഫ് തുറന്ന് പരിശോധിച്ചു റിക്കാർഡു ചെയ്തു. കുറെ വിശ്രമത്തിനുശേഷം വീണ്ടും പരിശോധന തുടങ്ങി സന്ധ്യവരെ തുടർന്നു. 500 രൂപ അദ്ധ്യാപകർക്കായി അരമനയിൽ നിന്നും കടമെടുത്തു. പുനലൂർ വസ്തുവിന്റെ വിൽപന സംബന്ധിച്ചു തിരുമേനിയും ഫാ. വി.സി.എ. യും (ഫാ. ഏബ്രഹാം വാലുപറമ്പിൽ) ആയും ആലോചിച്ചു. തീരുമാനങ്ങൾ എടുത്തു.

**13.** വൈകിട്ടു പഞ്ചായത്ത് മെമ്പറന്മാരെ കൂട്ടി പഞ്ചായത്ത്രാജും സ്വാതന്ത്ര്യദിനവും സംബന്ധിച്ചു വേണ്ടത് ആലോചിച്ചു പിരിഞ്ഞു. ഇന്നു മുതൽ ആവർത്തിച്ച എണ്ണസേവയും പത്ഥ്യവും തുടങ്ങി.

**15.** രാവിലെ 9.30–ന് ഞാൻ Flag Hoisting നടത്തി ഒരു ചെറുപ്രസംഗവും നടത്തി. 11 മണിക്ക് എസ്. രാമൻപിള്ളയുടെ അദ്ധ്യക്ഷതയിൽ സ്കൂളിൽ വച്ചു പൊതുയോഗമീറ്റിംഗും നടന്നു.

**18.** കുമ്പഴ, മൈലാടുംപാറ, കുമ്പഴകുഴി, നെടുവനാൽ ഇവിടങ്ങളിൽ എല്ലാം കമ്മറ്റിക്കാർ 4 പേർ ഒന്നിച്ചു ചുറ്റി നടന്നു. 5 മണിക്ക് കുമ്പഴ മൈതാനത്ത് എന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടന്നു. ധാരാളം ആളുകൾ ഉണ്ടായിരുന്നു. 6 മണിക്ക് മടങ്ങിപോന്നു.

**22.** പത്തനംതിട്ട 3 മണിക്കെത്തി. എം.റ്റി. സ്കൂളിൽ വച്ചു മാർ തോമ്മാ മെത്രാന്മാരുടെ സ്വീകരണത്തിന് ക്ഷണമനുസരിച്ചു സംബന്ധിച്ചു. അവിടെവച്ചു രാത്രി റ്റി.എം.വി.-യെ കണ്ടു സംസാരിച്ചു. 8 മണിക്കു പോന്നു.

**30.** വലഞ്ചുഴിയിൽ ചൊല്ലി. തിരുമേനിയുടെ അടിയന്തിരം സംബന്ധിച്ചു 7 പറ അരിയിട്ടു ഭക്ഷണം കൊടുത്തു. മൈലപ്രാ എത്തി 15 പറ അരിയിട്ടു ഭക്ഷണം കൊടുത്ത് അടിയന്തിരം നടത്തി.

**സെപ്റ്റംബർ 7.** കൊല്ലത്തുനിന്നും സ്കൂളിലെ ബിൽ പാസാക്കിച്ചു സി.എം. പാപ്പി കൊണ്ടുവന്നു. ഞാൻ ഒപ്പിട്ടു കൊടുത്തിട്ടു കടമ്മനിട്ടയ്ക്ക് പോയി. അച്ചനുമായി പല കാര്യങ്ങളും പറഞ്ഞു. അവിടെനിന്നും വയലത്തലയ്ക്ക് തിരിച്ചു കുഴിയംമണ്ണിൽ എത്തി താമസിച്ചു.



www.malankaralibrary.com

**8.** കുഴിയംമണ്ണിൽ അച്ചനുവേണ്ടി വയലത്തല പള്ളിയിൽ മൂന്നിൻമേൽ കുർബാന ചൊല്ലി. കാപ്പികഴിഞ്ഞ് വീട്ടിലേക്ക് പോന്നു. 2 മണിക്കു ശേഷം പള്ളിക്കൽ കുഞ്ഞൂഞ്ഞും പെരുനാടു കൃഷ്ണൻ കുട്ടിയും ഒരുമിച്ചു തിരുവനന്തപുരത്തിന് തിരിച്ചു. 8.30 ഞാൻ കത്തീഡ്രലിൽ എത്തി കിടന്നു.

**9.** കത്തീഡ്രലിൽ ചൊല്ലി. കുഞ്ഞൂഞ്ഞും കൃഷ്ണൻകുട്ടിയും ഒക്കെ ചേർന്ന് ഞങ്ങൾ മെമ്മോറാണ്ടം തയാറാക്കി. 4 മണിക്ക് റ്റി.എം.വി -യെ കാണാൻ പോയി. 8 മണിയോടു കണ്ടു ഇലക്ട്രിസിറ്റി കാര്യം പറഞ്ഞു. കളത്തിലിനെ വിളിച്ചുവേണ്ടതുപോലെ അദ്ദേഹം പറഞ്ഞു. ഞാൻ കത്തീഡ്രലിൽ താമസിച്ചു.

**10.** ഞങ്ങൾ കളത്തിലിനെ പോയി കണ്ടു. വളരെ ഹൃദ്യമായി സംസാരിച്ചു. വേണ്ടത് ചെയ്യാമെന്ന് പറഞ്ഞു ഓർഡർ ഇട്ടു. ഞാൻ അരമനയിൽ എത്തി ചില കാര്യങ്ങൾ ഏർപ്പാടു ചെയ്തു. 1 മണിക്ക് തിരിച്ചു കൊട്ടാരക്കര വഴി കൊല്ലത്ത് എത്തി ലോഡ്ജിൽ താമസിച്ചു.

**11.** രാവിലെ ഡി.ഐ. ഓഫീസിൽ എത്തി ഹെഡ് ക്ലാർക്ക് ദാമോദ രൻപിള്ളിയെ കണ്ടു വിവരം പറഞ്ഞു. ഉടനെ മടങ്ങിപോന്നു.

**16.** 2 മണിക്ക് വടശ്ശേരിക്കര ഒരു കൊച്ചുകുട്ടി മരിച്ചതായി വന്നുപറഞ്ഞു. അതനുസരിച്ചു അവിടെ പോയി അടക്കിയിട്ടു 5 മണിയോടു മടങ്ങി പോന്നു.

**17.** വലഞ്ചുഴിയിൽ ഒരു വൃദ്ധ മരിച്ചതറിഞ്ഞ് 9 മണിയോട് അവിടെ എത്തി അടക്കം നടത്തിയിട്ടു മടങ്ങിപോന്നു.

**22.** പാളയം കത്തീഡ്രലിൽ ചൊല്ലി. എം. തോമസിനോടുകൂടി സെക്രട്ടറി ജോർജ് തോമസിനെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. അരമനയിൽ എത്തി വിശ്രമിച്ചു.

**25.** ഉച്ചകഴിഞ്ഞ് വലിയ അയന്തിയിൽ എത്തി. 4 മണിക്ക് എല്ലാവരും കൂടി മണലൂരിൽ ഘോഷയാത്രയായി എത്തി ഗ്രിഗോറിയോസ് തിരുമേനിയെ സ്വീകരിച്ചു വലിയ അയന്തി ചാപ്പലിൽ എത്തി.

**26.** ചാപ്പലിന്റെ കൂദാശ തിരുമേനി നടത്തി കുർബാന ചൊല്ലി. ശവക്കോട്ട കൂദാശയും നടത്തി. ജോർജിന്റെ വീട്ടിൽ തിരുമേനിക്കും അച്ചന്മാർക്ക് ലഞ്ചുകൊടുത്തു. 2 മണിക്ക് പൊതുയോഗം സ്കൂളിൽ നടത്തി. ഞാൻ കൃതജ്ഞതാപ്രകടനം നടത്തി. 5.30-ന് ഏവരും പിരിഞ്ഞു.

**28.** പത്തനംതിട്ട എത്തി 4.30-ന് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒരു യോഗം കൂടി. കൂടുതൽ വിപുലമായി 4-10-53-ൽ പത്തനംതിട്ട വച്ചു



www.malankaralibrary.com

നടത്തുന്നതിനായി ഏർപ്പാടു ചെയ്തുപിരിഞ്ഞു. അതുവഴി കടമ്മനിട്ട എത്തി കാട്ടുകല്ലിൽ കുറുപ്പും മറ്റും എഴുതിതന്ന നോട്ടും പടി കടമ്മനിട്ട പി.സി. ഗീവറുഗീസ് അച്ചന് 500 രൂപ കൊടുത്തു. പിന്നീടു ഞാൻ മടങ്ങിപോന്നു.

**30.** 12 മണിയോടുകൂടി കടമ്മനിട്ട അച്ചൻ വന്ന് വിളിച്ചതനുസരിച്ചു ഞാൻ കൂടി റാന്നിക്ക് പോയി. പണയാധാരം ബാങ്കിലേക്ക് രജിസ്റ്റ റാക്കി കൊടുക്കുന്നതിന്, രജിസ്റ്റർ ഫീസിനുവേണ്ടി 70 രൂപ വേണമെന്ന് പറഞ്ഞത് കൊടുത്തു എല്ലാം ശരിയാക്കി മടങ്ങിപോന്നു.

**ഒക്ടോബർ 4.** പത്തനംതിട്ട പോയി പഞ്ചായത്ത് പ്രസിഡന്റ്സ് മീറ്റിംഗ് നടന്നു. അതുകഴിഞ്ഞ് തിരുവനന്തപുരത്തിന് പോയി 10.30-ന് കത്തീഡ്രലിൽ എത്തി വിശ്രമിച്ചു.

**5.** കത്തീഡ്രലിൽ ചൊല്ലി. രാവിലെ ശ്രീ. എം. തോമസിനെ കണ്ടു സംഗതികൾ ധരിപ്പിച്ചു. 12 മണിക്ക് 'പ്രധാന'മന്ത്രിയുടെ സെക്രട്ടറി സിറിയക്കിന്റെ (ചീഫ് മിനിസ്റ്റർ എ.ജെ. ജോണിന്റെ സെക്രട്ടറി ശ്രീ. വി.സി. സിറിയക്ക്) കയ്യിൽ അപേക്ഷ കൊടുത്തു. വേറെ ചില ഏർപ്പാടു ചെയ്തു. കുടപ്പനകുളം സ്ഥലത്തിന് വേണ്ട ഏർപ്പാടു ചെയ്തു.

**6.** അരമനയിൽ എത്തി ചില കാര്യങ്ങൾ ചെയ്തു കഴിഞ്ഞ് തിരിച്ചുപോന്നു.

**7.** പത്തനംതിട്ട എത്തി. പഞ്ചായത്ത് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ഇൻസ്പെക്ടർ മുതലായവർ വന്നു. സമ്മേളനം നടന്നു. പല കാര്യങ്ങളും ആലോചിച്ചു ഏർപ്പാടു ചെയ്തു. 4 മണിക്ക് മീറ്റിംഗ് നടന്നു. 6 മണിക്ക് തീർന്നു, മടങ്ങിപോന്നു.

**14.** കൊല്ലത്ത് എത്തി ഡിഐ. ഓഫീസിൽ കയറി ഹെഡ് ക്ലർക്ക് ദാമോദരൻ പിള്ളയെ കണ്ടു ബിൽ കാര്യങ്ങൾ പറഞ്ഞു. കൊട്ടാരക്കര എത്തി വലിയവീട്ടിലച്ചനെ കണ്ടു അച്ചൻ പറഞ്ഞതനുസരിച്ച് തിരുവനന്ത പുരത്തിന് പോയി.

**15.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി ശ്രീ. എം. തോമസിനെ കണ്ടു. കത്തീഡ്രലിൽ എത്തി പുരക്കലച്ചനോടുകൂടി വിശ്രമിച്ചു. 4 മണിക്ക് അരമനയിൽ എത്തി കർദ്ദിനാൾ തിരുമേനിയുടെ വരവു സംബന്ധിച്ചു കൂടി ആലോചിച്ചു. മൈലപ്രാ മഠത്തിന് കല്ലിടീൽ കൂടി അന്ന് നടത്തിക്കുന്നതിന് നിശ്ചയിച്ചു.

**22.** പുളിനിൽക്കുന്നതിൽ കേസു സംബന്ധിച്ചു സാക്ഷി വിസ്താരത്തിന് മുൻസിഫ് കോടതിയിൽ പോയി മൊഴി കൊടുത്തു.

**24.** 4 മണിയോടുകൂടി തിരുമേനി വന്നു. ഒരുമിച്ചു വടശ്ശേരിക്കരക്ക് പോയി. അവിടെ മീറ്റിംഗ് കൂടി. 6 മണിയോടുകൂടി പെരുനാടു സ്വീ കരണത്തിന് പോയി 8 മണിവരെ അവിടെ കഴിഞ്ഞു.



www.malankaralibrary.com

**25.** പെരുനാട്ടിൽ ചൊല്ലി. തിരുമേനിയും അവിടെ ചൊല്ലി. 3 മണിക്ക് പെരുനാട്ടിൽ പൊതു സ്വീകരണം ക്രമമായി നടന്നു. തിരുവല്ലാ തിരുമേനിയും വന്നിരുന്നു.

**26.** പെരുനാട്ടിൽ ചൊല്ലി. സേവേറിയോസ് തിരുമേനിയോടുകൂടി 8 മണിക്ക് ബഥനി ആശ്രമം കാണാൻ പോയി. മടങ്ങിവന്ന് കൂത്താട്ടുകുളത്തിന് പോയി, കൊച്ചുതിരുമേനിയോടുകൂടി തന്നെ മടങ്ങി. കുരുവിള മാത്യുവിന്റെ വീട്ടിൽ ഊണുകഴിഞ്ഞു കാവനാൽ എത്തി കാപ്പികഴിഞ്ഞു കണ്ടംകുളത്ത് പോയി വീടു കണ്ടു. മടങ്ങി വീട്ടിലെത്തി.

**29.** ഇന്നലെ രാത്രി തിരുമേനി വന്നു. ഞാൻ രാവിലെ ചൊല്ലി. തിരുമേനിയും മൈലപ്രായിൽ ചൊല്ലി. 10 മണിക്ക് തിരുമേനിയോടുകൂടി കിഴവള്ളൂർ, പൂങ്കാവു, വലഞ്ചുഴി ഇവിടങ്ങളിൽ പോയി. മടങ്ങി വന്നു.

**31.** 9 മണിക്ക് നന്നുക്കാടിന് പോയി തിരുമേനിയുമായി ചില കാര്യങ്ങൾ ആലോചിച്ചു. വീട്ടിലെത്തി. 1.30-ന് പഞ്ചായത്ത് മീറ്റിംഗ് കൂടി ബൈലോ പാസാക്കി പിരിഞ്ഞു.

**നവംബർ 1.** മേക്കൊഴൂരും മണ്ണാരകുളഞ്ഞിയിലും ചൊല്ലിയിട്ടു ഉച്ച കഴിഞ്ഞ് പന്തളം വഴി കാരയ്ക്കാട്ടുപള്ളിയിൽ എത്തി. അവിടെ തിരുമേനി ഉണ്ടായിരുന്നു. 6.30 തിരുമേനിയോടുകൂടി തിരിച്ചു ഇടപ്പോൾ, കൊല്ലം വഴി 11 മണിക്ക് അരമനയിൽ എത്തി.

**2.** അരമനയിൽ ചൊല്ലി. 8 മണിക്ക് കൗൺസിൽ കൂടി പല കാര്യങ്ങളും തീരുമാനിച്ചു.

**5.** മണ്ണാരകുളഞ്ഞിയിൽ കുർബാന കഴിഞ്ഞ് ഒരു കല്യാണവും നടത്തി വീട്ടിലെത്തി വിശ്രമിച്ചു. കഴുത്തിൽ ഇടതുവശത്ത് ഒരു പരു ഉണ്ടായി നല്ല വേദനയുണ്ട്. (6-11 വരെ പരുവിന്റെ അസുഖം മൂലം ഡോ. ജോർജിന്റെ ചികിത്സയിലായിരുന്നു. അത് ഓപ്പൺ ചെയ്ത് ഇൻഞ്ചക്ഷൻ എടുത്തു. ബ്ലഡ് ഷുഗർ ഉള്ളതായി കണ്ടു).

**19.** പള്ളിയിൽ പല ജോലികളും അലങ്കാരങ്ങളും മറ്റും ചെയ്യിച്ചുകഴിഞ്ഞു. അനേകർ ഉറക്കമിളച്ചു ജോലി ചെയ്തു.

**20.** പള്ളിയിൽ രാവിലെ മുതൽ ആളുകൾ കൂടി. 12 മണികഴിഞ്ഞു ആസ്ട്രേലിയൻ കർദ്ദിനാൾ ടിസരന്റ് തിരുമേനി വന്നു. സമുചിതമായ സ്വീകരണം നടത്തി. ബഥനി മഠത്തിൽ നിന്നും സിസ്റ്റേഴ്സ് എത്തി എല്ലാം ഭംഗിയായി നടന്നു. കർദ്ദിനാളിന്റെ ആശീർവാദം കഴിഞ്ഞു ഫോട്ടോയും എടുത്തിട്ടു 3.45-ന് പെരുനാട്ടിന് പോയി.

**21.** നല്ല സുഖമില്ല. എങ്കിലും നന്നുക്കാട്ടു പോയി പള്ളി കൂദാശയിൽ പങ്കെടുത്തിട്ടു തിരിച്ചുപോന്നു.



www.malankaralibrary.com

**ഡിസംബർ 6.** രാവിലെ മാന്നാത്ത് പോയി ഡി.സി.സി. വിളിച്ചുകൂട്ടിയ പഞ്ചായത്ത് പ്രസിഡന്റുമാരുടെ മീറ്റിംഗിൽ കൂടി. മന്ത്രി കൊച്ചുകുട്ടൻ വന്നിരുന്നു. 8 മണിക്ക് മടങ്ങി എത്തി.

**7.** ഹൈസ്കൂളിലെ ജൂൺ മുതൽ ഒക്ടോബർ വരെയുള്ള ബിൽ വന്നത് ഒപ്പിട്ടു കൊടുത്തു മാറികിട്ടിയ 3178.8 രൂപ ടീച്ചേഴ്സിന് കൊടുക്കാൻ ക്ലർക്കിനെ ഏല്പിച്ചു.

**10.** പുനലൂർ വഴി 10 മണിക്ക് അരമനയിൽ എത്തി. പുങ്കാവു കാര്യം ആവശ്യമായ സംഗതികൾ ചെയ്യുന്നതിന് തിരുമേനി എന്നെ ചുമതല പ്പെടുത്തി.

**12.** വലഞ്ചുഴിയിൽ എത്തി പൂങ്കാവു കാര്യം ആലോചിച്ചു. വീട്ടിൽ എത്തി വിശ്രമിച്ചു. 10 മണിയോടു പത്തനംതിട്ട എത്തി കുമ്പഴ അച്ചനും വറുഗീസും ശമുവേലുമായി ആലോചിച്ചു നാളെ 3 മണിക്ക് തർക്കസ്ഥലത്ത് കുരിശു വയ്ക്കാൻ നിശ്ചയിച്ചു.

**13.** മേക്കൊഴൂർ പോയി ചൊല്ലി, രണ്ടു മാമോദീസായും നടത്തിയിട്ടു മണ്ണാരകുളഞ്ഞിയിൽ പോയി ചൊല്ലി. വീട്ടിൽ എത്തി. 2 മണി കഴിഞ്ഞ് വലഞ്ചുഴിയിൽ എത്തി. കിഴവള്ളൂർ നിന്നും മറ്റും ആളുകൾ വന്നിരുന്നു. 3 മണിക്ക് വടശ്ശേരി അച്ചനും (ഫാ. തോമസ്) ഞാനും ജനങ്ങളും കൂടി കുരിശുമായി പൂങ്കാവിൽ എത്തി കുരിശുനാട്ടി. രാത്രിയിൽ എതിരുകാർ വഴക്കുണ്ടാക്കാൻ വന്നിരുന്നു. ഞാൻ രാത്രിയിൽ വീട്ടിലെത്തി.

**14.** പൂങ്കാവിൽ നിന്നും ആളുവന്നു പറഞ്ഞതനുസരിച്ചു ഞാൻ അവിടെ ചെന്നിട്ടു പത്തനംതിട്ട പോയി വക്കീലുമായി ആലോചിച്ചു വേണ്ടതു ചെയ്തു. കുരിശിനു ചുറ്റും കല്ലുകെട്ടി സിമന്റിട്ടു. ജോസഫ് വടക്കേക്കുറ്റു അച്ചനും, വടശ്ശേരി അച്ചനും ഞാനും അനേകം ആളുകളും കാത്തുകിടന്നു. രാത്രിയിൽ പോലീസുകാർ വന്ന് അന്വേഷണം നടത്തി.

**15.** രാവിലെ പൂങ്കാവിൽ ഞങ്ങൾ മൂന്നുപേരും കൂടി മൂന്നിൻമേൽ ചൊല്ലി, കുരിശിങ്കൽ പ്രാർത്ഥിച്ചു ധൂപം വച്ചു. 1 മണിക്ക് സർക്കിൾ ഇൻസ്പെക്ടർ വന്ന് എതിർകക്ഷികളെ താക്കീതു ചെയ്തു. കുരിശിന് കേടുവരുത്തരുതെന്ന് പറഞ്ഞുപോയി. ഞങ്ങളും ജനങ്ങളും രാത്രിയിൽ കാത്തുകിടന്നു. ഞാൻ വെളുപ്പിന് വീട്ടിലെത്തി.

**16.** മൈലപ്രാ ചൊല്ലി. ഉടനെ പൂങ്കാവിൽ എത്തി. മഹസർ തയ്യാറാ ക്കാൻ പോലീസുകാർ വന്ന് തയ്യാറാക്കി. ഞാൻ പുനലൂർ വഴി പോയി അരമനയിൽ എത്തി. തിരുമേനിയുമായി സംസാരിച്ചു കല്പന വാങ്ങി.



www.malankaralibrary.com

**18.** വെളുപ്പിന് പുനലൂരിൽ നിന്നും തിരിച്ചു കിഴവള്ളൂർ എത്തി കുർബാന ചൊല്ലി. വടശ്ശേരി അച്ചനെ ഏതാനും കാര്യങ്ങളും ചുമതലപ്പെടുത്തിയിട്ടു മൈലപ്രാ എത്തി.

**19.** മൈലപ്രാ ഒരു സംസ്കാരശുശ്രൂഷ നടത്തി. 4 മണിക്ക് കുമ്പഴ സ്കൂളിൽ വൈദ്യശാലയുടെ വാർഷിക മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു സംസാരിച്ചു മടങ്ങിപോന്നു.

**20.** വലഞ്ചുഴിയിൽ ചൊല്ലി. 12 മണിക്ക് പൂങ്കാവിൽ നിന്നും ഒരാൾ വന്ന് കഴിഞ്ഞ രാത്രിയിൽ യാക്കോബായാക്കാർ കുരിശ് മോഷ്ടിച്ചു കൊണ്ടുപോയതായി പറഞ്ഞു.

**21.** നന്നുക്കാട്ടു പോയി കുരിശുമാറ്റിയ വിവരം അച്ചനോടു പറഞ്ഞു. വടക്കേക്കൂറ്റു അച്ചനും ഞാനും കൂടി ആലോചിച്ചു പി.പി. വറുഗീസുമായി സംസാരിച്ചു വേണ്ടതു ചെയ്തു. ഉച്ചകഴിഞ്ഞ് ചെങ്ങന്നൂർ പോയി തിരുമേനിയെ കണ്ടു വിവരം പറഞ്ഞു. തിരുമേനിയും ഒരുമിച്ചു പത്തനംതിട്ട എത്തി ആലോചിച്ചു വേണ്ടതു ചെയ്തു. സന്ധ്യയോടുകൂടി സർക്കിൾ ഇൻസ്പെക്ടറെ കണ്ടു. എതിർകക്ഷികളേയും കൂട്ടി തിരുവല്ലായിൽ എത്തി തിരുമേനിമാരുടെ മാദ്ധ്യസ്ഥതയിൽ ആലോചിച്ചു സമാധാനമുണ്ടാക്കാൻ ശ്രമിച്ചു.

**23.** ഉച്ചകഴിഞ്ഞു കടമ്മനിട്ട പോയി തിരുമേനയുടെ സ്വീകരണത്തിൽ സംബന്ധിച്ചു. മീറ്റിംഗ് കഴിഞ്ഞ് 9 മണിക്ക് വീട്ടിലെത്തി.

**24.** ഉച്ചയ്ക്ക് കടമ്മനിട്ടയ്ക്ക് പോയി. 2 മണിക്കുശേഷം തിരുമേനിയോടുകൂടി തിരിച്ചു കിഴവള്ളൂരിൽ കയറിയിട്ടു വകയാറ്റുപോയി ഞാൻ മടങ്ങി 4 മണിക്കെത്തി. 5 മണിക്കുശേഷം മണ്ണാരകുളഞ്ഞിയിൽ പോയി പ്രാർത്ഥന നടത്തി അവിടെ കിടന്നു.

**25.** 2 മണിക്ക് ജനനപെരുനാളിന്റെ ശുശ്രൂഷയും കുർബാനയും നടത്തി. 6 മണിക്ക് കുർബാന തീർന്നു. ഒരു മാമോദീസായും നടത്തിയിട്ടു വീട്ടിലെത്തി.

**27.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. പിന്നീടു മേക്കൊഴൂർ പോയി ചൊല്ലി. അവിടെനിന്നും കാട്ടുകല്ലിൽ പരമുകുറുപ്പിന്റെ വീട്ടിലെത്തി വിശ്രമിച്ചു. 2 മണികഴിഞ്ഞ് മടങ്ങിപോന്നു.

**30.** 10 മണിയോടുകൂടി ചാലിൽ അച്ചന്റെ വീട്ടിലെത്തി (കസിൻ യാക്കോബായ അച്ചൻ) കാര്യം പറഞ്ഞു. ഞങ്ങൾ പൂങ്കാവിൽ പോയി കേസു സംബന്ധിച്ചു വേണ്ട ആലോചനകൾ നടത്തി. വെള്ളിയാഴ്ച പൂങ്കാവിൽ കൂടി വേണ്ടത് ചെയ്യാൻ തീരുമാനിച്ചു. ഞങ്ങൾ മടങ്ങിപോന്നു.

ME 1129 (1954 January - August ) നഷ്ടപ്പെട്ടു.



www.malankaralibrary.com

# 1954

**ആഗസ്റ്റ് 17.** കോട്ടയത്ത് 10 മണിക്ക് എത്തി കാത്തോലിക് മാനേജേഴ്സ് മീറ്റിംഗിൽ കൂടി. അനന്തരം ക്രിസ്റ്റ്യൻ മാനേജേഴ്സ് മീറ്റിംഗ് കൂടി 1.30 വരെ നടന്നു. പല കാര്യങ്ങളും ആലോചിച്ചു മടങ്ങിപോന്നു.

**18.** ചെങ്ങന്നൂരിൽ എത്തി. പോക്കുവരവുകേസ് അനുകൂലമായി വിധിച്ചതായി വക്കീൽ പറഞ്ഞു. ജഡ്ജ്മെന്റ് തന്നു. വക്കീലിന് 5 രൂപയും ക്ലർക്കിന് 2 രൂപയും കൊടുത്തു. അവിടെ നിന്നും മാവേലിക്കര പോയി. ഡി.ഇ.ഒ. ഇല്ലാതിരുന്നതുകൊണ്ടു 4 മണിക്ക് മടങ്ങിപോന്നു. കുരുവിള അച്ചനും മാവേലിക്കര വന്നിരുന്നു.

**20.** ചെങ്ങന്നൂരിൽ എത്തി വക്കീലിനും ഗുമസ്തനും 7+2 രൂപ കൊടുത്തു. മാവേലിക്കര പോയി ബില്ലും ലറ്ററും ഹെഡ് ക്ലർക്കിനെ ഏല്പിച്ചു. ഡി.ഇ.ഒ.-യെ കാണാൻ പറ്റിയില്ല, പത്തനംതിട്ടക്ക് പോയിരുന്നു.

**21.** റമ്പാച്ചൻ വടശ്ശേരിക്കര പോയവഴി വീട്ടിൽ കയറി എന്നെ കണ്ടു. ഇന്നു മുതൽ ക്ഷീരബല എണ്ണ സേവിച്ചു തുടങ്ങി.

**ആഗസ്റ്റ് 25.** റമ്പാച്ചൻ വടശ്ശേരിക്കര നിന്നും മടങ്ങിപോന്നു. ഉച്ചയ്ക്ക് മുമ്പ് തിരുമേനി വന്നു. സ്കൂളിന്റെ കാര്യം പറഞ്ഞു. ബിൽ കിട്ടുന്നതിന് ചെയ്ത കാര്യവും പറഞ്ഞു. അവിടെ ചെന്നിട്ടു വേണ്ട നിർദ്ദേശം തരാം എന്നു പറഞ്ഞു പിരിഞ്ഞു. ഇന്ന് സ്കൂളിൽ ബീഹാർ ക്ഷാമപ്രദേശത്തേക്കുള്ള ധനസംഭരണാർത്ഥം കുട്ടികൾ സാധനങ്ങൾ കൊണ്ടുവന്ന് ലേലം ചെയ്തു.

**28.** പത്ഥ്യം തീർന്നില്ല. ചാക്കോസാർ വന്ന് ബിൽ പാസാക്കി കിട്ടിയില്ലെന്ന് പറഞ്ഞു. 30-ാം തീയതി ഒരുമിച്ചു പോകാൻ തീരുമാനിച്ചു. 3.30-ന് പഞ്ചായത്ത് മീറ്റിംഗ് കൂടി മൈനർ ഇറിഗേഷൻ സംബന്ധിച്ചു ആലോചിച്ചു. 5 മണിക്ക് തഹസീൽദാരുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ചു ആലോചനകൾ നടന്നു. 7 മണിക്ക് മടങ്ങിപോന്നു.

**30.** ഞാനും ചാക്കോസാറും കൂടി മാവേലിക്കര എത്തി. ഡി.ഇ.ഒ. നിർദ്ദേശിച്ച പ്രകാരം എഗ്രിമെന്റ് എഴുതി കൊടുത്തു. ചാക്കോസാറിനെ അവിടെ നിറുത്തിയിട്ടു ഞാൻ തിരിച്ചുപോന്നു. 5 മണിക്കെത്തി.

**സെപ്റ്റംബർ 4.** രാവിലെ തെന്മലയ്ക്ക് പോയി. 10 മണിക്ക് തിരുമേനി വന്നു ഒരുമിച്ചു ആര്യങ്കാവിൽ എത്തി സ്ഥലം കണ്ടു, മടങ്ങി. ഒരു മണിക്ക് ഇടമൺ എത്തി ഊണു കഴിഞ്ഞ് പള്ളിക്കുള്ള വസ്തുക്കൾ കണ്ടു. 3 മണിക്ക് മടങ്ങി 6 മണിക്ക് വീട്ടിലെത്തി.



www.malankaralibrary.com

**14.** റാന്നിയിൽ പോയി കോൺഗ്രസിന്റെ പഞ്ചവത്സരപദ്ധതി സംബന്ധിച്ച കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു ഏതാനും കാര്യങ്ങൾ നിശ്ചയിച്ചു. 6 മണിക്ക് മടങ്ങി എത്തി.

**19.** ആദ്യം മണ്ണാരകുളഞ്ഞിയിലും പിന്നീടു 9 മണിക്കുശേഷം പുതുശ്ശേരിമലയിലും പോയി കുർബാന ചൊല്ലി. പുതുശ്ശേരിമലയിൽ തടിവെട്ടാനും പണിക്കുവേണ്ട ഏർപ്പാടും ചെയ്തു.

**21.** അരമനയിൽ ചൊല്ലി. ടൗണിൽ പോയിട്ടു തിരിച്ചെത്തി. ജൂബിലി സംബന്ധിച്ചു തിരുമേനിയും അച്ചന്മാരുമായി ആലോചിച്ചു.

**22.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി. ഡിവിഷൻ ഇൻസ്പെക്ടരുടേയും ഡി.പി.ഐ.യുടെ ഓഫീസിലും മറ്റും പോയി സ്കൂൾ സംബന്ധിച്ച ചില കാര്യങ്ങൾ ആലോചിച്ചു. അരമനയിലെത്തി ചില സ്കൂൾ കാര്യങ്ങൾ ശരിപ്പെടുത്തി. 4 മണിക്ക് ഞാനും സിറിയക്ക് മണവാളച്ചനും കൂടിപോന്നു. പിറവന്തൂർ സ്കൂളിലെത്തി ഉറങ്ങി.

**25.** പഞ്ചായത്ത് മീറ്റിംഗ് കൂടി ചില തീരുമാനങ്ങൾ എടുത്തു. സ്കൂളിൽ ചിലരുടെ നിയമങ്ങൾ അനുവദിച്ചും ചിലരുടേത് അനുവദിക്കാതെയും കത്തുകിട്ടി. ഹെഡ്മാസ്റ്ററുമായി ആലോചിച്ചു.

**28.** പുതുശ്ശേരിമലയിൽ ചൊല്ലി. 6 കുട്ടികളെ മാമോദീസാ മുക്കി ചില വീടുകളിൽ പോയി. പള്ളിപണി സംബന്ധിച്ചു മേസ്തിരിയുമായി സംസാരിച്ചു. 21 രൂപയ്ക്ക് ഭിത്തിയും പതിനേഴര രൂപയ്ക്ക് അടിത്തറയും കെട്ടാമെന്ന് ഉടമ്പടി പറഞ്ഞു. ഒരുതടി നോക്കി 48 രൂപ ഞാൻ വില പറഞ്ഞുപോന്നു.

**30.** അരമനയിൽ ചൊല്ലി. ഇടമൺ വസ്തു സംബന്ധിച്ചു 105 രൂപ വാങ്ങി. 11 മണിക്ക് തിരിച്ചു പുനലൂരെത്തി ഒരു കാറിൽ ഇടമൺ എത്തി ചിലരെ കണ്ടു വസ്തു നോക്കിയശേഷം ഉടമസ്തൻ ബായിയെ പുനലൂരിൽ പോയി കണ്ടു. 4000 രൂപക്ക് 2 ഏക്കർ 19 സെന്റ് സ്ഥലം നവംബർ 20-ന് ആധാരം എഴുതിക്കാം എന്ന് പറഞ്ഞ് 50 രൂപ അഡ്വാൻസ് കൊടുത്തു. മടങ്ങി വീട്ടിലെത്തി.

**ഒക്ടോബർ 2.** ഉച്ചകഴിഞ്ഞ് 2 മണിക്ക് ജയപ്രകാശ് നാരായണൻ റാന്നിക്ക് പോയവഴി വീടുപടിക്കൽ കാർ നിറുത്തി ഇറങ്ങി. ഞാൻ 4 ഏക്കർ 9 സെന്റ് ഭൂദാനം ചെയ്തു.

**6.** തിരുവല്ലായിൽ 10 മണിക്കെത്തി. ജൂബിലി സംബന്ധിച്ചു ഡ്രാഫ്റ്റ് കമ്മിറ്റി കൂടി. തിരുമേനിമാർ മൂന്നുപേരും (മാർ സേവേറിയോസ്, മാർ ഗ്രീഗോറിയോസ്, മാർ അത്തനാസിയോസ്) അച്ചന്മാരും അത്മായ പ്രമുഖരും ഉണ്ടായിരുന്നു. 4 മണിക്ക് മടങ്ങി.



www.malankaralibrary.com

**7.** ഇന്ന് കമ്പോസ്റ്റ് വീക്ക് സംബന്ധിച്ചു അഗ്രികൾച്ചറൽ ഡയറക്ടറും മറ്റും മൈലപ്രാ വന്നു. എന്റെ വയലിലെ ജപ്പാൻ മാതൃക കൃഷി വന്നു കണ്ടുപോയി. പത്തനംതിട്ട വച്ചു നടന്ന മീറ്റിംഗിൽ തഹസീൽദാർ അദ്ധ്യക്ഷൻ ഡയറക്ടർ പ്രസംഗിച്ചു. ഞാൻ കൃതജ്ഞതപ്രസംഗം നടത്തി.

**10.** വലഞ്ചുഴി പള്ളിയിൽ ചൊല്ലി. ഒരാളെ സഭാംഗം ആക്കി മനഃസമ്മതം നടത്തി. കുമ്പഴ പോയി ഒരു കല്യാണം നടത്തി. പുതിയേൽക്കാരുടെ വസ്തു തർക്കങ്ങൾ കേട്ടു വീതിച്ചു കൊടുത്തു. പീലിപ്പോസ് ഒരു 4 അടി വസ്തുകൂടി ഉണ്ണിക്ക് കൊടുക്കുന്നതിന് സമ്മതിപ്പിച്ചു.

**13.** 2 മണിക്ക് അരമനയിൽ എത്തി. ടൗണിൽ പോയി പല ഓഫീസുകളിൽ പോയി ചില കാര്യങ്ങൾ അറിഞ്ഞു. പഞ്ചായത്ത് ഡയറക്ടരെ കണ്ടു മാർക്കറ്റിന്റെ കാര്യം പറഞ്ഞു. വൈദ്യൂതീകരണ എൻജിനീയരെ കണ്ടു സംസാരിച്ചു.

**14.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി പത്മനാഭ അയ്യർ സ്വാമിയോടുകൂടി കൊല്ലത്തിന് പോയി. കൊല്ലം ഓഫീസിൽ എത്തി ചില ഫയലുകൾ മാവേലിക്കരക്ക് അയയ്ക്കാൻ ഏർപ്പാടു ചെയ്തു. രാത്രി വീട്ടിലെത്തി.

**15.** സ്കൂളിലും മറ്റുമായി ഉച്ചവരെ പല കാര്യങ്ങളും ചെയ്തു. അനന്തരം തിരുവല്ലായിൽ എത്തി ഒന്നു രണ്ടു പേരെ കണ്ടു. അരമനയിൽ എത്തി 6.30–ന് കമ്മറ്റി മീറ്റിംഗ് കൂടി പല കാര്യങ്ങളും ആലോചിച്ച് തീരുമാനിച്ചു. പ്രാർത്ഥനയും ഊണും കഴിഞ്ഞ് വീണ്ടുംകൂടി 11 മണി വരെ തുടർന്നു കാര്യങ്ങൾ നിശ്ചയിച്ചു.

**17.** അപ്പച്ചന്റെ ഓർമ്മദിവസം കുർബാന കഴിഞ്ഞ് വീട്ടിലെത്തി. അച്ചായന്മാർ രണ്ടുപേരും മറ്റും ഉണ്ടായിരുന്നു. പ്രാർത്ഥന നടത്തി എല്ലാവരും ഊണു കഴിഞ്ഞ് പോയി.

**19–22.** പത്തനംതിട്ട പോയി പഞ്ചവത്സരപദ്ധതി സംബന്ധിച്ചുവേണ്ട ആലോചനകൾ നടത്തി.

**26.** കുമ്പഴക്ക് പോയി. വെള്ളപ്പൊക്കമായിരുന്നു. ഒരു വള്ളത്തിൽ കയറി കുമ്പഴ അച്ചന്റെ വീട്ടിൽ പോയി. അച്ചൻ സുഖമില്ലാതെ കിടപ്പിലാണ്. വളരെ ക്ഷീണം കാണുന്നു. മൈലാടുംപാറവഴി വല്ലീറയിൽ കൂടി 2 മണികഴിഞ്ഞ് വീട്ടിലെത്തി. ഉടനെ തന്നെ പത്തനംതിട്ട മീറ്റിംഗിന് പോയി. ശ്രീ. കിദ്വായി മരിച്ചതിനാൽ മീറ്റിംഗ് നടന്നില്ല. തിരിച്ചുപോന്നു.

**27.** കുമ്പഴ അച്ചന്റെ നിയോഗത്തിൽ ചൊല്ലി, വാഴ്വും നടത്തി. പുതുശ്ശേരിമലക്ക് 500 രൂപയുടെ ചെക്ക് വന്നു. അത് ബാങ്കിലിട്ടിട്ടു പുതുശ്ശേരിമല പോയി തടിയും മറ്റും നോക്കി. വടശ്ശേരിക്കര വഴി മടങ്ങി 6 മണിക്ക് വീട്ടിലെത്തി.



www.malankaralibrary.com

**31.** പള്ളിയിൽ 6 മണിക്ക് 13 മണി ആരാധന തുടങ്ങി. ഞാൻ രണ്ടാം കുർബാന ചൊല്ലി. ഒരു ശവസംസ്കാരം നടത്തി. കുമ്പഴ പോയി അവിടെ വന്നിരുന്ന പഞ്ചായത്ത് ഇൻസ്പെക്ടരെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞിട്ടു പള്ളിയിൽ മടങ്ങി എത്തി. 7 മണിക്ക് വാഴ്വോടുകൂടി ആരാധന തീർന്നു.

**നവംബർ 3.** ഉച്ചകഴിഞ്ഞു പത്തനംതിട്ടയിൽ പോയി പ്ലാനിംഗ് കമ്മറ്റിയിൽ സംബന്ധിച്ചു എല്ലാം പരിശോധിച്ചു. 8 മണിക്ക് തിരിച്ചുപോന്നു.

**4.** നന്നുക്കാടു പോയി. തിരുമേനിയെ കണ്ടു മടങ്ങി. വീണ്ടും വൈകിട്ടു അവിടെപോയി പീറ്റർ റെഡ്ഢിയുടെ പ്രസംഗം കേട്ടു. റെഡ്ഢിയെ കണ്ടു സംസാരിച്ചു. അടുത്ത ആഴ്ച മൈലപ്രായിൽ വന്ന് താമസിക്കാമെന്ന് പറഞ്ഞു.

**7.** 9 മണിയോടു നന്നുക്കാടു പള്ളിയിൽ എത്തി. മൂന്നു തിരുമേനിമാരും ഉണ്ടായിരുന്നു. മീറ്റിംഗുകളും മറ്റും കഴിഞ്ഞ് ഘോഷയാത്രയും ഉണ്ടായിരുന്നു. അത്കഴിഞ്ഞ് തിരിച്ചുപോന്നു.

**9.** തിരുവല്ലായിൽ പൊയി ജൂബിലി മീറ്റിംഗിൽ സംബന്ധിച്ച് മടങ്ങിപോന്നു.

**12.** ചെങ്ങന്നൂർക്കാരൻ മത്തായിച്ചന്റെ വീട്ടിൽ മകനുമായുള്ള വഴക്കു തീർക്കാൻ പോയി. രണ്ടുപേരോടും സംസാരിച്ചിട്ട് അവസാനം എന്റെ തീരുമാനങ്ങൾ അവർ സമ്മതിച്ചു. രാത്രി മടങ്ങിപോന്നു.

**20.** രാവിലെ 10 മണിക്ക് തിരിച്ചു കോട്ടയം വഴി എറണാകുളത്ത് അരമനയിൽ 9.30-ന് എത്തി ഉറങ്ങി.

**21.** എറണാകുളം അരമനയിൽ ചൊല്ലി. ഞാനും ഫിലിപ്പ് അച്ചനും കൂടി തിരുമേനിയെ സ്വീകരിക്കാൻ അവിടെ എയർപോർട്ടിൽ പോയി. 1 മണിക്കുശേഷം തിരുമേനി വന്നു, ഒരുമിച്ചു മലബാർ ഹോട്ടലിൽ എത്തി. ബോട്ടിൽ കൊടുങ്ങല്ലൂർക്ക് പോയി 4 മണിക്ക് അവിടെ എത്തി. നല്ല സ്വീകരണം. തിരുമേനി കുർബാന ചൊല്ലി. തിരുശേഷിപ്പും ജപമാലയും മുത്തിച്ചിട്ടു 6.30-ന് മടങ്ങി. 10 മണിക്ക് എറണാകുളത്തുനിന്നും കോട്ടയത്തിന് ബോട്ടിൽ കയറി ഞാൻ പോന്നു.

**26.** റാന്നിയിൽ പോയി പഞ്ചായത്ത് ഡയറക്ടരെ കണ്ടു പല കാര്യങ്ങളും ആലോചിച്ചു വേണ്ട നിർദ്ദേശങ്ങൾ തന്നു.

**ഡിസംബർ 1.** 3 മണിയോടു കുമ്പഴ എത്തി. അവിടെ പാലത്തിന്റെ എസ്റ്റിമേറ്റു എടുക്കാൻ ഓവർസീയറും മറ്റും വന്നിരുന്നു. അവരുമായി സംസാരിച്ചിട്ടു ഞാൻ പോന്നു. രാത്രി 8 മണിയോടുകൂടി അവർ വീട്ടിൽ വന്നു കിടന്നു.



www.malankaralibrary.com

**2.** രാവിലെ സൂപ്പർവൈസറിനോടുകൂടി മൈലപ്രായിലും മേക്കൊഴൂരും പാലങ്ങൾ പണിയുന്നതിന് എസ്റ്റിമേറ്റു എടുക്കാൻ നടന്നുപോയി. മടങ്ങിവന്ന് വിശ്രമിച്ചു.

**6.** പുതുശ്ശേരിമലയിൽ പോയി പള്ളിക്കുവേണ്ടി 11 മണിക്ക് കല്ലിട്ടു.

**14.** മൈലപ്രായിൽ ബി.സി.ജി. കുത്തിവയ്പ് 12 മണിവരെ നടത്തിച്ചു.

**25.** മൈലപ്രാ വെളുപ്പിന് യൽദാ ശുശ്രൂഷയും കുർബാനയും കഴിഞ്ഞ് 8 മണിക്ക് വലഞ്ചുഴിയിൽ പോയി കുർബാന ചൊല്ലി.

**26.** ആദ്യ കുർബാന മേക്കൊഴൂരും രണ്ടാമത് മണ്ണാരകുളഞ്ഞിയിലും ചൊല്ലി. 3 മണിക്ക് മൈലപ്രായിൽ പൊതുയോഗം നടത്തി.

**29.** 3 മണിക്ക് തിരുവനന്തപുരത്ത് അരമനയിൽ എത്തി. രാത്രിയിൽ കൗൺസിൽ കൂടി പല കാര്യങ്ങളും ചിന്തിച്ചു.

**30.** പണിക്കുള്ള 700 രൂപ ചെക്ക് കിട്ടി. ഉച്ചകഴിഞ്ഞ് അരമനയിൽ നിന്നും മടങ്ങിപോന്നു.

# 1955

**ജനുവരി 5.** നന്നുക്കാട്ടു പോയി തിരുമേനിയെ ബുക്ക്സ്റ്റാളും വായനശാലയും ഉദ്ഘാടനം ചെയ്യാൻ ക്ഷണിച്ചു. വരാമെന്ന് സമ്മതിച്ചു.

**7.** ഉച്ചകഴിഞ്ഞ് ഗ്രീഗോറിയോസ് തിരുമേനി വന്ന് 4 മണിക്ക് ബുക്ക്സ്റ്റാൾ ഉദ്ഘാടനം നടത്തി പ്രസംഗിച്ചു. ഞാൻ സ്വാഗതം പറഞ്ഞു. ഉടനെ തന്നെ ഒരുമിച്ച് കടമ്മനിട്ടയ്ക്ക് പോയി. അവിടെ തിരുമേനിക്ക് സ്വീകരണമുണ്ടായിരുന്നു. പ്രാർത്ഥനയും പ്രസംഗവും മറ്റും കഴിഞ്ഞ് ഞാൻ 12 മണിക്ക് മടങ്ങിപോന്നു.

**8.** മൈലപ്രായിൽ നിന്നും 1000 ഇഷ്ടിക ലോറിയിൽ കയറ്റി പുതുശ്ശേരിമലയ്ക്ക് അയച്ചു. ഞാനും കൂടെ പോയി ഇറക്കാൻ ഏർപ്പാടു ചെയ്തു.

**9.** ഉച്ചയോടുകൂടി മലയാലപ്പുഴക്കാർ റോഡുവെട്ടുകേസുമായി വന്നു. ഞാൻ അവിടെ പോയി. ദിവാകരൻ എതിരായി പറഞ്ഞു. സമ്മതം കൊടുക്കുന്നതിന് ഉപദേശിച്ചു. ഇല്ലെങ്കിൽ വസ്തു പൊന്നിൻവിലയ്ക്ക് എടുക്കുന്നതിന് വേണ്ടത് ചെയ്യാം എന്ന് പറഞ്ഞു. ഞാൻ പോന്നു.

**10.** 10 മണിക്ക് മൈലാടുംപാറ നിന്ന് ഒരാൾ വന്നു. ദിവാകരന്റെ എതിർപ്പ് പറഞ്ഞു. പോലീസുമായി ആലോചിക്കണമെന്നു പറഞ്ഞു ചിലർ എന്നെ പ്രതീക്ഷിച്ചു പത്തനംതിട്ട ഇരിക്കുന്നതായി പറഞ്ഞു. ഞാൻ



www.malankaralibrary.com

പോയി അവരോടു എതിർത്ത് വെട്ടരുതെന്ന് പറഞ്ഞു. ചിന്ന മീരാൻ റാവുത്തരും കുഞ്ഞുപിള്ളയും ഞാനും കൂടി സർക്കിൾ ഇൻസ്പെക്ടറിനെ കണ്ടു. അദ്ദേഹവും നിരുത്സാഹപ്പെടുത്തി അവരെ വിട്ടു. മടങ്ങിപോന്നു.

**11.** ഉച്ചകഴിഞ്ഞ് അരമനയിൽ എത്തി. ആശുപത്രിയിൽ പോയി കടമ്മനിട്ട അച്ചനെ കണ്ടു.

**12.** ഇടമൺ വസ്തു സംബന്ധിച്ചു 453 രൂപ ചെക്കുതന്നു. മടങ്ങിപോന്നു.

**18.** ഉച്ചയോടു നന്നുക്കാട്ടു പോയി തിരുമേനിയോടുകൂടി വടക്കുപുറത്ത് പോയി. അവിടെ സ്വീകരണമുണ്ടായിരുന്നു. ഞാൻ 8 മണിക്ക് മടങ്ങിപോന്നു. 12.30–ന് ഒരു കാറിൽ ആളുവന്ന് സേവേറിയോസ് തിരുമേനി കാലം ചെയ്തു എന്നു പറഞ്ഞു. ഉടനെ പ്രാർത്ഥന നടത്തി. എഴുത്തുകൾ സ്കൂളുകൾക്കും പല അച്ചന്മാർക്കും എഴുതി.

**19.** വെളുപ്പിന് ചൊല്ലി. തിരുമേനിക്കുവേണ്ടി ധൂപം വച്ചു. ഉടനെ തിരിച്ചു 9 മണിക്ക് തിരുവല്ല അരമനയിൽ എത്തി. തിരുമേനിമാരും അച്ചന്മാരും അനവധിവന്നു. ശുശ്രൂഷകളിൽ സംബന്ധിച്ചു. രാത്രി ശ്രീ. ജോൺ ജോർജിന്റെ വീട്ടിലെത്തി ഉറങ്ങി.

**20.** അരമനയിൽ ചൊല്ലി. മൂന്നിന്മേൽ കുർബാന കഴിഞ്ഞ് നഗരി കാണിക്കൽ മുതലായവ കഴിഞ്ഞു കത്തീഡ്രലിൽ അടക്കി ഉച്ച ഊണുകഴിഞ്ഞു മടങ്ങിപോന്നു.

**25.** ഭരണങ്ങാനത്ത് രാവിലെ എണ്ണീറ്റു അൽഫോൻസാമ്മയുടെ കബറിങ്കൽ കുർബാന ചൊല്ലി. 9 മണിക്ക് മടങ്ങിപോന്നു. വീട്ടിലെത്തി കുളിയും മറ്റും കഴിഞ്ഞു ഉടനെ തിരുവനന്തപുരത്തിന് തിരിച്ചു രാത്രി 11 മണിക്ക് അരമനയിൽ എത്തി.

**26.** അരമനയിൽ ചൊല്ലി. 10 മണിക്ക് പ്രോവിഡന്റ് ഫണ്ടു പൊതുയോഗ മീറ്റിംഗ് നടന്നു. കമ്മറ്റിയെ തെരഞ്ഞെടുത്തു. 22 വോട്ടു കിട്ടി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. തിരുമേനി ഏതാനും നിർദ്ദേശങ്ങൾ തന്നു. കമ്മറ്റി മീറ്റിംഗ് കൂടി ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തു. പല കാര്യങ്ങളും ചിന്തിച്ചു. ഉടനെ എം.ജി. കോളേജ് ഗേറ്റിനടുത്ത് ഒരു കെട്ടിടം പണിയുന്നതിന് നിശ്ചയിച്ചു.

**27.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി പഞ്ചായത്ത് ഡയറക്ടറോഫീസിൽ പോയി ചില കാര്യങ്ങൾ അന്വേഷിച്ചു മടങ്ങിപോന്നു.

**30.** ഉച്ചകഴിഞ്ഞ് പുതുശ്ശേരിമലയിൽ പോയി ഇടവക പൊതുയോഗം കൂടി പള്ളിയുടെ മുറ്റം കെട്ടി നിരപ്പാക്കുന്ന കാര്യം ആലോചിച്ചു.

**ഫെബ്രുവരി 8.** 3 മണിക്കുശേഷം തിരുമേനി വന്നു ബുക്ക്സ്റ്റാളിൽ



www.malankaralibrary.com

കയറി. ബ്ര. ആൻഡ്രൂ കൂടെ ഉണ്ടായിരുന്നു. ഫോട്ടോ എടുത്തു കുറെ കഴിഞ്ഞ്പോയി.

**11.** രാവിലെ 8.30-ന് പുനലൂരിലെത്തി. ബായിയെ കണ്ടു വസ്തു എഴുതുന്നതിന് ഏർപ്പാടു ചെയ്തു. ഇടമൺ എത്തി വസ്തു കണ്ടു, വാഴയിൽ കീവർച്ചനെ വസ്തു പാട്ടത്തിന് ഏല്പിച്ചു. മടങ്ങി പുനലൂരെത്തി ആധാരവുമായി പത്തനാപുരത്തെത്തി രജിസ്റ്റർ ചെയ്തു. 5 മണിക്ക് മടങ്ങി വീട്ടിലെത്തി.

**20.** മണ്ണാരകുളഞ്ഞിയിൽ പോയി ചൊല്ലിയിട്ടു മേക്കൊഴൂർ പോയി ചൊല്ലി. അവിടെനിന്നും കാട്ടുകല്ലിൽ പോയി പരമു കുറുപ്പിനെ കണ്ടു, വിശ്രമിച്ചു. മടങ്ങിവന്നു 6 മണിക്ക് പള്ളിയിൽ കൂടി തിരുവല്ലാ തിരുമേനിയെ സ്വീകരിക്കുന്ന കാര്യം ആലോചിച്ചു.

**21.** തിരുമേനിയുടെ സ്വീകരണം സംബന്ധിച്ചു ഇടവകക്കാർ കൂടി ആലോചിച്ചു. ഞാൻ തിരുമേനിയെ വിളിച്ചു, പല പ്രാവശ്യം. ഒടുവിൽ രാത്രി 10.30-ന് തമ്മിൽ സംസാരിച്ചു. 25-ാം തീയതി വെള്ളിയാഴ്ച 3.30-ന് സ്വീകരണത്തിന് വരാമെന്ന് സമ്മതിച്ചു.

**24.** 10 മണിയോടുകൂടി രാമനാട്ടു അച്ചൻ (ഫാ. പീറ്റർ രാമനാട്ട്, തിരുവല്ല രൂപത) വന്ന് 4 മണിവരെ വീട്ടിൽ വിശ്രമിച്ചു. അതു കഴിഞ്ഞ് പള്ളിയിൽ എത്തി. റമ്പാച്ചൻ വന്നു. കൺവെൻഷൻ തുടങ്ങി 11 മണിക്ക് തീർന്നു.

**25.** തിരുവല്ലാ തിരുമേനിക്ക് സ്വീകരണം. ഉച്ചകഴിഞ്ഞ് തിരുമേനിയെ സ്വീകരിക്കാൻ ഏവരും തയാറായി, കുരിശ്, കുട, കൊടി ഇവ സഹിതം കുമ്പഴ വടക്ക് പോയി നിന്നു. 4 മണിക്ക് മാർ അത്തനാസിയോസ് തിരുമേനി വന്നു. സ്വീകരിച്ചു വന്ന് സ്കൂളിൽ വച്ചു പൊതുയോഗം നടന്നു. ഞാൻ സ്വാഗതം പറഞ്ഞു. ചിന്ന മീരാൻ റാവുത്തർ, ചാക്കോസാർ മുതലായവർ പ്രസംഗിച്ചു. സ്ലീബായും മാലയും സമ്മാനിച്ചു. തിരുവല്ലായ്ക്ക് തിരുമേനി മടങ്ങിപോയി.

**26.** രാമനാട്ടു അച്ചനോടുകൂടി തിരുവല്ലായിൽ എത്തി മാർ സേവേറിയോസ് തിരുമേനിയുടെ അടിയന്തിരത്തിൽ സംബന്ധിച്ചു. 6 മണിക്ക് ഗ്രീഗോറിയോസ് തിരുമേനിയോടുകൂടി മൈലപ്രായിൽ എത്തി. മീറ്റിംഗ് 8.30-ന് തുടങ്ങി. ഇഞ്ചക്കലോടി അച്ചൻ പ്രസംഗിച്ചു. 12 മണിവരെ തിരുമേനിയും പ്രസംഗിച്ചു.

**27.** പരസ്യ കുർബാന തിരുമേനി ചൊല്ലി. മീറ്റിംഗ് നടന്നു. കുട്ടികൾക്ക് സമ്മാനദാനം നടന്നു. 12 മണിക്ക് പിരിഞ്ഞു.

**28.** പുതുശ്ശേരിമലയിൽ പോയി. പള്ളികെട്ടിടത്തിന്റെ ഉത്തരം കൂട്ടി.



www.malankaralibrary.com

ഇടവകക്കാർ ആരും വന്നില്ല. കൂലിയ്ക്ക് ആളിനെ കൊണ്ടുവന്ന് നിർവഹിച്ചു. 5 മണിവരെ അവിടെനിന്ന് പിന്നീടു മടങ്ങിപോന്നു.

**ആഗസ്റ്റ് 2.** നാലുമണികഴിഞ്ഞ് വട്ടകുളഞ്ഞിയിൽ എത്തി മൂന്നു വീട്ടുകാരെ ചേർത്തു. 16 അംഗങ്ങൾ. ഒരാൾക്ക് തൈലാഭിഷേകം നടത്തി. പുതുശ്ശേരിമല പോയി പണികണ്ടു.

**25.** വെളുപ്പിന് അരമനയിൽ ചൊല്ലി. 5 മണിക്ക് നാഗർകോവിൽ ആശുപത്രിയിൽ നിന്നും ഫിലിപ്പച്ചനെ കൊണ്ടുവരാനായി പോയി. തക്കല സെന്റ് ഫ്രാൻസിസ് സേവ്യർ എന്ന പള്ളിയും മറ്റും കണ്ടു. കോട്ടാർ ബിഷപ്പിനെ കയറി കണ്ടു. ഉച്ചകഴിഞ്ഞ് അരമനയിൽ തിരിച്ചെത്തി. വൈകിട്ടു 8 മണി മുതൽ 11.50 വരെ കൗൺസിൽ കൂടി.

**ഏപ്രിൽ 6.** 3 മണിക്കു ശേഷം പുതുശ്ശേരിമല പോയി പ്രാർത്ഥന നടത്തി അവിടെ താമസിച്ചു.

**7.** പുതുശ്ശേരിമല പുത്തൻപള്ളിയുടെ തൽക്കാല കൂദാശ നടത്തി ആദ്യ കുർബാന ചൊല്ലി. 11 മണിക്കു തീർന്നു. ഊണു കഴിഞ്ഞ് മടങ്ങി വീട്ടിലെത്തി. 5 മണിക്ക് വലഞ്ചുഴി പള്ളിയിൽ പോയി കിടന്നു.

**8.** ദുഃഖവെള്ളി. വലഞ്ചുഴി പള്ളിയിൽ പ്രാർത്ഥനയും ശുശ്രൂഷയും നടത്തി. 2 പ്രസംഗം ചെയ്തു. 2.30–ന് തീർന്നു. 3 മണിക്ക് മടങ്ങി പോന്നു. 6 മണിക്ക് ബ്ര. പീറ്റർ റെഡ്ഢിയുടെ പ്രസംഗം പള്ളിയിലുണ്ടായിരുന്നു. അതുകഴിഞ്ഞ് വലഞ്ചുഴിയിൽ പോയി താമസിച്ചു.

**9.** രാവിലെ പ്രാർത്ഥനയും കുർബാനയും നടത്തി. 8 മണിക്ക് തീർന്നു. ഉടനെ തിരിച്ചു മേക്കൊഴൂർ എത്തി കുമ്പസാരം നടത്തി കുർബാന ചൊല്ലി. 1 മണിക്ക് വീട്ടിലെത്തി.

**10.** വലഞ്ചുഴിപള്ളിയിൽ വെളുപ്പിന് എഴുന്നേറ്റ് പ്രാർത്ഥന, കൃംതാ, ഉയർപ്പു കുർബാന എല്ലാം 6 മണിക്ക് കഴിഞ്ഞു. വിശ്രമത്തിനുശേഷം 2 മാമോദീസാ 8 മണിക്കുശേഷം നടത്തിയിട്ടു മടങ്ങിപോന്നു.

**15.** ഉച്ചകഴിഞ്ഞ് മാവേലിക്കര ഡി.ഇ.ഒ. മി. പണിക്കർ വന്നു. ഒരു കാര്യത്തിനായി ഞങ്ങൾ അതിരുംപുഴ പള്ളിയിൽ പോയി. 5 മണിക്ക് അവിടെ എത്തി. പണിക്കരുടെ ആവശ്യത്തിന് വേണ്ട ഏർപ്പാടു ചെയ്തശേഷം മടങ്ങിപോന്നു. കോട്ടയത്തുനിന്നും 8 മണിക്ക് തിരിച്ചു 10 മണിക്ക് പന്തളത്ത് എത്തി താമസിച്ചു.

**16.** 5 മണിക്ക് പന്തളത്തുനിന്നും കുടശ്ശനാട്ടുപള്ളിയിൽ പോയി കുർബാന ചൊല്ലി. പള്ളികൂദാശ സംബന്ധിച്ച് പലതും ആലോചിച്ചു. 4 മണിക്ക് മടങ്ങിപോന്നു.

**17.** 11 മണിക്ക് കുടശ്ശനാട്ടിന് തിരിച്ചു 1 മണിക്കെത്തി. പലകാര്യങ്ങളും



www.malankaralibrary.com

അവിടെ ചെയ്തു. 3.30-ന് ശേഷം തിരുമേനിമാർ വന്നു. 5 മണിയോടു എതിരേല്പു തുടങ്ങി പള്ളിയിലെത്തി കൂദാശയും മീറ്റിംഗും എല്ലാം കഴിഞ്ഞ് 8 മണിക്കുശേഷം തിരുമേനിയോടുകൂടി ചെങ്ങന്നൂർ എത്തി കിടന്നു.

**25.** അരമന ചാപ്പലിൽ ചൊല്ലി. 6 മണിക്ക് കോളേജു ഹോസ്റ്റലിൽ ധ്യാനത്തിൽ കൂടാൻ പോയി താമസിച്ചു. 9 മണിക്ക് തുടങ്ങി.

**27–28.** ഉച്ച കഴിഞ്ഞ് സുഖമില്ലാതെയായി. വയറിന് അസുഖം. മുറിയിൽ തന്നെ കിടക്കേണ്ടി വന്നു. പണിക്കരച്ചൻ ഒരു മരുന്ന് തന്നു. കുറഞ്ഞില്ല. ഡോക്ടർ അച്ചന്റെ മരുന്ന് കഴിച്ചു. അല്പം കുറഞ്ഞു തുടങ്ങി. വൈകിട്ടു പൊടിയരികഞ്ഞി കുടിച്ചു. ഭേദപ്പെട്ടു വന്നു. തിരുമേനി വന്നു കണ്ടു. രാത്രിയിൽ സുഖമായി ഉറങ്ങി.

**29.** ചാപ്പലിൽ ചൊല്ലി. കാപ്പി കഴിഞ്ഞ് കത്തീഡ്രലിൽ പോയി സുൻന്ത്രോണിയോസ് ശുശ്രൂഷ നടന്നു. മറ്റു പല അച്ചന്മാരും ഉണ്ടായിരുന്നു. ഹോസ്റ്റലിൽ തിരിച്ചുപോയി. ധ്യാനം തീർന്നു.

**മെയ് 5.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി പലരേയും കണ്ടു. മടങ്ങിവന്ന് തിരുമേനിയുമായി പല കാര്യങ്ങളും സംസാരിച്ചു.

**6.** തിരുമേനിയുമായി അത്യാവശ്യമായ പല കാര്യങ്ങളും സംസാരിച്ചു. തിരുമേനി അവ സമ്മതിച്ചു. കോളേജ് കണക്കുകൾ വരുത്തി കൗൺസിൽ രണ്ടുപേരെ പരിശോധിക്കാൻ ഏല്പിച്ചു. പ്രോവിഡന്റ് കുടിശിഖയും എന്റെ മാളിയേക്കൽ പുരയിടത്തിന്റെ 500 രൂപയും അടുത്ത ആഴ്ച കിട്ടിയാൽ കൊള്ളാം എന്നു പറഞ്ഞു. അഡ്മിനിസ്ട്രേറ്റർ നിയമനം ഒരാളെ നിയമിച്ചാൽ മതിയാകും അത് യാക്കോബായാക്കാരുമായി ഇടപെടാൻ പരിചയമുള്ള ആളായിരിക്കണം എന്നു പറഞ്ഞു. മടങ്ങിപോന്നു. രാത്രിയിൽ വീട്ടിലെത്തി.

**8.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. പിന്നീടു വലഞ്ചുഴിയിൽ പോയി ചൊല്ലി. ഒരു മാമോദീസാമുക്കി. 11 മണിയോടു പോയി 10 വീടുകൾ കൂദാശ ചെയ്തു. 2.30-ന് മടങ്ങി ഊണു കഴിച്ചു. അവിടെനിന്നും മടങ്ങി 4 മണിക്ക് വീട്ടിലെത്തി. നല്ല ക്ഷീണമുണ്ടായിരുന്നു. രാത്രിയിൽ വയറുവേദനയും ഛർദ്ദിലും മറ്റുമായി വളരെ വിഷമിച്ചു.

**9.** അസുഖം വളരെ കൂടുതലാണ്. പുതുശ്ശേരി മലയിലെ കല്യാണം നടത്താൻ കരിയിലച്ചനെ അയച്ചു. ഡോ. പി.വി ജോർജ് 12.30-നും രാത്രി 8 മണിക്കും വന്ന് മരുന്നു തന്നു. രാത്രി കുറഞ്ഞു തുടങ്ങി.

**10.** വി. കുർബാന അച്ചൻ കൊണ്ടുവന്നു തന്നു. കിടക്കയിൽ തന്നെയായിരുന്നു. (15-ാം തീയതി വരെ അങ്ങനെതന്നെയായിരുന്നു).



www.malankaralibrary.com

**18.** അസുഖം ഒരുവിധം ഭേദമായതുകൊണ്ട് പള്ളിയിൽ പോയി ചൊല്ലി. വീട്ടിലെത്തി വിശ്രമിച്ചു.

**22.** ഇലന്തൂർ മൂത്തേരിലച്ചന്റെ പുത്തൻ കുർബാനയ്ക്ക് പോയി. അവിടെ നിന്നും തിരുവനന്തപുരത്തിന് തിരിച്ചു 7.15–ന് അരമനയിൽ എത്തി.

**23.** രാത്രി 8–11 വരെ കൗൺസിൽ കൂടി പലതും നിശ്ചയിച്ചു.

**24.** രണ്ടു കല്പനകൾ ജൂബിലി സംബന്ധിച്ചു എഴുതി കൊടുത്തു. ധാരാളം സന്ദർശകർ വന്നിരുന്നു.

**25.** മാളിയേക്കൽ സ്ഥലത്തിന്റെ വില വകയിൽ 500 രൂപ കിട്ടി. 12 മണിയോടു കൂടി 10 കാറിൽ തിരുമേനിയെ അച്ചന്മാരും മറ്റും അനുയാത്ര ചെയ്ത് വിമാനത്താവളത്തിൽ പോയി. 1.45–ന് വിമാനത്തിൽ തിരുമേനി പോയി. ഞാൻ മൈലപ്രായ്ക്ക് മടങ്ങി.

**30.** ഇടമൺ ചാപ്പലിൽ എത്തി. അവിടത്തുകാർ പലരെ കണ്ടു. അവിടത്തെ അച്ചന്റെ പേരിലുള്ള ആരോപണത്തെ സംബന്ധിച്ചു ജോണിയുമായി സംസാരിച്ചു. പിന്നീടു അരമനയിൽ എത്തി താമസിച്ചു.

**31.** അരമനയിൽ ചൊല്ലി. ഇടമൺ കാര്യം ഏർപ്പാടു ചെയ്തു.

**ജൂൺ 17.** ഇന്ന് തിരുഹൃദയപെരുനാൾ. പള്ളിയിൽ 1 മണിക്കൂർ ആരാധന നടത്തി. സ്കൂളിൽ 3 മണിക്ക് തിരുഹൃദയ പ്രതിഷ്ഠ നടത്തി ടീച്ചേഴ്സിന് കാപ്പിയും കുട്ടികൾക്ക് മധുരവും കൊടുത്തു. ജോയി ബി.എസ്.സി. സെക്കന്റ് ക്ലാസിൽ പാസായതായിട്ടറിഞ്ഞു.

**19.** വലഞ്ചുഴിയിൽ ചൊല്ലി. ഉച്ച കഴിഞ്ഞു, ഞാൻ മേയ് 31–ാം തീയതി അരമനയിൽ നിന്നും കൊണ്ടുവന്ന ഒരുപാട്ട നെയ്യു 2 റാത്തൽ വീതം 32 ഇടവകക്കാർക്ക് കൊടുത്തു.

**21.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി ചില കാര്യങ്ങൾക്കായി ചില ഉദ്യോഗസ്ഥരെ കണ്ടു സംസാരിച്ചു. അരമനയിലെത്തി.

**22.** അരമനയിൽ ചൊല്ലി. ജോൺ മാത്യു അച്ചനോടുകൂടി ടൗണിൽ പോയി സെക്രട്ടറി ശ്രീ. ജോർജ് തോമസിനെ കണ്ടു ചില കാര്യങ്ങൾ അറിഞ്ഞു. 10 മണിക്ക് റമ്പാച്ചൻ, കുരുവിള അച്ചൻ മുതലായവരുമായി മീറ്റിംഗ് നടന്നു. പ്രോവിഡന്റ് ഫണ്ടുകെട്ടിടത്തിന് കല്ലിട്ടു. മടങ്ങി രാത്രി വീട്ടിലെത്തി.

**24.** രാവിലെ വകയാറ്റു ബംഗ്ലാവിൽ എത്തി. പിന്നീടു പുനലൂർ വഴി ഇടമൺ ചാപ്പലിൽ എത്തി താമസിച്ചു, സന്ധ്യയോടുകൂടി റമ്പാച്ചനും അഡ്മിനിസ്ട്രേറ്ററും വന്നു പ്രാർത്ഥന, പ്രസംഗം മുതലായവ നടത്തി.

**31.** ആദ്യമായി ഇടമൺ ചാപ്പലിൽ ആദ്യത്തെ കുർബാന ഞാൻ ചൊല്ലി. ഉച്ചകഴിഞ്ഞ് തിരിച്ചുപോന്നു.



www.malankaralibrary.com

**ജൂലൈ 2.** വലിയ അയന്തിയിൽ മൂന്നിൻമേൽ ചൊല്ലി, പ്രസംഗിച്ചു. ഭക്ഷണം കഴിഞ്ഞ് മേലേകാലായിൽ കുട്ടിയുടെ കേസുകാര്യങ്ങൾ പറഞ്ഞുതീർത്തു.

**7–12.** എണ്ണസേവയും പത്ഥ്യവും ആയി വിശ്രമിച്ചു.

**12.** മണ്ണാരകുളഞ്ഞി മാർക്കറ്റു ഉദ്ഘാടനത്തിന് കാർ കൊണ്ടു വന്നതു കൊണ്ടു പോയി പ്രസംഗം നടത്തിയിട്ടു തിരിച്ചുപോന്നു.

**15.** കടമ്മനിട്ട അച്ചന് അസുഖം കൂടുതലാണെന്ന് ആൾ വന്ന് പറഞ്ഞു. അവിടെ പോയിട്ടു വൈകിട്ടു മടങ്ങിവന്നു.

**17.** വലഞ്ചുഴിയിൽ ചൊല്ലി. ഹെഡ്മാസ്റ്റർ അച്ചന് സുഖമില്ലാത്തതിനാൽ ഞാൻ മൈലപ്രായിലും എത്തിചൊല്ലി. അതിനുശേഷം കടമ്മനിട്ട പോയി അവിടെ അച്ചന്മാരും ആളുകളും ഉണ്ടായിരുന്നു. 3 മണിക്ക് തൈലാഭിഷേക ശുശ്രൂഷ പ്രധാന കാർമ്മികൻ ഫിലിപ്പച്ചനായി നടത്തി. അതുകഴിഞ്ഞു തിരിച്ചുപോന്നു.

**21.** അരമനയിൽ ചൊല്ലി. ഞാനും ഫിലിപ്പച്ചനും കൂടി നാഗർകോവി ലിൽ പോയി. കുരുവിള അച്ചനും കൂടെ വന്ന് മാർത്താണ്ഡത്ത് ഇറങ്ങി. ഞങ്ങൾ 9.30–ന് ആശുപത്രിയിൽ എത്തി. അച്ചന്റെ പരിശോധന കഴിഞ്ഞ് മരുന്ന് തന്നു. മടങ്ങിപോന്നു.

**27.** ഉച്ചകഴിഞ്ഞ് ഭരണങ്ങാനത്തിന് പോയി 8 മണിക്ക് എത്തി താമസിച്ചു.

**28.** അതിരാവിലെ എണീറ്റു കബറിങ്കൽ പോയി പ്രാർത്ഥിച്ചു. 8 മണിക്ക് കുർബാന ചൊല്ലി. 11 മണിക്ക് മടങ്ങിപോന്നു. കോട്ടയത്ത് എത്തി ഊണുകഴിഞ്ഞ് വിശ്രമിച്ചു. 5 മണിക്ക് ഭരണങ്ങാനത്തുനിന്നും വന്ന രണ്ടു അച്ചന്മാരോടുകൂടി മൈലപ്രാ എത്തി. അച്ചന്മാർ ചീങ്കൽ തടത്തിൽ കാക്കുച്ചനെ കാണാൻ പോയി.

**31.** വലഞ്ചുഴിയിൽ ചൊല്ലി, 7 വീടുകൾ കൂദാശ ചെയ്തു.

**ആഗസ്റ്റ് 16.** ഉച്ചകഴിഞ്ഞ് കടമ്മനിട്ട നിന്നും ആൾ വന്ന് അച്ചൻ മരിച്ചു എന്നു പറഞ്ഞു. ഉടനെ ഞാൻ പുറപ്പെട്ട് അവിടെ 5.30–ന് എത്തി ധൂപം വച്ചു പ്രാർത്ഥന നടത്തി. ഇടിക്കുള അച്ചനും (ഫാ. ഇടി ക്കുള പാണ്ടിയത്ത്) കൂടി ഉണ്ടായിരുന്നു. രാത്രിയിൽ അനേകം അച്ചന്മാരും ആളുകളും വന്നു.

**17.** രാവിലെ കുർബാന കഴിഞ്ഞ് അച്ചന്റെ വീട്ടിൽ എത്തി പ്രാർത്ഥനകൾ നടത്തി. റമ്പാച്ചൻ, അച്ചന്മാർ, കോളേജുകാർ ഒക്കെ വന്നു. തിരുവല്ലാ തിരുമേനിയും വന്നു. 2.30–ന് വിലാപയാത്ര തുടങ്ങി. പള്ളിയിലെത്തി കബറടക്ക ശുശ്രൂഷ തുടങ്ങി 5.30–ന് അടക്കി. ഞാൻ വീട്ടിലെത്തി പുതുശ്ശേരിമലയിൽ എത്തി താമസിച്ചു.



www.malankaralibrary.com

**18.** പുതുശ്ശേരിമല പള്ളിയിൽ ചൊല്ലി. ഒരു കല്യാണം നടത്തിയിട്ടു മടങ്ങിപോന്നു.

**20.** കടമ്മനിട്ട അച്ചനു വേണ്ടി കുർബാന ചൊല്ലി, വീട്ടിൽ പോയി ധൂപം വച്ചു.

**23.** അരമനയിൽ ചൊല്ലി. 10 മണിക്ക് കൗൺസിൽ തുടങ്ങി. 12 മണിയ്ക്ക് തീർന്നു. പല കാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. 12.30–ന് മടങ്ങിപോന്നു. പ്യാരി കമ്പനി സൂപ്രണ്ടിന്റെ കാർ കിട്ടി. അതിൽ 3 മണിയ്ക്ക് പന്തളത്ത് ഇറങ്ങി. 5 മണിക്ക് വീട്ടിലെത്തി.

**25.** മാവേലിക്കര എത്തി ബിൽ പാസാക്കുന്നതിന് വേണ്ടത് ചെയ്തു. 6 മണിയോടുകൂടി ശരിപ്പെടുത്തി പോന്നു. 10 മണിയ്ക്ക് വീട്ടിലെത്തി.

**28.** വലഞ്ചുഴിയിലും മൈലപ്രായിലും ചൊല്ലി. ഉച്ചയ്ക്കുശേഷം തിരുവല്ലായിൽ പോയി ജൂബിലി മീറ്റിംഗിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 3.** വയലത്തല കുഴിയംമണ്ണിൽ അച്ചനുവേണ്ടി മൂന്നിൻമേൽ ചൊല്ലി. മണ്ണാരകുളഞ്ഞിയിൽ എത്തി ഒരു സംസ്കാര ശുശ്രൂഷ നടത്തി.

**6.** മാവേലിക്കര ഡി.ഇ.ഒ. ഓഫീസിൽ പോയി. പഴയ ഡി.ഇ.ഒ. ആലപ്പുഴയ്ക്ക് ട്രാൻസ്ഫറായി. പുതിയ ഡി.ഇ.ഒ. രാമനാഥ അയ്യർ പരിചയപ്പെട്ടു. സി.എസ്.ആർ മുതലായവ ശരിപ്പെടുത്തിച്ചിട്ടു Recognition സംബന്ധിച്ചു വേണ്ടതു ചെയ്തു.

**16.** മണ്ണാരകുളഞ്ഞിയിൽ എത്തി സ്കൂളിന്റെ കാര്യത്തിൽ വ്യാപൃതനായി. 5 മണിക്ക് മടങ്ങി എത്തി.

**17.** മണ്ണാരകുളഞ്ഞിയിൽ എത്തി സ്കൂളിൽ ജോലി ഉണ്ടായിരുന്നു. 11 മണിക്ക് വന്ന് പഞ്ചായത്ത് മീറ്റിംഗിൽ കൂടി, 2 മണിവരെ. പിന്നീടു സഹകരണസംഘത്തിന്റെ ഉദ്ഘാടന മീറ്റിംഗിൽ സംബന്ധിച്ചു പ്രസംഗിച്ചു. രജിസ്ട്രാർ അദ്ധ്യക്ഷനായിരുന്നു.

**18.** മണ്ണാരകുളഞ്ഞിയിലും മേക്കൊഴൂരും പോയി ചൊല്ലി. വീട്ടിലെത്തി. ഉച്ചകഴിഞ്ഞ് തിരുവല്ലായിൽ പോയി ജൂബിലി മീറ്റിംഗിൽ സംബന്ധിച്ചു. സ്കൂളിൽ തന്നെ കിടന്നു.

**19.** രാവിലെ പള്ളിയിൽ ചൊല്ലി. പല മീറ്റിംഗുകളിലും ചടങ്ങുകളിലും സംബന്ധിച്ചു. സ്കൂളിൽ തന്നെ കഴിഞ്ഞു.

**20.** ഇരുവള്ളിപ്പാറ പള്ളിയിൽ ചൊല്ലി. മീറ്റിംഗുകളിലും കുർബാനയുടെ എഴുന്നെള്ളത്തിലും കൂടി. 5 മണിക്ക് മടങ്ങി.

**26.** കടമ്മനിട്ട പള്ളിയിൽ ചൊല്ലി. തിരുവല്ലാ തിരുമേനിയും മറ്റും വന്ന്



www.malankaralibrary.com

അച്ചന്റെ അടിയന്തിരത്തിന് മൂന്നിൻമേൽ കുർബാന ചൊല്ലി ധൂപം വച്ചു. അത്കഴിഞ്ഞ് ഞാൻ പോന്നു.

**29.** തിരുവനന്തപുരത്തിന് പോയി. 3.30-ന് അരമനയിൽ എത്തി. പല കാര്യങ്ങളും ആലോചിച്ചു.

**30.** അരമനയിൽ ചൊല്ലി. മണ്ണാരകുളഞ്ഞി സ്കൂളിന് ചെലവായ 156 രൂപ 6 അണ കിട്ടി. തിരുവല്ലായ്ക്കു തിരിച്ചു 6 മണി കഴിഞ്ഞ് അരമനയിൽ എത്തി താമസിച്ചു. 9 മണിക്ക് തിരുമേനിയുമായി സംസാരിച്ചു.

**ഒക്ടോബർ 1.** തിരുവല്ലാ അരമനയിൽ ചൊല്ലി. കോട്ടയത്തിന് തിരിച്ചു. 9.30-ന് എത്തി. 11 മണിക്ക് മാനേജർമാരുടെ യോഗം കൂടി പല കാര്യങ്ങളും ആലോചിച്ചു. ഉച്ച ഊണിന് ശേഷം വീണ്ടും കൂടി എല്ലാ മാനേജരന്മാരുടേയും കൂടി റിട്ടുകൊടുക്കണമെന്ന് നിശ്ചയിച്ചു. 6 മണിക്ക് മടങ്ങി 9.30-ന് വീട്ടിലെത്തി.

**10.** മാധവൻ കർത്താവും പരമുകുറുപ്പും വന്ന് ഒരുമിച്ച് തിരുവനന്തപുരത്തിന് പോയി. കുഞ്ഞച്ചനെ കണ്ടു വിവരം പറഞ്ഞു. ഞാൻ കത്തീഡ്രലിൽ താമസിച്ചു.

**11.** കത്തീഡ്രലിൽ ചൊല്ലി. ഞങ്ങൾ അസംബ്ലിയിൽ ചെന്നു 12 മണി വരെ ഇരുന്നു. 2 മണിക്ക് ഡി.പി.ഐ. ഓഫീസിൽ പോയി. 3.30-ന് പഞ്ചായത്ത് ഡയറക്ടരെ വയലാ ഇടിക്കുളയോടുകൂടി പോയി കണ്ടു ഞങ്ങൾ കാര്യം പറഞ്ഞു. ഞാൻ അരമനയിൽ പോയി താമസിച്ചു. മറ്റവർ തിരിച്ചുപോയി.

**12.** രാവിലെ അസംബ്ലിയിൽ എത്തി. അവിശ്വാസപ്രമേയം അവതരിപ്പിച്ചു ചർച്ച നടന്നു. ഉച്ചകഴിഞ്ഞ് ഞാൻ വൈദ്യുത എൻജിനീയരെ പോയി കണ്ടു മൈലപ്രാ കാര്യം പറഞ്ഞു.

**13.** അസംബ്ലിയിൽ പോയി അവിശ്വാസപ്രമേയ ചർച്ച ശ്രദ്ധിച്ചു. വോട്ടിനിട്ടു തള്ളിപോയി. അരമനയിൽ എത്തി.

**17.** ഇന്ന് പഞ്ചായത്ത് ഓവർസീയർ വന്നു സ്കൂളിന്റെയും കലുങ്കുകളുടേയും മറ്റും കണക്കെടുത്തു.

**22.** ഇന്ന് അലക്സാണ്ടർ പറമ്പിത്തറ (റ്റി.സി. സ്റ്റേറ്റ് സ്പീക്കർ) വന്ന് പള്ളി ബംഗ്ലാവിൽ താമസിച്ചു. കാക്കുവൈദ്യന്റെ ചികിത്സയ്ക്കായി വന്നതാണ്. 11 മണിക്ക് തൊഴിൽവാരസമാപന സമ്മേളനം പറമ്പിത്തറയുടെ അദ്ധ്യക്ഷതയിൽ നടന്നു.

**നവംബർ 4.** പത്തനംതിട്ട സെക്ഷൻ ഓഫീസറെ പോയി കണ്ടു. പിന്നീടു അടൂരിൽ എത്തി സബ് ഡിവിഷൻ ഓഫീസറെ കണ്ടു



www.malankaralibrary.com

വിവരം പറഞ്ഞു. വേണ്ടതെല്ലാം ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞു. വർക്കിൽ ഉൾപ്പെടുത്തുന്നതിന് സമ്മതിച്ചു.

**6.** പുതുശ്ശേരിമല പോയി ചൊല്ലി. 2 മണിക്ക് റോഡുവെട്ടു സംബന്ധിച്ചു പയറ്റുമല യോഗത്തിൽ സംബന്ധിച്ചു പലതും ആലോചിച്ചു.

**7.** പുതുശ്ശേരിമലയിൽ നിന്നുംവന്ന ബേബി വശം നെയ്യും പാൽപൊടിയും കൊടുത്തയച്ചു. അവിടെപോയി കുർബാന കഴിഞ്ഞ് 11 മണിക്ക് ഒരു കല്യാണം നടത്തി. ഭക്ഷണം കഴിഞ്ഞ് ചില വീടുകൾ സന്ദർശിച്ചു. പള്ളിയിൽ എത്തി നെയ്യും പാൽപൊടിയും 100 പേർക്കോളം വിതരണം ചെയ്തു. 5.30-ന് മടങ്ങിപോന്നു.

**11.** പത്തനംതിട്ട പോയി. അവിടെ സബ് കോർട്ടു സംബന്ധിച്ചു അന്വേഷിക്കാൻ ഹൈകോർട്ട് ജഡ്ജി നന്ദൻ മേനോൻ വന്നു. റാന്നിയെ പ്രതിനിധീകരിച്ചു ഞാൻ ചില കാര്യങ്ങൾ പറഞ്ഞു. അതുകഴിഞ്ഞ് മുണ്ടു കോട്ടയ്ക്കൽ സംഘത്തിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷനായി പങ്കെടുത്ത് സംസാരിച്ചു.

**12.** മണ്ണാരകുളഞ്ഞിയിൽ 2 പാട്ട നെയ്യ് വിതരണം ചെയ്തു. ഉച്ച കഴിഞ്ഞ് പയറ്റുമല റോഡുവെട്ടു കാണാൻ പോയി.

**14.** തിരുവനന്തപുരത്തിന് തിരിച്ചു 6 മണിക്ക് അരമനയിൽ എത്തി. 9 മണിക്ക് കൗൺസിൽ കൂടി, തിരുമേനിയുടെ സ്വീകരണം സംബന്ധിച്ചു ആലോചിച്ചു. 11 മണിക്ക് തീർന്നു.

**19.** മേക്കൊഴൂർ പള്ളിയിൽ പോയി നെയ്യ് വിതരണം നടത്തി. മേക്കൊഴൂർ അനധികൃതമായി, കുഞ്ഞു കുട്ടിയുടെ വീട്ടിലേക്ക് വെട്ടിയ വഴി സംബന്ധിച്ചു കറുപ്പച്ചനുമായി ആലോചിച്ചു, സ്കൂളിന്റെ അടുത്തുള്ള വഴിയിൽകൂടി റോഡിലേക്ക് പോകുന്നതിന് നിശ്ചയിച്ചു.

**20.** വലഞ്ചുഴിയിൽ പോയി ചൊല്ലി. അവിടെ വച്ചിരുന്ന നെയ്യും പാൽപൊടിയും വിതരണം ചെയ്യിച്ചു.

**22.** തിരുവനന്തപുരത്തിന് പോയി. കത്തീഡ്രലിൽ എത്തി താമസിച്ചു. പറമ്പിതറയെ പോയി കണ്ടു വിവരങ്ങൾ പറഞ്ഞു.

**23.** ബഥനി ഹോസ്റ്റലിൽ പോയി ചൊല്ലി. കുർബാനമദ്ധ്യേ കുനിഞ്ഞു നിവർന്നപ്പോൾ പുറത്ത് ഒരു വിലക്കുണ്ടായി. കുറെ പ്രയാസപ്പെട്ടു. കാപ്പി കഴിഞ്ഞു. അസംബ്ലിയിൽ പോയി വയലായെ കണ്ടു കാര്യം പറഞ്ഞു. കത്തീഡ്രലിൽ എത്തി വിശ്രമിച്ചു. വൈകിട്ടു അരമനയിൽ എത്തി താമസിച്ചു.

**30.** തിരുവനന്തപുരത്തുനിന്നും കൊടുത്തയച്ച എഴുത്തനുസരിച്ചു 10.30 -ന് കോട്ടയത്ത് മാനേജേഴ്സ് മീറ്റിംഗിൽ കൂടുന്നതിന് പോയി. അവിടെ എത്തി മീറ്റിംഗിൽ സംബന്ധിച്ചു. All X'tian Managers





www.malankaralibrary.com

Meeting 2.30-ന് തുടങ്ങി 5.30-ന് തീർന്നു. തിരുവല്ല അരമനയിൽ എത്തി താമസിച്ചു.

**ഡിസംബർ 1.** തിരുവല്ല അരമനയിൽ ചൊല്ലി. തിരുമേനിയുമായി പല കാര്യങ്ങൾ സംസാരിച്ചു. മടങ്ങിവന്ന് 2 മനഃസമ്മതം പള്ളിയിൽ നടത്തി.

**11.** മേക്കൊഴൂരും മണ്ണാരകുളഞ്ഞിയിലും പോയി ചൊല്ലി. മണ്ണാര കുളഞ്ഞിയിൽ കൊട്ടാരക്കര പിലിപ്പിനേയും കുടുംബത്തേയും സഭാംഗമാക്കി, വീട്ടിൽ പോയി വീടു കൂദാശ നടത്തി.

**12.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു 5 മണിയോട് അരമനയിൽ എത്തി. തിരുമേനി നാളെ വരുകയില്ലെന്ന് കമ്പി വന്നു (അമേരിക്കൻ യാത്ര കഴിഞ്ഞു).

**13.** അരമനയിൽ ചൊല്ലി. സി.റ്റി. കുരുവിള അച്ചന് മംഗളപത്രം കൊടുക്കുന്നതിന് അത് എഴുതി അച്ചടിക്കുന്നതിന് പ്രസ്സിൽ കൊടുത്തു. പല കാര്യങ്ങളും ആലോചിച്ചു.

**14.** അരമനയിൽ ചൊല്ലി. 11 മണിയോടു ഊണു കഴിഞ്ഞ് വിമാനതാവളത്തിൽ പോയി. 20 കാറിൽ അച്ചന്മാരുണ്ടായിരുന്നു. 1.30-ന് തിരുമേനി വന്നു, സ്വീകരിച്ചു കത്തീഡ്രലിൽ എത്തി. 2 മണിക്ക് മീറ്റിംഗ് നടന്നു. അരമനയിൽ താമസിച്ചു.

**15.** രാവിലെ കുർബാന കഴിഞ്ഞ് തിരുമേനിയോടു യാത്ര പറഞ്ഞ് മടങ്ങിപോന്നു.

**20.** തിരുമേനിയും ഒരു ജർമ്മൻ രാജാവും (ഭരണാധികാരി) കൂടി പള്ളിയിലും സ്കൂളിലും വന്നു സന്ദർശനം നടത്തിയിട്ടു 11.30-ന് മടങ്ങി പോയി.

**25.** മണ്ണാരകുളഞ്ഞിപള്ളിയിൽ വെളുപ്പിന് 2 മണിക്ക് എഴുന്നേറ്റു ഒരുങ്ങിയൽദാശുശ്രൂഷയും കുർബാനയും നടത്തി. 2 മാർതോമ്മാക്കാരെ ചേർത്തു. പിന്നീടു വലഞ്ചുഴിയിൽ പോയി കുർബാന ചൊല്ലി. 10 മണിക്കുശേഷം മടങ്ങി.

**27.** രാവിലെ 7.30-ന് Monthly recollection- ന് നന്നുകാടു പള്ളിയിൽ എത്തി. 18 അച്ചന്മാരുണ്ടായിരുന്നു. ധ്യാനവും മറ്റും കഴിഞ്ഞ് 1.30-ന് വീട്ടിലെത്തി. 4 മണിക്ക് ശ്രീ. എം.കെ. ജോർജിനോടുകൂടി കടമ്മനിട്ട പോയി 8 മണിക്ക് തിരുമേനിയെ കണ്ടു. കടമ്മനിട്ട അച്ചന്റെ വീട്ടിലെത്തി ഉറങ്ങി.

**31.** മൈലപ്രായിൽ ചൊല്ലി. ഉച്ചകഴിഞ്ഞു മേക്കൊഴൂരും മണ്ണാരകുളഞ്ഞിയിലും പോയി പല വീടുകളിൽ സന്ദർശനം നടത്തി. പുതുതായി ചേർത്ത വീടുകളും സന്ദർശിച്ചു. 8 മണിയോടു വീട്ടിൽ മടങ്ങി എത്തി.



www.malankaralibrary.com

# 1956

**ജനുവരി 1.** രാവിലെ മണ്ണാരകുളഞ്ഞിയിലും പിന്നീടു മേക്കൊഴൂരും ചൊല്ലി. വീട്ടിലെത്തി വിശ്രമിച്ചു. 4 മണിക്ക് മണ്ണാരകുളഞ്ഞിയിൽ ചിറത്തലയ്ക്കൽ അവറാച്ചന്റെ വീട്ടിൽ എത്തി. അവിടത്തെ സ്ത്രീയുമായുള്ള വഴക്ക്, രണ്ടു കൂട്ടരിൽ നിന്നും കുറെ അന്വേഷിച്ചറിഞ്ഞു. ഉപദേശിച്ചിട്ടു മടങ്ങിപോന്നു.

**3.** രാവിലെ കോട്ടയത്തിന് തിരിച്ചു 12.30–ന് എത്തി. കത്തോലിക്കാ മാനേജേഴ്സ് മീറ്റിംഗിൽ കൂടി. ഊണുകഴിഞ്ഞ് 2 മണിക്ക് ക്രിസ്ത്യൻ മാനേജേഴ്സ് മീറ്റിംഗ് കൂടി പലകാര്യങ്ങളും ആലോചിച്ചു. 5 മണിക്ക് തീർന്നു, മടങ്ങിപോന്നു 10 മണിക്ക് വീട്ടിലെത്തി.

**16.** 11 മണിക്ക് തിരുമേനി പള്ളിയിൽ വന്നു. ഭക്ഷണം കഴിഞ്ഞ് വിശ്രമിച്ചു. 3.30–ന് തിരുമേനിയും മറ്റുമായി മണ്ണാരകുളഞ്ഞിയിൽ എത്തി വാലുപറമ്പിൽക്കാരെ ചേർത്തു. ടീപാർട്ടി കഴിഞ്ഞ് തിരുമേനിയോടുകൂടി പെരുനാട്ടിന് പോയി.

**17.** ഞാൻ കുറ്റിക്കയം പള്ളിയിൽ ചൊല്ലി. തിരുമേനി വടശ്ശേരിക്കര പോയി ചൊല്ലി. അവിടത്തെ പള്ളിക്ക് കല്ലിട്ടു. ഞാൻ അവിടെ നിന്നും മടങ്ങിപോന്നു.

**18.** രാവിലെ തിരുവല്ലായിൽ എത്തി അരമനയിൽ ചൊല്ലി. കത്തീഡ്രലിൽ മാർ സേവേറിയോസ് തിരുമേനിക്കുവേണ്ടി മൂന്നിൻമേൽ കുർബാന ഉണ്ടായിരുന്നു. ഭക്ഷണവും മറ്റും കഴിഞ്ഞ് കോട്ടയത്ത് എത്തി മിഖായേൽ മെത്രാച്ചന്റെ മരണവാർത്ത അറിഞ്ഞ് അവിടെ പോയി കണ്ടു. അവിടെ നിന്നും തിരിച്ചു പുനലൂരിൽ 5 മണിക്ക് എത്തി പള്ളിപണിയും മറ്റും കണ്ടു. കാക്കുച്ചനോടുകൂടി കാറിൽ വീട്ടിലേക്ക് പോന്നു.

**30.** വലഞ്ചുഴിയിൽ പോയി ചൊല്ലി. ഒരു കല്യാണം നടത്തി. ഉടനെ മണ്ണാരകുളഞ്ഞിയിൽ എത്തി ഒരു കല്യാണം നടത്തി. 12 മണിക്ക് മടങ്ങി വന്ന് ചിറ്റക്കാട്ടു മത്തായിയുടെ മകന്റെ കല്യാണം നടത്തി.

**ഫെബ്രുവരി 10.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി പല കാര്യങ്ങളും ചെയ്തു. ഡി.പി.ഐ. ഓഫീസിൽ എത്തി നിയമനം സംബന്ധിച്ചു പറഞ്ഞ് അപേക്ഷ കൊടുത്തു. രാത്രി 9 മണിക്ക് തിരുമേനി ബർമ്മയിൽ നിന്നും വന്നു.

**12.** ആദ്യം മേക്കൊഴൂർ ചൊല്ലി. പിന്നീട് മണ്ണാരകുളഞ്ഞിയിൽ പോയി ചൊല്ലി ഒരാളെ ചേർത്തു.



www.malankaralibrary.com

**19.** വട്ടകുളഞ്ഞിയിൽ ചൊല്ലി. 4 മണിക്ക് മണ്ണാരകുളഞ്ഞിയിൽ പോയി പള്ളിപൊതുയോഗം നടത്തി. കണക്ക് പാസാക്കി, പുതിയ കമ്മറ്റിയെ തെരഞ്ഞെടുത്തു.

**20.** വൈകിട്ടു കാട്ടുകല്ലുവഴി നടന്ന് വയലത്തല പോയി പ്രസംഗ യോഗത്തിൽ സംബന്ധിച്ചു. റമ്പാച്ചനും ഇഞ്ചക്കലോടി അച്ചനും ഉണ്ടായിരുന്നു. രാത്രി 7 മണിക്ക് നടന്ന് കടമ്മനിട്ട എത്തി താമസിച്ചു.

**21.** അതിരാവിലെ കടമ്മനിട്ട നിന്നും തിരിച്ചു വീട്ടിലെത്തി. പള്ളിയിൽ പോയി ചൊല്ലി. അതുകഴിഞ്ഞ് തിരുവനന്തപുരത്തിന് തിരിച്ചു. 4 മണിക്ക് അരമനയിൽ എത്തി.

**22.** അരമനയിൽ ചൊല്ലി. പല കാര്യങ്ങളും ആലോചിച്ചു. 4 മണിക്ക് തിരിച്ചു 9 മണികഴിഞ്ഞ് ചെങ്ങന്നൂർ ആശ്രമത്തിലെത്തി ഉറങ്ങി.

**23.** രാവിലെ തിരിച്ചു 8 മണിക്ക് മൈലപ്രാ എത്തി. 2 മണിക്ക് തിരിച്ചു തിരുവല്ലാ അരമനയിൽ എത്തി താമസിച്ചു.

**24.** തിരുവല്ലായിൽ നിന്നും പുറപ്പെട്ടു 9 മണിക്ക് കോട്ടയത്ത് എത്തി, കാത്തലിക് മാനേജേഴ്സ് മീറ്റിംഗിൽ കൂടി. അതിനുശേഷം 10.30-ന് All Manager's meeting ബേക്കർ മെമ്മോറിയൽ ഹൈസ്കൂളിൽ കൂടി, ആലോചനകൾ നടത്തി. 1 മണിക്ക് പിരിഞ്ഞുപോന്നു.

**25.** പന്തളത്ത് പോയി കുടശ്ശനാടു എത്തി ഇഞ്ചക്കലോടി അച്ചനെ കണ്ട് ക്ഷണിച്ചു. വ്യാഴാഴ്ച്ച (മാർച്ച് 1) വരാമെന്ന് സമ്മതിച്ചു. മടങ്ങിപോന്നു.

**28.** നന്നുക്കാട്ടു ധ്യാനത്തിൽ സംബന്ധിച്ചു. 20-ൽ പരം അച്ചന്മാർ ഉണ്ടായിരുന്നു. തിരുമേനി വന്നിരുന്നു. വൈകിട്ടു കുമ്പഴ എത്തി അച്ചനെ കണ്ടു. സുഖമില്ലാതെ കിടക്കയിലായിരുന്നു.

**മാർച്ച് 1.** ഇവിടെ ഭൂദാനക്കാർ വന്നു. അവരെ സ്വീകരിച്ചു. 11 പേർക്ക് വീട്ടിൽ വിശ്രമത്തിന് സൗകര്യപ്പെടുത്തി. 5 മണിക്ക് മീറ്റിംഗിൽ ഞാൻ അദ്ധ്യക്ഷത വഹിച്ചു. അതുകഴിഞ്ഞ് മണ്ണാരകുളഞ്ഞിയിൽ എത്തി തിരുമേനിയെ സ്വീകരിച്ചു. തിരുമേനിയും ഇഞ്ചക്കലോടി അച്ചനും പ്രസംഗിച്ചു.

**2.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. തിരുമേനി പരസ്യ കുർബാന ചൊല്ലി. അതുകഴിഞ്ഞ് ഞങ്ങൾ വടശ്ശേരിക്കര പോയി. പുതുശ്ശേരിമലക്ക് കാറു പോകാത്തതുകൊണ്ടു മടങ്ങി പോന്നു. കുമ്പഴ എത്തി അച്ചനെ കണ്ടു. തിരുമേനി തിരുവല്ലായ്ക്കും ഞാൻ വീട്ടിലേക്കും പോന്നു.

**5.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു 3 മണിക്ക് അരമനയിൽ എത്തി. തിരുമേനിയെ കണ്ടു. 9 മണിക്ക് കൗൺസിൽ കൂടി പല കാര്യങ്ങളും ആലോചിച്ചു.



www.malankaralibrary.com

**മാർച്ച് 5-7.** അരമനയിൽ നിന്നും ടൗണിൽ പോയി ഡി.പി.ഐ. ഓഫീസിലും മറ്റും കയറി പലകാര്യങ്ങൾ ചെയ്തു.

**8.** കത്തീഡ്രലിൽ ചൊല്ലി. അസംബ്ലിയിൽ പോയി ശ്രവിച്ചു. 2 മണിക്ക് മടങ്ങിപോന്നു. 7 മണിക്ക് വീട്ടിലെത്തി. കൊച്ചുവിളയിൽ കീവർച്ചന് അസുഖം കൂടുതലാണെന്നറിഞ്ഞ് അവിടെ 8 മണിക്കെത്തി പ്രാർത്ഥിച്ചു. 9.30-ന് മരിച്ചു.

**12.** കോട്ടയത്ത് പോയി മാനേജേഴ്സ് മീറ്റിംഗ് കൂടിയിട്ടു മടങ്ങിപോന്നു.

**21.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി ചില ഉദ്യോഗസ്ഥരെ കണ്ടു കാര്യങ്ങൾ പറഞ്ഞു.

**26.** രാവിലെ അടൂരെത്തി കുർബാന ചൊല്ലി. കീവർച്ചായനെ കണ്ട് കുഴിയംമണ്ണിലെ റബ്ബർതോട്ടം അരമനയ്ക്ക് എടുക്കാമെന്ന് തിരുമേനി സമ്മതിച്ച കാര്യം പറഞ്ഞു. ഉടനെ തിരുവനന്തപുരത്തിന് തിരിച്ചു 11 മണിക്ക് അരമനയിൽ എത്തി. ഉടനെ ചാലയിൽ പോയി സ്കൂളിലേക്ക് ക്രാഫ്റ്റ് സാധനങ്ങൾ വാങ്ങി ബുക്ക് ചെയ്തു. ഡയറക്ടർ ഓഫീസിൽ കയറി അന്വേഷിച്ചിട്ടു അരമനയിൽ എത്തി.

**27.** അരമനയിൽ ചൊല്ലി. കൊല്ലം, മാവേലിക്കര വഴി പന്തളത്ത് എത്തി ബുക്കു ചെയ്തിരുന്ന പാഴ്സൽ വാങ്ങി മൈലപ്രായ്ക്കു പോന്നു.

**28.** പത്തനംതിട്ട പോയി ബിൽ തയ്യാറാക്കി ജോയിയെ മാവേലിക്കരയ്ക്ക് അയച്ചു. മണ്ണാരകുളഞ്ഞി പള്ളിയിലെത്തി കുമ്പസാരം നടത്തി, 9 മണിയ്ക്ക് വീട്ടിലെത്തി. ജോയി ബിൽ പാസാക്കിച്ചു കൊണ്ടുവന്നു.

**29.** പെസഹാ കുർബാന മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. ഉടനെ തിരിച്ചു 12 മണിക്ക് വയലത്തല എത്തി തിരുമേനിയുമായി പലകാര്യങ്ങൾ പറഞ്ഞു. 4 മണിക്ക് കാലുകഴുകൽ ശുശ്രൂഷ കഴിഞ്ഞ് പോന്നു.

**30.** മണ്ണാരകുളഞ്ഞിയിൽ എത്തി 7 മണിമുതൽ ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷയും പ്രാർത്ഥനകളും തുടങ്ങി, സ്ലീബാ ശുശ്രൂഷയും പ്രസംഗവും മറ്റും 2.30-ന് തീർന്നു. അവിടെ താമസിച്ചു.

**ഏപ്രിൽ 1.** ഉയർപ്പിന്റെ ശുശ്രൂഷയും കുർബാനയും വെളുപ്പിന് ചൊല്ലി 5.30-ന് തീർന്നു. 6 മണിയ്ക്ക് വീട്ടിലെത്തി. 7.30-ന് പുത്തൻപീടികയിൽ പോയി. 9 മണിക്കുശേഷം തിരുമേനി വന്നു. ശുശ്രൂഷ കഴിഞ്ഞ് പള്ളിക്ക് കല്ലിട്ടു. ഞാൻ ഒരു ചെറുപ്രസംഗം നടത്തി. കാപ്പികഴിഞ്ഞ് വാഴയിൽ പോയി വിശ്രമിച്ചിട്ടുപോന്നു. 3 മണിക്ക് വീട്ടിലെത്തി, പല രോഗികളേയും കാണാൻ പോയി.

**2.** കുർബാന കഴിഞ്ഞ് 2 രോഗികൾക്ക് കുർബാന കൊണ്ടുപോയി കൊടുത്തു. ഒരു മനഃസമ്മതവും ഒരു കല്യാണവും നടത്തി.





www.malankaralibrary.com

തഹസീൽദാർ പി.കെ. സഖറിയ വീട്ടിൽ വന്ന് ചില കാര്യങ്ങൾ പറഞ്ഞു.

**3.** രണ്ടു മനഃസമ്മതങ്ങൾ നടത്താൻ ഏർപ്പാടു ചെയ്തിട്ടു അടൂരിൽ എത്തി. കീവർച്ചായനേയും കൂട്ടി തിരുവനന്തപുരത്തിന് പോയി 5 മണിക്ക് അരമനയിൽ എത്തി തിരുമേനിയെ കണ്ടു.

**4.** അരമനയിൽ ചൊല്ലി. ജോയിയ്ക്ക് അമേരിക്കയിൽ ബോസ്റ്റൺ കോളേജിൽ എം.എസ്.സി.യ്ക്ക് Admission with some aid തരാമെന്ന് തിരുമേനിയുടെ പേർക്ക് എഴുത്തുവന്നു (തിരുമേനി അമേരിക്കയിൽ നിന്നും വന്നു കഴിഞ്ഞപ്പോൾ എന്നെ അമേരിക്കയിൽ ഉപരിപഠനത്തിന് വിട്ടാൽ കൊള്ളാമെന്ന ആഗ്രഹം അപ്പച്ചൻ പറഞ്ഞതനുസരിച്ചു തിരുമേനി തന്നെ അവിടെവച്ചു പരിചയപ്പെട്ടു കോളേജ് പ്രസിഡന്റിന് എഴുതിയതിനുള്ള മറുപടിയാണ് വന്നത്). തിരുമേനി പറഞ്ഞതനുസരിച്ചു സർട്ടിഫിക്കറ്റ്സും മറ്റും കൊണ്ടു അരമനയിൽ വരാൻ ജോയിക്ക് ടെലഗ്രാം ചെയ്തു.

**5.** ഉച്ചയോടുകൂടി ജോയി വന്നു. തിരുമേനിയുടെ കൂടെയിരുന്ന് അവൻ ആപ്ലിക്കേഷനും മറ്റു ആവശ്യമായ രേഖകളും മറ്റും തയ്യാറാക്കി. തിരുമേനി തന്നെ അത് ബോസ്റ്റണിലേക്ക് അയച്ചുകൊടുത്തു.

**7.** കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും 80 രൂപ പാരിതോഷികം കിട്ടി. കുമ്പഴ അച്ചന്റെ സുഖക്കേടു കാണാൻ പോയി.

**8.** വലഞ്ചുഴിയിൽ ചൊല്ലി. ഒരു വീടുകൂദാശ ചെയ്തു. വീട്ടിലെത്തി. സന്ധ്യയ്ക്ക് പുതുശ്ശേരിമലനിന്നും 2 പേർ വന്ന്, ജോർജും അനുജന്മാരും നാളെ ഞാൻ കല്യാണം നടത്തുന്നതിന് ചെല്ലുമ്പോൾ എന്നെ ഉപദ്രവിക്കുന്നതിനും കല്യാണം മുടക്കുന്നതിനും ഒരുങ്ങി ഇരിക്കുന്നു എന്നു പറഞ്ഞു. ഉടനെ ഞാൻ ഒരു പെറ്റീഷൻ തയ്യാറാക്കി അവരുടെ പക്കൽ റാന്നി എസ്.ഐ.യ്ക്ക് കൊടുത്തയച്ചു. 2 രൂപ ചെലവിനും കൊടുത്തു.

**9.** 9 മണിയോടു പുതുശ്ശേരിമലയിൽ എത്തി. ഒരു ഹെഡ്കോൺസ്റ്റബിളും രണ്ടു കോൺസ്റ്റബിളും അവിടെ ഉണ്ടായിരുന്നു. ജോർജും മറ്റും പള്ളിയിൽ കയറുന്നതിന് തയ്യാറായിനിന്നു. പോലീസുകാർ ഉണ്ടായിരുന്നതുകൊണ്ട് സാധിച്ചില്ല. രണ്ടു കല്യാണവും ഞാൻ നടത്തിയിട്ടു മടങ്ങിപോന്നു.

**14.** രാത്രി 12 മണിക്കുശേഷം കാലായിൽ തോമസ് ലോറിയിൽ 70 പായ്ക്കറ്റു ബട്ടർ ഓയിൽ എന്റെ ചുമതലയിലുള്ള പള്ളികൾക്കും 70 പായ്ക്കറ്റ് മുണ്ടപ്പള്ളി അച്ചനും (ഫാ. ചാക്കോ) വേണ്ടി കൊണ്ടു വന്നു.



www.malankaralibrary.com

**15.** രാവിലെ മേക്കൊഴൂരും രണ്ടാമത് മണ്ണാരകുളഞ്ഞിയിലും ചൊല്ലി. നെയ്യ് വിതരണം ചെയ്തു തുടങ്ങി.

**16.** ഉച്ചകഴിഞ്ഞ് പൊതുജനങ്ങൾക്ക് 8 തുടം വീതം നെയ്യു വിതരണം ചെയ്തു.

**17.** മൈലപ്രാ പള്ളിയിൽ നെയ്യ് വിതരണം ചെയ്തു. വൈകിട്ടു പഞ്ചായത്ത് ഓഫീസിൽ വച്ചു ഇൻസ്പെക്ടർ മി. തോമസിന്റെ യാത്ര അയപ്പു സംബന്ധിച്ചു ഒരു സുഹൃൽ സമ്മേളനം നടന്നു. പത്തനംതിട്ടയിലെ പല ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. ഒരു ഗ്രൂപ്പ് ഫോട്ടോയോടുകൂടി 8 മണിക്ക് തീർന്നു.

**18.** രാവിലെ തിരിച്ചു 5 മണിക്ക് അരമനയിൽ എത്തി. തിരുമേനി അവിടില്ലായിരുന്നു. പല കാര്യങ്ങളും അന്വേഷിച്ചു. അവിടെ താമസിച്ചു.

**19.** അരമനയിലും ടൗണിലും പോയി പലതും ചെയ്തു.

**20.** അരമനയിൽ ചൊല്ലി. 8 മണിക്ക് പി.സി. കുര്യനെ പോയി കണ്ടു. പ്രീ-ഓഡിറ്റിന്റെ കാര്യം പറഞ്ഞു. 9 മണിക്ക് തമ്പാനൂരിൽ എത്തി ലക്ഷ്മി വ്യാസ്യാരെ കണ്ടു വേണ്ട ഇടപാടു ചെയ്തു.

**21.** മൈലപ്രാ ചൊല്ലി. കുമ്പഴ അച്ചനെ പോയി കണ്ടു. തൊമ്മിസാറിന്റെ വീട്ടിലും കയറിയിട്ടു മടങ്ങിവന്നു. വടക്കുപുറം, കുമ്പഴ, ചെങ്ങറ ഈ പള്ളികളിലെ വികാരിയായി എന്നെ നിയമിച്ചും മണ്ണാരകുളഞ്ഞി, പുതുശ്ശേരിമല, വലഞ്ചുഴി ഈ പള്ളികൾ മറ്റു ആളുകളെ ചുമതലപ്പെടുത്തിയും കല്പന കിട്ടി.

**22.** വലഞ്ചുഴിയിൽ പോയി ചൊല്ലി. പള്ളിയിലേക്ക് വരുമ്പോൾ കുഴിക്കാലാ പുത്തൻവീട്ടിൽ കുഞ്ഞമ്മയേയും മക്കളേയും അവരുടെ മരുമകനും മറ്റു നാലഞ്ചുപേരും കൂടി അടിക്കുകയും ഉപദ്രവിക്കുകയും ചെയ്തതായി അറിഞ്ഞ് അവിടെ ചെന്ന് അവരെ കണ്ടു അന്വേഷിച്ചു. 9.45-ന് കുമ്പഴ പള്ളിയിൽ എത്തി കുർബാന ചൊല്ലി പ്രസംഗിച്ചു. ഒരു മാമോദീസായും നടത്തി. പള്ളിയുടെ ചാർജ് കുമ്പഴ അച്ചനിൽ നിന്നും 1 മണിക്കുശേഷം എടുത്തു. 4 മണിക്ക് വീട്ടിലെത്തി.

**29.** മണ്ണാരകുളഞ്ഞിയിൽ ചൊല്ലി. രണ്ടു മാമോദീസാ നടത്തി. 9 മണിക്ക് കുമ്പഴ പോയിചൊല്ലി. മടങ്ങി. വീണ്ടും കുമ്പഴ പോയി ഭരണസമിതിയെ തെരഞ്ഞെടുത്തു. നെയ്യുവിതരണം ചെയ്യാൻ ഏർപ്പാടു ചെയ്തു. 2 മണികഴിഞ്ഞ് തിരുവനന്തപുരത്തിന് തിരിച്ചു.

**30.** അരമനയിൽ ചൊല്ലി. ടൗണിൽ പോയി മടങ്ങി വന്നപ്പോൾ അമേരിക്കയിൽ നിന്നും ജോയിക്ക് സ്കോളർഷിപ്പും മറ്റും അനുവദിച്ച് കത്തു വന്നു. കപ്പൽ യാത്രയ്ക്ക് തോമസ് കുക്ക് കമ്പനിക്ക് എഴുതി.



www.malankaralibrary.com

കോളേജ് ഹോസ്റ്റലിൽ എത്തി 9 മണിക്ക് ധ്യാനം തുടങ്ങി. തിരുമേനി പ്രസംഗിച്ചു. ക്രിസോസ്റ്റോം അച്ചൻ ധ്യാനഗുരു.

**മെയ് 3.** 4 മണിക്ക് ധ്യാനം കഴിഞ്ഞു. കാപ്പികുടി കഴിഞ്ഞ് ഞങ്ങൾ പലർ ഒന്നിച്ചു ടാങ്കിന്റെ അടുത്ത് എത്തിയപ്പോൾ ഒരു പട്ടി ഓടി വന്ന് എന്റെ ഇടതുകാലിന്റെ വെള്ളയ്ക്ക് ചെരുപ്പു കുട്ടി കടിച്ചു. കാര്യമായ മുറിവുണ്ടായില്ല. 5.30-ന് ഒരു ശെമ്മാശ്ശനോടുകൂടി തിരുവല്ലായ്ക്ക് തിരിച്ചു. 10.50-ന് ആശ്രമത്തിൽ എത്തി ഉറങ്ങി.

**4.** ആശ്രമത്തിൽ ചൊല്ലി. ജോബച്ചനോടു പട്ടി കടിച്ച വിവരം പറഞ്ഞപ്പോൾ മരുന്നും നിർദ്ദേശവും തന്നു. മടങ്ങി വീട്ടിലെത്തി.

**11.** കടമ്മനിട്ട മത്തായി ദാനിയേലിനെ സഭാംഗമാക്കി. രാത്രി തിരുവനന്തപുരത്തുനിന്നും പാൽപ്പൊടി കൊണ്ടുവന്നു. നല്ല സുഖമില്ല.

**17.** തോമസ് കുക്ക് കമ്പനിയുടെ കത്തുവന്നു. കൊച്ചിൻ-ന്യൂയോർക്ക് ബോസ്റ്റൺ കപ്പൽ ചാർജ് 2450 രൂപയാണെന്നും 25% റിബേറ്റ് തരുമെന്നും അറിയിച്ചു. തീരെ സുഖമില്ലാതെ കിടന്നു.

**23.** നല്ല ക്ഷീണമുണ്ട്. ഫാ. ജോൺ മാത്യു, ഫാ. ഡാനിയേൽ അയ്യനേത്ത്, ഫാ. ഏബ്രഹാം തെക്കേടത്ത് എന്നിവർ വന്നു കുറെ കഴിഞ്ഞ് അവർ പോയി.

**ജൂൺ 8.** ഇന്ന് ജോയിയുടെ നിയോഗത്തിൽ പള്ളിപെരുനാളിന് മൂന്നിൻമേൽ കുർബാന ചൊല്ലി. സി. മാത്യു അച്ചനും തോമസ് കരിയിലച്ചനും ഉണ്ടായിരുന്നു. ഉച്ചയ്ക്ക് വീട്ടിൽ ഊണ് അച്ചന്മാർക്ക് കൊടുത്തു.

**13.** ചെങ്ങറ പോകുന്നതിനായി ആൾ വന്നു. 10 മണിയോടുകൂടി ബസിൽ ചെങ്ങറയ്ക്ക് പോയി 11.45-ന് ബംഗ്ലാവിൽ എത്തി. മാനേജർ കുര്യച്ചനും തോമസ് സൂപ്രണ്ടും ഉണ്ടായിരുന്നു. ഊണു കഴിഞ്ഞ് മത്തായിച്ചൻ വന്നു. പള്ളികാണാൻ ഞാനും കുര്യച്ചനും മത്തായിച്ചനും കൂടിപോയി ചുറ്റി നടന്നു കണ്ടു. നല്ല പണി. 50 രൂപ പണിക്കായി മത്തായിച്ചനെ ഏൽപിച്ചു. തിരുച്ചുവന്ന് 3 മണിക്കുശേഷം വാനിൽ മടങ്ങി വീട്ടിലെത്തി.

**14.** സ്കൂളിൽ എത്തി പണി സംബന്ധിച്ച് അച്ചൻമാരുമായി (ഫാ. കരിയിൽ, ഫാ. സി. മാത്യു) ആലോചിച്ചു. 80x20x12 അളവിൽ പടിഞ്ഞാറു വശത്ത് പണിയണമെന്ന് നിശ്ചയിച്ചു.

**21.** സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ വാനംവെട്ടാൻ ഞാൻ പ്രാർത്ഥിച്ചു. 3 തവണ വെട്ടിമണ്ണു മാറ്റി. അങ്ങനെ പണി ആരംഭിച്ചു.

**24.** ആദ്യകുർബാന മൈലപ്രായിലും രണ്ടാം കുർബാന കുമ്പഴയും



www.malankaralibrary.com

ചൊല്ലി. ഒരാളെ സഭാംഗമാക്കി ചേർത്തു. ഒരു മാമോദീസായും നടത്തിയിട്ടു കുമ്പഴ അച്ചന്റെ വീട്ടിൽ പോയി അച്ചനെ കണ്ടു. 2 മണിക്ക് മടങ്ങി വീട്ടിൽ എത്തി. പലർ വന്നു കണ്ടു കാര്യങ്ങൾ പറഞ്ഞു. 2.30-ന് സൺഡേസ്കൂൾ വാർഷികത്തിന് പോയി അദ്ധ്യക്ഷം വഹിച്ചു. സമ്മാനദാനവും മറ്റും നടത്തി, തിരിച്ചുവന്നു.

**ജൂൺ 28.** കുർബാന ചൊല്ലി വീട്ടിലെത്തിയപ്പോൾ തിരുവല്ലായിൽ നിന്നും ഒരാൾ വന്ന് തിയോഫിലോസ് തിരുമേനി ഇന്നലെ 4 മണിക്ക് കാലം ചെയ്തു എന്ന് അറിയിച്ചു. ഞാനും, കരിയിലച്ചനും, സി. മാത്യു അച്ചനും തോമസ് കൈതനാലച്ചനും കിഴക്കേ വീട്ടിലച്ചനും കൂടി ഉച്ചയ്ക്ക് ഒരു കാറിൽ തിരുവല്ലായിൽ പോയി. 5 മണിയോടുകൂടി അടക്കം കഴിഞ്ഞ് ഞങ്ങൾ മടങ്ങി.

**30.** മൈലപ്രാ ചൊല്ലി പള്ളിയിൽ വിശ്രമിച്ചു. തിരുമേനി 1 മണിക്ക് വന്നു. ഭക്ഷണം കഴിഞ്ഞ് 2 മണിക്ക് ഞാനും, മാത്യു അച്ചനും കരിയിലയച്ചനും തിരുമേനിയോടുകൂടി സ്കൂളിൽ എത്തി പുതിയ കെട്ടിടം പണി കാണിച്ചു. കല്ല് ആശീർവദിച്ചു തന്നു. 100 അടി നീളത്തിൽ തീർക്കുന്നതിനും മാർ ഈവാനിയോസ് ഹോൾ എന്ന് നാമകരണം ചെയ്യുന്നതിനും അനുവദിച്ചു. ജോയിയുടെ യാത്രാ കാര്യത്തിന് 2000 രൂപാ കടം തരണമെന്ന് അപേക്ഷിച്ചു. തരാമെന്നും വേണ്ട അനുഗ്രഹങ്ങൾ ചെയ്യാമെന്നും പറഞ്ഞു. 3 മണിക്ക് തിരുമേനി സ്ഥലം വിട്ടു.

**ജൂലൈ 8.** മൈലപ്രാ രണ്ടാം കുർബാന ചൊല്ലി. മത്തായിയുടെ മകൾ മറിയയുടെ കുമ്പസാരം നടത്തി. ചാക്കോയുടേയും നടത്തി. പരസ്യമായ കുർബാന സമയത്ത് രണ്ടുപേരും മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ടു നിൽക്കാനും കല്യാണംവരെ അവർ അകന്നു താമസിക്കാനും ഏർപ്പാടു ചെയ്തു. അതിന് ഭാഗം ചെയ്യുന്നെങ്കിൽ വിവാഹം മാറ്റിവയ്ക്കുമെന്നും അവരോടു പറഞ്ഞു. വിവാഹം ഈ മാസം 19-ാം തീയതി നടത്താം എന്ന്.

**19.** 10 മണിക്ക് മത്തായിയുടെ മകൾ മറിയയുടേയും ചാക്കോയുടേയും കല്യാണം നടത്തി.

**20.** രാത്രി 11 മണിക്ക് പരവേശവും വിയർപ്പും പനിയും കഠിനമായി ഉണ്ടായി. ആകെ വിഷമം എഴുന്നേറ്റിരുന്ന് എല്ല സംഗതികളേയും പ്രതിവാദിക്കുന്നതും എന്റെ ആശയങ്ങളെ സംബന്ധിച്ചും ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വച്ചു. 2.30-വരെ ഇരുന്ന് എഴുതി. പിന്നീടും ഉറക്കം വന്നില്ല.





www.malankaralibrary.com

**21.** വളരെ അസുഖമായതിനാൽ വീട്ടിൽ തന്നെ വിശ്രമിച്ചു.

**22.** ഞായറാഴ്ചയാണെങ്കിലും എങ്ങും പോയില്ല. തീരെ സുഖമില്ല. കുമ്പഴക്കാരൻ മാത്യു വന്ന് കുറെ അസഭ്യം പറഞ്ഞു. പള്ളിയിൽ ചെല്ലാത്തതിന് വലിഞ്ഞു കയറി ഇടവകയിൽ ചെന്നതാണെന്നും പണത്തിനു വേണ്ടിയാണെന്നും മറ്റും. ഇറങ്ങിപോകാൻ ഞാൻ പറഞ്ഞു. അവൻ വളരെ ധിക്കാരമായും ആഭാസനുമായി പെരുമാറി. ഞാൻ വിവരം കാണിച്ചു തിരുമേനിക്ക് റിപ്പോർട്ടു ചെയ്തു.

**23.** ഇന്നു സുഖമില്ലാത്തതിനാൽ ചൊല്ലിയില്ല.

**27.** ഇന്നും സുഖമില്ല. കുർബാന ചൊല്ലിയില്ല. ജോയി മദ്രാസിന് വിസക്കു വേണ്ടിപോയി.

**ആഗസ്റ്റ് 2.** ചൊല്ലി. രാത്രി 11 മണിക്ക് ജോയി മദ്രാസിൽ നിന്നും വന്നു. എല്ലാ കാര്യവും സാധിച്ചു.

**3.** ജോയിയ്ക്ക് സ്കൂളുകാരുടെ വക സെന്റ് ഓഫ് നടത്തി. ജൂലൈ മുതൽ അവൻ സ്കൂളിൽ പഠിപ്പിക്കാൻ പോകുന്നില്ലായിരുന്നു.

**4.** മൈലപ്രാ ചൊല്ലി. ലീജിയൻ ഓഫ് മേരിക്കാരുടെ വകയായി ജോയിയ്ക്ക് ഒരു സെന്റ് ഓഫ് നടത്തി. 4 മണിക്ക് സ്ഥലത്തെ പൗരസമിതിക്കാരുടെ വക സെന്റ് ഓഫ് ഹൈസ്കൂളിൽ വച്ചു എൻ. ജി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ നടത്തി.

**5.** ഇന്ന് ആദ്യകുർബാന ചൊല്ലി. ജോയിയുടെ അമേരിക്കൻ യാത്ര യെപ്പറ്റി പള്ളിയിൽ പ്രസ്താവിച്ചു. വീട്ടിലെത്തി. അനവധി ആളുകൾ അവനെ യാത്ര അയയ്ക്കാൻ വന്നിരുന്നു. 9.15-ന് കാറിൽ ഞാൻ, ഭാര്യ, കുഞ്ഞുമോൻ, വി.കെ. വർഗീസ്, കൊച്ചുകുട്ടി, തങ്കപ്പൻ നായർ എന്നിവരും കൂടി തിരിച്ചു. ചങ്ങനാശ്ശേരി മഠത്തിൽ കയറി സി. അൽഫോൺസായെ കണ്ടു. കോട്ടയത്തുനിന്നും ഊണുകഴിഞ്ഞ് 4 മണിയോടു കൂടി എറണാകുളത്ത് എത്തി നാഷണൽ ഹോട്ടലിൽ താമസിച്ചു.

**6.** എറണാകുളം അരമനയിൽ പോയി ചൊല്ലി. 10 മണിക്ക് കൊച്ചിയിൽ പോയി ചുറ്റികണ്ടു. കമ്പനി ഓഫീസിൽ അന്വേഷിച്ചപ്പോൾ കപ്പൽ ഒരാഴ്ച കഴിഞ്ഞേ എത്തുകയുള്ളൂ എന്നറിഞ്ഞു. ഞാനും ജോയിയും അവിടെ താമസിച്ചു. മറ്റുള്ളവർ തിരിച്ചു പോകാൻ ഏർപ്പാടു ചെയ്തു.

**7.** അരമനയിൽ ചൊല്ലി. ഞാനും ജോയിയും കൂടി തേവര പോയി സെയിൽസ് അച്ചനെ കണ്ടു. ഫാ. ജോൺ മാത്യു, ഫാ. സെറാഫി യോൺ ഒ.ഐ.സി., ഫാ. ഡാനിയേൽ അയ്യനേത്ത് എന്നിവർ യാത്ര



www.malankaralibrary.com

അയക്കാനായി വന്നു. ജോയി അവരോടു യാത്ര ചോദിച്ചു. ജോൺ മാത്യു അച്ചൻ 35 ഡോളറും 300 രൂപയും തന്ന് യാത്ര പറഞ്ഞ് അവർ പോയി.

**8.** കുർബാന കഴിഞ്ഞ് ഞാൻ കോതമംഗലത്ത് രാമനാട്ടു അച്ചന്റെ വീട്ടിലേക്ക് തിരിച്ചു. 11 മണിക്ക് അവിടെ എത്തി.

**9.** കോതമംഗലം പള്ളിയിൽ ചൊല്ലി. എറണാകുളം അരമനയിൽ എത്തി താമസിച്ചു. ജോയിയും അരമനയിലായിരുന്നു.

**10.** അരമനയിൽ ചൊല്ലി. ഞാൻ പെരുമ്പാവൂർ തോമ്പ്ര അച്ചന്റെ (ഫാ. ഗീവർഗീസ് തോമ്പ്ര) വീട്ടിൽ 6 മണിയോടു കൂടി എത്തി അവിടെ താമസിച്ചു.

**11.** രാവിലെ പെരുമ്പാവൂർ പള്ളിയിൽ ചൊല്ലി. തോമ്പ്ര തന്നെ താമസിച്ചു പുസ്തകം വായിച്ചുകൊണ്ടിരുന്നു.

**12.** അവിടെ പള്ളിയിൽ ചൊല്ലി. ഉടനെ ആലുവാ വഴി വന്ന് അരമനയിൽ രാത്രി 10 മണിക്ക് എത്തി കിടന്നു.

**13.** അരമനയിൽ ചൊല്ലി. വൈകിട്ടു 5.45–ന് കപ്പൽ വന്ന വിവരം അറിഞ്ഞു. ഞങ്ങൾ അരമനയിൽ താമസിച്ചു.

**14.** അരമനയിൽ ചൊല്ലി. അരമനയിൽ പറഞ്ഞിട്ടു കൊച്ചിക്ക് തിരിച്ചു. കൊച്ചുകുട്ടിയും ചെറിയാൻ വറുഗീസും വന്നു. ജോയി ഓഫീസിൽ പോയി ടിക്കറ്റു കൊണ്ടുവന്നു. 11 മണികഴിഞ്ഞ് ഞങ്ങളെല്ലാം കപ്പലിൽ കയറി എല്ലാം കണ്ടു. ചെക്കിംഗ് കഴിഞ്ഞ് ഞങ്ങൾ തിരികെ ഇറങ്ങി. കപ്പൽ 5.30–ന് യാത്ര തിരിച്ചു. ഒരു കാർഗോഷിപ്പായിരുന്നു. യാത്രക്കാരായി 8 പേർ മാത്രം 4 മുറികളിൽ. ഞാൻ മൂവാറ്റുപുഴ എത്തി.

**15.** മൂവാറ്റുപുഴ പള്ളിയിൽ ചൊല്ലി. അവിടെനിന്നും തിരിച്ചു 2.30–ന് വീട്ടിൽ എത്തി.

**17.** ഇന്ന് 1132 ചിങ്ങം 1. കുർബാന കഴിഞ്ഞ ഉടനെ തന്നെ കടമ്മനിട്ട യ്ക്ക് പോയി. 9 മണിക്ക് എത്തി. കടമ്മനിട്ട അച്ചന്റെ ഒരാണ്ടായിരുന്നു. തിരുമേനി, ഫിലിപ്പച്ചൻ, ഏബ്രഹാം അച്ചൻ (തെക്കേടത്ത്), മറ്റു പല അച്ചന്മാരും ഉണ്ടായിരുന്നു. കുർബാനയും ധൂപം വയ്ക്കലും കഴിഞ്ഞ് വീട്ടിൽ പോയി ധൂപം വച്ചു. പള്ളിയിലെത്തി വിശ്രമിച്ചു. ഊണു കഴിഞ്ഞ് 2.30–ന് കാറിൽ തിരുമേനിയോടു കൂടി തിരിച്ച് ഇലന്തൂർ, നന്നുക്കാടു ഇവിടങ്ങളിൽ കയറിയിട്ടു പുത്തൻപീടികയിൽ എത്തി പീടികയിൽ അച്ചന്റെ വീട്ടിൽ പോയി കണ്ടു. അനന്തരം പള്ളി പണി കണ്ടിട്ടു തിരുമേനി തിരുവനന്തപുരത്തിന് പോയി. ഞാൻ മടങ്ങി വീട്ടിലെത്തി.



www.malankaralibrary.com

**18.** കടമ്പനാട്ടു നിന്നും മാത്യുച്ചായൻ (കസിൻ) വന്ന് കുറെ കഴിഞ്ഞ് പോയി. 2 മണിക്ക് വടശ്ശേരി അച്ചൻ (ഫാ. വർഗീസ്) വന്നു. പുതുശ്ശേരി മലയുടെ ചാർജ്ജ് കൊടുത്തു. കണക്കുബുക്കും കൊടുത്തു.

**23.** രാവിലെ 6.30–ന് ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ കബറിലുള്ള പ്രധാന ത്രോണോസിൽ കുർബാന ചൊല്ലി. ജോയിക്കുവേണ്ടിയും എന്റെ അസുഖങ്ങൾ സുഖമായതിനും കുടുംബത്തിനുവേണ്ടിയുള്ള നിയോഗം. ഫാ. കുരുവിള പ്ലാന്തോട്ടത്തിന്റെ (തെങ്ങുംതറ കുടുംബ ശാഖയുടെ പിതൃകുടുംബമായ ഭരണങ്ങാനം പ്ലാന്തോട്ടം കുടുംബ പരമ്പരയിലെ ഒരംഗം). കബറിൽ ധൂപം വച്ചു പ്രാർത്ഥിച്ചു. മടങ്ങി 4 മണിക്ക് വീട്ടിലെത്തി.

**26.** ചെങ്ങറപള്ളിയിൽ ചൊല്ലി. പിന്നീടു കിഴക്കുപുറം പുലിമുഖത്ത് കയറി വിശ്രമിച്ചു. 4 മണിക്ക് വടക്കുപുറത്ത് എത്തി പള്ളിയിൽ പാൽപൊടിയും നെയ്യും വിതരണം ചെയ്യിച്ചു.

**29.** രാവിലെ അരമനയിൽ ചൊല്ലി. സ്കൂൾ സംബന്ധിച്ചു ചില കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. ടൗണിൽ പോയി ഡി.പി.ഐ. ഓഫീസിൽ എത്തി സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ചു വേണ്ടതു ചെയ്തു. അരമനയിൽ തിരിച്ചെത്തി. തിരുമേനി വന്നു. ജോയിയുടെ കാര്യം പറഞ്ഞപ്പോൾ "ജോയിക്കുവേണ്ടി അച്ചൻ പ്രാർത്ഥിച്ചാൽ മാത്രം മതി, മറ്റു എല്ലാ കാര്യവും ഞാൻ ഏറ്റിരിക്കുന്നു. ഒരു കുഴപ്പവും വിഷമവും ഉണ്ടാകയില്ല" എന്നു പറഞ്ഞു. സ്കൂൾ പണി സംബന്ധിച്ചു സംസാരിച്ചു പണമില്ല എന്നും സ്കൂളിനു വേണ്ടി 500 രൂപയും ചെങ്ങറ പള്ളിക്കുവേണ്ടി 250 രൂപയും തരാമെന്ന് സമ്മതിച്ചു. രാത്രിയിലും പല കാര്യങ്ങളും ചെയ്തു.

**30.** ആഞ്ഞിലികുന്ന് പള്ളിക്ക് 300 രൂപയും സ്കൂളിന് 500 രൂപയും ചെക്കായിട്ടു തന്നു. കോളേജിൽ പോയി ഫാ. ജോൺ മാത്യു, ഫാ. ഡാനിയേൽ അയ്യനേത്ത്, ഫാ. ജോർജ് മലഞ്ചരുവിൽ എന്നിവരെ കണ്ടു സംസാരിച്ചു. അരമനയിൽ എത്തി ഊണു കഴിഞ്ഞ് തമ്പാനൂരിൽ എത്തി 3 മണിക്കു പോന്നു. 9 മണിക്ക് വീട്ടിലെത്തി.

**31.** ജോയി സൂവസിൽ വച്ച് കപ്പലിൽ നിന്നും അയച്ച കത്തു കിട്ടി.

**സെപ്റ്റംബർ 1.** സ്കൂളിൽ കെട്ടുന്ന പുതിയ കെട്ടിടത്തിന്റെ കിഴക്കേ ഭിത്തിയുടെ വടക്കുഭാഗം അകത്തോട്ടു ചരിഞ്ഞിരിക്കുന്നതായി കണ്ടു. അത് പൊളിച്ചു കെട്ടാൻ പറഞ്ഞു. 4 മണിക്ക് ഞാനും കരിയിലച്ചനും കൂടി കുമ്പഴ പോയി ചാർജ്ജ് അച്ചനെ ഏല്പിച്ചു. മടങ്ങിവന്ന് ഒരു രോഗിക്ക് തൈലാഭിഷേകം പോയി നടത്തി.



www.malankaralibrary.com

**3.** മാവേലിക്കര ഡി.ഇ.ഒ. യെ കാണാൻ പോയി. 2.30–ന് കണ്ടു വിവരം പറഞ്ഞു. വേണ്ടതുപോലെ സ്റ്റാഫിനെ ചേർത്ത് റിപ്പോർട്ടു ചെയ്യാൻ പറഞ്ഞു. മടങ്ങിപോന്നു, 6 മണിക്കെത്തി.

**7.** മാവേലിക്കര പോയി ഡി.ഇ.ഒ. യെ കണ്ടു സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ചു വേണ്ടതുചെയ്തിട്ടു മടങ്ങിപോന്നു.

**13.** അരമനയിൽ ചൊല്ലി. കറസ്പോണ്ടന്റ് ഓഫീസിൽ പോയി പല കാര്യങ്ങളും ഏർപ്പാടു ചെയ്തു. തിരുമേനി ഇവിടില്ല. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് വന്നിട്ടുണ്ട്. അദ്ദേഹത്തെ കണ്ടു സംസാരിച്ചു. എൻ.ജെ. ജോർജിന്റെയും (ഞായല്ലൂർ) ഗ്രേസികുട്ടിയുടേയും (ഗ്രേസി വർഗീസ്) വീട്ടിൽ കയറിയിട്ടു അരമനയിൽ എത്തി.

**14.** അരമനയിൽ ചൊല്ലി. ഡി.പി.ഐ. ഓഫീസിൽ എത്തി ചില കാര്യങ്ങൾ ചെയ്തു. പിതാവു രാത്രി 8 മണിക്കെത്തി. ഇത്തിക്കര ഓടു ഫാക്ടറിയിലേക്ക് എഴുത്തു തന്നു.

**15.** അരമനയിൽ ചൊല്ലി. 11.30–ന് ഇത്തിക്കര ഫാക്ടറിയിൽ എത്തി എഴുത്ത് കൊടുത്തു. മടങ്ങി വീട്ടിലെത്തി.

**19.** സി. മാത്യു അച്ചനോടുകൂടി കോട്ടയത്ത് എത്തി ശ്രീ. വി.ഒ. മാർക്കോസിനെ കണ്ടു സംസാരിച്ചു. സിമന്റ് ഫാക്ടറി മാനേജർക്ക് ഒരു കത്തു തന്നതുമായി ഞങ്ങൾ ഫാക്ടറിയിൽ എത്തി ചുറ്റിനടന്നുകണ്ടു. മാനേജരില്ലാതിരുന്നാൽ കാണാൻ സാധിച്ചില്ല. മടങ്ങിപോന്നു.

**21.** സ്കൂളിൽ പണിനടക്കുന്നത് പോയി കണ്ടു. ഇന്ന് ന്യൂയോർക്കിൽ നിന്നും പണിക്കരച്ചൻ (ഫാ. ഡോ. ഗീവർഗീസ് പണിക്കർ) ജോയിയെ സ്വീകരിച്ചു, ബോസ്റ്റണിലേക്ക് 13–09–56–ൽ അയച്ചതായി എഴുതി അയച്ച കത്ത് കിട്ടി.

**22.** അരമനയിൽ നിന്നും 7500 ഓടും 250 കമത്തും തരുന്നതിനായി ഇത്തിക്കരയ്ക്ക് എഴുതിയതായി പിലിപ്പച്ചന്റെ എഴുത്തും 1200 രൂപ യുടെ ചെക്കും വന്നു. ഇന്ന് ജോയി ന്യൂയോർക്കിൽ നിന്ന് അയച്ചതും ബോസ്റ്റണിൽ എത്തിയശേഷം അയച്ചതുമായ 2 എയർ മെയിൽ കത്തുകൾ കിട്ടി. സുഖമായി എത്തിയ വിവരങ്ങളറിഞ്ഞ തിൽ സന്തോഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. 6 മണിക്ക് സി. അൽഫോൻസയും വേറൊരു സിസ്റ്ററും കൂടി വന്നു, താമസിച്ചു.

**23.** ഇവിടെ ആദ്യകുർബാന ചൊല്ലിയിട്ടു ചെങ്ങറ ബസിൽ പോയി 9.30–ന് അവിടെ പള്ളിയിൽ ചൊല്ലി. കാപ്പികുടിച്ചിട്ടു തിരിച്ചുപോന്നു. സിസ്റ്റേഴ്സ് 4 മണിക്ക് ചെങ്ങന്നൂർക്ക് പോയി.

**24.** രാവിലെ തിരിച്ചു 12 മണിക്കുശേഷം ഇത്തിക്കര എത്തി. ലോറിയിൽ ഓട് അയച്ചതായി പറഞ്ഞു. ഉടനെ മടങ്ങിപോന്നു.



www.malankaralibrary.com

**25.** രാത്രി 12 മണിക്ക് ലോറി 2500 ഓടും 75 കമത്തുമായി എത്തി. ലോറി കൂലിവകയിൽ 100 രൂപ കൊടുത്തു.

**27.** നന്നുക്കാടു എത്തി സി.മാത്യു അച്ചനോടുകൂടി കോട്ടയത്ത് പള്ളം സിമന്റ് ഫാക്ടറിയിൽ എത്തി വേണ്ടത് ചെയ്തു. കോട്ടയത്ത് ചില കാര്യങ്ങൾ ചെയ്തിട്ടു മടങ്ങിപോന്നു.

**29.** കഴിഞ്ഞരാത്രി 9.30–ന് തിരുമേനി പള്ളിയിൽ വന്നു. രാവിലെ കുർബാനയ്ക്കുശേഷം തിരുമേനിയോടുകൂടി കാഞ്ഞിരപ്പള്ളിയിൽ പോയി കൊല്ലംകുളത്ത് വർക്കിച്ചന്റെ മരണം പ്രമാണിച്ചു വീട്ടിൽ പോയി പ്രാർത്ഥിച്ചു. ഞങ്ങൾ റാന്നിവഴി മടങ്ങി മൈലപ്രായിൽ ഉണ്ടു. 3 മണിക്ക് തിരുമേനി മുളന്തറയ്ക്ക് പോയി.

**30.** മൈലപ്രാ ചൊല്ലി പ്രസംഗിച്ചു. 12 മണിക്ക് കാട്ടുകല്ലിൽ കുറുപ്പിനെ കണ്ടു കാര്യം പറഞ്ഞു. 5 മണിക്ക് പള്ളിയിൽ പോയി കാത്തിരുന്നു. തിരുമേനി 10 മണിക്ക് വന്നു. കുരുവിള അച്ചനും ഉണ്ടായിരുന്നു. പലരും കാണാൻ വന്നു. 11 മണി കഴിഞ്ഞ് ഞാൻ വീട്ടിലെത്തി.

**ഒക്ടോബർ 1.** രാവിലെ ചൊല്ലി. തിരുമേനി, വി.ജി. (കുരുവിള അച്ചൻ), മുത്തച്ചൻ (ഫാ. സാമുവൽ ശങ്കരത്തിൽ), ഞാനും ഒരുമിച്ചു പൊന്നമ്പിൽ പോയി തിരുമേനി കുർബാന ചൊല്ലി. 30 വീട്ടുകാരെ ചേർത്തു. ഞാൻ കിഴക്കുപുറത്ത് പുലിമുഖത്ത് അച്ചനെ (Jacobite Priest-related) പോയി കണ്ടിട്ടു തിരിച്ചുവന്നു. 12 മണിയോടു ഞങ്ങൾ ചെങ്ങറ പള്ളിയിൽ എത്തി പള്ളി കണ്ടു. ഡോ. ഉമ്മന്റെ വീട്ടിലെത്തി ഭക്ഷണം കഴിച്ചു. തിരിച്ചു സ്കൂളിൽ എത്തി കെട്ടിടം പണി കണ്ടു പള്ളിയിൽ എത്തി. തിരുമേനിയും അച്ചന്മാരും മടങ്ങിപോയി.

**2.** പത്തനംതിട്ട ആശുപത്രിയിൽ പോയി അസുഖം കൂടുതലായി കിടക്കുന്ന രോഗിയെ കണ്ടു. മാക്കാംകുന്ന് പാലമൂട്ടിൽ പോയി കൊച്ചപ്പനെ (ഗീവർഗീസ് കോറെപ്പിസ്കോപ്പാ - ഓർത്തഡോക്സ്) കണ്ടു. മൂറോൻ കൂദാശയെപ്പറ്റി സംസാരിച്ചു ചില അറിവുകൾ സമ്പാദിച്ചു. 5 മണിക്ക് മടങ്ങിപോന്നു.

**4.** രാവിലെ ആയൂർ പള്ളിയിൽ ചൊല്ലിയിട്ടു, ഒരു കാറിൽ തിരിച്ചു 9 മണിക്ക് അരമനയിൽ എത്തി. പിതാവിനെ കണ്ടു. 10 മണിക്ക് ഡി. പി.ഐ. ഓഫീസിൽ എത്തി റിക്രീയേഷൻ ഹാൾ സംബന്ധിച്ചുള്ള പ്ളാനും എസ്റ്റിമേറ്റും കൊടുത്തു. ഡ്രോയിംഗ്, ഡ്രിൽ മാസ്റ്റർ, മലയാളം പണ്ഡിറ്റു ഇവരുടെ കാര്യങ്ങൾ എഴുതി അയച്ചു എന്നു പറഞ്ഞു. അരമനയിൽ തിരിച്ചെത്തി.

**5.** അരമനയിൽ ചൊല്ലി. 10 മണിക്ക് റമ്പാച്ചൻ, ഏബ്രഹാം അച്ചൻ



www.malankaralibrary.com

എന്നിവരോടുകൂടി കാറിൽ ചെങ്ങന്നൂർക്ക് തിരിച്ചു മാമ്മൻ സാറിന്റെ വീട്ടിൽ 2 മണിക്കെത്തി, മരിച്ച സാറിന്റെ ബോഡി കണ്ടു പ്രാർത്ഥന ഞങ്ങൾ നടത്തി. അവിടെനിന്നും ഉറുകുന്നിൽ പ്രസംഗയോഗത്തിന് ചെന്നുചേർന്നു. ഇഞ്ചക്കലോടി അച്ചനും അയ്യനേത്ത് അച്ചനും അവിടെ ഉണ്ടായിരുന്നു. ഞാൻ ഇടമൺ എത്തി ഉറങ്ങി.

**6.** ഇടമണ്ണിൽ ചൊല്ലി. അവിടെനിന്നും കാറിൽ കുളത്തൂപ്പുഴ 9 മണിക്കെത്തി. 11 മണിക്ക് കുഞ്ഞുകുട്ടി വന്നു വസ്തുവിന്റെ കാര്യം പറഞ്ഞു. ഞാൻ പറയുന്നതുപോലെ ചെയ്യാമെന്ന് പറഞ്ഞു. 5 രൂപ വിലവച്ചു കൊടുക്കാൻ ഞാൻ പറഞ്ഞു. അതു സമ്മതിച്ചു. നാരങ്ങാനം തോമസ് സാറിനേയും കുഞ്ഞുകുട്ടിയേയും തമ്മിൽ പറഞ്ഞ് ഏർപ്പാടു ചെയ്തു. 11.30-ന് മടങ്ങിപോന്നു.

**21.** ചെങ്ങറ ചൊല്ലി. കാപ്പികഴിഞ്ഞ് വടക്കേമുറി കൊച്ചുകുഞ്ഞിന്റെ ജ്യേഷ്ഠന്റെ സുഖക്കേടു കാണാൻ പോയി. 1.30-ന് മടങ്ങി എത്തി ഉണ്ണികുഞ്ഞിന്റെ വീട്ടിൽ നിന്നും ഭക്ഷണം കഴിച്ചു. ബസിന് കാത്തു നിന്ന് കിട്ടാഞ്ഞിട്ടു എ.റ്റി. വറുഗീസിന്റെ വീട്ടിൽ പോയി വിശ്രമിച്ചു.

**22.** ജോയിയുടെ കത്തുവന്നു. വളരെ സന്തോഷകരമായ വിശേഷങ്ങൾ കവിയൂർ സാറാമ്മയോടു 660 രൂപ കടംവാങ്ങി 500 രൂപ ട്രഷറിയിൽ അടച്ചു. സ്കൂളിൽ പോയി ജോലി ചെയ്യിച്ചു കൊണ്ടിരുന്നു.

**23.** ജോയിയെ ഫ്രീ ആയിട്ടു താമസിപ്പിക്കുന്ന വീട്ടിലെ മി. ഏണസ്റ്റും കുടുംബത്തിനും വേണ്ടി കുർബാന ചൊല്ലി. മാസത്തിൽ അത് അങ്ങനെ ചൊല്ലാമെന്ന് തീരുമാനിച്ചു.

**29.** സ്കൂൾ കെട്ടിടം വെള്ള അടിച്ചു കഴിഞ്ഞു. പുറത്തൂട്ടു യോഹന്നാന്റെ രണ്ടു പ്ലാവിൻ തടികൾ 130 രൂപ വില വച്ചുവാങ്ങി. 5 രൂപ അഡ്വാൻസ് കൊടുത്തു.

**നവംബർ 1.** ചൊല്ലി. ഒരു വീടു കൂദാശ പോയി നടത്തി. 11 മണിയ്ക്ക് പഞ്ചായത്തുവക കേരളപ്പിറവി സംബന്ധിച്ചു മീറ്റിംഗ് നടന്നു. ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മി. വി.പി. ജോർജ് അദ്ധ്യക്ഷൻ. വയലാ പ്രസംഗിച്ചു. ഭക്ഷണം കഴിഞ്ഞ് പിരിഞ്ഞു. ബസു കിട്ടാതെ കാത്തു നിന്നിട്ടു 6 മണിക്ക് ചെങ്ങറ എത്തി ഒരു സംസ്കാരം നടത്തി. രാത്രി തട്ടയിൽ കീവർച്ചന്റെ വീട്ടിൽ ഉറങ്ങി.

**4.** ചെങ്ങറ 9 മണിക്കെത്തി ചൊല്ലി. വിശ്രമിച്ചു. കങ്കാണി മത്തായിയുടെ വീട്ടിൽ എത്തി ഊണു കഴിച്ചു വിശ്രമിച്ചു. 3 മണിക്ക് ചെങ്ങറ സഹകരണ സംഘത്തിന്റെ വാരാഘോഷം ഉദ്ഘാടനം നടത്തി പ്രസംഗിച്ചു. മറ്റു പലരും പ്രസംഗിച്ചു. മത്തായിയുടെ വീട്ടിലെത്തി ഉറങ്ങി.





www.malankaralibrary.com

**5.** ചെങ്ങറ ചൊല്ലി. ഒരു കല്യാണം നടത്തിയിട്ടു മടങ്ങിപോന്നു.

**8.** അരമനയിൽ ചൊല്ലി. ജോൺ മാത്യു അച്ചനോടുകൂടി ആശുപത്രിയിൽ പോയി ഡോ. വിൻസെന്റിനെ കണ്ടു. അതു വഴി ശ്രീമൂലം ഫൈൻ ആർട്സിൽ പോയി ചില സാധനങ്ങൾ വാങ്ങി. അത് അമേരിക്കയിൽ ഏണസ്റ്റിനും കുടുംബത്തിനും ക്രിസ്തുമസ് പ്രസന്റ് ആയി അയച്ചുകൊടുക്കാൻ അരമനയിൽ ഏല്പിച്ചു. 1.30–ന് തിരിച്ചു 7 മണിക്ക് വീട്ടിലെത്തി.

**14.** സ്കൂളിൽ പണി നടത്തിച്ചു. മണ്ണാരകുളഞ്ഞിയിൽ പോയി ചിറത്തലയ്ക്കൽ അബ്രഹാമിന്റെ ഒരു പ്ലാവിൻതടി കണ്ടു. 45 രൂപയ്ക്ക് വാങ്ങി. രാത്രി 8.30–ന് 60 ചാക്ക് സിമന്റു സ്റ്റോക്കിസ്റ്റ് കൊണ്ടുവന്നു തന്നു. ലോറി കൂലിയും ചുമട്ടുകൂലിയും 8+3, കൂടാതെ സിമന്റ് വിലയുടെ ബാക്കി 30 രൂപ ഡ്രൈവറെ ഏല്പിച്ചു.

**17.** സ്കൂളിൽ പണി നടത്തിച്ചു കൊണ്ടിരുന്നപ്പോൾ മുരുപ്പേൽ പീടികയിലെ കുഞ്ഞുതോമായ്ക്ക് സുഖക്കേടു കൂടുതലാണെന്ന് വന്നു പറഞ്ഞു. ഉടനെ അവിടെ പോയി, 9.45–ന് കുഞ്ഞുതോമ്മാ മരിച്ചു. പ്രാർത്ഥന നടത്തിയിട്ടു പോന്നു. 4 മണിക്ക് കരിയിലച്ചനോടുകൂടി എത്തി സംസ്കാരശുശ്രൂഷ തുടങ്ങി പള്ളിയിൽ അടക്കിയിട്ടു 6 മണിക്ക് മടങ്ങിപോന്നു.

**20.** മാവേലിക്കര പള്ളിയിൽ ചൊല്ലി. ക്ലാസ് 9 മണിക്ക് തുടങ്ങി. 10 മണിക്ക് കലയപുരത്ത് ഉമ്മച്ചൻ മരിച്ചതായി ഒരാൾ വന്നു പറഞ്ഞു. ഞങ്ങൾ നാലഞ്ചു അച്ചന്മാർ ഉടനെ തന്നെ പോയി. 11.30–ന് അവിടെ എത്തി. ശുശ്രൂഷ അച്ചന്മാർ നടത്തിക്കൊണ്ടിരിക്കുന്നു. തിരുമേനിയും, റമ്പാച്ചനും മറ്റു അച്ചന്മാരും വന്നു. 3 മണിക്ക് അടക്കം കഴിഞ്ഞു. ഞങ്ങൾ മടങ്ങി മാവേലിക്കര എത്തി. ക്ലാസ് നടന്നു.

**21.** മാവേലിക്കര ചൊല്ലി. രാവിലെ മുതലാളി അച്ചൻ (ഫാ. തോമസ് മുതലാളി) സുഖമില്ലാതെ പോയി. ഞാനും കുറത്തിക്കാട്ടച്ചനും ഫാ. മാത്യൂസ് ചേരാവള്ളിയും കൂടി കാറിൽ മുളപ്പാൺ പള്ളിയിൽ അച്ചനെ കൊണ്ടുവിട്ടിട്ട് മടങ്ങിപോന്നു.

**22.** ക്ലാസ് കഴിഞ്ഞ് മാവേലിക്കര നിന്നും പോന്നു.

**28.** അതിരാവിലെ അരമന ചാപ്പലിൽ ചൊല്ലി. 7.30–ന് മൂറോൻ കൂദാശ നടത്തുന്നതിന് ഏവരും പള്ളിയിൽ എത്തി. ഞാൻ കൂടി കുപ്പി വഹിച്ചു കൊണ്ടു അതിൽ സജീവമായി പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുറച്ചു മൂറോൻ വാങ്ങിച്ചുകൊണ്ട് തിരിച്ചു. രാത്രി തുമ്പമൺ എത്തി താമസിച്ചു.



www.malankaralibrary.com

**30.** സ്കൂളിൽ കോൺക്രീറ്റ് ചെയ്യുന്നു. കുറെനേരം പോയി കണ്ടശേഷം 3 മണിക്ക് വെട്ടൂർ സ്കൂളിലേക്ക് പോയി. കുമ്പഴ മേലേതിൽ (മേടയിൽ) അച്ചന്റെ വീട്ടിൽ കയറി, വെട്ടൂർ സ്കൂൾ എച്ച്.എം. റേയിച്ചൽ ടീച്ചറേയും മറ്റും വരുത്തി സംഗതികൾ ഒത്തുതീർത്തു. ആ ടീച്ചർ അയച്ച അപേക്ഷ പിൻവലിച്ചതായി ഒരു അപേക്ഷ വാങ്ങി. കറസ്പോണ്ടന്റ് അച്ചന്റെ നിർദ്ദേശപ്രകാരം 2 മാസത്തെ ശമ്പളം സ്കൂൾ പണിക്കായി കൊടുക്കാൻ നിശ്ചയിച്ചു. 6 മണിക്ക് മടങ്ങി പോന്നു.

**ഡിസംബർ 1.** മണ്ണാരകുളഞ്ഞിയിൽ തടി അറപ്പിക്കാൻ ആളെവിട്ടു. 5 മണിക്ക് അവിടെ പോയി തടിവണ്ടിയിൽ കയറ്റിവിട്ടു. അറപ്പുകൂലി 5 രൂപ, വണ്ടികൂലി-2 രൂപ, ചുമട്ടുകൂലി-2 രൂപ.

**2.** ചെങ്ങറ പോയി ചൊല്ലി. 4 മണിക്ക് ജോൺ മാത്യു അച്ചനും ബഥനി സുപ്പീരിയർ അച്ചനും കൂടി വന്നു. കുറെ കഴിഞ്ഞ് മടങ്ങിപോയി.

**5.** ഞാനും കാലായിൽ തോമസും കൂടി എറണാകുളത്തിന് പോയി, 7.30-ന് അരമനയിൽ എത്തി താമസിച്ചു.

**6.** എറണാകുളം അരമനയിൽ ചൊല്ലി. രാവിലെ ഞങ്ങൾ തൈക്കാടു സ്വാമിയെ പോയി കണ്ടു കേസ് റിവിഷൻ എടുക്കാൻ അപേക്ഷ കൊടുക്കുന്നതിനായി നിശ്ചയിച്ചു. 25 രൂപ ഫീസും ചെലവിനായി 100 രൂപയും ഞാൻ കൊടുത്തു. തോമസ് 5 രൂപ കൊടുത്തു. ഞാൻ അരമനയിൽ കയറി യാത്ര ചോദിച്ചിട്ടു മൂവാറ്റുപുഴ വഴി മടങ്ങി പോന്നു. ജോയിയുടെ ഒരു കത്തും 100 ഡോളറിന്റെ ചെക്കും കിട്ടി.

**8.** രാവിലെ പാളയം കത്തീഡ്രലിൽ ചൊല്ലി. 10 മണിക്ക് പാലാ സെൻട്രൽ ബാങ്കിൽ പോയി ചെക്കുമാറി. 475 രൂപ കിട്ടി.

**16.** ഇന്നലെ ചെങ്ങറ എത്തി ഡോ. ഉമ്മന്റെ വീട്ടിൽ താമസിച്ചു. രാവിലെ റെഡിയായി ഞാനും ഡോക്ടറും കൂടി പള്ളിയിലേക്ക് തിരിച്ചു. പള്ളിയ്ക്ക് കതക് പണിത് കങ്കാണി മത്തായിയുടെ വീട്ടിൽ വച്ചിരിക്കുന്നത് കയറി കണ്ടു. 8 മണിക്ക് പള്ളിയിൽ എത്തി 9.30-ന് നമസ്കാരവും കുർബാനയും തുടങ്ങി. 11 മണിക്ക് മടങ്ങിപോന്നു. 3.30-ന് കരുമ്പേൽ കല്ലേൽ ഗ്രീഗോറിയോസ് തിരുമേനിയുടെ സ്വീകരണത്തിൽ സംബന്ധിക്കാൻ പോയി. 5.30-ന് തിരുമേനി വന്നു. സ്വീകരണം കഴിഞ്ഞ് തിരുമേനി പ്രസംഗിച്ചു. 150 ആളുകളെ കത്തോലിക്കാ സഭയിൽ ചേർത്തു. കടമ്മനിട്ട എത്തി ഊണു കഴിഞ്ഞ് ഞാനും മുത്തച്ചനും കൂടി രാത്രി 12 മണിക്ക് വീട്ടിലെത്തി.

**17.** മുത്തച്ചനുമായി പൊന്നമ്പി വസ്തു സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചു.



www.malankaralibrary.com

**18.** ചെങ്ങറ പള്ളിപണിക്കായുള്ള സാധനങ്ങൾ ലോറിയിൽ കയറ്റി. ഞാനും 4 പണിക്കാരും 3 മെയ്ക്കാട്ടുകാരും കൂടി ലോറിയിൽ ചെങ്ങറക്ക് പോയി. വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടു 12.30–ന് മടങ്ങിപോന്നു.

**25.** വെളുപ്പിന് 2.30–ന് മൈലപ്രാ പള്ളിയിൽ യൽദാ ശുശ്രൂഷയും കുർബാനയും നടത്തി. 6.30–ന് തീർന്നു. 11 മണിക്ക് വീണ്ടും പള്ളിയിൽ എത്തി അവിടെ വന്ന ജോൺ മാത്യു അച്ചനെ കണ്ട് ചില കാര്യങ്ങൾ പറഞ്ഞു.

**28.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി സ്കൂൾ സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചു. മാർ ഈവാനിയോസ് ഹോളിന്റെ ഉദ്ഘാടനത്തിന് തിരുമേനി വരാൻ പ്രയാസമാണെന്ന് പറഞ്ഞു. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പിനെ കൊണ്ടു നടത്തിക്കാൻ കല്പിച്ചു. ചെങ്ങറ പള്ളി പണി സംബന്ധിച്ച് 300 രൂപ ചെക്ക് കിട്ടി. 10 മണിക്ക് സ്വദേശി ബാങ്കു മാനേജരോടുകൂടി കാറിൽ തിരിച്ചു രാത്രി പുനലൂരെത്തി കുറെ വിശ്രമിച്ചു. വീണ്ടും തിരിച്ചു വെളുപ്പിന് 4 മണിയോടുകൂടി വീട്ടിലെത്തി, ഉറങ്ങി.

**31.** മാവേലിക്കര എത്തി ഡിവിഷൻ ഇൻസ്പെക്ടറുടെ ഓഫീസിൽ പോയി പല കാര്യങ്ങളും അന്വേഷിച്ചു. തിരിച്ചുവന്നപ്പോൾ ചെങ്ങന്നൂർ ആശ്രമത്തിൽ വച്ചു തിരുമേനിയെ കണ്ടു. ഇന്ന് പാത്രിയർക്കീസിന് അനുകൂലമായി വട്ടിപ്പണ കേസ് വിധിച്ചതായി അറിഞ്ഞു. 7 മണിക്ക് വീട്ടിലെത്തി.

## 1957

**ജനുവരി 3.** രാവിലെ ചെങ്ങറ ഡോക്ടർ ഉമ്മന്റെ വീട്ടിൽ നിന്നും പള്ളിയിൽ എത്തി കുർബാന ചൊല്ലി. ഒരു കല്യാണവും നടത്തിയിട്ടു പോന്നു. 3 മണിയോടു വീട്ടിലെത്തി, ഉടനെ തന്നെ 3.30–ന് എറണാകുളത്തിന് തിരിച്ചു. രാത്രി 9 മണിക്ക് മൂവാറ്റുപുഴ ബഥനി പള്ളിയിലെത്തി കിടന്നു.

**4.** മൂവാറ്റുപുഴ ചൊല്ലി. 9 മണിയോട് എറണാകുളത്ത് എത്തി തൈക്കാടു സ്വാമിയെ പോയി കണ്ടു വിവരം പറഞ്ഞു. അരമനയിൽ എത്തി വിശ്രമിച്ചു. 3 മണിക്ക് വീണ്ടും തൈക്കാടന്റെ വീട്ടിലെത്തി കേസ് റിവ്യൂ തയ്യാറാക്കിച്ചു. 6 മണിക്ക് മടങ്ങി രാത്രിയിൽ തിരുവല്ലാ ചിറ്റക്കാട്ടു അച്ചന്റെ (ഫാ. മാത്യു ചിറ്റക്കാട്ട്) വീട്ടിൽ താമസിച്ചു.

**6.** മൈലപ്രാ ചൊല്ലി. രണ്ടു കല്യാണം നടത്തി. 5 മണിക്ക് കടമ്മനിട്ട പോയി പള്ളിയിൽ കിടന്നു.



www.malankaralibrary.com

**7.** കടമ്മനിട്ട പള്ളി പെരുന്നാൾ സംബന്ധിച്ചു കുറ്റിയിലച്ചനും, കുര്യച്ചനും ഞാനും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലി. സെന്റ് ജോൺ ബാപ്റ്റിസ്റ്റിനെപ്പറ്റി ഞാൻ പ്രസംഗിച്ചു, മടങ്ങിപോന്നു.

**8.** 2 മണിക്ക് കുമ്പഴ അച്ചനെ കാണാൻ പോയി. അസുഖത്തിന് കുറവില്ല. പത്തനംതിട്ട പോയി സ്കൂൾ ആവശ്യത്തിന് ലാക്കർ പെയിന്റ്സ് മുതലായവ വാങ്ങി 5 മണിക്ക് വീട്ടിലെത്തി.

**9.** 2 മണിക്കുശേഷം വയലത്തലയ്ക്ക് നടന്നുപോയി. 6 മണിക്കെത്തി വൈകിട്ടു കാട്ടൂർ പള്ളിയിൽ പോയി കിടന്നു.

**10.** വെളുപ്പിന് കാട്ടൂർ പള്ളിയിൽ ചൊല്ലി. ഞാനും കുര്യച്ചനും കൂടി കുഴിയംമണ്ണിലെത്തി കോശി അച്ചന്റെ മകൾ മോണിക്കാമ്മയുടെ വിവാഹത്തിന് വണ്ടിയിലും ബോട്ടിലും കയറി അവരുടെകൂടെ 9 മണിക്കുശേഷം ചമ്പകുളത്ത് എത്തി. വിവാഹവും മറ്റും കഴിഞ്ഞ് അവിടെ പുളിക്കീഴിൽ അവരുടെ വീട്ടിലും പോയിട്ടു മടങ്ങിപോന്നു. 8 മണിക്ക് വീട്ടിലെത്തി.

**11.** 3 മണിക്ക് ചങ്ങനാശ്ശേരിയിൽ പോയി ആർച്ചുബിഷപ്പിനെ കണ്ടു മീറ്റിംഗിന് ക്ഷണിച്ചു. അതുവഴി കോട്ടയത്തിന് പോയി. രാത്രി 10 മണിക്ക് മടങ്ങി വീട്ടിലെത്തി.

**17.** ചങ്ങനാശ്ശേരി തിരുമേനി രാവിലെ മൈലപ്രായിൽ എത്തി കുർബാന ചൊല്ലി. 2 മാമോദീസാ നടത്തി. 10 മണിക്ക് സ്കൂളിൽ തിരുമേനി എത്തി മീറ്റിംഗ് തുടങ്ങി. മാർ ഈവാനിയോസ് ഹോൾ ഉദ്ഘാടനം ചെയ്യുന്നതിന് അപേക്ഷിച്ചു ഞാൻ 20 മിനിട്ടു പ്രസംഗിച്ചു. തിരുമേനി ഉദ്ഘാടനം നടത്തി പ്രസംഗിച്ചു. പ്രൊ. ഉലഹന്നാൻ മാപ്പിള, കൃഷ്ണൻ എന്നിവരും പ്രസംഗിച്ചു. 2 മണിയോടു സ്കൂളിൽ വച്ചു അച്ചന്മാരുൾപ്പെടെ 20-ൽ പരം അതിഥികൾക്ക് ലഞ്ച് കൊടുത്തു പിരിഞ്ഞു. അതുകഴിഞ്ഞ് പെരുനാട്ടിൽ പോയി സ്കൂൾ ഉദ്ഘാടനമീറ്റിംഗിൽ സംബന്ധിച്ചു. ടീപാർട്ടിയും മറ്റും കഴിഞ്ഞ് 8 മണിക്ക് മടങ്ങി എത്തി.

**23.** രാവിലെ കോട്ടയത്തിന് പോയി, പള്ളം സിമന്റ് ഫാക്ടറിയിൽ 4 മണിക്കെത്തി സിമന്റിനുള്ള അപേക്ഷ സൂപ്രണ്ടിനെ ഏല്പിച്ചു. സിമന്റ് തരാമെന്നു പറഞ്ഞു. ഉടനെ മടങ്ങി വന്ന് തിരുവല്ലാ അരമനയിൽ എത്തി തിരുമേനിയുമായി പല കാര്യങ്ങളും ആലോചിച്ചു അവിടെ താമസിച്ചു.

**29.** നങ്ങിയാർകുളങ്ങര 2 മണിക്കെത്തി. രജതജൂബിലി മീറ്റിംഗിൽ കൂടി. തിരുവല്ലാ തിരുമേനി അദ്ധ്യക്ഷൻ, ഡി.പി.ഐ., കെ.സി. ചാക്കോ



www.malankaralibrary.com

എന്നിവരും ഉണ്ടായിരുന്നു. തിരുമേനിയോടൊപ്പം 11 മണിക്ക് തിരുവല്ലായിൽ എത്തി ഉറങ്ങി.

**ഫെബ്രുവരി 1.** അസംബ്ലി തെരഞ്ഞെടുപ്പിന് കെ.എം. ജോർജും എൻ.ജി. ചാക്കോയും നിന്നത് കുഴപ്പമാകയാൽ, ഒരാൾ പിന്മാറാതെ ഇരുന്നാൽ ഞാനും എന്റെ ആളുകളും ആർക്കും വോട്ടുചെയ്യുകയില്ലെന്ന് അവരെ അറിയിച്ചു. അതിന്റെ ഫലമായി നാളെ 9 മണിക്ക് റ്റി.ബി.യിൽ പി.എസ്. ജോർജ് മുതലായവർ വരുമെന്നും വറുഗീസും കാവും കാട്ടു കുഞ്ഞുമോനും വന്നു പറഞ്ഞു. രാത്രി 8 മണിക്ക് മാത്തൻ തരകൻ സാറും എൻ.ജി. ചാക്കോയും വന്ന് വിവരം പറഞ്ഞു. ഞാൻ ചെല്ലാമെന്ന് സമ്മതിച്ചു.

**2.** പത്തനംതിട്ട 8.30-ന് എത്തി കെ.എം. ജോർജിനെ വീട്ടിൽ പോയി കണ്ടു. റ്റി.ബിയിലെത്തി. എൻ.ജി. ചാക്കോ വന്നു, ഞങ്ങൾ സംസാരിച്ചിരുന്നു. പിന്നീടു പി.എസ്. ജോർജ്, രവി വർമ്മ, സി.കെ. നാണുക്കുട്ടൻ, കുഞ്ഞുകുട്ടി തോട്ടം, അഡ്വ. ഗോവിന്ദൻ നായർ, കെ.എം. ജോർജ്, സി.വി. മാത്യു, മാത്യു തരകൻ എന്നിവർ കൂടി പിൻമാറുന്ന കാര്യം ആലോചിച്ചു. ഇരുഭാഗത്തേയും സാഹചര്യങ്ങൾ പറഞ്ഞശേഷം അതിൻപ്രകാരം ഒരു പ്രഖ്യാപനം എഴുതി വാങ്ങുകയും, നോമിനേഷൻ പേപ്പർ പിൻവലിച്ചതായി ഫോറത്തിൽ ഒപ്പിട്ടു വാങ്ങുകയും ചെയ്തു. കെ.എം. ജോർജും പി.എസ്. ജോർജും കൂടി ചെങ്ങന്നൂർക്ക് പോയി. ഞങ്ങൾ പിരിഞ്ഞുപോന്നു.

**8.** ഉച്ചകഴിഞ്ഞ് ചെങ്ങറ പോയി പണി കണ്ടു. 20 രൂപ മത്തായിക്ക് കൊടുത്തു. രാത്രി ഉണ്ണികുഞ്ഞിന്റെ വീട്ടിൽ കിടന്നു. സൂപ്രണ്ടു തോമസിനെ കണ്ടു. 11 മണിയോടുകൂടി പാർലമെന്റ് സ്ഥാനാർത്ഥി എം.ജി. മാത്യുവിന്റെ ആൾ വന്ന് അയാളെ ജയിപ്പിക്കാൻ വേണ്ടത് ചെയ്യണമെന്ന് പറഞ്ഞു. സാധ്യമല്ലെന്ന് പറഞ്ഞ് അയാളെ വിട്ടു.

**10.** ചെങ്ങറ പോയി ചൊല്ലി. പള്ളി കൂദാശ സംബന്ധിച്ചു ആലോചിച്ചു.

**12.** ചെങ്ങറ പാപ്പി മുതലാളിയോടുകൂടി തിരുവനന്തപുരത്തിന് പോയി. കത്തീഡ്രലിൽ എത്തി വിശ്രമിച്ചു. 3 മണിക്ക് തിരുമേനിയെ അരമനയിൽ പോയി കണ്ടു പള്ളി കൂദാശ നടത്തുന്ന കാര്യം പറഞ്ഞു. തീയതി നിശ്ചയിച്ചു. ചെങ്ങറക്കുള്ള പുസ്തകങ്ങൾ വാങ്ങി തിരുമേനിയുടെ കാറിൽ കൊണ്ടുവരുന്നതിനായി ക്ലർക്കിനെ ഏല്പിച്ചു. 5 മണിക്ക് ഞാനും പാപ്പിച്ചനും കൂടി ചെയർമാനെ പോയി കണ്ടു ബേസിക് ട്രെയിനിംഗ് സ്കൂൾ കാര്യവും സീനിയർ സ്പെഷ്യൽ ഗ്രാന്റ് കാര്യവും പറഞ്ഞു. വേണ്ടത് ചെയ്യാമെന്ന് സമ്മതിച്ചു. കത്തീഡ്രലിൽ എത്തി ഉറങ്ങി.



www.malankaralibrary.com

**17.** മൈലപ്രാ ചൊല്ലിയശേഷം ഉടനെ ചെങ്ങറക്ക് പോയി. 11.30–ന് എത്തി വേണ്ട സജ്ജീകരണങ്ങൾ നടത്തി. 6 മണിക്ക് തിരുമേനി വന്നു. സ്വീകരണം നടത്തി. പള്ളി കൂദാശ നടന്നു. കുറ്റിയിലച്ചൻ, ചരുവിലേത്തച്ചൻ, മുത്തച്ചൻ മുതലായവർ ഉണ്ടായിരുന്നു. രാത്രി റാസയും വെടിക്കെട്ടും ഉണ്ടായിരുന്നു.

**18.** രാവിലെ ഞങ്ങൾ അച്ചന്മാർ ചൊല്ലി. 8 മണിക്ക് തിരുമേനി കുർബാന ചൊല്ലി. സൺഡേസ്കൂൾ കുട്ടികൾക്ക് സമ്മാനദാനം നടത്തി. തിരുമേനി തിരിച്ചുപോയി. ഞാൻ കണക്കുതീർത്തു ഏവരെയും പിരിച്ചുവിട്ടു. 15 രൂപ പള്ളിക്ക് കടം കൊടുത്തു.

**21.** അരമനയിൽ ഉച്ചകഴിഞ്ഞ് കൗൺസിൽ മീറ്റിംഗ് തുടങ്ങി 5 മണി വരെ തുടർന്നു.

**24.** ചെങ്ങറപള്ളിയിൽ ചൊല്ലിയശേഷം പൊന്നമ്പയിലേക്ക് 2 മണിക്ക് പോയി. അവിടെ മത്തച്ചനും ഇടവകക്കാരും ഉണ്ടായിരുന്നു. പള്ളിക്കുള്ള സ്ഥലം നോക്കി പ്ലാൻ എടുത്തു.

**മാർച്ച് 1.** അരമനയിൽ ചൊല്ലി. പൊന്നമ്പ പള്ളിപണിക്കു അനുവാദം കിട്ടി. മടങ്ങിപോന്നു, 6 മണിക്ക് വീട്ടിലെത്തി.

**3.** തിരുമേനി വൈകിട്ടു 7 മണിക്ക് മൈലപ്രാ എത്തി താമസിച്ചു.

**4.** തിരുമേനി 7 മണിക്ക് ചൊല്ലി. ശുബുക്കോനോ കഴിഞ്ഞ് 9 മണിക്ക് തിരിച്ചു സ്കൂളിൽ കയറി. ഉടനെ തിരുമേനി വടശ്ശേരിക്കരക്ക് പോയി. കോൺഗ്രസുകാർ വന്ന് പ്രസംഗം തുടങ്ങി. എന്നെയും വിളിച്ചുകൊണ്ടുപോയി, ഞാനും പ്രസംഗിച്ചു. പ്രസംഗസമയത്ത് തിരുമേനിയുടെ നിർദ്ദേശപ്രകാരം കാറുമായി കീവർച്ചൻ (ഡ്രൈവർ) വന്നു. പ്രസംഗത്തിനുശേഷം ഞാൻ വടശ്ശേരിക്കര എത്തി തിരുമേനിയോടുകൂടി ചിറ്റാറിലേക്ക് പോയി. സൂപ്രണ്ടിന്റെ വീട്ടിൽ നിന്നും 2 മണിക്ക് ഊണുകഴിഞ്ഞ് ഞങ്ങൾ നിലക്കലിലേക്ക് പോയി. ആങ്ങാമൂഴിയിൽ എത്തി, അവിടെ നിന്നും അനേകം ആളുകളുമായി നടന്നു. ഒന്നരമണിക്കൂർ നടന്ന് നിലക്കൽ ഷെഡിൽ എത്തി. അവിടെ 2 അച്ചന്മാരുണ്ടായിരുന്നു. അവിടെ താമസിക്കാതിരിക്കാൻ അവർ പ്രേരിപ്പിച്ചു. പക്ഷേ ഞങ്ങൾ അവിടെ തന്നെ താമസിച്ചു.

**5.** രാവിലെ എഴുന്നേറ്റു തിരുമേനിയും മറ്റു അച്ചന്മാരും ആയി പ്രാർത്ഥന നടത്തി. 7 മണിക്ക് പള്ളിത്തറ കാണാൻ ഏവരും കൂടി പോയി. 8.30 വരെ പലതും നോക്കി കണ്ടു മടങ്ങിപോന്നു. ആങ്ങാമൂഴിയിൽ എത്തി കാറിൽ തിരിച്ചു വടശ്ശേരിക്കര എത്തി. തിരുമേനി ചൊല്ലി. ഞാൻ റ്റി.ബി.യിൽ വിശ്രമിച്ചു. ഉച്ച ഊണും മീറ്റിംഗും കഴിഞ്ഞു 5 മണിയോടു ഞങ്ങൾ മൈലപ്രായ്ക്കു പോന്നു. 6 മണി



www.malankaralibrary.com

ക്കെത്തി തിരുമേനിയും കൂട്ടരും പള്ളി ബംഗ്ലാവിൽ താമസിച്ചു. ഞാനും അവിടെ ഉറങ്ങി.

**7.** ചെങ്ങറ വഴി പൊന്നമ്പയിൽ എത്തി. അവിടെ തറവെട്ടി നിരപ്പാക്കുന്നതിനായി കങ്കാണി മത്തായിയെ ചുമതലപ്പെടുത്തി. ഒന്നര രൂപ റേറ്റിന് വേലക്കാരെ വച്ച് ജോലി ചെയ്യിക്കാൻ അയാൾക്ക് ഒന്നര രൂപ ദിവസകൂലി കൊടുക്കാനും നിശ്ചയിച്ചു. 100 രൂപ ജോലിക്കായി അയാളെ ഏല്പിച്ചു.

**8.** ഇന്ന് ഇലക്ഷൻ ഡേ ആയിരുന്നു. 3 മണിക്ക് വോട്ട് ചെയ്തു.

**11.** റാന്നിയിൽ വയലായും പത്തനംതിട്ട ഭാസിയും ജയിച്ചു എന്നറിഞ്ഞു.

**13.** രാവിലെ നിലക്കൽ പള്ളിതറ കണ്ടുപിടിക്കാൻ കണ്ണൻമണ്ണിലെ അച്ചായനെ (ജ്യേഷ്ഠ സഹോദരൻ) അയച്ചു. 17 രൂപ ചെലവിന് കൊടുത്തു.

**14.** വൈകിട്ടു മേമ്പാറയ്ക്ക് തിരിച്ചു. 6 മണിക്ക് അവിടെ എത്തി പള്ളിയിൽ താമസിച്ചു. ചാക്കോച്ചൻ 7 മണിക്കുവന്നു.

**15.** മാമ്പാറ പള്ളിയിൽ ചൊല്ലി. ചാക്കോച്ചനും ഞാനും കൂടി വണ്ടിയിൽ പേഴുംപാറയിൽ എത്തി അവിടെ നിന്നും ചിറ്റാറ്റിന് തിരിച്ചു. 10.30 -ന് കൊച്ചുകോയിക്കൽ എത്തി വിശ്രമിച്ചു. ഊണുകഴിഞ്ഞു 2 മണിക്ക് ആങ്ങാമൂഴിയിൽ പോയി. അച്ചായനെ അവിടെവച്ചു കണ്ടു. അവരുടെ യാത്ര അത്ര പറ്റിയില്ല. തറ കാണാൻ സാധിച്ചില്ല. തോക്ക് ഫോറസ്റ്റുകാർ പിടിച്ചെടുത്തു എന്ന് പറഞ്ഞു. ഞങ്ങൾ മടങ്ങി കൊച്ചുകോയിക്കൽ എത്തി പള്ളിയിൽ താമസിച്ചു.

**16.** കൊച്ചുകോയിക്കൽ പള്ളിയിൽ ചൊല്ലി. ഉടനെ തിരിച്ചുപോന്നു.

**18.** ജോയിക്കുട്ടിയുടെ എഴുത്തും 100 ഡോളറിന്റെ ഒരു ചെക്കും കിട്ടി.

**22.** കത്തീഡ്രലിൽ ചൊല്ലി. ജോയി അയച്ചുതന്ന ചെക്ക് മാറ്റി എടുക്കാൻ ജോൺ മാത്യു അച്ചനെ ഏല്പിച്ചു. അരമനയിൽ എത്തി പല കാര്യങ്ങളും ആലോചിച്ചു താമസിച്ചു.

**23.** അതിരാവിലെ ചൊല്ലി. 6 മണിക്ക് തിരിച്ചു ചേപ്പാടു എത്തി. മാത്യു കൊമ്പനാൽ അച്ചന് എഴുത്തുകൊടുത്തു. അവിടെ നിന്നും മാവേലിക്കര വഴി തിരിച്ചു 1 മണിക്ക് വീട്ടിലെത്തി.

**25.** രാവിലെ പെരുനാടുപള്ളിയിൽ പോയി കക്കാടു സ്കൂളിന്റെ അക്സഷൻ ഓർഡർ കൊടുത്തിട്ടു പോന്നു. 4 മണിക്ക് പഞ്ചായത്ത് കമ്മറ്റി മീറ്റിംഗ് നടന്നു. കുമ്പഴ ചെന്ന് ലേലം ചെയ്തു.

**26.** നന്നുക്കാട്ടുപോയി തഹസീൽദാർ ശ്രീ. ജോർജിനെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. പള്ളിയിൽ എത്തി ധ്യാനത്തിൽ കൂടി. 3 മണിക്ക് കുര്യച്ചൻ മുതൽ പേരുടെ പട്ടം ഏറ്റതിന്റെ 13-ാം വാർഷികം



www.malankaralibrary.com

കൊണ്ടാടി. ഞാനും പ്രസംഗിച്ചു. വീട്ടിലെത്തി. ജോൺ മാത്യു അച്ചൻ അയച്ച ചെക്കു 469 രൂപ കിട്ടി.

**29.** അരമനയിൽ ചൊല്ലി. ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എ. ചെറിയാനെ കണ്ടു സ്കൂൾ സംബന്ധിച്ച ചില കാര്യങ്ങൾ പറഞ്ഞു. 2 മണിക്ക് കൗൺസിൽ തുടങ്ങി 4.30–ന് തീർന്നു. ഉടനെ തന്നെ കൊട്ടറയ്ക്ക് ഒരുമിച്ചു തിരിച്ചു തിരുമേനി അവിടെ പ്രസംഗിച്ചു. 11 മണിക്ക് കൊട്ടാരക്കര പള്ളിയിലെത്തി കിടന്നു.

**31.** മൈലപ്രായിൽ നെയ്യും പാൽപൊടിയും വിതരണം ചെയ്യിച്ചു.

**ഏപ്രിൽ 4.** പത്തനംതിട്ട പള്ളിയിൽ എത്തി തൈകൂട്ടത്തിൽ ശമുവേൽ അച്ചന്റെ പുത്തൻകുർബാനയിൽ സംബന്ധിച്ചു. തിരുമേനിയും അനേകം അച്ചന്മാരും ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞ് സ്കൂളിൽ വച്ചു അനുമോദനമീറ്റിംഗും അതുകഴിഞ്ഞ് അച്ചന്റെ വീട്ടിൽ വച്ചു ലഞ്ചും ഉണ്ടായിരുന്നു.

**9.** അരമനയിൽ ചൊല്ലി. പൊന്നമ്പ പള്ളി പണിക്ക് 500 രൂപ വാങ്ങിപോന്നു.

**13.** ചെങ്ങറ ചൊല്ലി. ഒന്നര റാത്തൽ പാൽപൊടി ഒരാൾക്കും 1 ടിൻ നെയ്യ് 3 പേർക്കുവീതവും വിതരണം ചെയ്തിട്ടു ബാക്കിയുള്ളത് പൊതുജനങ്ങൾക്ക് കൊടുക്കാനും ഏർപ്പാടു ചെയ്തു.

**14.** ഓശാന ശുശ്രൂഷയും കുർബാനയും മൈലപ്രായിൽ നടത്തി. 5 മണിയോടുകൂടി ദാനിയേൽ അയ്യനേത്തച്ചൻ ധ്യാനം നടത്താൻ വന്നു. പ്രാർത്ഥനയും ധ്യാനവും 8.30–ന് തീർന്നു. 17–ാം തീയതി വരെ അച്ചൻ ധ്യാനം നടത്തി. ശ്രീ. എം.റ്റി. ജോർജ് ധ്യാനഗുരുവിന് നന്ദിപ്രകടനം നടത്തി. അച്ചൻ ഉച്ചയ്ക്ക് വീട്ടിൽ വന്ന് ഉണ്ടിട്ടു മടങ്ങിപോയി.

**21.** രാത്രിയിൽ ഉയർപ്പു ശുശ്രൂഷയും കുർബാനയും കഴിഞ്ഞ് 9 മണിക്ക് ചെങ്ങറ എത്തി കുർബാന ചൊല്ലി.

**24.** തിരുവനന്തപുരത്തിന് പോയി 5 മണിക്കെത്തി. തിരുമേനിയുമായി കാര്യങ്ങൾ പറഞ്ഞു. പൊന്നമ്പ പള്ളിപണിയും പറഞ്ഞു.

**25.** അരമനയിൽ നിന്നും 1000 രൂപ ചെക്ക് വാങ്ങി മടങ്ങിപോന്നു.

**26.** രാവിലെ പൊന്നമ്പക്ക് പോയി. അവിടെ വാനം വെട്ടാൻ കുറ്റി അടിച്ചു. പിന്നീടു പോയി ചില തടികൾ നോക്കി. പുലിമുഖത്ത് അച്ചന്റെ വീട്ടിൽ പോയി ഊണുകഴിച്ചു വിശ്രമിച്ചു. ആഞ്ഞിലികുന്നിൽ പോയി 2 കണ്ടി 3 ച. അടി ഉള്ള തടി 165 രൂപക്ക് വാങ്ങി, 35 രൂപ അഡ്വാൻസ് കൊടുത്തു വീട്ടിലെത്തി. 7 മണിക്ക് പെരുനാട്ടിന് പോയി പള്ളിയിൽ കിടന്നു.

**30.** ശ്രീ. എൻ.ഐ. തോമസിനേയും കൊണ്ട് തടി നോക്കാൻ റാന്നിക്ക്





www.malankaralibrary.com

പോയി. അവിടെ ഒരു ഡിപ്പോയിൽ നിന്നും 8 കണ്ടി തേമ്പാവുതടി കണ്ടിക്ക് 70 രൂപ വിലവച്ചുവാങ്ങി. 500 രൂപ കൊടുത്തു. അടുത്തുള്ള സ്ഥലത്ത് 12 രൂപ വച്ചു ഒരു കണ്ടിതടി അറുത്തു തരുന്നതിന് ഏർപ്പാടു ചെയ്തു. തടി അറപ്പിച്ചു കൊണ്ടുവരുന്നതിന് എൻ.ഐ.റ്റി.യെ ചുമതലപ്പെടുത്തിയിട്ടു ഞാൻ പോന്നു.

**മെയ് 3.** തിരുവല്ലാ അരമനയിൽ പൊയി തിരുമേനിയുമായി പല കാര്യങ്ങൾ സംസാരിച്ചു. തിരുമേനി റോമിന് പോകുന്നു.

**7.** അരമനയിൽ ചൊല്ലി. 6 മണിക്ക് തിരുമേനിയോടുകൂടി മഠത്തിൽ പോയി. തിരുമേനിയുടെ കുർബാന കഴിഞ്ഞ് 18 പേർക്ക് നിത്യ വ്യത വാഗ്ദാനം നടത്തി. കാപ്പി കഴിഞ്ഞ് അരമനയിലെത്തി. ഉടനെ മടങ്ങിപോന്നു, 5 മണിക്കെത്തി.

**9.** അയിരൂർ പന്തോളിൽ വീടുകൂദാശയയ്ക്ക് പോയി. 11.30-ന് അവിടെ എത്തി. 4 മണിക്ക് കൂദാശ തുടങ്ങി. തിരുവനന്തപുരം തിരുവല്ലാ തിരുമേനിമാർ, 50-ൽപരം അച്ചന്മാർ, അനവധി ആളുകളും ഉണ്ടാ യിരുന്നു. രാത്രി അവിടെ കിടന്നു.

**10.** വെളുപ്പിന് കുറ്റിയിലച്ചനും ഞാനും കൂടി തിരിച്ചു മൈലപ്രാ എത്തി കുർബാന ചൊല്ലി. ഓരോ കാര്യം പ്രമാണിച്ചു പലരും വന്നതിനാൽ 12 മണി കഴിഞ്ഞ് വീട്ടിലെത്തി.

**13.** അതിരാവിലെ കുളത്തൂപ്പുഴ കുഞ്ഞുകുട്ടിയുടെ വീട്ടിൽ നിന്നും വന്ന് പുതിയ പള്ളിയിൽ ചൊല്ലി. തിരുമേനി പള്ളികൂദാശ നടത്തി, കുർബാന ചൊല്ലി. വിശ്രമത്തിനുശേഷം 1 മണിക്ക് തിരുമേനിയോടു കൂടി തിരുവനന്തപുരത്തിന് പോയി, അരമനയിൽ ഉറങ്ങി.

**15.** രാവിലെ എൻ.റ്റി. ബേബിയും സഹോദരൻ ഗീവർഗ്ഗീസും ഞാനും കൂടി പെരുനാട്ടിൽ പോയി അവിടെ നിന്നും ജേക്കബ് ജോൺ അച്ച നോടുകൂടി രാജാംപാറയ്ക്ക് പോയി. അവിടെ നിന്നും തലപ്പള്ളി കാട്ടിൽ കൂടി പോയി 12 മണിക്ക് ചില പ്രത്യേക തറകളും കളവും മറ്റും കണ്ടു ഫോട്ടോ എടുത്തു. അത് കഴിഞ്ഞ് ഞങ്ങൾ മടങ്ങിപോന്നു. 9 മണിക്ക് വീട്ടിലെത്തി.

**19.** ചെങ്ങറ പള്ളിയിൽ ചൊല്ലി, രണ്ടുപേരെ സഭയിലേയ്ക്ക് ചേർത്തു.

**24.** അരമനയിൽ ചൊല്ലി. ചില കാര്യങ്ങൾ ക്രമീകരിച്ചു. 4 മണി കഴിഞ്ഞ് തിരിച്ച് 9 മണിക്ക് കൊട്ടാരക്കര ലത്തീൻ പള്ളിയിൽ എത്തി താമസിച്ചു.

**27.** മൈലപ്രാ പ്രൈമറി സ്കൂൾ കെട്ടിടം പൊളിപ്പിച്ചു (ആദ്യം സ്ഥാപിച്ച സ്കൂൾ). വളരെ കേടുപാടുകൾ ഉണ്ടായിരുന്നു.



www.malankaralibrary.com

**30.** സ്കൂൾ പണി നടക്കുന്നു. ഉച്ചകഴിഞ്ഞ് പഞ്ചായത്ത് കമ്മറ്റി മീറ്റിംഗ് നടന്നു, പല തീരുമാനങ്ങളും എടുത്തു. നാളെ നടക്കുന്ന ന്യായ വില ഷാപ്പുകൾ സംബന്ധിച്ച മീറ്റിംഗിൽ സംബന്ധിക്കാൻ എന്നെ ഡെപ്യൂട്ട് ചെയ്തു.

**31.** സ്കൂൾ പണിനടക്കുന്നു. 11 മണിക്ക് പഞ്ചായത്ത ഓഫീസറും ഞാനും കൂടി താലൂക്ക് ഓഫീസിൽ മീറ്റിംഗിന് പോയി. തഹ സീൽദാർ അദ്ധ്യക്ഷൻ, 3 ന്യായവില ഷാപ്പുകൾക്ക് ഞാൻ എഴുതി കൊടുത്തു. തങ്കപ്പൻ നായർ, സ്തുതിക്കാടു ഏബ്രഹാം, മേക്കൊഴൂർ സംഘം ഇവർക്കു വേണ്ടിയാണ്. 6 മണിക്ക് മടങ്ങിപോന്നു.

**ജൂൺ 6.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി സംസാരിച്ചു. പൊന്നമ്പ പള്ളി പണിക്ക് 500 രൂപ തന്നു. മാർ ഈവാനിയോസ് ഹാളിന്റെ പണിയിൽ ബാക്കിയുള്ള രൂപ അടുത്തു തന്നെ തരാമെന്ന് പറഞ്ഞു. 2 മണിക്ക് മടങ്ങി 6 മണിക്ക് വീട്ടിലെത്തി.

**10.** ഒരു വിവാഹം നടത്തി. ഉടനെ കാറിൽ തോന്നിയാമല പോയി യു. പി. സ്കൂളിന്റെ ഉദ്ഘാടനം ഞാൻ നടത്തി. ഇൻസ്പെക്ടർ സ്കൂൾ കണ്ടു തൃപ്തിപ്പെട്ടു. ഏബ്രഹാം തെക്കേടത്തച്ചനും റ്റി.ജി. തോമസും അവിടെ ഉണ്ടായിരുന്നു. മടങ്ങി വീട്ടിലെത്തിയപ്പോൾ 4 മക്കൾക്ക് സുഖമില്ലാതെ കിടക്കുന്നു. ഡോ. പി.വി. ജോർജ് വന്ന് പരിശോധിച്ചു ഇൻജക്ഷൻ കൊടുത്തു.

**10-20.** (20-ാം തീയതി വരെ മിക്കവാറും വീട്ടിൽ തന്നെ. അകലെ എങ്ങും പോയില്ല. കുഞ്ഞുങ്ങളുടെ പനിയും മറ്റും കുറയുന്നില്ല. എല്ലാവർക്കും നല്ല ക്ഷീണം. ആന്റിബയോട്ടിക്സും മറ്റും കൊടുത്തു. അൽഫോൺസാമ്മയുടെ മദ്ധ്യസ്ഥതയിൽ അപേക്ഷിച്ചു. ബാബു മോന്റേത് വളരെ കൂടുതലാണ്. മറ്റുള്ളവർക്ക് അല്പം കുറഞ്ഞു തുടങ്ങി. വളരെ വിഷമിച്ച ദിവസങ്ങൾ.

**21.** അഞ്ചര വയസ്സുള്ള കൊച്ചുമോൻ വെളുപ്പിന് 4.30-നുശേഷം മരിച്ചു. പലയിടത്തും അറിയിക്കാൻ ആളയച്ചു. രാവിലെ പള്ളിയിൽ പോയി ചൊല്ലിയിട്ടു വന്നു. ബന്ധുമിത്രാദികളും വളരെ അധികം ആളുകളും വന്നു. പല അച്ചന്മാരും വന്നു. 2 മണിക്ക് സ്കൂൾ കുട്ടികളുടെ സഹകരണത്തിൽ ശരീരം പള്ളിയിൽ കൊണ്ടുപോയി ആമ്പശ്ശേ രിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ അമ്മയുടെ കല്ലറയുടെ അടുക്കൽ അടക്കി. സിസ്റ്ററിനേയും മദറിനേയും കാറിൽ കൊണ്ടു പോയി മദറിനെ തിരുവല്ലായിലും സിസ്റ്ററിനെ ചങ്ങനാശ്ശേരിയിലും വിട്ടിട്ടു വന്നു.



www.malankaralibrary.com

**24.** ഗവൺമെന്റ് ഡിസ്പെൻസറിയിലെ ഡോ. മത്തായി വന്നു പരിശോധിച്ചു. ഈ ദിവസങ്ങളിൽ മരുന്ന് കൊടുത്തു. അദ്ദേഹം ദിവസവും വന്ന് നോക്കികൊണ്ടിരുന്നു. അങ്ങനെ മറ്റുള്ളവർക്ക് ഭേദപ്പെട്ടുവരുന്നു. പലരും വന്ന് അനുശോചനം അറിയിച്ചു.

**27.** വീട്ടിൽ തന്നെ. 3 മണിക്ക് തിരുമേനി വന്നു അനുശോചനം പറഞ്ഞു. രോഗികളെ കണ്ടു പ്രാർത്ഥിച്ചു. തിരുഹൃദയപ്രതിഷ്ഠ നവീകരണം തിരുമേനി നടത്തിയിട്ടു തിരിച്ചുപോയി.

**ജൂലൈ 3.** രാവിലെ വലിയ അയന്തിയിൽ എത്തി മാർതോമ്മാ ശ്ലീഹായുടെ പെരുനാളിന് മൂന്നിൻമേൽ കുർബാന ചൊല്ലി മടങ്ങി.

**15.** രാവിലെ കരിയിലച്ചനോടു കൂടി നന്നുക്കാടു എത്തി അച്ചന്മാരോടു കൂടി കാറിൽ തിരുവനന്തപുരത്തിന് തിരിച്ചു 11 മണിക്ക് അവിടെ എത്തി. വിദ്യാഭ്യാസ ബിൽ പ്രക്ഷോപണ മീറ്റിംഗ് കൂടി. 6 മണിക്ക് ഞങ്ങൾ മടങ്ങിപോന്നു.

**16.** ഇന്ന് 4.30–ന് ആദ്യമായി സ്ഥാപിച്ച ഇലക്ട്രിക് ലൈനിന്റെ സ്വിച്ച് ഓൺ കർമ്മം ഞാൻ പഞ്ചായത്ത് ഓഫീസിൽ വച്ചു നടത്തി എന്റെ റേഡിയോ വർക്കുചെയ്തു. ഉദ്യോഗസ്ഥന്മാർക്ക് ടീപാർട്ടി നടത്തി.

**20.** വൈകിട്ടു പള്ളിയിൽ എത്തി. 7 മണിക്ക് കറണ്ട് കണക്ഷൻ കിട്ടി.

**24.** മാവേലിക്കര പോയി. മടങ്ങി നന്നുക്കാട്ടു എത്തി വിശ്രമിച്ചു. പലരും വന്നു. വിദ്യാഭ്യാസ പ്രക്ഷോപണം സംബന്ധിച്ചു ആലോചനമീറ്റിംഗ് നടന്നു. പല കാര്യങ്ങളും തീരുമാനിച്ചു.

**25.** 2 മണിയോടുകൂടി ഡേവിഡ് അച്ചൻ കാറുമായി വന്നു. ഞങ്ങൾ പണപിരിവിനായി പെരുനാടു, കൂത്താട്ടുകുളം, ചിറ്റാർ മുതലായ സ്ഥലങ്ങളിൽ പോയി. രാത്രി 4 മണിയ്ക്ക് വടശ്ശേരിക്കര ഡോ. സാമുവേലിന്റെ വീട്ടിലെത്തി ഉറങ്ങി.

**28.** ഭരണങ്ങാനത്ത് അതിരാവിലെ എഴുന്നേറ്റ് പള്ളിയിൽ എത്തി പ്രാർത്ഥിച്ചു. 8.15–ന് കുർബാന കബറിങ്കൽ ചൊല്ലി. 9 മണികഴിഞ്ഞ് മടങ്ങിപോന്നു, 3 മണിക്കെത്തി. ഇന്ന് സന്ധ്യ മുതൽ ക്ഷീരബല എണ്ണസേവയും പത്ഥ്യവും തുടങ്ങി.

**ആഗസ്റ്റ് 4.** മൈലപ്രായിൽ ചൊല്ലി, കല്പന വായിച്ചു. എല്ലാവരും നന്നുക്കാടു മീറ്റിംഗിന് പോകണമെന്ന് പ്രസ്താവിച്ചു. 2 മണിക്ക് നന്നുക്കാട്ടു എത്തി. തിരുമേനിയും പല അച്ചന്മാരും ജനങ്ങളും ഉണ്ടായിരുന്നു. 3 മണിയോടുകൂടി എല്ലാ സ്ഥലങ്ങളിൽ നിന്നും പ്രതിനിധികൾ എത്തിച്ചേർന്നു. തിരുമേനിയും ജോർജ് വറുഗീസ് കണ്ണന്താനവും പ്രസംഗിച്ചു. അതുകഴിഞ്ഞു തിരുമേനിയും ഞാനും



www.malankaralibrary.com

ഫിലിപ്പ് വക്കീലും കൂടി പീലോക്സിനോസ് മെത്രാച്ചനെ പോയി കണ്ടു വിദ്യാഭ്യാസ ബില്ലിന്റെ കാര്യം പറഞ്ഞു. 9 മണിക്ക് മടങ്ങി പോന്നു.

**5.** ജോയി അയച്ച കത്തുകളും 125 ഡോളറിന്റെ ചെക്കും കിട്ടി. കുരുവിള അച്ചൻ സ്കൂളിൽ വന്നു. ഉച്ചയോടുകൂടി മദർ ജനറാളും, നാലാഞ്ചിറയിലെ മദറും മറ്റും വന്നു. 4 മണിക്കുശേഷം അവർ മടങ്ങിപോയി.

**11.** ചെങ്ങറ ചൊല്ലി, കല്പന വായിച്ചു പ്രസംഗിച്ചു. 1 മണിക്ക് വീട്ടിലെത്തി. 3 മണിക്ക് വയലത്തല പള്ളിയിൽ എത്തി. പ്രതിഷേധയോഗം 4.30-ന് വയലായുടെ അദ്ധ്യക്ഷതയിൽ കൂടി. കാപ്പൻ മുതലായവർ പ്രസംഗിച്ചു. വയലത്തല പള്ളിയിൽ കിടന്നു.

**12.** വയലത്തല ചൊല്ലി. ഉടനെ നടന്ന് കുളത്തുങ്കൽ എത്തി വാർദ്ധക്യ ത്തിൽ കിടക്കുന്ന വല്ല്യമ്മയെ കണ്ടു പ്രാർത്ഥിച്ചു. ഉതിമൂട്ടിൽ നടന്നെത്തി ബസിൽ വീട്ടിലുമെത്തി.

**25.** പ്രതിഷേധയോഗം സംബന്ധിച്ചു അറിയിച്ചതനുസരിച്ചു 2 മണിക്ക് ജാഥ പുറപ്പെട്ടു. 3 മണിക്ക് പത്തനംതിട്ട എത്തി. എല്ലാവരും കൂടി 5 മണിക്ക് മാക്കാംകുന്നേൽ എത്തി കെ.ജി. കൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് തുടങ്ങി. സി.എം. സ്റ്റീഫൻ, ചാഴിക്കാടൻ, പി.എസ്. ജോർജ്, ബഷീർ മുതലായവർ പ്രസംഗിച്ചു. 9 മണിക്ക് തീർന്നു.

**26.** രാവിലെ ജാഥയിൽ കൂടാനുള്ള ആളുകൾ കാറിൽ തിരുവനന്തപുര ത്തിന് പോയി. 2 മണിക്ക് വിദ്യാഭ്യാസ ബില്ലിന് എതിരായിട്ടുള്ള ജാഥ നീങ്ങി, വെള്ളയമ്പലത്ത് എത്തി അവിടെനിന്നും കിഴക്കേ കോട്ട മൈതാനത്ത് കൂടി. 2 ലക്ഷംപേരോളം ഉണ്ടായിരുന്നു. ജാഥയും മീറ്റിംഗും കഴിഞ്ഞു പതിനായിരത്തിൽപരം ആളുകൾ അരമനഭാഗത്ത് വന്ന് രാത്രി കഴിച്ചുകൂട്ടി.

**28.** രാവിലെ ഞാനും കരിയിലച്ചനും കൂടി വന്ന് കോഴിമല അച്ചായന് (രണ്ടാമത്തെ ജ്യേഷ്ഠസഹോദരൻ) തൈലാഭിഷേകം നടത്തി.

**30.** അരമനയിൽ ചൊല്ലി. 10 മണിയോടുകൂടി തിരുമേനിയും ഞാനും കൂടി ഡോ. പി.റ്റി. ചാക്കോയെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി കണ്ടു. അദ്ദേഹം വളരെ അവശനായി ശ്വാസം വലിക്കുന്ന തായി കണ്ടു. പിന്നീടു 11 മണിയോടു അദ്ദേഹം മരിച്ചതായി അറിഞ്ഞു, വീണ്ടും ആശുപത്രിയിൽ പോയി കണ്ടു. 3 മണിക്ക് കൗൺസിൽ കൂടി 5 മണിക്ക് കഴിഞ്ഞു. ഞാനും ആന്റണി കേളം പറമ്പിലച്ചനും കൂടി തിരിച്ചു അടൂരെത്തി ഉറങ്ങി.





www.malankaralibrary.com

**സെപ്റ്റംബർ 7.** കുഴിയംമണ്ണിൽ അച്ചനുവേണ്ടി വയലത്തല പള്ളിയിൽ മൂന്നിൻമേൽ കുർബാന ചൊല്ലി ധൂപം വച്ചു. 2 മണിക്ക് മടങ്ങി എത്തി. 3.30-ന് കോഴിമല അച്ചായൻ മരിച്ചു. ഞാനുടനെ എത്തി പ്രാർത്ഥന തടത്തി. വളരെ വൈകി രാത്രിവരെ അവിടെയായിരുന്നു.

**8.** വെളുപ്പിന് 5 മണിക്ക് കോഴിമല പോയി സംസ്കാര ശുശ്രൂഷയുടെ പ്രാർത്ഥന നടത്തി. 6.30-ന് മൃതശരീരവുമായി പള്ളിയിലേക്ക് തിരിച്ചു. 7 മണിക്ക് പരസ്യകുർബാന ചൊല്ലി സംസ്കാര ശുശ്രൂഷ നടത്തി അടക്കി. കരിയിലച്ചനും കൂടി. 9 മണിക്ക് മണ്ണിലെ ലോറിയിൽ ചെങ്ങറ പള്ളിയിൽ പോയി. സൂപ്രണ്ടു തോമാച്ചന്റെ കുഞ്ഞിനെ പള്ളിയിൽ കൊണ്ടുവന്നു. രണ്ടാമത്തെ കുർബാന ചൊല്ലി കുഞ്ഞിനെ അടക്കി. 12 മണി കഴിഞ്ഞു കുടപ്പന എത്തി ഭക്ഷണം കഴിഞ്ഞ് 3 മണിയ്ക്ക് മടങ്ങി സാറാമ്മയുടെ വീട്ടിൽ കയറിയിട്ടു സൂപ്രണ്ടിന്റെ വീട്ടിൽ പോയി. കുറെ കഴിഞ്ഞു നാളത്തെ കല്യാണ വീട്ടിൽ എത്തി. അവിടെനിന്നും സന്ധ്യയോടുകൂടി വടക്കുപുറത്ത് എത്തി താമസിച്ചു.

**9.** വടക്കുപുറത്ത് ചൊല്ലി. കല്യാണം ആശീർവദിച്ചു. ഭക്ഷണം കഴിഞ്ഞു പൊന്നമ്പയിൽ പള്ളിപണി പോയി കണ്ടിട്ടു വീട്ടിലേക്ക് മടങ്ങിപോന്നു.

**16.** രാവിലെ കോട്ടയത്തിന് പോയി. മാനേജേഴ്സ് കോൺഫറൻസ് 2 മണിക്ക് മാമ്മൻ മാപ്പിള ഹോളിൽ കൂടി. പല കാര്യങ്ങളും തീരുമാനിച്ചു. 6 മണിക്ക് കാറിൽ കുരുവിള അച്ചനോടുകൂടി തിരിച്ചു അച്ചന്റെ വീട്ടിൽ കയറി. പിന്നീടു തിരുവല്ലാ അരമനയിൽ എത്തി ഊണു കഴിഞ്ഞ് ഞാൻ കാറിൽ പോന്നു. വീട്ടിൽ 9.30-ന് എത്തി.

**17.** വെളുപ്പിന് 4 മണിക്ക് എഴുന്നേറ്റു കാറിൽ തന്നെ തിരുവല്ലാ അരമനയിൽ എത്തി ചൊല്ലി. 10 മണിക്ക് കുരുവിള അച്ചനോടുകൂടി മാവേലിക്കര ഡി.ഇ.ഒ. ഓഫീസിലെത്തി സി.എസ്.ന്റെയും മറ്റും വിവരങ്ങൾ അന്വേഷിച്ചു. 3 മണിക്ക് ഞാൻ മടങ്ങിപോന്നു.

**23.** 8 മണിക്ക് തിരുമേനി പെരുനാട്ടിൽ നിന്നും വന്നു. ഒരുമിച്ച് പത്തനംതിട്ടയും കിഴവള്ളൂരും എത്തി. ഊണു കഴിഞ്ഞ് പുനലൂർ, ആയൂർ വഴി 4 മണിക്ക് അരമനയിൽ എത്തി. കാര്യങ്ങൾ പറഞ്ഞു തീർത്തശേഷം അവിടെ താമസിച്ചു.

**30.** 11 മണിക്ക് പൊന്നമ്പയിൽ പള്ളി കാണാൻ പോയി. ആ വഴി പത്തനംതിട്ട എത്തി. 3 മണിക്ക് ഫുഡ് അഡ്വൈസറി കമ്മറ്റി മീറ്റിംഗിൽ കൂടി. 6 മണിക്ക് മടങ്ങിപോന്നു.

**ഒക്ടോബർ 1.** ഗവർണർ എ.ജെ. ജോൺ മരിച്ചതായി റേഡിയോ ന്യൂസ് കേട്ടു.



www.malankaralibrary.com

**6.** ചെങ്ങറ പോയി ചൊല്ലി. മടങ്ങി എത്തി. 3.30-ന് വടശ്ശേരിക്കര പോയി അവിടെ കുർബാന ചൊല്ലാൻ നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ മുറിയുടേയും അലമാരിയുടേയും താക്കോൽ ഇല്ലാതിരുന്നതിനാൽ ചൊല്ലിയില്ല. മടങ്ങിപോന്നു.

**20.** ചെങ്ങറ പോയി ചൊല്ലി പ്രസംഗിച്ചു. 11 മണിക്ക് മടങ്ങിപോരാൻ തിരിച്ചു, ബസുകാത്തു നിന്നു. ചെങ്ങറ ഓഫീസുവരെ നടന്നു ബസു കാത്തു കിട്ടിയില്ല. ശ്രീ. മത്തായിയുടെ വീട്ടിൽ പോയി ഊണുകഴിച്ചു. 2 മണിക്ക് ബസ് കിട്ടി മടങ്ങിപോന്നു.

**28.** തിരുവല്ല അരമനയിൽ എത്തി റോം സന്ദർശനം കഴിഞ്ഞുവന്ന തിരുമേനിയെ കണ്ടു സംസാരിച്ചു.

**30.** തിരുവനന്തപുരത്ത് അരമനയിൽ ചൊല്ലി. ശ്രീ. ജോൺ മാത്യു അച്ചനെ കണ്ടു ജോയിയുടെ കാര്യം പറഞ്ഞു. 3 മണിക്ക് കൗൺസിൽ കൂടി പല കാര്യങ്ങളും ആലോചിച്ചു.

**31.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി പല കാര്യങ്ങളും പറഞ്ഞു. സ്കൂൾ വകയിൽ കിട്ടാനുള്ള 2150-ൽ 150 രൂപയും പൊന്നമ്പിൽ പള്ളിയ്ക്ക് 300 രൂപയും വാങ്ങിപോന്നു.

**നവംബർ 4.** പുന്തല നിന്നും കോശി സാറുവന്നു. ഞാനും കൂടി ചങ്ങനാശ്ശേരിയിൽ എത്തി ബോട്ടിൽ പുളങ്കുന്നിന് പോയി. 3 മണിക്ക് അവിടെ പാത്തിക്കൽ ഔസേപ്പച്ചന്റെ വീട്ടിലെത്തി കൊച്ചനെ കണ്ടു. 6 മണിക്ക് മടങ്ങി ചങ്ങനാശ്ശേരി അരമനയിൽ 8 മണിക്കെത്തി താമസിച്ചു.

**9.** തൊമ്മിസാറു വന്നു. ഞങ്ങൾ ഒരുമിച്ചു എഴിയത്ത് അച്ചന്റെ വീട്ടിൽ പോയി. തൊമ്മിസാറിന്റെ മകൻ തോമസിനുവേണ്ടി അച്ചന്റെ മകളെ കാണാനാണ് പോയത്. 4 മണിക്ക് മടങ്ങിയെത്തി. നല്ല സുഖമില്ല.

**10-15.** സുഖമില്ലാതെ കഷായവും കുഴമ്പും എണ്ണയും മറ്റുമായി കഴിച്ചുകൂട്ടി.

**18.** കൊട്ടാരക്കര പള്ളിയിൽ ചൊല്ലി. റമ്പാച്ചനും 25-ൽ പരം അച്ചന്മാരും ഉണ്ടായിരുന്നു. കൊട്ടാരക്കര അച്ചന്റെ മകന്റെ വിവാഹത്തിൽ സംബന്ധിക്കുവാനായിട്ടു വന്നതാണ്. 10 മണിക്ക് വിവാഹശുശ്രൂഷ തുടങ്ങി, ഊണു കഴിഞ്ഞ് 1 മണിയോടുകൂടി അരമനക്ക് തിരിച്ചു. 5 മണിക്ക് അരമനയിൽ എത്തി താമസിച്ചു.

**20.** അരമനയിൽ ചൊല്ലി. ജോർജ്ജുകുട്ടി (ജോൺ മാത്യു അച്ചന്റെ സഹോദരൻ) ഡൽഹിയിൽ നിന്നും വന്നു. ചില സ്ഥലങ്ങളിൽ പോയി, പലരേയും കണ്ടു. ഉച്ചകഴിഞ്ഞ് വീട്ടിലേക്ക് മടങ്ങിപോന്നു.

**26.** പത്തനംതിട്ട പള്ളിയിൽ ധ്യാനത്തിന് പോയി. 3 മണിയോടുകൂടി തിരുമേനിയുടെ കൂടെ വകയാറ്റും, പീടികയിലച്ചന്റെ രോഗം



www.malankaralibrary.com

കാണാൻ അദ്ദേഹത്തിന്റെ വീട്ടിലും, ചെങ്ങന്നൂർ ആശ്രമത്തിലും അവിടെ നിന്ന് കുടശനാടും എത്തി താമസിച്ചു. അവിടത്തെ വസ്തുവിന്റെ കാര്യം ആലോചിച്ചു.

**27.** തിരുമേനിയോടുകൂടി മാവേലിക്കര എത്തി കുർബാന ചൊല്ലി. അന്തോണി അച്ചനും ഉണ്ടായിരുന്നു. തിരുമേനി വാണാച്ചിറ ഒരു പള്ളിയിൽ പോയിട്ടു തിരിച്ചുവന്നു. ഞാനും അന്തോണി അച്ചനും കൂടി തോട്ടപ്പള്ളി വസ്തു കാണാൻ പോയി. 12.30-ന് തിരിച്ചുവന്ന് ഊണു കഴിഞ്ഞ് വിശ്രമിച്ചു. 3 മണിക്ക് തിരിച്ചു കറ്റാനത്ത് എത്തി, കുറെ കഴിഞ്ഞ് കായംകുളത്തും പിന്നീടു ശൂരനാടും എത്തി പള്ളി പണി കണ്ടു. അവിടെ നിന്നും തിരിച്ചു 9 മണിക്ക് അരമനയിൽ എത്തി.

**28.** 11 മണിക്ക് കൗൺസിൽ തുടങ്ങി 12-ന് തീർന്നു. 5.30-ന്റെ ബസിൽ കയറി 9 മണിക്ക് ചെങ്ങന്നൂർ ആശ്രമത്തിൽ എത്തി.

**29.** ആശ്രമത്തിൽ ചൊല്ലി. ശ്രീ. വി.ജി. സഖറിയായെ ഡോ. ശമുവേലിന്റെ ആശുപത്രിയിൽ പോയി കണ്ടിട്ടു, വീട്ടിലേക്കു പോന്നു.

**ഡിസംബർ 1.** ചെങ്ങറ പള്ളിയിൽ ചൊല്ലി ഒരു മാമോദീസായും ഒരു കുടുംബത്തെ ചേർക്കലും നടന്നു. മടങ്ങി 12.30-ന് വീട്ടിലെത്തി.

**2.** 3 മണിയോടു മാവേലിക്കര പോയി വക്കീൽ കെ.എ. മാത്യുവിനെ കണ്ടു കേസുകാര്യം പറഞ്ഞു. 20 രൂപ കൊടുത്തു. 6 മണിക്ക് പുത്തൻപുര അച്ചന്റെ (ഫാ. ജോസഫ്) വീട്ടിൽ കയറിയിട്ടു പന്തളത്ത് എത്തി ഊണുകഴിച്ചു. ഞാപള്ളി അച്ചന്റെ (ഫാ. യൗനാൻ) വീട്ടിൽ പോയി കിടന്നു.

**3.** പൊങ്ങല പള്ളിയിൽ ചൊല്ലി. കാപ്പി കഴിഞ്ഞ് പന്തളം വഴി കുടശ്ശനാട്ടു പോയി. അവിടെ ഫാ. കെ.ഇ. ജോൺ ഒ.ഐ.സി. ഉണ്ടായിരുന്നു. യൗനാൻ അച്ചനും അന്തോണി അച്ചനും വന്നു. ഡോക്ടറിനെ വരുത്തി വസ്തുവിന്റെ കാര്യം ആലോചിച്ചു. ഒരു എഗ്രീമെന്റ് എഴുതി തയ്യാറാക്കി ഒപ്പിട്ടു. 4 മണിക്ക് വസ്തു പോയി കണ്ടു പിരിഞ്ഞു.

**ഡിസംബർ 8.** മൈലപ്രാ ചൊല്ലി. പള്ളിയുടെ ഭരണം ഞാൻ തന്നെ ഏറ്റെടുത്തു. പലപ്രാവശ്യം കമ്മറ്റിക്കാർ വരാൻ പറഞ്ഞിട്ടും വരാത്തതുകൊണ്ടു ഞാൻ തന്നെ ചുമതല വഹിച്ചു. കണക്കെഴുതി സൂക്ഷിക്കാൻ ക്ലാർക്കിനെ ചുമതലപ്പെടുത്തി.

**10.** അരമനയിൽ ചൊല്ലി. കുടശ്ശനാടു വസ്തു സംബന്ധിച്ച റിപ്പോർട്ടു കൊടുത്തു. തീരുമാനമായി. അരമനയിലെ കടത്തിൽ 2000 രൂപ കൊടുത്തുതീർത്തു. മാർ ഈവാനിയോസ് ഹോളിന്റെ പണിക്ക് വരാനുള്ള 2000 രൂപ വകവച്ചുതന്നു. വീണ്ടും 500 രൂപ കടംവാങ്ങി.



www.malankaralibrary.com

**12.** തീരെ സുഖമില്ല, എങ്കിലും ചൊല്ലി. ഡോ. ജോർജിനെ പോയി കണ്ടു മരുന്നുവാങ്ങി. നന്നുക്കാടു ഏബ്രഹാം അച്ചനെ കണ്ടിട്ടു മടങ്ങി.

**13.** പഞ്ചായത്ത് മീറ്റിംഗ് നടന്നു. കുറുപ്പിനെ വൈസ് പ്രസിഡന്റായി ഞാൻ നിർദ്ദേശിച്ചു പാസ്സായി. പല കാര്യങ്ങൾ ആലോചിച്ചു. തൂപ്പു കാരൻ കുഞ്ഞുകുട്ടിയുടെ കാര്യം അടുത്ത കമ്മറ്റിയിൽ തീരുമാനി ക്കാമെന്ന് നിശ്ചയിച്ചു. പൗലോസിന്റെ കേസ് അന്വേഷിക്കാൻ ആളെ ചുമതലപ്പെടുത്തി.

**17.** 8 മണികഴിഞ്ഞു ഞാനും ഏബ്രഹാം അച്ചനും കൂടി പത്തനംതിട്ട ആശുപത്രിയിൽ എത്തി, ഇന്നലെ മരത്തിൽ നിന്നും വീണ പാപ്പന്റെ മൃതശരീരം കണ്ടു. അത് മഹസർ തയ്യാറാക്കി അടക്കുന്നതിന് വേണ്ടതു ചെയ്യാൻ പോലീസ് ഇൻസ്പെക്ടരോടു പറഞ്ഞു. അവർ അങ്ങനെ ചെയ്തു.

# 1958

**ജനുവരി 4.** കുമ്പഴ പള്ളിയിൽ മൂന്നിൻമേൽ കുർബാന ചൊല്ലി, വീട്ടിൽ പോയി പ്രാർത്ഥന നടത്തി. 4 മണിക്ക് കടമ്മനിട്ട പോയി പള്ളിപെരു നാളിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് തിരുമേനിയെ കണ്ടു. 1 മണിക്ക് തിരുമേനിയുടെ കാറിൽ പോന്നു.

**9.** അരമനയിൽ ചൊല്ലി. മഠത്തിൽ പോയി. തിരുവല്ലാ തിരുമേനി കുർബാന ചൊല്ലി. സിസ്റ്റേഴ്സിനോടു സംസാരിച്ചിട്ടു അരമനയിൽ എത്തി. അത്യാവശ്യമായ കാര്യങ്ങൾ തിരുമേനിയുമായി ആലോചിച്ചു. പുലൂർ കാര്യത്തിൽ ഞാൻ കൂടി ഇടപെട്ടു തീർക്കണമെന്ന് തിരു മേനി കല്പിച്ചു. മടങ്ങിപോന്നു.

**10.** മൈലപ്രാ ചൊല്ലിയശേഷം പുലൂർക്ക് പോയി. അച്ചനോടുകൂടി കുഞ്ഞുമത്തായിയുടെ വീട്ടിലെത്തി വസ്തുക്കളെല്ലാം കണ്ടു ചിലരുമായി സ്ഥലം സംബന്ധിച്ചു ആരാഞ്ഞു. മത്തായി സാറും എത്തി. കാര്യങ്ങൾ ആലോചിച്ച് ഒരു തീരുമാനത്തിൽ എത്തി ച്ചേർന്നു. ഒന്നു രണ്ടു വീടുകൾ സന്ദർശിച്ചിട്ടു മടങ്ങിപോന്നു.

**12.** ചെങ്ങറ എത്തി ചൊല്ലി. ഒരു മനഃസമ്മതം നടത്തിയിട്ടു തിരിച്ചു പോന്നു. 3 മണിയ്ക്ക് പള്ളിയിൽ പോയി. അപ്പോൾ ഫിലിപ്പ് അച്ചനും ആൽബർട്ട് ലൂയിസും കൂടി വീട്ടിൽ എത്തി. ഞാൻ വീട്ടിൽ എത്തി അവരെ സ്വീകരിച്ചു. കാപ്പികഴിഞ്ഞ് അവർ പോയി. അദ്ദേഹം ജോയിയുടെ ഒരു സ്നേഹിതനാണ്.



www.malankaralibrary.com

**17.** 2.30-ന് സ്കൂൾ വാർഷികം തുടങ്ങി ഫാ. സി.എ. ഏബ്രഹാം വന്നു. 3.30-ന് തിരുമേനിവന്നു., 5 മണിക്ക് മാർ ഈവാനിയോസ് ഹോളിൽ മാർ ഈവാനിയോസ് തിരുമേനിയുടെ പടം അനാച്ഛാദനം നടത്തി. ഊണുകഴിഞ്ഞ് 8 മണിക്ക് തിരുമേനിയുടെ കൂടെ തിരുവല്ലായിൽ പോയി അരമനയിൽ താമസിച്ചു.

**18.** കത്തീഡ്രലിൽ എത്തി മാർ സേവേറിയോസ് തിരുമേനിയുടെ ചരമ വാർഷിക ശുശ്രൂഷയിൽ സംബന്ധിച്ചു. ഉച്ചഭക്ഷണം കഴിഞ്ഞു ഹൈരാർക്കി ജൂബിലി സംബന്ധിച്ചു ആലോചിച്ചു. 4 മണിക്ക് തിരുമേനിയും, Msgr. മാത്യു നെടുങ്കാടും കൊച്ചുകുഞ്ഞു മേളാംപറമ്പിലും ഞാനും കൂടി തിരിച്ചു കോന്നിയിലെത്തി. ജൂബിലി സ്ഥലമായ വകയാറ്റുപള്ളിയും പരിസരവും കണ്ടു മടങ്ങിപോന്നു. ഞാൻ കുമ്പഴ ഇറങ്ങി വീട്ടിലെത്തി.

**22.** പത്തനംതിട്ടയിലും നന്നുക്കാടും പോയിട്ടു വകയാറ്റ് 4 മണിക്ക് എത്തി. പല അച്ചന്മാരും തിരുവല്ലായിൽ നിന്നും തിരുവനന്തപുരത്തു നിന്നും ചുമതലക്കാരും വന്നു. ജൂബിലികാര്യം ആലോചിച്ചു ചില തീരുമാനങ്ങൾ എടുത്തു പിരിഞ്ഞു.

**24.** 10 മണിക്ക് വകയാറ്റു എത്തി. തിരുമേനി അവിടെ ഉണ്ടായിരുന്നു. പല കാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. തിരുമേനിയോടു കൂടി തിരുവല്ലാ അരമനയിൽ എത്തി. പ്രോഗ്രാം നോട്ടീസ് തയ്യാറാക്കി. രാത്രിയിൽ കൊച്ചു മത്തായിയുടെ കാര്യം ആലോചിച്ചു. 10 മണിക്ക് കൊച്ചുമത്തായിയും മത്തായി സാറും വന്നു. 1 മണിവരെ എഴുതി കൊണ്ടിരുന്നു.

**25.** ഗ്രീഗോറിയോസ് തിരുമേനി പുല്ലൂർ മത്തായിയുടെ കാര്യം ശരിപ്പെടുത്താനായി പാലാ സെൻട്രൽ ബാങ്കിന്റെ 15,000 രൂപയ്ക്കുള്ള ചെക്കുതന്നു. തിരുവല്ലാ അരമനയിൽ നിന്നും 400 രൂപ ആധാര ചെലവിനായും മറ്റും വാങ്ങി. 400 രൂപ മത്തായി സാറിനെ ഏല്പിച്ചിട്ടു ഞാൻ മടങ്ങിപോന്നു.

**28.** പത്തനംതിട്ട പോയി ലോറി പിടിച്ചു വേലക്കാരെയും കൂട്ടി റാന്നിയിലെത്തി 65 കെട്ടു ഓല കയറ്റി 5 മണിയ്ക്ക് വകയാറ്റു എത്തി. അച്ചനോടു 100 രൂപ വാങ്ങി തിരിച്ചുപോന്നു.

**31.** രാവിലെ തിരുവല്ലാ അരമനയിൽ എത്തി മോൺസിഞ്ഞോറിനോടു കൂടി 12 മണിക്ക് വകയാറ്റു എത്തി പ്രോഗ്രാം തയ്യാറാക്കി. തിരുമേനി അവിടുണ്ടായിരുന്നു.

**ഫെബ്രുവരി 1.** പത്തനംതിട്ട പോയി സ്വദേശി ബാങ്കിൽ 15,000 രൂപയുടെ ചെക്കുകൊടുത്തു.



www.malankaralibrary.com

**2.** ജോർജ് കാറുമായി വന്നു, അതിൽ 4 പായ്ക്കറ്റു പാൽപൊടി കൊണ്ടു പോയി വകയാറ്റുകൊടുത്തു.

**3.** ഉച്ചയ്ക്ക് വകയാറ്റു എത്തി. അവിടെ നിന്നും തിരുമേനിയോടുകൂടി തിരിച്ചു 12 മണിക്ക് അരമനയിൽ എത്തി.

**4.** അരമന ചാപ്പലിൽ ചൊല്ലി. 15,000 രൂപയ്ക്കുള്ള ചെക്കു വാങ്ങി, ചെങ്ങന്നൂരിലെ സ്വദേശി ബാങ്കിൽ കയറി പുല്ലൂർ മത്തായിയുടെ ഇടപാടും ബാങ്കിൽ കൊടുത്തിട്ടുള്ള പണയ ബാദ്ധ്യതകളും ബോധ്യപ്പെട്ടു. പിറ്റേദിവസം പത്തനംതിട്ട വന്ന് ബാങ്കു ഇടപാടു തീർക്കുന്ന കാര്യം ആലോചിക്കാമെന്ന് പറഞ്ഞ് ഞാൻ മടങ്ങിപോന്നു.

**5.** 9 മണിക്ക് സ്വദേശി ബാങ്കിൽ എത്തി. ബാങ്കു ഇടപാടു ആലോചിച്ചു കൊച്ചുമത്തായിയോടും മാനേജരോടും കൂടി ചെങ്ങന്നൂർ ബാങ്കിൽ എത്തി ഇടപാടു പറഞ്ഞു തീർത്തു. കൊച്ചു മത്തായി ബാങ്കിൽ കൊടുക്കാനുള്ള 7550 രൂപ ഞാൻ ചെക്കുമൂലം കൊടുത്തു. 15,000 രൂപ ചെക്ക് അവരെ ഏല്പിച്ചു. അനന്തരം പത്തനംതിട്ട എത്തി കൊച്ചുമത്തായിയ്ക്ക് 440 രൂപയുടെ ചെക്ക് കൊടുത്തു. ബാക്കി തുക എന്റെ പേരിൽ ബാങ്കിൽ നിക്ഷേപിക്കാൻ പറഞ്ഞതനുസരിച്ചു അങ്ങനെ ചെയ്തു.

**6.** 12 മണി കഴിഞ്ഞ് വകയാറ്റു എത്തി. അവിടെനിന്നും കോട്ടയത്തിനു പോയി. മനോരമ ഓഫീസിൽ പോയി ജൂബിലി പ്രോഗ്രാം ഇടാൻ ഏർപ്പാടു ചെയ്തു മടങ്ങി.

**7.** മൈലപ്രാ ചൊല്ലി, അനേകരെ കുമ്പസാരിപ്പിച്ചു കുർബാന കൊടുത്തു. 10 മണിയ്ക്ക് പഞ്ചായത്ത് മീറ്റിംഗ് കൂടി. 12 മണിക്ക് കാറിൽ വകയാറ്റു പോയി പല കാര്യങ്ങളും ചെയ്തു. മനോരമയ്ക്കും ദീപികയ്ക്കും ഓരോ ലേഖനം അയച്ചു. 6 മണിക്ക് മടങ്ങിപോന്നു.

**8.** 10 മണിക്ക് തിരിച്ചു വകയാറ്റു എത്തി. 5 മണിക്ക് തിരുമേനിമാർ വന്നു. 5.30-ന് ഉദ്ഘാടനം നടത്തി മീറ്റിംഗ് തുടങ്ങി. 10 മണിക്ക് നാടകം തുടങ്ങി.

**9.** വകയാറ്റു ചൊല്ലി. 11 മണിക്ക് ബാലസമ്മേളനം തുടങ്ങി. പല പ്രസംഗങ്ങളും നടന്നു. രാത്രി 10 മണികഴിഞ്ഞ് മൈലപ്രാക്കാരുടെ നാടകം നടത്തി. 2 മണിക്ക് അവരുടെ കൂടെ വാനിൽ പോന്നു.

**10.** 9 മണിക്ക് വകയാറ്റു എത്തി മറ്റുള്ള ജൂബിലി ചടങ്ങുകൾ നടത്തി. മീറ്റിംഗുകളും നടന്നു. രാത്രി 1 മണിക്ക് മടങ്ങിപോന്നു.

**11.** രാവിലെ വകയാറ്റു എത്തി ചൊല്ലി. അവിടത്തെ ചടങ്ങുകൾ എല്ലാം നടന്നു. ഉച്ചകഴിഞ്ഞ് 2.30-ന് എല്ലാം തീർന്നു. പല കാര്യങ്ങളും നടത്തിയിട്ടു മടങ്ങി 8 മണിക്ക് വീട്ടിലെത്തി.



www.malankaralibrary.com

**14.** പത്തനംതിട്ട ബാങ്കിൽ എത്തി 6000 രൂപ അടച്ചു. മാവേലിക്കര പോയി കൊച്ചുകൃഷ്ണന്റെ കേസു സംബന്ധിച്ചു കാര്യം പറഞ്ഞു. മടങ്ങി വീട്ടിലെത്തി. പുലൂർ കൊച്ചുമത്തായിയും വേറൊരാളും വന്നു. കൊച്ചുമത്തായി എന്നെ ഏൽപിച്ച 7000 രൂപയ്ക്ക് സ്വദേശി ബാങ്കിന്റെ ചെക്ക് സെൽഫ് എഴുതി ഒപ്പിട്ടു കൊടുത്ത് രസീത് വാങ്ങി.

**15.** പത്തനംതിട്ട പോയി ഓമല്ലൂർ കൊച്ചുകൃഷ്ണന്റെ കേസ് സംബന്ധിച്ചു 5 മണിവരെ അവിടെ ഇരുന്നു. വാറണ്ടിൽ അയാളെ പിടിച്ചു കൊണ്ടുവന്നു. കാര്യങ്ങൾ പറഞ്ഞു. പണം തരാതെ വിടാൻ പറ്റില്ലെന്ന് ഞാൻ പറഞ്ഞു. 3 ദിവസത്തെ അവധി സമ്മതിച്ചു പിരിഞ്ഞു.

**19.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി കുറെ നേരം പലകാര്യങ്ങളും സംസാരിച്ചു. ജൂബിലിക്ക് ഞാൻ ചെലവാക്കിയ 218 രൂപക്ക് ചെക്ക് കിട്ടി. മടങ്ങിപോന്നു.

**23.** വൈകിട്ടു മൈലപ്രാ-പത്തനംതിട്ട റോഡുവെട്ടു യോഗത്തിൽ കൂടി പല തീരുമാനങ്ങളും എടുത്തു. അനേകം പേരുണ്ടായിരുന്നു.

**26.** 5 മണിയ്ക്ക് ഫിലിപ്പച്ചനും മറ്റും വീട്ടിൽ വന്നു. പള്ളിയിലെത്തി. അവിടെ അന്തോണി അച്ചനും തേക്കുംകാട്ടിലച്ചനും ഉണ്ടായിരുന്നു. കുറെനേരം സംസാരിച്ചിരുന്നു.

**27.** ആറു അച്ചന്മാർ ഒന്നിച്ചുചൊല്ലി. ഞാൻ 8 മണിക്ക് ചൊല്ലി. ജോർജ്ജിന്റെ കുട്ടിയുടെ മാമോദീസാ അന്തോണി അച്ചന്റെ കാർമ്മികത്വത്തിൽ നടന്നു. ഞങ്ങൾ ആറേഴു അച്ചന്മാരുണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് 9 മണിക്ക് കാക്കുച്ചന്റെ കുന്നേൽ പോകാൻ കാറിൽ തിരിച്ചു. മണ്ണാരകുളഞ്ഞി കഴിഞ്ഞുള്ള വഴി മോശമാകയാൽ മടങ്ങിപോന്നു. ഞാൻ വീട്ടിലിറങ്ങി, മറ്റുള്ളവർ തിരിച്ചുപോയി. ട്രെയിനിംഗ് സ്കൂളുകാരുടെ സോഷ്യലിൽ കൂടി. വൈകിട്ടു റോഡുവെട്ടു കാണാൻ വെട്ടിപുറത്ത് പോയി. 6.30-ന് മടങ്ങിപോന്നു.

**മാർച്ച് 4.** വെളുപ്പിന് തിരിച്ചു 9 മണികഴിഞ്ഞ് തിരുവനന്തപുരത്ത് എത്തി. ലബോറട്ടറി സപ്ലൈസിൽ പോയി ഒരു മൈക്രോസ്കോപ്പ് 1250 രൂപയ്ക്ക് വാങ്ങി. ബാക്കി സയൻസ് സാധനങ്ങൾ ബുക്കു ചെയ്തു 1000 രൂപ അഡ്വാൻസ് കൊടുത്തു.

**10.** ഇന്നലെ എറണാകുളത്ത് എത്തി ഹോട്ടലിൽ താമസിച്ചു. രാവിലെ വക്കീൽ എസ്. സുബ്രഹ്മണ്യ അയ്യരെ കണ്ട് കേസു കാര്യം അന്വേഷിച്ചു. കുറച്ചുരൂപാ കൊടുത്തിട്ടു തിരിച്ചുപോന്നു.

**12.** മാവേലിക്കര പോയി ഡി.ഇ.ഒ. ഓഫീസിൽ സൂപ്രണ്ടിനെ കണ്ടു



www.malankaralibrary.com

ചില കാര്യങ്ങൾ പറഞ്ഞു. മടങ്ങിവന്ന് പന്തളത്തുനിന്നും 4 പാഴ്സൽ പെട്ടി ബസിൽ കയറ്റി കൊണ്ടുവന്നു. സ്കൂളിൽ ജോൺ തോമസും കൂടി ചെക്കുചെയ്തു.

**19.** ഉച്ചകഴിഞ്ഞ് അരമനയിൽ എത്തി. രാത്രി കൗൺസിൽ മീറ്റിംഗ് തുടങ്ങി. 12 മണിക്ക് കഴിഞ്ഞു.

**20.** അരമനയിൽ ചൊല്ലി. സ്കൂളിലെ സയൻസ് സാധനങ്ങൾക്കു വേണ്ടി 500 രൂപ വാങ്ങി മടങ്ങിപോന്നു. 3 മണിക്ക് വീട്ടിലെത്തി.

**21.** അടൂർ പള്ളിയിൽ എത്തി. യുവജനമഹോത്സവം സംബന്ധിച്ചു മീറ്റിംഗ് തുടങ്ങി. പലകാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. തിരുമേനിയോടുകൂടി കിഴവള്ളൂർ വന്ന് പല കേസുകളും കേട്ടു ചില തീരുമാനങ്ങൾ തിരുമേനി എടുത്തു. ഞാൻ മൈലപ്രായ്ക്കുപോന്നു.

**22.** തിരുവല്ലായിൽ പോയി എൻജിനീയറെ കണ്ടു. എസ്റ്റിമേറ്റു തയ്യാറാക്കിച്ചിട്ടുപോന്നു.

**26.** സ്കൂളിൽ ഇൻസ്പെക്ടറും പാർട്ടിയും വന്ന് സയൻസ് സാധനങ്ങൾ പരിശോധിച്ചു. തൃപ്തികരമായി പോയി.

**31.** രാവിലെ കിഴവള്ളൂരും അവിടെനിന്ന് മുളവക്കത്തും എത്തി ചില കാര്യ ങ്ങൾ അറിഞ്ഞു. 1 മണിയോടുകൂടി കിഴവള്ളൂർ എത്തി ചരുവിലേത്തച്ചനോടുകൂടി ളാക്കൂർ പോയി പള്ളിയിലെ കുഴപ്പങ്ങൾ പറഞ്ഞുതീർത്തു, മടങ്ങി.

**ഏപ്രിൽ 3.** മൈലപ്രാ പെസഹാ കുർബാന നടത്തി. 400 പേരോളം കുർബാന സ്വീകരിച്ചു. 11 മണിക്ക് കഴിഞ്ഞു.

**4.** ദുഃഖവെള്ളിയുടെ പ്രാർത്ഥനയും മറ്റും നടത്തി രണ്ടു പ്രസംഗം ചെയ്തു. സ്ലീബാപാത ഗ്രൗണ്ടിൽ നടത്തി. 3 മണിക്ക് കഴിഞ്ഞു.

**6.** ഉയർപ്പു ശുശ്രൂഷയും കുർബാനയും രാത്രിയിൽ തുടങ്ങി രാവിലെ 5.30–ന് തീർന്നു.

**8.** യൂത്ത് ഫെസ്റ്റിവൽ 7.30–ന് കുർബാനയോടുകൂടി സ്കൂളിൽ തുടങ്ങി. അനേകം ഇടവകകളിൽ നിന്ന് 150–ൽ പരം ആളുകൾ സംബന്ധിച്ചു. കാപ്പികഴിഞ്ഞ് കളികളും മറ്റും തുടങ്ങി. 12 മണിക്ക് Mrs. ചാച്ചിയമ്മയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. 1.30–ന് ഭക്ഷണം കഴിഞ്ഞ് വീണ്ടും 2 മണിക്ക് കളികളും മറ്റും തുടർന്നു. 6.30–ന് എല്ലാം കഴിഞ്ഞു.

**10.** ഉച്ചയോടുകൂടി 7 പെൺകുട്ടികളേയും 9 ആൺകുട്ടികളേയും കൊണ്ട് തിരുവനന്തപുരത്ത് യൂത്ത് ഫെസ്റ്റിവലിന് ചേർക്കാൻ കൊണ്ടുപോയി. 5 മണിയോടു അവിടെ എത്തി പെൺകുട്ടികളെ മഠം വക സ്കൂളിലും ആൺകുട്ടികളെ കോളേജ് ഹോസ്റ്റലിലും താമസിപ്പിച്ചു. ഞാൻ അരമനയിൽ പോയി.



www.malankaralibrary.com

**12.** ഫെസ്റ്റിവൽ കഴിഞ്ഞു ആൺകുട്ടികളും പെൺകുട്ടികളും പല കളികളിലും മറ്റും ഒന്നും രണ്ടും സമ്മാനങ്ങൾക്ക് അർഹരായി. കുട്ടികളേയും കൊണ്ടു 5.30–ന് ഒരു വാനിൽ തിരിച്ചു 10 മണിയോടു മൈലപ്രായിൽ എത്തി.

**28.** മകൾ ലില്ലികുട്ടിയുടെ വിവാഹമാണ്. രാവിലെ ഞാൻ പോയി ചൊല്ലി. പല അച്ചന്മാരും ചൊല്ലി. 8.30–ന് മാന്നാനത്തുനിന്നും പയ്യനും കൂട്ടരും വന്നു. വല്ല്യത്തുവച്ചു അവർക്ക് കാപ്പികൊടുത്തു. 9 മണികഴിഞ്ഞു ജോൺ മാത്യു അച്ചൻ കുർബാന ചൊല്ലി. തിരുമേനി വിവാഹം ആശീർവദിച്ചു. എല്ലാവരും വീട്ടിലെത്തി സദ്യ കഴിഞ്ഞു. ഭംഗിയായി തീർന്നു. മാന്നാനത്തുകാർ 2 മണിക്ക് മടങ്ങിപ്പോയി. സാധുക്കൾക്കും ഭക്ഷണം കൊടുത്തു.

**മെയ് 2.** അരമനയിൽ ചൊല്ലി. പല കാര്യങ്ങളും തീർത്തു. 2 മണിക്ക് കൗൺസിൽ കൂടി 5–ന് തീർന്നു. ഉടനെ അന്തോണി അച്ചനോടു കൂടി തിരിച്ചു രാത്രി 9 മണിക്ക് അടൂരിൽ എത്തി മേടയിൽ താമസിച്ചു.

**10.** മാനേജരന്മാരുടെ മീറ്റിംഗ് സ്കൂളിൽ വച്ചു 4 മണിയ്ക്ക് തുടങ്ങി. ചില തീരുമാനങ്ങൾ എടുത്ത് പിരിഞ്ഞു.

**ജൂൺ 3.** ജോയികുട്ടി ബോസ്റ്റൺ കോളേജിൽ നിന്നും എം.എസ്.സി. ഡിഗ്രി എടുത്തതായി കത്തുവന്നു.

**26.** അരമനയിൽ ചൊല്ലി. ഡി.പി.ഐ. ഓഫീസിലെത്തി വർക്ക് സംബന്ധിച്ചു എൻജിനീയറെ കണ്ടു സംസാരിച്ചു. അരമനയിലെത്തി.

**27.** അരമനയിൽ ചൊല്ലി. 9 മണിയ്ക്ക് പാറേൽ ജോർജിന്റെ അമ്മ മരിച്ചതായി ഫോൺ വന്നു. തിരുമേനിയുമായി 12 മണിക്കു തിരിച്ചു. ജോർജ്ജും ജോണച്ചനും ഉണ്ടായിരുന്നു. 3 മണിയ്ക്ക് പുത്തൻകാവു മഠത്തിൽ എത്തി കൂദാശ കഴിഞ്ഞ് 6 മണിയോടു മൈലപ്രായിൽ എത്തി. സംസ്കാരത്തിന്റെ പ്രാർത്ഥന നടത്തിയിട്ടു തിരുമേനി തിരുവനന്തപുരത്തിന് പോയി. ഞാനും ഏബ്രഹാം അച്ചനും കൂടി ബാക്കി പ്രാർത്ഥന നടത്തി അടക്കി.

**28.** പത്തനംതിട്ട എം.റ്റി. സ്കൂളിൽ വച്ചു നടന്ന മാനേജേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു. വി.ഒ. ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു.

**ജൂലൈ 2.** അരമനയിൽ ചൊല്ലി. ട്രെയിനിംഗ് സ്കൂൾ സംബന്ധിച്ചു ചില തീരുമാനങ്ങൾ എടുത്തു. ഉച്ചയോടു മടങ്ങിപോന്നു.

**3.** സന്ധ്യയ്ക്ക് ഡി.ഇ.ഒ., തഹസീൽദാർ, ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് എന്നിവർക്ക് പള്ളിയിൽ വച്ചു ഡിന്നർ കൊടുത്തു. ഏബ്രഹാം അച്ചനും ജോൺ മാത്യു അച്ചനും ഉണ്ടായിരുന്നു.



www.malankaralibrary.com

**10.** തിരുവനന്തപുരത്തിന് തിരിച്ചു 6 മണിക്ക് അരമനയിൽ എത്തി.

**11.** തിരുമേനി ഇല്ലാതിരുന്നതിനാൽ കുർബാന ചൊല്ലി. ഉടനെ തന്നെ 6 മണിക്ക് മടങ്ങിപോന്നു. വകയാറ്റു 10 മണിക്കെത്തി പള്ളി വസ്തു അളന്ന് തിരിച്ചു അതിർകല്ലു ഉമ്മച്ചൻ തന്നെ കൂലിക്കാരെ നിറുത്തി ഇട്ടു. സമാധാനമായി പിരിഞ്ഞുപോന്നു. 5 മണിക്ക് തിരുമേനിയോടുകൂടി കയ്യാലയ്യം സ്കൂളിൽ എത്തി. അവിടെ വസ്തു സംബന്ധിച്ചുള്ള തർക്കം പറഞ്ഞു തീർത്ത് മടങ്ങിപോന്നു.

**15.** അരമനയിൽ ചൊല്ലി. ഈവാനിയോസ് തിരുമേനിയുടെ ഓർമ്മ ദിവസം. തിരുമേനിമാരും റമ്പാച്ചനും മൂന്നിന്മേൽ കുർബാന ചൊല്ലി. അതിൽ സംബന്ധിച്ചു. അനന്തരം കൗൺസിൽ നടന്നു. പിന്നീടു പ്രൊവിഡന്റ് ഫണ്ടു കമ്മറ്റി മീറ്റിംഗ് നടന്നു. 3 മണിക്ക് തിരുമേനിയോടുകൂടി തെന്മലയ്ക്ക് തിരിച്ചു 6 മണിക്കെത്തി. തെന്മല വസ്തു നോക്കിയിട്ടു തിരുമേനി മടങ്ങിപ്പോയി. ഞാൻ കുഞ്ഞുകുഞ്ഞിന്റെ കൂടെ താമസിച്ചു.

**17.** സന്ധ്യയോടുകൂടി കരിയലച്ചന്റെ അമ്മയ്ക്ക് സുഖമില്ലെന്ന് അറിയിച്ചു. ഞാനും കൂടി പത്തനംതിട്ട നിന്നും കാറിൽ തിരിച്ചു 11 മണിക്ക് അച്ചന്റെ വീട്ടിൽ എത്തി അമ്മ മരിച്ചുപോയിരുന്നു. പ്രാർത്ഥന നടത്തിയിട്ടു ഞങ്ങൾ പള്ളിയിൽ പോയി കിടന്നു.

**18.** ചേർത്തല ചാലിൽ പള്ളിയിൽ ചൊല്ലി. അച്ചന്റെ വീട്ടിൽ പോയി പ്രാർത്ഥന നടത്തി. അവിടത്തെ വികാരി അച്ചനോടുകൂടി പള്ളിയിൽ എത്തി താമസിച്ചു. ചേർത്തല പോയി തിരുമേനിയെ ഫോണിൽ വിളിച്ചു.

**19.** രാവിലെ റമ്പാച്ചനും മറ്റും വന്നു. 8 മണിക്ക് അച്ചന്റെ വീട്ടിൽ പോയി മൃതശരീരം ആഘോഷസമേതം പള്ളിയിൽ കൊണ്ടുവന്നു. മൂന്നിന്മേൽ കുർബാന റമ്പാച്ചനും, ഞാനും സഖറിയാസ് ചങ്ങൻകരി അച്ചനുംകൂടി ചൊല്ലി. 11 മണിയോടു അടക്കം കഴിഞ്ഞു. 2 മണിയ്ക്കുശേഷം അവിടെ നിന്നും തിരിച്ചു 6 മണിയ്ക്ക് വീട്ടിലെത്തി.

**27.** കരിയിലച്ചന് നല്ല സുഖമില്ല. അച്ചനെ കുമ്പസാരിപ്പിച്ചു കുർബാന കൊടുത്തു. ഉടനെ കിഴവള്ളൂർ എത്തി കുർബാന ചൊല്ലി. മടങ്ങി വന്ന് അച്ചന് സുഖക്കേടു കൂടുതലാകയാൽ കാറിൽ വള്ളംകുളത്ത് ആശുപത്രിയിൽ കൊണ്ടുപോയി ആക്കി. അവിടെനിന്നും ഭരണങ്ങാനത്തിന് പോയി അവിടെ താമസിച്ചു.

**28.** രാവിലെ 5 മണിക്ക് ചാപ്പലിൽ ചൊല്ലി. 7 മണിക്ക് കാപ്പി കഴിഞ്ഞ് മടങ്ങി. കോട്ടയത്ത് ബി.സി.എം. കോളേജിൽ അമേരിക്കയിൽ



www.malankaralibrary.com

ബോസ്റ്റണിൽ നിന്നും വന്ന സി. സാവിയോ, സി. ഗൊരേറ്റി എന്നിവരെ കണ്ടു ജോയിയുടെ കാര്യങ്ങൾ അറിഞ്ഞു. അവരും ജോയിയുടെ കൂടെ ബോസ്റ്റൺ കോളേജിലുണ്ടായിരുന്നു. കുറെ നേരം സംസാരിച്ചിട്ടു മടങ്ങിപോന്നു. 1 മണിയോടുകൂടി വള്ളംകുളത്ത് ആശുപത്രിയിലെത്തി അച്ചനെ കണ്ടു. ഡോക്ടറിനെ കണ്ടു വിവരം ചോദിച്ചറിഞ്ഞു. മടങ്ങി വീട്ടിലെത്തി.

**29.** കുർബാന കഴിഞ്ഞ് പത്തനംതിട്ട ധ്യാനത്തിന് പോയി. 3 മണിക്കു ശേഷം കുരുവിള അച്ചനോടുകൂടി മൈലപ്രാ എത്തി. 4.30-ന് കുമ്പഴ ബാങ്കിൽ എത്തി എൻ.ഇ.എസ്. ബ്ലോക്ക് സംബന്ധിച്ചുവേണ്ട ആലോചന നടത്തിപോന്നു.

**ആഗസ്റ്റ് 3.** മൈലപ്രാ ആദ്യവും പിന്നെ കിഴവള്ളൂർ എത്തി രണ്ടാമത് ചൊല്ലി.

**10.** ആദ്യം മൈലപ്രായിലും പിന്നെ കിഴവള്ളൂരും പോയി ചൊല്ലി. ഇന്നുമുതൽ എണ്ണസേവയും പത്ഥ്യവും തുടങ്ങി.

1134 Diary (1958 August 17 - December 31) നഷ്ടപ്പെട്ടു.

# 1959

**ജനുവരി 1.** മാർ ഈവാനിയോസ് കോളേജ് ചാപ്പലിൽ ചൊല്ലി. കാപ്പി കഴിഞ്ഞ് ധ്യാനം തുടങ്ങി.

**2.** ധ്യാനം നടന്നു. 3 മണിയ്ക്ക് തിരുമേനി വന്ന് ഒരു പ്രസംഗം നടത്തി. 5 മണിക്ക് പ്രൊവിഡന്റ് ഫണ്ടു മീറ്റിംഗ് തുടങ്ങി. തെരഞ്ഞെടുപ്പും കുറെ പ്രമേയ അവതരണവും കഴിഞ്ഞു ഫോട്ടോ എടുത്തു. പ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞു വീണ്ടും 9 മണിയ്ക്ക് പി.എഫ്. മീറ്റിംഗ് തുടങ്ങി പല വാദ പ്രതിവാദങ്ങൾ നടന്നു. ഒടുവിൽ പ്രമേയങ്ങൾ എല്ലാംതന്നെ കമ്മറ്റി വേണ്ടതുപോലെ ആലോചിച്ചു. ഒരു തീരുമാനത്തിൽ എത്തിയശേഷം പൊതുയോഗം കൂടി തീരുമാനിക്കണമെന്ന് നിശ്ചയിച്ചു. ഫാ. ആന്റണി കേളംപറമ്പിൽ (പ്രസിഡന്റ്), ഫാ. ഏബ്രഹാം തെക്കേടത്ത് (സെക്രട്ടറി), ഫാ. സാമുവേൽ (ട്രഷറർ) ആയി തെരഞ്ഞെടുത്തു.

**3.** കുർബാനയും കാപ്പിയും കഴിഞ്ഞു അരമനയിൽ എത്തി. 100 രൂപ ഫിലിപ്പച്ചനോടു വാങ്ങി ആശുപത്രിയിൽ പോയി കുമ്പഴ അച്നെ കണ്ടു വിവരം അറിഞ്ഞു. 12 മണിക്കു ശേഷം ഏബ്രഹാം അച്ചനോടുകൂടി മടങ്ങിപോന്നു. 7-ന് വീട്ടിലെത്തി.



www.malankaralibrary.com

**7.** മേക്കൊഴൂർ പോയി, അവിടെനിന്നും കടമ്മനിട്ടക്ക് പോയി. അവിടെ നിന്നും തിരുമേനിയോടുകൂടി മേക്കൊഴൂർ വന്ന് ശവക്കോട്ടയുടെ കാര്യങ്ങൾ ചിലർ തിരുമേനിയോട് പറഞ്ഞു. സണ്ടേസ്കൂൾ കുട്ടികൾക്ക് പുസ്തകങ്ങൾ സമ്മാനമായി കൊടുത്തു. 4 മണിക്ക് മടങ്ങി എത്തി. കിഴവള്ളൂരിൽ പോയി പള്ളിയിൽ വിശ്രമിച്ചശേഷം ഈട്ടിമൂട്ടിൽ, കല്യാണ വീട്ടിൽ പോയി ഊണുകഴിഞ്ഞു പള്ളിക്കുള്ള വരുമാനം 32 രൂപ 12 അണ കൊടുക്കണമെന്നു പറഞ്ഞു. പിന്നെ തരാം എന്നു പറഞ്ഞതു കൊണ്ടു കുറി എഴുതി പണം വാങ്ങി കൊടുക്കാൻ ട്രസ്റ്റിയെ ഏല്പിച്ചു. ഞാൻ മടങ്ങി 9-ന് വീട്ടിലെത്തി.

**18.** മൈലപ്രായിലും രണ്ടാമത്തെ കുർബാന കിഴവള്ളൂരും ചൊല്ലി. കിഴവള്ളൂരിൽ 3 പേരെ ചേർത്തു. ഒരു മനഃസമ്മതവും നടത്തി.

**20.** ഏറ തുമ്പമണ്ണിൽ ചൊല്ലി. വീട്ടിലെത്തി വിശ്രമിച്ചു. ഉച്ചകഴിഞ്ഞു പുത്തൻ പീടികയിൽ എത്തി. 4 മണിക്ക് തിരുമേനി വന്നു. അവിടെ നിന്നും തിരുവല്ലാ അരമനയിൽ 6 മണിക്കെത്തി, കർദ്ദിനാൾ തിരുമേനിയുടെ വരവു സംബന്ധിച്ചു ആലോചിച്ചു. അവിടെ നിന്നും തിരുമേനിയോടുകൂടി ഏറതുമ്പമണ്ണിൽ 10 മണിക്കെത്തി കിടന്നു.

**21.** ഏറതുമ്പമണ്ണിൽ ചൊല്ലി. തിരുമേനിയോടുകൂടി 7.30-ന് തിരിച്ചു മൈലപ്രായിലെത്തി തിരുമേനി ചൊല്ലി. റീത്തു കല്പന സംബന്ധിച്ചും അത് ആചരിക്കേണ്ട കാര്യത്തെപ്പറ്റിയും ശക്തിയായി ഉൽബോധിപ്പിച്ച് രണ്ടുമണിക്കൂർ പ്രസംഗിച്ചു. അതുകഴിഞ്ഞ് 12 മണിക്ക് നന്നുക്കാടു പള്ളിയിൽ എത്തി ഊണുകഴിഞ്ഞ് വിശ്രമിച്ചു. 4 മണിക്ക് തിരുമേനിയോടു കൂടി പീടികയിലച്ചന്റെ വീട്ടിലെത്തി കണ്ടു. തിരുമേനി ഏറതുമ്പമണ്ണിൽ പോയി.

**22.** കിഴവള്ളൂരിൽ പോയി. കുറെ കഴിഞ്ഞ് അവിടെനിന്നും പുനലൂർ വഴി തിരുവനന്തപുരത്തിന് പോയി. 6 മണിക്ക് അരമനയിലെത്തി. ഉടനെ ആശുപത്രിയിൽ പോയി കുമ്പഴ അച്ചനെ കണ്ടു, പോന്നു.

**23.** അരമനയിൽ ചൊല്ലി. ക്ലർക്ക് ഫിലിപ്പിനെ കണ്ടു അന്വേഷിച്ചപ്പോൾ ലില്ലിയുടെ അപേക്ഷ ഇതുവരെയും കിട്ടിയില്ലെന്ന് പറഞ്ഞു. ഉടനെ പഞ്ചായത്തു ഡയറക്ടർ ഓഫീസിലും എൻജിനീയർ ഓഫീസിലും പോയി ചില കാര്യങ്ങൾ നടത്തിപോന്നു. 4 മണിക്ക് തിരിച്ചു 9.30 -ന് വീട്ടിലെത്തി.

**24.** രാവിലെ 9 മണിക്ക് ഞാനും തങ്കപ്പൻ നായരും കൂടി പത്തനംതിട്ട പോയി ബ്ലോക്ക് ഓഫീസറെ കണ്ടു. ഞാൻ അവിടെ നിന്ന് കിഴവള്ളൂരും പിന്നീടു കാറുമലയിലും പോയി. അവിടെ പെരുനാളിൽ കൂടി. രാത്രി



www.malankaralibrary.com

3 മണിവരെ ആഘോഷവും വെടിക്കെട്ടും മറ്റും ഉണ്ടായിരുന്നു. അതു കഴിഞ്ഞ് ഞാനും ഏബ്രഹാം അച്ചനും കൂടി ഒരു കാറിൽ മടങ്ങി പോന്നു.

**27.** മൈലപ്രാ ചൊല്ലിയിട്ടു തിരുവനന്തപുരത്തിന് തിരിച്ചു 2-ന് അരമനയിൽ എത്തി. കൗൺസിൽ കൂടി. 4.30-ന് മടങ്ങി 9.30-ന് വീട്ടിലെത്തി.

**ഫെബ്രുവരി 1.** മൈലപ്രാ ചൊല്ലി റീത്തു സംബന്ധിച്ചു പ്രസംഗിച്ചു. തിരുമേനിയുടെ പ്രസംഗത്തിന്റെ സംഗ്രഹം വായിച്ചു വിശദീകരിച്ചു. ചിലർ മാത്രം മുട്ടുകുത്തി. ബഹുഭൂരിപക്ഷവും നിന്നുകൊണ്ടു സഹകരിച്ചു. രണ്ടാംകുർബാന കിഴവള്ളൂരിൽ ചൊല്ലി. ഒരു മാമോദീസാ നടത്തി. മടങ്ങിവന്ന് 3.30-ന് പുത്തൻപീടികയിൽ പോയി മീറ്റിംഗിൽ സംബന്ധിച്ചു. അച്ചന്മാരും ജനങ്ങളും ഉണ്ടായിരുന്നു. കർദ്ദിനാളിന്റെ വരവു സംബന്ധിച്ചു പല കാര്യങ്ങളും തീരുമാനിച്ചു. 6 മണിയോടു മടങ്ങിപോന്നു.

**8.** മേക്കൊഴൂരിൽ ചൊല്ലി. സൺഡേ സ്കൂൾ കുട്ടികൾക്ക് ലഘുഭക്ഷണം കൊടുത്തു. 3 മണിക്ക് വലഞ്ചുഴിയിൽ എത്തി 4.30-ന് കുർബാന ചൊല്ലി. നന്നുക്കാടു 6 മണിക്കെത്തി ഡിന്നറിൽ സംബന്ധിച്ചു. രാത്രി ചാക്കോച്ചന്റെ വീട്ടിൽ ഉറങ്ങി.

**10.** കുർബാനക്കുശേഷം തിരുവനന്തപുരത്തിന് പോയി. 10 മണി കഴിഞ്ഞു അവിടെ എത്തി. സ്കൂളിൽ ഒരു ക്രാഫ്റ്റ് ഹോൾ സംബന്ധിച്ചു തിരുമേനിയുമായി ആലോചിച്ചു നിശ്ചയിച്ചശേഷം 4 മണിക്ക് മടങ്ങിപോന്നു, 9.30-ന് വീട്ടിലെത്തി.

**12.** പുതുപ്പറമ്പിൽ മരിച്ച റാഹേലിനു വേണ്ടി കുർബാന ചൊല്ലി. വീട്ടിൽ പോയി ധൂപപ്രാർത്ഥന നടത്തി. വീട്ടിൽ തിരിച്ചെത്തി ഉടനെ തിരുവനന്തപുരത്തിന് പോയി 6.30-ന് അരമനയിലെത്തി.

**13.** ടൗണിൽ പോയി കൊച്ചുകോശിയെ കണ്ടു. അതുകഴിഞ്ഞു എൻജിനീയർ പി.എൻ. ജേക്കബിനെ കണ്ടു ക്രാഫ്റ്റ് ഹാളിന്റെ കാര്യം പറഞ്ഞു. മടങ്ങി 5 മണിക്കു വീട്ടിലെത്തി.

**15.** മൈലപ്രാ ചൊല്ലി. മുന്നറിയിപ്പിന് എതിരായി ധിക്കാരമായി മുട്ടുകുത്തി കുർബാന സ്വീകരിക്കാൻ തയ്യാറായ 2 പേർക്ക് കുർബാന കൊടുത്തില്ല. കിഴവള്ളൂർ പോയി ചൊല്ലി, മടങ്ങി.

**17.** തിരുവനന്തപുരത്തിന് പോയി പഞ്ചായത്ത് എൻജിനീയരെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. മടങ്ങി.

**20.** പുത്തൻപീടികയിൽ പാറേക്കാട്ടിൽ കർദ്ദിനാളിന്റെ സ്വീകരണത്തിന് പോയി. 9 മണിക്കുവന്നു, കൂദാശ കഴിഞ്ഞ് പോയി. ഞാനും കുറ്റിയിലച്ചനും കൂടി തിരുവനന്തപുരത്തിന് പോയി. 2 മണിക്കെത്തി.



www.malankaralibrary.com

**21.** 3 മണിക്ക് ജോൺ മാത്യു അച്ചനോടുകൂടി അരമനയിൽ നിന്നും തിരിച്ചു മൈലപ്രായിലെത്തി രാത്രി 8 മണിക്ക് ഏബ്രഹാം അച്ചനെ കണ്ടു ചില കാര്യങ്ങൾ ആലോചിച്ചു.

**22.** പത്തനംതിട്ട എത്തി ഫാ. ഏബ്രഹാം തെക്കേടത്ത്, ഫാ. ഇടിക്കുള പണ്ടിയത്ത്, ഫാ. ജോൺ മാത്യു ഇവരോടുകൂടി കുടശ്ശനാടു പോയി അവിടെ നിന്നും കൊല്ലത്ത് പാറേക്കാട്ടിൽ കർദ്ദിനാളിന്റെ വരവ് പ്രമാണിച്ചു പോയി. കെ.ജി. തോമസ് പണിക്കരച്ചനും ഉണ്ടായിരുന്നു. കൊല്ലത്തെ മീറ്റിംഗ് കഴിഞ്ഞു ഞങ്ങൾ മേളാംപറമ്പിൽ കൊച്ചു കുഞ്ഞിനോടു കൂടി കൊട്ടാരക്കര അച്ചനുമായി പുളിക്കീഴു മേളാം പറമ്പിൽ 11 മണിക്കെത്തി താമസിച്ചു.

**23.** പുളിക്കീഴു പള്ളിയിൽ ചൊല്ലി. അവിടെ നിന്നും ഞങ്ങൾ ആലപ്പുഴ എത്തി. 8 മണിക്ക് തോമസ് പണിക്കരച്ചൻ, കൊട്ടാരക്കര അച്ചൻ, ഏബ്രഹാം അച്ചൻ, യൗനാൻ ഞാപ്പള്ളിലച്ചൻ, ഞാൻ എന്നിവർ കൂടി കർദ്ദിനാളിനെ കണ്ടു ഇപ്പോഴത്തെ റീത്തു സംബന്ധിച്ച സഹ കരണം ഇല്ലായ്മ അറിയിച്ചു. വേണ്ടത് ചെയ്യണമെന്ന് പറഞ്ഞു. കല്പന അനുസരിക്കാൻ ഞങ്ങൾ തയ്യാറാണെന്നും അറിയിച്ചു. ഒരപേക്ഷ ഒപ്പിട്ടു കൊടുത്തു. 8.35-ന് മടങ്ങിപോന്നു, മേളാംപറമ്പി ലെത്തിയശേഷം തിരിച്ചു 12 മണിക്ക് വീട്ടിലെത്തി.

**24.** തിരുവനന്തപുരത്തിന് പോയി, 4 മണിക്കെത്തി. പ്രൊവിഡന്റ് ഫണ്ടു സംബന്ധിച്ചു ആലോചിച്ചു.

**25.** പ്രൊവിഡന്റ് ഫണ്ടു സംബന്ധിച്ചു അച്ചന്മാരെല്ലാം വന്ന് ആലോചിച്ചു. വിവാഹിത വൈദീകർക്ക് മരണശേഷം, പറ്റിയതിന്റെ ശേഷം വച്ച തുകയിൽ ബാക്കി ഉള്ളത് ആശ്രിതർക്ക് കൊടുക്കുവാൻ നിശ്ചയിച്ചു. അല്ലെങ്കിൽ 1000 രൂപ കൊടുക്കുവാൻ നിശ്ചയിച്ചു. 4.30-ന് മടങ്ങിപോന്നു.

**27.** 8.30-ന് മൈലപ്രാ സബ് പോസ്റ്റ് ഓഫീസിന്റെ ഉദ്ഘാടനം എന്റെ അദ്ധ്യക്ഷതയിൽ കൂടി. എ.എസ്.പി. ഉദ്ഘാടനം നടത്തി. 2 മണിക്ക് നന്നുക്കാടു എത്തി ഏബ്രഹാം അച്ചനോടുകൂടി അയിരൂർ പന്തോളിൽ പോയി ഫിലിപ്പച്ചനുമായി ചില കാര്യങ്ങൾ ശരിപ്പെടുത്തി. രാത്രി മടങ്ങി പത്തനംതിട്ട ഉറങ്ങി. (നല്ല സുഖമില്ല. ക്ഷീണവും ഉള്ളതു കൊണ്ടു 28-ാം തീയതി മുതൽ മാർച്ചു 3 വരെ കുർബാനക്കുശേഷം വീട്ടിൽ തന്നെ വിശ്രമിച്ചു. ദേഹം വിയർപ്പിക്കുകയും വെള്ളിത്തി ലിരിക്കുകയും മറ്റും ചെയ്തു).

**മാർച്ച് 5.** രാവിലെ കൊല്ലത്ത് പോയി റ്റി.എം. വർഗീസിനെ കണ്ടു സംസാരിച്ചു. പിന്നീടു കളക്ടർ ശ്രീ. വർക്കിയുമായി കോന്നി



www.malankaralibrary.com

ബ്ലോക്കു സംബന്ധിച്ചു പലതും സംസാരിച്ചു. ഉടനെ ഒന്നും ചെയ്യു ന്നില്ലെന്ന് പറഞ്ഞു. അതുകഴിഞ്ഞ് ശ്രീ. കോശിയെ കണ്ടു പല കാര്യങ്ങളും പറഞ്ഞു. മടങ്ങി 8.30-ന് വീട്ടിലെത്തി.

**7.** രാവിലെ കൊട്ടാരക്കര പള്ളിയിൽ ചൊല്ലി. 10 മണിക്ക് അരമന യിൽ എത്തി. വിദ്യാഭ്യാസ മീറ്റിംഗിൽ തിരുമേനി അദ്ധ്യക്ഷം വഹിച്ചു. ഞാൻ അതിരൂപതയുടെ പ്രതിനിധികളുടെ കൂട്ടത്തിൽ കൂടി. പല കാര്യങ്ങളും ആലോചിച്ചു വാദപ്രതിവാദം നടന്നു. ഒടുവിൽ ഒരു കമ്മറ്റിയെ എടുത്ത് മീറ്റിംഗ് അവസാനിച്ചു. ഊണു കഴിഞ്ഞ് തിരു മേനിയുമായി റീത്തു സംബന്ധിച്ചു കുറെ കർക്കശമായി സംസാരിച്ചു. തട്ടയിലെ അന്തോണി അച്ചന്റെ പ്രസ്താവനയും തിരുമേനിയുടെ വി. കുർബാന കൊടുപ്പും മറ്റും സംസാരിച്ചു.

**9.** 3 മണിക്ക് പത്തനംതിട്ട കച്ചേരിയിൽ പോയി. അവിടെ കണ്ണംപാറ ഞാൻ ദാനം ചെയ്ത വസ്തു വിതരണം ചെയ്യുന്നതിന് തഹ സീൽദാരുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. പത്രോസ്, തൂപ്പു കാരൻ വറുഗീസ്, അയിരൂർ മത്തായി, പത്തനംതിട്ട തട്ടാൻ ഇവർക്കായി വിതരണം ചെയ്യാൻ നിശ്ചയിച്ചു. പിരിഞ്ഞു.

**15.** മൈലപ്രായിലും കിഴവള്ളൂരും ചൊല്ലി. വൈകിട്ടു പള്ളിയിൽ സന്ധ്യാ നമസ്കാരം നടത്തി. അപ്പോൾ കുരുവിള അച്ചനും ജോണച്ചനും വന്നു. Five year plan സംബന്ധിച്ചു പറഞ്ഞു. പണി നടത്തുന്ന കാര്യവും ഫംഗ്ഷൻ ഉള്ള കാര്യവും പറഞ്ഞു. രാത്രിതന്നെ അവർ മടങ്ങിപോയി.

**16.** 10 മണിക്ക് നന്നുക്കാട്ടും പിന്നീട് ഡി.ഇ.ഒ. ഓഫീസിലും പോയി. പ്ലാൻ എസ്റ്റിമേറ്റ് കിട്ടി. ഫംഗ്ഷന്റെ അപ്രൂവ് ചെയ്യാൻ കൊടുത്തു. വീട്ടിലെത്തി തടിക്കുവേണ്ടി ചെറിയാച്ചനെ ഇടപാടു ചെയ്തു. ഒരു കണ്ടി തടിക്ക് 112 രൂപ വിലവച്ചു.

**19.** രാവിലെ മുളവകുളത്ത് എത്തി ചൊല്ലി. അവിടെനിന്നും പുനലൂരിൽ എത്തി 4200 ഇഷ്ടിക കയറ്റി ലോറിയിൽ പോന്നു.

**21.** പണി സംബന്ധിച്ചു തടിയും മണലും മറ്റു അടുപ്പിച്ചു.

**22.** മേക്കൊഴൂർ എത്തി ഓശാന ശുശ്രൂഷയും കുർബാനയും നടത്തി. 10.30-ന് കിഴവള്ളൂർ എത്തി കുർബാനയും മറ്റും നടത്തി, മടങ്ങി.

**23.** പത്തനംതിട്ട പോയി അരമനക്ക് ഫോൺ ചെയ്തു. കിട്ടിയില്ല. വൈകിട്ടും പോയി വിളിച്ചു കിട്ടിയില്ല. താഴത്തുവീട്ടിൽ ചാക്കോച്ച നോടു 100 രൂപ കടംവാങ്ങിവന്ന് പണിക്കൂലി കൊടുത്തു.

**24.** പത്തനംതിട്ട പോയി ഏബ്രഹാം അച്ചനോടു 200 രൂപ കടം വാങ്ങി,



www.malankaralibrary.com

താഴത്തുവീട്ടിൽ ചാക്കോച്ചന്റെ കടംവീട്ടിയിട്ടു അരമനയ്ക്ക് ഫോൺ ചെയ്തു. ഇന്നുതന്നെ 200 രൂപ അയക്കാമെന്ന് കുരുവിള അച്ചൻ പറഞ്ഞു.

**26.** പെസഹ കുർബാന മൈലപ്രായിൽ ചൊല്ലി. ധാരാളം പേർ കുർബാന കൈകൊണ്ടു. മുരുപ്പേൽ മൂപ്പീന്നും കുശിനി ചാക്കോയും മുട്ടുകുത്തിനിന്നു. റീത്തിന്റെയും കല്പനകാര്യവും മറ്റും ഞാൻ വിശദമായി പ്രസ്താവിച്ചതിനു ശേഷം അവർ രണ്ടുപേരും മുട്ടുകുത്തി നിന്നു. വി. കുർബാന അവർക്കു രണ്ടുപേർക്കും മാത്രം കൊടുത്തില്ല.

**27.** ദുഃഖപെള്ളി ശുശ്രൂഷ മൈലപ്രായിൽ നടത്തി.

**28.** ശുശ്രൂഷക്കുശേഷം കുർബാന നടത്തി. പീടികയിൽ ജോർജിന്റെ ഭാര്യ മാത്രം മുട്ടുകുത്തിനിന്നു. ഞാൻ വി. കുർബാന കൊടുത്തില്ല. ധിക്കാരവും അനുസരണക്കേടും കാട്ടി എന്നെ പരീക്ഷിക്കാനാണ് അങ്ങനെ ചെയ്തത്.

**29.** വെളുപ്പിന് ഉയർപ്പു ശുശ്രൂഷയും കുർബാനയും നടത്തി. 5 മണിക്ക് തീർന്നു. പള്ളിയിൽ വച്ചിരുന്ന തിരുഹൃദയപടം മാറ്റി മുറിയിൽ വച്ചിരുന്ന രൂപം ത്രോണോസിൽ ചിലർ കൂടി ഞാനറിയാതെ കയറ്റി വച്ചു. 6 മണിക്ക് ഞാൻ മേക്കോഴൂർ പോയി കുർബാന ചൊല്ലിയിട്ടു 1 മണിക്ക് മടങ്ങിവന്നു. പള്ളിയിൽ പോയി രൂപം മാറ്റി വയ്പിച്ചു.

**30.** കുർബാന കഴിഞ്ഞ് മാവേലിക്കരക്ക് പോയി. അവിടെ ജൂനിയർ എൻജിനീയറെ കണ്ടു, ഒരാളുമായി കാറിൽ മൈലപ്രായ്ക്കു പോന്നു. കെട്ടിടത്തിന്റെ പ്ലാൻ മുതലായ കണക്കുകൾ എടുത്തു കൊടുത്തു. അത് കൊണ്ടുപോയി.

**31.** കുർബാന കഴിഞ്ഞ് മാവേലിക്കരക്ക് പോയി. ഓഫീസിലെത്തി ശിപാർശകത്തും പ്ലാനും മറ്റുമായി ഞാൻ 11 മണിക്ക് തിരുവല്ലായ്ക്ക് പോയി. 12 മണിക്ക് അതു എൻജിനീയറെ ഏല്പിച്ചു. 4 മണിയോടു സർട്ടിഫിക്കറ്റു തയ്യാറാക്കി തന്നു. 4.30-ന് പത്തനംതിട്ട എത്തി ഡി.ഇ.ഒ.യെ ഏല്പിച്ചു. ബിൽ ഒപ്പിട്ടുകൊടുത്ത് പോന്നു. 10 മണിയോടുകൂടി 2800 രൂപ കൊണ്ടുവന്നുതന്നു.

**ഏപ്രിൽ 1.** പത്തനംതിട്ട പോയി ഏബ്രഹാം അച്ചന്റെ കടം 400 രൂപയും കൊടുത്തു. അവിടെനിന്നും ഇറങ്ങി സ്റ്റീഫന് ലോറി കൂലി ബാക്കി 45 രൂപയും ജോണിന് ഇരുമ്പുകടയിൽ പഴയകടം 25 രൂപയും കിഴക്കേടം കടയിൽ 35 രൂപ 10 അണയും കൊടുത്തിട്ടു വീട്ടിലെത്തി. കരിയിലച്ചന് കൊടുക്കാനുള്ള 245 രൂപ കൊടുത്തയച്ചു. തങ്കപ്പൻ നായരുടെ പക്കൽ 1500 രൂപ കൊടുത്തു.

**2.** ഉച്ചകഴിഞ്ഞപ്പോൾ തെക്കേടത്ത് ഏബ്രഹാം അച്ചന്റെ അമ്മ



www.malankaralibrary.com

മരിച്ചതായി അറിഞ്ഞു. 4 മണിയോടു അവിടെ എത്തി. 4 മണിക്ക് സംസ്കാര ശുശ്രൂഷ തുടങ്ങി 6.30–ന് പള്ളിയിൽ മൃതശരീരം കൊണ്ടുവന്നു. തിരുമേനി വന്ന് 7 മണിക്ക് അടക്കം കഴിഞ്ഞു. അതു കഴിഞ്ഞ് ഇലന്തൂർ പരിയാരം പള്ളിയിലെത്തി കിടന്നു.

**3.** രാവിലെ പരിയാരം പള്ളിയിൽ തിരുമേനിയും ജോഷ്വാ അച്ചനും ഞാനും കൂടി മൂന്നിൻമേൽ കുർബാന പരേതനായ ജോബച്ചനു വേണ്ടി ചൊല്ലി. വീട്ടിലെത്തി പ്രാർത്ഥനയും നടത്തി. 10 മണിയോടു മടങ്ങിപോന്നു.

**4.** വലിയ അയന്തിയിൽ പോയി ചൊല്ലി. 2 പേരെ സഭാംഗമാക്കി.

**5.** മേക്കൊഴൂർ ചൊല്ലി. 2 പേരെ ചേർത്തു. മടങ്ങിവന്ന് ഒരു സംസ്കാര പ്രാർത്ഥന നടത്തി അടക്കി. 5 മണിക്ക് മാക്കാംകുന്നിലും അവിടെ നിന്ന് 8 മണിക്ക് തൈക്കൂടത്തിൽ എത്തി. തിരുമേനിയും മറ്റും അച്ചന്മാരും ഉണ്ടായിരുന്നു. അവിടെ ഞങ്ങൾക്ക് ഡിന്നർ നടത്തി. 11 മണിക്ക് മടങ്ങിപോന്നു.

**9.** രാവിലെ തങ്കപ്പൻ നായരും ഞാനും കൂടി കൊല്ലത്ത് പോയി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടരെ കണ്ടു അന്വേഷിച്ചപ്പോൾ വില്ലേജിനെ പറ്റിയുള്ള റിപ്പോർട്ടു അയച്ചു കഴിഞ്ഞു എന്നു പറഞ്ഞു. നേരത്തേ ആയിരുന്നെങ്കിൽ വേണ്ടത് ചെയ്യാമായിരുന്നു എന്നും പറഞ്ഞു. മറ്റു പലരേയും കണ്ടു. 24–ാം തീയതി ഡി.ഡി.സി. ഉണ്ട്. അന്ന് ഒരുപക്ഷേ ഇതു സംബന്ധിച്ചു ആലോചന നടന്നേക്കും എന്നു പറഞ്ഞു. 3 മണിക്ക് മടങ്ങിപോന്നു.

**19.** മേക്കൊഴൂർ പോയി കുർബാന ചൊല്ലി. ഒരു മാമോദീസാ നടത്തി. മാവേലിതുണ്ടിൽ വല്ല്യമ്മയ്ക്ക് വി. കുർബാന കൊണ്ടുപോയി കൊടുത്തു. വേറൊരു വീട്ടിൽ പോയി 5 പേരെ സഭാംഗമാക്കി വീടുകൂദാശയും നടത്തി. 1.30–ന് മടങ്ങിവന്നു. 3 മണിക്ക് ജോൺ മാത്യു അച്ചൻ വന്നു. ഒരുമിച്ചു കുമ്പഴ അച്ചനെ കാണാൻ പോയി പല കാര്യങ്ങളും ആലോചിച്ചു.

**25.** കിഴവള്ളൂരിൽ 10 മണിക്കെത്തി എൻ.ഇ.എസ്. ബ്ലോക്ക് മീറ്റിംഗിൽ സംബന്ധിച്ചു. മീറ്റിംഗ് കഴിഞ്ഞു പണപിരിവിനായി ഞങ്ങൾ ജീപ്പിൽ അരുവാപുലം പഞ്ചായത്തിൽ എത്തി 6 മണിവരെ പിരിവു നടത്തി. 100–ൽ പരം രൂപ കിട്ടി. ബി.ഡി.ഒ.യുടെ ജീപ്പിൽ വീട്ടിലേക്കു പോന്നു.

**27.** രാവിലെ കുർബാന കഴിഞ്ഞ് 10 മണിക്ക് ഒരു കല്യാണം നടത്തി. 11 മണിക്ക് ബി.ഡി.ഒ. ജീപ്പിൽ വന്ന് പണപിരിവിനായി ഉതിമൂടു, മണ്ണാരകുളഞ്ഞി, ചീങ്കൽതടം, കുമ്പഴ എന്നിവിടങ്ങളിലെല്ലാം



www.malankaralibrary.com

പോയി. 64 രൂപ കിട്ടി, ബി.ഡി. ഓഫീസിലെത്തി പണം പ്രസിഡന്റിനെ ഏല്പിച്ചു. കമ്മറ്റി മീറ്റിംഗ് കൂടി മടങ്ങി.

**29.** 11 മണിക്ക് പഞ്ചായത്ത് മീറ്റിംഗ് കൂടി. മൈലപ്രായിൽ 5.5.59-ൽ 4 മണിക്ക് ഹൈസ്കൂളിൽ വച്ചു പഞ്ചായത്ത് കാര്യവും വില്ലേജു കാര്യവും നിശ്ചയിക്കാൻ പഞ്ചായത്തിലെ സമ്മതിദായകരുടെ ഒരു പൊതുയൊഗം കൂടുന്നതിനായി ആലോചിച്ചു.

**30.** രാവിലെ കിഴവള്ളൂർ ബി.ഡി. ഓഫീസിൽ എത്തി പലതും ചെയ്തു. ഉച്ചയ്ക്ക് വല്ല്യപറമ്പിൽ മാവിയുടെ വീട്ടിലെത്തി ഊണു കഴിച്ചു, വിശ്രമിച്ചു. പള്ളി ബംഗ്ലാവിൽ പോയി, പിന്നീടു സ്കൂളിൽ മീറ്റിംഗ് സ്ഥലത്തെത്തി പലതും ചെയ്തു. 6 മണി കഴിഞ്ഞ് മീറ്റിംഗ് തുടങ്ങി. ഉദ്ഘാടകൻ വന്നു ചേർന്നില്ല, ശ്രീ. കോശിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് തുടങ്ങി. ഇടയ്ക്ക് ഉദ്ഘാടകൻ കൊല്ലം കളക്ടർ വന്നു, ഉദ്ഘാടനം നടത്തി പലരും പ്രസംഗിച്ചു. കലാപരിപാടികൾ കഴിഞ്ഞു. മൈലപ്രാക്കാരുടേയും കലാപരിപാടി ഉണ്ടായിരുന്നു. കോന്നി ബ്ലോക്ക് വേണ്ട എന്ന് കൊല്ലം ഡി.ഒ.സി. നിശ്ചയിച്ചെന്ന് അറിഞ്ഞു. 11 മണിക്ക് മടങ്ങിപോന്നു.

**മെയ് 5.** 4 മണിക്ക് സ്കൂളിൽ പഞ്ചായത്ത് മീറ്റിംഗ് തുടങ്ങി. കാര്യം തീരാതെ പിരിഞ്ഞു. 6 മണിക്ക് നന്നുക്കാട്ടു എത്തി വടക്കന്റെ പ്രസംഗം, 3 മണിക്കൂർ നേരം കേട്ടു. 11 മണിക്ക് മടങ്ങിപോന്നു.

**17.** രാത്രിയിൽ കഠിനമായ വിറയലും പനിയും വന്നു. ദേഹത്ത് വേദനയും പരവേശവും അനുഭവപ്പെട്ടു. ഒട്ടും ഉറങ്ങിയില്ല. ഈ ദിവസങ്ങളിൽ നല്ല പനിയുമുണ്ടായിരുന്നു. ഡോക്ടർ വന്ന് പെൻസിലിൻ ഇഞ്ചക്ഷൻ തന്നു. അങ്ങനെ അസുഖം കുറഞ്ഞുതുടങ്ങി. പലരും കാണാൻ വന്നു. മിക്കവാറും കിടക്കയിലായിരുന്നു.

**20.** ഇന്നും കിടക്കയിൽ തന്നെ. പനി തീരെയില്ല. മരുന്ന് കഴിക്കുന്നു. ക്ഷീണമുണ്ട്. തിരുവനന്തപുരത്തിന് പോകാൻ ഒരുങ്ങി. തിരുമേനി 7 മണിക്കുവന്നു., കാറിൽ ഞങ്ങൾ തിരിച്ചു 10 മണിക്ക് അരമനയിലെത്തി. കിടന്നു.

**21.** 8 മണിക്ക് ഹോസ്പിറ്റലിൽ പോയി. 9 മണിക്കുശേഷം വാർഡിൽ അഡ്മിറ്റഡ് ആയി. എന്റെ കൂടെ മാവേലിക്കര ഫാ. വി.റ്റി. തോമസ് കൂടി ഉണ്ട്. ഡോക്ടേഴ്സ് വന്ന് വേണ്ട പരിചരണങ്ങൾ ചെയ്തു. ആദ്യമായി ഒരാശുപത്രിയിൽ കിടക്കേണ്ടി വന്നു. ആതുരരായ അനേകർ വേദനയിലും മറ്റും സങ്കടപ്പെടുന്നത് കണ്ടു. ലോകത്തിന്റെ വൈവിദ്ധ്യം ദൈവത്തിന്റെ അനന്തമായ നന്മ എല്ലാം ഇവിടെ



www.malankaralibrary.com

ദർശിക്കാം. ആശുപത്രി ഏതായാലും മനുഷ്യന് അനുഭവപ്പെടുന്നത് നല്ലതാണ് ചിന്തിക്കാൻ.

**22.** ഹോസ്പിറ്റലിൽ തന്നെ. മുറയ്ക്ക് മരുന്ന് കഴിക്കുന്നു. ഭക്ഷണം അരമനയിൽ നിന്നും കൊണ്ടുവരുന്നുണ്ട്. ജോൺമാത്യു അച്ചന്റെ സഹോദരൻ ജോർജ്ജുകുട്ടി വന്നു കണ്ടു. എന്തെങ്കിലും ആവശ്യമുള്ളത് വാങ്ങി തരാമെന്ന് പറഞ്ഞു.

**23.** രാവിലെ എഴുന്നേറ്റു ചടങ്ങുകൾ കഴിച്ചു. 7 മണിക്ക് വി. കുർബാന അരമനയിൽ നിന്നും ശമുവേലച്ചൻ കൊണ്ടുവന്ന് ഞങ്ങൾ രണ്ടു പേർക്കും തന്നു. 11 മണിക്കുശേഷം തിരുമേനിവന്ന് വടക്കൻയാത്രയേപ്പറ്റി പറഞ്ഞു. മൈലപ്രായിലും പോകുന്ന വിവരം അറിയിച്ചു. ബുധനാഴ്ചയേ വരുകയുള്ളൂ. ഉച്ചകഴിഞ്ഞ് ഉറങ്ങി. ജോർജുകുട്ടി വന്ന് പല കാര്യങ്ങളും പറഞ്ഞു. ചില കാര്യങ്ങൾ ഞാൻ എഴുതിയത് ഏല്പിച്ചു. ഞങ്ങൾ രണ്ടുപേരെയും മെഡിക്കൽ കോളേജ് ഭാഗങ്ങൾ കാണാൻ കൊണ്ടുപോയി. 6 മണിക്ക് മടങ്ങി എത്തി വിശ്രമിച്ചു. പലരും വന്ന് കണ്ടു.

**24.** 4 മണിക്ക് എഴുന്നേറ്റു കാര്യങ്ങൾ നടത്തി. 7.45-ന് വി. കുർബാന കൊണ്ടുവന്നു തന്നു. മരുന്ന് കഴിച്ചു കിടന്നു. രാത്രിയിൽ ഇടതു വശത്ത് തലവേദനയും മൂക്കടപ്പും ഉണ്ടായിരുന്നു. നല്ല മഴയുണ്ടായിരുന്നെങ്കിലും ഒന്നു രണ്ടു പ്രാവശ്യം ദേഹം വിയർത്തു. പനിയില്ലെങ്കിലും അസുഖവും ചൂടും തോന്നി. 6 മണിയോട് പന്തോളിലച്ചൻ വന്നു. ജോർജ്ജുകുട്ടിയും വന്നു.

**25.** രാവിലെ ചടങ്ങുകൾ കഴിഞ്ഞു. പാലും റൊട്ടിയും മറ്റും കഴിച്ചു. പനിയില്ല. ബ്ലഡ് ടെസ്റ്റ്സ് ഒക്കെ നടത്തി. ഡോക്ടർ വന്ന് വേണ്ട അന്വേഷണങ്ങൾ നടത്തി. വൈകിട്ടു മല്ലശ്ശേരി അച്ചൻ (ഫാ. സാമുവേൽ ശങ്കരത്തിൽ) വന്നു. മറ്റു പലരും വന്നുകണ്ടു. കുറച്ചു സമയം പുറത്ത് ഇറങ്ങിനിന്ന് കാറ്റുകൊണ്ടിട്ടു വന്നുകിടന്നു.

**26.** വി. കുർബാന കൊണ്ടുവന്നുതന്നു. ഉച്ചയോടുകൂടി ഡോക്ടർ വന്നു പറഞ്ഞു. ഇന്ന് പോകാമെന്ന് ബ്ലഡ് റിസൾട്ട് കിട്ടിയെന്ന് എല്ലാം നോർമൽ ആയെന്ന്. 4 മണിയൊടു കാർ വന്നു അതിൽ പോയി. ഡോ. വിൻസെന്റിനെ കണ്ടു നന്ദി പറഞ്ഞിട്ടു അരമനയിലെത്തി താമസിച്ചു.

**27.** അരമനയിൽ ചൊല്ലി. 11 മണിക്ക് തിരിച്ചു ചെങ്ങന്നൂർ വഴി മൈലപ്രായിൽ 4 മണിക്കെത്തി.

**30.** പത്തനംതിട്ട ഉച്ചകഴിഞ്ഞെത്തി സ്വദേശി ബാങ്കിന്റെ മീറ്റിംഗിൽ കൂടി.



www.malankaralibrary.com

ഈ ബാങ്കും ന്യൂ ഇന്ത്യ ബാങ്കും സംയോജനം നടത്താൻ നിശ്ചയിച്ചു. ഞാൻ അനുകൂലിച്ചു പ്രസംഗിച്ചു.

**31.** ഏബ്രഹാം അച്ചനും ദാനിയേലച്ചനും 4 മണിക്ക് വന്നു, തിരിച്ചുപോയി. ഏബ്രഹാം അച്ചന്റെ കടം 50 രൂപ കൊടുത്ത് വീട്ടി.

**ജൂൺ 1.** ജോൺ മാത്യു അച്ചനും എബ്രഹാം അച്ചനും ഞാനും കൂടി കുമ്പഴ അച്ചനെ പോയി കണ്ടു. രാത്രിയിൽ മടങ്ങി എത്തി.

**5.** ജോൺ മാത്യു അച്ചൻ വന്ന് അച്ചന്റെ കോളേജുകാര്യം പറഞ്ഞു. അച്ചൻ തയ്യാറാക്കിയ മെമ്മോറാണ്ടം വായിച്ചു കേട്ടു. 2 മണിക്ക് അച്ചൻ മടങ്ങിപോയി.

**12.** രാവിലെ എന്റെ അദ്ധ്യക്ഷതയിൽ മൈലപ്രായിൽ ഒരു മീറ്റിംഗ് കൂടി പ്രസിഡന്റ് ഇപ്പോഴത്തെ മന്ത്രിസഭയെ പിരിച്ചുവിടണമെന്ന് ഒരു നിശ്ചയം പാസ്സാക്കി. പലരും പ്രസംഗിച്ചു.

**21.** ജോൺ മാത്യു അച്ചൻ 2 വർഷത്തെ പഠനത്തിന് പോകുന്നതായി വന്നു പറഞ്ഞ് യാത്ര ചോദിച്ചുപോയി.

**24.** ഇന്നു വൈകിട്ടു മുതൽ ആവർത്തിച്ച എണ്ണ സേവിച്ചു തുടങ്ങി. എണ്ണസേവയും പത്ഥ്യവും 28-ാം തീയതിവരെയാണ്. വീട്ടിൽ തന്നെ വിശ്രമിക്കും.

**29.** ഇന്ന് മൈലപ്രായിൽനിന്നും 10 കോൺഗ്രസുകാരെ അറസ്റ്റു ചെയ്തു. ആ കൂട്ടത്തിൽ മകൻ കുഞ്ഞുമോനും ഉണ്ടായിരുന്നു. അവരെ 10 ദിവസത്തേക്ക് ശിക്ഷിച്ചു; 5 മണിക്ക് കോട്ടയത്തിന് ബസിൽ അവരെ കൊണ്ടുപോയി.

**ജൂലൈ 3.** ഫിലിപ്പച്ചൻ മേക്കൊഴൂർ കുർബാന ചൊല്ലിയശേഷം ഇവിടെ വന്ന് കാപ്പികുടി കഴിഞ്ഞ് തിരുവനന്തപുരത്തിന് മടങ്ങിപ്പോയി.

**4.** 5 മണിക്കുശേഷം ഈവാനിയോസ് കോളേജ് വൈസ് പ്രിൻസിപ്പൽ ഗീവറുഗീസ് പണിക്കരച്ചൻ വന്ന് ഇവിടെ താമസിച്ചു.

**5.** രാവിലെ ഞാനും പണിക്കരച്ചനും കൂടി കാറിൽ കിഴവള്ളൂർ എത്തി ഞാൻ അവിടെ ഇറങ്ങിചൊല്ലി. അച്ചൻ ഇടമണ്ണിൽ ചൊല്ലാൻ പോയി. ഞാൻ ഒരു മാമോദീസാ നടത്തി. ഒരു വീട്ടുകാരെ ചേർത്തു.

**9.** കഴിഞ്ഞ 29-ാം തീയതി അറസ്റ്റു വരിച്ച മൈലപ്രാക്കാർ മടങ്ങി വന്നു. അവർക്ക് നല്ല ഒരു സ്വീകരണം കൊടുത്ത് വലിയ മീറ്റിംഗും നടത്തി.

**19.** കിഴവള്ളൂർ പള്ളിയിൽ ചൊല്ലി. ഒരു കുടുംബത്തിലെ 3 പേരെ ചേർത്തു. മടങ്ങിപോന്നു.

**27.** 9 മണിക്ക് ഏബ്രഹാം അച്ചനോടുകൂടി ഭരണങ്ങാനത്തിന് തിരിച്ചു



www.malankaralibrary.com

കോട്ടയത്ത് എത്തി ഭക്ഷണം കഴിച്ചു. കിഴവള്ളൂർ ജോഷാച്ചനും പാലായ്ക്കു വന്നു. 3 മണിക്ക് ഭരണങ്ങാനം പള്ളിയിൽ എത്തി. പള്ളിയിലും, സെമിത്തേരിയിലും പോയി പ്രാർത്ഥിച്ചു നേർച്ച ഇട്ടു. ബംഗ്ലാവിൽ താമസിച്ചു.

**28.** സി. അൽഫോൻസായുടെ കബറിടം പള്ളിയിൽ കുർബാന ചൊല്ലി. 8 മണിക്ക് മടങ്ങിപോന്നു. 1 മണികഴിഞ്ഞ് വീട്ടിലെത്തി.

**30.** കമ്യൂണിസ്റ്റു ഗവൺമെന്റിനെ ഡിസ്മിസ്സ് ചെയ്യാനുള്ള നടപടി കേന്ദ്രം എടുത്തതായി അറിഞ്ഞു.

**31.** വൈകിട്ടത്തെ റേഡിയോ ന്യൂസിൽ സർക്കാരിനെ മാറ്റി ഗവർണർ ഭരണം ഏറ്റെടുത്തതായി അറിയിച്ചു.

**ആഗസ്റ്റ് 1.** മൈലപ്രായിൽ പായസസൽക്കാരം ജനങ്ങൾ നടത്തി ആഘോഷിച്ചു. ഉച്ചകഴിഞ്ഞു ഹെൽത്ത് ഓഫീസറോടുകൂടി മേക്കൊഴൂർ പോയി. ശവക്കോട്ട സംബന്ധിച്ച കാര്യങ്ങൾ അറിയുന്നതിനും വേണ്ടതു ചെയ്യുന്നതിനുമാണ് പോയത്.

**4.** പത്തനംതിട്ട പോയി 11 മണിക്ക് ഡി.ഇ.ഒ. ഓഫീസിൽ എത്തി. ട്രെയിനിംഗ് സ്കൂൾ ഗ്രാന്റ് സംബന്ധിച്ചു പറഞ്ഞു. കെട്ടിട ഗ്രാന്റിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന്, സ്ഥല പരിശോധന നടത്താൻ ഡി.ഇ.ഒ. 3 മണിക്ക് വരാമെന്ന് പറഞ്ഞു. ഞാൻ വീട്ടിൽ വന്ന് അച്ചന്മാരെ വിവരം അറിയിച്ചു. ഡി.ഇ.ഒ. 3 മണിക്ക് വന്നു. സ്ഥലം കാണിച്ചു, തൃപ്തിപ്പെട്ടു പോയി. നാളെ തന്നെ സ്വീകരിച്ചു അയക്കാമെന്ന് പറഞ്ഞു.

**13.** കുമ്പഴ ഒരാൾ മരിച്ചതായി 11 മണിക്ക് വന്ന് വിവരം പറഞ്ഞു. അവിടെ പോയി അടക്കി.

**21.** വൈകിട്ടു കൊട്ടാരക്കര അച്ചനും കുമ്പഴ അച്ചനും കൂടി കാറിൽ വന്ന് ചില കാര്യങ്ങൾ സംസാരിച്ചു. 6 മണിക്ക് ഞാനും കൂടി കുമ്പഴ പോയി അച്ചന്റെ വീട്ടിൽ താമസിച്ചു.

**22.** കുമ്പഴ പള്ളിയിൽ ചൊല്ലി. 8 മണിക്ക് ഞങ്ങൾ ഒരുമിച്ചു ഇലന്തൂർ പോയി ഏബ്രഹാം അച്ചനുമായി സംസാരിച്ചു. അതുകഴിഞ്ഞ് ഞങ്ങൾ 11.30-ന് മടങ്ങിപോന്നു.

**23.** ആദ്യം മൈലപ്രായിലും പിന്നീടു മേക്കൊഴൂരും പോയി ചൊല്ലി. 1 മണിക്കുശേഷം മൈലപ്രാ മുരുപ്പേൽ ചെറിയാച്ചന് വി. കുർബാന കൊണ്ടുപോയി കൊടുത്തു. 4 മണിക്ക് കൊട്ടാരക്കരക്ക് പോയി അവിടെ പള്ളിയിലെത്തി തോമസ് അച്ചനോടു കൂടി താമസിച്ചു.

**24.** കൊട്ടാരക്കര ചൊല്ലി. കൊല്ലത്തിന് തിരിച്ചു അവിടെ പഞ്ചായത്ത്



www.malankaralibrary.com

ഡെപ്യൂട്ടി ഡയറക്ടരെ കണ്ടു. കുമ്പഴ-മൈലപ്രാ പഞ്ചായത്ത് കാര്യം പറഞ്ഞു. അദ്ദേഹം തുടർന്നു നടത്തത്തക്കതുപോലെ ഒരു ലറ്റർ തയ്യാറാക്കി എന്നെ വായിച്ചു കേൾപ്പിച്ചു. എന്നിട്ടു അത് കമ്മീഷന് അയച്ചു. ശ്രീ. പളനി വേണ്ട ഒത്താശ ചെയ്തുതന്നു. 11 മണിക്ക് കോൺഫറൻസിൽ സംബന്ധിച്ചു. 12 മണികഴിഞ്ഞ് കമ്മീഷണർ വന്ന് 1.30 വരെ കൂടി. അനന്തരം ഭക്ഷണത്തിന് പിരിഞ്ഞു. വീണ്ടും 2.30-ന് കൂടി ആദ്യ മായി പത്തനംതിട്ട താലൂക്ക് എടുത്തു. മൈലപ്രാ, പത്തനംതിട്ട പഞ്ചായത്തുകൾ ലയിപ്പിക്കാൻ പാടില്ലെന്ന് കാരണസഹിതം ഞാൻ പറഞ്ഞു. വാദമുഖം അദ്ദേഹം കുറിച്ചെടുത്തു. അനുകൂലമായിരുന്നു.

**സെപ്റ്റംബർ 7.** കുർബാന കഴിഞ്ഞു, നാളെ എട്ടുനോമ്പു വീടുകയാൽ പായസം കൊടുക്കുന്നതിന് വേണ്ട ഏർപ്പാടു ചെയ്തു. 7 മണിക്ക് ഒരു സൈക്കിൾ കേസ് ഞാനും കെ.കെ. ഗോപിനാഥൻ നായർ വക്കീലും കൂടി കേട്ടു ചില തീരുമാനം പറഞ്ഞുതീർത്തു.

**8.** 11 മണിക്ക് കോട്ടയത്തിനുപോയി. 3 മണിക്ക് കോട്ടയം ആശുപത്രിയിൽ എത്തി തൊമ്മികുഞ്ഞിനേയും വയലാ ഇടിക്കുളയേയും കണ്ടു, മടങ്ങി.

**10.** മീമുട്ടിക്കൽ പോയി രോഗിയായ ഒരു സ്ത്രീക്ക് വി. കുർബാന കൊണ്ടുപോയി കൊടുത്ത് തൈലാഭിഷേകം നടത്തി.

**11.** ഉച്ചയോടുകൂടി കുമ്പഴ പോയി അച്നെ കണ്ടിട്ടു മടങ്ങിപോന്നു. മീമുട്ടിക്കൽ സ്ത്രീ 12 മണിക്ക് മരിച്ചു. 6 മണിക്ക് സംസ്കാരം നടത്തി.

**18.** കൊല്ലത്ത് പോയി. ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററിനോടുകൂടി അവിടെ ഓഫീസിലെത്തി സെലക്ഷൻ സംബന്ധിച്ചുവേണ്ടത് ആലോചിച്ചു ചെയ്തു.

**29.** രാവിലെ മാവേലിതുണ്ടിയിൽ വല്യമ്മയ്ക്ക് വി. കുർബാന കൊണ്ടുപോയി കൊടുത്തു. തൈലാഭിഷേകവും വീടുകൂദാശയും നടത്തി.

**30.** രാവിലെ കൊല്ലത്തിന് പോയി. 10 മണിക്ക് റ്റി.റ്റി.സി. ക്കാരുടെ ഇന്റർവ്യൂ തുടങ്ങി. ഒരു പി.എസ്.സി. മെമ്പർ, ഹെഡ്മാസ്റ്റർ, ഡിസ്ട്രിക്ട് ഓഫീസർ ഞാൻ ഇത്രയും പേരായിരുന്നു. 56 പേർ ലിസ്റ്റിലുണ്ടായിരുന്നു. 4 മണിക്ക് മടങ്ങിപോന്നു.

**ഒക്ടോബർ 4.** 7.30-ന് മൈലപ്രായിലും 9.30-ന് മേക്കൊഴൂരും ചൊല്ലി. 3 മണിക്ക് കരിയിലച്ചന്റെ കൂടെ ചേർത്തലക്ക് അച്ചന്റെ അമ്മയുടെ ഒരാണ്ടു ശ്രാദ്ധത്തിന് പോയി. 8 മണിയോടു അച്ചന്റെ വീട്ടിൽ നിന്നും ഊണുകഴിഞ്ഞു പള്ളിയിൽ കിടന്നു.

**5.** ചേർത്തല പള്ളിയിൽ അച്ചന്റെ അമ്മക്കുവേണ്ടി മൂന്നിൻമേൽ



www.malankaralibrary.com

കുർബാന ചൊല്ലി. 2 മണിക്ക് തിരിച്ചു തണ്ണീർമുക്കം ബണ്ടു കണ്ടു മടങ്ങിപോന്നു. 7 മണിക്ക് വീട്ടിലെത്തി.

**18.** കോഴഞ്ചേരിയിൽ മിഷൻ ഉദ്ഘാടനത്തിന് പോയി. 10 മണിക്ക് തിരുമേനിയുടെ കുർബാന കഴിഞ്ഞ് പ്രസംഗം തുടങ്ങി. ജോർജ് വർഗീസ്, ഫാ. സി. മാത്യു എന്നിവർ പ്രസംഗിച്ചു.

**22.** 10 മണിക്ക് പത്തനംതിട്ട എത്തി. കോളണിക്കാർക്ക് പണം കൊടുക്കാൻ ഇൻസ്പെക്ടർ വന്നിരുന്നു. ഞാനും കൂടിപോയി. 4 മണിയോടുകൂടി ഓരോരുത്തർക്കും കൊടുക്കാനുള്ള തുകയും രസീതും വാങ്ങി തുക മുഴുവനും തഹസീൽദാരുടെ അഭാവത്തിൽ ഡെപ്യൂട്ടി തഹസീൽദാരെ 519 രൂപ ഏൽപിച്ചു. ഞാൻ 5 മണിക്ക് മടങ്ങിപോന്നു.

**23.** ഇന്ന് കണ്ണംപാറയിൽ ചാക്കോയ്ക്ക് എന്റെ വക കണ്ണൻപാറ 1 ഏക്കർ 78 സെന്റ് വസ്തുവിൽ നിന്നും 30 സെന്റ് കോളണിക്ക് കൊടുത്തത് കഴിച്ചുള്ളതിൽ 40 സെന്റ് സ്ഥലം ദാനമായി എഴുതികൊടുത്തു. വസ്തു അവൻ എഴുതികൊടുത്താൽ എന്റെ രേഖാമൂലം ഉള്ള സമ്മതം വാങ്ങിയിരിക്കണം. അവിടെ നിൽക്കുന്ന പുളി, വാഹ എന്നിവ വെട്ടി എടുക്കുവാൻ എനിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ഇന്ന് കോളണിക്കാർക്ക് 173 രൂപ വീതം വീടിന് തറ കെട്ടുന്നതിന് തഹസീൽദാർ എന്റെ സാന്നിദ്ധ്യത്തിൽ കൊടുത്തു.

**29.** ഉച്ചകഴിഞ്ഞു കുമ്പഴ പോയി, വെല്ലൂരിൽ നിന്നും മടങ്ങി വന്ന അച്ചനെ കണ്ടു. സുഖമായിരിക്കുന്നു. 6 മണിക്ക് മടങ്ങിവന്ന് കോളണിക്കാരുടെ പണികാണാൻ പോയി.

**30.** കണ്ണംപാറ പോയി കോളണി വീടുപണി കണ്ടു. 2 മണിക്ക് ബ്രദർ എ.ജെ. ജോർജ് മിഷൻ ലീഗ് തുടങ്ങാൻ വന്നു. സ്കൂളിൽ 4 മണിക്ക് അതിന്റെ പ്രസംഗം നടത്തി, ലീഗ് തുടങ്ങി. ഞാൻ നന്ദി പ്രകടിപ്പിച്ചു.

**നവംബർ 3.** രാവിലെ ഞാനും തങ്കപ്പൻ നായരും കൂടി കോട്ടയത്തിന് പോയി. 11 മണിക്ക് കളക്ടറേറ്റിൽ എത്തി കെ.എസ്. മാത്യുവിനെ കണ്ടു. അയാൾ ഞങ്ങളെ കൂട്ടികൊണ്ടു എം. കർലോസിന്റെ അടുക്കൽ പഞ്ചായത്ത് ഡെലിമിറ്റേഷൻ കമ്മീഷണേഴ്സ് സൂപ്രണ്ടിനെ പരിചയപ്പെടുത്തി. കുറെനേരം സംഭാഷണം നടത്തി. കുമ്പഴ-മൈലപ്രാ പഞ്ചായത്ത് എന്നു പറഞ്ഞപ്പോൾ തന്നെ വിവരങ്ങളെല്ലാം പറഞ്ഞു. പഞ്ചായത്ത് തുടരുന്നതിന് വേണ്ടത് ചെയ്യാം എന്ന് അദ്ദേഹം പറഞ്ഞു. കുറേനേരം കൂടി ഒരുമിച്ചിരുന്ന് കാര്യങ്ങൾ പറഞ്ഞു. ഉറപ്പുതന്നതനുസരിച്ചു മടങ്ങിപോന്നു. റബ്ബർ ഫാക്ടറി പോയി കണ്ടു. ടൗണിലെത്തി ഊണു കഴിച്ചിട്ടു പോന്നു. തങ്കപ്പൻ നായർ ചങ്ങനാശ്ശേരിയിൽ ഇറങ്ങി. 6 മണിക്കെത്തി.



www.malankaralibrary.com

**5.** ചൊല്ലി. ഇന്നലെയും ഇന്നും നല്ല സുഖമില്ല. ഡോ. ജോർജിനെ പോയി കണ്ടു. ബി.പി. അല്പം കൂടുതലായിട്ടുണ്ട്. മരുന്ന് തന്നു.

**6.** നല്ല സുഖമില്ല. ഉച്ചകഴിഞ്ഞ് തിരിച്ചു 6 മണിക്ക് അരമനയിലെത്തി.

**7.** രാവിലെ ഡോ. വിൻസെന്റിനെ വീട്ടിൽ പോയി കണ്ടു. ബി.പി. നോക്കി കൂടുതലാണ്. ബ്ലഡ് ഷുഗറും മറ്റും നോക്കാൻ തിങ്കളാഴ്ച ചെല്ലണമെന്ന് പറഞ്ഞു.

**8.** അരമനയിൽ ചൊല്ലി, വിശ്രമിച്ചു.

**9.** അരമനയിൽ ചൊല്ലി. 7.30-ന് ഹോസ്പിറ്റലിൽ പോയി ഡോ. വിൻസെന്റിനെ കണ്ടു. ബ്ലഡ് ടെസ്റ്റ്സും ഇ.സി.ജി.യും മറ്റും എടുക്കാൻ ഏർപ്പാടു ചെയ്തു. അരമനയിൽ തിരിച്ചെത്തി. 1.45-ന് ഞാനും ജോർജ്ജച്ചനും കൂടി കാറിൽ പോയി ഒരു പെറ്റീഷൻ ടൈപ്പ് ചെയ്യിച്ചു അച്ചൻ തന്നു. 4.30-ന് തിരിച്ചു 9.30-ന് കുമ്പഴ വന്നു, ബസ് കിട്ടിയില്ല, നടന്ന് വീട്ടിലെത്തി.

**13.** 10 മണിക്ക് ഏബ്രഹാം അച്ചൻ വന്നു. 2 മണിക്ക് കുമ്പഴ അച്ചനെ കാണാൻ പോയി. മടങ്ങിവന്ന് പള്ളിയിൽ കയറിയിട്ടു വീട്ടിലെത്തി.

**20.** കുമ്പഴ അച്ചനും ഏബ്രഹാം അച്ചനും വന്ന് ചില കാര്യങ്ങൾ ആലോചിച്ചു. അവർ മടങ്ങിപ്പോയി.

**21.** ഉച്ചകഴിഞ്ഞ് കുമ്പഴ അച്ചനും ഞാനും കൂടി തിരുവല്ലായിൽ എത്തി തിരുമേനിയെ കണ്ടു. അവിടെ താമസിച്ചു.

**22.** അരമനയിൽ ചൊല്ലി. കൊച്ചുകുഞ്ഞു വന്നു ചില കാര്യങ്ങൾ പറഞ്ഞു. അത് കഴിഞ്ഞ് ഞങ്ങൾ പുന്തലക്ക് പോയി കോശിസാറിനെ കണ്ടു, അവിടെനിന്നും കുടശ്ശനാട്ടുപോയി അച്ചനെ (ഫാ. പത്രോസ് കീപ്പള്ളിൽ) കണ്ടു ചില കാര്യങ്ങൾ ആലോചിച്ചശേഷം 3 മണിക്ക് മടങ്ങിപോന്നു.

**25.** കുമ്പഴ അച്ചനോടുകൂടി ഇലന്തൂർ എത്തി. പണിക്കരച്ചനും (ഫാ. തോമസ്) വന്നു. ചില കാര്യങ്ങൾ ശരിപ്പെടുത്തിയശേഷം 1 മണിയോടുകൂടി തിരുവല്ലായ്ക്കും അവിടെനിന്ന് ചങ്ങനാശ്ശേരിയിലും പോയി. എൻ.എ. തോമസ് അച്ചനെ 5 മണിക്ക് കണ്ടു. 7.30-ന് ചങ്ങനാശ്ശേരി അരമനയിൽ എത്തി. 7.45-ന് ഇന്റർനൺഷ്യൂ മോസ്റ്റ് റവ. ജോആൻ ആർ. നോക്സ് തിരുമേനിയുടെ സെക്രട്ടറിയെ കണ്ടു. അനന്തരം തിരുമേനിയെ കണ്ടു അതിരൂപത സംബന്ധിച്ചും റീത്തു സംബന്ധിച്ചും പറയാനുള്ളതെല്ലാം പറഞ്ഞു രണ്ടു മെമ്മോറാണ്ടം കൊടുത്തു. 40 മിനിട്ടു അദ്ദേഹവുമായി സംഭാഷണം നടത്തിയശേഷം ഊണു കഴിച്ചു. 9 മണിക്ക് തിരുവല്ലായിൽ എത്തി 12-ന് വീട്ടിലെത്തി. മറ്റുള്ളവർ തിരിച്ചുപോയി.



www.malankaralibrary.com

**27.** 10 മണിയോടുകൂടി കുമ്പഴ അച്ചൻ, കൊട്ടാരക്കര അച്ചൻ, പണിക്കര ച്ചൻ എന്നിവർ ഒരു കാറിൽ വന്നു. പല കാര്യങ്ങളും ആലോചിച്ചു. 11 മണിയോടുകൂടി തെങ്ങുവിളയിൽ ശമുവേൽ അച്ചനും വന്നു. ഊണു കഴിഞ്ഞ് 2 മണിക്ക് അവർ മടങ്ങിപോയി.

**29.** സന്ധ്യക്ക് കുമ്പഴ അച്ചനെ പറഞ്ഞിരുന്നതുപോലെ കാണാഞ്ഞിട്ടു ഞാൻ കുമ്പഴക്ക് പോയി. അച്ചൻ അവിടില്ലായിരുന്നു. ഞാൻ അവിടെ താമസിച്ചു.

**30.** രാവിലെ ഒരുങ്ങി കുമ്പഴ പള്ളിയിൽ ചൊല്ലി. ഉടനെതന്നെ കുമ്പഴ നിന്നും തിരിച്ചു 10 മണിയോടു തിരുവനന്തപുരത്തെത്തി. 3 മണിക്ക് ഇന്റർനുൺഷ്യോയെ സ്വീകരിക്കാൻ എയർപോർട്ടിൽ ഏവരും കാറിൽ പോയി. 4.25-ന് വന്ന് 5 മണിക്ക് അരമനയിൽ എത്തി. 5 മണിക്ക് എക്സ്പ്രസ്സ് ബസിൽ തിരിച്ചു ഞാൻ കൊട്ടാരക്കര അച്ചന്റെ വീട്ടിലെത്തി വിശ്രമിച്ചു.

**ഡിസംബർ 1.** കൊട്ടാരക്കര പള്ളിയിൽ ചൊല്ലി. അവിടെ നിന്നും കൊട്ടാരക്കര അച്ചനോടുകൂടി തിരുവനന്തപുരത്തിന് പോയി. പല കാര്യങ്ങളും കഴിഞ്ഞ് ഊണുകഴിഞ്ഞ് ഞാൻ മടങ്ങിപോന്നു. 8.30-ന് വീട്ടിലെത്തി.

**9.** രാവിലെ എറണാകുളത്തിന് തിരിച്ചു. 1.30-ന് അവിടെ അരമനയി ലെത്തി താമസിച്ചു.

**10.** രാവിലെ തൈക്കാടു സുബ്രഹ്മണ്യ അയ്യരെ പോയി കണ്ടു. കേസു കെട്ടു ഏല്പിച്ചു. 5 രൂപ ഗുമസ്തന് കൊടുത്തു. അവിടെ നിന്നും തിരിച്ചു ആലപ്പുഴ 11.30-ന് എത്തി. വർമ്മ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങി. ഊണുകഴിഞ്ഞ് മാന്നാനത്തിനു തിരിച്ചു. 6 മണിക്ക് ഇളമതയിൽ എത്തി താമസിച്ചു.

**11.** മാന്നാത്തു പള്ളിയിൽ ചൊല്ലി. തിരുവല്ലാ അരമനയിൽ എത്തി തിരുമേനിയെ കണ്ടു സംസാരിച്ചു. മടങ്ങിപോന്നു.

**14.** പള്ളി കണക്കുകൾ പരിശോധിക്കാൻ കുരുവിള അച്ചനും മറ്റും വന്നു. പരിശോധന തുടങ്ങി.

**16.** പരിശോധന കഴിഞ്ഞു കുരുവിള അച്ചൻ കൂത്താട്ടുകുളത്തിന് പോയി. 4 മണിക്ക് ഞാൻ കുമ്പഴ അച്ചനെ പോയി കണ്ടു.

**22.** രാവിലെ കൊല്ലത്ത് തിരിച്ചു 11 മണിയോടു അവിടെ ഡി.ഇ.ഒ.യെ കണ്ടു. റ്റി.എ.യുടെ ബിൽ കൊടുത്തു. രാജപ്പൻ ക്ലാർക്ക് അത് ശരിയാക്കി പാസാക്കിച്ചു ഒപ്പിടുവിച്ചു. 12.50-നു തന്നു. അവിടെ



www.malankaralibrary.com

നിന്നും തിരിച്ചു 4 മണിക്ക് കൊട്ടാരക്കര എത്തി അലക്സാണ്ടർ അച്ചനോടുകൂടി 7 മണിക്ക് കുടശ്ശനാടു എത്തി പണിക്കരച്ചനെ കണ്ടു പല കാര്യങ്ങളും ആലോചിച്ചു അവിടെ കിടന്നു.

**23.** കുടശ്ശനാടു ചൊല്ലി. അടൂരെത്തി സബ് ട്രഷററിയിൽ ബിൽ കൊടുത്തു, അത് പാസാക്കി 62 രൂപ 68 പൈസ തന്നു. പന്തളത്ത് എത്തി ഊണു കഴിഞ്ഞ് പോന്നു 2 മണിക്ക് വീട്ടിലെത്തി. നല്ല സുഖമില്ല.

**25.** രാത്രി 2 മണിക്കു പള്ളിയിൽ പോയി യൽദാ ശുശ്രൂഷയും കുർബാനയും നടത്തി. 5.45-ന് തീർന്നു.

**26.** രാവിലെ ഇലന്തൂരിൽ പോയി ഏബ്രഹാം അച്ചനെ കണ്ടു 35 രൂപ മെമ്മോറാണ്ടം യാത്ര ചെലവു സംബന്ധിച്ചു കൊടുത്തു. മടങ്ങി പോന്നു. 3 മണി കഴിഞ്ഞ് കുമ്പഴ അച്ചന്റെ വീട്ടിലെത്തി. സി. ഫിലോമിനയെ കണ്ടു വിവരങ്ങൾ അറിഞ്ഞു. മടങ്ങിപോന്നു.

**29.** മൈലപ്രാ ചൊല്ലിയിട്ടു കിഴവള്ളൂരിൽ പോയി രണ്ടു മാമോദീസാ നടത്തി മടങ്ങിപോന്നു.

# 1960

**ജനുവരി 2.** പത്തനംതിട്ട പോയി അലക്കിട്ട കുടക്ക് പട്ടുതുണി ഇടുന്നതിനായി വാങ്ങി പാച്ചുപണിക്കനെ ഏല്പിച്ചു. ജോയി അയച്ചുതന്ന ഡ്രാഫ്റ്റ് ബാങ്കിൽ കൊടുത്തു.

**6.** വൈകിട്ടു കടമ്മനിട്ടക്ക് പോയി 6.30-ന് എത്തി. പള്ളിപെരുനാൾ സംബന്ധിച്ചു സന്ധ്യാനമസ്കാരം നടത്തി യോഹന്നാൻ മൗദ്യാനയെപ്പറ്റി 15 മിനിറ്റ് പ്രസംഗിച്ചു. 9 മണിക്ക് ഏബ്രഹാം അച്ചനും വന്നു.

**7.** രാവിലെ നമസ്കാരം കഴിഞ്ഞ് 8 മണിക്ക് മൂന്നിൻമേൽ കുർബാന തുടങ്ങി. അതുകഴിഞ്ഞു പ്രൊസഷനും പ്രസംഗവും നടന്നു. ഏബ്രഹാം അച്ചൻ പ്രസംഗിച്ചു. 11 മണിക്ക് മടങ്ങിവന്ന് വിശ്രമിച്ചു. ഉച്ചകഴിഞ്ഞു കുമ്പഴ അച്ചന്റെ വീട്ടിലെത്തി. ഏബ്രഹാം അച്ചനും മറ്റും അവിടെ കൂടുമെന്ന് പറഞ്ഞിരുന്നു. അച്ചൻ 4 മണിക്കുവന്നു. ചിലതെല്ലാം ഞങ്ങൾ ആലോചിച്ചു. മടങ്ങിപോന്നു.

**8.** പത്തനംതിട്ട പോയി 3 അലക്കിട്ട കുടക്കു കൂടി പട്ടുതുണി എടുത്തു കൊടുത്തു. മരുന്ന് വാങ്ങി വീട്ടിലെത്തി. 3 മണിക്ക് ശ്രീ. കാർലോസ് കോട്ടയത്തുനിന്നും വന്നു പഞ്ചായത്ത് നിശ്ചയമായും റിപ്പോർട്ടിൽ കാണുമെന്ന് പറഞ്ഞു. 5 മണിയോടു അദ്ദേഹം മടങ്ങിപോയി.





www.malankaralibrary.com

**12.** പത്തനംതിട്ട പോയി കുട തൈയ്ക്കുന്നത് കണ്ടു. പള്ളിയിൽ അലങ്കാരങ്ങളും മറ്റും തുടങ്ങി.

**15.** പള്ളിയിൽ ചില നിർദ്ദേശങ്ങൾ കൊടുത്തു. സ്കൂളിലെത്തി സയൻസ് എക്സിബിഷൻ നടത്തുന്നത് പോയി കണ്ടു. 3 മണിക്ക് വീണ്ടും പള്ളിയിലെത്തി നിർദ്ദേശങ്ങൾ കൊടുത്തു.

**16.** രാവിലെയും ഉച്ചകഴിഞ്ഞും പള്ളിയിൽ എത്തി ചില ജോലികൾ ചെയ്യുകയും ചെയ്യിക്കുകയും ചെയ്തു. 4 മണിമുതൽ ആളുകൾ തിരുമേനിയെ കാത്തുനിന്നു. 7.30-ന് മാത്രമേ എത്തുകയുള്ളൂ എന്നറിഞ്ഞ് ആളുകൾ പിരിഞ്ഞുപോയി. 7.45-ന് തിരുമേനിയും മറ്റും വന്നുചേർന്നു. പ്രാർത്ഥന കഴിഞ്ഞു ഊണും കഴിഞ്ഞു ഞാൻ വീട്ടിലേക്കു പോന്നു.

**17.** തിരുമേനി പരസ്യകുർബാന ചൊല്ലി. ഞാൻ വീട്ടിൽ എത്തി. ഉച്ച യോടുകൂടി എ.ജെ. ജോർജും മറ്റും വന്നു. ഊണുകഴിഞ്ഞു ഞങ്ങൾ പള്ളിയിൽ പോയി, കുറെ കഴിഞ്ഞതിനുശേഷം അവർ മടങ്ങിപോയി. 3 മണിക്ക് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ലീജിയൻ ഓഫ് മേരി വാർഷിക മീറ്റിംഗ് നടന്നു. ചില അച്ചന്മാരും ഉണ്ടായിരുന്നു. തിരു മേനി പെരുനാട്ടിന് പോയിട്ടു 7 മണിക്ക് തിരിച്ചുവന്നു. പ്രാർത്ഥന കഴിഞ്ഞു ഭക്ഷണവും കഴിഞ്ഞു. എനിക്കെതിരായി ചിലർ അവാ സ്തവമായ ചില ആരോപണങ്ങൾ നടത്തിയതായി അറിഞ്ഞു.

**18.** മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ കഴിച്ചു തിരുമേനി കുർബാന ചൊല്ലി. 10 മണിമുതൽ പള്ളി കണക്കിനെ പറ്റിയും റീത്താചരണം സംബന്ധിച്ചും തിരുമേനിയുമായി സംഭാഷണം നടത്തി. വളരെ മുഷിഞ്ഞു വ്യക്തമായ ചില ആരോപണങ്ങൾ ഞാൻ നടത്തി. അവസാനം അടുത്ത ഞായറാഴ്ച വന്ന് ചില സമാധാന വ്യവസ്ഥകൾ എല്ലാം ചെയ്യാമെന്ന് അദ്ദേഹം സമ്മതിച്ചു. ഊണുകഴിഞ്ഞു 3 മണിക്ക് മടങ്ങിപോയി.

**19.** ചൊല്ലി വീട്ടിൽ വിശ്രമിച്ചു. ഉച്ചകഴിഞ്ഞു ശ്രീ. മൊറാർജി ദേശായി പെരുനാടു യാത്രയിൽ വീടുപടിക്കൽ കാറു നിറുത്തി കൈതന്നു. എന്റെ കയ്യിൽ നിന്നും മനോരമ പേപ്പർ വാങ്ങി. ശ്രീ. പി.എസ്. ജോർജ് എന്നെ അദ്ദേഹത്തിന് പരിചയപ്പെടുത്തി. വൈകിട്ടു സ്ഥാനാർത്ഥി ചന്ദ്രൻ നായരും മറ്റും വന്ന് ഇലക്ഷൻ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരാൾ ഓടിവന്ന് അദ്ദേഹത്തിന്റെ സെക്രട്ടറിയെ ഒരു കമ്മ്യൂണിസ്റ്റുകാരൻ കുത്തികൊന്നുവെന്ന്



www.malankaralibrary.com

അറിയിച്ചു. അദ്ദേഹം കുറെനെരം വിവശനായിരുന്നെന്നും, ഒടുവിൽ പത്തനംതിട്ടയ്ക്ക് മടങ്ങിപോയെന്നും പറഞ്ഞു.

**20.** പത്തനംതിട്ട 10 മണി കഴിഞ്ഞെത്തി. എല്ലാ വഴികളിൽ നിന്നും ജാഥകൾ ആശുപത്രിയിലേക്ക് നീങ്ങികൊണ്ടിരുന്നു. 12 മണിയോട് ശ്രീധരൻ നായരുടെ ശരീരം മഞ്ചത്തിൽ വച്ചു വെട്ടൂർക്ക് കൊണ്ടു പോയി. ധാരാളം ആളുകൾ റോഡു നിറഞ്ഞു വിഷമത്തോടു നീങ്ങി കൊണ്ടിരുന്നു. ഞാൻ മടങ്ങിപോന്നു.

**24.** രാവിലെ പള്ളിയിലെത്തി. 7.45-ന് തിരുമേനി വന്നു. റീത്തിന്റെ അനുഷ്ഠാനം എങ്ങനെ ആയാലും മുട്ടുകുത്തുന്നവർക്കും വി. കുർബാന കൊടുക്കണം എന്നു പറഞ്ഞു. അനുസരണക്കേടും ധിക്കാരവും കൊണ്ടു മുട്ടുകുത്തുന്നവർക്ക് വി. കുർബാന കൊടുക്കുകയില്ലെന്നും എന്നാൽ ഇപ്പോൾ തിരുമേനി ഇങ്ങനെ കല്പിക്കുന്നതു കൊണ്ടു കൊടുക്കാം എന്ന് ഞാൻ പറഞ്ഞു. തിരുമേനി മുൻപു പറഞ്ഞതിൽ നിന്നും ഇപ്പോൾ മാറ്റി പറയുന്നു. കല്പന കാക്കുന്നതിൽ നിഷ്കർഷ കാണിക്കുന്നില്ല. ഏതാനും കാര്യങ്ങൾ അന്യോന്യം പറഞ്ഞശേഷം ഞാൻ കുർബാന ചൊല്ലാൻ തുടങ്ങി. 9.30-ന് തിരുമേനി മടങ്ങിപോയി.

**25.** കുർബാന കഴിഞ്ഞു ഒരു മാമോദീസായും ശവസംസ്കാരവും നടത്തി. അതുകഴിഞ്ഞു ഇലന്തൂർ വഴി അയിരൂർ പോയി പന്തോളിലച്ചനെ കണ്ടു പല കാര്യങ്ങളും സംസാരിച്ചു. മടങ്ങിപോന്നു.

**26.** 12 മണിയോടുകൂടി എ.ജെ. ജോർജും ഏബ്രഹാം അച്ചനും കൂടി കാറിൽ വന്നു. ഊണുകഴിഞ്ഞു ഞങ്ങൾ അയിരൂർക്ക് പോയി. അവിടെ എത്തി ഫിലിപ്പച്ചനുമായി സംസാരിച്ചു ചില കാര്യങ്ങൾ തീരുമാനിച്ചു. 3.30-ന് മടങ്ങിപോന്നു. ഞാനും ഏബ്രഹാം അച്ചനും കൂടി പുത്തൻപീടികയിൽ പോയി പീടികയിലച്ചന്റെ രോഗം കണ്ടു. അതുകഴിഞ്ഞു പടിഞ്ഞാറ്റേതിൽ കയറി. പിന്നീടു ലത്തീൻ പള്ളിയിൽ കയറി അച്ചന്മാരെ കണ്ടു മടങ്ങി. ഞങ്ങൾ ഇലന്തൂരെത്തി അച്ചനോടു 250 രൂപ ചെക്കു വാങ്ങി പോന്നു രാത്രി 9 മണിക്ക് വീട്ടിലെത്തി.

**28.** വൈകിട്ടു ഫാ. കുര്യൻ ഇലഞ്ഞിമറ്റം വന്ന് ചില കാര്യങ്ങൾ പറഞ്ഞു. 6 മണിക്കുശേഷം അദ്ദേഹം പോയി. ഇന്ന് പത്തനംതിട്ട ഐക്യകക്ഷികളുടെ സമാപനപ്രചരണയോഗം നടന്നു.

**ഫെബ്രുവരി 1.** രാവിലെ കുർബാന ചൊല്ലി. 7 മണിക്ക് മൈലപ്രാ



www.malankaralibrary.com

പോളിംഗ് ബൂത്തിലെത്തി ഒന്നാമതായി വോട്ടുചെയ്തു. ഇവിടെ ബഹുഭൂരിപക്ഷം വോട്ടും ഹരിചന്ദ്രൻ നായർക്ക് കിട്ടും. ഉച്ചയോടു കൂടി ഞാനും കുമ്പഴ അച്ചനും കൂടി ചില പോളിംഗ് ബൂത്തുകൾ നോക്കുവാൻ പോയി. വയലായുടെ വിജയം നിശ്ചിതമാണ്.

**3.** ഇലക്ഷൻ റിസൾട്ട് അറിഞ്ഞു തുടങ്ങി. ഭൂരിപക്ഷം ഐക്യകക്ഷികൾക്ക് കിട്ടി.

**5.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു. 10.30-ന് അരമനയിൽ എത്തി വിശ്രമിച്ചു. 4 മണിക്ക് കൗൺസിൽ കൂടി, 5 മണിക്ക് നിറുത്തിയിട്ടു തിരുമേനി കോളേജിൽ പോയിട്ടുവന്നു. വീണ്ടും 8.30-ന് കൗൺസിൽ കൂടിയിട്ടു 11 മണിക്ക് കഴിഞ്ഞു. ഞാനും ഫിലിപ്പച്ചനും കൂടി പല കാര്യ ങ്ങളെകുറിച്ചു സംസാരിച്ചു.

**6.** അരമനയിൽ ചൊല്ലി. അച്ചായന്റെ സുഖക്കേടു സംബന്ധിച്ചു ലോറൻസ് അച്ചനുമായി (മാർ ലോറൻസ് എഫ്രേം) സംസാരിച്ചു വേണ്ട ഇടപാടു നടത്തി. മടങ്ങിപോരാൻ ബസ് സ്റ്റാന്റിൽ എത്തിയപ്പോൾ ശ്രീ. ദാസ്, ജെയിംസ്, സ്റ്റീഫൻ എന്നിവർ അവിടെ വന്നു. ചാമക്കാലായിൽ തോമസിന്റെ മകൾ റോസമ്മക്കുവേണ്ടി കല്യാണാലോചന സംബന്ധിച്ചു അവരോടുകൂടി കൗടിയാറിനടുത്തുള്ള അവരുടെ വീട്ടിൽ പോയി സംസാരിച്ചു. കാപ്പികുടി കഴിഞ്ഞ് തിരിച്ചു പോന്നു, 5 മണിക്ക് വീട്ടിലെത്തി.

**10.** രാവിലെ തിരിച്ചു കോട്ടയത്ത് 10.45-ന് എത്തി. റബ്ബർ ബോർഡ് ഓഫീസിലെത്തി വിവരം അറിഞ്ഞു. രസീത് അയച്ചു എന്നു പറഞ്ഞു. ബോർഡിലെ ഇൻസ്പെക്ടർ ജോസഫിനെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. റബ്ബർ ബോർഡിൽ ചിലരെ ഉടനെ നിയമിക്കുന്നതിലേക്കുള്ള അപേക്ഷ ഫാറത്തിന് രണ്ടര രൂപ കൊടുത്തു. ഫോറം അയച്ചുതരുമെന്ന് പറഞ്ഞു.

**12.** ഇന്ന് 3 മണിക്ക് സ്കൂൾ വാർഷികം ആയിരുന്നു. മാത്തൻ തരകൻ അദ്ധ്യക്ഷം വഹിച്ചു. ഞാനും മീറ്റിംഗിൽ സംബന്ധിച്ചു.

**14.** ഇന്ന് എല്ലാ മരിച്ച ആചാര്യന്മാരുടേയും ഓർമ്മദിനമായിരുന്നു. അത് സംബന്ധിച്ചു പ്രസംഗരൂപേണ ജനങ്ങളെ അനുസ്മരിപ്പിച്ചു. വൈകിട്ടു ഒരു വീടുകൂദാശ നടത്തി.

**15.** രണ്ടു മാമോദീസാ ഉണ്ടായിരുന്നു. ഒരാളെ ഇന്ന് സഭാംഗമാക്കി.

**16.** ഇന്ന് ബഥനി മെത്രാന്റെ (ഓർത്തഡോക്സ്) കന്തീല ശുശ്രൂഷയ്ക്ക് അനവധി അച്ചന്മാരും മെത്രാന്മാരും പോകുന്നതു കണ്ടു. കുമ്പഴ



www.malankaralibrary.com

അച്ചനെ പോയി കണ്ടു. അച്ചൻ അടുത്ത ആഴ്ച മൈലപ്രായിൽ കല്യാണം നടത്താൻ 8 മണിക്ക് വരാമെന്ന് സമ്മതിച്ചു. ഞാൻ 6 മണിക്ക് വീട്ടിലെത്തി.

**18.** ബഥനിയിൽ സുഖമില്ലാതെ കിടക്കുന്ന മെത്രാച്ചനെ കാണാൻ പോയി. 2 മണികഴിഞ്ഞു അവിടെ ആശ്രമത്തിലെത്തി തിരുമേനിയെ കണ്ടു കുറെ സംഭാഷണം നടത്തി. 3 മണിക്ക് മാമ്പാറ പള്ളിയിലെത്തി വിശ്രമിച്ചു. 5.30-ന് ബസ് കിട്ടാതെ ഒരു ലോറിയിൽ മടങ്ങി വീട്ടിലെത്തി.

**21.** ഇന്ന് എല്ലാ മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയും ധൂപവും നടത്തി. 2 മണിയോടു കടമ്പനാട്ടുപോയി. അവിടത്തെ വികാരി ഫാ. മത്തായി കല്ലട ചുമതല ഏല്പിച്ചു തന്നു. പള്ളിയിൽ പോയി താക്കോൽ മുതലായവ ഏറ്റുവാങ്ങി. 5 മണിക്കുശേഷം കടമ്പനാട്ടു താഴെയിൽ മാവിയുടെ വീട്ടിൽ താമസിച്ചു.

**22.** താഴെയിൽ വീട്ടിൽ നിന്നും പള്ളിയിലെത്തി കുർബാന ചൊല്ലി. 11 മണികഴിഞ്ഞു ഒരു കല്യാണം നടത്തി, വീട്ടിലെത്തി ഭക്ഷണം കഴിഞ്ഞു. മത്തായി അച്ചൻ 25 രൂപയും താക്കോലും ഏല്പിച്ചു. അച്ചനും ഞാനും കൂടി ഒന്നുരണ്ടു കസിൻസിന്റെ വീട്ടിൽ പോയിട്ടു ഞാൻ ഉണ്ണുണ്ണിച്ചായന്റെ വീട്ടിലെത്തി താമസിച്ചു.

**മാർച്ച് 1.** ഉച്ചകഴിഞ്ഞു 5 മണിയോടു ഒരാൾ വന്ന് കാർമല തോമസ് മുതലാളി 2 മണിക്ക് മരിച്ചു എന്നു പറഞ്ഞു ഒരെഴുത്ത് തന്നു. സന്ധ്യയോടുകൂടി കുമ്പഴ അച്ചന്റെ വീട്ടിലെത്തി രാവിലെ ഞങ്ങൾ കാറിൽ പോകുന്നതിന് തീരുമാനിച്ചു. അവിടെ കിടന്നു.

**2.** വെളുപ്പിന് 3 മണിക്കുശേഷം എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ഞങ്ങൾ 5 മണിക്ക് കാറിൽ തിരിച്ചു, 6 മണിക്ക് പള്ളിയിലെത്തി തോട്ടത്തിൽ പോയി മരിച്ച ആളിനു വേണ്ടി പ്രാർത്ഥന നടത്തി, മടങ്ങി പള്ളിയിലെത്തി കുർബാന ചൊല്ലി. തിരുമേനിയും വന്നു. 1 മണിയോടു കൂടി അടക്കം കഴിഞ്ഞു. അനവധി അച്ചന്മാരും മറ്റും ഉണ്ടായിരുന്നു. 2 മണിക്ക് തോട്ടത്തിൽ പോയി ഭക്ഷണം കഴിഞ്ഞ് 3 മണിക്കുശേഷം ഞങ്ങൾ മടങ്ങിപോന്നു.

**4.** അതിരാവിലെ പള്ളിയിൽ പോയി ചൊല്ലി. വല്ല്യത്ത് കയറി ജോർജ്ജും ശോശാമ്മയും ഒരുമിച്ചു കോന്നിയിലെത്തി അവിടെ നിന്നും ആനകുത്തിയിൽ പോയി. രോഗിയായി കിടക്കുന്ന വെള്ള അച്ചായനെ (ഒരു കുടുംബബന്ധു) കണ്ടു. യാതൊരു സൗകര്യ



www.malankaralibrary.com

മില്ലാത്ത ഒരു ചെറിയ വീട്ടിൽ ആണ്. കുറെ കഴിഞ്ഞ് പ്രാർത്ഥന കഴിഞ്ഞ് ചികിത്സക്ക് കുറച്ചു രൂപ കൊടുത്തിട്ടു ഞങ്ങൾ മടങ്ങി പോന്നു. 10 മണിക്ക് എൻ.ഇ.എസ്. ബ്ലോക്ക് ക്യാമ്പ് കോന്നി സ്കൂളിൽ നടക്കുന്നതിനാൽ ഞാൻ അവിടെ ഇറങ്ങി അതിൽ സംബ ന്ധിച്ചു. എം.എൽ.എ. ഹരിചന്ദ്രന നായരെ കണ്ടു സംസാരിച്ചു. മടങ്ങിപോന്നു. വീട്ടിലെത്തി.

**7.** ഉച്ചയോടുകൂടി തിരുമേനി വന്നു. എന്നെയും കൂട്ടി പെരുനാട്ടിന് പോയി. ഡേവിഡ് അച്ചനും അന്തോണി അച്ചനും ഉണ്ടായിരുന്നു. ബഥനി 100 ഏക്കർ സ്ഥലത്തിന്റെ കേസും മറ്റും സംബന്ധിച്ചു ആലോചിച്ചു. മത്തായി ചേട്ടത് 40,000 രൂപ വസ്തുവിന് കൊടുക്കണ മെന്നും നട്ടുദേഹണത്തിന് കൊടുത്തിട്ടുള്ളവരിൽ നിന്നും 20,000 രൂപ വിലക്കായി സ്വീകരിക്കണമെന്നും, ചാക്കോയുടെ കയ്യിലിരി ക്കുന്ന 10 ഏക്കർ സ്ഥലം വിറ്റു വേറെ തുക വാങ്ങണമെന്നും നിശ്ചയിച്ചു. നട്ടുദേഹണക്കാരുമായി ആലോചിച്ചു അവരുടെ സമ്മത പ്രകാരം ആധാരം എഴുത്ത് സംബന്ധിച്ചു ഒരു ലിസ്റ്റ് എഴുതി ഉണ്ടാക്കി. 12 മണി രാത്രി എല്ലാം ശരിയായി തീർന്നു. തീയതി അടുത്തു തന്നെ തീരുമാനിക്കാൻ ഏർപ്പാടു ചെയ്തു. ഊണും മറ്റും കഴിഞ്ഞ് അവിടെ ഉറങ്ങി.

**8.** രാവിലെ 5 മണിക്ക് കുറ്റിക്കയത്തു നിന്നും കാറിൽ തിരിച്ചു മൈലപ്രായിൽ എത്തി ചൊല്ലി. പള്ളിപുരയിടത്തിൽ ജോലി നടക്കുന്നത് പോയി കണ്ടു.

**14.** പള്ളിപുരയിടത്തിൽ കപ്പ ഇടാൻ ആളെ അയച്ചു. 8 മണിക്ക് തിരുമേനി വന്നു. കാറിൽ ഞാനും കൂടി തിരുവനന്തപുരത്തിന് പോയി. മുളവങ്കുളം, വകയാർ ഇവിടെ കയറി 1.30-ന് അരമനയി ലെത്തി. ഊണുകഴിഞ്ഞ് വിശ്രമിച്ചു.

**15.** അരമനയിൽ ചൊല്ലി. ഞാനും ഏബ്രഹാം അച്ചനും കൂടി മഠത്തിൽ പോയി സിസ്റ്ററിനെ കണ്ടു കുറെനേരം സംസാരിച്ചു. രോഗിയായ സി. ബാസിമിനെയും കണ്ടു. അതുകഴിഞ്ഞ് ആശ്രമത്തിലും പോയിട്ടു അരമനയിൽ തിരിച്ചെത്തി. 11 മണിയോടുകൂടി പ്രൊവിഡന്റ് ഫണ്ടിന്റെ മീറ്റിംഗ് തുടങ്ങി. പല തീരുമാനങ്ങളും എടുത്തു. 12 മണിക്ക് കഴിഞ്ഞു. 2 മണിക്ക് ഞാനും ഏബ്രഹാം അച്ചനും കൂടി മടങ്ങിപോന്നു.

**16.** ഇന്നുരാത്രി 9 മണിക്കുശേഷം കുമ്പഴ അച്ചനും ഏബ്രഹാം അച്ചനും



www.malankaralibrary.com

കൂടി കാറിൽവന്നു. ഒരുമിച്ചു ഇലന്തൂർക്ക് പോയി അവിടെ ബംഗ്ലാവിൽ താമസിച്ചു.

**17.** ഇലന്തൂർ പള്ളിയിൽ ചൊല്ലി. 8 മണിക്ക് ചങ്ങനാശ്ശേരിക്ക് പോയി അരമനയിലും കോളേജിലും കയറി. തിരിച്ചു തിരുവല്ല അരമനയിലും പുതിയ ആശുപത്രിയിലും കയറി. ആശ്രമത്തിൽ കയറി ഊണുകഴിച്ച ശേഷം വിശ്രമിച്ചു. 3 മണിക്ക് കവിയൂർ ആശുപത്രിയിൽ കയറി മാമ്മച്ചനെ കണ്ടു. ഇലന്തൂരിൽ എത്തി. 6 മണിക്ക് വീട്ടിലെത്തി.

**22.** 10 മണിയോടുകൂടി പുത്തൻപീടികയിൽ പോയി രോഗിയായ അച്ചനെ കണ്ടു. പിന്നീടു പടിഞ്ഞാറ്റേതിൽ കയറി രോഗിയെ കണ്ടു. പുത്തൻപീടിക ലാറ്റിൻ പള്ളിയിൽ കയറി ഡേവിഡ് അച്ചനെ കണ്ടു, അദ്ദേഹം നാളെ സ്ഥലം വിടുന്നതിനാൽ യാത്രപറഞ്ഞുപോന്നു.

**26.** കിഴവള്ളൂരിൽ എത്തി. ബി.ഡി.ഒ.യെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. അതുകഴിഞ്ഞ് മാവിയെ പോയി കണ്ടു. മടങ്ങി പോന്ന വഴി കുമ്പഴ അച്ചനേയും കയറി കണ്ടു, വീട്ടിലെത്തി.

**27.** റാന്നിയിൽ ക്നാനായസമുദായം വക ആശുപത്രിയുടെ ഉദ്ഘാടന ത്തിൽ സംബന്ധിക്കാൻ പോയി. അവിടെ ക്നാനായ പള്ളിയിൽ വിശ്രമിച്ചു. കോട്ടയം ബിഷപ്പ് മാർ തോമസ് തറയിൽ അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തെ കണ്ടു സംസാരിച്ചു. 5 മണിയോടു കൂടി മീറ്റിംഗ് സ്ഥലത്തെത്തി സംബന്ധിച്ചു. ഗവർണർ ഉദ്ഘാടനം നടത്തി. ശ്രീ. എം. തോമസ് അദ്ധ്യക്ഷത വഹിച്ചു. മന്ത്രി വേലപ്പൻ ഒരു വാർഡിന് കല്ലിട്ടു. മന്നവും മറ്റു പലരും പ്രസംഗിച്ചു. ഞങ്ങൾ പലരും കൂടി ഒരു കാർ പിടിച്ചു മടങ്ങിപോന്നു, 9–ന് എത്തി.

**30.** സ്കൂൾ ബിൽ സംബന്ധിച്ചു പലതും ചെയ്തുകൊണ്ടിരുന്നു. 4 മണിക്ക് പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു. 5 മണിക്കു ശേഷം കുമ്പഴ പോയി അച്ചന്റെ വീട്ടിൽ കിടന്നു.

**31.** അച്ചന്റെ വീട്ടിൽ നിന്നും കാർമലയ്ക്ക് പോയി. 6.30–ന് അവിടെ എത്തി കുർബാന ചൊല്ലി. മറ്റു പല അചന്മാരും ഉണ്ടായിരുന്നു. ഉച്ചയോടുകൂടി തോട്ടത്തിൽ പോയി ഊണു കഴിച്ചു. പള്ളിയിൽ തിരിച്ചെത്തി കാറിൽ മടങ്ങി വീട്ടിലെത്തി.

**ഏപ്രിൽ 4.** വൈകിട്ടു ഫാ. കുറ്റിയിൽ ധ്യാനം നടത്തി. 50–ൽ പരം ആളുകൾ സംബന്ധിച്ചു.

**5.** ഇന്ന് രാവിലെയും വൈകിട്ടും ധ്യാനം നടത്തി. ആളുകൾ കൂടുത ലായിട്ടു വന്നു. കുമ്പഴ സോഷ്യൽ സർവീസ് വനിതാ സമാജം ക്യാമ്പിനെപ്പറ്റി എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി ആലോചിച്ചു.





www.malankaralibrary.com

**8.** 10 മണിയോടുകൂടി ഫിലിപ്പച്ചനും ജോർജ്ജും മറ്റും വന്നു പല കാര്യങ്ങൾ സംസാരിച്ചു. ഊണുകഴിഞ്ഞു അയിരൂർക്ക് പോയി.

**9.** 10 മണികഴിഞ്ഞു കുമ്പഴ അച്ചന്റെ വീട്ടിലെത്തി. കൊട്ടാരക്കര അച്ചനും തോമ്പ്ര അച്നും (ഫാ. ഗീവർഗ്ഗീസ് - തിരുവല്ല) മറ്റും ഉണ്ടായിരുന്നു. കുമ്പഴ അച്ചന്റെ ക്ലിനിക് ഉദ്ഘാടന മീറ്റിംഗ് 3 മണിക്ക് എം.എൽ.എ. ഹരിചന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടി. മന്ത്രി വേലപ്പൻ ഉദ്ഘാടനം ചെയ്തു. അനേകരുണ്ടായിരുന്നു. മൈലപ്രാ യിൽ ഒരു ഡിസ്പെൻസറി അനുവദിക്കുന്നതിനായി ഒരു നിവേദനം മന്ത്രിക്ക് ഞാൻ കൊടുത്തു സംസാരിച്ചു. 9 മണിക്ക് മടങ്ങിയെത്തി.

**10–17.** (ഹാശാ ആഴ്ച പ്രാർത്ഥനകളും ശുശ്രൂഷകളും കുർബാനയും മറ്റും മൈലപ്രാ പള്ളിയിൽ നടത്തി).

**23.** പുത്തൻപീടികയിൽ പോയി പീടികയിലച്ചനെ കണ്ടു. അച്ചൻ വളരെ കൂടുതലായി വലിച്ചുകിടക്കുന്നു. മടങ്ങിപോന്നു. സ്കൂളിൽ നടക്കുന്ന ക്യാമ്പ് കാണാൻ പോയി.

**25.** 9 മണിക്ക് സ്കൂളിൽ പോയി ക്യാമ്പ് ഉദ്ഘാടന മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു. ഉദ്ഘാടനം കോന്നിയൂർ മീനാക്ഷി അമ്മ നിർവ്വഹിച്ചു. കുറെ കഴിഞ്ഞ് ഞാൻ പീടികയിലച്ചൻ മരിച്ചതറിഞ്ഞ് അങ്ങോട്ടുപോയി. 6 മണിവരെ അവിടെ കഴിഞ്ഞു. തിരുമേനി വന്നു. ഞാൻ മടങ്ങിപോന്നു.

**26.** രാവിലെ പുത്തൻപീടിക പള്ളിയിൽ എത്തി, പിന്നീട് വീട്ടിലും പോയി. 8.30–ന് മൃതശരീരം പള്ളിയിൽ കൊണ്ടു വന്നു. തിരുമേനിമാർ ഉൾപ്പെടെ മൂന്നിൻമേൽ കുർബാന ചൊല്ലി. സംസ്കാര ശുശ്രൂഷ തുടങ്ങി 1 മണിക്ക് അടക്കം നടന്നു. ഞാൻ പുറത്തൂട്ടു പോയി ഊണു കഴിച്ചു. മടങ്ങിപോന്നു.

**27.** പള്ളിപറമ്പിൽ ജോലി നടത്തിച്ചു. വനിതാ ക്യാമ്പ് കാണാൻ പോയി. 4 മണിക്ക് സി.എം.എസ്-ലെ അച്ചനോടുകൂടി കാലായിൽ എത്തി വസ്തുവിൽകൂടിയുള്ള വഴി സംബന്ധിച്ചു കാര്യങ്ങൾ പറഞ്ഞു. മടങ്ങിപോന്നു.

**28.** രാവിലെ തിരിച്ചു 10.30–ന് അരമനയിൽ എത്തി. 11 മണിയ്ക്ക് കൗൺസിൽ കൂടി 1.30–ന് തീർന്നു. ഊണു കഴിഞ്ഞ് മടങ്ങി പോന്നു, ബസ് കിട്ടാൻ താമസിച്ചു. 9.30–ന് വീട്ടിലെത്തി.

**30.** കുർബാന കഴിഞ്ഞു പീടികയിലച്ചന്റെ വീട്ടിൽ പോയിട്ടു മടങ്ങിവന്നു.

**മെയ് 1.** 1 മണിയോടു കൂടി പുത്തൻപീടികയിൽ പോയി. 2.30–ന് എന്റെ അദ്ധ്യക്ഷതയിൽ പുത്തൻപീടിക സ്കൂളിൽ വച്ചു പീടികയിലച്ചന്റെ



www.malankaralibrary.com

അനുശോചനയോഗം കൂടി. പലരും പ്രസംഗിച്ചു. അതുകഴിഞ്ഞു പള്ളി വക ഭക്തസമാജങ്ങളുടെ യോഗം നടന്നു. അതിലും സംബന്ധിച്ചിട്ടു 5.30-ന് തിരിച്ചുപോന്നു.

**3.** കോട്ടയത്ത് പോയി 2.30-ന് മാനേജേഴ്സ് മീറ്റിംഗിൽ കൂടി മടങ്ങി.

**10.** പഞ്ചായത്ത് മീറ്റിംഗ് 10 മണിക്കു തുടങ്ങി 2 മണിവരെ തുടർന്നു. 2.30-ന് വനിത ക്യാമ്പ് സ്പെഷ്യൽ കമ്മറ്റി മീറ്റിംഗ് കൂടി വരവു ചെലവു കണക്ക് പാസാക്കി. അടുത്ത വാർഷിക മീറ്റിംഗ് കൂടി പുതിയ കമ്മറ്റിയെ തെരഞ്ഞടുത്ത ശേഷം അതിലെ ഖജാൻജിയെ പണം ഏല്പിക്കുന്നതവരെ പണം ഇപ്പോഴത്തെ ഖജാൻജിയുടെ പക്കൽ ഇരിക്കട്ടെ എന്നു നിശ്ചയിച്ചു പിരിഞ്ഞു.

**11.** 8 മണിക്ക് ഏബ്രഹാം അച്ചൻ വന്നു. ഞങ്ങൾ പുനലൂർക്ക് പോയി 10.30-ന് പുനലൂർ സ്റ്റേഷനിലെത്തി. 11.30-ന് ട്രെയിനിൽ മധുരക്ക് പോയി. ചെങ്കോട്ടയിൽ വച്ചു ഊണുകഴിഞ്ഞ് 6.30-ന് മധുരയിലെത്തി. മരുമകൻ കുഞ്ഞൂഞ്ഞിന്റെ കൂടെ പോയി താമസിച്ചു.

**12.** രാവിലെ റെയിൽവേ കോളണി പള്ളിയിലെത്തി ഞങ്ങൾ രണ്ടു പേരും ചൊല്ലി. കാപ്പികഴിഞ്ഞ് മധുര ആർച്ചുബിഷപ്പിനേയും മറ്റും പോയി കണ്ടു. അവിടെ ഡിമൊബൈൽ പ്രസ്സ് ചുറ്റിനടന്നു കണ്ടു. കന്യാസ്ത്രീമഠവും പോയി കണ്ടു. 1 മണിയോടെ മടങ്ങി എത്തി ഊണുകഴിഞ്ഞു വിശ്രമിച്ചു. 4 മണിക്ക് വീണ്ടും പോയി എക്സിബിഷൻ കണ്ടു. 7.50-ന് മടങ്ങി എത്തി, വിശ്രമിച്ചു.

**13.** റെയിൽവേ കോളണി പള്ളിയിൽ ഞങ്ങൾ ചൊല്ലി. കാപ്പികഴിഞ്ഞു ബ്ലു സിസ്റ്റേഴ്സ് മഠത്തിൽ പോയി. അവിടെ ബേസിക് ട്രെയിനിംഗ് സ്കൂൾ, ഹൈസ്കൂൾ മുതലായ സ്ഥാപനങ്ങൾ കണ്ടു. മലയാളികൾ 4 സിസ്റ്റേഴ്സ് അവിടെ ഉണ്ടായിരുന്നു. അവരുമായി അവിടത്തെ കാര്യങ്ങളും മറ്റും സംസാരിച്ചു. 12 മണിക്ക് മടങ്ങി 1 മണിക്ക് വസതിയിൽ എത്തി. 5 മണിക്ക് ഞങ്ങൾ മീനാക്ഷി കോവിൽ കാണാൻ പോയി ചുറ്റി നടന്നു കണ്ടു. 5 രൂപ കൊടുത്ത് ഒരു തിരുഹൃദയ പടം വാങ്ങി. രാത്രി 8 മണിക്ക് അവിടെ വീട്ടിലെത്തി. നല്ല മഴയായിരുന്നു, റോഡിലെല്ലാം വെള്ളം.

**14.** രാവിലെ പള്ളിയിൽ പോയി പ്രാർത്ഥിച്ചു കുർബാന ഞങ്ങൾ ചൊല്ലി. 8 മണിക്കുള്ള ട്രെയിനിൽ മടങ്ങി പോരാനായി 7.30-ന് തിരിച്ചു. ട്രെയിൻ താമസിച്ചു 8.40-ന് വന്നു. അതിൽ കയറി 2.30-ന് പുനലൂരിലെത്തി. 7.30-ന് വീട്ടിലെത്തി. ഏബ്രഹാം അച്ചൻ കുമ്പഴ നിന്നും ഇലന്തൂർക്ക് പോയി.



www.malankaralibrary.com

**18.** 7 മണിയോടുകൂടി പുത്തൻപീടിക പള്ളിയിലെത്തി. 8 മണിക്ക് എന്റെ പ്രധാന കാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബാന ചൊല്ലി. അതു കഴിഞ്ഞു പീടികയിൽ വീട്ടിലെത്തി ധൂപപ്രാർത്ഥന നടത്തി. ഞാനും ആമ്പശ്ശേരിയിലച്ചനും കൂടി നന്നുക്കാടു വന്ന് ഇലന്തൂർക്ക് പോയി രോഗിയായ ഏബ്രഹാം അച്ചനെ കണ്ടു. 2 മണിക്ക് മടങ്ങി.

**19.** രാവിലെ ചൊല്ലി. ശ്രീ. സി.എം. തോമസിന്റെ മകൾ അന്നമ്മയുടെ കല്യാണം 10 മണിക്ക് നടത്തി. വീട്ടിലെത്തി ഊണുകഴിഞ്ഞ് മടങ്ങി വന്ന് വിശ്രമിച്ചു. തിരുവനന്തപുരത്തുനിന്നും വന്ന വരനും കൂട്ടരും ഇവിടെ വീട്ടിൽ വന്ന് വിശ്രമിച്ചു. 2.30-ന് ശേഷം അവർ പോയി.

**20.** ഉച്ചയോടുകൂടി സി. അൽഫോൻസയും സി. ഹൈഫീറ്റയും കൂടി വന്നു 2 ദിവസം താമസിച്ചു. ദീർഘനാളായി എഴുതിയതു നിമിത്തമാണ് വന്ന് താമസിച്ചത്.

**24.** രാവിലെ ഞാനും കരിയിലച്ചനും കൂടി തിരുവനന്തപുരത്തിന് പോയി 10.30-ന് അരമനയിലെത്തി. അനേകം അച്ചന്മാരുണ്ടായിരുന്നു. രാത്രി 8 മണിയോടുകൂടി ഞാനും കുറ്റിയിലച്ചനും കൂടി കടമ്മനിട്ട അച്ചന്റെ മകൻ പാപ്പച്ചന്റെ വീട്ടിലെത്തി ഉറങ്ങി.

**25.** രാവിലെ ഞങ്ങൾ പാപ്പച്ചന്റെ വീട്ടിൽ നിന്നും അരമനയിലെത്തി ചൊല്ലി. ആളുകൾ വന്നുകൊണ്ടിരുന്നു. തിരുമേനിയെ കണ്ടു ഞാൻ ചില കാര്യങ്ങൾ പറഞ്ഞു. 10 മണിക്ക് ഏവരും തിരുമേനിയോടു കൂടി എയർപോർട്ടിൽ എത്തി. 11.30-ന് തിരുമേനിയെ പ്ലെയിനിൽ റോമിലേക്ക് യാത്ര അയച്ചു. അരമനയിലെത്തി ഊണു കഴിഞ്ഞു മടങ്ങിപോന്നു. 6 മണിക്ക് വീട്ടിലെത്തി.

**26.** കളീക്കൽ ഉമ്മച്ചന്റെ കല്യാണം ഉറയ്ക്കാനായി കാറിൽ മാവേലിക്കരക്ക് പോയി 10 മണിക്ക് അവിടെ എത്തി. പണിക്കരച്ചനും (ഫാ. ഗീവർഗീസ്) അപ്രേം അച്ചനും, കൊച്ചുപണിക്കരച്ചനും ഉണ്ടായിരുന്നു. ജൂൺ 13-ന് കല്യാണം നടത്താൻ ഉറച്ചു. മനഃസമ്മതം ഞാൻ നടത്തി, പണിക്കരച്ചന്റെ സാന്നിദ്ധ്യത്തിൽ, കരിയിലച്ചന്റെ ആഗ്രഹമനുസരിച്ചാണ് ഞാൻ നടത്തിയത്. അവിടെ നിന്നും ഇലന്തൂരിലെത്തി ഏബ്രഹാം അച്ചനെ കണ്ടു, മടങ്ങിപോന്നു.

**31.** ഉതിമൂട്ടിൽ തടിലേലം ഉണ്ടെന്നറിഞ്ഞു അവിടെ പോയി. തടിലേലം പിടിച്ചു രൂപ കൊടുത്തു വീട്ടിലെത്തി. 2 മണിക്ക് കുമ്പഴ സ്കൂളിൽ വച്ചു നടന്ന വനിതാമീറ്റിംഗിൽ കൂടി, ഞാനും മറ്റു പലരും പ്രസംഗിച്ചു. രണ്ടു വനിതാ സമാജങ്ങളും തമ്മിൽ യോജിക്കാൻ



www.malankaralibrary.com

ആഗ്രഹം പ്രകടിപ്പിച്ചു. അതിനുവേണ്ടി അടുത്ത ശനിയാഴ്ച കൂടണമെന്ന് മീനാക്ഷി അമ്മയും മറ്റും പറഞ്ഞു.

**ജൂൺ 1.** ഉതിമൂട്ടിൽ തടി വെട്ടുന്നതിനും മറ്റുമായി ഏർപ്പാടു ചെയ്തു.

**3.** പത്തനംതിട്ട ട്രഷറിയിൽ പോയി പീലിപ്പോച്ചനെ കണ്ടു ബിൽ കാര്യം പറഞ്ഞു. ബിൽ പാസാക്കി മാറുന്നതിൽ വേണ്ട ഉത്സാഹം കാണിച്ചു. 12.30-ന് മാറികിട്ടി. മൈലപ്രാ ഹൈസ്കൂളിന്റെ മെയിന്റൻസിന്റെ ഗ്രാന്റ് 2120 കിട്ടി. മടങ്ങിവന്ന് 300 രൂപ ഹെഡ് മാസ്റ്റർ അച്ചന്റെ കണക്കനുസരിച്ചു കൊടുത്തു. തങ്കപ്പൻ നായർക്ക് 100 രൂപ കൊടുത്തു. എണ്ണസേവ തുടങ്ങി.

**4.** കാലിന് രണ്ടുമൂന്നു ദിവസമായി നല്ല വേദനയുണ്ട്. ഇന്നത്തെ പത്രത്തിൽ ശ്രീ. സി.പി. മാത്യു പാരീസിൽ വച്ചു 2-ാം തീയതി രാത്രിയിൽ മരിച്ചതായി കണ്ടു. 2-നു വ്യാഴാഴ്ച രാത്രി വെളുപ്പിന് ഞാൻ കണ്ട സ്വപ്നം കൂടി ആലോചിക്കുമ്പോൾ അത്ഭുതം തോന്നുന്നു. ഞാൻ കണ്ട സ്വപ്നം ശ്രീ. സി.പി. മാത്യു വീട്ടിൽ വന്നതായും കുറെ സംസാരിച്ചിരുന്നപ്പോൾ അസുഖമുണ്ടായതായും കട്ടിലിൽ കിടന്നതായും ഒടുവിൽ കാറിൽ തിരുവല്ലായ്ക്ക് കൊണ്ടുപോയ തായിട്ടും ആയിരുന്നു. ഈ വിവരം ഞാൻ രാവിലെ ഭാര്യയോട് പറഞ്ഞിരുന്നു. അങ്ങനെ അനുഭവപ്പെടാൻ എന്ത് കാരണമെന്ന് അറിയില്ല. ഞങ്ങൾ തമ്മിൽ അത്ര അടുപ്പത്തിലായിരുന്നു.

**6.** ഇന്നും വീട്ടിൽ തന്നെ. ഞാൻ നടത്തേണ്ട ഒരു കല്യാണം എന്റെ ആഗ്രഹപ്രകാരം ഏബ്രഹാം അച്ചൻ വന്നു നടത്തി. ഉച്ചകഴിഞ്ഞ് ഏബ്രഹാം അച്ചനും തേക്കുകാട്ടിലച്ചനും മറ്റും ഇവിടെ വന്ന് കണ്ടിട്ടു മടങ്ങിപോയി.

**8.** എണ്ണസേവയും പത്ഥ്യവുമായി വീട്ടിൽ തന്നെ. സി. മാത്യു അച്ചനും കരിയിലച്ചനും വന്ന് പലകാര്യങ്ങളും പറഞ്ഞു. ഷെഡ് പണി തന്നെ നടത്തിക്കുന്നതിന് ശ്രീ. എൻ.ഐ. തോമസിനെ ചുമതലപ്പെടുത്തി.

**12.** പള്ളിയിൽ പോയി നമസ്കാരവും കുർബാനയും നടത്തി. പടി സാധനകല്പനയും തുടർന്ന് കുറെ ഭാഗവും വായിച്ചു. ബാക്കിഭാഗം അടുത്ത ഞായറാഴ്ചത്തേക്ക് മാറ്റിവച്ചു. ഉതിമൂട്ടിൽ നിന്നും തടി കയറ്റികൊണ്ടു വന്നു. വൈകിട്ടു പട്ടത്തുനിന്നും മത്തായിസാർ മകളുമായി വന്നു. ഹൈസ്കൂളിലേക്ക് ജോലിക്കായി. വീട്ടിൽ താമസിച്ചു. മധുരയിൽ നിന്നും കുഞ്ഞൂഞ്ഞും ലീലമ്മയും വന്നു.

**13.** മണ്ണാരകുളഞ്ഞിയിൽ ഉമ്മന്റെ കല്യാണത്തിന് കൂടാൻപോയി.



www.malankaralibrary.com

മാവേലിക്കര നിന്നും വല്ല്യപണിക്കരച്ചനും കൊച്ചുപണിക്കരച്ചനും വന്നു. 12 മണിക്ക് കല്യാണം കഴിഞ്ഞു. ഊണുകഴിഞ്ഞ് ഒരു കാറിൽ മടങ്ങിപോന്നു.

**18.** പത്തനംതിട്ട ബാങ്കിൽപോയി 100 രൂപ എടുത്ത് പോന്നു. ബസിൽ വച്ചു പേഴ്സ് ആരോ എടുത്തു. പണം നഷ്ടപ്പെട്ടിട്ടില്ല. അത് കുപ്പായത്തിന്റെ പോക്കറ്റിലാണ് ഇട്ടിരുന്നത്.

**21.** കുളത്തൂപ്പുഴ നിന്നും കുഞ്ഞുകുട്ടിയുടെ അമ്മ വന്നു. ഇളയപെൺ കുട്ടിയുടെ കല്യാണം സംബന്ധിച്ചു പല കുഴപ്പങ്ങൾ ഉണ്ടായെന്നും ഒത്തു കല്യാണം നടന്നില്ലെന്നും മറ്റും പറഞ്ഞു. ഞാൻ അവരോടു കൂടി കുളത്തൂപ്പുഴയ്ക്കു പോയി വിവരങ്ങൾ അറിഞ്ഞു. അവിടെ നിന്നും തിരുവനന്തപുരത്ത് എത്തി കത്തീഡ്രലിൽ കിടന്നു.

**22.** ബഥനി ഹോസ്റ്റൽ ചാപ്പലിൽ ചൊല്ലി. അരമനയിലെത്തി കുറത്തി യാട്ടച്ചനെ (ഫാ. മാത്യൂസ് ചേരാവള്ളിൽ, കുറത്തിക്കാട്) കണ്ടു വിവരം പറഞ്ഞു. ഒരെഴുത്ത് എന്നെ ചുമതലപ്പെടുത്തി വാങ്ങി. 12 മണിക്ക് ബസിൽ കുളത്തൂപ്പുഴക്കുപോയി 3 മണിക്കെത്തി. കൊച്ചൻ മധുരക്ക് പോയതുകൊണ്ടു കാണാൻ സാധിച്ചില്ല. മടങ്ങി രാത്രിയിലെത്തി.

**26.** ജലദോഷമുണ്ടായിരുന്നതുകൊണ്ടു ആദ്യകുർബാന ഞാൻ ചൊല്ലി. പരസ്യകുർബാന ജോർജ്ജു മൂത്തേരിലച്ചൻ ചൊല്ലി.

**27.** സ്കൂളിൽ പോയി ജോലി ചെയ്യിച്ചു. ഉച്ചകഴിഞ്ഞു ഉത്തരം വക്കാൻ ഏർപ്പാടുചെയ്തു. 5 മണിക്ക് ഉത്തരം വച്ചു.

**28.** ഉച്ചയ്ക്കുശേഷം ബി.ഐ.സി.-യിൽ (ബ്ലോക്ക് അഡ്വൈസറി കമ്മറ്റി) സംബന്ധിക്കാൻ കിഴവള്ളൂർക്ക് പോയി. മീറ്റിംഗിൽ പല കാര്യങ്ങൾ തീരുമാനിച്ചു. ഒടുവിൽ മിഡ്വൈഫറി സെന്റർ സംബന്ധിച്ചു ആലോചിച്ചു. മൂന്നുപ്രാവശ്യം മുമ്പു ആലോചിച്ചതിനാൽ അത് മാറ്റാൻ പാടില്ല എന്ന് ഞാൻ വാദിച്ചു. വേറെ ചിലരും അങ്ങനെ പറഞ്ഞു. അതംമ്പുംകുളത്തുനിന്നും മിഡ്വൈഫറി സെന്റർ മാറ്റി മലയാലപ്പുഴ -വെട്ടൂർ, കുമ്പഴ-മൈലപ്രാ പഞ്ചായത്തിന്റെ അതിർത്തിയിൽ ഒന്നു വേണമെന്നും മേക്കൊഴൂർക്ക് അടുത്തപ്രാവശ്യം ആകട്ടെ എന്നും പറഞ്ഞ് ഞാൻ എതിർത്തു. 5 മൈലിനിടക്ക് ആകണമെങ്കിൽ അത് സംബന്ധിച്ചു ഓർഡർ വരട്ടെ എന്നും അതുവരെ മാറ്റിവക്കണമെന്നു പറഞ്ഞു അവർ പാസാക്കി.

**29.** രാവിലെ തിരുവനന്തപുരത്തിന് പോയി നാലാഞ്ചിറ ഇറങ്ങി.



www.malankaralibrary.com

മഠത്തിൽപോയി സിസ്റ്ററിനേയും മുരുപ്പേലെ ത്രേസ്യാമ്മയേയും (സി. ശാലീത്ത SIC) കണ്ടു. സിസ്റ്ററിനെ ഒരു സ്കൂളിൽ എച്ച്.എം. ആയി നിയമിച്ചു. 11 മണിയ്ക്ക് അരമനയിലെത്തി ചിലതൊക്കെ ഏർപ്പാടു ചെയ്തു. ടൗണിൽ പോയി ബ്ലഡ് ടെസ്റ്റ് ചെയ്യാൻ മെഡിക്കൽ ലബോറട്ടറിയിൽ കൊടുത്തു. അരമനയിൽ എത്തിയശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി ജോൺ അച്ചന്റെ (ഫാ. ഇ.എസ്. ജോൺ) അപ്പൻ ഓപ്പറേഷൻ കഴിഞ്ഞുകിടക്കുന്നതു കണ്ടു. 8 മണിക്ക് അരമനയിൽ നിന്നും തിരിച്ചു ഫിലിപ്പച്ചന്റെ തോട്ടത്തിൽ 11.30–ന് എത്തി, താമസിച്ചു.



**30.** രാവിലെ തൊട്ടം ചുറ്റിനടന്നുകണ്ടു. മനോഹരവും ഹൃദ്യവും ആദായ കരവുമായ തോട്ടം. അവിടെനിന്നും തിരിച്ചു പലയിടത്തും കയറിയ ശേഷം 10 മണിക്ക് പാളയത്ത് എത്തി. ഡോക്ടറെ കണ്ടു, ബ്ലഡ് ടെസ്റ്റ് റിസൾട്ട് തന്നു, കുഴപ്പമില്ലെന്ന് പറഞ്ഞു. അരമനയിൽ എത്തി ജോണച്ചനെ കണ്ടു. കെ.റ്റി. ജോർജ്, തോട്ടാലിന് മൈലപ്രായ്ക്കു മാറ്റം കൊടുപ്പിച്ചു. സി.റ്റി. ജോർജിന് ഒരു മാസത്തേക്ക് മൈല പ്രായ്ക്ക് കൊടുപ്പിച്ചു. 2 മണിക്ക് തിരിച്ചു കൊട്ടാക്കര ഇറങ്ങി അച്ചനെ കണ്ടിട്ടു പുനലൂർ വഴിപോന്നു. 8 മണിക്ക് വീട്ടിലെത്തി.

**ജൂലൈ 6.** രാവിലെ പാളയം കത്തീഡ്രലിൽ ചൊല്ലി. 7.30–ന് കവടിയാറിലുള്ള ജയിംസിന്റെയും സ്റ്റീഫന്റെയും വീട്ടിൽ പോയി പ്രാർത്ഥന നടത്തി. തിരിച്ചുവന്ന് അസംബ്ലിയിൽ പോയി 2 മണിക്കൂർ കണ്ടു. അരമനയിൽ പോയിട്ടു മടങ്ങിപോന്നു, 7 മണിക്ക് വീട്ടിലെത്തി.

**9.** സ്കൂളിലും മറ്റും ജോലിചെയ്യിച്ചു. ഇന്ന് തോമസ് മരുതൂർ പൂനാ സെമിനാരിയിൽ നിന്നും അയച്ചു ഒരു വിചിത്രകത്ത് കിട്ടി. എന്തെല്ലാമോ അവഹേളനമായി എന്നെകുറിച്ചു എഴുതിയിരിക്കുന്നു.

**13.** രാവിലെ തിരുവനന്തപുരത്തിന് പോയി 10 മണിക്കെത്തി. മരുതൂർ തോമസ് ശെമ്മാശ്ശൻ അയച്ച കത്തിന്റെ പകർപ്പു വച്ചു വി.ജി.യ്ക്ക് ഒരു അപേക്ഷ കൊടുത്തു. റെക്ടർ അച്ചനേയും മറ്റു പല അച്ചന്മാ രേയും കത്തു കാണിച്ചു.

**16.** വീട്ടിൽ വിശ്രമിച്ചു. 11 മണിക്ക് തിരുവനന്തപുരത്തുനിന്നും ജെയിംസും ലാസറും ഡിസൂസയും കാറിൽ വന്നു, സംസാരിച്ചു. ഊണു കഴിഞ്ഞ് അവർ കുമ്പഴ ഐ.പി. വൈദ്യന്റെ വീട്ടിലേക്ക് പോയി.

**27.** രാവിലെ ചൊല്ലി. ഞാനും ഭാര്യയും മണിയും കൂടി ഭരണങ്ങാന



www.malankaralibrary.com

ത്തിന് സി. അൽഫോൻസയുടെ 14-ാം വാർഷികത്തിൽ സംബന്ധിക്കാൻ തിരിച്ചു. ഇലന്തൂരിൽ എത്തി മുത്തേരിൽ പോയി ഊണു കഴിച്ചിട്ടു പള്ളിയിൽ എത്തി ഏബ്രഹാം അച്ചനോടുകൂടി കോട്ടയത്തും അവിടെനിന്ന് ഭരണങ്ങാനത്ത് 4 മണിക്കെത്തി. അവിടെ ബംഗ്ലാവിൽ മുറികളെടുത്ത് താമസിച്ചു. കബറിങ്കൽ പോയി പ്രാർത്ഥിച്ചു.

**28.** രാവിലെ 6 മണിക്ക് അൽഫോൻസാമ്മയുടെ നിയോഗത്തിൽ ചാപ്പലിൽ കുർബാന ചൊല്ലി. പ്രാർത്ഥനയും മറ്റും നടത്തിയശേഷം ബംഗ്ലാവിൽ നിന്നും കാപ്പികഴിഞ്ഞു മഠത്തിൽ പോയി അൽഫോൻസാമ്മ കിടന്ന മുറിയിൽ കയറി പ്രാർത്ഥിച്ചു. അവിടെനിന്നും മടങ്ങി ഏറ്റുമാനൂർ വഴി മാന്നാനത്ത് പോയി. 9.45-ന് അവിടെ എത്തി കുട്ടപ്പനെ ബി.റ്റി. കോളേജിൽ വച്ചു കണ്ടു. കാപ്പികുടി കഴിഞ്ഞു പ്രസ്സും മറ്റും കണ്ടു. പള്ളിയിൽ കയറി ചാവറ അച്ചന്റെ കബറിങ്കൽ പ്രാർത്ഥിച്ചു. അവിടെനിന്നും തിരിച്ചു 4 മണിക്ക് വീട്ടിലെത്തി.

**31.** രാവിലെ കുർബാന ചൊല്ലി പ്രസംഗിച്ചു. വീട്ടിലെത്തിയപ്പോൾ ഒരാൾ വന്ന് കണ്ണംമണ്ണിലെ അച്ചായൻ (ജ്യേഷ്ടൻ) എന്നെ കാണാൻ ആഗ്രഹിക്കുന്നു എന്നുപറഞ്ഞു. ഉടനെ ഞാൻ ഭക്ഷണം കഴിഞ്ഞിറങ്ങി അങ്ങോട്ടുപോയി. പകുതിവഴി എത്തിയപ്പോൾ അച്ചായൻ മരിച്ചതായി വേറൊരാൾ വന്നു പറഞ്ഞു. വീട്ടിലെത്തി പ്രാർത്ഥിച്ചു. കുറെകഴിഞ്ഞു മടങ്ങി വീട്ടിൽ വന്ന് പുസ്തകങ്ങളും കുപ്പായവുമായി വീണ്ടും അവിടെ പോയി, പ്രാർത്ഥന നടത്തി. കരിയിലച്ചനും ഉണ്ടായിരുന്നു. 5 മണിക്ക് മടങ്ങിവന്നു. സന്ധ്യക്ക് വീണ്ടും പോയി പ്രാർത്ഥന നടത്തി 9 മണിക്ക് മടങ്ങിപോന്നു.

**ആഗസ്റ്റ് 1.** പള്ളിയിൽ പോയി കല്ലറ കെട്ടുന്നത് കണ്ടു. ഉടനെ കണ്ണൻമണ്ണിൽ പോയി 8.15-ന് അച്ചായന്റെ ശരീരം എടുപ്പിച്ചു കുരിശ്, കുട, കൊടി ഇവ സഹിതം ഏവരും കൂടി പള്ളിയിലേക്ക് തിരിച്ചു. പള്ളിയിൽ കുറ്റിയിലച്ചൻ, തേക്കുംകാട്ടിലച്ചൻ, ഏബ്രഹാം അച്ചൻ, സി. മാത്യു അച്ചൻ, കരിയിലച്ചൻ എന്നിവരും പാലമൂട്ടിലെ ശെമ്മാശ്ശനും മറ്റും ഉണ്ടായിരുന്നു. ഞാൻ കുർബാന ചൊല്ലി. ശ്രീ. സി. മാത്യു അച്ചൻ പ്രസംഗിച്ചു. 10 മണിക്ക് അടക്കം കഴിഞ്ഞ്, വീട്ടിൽ ഏവരും കൂടി ഭക്ഷണം കഴിച്ചു. അച്ചന്മാരും ഉച്ചയ്ക്ക് വീട്ടിൽ വന്ന് ഊണു കഴിച്ചു, മടങ്ങി. ഉച്ചയ്ക്കുശേഷം ഞാൻ കുമ്പഴ അച്ചനെ പോയി കണ്ടിട്ടു മടങ്ങിപോന്നു.

**4.** രാവിലെ കുറ്റിയിലച്ചനും കരിയിലച്ചനും ഞാനും കൂടി അച്ചായനു വേണ്ടി മൂന്നിൻമേൽ ചൊല്ലി വീട്ടിൽ പോയി ധൂപം വച്ചു പ്രാർത്ഥിച്ചു.



www.malankaralibrary.com

**17.** തിരുവനന്തപുരത്ത് 10.30-ന് എത്തി. ഡോക്ടറെ പോയി കണ്ടു ബ്ലഡും യൂറിനും ടെസ്റ്റിന് കൊടുത്തു. അരമനയിലെത്തി. ഊണു കഴിഞ്ഞു ആശ്രമത്തിൽ പോയി യോശുവാ അച്ചനെ കണ്ടു. എട്ടു നോമ്പിന്റെ ധ്യാനത്തിന് ഒരാളെ അയയ്ക്കുന്ന കാര്യം പറഞ്ഞു. അപ്രേം അച്ചനെ വിളിച്ചു കൊണ്ടുപോകുന്നതിന് സമ്മതിച്ചു. ടൗണി ലെത്തി ഡോക്ടറെ കണ്ടു റിസൾട്ട്സ് വാങ്ങി മടങ്ങിപോന്നു. 9.30-ന് വീട്ടിലെത്തി.

**19.** ഉച്ചകഴിഞ്ഞു പഞ്ചായത്ത് കമ്മറ്റി കൂടി. കുമ്പഴ-മൈലപ്രാ പഞ്ചായ ത്തിനുപകരം മൈലപ്രാ പഞ്ചായത്ത് അനുവദിച്ചു കൊണ്ടുള്ള ഡെലിമിറ്റേഷൻ റിപ്പോർട്ടിനെ കുഞ്ഞപ്പിയും മറ്റുരണ്ടുപേരും പ്രതി ഷേധിച്ചു പ്രമേയം ഹാജരാക്കി. ഞാൻ എതിർത്തു. അമ്മാൻ കുട്ടിയും എതിർത്തു. റിപ്പോർട്ടു കിട്ടിയിട്ടില്ലാത്തതിനാലും ഈ മീറ്റിംഗിലെ അജന്റയിൽ ഇല്ലാത്തതിനാലും വൈസ് പ്രസിഡന്റ് വരാത്തതിനാലും വേറൊരു മീറ്റിംഗിൽ നോട്ടീസ് കൊടുത്തു കൂടി ആലോചിക്കണമെന്ന് പറഞ്ഞു. പ്രസിഡന്റ് ആലോചനയ്ക്ക് എടുത്തു. ഞാനും അമ്മാൻകുട്ടിയും പ്രതിഷേധിച്ചു വാക്കൗട്ട് നടത്തിപോന്നു.

**27.** നന്നുക്കാട്ടു പള്ളിയിൽ 2 മണിക്കുശേഷം എത്തി. 3.30-ന് എം.റ്റി. സ്കൂളിൽ മാനേജേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു. കുറ്റിയിലച്ചനും മണ്ണാനാൽ അച്ചനും, എൻ.എസ്.എസ്. ജനറൽ മാനേജർ വാസു ദേവൻപിള്ളയും വന്നിരുന്നു. പത്തോളം മാനേജേഴ്സ് കൂടി പല നിശ്ചയങ്ങളും ചെയ്തു. 5 മണിക്ക് പിരിഞ്ഞുപോന്നു.

**സെപ്റ്റംബർ 1.** ഇന്നു വൈകിട്ടു ധ്യാനം നടത്താൻ കറ്റാനത്തുനിന്നും ഫാ. എഫ്രേം ഒ.ഐ.സി. വന്നു. 8-ാം തീയതി വരെ അച്ചൻ പള്ളിയിൽ താമസിച്ചു രാവിലെയും വൈകിട്ടും ധ്യാനപ്രസംഗം നടത്തി.

**8.** കണ്ണൻമണ്ണിൽ അച്ചായനുവേണ്ടി കുർബാന ചൊല്ലി വീട്ടിലും പോയി ധൂപപ്രാർത്ഥന നടത്തി. എഫ്രേം അച്ചൻ ധ്യാനം കഴിഞ്ഞു പോയി.

**10.** കോഴിമല അച്ചായനുവേണ്ടി ചൊല്ലി. വീട്ടിൽപോയി ധൂപപ്രാർത്ഥ നയും വീടുകൂദാശയും നടത്തി. ഇന്ന് ഒരു മാമോദീസായും നടത്തി.

**13.** എം.എൽ.എ. മാർക്ക് കൊടുക്കാനുള്ള പഞ്ചായത്ത് സംബന്ധിച്ച നിവേദനം തയ്യാറാക്കി. 4 മണിക്ക് മണ്ണാരകുളഞ്ഞിയിൽ എത്തി കാളവണ്ടി തൊഴിലാളികളുടെ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു പ്രസംഗിച്ചു. എം.എൽ.എ. മാരായ വയലാ ഇടിക്കുളയും ഹരിചന്ദ്രനും



www.malankaralibrary.com

പ്രസംഗിച്ചു. നിവേദനം കൊടുത്തു. പഞ്ചായത്തുകാര്യം രണ്ടുപേരും കൂടി ആലോചിച്ചു വേണ്ടത് ചെയ്യാമെന്ന് പറഞ്ഞു.

**15.** ഇന്നലെ നാരങ്ങാനം പള്ളിയിലാണ് വന്നു കിടന്നത്. രാവിലെ കുർബാന ചൊല്ലി. തോമസ് സാറിന്റെ മകൻ ജോണിന്റെ വിവാഹം നടത്തികൊടുത്തു. ഭക്ഷണംകഴിഞ്ഞ് 1.30-ന് മടങ്ങിപോന്നു.

**18.** മൈലപ്രായിൽ 5 മണിക്ക് ഒരു പൊതുയോഗം വിളിച്ചുകൂട്ടി പഞ്ചായത്ത് സംബന്ധിച്ചു പല കാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു.

**21.** സ്കൂളിൽ വച്ചു പഞ്ചായത്ത് കമ്മറ്റി മീറ്റിംഗ് കൂടി പല കാര്യങ്ങളും ആലോചിച്ചു. നാളെ തിരുവനന്തപുരത്തിന് പോകണമെന്ന് തീരുമാനിച്ചു.

**22.** രാവിലെ തിരുവനന്തപുരം ബസിൽ തിരിച്ചു, കിളിമാനൂരിൽ വച്ചു ഹോട്ടലിൽ നിന്നും കാപ്പികുടിച്ചിട്ടു വന്നപ്പോൾ കുട കാണാനില്ല. ആരോ മോഷ്ടിച്ചു. 10.30-ന് അരമനയിലെത്തി. ടൗണിൽ പോയി 2 മണിക്ക് വയലായെ കണ്ടു. 2.30-ന് പഞ്ചായത്ത് ഡയറക്ടരെ കണ്ടു വിവരം പറഞ്ഞു. മടങ്ങി അരമനയിലെത്തി.

**23.** അരമനയിൽ ചൊല്ലി. പലകാര്യങ്ങളും അവിടെ ആലോചിച്ചു. തോട്ടമൺ അന്നമ്മയെ ഹൈസ്കൂളിൽ ഹിന്ദി പണ്ഡിറ്റായി നിയമിച്ചുള്ള ഓർഡർ വാങ്ങിപോന്നു. ടൗണിൽ Animal Husbandary Officer ശ്രീ. തോമസിനെ കണ്ടു സംസാരിച്ചു (തോമസ് അമേരിക്കയിൽ വച്ചു ജോയിയുമായി ഒഹായോ യൂണിവേഴ്സിറ്റിയിൽ വച്ചു പരിചയപ്പെട്ട സ്നേഹിതൻ). ജോയി കൊടുത്തയച്ച രണ്ടു പാർക്കർ പേനകൾ വാങ്ങാൻ തോമസ് പറഞ്ഞതനുസരിച്ചു മയ്യാനാട് വീട്ടിൽ എത്തി വാങ്ങിച്ചു. രാത്രി അവിടെ കിടന്നു.

**24.** രാവിലെ കൊല്ലത്ത് എത്തി ഡെപ്യൂട്ടി ഡയറക്ടരെ കാണാൻ ശ്രമിച്ചു. അദ്ദേഹം ഓഫീസിലില്ലായിരുന്നു. ചില വിവരങ്ങൾ അറിഞ്ഞശേഷം മടങ്ങിപോന്നു. നല്ല ക്ഷീണമുണ്ട്.

**25.** ചൊല്ലി. വിശ്രമിച്ചു. 4 മണിക്ക് കുമ്പഴ വടക്ക് പഞ്ചായത്ത് സംബന്ധിച്ചു നടന്ന യോഗത്തിൽ പോയി പ്രസംഗിച്ചു. ചില നിശ്ചയങ്ങളും പാസാക്കി. വളരെയധികം ആളുകളുണ്ടായിരുന്നു. കുമ്പഴക്കാർ ജാഥയായി മണ്ണാരകുളഞ്ഞിയിൽ നിന്നും അശ്ലീല പ്രലപനവും മുദ്രാവാക്യങ്ങളും വിളിച്ചു ഈ വഴിപോയി. സ്കൂൾ പടിക്കൽ നിന്ന് വെല്ലുവിളിച്ചു. മൈലപ്രാക്കാർ വളരെ ക്ഷമ കാണിച്ചു. മണ്ണാരകുളഞ്ഞിയിൽ ചിലർ കുമ്പഴക്കാർക്ക് വശംവദരായി തീർന്നതായി അറിഞ്ഞു.



www.malankaralibrary.com

**26.** ഉച്ചയോടുകൂടി മണ്ണാരകുളഞ്ഞിക്കാർ ചിലർ വന്ന് പല കാര്യങ്ങളും പറഞ്ഞു. രാവിലെ ചിലർ തമ്മിൽ വാക്കുതർക്കം ഉണ്ടായതായും പറഞ്ഞു. ആ കാര്യം ഞാൻ പിന്നീടു അന്വേഷിച്ചു. മാത്യവും മറ്റും ചില കാര്യങ്ങൾ ചെയ്തതിൽ ഉണ്ടായ അമർഷം കൊണ്ടു ചിലർ ഏതോ ഒക്കെ പറഞ്ഞു എന്നറിഞ്ഞു. ഇന്ന് അമ്മ മരിച്ചതിന്റെ ഓർമ്മയായിരുന്നു.

**27.** രാവിലെ കൊല്ലത്തിന് തിരിച്ചു 9.30-ന് എത്തി. 11 മണിക്ക് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. മൈക്കിളിനെ കണ്ടു പഞ്ചായത്തു കാര്യം പറഞ്ഞു.

**28.** പഞ്ചായത്ത് നിലനിറുത്തുന്നതിനുള്ള കമ്മറ്റി കൂടി പല കാര്യങ്ങളും ആലോചിച്ചു. എം.എൽ.എ. മാരെ കാണാൻ ചിലരെ നിയോഗിച്ചു.

**30.** അരമനയിൽ എത്തി. 11 മണിക്ക് കൗൺസിൽ കൂടി. തിരുമേനിയുടെ വരവു സംബന്ധിച്ചു ആലോചിച്ചു സ്വീകരണത്തിന് വേണ്ടത് ചെയ്തു. മടങ്ങിപോന്നു. 8 മണിക്ക് വീട്ടിലെത്തി.

**ഒക്ടോബർ 2.** ഉച്ചയോടു തിരുവനന്തപുരത്തിന് തിരിച്ചു. 8 മണിക്കു ശേഷം അരമനയിലെത്തി. ബസിൽ തിരക്കായിരുന്നതിനാൽ വിഷമിച്ചു.

**3.** അതിരാവിലെ അരമനയിൽ ചൊല്ലി. 10.30-ന് മറ്റു അച്ചന്മാരോടു കൂടി എയറോഡ്റോമിൽ എത്തി. 11-ന് പ്ലെയിൻ വന്നു. 40-ൽ പരം കാറുകളോടുകൂടി തിരുമേനിയെ അരമനയിലേക്കും സ്വീകരിച്ചു കൊണ്ടുവന്നു. 12 മണിക്ക് സ്കൂളിൽ വച്ചു മീറ്റിംഗ് കൂടി. ഞാൻ ഹാരം സമർപ്പിച്ചു. പല പ്രസംഗങ്ങൾ ഉണ്ടായിരുന്നു. ഊണു കഴിഞ്ഞ് ഞാൻ മടങ്ങിപോന്നു. കോന്നിയിൽ റോഡിൽ വെള്ളമായിരുന്നതു കൊണ്ടു കുറെനേരം നടന്നു. പിന്നെ ഒരു കാറുപിടിച്ചു 10 മണിക്ക് വീട്ടിലെത്തി.

**4.** ഞാനും തങ്കപ്പൻ നായരും കൂടിപോയി സർക്കിൾ ഇൻസ്പെക്ടരെ കണ്ടു 2-ാം തീയതി ഞായറാഴ്ച വൈകിട്ടു കുമ്പഴക്കാർ ജാഥയായി വന്ന് മൈലപ്രാ കാട്ടി കൂട്ടിയ സംഗതികൾ പറഞ്ഞു. ഞാൻ തിരുവല്ലായിൽ പോയി ഊണുകഴിഞ്ഞു. പി.എസ്. ജോർജിനെ പോയി കണ്ടു. 7-8 തീയതികളിൽ തിരുവനന്തപുരത്തുവച്ചു കാണാമെന്ന് പറഞ്ഞു പിരിഞ്ഞുപോന്നു. തോളിനും ഏണിനും നല്ലവേദനയുണ്ട്.

**9.** കൂടുതൽ വേദനയായപ്പോൾ അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതയിൽ പ്രത്യേക പ്രാർത്ഥനയും നൊവേനയും മറ്റും നടത്തി. 3



www.malankaralibrary.com

മണിക്ക് ഉണർന്നു പ്രാർത്ഥിച്ചു. വേദന കുറഞ്ഞതായി തോന്നി.

**10.** വെളുപ്പിന് എഴുന്നേറ്റു പ്രാർത്ഥന നടത്തി അല്പം ഭേദമായി തോന്നി. കൊല്ലത്ത് റ്റി.റ്റി.സി. യുടെ ഇന്റർവ്യൂവിന് പോകാൻ ശ്രമിച്ചു. സുഖമില്ലായിരുന്നെങ്കിലും ദൈവത്തിൽ ആശ്രയിച്ചു ബസിൽ കയറി 9 മണിക്ക് കൊല്ലത്ത് എത്തി. 11 മണിക്ക് ഇന്റർവ്യൂ തുടങ്ങി. 1.30–ന് മടങ്ങിപോന്നു. അസുഖമൊന്നും തോന്നിയില്ല. ദൈവകൃപയാൽ യാത്ര സുഖമായിരുന്നു.

**11.** പത്തനംതിട്ട എത്തി ഫിലിപ്പ് വക്കീലിനെ കണ്ടു കത്ത് അയച്ച കാര്യം ചോദിച്ചു. മൈലപ്രായും കുമ്പഴയും തമ്മിൽ സമാധാന പരമായ അന്തരീക്ഷം ഉണ്ടാക്കാൻ എം.എൽ.എ. മാരുടെ സാന്നിദ്ധ്യത്തിൽ കൂടി ആലോചിക്കാം എന്നുമാത്രം എഴുതി. അവരവരുടെ കാര്യം അവരവർ തന്നെ നിവൃത്തിക്കട്ടെ എന്നു മാത്രമേ ഉദ്ദേശമുള്ളൂ എന്നു പറഞ്ഞു. യാതൊരു പ്രകടനവും ജാഥയും മീറ്റിംഗും നടത്തരുതെന്ന് കുമ്പഴക്കാരോടു നിർദ്ദേശിക്കണമെന്ന് പറഞ്ഞുപിരിഞ്ഞു.

**21.** പത്തനംതിട്ട പോയി ഫിലിപ്പ് വക്കീലിനെ കണ്ടു പഞ്ചായത്ത് കാര്യം സംസാരിച്ചു. മടങ്ങിപോന്നു. ജോയികുട്ടി അയച്ച ഒരു രജിസ്റ്റേർഡ് കത്തുകിട്ടി. അതിൽ 500 രൂപയുടെ ഒരു ഡ്രാഫ്റ്റ് ഉണ്ടായിരുന്നു, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടേത്.

**24.** രാവിലെ കൊല്ലത്ത് പോയി ഡെപ്യൂട്ടി ഡയറക്ടറിനെ കണ്ടു പഞ്ചായത്തു കാര്യം പറഞ്ഞു. അനന്തരം തിരുവനന്തപുരത്തിന് പോയി അരമനയിൽ താമസിച്ചു. 8 മണിക്ക് ശ്രീ. കെ.പി. ജോസഫിനെ കണ്ടു ടെലിഫോണിന്റെ കാര്യം പറഞ്ഞു. അപേക്ഷ ആവശ്യപ്പെട്ടു.

**25.** അരമനയിൽ ചൊല്ലി. പി.എസ്. ജോർജിനെ കണ്ടു കാര്യങ്ങളെല്ലാം ഏർപ്പാടുചെയ്തു. സെനറ്റ് ഹാളിൽ എത്തി എല്ലാം കണ്ടു. ശ്രീ. ഗോപാലപിള്ളയെ പോയി കണ്ടു. അരമനയിൽ 3 മണിക്കെത്തി. ടെലിഫോൺ സംബന്ധിച്ചു ഒരു അപേക്ഷ തയ്യാറാക്കി ടൈപ്പു ചെയ്യിച്ചു കൊടുത്തു. വേണ്ടത് ചെയ്യാമെന്നു പറഞ്ഞു. വീണ്ടും സെനറ്റ് ഹാളിൽ എത്തി ശ്രീ. പി.എസ്. ജോർജിനെ കണ്ടു. ഞങ്ങൾ 8.30–ന് മന്ത്രി ഉമ്മർ കോയയെ കണ്ടു പഞ്ചായത്തുകാര്യം സംസാരിച്ചു. എം.എൽ.എ. യോടു പറയാമെന്നു പറഞ്ഞു വേണ്ടതു ചെയ്തു.

**26.** അരമനയിൽ ചൊല്ലി. കടമ്മനിട്ട പാപ്പച്ചനെ കണ്ടു. കാപ്പി കഴിഞ്ഞു എം.എൽ.എ. മാരെ കണ്ടു പാസ്സു വാങ്ങി അസംബ്ലി ഹോളിൽ പോയി ശ്രദ്ധിച്ചു. 1 മണിക്ക് ഊണുകഴിഞ്ഞ് മടങ്ങി.



www.malankaralibrary.com

**28.** പത്തനംതിട്ട പോയിട്ടു കുമ്പഴ എത്തി അച്ചനോടു പഞ്ചായത്ത് കാര്യം പറഞ്ഞു, 2 മണിക്ക് വീട്ടിലെത്തി. വീണ്ടും പത്തനംതിട്ടയിലും പിന്നീടു കിഴവള്ളൂർ ബ്ലോക്ക് ഓഫീസിലും എത്തി ഹരിയേയും രവീന്ദ്രനാഥിനേയും മറ്റും കണ്ടു പഞ്ചായത്ത് സംബന്ധിച്ചു സംസാരിച്ചു. അവിടെ നിന്നും പത്തനംതിട്ടയ്ക്ക് ഗോപിയോടു കൂടി പോയി കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ശ്രീ. ഫിലിപ്പിനെ ഹരിയുടെ അടുക്കൽ അയച്ചു കാര്യം പറഞ്ഞു. അനന്തരം ബേബിയോടുകൂടി കുമ്പഴ അച്ചന്റെ വീട്ടിൽ പോയി അച്ചനോടു കൂടി ഹരിയെ കണ്ടു. വക്കീലിനോടു പറഞ്ഞതുപോലെ ഒന്നോ രണ്ടോ വാർഡ് വിട്ടെങ്കിലും പഞ്ചായത്ത് നിലനിറുത്താം. അച്ചായനെ (വയലായെ) നിങ്ങൾ പിടിക്കണം എന്ന് ഹരി പറഞ്ഞു. രാത്രി 1 മണിക്ക് വന്ന് ഉറങ്ങി.

**29.** പത്തനംതിട്ടയിലും കുമ്പഴ അച്ചന്റെ വീട്ടിലും പോയിട്ടു മടങ്ങി വീട്ടിലെത്തി. വൈകിട്ടു ചാങ്ങയിൽ ജോർജിനെ കുമ്പഴ അച്ചന്റെ വീട്ടിൽ കാറുമായി അയച്ചു വയലായെ കാണുന്നതിന് അച്ചന് സുഖ മില്ലാത്തതിനാൽ പോയില്ല.

**30.** ഉച്ചയ്ക്ക് തിരുവനന്തപുരത്തിന് ഞാനും ഗോപി വക്കീലും കൂടി പോയി. ചിലരെ അന്വേഷിച്ചു കണ്ടു വിവരം അറിഞ്ഞു. പഞ്ചായത്തു കാര്യം തീരുമാനിക്കാൻ ഡിസംബറിലേക്ക് മാറ്റി വച്ചിരിക്കയാണ് എന്നുപറഞ്ഞു. പാളയത്ത് ബംഗ്ലാവിൽ കിടന്നു.

**31.** ബഥനി ഹോസ്റ്റലിൽ ചൊല്ലി. അരമനയിൽ എത്തി ചില കാര്യങ്ങൾ അറിഞ്ഞശേഷം മടങ്ങിപോന്നു. 6 മണിക്ക് വീട്ടിലെത്തി.

**നവംബർ 2.** 10 മണിയോട് കോട്ടയത്തിന് തിരിച്ചു ഇലന്തൂരിൽ ഇറങ്ങി ഏബ്രഹാം അച്ചന് കടംവാങ്ങിയ 75 രൂപയ്ക്ക് ചെക്കുകൊടുത്തു. 2 മണികഴിഞ്ഞ് കോട്ടയത്ത് എത്തി 3.30-ന് വയസ്കര നിന്നും കാപ്പി കുടിയും കഴിഞ്ഞ് മരുന്നും വാങ്ങി മടങ്ങിപോന്നു.

**4.** 11 മണിക്ക് തിരുവനന്തപുരത്തിന് തിരിച്ചു. 3.30-ന് അരമനയിൽ എത്തി. തിരുമേനിയെ കണ്ടില്ല. 4 മണിക്ക് തിരിച്ചുപോന്നു. ബസ് കിട്ടാൻ താമസിച്ചു. കൊട്ടാരക്കര അച്ചന്റെ വീട്ടിലെത്തി ഉറങ്ങി.

**8.** മന്നം നിധി സംബന്ധിച്ചു കൂടിയ മീറ്റിംഗിൽ പലരും വന്ന് ആലോചിച്ചു. ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. മീറ്റിംഗിന് മുമ്പായി ഞാൻ കുമ്പഴ അച്ചനെ പോയി കണ്ടിട്ടു വന്നിരുന്നു.

**9.** സ്കൂളിൽ വച്ചു മന്നംനിധി സംബന്ധിച്ച കമ്മറ്റി മീറ്റിംഗ് കൂടി ചില കാര്യങ്ങൾ ആലോചിച്ചു. 8.30-ന് പിരിഞ്ഞു.





www.malankaralibrary.com

**10.** വല്ല്യകാലായിലെ സൂസിയുടെ കല്യാണം 9 മണികഴിഞ്ഞും കിണറുവള്ളിയിലെ ലില്ലിക്കുട്ടിയുടെ കല്യാണം രണ്ടാമതും നടത്തിയ ശേഷം മടങ്ങി വീട്ടിൽ വന്നു ഭക്ഷണം കഴിച്ചു.

**12.** കോഴിമല കുഞ്ഞവറാച്ചന്റെയും എൽസിയുടേയും മനഃസമ്മതം നടത്തി, കത്ത് കൊടുത്തയച്ചു.

**13.** വടശ്ശേരിക്കര പള്ളിയുടെ ജൂബിലിയിൽ സംബന്ധിക്കുന്നതിന് പോയി. 3.30-ന് മീറ്റിംഗ് തുടങ്ങി. തിരുവല്ലാതിരുമേനി, റമ്പാച്ചൻ, ഫ്രാൻസിസ് കാളാശ്ശേരി അച്ചൻ മുതലായവർ ഉണ്ടായിരുന്നു. ഞാനും ഒരു പ്രസംഗം ചെയ്തു. 7 മണിക്ക് കാറിൽ മടങ്ങിവന്നു.

**19.** ഇന്ന് മന്നംനിധി ഉദ്ഘാടനം ഞാൻ ചെയ്തു. 15 രൂപ കൊടുത്തു. മറ്റു പലരും ഇന്നുകൊടുത്തു.

**22.** അരമനയിൽ ചൊല്ലി. മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ പോയി ഇ.സി.ജി.യും മറ്റും എടുത്തു. ഡോ. വിൻസെന്റ് അതിന്റെ റിസൾട്ട് എഴുതി തന്നു. അരമനയിലെത്തി വിശ്രമിച്ചു. വൈകിട്ടു കഴക്കൂട്ടത്ത് ശ്രീ. ഡിഡൂസായുടെ ഭവനത്തിലെത്തി താമസിച്ചു.

**23.** രാവിലെ കാപ്പികഴിഞ്ഞു കഴക്കൂട്ടത്തുനിന്നും ട്രെയിനിൽ കയറി കൊല്ലത്ത് ഇറങ്ങി. അവിടെ പല ഓഫീസുകളിലും കയറിയിറങ്ങി ഓരോ കാര്യങ്ങൾ അറിഞ്ഞു. അവിടെ നിന്നും കൊട്ടാരക്കര എത്തി ഊണുകഴിഞ്ഞ് തിരിച്ചു 4.30-ന് വീട്ടിലെത്തി.

**24.** ചൊല്ലി. ദേഹമെല്ലാം വലിയ വേദനയുണ്ടായി, കിടപ്പുതന്നെയായിരുന്നു. ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി ഡോ. ജോർജ്ജിനെ കണ്ടു. ഡോ. വിൻസെന്റിന്റെ നിർദ്ദേശങ്ങൾ കാണിച്ചു. പരിപൂർണ്ണ വിശ്രമം എടുക്കണമെന്നും Berin Injection തുടരണമെന്നും പറഞ്ഞു. വീട്ടിലെത്തി വിശ്രമിച്ചു.

**28.** കോഴിമല കുഞ്ഞവറാച്ചന്റെയും പെരുനാട്ടുകാരി എൽസിയുടേയും വിവാഹം 9.30 കഴിഞ്ഞ് നടത്തി. കോഴിമല വീട്ടിൽ പോയി സദ്യ കഴിഞ്ഞ് വീട്ടിലെത്തി. ഡിക്രൂസയും ഭാര്യയും വീട്ടിൽ വന്നു, 2.30 കഴിഞ്ഞു അവർ പോയി.

**29.** തെക്കേടത്ത് അലക്സും മറ്റും കടംവാങ്ങിയ രൂപയുടെ കാര്യത്തിന് പുതുവേലിൽ ജോർജും മേക്കൊഴൂർ മത്തായിയുമായുള്ള ഇടപാടു പരാതിയായി വന്നു. 4 മണിക്ക് മണ്ണിൽ എം.ഐ. ജോർജ്ജും, അലക്സ്, പുതുവേലിൽ സ്കറിയ മുതലാളി 30-ൽ പരം ആളുകൾ വന്നു. അലക്സ് ഇനിയും 105 രൂപയും പലിശയും കൊടുക്കാനു



www.malankaralibrary.com

ണ്ടെന്ന് തെളിഞ്ഞു. ഒടുവിൽ ഈ തുക 1961 മാർച്ച് 28-ന് മുമ്പായി ശ്രീ. എം.ഐ. ജോർജ് വശം കുഴിയിൽ ജോർജ്ജിന് കൊടുക്കാമെന്നും ഏറ്റു. അങ്ങനെ ഭിന്നത തീർത്തു. അവർ കാളവണ്ടി നാളെ രാവിലെ ഇവിടെ എത്തിക്കാമെന്നും ഏറ്റുപിരിഞ്ഞുപോയി.

**ഡിസംബർ 1.** രാവിലെ കോട്ടയത്തിന് പോയി 10 മണിക്കെത്തി. മാനേജേഴ്സ് മീറ്റിംഗ് മാമ്മൻ മാപ്പിള ഹാളിൽ വച്ചു നടന്നു. 1 മണി വരെ തുടർന്നു. അതിനുശേഷം ഊണിന് പിരിഞ്ഞു. 2.45-നുള്ള ബസിൽ തിരിച്ചു 4.30-നു വീട്ടിലെത്തി.

**5.** ഡിക്രൂസ് ഇന്നലെ ഇവിടെ വന്നു കിടന്നു. രാവിലെ ഞങ്ങൾ പത്തനംതിട്ടയ്ക്ക് പോയി. അവിടെനിന്നും ഞാൻ ഇലന്തൂരിൽ എത്തി ഏബ്രഹാം അച്ചനോടുകൂടി മേളാംപറമ്പിൽ ഉമ്മച്ചന്റെ സുഖക്കേടു കാണാൻ തിരുവല്ലായ്ക്ക് പോയി. ആശുപത്രിയിൽ പോയികണ്ടു. ഞങ്ങൾ മടങ്ങിപോന്നു. 7 മണിക്ക് വീട്ടിലെത്തി.

**9.** മേളാംപറമ്പിൽ ഉമ്മച്ചൻ 11.30-ന് മരിച്ചതായി അറിഞ്ഞു. ഞാനും ഏബ്രഹാം അച്ചനും കൂടിപോയി 3 മണിക്ക് അവിടെ എത്തി. സംസ്കാര ശുശ്രൂഷയിൽ കൂടിയശേഷം 6 മണിക്ക് മടങ്ങിപോന്നു.

**13.** അരമനയിൽ ചൊല്ലി. സിറ്റിയിൽ എത്തി ജോണച്ചനുമായി സൂപ്രണ്ടു മേരിയെ കണ്ടു. 10 മണിയോടുകൂടി ഡെപ്യൂട്ടി സെക്രട്ടറി ഉമാശങ്കറിനെ കണ്ടുവിവരം പറഞ്ഞു. അനന്തരം ഞാൻ അസംബ്ലിയിൽ എത്തി. പിന്നീടു ഹരിയെ കണ്ടു. 6 മണി കഴിഞ്ഞു അരമനയിൽ എത്തി.

**14.** അരമനയിൽ ചൊല്ലി. സിറ്റിയിൽ പോയി പല എം.എൽ.എ. മാരെ കണ്ടു പ്ലാൻ കൊടുത്ത് വിവരം പറഞ്ഞു. കത്തീഡ്രൽ പള്ളി ബംഗ്ലാവിൽ താമസിച്ചു.

**15.** പാളയത്ത് ചൊല്ലി. അസംബ്ലി ഹോളിൽ പോയി, 10 മണി കഴിഞ്ഞ് അരമനയിലെത്തി. വീണ്ടും പാളയത്ത് എത്തി. എം.എൽ.എ. മാരെ 2 മണിക്ക് കണ്ടു. അവർ 2.30-ന് മടങ്ങിപോയി. 5 മണിക്കുശേഷം വന്ന് കുമ്പഴക്കാരെ പത്തനംതിട്ടക്ക് ചേർക്കുന്നതിനും മൈലപ്രാ പഞ്ചായത്തായി മലയാലപ്പുഴയുടെ കുറെ ഭാഗം കൂടി ചേർത്ത് നടത്തുന്നതിന് തീരുമാനിച്ചു എന്നറിഞ്ഞു. എം.എൽ.എ. മാർ രണ്ടു പേരും നല്ലതുപോലെ വാദിച്ചു. മന്ത്രിയും, ഡയറക്ടറും ഡെപ്യൂട്ടി ഡയറക്ടറും വേണ്ടതുപോലെ വാദിച്ചു എന്നും കമ്യൂണിസ്റ്റുകൾ എതിർത്ത് സംസാരിച്ചു എന്നും അറിഞ്ഞു. കത്തീഡ്രലിൽ വന്നു കിടന്നു.



www.malankaralibrary.com

**16.** കത്തീഡ്രലിൽ ചൊല്ലി. അസംബ്ലിയിൽ പോയി കുറെനേരം ശ്രദ്ധിച്ചു. അരമനയിൽ പോയിട്ടു മടങ്ങി പഞ്ചായത്ത് ഡയറക്ടരെ പോയി കണ്ടു. ഊണുകഴിഞ്ഞു സെക്രട്ടറിയേറ്റിൽ പോയിട്ടു മടങ്ങിവന്നു. 5.30-ന് എം.എൽ.എ. മാരെ കണ്ടു വിവരം അറിഞ്ഞു. കുമ്പഴയുടെ ഭൂരിഭാഗവും പത്തനംതിട്ടയ്ക്ക് വിടുന്നതിനും ബാക്കിയുള്ളത് മല യാലപ്പുഴയുടെ ഭാഗങ്ങളുമായി ചേർത്ത് മൈലപ്രാ പഞ്ചായത്തും വില്ലേജുമായി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**17.** വെളുപ്പിന് കത്തീഡ്രലിൽ ചൊല്ലി, 5 മണിക്ക് തിരിച്ചു. 9.30-ന് മൈലപ്രാ എത്തി വിശ്രമിച്ചു. പഞ്ചായത്തുവിവരം ജനങ്ങളെ അറി യിച്ചു. ഏവർക്കും സന്തോഷം തന്നെ.

**19.** നാഗമല തോട്ടത്തിൽ ജോലി ഉണ്ടായിരുന്ന ശൗരിയാർ മത്തായി ഭാര്യയുമായി മൈലപ്രായിൽ താമസമാക്കിയിരുന്നു. അയാൾ ഇന്നലെ 4 മണിക്ക് മരിച്ചു. ഇന്ന് ശവമടക്കി. അതുകഴിഞ്ഞു കൊട്ടാരക്കരക്ക് പോയി. അവിടെ നിന്നും മുഖത്തലക്ക് പോകാൻ ശ്രമിച്ചെങ്കിലും ബസ് കിട്ടാഞ്ഞതിനാൽ കൊട്ടാരക്കര അച്ചന്റെ വീട്ടിൽ കിടന്നു.

**20.** കൊട്ടാരക്കര ചൊല്ലി. കൊല്ലത്തിന് പോയി ശ്രീ. മൈക്കിളിനെ കണ്ടു പഞ്ചായത്തുകാര്യം പറഞ്ഞു. മടങ്ങിപോന്നു.

**25.** വെളുപ്പിന് 2 മണിക്ക് പള്ളിയിൽ പോയി ക്രിസ്തുമസിന്റെ ശുശ്രൂ ഷയും കുർബാനയും നടത്തി. 6 മണിക്കു തീർന്നു. വീട്ടിലെത്തി വിശ്രമിച്ചു. 2 മണിയോടു ആദ്യഫലശേഖരവും ലേലവിളിയും നടത്തി.

**27.** മണ്ണാരകുളഞ്ഞിയിൽ പോയി മലയാലപ്പുഴ നിന്നും ഇങ്ങോട്ടു ചേർക്കാവുന്ന ഭാഗത്തിന്റെ പ്ലാൻ തയ്യാറാക്കാൻ ഏർപ്പാടു ചെയ്തു. കുറെ കഴിഞ്ഞു മടങ്ങിവന്നു.

**29.** മലയാലപ്പുഴനിന്നും ഇങ്ങോട്ടു ചേർക്കുന്ന ഭാഗത്തിന്റെ പ്ലാൻ തയ്യാ റാക്കാൻ ജോർജിനെ ഏർപ്പാടു ചെയ്തു. വൈകിട്ടു പ്ലാൻ തയ്യാ റാക്കി കൊണ്ടുവന്നു.

**30.** രാവിലെ കൊല്ലത്തിന് പോയി. തങ്കപ്പൻ നായരും ഉണ്ടായിരുന്നു. കളക്ടറിനെയും കണ്ടുവിവരം പറഞ്ഞു. ബി.ഡി.ഒ. ശ്രീ. തോമസി നേയും അടൂർ ആർ.ഡി.ഒ.യേയും കണ്ടു വിവരം പറയാനും പോയി. അതുകഴിഞ്ഞ് തിരുവനന്തപുരത്തിന് പോയി മാർ ഈവാനിയോസ് കോളേജ് ഹോസ്റ്റലിൽ എത്തി താമസിച്ചു.

**31.** ഹോസ്റ്റൽ ചാപ്പലിൽ ചൊല്ലി. 9 മണിക്ക് അരമനയിൽ എത്തി. അവിടെനിന്നും സിറ്റിയിൽ പോയി പലരേയും കണ്ടു. 1 മണി കഴിഞ്ഞു മടങ്ങിപോന്നു, 6 മണിക്ക് വീട്ടിലെത്തി.



www.malankaralibrary.com

# 1961

**ജനുവരി 1.** രാവിലെ പള്ളിയിലെത്തി. പ്രാർത്ഥനയും കുമ്പസാരവും കുർബാനയും നടത്തി പ്രസംഗിച്ചു. 9.30 കഴിഞ്ഞ് വീട്ടിലെത്തി. കുരിശടി പുതുക്കി പണിയാൻ മേസ്തിരി വന്നു. അടുത്തമാസം പണിക്കുവരാമെന്നു പറഞ്ഞുപോയി.

**2.** പത്തനംതിട്ട പോയി. തോട്ടാലിൽ അന്നമ്മയുടെ നിയമനം അനുവദിച്ചു, ശമ്പളം 55 രൂപ, അവൾക്കു ഓർഡർ വാങ്ങാൻ ഡി.ഇ.ഒ. യുടെ ഓഫീസിൽ പോയപ്പോൾ കഴിഞ്ഞ സെപ്റ്റംബറിൽ കിളിമാനൂരിൽ വച്ചു ബസിൽ നഷ്ടപ്പെട്ട കുടയുടെ വില 15 രൂപയും 5 രൂപ യാത്രാ ചെലവിനും ട്രാൻസ്പോർട്ടു ഓഫീസിൽ നിന്നും കിട്ടി.

**4.** വലിയ അയന്തിയിലെ ഒരു പെൺകുട്ടിയെ ചേർത്ത് ചെങ്ങറയിലെ ഒരു കൊച്ചനുമായുള്ള മനഃസമ്മതം നടത്തി. കത്തുകൾ കൊടുത്തയച്ചു. 3 മണിക്ക് ഇലന്തൂർക്ക് പോയി അച്ചന് 115 രൂപ കൊടുത്തിട്ടു മടങ്ങി, പത്തനംതിട്ട വില്ലേജ് ഓഫീസർ കൃഷ്ണനെ കണ്ടു പഞ്ചായത്ത് സംബന്ധിച്ചു സംസാരിച്ചു.

**6.** സന്ധ്യയോടുകൂടി കടമ്മനിട്ട പള്ളിയിലെത്തി കിടന്നു. കുറ്റിയില ച്ചനും ഏബ്രഹാം അച്ചനും ഉണ്ടായിരുന്നു.

**7.** രാവിലെ പള്ളിപെരുന്നാളിന്റെ മൂന്നിന്മേൽ കുർബാന ചൊല്ലി. വിശ്രമം കഴിഞ്ഞു ഉച്ചയൂണും കഴിഞ്ഞുപോന്നു.

**10.** രാവിലെ തിരിച്ചു 9.30-ന് അരമനയിലെത്തി. പിതാവിന്റെ ഫീസ്റ്റ് ഇന്നാണ്, അതിന്റെ ചടങ്ങുകൾ നടന്നു. 3 മണിക്ക് പൊതുയോഗം സ്കൂളിൽ കൂടി. മംഗളം ആശംസിച്ചു ഞാനും പ്രസംസിച്ചു. രാത്രി ഊണിനുശേഷം ഞങ്ങൾ അച്ചന്മാർ ചിലർ കൂടി തിരുമേനിയുമായി പല കാര്യങ്ങൾ ആലോചിച്ചു. ഒടുവിൽ അരമനയിൽ വരുന്ന അച്ചന്മാർക്കായി താമസിക്കാൻ ഒരു കെട്ടിടം പണിയിക്കണമെന്ന് ആവശ്യപ്പെട്ടു.

**11.** അരമനയിൽ ചൊല്ലി. മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ പോയി ബ്ലഡ്, യൂറിൻ ടെസ്റ്റ്സ് നടത്തി, ഡോ. വിൻസെന്റിനെ കണ്ടു പരിശോധിപ്പിച്ചു, ചില മരുന്നുകൾ നിർദ്ദേശിച്ചു. അരമനയിലെത്തി വിശ്രമിച്ചു. 2 മണിക്കുശേഷം ടൗണിൽ എത്തി മന്ത്രി ഉമ്മർകോയയുടെ ഓഫീസിലെത്തി മമ്മതു കുഞ്ഞിനെ കണ്ടു ചില കാര്യങ്ങൾ അറിഞ്ഞു. 4.30-നുള്ള ബസിൽ മടങ്ങിപോന്നു.

**16.** രാവിലെ വകയാറ്റുപള്ളിയിൽ ചൊല്ലി. 7 മണിക്ക് ഉമ്മച്ചൻ വന്നു.



www.malankaralibrary.com

ഉതളകുഴിയിൽ ഉണ്ണൂണ്ണിയെ കൂട്ടിയാണ് വന്നത്. അച്ചന്മാരും വന്നു കുറെ നേരം സംസാരിച്ചിരുന്നു. ഉണ്ണൂണ്ണി അടുത്ത ആഴ്ചയിൽ കത്തോലിക്കാ സഭയിൽ ചേരാമെന്ന് സമ്മതിച്ചു, തിരുമേനിയെ കൊണ്ടുവരണമെന്നും പറഞ്ഞു. ഞാൻ അതുകഴിഞ്ഞ് പുനലൂർക്കു പോയി അറിയിച്ചതനുസരിച്ചു കാഞ്ഞറയിൽ എത്തി മുട്ടുകുന്നിൽ മേരിക്കുട്ടിയുടെ വീട്ടിൽ എത്തി വിശ്രമിച്ചു. 2 മണിക്ക് ടൗണിലെത്തി കീവർച്ചനോടു കൂടി ചിലടത്തെല്ലാം പോയി ഏലാകാട്ടൂർ എത്തി. ചേരാനുള്ള ചിലരെ കണ്ടു ഏർപ്പാടുകൾ ചെയ്തു. പിറവന്തൂർ വച്ചു ചരലിൽ തെറ്റി ഓടയിലേക്ക് വീണു. കണ്ണാടി അവിടെ നഷ്ടപ്പെട്ടു. 6 മണികഴിഞ്ഞു പോന്നു, 5.45-ന് വീട്ടിലെത്തി.

**17.** ചൊല്ലി. ഇന്നലത്തെ വീഴ്ചയുടെ വേദനയും അസുഖവുമുണ്ട്.

**19.** കുർബ്ബാന കഴിഞ്ഞു വിശ്രമിച്ചു. പത്തനംതിട്ട പോയി ഡോ. ജോർജിനെ കണ്ടു, ബെറിൻ ഇൻജക്ഷൻ എടുത്തു. ആഴ്ചയിൽ രണ്ടുവീതമെങ്കിലും ഇൻജക്ഷൻ എടുക്കണമെന്ന് പറഞ്ഞു. മടങ്ങിപോന്നു. ദേഹത്തെ വേദനമൂലം വിശ്രമിച്ചു.

**22.** പരസ്യകുർബ്ബാന ചൊല്ലി പ്രസംഗിച്ചു. ജോർജ് അച്ചൻ തിരുമേനിയുടെ കത്തുമായി പള്ളിയിൽ ചികിത്സാർത്ഥം താമസിക്കാൻ വന്നു. അനുവദിച്ചുവേണ്ട സൗകര്യം കൊടുത്തു.

**24.** രാവിലെ ഏറതുമ്പമണ്ണിലേക്ക് പോയി തിരുമേനിയെ കണ്ടു വകയാറ്റെ വിവരങ്ങളും മറ്റും പറഞ്ഞു. നാളെ 11 മണിക്ക് ഉണ്ണൂണ്ണിയെ ചേർക്കുന്നതിന് അവിടെ എത്താമെന്ന് സമ്മതിച്ചു. ഞാൻ ഉടനെ മടങ്ങി വന്ന് വകയാറ്റു എഴുത്ത് കൊടുത്തയച്ചു.

**25.** ഇലന്തൂർക്ക് പോയി. തിരുമേനി അവിടെ എത്തി. കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. അതുകഴിഞ്ഞു പള്ളിക്ക് കല്ലിട്ടു. കാപ്പികുടി കഴിഞ്ഞു പ്രക്കാനത്തും ചീക്കനാലും പോയി. കുറെ കഴിഞ്ഞു ഞങ്ങൾ വകയാറ്റിന് പോയി പള്ളിയിൽ എത്തി ഭക്ഷണം കഴിഞ്ഞു. 2 മണിക്ക് ഉതളക്കുഴിയിൽ ഉണ്ണൂണ്ണിയേയും മറ്റും ചേർത്തു, 4 മണിയോടു ഉണ്ണൂണ്ണിയുടെ വീടുകൂദാശയും കഴിഞ്ഞ് മടങ്ങി. തിരുമേനി തിരുവനന്തപുരത്തിന് പോയി. ഞാനും റമ്പാച്ചനും കൂടി മൈലപ്രായിലെത്തി.

**26.** ഇന്ന് മൂത്തമകൾ കുഞ്ഞമ്മയുടെ പുതിയ വീടിന്റെ പാലുകാച്ചും കൂദാശയുമായിരുന്നു. രാവിലെ പള്ളിയിൽ മൂന്നിന്മേൽ കുർബ്ബാന ചൊല്ലിയിട്ടു 8 മണിക്ക് റമ്പാച്ചനും, കരിയിലച്ചനും സി. മാത്യു അച്ചനുമെല്ലാം പുതിയ വീട്ടിലെത്തി കാപ്പികഴിഞ്ഞ് വീടുകൂദാശ



www.malankaralibrary.com

നടത്തി പിരിഞ്ഞു. റമ്പാച്ചൻ വീട്ടിൽ വന്ന് വിശ്രമിച്ചു. പണിക്കാർക്കും വേലക്കാർക്കും എല്ലാം ഭക്ഷണവും സമ്മാനവും കൊടുത്തുവിട്ടു. ഉച്ച ഊണുകഴിഞ്ഞു റമ്പാച്ചനും ഞാനും കാറിൽ വയലത്തല പോയി. റമ്പാച്ചന്റെ പ്രസംഗം കഴിഞ്ഞു രാത്രിയിൽ ജോസഫ് സാറിന്റെ വീട്ടിൽ കിടന്നു.

**ഫെബ്രുവരി 8.** അരമനയിൽ ചൊല്ലി. 11 മണിക്ക് കൗൺസിൽ കൂടി. 1 മണിക്ക് നിറുത്തി പ്രാർത്ഥനയും ഊണും കഴിഞ്ഞ് വീണ്ടും 2 മണിക്ക് തുടങ്ങി. വൈകിട്ടു സിറ്റിയിൽ പോയി പലരേയും കണ്ടു കാര്യങ്ങൾ ആലോചിച്ചു. മടങ്ങി അരമനയിലെത്തി.

**9.** അരമനയിൽ ചൊല്ലി. സിറ്റിയിൽ പോയി പലരേയും ഓഫീസുകളിൽ കണ്ടു പഞ്ചായത്തു കാര്യവും മറ്റും ആലോചിച്ചു. ഉച്ചകഴിഞ്ഞ് മടങ്ങിപോന്ന് രാത്രി 10.15-ന് വീട്ടിലെത്തി.

**10.** രാവിലെ കൊല്ലത്തിന് തിരിച്ചു 10 മണിക്കെത്തി കളക്ടറേയും ഡെപ്യൂട്ടി ഡയറക്ടറേയും മറ്റും കണ്ടു പഞ്ചായത്തുകാര്യം അന്വേഷിച്ചു.

**17.** തിരുവനന്തപുരത്തിന് തിരിച്ചു 10.30-ന് അരമനയിലെത്തി. അരമനയ്ക്ക് ഒരു തോട്ടം വാങ്ങുന്നത് സംബന്ധിച്ചു ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി റോമിലേക്ക് തിരുമേനി വശം കൊടുത്തയച്ചു. സിറ്റിയിൽ പോയിട്ടു മടങ്ങിവന്നു.

**18.** അരമനയിൽ ചൊല്ലി. പലതും ചെയ്തുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞ് തിരിച്ചു 9 മണിക്ക് വീട്ടിലെത്തി. നന്നേ ക്ഷീണമുണ്ട്.

**19.** 1.30-ന് കുരുവിള അച്ചൻ വന്നു. ഒരുമിച്ചു പുനലൂർക്ക് പോയി അവിടെ നിന്നും ഏലകാട്ടൂർ പോയി സ്ഥലം കണ്ടു ചില ആലോചനകൾ നടത്തി. 6 മണിയോടുകൂടി കാറിൽ തന്നെ മടങ്ങിവന്നു ഞങ്ങൾ വകയാറ്റു കയറിയിട്ടു പോന്നു. വീട്ടിലെത്തി. ഊണുകഴിഞ്ഞു കുരുവിള അച്ചൻ പള്ളിയിൽ പോയി.

**20.** കുർബാന കഴിഞ്ഞ് കുരുവിള അച്ചനോടുകൂടി പോയി അരമനയിൽ 2 മണിക്കെത്തി വിശ്രമിച്ചു. 4 മണിക്ക് പോയി DLB - യെ (Director of Local Bodies) കണ്ടു പഞ്ചായത്തിന്റെ അതിർത്തി കാര്യം പറഞ്ഞു. അദ്ദേഹം എല്ലാം കുറിച്ചെടുത്തു. അരമനയിൽ തിരിച്ചെത്തി.

**21.** അരമനയിൽ ചൊല്ലിയിട്ടു സിറ്റിയിൽ പോയി ചിലരെ കണ്ടു. ഉച്ചയോടുകൂടി കൊല്ലത്ത് പോയി ഡെപ്യൂട്ടി ഡി.എൽ.ബി.യെ കാണാൻ ശ്രമിച്ചു. ഓഫീസിൽ അദ്ദേഹമില്ലായിരുന്നു. ഞാൻ മുഖത്തല പള്ളിയിലെത്തി താമസിച്ചു.





www.malankaralibrary.com

**22.** മുഖത്തല പള്ളിയിൽ നിന്നും പോയി സെന്റ് ജൂഡ് കുരിശടിയിൽ ചൊല്ലി. പ്രത്യേക നിയോഗത്തോടു പ്രാർത്ഥനയും നടത്തി. 8 മണിക്ക് കൊല്ലത്തിന് പോയി കളക്ടറേയും ഡെപ്യൂട്ടി ഡി.എൽ.ബി.യേയും കണ്ടു പഞ്ചായത്തുകാര്യം പറഞ്ഞു. 2.30-ന് പുനലൂർ ബസ് സ്റ്റാന്റിൽ കുരുവിള അച്ചനെ കാത്തിരുന്നു. 3.30 ആയപ്പോൾ നല്ല സുഖമില്ലാത്തതിനാൽ മടങ്ങിപോന്നു. 5 മണിക്ക് വീട്ടിലെത്തി വിശ്രമിച്ചു.

**23.** ദേഹത്ത് വേദനയും കഴപ്പും മറ്റുമായി സുഖമില്ലാത്തതിനാൽ വെയിലത്ത് ഇരിപ്പും വിയർപ്പിക്കലും തേച്ചുകുളിയും മറ്റും നടത്തി ഇൻജക്ഷൻ എടുത്തും മാർച്ച് 1-വരെ വിശ്രമിച്ചു.

**മാർച്ച് 2.** ഈ പഞ്ചായത്തിൽ നിന്നും പത്തനംതിട്ടയ്ക്ക് പോകുന്ന കുമ്പഴ ഭാഗത്തിന്റെ അതിരു നിർണ്ണയിക്കാൻ പഞ്ചായത്ത് ഇൻസ്പെക്ടർ വന്നു. 3-ാം വാർഡും മറ്റും നോക്കി. രാത്രി 2 മണി വരെ പഞ്ചായത്തു ഓഫീസിൽ വച്ചു ആലോചിച്ചു ഭിന്നിച്ചു പിരിഞ്ഞു.

**3.** രാവിലെ തന്നെ പഞ്ചായത്ത് ഇൻസ്പെക്ടർ വന്നു അതിർത്തി കാണാൻ പോയി. പതിയിൽ പടി മുതൽ നോക്കി. ഇൻസ്പെക്ടറുടെ ആശയം 3-ാം വാർഡിൽ നിന്നും ഏതാനും ഭാഗം പത്തനംതിട്ടയ്ക്ക് വിടണമെന്നാണ്. അതിനെ എതിർത്ത് ഞാനും 3-ാം വാർഡു മെമ്പറും പ്രതിഷേധിച്ചു സംസാരിച്ചു.

**6.** 4 മണിക്ക് പഞ്ചായത്ത് ഇൻസ്പെക്ടർ വന്നു. ജീപ്പിൽ മലയാലപുഴക്ക് പോയി ചീങ്കൽതടം വഴി മടങ്ങിപോന്നു. ആ ഭാഗം ചേർക്കുന്നതിന് ചിലർ എതിർത്തു.

**7.** ഇൻസ്പെക്ടറുടെ പ്രവർത്തിയെ പ്രതിഷേധിച്ചു ഒരു അപേക്ഷ തയ്യാറാക്കി പ്ലാൻ സഹിതം രാഘവകുറുപ്പിനെ ഏൽപ്പിച്ചു തിരുവനന്തപുരത്തിന് അയച്ചു. അപേക്ഷയുടെ ഒരുകോപ്പി ഇൻസ്പെക്ടർ വഴി ഡയറക്ടർക്ക് കൊടുത്തു.

**9.** രാവിലെ തിരിച്ചു തിരുവനന്തപുരത്ത് 10 മണിക്കെത്തി. കുമ്പഴ കുഞ്ഞപ്പിയും മനുവേലും ബസിലുണ്ടായിരുന്നു. ഡി.എൽ.ബി.യുടെ വീട്ടിലെത്തി കണ്ടു. അവരും വന്നു. രണ്ടു കൂട്ടരും അവരവരുടെ കാര്യങ്ങൾ പറഞ്ഞു. ഫയൽ കൊല്ലം ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചതായി പറഞ്ഞു. ഞാൻ പാളയം കത്തീഡ്രലിൽ എത്തി വിശ്രമിച്ചു. 4.30-ന് തിരിച്ചു 8.30-ന് വീട്ടിലെത്തി.

**13.** രാവിലെ പത്തനംതിട്ട പോയി പഞ്ചായത്ത് ഓഫീസിൽ കാത്തിരുന്നു. ഡെപ്യൂട്ടി ഡി.എൽ.ബി. വന്നു. ഒരുമിച്ചു താലൂക്ക് ഓഫീസിലെത്തി



www.malankaralibrary.com

പ്ലാൻ അന്വേഷിച്ചു. കിട്ടിയില്ല. ഞാൻ മടങ്ങി വീട്ടിലെത്തി ഊണു കഴിഞ്ഞ് വിശ്രമിച്ചു. പഞ്ചായത്ത് സംബന്ധിച്ചു അനവധി ആളുകൾ വന്നിരുന്നു. മെമ്പേഴ്സുമായി ആലോചിച്ചു 3-ാം വാർഡിന്റെ ഒരു ഭാഗവും വിട്ടുകൊടുക്കാൻ നിവൃത്തിയില്ലെന്ന് പറഞ്ഞു സ്ഥലം കാണാൻ ഏവരും കൂടി പോയി. കണ്ടശേഷം ഡയറക്ടർ പോയി. ഞങ്ങൾ മണ്ണാരകുളഞ്ഞിയിൽ വെറ്റിനറി സബ്സെന്ററിന്റെ ഉദ്ഘാടന മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. ഞാൻ പ്രസംഗിച്ചു. 7 മണിക്കുശേഷം മടങ്ങിപോന്നു.

**15.** 10 മണിക്ക് ജെയിംസും മറ്റും വന്നു. ലീല ടീച്ചറിനെപ്പറ്റിയുള്ള പരാതി പറഞ്ഞു. ലീലയെ തിരുവനന്തപുരത്തുകാരൻ ആസ്റ്റിൻ എന്ന ആൾ വിവാഹം ചെയ്യാൻ ഉഭയസമ്മതപ്രകാരം തയ്യാറായി വന്നിട്ടുണ്ട്. അവർ 1960 ഡിസംബർ 3-ാം തീയതി രജിസ്റ്റർ വിവാഹം നടത്തിയതാണ്. എല്ലാ ആരോപണങ്ങളും ശരിയാണെന്ന് ലീല സമ്മതിച്ചു. അവരുടെ വിവാഹം ശരിയാക്കി കൊടുക്കാൻ ഞാനിടപെടണമെന്ന്, തിരുവനന്തപുരത്തിന് ഞാൻ കൂടി ചെല്ലാമെന്ന് സമ്മതിച്ചു. 5.30-ന് തിരിച്ചു രാത്രി 10 മണിക്ക് കത്തീഡ്രലിൽ എത്തി ഞാൻ ഉറങ്ങി.

**16.** കത്തീഡ്രലിൽ ചൊല്ലി. അരമനയിലെത്തി കുരുവിള അച്ചനും ജോണച്ചനുമായി സംസാരിച്ചു. ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ടവളാണ് ലീല എന്നറിഞ്ഞു. ബാക്കികാര്യം അവളുടെ പള്ളി വികാരിയുമായി ആലോചിച്ചു നടത്താൻ 3 മണിക്ക് ഞാൻ ജെയിംസ്, ജോർജ്, ആസ്റ്റിൻ, ലീല, എൽസി എന്നിവർ കാറിൽ തിരിച്ചു രാത്രി 9 മണിക്ക് കുറിച്ചക്കൽ പള്ളിയിൽ എത്തി. അച്ചൻ രാത്രി 11 മണിക്കുവന്നു കാര്യം പറഞ്ഞു. ശിപാർശകത്തു വാങ്ങി. 2 മണിക്ക് തിരിച്ചു 4 മണിക്കുശേഷം ഞാൻ വീട്ടിലെത്തി. മറ്റുള്ളവർ ചങ്ങനാശ്ശേരിക്കു പോയി.

**17.** 2 മണിയോടുകൂടി ലീല, അപ്പൻ കുര്യച്ചൻ, ജോർജ് എന്നിവർ ചങ്ങനാശ്ശേരിയിൽ നിന്നും ലീലയുടെ കല്യാണം കഴിഞ്ഞു ആസ്റ്റിനോടു കൂടിവന്നു. സന്തോഷത്തോടുകൂടി കുറെ കഴിഞ്ഞ് തിരുവനന്തപുരത്തിന് അവർ പോയി. നല്ല സുഖമില്ല.

**18.** ചൊല്ലി. ദേഹത്തൊക്കെ നല്ല വേദന. വിശ്രമിച്ചു.

**22.** കോട്ടയത്തിന് തിരിച്ചു 9 മണികഴിഞ്ഞ് അവിടെ എത്തി. വയസ്കര മൂസിനെ വീട്ടിൽ പോയി കണ്ടു ദേഹത്തെ വേദനയും മറ്റും കാര്യം പറഞ്ഞു. എല്ലാം മനസ്സിലാക്കി നെയ്യും കുഴമ്പും കുറിച്ചുതന്നു. അതു വാങ്ങി തിരിച്ചുപോന്നു. 2 മണിക്കെത്തി. തേച്ചുകുളിയും മറ്റുമായി വിശ്രമിച്ചു.



www.malankaralibrary.com

**25.** സന്ധ്യയോടുകൂടി കിഴക്കേമലയിലുള്ള ചിലർ വന്നു ഒരപേക്ഷ തന്നു. അവരെകൂടി കത്തോലിക്കാസഭയിൽ ചേർക്കണമെന്ന്. അതിനുവേണ്ടത് ചെയ്യാമെന്ന് ഞാൻ പറഞ്ഞു.

**26.** സന്ധ്യപ്രാർത്ഥനക്ക് പള്ളിയിൽ ചെന്നപ്പോൾ 14 വീട്ടുകാർ കത്തോലിക്കാസഭയിൽ ചേരാൻ അപേക്ഷ തന്നു. കുരുവിള അച്ചന്റെ പേർക്ക് ഒരു കത്ത് കൊടുത്ത് അവരിൽ രണ്ടുപേരെ തിരുവനന്തപുരത്തിന് അയച്ചു.

**27.** സന്ധ്യാനമസ്കാരത്തിന് പള്ളിയിലെത്തി. നമസ്കാരസമയത്ത് വി.ജി. വന്നു. രാത്രിയിൽ 12 മണിയോടുകൂടി 14 വീടുകളിൽ നിന്നായി 75 പേരെ കത്തോലിക്കസഭയിൽ വി.ജി. ചേർത്തു.

**28.** ഇന്ന് 20 പേരെ കൂടി സഭാംഗമാക്കി. 9 മണിയോടു വി.ജി. പോയി.

**29.** സ്കൂളിൽ പണി നടന്നുകൊണ്ടിരുന്നു. ഇന്ന് പണിതീർന്നു. ഡി.ഇ.ഒ. വന്ന് പരിശോധിച്ചു. ബിൽ കൊണ്ടുചെല്ലാൻ പറഞ്ഞു. 3 മണിക്ക് പള്ളിയിൽ പോയി കുമ്പസാരം നടത്തി. 9 മണിക്കുവന്ന് കുഴമ്പുതേച്ചുകുളിച്ചു. 10 മണിക്ക് ബിൽ കൊണ്ടുവന്നു.

**30.** പെസഹ കുർബാന ചൊല്ലി. 300-ൽ പരം പേർ വി. കുർബാന കൈകൊണ്ടു. ജോർജച്ചനും ഇന്നു കുമ്പസാരിപ്പിച്ചു. ഇന്ന് ബിൽ മാറികൊണ്ടുവന്നു. 612.50 രൂപ കിട്ടി.

**31.** ദുഃഖവെള്ളിയുടെ പ്രാർത്ഥനയും ശുശ്രൂഷയും തുടങ്ങി. 10 മണിക്ക് സ്കൂളിൽ നിന്നും പള്ളിയിലേക്ക് സ്ലീബാപാഥ നടത്തി. 2.45-ന് ശുശ്രൂഷയെല്ലാം കഴിഞ്ഞ് പിരിഞ്ഞു.

**ഏപ്രിൽ 2.** ഈസ്റ്റർ ഞായർ. നമസ്കാരവും കുർബാനയും മറ്റും 2 മണിക്കു തുടങ്ങി 6.30-ന് തീർന്നു. വീട്ടിലെത്തി വിശ്രമിച്ചു.

**6.** ഉച്ചകഴിഞ്ഞു കിഴവള്ളൂർ എൻ.ഇ.എസ്. ബ്ലോക്കിൽ പോയി സ്കൂളിൽ യൂറിനൽ പണിയിച്ചതിന്റെ കാര്യം പറഞ്ഞു. അടുത്ത ആഴ്ച ആകട്ടെ അലൗട്ട്മെന്റ് വന്നില്ല എന്നു പറഞ്ഞു. മടങ്ങിപോന്നു.

**12.** ഉച്ചകഴിഞ്ഞു മാക്കാംകുന്നേൽ എത്തി കീവർച്ചന്റെ രോഗസ്ഥിതി കണ്ടു. 5 മണിക്ക് കീവർച്ചനെ കാറിൽ മൈലപ്രാ വീട്ടിൽ കൊണ്ടു വന്നു. കാക്കുച്ചനെ ചീങ്കൽ തടത്തിൽ നിന്നും വരുത്തി കാണിച്ചു. വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. കീവർച്ചൻ അത് കഴിഞ്ഞ് മടങ്ങിപോയി.

**15.** ഫാ. ജോർജ് കണ്ടത്തിലിന്റെ നിയോഗത്തിൽ 10 കുർബാന ചൊല്ലാൻ 46.83 രൂപ തന്നു. നാളെ മുതൽ ചൊല്ലാനാണ്.

**17.** ഒരു വിവാഹം നടത്തി. പള്ളിയുടെ മുറ്റവും റോഡും നന്നാക്കാൻ 10 രൂപ ക്ലർക്ക് സ്കറിയായെ ഏൽപ്പിച്ചു. വീട്ടിലെത്തി വിശ്രമിച്ചു.



www.malankaralibrary.com

11 മണിക്ക് കോശി ചക്കാലമണ്ണിൽ അച്ചനും മാത്യു പൊൻമേലിൽ അച്ചനും വന്നു. ഊണുകഴിഞ്ഞ് അവർ പള്ളിയിലേക്ക് പോയി. ജോണച്ചൻ പറഞ്ഞതുപോലെ വരാഞ്ഞതുകൊണ്ട് അവർ 6 മണിക്ക് മടങ്ങിപോയി.

**20.** കുമ്പഴനിന്നും തൊമ്മികുഞ്ഞും മറ്റു അച്ചന്മാരും ഒന്നിച്ചു ചമ്പക്കുളത്തിന് പോയി. 10 മണിക്ക് അവിടെ എത്തി. തിരുവല്ലാ തിരുമേനിയും അനേകം അച്ചന്മാരും അവിടെ ഉണ്ടായിരുന്നു. തൊമ്മികുഞ്ഞിന്റെ മകൾ റൂബിയുടെ വിവാഹം ചമ്പക്കുളത്ത് മാപ്പിളശേരിയിലെ ഒരു കൊച്ചനുമായിട്ടു നടത്താനാണ്. ഞാൻ കാപ്പ ഇട്ടു, തിരുമേനിയും മറ്റു അച്ചന്മാരും കൂടി നടത്തി 12 മണിക്ക് കഴിഞ്ഞു. ഞാൻ കുഴിയംമണ്ണിലച്ചന്റെ മകൾ മോണിക്കാമ്മയുടെ വീട്ടിൽ ബോട്ടിൽ പോയി കണ്ടു വിശ്രമിച്ചു. തൊമ്മിച്ചനും അനുജന്മാരും ഉണ്ടായിരുന്നു. അവിടെ താമസിച്ചു.

**21.** രാവിലെ തൊമ്മിച്ചനോടുകൂടി വള്ളത്തിൽ ബസ് സ്റ്റാന്റിൽ എത്തി. ചങ്ങനാശ്ശേരിക്ക് ബസിൽ പോയി അവിടെ നിന്നും തിരിച്ചു മൈലപ്രാ 11 മണിക്കെത്തി.

**24.** അരമനയിൽ ചൊല്ലി. മഠത്തിൽ പൊയി സിസ്റ്ററിനെ കണ്ടു. അർത്ഥികളേയും കണ്ടു സംസാരിച്ചു. സിറ്റിയിലെത്തി ഡി.എൽ.ബി. ഓഫീസിൽ പോയി അന്വേഷിച്ചിട്ടു അരമനയിൽ തിരിച്ചെത്തി. 5 മണിക്ക് കോളേജിലെത്തി കുളിയും മറ്റും കഴിഞ്ഞു വിശ്രമിച്ചു. 8.45-ന് ധ്യാനം തുടങ്ങി.

**25.** കോളേജ് ആഡിറ്റോറിയത്തിൽ ചൊല്ലി. 9 മണിക്ക് ധ്യാനത്തിന് 3-ാം നിലയിൽ കയറി. കുറെകഴിഞ്ഞു വലിയ അസ്വാസ്ഥ്യം തുടങ്ങി. നെഞ്ചുവേദനയും ദേഹമെല്ലാം വേദനയും. 10 മണിക്ക് താഴെ ഇറങ്ങി മുറിയിൽ കിടന്നു. അസുഖം വർദ്ധിച്ച ഉടനെ കുരുവിള അച്ചനെ വിളിച്ചു. 3 മണിക്ക് കാറുമായി വന്ന് ഡോ. വർഗീസിനെ കൊണ്ടു പരിശോധിപ്പിച്ചു. ചില മരുന്നുകൾ തന്നത് കഴിച്ചു. അരമനയിൽ കിടന്നു. രാത്രി 11 മണിക്കും വേദനയുണ്ടായി, പിന്നെ കുറഞ്ഞു.

**26.** അരമനയിൽ ചൊല്ലി. കാപ്പി കഴിഞ്ഞു ഡോ. വർഗീസ് വന്ന് ഒന്നുകൂടി പരിശോധിച്ചു. ഇവിടെ താമസിച്ചു റെസ്റ്റ് ചെയ്യണമെന്ന് പറഞ്ഞു. അസുഖം വീണ്ടും അനുഭവപ്പെട്ടു. ഉച്ചകഴിഞ്ഞു കുരുവിള അച്ചനോടുകൂടി ഡോ. വിൻസെന്റ് വന്നുകണ്ടു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ആശുപത്രിയിൽ പോയി. ഒന്നാംവാർഡിൽ 2-ാം ബഡ് കിട്ടി. ഇ.സി.ജി. യും മറ്റും എടുത്തു. സാരമില്ലെന്ന് പറഞ്ഞു.



www.malankaralibrary.com

സന്ധ്യക്ക് അരമനയിൽ നിന്നും ഭക്ഷണം കൊണ്ടുവന്നു തന്നു. 10 മണിക്ക് ഉറങ്ങി.

**27.** 5 മണിക്ക് ഉണർന്നു ദിനചര്യക്രമമായി നടന്നു. കുളിക്കാഞ്ഞതിന്റെ അസ്വാസ്ഥ്യം അനുഭവപ്പെട്ടു. ഡോ. വിൻസെന്റ് വന്ന് പരിശോധിച്ചു. ബി.പി. അല്പം കൂടുതൽ. ചൂടു വളരെ കൂടുതലാണ്. രാത്രിയിൽ വി.ജി., ഇ.എസ്. ജോൺ, ജോൺ മാത്യു എന്നീ അച്ചന്മാർ വന്നു. അവരോട് നാളെ പോകണമെന്ന് പറഞ്ഞു. വേണ്ടാ, കുറെ കൂടി ഇവിടെ കിടക്കണമെന്ന് പറഞ്ഞ് അവർ മടങ്ങി.

**28.** ദിനചര്യ കഴിഞ്ഞു മരുന്നും കഴിച്ചു കിടന്നു. 2.30–ന് ജോണച്ചൻ കാറുമായി വന്നു. മൈലപ്രായ്ക്ക് പോകാൻ ഡോ. വിൻസെന്റിനെ കണ്ടു അനുവാദം വാങ്ങി അരമനയിലെത്തി. ജോൺ മാത്യു അച്ചൻ എന്റെ ബാഗും മറ്റും എടുത്ത് കാറിൽ വച്ചു. റമ്പാച്ചനും ജോൺ മാത്യു അച്ചനും കൂടി തിരിച്ചു അടൂർ വഴി ഏഴംകുളത്ത് എത്തി. അവിടെ റമ്പാച്ചൻ ഇറങ്ങി. തുടർന്ന് ഞങ്ങൾ മൈലപ്രായിൽ 6.30–ന് എത്തി. ജോൺ മാത്യു അച്ചൻ കാറിൽ തന്നെ ഉടനെ മടങ്ങിപോയി.

**29.** വീട്ടിൽ തന്നെ വിശ്രമിച്ചു. ദേഹത്തിന് തീരെ ശക്തി തോന്നുന്നില്ല. മരുന്നു കഴിക്കുന്നു. മത്തായി കൊച്ചപ്പനും കിഴവള്ളൂർ അച്ചനും കൂടി വന്നു പല കാര്യങ്ങളും പറഞ്ഞുകൊണ്ടിരുന്നു. അവർ 3 മണിക്ക് പോയി. വൈകിട്ടു 9 മണിക്ക് ജോൺ മാത്യു അച്ചൻ അരമനയിൽ നിന്നും സ്കൂൾ മേച്ചലിന് 250 രൂപ കൊണ്ടുവന്നുതന്നു. അച്ചൻ ഇവിടെ തന്നെ താമസിച്ചു.

**30.** ഞാൻ പള്ളിയിൽ പോയില്ല. ജോൺ മാത്യു അച്ചൻ പള്ളിയിൽ പോയിട്ടു അവിടെനിന്നും മടങ്ങിപോയി.

**മെയ് 3.** വീട്ടിൽ തന്നെ വിശ്രമിച്ചു. കോഴഞ്ചേരിയിൽ പോയി ജോയി അയച്ചുതന്ന 300 രൂപയുടെ ചെക്ക് മാറി, 297.50 കിട്ടി. ഉടനെ പോന്നു.

**6.** രാത്രി 8 മണിക്ക് ജോൺ മാത്യു അച്ചൻ അരമനയിൽ നിന്നും വന്നു റേഡിയോ നന്നാക്കാനുള്ള 100 രൂപ തന്നു. ഇവിടെ താമസിച്ചു.

**7.** ഞാനും അച്ചനും കൂടി പള്ളിയിൽ പോയി. ഞാൻ രാവിലെ ചൊല്ലി. അച്ചൻ പരസ്യകുർബാന ചൊല്ലി. ഞാനും അച്ചനും കൂടി 2 മണിക്കുശേഷം ഇലന്തൂരിൽ പോയി ഏബ്രഹാം അച്ചനെ കണ്ടു. ഞാൻ 5 മണിക്ക് പോന്നു. അച്ചൻ ആ വഴി മടങ്ങിപോയി.

**9.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു 9.45–ന് പാളയത്ത് എത്തി. ഞാനും രാഘവനും കൂടി പഞ്ചായത്ത് വിഭജനം സംബന്ധിച്ചു ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഡി.എൽ.ബി.–ക്ക് കൊടുത്തു. സർവ്വേ നമ്പർ കൂടി കൊടുക്കണമെന്ന് പറഞ്ഞതനുസരിച്ചു രാഘവൻ



www.malankaralibrary.com

പത്തനംതിട്ടക്ക് പോയി. ഞാൻ നാലാഞ്ചിറ മഠത്തിൽ ജൂബിലി മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. 5 മണിക്ക് പോത്തനാംമൂഴി തിരുമേനി അദ്ധ്യക്ഷൻ. രാത്രിയിൽ ആസ്റ്റിന്റെ കാറിൽ ലീലയുടെ വീട്ടിലെത്തി കാപ്പികഴിഞ്ഞ് കത്തീഡ്രലിൽ എത്തി ഉറങ്ങി.

**10.** കത്തീഡ്രലിൽ ചൊല്ലി. അരമനയിൽ എത്തി. സി.എ. ഏബ്രഹാം അച്ചനെ കോളേജിലാക്കുന്നു എന്നറിഞ്ഞു. തിരുമേനിയുമായി കണ്ടു പല കാര്യങ്ങളും പറഞ്ഞു. തോട്ടം, കോളേജുകാര്യം, മരുതൂർ ശെമ്മാശ്ശൻ അയച്ച എഴുത്തിന്റെ കാര്യം, സുഖക്കേടുകാര്യം ഇങ്ങനെ പലതും സംസാരിച്ചു. അതുകഴിഞ്ഞു ഇഞ്ചക്കലോടി അച്ചനും മരുതൂർ ശെമ്മാശ്ശനും എന്റെ അടുക്കൽ വന്നു. ഞാൻ എല്ലാം തിരുമേനിയെ ഏൽപിച്ചതായി പറഞ്ഞു. ശെമ്മാശ്ശൻ അവഹേളനപരമായി എഴുതിയത് ക്ഷമിക്കണമെന്ന് അപേക്ഷിച്ചു. തിരുമേനിയെ എല്ലാം ഏൽപിച്ചു ഞാൻ ക്ഷമിച്ചിരിക്കുന്നു എന്ന് പറഞ്ഞു. കത്തീഡ്രലിൽ എത്തി ഒരപേക്ഷ തയ്യാറാക്കി സർവ്വേ നമ്പരും ചേർത്ത് ഡി.എൽ.ബി. ഇല്ലാഞ്ഞിട്ടു പി.എ.യുടെ കയ്യിൽ കൊടുത്തു. ഒരു കോപ്പി സ്പെഷ്യൽ ഓഫീസർക്കും കൊടുത്തു. മടങ്ങിപോന്ന് 9.30-ന് വീട്ടിലെത്തി. (11-19 വരെ നല്ല സുഖമില്ലാതെ മരുന്നു കഴിച്ചു എണ്ണയും കുഴമ്പും തേച്ചുകുളിച്ചു വിശ്രമിച്ചു. ബി.പി. കൂടുതൽ. ഒന്നുരണ്ടു ദിവസം പള്ളിയിൽ പോയില്ല).

**20.** ചൊല്ലി. 9 മണിക്ക് നന്നുക്കാട്ടു എത്തി. ലീജിയൻ കോൺഗ്രസ്സിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. തിരുമേനി അദ്ധ്യക്ഷം വഹിച്ചു. അതു കഴിഞ്ഞു കാരൂർ സ്കൂളിനായി ഉണ്ടാക്കിയ കെട്ടിടം കൂദാശ ചെയ്യാൻ പോയി. തിരുമേനിയോടുകൂടി തന്നെ നന്നുക്കാട്ടു തിരിച്ചെത്തി ഊണു കഴിഞ്ഞ്, വിശ്രമിച്ചിട്ടു മടങ്ങിപോന്നു.

**22.** കളത്തുങ്കൽ സ്കറിയാച്ചൻ ഇവിടെ വന്ന് കിടന്നു.

**23.** ഞാനും സ്കറിയാച്ചനും കൂടി തിരുവനന്തപുരത്തിന് തിരിച്ചു. 10.30-ന് അരമനയിൽ എത്തി. ഉച്ചകഴിഞ്ഞ് തിരുമേനിയേയും കുരുവിള അച്ചനേയും കറസ്പോണ്ടന്റ് അച്ചനേയും കണ്ടു സ്കറിയാച്ചന്റെ മകളെ ട്രെയിനിംഗിന് എടുക്കുന്ന കാര്യം പറഞ്ഞു. അനുകൂലമായതിനാൽ അപേക്ഷയും മറ്റും തിരുമേനിയെ ഏല്പിച്ചു.

**24.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി പല കാര്യങ്ങളും സംസാരിച്ചു. കാലായിലെ റേച്ചലിന്റെ കാര്യം തിരുമേനിയോടും അച്ചനോടും പറഞ്ഞു. ട്രെയിനിംഗിന് എടുക്കാമെന്നും റാന്നിക്കാരി മേരിക്കുട്ടിയെ മൈലപ്രാ ആക്കാമെന്നും അവിടത്തെ മാനേജരുടെ അനുവാദം വാങ്ങി അയക്കണമെന്നും പറഞ്ഞു. 90 അടി നീളത്തിൽ ഷെഡ് കെട്ടുന്ന



www.malankaralibrary.com

കാര്യവും ബഞ്ചും മറ്റു സാധനങ്ങൾ ഉണ്ടാക്കുന്ന കാര്യവും പറഞ്ഞു. നമ്പ്യാതിരിയുടെ 30 സെന്റ് വാങ്ങി മകൾക്ക് ജോലികൊടുക്കാമെന്ന് അച്ചൻ സമ്മതിച്ചു. 1 മണിക്ക് തിരിച്ചു 5 മണിക്ക് വീട്ടിലെത്തി.

**ജൂൺ 3.** ഇലന്തൂർ മൂത്തേരിൽ കൊച്ചച്ചന്റെ (ഫാ. അബ്രോസ് ഒ.ഐ.സി.) പുത്തൻകുർബാനക്കു പോയി. 9-നു ശേഷം തിരുമേനി വന്നു. കുർബാന 11-നു കഴിഞ്ഞു. അനുമോദന മീറ്റിംഗ് കഴിഞ്ഞു ഊണും കഴിഞ്ഞു മടങ്ങിപോന്നു.

**5.** ഉച്ചയോടുകൂടി കരിയിലച്ചൻ തിരുവനന്തപുരത്തുനിന്നും വന്ന് ഹെഡ്മാസ്റ്റർ ചാർജ്ജ് അന്നമ്മ ഫിലിപ്പിനെ ഏല്പിച്ചു. അച്ചൻ തിരുവനന്തപുരത്തിന് പോയി (കരിയിലച്ചനായിരുന്നു ഹൈസ്കൂൾ തുടങ്ങിയതു മുതൽ ഹെഡ്മാസ്റ്റർ). 4 മണിക്ക് സഖറിയാസ് ചങ്കൻകരി വന്നു. സന്ധ്യയോടുകൂടി അച്ചൻ വീട്ടിൽ വന്നു ഊണു കഴിഞ്ഞു പള്ളിയിൽ പോയി (പുതിയ ഹെഡ്മാസ്റ്റർ).

**8.** ജോയിയുടെ കത്തും 400 രൂപയുടെ ഡ്രാഫ്റ്റും കിട്ടി.

**14.** ഞാനും മണിയുംകൂടി തിരുവനന്തപുരത്തിന് പോയി അരമനയിലെത്തി. ഉച്ചകഴിഞ്ഞു കോളേജിൽ പോയി മണിയെ ചേർത്തു, ഹോസ്റ്റലിലും ചേർത്തിട്ടു ഞാൻ പോന്നു.

**15.** അരമനയിൽ ചൊല്ലി. ശ്രീ. റ്റി.ജി. മേരിക്കുട്ടിക്ക് ഓർഡർ വാങ്ങി കൊടുത്തു. മുറി പണിയുന്നതിന് കുഞ്ഞുതോമ്മാ 900 രൂപ തന്നു. 11 മണിക്ക് കോളേജിൽ പോയി ഫീസും മറ്റും കൊടുത്ത് മണിയെ അച്ചന്മാരെ ചുമതലപ്പെടുത്തി. അരമനയിൽ എത്തിയിട്ടു അവിടെ നിന്നും 4 മണിക്കുപോന്നു. 8.45-ന് വീട്ടിലെത്തി.

**18.** അടൂർ വഴി തിരുവനന്തപുരത്തിന് പോയി 4 മണിക്ക് അരമനയിലെത്തി. അതിനുശേഷം കഴക്കൂട്ടത്ത് ഡിസൂസയെ കാണാൻ പോയി. അവിടില്ലാത്തതിനാൽ ഉടനെ മടങ്ങിപോന്നു.

**19.** അരമനയിൽ ചൊല്ലി. പലകാര്യങ്ങളും ആലോചിച്ചു. ഡിസൂസ വന്നു കണ്ടു. കോളേജിൽ പോയി മണിയെ കണ്ടു. ആസ്റ്റിൻ വന്ന് ഭാര്യയുടെ ജോലികാര്യം പറഞ്ഞു.

**20.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി ചില കാര്യങ്ങൾ പറഞ്ഞു. കൗൺസിൽ കൂടി. തിരുമേനി റോമിലേക്ക് പോകാൻ ഒരുങ്ങി. ഏവരും കൂടി എയർപോർട്ടിൽ എത്തി. അവിടെവച്ചു പട്ടത്തിനെ കണ്ടു. 11 മണിക്ക് തിരുമേനി വിമാനത്തിൽ കയറിപോയി. അരമനയിൽ തിരിച്ചെത്തി. ഓർഡർ വാങ്ങി 4 മണിക്ക് തിരിച്ചു. 10.30-ന് വീട്ടിലെത്തി.



www.malankaralibrary.com

**23.** വൈകിട്ടു റമ്പാച്ചൻ സ്കൂളിൽ വച്ചു യോഗം നടത്തി പ്രസംഗിച്ചു. ധാരാളം ആളുകളുണ്ടായിരുന്നു. 9.45-ന് തീർന്നു.

**24.** വൈകിട്ടു പള്ളിയിൽ നിന്നും മെഴുകുതിരി പിടിച്ചു കൊന്ത ചൊല്ലി സ്കൂളിലേക്ക് പ്രൊസഷനായി എല്ലാവരും എത്തി. സഭയെപ്പറ്റി റമ്പാച്ചൻ നന്നായി പ്രസംഗിച്ചു. 10-ന് തീർന്നു.

**25.** രാവിലെ 8-ന് നമസ്കാരവും തുടർന്ന് റമ്പാച്ചന്റെ കാർമ്മികത്വത്തിൽ ഞാനും സഖറിയാച്ചനും കൂടി കുർബാന ചൊല്ലി. റമ്പാച്ചൻ പ്രസംഗിച്ചു. 2 മണിക്ക് സണ്ടേസ്കൂൾ കുട്ടികൾക്ക് സമ്മാനദാനവും ലഘുഭക്ഷണവും നടത്തി. 5 മണിക്ക് റമ്പാച്ചനും മറ്റും മടങ്ങിപോയി.

**26.** പുനലൂർ വഴി കൊല്ലത്ത് 4 മണിക്കെത്തി. ഡെപ്യൂട്ടി ഡയറക്ടറിനെ കണ്ടു പഞ്ചായത്ത് വിവരങ്ങൾ അറിഞ്ഞു. അവിടെനിന്നും മുഖത്തലക്കുപോയി 6 മണിക്കെത്തി പള്ളിയിൽ താമസിച്ചു. അച്ചനുമായി വളരെ സമയം സംസാരിച്ചിരുന്നു. പിന്നെ ഉറങ്ങി.

**27.** സെന്റ് ജൂഡ് കുരിശടിയിൽ ചൊല്ലി. കാപ്പി കഴിഞ്ഞു തിരുവനന്തപുരത്തിന് പോയി. 11 മണിക്ക് അരമനയിൽ എത്തി. വൈകിട്ടു ഞാനും മലഞ്ചരുവിൽ മത്തായി അച്ചനും കൂടി കവടിയാറിൽ ജെയിംസിന്റെ വീട്ടിൽ പോയി വീടുകൂദാശ നടത്തി. 9-ന് തിരിച്ചെത്തി.

**28.** അരമനയിൽ ചൊല്ലി. ചില കാര്യങ്ങൾ നിർവഹിച്ചശേഷം 12 മണിക്ക് തിരിച്ചു കൊട്ടാരക്കര പുനലൂർ വഴി 6 മണിക്ക് വീട്ടിലെത്തി.

**29.** സെന്റ് പീറ്റർ & പോളിന്റെ പെരുനാളായിരുന്നു. കോന്നിയിൽ പോയി 265 രൂപ വിലക്ക് 50 തേക്കിൻകഴ വാങ്ങി ലോറിയിൽ കൊണ്ടുവന്നു.

**30.** രാവിലെ തേയില വറുഗീസിന്റെ വീട്ടുകാരെ സഭാംഗമാക്കി. ഇന്ന് ആശാരി തൂണുകൾ പണി തുടങ്ങി. ഉച്ചകഴിഞ്ഞു പത്തനംതിട്ട പോയി എ.ഇ.ഒ.-യുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി സ്കൂളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്ന കാര്യം ആലോചിച്ചു. മടങ്ങിപോന്നു.

**ജൂലൈ 2.** കുർബാന ചൊല്ലി. ഒരു മാമോദീസാ നടത്തി.

**4.** നല്ല മഴയായിരുന്നു. വലിയ വെള്ളപൊക്കമുണ്ടായി. സന്ധ്യക്ക് വയോവിദ്യാലയം (Adult Education Class) സന്ദർശിച്ചു. പഠിക്കാൻ 18 പേരുണ്ടായിരുന്നു. അദ്ധ്യാപകൻ അക്ഷരങ്ങൾ എഴുതി വാക്കു കൂട്ടിചേർത്ത് വായിപ്പിച്ചു പഠിപ്പിക്കുന്നു.

**6.** ഇന്ന് സ്കൂളിൽ കുട്ടികൾക്ക് ഉച്ചകഞ്ഞികൊടുത്തു തുടങ്ങി.

**7.** ഉച്ചകഞ്ഞി ഇന്ന് കുട്ടികൾക്ക് എന്റെ വകയായിട്ടാണ് കൊടുത്തത്. ആറര പക്ക അരിയും 2 പക്ക പയറും മറ്റുമായി 135 പേർക്ക് കൊടുത്തു.



www.malankaralibrary.com

**8.** സ്കൂൾ ഷെഡ് പണി നടത്തിച്ചു. ഉച്ചകഴിഞ്ഞ് ഗ്രാമസേവകനും മറ്റും കൂടി ചിൽഡ്രൻസ് പാർക്കിലേക്ക് കളിസാധനങ്ങൾ സംഘടിപ്പിച്ചു ഉറപ്പിച്ചു.

**14.** അരമനയിൽ ചൊല്ലി. കബറിടത്തിൽ പോയി പ്രാർത്ഥിച്ചു. കറസ്പോണ്ടന്റ് ഓഫീസിൽ വച്ചു ഫിക്സേഷൻ ശരിപ്പെടുത്തി. സന്ധ്യാപ്രാർത്ഥന പുതിയ കത്തീഡ്രലിൽ വച്ചു നടത്തി ധൂപം വച്ചു.

**15.** മാർ ഈവാനിയോസ് ദിനം. രാവിലെ ഞാൻ കബറിടത്തിൽ പുതുതായി സജ്ജീകരിച്ച ത്രോണോസിൽ കുർബാന ചൊല്ലി കുഴിയിലിറങ്ങി ധൂപം വച്ചു. 7.30-ന് തിരുമേനി ഉൾപ്പെടെ മൂന്നിന്മേൽ കുർബാന നടത്തി. ഉച്ച ഊണുകഴിഞ്ഞു മടങ്ങിപോന്നു.

**27.** അരമനയിൽ ചൊല്ലി. 10 മണിക്കു കൗൺസിൽ കൂടി. ഉച്ചയ്ക്ക് പ്രാർത്ഥനയും ഊണും കഴിഞ്ഞ് വീണ്ടും കൂടി 3 മണിക്ക് തീർന്നു. 4 മണിക്ക് ആശുപത്രിയിൽ പോയി എഴിയത്ത് അച്ചനെ കണ്ടു. നാലാഞ്ചിറ പോയി വടക്കുവശത്ത് കുറെ വസ്തു നോക്കി പ്ലാൻ തയ്യാറാക്കി. 35 ഏക്കർ വിൽക്കുന്നതിനെ സംബന്ധിച്ചു അന്വേഷിച്ചു.

**28.** അരമനയിൽ ചൊല്ലി. പല കാര്യങ്ങളും ആലോചിച്ചു. കഴക്കൂട്ടത്ത് പോയി ഡിസൂസയെ കണ്ടു. ആശുപത്രിയിൽ പോയി എഴിയത്തച്ചനെ കണ്ടു മടങ്ങിപോന്നു. സ്കൂൾ കാര്യങ്ങൾ ആലോചിച്ചു.

**29.** അരമനയിൽ ചൊല്ലി. പലകാര്യങ്ങളും ചെയ്തു. സ്കൂളിന് നമ്പ്യാതിരിയുടെ വസ്തു എഴുതിക്കുന്നത് സംബന്ധിച്ചു ആലോചിച്ചു.

**ആഗസ്റ്റ് 7.** മാവേലിക്കര പോയി കാവർകാടൻ വക്കീലിന്റെ ഓഫീസിലെത്തി. തോമസ് വന്നു. മത്തായി സാറും വക്കീലും വന്നില്ല. തോമ്മായും ഞാനും പന്തളത്ത് എത്തി ഊണുകഴിഞ്ഞു. മലഞ്ചരുവിൽ എത്തി മത്തായി സാറിനെ കണ്ടു. കേസുകാര്യം പറഞ്ഞശേഷം മടങ്ങിപോന്നു, 6 മണിക്കെത്തി.

**9.** തിരുവനന്തപുരത്ത് 9.45-ന് അരമനയിൽ എത്തി. ആശുപത്രിയിൽ പോയി ഓപ്പറേഷൻ കഴിഞ്ഞുകിടക്കുന്ന എഴിയത്ത് അച്ചനേയും ഞായല്ലൂരച്ചനേയും കണ്ടു മടങ്ങി.

**11.** 9 മണിയോടുകൂടി 100 രൂപ അലവൻസ് ആയും 40 രൂപ എറണാകുളം യാത്രക്കായും വാങ്ങി കൊല്ലത്തിന് തിരിച്ചു 11 മണിക്കെത്തി. ഡി.ഇ.ഒ., ഡെപ്യൂട്ടി ഡി.എൽ.ബി. മുതലായവരെ കണ്ടു സംസാരിച്ചു. പിന്നീടു അസിസ്റ്റന്റ് കളക്ടറെ കണ്ടു പൂങ്കാവു പള്ളി സ്ഥലത്തിന്റെ കാര്യം പറഞ്ഞു. മടങ്ങിപോന്നു വീട്ടിലെത്തി.

**15.** രാവിലെ കോട്ടയത്തിന് തിരിച്ചു അവിടെ നിന്നും എറണാകുളത്ത് 2 മണിക്കെത്തി. ആർച്ചുബിഷപ്പ്സ് ഹൗസിൽ പോയി താമസിച്ചു.



www.malankaralibrary.com

തിരുമേനിയുടെ പ്രത്യേക അറിയിപ്പനുസരിച്ചു അവിടെ ഒരു മുറി ഒതുക്കി തന്നതുകൊണ്ടു സുഖമായി താമസിച്ചു.

**16.** കൊച്ചു മത്തായിയെ കണ്ടു. പാലാ സെൻട്രൽ ബാങ്ക് Liquidator Office- ൽ പോയി ചില കാര്യങ്ങൾ അറിഞ്ഞു. ചെക്കു എഴുതിയ ആൾ തന്നെ അപേക്ഷിക്കണമെന്ന് പറഞ്ഞു. വീണ്ടും കൊച്ചു മത്തായിയെ കണ്ടിട്ടു അരമനയിൽ എത്തി പറഞ്ഞിട്ടു മടങ്ങിപോന്നു. 6 മണിക്ക് വീട്ടിലെത്തി.

**28.** പന്തോളിലച്ചന്റെ അമ്മ മരിച്ചതായി ടെലഗ്രാം വന്നു. ഉടനെ പള്ളിയിലെത്തി സഖറിയാസച്ചനോടുകൂടി അയിരൂർക്ക് പോയി. 1 മണിക്കെത്തി പ്രാർത്ഥന നടത്തി. 3 മണിക്ക് പള്ളിയിലേക്ക് അടക്കം കഴിഞ്ഞു മടങ്ങിപോന്നു.

**31.** തിരുവനന്തപുരത്ത് 4 മണിക്കെത്തി. ഉടനെ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തി എഴിയത്തച്ചനെ കണ്ടു. അച്ചന്റെ അസുഖം കുറവില്ല. അരമനയിൽ തിരിച്ചെത്തി.

**സെപ്റ്റംബർ 1.** അരമനയിൽ ചൊല്ലി. ശ്രീ. സി.എ. ഏബ്രഹാം അച്ചന്റെ വീട്ടിൽ ഞാനും മറ്റും പോയി കണ്ടു.

**2.** റമ്പാച്ചനോടുകൂടി കാറിൽ 5.30–ന് തിരിച്ചു. 8 മണിക്ക് മൈലപ്രായിലെത്തി. റമ്പാച്ചൻ പുത്തൻപീടികക്ക് പോയി. ഞാൻ പള്ളിയിലെത്തി ചൊല്ലി. പത്തനംതിട്ട പോയിട്ടുവന്നു.

**13.** രാവിലെ ഇലന്തൂർ എത്തി തെക്കേടത്തച്ചനെ കണ്ടു. ഒരുമിച്ചു വകയാറ്റു എത്തി കുര്യച്ചനേയും കൂട്ടി പത്തനംതിട്ട വന്നു ഊണു കഴിച്ചു ചന്ദനപ്പള്ളിക്ക് തിരിച്ചു. 2.30–ന് പള്ളിയിലെത്തി. ആന്റണി അച്ചനെ കണ്ടു. മഠത്തിലും പെരുമല അച്ചന്റെ (ഫാ. തോമസ്) വീട്ടിലും പോയിട്ടുവന്നു.

**15.** നരിയാപുരത്തിന് പോയി ഗ്രാന്റ് എയ്ഡഡ് സ്കൂൾ കണ്ടു ചില വിവരങ്ങൾ അറിഞ്ഞു. പിന്നീടു നൈനാൻ സാറിന്റെ വീട്ടിലെത്തി വിശ്രമിച്ചു. 4 മണിക്ക് വന്ന് പത്തനംതിട്ട താലൂക്ക് ഓഫീസിൽ കയറി. മീറ്റിംഗിന് കോറം ഇല്ലാത്തതിനാൽ മാറ്റി അടുത്ത 26–ാം തീയതി നടത്താൻ തീരുമാനിച്ചു. 6 മണിക്ക് വീട്ടിലെത്തി.

**16.** കുർബാന കഴിഞ്ഞു കൊട്ടാരക്കരക്ക് പോയി. 10.30–ന് കിഴക്കേത്തെരുവ് പള്ളിയിലെത്തി. 11.30–ന് ഫാ. ഏബ്രഹാം, ഫാ. ആന്റണി, ഫാ. കുര്യൻ, ഫാ. അലക്സാണ്ടർ വലിയവീട്ടിൽ എന്നിവർ വന്നു. പ്രൊവിഡന്റ് ഫണ്ടിന്റെ കാര്യം ആലോചിച്ചു തീരുമാനിച്ചു. 2 മണിക്കു മടങ്ങിപോന്നു.





www.malankaralibrary.com

**19.** തിരുവനന്തപുരത്തിന് പോയി 9 മണിക്ക് അരമനയിലെത്തി. 2 മണിക്ക് ഞാനും കറസ്പോണ്ടന്റും കൂടി വളവംകോടു ഹൈസ്കൂൾ കാണാൻ പോയി. പല സ്ഥലങ്ങളിലും പോയിട്ടു സ്കൂളിൽ എത്തി. അവിടത്തെ ഹെഡ്മാസ്റ്ററായി ഇരണിക്കൽ അച്ചന്റെ മകൻ മാത്യുവിനെ നിയമിച്ചു. ഞങ്ങൾ മടങ്ങിപോന്നു. ഹോസ്പിറ്റലിൽ എത്തി എഴിയത്ത് അച്ചനെ കണ്ടു. അച്ചൻ സുഖം പ്രാപിച്ചു. അരമനയിൽ എത്തി തിരുമേനിയെ പ്രൊവിഡന്റ് ഫണ്ടിന്റെ കാര്യം ധരിപ്പിച്ചു. 50 ഏക്കർ സ്ഥലം തരാമെന്ന് കല്പിച്ചു. റബ്ബർ വക്കാൻ വേണ്ടതു ചെയ്തു.

**20.** അരമനയിൽ ചൊല്ലി. ശരവണയുടെ വകയായ സ്ഥലം ഇപ്പോൾ അരമനക്ക് കിട്ടിയത് കാണാൻ പോയി. 11 മണിക്ക് പുനരൈക്യ ദിനം കൊണ്ടാടി. അവിടെ വച്ചു അലക്സാണ്ടർ മുതലാളി, ശ്രീ. ജി. ജോസഫ്, കുരുവിള അച്ചൻ ഇവർക്കുള്ള പുതിയ സ്ഥാന ലബ്ധിയിൽ അവരെ അനുമോദിച്ചുള്ള മീറ്റിംഗ് നടന്നു. ഞാൻ കൃതജ്ഞത പറഞ്ഞു. മടങ്ങിപോന്നു.

**21.** കുമ്പഴ എത്തി മൂന്നിന്മേൽ കുർബാന ചൊല്ലി. തൊമ്മിസാറിന്റെ വീട്ടിൽ പോയി പ്രാർത്ഥനയും നടത്തി. അവരുടെ വസ്തുഭാഗം സംബന്ധിച്ചുള്ള തർക്കങ്ങൾ പറഞ്ഞുതീർത്ത് ഭാഗത്തിനു വേണ്ട വ്യവസ്ഥ ചെയ്തു. ജോർജുകുട്ടിക്കു പുരവയ്ക്കാൻ 50 സെന്റ് ഭൂമിയും 15,000 രൂപയും കൊടുക്കാൻ തീരുമാനിച്ചു. അതുകഴിഞ്ഞു തിരുവല്ലാ അരമനയിൽ എത്തി മീറ്റിംഗിൽ സംബന്ധിച്ചു. സ്ത്രീധന ബില്ലിനെ സംബന്ധിച്ചുള്ള കാര്യത്തെപ്പറ്റിയും പള്ളി വരുമാനങ്ങളെപ്പറ്റിയും ആലോചിച്ചു തീരുമാനിച്ചു. 8 മണിക്ക് വീട്ടിൽ എത്തി.

**22.** ഉച്ചകഴിഞ്ഞ് വയലത്തല പോയി ദാനിയേലച്ചനും പാപ്പച്ചനും കൂടി 4 മണിക്ക് കാപ്പികഴിഞ്ഞു ഉതിമൂട്ടിൽ പള്ളിക്ക് സ്ഥലംകാണാൻ പോയി. 3 സ്ഥലങ്ങൾ കണ്ടു. മൂന്നാമത്തെ കുന്ന് നല്ലതാണ് എന്നാൽ അത് സ്വീകാര്യമായ നിലയിൽ കിട്ടുന്ന കാര്യം അറിഞ്ഞിട്ടു മാത്രമേ നിശ്ചയിക്കാവൂ എന്നുപറഞ്ഞുപോന്നു.

**23.** രാവിലെ അടൂരിൽ എത്തി കീവർച്ചനെ കണ്ടു. 11 മണിയോടു നെല്ലിമൂട്ടിലെത്തി അലക്സാണ്ടർ മുതലാളിയെ കണ്ടു പലകാര്യങ്ങളും പറഞ്ഞു. 1 മണിക്കുശേഷം അവിടെനിന്നും ഞങ്ങൾ ഇറങ്ങി കീവർച്ചന്റെ വീട്ടിൽ വന്നു. വല്ലതെറ്റും വന്നെങ്കിൽ ക്ഷമിക്കാൻ മുതലാളി കീവർച്ചനോടു പറഞ്ഞു. അങ്ങനെ കീവർച്ചൻ അരമനയിൽ 3-ാം തീയതി എത്തിചേരാമെന്ന് പറഞ്ഞു. അല്ലെങ്കിൽ കൂടുതൽ ആളുകളുണ്ടെങ്കിൽ അടൂരിൽ തിരുമേനിയെ വരുത്തി ചേർക്കാം



www.malankaralibrary.com

എന്ന് ഞാൻ പറഞ്ഞു. വിവരം വികാരി അച്ചനെ അറിയിച്ചാൽ അദ്ദേഹം അതുപോലെ ചെയ്യുമെന്നും അറിയിച്ചു. പള്ളി ബംഗ്ലാവിൽ എത്തി അച്ചനെ കണ്ടു വിവരം ധരിപ്പിച്ചിട്ടു മടങ്ങിപോന്നു.

**26.** 3 മണിക്ക് പള്ളിയിൽ തിരുമേനിയും അച്ചന്മാരും വന്നു. മീറ്റിംഗ് നടന്നു. 5 മണിയോടുകൂടി തിരുമേനിയും ഞാനും കൂടി ഉതിമൂട്ടിൽ എത്തി സ്ഥലം കണ്ടു. മണ്ണാരകുളഞ്ഞി പള്ളിയിലും ചിറ്റക്കാട്ടും കയറിയിട്ടു ഞങ്ങൾ മൈലപ്രാ പള്ളിയിലെത്തി.

**27.** ഞാൻ രാവിലെ ചൊല്ലി. തിരുമേനി പരസ്യ കുർബാന ചൊല്ലി. പള്ളിഭരണ യോഗത്തിന്റെ പ്രതിജ്ഞ നടന്നു. അതു സംബന്ധിച്ചു റിപ്പോർട്ടു കിട്ടാതെ നടത്തുന്നതിൽ ഞാൻ തിരുമേനിയുമായി എതിർത്തു സംസാരിച്ചു. റിപ്പോർട്ടു കൊച്ചച്ചൻ തന്നതിനുശേഷം ഞാൻ വഴിപ്പെട്ടു നടത്തി. 9 മണിക്ക് തിരുമേനി നന്നുക്കാടിന് പോയി. 11 മണിക്ക് ഞാനും അവിടെ എത്തി. അവിടെനിന്നും തിരുമേനിയോടുകൂടി നരിയാപുരം സ്കൂൾ കാണുന്നതിന് പോയി. ഞാൻ പത്തനംതിട്ട തിരിച്ചെത്തി കോളനി കമ്മറ്റി കൂടി, കോറമില്ലായിരുന്നു.

**ഒക്ടോബർ 1.** കുർബാന കഴിഞ്ഞു ട്രസ്റ്റികൾക്ക് അലമാരിയുടെ താക്കോലും റിക്കാർഡുകളും ഏല്പിച്ചുകൊടുത്തു.

**3.** അടൂരിലെത്തി 11 മണിക്ക് മത്തായി മുതലാളിയും കീവർച്ചനും ഒന്നിച്ചു തിരുവനന്തപുരത്തിന് പോയി 2 മണിക്ക് അരമനയിൽ എത്തി. 3 മണിക്ക് തിരുമേനിയെ കണ്ടു വിവരങ്ങൾ പറഞ്ഞു. 4.30-ന് കീവർച്ചനെ സഭാംഗമാക്കി. മുതലാളിയും ഞാനും കൂടി ഉണ്ണൂണ്ണിയെ കാണാൻ പോയി. മടങ്ങി അരമനയിലെത്തി.

**4.** അരമനയിൽ ചൊല്ലി. കീവർച്ചൻ 10 മണിക്ക് അടൂർക്ക് തിരിച്ചു പോയി. ഞാൻ ബസ്കൂലിക്ക് 5 രൂപ കൊടുത്തു. 2 മണിവരെ തിരുമേനിയുമായി പല കാര്യങ്ങളും പറഞ്ഞു കഴിഞ്ഞു അനുവാദം വാങ്ങി മടങ്ങി. ഡി.പി.ഐ. ഓഫീസിലെത്തി റ്റി.എ. സംബന്ധിച്ച ഓർഡർ വാങ്ങിച്ചു. 4.30-ന് മടങ്ങിപോന്നു, 8.30-ന് വീട്ടിലെത്തി.

**5.** മാക്കാംകുന്നേൽ റ്റി.എസ്. ഗീവർഗീസ് (H/o Cousin Sister) മരിച്ചതായി അറിഞ്ഞ് അവിടെ പോയി. കുറെ കഴിഞ്ഞ് ചാലിൽ വീട്ടിൽ പോയി വിശ്രമിച്ചു. 2 മണികഴിഞ്ഞു മടങ്ങി സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. 2 മെത്രാന്മാർ, മുപ്പതിൽപരം അച്ചന്മാർ, ധാരാളം ആളുകളും സ്കൂൾ കുട്ടികളും 5 മണിയോട് മാക്കാംകുന്ന് പള്ളിയിൽ അടക്കി. ഞാൻ മടങ്ങി വീട്ടിലെത്തിയ ഉടനെ കൊച്ചുവിളയിൽ പോയി വല്ല്യമ്മയ്ക്ക് തൈലാഭിഷേകം നടത്തി പ്രാർത്ഥിച്ചു.



www.malankaralibrary.com

**6.** കൊല്ലത്തുപോയി എക്സിക്യൂട്ടീവ് എൻജിനീയറെ കണ്ടു തോട്ടാലിൽപ്പടിപാലം സംബന്ധിച്ചു വേണ്ടത് പറഞ്ഞു. അവിടെ നിന്നും കളക്ടറേറ്റിൽ എത്തി ഡെപ്യൂട്ടി ഡി.എൽ.ബി. യെ കണ്ടു പഞ്ചായത്തു സംബന്ധിച്ചു സംസാരിച്ചു. പിന്നെ ഡി.ഇ.ഒ.യെ കണ്ടു റ്റി.എ. സംബന്ധിച്ചു വേണ്ടതു ചെയ്തു. 11 മണികഴിഞ്ഞ് മടങ്ങി, കൊട്ടാരക്കര ഊണു കഴിച്ചിട്ടു മടങ്ങി വീട്ടിലെത്തി.

**10.** തിരുവനന്തപുരത്ത് 10 മണിക്കെത്തി കറസ്പോണ്ടന്റ് ഓഫീസിൽ പോയി ഫിക്സേഷൻ സംബന്ധിച്ചു ചില ഇടപാടുകൾ നടത്തിയ ശേഷം 4.30–ന് മടങ്ങിപോന്നു.

**13.** തിരുവല്ലായിൽ പോയി വടശ്ശേരി അച്ചനെ കണ്ടു പ്രസംഗത്തിന് വരാൻ സാധിക്കുമോ എന്ന് അന്വേഷിച്ചു. അദ്ദേഹത്തിന് സൗകര്യ മില്ലെന്നറിഞ്ഞ് 12.30–ന് തിരിച്ചുപോന്നു. 3 മണിക്ക് നന്നുക്കാട്ടു പള്ളിയിലെത്തി വിശ്രമിച്ചു. 4 മണിക്ക് കുമ്പഴ പള്ളിയിലെത്തി. 4.30–ന് കുമ്പഴ അച്ചനും വന്നു. തൊമ്മിസാറും എത്തി. 6 മണിവരെ പറഞ്ഞിട്ടും മാറ്റം കണ്ടില്ല. ഇന്നലെ ഭാഗപത്രം രജിസ്ട്രരാക്കി എന്നുപറഞ്ഞു പിരിഞ്ഞുപോയി. ഞാനും അച്ചനും ജോർജ്ജു കുട്ടിയും കൂടി അച്ചന്റെ വീട്ടിലെത്തി നാനാവശവും ആലോചിച്ചു. അവിടെ ഞാൻ കിടന്നു.

**16.** കുമ്പഴ അച്ചന് ചില കാര്യങ്ങൾ ചെയ്തു കൊടുത്തു. ഇന്ന് ഒറ്റ തൈയ്ക്കൽ കുട്ടപ്പനെ വിളിക്കാൻ ഞാൻ ആളെ അയച്ചു. ജോർജു കുട്ടി വന്ന് അപേക്ഷിച്ചതനുസരിച്ചു തൊമ്മിസാറിന്റെ വീട്ടിൽ പോയി ജോർജ്ജുകുട്ടിയുടെ സാധനങ്ങൾ അവിടെ ഉണ്ടായിരുന്നത് കൊടുപ്പിച്ചു. 6 മണിക്ക് മടങ്ങിപോന്നു. എടമണ്ണിൽനിന്ന് ഏബ്രഹാം, കൊച്ചു എന്നിവർ വന്ന് അവിടത്തെ വസ്തുവിന്റെ കാര്യം പറഞ്ഞു.

**17.** മൈലപ്രാ കോൺഫറൻസ് സംബന്ധിച്ചു ചിലരുമായി സംസാരി ച്ചിരുന്നു. പ്രസംഗങ്ങൾ നന്നായി നടക്കുന്നു. റമ്പാച്ചനും കുട്ടപ്പനും നന്നായി പ്രസംഗിച്ചു.

**19.** ഇന്നലെയും ഇന്നും പ്രസംഗങ്ങൾ നടന്നു. പ്രസംഗത്തിനുശേഷം കുട്ടപ്പൻ ചോദ്യോത്തരപരിപാടിയും നടത്തി. ഉച്ചയോടു കൂടി റമ്പാച്ചനും മറ്റു പ്രാസംഗികർക്കും വീട്ടിൽ വച്ചു ഊണു കൊടുത്തു. കുട്ടപ്പൻ തിരിച്ചുപോയി. മറ്റുള്ളവർ പള്ളിയിലേക്ക് പോയി. വൈകിട്ടു റമ്പാച്ചനും ശാസ്ത്രിയും പ്രസംഗിച്ചു.

**22.** കുർബാന കഴിഞ്ഞു ഒരു മാമോദീസാ നടത്തി. അനന്തരം ഇടവക പൊതുയോഗം നടത്തി. കുരിശ്ശടി പുതുക്കി പണിയുന്നതിന്



www.malankaralibrary.com

നിശ്ചയിച്ചു ഓരോ കുടുംബവും കൊടുക്കേണ്ട തുക നിശ്ചയിച്ചു. ബാക്കിയുള്ളവർക്കും പിന്നീടു കണ്ടു നിശ്ചയിക്കാൻ തീരുമാനിച്ചു.

**24.** അരമനയിൽ ചൊല്ലി. ചീഫ് എൻജിനീയർ ശ്രീ. സുബ്രഹ്മണ്യത്തിനെ ഓഫീസിൽ പോയി കണ്ടു. ഒന്നിച്ചു അദ്ദേഹത്തിന്റെ വീട്ടിൽ പോയി ജോയി കൊടുത്തയച്ച റിസ്റ്റ് വാച്ച് വാങ്ങി. ഡ്യൂട്ടി ആയികൊടുത്ത 100 രൂപ സ്വാമിയെ ഏല്പിച്ചു. ഒമേഗോ ഗോൾഡ് ചെയിൻ വാച്ച് ആയിരുന്നു. (ജോയി അമേരിക്കയിൽ വച്ച് പരിചയപ്പെട്ട് കൊടുത്തയച്ചതാണ്). 4.30–ന് മടങ്ങിപോന്നു.

**29.** പരസ്യ കുർബാന ചൊല്ലി. കോടിയാട്ടു ജോർജ്ജും അവന്റെ ആദ്യ ഭാര്യയുടെ അപ്പനും ഒരു കൂട്ടുകാരനുമായി വന്നു. ജോർജ് വാങ്ങിയ സ്ത്രീധനം ഭാര്യ മരിച്ചുപോകയാൽ തിരിച്ചു വാങ്ങാനാണ് അവർ വന്നത്. സ്ത്രീധനമായി 550 രൂപയാണ് ജോർജ് വാങ്ങിയത്. അതിന്റെ പകുതിയെങ്കിലും കിട്ടണമെന്ന് ആവശ്യപ്പെട്ടു. എങ്കിലും ഒടുവിൽ 225 രൂപാ മതി എന്ന് ഞാൻ പറഞ്ഞതനുസരിച്ചു അവർ സമ്മതിച്ചു. ഉടനെ 200 രൂപാ കൊടുത്തു. ഒരു മാസത്തിനകം 25 രൂപ കൊടുക്കാമെന്ന് ജോർജ് പറഞ്ഞതനുസരിച്ചു അവർ സമ്മതിച്ചു പോയി.

**നവംബർ 1.** അരമനയിൽ ചൊല്ലി. പാറേൽ ജോർജ് താമസിക്കുന്ന വീടു പോയി കണ്ടു. സിറ്റിയിൽ പോയി ഡി.എൽ.ബി. ഓഫീസിൽ പോയി. ഡയറക്ടർ ഇല്ലായിരുന്നു. കുറെ കൂടെ താമസമുണ്ടു ഓർഡർ ആകാനെന്ന് പി.എ. പറഞ്ഞു.

**4.** മുഖത്തല പള്ളിയിൽ 7 മണിക്ക് പരസ്യ കുർബാന ചൊല്ലി.

**7.** പരമു കുറുപ്പിന്റെ ശ്രാദ്ധം സംബന്ധിച്ചു കാട്ടുകല്ലിൽ പോയിട്ടുവന്നു.

**17.** മൂന്നിന്മേൽ കുർബാന ചൊല്ലി. മുരുപ്പേൽ പീടികയിൽ പോയി ധൂപപ്രാർത്ഥനയും നടത്തി. സ്കൂളിലെത്തി Orientation Camp കാരെ കണ്ടു. 3 മണിക്ക് പഞ്ചായത്ത് മീറ്റിംഗ് നടന്നു. അതു കഴിഞ്ഞു യങ്ങ്സ്റ്റേഴ്സ് ക്ലബ്ബിന്റെ വാർഷികത്തിൽ അദ്ധ്യക്ഷം വഹിച്ചു പ്രസംഗിച്ചു. രാത്രി നടന്ന അവരുടെ നാടകം കണ്ടു.

**23.** വൈകിട്ടു പള്ളിയിൽ പോയി. കുട്ടപ്പൻ വന്നിരുന്നു. അടുത്ത ഓർത്തഡോക്സ് പള്ളിയിൽ നടക്കുന്ന കൺവെൻഷനിൽ അലക്ഷ്യമായി സഖറിയാസച്ചൻ പ്രസംഗിക്കുന്നത് കേട്ടു.

**24.** രാവിലെ ചൊല്ലി. 7.30–ന് കുട്ടപ്പൻ സഖറിയാസച്ചന്റെ അബദ്ധോപദേശത്തെപ്പറ്റി പ്രസംഗിച്ചു. വൈകിട്ടും കുട്ടപ്പൻ പ്രസംഗിച്ചു. ഞാൻ 9 മണിക്ക് മടങ്ങിപോന്നു.

**25.** 8 മണിക്ക് കുട്ടപ്പൻ ഇന്നലെ രാത്രി സഖറിയാസച്ചൻ പറഞ്ഞതിന്





www.malankaralibrary.com

മറുപടി പറഞ്ഞു. കുട്ടപ്പൻ 10 മണിക്ക് പോയി. ഞാൻ Orientation Camp-ന്റെ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു.

**26.** രാവിലെ ചൊല്ലി പ്രസംഗിച്ചു. ഇന്ന് വൈകിട്ടു ഓർത്തഡോക്സ് പള്ളിയിൽ തോബിയാസ് എന്ന ഒരു അച്ചൻ വളരെ സംസ്കാരമില്ലാതെ കള്ളങ്ങളും മറ്റും പ്രസംഗിച്ചു. ഞങ്ങൾ മറുപടി പറയാൻ മൈക്കുമായിട്ടിരുന്നു. എന്നാൽ കറന്റ് നില്ക്കുകയാൽ മറുപടി പറയാൻ സാധിച്ചില്ല.

**29.** അടൂരിൽ കീവർച്ചനെ കാണാൻ പോയി. അവിടെ ഇല്ലാതിരുന്നതു കൊണ്ടു ഉടനെ പോന്നു. 2 മണിക്ക് പുഷ്പഗിരി ആശുപത്രിയിൽ പോയി അസുഖമായി കിടക്കുന്ന വയലത്തല ഏലിയാമ്മയെ (w/o Fr. Kuzhiammannil) കണ്ടു. അരമനയിൽ പോയി തോബിയാസ് അച്ചനെപറ്റി തിരുമേനിയോടു പറഞ്ഞു. അച്ചനെപ്പറ്റി 3 കത്തുകൾ തിരുമേനിയിൽ നിന്നും ലഭിച്ചു. അതിലൊന്ന് അമേരിക്കയിൽ നിന്ന് ഒരു മദാമ്മ അത്തനാസിയോസ് തിരുമേനിക്ക് അയച്ചതായിരുന്നു. 6 മണിക്കുശേഷം മടങ്ങിപോന്നു.

**ഡിസംബർ 8.** 3 മണിക്ക് പള്ളിയിൽ പോയി. അമലോത്ഭവതിരുനാളിനെ പറ്റി പ്രസംഗിച്ചു. അനന്തരം മെഴുകുതിരി ഘോഷയാത്ര കുമ്പഴ വടക്കുവരെ നടത്തി.

**14.** വെളുപ്പിന് 4 മണിക്ക് പള്ളിയിൽ പോയി ചൊല്ലി. തിരിച്ചു വന്ന് 5.30-ന് ട്രെയിനിംഗ് സ്കൂൾ ടൂർ പാർട്ടിയോടുകൂടി സ്പെഷൽ ബസിൽ മലമ്പുഴയ്ക്ക് പോയി. നങ്ങിയാർകുളത്ത് 8 മണിക്കെത്തി കാപ്പി കുടിച്ചു. അവിടെനിന്നും ആലപ്പുഴ എത്തി തുറമുഖം കണ്ടു. കൊച്ചിയിൽ പോയി എയറോഡ്രോം കപ്പൽ കേന്ദ്രം എന്നിവ കണ്ടു. എറണാകുളത്തും പിന്നെ ആലുവായിൽ ചാക്കോള മൽമൽ നെയ്ത്തും മറ്റും കണ്ടു. തൃശൂരിൽ രാത്രി 8 മണിക്കുശേഷം എത്തി ചെറിയപള്ളിയിൽ ഞാൻ കിടന്നു. ട്രെയിനിംഗ് കുട്ടികൾ ബേസിക് ട്രെയിനിംഗ് സ്കൂളിലും girls womens hostel -ലും ഉറങ്ങി.

**15.** രാവിലെ പള്ളിയിൽ ചൊല്ലി. പിന്നീടു മഠത്തിൽ എത്തി കാപ്പി കുടിച്ചു. തൃശൂർ പള്ളിപോയി കണ്ടു. അവിടെനിന്നും പീച്ചിക്ക് പോയി 2 മണിക്ക് ഊണുകഴിച്ചു. ഡാം കണ്ടു. 3 മണിക്ക് മലമ്പുഴക്ക് പോയി 5 മണിക്ക് അവിടെ എത്തി. ഡാം കയറി കണ്ടു. ഇല്യൂമിനേഷൻ ഉണ്ടായിരുന്നു. അതുകഴിഞ്ഞു 8 മണിക്ക് മടങ്ങി തൃശൂരിൽ എത്തി ഊണുകഴിഞ്ഞു 10 മണിയോടുകൂടി ഷൊർണ്ണൂർ വഴി തിരിച്ചു വടക്കാംചേരി, എറണാകുളം, മൂവാറ്റുപുഴ വഴി 16-ാം തീയതി രാവിലെ 7 മണിക്ക് കോട്ടയത്ത് എത്തി. അവിടെനിന്നും തിരിച്ചു 9 മണിക്ക് മൈലപ്രായിലെത്തി.



www.malankaralibrary.com

**21.** രാവിലെ കൊല്ലത്തുപോയി ഡെപ്യൂട്ടി ഡി.എൽ.ബി.യെ കണ്ടു. അനന്തരം എക്സിക്യൂട്ടീവ് എൻജിനീയറെ കണ്ടു കലുങ്കുകാര്യം പറഞ്ഞു. ഒരാഴ്ചക്കകം അയക്കാം എന്നുപറഞ്ഞു. അനന്തരം ഇലക്ട്രിസിറ്റി എൻജിനീയറിനെ കണ്ടു മേക്കൊഴൂർ എക്സ്റ്റൻഷൻ കാര്യം പറഞ്ഞു. 12 മണിക്ക് തിരുവനന്തപുരത്തിന് പോയി. സിറ്റിയിൽ ചിലരെ കണ്ടശേഷം അരമനയിലെത്തി ജോൺ മാത്യു അച്ചനുമായി സംസാരിച്ചു, അവിടെ ഉറങ്ങി.

**22.** അരമനയിൽ ചൊല്ലി. 9 മണിക്ക് ജോൺ മാത്യു അച്ചനും ഞാനും കൂടി കാറിൽ സിറിയക്കിനെ കാണാൻ പോയി. അതുകഴിഞ്ഞ് ഞാൻ ഡയറക്ടർ ഓഫ് ലോക്കൽ ബോഡീസിന്റെ വീട്ടിൽ പോയി കണ്ടു സംസാരിച്ചു. 11 മണികഴിഞ്ഞു ബസിൽ മടങ്ങിപോന്നു.

**25.** രാത്രി 2 മണി കഴിഞ്ഞു യൽദാ ശുശ്രൂഷയും കുർബാനയും നടത്തി. 5.45-ന് തീർന്നു. വീട്ടിലെത്തി വിശ്രമിച്ചു.

**27.** വീട്ടിൽ തന്നെയായിരുന്നു. രാത്രി 11 മണിക്ക് രാഘവൻ വന്ന്, കുമ്പഴ കുഞ്ഞപ്പിയും മറ്റും ഇൻസ്പെക്ടർ സഹിതം പഞ്ചായത്തിന്റെ അതിർത്തി നിർണയത്തിന് സ്ഥലം നോക്കി പോയെന്ന് പറഞ്ഞു. അതുകൊണ്ടു കൊല്ലത്ത് പോകണമെന്ന്.

**28.** രാവിലെ കൊല്ലത്തിന് തിരിച്ചു. 9 മണിക്ക് ഡെപ്യൂട്ടി ഡയറക്ടറെ വീട്ടിൽ പോയി കണ്ടു വിവരം പറഞ്ഞു. അതിർത്തിക്ക് മാറ്റം വരുകയില്ലെന്ന് പറഞ്ഞു. അനന്തരം ഓഫീസിൽ വച്ചു 11 മണിക്ക് വീണ്ടും ഇലന്തൂർ ഇൻസ്പെക്ടറും ഉണ്ടായിരുന്നു. വിശദമായി കാര്യം പറഞ്ഞു. പള്ളികുഴിയും മുക്കുട്ടങ്കലും മലയാലപ്പുഴക്ക് വിടുന്നതിന് റിപ്പോർട്ടു ചെയ്യുന്നതാണെന്ന് പറഞ്ഞു. അതുകഴിഞ്ഞ് മടങ്ങിപോന്നു. 5 മണിക്കെത്തി.

**29.** രാത്രി 10 മണിക്ക് രാഘവൻ വന്ന് കുമ്പഴക്കാർ മിനിസ്റ്ററെ കണ്ടു ചിലതെല്ലാം മാറ്റം വരുത്തുന്നതിന് ശ്രമിക്കുന്നതായും നാളെ തന്നെ തിരുവനന്തപുരത്തിന് പോയി വേണ്ടത് ചെയ്യണമെന്നും പറഞ്ഞു.

**30.** വെളുപ്പിന് 3 മണിക്ക് ഉണർന്നു. പിന്നെ ഉറക്കം വന്നില്ല. 5 മണിക്ക് പത്തനംതിട്ട പോയി 6.30-ന്റെ ബസിൽ തിരുവനന്തപുരത്തിന് തിരിച്ചു. രാഘവനും ഉണ്ടായിരുന്നു. 10 മണിക്ക് സെക്രട്ടറിയേറ്റിൽ എത്തി ശ്രീ. വി.ജി. സിറിയക്കിനെ കണ്ടു. അദ്ദേഹം മൂലം ചാക്യാരെ കണ്ടു വിവരം അറിഞ്ഞു. പഞ്ചായത്തു നിശ്ചയം പോലെതന്നെ തീരുമാനിച്ചതായും ഒരു ആശങ്കയും ആവശ്യമില്ലെന്നും അദ്ദേഹം പറഞ്ഞു. 1 മണിക്ക് ഞങ്ങൾ പോന്നു.

(1962 Diary is Missing)



www.malankaralibrary.com

# 1963

**ജനുവരി 1.** ഇന്ന് 3.30-ന് അലക്സാണ്ടർ പറമ്പിത്തറയുടെ ബഹുമാനാർത്ഥം ടീപാർട്ടി നടത്തുന്നതിനുള്ള ശ്രമം ചെയ്തുകൊണ്ടിരുന്നു. 12 മണിക്ക് ഉലഹന്നാൻ മാപ്പിളസാറ് വന്നു. 2 മണി മുതൽ ആളുകൾ സ്കൂളിൽ വന്നുകൊണ്ടിരുന്നു. 3.45-ന് പറമ്പിത്തറ വന്നു. തഹസീൽദാർ, ഡി.ഇ.ഒ., കൊല്ലം കളക്ടർ ശ്രീ. കൊച്ചുകോശി, വയലാ ഇടിക്കുള, ഫിലിപ്പ് വക്കീൽ, ശ്രീ. എൻ.ജി. ചാക്കോ, ഡെപ്യൂട്ടി കളക്ടേഴ്സ് മുതലായവരും വന്നു. ബി.ഡി.ഒ., മീനാക്ഷി അമ്മ, ഒടുവിൽ പി.വി. പൗലോസ് മന്ത്രിയും പാർട്ടിയും വന്നു. എല്ലാവരും കൂടി 50-ൽ പരം ആളുകൾക്ക് ടീപാർട്ടി നടത്തി. ക്യാമ്പിന്റെ സമാപനസമ്മേളനം സ്കൂളിൽ വച്ചുനടന്നു. കളക്ടർ അദ്ധ്യക്ഷൻ, പറമ്പിത്തറ ഉദ്ഘാടകൻ, മന്ത്രി പ്രാസംഗികൻ. Defense Fund പിരിവു 1181 രൂപയും 6 കി.ഗ്രാം 200 ഗ്രാം സ്വർണ്ണവും കൊടുത്തു. 311 വീടുകളിൽ നിന്നാണ് 1181 രൂപയും മറ്റും കിട്ടിയത്. പല സംഘടനകളുടെ വകയായി 2000 രൂപ കളക്ടറെ ഏല്പിച്ചു. 8.30-ന് സമ്മേളനം സമാപിച്ചു. മീറ്റിംഗ് മംഗളമായി കഴിഞ്ഞു. 8 മണിയോടുകൂടി ജോയികുട്ടിയും ആനന്ദവല്ലിയും മാപ്പിളസാറും ചങ്ങനാശ്ശേരിക്കുപോയി. (ജോയി അമേരിക്കയിൽ നിന്നും ഡോക്ടറേറ്റ് ഡിഗ്രി എടുത്ത് 1962 ജൂലായിൽ മടങ്ങി വന്നതിനുശേഷം ചങ്ങനാശ്ശേരിയിലെ ഉലഹന്നാൻ മാപ്പിള സാറിന്റെ മകൾ ആനിയമ്മയെ (ആനന്ദവല്ലി) വിവാഹം ചെയ്തിരുന്നു).

**4.** 4 മണിക്ക് വേലശ്ശേരിൽ റമ്പാച്ചനെ (ഓർത്തഡോക്സ് കുംബബന്ധു) കാണാൻ പോയി കുറെനേരം സംസാരിച്ചിരുന്നു. കിഴക്കുപുറത്തും മറ്റു ഭാഗങ്ങളിലും വളരെ ആളുകൾ കത്തോലിക്കാ സഭയിൽ ചേരുന്നു എന്ന് അദ്ദേഹം പറഞ്ഞു. റമ്പാച്ചനെ അവർ വന്നു കണ്ടോ, അനുവാദം ചോദിച്ചോ, അധികാരികൾ റമ്പാച്ചനോടു പിണങ്ങുകയില്ലേ എന്ന് ഞാൻ ചോദിച്ചു. "എന്നോടു എന്തിന് പിണങ്ങണം, ആരു വക വയ്ക്കുന്നു, അവർ പോകട്ടെ, ഞാനും ആലോചിച്ചും ചിന്തിച്ചും കഴിഞ്ഞുകൂടുകയാണ് എന്ന്" അദ്ദേഹം പറഞ്ഞു. കുറെ നേരം കൂടി സംസാരിച്ചശേഷം 7.30-ന് ഞാൻ മടങ്ങിപോന്നു. ഇന്ന് 3 മണി യോടുകൂടി ഹരിപ്പാട്ടുകാരൻ ഒരു സി.ഐ.ഡി. വന്ന് ജോയിക്കുട്ടിയെ സംബന്ധിച്ചു ഡൽഹിയിൽ നിന്നും റിപ്പോർട്ടു ആവശ്യപ്പെട്ട തനുസരിച്ചു ചിലതെല്ലാം ചോദിച്ചു എഴുതി കൊണ്ടുപോയി (ജോയി യു.എസ്.എ. യിൽ നിന്നും മടങ്ങിവന്ന് C.S.I.R.-ൽ ജോലിക്ക് അപേക്ഷിച്ചിരുന്നു).



www.malankaralibrary.com

**5.** ഉച്ചകഴിഞ്ഞു നന്നുക്കാട്ടു പള്ളിയിലെത്തി. അവിടെനിന്നും തിരുമേനിയോടുകൂടി കടമ്മനിട്ടയ്ക്ക് പോയി. തിരുമേനിയെ എതിരേറ്റു പള്ളിയിൽ കൊണ്ടുപോയി. സന്ധ്യക്ക് നമസ്കാരവും പ്രസംഗവും തുടങ്ങി. 7 മണിക്ക് ഞാൻ മടങ്ങിപോന്നു.

**6.** പരസ്യകുർബാന ചൊല്ലിയിട്ടു കടമ്മനിട്ടയ്ക്ക് പോയി. 10 മണിക്കെത്തി, തിരുമേനിയുടെ കുർബാന നടന്നുകൊണ്ടിരുന്നു. അവിടെ ഊണും വിശ്രമവും കഴിഞ്ഞ് 3 മണിക്ക് മാർത്തോമ്മാ സഭയിലെ ക്രിസോസ്റ്റോം മെത്രാച്ചൻ വന്നു. മറ്റു പല പ്രാസംഗികരും വന്നു. മീറ്റിംഗ് തുടങ്ങി. മാർതോമ്മാ മെത്രാച്ചൻ അദ്ധ്യക്ഷൻ, മാർ ഗ്രീഗോറിയോസ് തിരുമേനി, മാത്തൻ തരകൻ, ശ്രീ. എൻ.ജി. ചാക്കോ വയലാ എന്നിവർ പ്രസംഗിച്ചു. സഭാ ഐക്യം നിലനിറുത്താനും യോജിക്കാനും മറ്റുമായിരുന്നു യോഗം. വളരെ അധികം ആളുകളുണ്ടായിരുന്നു. ടീപാർട്ടി കഴിഞ്ഞു പിരിഞ്ഞു. തെക്കേടത്ത് ഏബ്രഹാം അച്ചനും എന്റെ കൂടെ വന്നുവീട്ടിൽ കിടന്നു.

**10.** രാവിലെ ഒരു കാറിൽ ഞാനും ഫാ. ഉമ്മൻ അയ്യനേത്ത്, ഫാ. തോമസ് പണിക്കർ, ഫാ. ഏബ്രഹാം, കൊച്ചുകുട്ടി എന്നിവർ തിരുവനന്തപുരത്തിന് പോയി തിരുമേനിയുടെ ഫീസ്റ്റിൽ സംബന്ധിച്ചു. 4 മണിക്ക് മീറ്റിംഗിൽ സംബന്ധിച്ചു സമുദായം വക 'ജ്ഞാനപൂക്കൾ' ഞാൻ വായിച്ചു സമർപ്പിച്ചു.

**11.** തിരുമേനിയുമായി സ്കൂൾ കാര്യങ്ങൾ കുറെനേരം സംസാരിച്ചു. ഇ.എസ്. ജോൺ അച്ചനും ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് ഞങ്ങൾ ആർ.ഡി.ഡി.യെ പോയി കണ്ടു സ്കൂൾ കാര്യവും ഹെഡ്മാസ്റ്ററിന്റെ കാര്യവും പറഞ്ഞു. 4 മണിക്ക് മടങ്ങിപോന്നു. വന്നവഴി ഞാനും പണിക്കരച്ചനും പത്തനംതിട്ട ഇറങ്ങി ഡി.ഇ.ഒ.യെ കണ്ടു വിവരം പറഞ്ഞു. 8 മണിക്ക് വീട്ടിലെത്തി.

**14.** ഡി.ഇ.ഒ. സ്കൂളിൽ കൊച്ചുകുട്ടിയുടെ Suspension Enquiry -ക്ക് വന്നു. ടീച്ചേഴ്സിന്റേയും ഓഫീസിൽ ജോലി ചെയ്യുന്നവരുടേയും മറ്റും മൊഴി വാങ്ങി. 11 മണികഴിഞ്ഞ് തുടങ്ങിയ enquiry 6 മണി വരെ തുടർന്നു. ഇനിയും വ്യാഴാഴ്ച നടത്തുന്നതാണെന്ന് പറഞ്ഞ്പോയി. ക്ലർക്ക് കള്ളം പറഞ്ഞതായിട്ടാണറിഞ്ഞത്.

**16.** അരമനയിൽ ചൊല്ലി. തിരുമേനിയുമായും ജോണച്ചനുമായും സ്കൂൾ കാര്യം സംസാരിച്ചു. മടങ്ങിപോന്നു. 3 മണിക്കുശേഷം ഡി.ഇ.ഒ.യെ പോയികണ്ടു വിവരം അന്വേഷിച്ചു.

**17.** ഡി.ഇ.ഒ. വന്ന് 10.30-ന് വിസ്താരം തുടങ്ങി. കൊച്ചുകുട്ടിയെ 1 മണിവരെ വിസ്തരിച്ചു. ഊണുകഴിഞ്ഞും നടന്നു. ഫാ. സി. മാത്യു,



www.malankaralibrary.com

ഹെഡ്മാസ്റ്റർ ഫാ. സഖറിയാസ് എന്നിവരുമായി കുറെസമയം സംസാരിച്ചിട്ടു 5 മണിക്ക് ഏവരും പിരിഞ്ഞുപോയി.

**19.** ഇന്ന് പഞ്ചായത്ത് വില്ലേജ് ഫോഴ്സിലേക്കുള്ള അപേക്ഷകരുടെ ഇന്റർവ്യൂ 1.30 വരെ നടത്തി. വീട്ടിലെത്തി വിശ്രമിച്ചു.

**21.** തിരുവനന്തപുരത്ത് എത്തി റോയിയുടെ സ്കൂൾ പ്രവേശനം സംബന്ധിച്ചു അന്വേഷിച്ചു. സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററിനെ കണ്ടു ചില വിവരങ്ങൾ അറിഞ്ഞു. 4 മണിക്കു മടങ്ങിപോന്നു.

**22.** വൈകിട്ടു സ്കൂളിൽ എം.ജി. ജോർജിന്റെ കാപ്പി സൽക്കാരത്തിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് പത്തനംതിട്ട എത്തി ഉമ്മൻ അയ്യനേത്തച്ചനും തോമസ് പണിക്കരച്ചനോടുകൂടി ഇലന്തൂരിൽ പോയി ഏബ്രഹാം അച്ചനെ കണ്ടു. തിരുമേനി വളരെ താമസിച്ചേ വരുകയുള്ളൂ എന്നറിഞ്ഞു ഞങ്ങൾ മടങ്ങിപോന്നു. അച്ചന്മാർ രണ്ടുപേരും ഡി.ഇ.ഒ-യെ കേറി കണ്ടു. അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയെന്നും കൊച്ചുകുട്ടിക്ക് ഒരു ദോഷവും വരുകയില്ലെന്നും അറിഞ്ഞു. ഞാൻ 9 മണിക്ക് വീട്ടിലെത്തി.

**26.** നല്ല സുഖമില്ലായിരുന്നെങ്കിലും വില്ലേജ് സേനയുടേയും മറ്റും ആഭിമുഖ്യത്തിൽ റിപ്പബ്ലിക് ദിനാഘോഷം നടന്നു. സ്കൂളിൽ വച്ചു ഞാൻ പതാക ഉയർത്തി മീറ്റിംഗ് നടന്നു.

**ഫെബ്രുവരി 1.** വൈകിട്ടു 6 മണിയോടുകൂടി മുഖത്തല പള്ളിയിലെത്തി. അച്ചന്മാർ അവിടില്ലായിരുന്നു. രാത്രിയിൽ പ്രത്യേക പ്രാർത്ഥന നടത്തി. കൊച്ചച്ചൻ 9 മണിക്കുവന്നു.

**2.** മുഖത്തല പള്ളിയിൽ ചൊല്ലി പ്രത്യേക പ്രാർത്ഥന നടത്തി. 8 മണിക്ക് കൊല്ലത്തിന് തിരിച്ചു. എക്സിക്യൂട്ടീവ് എൻജിനീയറെ കണ്ടു കലുങ്കിന്റെ ടെന്റർ കാര്യം അന്വേഷിച്ചു. ലാപ്സ് ആയതായി അറിഞ്ഞു. അതുവഴി കളക്ടറേറ്റിൽ എത്തി ചില കാര്യങ്ങൾ അന്വേഷിച്ചിട്ടു മടങ്ങിപോന്നു.

**5.** 3 മണിക്ക് പത്തനംതിട്ട മാനേജേഴ്സ് മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. 20-ൽ പരം മാനേജേഴ്സ് വന്നു പലതും ആലോചിച്ചു. അതുകഴിഞ്ഞു ഡി.ഇ.ഒ. ഓഫീസിൽ പോയി കണ്ടു അദ്ദേഹവുമായി കുറെ സമയം സംസാരിച്ചിരുന്നു. 7.30-ന് മടങ്ങിയെത്തി.

**6.** വെളുപ്പിന് തിരിച്ചു 9.30-ന് അരമനയിലെത്തി. ആർ.ഡി.ഡി.യെ ഓഫീസിലെത്തി കാണാൻ ശ്രമിച്ചു. അദ്ദേഹം സ്ഥലത്തില്ല. തൊടുപുഴയ്ക്കു പോയ ഒരു കാറിൽ കയറി 4.30-ന് ചങ്ങനാശ്ശേരിയിൽ ഇറങ്ങി മാപ്പിളസാറിന്റെ വീട്ടിൽ പോയി. അവിടെ ജോയിയേയും ആനന്ദവല്ലിയേയും കണ്ടിട്ടു 6 മണിക്ക് മടങ്ങിപോന്നു.



www.malankaralibrary.com

**10.** പാലമൂട്ടിൽ ജോൺ ശെമ്മാശ്ശന്റെ കല്യാണത്തിൽ സംബന്ധിക്കാൻ 2.30-ന് പോയി. 4.30-ന് മടങ്ങിവന്ന് വീട്ടിൽ നിന്നും ഞങ്ങൾ കാറിൽ ചങ്ങനാശ്ശേരിക്കു പോയി. 8 മണിക്ക് അവിടെ എത്തി. ജോഷിയും ഡോ. ബൽസലവും അവിടെ വീട്ടിൽ വന്നു. ഡിന്നർ കഴിഞ്ഞു മാപ്പിളസാറിനോടും ജോയിയോടും മറ്റും യാത്ര പറഞ്ഞു. 12 മണിക്ക് വീട്ടിലെത്തി.

**11.** രാവിലെ ചുട്ടിവട്ടത്ത് അച്ചന്റെ (ഫാ. ഗീവർഗീസ്) മകളുടെ വിവാഹത്തിന് പോയി. 11 മണിക്ക് വിവാഹം നടന്നു. ഊണുകഴിഞ്ഞു തിരിച്ചു 3.30-ന് അരമനയിലെത്തി. 5 മണിക്ക് ആശുപത്രിയിൽ പോയി മൈലപ്രാ ചിറ്റക്കാടു മറിയമ്മയെ കണ്ടു. രോഗശമനമില്ലെന്ന് കണ്ടു. മടങ്ങി അരമനയിലെത്തി.

**19.** രാവിലെ ചിലരോടുകൂടി കുമ്പഴ വടക്ക് റോഡു ടാറിടുന്നതിന് അപേക്ഷിക്കാൻ പത്തനംതിട്ട സബ് ഡിവിഷൻ ഓഫീസറെ കാണാൻ പോയി. അതിനുശേഷം തിരുവല്ലായിലെത്തി, കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പി.എസ്. ജോർജിനെ കണ്ടു ജോയികുട്ടിയുടെ കാര്യം പറഞ്ഞു. മറ്റു സിൻഡിക്കേറ്റ് അംഗങ്ങളായ പാലായിലെ കുരീത്തടത്തിലച്ചനേയും കോഴിക്കോട്ടു ദേവഗിരി കോളേജ് പ്രിൻസിപ്പാൽ ഫാ. തിയോഡഷ്യസിനേയും കണ്ടു പറയാൻ പറഞ്ഞു. വേണ്ടത് സിൻഡിക്കേറ്റിൽ പറയാമെന്നും പറഞ്ഞു. 12 മണിക്ക് മടങ്ങിപോന്നു.

**21.** തിരുവനന്തപുരത്തിന് പോയി 9 മണിക്ക് അരമനയിലെത്തി. ഹെഡ്മാസ്റ്റർ സഖറിയാസച്ചനും ബസിലുണ്ടായിരുന്നു. 3 മണിക്ക് ആർ.ഡി.ഡി-യെ കണ്ടു കൊച്ചുകുട്ടിയുടെ കാര്യം പറഞ്ഞു. റിപ്പോർട്ടു കൂടുതൽ അന്വേഷണത്തിന് തിരിച്ചയക്കുന്നു എന്നു പറഞ്ഞു. അരമനയിലെത്തി താമസിച്ചു. സഖറിയാസച്ചനും അരമനയിലെത്തി ജനുവരി 7, 8, 9 ഈ ദിവസങ്ങളിലേത് ലീവ് ആയിട്ടു അനുവദിപ്പിക്കുവാൻ ശ്രമിക്കുന്നു. തിരുമേനി തോട്ടത്തിൽ പോയി.

**22.** കറസ്പോണ്ടന്റ് ജോണച്ചനുമായി സഖറിയാസച്ചൻ ലീവ് സംബന്ധിച്ചു പറഞ്ഞു. 4 മണിക്ക് തിരുമേനി വന്നു. 4.30-ന് കൗൺസിൽ കൂടി പല കാര്യങ്ങളും തീരുമാനിച്ചു. എം.എസ്.സി. സ്കൂൾ കേസ്, മാനേജ്മെന്റ് കൊടുക്കാൻ വിധിച്ചു. എങ്കിലും അപ്പീൽ കൊടുക്കാൻ തീരുമാനിച്ചു. തോട്ടത്തിൽ പല പുരോഗമന പദ്ധതികളും ചെയ്യാൻ തീരുമാനിച്ചു. രാത്രി 8 മണിക്ക് മീറ്റിംഗ് കഴിഞ്ഞു.

**23.** അരമനയിൽ അതിരാവിലെ ചൊല്ലി. ഉടനെ തിരിച്ചു 10.30 വീട്ടിലെത്തി. ഉച്ചയോടുകൂടി പണിക്കരച്ചൻ വന്ന് നാളെ മൂന്നിന്മേൽ ചൊല്ലാൻ



www.malankaralibrary.com

ക്ഷണിച്ചു. ഇന്നു വൈകിട്ടു പത്തനംതിട്ട പള്ളിപെരുന്നാൾ, റാസ എന്നിവയിൽ സംബന്ധിക്കാൻ ക്ഷണമനുസരിച്ചുപോയി. എല്ലാത്തിലും സംബന്ധിച്ചിട്ടു 9 മണിക്ക് മടങ്ങിപോന്നു. റമ്പാച്ചൻ നന്നുക്കാട്ടു പള്ളിയിലുണ്ട്.

**24.** 7 മണിക്ക് മൈലപ്രായിൽ ചൊല്ലിയിട്ടു 8.15-ന് നന്നുക്കാട്ടു പള്ളിയിൽ പോയി 9 മണിക്ക് മൂന്നിന്മേൽ കുർബാനയിൽ കൂടി. 10.15-ന് തീർന്നു. 1 മണിക്ക് സ്കറിയായുടെ വീട്ടിൽ പോയി ഊണു കഴിച്ചു. റമ്പാച്ചനും ഉണ്ടായിരുന്നു. അതിധികളുടെ കൂട്ടത്തിൽ ഡി.ഇ.ഒ.യും ഉണ്ടായിരുന്നു. കേസു സംബന്ധിച്ചു ഞങ്ങൾ സംസാരിച്ചു. 3 മണിക്ക് മടങ്ങിപോന്നു.

**27.** കൊല്ലത്തിന് തിരിച്ചു 10 മണിക്കെത്തി. 1.30-ന് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. ജോർജ് ചെറിയാനെ കണ്ടു കുമ്പഴ വടക്കു മുതലുള്ള റോഡ് ടാർ ചെയ്യുന്ന കാര്യം പറഞ്ഞു. വേണ്ടതുചെയ്യാം എന്നാൽ ചീഫ് എൻജിനീയരെ കണ്ടു അനുവദിപ്പിക്കണമെന്ന് പറഞ്ഞു. അവിടെ നിന്നും തിരുവനന്തപുരത്ത് പോയി.

**28.** അരമനയിൽ ചൊല്ലി. കറസ്പോണ്ടന്റിനെ കണ്ടു. കൊച്ചുകുട്ടിയെ റിഇൻസ്റ്റേറ്റ് ചെയ്യാൻ ആർ.ഡി.ഡി. ഓർഡർ അയച്ചത് കണ്ടു. 11 മണിക്ക് തിരുമേനിയെ കണ്ടു പല കാര്യങ്ങളും പറഞ്ഞു. അദ്ദേഹം പലതിലും തെറ്റിദ്ധരിച്ചിരിക്കുന്നതായി കണ്ടു. ഊണു കഴിഞ്ഞു പോന്ന് പാളയം കത്തീഡ്രലിൽ എത്തി വിശ്രമിച്ചു. 4 മണിക്ക് സെനറ്റ് ഹാളിൽ എത്തി കൺവൊക്കേഷനിൽ സംബന്ധിച്ചു. റോസമ്മയ്ക്ക് ബി.എസ്.സി. ഡിഗ്രി കിട്ടി. ഞങ്ങൾ മടങ്ങിപോന്നു. 10 മണിക്ക് വീട്ടിലെത്തി.

**മാർച്ച് 4.** ഇന്ന് കൊച്ചുകുട്ടിയെ പെരുനാടു സ്കൂളിലേക്ക് മാറ്റിയതായി കറസ്പോണ്ടന്റിന്റെ കത്തുവന്നു. ഹെഡ്മാസ്റ്റർ മാറ്റത്തിന് റിലീവിഗ് ഓർഡർ കൊടുത്തില്ല. ലൈബ്രറി ചെക്കു ചെയ്യണമെന്ന അഭിപ്രായം. ഡി.ഇ.ഒ.യുമായി ആലോചിച്ചു വേണ്ടതുചെയ്യാൻ ഞാൻ പറഞ്ഞു. രാത്രി 8 മണിക്ക് മേലേതിൽ ഈശോച്ചൻ മരിച്ചതറിഞ്ഞ് അവിടെ പോയി പ്രാർത്ഥിച്ചു, മടങ്ങിപോന്നു.

**5.** മേലേതിൽ ഈശോയുടെ സംസ്കാര ശുശ്രൂഷയും 10 മണിക്ക് തുടങ്ങി. പൊൻമേലിലച്ചനും ഉണ്ടായിരുന്നു. 11.30-ന് കഴിഞ്ഞു. ഞാൻ ഡി.ഇ.ഒ.യെ കണ്ടു സ്കൂളിലെ കാര്യം പറഞ്ഞു. ഹെഡ്മാസ്റ്റർ സഖറിയാസച്ചനും ക്ലർക്കും കൂടിചേർന്ന് കഴിഞ്ഞ പരീക്ഷക്ക് കള്ള ത്തരം കാണിച്ചതായി പറഞ്ഞു. ഞാനും അതു സംബന്ധിച്ചു ഒരു ലറ്റർ അയച്ചു. ഇന്ന് തിരുമേനി ഹെഡ്മാസ്റ്ററിനെ ഫോണിൽ വിളിച്ചു.



www.malankaralibrary.com

**6.** കൊച്ചുകുട്ടി ഇന്നലെ തിരുവനന്തപുരത്ത് പോയി കറസ്പോണ്ടന്റ ച്ചനെ കണ്ടു വിവരം പറഞ്ഞതുകൊണ്ടു ഇ.എസ്. ജോണച്ചനും കൊച്ചുകുട്ടിയും കൂടി തിരുവനന്തപുരത്തു നിന്നും വന്നു. റിലീ വിംഗ് ഓർഡർ കുര്യന് കൊടുക്കാത്തതിന്റെ കാരണം അച്ചൻ ഹെഡ്മാസ്റ്ററും ആയി സംസാരിച്ചു. ഒടുവിൽ ലൈബ്രറി ബുക്സെല്ലാം പല അലമാരികളിലായി വച്ചു കൊല്ലനെ വരുത്തി പൂട്ടി താക്കോൽ ജോണച്ചൻ ഏറ്റുവാങ്ങി. ഹെഡ്മാസ്റ്റർ ഒടുവിൽ കുര്യന് റിലീവിംഗ് ഓർഡർ കൊടുത്തു. 4.30-ന് പിരിഞ്ഞു. ജോണച്ചൻ തിരുവനന്തപുരത്തിന് മടങ്ങിപോയി.

**7.** കൊച്ചുകുട്ടി രാവിലെ 9 മണിക്ക് പെരുനാട്ടിൽ പോയി സ്കൂളിലെത്തി. എന്നാൽ അവിടെ ഹെഡ്മാസ്റ്റർ കക്കാട്ടു സ്കൂളിൽ പ്രവേശിപ്പിച്ചില്ല. 2.30-ന് മടങ്ങിവന്നു. ഞാൻ ജോണച്ചനെ വിളിച്ചു കാര്യം പറഞ്ഞു. കുഴപ്പമില്ല വേണ്ടത് ചെയ്യുന്നുണ്ടെന്ന് അച്ചൻ പറഞ്ഞു. ഇന്നലെ ഹെഡ്മാസ്റ്റർമാർ രണ്ടുപേരും കൂടി സ്കൂളിൽ വച്ചു ആലോചി ക്കുന്നുണ്ടായിരുന്നു എന്നറിഞ്ഞു.

**8.** ഇന്നത്തെ പോസ്റ്റിൽ കറസ്പോണ്ടന്റ് രണ്ടു ഹെഡ്മാസ്റ്റേഴ്സിനും അദ്ധ്യാപകരെ പ്രവേശിപ്പിക്കാൻ ഓർഡർ അയച്ചു. അത് ലംഘി ച്ചാൽ ആക്ഷൻ എടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. രണ്ടുപേരെയും ഇന്നും പ്രവേശിപ്പിച്ചില്ല. മാത്യുവിനെ ഇവിടെ പ്രവേശിപ്പിക്കാഞ്ഞതു കൊണ്ടു വന്നു പറഞ്ഞു. ഉടനെ കറസ്പോണ്ടന്റിനെ വിളിച്ചു. കുഴ പ്പമില്ല വേണ്ടതു ചെയ്യുന്നുണ്ടെന്ന് പറഞ്ഞു. മാത്യു 4 മണിവരെ ഇവിടുണ്ടായിരുന്നു.

**13.** കോട്ടയത്തിന് മാനേജേഴ്സ് കോൺഫറൻസിന് കൂടാൻ പോയി. 11 മണിക്ക് വൈ.എം.സി.എ. ഹാളിൽ കൂടി. ശ്രീ. വി.ഒ. ഏബ്രഹാം പ്രിസൈഡ് ചെയ്തു. അനേകരുണ്ടായിരുന്നു. കുരുവിള അച്ചനും ജോണച്ചനും വന്നിരുന്നു. ഹെഡ്മാസ്റ്ററിന്റെ കാര്യം സംസാരിച്ചു. 1.30-ന് മീറ്റിംഗ് കഴിഞ്ഞു ഞങ്ങൾ ട്രെയിനിംഗ് സ്കൂളിലെ റിസർ വേഷൻ കാര്യം ആലോചിച്ചു. 2 മണിക്ക് മടങ്ങിപോന്നു.

**18.** മൂന്നാലു ദിവസമായി പനിയും ദേഹത്തു വേദനയും മറ്റുമായിരുന്നു. എങ്ങും പോയില്ല. മരുന്ന് കഴിച്ചു വിശ്രമിച്ചു. അനേകർ വന്നു കണ്ടു പോയി.

**19.** ഉച്ചകഴിഞ്ഞു കടമ്മനിട്ട കപ്യാർ വന്ന് നാളെ അവിടെ ചെന്ന് കുർബാന ചൊല്ലണമെന്ന് അറിയിച്ചു. 3 മണിക്ക് തിരിച്ചെങ്കിലും വണ്ടികിട്ടാൻ താമസിച്ചു. ഒടുവിൽ 7 മണിക്ക് മണ്ണാരകുളഞ്ഞിയിൽ നിന്നും ബസിൽ കയറി കടമ്മനിട്ട എത്തി. പള്ളിയിൽ പ്രാർത്ഥനയും ഊണും കഴിഞ്ഞ് കിടന്നു.



www.malankaralibrary.com

**20.** കടമ്മനിട്ട പള്ളിയിൽ ചൊല്ലി, സ്ലീബാ ഗോഗുൽത്തായിൽ സ്ഥാപിച്ചു. 9 മണിക്ക് കാറിൽ പത്തനംതിട്ട എത്തി ബസിൽ വീട്ടിലും എത്തി വിശ്രമിച്ചു. വൈകിട്ടു 6 മണിക്ക് ഡി.ഇ.ഒ. യെ കണ്ടു ട്രെയിനിംഗ് സ്കൂൾ ക്രാഫ്റ്റ് ടീച്ചേഴ്സിന്റെ ശമ്പളം സംബന്ധിച്ചു കാര്യം പറഞ്ഞു. വേണ്ടത് ചെയ്യാമെന്ന് ഡി.ഇ.ഒ. പറഞ്ഞു. കടമ്മനിട്ട ശ്രീ. റ്റി.എം. മറിയാമ്മയുടെ നിയമനം നടത്തുന്നതിന് ഓർഡർ ഇട്ടു നാളെ അയക്കാമെന്നും പറഞ്ഞു.

**21.** തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ പോയി തോമ്പ്ര അച്ചൻ (ഫാ. ഗീവർഗീസ്) നിലപ്പന അച്ചൻ (ഫാ. ജോസഫ്) ഫാ. ഗീവർഗീസ് കോറെപ്പിസ്കോപ്പാ, തലവടി ബഹന്നാൻ അച്ചൻ എന്നിവരെ കണ്ടു.

**22.** 10 മണിക്ക് വേലശ്ശേരിൽ റമ്പാച്ചനെ കണ്ടു പലതും സംസാരിച്ചു. തീകുറിഞ്ഞിയിൽ കയറി രോഗിയേയും കണ്ടിട്ടു മടങ്ങിപോന്നു.

**23.** ഉച്ചകഴിഞ്ഞ് അട്ടച്ചാക്കൽ പോയി റമ്പാച്ചന്റെ സ്കൂളിൽ എത്തി. ഹെഡ്മാസ്റ്റർ സ്വീകരിച്ചു കൊണ്ടുവന്നു. 6 മണിക്ക് പ്രസംഗം തുടങ്ങി. ഇടയ്ക്ക് 200-ൽ പരം ആളുകളെ സഭാംഗമാക്കി ചേർത്തു. ഇനിയും ചേരാനാളുകളുണ്ട്. സി.എ. ഏബ്രഹാം അച്ചനും എൻജിനീയർ ശ്രീ. കെ.സി. ചാക്കോയും പ്രസംഗിച്ചു. 10 മണികഴിഞ്ഞ് അവിടെനിന്നും നടന്നുപോന്നു. 2 അദ്ധ്യാപകർ വിളക്കുമായി വന്നു, 12.5-ന് വീട്ടിലെത്തി.

**24.** വകയാറ്റു 10 മണിയോട് പോയി അവിടെ കൊച്ചച്ചന്റെ പുത്തൻ കുർബാനയിൽ സംബന്ധിച്ചു. 12 മണിക്ക് തിരുമേനി അട്ടച്ചാക്കൽ നിന്നും വന്നു. 115 വീട്ടുകാരെ അവിടെ ചേർത്തതായി അറിഞ്ഞു. 2 മണിക്ക് ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**25.** രാവിലെ തിരിച്ചു 9 മണിക്ക് തിരുവനന്തപുരത്ത് എത്തി. ഡയറക്ടർ ഓഫ് ഇൻഡിജീനസ് മെഡിസിനെ തൈക്കാട്ടു ഓഫീസിലെത്തി കണ്ടു. കാക്കുച്ചന്റെ ഗ്രാന്റ് സംബന്ധിച്ചു അന്വേഷിച്ചു. ആർ.ഡി.ഡി. യെ കാണാൻ പോയി സ്ഥലത്തില്ലായിരുന്നു. അരമനയിലെത്തി വിശ്രമിച്ചു. 6 മണിക്ക് കുമ്പഴ ശ്രീ. പി.വി. ഏബ്രഹാമിന്റെ വീടുകൂദാശ നടത്തി. അരമനയിൽ വന്നു താമസിച്ചു.

**26.** അരമനയിൽ ചൊല്ലി. കാപ്പികഴിഞ്ഞ് ഞാനും ശ്രീ. പി.വി. ഏബ്രഹാമും കൂടി 9 മണിക്ക് ആർ.ഡി.ഡി.യുടെ വീട്ടിലെത്തി കണ്ടു വിവരം പറഞ്ഞ് അപേക്ഷ കൊടുത്തു. ഡി.ഇ.ഒ. ഉടനെ റിപ്പോർട്ടു അയക്കാൻ പറയാൻ പറഞ്ഞു. മറ്റു കാര്യങ്ങൾ അത് വന്നിട്ടു ചെയ്യാമെന്നും പറഞ്ഞു മടങ്ങിപോന്നു. ഞാൻ കൊല്ലത്തിന് 10 മണികഴിഞ്ഞ് തിരിച്ചു 12-ന് എത്തി. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചാ



www.malankaralibrary.com

യത്തിനെ കണ്ടു. മൈലപ്രാ പഞ്ചായത്തിൽ അസിസ്റ്റന്റ് ഇല്ല. ഒരാളെ നിയമിക്കണമെന്നും അത് പഞ്ചായത്ത് ഓഫീസിന് 5 സെന്റു സ്ഥലം തന്നെ ആളിന്റെ മകനെ തന്നെ എടുക്കണമെന്നും പറഞ്ഞു. പഞ്ചായത്ത് ഓഫീസർ അതിന്റെ ആവശ്യം പറഞ്ഞ് ഒരു റിപ്പോർട്ട് അയക്കാൻ പറഞ്ഞു. അങ്ങനെ സ്ഥാനം അനുവദിച്ചുതരാം പിന്നീടു എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും വരുന്ന ലിസ്റ്റിൽ നിന്നും ആളിനെ നിയമിക്കാം. 10 സെന്റ് സ്ഥലം ഓഫീസിന് വേണം എന്നു പറഞ്ഞു. അത് പൊന്നുംവിലയ്ക്ക് വാങ്ങാമെന്ന് പറഞ്ഞ് ഞാൻ പോന്നു. 5 മണിക്ക് വീട്ടിലെത്തി. തിരുമേനി പള്ളിയിൽ വന്നിരുന്നു. ഞാൻ പോയി കണ്ടു.

**27.** 2 മണിയോടു പത്തനംതിട്ടയിലും പിന്നീടു പുത്തൻപീടികയിലും പോയി. അവിടെ കിഴക്കേതിലെ കുട്ടിയുടെ മകൾ ത്രേസ്യാമ്മയുടെ കല്യാണം സംബന്ധിച്ചു വന്നതാണ്. ഭിന്നാഭിപ്രായം അറിയുന്ന തിനും പറഞ്ഞു തീർക്കുന്നതിനുമാണ് പോയത്. കിഴക്കേതിലും ഓമല്ലൂർ കുഞ്ഞൂഞ്ഞു സാറിന്റെ വീട്ടിലും പോയി വിവരങ്ങൾ അറിഞ്ഞു. രണ്ടു കൂട്ടരും വളരെ അകൽച്ചയിലാണ്. അവിടെനിന്നും തിരുവല്ലായിലും പോയിട്ടു മടങ്ങി വന്നപ്പോൾ പള്ളിപടിക്കൽ വച്ചു തിരുമേനിയെ കണ്ടു. അവിടെ ഇറങ്ങി തിരുമേനിയുമായി സംസാരിച്ചു.

**29.** 11 മണിയോടു കൂടി ഒരാൾ കറസ്പോണ്ടന്റ് ഓഫീസിൽ നിന്നു മുള്ള ഒരു കത്ത് കൊണ്ടുവന്നുതന്നു. ഹെഡ്മാസ്റ്റർ സഖറിയാസ് അച്ചനെ ചേപ്പാടു സ്കൂളിലേക്ക് മാറ്റിയതായും അവിടെ നിന്ന് ജോസഫ് താഴത്തുവീട്ടിലച്ചനെ ഇങ്ങോട്ടും മാറ്റിയതായുള്ള ഓർഡർ ആയിരുന്നു. സന്തോഷമായി. സ്കൂളിലും എല്ലാവരും അറിഞ്ഞു. ടീച്ചേഴ്സ് ഒരു മീറ്റിംഗ് കൂടി. അതിൽ ഹെഡ്മാസ്റ്റർ മാനേജുമെന്റി നെയും മറ്റു പലതും മോശമായി പറഞ്ഞതായി അറിഞ്ഞു. 5 മണിക്ക് കുമ്പഴ വടക്കുപോയി വേലശ്ശേരിൽ മാത്യുസ് റമ്പാച്ചനെ കണ്ടു പലതും പറഞ്ഞു. പിന്നീടു ഡി.ഇ.ഒ.യെ വീട്ടിൽ പോയി കണ്ടു വിവരം പറഞ്ഞു, മടങ്ങി.

**31.** ഉച്ചകഴിഞ്ഞ് കുമ്പഴ അച്ചനെ കാണാൻ പോയി. 5 മണിക്ക് Defense Fund Meeting കൂടി, അതിൽ ഞാൻ അദ്ധ്യക്ഷം വഹിച്ചു. 7 മണിക്ക് തീർന്നു. പല കാര്യങ്ങളും നിശ്ചയിച്ചു. എളിക്ക് വേദന തോന്നി, നടക്കാൻ പ്രയാസമായി.

**ഏപ്രിൽ 1.** തീരെ സുഖമില്ല. നടക്കാൻ പ്രയാസം. Aluva Fertilizer Factory ക്കാർ വന്ന് 9-ാം തീയതിയിലെ മീറ്റിംഗിന്റെ കാര്യം പറഞ്ഞു, മടങ്ങിപോയി.





www.malankaralibrary.com

**3.** രാവിലെ തിരിച്ചു മുഖത്തല 9.30-ന് എത്തി. അവിടെ കുമ്പസാരിച്ചു കുർബാന ചൊല്ലി. അവിടെനിന്നും തിരുവനന്തപുരത്തിന് തിരിച്ചു 2 മണിക്ക് അരമനയിലെത്തി. ഊണു കഴിച്ചു. ജോണച്ചനെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. 4.30-നുള്ള ബസിൽ പോന്ന് കുമ്പഴ 9 മണിക്ക് ഇറങ്ങി. നടന്ന് വീട്ടിലെത്തി.

**5.** ഇന്ന് സഖറിയാസച്ചൻ ചേപ്പാടിനു പോയി. താഴത്തുവീട്ടിലച്ചൻ വന്നു പള്ളിയിൽ താമസിച്ചു.

**7.** ഓശാനയുടെ ശുശ്രൂഷയും കുർബാനയും മറ്റും 8 മണിക്ക് തുടങ്ങി 10.45-ന് തീർന്നു. വീട്ടിലെത്തി വിശ്രമിച്ചു. സന്ധ്യാപ്രാർത്ഥന കഴിഞ്ഞു ജോസഫ് അച്ചനുമായി സംസാരിച്ചു.

**9.** കുമ്പഴ വടക്ക് Defense Fund- നു വേണ്ടി നടന്ന യോഗത്തിൽ ഞാൻ പോയി പ്രസംഗിച്ചു. വക്കീൽ ഗോപി അദ്ധ്യക്ഷം വഹിച്ചു. 1.30-ന് ഫാക്റ്ററുകാർ പ്രചരണത്തിന് സ്കൂളിൽ വന്നു മീറ്റിംഗ് നടത്തി. ഞാൻ അദ്ധ്യക്ഷം വഹിച്ചു സംസാരിച്ചു.

**12.** ദുഃഖവെള്ളി. 6 മണികഴിഞ്ഞ് പള്ളിയിലെത്തി പ്രാർത്ഥന തുടങ്ങി. 9 മണിക്കുശേഷം സ്ലീബാപാഥ കുമ്പഴ വടക്ക് റമ്പാച്ചന്റെ പള്ളിപടിക്കൽവരെ പോയി തിരിച്ചുവന്നു. മറ്റു ശുശ്രൂഷകളും രണ്ടു പ്രസംഗവും സ്ലീബാവന്ദനവും അടക്കവും എല്ലാം 2.30-നോടുകൂടി തീർന്നു. നല്ല ക്ഷീണവും പ്രയാസവുമുണ്ടായി. സന്ധ്യാപ്രാർത്ഥനയും നടത്തി.

**14.** ഉയിർപ്പിന്റെ ശുശ്രൂഷയും കുർബാനയും രാത്രി 2.30-ന് തുടങ്ങി 5.45-ന് തീർന്നു. വീട്ടിലെത്തി വിശ്രമിച്ചു.

**20.** താഴത്തുവീട്ടിലച്ചനും പൊൻമേലിലച്ചനും കൂടെ കൂടി മൂന്നിൻമേൽ കുർബാന ചൊല്ലി. നായ്ക്കൻപറമ്പിൽ അടിമുറിയിലെത്തി ധൂപപ്രാർത്ഥന നടത്തിപോന്നു. 5 മണിക്ക് മാർതോമ്മാ സ്കൂളിൽ കൂടി കോൺഗ്രസ്സ് വർക്കേഴ്സ് മീറ്റിംഗിൽ കൂടിയിട്ടു മടങ്ങിപോന്നു.

**21.** അട്ടച്ചാക്കൽ പള്ളിയിൽ 9 മണിക്കെത്തി. തിരുമേനിയുടെ കുർബാനയും മറ്റും കഴിഞ്ഞ് 11 മണിക്ക് തിരുമേനിയോടു കൂടി മാവേലിക്കരക്ക് തിരിച്ചു 12-ന് എത്തി. മത്തായി പണിക്കരുടെ സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചിട്ടു മടങ്ങിപോന്നു.

**22.** രാവിലെ കാതോലിക്കേറ്റ് കോളേജിൽ എത്തി Defense Seminar -ന്റെ ഉദ്ഘാടനമീറ്റിംഗിലും ഉച്ചകഴിഞ്ഞു നടന്ന ചർച്ച ക്ലാസിലും സംബന്ധിച്ചിട്ടു 5 മണിക്ക് തിരിച്ചുപോന്നു. പോന്നവഴി കിഴക്കേ വീട്ടിൽ കയറി അച്ചനേയും കണ്ടു.

**24.** കുർബാന കഴിഞ്ഞ ഉടനെ തന്നെ പ്രൊവിഡന്റ് ഫണ്ട് മീറ്റിംഗിൽ



www.malankaralibrary.com

കൂടാൻ അടൂർക്ക് തിരിച്ചു. 10 മണിക്കെത്തി, 10.30–ന് തിരുമേനിവന്നു മീറ്റിംഗ് കൂടി. 1 മണിക്ക് ഊണിന് പിരിഞ്ഞു. പലകാര്യങ്ങളും ആലോചിച്ചു ബൈലാ പാസാക്കി. ഭരണയോഗാംഗങ്ങളെ തെരഞ്ഞെടുത്തു. ഞാനും അതിൽ ഉൾപ്പെടുന്നു. അലവൻസ് സംബന്ധിച്ച് തിരുമേനിയോടു അപേക്ഷിച്ചു മടങ്ങി 5 മണിയോടു വീട്ടിലെത്തി.

**25.** ഉച്ചയ്ക്ക് ഫിലിപ്പ് വക്കീലും എം.എൽ.എ. പി.സി. ചെറിയാനും വന്ന് 2 മണിക്ക് പത്തനംതിട്ട കൂടുന്ന കോൺഗ്രസ് മീറ്റിംഗിൽ കൂടണമെന്ന് ക്ഷണിച്ചു. അതനുസരിച്ചു ഞാനും പോയി. 2.30–ന് കോൺഗ്രസ് പ്രസിഡന്റ് ഗോവിന്ദൻ നായരുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. മന്ത്രി പൗലോസ്, എം.എൽ.എ. പി.സി. ചെറിയാൻ, ലംബോദരൻ പിള്ള, സ്റ്റീഫൻ, തൊടുപുഴ എം.എൽ.എ തോമസ്, ശ്രീ. പി.എസ്. ജോർജ് മുതലായവർ ഉണ്ടായിരുന്നു. പത്തനംതിട്ട ക്രിസ്ത്യൻസിനെ അവഗണിക്കുന്നതായി ഏവരും ആരോപണം നടത്തി. ഒടുവിൽ സമാധാനമായി കോൺഗ്രസ് മെമ്പറിനെ അനുകൂലിക്കാൻ തീരുമാനിച്ചു.

**27.** ഉച്ചകഴിഞ്ഞ് കിഴവള്ളൂർ എൻ.ഇ.എസ്. ബ്ലോക്ക് കെട്ടിടം ഉദ്ഘാടന മീറ്റിംഗിൽ കൂടി. മുഖ്യമന്ത്രി ശ്രീ. ശങ്കർ, കളക്ടർ മുതലായവർ വന്നു. ഉദ്ഘാടനം കഴിഞ്ഞു. 6 മണിക്ക് മടങ്ങിപോന്നു.

**28.** ചൊല്ലി. 3 മണിക്ക് സൺഡേസ്കൂൾ ക്യാമ്പ് സംബന്ധിച്ചു അദ്ധ്യാപകരോടുകൂടി ആലോചിച്ചു. മൈലപ്രാ വച്ചു നടത്തുവാനും തിരുമേനിയുമായി ആലോചിച്ചു. തീയതി നിശ്ചയിക്കാനും തീരുമാനിച്ചു. 4.30–ന് പൊതുയോഗം കൂടി കണക്ക് പാസാക്കി കമ്മറ്റിയെ തെരഞ്ഞെടുത്തു. എല്ലാവരുടേയും കുടിശിഖ തിട്ടപ്പെടുത്തിയശേഷം കണക്കനേയും കൈക്കാരനേയും നിശ്ചയിക്കാമെന്ന് പറഞ്ഞു. പ്രാർത്ഥനയോടുകൂടി പിരിഞ്ഞു. 6.30–ന് കോൺഗ്രസ് നേതാക്കൾ വന്നു. ഡി.ഡി.സി. പ്രസിഡന്റ്, മണ്ഡലം പ്രസിഡന്റ്, മക്കപ്പുഴ മുതലായവർ വന്ന് പ്രചരണ യോഗവും കമ്മറ്റി നിയമനവും കഴിഞ്ഞുപോയി.

**30.** രാവിലെ കൊല്ലത്തിന് പോയി. അവിടെനിന്നും തിരുവനന്തപുരത്ത് പോയി 2 മണിക്ക് അരമനയിലെത്തി. 5 മണിക്ക് മഠത്തിലും പിന്നെ കോളേജിലും പോയി രോഗിയായ പണിക്കരച്ചനെ കണ്ടു. അരമനയിൽ തിരിച്ചെത്തി.

**മെയ് 1.** അരമനയിൽ ചൊല്ലി. 9 മണിക്ക് വൃദ്ധമന്ദിരം കാണാൻ തിരുമേനിയോടുകൂടി പോയിട്ടു 11 മണിക്ക് മടങ്ങിഎത്തി. വടശ്ശേരിക്കരയും മറ്റുമുള്ള പുനരധിവാസക്കാർക്ക് വേണ്ടത് ചെയ്യു



www.malankaralibrary.com

ന്നതിനെപ്പറ്റി ശ്രീ. മാത്യു മുതലായവരുമായി തിരുമേനി ആലോചിച്ചു. സ്ഥലം സന്ദർശിച്ചു വേണ്ടത് ഉടനെ ചെയ്യുവാൻ എന്നോട് കല്പിച്ചു. ഞാൻ 1.30-ന് ബസിൽ മടങ്ങിപോന്നു.

**2.** സ്കറിയായുടേയും മറിയാമ്മയുടേയും വിവാഹം നടത്തി. ഞാനും ജോർജ്കുട്ടിയും കൂടി ചിറ്റാറിലേക്ക് പോയി. കുടി താമസത്തിനായി 200-ൽ പരം വീട്ടുകാരെ ഗവൺമെന്റ് കൊണ്ടുവന്ന് താമസിപ്പിക്കുന്നുണ്ട്. അവരെ കാണുകയും അവരുടെ ആവശ്യങ്ങൾ അറിയുകയും ചെയ്തു. വികാരി ശമുവേലച്ചനോടുകൂടി ആലോചിച്ചു പല ഉദ്യോഗ സ്ഥന്മാരെയും കണ്ടു സംസാരിച്ചു. 6 മണിക്ക് വീട്ടിലെത്തി. ജോർജ്കുട്ടി തിരുവനന്തപുരത്തിന് പോയി. രാത്രി 10 മണിക്ക് തിരു മേനിയെ ഫോണിൽ വിളിച്ചു വിവരം അറിയിച്ചു. രാവിലെ തിരി ക്കാമെന്നു പറഞ്ഞു.

**3.** 9 മണികഴിഞ്ഞ് തിരുമേനി, വക്കീൽ മാത്യു (എ.എം. മാത്യു) ഖാദി മെമ്പർ മുതൽ പേർ കൂത്താട്ടുകുളത്തു പോകാൻ വന്നു. കാപ്പി കഴിഞ്ഞു ഞങ്ങൾപോയി 11.30-ന് അവിടെ എത്തി ചിറ്റാർ പള്ളിയിൽ താമസിച്ചു. ഊണും വിശ്രമവും കഴിഞ്ഞ് 2.30-ന് ക്യാമ്പിലേക്കും മലഭാഗത്തേക്കും പോയി. കുടിലുകൾ കെട്ടുന്നതും സാധനങ്ങൾ ചുമന്നുകൊണ്ടുപോകുന്നതും എല്ലാം കണ്ടു. അവിടെയും പേഴം പാറയും ഇറങ്ങി വേണ്ട പരിശോധന നടത്തി. തിരുമേനി പെരു നാട്ടിനും ഞാൻ വീട്ടിലേക്കും പോന്നു.

**8.** തിരുവനന്തപുരത്ത് 9.30-ന് എത്തി തിരുമേനിയെ കണ്ടു സ്കൂൾ കാര്യവും ജോണച്ചനെ കണ്ടു ട്രെയിനിംഗ് സ്കൂൾ കാര്യവും പറഞ്ഞു. 1.30-നുള്ള ബസിൽ മടങ്ങിപോന്നു.

**9.** മണ്ണാരകുളഞ്ഞിയിൽ പോയി ചിറ്റക്കാട്ടു തോമ്മാച്ചനേയും ചേറാടി തോമ്മാച്ചനേയും കണ്ട് അവരുടെ രോഗസ്ഥിതി അന്വേഷിച്ചു പ്രാർത്ഥിച്ചിട്ടുപോന്നു.

**13.** ഇലക്ഷൻ ദിവസം. കുർബാന കഴിഞ്ഞ് പാറേൽ പൗലോസിന്റെ വിവാഹം നടത്തി. വീട്ടിലെത്തി സ്കൂളിൽ പോയി വോട്ടുചെയ്തു. പൊതുവേ കോൺഗ്രസ് ജയിക്കുമെന്നാണ് പ്രതീക്ഷ.

**14.** പത്തനംതിട്ട പോയി ഡോ. ജോർജിനെ കണ്ടു ചെക്കപ്പ് നടത്തി. റെസ്റ്റ് ചെയ്യണമെന്നു പറഞ്ഞു. കിഴക്കേവീട്ടിലച്ചനെ പോയി കണ്ടു. അച്ചൻ രോഗാവശതയിൽ തളർന്നുകിടക്കുന്നു.

**16.** ഇലന്തൂരിൽ പോയി ഏബ്രഹാം അച്ചനെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞശേഷം മടങ്ങിപോന്നു. കോൺഗ്രസ് മുന്നിട്ടു നിക്കുന്നു എന്നു കേട്ടു. 5 മണിക്ക് രവീന്ദ്രനാഥും മറ്റും ലോറിയിലും കാറിലും



www.malankaralibrary.com

മറ്റുമായി വിജയശ്രീലാളിതനായി വന്നുപോയി. 9000 വോട്ടു കൂടുത ലെന്ന്.

**17.** രാവിലെ കൊല്ലത്തും അവിടെനിന്ന് തിരുവനന്തപുരത്തും പോയി ആർ.ഡി.ഡി.യേയും മറ്റു ചില ഉദ്യോഗസ്ഥരെയും മറ്റും കണ്ടിട്ടു മടങ്ങിപോന്നു. രാത്രി 11.45-ന് വീട്ടിലെത്തി.

**18.** പത്തനംതിട്ട പോയിട്ടുവന്നു. പഴയ കൈക്കാരൻ അബ്രഹാം കല്യാണ ക്കാരുടെ പക്കൽ നിന്ന് രൂപാ വാങ്ങിയത് അറിഞ്ഞു. അത് സമ്മ തിച്ചില്ല. ഞാൻ രൂപാ തിരിച്ചുവാങ്ങി. ആ പിണക്കത്തിൽ ഏതോ പരാതി അയച്ചതായി കേട്ടു.

**19.** ഇന്ന് സണ്ടേസ്കൂൾ പരീക്ഷ നടത്താൻ ഏർപ്പാടു ചെയ്തു. കൊട്ടാ രക്കര തഹസീൽദാർ ശ്രീ. ഫിലിപ്പ് എന്നെ കാണാൻ വന്നു. വൈകിട്ടു വേലശ്ശേരിൽ റമ്പാച്ചനെ പോയി കണ്ടിട്ടു കോഴി മലയിലും കയറിയിട്ടു പോന്നു.

**21.** രാവിലെ അരമനക്ക് തിരിച്ചു. 9.30-ന് അവിടെ എത്തി. ഉപകാരസ്മ രണയ്ക്ക് പടം ഇടാൻ 10 രൂപ അബ്രഹാം അച്ചനെ ഏല്പിച്ചു. കുറെനാളത്തെ അവധി വേണമെന്ന് തിരുമേനിയോടു ഞാൻ പറഞ്ഞു. തിരുമേനി സമ്മതിച്ചു. തൽക്കാലം 6 മാസത്തേക്ക് അപേക്ഷ കൊടു ക്കാമെന്ന് പറഞ്ഞു. സ്കൂൾ കാര്യങ്ങൾ മെയിന്റനൻസ് ട്രെയിനിംഗ് സ്കൂൾ കാര്യം മുതലായവ ശരിപ്പെടുത്തുന്ന കാര്യം എല്ലാം പറഞ്ഞു. 4-ന് മടങ്ങിപോന്നു.

**22.** പള്ളിയിൽ വച്ചു തിരുമേനി തന്ന കത്ത് ഹെഡ്മാസ്റ്റർ ജോസഫ് അച്ചനെ ഏല്പിച്ചു. ട്രെയിനിംഗ് സ്കൂൾ ക്യാമ്പിന്റെ സമാപന സമ്മേളനം ഡി.ഇ.ഒ. യുടെ അദ്ധ്യക്ഷതയിൽ നടത്തി. ഞാനും സംബ ന്ധിച്ചു. അതിനുശേഷം പള്ളിയുടെ തെക്കേസ്ഥലം അദ്ദേഹത്തെ കാണിച്ചു. തൃപ്തിപ്പെട്ടു മടങ്ങിപോയി. വൈകിട്ടു ഞാനും ഉമ്മൻ അയ്യനേത്തച്ചനും കൂടി റമ്പാച്ചനെ കണ്ടു. കുറെ കാര്യം പറഞ്ഞു. ഞാൻ കോഴിമലയിലും തീ കുറിഞ്ഞിയിലും കയറിയിട്ടു മടങ്ങി പോന്നു.

**25.** ഉച്ചകഴിഞ്ഞ് കോന്നിയിൽ സഹകരണ സംഘത്തിന്റെ വിപണന മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. പല കാര്യങ്ങളും തീരുമാനിച്ചു. കുമ്പഴ കേന്ദ്രമാക്കി സംഘം വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. രണ്ടു വിഭാഗമായി തിരിച്ചു ഒന്നു കോന്നിയിലും മറ്റേത് കുമ്പഴയിലും. കുമ്പഴയുടെ കൺവീനറായി എന്നെ ആക്കി ഒരു കമ്മറ്റിയെ നിശ്ചയിച്ചു. 6 മണിക്ക് പിരിഞ്ഞുപോന്നു.

**28.** രാവിലെ തിരുവനന്തപുരത്തിന് പോയി. വാഴയിൽ കുറുപ്പുംകൂടി



www.malankaralibrary.com

ഉണ്ടായിരുന്നു. അരമനയിലെത്തി റ്റി.റ്റി.സി.ക്ക് കുറുപ്പിന്റെ മകളെ എടുക്കുന്ന കാര്യം പറഞ്ഞു. അതുകഴിഞ്ഞ് യൂണിവേഴ്സിറ്റിയിൽ പോയി സിൻഡിക്കേറ്റു അംഗങ്ങൾ ഡോ. എ. ഏബ്രഹാമിനേയും ശ്രീ. പി.എസ്. ജോർജിനേയും കണ്ടു. ജോയിയുടെ നിയമനത്തെപ്പറ്റി അന്വേഷിച്ചു. സാധ്യത ഉണ്ടെന്നും ശനിയാഴ്ച അതു സംബന്ധിച്ച തിരുമാനമുണ്ടാകുമെന്നും ഇപ്പോൾ CSIR - ൽ കിട്ടുന്ന ശമ്പളം തന്നെ കിട്ടുമെന്നും പറഞ്ഞു. മുഖ്യമന്ത്രി ശങ്കർ പത്തനംതിട്ട 3-ാം തീയതി വർക്കേഴ്സ് മീറ്റിംഗിൽ സംബന്ധിക്കാൻ വരുമെന്ന് പറഞ്ഞു. മടങ്ങിപോന്നു.

**29.** പത്തനംതിട്ട പോയി സർക്കിളിനെ കണ്ടു. മാറ്റമാണെന്ന് പറഞ്ഞു. ഡി.ഇ.ഒ. യെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു.

**ജൂൺ 1.** അരമനയിൽ ചൊല്ലി. സിറ്റിയിൽ പോയി സ്പീക്കർ പറമ്പിത്തറയെ കണ്ടു. അദ്ദേഹം വൈസ് ചാൻസലർ സാമുവേൽ മത്തായിയെ വിളിച്ചു എനിക്കു ഒരു സന്ദർശനാനുമതി വാങ്ങി. ഞാൻ ഉടനെ തന്നെ പൊയി 9.15-ന് ഡോ. സാമുവേൽ മത്തായിയെ കണ്ട് ജോയിയുടെ കാര്യം വിശദമായി പറഞ്ഞു. വേണ്ടത് ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞു. 15 മിനിട്ടു നേരം സംസാരിച്ചിട്ടു ഞാൻ മടങ്ങിപോന്നു. ശ്രീ. പി.എസ്. ജോർജിനേയും കുരീത്തടത്തിലച്ചനേയും കണ്ടു വിവരം പറഞ്ഞു. 4.30-ന് മടങ്ങി 9 മണിക്ക് വീട്ടിലെത്തി.

**2.** ശ്രീ. പി.എസ്. ജോർജ് ഞാൻ തിരുവല്ലായ്ക്കു ചെല്ലാൻ മെസേജ് അയച്ചു. ഞാനും ജോയിയും ആനന്ദവല്ലിയും കൂടി കാറിൽ സന്ധ്യയോടു കൂടി ചെന്ന് ജോർജിനെ കണ്ടു. യൂണിവേഴ്സിറ്റിയിൽ ലക്ച്ചറായി ജോയിയെ നിയമിക്കാൻ തീരുമാനിച്ചു എന്നും പറഞ്ഞു. കുറെനേരം സംസാരിച്ചിട്ടു ജോയിയും ആനന്ദവല്ലിയും കാറിൽ ചങ്ങനാശ്ശേരിക്ക് പോയി, ഞാനവിടെ ഇരുന്നു. ആ കാർ മടങ്ങിവന്നപ്പോൾ ജോർജിനോടു പറഞ്ഞിട്ടുപോന്നു.

**6.** വൈകിട്ടു 4 മണിക്ക് ഞാനും താഴത്തുവീട്ടിലച്ചനും കൂടി കുമ്പഴ അച്ചന്റെ വിരുന്ന് സൽകാരത്തിൽ കൂടാൻ പോയി. അയ്യനേത്തച്ചനും, ജോസഫച്ചനും ഞാനും കൂടി സൽക്കാരം കഴിഞ്ഞു 10 മണിക്ക് മടങ്ങിപോന്നു.

**10.** തിരുവനന്തപുരത്ത് 9.30-ന് എത്തി. സിറ്റിയിൽനിന്നും അരമനയിലെത്തി. ഉച്ചയ്ക്ക് മുമ്പ് തിരുമേനിയുമായി ചൂടേറിയ സംഭാഷണം അദ്ധ്യാപകരുടെ കാര്യവും മറ്റുമായി നടത്തി. ഒടുവിൽ ശാന്തമായി ജോണച്ചനെ വിളിച്ച് എന്നോട് ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കണമെന്നും മറ്റും പറഞ്ഞു. ജോൺ അച്ചനുമായി സംസാരിച്ചു.



www.malankaralibrary.com

അദ്ധ്യാപകരുടേതും മറ്റും സ്റ്റേറ്റ്മെന്റ് ഉടനെ അയപ്പിക്കണമെന്ന് പറഞ്ഞു. ഞാൻ വേണ്ടത് എഴുതികൊടുത്തു. റോസമ്മയെ ബി.എഡിന് സെലക്ട് ചെയ്തതായി ജോസ് മാത്യു അച്ചൻ വിളിച്ചുപറഞ്ഞു.

**ജൂൺ 11.** അരമനയിൽ ചൊല്ലി. ബഥനി ഹോസ്റ്റലിൽ പോയി റോസമ്മയ്ക്ക് അവിടെ അഡ്മിഷൻ കൊടുക്കണമെന്നു പറഞ്ഞു. യൂണിവേഴ്സിറ്റിയിൽ പോയി ഡോ. ഏബ്രഹാമിനെ കണ്ടു. ഉടനെ ജോയിക്ക് ഓർഡർ കിട്ടുമെന്നും കാലിക്കട്ടിനാണ് പോകേണ്ടതെന്നും പറഞ്ഞു. ഉച്ച ഊണുകഴിഞ്ഞു ഞാൻ മടങ്ങിപോന്നു.

**15.** ഇന്ന് 11 മണിയോടുകൂടി പള്ളിയിൽ പോയി ഏബ്രഹാം തെക്കേടത്തച്ചനെ പള്ളി ചാർജ്ജ് ഏല്പിക്കുന്നു എന്ന് പറഞ്ഞു, ഒരു കത്ത് എഴുതി കൈമാറി. തിരുമേനിയുടെ നിർദ്ദേശപ്രകാരമായിരിക്കും കൈക്കാരൻ കണക്കും താക്കോലും എന്നെ ഏല്പിച്ചില്ല. അതിനാൽ ഒരു കത്ത് മാത്രം അച്ചന് കൊടുത്തു. അച്ചൻ എല്ലാം നടത്തികൊള്ളാമെന്ന് പറഞ്ഞു. കത്തോലിക്കാസഭയിൽ ചേർന്നതുമുതൽ ഇന്നുവരെ മൈലപ്രാ പള്ളിയുടെ വികാരി ആയിരുന്നു. ആരോഗ്യപരമായും മറ്റുമുള്ള കാരണങ്ങളാൽ ഞാൻ തൽക്കാലം അവധി എടുത്ത് ഇന്നുമുതൽ വിരമിച്ചു.

**17.** ഉച്ചയോടുകൂടി തോമസ് പണിക്കരച്ചൻ വീട്ടിൽവന്നു. ഊണുകഴിഞ്ഞു ഞങ്ങൾ പത്തനംതിട്ടപോയി. ഞാൻ പഞ്ചസാര കാർഡ് എ-ക്ലാസ് ആക്കി വാങ്ങി.

**21.** അരമനയിൽ ചൊല്ലി. ഇന്നലെയും ഇന്നും കൗൺസിൽ കൂടി പല കാര്യങ്ങളും തീരുമാനിച്ചു. ഡിസ്ട്രിക്റ്റുകളും ഡിസ്ട്രിക്റ്റ് വികാരി മുതലായവ നിശ്ചയിച്ചു. 1.30-ന് മടങ്ങിപോന്നു.

**22.** കുർബാന കഴിഞ്ഞു ഞാനും ഏബ്രഹാം അച്ചനും കൂടി പത്തനംതിട്ട പോയി, അവിടെനിന്നും ചന്ദനപ്പള്ളി വഴി പൂങ്കാവിൽ എത്തി. പൂങ്കാവിൽ കുരിശുനാട്ടാനുള്ള സജ്ജീകരണങ്ങളെല്ലാം ചെയ്തു എന്ന് പണിക്കരച്ചനും മറ്റും പറഞ്ഞു. കുരിശും ലോറിയും ആളും വന്നുകഴിഞ്ഞു. യാക്കോബായ പള്ളിയിൽ മണി അടിച്ചു ആൾ കൂടി. കുരിശു വച്ചപ്പോൾ അവർ എതിർത്ത് കല്ലേറു നടത്തി. കുറെ കഴിഞ്ഞപ്പോൾ പോലീസ് വന്നു. അപ്പോൾ കുരിശ് വക്കാൻ ശ്രമിച്ചു. ഉടനെ അവർ എതിർത്ത് കുരിശ് മറിച്ചിട്ടു. മേലിൽ നിന്നുള്ള നിർദ്ദേശത്തിന് എസ്.ഐ. അടൂർക്ക് പോയി. ആർ.ഡി.ഒ. 6 മണിക്ക് വന്നു. 10 സെന്റ് സ്ഥലം കസ്റ്റഡിയിൽ എടുത്തിരിക്കുന്നു എന്നു പറഞ്ഞു. ഞങ്ങൾ പിരിഞ്ഞുപോന്നു.



www.malankaralibrary.com

**24.** രാവിലെ ഞാനും റോസമ്മയും കൂടി തിരുവനന്തപുരത്ത് എത്തി, ട്രെയിനിംഗ് കോളേജിൽ പോയി ബി.എഡിന് അവളെ ചേർത്തു. പിന്നീടു ബഥനി ഹോസ്റ്റലിൽ പോയി അവിടെ അവൾക്ക് താമസിക്കുവാനും സൗകര്യപ്പെടുത്തി. ഞാൻ അരമനയിലെത്തി. ഉച്ച കഴിഞ്ഞ് യൂണിവേഴ്സിറ്റി രജിസ്ട്രാറിനെ കണ്ടു. രണ്ടുദിവസത്തിനകം ഓർഡർ അയക്കാം. കാലിക്കറ്റ് ദേവഗിരി കോളേജിലാണ് ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നത് എന്നും പറഞ്ഞു. ഡോ. ഏബ്രഹാമിനെ കണ്ടപ്പോൾ ഓർഡർ കിട്ടിയാൽ ഇവിടെവന്ന് വൈസ് ചാൻസലറിനെ കണ്ടു accept ചെയ്തതായി പറയണമെന്നും ഒരപേക്ഷ കൊടുത്ത് ഇപ്പോൾ കിട്ടുന്നതിനേക്കാൾ കൂടുതൽ ശമ്പളം അനുവദിപ്പിക്കണമെന്നും പറഞ്ഞു. അരമനയിലെത്തി താമസിച്ചു.

**25.** അരമനയിൽ ചൊല്ലി. ആർ.ഡി.ഡി. ഓഫീസിലെത്തി സൂപ്രണ്ടു പത്രോസിനെ കണ്ടു കൊച്ചുകുട്ടിയുടെ കേസു സംബന്ധിച്ചു പറഞ്ഞു. വേണ്ടത് ചെയ്യാമെന്ന് പറഞ്ഞു. 1.30-ന് പോന്ന് 5 മണിക്ക് വീട്ടിലെത്തി. കുമ്പഴ പൊന്നച്ചൻ പൂങ്കാവു സംബന്ധിച്ചുള്ള വഴക്ക് രാജി ആക്കുന്ന കാര്യം ആലോചിക്കാൻ വന്നു.

**26.** സുഖമില്ലാത്തതിനാൽ ചൊല്ലിയില്ല. ഏബ്രഹാം അച്ചൻ 4 മണിക്ക് വന്നു പല കാര്യങ്ങളും പറഞ്ഞു. പൂങ്കാവു കേസു സംബന്ധിച്ചു ആലോചിക്കാൻ പൊന്നച്ചനും വന്നു. തിരുവനന്തപുരത്തു നിന്നും നിർദ്ദേശം ലഭിച്ചിട്ടാകട്ടെ എന്ന് പറഞ്ഞ് പിരിഞ്ഞു. അച്ചൻ നാളെ തിരുവനന്തപുരത്തിന് പോകുമെന്നു പറഞ്ഞു.

**30.** എണ്ണസേവ തുടങ്ങിയതുകൊണ്ട് വീട്ടിൽ തന്നെയായിരുന്നു. 4 മണികഴിഞ്ഞ് ഏബ്രഹാം അച്ചൻ വന്ന് കുറെനേരം സംസാരിച്ചു.

**ജൂലൈ 1.** Appointment Order കിട്ടിയതനുസരിച്ചു ജോയികുട്ടി തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റിയിൽ പോയി വൈസ് ചാൻസലറെ കണ്ടു Acceptance letter എഴുതികൊടുത്തു എന്നും കോഴിക്കോടിന് പോകുന്നു എന്നും ചങ്ങനാശ്ശേരിയിൽ നിന്നും വിളിച്ചുപറഞ്ഞു.

**5.** മുഖത്തല പള്ളിയിൽ ചൊല്ലി. തിരുവനന്തപുരത്തിന് പോയി ആർ. ഡി.ഡി.യെ കണ്ടു കുര്യന്റെ കാര്യം പറഞ്ഞു. അരമനയിലെത്തി. 10 കുർബാനക്ക് 45 രൂപ ജോൺ മാത്യു അച്ചൻ അയച്ചത് ദാനിയേൽ അയ്യനേത്തച്ചൻ തന്നു.

**15.** ഇന്ന് മാർ ഈവാനിയോസ് ദിനമാണ്. മൂന്നിൻമേൽ കുർബാന ഞാനും കൂടി ഉണ്ടായിരുന്നു. ഊണുകഴിഞ്ഞ് പോന്നു. 8.50-ന് എത്തി.

**17.** ഇളവം മഠത്തിലെ ഗ്രേസിയെ ചെങ്ങന്നൂർ മഠം സ്കൂളിൽ പഠിപ്പി



www.malankaralibrary.com

ക്കാൻ കൊണ്ടുപോകാൻ വേണ്ട ഏർപ്പാടു ചെയ്തു. ഒരു ട്രങ്ക് ബോക്സ് സാധനം കൊണ്ടുപോകാൻ അവൾക്കു കൊടുത്തു. ഡി. ഇ.ഒ. മാത്യു സ്കൂളിൽ വന്നു. ഞാൻ കണ്ടു കുറെനേരം സംസാരിച്ചു.

**20.** മാക്കാംകുന്നേൽ ചാലിൽ പോയി രോഗിയായി കിടക്കുന്ന ചാക്കോ കൊച്ചപ്പനെ കണ്ടു. കുറെ കഴിഞ്ഞു കിഴക്കേവീട്ടിലച്ചനെ പോയി കണ്ടു. സുഖമില്ലാതെ അവശതയിൽ കിടപ്പാണ്. 2.30-ന് ഹെഡ്മാസ്റ്റർ ജോസഫ് അച്ചൻ മോട്ടോർ സൈക്കിളിൽ വന്നപ്പോൾ വീണ് കുറെ മുറിവുകൾ പറ്റി. അച്ചൻ ആ വഴി കുന്നേൽ കാക്കുച്ചനെ കാണാൻ പോയി. മടങ്ങി കുമ്പഴക്ക് പോയി.

**21.** വൈകിട്ടു ഏബ്രഹാം അച്ചനോടുകൂടി കുമ്പഴ എത്തി ജോസഫ് അച്ചനെ കണ്ടു. കുറെ മുറിവുണ്ടെന്ന് പറഞ്ഞു.

**22.** പഞ്ചായത്ത് ഓഫീസിൽ 4 മണിക്ക് Defense Fund-ന്റെ ആഭിമുഖ്യ ത്തിൽ മീറ്റിംഗ് കൂടി ചിലതെല്ലാം നിശ്ചയിച്ചു. 6 മണിക്കുശേഷം സ്ഥലം കമ്പോസിറ്റ് സംഘടനയുടെ മീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ നടന്നു. ചില തീരുമാനങ്ങൾ എടുത്തു.

**24.** കുർബാന കഴിഞ്ഞ് പത്തനംതിട്ട എത്തി. മാക്കാംകുന്നേൽ നിന്നും മത്തായി കൊച്ചപ്പൻ (ഫാ. റ്റി.ജി. മാത്യു, ഓർത്തഡോക്സ്) വന്ന്, കാപ്പികുടിച്ചിട്ടു ഒന്നിച്ച് കോട്ടയത്തിന് പോയി. ദേവലോകത്ത് എത്തി. ബാവാ ഉറക്കമായിരുന്നു. മറ്റു സ്നേഹിതരുമായി കുറെനേരം സംസാരിച്ചിട്ടു ഞാൻ ടൗണിലെത്തി ഊണുകഴിഞ്ഞ് ഭരണങ്ങാനത്തിന് പോയി 2 മണിക്കുശേഷം എത്തി. 5 മണി കഴിഞ്ഞു സെമിത്തേരി പള്ളിയിലെത്തി പ്രാർത്ഥിച്ചു കാണിക്ക ഇട്ടു. വലിയ പള്ളിയിലെത്തി പ്രാർത്ഥന തടത്തി, മുറിയിലെത്തി ഉറങ്ങി.

**25.** ഭരണങ്ങാനം പള്ളിയിൽ സി. അൽഫോൻസയുടെ പേർക്ക് ചൊല്ലി. 7 മണിക്കു തിരിച്ചു കോട്ടയം തിരുവല്ലാ വഴി വീട്ടിലെത്തി വിശ്രമിച്ചു. 4 മണിക്ക് ബി.ഡി.ഒ. വീട്ടിൽ വന്ന് ചില കാര്യങ്ങൾ ആലോചിച്ചു. വില്ലേജ് സന്ദർശനത്തിന് 6 മണിവരെ അദ്ദേഹവും കൂട്ടരും ഇവിടെ കഴിച്ചുകൂട്ടി. മുൻ പ്രസിഡന്റ് ശ്രീ. പി.സി. സഖറിയ ഈ പഞ്ചായ ത്തിന്റെ ആൾ അല്ലാത്തതിനാൽ ഈ പഞ്ചായത്തിന്റെ പ്രതിനിധിയായി സ്വീകരിക്കാൻ പാടില്ലെന്ന് കാണിച്ച് കളക്ടർക്ക് കൊടുത്ത അപേക്ഷയുടെ ഒരു കോപ്പി ബി.ഡി.ഒ.യെ എല്പിച്ചു. അവർ മടങ്ങി പോയി.

**29.** രാവിലെ തിരിച്ചു 9.30-ന് തിരുവനന്തപുരം കത്തീഡ്രലിൽ എത്തി. അവിടെനിന്നും ആർ.ഡി.ഡി. ഓഫീസിൽപോയി ശ്രീ. കുറുപ്പിനെ





www.malankaralibrary.com

കണ്ടു റ്റി.എ. ബിൽ കാര്യം പറഞ്ഞു. അക്കൗണ്ട് ഓഫീസർ സ്വാമിയെ കണ്ടു കുറെനേരം ഫയൽ നോക്കിച്ചു. കൊല്ലം ഡി.ഇ. ഒ.യെ കണ്ടു ഉടനെ വേണ്ടത് ചെയ്യാൻ പറഞ്ഞു. ആർ.ഡി.ഡി.യെ വീണ്ടും കണ്ടു കുര്യന്റെ കാര്യം പറഞ്ഞു. ഫൈനൽ ഓർഡർ ഇട്ടു കഴിഞ്ഞു, രണ്ടുമൂന്നു ദിവസത്തിനകം അവിടെ കിട്ടുമെന്നും ഒരു ചെറിയ ശിക്ഷകൊണ്ടു തീർത്തു എന്നു പറഞ്ഞു. ഞാൻ അതു വഴി Collegiate Director -രെ കണ്ടു ഫോം വാങ്ങി. ബഥനി ഹോസ്റ്റലിൽ കയറി കുറച്ചു രൂപാ റോസമ്മക്കു വേണ്ടി സിസ്റ്ററിനെ ഏല്പിച്ചു. 4.30-ന് മടങ്ങി 9 മണിക്ക് വീട്ടിലെത്തി. തീകുറിഞ്ഞിയിലെ സാറാമ്മ 2.30-ന് മരിച്ചതായി അറിഞ്ഞു.

**30.** കുർബാന കഴിഞ്ഞ് തീകുറിഞ്ഞിയിൽ എത്തി പ്രാർത്ഥിച്ചു. മടങ്ങി പോന്നു. 10 മണികഴിഞ്ഞ് വീണ്ടും തീകുറിഞ്ഞിയിൽ എത്തി. ഏബ്രഹാം അച്ചനും ആളുകളും ഉണ്ടായിരുന്നു. ഞാൻ ശുശ്രൂഷ നടത്തി, മൃതശരീരവുമായി ഏവരും പള്ളിയിലെത്തി. സംസ്കാര ശുശ്രൂഷയും അടക്കവും 12 മണിയോടുതീർന്നു. വീട്ടിലെത്തി.

**ആഗസ്റ്റ് 4.** ഏബ്രഹാം അച്ചൻ സണ്ടേസ്കൂൾ കഴിഞ്ഞു വീട്ടിൽ വന്ന് പല കാര്യങ്ങളും പറഞ്ഞിരുന്നു. പിന്നീടു തിരിച്ചുപോയി.

**9.** അരമനയിൽ ചൊല്ലി. സിറ്റിയിൽ പോയി. പി.എസ്.പി.യുടെ സമരാഹ്വാനപ്രകാരം സിറ്റിബസ് ഓടിയില്ല. നടന്ന് ആർ.ഡി.ഡി. ഓഫീസിലെത്തി personal clerk -നെ കണ്ടു. ഇന്നുതന്നെ ഓർഡർ അയക്കാമെന്ന് പറഞ്ഞു. അരമനയിലെത്തി ഊണുകഴിഞ്ഞ് വിശ്രമിച്ചു, മടങ്ങിപോന്നു.

**10.** കുർബാന ചൊല്ലി, തീകുറിഞ്ഞിയിൽ സാറാമ്മയുടെ കല്ലറയിൽ ധൂപംവച്ചു. വീട്ടിൽ പോയി പ്രാർത്ഥിച്ചു. വേലശ്ശേരിൽ റമ്പാച്ചനും ഉണ്ടായിരുന്നു. ഞങ്ങൾ കാപ്പികഴിഞ്ഞു മടങ്ങിപോന്നു.

**16.** അരമനയിൽ ചൊല്ലി. 10.30-ന് കൗൺസിൽ കൂടി 12.15-ന് തീർന്നു. ഊണുകഴിഞ്ഞ് പി.എഫ്. വകസ്ഥലവും കെട്ടിടവും പോയി കണ്ടു. 58 രൂപ അലവൻസും 10 രൂപ കൗൺസിൽ റ്റി.എ.യും വാങ്ങി 1.30-ന് പോന്നു.

**18.** ആദ്യകുർബാന ചൊല്ലി, വീട്ടിലെത്തി വിശ്രമിച്ചു. കടമ്പനാട്ടു നിന്നും ശ്രീ. റ്റി.ജി. മാത്യുച്ചായൻ (Cousin Brother) വന്ന് ചില കാര്യങ്ങൾ പറഞ്ഞു. തോമ്മാച്ചന്റെ കാര്യത്തിനുവേണ്ടിവരാൻ ഏർപ്പാടു ചെയ്തു അയച്ചു. ഇന്ന് സഹകരണസംഘം പൊതുയോഗം എന്റെ അദ്ധ്യക്ഷതയിൽ നടന്നു. രാത്രി 10 മണിയോടു കൂടി വല്ലീറയിൽ കുഞ്ഞൂഞ്ഞും വേറൊരാളും കൂടിവന്ന് അവന്റെ



www.malankaralibrary.com

18 വയസ്സുള്ള അവിവാഹിത സഹോദരി, തോട്ടം വെട്ടുകാരൻ തങ്കച്ചനാൽ ഗർഭിണി ആണെന്നും ഡോക്ടറുടെ പരിശോധനയിൽ ഇന്നാണ് അറിഞ്ഞതെന്നും വേണ്ട പരിഹാരം ഉണ്ടാക്കണമെന്നും പറഞ്ഞു. നാളെ ഞാൻ തോട്ടത്തിൽ പോകാൻ നിശ്ചയിച്ചിരുന്നതുകൊണ്ട് രാവിലെ എത്താമെന്ന് പറഞ്ഞ് അവരെ അയച്ചു.

**19.** ചൊല്ലി. 8 മണിയോടു വല്ലീറ തോട്ടത്തിലേക്ക് പോയി. അവിടെ കുഞ്ഞൂഞ്ഞും സഹോദരിയും ഉണ്ടായിരുന്നു. വേറെ പലരും വന്നു. അവരെയെല്ലാം മാറ്റി നിറുത്തിയശേഷം ഞാൻ അവളോടു ചോദിച്ചു. അവൾ വ്യക്തമായി പറഞ്ഞു. ഈ കുഴപ്പമുണ്ടായത് തങ്കച്ചനിൽ നിന്നാണെന്നും മൂന്നുപ്രാവശ്യം അവളെ ഉപദ്രവിച്ചു എന്നും. ഒരു പ്രാവശ്യം "എനിക്കു കുറെ പഞ്ചസാര തന്നു എന്നെ കെട്ടിക്കോളാമെന്ന് പറഞ്ഞു. തങ്കച്ചനെ ഞാൻ വിളിച്ചു മാറ്റി നിറുത്തി ചോദിച്ചു. ആദ്യം നിഷേധിച്ചു. എനിക്ക് അറിയാൻ പാടില്ല. ആ വീട്ടിൽ പോയിട്ടുണ്ടു അവളുമായി സംസാരിച്ചിട്ടുണ്ട് എന്നെല്ലാം പറഞ്ഞു. ഒടുവിൽ അവൾ എന്നെ വശീകരിച്ചതാണ്, ആ വീട്ടിൽ വച്ചല്ല. തോട്ടത്തിൽ വച്ചാണ്. അതിന് ഞാൻ എന്തുചെയ്യണം. നിന്നിൽ നിന്നാണ് ഇത് സംഭവിച്ചതെങ്കിൽ നീ അവളെ വിവാഹം ചെയ്യണമെന്ന് ഞാൻ പറഞ്ഞു. എപ്പോഴാണ്? ഇനിയും താമസിക്കരുത്. അത് എങ്ങനെയാണ്? കുഞ്ഞൂഞ്ഞ് പറഞ്ഞു രണ്ടുപേരുടെയും പേർക്ക് 25 സെന്റ് സ്ഥലവും 100 രൂപയും കൊടുക്കാം. ഇത്രയും കഴിഞ്ഞപ്പോൾ തങ്കച്ചന്റെ അപ്പനും അമ്മയും നെഞ്ചത്തടിച്ചു നിലവിളിച്ചു കൊണ്ടുവന്നു കലമ്പൽ ഉണ്ടാക്കി. വറുഗീസിന്റെ വീട്ടിലേക്ക് റബ്ബർ പാൽ ഉറ ഒഴിക്കാൻ തങ്കച്ചൻ പോയി. തങ്കച്ചൻ "അപമാനിതനായി ഇനിയും തോട്ടം വെട്ടു നടത്തുന്നില്ല. ഞാൻ എവിടെയെല്ലാം വെട്ടു ഏറ്റിട്ടുണ്ടോ അതെല്ലാം നിറുത്തും എന്ന് അയാൾ പറഞ്ഞു. ഞാൻ പോന്നപ്പോൾ അയാൾ എന്റെ പുറകേ വന്ന് പറഞ്ഞതാണിത്, ഒരക്രമവും പ്രവർത്തിക്കരുതെന്നും ഒന്നുറങ്ങി കഴിഞ്ഞ് വീട്ടിലേക്ക് വരിക എന്ന് ഞാൻ പറഞ്ഞുപോന്നു.

**20.** രാവിലെ തങ്കച്ചന്റെ കേസു സംബന്ധിച്ചു ചിലർ വന്നു. ഞാൻ കോഴഞ്ചേരിയിൽ പോയിട്ടു 12.30-ന് മടങ്ങിവന്നു. തങ്കച്ചന്റെ അപ്പൻ വന്ന്, അവൻ ഇന്നലെ എവിടെയോ പോയി എന്നും അവനാ ഞങ്ങളെ പുലർത്തിയിരുന്നതെന്നും പറഞ്ഞു. പിള്ളാരെ ഇനിയും പഠിപ്പിക്കാൻ സാധ്യമല്ല. ഞാൻ കഷ്ടത്തിലായി. ഇന്നലെ തന്നെ ഞങ്ങൾ വീട്ടിലെത്തുന്നതിനുമുമ്പേ അവൻ പോയി എന്നു പറഞ്ഞു. അയാൾക്ക് വെട്ടുകൂലി മുൻപറ്റു നീക്കി ഇന്നലെ വെട്ടിയതിന് 83



www.malankaralibrary.com

NP കൊടുക്കാനുള്ളതിന് 6 രൂപയും ഒരു പറ നെല്ലും കൊടുത്ത് ഭക്ഷണവും കൊടുത്ത് ഭാര്യ ടിയാനെ പറഞ്ഞുവിട്ടു. 2 മണികഴിഞ്ഞ് കുഞ്ഞൂഞ്ഞും വർഗീസും വന്നു, അവൻ പോയതുകൊണ്ടു ഞങ്ങൾ എന്തു ചെയ്യണം ആകെപ്പാടെ വിഷമത്തിലായി എന്നെല്ലാം പറഞ്ഞു. ഞാൻ പറഞ്ഞു നിങ്ങൾ ഔതച്ചന്റെ കീഴിലല്ലേ ജോലി ചെയ്യുന്നത്. അവിടെ കൂടി ആലോചിച്ചു തീരുമാനിക്കട്ടെ എന്ന്. എനിക്ക് ഇതിൽ ഇപ്പോൾ ഒന്നും ചെയ്യാനില്ല.

**22.** തങ്കച്ചന്റെ തള്ളവന്ന് വിഷമം പറഞ്ഞു. അവനെ കാണാത്തതിനാൽ ജീവിക്കാൻ നിവൃത്തിയില്ല എന്ന്. സാന്ത്വനപ്പെടുത്തി വിട്ടു. കുഞ്ഞച്ചൻ വന്നു റബ്ബർ ടാപ്പു ചെയ്യാമെന്ന് പറഞ്ഞു. അവനെ ചില നിബന്ധനകൾ വച്ചു ചുമതലപ്പെടുത്തി. കൊണ്ടൂർ വൈദ്യൻ പറഞ്ഞയച്ചതനുസരിച്ചു ഇടിച്ചെറിയ സ്കറിയാ വന്ന് കൊണ്ടൂരെ അയാളുടെ വസ്തുവിന്റെ വിലപറയണമെന്ന് പറഞ്ഞു. നാളെ പറയാമെന്ന് പറഞ്ഞുവിട്ടു.

**27.** ഇന്നത്തെ പോസ്റ്റിൽ തെക്കേൽ കേസു അനുകൂലമായി വിധിച്ചു എന്ന് കുഞ്ഞൂഞ്ഞിന്റെ എഴുത്ത് ഹൈകോർട്ടിൽ നിന്നും വന്നു, 24-ാം തീയതി അയച്ച എഴുത്ത് 8.8.63-ൽ വിധിയുണ്ടായി. ലോവർ കോർട്ടിന്റെ വിധി സ്ഥിരീകരിച്ചു കൊണ്ടുള്ള വിധി. കത്ത് വായിച്ചു ദൈവത്തെ സ്തുതിച്ചു. വല്ലാർപാടം മുത്തിയമ്മയോടു ദീർഘനാളായി ഈ ഉദ്ദേശ്യത്തോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സൗകര്യമായി അവിടെ പോയി കുർബാന ചൊല്ലണം. ഞാനും ഏബ്രഹാം അച്ചനും കൂടി കിഴക്കേവീട്ടിലച്ചനേയും, പിന്നെ ആശുപത്രിയിൽ പോയി കുമ്പഴ അച്ചനേയും കണ്ടു.

**29.** തിരുവനന്തപുരത്തിന് തിരിച്ചു, ബസിൽ പുറകിലാണ് സീറ്റ് കിട്ടിയത്. വളരെ പേർ ബസിലുണ്ടായിരുന്നു. മൂഴിയാറ്റിൽ നിന്നും വരുന്ന കുറെ പേരുണ്ടായിരുന്നു. അവരിൽ ചിലർ ഛർദ്ദിൽ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ പ്രയാസം തോന്നി. നാലാഞ്ചിറ ഇറങ്ങി ബി.റ്റി. കോളേജിൽ എത്തി വിശ്രമിച്ചു. റോസമ്മയേയും മണിയേയും കണ്ടു. അരമനയിലെത്തി. പലരേയും കണ്ട് സംസാരിച്ചു.

**സെപ്റ്റംബർ 8.** ഡി.ഇ.ഒ. ശ്രീ. മാത്യുവിനെ കണ്ടു സാറാമ്മ തോമസിനെ കൂടൽ സ്കൂളിൽനിന്നും അടൂർക്ക് മാറ്റുന്ന കാര്യം പറഞ്ഞു. നോക്കട്ടെ എന്ന് അദ്ദേഹം പറഞ്ഞു.

**14.** പത്തനംതിട്ട പോയി ഡോ. ജോർജിനെ കണ്ടു. ബ്ലഡും യൂറിനും പരിശോധിച്ചു. ഷുഗർ കൂടുതലാണ്. ഭക്ഷണം ക്രമീകരിക്കണം എന്നെല്ലാം പറഞ്ഞ് ഗുളികതന്നു.



www.malankaralibrary.com

**15.** ഉച്ചകഴിഞ്ഞ് കുമ്പഴ വടക്ക് കോൺഗ്രസ് മണ്ഡലം പ്രതിനിധികളെ തെരഞ്ഞെടുക്കാൻ പോളിംഗ് ഓഫീസർ ആയിപ്പോയി. അവിടെ എതിരില്ലായിരുന്നു. 2 പേരെ എടുത്തു. അതുകഴിഞ്ഞ് 4.25–ന് മൈലപ്രാ സ്കൂളിലെത്തി രണ്ടാം വാർഡിലെ മെമ്പറന്മാരെ തെര ഞ്ഞെടുക്കാനായിട്ടു. വലിയ എതിർപ്പ് ഉണ്ടായിരുന്നു. രാമകൃഷ്ണ പിള്ള, ഏബ്രഹാം മത്തായി ഇവർ തെരഞ്ഞെടുക്കപ്പെട്ടു. മൂന്നാം വാർഡിലെ തെരഞ്ഞെടുപ്പ് എതിരില്ലാതെ തീർന്നു.

**20.** തിരുവനന്തപുരത്തിന് 11.30–ന് തിരിച്ചു 2.30–ന് അരമനയിൽ എത്തി. പ്രോവിഡന്റ് ഫണ്ട് കെട്ടിടംപണി പോയികണ്ട് വേണ്ട നിർദ്ദേശ ങ്ങൾ കൊടുത്തു. ബഥനി ഹോസ്റ്റലിൽ പോയി റോസമ്മയെ കണ്ടു. മദർ ബാസിമിനെ കണ്ടു വിവരങ്ങൾ അറിഞ്ഞു.

**21.** അരമനയിൽ ചൊല്ലി. ഞാനും ഏബ്രഹാം അച്ചനും കൂടി 5.30–ന്റെ ബസിൽ പോന്നു. 8.30–ന് കൂടൽ അച്ചന്റെ വീട്ടിൽ കയറി. അച്ചന്റെ ഭാര്യ ഇന്നലെ മരിച്ചുപോയിരുന്നു. അനുശോചനം അറിയിച്ചിട്ടു മടങ്ങിപോന്നു.

**23.** വൈകിട്ടു റ്റി.സി. ജോർജും കടമാനോലിലെ സ്കറിയായും വന്ന് ഞാൻ മൂന്നാം വാർഡിൽ നിന്നും പഞ്ചായത്ത് ഇലക്ഷന് നില്ക്കു ന്നുണ്ടോ എന്ന് ചോദിച്ചു. എന്റെ സ്വന്തം നിലയിൽ നില്ക്കണമെ ന്നില്ല. എന്നാൽ പഞ്ചായത്തിന്റെയും ഗ്രാമത്തിന്റെയും അഭിവൃദ്ധി ക്കായി ഏതാനും ചില കാര്യങ്ങൾ കൂടി ചെയ്യേണ്ടതായിട്ടുണ്ടു. അതുകൊണ്ടു നിൽക്കാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞു. എതി രോടുകൂടി നിൽക്കാൻ ആഗ്രഹമില്ല എന്നും പറഞ്ഞു. എന്നാൽ ഞാൻ നിൽക്കുന്നില്ല. അച്ചൻ നിൽക്കുന്നില്ലെങ്കിൽ നിൽക്കണമെന്ന് ആഗ്രഹിക്കുന്നു എന്ന് ജോർജ് പറഞ്ഞുപോയി.

**28.** പത്തനംതിട്ട 3 മണിക്കെത്തി മദ്യവർജന ജാഥയെ സ്വീകരിച്ചു. ടൗണിൽ എത്തി എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് തുടങ്ങി. ശ്രീ. കുരിയാക്കോസും അച്ചനും മറ്റും പ്രസംഗിച്ചു. 6 മണിക്ക് തീർന്നു. ധാരാളം ആളുണ്ടായിരുന്നു.

**ഒക്ടോബർ 4.** അരമനയിൽ ചൊല്ലി. കഴിഞ്ഞമാസത്തെ അല വൻസിൽ നിന്നും കടം വാങ്ങിയതും പി.എഫ്.ന്റെയും മറ്റും കുറച്ചു ബാക്കിയുള്ള 65 രൂപ വാങ്ങി കൊല്ലത്തിന് പോയി. അവിടെ എക്സി ക്യൂട്ടീവ് എൻജിനീയർ ഓഫീസിൽ എത്തി ശ്രീ. പണിക്കരെ കണ്ടു മൈലപ്രാ പഞ്ചായത്ത് ഓഫീസ് പ്ലാൻ കാര്യം ഏർപ്പാടു ചെയ്തു. അനന്തരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ കണ്ടു വിവരം പറഞ്ഞു. ഡി.ഇ.ഒ.യേയും കണ്ടിട്ടു 2 മണിക്ക് തിരിച്ചു 2.30–ന് മുഖത്തല എത്തി താമസിച്ചു. കുമ്പസാരം നടത്തി.



www.malankaralibrary.com

**5.** മുഖത്തല കുരിശടിയിൽ പ്രത്യേക നിയോഗത്തിൽ ചൊല്ലി. 15 അച്ച ന്മാർ വന്നു, 8 മണിക്ക് മൂന്നിന്മേൽ തുടങ്ങി. 1 മണിയോടു എല്ലാ ചടങ്ങുകളും കഴിഞ്ഞ്പോന്നു. 6 മണിക്ക് വീട്ടിലെത്തി. ആനന്ദവല്ലി ഇന്നലെ 10.25-ന് ഒരാൺകുഞ്ഞിനെ പ്രസവിച്ചു എന്നറിഞ്ഞു. ഏബ്രഹാം അച്ചൻ വന്ന് കുമ്പസാരം നടത്തിപോയി.

**6.** കുർബാന കഴിഞ്ഞു ഞാനും ഭാര്യയും കൂടി ചങ്ങനാശ്ശേരിക്ക് പോയി. 10 മണിക്ക് അവിടെ വീട്ടിലെത്തി. കാപ്പികഴിഞ്ഞ് ഞങ്ങൾ മാപ്പിളസാറിനോടു കൂടി ആശുപത്രിയിൽ പോയി ആനന്ദവല്ലി യേയും കുഞ്ഞിനേയും കണ്ടു. സുഖമായിരിക്കുന്നു. സന്തോഷിച്ചു ദൈവത്തെ സ്തുതിച്ചു. കുറേകഴിഞ്ഞ് വീട്ടിലെത്തി വിശ്രമിച്ചു. ഊണു കഴിഞ്ഞ് ടൗണിലെത്തി മടങ്ങിപോന്നു. 5 മണിക്ക് വീട്ടിലെത്തി.

**11.** ഞാനും ജെയിംസും കൂടി 9 മണിക്ക് കൊല്ലത്തിന് പോയി. 11 മണിക്ക് കളക്ടരെ കണ്ടു വിവരം അറിഞ്ഞു. എക്സിക്യൂട്ടീവ് എൻജി നീയറുടെ ഓഫീസിൽ കയറി ഡ്രാഫ്റ്റ്സ്മാൻ പണിക്കരെ അന്വേഷിച്ചു. കണ്ടില്ല. ഞങ്ങൾ കൊട്ടാരക്കര വഴി മടങ്ങിപോന്നു.

**13.** വൈകിട്ടു എൽ.പി. സ്കൂളിൽ മൂന്നാം വാർഡിലെ സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കാൻ വാർഡിന്റെ പൊതുയോഗം കൂടി. ശ്രീ. കെ. കെ. വർഗീസ് അദ്ധ്യക്ഷൻ, ശ്രീ. കെ.പി. ജോർജ് പ്രസംഗകൻ, ആരു വേണം സ്ഥാനാർത്ഥിയെന്ന് അദ്ധ്യക്ഷൻ എന്റെ പ്രസംഗത്തിനു ശേഷം ക്ഷണിച്ചു. കെ.പി. ജോർജ്, കെ.കെ. വർഗീസ്, മാമ്മൻ മുത ലായി വിവിധ സമുദായത്തിൽപ്പെട്ടവർ ഞാൻ തന്നെ വേണമെന്ന് അഭിപ്രായപ്പെട്ടു. 5 മിനിട്ടിനുശേഷം ആർക്കെങ്കിലും എതിരുണ്ടെ ങ്കിൽ പറയാൻ അദ്ധ്യക്ഷൻ പറഞ്ഞു. ആരും എതിർത്തില്ല. അദ്ധ്യക്ഷൻ എഴുന്നേറ്റുനിന്ന് തലവണങ്ങി ദൈവതിരുസന്നിധിയിൽ അനുകൂലിക്കണമെന്ന് പറഞ്ഞു. ഏവരും എഴുന്നേറ്റുനിന്ന് തലവ ണങ്ങി എന്നെതന്നെ സ്വീകരിച്ചു. ഉടനെ പ്രസിഡന്റ് എന്റെ നേരെ തിരിഞ്ഞ് "ഫാദർ താങ്കളെ മൂന്നാം വാർഡിന്റെ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യാൻ മൂന്നാം വാർഡിലെ മെമ്പറന്മാർ ഏവരും തീരുമാനിച്ചിരിക്കുന്നു" എന്നു പറഞ്ഞു. ഉടനെ അനുവാദത്തോടു കൂടി എന്റെ വാർഡിലെ പ്രിയജനങ്ങളെ, ആർക്കുവേണ്ടി ഞാൻ പ്രയാസപ്പെട്ടു ഇതെല്ലാം സാധിച്ചുവോ, ആ സുഹൃത്തുക്കൾ എന്റെ പ്രവർത്തികൾ അംഗീകരിച്ച് എന്നെ ആദരിച്ചതിൽ, അതീവകൃത ജ്ഞതയും ബഹുമാനവും രേഖപ്പെടുത്തുന്നു. മേലിലും നിങ്ങളുടെ സഹായം ആവശ്യമാണ്. ഒരിക്കൽകൂടി എന്റെ സ്നേഹവും നന്ദിയും പ്രകടിപ്പിച്ചുകൊള്ളുന്നു എന്ന് ഞാൻ പ്രസ്താവിച്ചു. ദേശീയഗാന ത്തോടു കൂടിപിരിഞ്ഞു.



www.malankaralibrary.com

**14.** ചൊല്ലി. 9 മണിക്ക് ഞാനും, ഏബ്രഹാം അച്ചനും, ഭാര്യയും കുഞ്ഞമ്മയും പാലമൂട്ടിൽ ശോശാമ്മയും കൂടി ചങ്ങനാശ്ശേരിക്ക് കാറിൽ തിരിച്ചു 11 മണിയോടു അവിടെ വീട്ടിലെത്തി. കാപ്പികഴിഞ്ഞു അവിടെനിന്നും ആശുപത്രിയിൽ പോയി കുഞ്ഞിനേയും എടുത്തുകൊണ്ടു കത്തീഡ്രലിൽ എത്തി കുഞ്ഞിനെ ഞാൻ മാമോദീസാ മുക്കി. ഏബ്രഹാം എന്നു പേരിട്ടു. മാപ്പിളസാർ തലതൊട്ടപ്പൻ. വീട്ടിലെത്തി ഊണുകഴിഞ്ഞ് ആനന്ദവല്ലിയെ കണ്ടിട്ടു മടങ്ങിപോന്നു.

**16.** ഈ ദിവസങ്ങളിൽ പണത്തിന് ഞാൻ വളരെ വിഷമിക്കുന്നു. കൂലിക്കാർക്ക് കൂലികൊടുക്കാനില്ല. ചിലർക്ക് നെല്ലുകൂലിയായി കൊടുത്തു. ചിലരോടു രൂപ കടം ചോദിച്ചു. കിട്ടിയില്ല. ദൈവം തരുന്ന പ്രയാസം സസന്തോഷം വഹിച്ചാൽ അവസാനം നല്ലതുവരുമെന്ന് പൂർണ്ണമായി വിശ്വസിക്കുന്നു.

**18.** ചൊല്ലി. ഏബ്രഹാം അച്ചനോടു 30 രൂപ കടം വാങ്ങി വീട്ടിലെത്തി. നോമിനേഷൻ പേപ്പറിന് 25 രൂപ അടച്ചു അപേക്ഷകൊടുത്തു.

**20.** മൈലപ്രാ ഗ്രാമത്തിന്റെ ആഭിമുഖ്യത്തിൽ 5 മണിക്ക് എൽ.പി. സ്കൂളിൽ നടന്ന യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു പ്രസംഗിച്ചു. മറ്റു പ്രസംഗങ്ങളും ഉണ്ടായിരുന്നു. സത്യപ്രതിജ്ഞാ വാചകം ചൊല്ലികൊടുത്തു. 6.30–ന് യോഗം തീർന്നു.

**21.** പലരും ഇന്ന് നോമിനേഷൻ കൊടുക്കാൻ വന്നു. അവരുമായി സംസാരിച്ചു. രണ്ടാം വാർഡിൽ കുഴഞ്ഞ നില കാണുന്നതുകൊണ്ടു നല്ല ഒരാൾ നിൽക്കേണ്ടത് ആവശ്യമാകയാൽ തങ്കപ്പൻ നായർ നിൽക്കാൻ ഞാൻ പറഞ്ഞു. അങ്ങനെ സമ്മതിച്ചു.

**22.** ഞാനും തങ്കപ്പൻ നായരും കൂടി കാറിൽ നോമിനേഷൻ പേപ്പർ കൊടുക്കാൻ ബ്ലോക്കിൽ പോയി 12.45–ന് കൊടുത്തു.

**24.** പലരുമായി ഇലക്ഷൻ സംബന്ധിച്ചു സംസാരിച്ചു. നാരായണകുറുപ്പു വന്ന് പണം ഒടുക്കി പേപ്പർ കൊണ്ടുവന്നത് തയ്യാറാക്കാൻ സഹായിച്ചു കൊടുത്തു. ബാവു വന്ന് സംസാരിച്ചു, അവരെല്ലാം കുറുപ്പിനുവേണ്ടി നിൽക്കുന്നു എന്ന് പറഞ്ഞു. രാത്രി 9 മണിക്ക് മേക്കൊഴൂർക്കാർ കുറെ പേർ മാരാമൺ ഏബ്രഹാം സാറിന്റെ നേതൃത്വത്തിൽ വന്ന് ഞാൻ കുറുപ്പിനു വേണ്ടി വോട്ടു ചെയ്യാൻ ബാവുവിനെ നിർബന്ധിച്ചു എന്നും മറ്റും പറഞ്ഞു. അവരെ സമാധാനപ്പെടുത്തി അയച്ചു.

**26.** ഇന്നു 3 മണിയായിരുന്നു നോമിനേഷൻ കൊടുക്കാനുള്ള അവസാനസമയം. എനിക്കെതിരായി ആരെങ്കിലും കൊടുത്തോ എന്ന് അന്വേഷിച്ചു. ഇല്ലെന്നാണ് അറിഞ്ഞത്, സന്ധ്യകഴിഞ്ഞ് നോമിനേഷൻ

ലിസ്റ്റുകൊണ്ട് ഓഫീസർ വന്നു. സന്തോഷമായി, എതിരില്ലാതെ ഞാൻ തെരഞ്ഞെടുക്കപ്പെട്ടു.

**27.** പലരുമായി ആലോചിച്ചു. ഇന്നത്തെ മനോരമയിൽ എന്നെ എതിരില്ലാതെ തെരഞ്ഞെടുത്തതായി വാർത്ത ഉണ്ടായിരുന്നു. ദൈവത്തെ സ്തുതിച്ചു.

**28.** രാവിലെ തങ്കപ്പൻ നായരുടെ സ്കൂട്ടറിൽ ബ്ലോക്ക് ഓഫീസിൽ പോയി. 8 മണിക്ക് നോമിനേഷൻ സൂക്ഷ്മപരിശോധന തുടങ്ങി. ആരുടേതും തള്ളിയില്ല. 8.30–ന് മടങ്ങിപോന്നു. കടമ്മനിട്ട ബാവുവും കൊച്ചുണ്ണൂണ്ണിയും വന്നു. ബാവു എന്നോടുപറഞ്ഞു കുറുപ്പു വിജയിക്കുവാൻ സാധ്യമല്ല. അതുകൊണ്ടു കൊച്ചൂണ്ണിണ്ണിക്ക് ഞങ്ങൾ വോട്ടുചെയ്യും. ഞാനഭിപ്രായമൊന്നും പറഞ്ഞില്ല. അച്ചൻ എന്റെ ജ്യേഷ്ഠനാണ്. അതുകൊണ്ടു അച്ചൻ പ്രസിഡന്റ് ആകുന്നത് സന്തോഷമാണ്. അച്ചനുവേണ്ടി നിൽക്കാം എന്ന് വാഗ്ദാനം ചെയ്തുപോയി. സന്ധ്യയ്ക്ക് ശ്രീ. എം.ഐ. ജോർജ്ജും മണ്ഡലം പ്രസിഡന്റ് ഇടിക്കുളയും കൂടിവന്ന് ചിലകാര്യങ്ങൾ ആലോചിച്ച് പോയി.

**30.** ഏബ്രഹാം പുതിയ മേലേതിനെ വിളിച്ചുവരുത്തി തങ്കപ്പൻ നായർക്കുവേണ്ടി മാറണമെന്നും ജാതിമത്സരം ഒഴിവാക്കണമെന്നും ശക്തിയായി പറഞ്ഞു. ഏബ്രഹാം പിന്മാറാൻ സമ്മതിച്ചാൽ മാത്രമേ ദാനിയേലിനോടു പറയുകയുള്ളൂ എന്ന് പറഞ്ഞു. ഏബ്രഹാം എതിരു പറഞ്ഞു. ചാങ്ങയിൽ ജോർജും ഉണ്ടായിരുന്നു. ഞാൻ ആ ശ്രമത്തിൽ നിന്നും പിന്മാറി.

**31.** ഉച്ചകഴിഞ്ഞ് കോൺഗ്രസ് മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഡി.സി.സി., കെ.പി.സി.സി. മെമ്പേഴ്സ് വന്ന് കോൺഗ്രസ് സ്ഥാനാർത്ഥികളായി ഓരോ വാർഡിൽ നിന്നും ആരെ നിറുത്തണമെന്ന് ആലോചിച്ചു. മിക്കവാറും എല്ലാ സ്ഥാനാർത്ഥികളും വന്നിരുന്നു. ചില വാർഡുകളെ സംബന്ധിച്ചു തീരുമാനം ചെയ്തു. മറ്റുള്ളവയെ സംബന്ധിച്ചു ഞായറാഴ്ച തീരുമാനിക്കാൻ നിശ്ചയിച്ചു. 30–ൽ പരം പേർക്ക് ഞാൻ ചായസൽക്കാരം നടത്തി. 9 മണിക്ക് പിരിഞ്ഞു.

**നവംബർ 2.** ഉച്ചകഴിഞ്ഞ് മുഖത്തലക്ക് തിരിച്ചു. 7 മണിക്ക് പള്ളിയിലെത്തി. പെരുനാളിന്റെ സജ്ജീകരണങ്ങൾ നടന്നിരുന്നു. പ്രാർത്ഥന നടത്തി. രാത്രിയിൽ സെന്റ് സെബാസ്റ്റ്യന്റെ ചരിത്രനാടകം നടന്നു. 11 മണിവരെ കണ്ടിട്ടു പോയി കിടന്നുറങ്ങി.

**3.** രാവിലെ 4.30–ന് എഴുന്നേറ്റു പ്രഭാത ഒരുക്കങ്ങൾ കഴിഞ്ഞ് പ്രാർത്ഥന നടത്തി. 5.30–ന് അച്ചന്റെ നിർദ്ദേശത്തിൽ കുർബാന ചൊല്ലി. 2



www.malankaralibrary.com

മണിക്കൂർ ഇരുന്ന് കുമ്പസാരം നടത്തി. പരസ്യകുർബാന റമ്പാച്ചൻ നടത്തി. പ്രൊസഷനും മറ്റും 11 മണിയോടു തീർന്നു. 1.45-ന് റമ്പാച്ചനോടകൂടി കാറിൽ തിരുവനന്തപുരത്തിന് തിരിച്ചു. കുണ്ടറ മഠത്തിൽ കയറിയിട്ടു അരമനയിൽ 4 മണിക്കെത്തി. 5 മണിക്ക് ആർ. ഡി.ഡി. ജോസഫിനെ കണ്ടു കരിങ്കുറ്റിക്കൽ ബേബിയെ (കെ.പി. ജോർജ്) എ.ഇ.ഒ. ആക്കുന്ന കാര്യം പറഞ്ഞു. അരമനയിലെത്തി.

**4.** അരമനയിൽ ചൊല്ലി. പന്തോളിലച്ചനെ കണ്ടു. ജോർജ് അച്ചനും ഞാനും കൂടി ഒരു ജൂനിയർ കോളേജ് മൈലപ്രാ തുടങ്ങുന്നതിന് അപേക്ഷ തയ്യാറാക്കി. യൂണിവേഴ്സിറ്റി ഓഫീസിലെത്തി രജിസ്ട്രാറുടെ ഓഫീസിൽ ഏല്പിച്ചു. ജോയികുട്ടിയുടെ pay fixation 17-ാം തീയതിയിലെ സിൻഡിക്കേറ്റിൽ തീരുമാനിക്കുമെന്ന് അറിഞ്ഞു. അരമനയിലെത്തി ഊണുകഴിഞ്ഞ് രൂപയും വാങ്ങി എന്റെ കാപ്പ പുതുക്കിയത് വാങ്ങിപോന്നു. 9 മണിക്കെത്തി.

**13.** രാവിലെ ഞാനും ഭാര്യയും കൂടി തിരുവനന്തപുരത്തിന് പോയി. മഠത്തിലും കോളേജിലും പോയി പിള്ളാരെ രണ്ടുപേരെയും കണ്ടു. 4 മണിക്ക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി ഓപ്പറേഷൻ കഴിഞ്ഞു കിടക്കുന്ന വല്ല്യകാലായിലെ ഏലിയാമ്മയെ (മൂത്ത ജ്യേഷ്ഠന്റെ മകൾ) കണ്ടു. 5 മണികഴിഞ്ഞ് അവിടെനിന്നും കവടിയാറിലെത്തി ചാമക്കാലായിലെ റോസമ്മയേയും കുഞ്ഞിനേയും കണ്ടിട്ടു ബഥനി ഹോസ്റ്റലിൽ എത്തി ഭാര്യയെ അവിടെ റോസമ്മയുടെ കൂടെയാക്കിയിട്ടു ഞാൻ പാളയം കത്തീഡ്രലിൽ എത്തി താമസിച്ചു.

**23.** രാവിലെ റേഡിയോയിൽ അമേരിക്കൻ പ്രസിഡന്റ് കെന്നഡിയെ ഒരു ഘാതകൻ വെടിവച്ചു കൊന്നതായി കേട്ടു. ഞെട്ടലുണ്ടായി വാർത്ത കേട്ടപ്പോൾ.

**25.** മാന്നാത്തെ കുഞ്ഞുമോൻ 300 രൂപയുടെ എം.ഒ. അയച്ചുതന്നു. ഞാൻ പഞ്ചായത്ത് സംബന്ധിച്ചു ഒരു വിശദമായ പ്രസ്താവന അച്ചടിപ്പിച്ചു പ്രചരിപ്പിച്ചു. അതിൽ ശ്രീ. സി.എസ്. നായർക്ക് (തങ്കപ്പൻ നായർ) വോട്ടുചെയ്ത് ജയിപ്പിക്കണമെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്.

**26.** ഇലക്ഷൻ പ്രചരണം നടക്കുന്നു. എന്റെ പ്രസ്താവനക്ക് എതിരായി ഏബ്രഹാം ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്.

**27.** മൈലപ്രാ ചൊല്ലി. 7 മണിക്ക് വോട്ടിംഗ് തുടങ്ങി. മൂന്നാം വാർഡിലേക്ക് ഇലക്ഷൻ ഇല്ല. ഞാൻ ഉച്ചവരെ വീട്ടിൽ വിശ്രമിച്ചു. നാലാം വാർഡിലേയും രണ്ടാം വാർഡിലേയും വോട്ടിംഗ് ട്രെയിനിംഗ് സ്കൂളിലും എൽ.പി. സ്കൂളിലുമായിട്ടാണ് നടക്കുന്നത്. ശ്രീ. സി.



www.malankaralibrary.com

എസ്. നായർക്ക് കൂടുതൽ കിട്ടുന്നുണ്ട്. തയ്യിൽ ശമുവേലച്ചനും കുഞ്ഞച്ചനും നാലാം വാർഡിൽ ഒരുപോലെ മുന്നേറുന്നു. ഉച്ച കഴിഞ്ഞ് മണ്ണാരകുളഞ്ഞിയിൽ എത്തി. അവിടെ ചേന്നാത്ത് ബേബിക്ക് (എലിശുബാ ടീച്ചർ) നല്ലവണ്ണം വോട്ട് കിട്ടുന്നുണ്ട്. ജയിക്കുമെന്നറിഞ്ഞു. അവിടെ നിന്നും മേക്കൊഴൂർ പോയി. ഒന്നും നിശ്ചയമായി പറയാൻ നിവൃത്തിയില്ല. ആറാം വാർഡിൽ ഇടിക്കുള ജയിക്കുമെന്ന് തോന്നുന്നു. കുഞ്ഞുതോമ്മാ കുറെ അനാവശ്യം പറഞ്ഞു. അച്ചന്മാർ വോട്ടിനിറങ്ങിയതിനെപ്പറ്റി. ഞാൻ വീട്ടിൽ തിരിച്ചെത്തി.

**28.** രാവിലെ 8 മണിക്ക് ബ്ലോക്കിൽ പോയി. അവിടെ വോട്ടെണ്ണൽ നടക്കുന്നു. പല പഞ്ചായത്തും എണ്ണി വിജയം പ്രസ്താവിച്ചു. മൈലപ്രായുടേത് 12 മണിക്കുശേഷം അറിഞ്ഞു. പ്രഭാകരൻ, സി.എസ്. നായർ, ശമുവേലച്ചൻ, തോമസ്, എം.എം. ഏബ്രഹാം എന്നിവർ ജയിച്ചു. ഏവരും അവിടെനിന്നും ജാഥയായി തിരിച്ചു 6 മണിക്ക് മണ്ണാരകുളഞ്ഞിയിൽ എത്തി പിരിഞ്ഞു. കൂടുതൽ നടന്നതുകൊണ്ടു ക്ഷീണം തോന്നി വീട്ടിലെത്തി വിശ്രമിച്ചു.

**29.** ഞാനും എം.ഐ. ജോർജും കൂടി ഉതിമൂട്ടിൽ പോയി. അവിടെ മേക്കൊഴൂർ ചേന്നാത്തു ബേബിയെ സ്വാധീനിക്കാൻ ചെന്നിരുന്നു. അവർ പ്രഭാകരനേയും പിടിക്കാൻ ശ്രമിച്ചു. അവർ രണ്ടുപേരും ഞങ്ങൾക്കുവേണ്ടി നിൽക്കുമെന്ന അഭിപ്രായം പറഞ്ഞു. മടങ്ങിപോന്നു. തയ്യിൽ കയറി ചിലതൊക്കെ ആലോചിച്ചു. സി.എസ്. നായർ പ്രഭാകരനെ കാണാൻ പോയി.

**30.** സി.എസ്. നായർ പ്രഭാകരനെ കണ്ടിട്ടുവന്നു. സി.എസ്. നോടു ചേർന്നു നില്ക്കും എന്നു പറഞ്ഞതായി അറിയിച്ചു. രാഘവനും ആ കാര്യത്തിൽ വേണ്ടതു ചെയ്തു. ഞാൻ പത്തനംതിട്ട പോയി പീലിപ്പോച്ചനെ കണ്ടു കേസുകാര്യം ഏർപ്പാടു ചെയ്തു. വീട്ടിലെത്തി തങ്കപ്പനെ വരുത്തി കേസുകാര്യം പറഞ്ഞു. അവന്റെ കയ്യിൽനിന്നും 200-ൽ പരം രൂപ ചെലവായിട്ടുണ്ടെന്ന് പറഞ്ഞു. ശ്രീ. എം.ഐ. ജോർജ് ഉതിമൂട്ടിൽ പോയി വേണ്ടവരെയൊക്കെ കണ്ടു പറഞ്ഞിട്ടുവന്നു. അവിടെനിന്നും ചിലർ ഇവിടെ വരുമെന്നും. അവർ വന്നു ഞാൻ അങ്ങോട്ടുചെല്ലണമെന്ന് പറഞ്ഞു. രാത്രി 10 മണിക്കുശേഷം ഞാനും സി.എസ്. നായരും കൂടി അവിടെ പോയി ചേന്നാത്ത് ബേബിയെയും മറ്റും അവിടത്തെ പ്രധാനികളേയും കണ്ടു. അവർ ഞങ്ങളോടു പറഞ്ഞു ബേബി ഞങ്ങളോടുകൂടി നിൽക്കുമെന്നും ഞാൻ പ്രസിഡന്റ് ആകുന്നതിൽ താല്പര്യമാണെന്നും ഒരുമിച്ചു നിൽക്കാമെന്നും നോമിനേഷന് ചേന്നാത്ത്



www.malankaralibrary.com

ബേബിയെ എടുത്താൽ കൊള്ളാമെന്നും പറഞ്ഞു. രാത്രി ഞാനും സി.എസും കൂടി പോന്നു. 1.30–ന് എത്തി.

**ഡിസംബർ 1.** രാവിലെ ചൊല്ലി. 5 മണിക്ക് മണ്ണാരകുളഞ്ഞിയിലെ കണ്ണൻമണ്ണിക്കാർ എഴുതി വാങ്ങിയ വസ്തു സംബന്ധിച്ച വഴക്ക് പറഞ്ഞു തീർക്കാൻ പോയി ശ്രമിച്ചു. 6 മണിക്ക് മേക്കൊഴൂരിൽ നിന്നും ഉതിമൂട്ടിൽ നിന്നും കൊച്ചുണ്ണൂണ്ണി, ബേബി മുതലായവർ വന്നു. തോമസും



മൈലപ്രാ ഗ്രാമപഞ്ചായത്ത് കാര്യാലയം

ഇടിക്കുളയും ഉതിമൂട്ടിൽ ചെന്ന് ബേബി അവരുടെ കൂടെ യോജിക്കാൻ നിർബന്ധിച്ചു എന്നും, സാധ്യമല്ലെന്ന് ബേബി തീർത്തു പറഞ്ഞന്നും എന്നോടു പറഞ്ഞു. തോമസും ഇടിക്കുളയും തയ്യിൽ അച്ചനെ പിടിക്കാൻ വന്നു എന്നും പറഞ്ഞു. കൊച്ചുണ്ണൂണ്ണിയുടെ ഭാര്യയെ നോമിനേറ്റു ചെയ്യണമെന്ന് അവർ പറഞ്ഞു. സ്ഥലത്തല്ലാത്തതുകൊണ്ടു സാധ്യമല്ലെന്ന് ഞാൻ പറഞ്ഞു. അവർ തിരിച്ചുപോയി. രാത്രി 9 മണിക്ക് ഞാനും സി.എസ്. നായരും കൂടി തയ്യിൽ പോയി അച്ചനെ കണ്ടു. തോമസും മറ്റും വന്ന് അച്ചൻ പ്രസിഡന്റാകണമെന്ന് അവർ പറഞ്ഞു എന്നും അച്ചൻ അത് നിഷേധിച്ചു എന്നും പറഞ്ഞു. 10 മണിക്ക് ഞങ്ങൾ മടങ്ങിപോന്നു.

**2.** കോന്നി ബ്ലോക്കിൽ പോയി ചില കാര്യങ്ങൾ ആലോചിച്ചു മടങ്ങിപോന്നു. വൈകിട്ടു തയ്യിൽ അച്ചൻ വന്ന് ഇന്നലെ മേക്കൊഴൂർക്കാർ വന്ന് പറഞ്ഞകാര്യം പറഞ്ഞു. എന്നെ പ്രസിഡന്റാക്കാൻ അവരെന്നെ നിർദ്ദേശിക്കാം. അങ്ങനെ എതിരില്ലാതെ തെരഞ്ഞെടുക്കാമെന്നും അതുകഴിഞ്ഞ് വൈസ് പ്രസിഡന്റായി മേക്കൊഴൂരിൽ നിന്നും ഒരാളെ എടുക്കണം എന്നും നോമിനേഷൻ ഇവിടെനിന്നും നടത്താം. അതിന് എതിരില്ല എന്നും പറഞ്ഞു. പ്രസിഡന്റ് ഇലക്ഷൻ കഴിഞ്ഞിട്ടു മറ്റേത് ആലോചിക്കാം എന്ന്പറഞ്ഞ് പിരിഞ്ഞു എന്ന് അച്ചൻ പറഞ്ഞു.



www.malankaralibrary.com

**3.** വൈകിട്ടു 5 മണിക്ക് മേക്കൊഴൂരിൽ നിന്നും രണ്ടു മെമ്പറന്മാരും തയ്യിൽ അച്ചനും വന്നു. സി.എസ്. നായരേയും വിളിച്ചു ആലോചിച്ചു പ്രഭാകരനേയും ബേബിയേയും കൂടി വേണ്ടതിനാൽ അവരേയും വരുത്തി, 8 മണിയോട് കൂടി പഞ്ചായത്തിന്റെ ഭാവി നന്മയെ കരുതി മെമ്പറന്മാർ ഒന്നിച്ചുനിന്ന് പ്രവർത്തിക്കണമെന്നും ഭിന്നത ഉണ്ടാകരുതെന്നും, മുമ്പ് എന്തുതന്നെ ഭിന്നത ഉണ്ടായിരുന്നാലും അവയെല്ലാം വിസ്മരിച്ചു എല്ലാവരും ഒന്നാകണമെന്നും ഞാൻ അഭിപ്രായപ്പെട്ടു. അത് എല്ലാവരും സമ്മതിച്ചു തീരുമാനിച്ചു. എന്നെ ഏകകണ്ഠമായി പ്രസിഡന്റായും, ശമുവേലച്ചനെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കണമെന്ന് നിശ്ചയിച്ചു. പഞ്ചായത്ത് ഉദ്ഘാടനം ജനുവരി 1-ന് മൈലപ്രാ-കാറ്റാടി റോഡുപണി ആരംഭിച്ചു നിർവഹിക്കാനും തീരുമാനിച്ചു. 10 മണിയോടു പിരിഞ്ഞു. ശ്രീ. എസ്. രാമൻപിള്ള കാറുമായി വന്ന്, ഞാൻ വലിയ അയന്തിയിൽ പോയി ക്രിസ്ത്യാനികളെ ജോണിനെതിരായി മാറ്റാൻ ചെല്ലണമെന്ന് പറഞ്ഞു. ഞാൻ നിരസിച്ചു. 11 മണിയോടു കൂടി കുമ്പഴക്കാർ വന്ന് പാറേൽ പൗലോസിന്റെ ഭാര്യയുമായുള്ള വഴക്ക് സംബന്ധിച്ചു പറഞ്ഞു. നാളെ വൈകിട്ടു വരാൻ പറഞ്ഞ് അവരെ വിട്ടു.

**4.** മണ്ണാരകുളഞ്ഞിയിലെ വസ്തു സംബന്ധിച്ചു 8 മണിക്ക് ഞാനും തയ്യിലെ അച്ചനും കൂടിപോയി ചില ഇടപാടുകൾ ചെയ്തിട്ടു മടങ്ങിപോന്നു.

**7.** രാവിലെപോയി മണ്ണാരകുളഞ്ഞിയിൽ കണ്ണംമണ്ണിൽ മത്തായിച്ചന്റെ വസ്തു സംബന്ധിച്ച വഴക്ക് തീർത്ത് ശരിപ്പെടുത്തികൊടുത്തു.

**8.** തിരുവനന്തപുരത്തിന് പോയി 3 മണിക്ക് അരമനയിൽ എത്തി. 5 മണിക്ക് മെഡിക്കൽ കോളേജ് ആശുപത്രയിൽ പോയി ഫിലിപ്പ് അച്ചനെ കണ്ടു. മഞ്ഞപിത്തരോഗം കുറവുണ്ട്. പിന്നീടു പേവാർഡ് റൂം 18-ൽ പോയി വയലാ ഇടിക്കുളയെ കണ്ടു കാര്യം പറഞ്ഞശേഷം മടങ്ങിപോന്നു, ബഥനി ഹോസ്റ്റലിൽ പോയി റോസമ്മയെ കണ്ടു മടങ്ങി അരമനയിലെത്തി.

**9.** അരമനയിൽ ചൊല്ലി. 10 മണിക്കുപോയി RDD Officer ശ്രീ. ജോസഫ്, ഗവൺമെന്റ് സെക്രട്ടറി, മറ്റു ചില ഓഫീസേഴ്സിനേയും കണ്ടു പല കാര്യങ്ങളും സംസാരിച്ചു. യൂണിവേഴ്സിറ്റിയിൽ പോയി ജൂനിയർ കോളേജിന്റെ കാര്യവും ആലോചിച്ചു. 12 മണിക്ക് മടങ്ങിവന്ന് പ്രാർത്ഥനയും ഊണും കഴിഞ്ഞ്, മടങ്ങിപോന്നു.



www.malankaralibrary.com

**12.** ഉച്ചകഴിഞ്ഞു ബി.ഡി.ഒ., പഞ്ചായത്ത് ഇൻസ്പെക്ടർ, എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പഞ്ചായത്ത് ഓഫീസിലെത്തി. മെമ്പേഴ്സ് എല്ലാം വന്ന് 3 മണിക്ക് മീറ്റിംഗ് തുടങ്ങി. ബി.ഡി.ഒ. അദ്ധ്യക്ഷനായിരുന്നു. വിശദവിവരങ്ങൾ പറഞ്ഞ് സത്യപ്രതിജ്ഞ നടത്തി. പ്രസിഡന്റ് ഇലക്ഷൻ കാര്യം പറഞ്ഞു. എന്നെ പ്രസിഡന്റായി ശ്രീ. ഇടിക്കുള നിർദ്ദേശിച്ചു. തോമസ് പിൻതാങ്ങി എതിരില്ലായ്കയാൽ ബി.ഡി.ഒ. പാസാക്കി പ്രഖ്യാപിച്ചു. എന്നെ ക്ഷണിച്ചു. ഞാൻ പ്രസിഡന്റായി. വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാൻ ക്ഷണിച്ചു. തയ്യിൽ അച്ചന്റെ പേരു അഭിപ്രായപ്പെട്ടു, പിൻതാങ്ങി. എതിരില്ലായിരുന്നു. അച്ചൻ തെരഞ്ഞെടുക്കപ്പെട്ടതായി ഞാൻ പ്രസ്താവിച്ചു. അനന്തരം നന്ദിപറച്ചിൽ ഞാൻ നടത്തി. ബി.ഡി.ഒ. യും മറ്റും പ്രസംഗിച്ചു. എല്ലാ ഭംഗിയായി നടന്നു.

**14.** വെളുപ്പിന് തിരിച്ചു 9.30-ന് മുഖത്തല പള്ളിയിലെത്തി. കുർബാന ചൊല്ലി കാപ്പികഴിഞ്ഞ് വിശ്രമിച്ചു. ഊണും കഴിഞ്ഞ് പോരാൻ നേരം എന്റെ കട മുറിയിലില്ല. അവിടെ ഉണ്ടായിരുന്ന കൊട്ടിയം പള്ളിയിലെ അച്ചൻ വെയിലായതുകൊണ്ടു കൊണ്ടുപോയതാണെന്നറിഞ്ഞു. മുഖത്തല നിന്നും ഒരു കൊച്ചനോടുകൂടി അവിടത്തെ കുടയുമായി ബസ് സ്റ്റാന്റിൽ വരെ വന്ന് മടങ്ങിപോന്നു.

**22.** മേക്കൊഴൂർ സ്വീകരണത്തിന് പോയി. പഞ്ചായത്ത് മെമ്പറന്മാർ 7 പേർക്കും സ്വീകരണം നടത്തി, മീറ്റിംഗ് കൂടി. ജോർജ് അച്ചൻ അദ്ധ്യക്ഷനായിരുന്നു. ബി.ഡി.ഒ. ഉദ്ഘാടനം നടത്തി. ഞാൻ എല്ലാ മെമ്പറന്മാർക്കുവേണ്ടി പ്രസംഗിച്ചു നന്ദിപറഞ്ഞു.

**25.** വെളുപ്പിന് 2.30-ന് പള്ളിയിലെത്തി യൽദോ ശുശ്രൂഷയും കുർബാനയും നടത്തി. 5.30-ന് തീർന്നു. വീട്ടിലെത്തി വിശ്രമിച്ചു. ചാലിലെ ചാക്കോ കൊച്ചപ്പൻ മരിച്ചതായി ആളുവന്നു പറഞ്ഞു. ഞാനും ജോയിയും കൂടി ചാലിൽ പോയി കൊച്ചപ്പനെ കണ്ടു. മടങ്ങിപോന്നു.

**26.** കൊച്ചപ്പന്റെ സംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു. പാലമൂട്ടിൽ വച്ചുനടന്ന കുടുംബയോഗത്തിലും സംബന്ധിച്ചു പലതും തീരുമാനിച്ചു.

**29.** രണ്ടാം വാർഡിലെ ആളുകൾ വീട്ടിൽ വന്നു. ശ്രീ. സി.എസ്. നായർ റോഡുപണി സംബന്ധിച്ചു ആലോചിച്ചു തീരുമാനിച്ചു.



www.malankaralibrary.com

# 1964

**ജനുവരി 1.** കുർബാന ചൊല്ലി. വീട്ടിലെത്തി ചില കാര്യങ്ങൾ ചെയ്തു. 9.30-ന് പഞ്ചായത്ത് കമ്മറ്റിക്കാർ വന്നു ചില കാര്യങ്ങൾ ആലോചിച്ചു. 10 മണിക്ക് കാറ്റാടിറോഡു പണി ഉദ്ഘാടനപ്രസംഗം നടത്തി ഞാൻ ആദ്യപണി ചെയ്തു. 60-ൽ പരം ആളുകൾ റോഡുവെട്ടാനുണ്ടായിരുന്നു. ആഫീസിലെത്തി പല കാര്യങ്ങളും ആലോചിച്ചു പിരിഞ്ഞു. വൈകിട്ടു മാവേലി അച്ചനും ഇടിക്കുളയും വന്ന് ഒരുമിച്ചു ഡി.ഇ.ഒ.യെ കണ്ടു മേക്കൊഴൂർ എച്ച്.എസ്.ന്റെ കാര്യം പറഞ്ഞു. സെമിത്തേരി തർക്കം മാറ്റി തന്നാൽ വേണ്ടത് ചെയ്യാം എന്നു പറഞ്ഞു. ഞങ്ങൾ മടങ്ങിപോന്നു.

**3.** കിഴവള്ളൂർ ബ്ലോക്ക് ഓഫീസിൽ എത്തി, 2.30-ന് മീറ്റിംഗ് തുടങ്ങി. ബി.ഡി.ഒ. അദ്ധ്യക്ഷൻ, 3 പ്രസിഡന്റ്സ് മാത്രമേ വന്നുള്ളൂ. 8-ാം വാർഷിക സ്പോർട്സ് സംബന്ധിച്ചു ആലോചിച്ചു പിരിഞ്ഞു.

**5.** മാക്കാംകുന്നേൽ ജോർജിന്റെ വീട്ടിലെത്തി. കുടുംബയോഗത്തിന് ആൾക്കാർ വന്നുതുടങ്ങി. 3 മണിക്ക് കൊച്ചപ്പന്റെ (ഫാ. ഗീവർഗീസ് കോറെപ്പിസ്കോപ്പാ) അദ്ധ്യക്ഷതയിൽ കൂടി പല തീരുമാനങ്ങളും എടുത്തു. വർക്കിംഗ് കമ്മറ്റി കൺവീനറായും ട്രഷറർ ആയും എന്നെ എടുത്തു. അടുത്ത ഞായറാഴ്ച 2 മണിക്ക് കൊടുപ്പള്ളിൽ കമ്മറ്റി കൂടാൻ നിശ്ചയിച്ചു. കാപ്പി കഴിഞ്ഞ് പിരിഞ്ഞു. പിന്നീടു ചാലിൽ എത്തി അടിയന്തിരം നടത്തുന്നതിനെപ്പറ്റി ആലോചിച്ചു നിശ്ചയിച്ചു. 5 മണിക്ക് മടങ്ങിപോന്നു.

**6.** ഏബ്രഹാം അച്ചനും ഞാനും കൂടി 4 മണിക്ക് കടമ്മനിട്ടക്ക് പോയി. വൈകിട്ടു കടമ്മനിട്ട ആശുപത്രിയിലെത്തി കൊങ്ങണം കുട്ടിയെ കണ്ടു. അനന്തരം പള്ളിയിലെത്തി. പെരുനാൾ പ്രാർത്ഥനയും മറ്റും നടത്തി. 12 മണിക്ക് ഉറങ്ങാൻ കിടന്നു.

**7.** രാവിലെ എഴുന്നേറ്റു പ്രാർത്ഥനയും മറ്റും കഴിഞ്ഞ് പള്ളിയിലെത്തി 7.30-ന് മൂന്നിന്മേൽ കുർബാന എന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. 9 മണിക്ക് കാപ്പികഴിഞ്ഞു മടങ്ങിപോന്നു. ദേഹത്ത് വേദനയും മറ്റുമുള്ളതുകൊണ്ടു വിശ്രമിച്ചു കുടുംബചരിത്രം സംബന്ധിച്ചു ചിലതെല്ലാം ചെയ്തു.

**8.** പഞ്ചായത്ത് കമ്മറ്റി 3 മണിക്ക് തുടങ്ങി ചില നിശ്ചയങ്ങൾ ചെയ്തു. അനൗപചാരികമായി സ്ത്രീ നോമിനേഷൻ കാര്യം ആലോചിച്ചു. യോജിപ്പിൽ വന്നില്ല. മേക്കൊഴൂർക്കാർ വടംവലി നടത്തുന്നു.



www.malankaralibrary.com

**9.** പഞ്ചായത്ത് മെമ്പേഴ്സിന്റെയും വില്ലേജ് വോളന്റീയർ ഫോഴ്സിന്റെയും സംയുക്തസമ്മേളനം 10 മണിക്ക് നടന്നു. ബി.ഡി.ഒ. ശ്രീ. രാമൻകുട്ടിയും മറ്റും ഉണ്ടായിരുന്നു. കമ്യൂണിറ്റി ഡെവലപ്പ്മെന്റ് സ്കീമിന്റെ നടത്തിപ്പിന് പഞ്ചായത്തിലെ പ്രവർത്തനവും കൂടി സംഘടിപ്പിച്ചു ക്ലാസ് നടന്നു. ഉച്ചകഴിഞ്ഞും ക്ലാസ് നടത്തി. ഊണ് പഞ്ചായത്ത് മെമ്പറന്മാരുടെ വകയായിരുന്നു. ഞാൻ കുറെ കാര്യങ്ങൾ വിശദീകരിച്ചു സഹായങ്ങൾ അഭ്യർത്ഥിച്ചു. 4 മണിക്ക് തിരുവനന്തപുരത്തിന് തിരിച്ചു 8 മണിക്ക് അരമനയിലെത്തി. തിരുമേനിയെ കണ്ടു. പല അച്ചന്മാരും വന്നിരുന്നു.

**10.** അരമനയിൽ ചൊല്ലി. 7 മണിക്ക് തിരുമേനിയുടെ ഫീസ്റ്റിന്റെ കുർബാന കത്തീഡ്രലിൽ ചൊല്ലി. ഞാൻ ഗവൺമെന്റ് പ്രസ്സിൽ പോയി പഞ്ചായത്ത് റൂൾസ് & ആക്ട് ബുക്ക് വാങ്ങി, തിരിച്ചെത്തി. ഫീസ്റ്റിന്റെ ഊണിന് അനേകം അച്ചന്മാരും അതിഥികളും ഉണ്ടായിരുന്നു. തിരുമേനിക്ക് മംഗളാശംസിച്ചു ഞാൻ പ്രസംഗിക്കണമെന്ന് വി.ജി. കുരുവിള അച്ചൻ പറഞ്ഞതനുസരിച്ചു 15 മിനിട്ടു നേരം പ്രസംഗിച്ചു ആശംസകൾ നേർന്നു. എന്റെ പ്രസംഗത്തിൽ പുരോഗമനപരമായ കാര്യങ്ങൾ ചെയ്യണം, മാർപാപ്പാ പോലും പഴയതിൽ നിന്നും വളരെ വിട്ടുവീഴ്ചകൾ ചെയ്യുന്നു, രൂപത വിഭജിക്കണം, കൂടുതൽ പ്രവർത്തനങ്ങൾ നടക്കണം, എല്ലാ വിഭാഗത്തിൽ ഉള്ളവരേയും ഉൾകൊള്ളിച്ചു ഒരു ഡെവലപ്പ്മെന്റ് കമ്മറ്റി രൂപീകരിച്ചു പുരോഗമനകാര്യങ്ങൾ നിർവഹിക്കണമെന്നും മറ്റും പ്രസംഗിച്ചു. ഏവർക്കും പ്രസംഗം പിടിച്ചു ആഹ്ളാദം പ്രകടിപ്പിച്ചു. എന്നാൽ തിരുമേനി അത്ര സന്തോഷം പ്രകടിപ്പിച്ചതായി കണ്ടില്ല. അദ്ദേഹം മറുപടി പറഞ്ഞതിൽ അഭിപ്രായം ഒന്നും പറഞ്ഞില്ല. പ്രസംഗവും ഊണും കഴിഞ്ഞു വെളിയിൽ വന്നപ്പോൾ അനേകം അച്ചന്മാർ എന്റെ അടുക്കൽ വന്ന് ഷേക്ക് ഹാന്റ് തന്ന് സന്തോഷം പ്രകടിപ്പിച്ചു. വളരെ നന്നായി എന്നും. ഞാനും ഏബ്രഹാം അച്ചനുംകൂടി 4 മണിക്ക് തിരിച്ചു 9 മണിക്ക് എത്തി.

**12.** നന്നുക്കാട്ടു പോയി 9 മണിക്ക് വൈക്യത്ത് കൊച്ചപ്പന്റെ വീട്ടിലെത്തി. ബേബിയെ കണ്ടില്ല കാത്തിരുന്നു. ഊണുകഴിഞ്ഞു 2 മണിക്കു ശേഷം ഇലന്തൂർ കൊടുപള്ളിൽ പോയി. കുടുംബയോഗം കൂടാൻ നിശ്ചയിച്ചപ്രകാരം അവിടെയുള്ള ശാഖയിലെ നേതാക്കന്മാർ വന്നു. മാക്കാംകുന്നേൽ നിന്നും ബേബിയും സ്റ്റീഫനും വന്നു. ഇലന്തൂരിലുള്ള ഓരോ ശാഖയുടേയും ചരിത്രം തയ്യാറാക്കി ഏല്പിക്കാൻ



www.malankaralibrary.com

ഏർപ്പാടു ചെയ്തു. 5 മണിക്ക് യോഗം പിരിഞ്ഞു. ഞാൻ പള്ളിയിൽ പോയി അച്ചനെ കണ്ടിട്ടു മടങ്ങിപോന്നു. സി.എസ്. നായർ വന്ന് ചേന്നാട്ടു ബേബിയെ സ്ത്രീകളുടെ നോമിനേഷനിൽ എടുക്കാൻ മറ്റുള്ളവരെല്ലാം തീരുമാനിച്ചതായി പറഞ്ഞു. ഞാനും യോജിച്ചു.

**13.** രാവിലെ കൊല്ലത്തിന് പോയി. 9.30-ന് എത്തി. കളക്ടറേറ്റിൽ പോയി ചിന്നമ്മ ജോണിന്റെ പാസ്പോർട്ട് കാര്യം പറഞ്ഞു. അതുകഴിഞ്ഞു ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടർ ശ്രീ. മൈക്കിളിനെ കണ്ടു പഞ്ചായത്ത് ഓഫീസിന് കല്ലിടാൻ ക്ഷണിച്ചു. 26-ാം തീയതി വരാമെന്ന് സമ്മതിച്ചു. അതുകഴിഞ്ഞു കൊട്ടാരക്കര വഴി പോന്നു, 3.30-ന് വീട്ടിലെത്തി.

**14.** രാവിലെ എഴുന്നേറ്റപ്പോൾ ആഞ്ഞിലികുന്നിൽ നിന്നും ഒരാൾ വന്ന് ചരുവിലേത്ത് അച്ചൻ കഴിഞ്ഞരാത്രി 10.30-ന് മരിച്ചതായി പറഞ്ഞു. ഉടനെ പള്ളിയിലെത്തി കുർബാന കഴിഞ്ഞു ഏബ്രഹാം അച്ചനോടുകൂടി നന്നുക്കാട്ടു കാറിൽ പോയി തോമസ് പണിക്കരച്ചനേയും വിളിച്ചു ആഞ്ഞിലികുന്നിൽ അച്ചന്റെ വീട്ടിൽ എത്തി, ഒന്നാം തെശുമെശുത്താ എത്തിച്ചു. പള്ളിയിൽ പോയി കല്ലറ പണിയാൻ ഏർപ്പാടു ചെയ്തു. 12 മണിയോടുകൂടി വീണ്ടും അച്ചന്റെ വീട്ടിൽ എത്തി രണ്ടും മൂന്നും തെശുമെശുത്താ എത്തിച്ചു. 1 മണിക്ക് പള്ളിയിലെത്തി 3 മണിക്ക് ഊണു കഴിച്ചു, ചക്കാലമണ്ണിൽ അച്ചന്റെ വീട്ടിലെത്തി വിശ്രമിച്ചു. 4 മണിക്ക് വീണ്ടും വീട്ടിലെത്തി. 4.15-ന് തിരുമേനി വന്നു പ്രാർത്ഥന കഴിഞ്ഞു. താഴത്തുവീട്ടിലച്ചന്റെ പ്രസംഗവും മറ്റും കഴിഞ്ഞ് തിരുമേനിയും പ്രസംഗിച്ചു. 6 മണിക്ക് ഏവരും പള്ളിയിലെത്തി സംസ്കാരം നടന്നു. 9 മണിക്ക് ജോണച്ചന്റെ കാറിൽ ഏബ്രഹാം അച്ചനും ആയി വീട്ടിലെത്തി. കാലിലെ വേദനക്ക് കുറവില്ല.

**16.** രാവിലെ 11 മണിക്ക് പഞ്ചായത്ത് ഇൻസ്പെക്ടർ വന്ന് പഞ്ചായത്ത് ആക്ട് സംബന്ധിച്ചു ക്ലാസ് നടത്തി, 12 മണിവരെ സംബന്ധിച്ചു. ക്ഷീണംകൊണ്ടു വന്നു കിടന്നു. അവർ ഊണുകഴിച്ചു, ഞാൻ കഞ്ഞി കുടിച്ചു. 4 മണിക്ക് പത്തനംതിട്ട പോയി ഡോക്ടരെ കണ്ടു. നല്ലതുപോലെ പരിശോധന കഴിഞ്ഞ് റ്റാബ്ലെറ്റ്സും ഇൻജക്ഷനും തന്നു. ഏബ്രഹാം അച്ചൻ ചാങ്ങയിൽ ജോർജിന്റെ കൂടെ വന്നു. 6 മണിക്ക് വീട്ടിലെത്തി.

**18.** വീട്ടിൽ തന്നെ. വേദന കുറവുണ്ട്. 1 മണികഴിഞ്ഞ് പഞ്ചായത്ത്



www.malankaralibrary.com

കമ്മറ്റികൂടി സ്ത്രീ നോമിനേഷൻ കാര്യം എടുത്തു. ദേവകി ദിവാകരൻ, എലിശുബാ അബ്രഹാം (ബേബി) ഇവരുടെ നോമിനേഷൻ പേപ്പർ മറ്റു മെമ്പേഴ്സ് സമർപ്പിച്ചു. ആരെങ്കിലും പിന്മാറുന്നുണ്ടെങ്കിൽ അതിലേക്കായി 15 മിനിട്ടു അനുവദിച്ചു. ആരും പിന്മാറിയില്ല. ഒടുവിൽ ബാലറ്റ് പേപ്പർ ഏവർക്കും കൊടുത്തു. വോട്ടിങ്ങിൽ 3, 4 വോട്ടുകൾ വന്നതുകൊണ്ടു എലിശുബാ തെരഞ്ഞെടുക്കപ്പെട്ടതായി പ്രസിഡന്റ് പ്രസ്താവിച്ചു. അനന്തരം എലിശുബായെ കൊണ്ടു സത്യപ്രതിജ്ഞ നടത്തി. റിപ്പബ്ലിക് ദിനം, ഓഫീസ് കല്ലീടിൽ ഇതെല്ലാം നടത്താൻ ആലോചിച്ചു. ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി പിരിഞ്ഞു.

**20.** അസുഖം കുറവുണ്ട്. ജോയികുട്ടി ഒരു കത്തും 250 രൂപയുടെ ഡ്രാഫ്റ്റും അയച്ചുതന്നു. അച്ചന്മാർ (ഹെഡ്മാസ്റ്റർ ഫാ. താഴത്തു വീട്ടിൽ, ഫാ. തെക്കേടത്ത്) വീട്ടിൽ വന്നു. ഇന്നു സ്കൂൾ വാർഷികം ആയിരുന്നു. സന്ധ്യ കഴിഞ്ഞു പഞ്ചായത്ത് സബ്ബ് കമ്മറ്റികൂടി ഓഫീസിന് കല്ലിടുന്ന കാര്യവും മറ്റും ആലോചിച്ചു. ശ്രീ. മൈക്കിളിനെ ക്ഷണിക്കാൻ നിശ്ചയിച്ചു.

**26.** പഞ്ചായത്ത് ഓഫീസ് സ്ഥലത്ത് പോയി ആളുകൾ കൂടി. സി.എസ്. നായർ പതാക ഉയർത്തി. വൈകിട്ടത്തെ മീറ്റിംഗിന് വേണ്ട ഏർപ്പാടുകൾ ചെയ്തശേഷം വീട്ടിലെത്തി വിശ്രമിച്ചു. 2 മണിയോടുകൂടി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. മൈക്കിൾ വീട്ടിൽ വന്ന് വിശ്രമിച്ചു. 4 മണിക്ക് ഞങ്ങൾ ഒരുമിച്ചു സ്ഥലത്തെത്തി. 4.25 കല്ലീടിൽ കർമ്മം നടന്നു, അനന്തരം മീറ്റിംഗ് കൂടി ഞാൻ സ്വാഗതപ്രസംഗം നടത്തി. കുമാരൻ നായർ, നാണു നായർ, കെ.പി. ജോർജ് എന്നിവർ പ്രസംഗിച്ചു. കെ.റ്റി. ഇടിക്കുള നന്ദി പറഞ്ഞു. ടീപാർട്ടി കഴിഞ്ഞ് പിരിഞ്ഞു.

**28.** പത്തനംതിട്ട പോയി ശ്രീ. എൻ.ജി. ചാക്കോയ്ക്ക് പഞ്ചായത്ത് സംബന്ധിച്ച ചില കാര്യങ്ങൾ കുറിച്ചുകൊടുത്തു. 1.15–ന് കിഴവള്ളൂർ ബ്ലോക്ക് ഓഫീസിൽ എത്തി ചില കാര്യങ്ങൾ ആലോചിച്ചു. 2.30–ന് ബി.ഡി.സി. കൂടി. പുതിയ 6 പഞ്ചായത്ത് പ്രസിഡന്റ്സ് വന്നിരുന്നു. മറ്റുപലരും ഉണ്ടായിരുന്നു. പല കാര്യങ്ങൾ ആലോചിച്ചു. കിണറുകളുടെ കാര്യവും മറ്റും കുറുപ്പു മെമ്മോറിയൽ റോഡു സംബന്ധിച്ചു 33,000 രൂപയുടെ 1/10 കുറച്ചു ജോലി നടത്താൻ ഒരു നോമിനിയേ അയക്കണമെന്ന് പറഞ്ഞു. എന്നാൽ വർക്ക് കൊടുക്കാമെന്ന്. 5 മണിക്ക് യോഗം പിരിഞ്ഞുപോന്നു.

**30.** ഏബ്രഹാം അച്ചനും ജേക്കബ് ജോണച്ചനും കൂടി തിരുവനന്തപുര



www.malankaralibrary.com

ത്തുനിന്നും വന്ന് കണ്ട് ചില വിവരങ്ങൾ പറഞ്ഞു. കടമ്മനിട്ട ജോർജ്ജും അവിടത്തെ അച്ചനുമായി പിശകിയിരിക്കയാണെന്നും ഒരു കേസ് ഫസ്റ്റ് ക്ലാസ്സിൽ കൊടുത്തിട്ടുണ്ടെന്നും പറഞ്ഞു. അവിടെനിന്നും പല വീട്ടുകാരും സഭവിട്ടു എന്നും ഇനിയും പോകുമെന്നും പറഞ്ഞിട്ടുഅവർ മടങ്ങിപോയി. 4മണിക്ക് office പണിസ്ഥലത്ത് പോയി നോക്കി. ചെറിയാനുമായി മടങ്ങിവന്നു. കുറുപ്പ് മെമ്മോറിയൽ റോഡു ചെറിയാനെ നോമിനിയായി റിപ്പോർട്ട് ചെയ്താൽ ഏറ്റെടുക്കാമെന്ന് പറഞ്ഞതനുസരിച്ച് അപേക്ഷവാങ്ങി. ആവശ്യമായ കത്ത് എഴുതി നാളെ 10 മണിക്ക് കിഴവള്ളൂർ പോയി വേണ്ടത് ചെയ്യുന്നതിന് തീരുമാനിച്ചു.

**31.** രാവിലെ പത്തനംതിട്ടയിൽപോയി എൻ.ജി. ചാക്കോയെ കണ്ടു. ഗുമസ്തൻ വറുഗീസിനെയും കണ്ട്, കമ്മിഷൻ പടിവാങ്ങാനുള്ള ഓർഡർ ഇട്ടുവെന്നും ഇന്നുതന്നെ വാങ്ങാമെന്നും അയാൾ പറഞ്ഞു. അത് കഴിഞ്ഞ് ബ്ലോക്ക് ഓഫീസിൽ പോയി കുറുപ്പ് മെമ്മോറിയൽ റോഡുപണിക്കുള്ള നോമിനിയുടെ കത്തും എന്റെ ശിപാർശകത്തും കൊടുത്ത് ബി.ഡി.ഒ ആയി സംസാരിച്ചു. ഉടനെ വേണ്ടതു ചെയ്യാമെന്നു പറഞ്ഞു. നോമിനി ചെറിയാനും ഉണ്ടായിരുന്നു. മടങ്ങിവന്ന് ഊണുകഴിച്ച് വിശ്രമിച്ചു. പഞ്ചായത്തിന് പത്ത് വർഷത്തേക്ക് 10,000 രൂപാ കടം അനുവദിച്ച്കൊണ്ടുള്ള കത്ത് കിട്ടി. 5 മണിക്ക് പള്ളിയിലെത്തി അച്ചനുമായി സംസാരിച്ചു.

**ഫെബ്രുവരി 1.** 5 മണിക്ക് പഞ്ചായത്ത് പണി കാണാൻ പോയിട്ടു വന്നു. പത്തനംതിട്ട നിന്നും തോമസ് പണിക്കരച്ചൻ വന്നു. രണ്ടു H M അച്ചൻമാരും (Fr. Thazhathuveettil, Fr. C. Mathew) വന്നു കുറേ സമയം ഇരുന്നു സംസാരിച്ചിട്ടു അവർ പോയി.

**4.** രാവിലെ മാക്കാം കുന്നേൽചാലിൽ എത്തി അടിയന്തിരത്തിൽ സംബന്ധിച്ചു. പാലമൂട്ടിൽ മത്തായികൊച്ചപ്പനോടു കൂടി ഇരുന്ന് കുടുംബ ചരിത്രം കുറെ എഴുതി. വീട്ടിലെത്തി 5 മണിക്ക് ട്രെയിനിംഗ് കുട്ടികൾ താമസിക്കുന്ന വസതിയിൽ എത്തി അവർക്കുള്ള പ്രയാസങ്ങൾ കേട്ടു. പർത്തലപാടിയിൽ ജോർജിനെ വിളിച്ചു ട്രെയിനിംഗ് കുട്ടികൾക്കുള്ള പ്രയാസങ്ങൾ പറഞ്ഞു. അവൻ അവരുടെ താമസത്തിന് തടസ്സം ഉണ്ടാക്കാതിരിക്കാൻ പറഞ്ഞു. അവരുടെ വേലക്കാരി അവിടെനിന്നും പോകണമെന്ന് ജോർജ് പറഞ്ഞതാണ് കാരണമെന്നറിഞ്ഞു.

**5.** രാവിലെ 6 മണിക്ക് പഞ്ചായത്ത് ഓഫീസർ ചാണ്ടിവന്നു. തങ്കപ്പൻനായരും കൂടി ഞങ്ങൾ കാറിൽ തിരുവനന്തപുരത്തിനു



www.malankaralibrary.com

പോയി. പഞ്ചായത്ത് ഡയറക്ടരാഫീസിൽ 11 മണിക്കെത്തി 10,000 രൂപ കടത്തിന്റെ ഉടമ്പടി തയ്യാറാക്കാൻ ഏർപ്പാടു ചെയ്തു. ഞാൻ Deputy Director ഗൗരിഅമ്മയെ കണ്ടു പഞ്ചായത്തു സംബന്ധിച്ചു പലതും പറഞ്ഞു. ഉടമ്പടി ടൈപ്പ് ചെയ്യാൻ ഞാനും ചാണ്ടിയും വെളിയിൽ പോയി ടൈപ്പ് ചെയ്യിച്ച് ഭക്ഷണവും കഴിഞ്ഞ് 1.30 ന് ഓഫീസിൽ വീണ്ടും എത്തി. എല്ലാം തയ്യാറാക്കി 3 മണിയോടു അവിടെ നിന്നും പോന്നു. വന്നവഴി ഞാൻ പട്ടത്തു ഇറങ്ങി അരമനയിൽ എത്തി. ചാണ്ടിതിരിച്ചുപോയി. ജോണച്ചനുമായി ചില കാര്യങ്ങൾ പറഞ്ഞു. അരമനയിൽ നിന്നും അലവൻസും മറ്റും വാങ്ങി തങ്കപ്പൻനായരോടുകൂടി കാറിൽ മടങ്ങി കോളേജിൽ കയറി മണിയെകണ്ടു സംസാരിച്ചു. പിന്നെ ഇഞ്ചക്കലോടിഅച്ചനേയും കണ്ടിട്ടു പോന്നു. 11.30 ന് വീട്ടിലെത്തി.

**7.** പത്തനംതിട്ടപോയി ചാക്കോ സാറിന്റെ മകന്റെ കേസ് സംബന്ധിച്ചു എസ്.ഐ യെ കണ്ടു ജാമ്യം കൊടുക്കണമെന്ന് പറഞ്ഞു. കൊടുക്കാമെന്ന് എസ് ഐ പറഞ്ഞു. മടങ്ങിവന്നു വിശ്രമിച്ചു. വൈകിട്ടു ഊണും കഴിഞ്ഞ് പള്ളിയിലെത്തി അച്ചനും ഞാനുംകൂടി കുമ്പഴ അച്ചന്റെ വീട്ടിൽ താമസിച്ചു.

**8.** വെളുപ്പിന് എഴുന്നേറ്റ് അച്ചന്റെ വീട്ടിൽ ചൊല്ലി. 8 മണി യോടുകൂടി ആഞ്ഞിലികുന്നേൽ ചരുവിലേത്ത് അച്ചന്റെ അടിയന്തിരത്തിൽ സംബന്ധിക്കാൻ ഞങ്ങൾപോയി. 9 മണി കഴിഞ്ഞു കുരുവിള അച്ചനും മറ്റും വന്ന് മൂന്നിൻമേൽ കുർബാന ചൊല്ലി ധൂപം വച്ചു. ഊണും മറ്റും കഴിഞ്ഞ് കുരുവിള അച്ചന്റെ കൂടെ കുമ്പഴ അച്ചന്റെ വീട്ടിലെത്തി അച്ചനെകണ്ടിട്ട് 3 മണിക്ക് മൈലാപ്രാ എത്തി വിശ്രമിച്ചു. ഒരുമിച്ച് സ്കൂൾപണിയുന്നിടത്ത് പോയിട്ടു വീട്ടിലെത്തി. കുരുവിള അച്ചൻ ഈവഴി കടമ്മനിട്ടയ്ക്ക് പോയി.

**11.** ഉച്ചകഴിഞ്ഞ് തിരിച്ചു 6.15-ന് മുഖത്തലപള്ളിയിലെത്തി. കുളിച്ച് കാപ്പിയും മറ്റും കഴിഞ്ഞ് സന്ധ്യാപ്രാർത്ഥന നടത്തി. ഊണും കഴിഞ്ഞ് അച്ചനുമായി 10 മണിവരെ അരമന സംബന്ധിച്ചും മറ്റും സംസാരിച്ച് കഴിഞ്ഞ് ഉറങ്ങാൻ കിടന്നു.

**12.** മുഖത്തല പള്ളിയിൽ മൂന്നിൽമേൽ കുർബാന ചൊല്ലി. 13 രൂപ അച്ചനെ ഏൽപ്പിച്ചു. അവിടെ നിന്നും കൊല്ലത്തു പോയി 12 മണി യോടുകൂടി കളക്ടർ സി.കെ. കൊച്ചുകോശിയെ കണ്ടു വീണ്ടും ഒരപേക്ഷ സിമന്റിനായി എഴുതികൊടുത്തു. അതിൽ ഓർഡർ ഇട്ടു തന്നു. ഉടൻതന്നെ ഞാൻ ചെറിയാന്റെ മരുമകൻ ചാക്കോച്ചനെ



www.malankaralibrary.com

വിളിച്ചു ഏർപ്പാടു ചെയ്തു. ഊണുകഴിഞ്ഞു തിരുവനന്തപുരത്തിന് തിരിച്ചു. അരമനയിൽ 4 മണിക്ക് എത്തി.

**13.** അരമനയിൽ ചൊല്ലി, മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ പോയി ഇഞ്ചക്കലോടി അച്ചനെ അന്വേഷിച്ചു. മടങ്ങിപോയെന്ന് അറിഞ്ഞതിനാൽ അരമനയിലെത്തിയിട്ടു അച്ചനെകാണാൻ കുന്നിൽപോയി. പലതും സംസാരിച്ചു. ഒടുവിൽ തിരുമേനിയുമായി സംഭാഷണം നടത്തുന്നതിനു അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കത്ത് ഞാനും ഇഞ്ചക്കലോടിയച്ചനും കൂടി തയ്യാറാക്കി ഒപ്പിട്ടു. അവിടെ നിന്നും ഊണുകഴിഞ്ഞു തിരിച്ചുപോരാൻ ബസ്കാത്തു നിന്നു. കിട്ടിയില്ല. അപ്പോൾ പുതുപ്പള്ളിക്കാരൻ ഒരു റിട്ട. എഞ്ചിനിയർ ചെറിയാച്ചന്റെ കാറിൽ കയറി ആയൂർ എത്തി. അവിടെ നിന്നും ബസിൽ പോന്നു. 9 മണിക്ക് വീട്ടിലെത്തി.

**15.** പത്തനംതിട്ട ആശുപത്രിയിൽ പോയി രണ്ടുമൂന്നുപേരെ കണ്ടിട്ട് പലസാധനങ്ങൾ വാങ്ങി വീട്ടിലെത്തി. ഇന്നു തെങ്ങുംതറ കുടുംബ ചരിത്രം എഴുതിതുടങ്ങി.

**18.** ഏനാത്ത് കാവനാൽ 10 മണിക്ക് എത്തി. അവിടെ പാപ്പിച്ചായൻ ഉണ്ടായിരുന്നു. കുടുംബചരിത്രം സംബന്ധിച്ച് പലതും ചോദിച്ചറിഞ്ഞു എഴുതി എടുത്തു. ഊണുകഴിഞ്ഞ് വിശ്രമിച്ചിട്ട് 6 മണിക്ക് മടങ്ങിപോന്നു. രാത്രി കുറേ കുടുംബ ചരിത്രം എഴുതി.

**19.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു 9.15 ന് അരമനയിലെത്തി. 10.15 ന് കൗൺസിൽ കൂടി. എല്ലാവരും ഉണ്ടായിരുന്നു. പലകാര്യങ്ങളും ആലോചിച്ച് തീരുമാനിച്ചു. ഓമല്ലൂരിലെ വിശ്വഭാരതിസ്കൂൾ വാങ്ങാൻ നിശചയിച്ചു. 65,000 രൂപ, 3 ഏക്കർ സ്ഥലം കിട്ടണം. അതുകഴിഞ്ഞ് കുരുവിള അച്ചൻ അരമന സംബന്ധിച്ചും മറ്റും പറഞ്ഞു. തോട്ടത്തിന്റെ കാര്യത്തിൽ വളരെ കുഴപ്പങ്ങളുണ്ടെന്നും പറഞ്ഞു. അതുപോലെ മറ്റു പലകാര്യത്തിലും. രാത്രിയിൽ പലരുമായി പലതും സംസാരിച്ചു കഴിഞ്ഞ് ഉറങ്ങാൻ കിടന്നു.

**20.** അരമനയിൽ ചൊല്ലി ഇഞ്ചക്കലോടി അച്ചനെ പോയി കണ്ടു സംസാരിച്ചു. അരമനയിൽ തിരിച്ചെത്തി കാപ്പികുടികഴിഞ്ഞ് ടൗണിൽ പോയി ബസിൽ പോന്നു. 1.30-ന് വീട്ടിലെത്തി. ഇന്ന് പഞ്ചായത്ത് ജോലി കുറേ ചെയ്തു.

**21.** രാവിലെ അബ്രഹാം അച്ചനോടുകൂടി കോട്ടയത്തിനു പോയി. ഞാൻ ദേവലോകം അരമനയിൽ പോയി മാർ ഈവാനിയോസ് തിരുമേനിയെ കണ്ടു സ്കൂൾ കാര്യം സംബന്ധിച്ചു പറഞ്ഞു. അനന്തരം



www.malankaralibrary.com

മാനേജർ ജേക്കബ് അച്ചനേയും കണ്ടു. അവിടെനിന്നും മടങ്ങി ചങ്ങനാശ്ശേരിയിൽ കുരിശും മൂട്ടിൽ പോയി ആനന്ദവല്ലിയേയും കുഞ്ഞിനേയും കണ്ടിട്ടു കുറേകഴിഞ്ഞ് മടങ്ങിപോന്നു.

**23.** രാവിലെ ചൊല്ലിയിട്ടു കുമ്പസിരിപ്പിച്ചുകൊണ്ടിരുന്നപ്പോൾ 7.55ന് തിരുമേനി വന്നു. 8.15 ന് കുർബാന തുടങ്ങി പ്രസംഗിച്ചു. പള്ളിയിൽ ഞങ്ങൾ ചെലവഴിച്ചു. പത്രത്തിൽ ഇന്നലെ മാപ്പിളസാർ മോട്ടോർസൈക്കിളിൽ നിന്നും വീണു കോട്ടയം ആശുപത്രിയിലാണെന്നു കണ്ടു. കോട്ടയത്തിനുപോകാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. തിരുമേനിപോയിട്ടുപോകാനും സാധിച്ചില്ല. തിരുമേനി 3 മണി കഴിഞ്ഞ് പോയി.

**24.** അതിരാവിലെ എഴുന്നേറ്റു ഒരുങ്ങി പള്ളിയിൽ പോയി ചൊല്ലി. അതുകഴിഞ്ഞു ഞാനും ഭാര്യയും കൂടി ചങ്ങനാശ്ശേരിക്കുപോയി. അവിടെനിന്നും കോട്ടയം ആശുപത്രിയിൽ 10 മണിക്കെത്തി. മാപ്പിള സാർ അവശനായി സംസാരിക്കാൻ പാടില്ലാതെ കിടക്കുന്നതുകണ്ടു. തലകറക്കവും തലവേദനയും ബിപിയും ഒക്കെ ഉണ്ട്. അവിടെ മറിയാമ്മയും മറ്റുപലരും ഉണ്ടായിരുന്നു. കുറെ കഴിഞ്ഞു ഞങ്ങൾ ചങ്ങനാശ്ശേരി വീട്ടിൽ വന്ന് ആനന്ദത്തിനേയും കുഞ്ഞിനേയും കണ്ടു. 3 മണി കഴിഞ്ഞ് പത്തനംതിട്ട ബസിൽ പോന്നു. 5 മണിക്ക് വീട്ടിലെത്തി.

**26.** രാവിലെ കൊല്ലത്തിനു തിരിച്ചു 9.30 ന് അവിടെയെത്തി കാപ്പി കുടിച്ചു. 10 മണിക്ക് കുമാർ ടാക്കീസിൽ എത്തി. അവിടെ കളക്ടറും മറ്റ് ഉദ്യോഗസ്തരും ആളുകളും ഉണ്ടായിരുന്നു. നാഷണൽ ഡിഫൻസ് ഫണ്ട് സംബന്ധിച്ച മീറ്റീംഗ് നടന്നു. ഊണു കഴിഞ്ഞ് തിരുവനന്തപുരത്തിനുപോയി. അവിടെ കടമ്മനിട്ട അച്ചന്റെ മകൻ പാപ്പച്ചന്റെ കൂടെ അമ്മ അസുഖമായി താമസിക്കുന്നതിനാൽ അവിടെ കയറി കണ്ടു. അതുകഴിഞ്ഞ് കോളേജിൽ പോയി മണിയെയും റോസമ്മയേയും കണ്ടു. അനന്തരം അരമനയിൽ എത്തി. സന്ധ്യക്ക് കുന്നെൽ എത്തി അച്ചന്മാരെ കണ്ടു. അരമനയിൽ തിരിച്ചെത്തി താമസിച്ചു.

**27.** അരമനയിൽ ചൊല്ലി 9 മണിക്ക് തിരുമേനിയുടെ മുറിയിൽ വിളിപ്പിച്ച് രാഷ്ട്രീയവും എംഡി സ്കൂൾ കാര്യവും മറ്റും സംസാരിച്ചു. അതുകഴിഞ്ഞ് അരമന സംബന്ധിച്ചും അതിരൂപത സംബന്ധിച്ചും ഞങ്ങൾ എഴുതിക്കൊടുത്ത കാര്യങ്ങളെപ്പറ്റി ദീർഘനേരം ഹൃദയം തുറന്ന് സംസാരിച്ചു. കോളേജ്, എസ്റ്റേറ്റ്, പ്രസ്സ്, കത്തീഡ്രൽ മുതലായ



www.malankaralibrary.com

എല്ലാ കാര്യവും സംസാരിച്ചു. വളരെ ലോഹ്യമായും സ്നേഹ മായും പെരുമാറി. എല്ലാകാര്യത്തിനും പരിഹാരം നേടാം എന്നു പറഞ്ഞു. കുറെഒക്കെ ഇപ്പോൾ ഉടനേയും ബാക്കി റോം യാത്ര കഴിഞ്ഞിട്ടും. എന്തെങ്കിലും ഉണ്ടെങ്കിൽ നേരിട്ടു പറയണം എന്നു കല്പിച്ചു. എന്റെ അലവൻസ് കാര്യം പറഞ്ഞപ്പോൾ അദ്ദേഹം അറിഞ്ഞില്ല എന്നു പറഞ്ഞു. 50 രൂപയ്ക്കു കുറിപ്പു തൽക്കാലം തന്നു. ഞാൻ ഊണു കഴിഞ്ഞിട്ട് ടൗണിൽ പോയിട്ടു മടങ്ങിപോന്നു 9 ന് എത്തി.

**28.** കുഞ്ഞാപ്പി 12 മണിക്ക് വന്നു പോലീസുകാരൻ അവനെ അന്വേ ഷിച്ചു വന്നു എന്നു പറഞ്ഞു. കുറേ കഴിഞ്ഞ് തുമ്പമൺ പുത്തൻവീ ട്ടിൽ തോമ്മാച്ചനും മറ്റും കാറിൽ വന്നു. ജോർജും ഉണ്ടായിരുന്നു. രണ്ടുപേരുടേയും കാര്യങ്ങൾ പറഞ്ഞ് എല്ലാം തീർന്നപ്പോൾ രണ്ടു പേരും അവരവരുടെ കേസുകൾ പിൻവലിച്ചു. അവരോടു രമ്യപ്പെട്ട് അന്യോന്യം സമാധാനപ്പെട്ടു ആലിംഗനം ചെയ്യാൻ പറഞ്ഞു. അങ്ങനെ ചെയ്തു എല്ലാം തീർന്നതായിപ്പറഞ്ഞു. ഒരു കത്ത് തയ്യാ റാക്കി സർക്കിൾ ഇൻസ്പെക്ടർക്ക് ഞാനുംകൂടി ഒപ്പിട്ടുകൊടുത്തു പിരിഞ്ഞു. ഞാനും ഏബ്രഹാം അച്ചനും കൂടി അവരുടെ കാറിൽ വയലത്തല പി.റ്റി. ചാക്കോയുടെ സ്വീകരണത്തിന് പോയി. മീറ്റിംഗ് കഴിഞ്ഞ് ഞാൻ കടമ്മനിട്ട പള്ളിയിലെത്തി ഉറങ്ങി.

**മാർച്ച് 3.** തിരുവനന്തപുരത്തിന് പോയി 9 മണിക്ക് അരമനയിലെത്തി. ചിലരുമായി പല കാര്യങ്ങളും സംസാരിച്ചു. മഞ്ഞത്തോപ്പിൽ കോളനി കെട്ടിടം കൂദാശ ചെയ്യാൻ തിരുമേനിയും മറ്റുമായി പോയിട്ടു 7.30ന് മടങ്ങി അരമനയിൽ താമസിച്ചു. എന്റെ അലവൻസ് 60 രൂപ യാക്കി.

**7.** രാവിലെ ഇലന്തൂർക്ക്പോയി റൈറ്ററസിന്റെ വീട്ടിലെത്തി. കുടുംബ ചരിത്രം സംബന്ധിച്ചു ആലോചിച്ചു. ചുമതലപ്പെടുത്തിയിട്ടുള്ളവർ എഴുതിക്കൊണ്ടുവന്നു. അതുവായിച്ചുനോക്കി കാര്യങ്ങൾ ചോദിച്ചു മനസിലാക്കി. 1 മണിക്ക് ഊണുകഴിഞ്ഞ് മടങ്ങിപോന്നു. ഇലന്തൂർ പള്ളിയിൽ കയറി അച്ചനേയും കണ്ടിട്ടുപോന്നു.

**8.** വൈകിട്ട് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയിൽ പ്രത്യേക ക്ഷണം അനുസരിച്ചു പോയികൂടി പലകാര്യങ്ങളും നിശ്ചയിച്ചു മടങ്ങിപോന്നു.

**11.** ഹൈസ്കൂളിൽ പോയി 2 മണിക്ക് മലയാളം പണ്ഡിറ്റ് ചാക്കോ സാറിന്റെ send off മീറ്റിംഗ് അദ്ധ്യക്ഷത വഹിച്ചു. 3.45 വരെ അവിടെ തുടർന്നു. പിന്നീടു പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ കൂടാൻവേണ്ടി



www.malankaralibrary.com

ഏബ്രഹാം അച്ചനെ അദ്ധ്യക്ഷനാക്കിയിട്ടു പോയി. കമ്മിറ്റി കൂടി. മേക്കൊഴൂർ Retaining Wall സംബന്ധിച്ചു ആലോചിച്ചു. കലുങ്കിന് മേൽ 50 അടിയും താഴോട്ടു 15 അടിയും നീളം എന്ന് അഭിപ്രായം വന്നു. തീരുമാനമെടുത്തില്ല.

**15.** കുറ്റിക്കയത്തുനിന്ന് ആളുകൾ പള്ളിയിൽ വന്ന് ഫ്രാൻസിസ് മരിച്ചതായി പറഞ്ഞു. ഞാൻ ചെല്ലണമെന്ന് പറഞ്ഞു. പള്ളിസാധനങ്ങൾ -കുട, കൊടി, കുരിശു ഇവകൊണ്ടുപോയി. വീട്ടിലെത്തി ഭക്ഷണം കഴിഞ്ഞ് പോയി കുറ്റിക്കയത്ത് 10 മണിക്കെത്തി. മാവേലിഅച്ചനും വന്നു. ഞങ്ങൾ ഒരുമിച്ചു ഒന്നാം തെശുമിശുത്താ ചൊല്ലി. പിന്നീടു പള്ളിയിൽ പോയി വിശ്രമിച്ചു. 3.30 ന് വീണ്ടും വീട്ടിലെത്തി. അനേകം അച്ചന്മാരും തിരുവല്ലാ തിരുമേനിയും റമ്പാച്ചനും മറ്റും വന്ന് സംസ്കാര ശുശ്രൂഷതുടങ്ങി. 6 മണിക്ക് അടക്കം കഴിഞ്ഞ് കാറിൽ മടങ്ങി പോന്നു.

**18.** തിരുവനന്തപുരത്തിനുപോയി 3.30ന് അരമനയിലെത്തി. ആശുപത്രിയിൽപോയി ജോണച്ചനെ കണ്ടു. അരമനയിൽ അനേകം അച്ചന്മാരും തിരുവല്ലാ തിരുമേനിയും വന്നു.

**19.** അരമനയിൽ ചൊല്ലി 6 ശെമ്മാശ്ശൻമാർക്ക് കശീശാ പട്ടം തിരുമേനി കൊടുത്തു. അതിൽ സംബന്ധിച്ചിട്ടു 11 മണിക്ക് അടൂർക്ക് തിരിച്ചു. ചന്ദനപള്ളിയിൽ നടന്ന ക്യമ്പിൽ സംബന്ധിച്ചിട്ടു മടങ്ങിപോന്നു. വീട്ടിലെത്തി.

**26.** മണ്ണാരകുളഞ്ഞിയിൽ എത്തി അവിടെ നിന്നും കാക്കൂ വൈദ്യന്റെ തടത്തിൽ പള്ളിയിലെത്തി പെസഹായുടെ കുർബാനയും പ്രാർത്ഥനയും നടത്തി. അത്കഴിഞ്ഞ് മലവഴിനടന്ന് വീട്ടിലെത്തി.

**27.** മേക്കൊഴൂർ പള്ളിയിൽ ദുഃഖവെള്ളിയുടെ പ്രാർത്ഥനയും ശുശ്രൂഷയും മറ്റും നടത്തി 2 മണികഴിഞ്ഞ് തീർന്നു. ഭക്ഷണം കഴിഞ്ഞ് പോന്നു.

**29.** മേക്കൊഴൂർ ഇന്നലെ സന്ധ്യാപ്രാർത്ഥന നടത്തിയിട്ട് കിടന്നു. വെളിപ്പിന് 2 മണികഴിഞ്ഞ് ഉയർപ്പിന്റെ പ്രാർത്ഥനയും ശുശ്രൂഷയും കുർബാനയും നടത്തി 5.30 ന് തീർന്നു. മടങ്ങിവീട്ടിലെത്തി.

**ഏപ്രിൽ 2.** കുമ്പഴ എത്തി യോശുവാ അച്ചന്റെ നവപൂജാർപ്പണത്തിൽ സംബന്ധിച്ചു. 1.30 ന് മടങ്ങിവന്നു 5 മണിക്ക് തിരുവനന്തപുരത്തിന് പോയി. 8.30 ന് അരമനയിലെത്തി. തിരുമേനി അപ്പോൾ റോമിൽ നിന്നും വന്നു.

**3.** രാവിലെ ചൊല്ലി തിരുമേനിയെകണ്ടു ചിലകാര്യങ്ങൾ പറഞ്ഞു. പാളയത്തുപോയിട്ട് 1.30-ന് ബസിൽ പോന്നു. 5.30-ന് എത്തി.



www.malankaralibrary.com

**8.** താഴത്തേതിൽ ബേബിയുടെ കല്ല്യാണം സംബന്ധിച്ചു അവിടെയും പിന്നീടു ഊന്നൽ പാറയ്ക്കൽ പോയി ഉദ്യോഗസ്ഥലത്തുനിന്നു വന്ന 3 പേരെയും കണ്ടു സംസാരിച്ചിട്ടു വീട്ടിലേക്ക് പോന്നു. ട്രെയിനിംഗ് കുട്ടികൾ യാത്രചോദിക്കാൻ വീട്ടിൽ വന്നു. വിജയം ആശംസിച്ചു. അതിൽ ഒന്നുരണ്ടു പേർക്ക് 13-ാം തിയതിമുതൽ പുത്തൻപുരയിൽ താമസിക്കാൻ ഏർപ്പാടുചെയ്തുകൊടുത്തു.

**9.** കുർബാന കഴിഞ്ഞ ഉടനെ വകയാറ്റു പോയി ഉതളക്കുഴി ഉണ്ണുണ്ണിയുടെ മകൾ സൂസമ്മയുടെ വിവാഹം ഞാൻ കാപ്പ ഇട്ടു ആശീർവദിച്ചു നടത്തി. വികാരി കുര്യച്ചനും, വടക്കേകൂറ്റച്ചനും വടശ്ശേരിയച്ചനും ഉണ്ടായിരുന്നു. ഞങ്ങൾ വിവാഹം കഴിഞ്ഞ് വീട്ടിൽ പോയി ഊണ് കഴിഞ്ഞ് പള്ളിയിലെത്തി. ഞാൻ യാത്ര പറഞ്ഞു പോന്നു.

**14.** കുർബാന കഴിഞ്ഞ് കുറ്റിക്കയത്ത് പോയി. തിരുമേനി 8 മണിക്കെത്തി കുർബാന തുടങ്ങി. 11 മണിയോടുകൂടി വീട്ടിലെത്തി. ലഞ്ചു 12 മണിക്ക് കഴിഞ്ഞു, ഉടൻ തന്നെ ഞാൻ പോന്നു. കുറേ കഴിഞ്ഞ് തിരുമേനി വന്ന് സ്കൂളിൽ എത്തി ക്യാമ്പ് ഉദ്ഘാടനം നടത്തി. പിന്നീടു പള്ളിയിലെത്തി ചിലകാര്യങ്ങൾ ആലോചിച്ചു. അതു കഴിഞ്ഞ് തിരുമേനിപോയി.

**22.** കിഴവള്ളൂർ ബ്ലോക്ക് ഓഫീസിൽ പോയിട്ട്, അവിടെ വല്യപറമ്പിൽ കയറി അച്ചനെകണ്ട്, ചാലിൽ അച്ചനും വൈകൃത്തു കുഞ്ഞുമത്തായും വന്നു കുടുംബയോഗം സംബന്ധിച്ചു സംസാരിച്ചു. പിന്നീട് വീട്ടിലെത്തി.

**23.** ഇലന്തൂർപോയി ടൈറ്റസിന്റെ വീട്ടിൽ എത്തി കുടുംബ ചരിത്രം വായിച്ചുകേൾപ്പിച്ചു. ചിലനിർദ്ദേശം തന്നു. അനന്തരം കോട്ടപ്പള്ളിൽ എത്തി കീവർച്ചനുമായും ബേബിയുമായും സംസാരിച്ചു കൂടുതലായി ചിലതുകൂടി ചേർത്തു. 3.30ന് മടങ്ങിവന്ന് കോഴിമലപോയി കുഞ്ഞവറാച്ചനെ കുടുംബചരിത്രം പകർത്തിതരാൻ ചുമതലപ്പെടുത്തി.

**24.** വൈകിട്ടു പള്ളിയുടെ തെക്കേസ്ഥലത്തു സ്കൂളിന്റെ റോഡുകാര്യം ആലോചിച്ചു. കാവടശ്ശേരിൽ അബ്രഹാം ലോറിപോകത്തക്കതുപോലെ സ്ഥലം തരാമേന്ന് പറഞ്ഞു. പോരാതെ വരുന്നെങ്കിൽ വടക്കുവശത്തുനിന്നും പേരുശ്ശേരി മൂത്തകുഞ്ഞു കുറെവിട്ടുതരാമെന്ന് പറഞ്ഞു.

**28.** ഉച്ചയോടുകൂടി കിഴവള്ളൂരിൽ പോയി പള്ളിയിൽ വിശ്രമിച്ചു. അനന്തരം 3 മണിക്ക് ബ്ലോക്ക് ഓഫീസിൽ എത്തി ബ്ലോക്ക് അഡ്വൈസറി കമ്മിറ്റി മീറ്റിംഗ് ൽ സംബന്ധിച്ചു. ആർ.ഡി.ഒ അദ്ധ്യ



www.malankaralibrary.com

ക്ഷനായിരുന്നു. കുറുപ്പ് മെമ്മോറിയൽ റോഡ്, ഗ്രാമസേവക ഓഫീസ് കെട്ടിടം പണി, രണ്ടു കിണറുകൾ ഇതെല്ലാം അനുവദിച്ചു.

**29.** നന്നുകാട്ടുപള്ളിയിലെത്തി 9 മണിക്ക് ഞാനും തോമസ് പണിക്കരച്ചനും കൂടി ഒരു കാറിൽ കടമ്മനിട്ടവഴി വലിയ അയന്തിയിലേക്കു പോയി. പക്ഷേ കടമ്മനിട്ട കഴിഞ്ഞപ്പോൾ റോഡു വളരെമോശമായതിനാൽ ഞങ്ങൾ കാറിൽ നിന്നിറങ്ങി നടന്ന് വലിയ അയന്തിയിലെത്തി. പൂവണ്ണംമൂട്ടിൽ ചാക്കോയുടേയും തങ്കപ്പന്റെയും വസ്തുതർക്കംകേട്ടു. അത് അവനുമായി സംസാരിച്ചു ഇരുകൂട്ടരേയും സമ്മതിപ്പിച്ചു വീതിച്ചുകൊടുത്തു. ചാക്കോയുടെ ഭാഗത്തു വന്ന ആഞ്ഞിലിതടി തങ്കപ്പനും ചാക്കോയ്ക്കു ഇപ്പോൾ വിട്ടുകൊടുത്തിട്ടുള്ള സ്ഥലത്തുള്ള കൃഷികൾ തങ്കപ്പനും യഥാകാലം എടുക്കുന്നതിനു നിശ്ചയിച്ചുപിരിഞ്ഞു. 1 മണിക്ക് വീട്ടിൽ എത്തി. 2.30 ൽ പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് കൂടി പലകാര്യങ്ങൾ നിശ്ചയിച്ചു. ട്രെയിനിംഗ് സ്കൂളിൽ നടന്ന ക്യാമ്പിന്റെ സമാപനം ഇന്നു നടത്തി.

**മെയ് 3.** മേക്കൊഴൂരിൽ 4 മണിക്കെത്തി ഒരു വസ്തുതർക്കം സംബന്ധിച്ചു കക്ഷികളുമായി ആലോചിച്ചു അതിരിട്ടുകൊടുത്തു. മടങ്ങി 6.30 ന് വീട്ടിലെത്തി.

**7.** വൽസമ്മയുടെ ആദ്യകുർബാന കൈകൊള്ളൽ ആയിരുന്നു. പത്തനംതിട്ട വൈകൃത്ത് പോയിട്ടു ഉച്ചകഴിഞ്ഞു വന്നു. കുടുംബചരിത്രം എഴുതി ശരിയാക്കി കൊണ്ടിരുന്നു. ഉറങ്ങി. രാത്രി 12 മണിയോടുകൂടി അടുക്കളയുടെ തെക്ക്പടിഞ്ഞാറുവശത്തു തീപിടിച്ചു. വിളിച്ചുകൂകി അനേകം പേർ ഓടിവന്നു. വെള്ളം ഒഴിച്ചും മറ്റും ഒരുമണിക്കൂർകൊണ്ട് തീകെടുത്തി. ഞാനും തട്ടിൻപുറത്തുകയറി വെള്ളംഒഴിച്ചു. ദൈവാധീനം കൊണ്ടുകൂടുതൽ നഷ്ടമോ അപകടമോ ഉണ്ടാകാതെ തീ കെടുത്താൻ സാധിച്ചു. അനേകർ സഹായിച്ചു. 3.30-ന് ഉറങ്ങാൻ കിടന്നു.

**8.** 5 മണിക്ക് പോയി ചൊല്ലി. രാവിലെ ആശാരിയെ വിളിച്ചു തീപിടിച്ച ഭാഗം നന്നാക്കാൻ ഏർപ്പാടു ചെയ്തു. കുറച്ചു പട്ടികയും ഓടും മറ്റും വാങ്ങിപ്പിച്ചു. മേസ്തിരിയും വന്നു പണിചെയ്തു. ഇന്നു തന്നെ പണിയെല്ലാം തീർത്തു.

**12.** വകയാറ്റുനിന്നും തങ്കച്ചൻ വന്നു. ഞങ്ങൾ പത്തനംതിട്ട എത്തി. ഫോണിൽ വി.ജി. സിറിയക്കിനെ വിളിച്ചു. 12 മണിക്ക് ചെല്ലാൻ സിറിയക്ക് പറഞ്ഞു. ഉടനെ കാറിൽ തിരിച്ചു 12 മണിക്ക് സിറിയക്കിനെ കണ്ടു കാര്യം സംസാരിച്ച് അപേക്ഷ കൊടുത്തു. മടങ്ങി 4.30 -ന് വീട്ടിലെത്തി. ജോയിക്കുട്ടിയുടെ ഒരു കത്തും ചെക്കും കിട്ടി.



www.malankaralibrary.com

**14.** പത്തനംതിട്ട പോയി ഡി.ഇ.ഒ. -യെ കണ്ടു തോമ്മാച്ചന്റെ മരുമകന്റെ മാറ്റകാര്യം പറഞ്ഞു. ഓമല്ലൂർ സ്കൂൾ സംബന്ധിച്ചു സംസാരിച്ചു. പിന്നീടു ബാങ്കിൽപോയി ജോയി അയച്ച ചെക്ക് മാറി. 4 മണിക്ക് തയ്യിൽ അച്ചന്റെ ക്ഷണം അനുസരിച്ച്പോയി റ്റീ പാർട്ടി കഴിഞ്ഞ് മടങ്ങിവന്നു. പാറേൽ കറിയായും ആടുകാരൻ യോഹന്നാനും കൂടി 60രൂപ സൂക്ഷിക്കാൻ കൊണ്ടുവന്നുതന്നു. അവരിൽ ആരുവന്നു ചോദിച്ചാലും കൊടുക്കുന്നതിനാണ്.

**16.** കുടുംബ ചരിത്രം എഴുതികൊണ്ടിരുന്നു. 5 മണിയോടുകൂടി പള്ളിയിലെത്തി അവിടത്തെ പണികണ്ടു. പിന്നീട് മേൽവശത്തു കൂടി വെട്ടിയ റോഡുകാണാൻ പോയി. മത്തായി പുതിയ പുര വക്കുന്നതുകണ്ടു. പുതിയറോഡിൽകൂടി മരുപ്പേൽപീടികപടി വരെ ചെന്നു. വടക്കോട്ടുനടന്നു തേക്കടിയിൽ കയറി ചിന്നമ്മയുടെ അമേരിക്കൻ യാത്ര സംബന്ധിച്ചു അറിയാൻവേണ്ടി. അവിടെ ലഘുഭക്ഷണം കഴിഞ്ഞ് അവളുടെ യാത്രയ്ക്കുള്ള ആശീർവാദം തലയിൽ കൈവച്ചു പ്രാർത്ഥിച്ചുകൊടുത്തു. വീട്ടിലെത്തി കുടുംബചരിത്രം എഴുതികൊണ്ടിരുന്നു.

**18.** ഏബ്രഹാം അച്ചൻ കീകൊഴൂരിൽ പോയിരുന്നതുകൊണ്ടു ഞാൻ 9 മണികഴിഞ്ഞ് പള്ളിയിലെത്തി ഒരു വിവാഹം നടത്തി കൊടുത്തു. വീട്ടിലെത്തി വിശ്രമിച്ചു. ജൂനിയർ എഞ്ചിനീയർ കർത്തയുംകൂടി കുറുപ്പു മെമ്മോറിയൽ റോഡു നോക്കുവാൻ വന്നു. അവർ വീട്ടിൽ നിന്നും ഊണുകഴിച്ചിട്ടു റോഡു പരിശോധിക്കാൻ പോയി. റോയൽ ചിട്ടിഫണ്ട് കോർപറേഷൻ, മൈലപ്രയുടെ ഉൽഘാടനം ഞാൻ നടത്തി. ചിട്ടിയിൽ 1-ാം നമ്പരായി ഞാൻ ചേർന്ന് അഡ്വാൻസ് ആയി 10 രൂപ കൊടുത്തു.

**19.** ഓമല്ലൂർ സ്കൂൾ സംബന്ധിച്ചു തർക്കം നടന്നുകൊണ്ടിരിക്കുന്നതായി അറിഞ്ഞു. ഗവൺമെന്റ് അനുവാദം കിട്ടി എന്നാൽ നായന്മാർ പ്രവേശനത്തിന് എതിർക്കുന്നു. പോലീസും മറ്റും വന്നിട്ടുണ്ട്.

**20.** വൈകിട്ടു പള്ളിയിൽ പോയി അച്ചനെകണ്ടു. കാവടശ്ശേരി പുരയിടത്തിൽനിന്നും മാവേലിക്കുളം സ്കൂളിലേക്ക് ലോറിക്കുപോകാൻതക്ക വീതിയിൽ വഴിവെട്ടികൊള്ളാൻ അബ്രഹാം വഴി അളന്നുകാണിച്ചുതന്നു.

**27.** അരമനയിൽ ചൊല്ലി. കുന്നേൽപോയി അച്ചന്മാരുമായി സംസാരിച്ചു. ഊണുകഴിഞ്ഞു കവടിയാർ സി. എം. തോമസിന്റെ മകളുടെ വീട്ടി



www.malankaralibrary.com

ലെത്തി. അവിടെ ജെയിംസും സണ്ണിയും തമ്മിൽ പിണങ്ങി കഴി യുകയായിരുന്നു. സണ്ണിവേറെമാറി താമസിക്കുന്നു. അവരെ തമ്മിൽ രമ്യപ്പെടുത്തി. കാറിൽ ആശുപത്രിയിലേക്ക് പോയി. അവിടെവച്ചു നെഹ്റുമരിച്ചതായി അറിഞ്ഞു. രോഗി സി.എം. തോമസിനെ കണ്ടശേഷം അരമനയിലെത്തി. 5 മണിക്ക് ബസിൽ മടങ്ങിപോന്നു. ബസ് ഇടയ്ക്ക് ബ്റേക്ക് ഡൗൺ ആയതിനാൽ വളരെ താമസിച്ചു 11.30 നാണ് വീട്ടിലെത്തിയത്.

**28.** പാലമറ്റത്ത് പള്ളിയിൽ പോയി റമ്പാച്ചനെകണ്ടു കുടുംബയോഗ കാര്യം സംസാരിച്ചു. വീട്ടിലെത്തിയ ഉടനെ നെഹ്റു മരണത്തിന്റെ ദുഃഖാചരണത്തിനായി കടകൾ അടപ്പിച്ചു മണ്ണാരക്കളഞ്ഞിവരെ ജാഥ പോയി. 1.30 ന് കളീയ്ക്കൽ എത്തി. വളരെപേർ വന്നു. 2.30 ന് കുടുംബയൊഗം കൂടി പലകാര്യങ്ങളും ആലോചിച്ചു. ഒടുവിൽ നെഹ്റുവിന്റെ വിയോഗത്തിൽ അനുശോചനം പാസാക്കി പിരിഞ്ഞു. കാപ്പികഴിഞ്ഞ് ഞാനും വേലശ്ശേരിൽ റമ്പാച്ചനും കൂടിപോന്നു. 5.30 ന് മൈലപ്രാ പഞ്ചായത്ത് അനുശോചന മീറ്റിംഗ് എന്റെ അദ്ധ്യക്ഷത യിൽ കൂടി പ്രസംഗിച്ചു അനുശോചന പ്രമേയം പാസാക്കി. 6.45ന് പിരിഞ്ഞുപോന്നു.

**29.** തോട്ടാലിൽ പടിക്കലെ റോഡും പാലവും പണികാണാൻ പോയി. 4 മണികഴിഞ്ഞ് മുത്തേരിൽ ജോർജച്ചനും ഏബ്രഹാം അച്ചനുംകൂടി വന്നു. കാപ്പികഴിഞ്ഞു സ്കൂളിൽപോയി H .M-നെ കണ്ടു. ഞാൻ തിരിച്ചുവന്ന് ഇന്ദിരാഗാന്ധിക്ക് അയക്കാൻ അനുശോചന കത്ത് തയ്യാറാക്കി.

**31.** ഇന്നു കൈതമ്പുകുളത്തുനിന്നും രണ്ടുപേർ കല്ല്യാണാലോചനയ്ക്കു വന്നു സംസാരിച്ചു. ഞാൻ തേയില വർഗീസിന്റെ മകൾ ശോശാമ്മ യുടെ കാര്യം വിശദമായി പറഞ്ഞു. അവർ താല്പര്യം കാണിച്ചു. വറുഗീസിന്റെ വീട്ടിലേക്കു അവർ പോയി ആലോചിച്ചു. വന്നവരിൽ സ്കറിയാ എന്ന വരനും ഉണ്ടായിരുന്നു. രണ്ടുകൂട്ടർക്കും സമ്മത മായി എല്ലാകാര്യങ്ങളും പറഞ്ഞു സമ്മതിച്ചതായി അറിഞ്ഞു. വ്യാഴാഴ്ച കല്ല്യാണം ഉറപ്പിക്കാൻ ചെല്ലാമെന്ന് പറഞ്ഞ് പിരിഞ്ഞു. കോയിപ്പുറത്തു തോമ്മാച്ചനും ഉണ്ടായിരുന്നു.

**ജൂൺ 3.** പഞ്ചായത്ത് കമ്മിറ്റി 10.15 ന് കൂടി പലതും ആലോചിച്ചു. കുറേസമയം കഴിഞ്ഞപ്പോൾ വൈസ്പ്രസിഡന്റിനെ ചുമതലപ്പെടു ത്തിയിട്ടു ഞാൻ പോന്നു. പത്തനംതിട്ടപോയി തിരുവനന്തപുരത്തിന്





www.malankaralibrary.com

തിരിച്ചു 3 മണിയോടു അരമനയിലെത്തി. കോളേജ് ഹോസ്റ്റലിൽ പോയി മണിയെകണ്ടു. അവന് നല്ല പനിയും, ദേഹവേദനയും മറ്റുമായി കിടക്കുന്നു. കൊണ്ടുപോയി ഡോക്ടറെ കാണിച്ചു. Injection -ഉം tablets -ഉം കൊടുത്തു. ഹേറ്റാസ്റ്റലിലാക്കിയിട്ടു ഞാൻ അരമനയിലെത്തി.

**4.** അരമനയിൽ ചൊല്ലി. പിതാവുമായി ഏകദേശം ഒരുമണിക്കൂറോളം പലകാര്യങ്ങളെക്കുറിച്ചു സംസാരിച്ചു. മണിയെപോയി കണ്ടു, സുഖ മുണ്ട്. അരമനയിലെത്തി പ്രാർത്ഥനയും ഊണും കഴിഞ്ഞ് ഉമ്മച്ച നോടു 10 രൂപ വാങ്ങി ബസിൽ തിരിച്ചുപോന്നു.

**10.** തിരുവനന്തപുരത്തിന് വല്ല്യത്ത് ജോർജും ഞാനുംകൂടി തിരിച്ചു. 3 മണിക്കെത്തി സൂസിക്ക് പുത്തൻ കാവിലേക്ക് ട്രാൻസ്ഫർ ഓർഡർ വാങ്ങികൊടുത്തു. ജോർജ് മടങ്ങിപോയി. ഞാൻ അരമനയിൽ എത്തി. റോസമ്മയുടേയും കുഞ്ഞുമോന്റേയും നിയമനം സംബ ന്ധിച്ചു ശ്രമിച്ചു. 4 മണിക്കു ശേഷം ജോണച്ചൻ വന്നു പറഞ്ഞു ഓർഡർ വാങ്ങികൊണ്ടുപോകാൻ. 4.30ന് ഓർഡർ കിട്ടി മൈലപ്രാ ഹൈസ്കൂളിലേക്ക്. തിരിച്ചുപോന്നു 8 മണിക്കെത്തി.

**11.** രാവിലെ റോസമ്മയുടെ നിയമന ഓർഡർ എച്ച്.എമ്മിനെ ഏൽപ്പിച്ചു. അവൾ സ്കൂളിലെത്തി ജോയിൻ ചെയ്തു. സൂസിയുടെ മാറ്റം നട ക്കാഞ്ഞതുകൊണ്ടു ഇന്ന് കുഞ്ഞുമോന് ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ല.

**12.** ഞാനും ഏബ്രഹാം അച്ചനും കൂടി റാന്നിക്ക്പോയി പോലീസ് സ്റ്റേഷനിലെത്തി. പുതുശ്ശേരിമല കക്കൂസ് ഇടിച്ച കേസു സംബ ന്ധിച്ചു കക്ഷിയുമായി സംസാരിച്ചു. പലരുടേയും അഭിപ്രായം അനു സരിച്ച് കുഞ്ഞൂഞ്ഞ് എന്ന കക്ഷി പുതുക്കിപണിതുകൊടുക്കാമെന്ന് സമ്മതിച്ചു. 15 രൂപ അച്ചനെ ഏൽപ്പിച്ചു. ബാക്കി വേണമെങ്കിൽ തരാമെന്നും പറഞ്ഞു. ഞങ്ങൾ മടങ്ങിപോന്നു. 2 മണിക്ക് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ്കൂടി ബഡ്ജറ്റ് പാസാക്കി. മറ്റുകാര്യങ്ങളും ആലോചിച്ചു 5 മണിക്ക് തീർന്നു.

**13.** കുർബാന കഴിഞ്ഞു മാവേലിക്കുളത്തുപോയി സ്കൂൾ പണിയുന്ന സ്ഥാനം മേസ്തിരിയോടുകൂടി പരിശോധിച്ചു. വീട്ടിലെത്തി, ഇലന്തൂർക്ക് കുടുംബയോഗത്തിൽ സംബന്ധിക്കാൻ പോയി. 11 മണി യോടു തുടങ്ങി 75 പേരുണ്ടായിരുന്നു. പല കാര്യങ്ങളും തീരുമാനിച്ചു. കുടുംബ ചരിത്രത്തിന്റെ ആമുഖം എഴുതിയത് വായിച്ചു അംഗീ കരിച്ചു. കമ്മറ്റിയെ തെരഞ്ഞെടുത്തു. 5.15 ന് തീർന്നു, പോന്നു.



www.malankaralibrary.com

**15.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു 9 മണിക്ക് അരമനയിൽ എത്തി. ഉടനെ എയർപോർട്ടിൽ Internutio- യെ സ്വീകരിക്കാൻ പോയി. 11 മണിയോടു സ്വീകരിച്ചു അരമനയിലെത്തി. കാക്കുച്ചന്റെ മകൻ ചാണ്ടിക്കുഞ്ഞ്, കാക്കുച്ചൻ അരമനയിൽ നിന്നും പറ്റിയ മുൻ കടത്തിന്റെ പകുതി ഉടനെ കൊടുക്കാമെന്നും, ഉദ്യോഗം സാധിക്കുന്നെങ്കിൽ ബാക്കിപിന്നീടു തരാമെന്നും പറഞ്ഞു വന്നു. രാത്രി 10 മണിക്ക് ഞങ്ങൾ രണ്ടുപേരും കൂടി തിരുമേനിയെകണ്ടു വിവരം പറഞ്ഞു. ഞാൻ അരമനയിൽ കിടന്നു.

**18.** വേലശ്ശേരിൽ റമ്പാച്ചനെകണ്ടു അവിടെ വച്ചു കുടുംബയോഗകമ്മിറ്റി 11–ാം തീയതി നടത്താൻ തീരുമാനിച്ചു. പിന്നീടു പള്ളിയിലെത്തി Internutio- യുടെ സ്വീകരണം സംബന്ധിച്ച് വേണ്ടത് ചെയ്തു. 6 മണിക്ക് സ്വീകരണത്തിന് ഏവരും കൂടി അടിമുറിയിൽ പടിക്കാൻപോയി. 7 മണിക്ക് ശേഷം അദ്ദേഹവും ഗ്രിഗോറിയോസ് തിരുമേനിയും വന്നു. വേണ്ടനിലയിൽ സ്വീകരിച്ചു പള്ളിയിലെത്തി. ലുത്തീനിയാ കഴിഞ്ഞു പ്രസംഗം ചെയ്തു. അതുകഴിഞ്ഞു വിശ്രമത്തിന് പോയി. ജോണച്ചനും ജേക്കബ് ജോണച്ചനും ഉണ്ടായിരുന്നു.

**19.** രാവിലെ 4 മണിക്ക് എഴുന്നേറ്റു ഒരുങ്ങി പള്ളിയിലെത്തി കുർബാന ചൊല്ലി. 5.30 ന് Internutio തിരുമേനി കുർബാന ചൊല്ലി. കൈമുത്തിച്ചശേഷം കാപ്പികഴിഞ്ഞ് 7 മണിക്ക് യാത്രയായി. സ്കൂൾ പണി കാണാൻ അവിടെ കയറി. അനന്തരം കാറ്റാനത്തിന് പോയി. ഞാൻ വീട്ടിലെത്തി വിശ്രമിച്ചു.

**24.** കിഴവള്ളൂർ ബ്ലോക്ക് ഓഫീസിൽ പോയി 3 മണിക്ക് മീറ്റിംഗ് തുടങ്ങി. പലകാര്യങ്ങളും തീരുമാനിച്ചു. ഹെൽത്ത് സബ് കമ്മിറ്റിയിലും കമ്മ്യൂണിക്കേഷൻ കമ്മിറ്റിയിലും മെമ്പറായും ചെയർമാനുമായി തെരഞ്ഞെടുക്കപ്പെട്ടു. 6.30 മണിക്ക് യോഗം കഴിഞ്ഞു. അതുവഴി പത്തനംതിട്ട എത്തി ഡി.ഇ.ഒ. യെ കണ്ടു. വി. ജോർജിന് പുന്തല നിന്നും മാറ്റം കൊടുക്കുന്ന കാര്യം പറഞ്ഞു. നോക്കാം എന്നു പറഞ്ഞു. മടങ്ങിപോന്നു.

**25.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു കോളേജിലെത്തി പ്രിൻസിപ്പലിനോടു ഒരാളുടെ അഡ്മിഷൻ സംബന്ധിച്ചു സംസാരിച്ചു. അച്ചൻ പേരു Waiting list- ൽ ചേർത്തു. അവിടെ നിന്നും സിറ്റിയിലെത്തി Director of Collegiate Education നെ കണ്ടു ഫിലിപ് മാത്യുവിന്റെ ലോണിന്റെ കാര്യം ചോദിച്ചു. തുടർന്നു കിട്ടത്തില്ല ഫസ്റ്റ് ക്ലാസ്സ് അല്ലെങ്കിൽ, 60 മാർക്ക് വീതം കിട്ടണം എന്നു പറഞ്ഞു.



www.malankaralibrary.com

അരമനയിലെത്തി 3 മണിക്കു മടങ്ങിപോന്നു. 9 മണിക്ക് വീട്ടിലെത്തി. ആമ്പശ്ശേരിലച്ചനും പാപ്പിയും കോഴിക്കോടു എം.എസ്സിക്ക് ഒരു അഡ്മിഷൻ കിട്ടാനായി വന്നു പറഞ്ഞു. ഞാൻ ജോയികുട്ടിക്ക് എഴുതാം എന്നു പറഞ്ഞു.

**27.** രാവിലെ 8 മണിക്ക് പത്തനംതിട്ടയിൽ നിന്നും തോമസ് പണിക്കരച്ചനും നന്നുകാട്ടു സ്കറിയായും കൂടി കാറിൽ വന്ന് കൊല്ലത്ത് എഫ്.എം.എൻ കോളേജിൽ ഒരു അഡ്മിഷനുവേണ്ടി അവിടെ ജോർജ് അച്ചനെ കാണാൻ പോകണമെന്ന് പറഞ്ഞു. ഞാനും കൂടി പോയി കൊല്ലത്തു കോളേജിലെത്തി. അച്ചൻ അവിടെയില്ലായിരുന്നു. അനന്തരം തിരുവനന്തപുരത്തെത്തി അരമനയിൽ തിരുമേനിയെ കണ്ടു കൊല്ലം തിരുമേനിക്ക് ഒരു കത്ത് ആവശ്യപ്പെട്ടു. പിന്നെ ആകട്ടെ എന്നു പറഞ്ഞു. വിശ്രമത്തിനു പോയി. വിശ്രമത്തിന് ശേഷം 4 മണിക്ക് എം. എസ്.സി ഫിസിക്സിന് മേരിക്കുട്ടിക്ക് വേണ്ടി കത്തുതന്നു. അതുമായി എം. ഐ കോളേജിലെത്തി പ്രിൻസിപ്പൽ പണിക്കരച്ചനോടു പറഞ്ഞു. കൊല്ലം പ്രിൻസിപ്പലിന്റെ പേർക്ക് ഒരു കത്ത് തന്നു. അതുമായി ഞങ്ങൾ കൊല്ലത്തിനു പോയി തിരുമേനിയെ കണ്ടു കത്തു കൊടുത്തു. മടങ്ങിപ്പോന്നു. 11 മണിക്ക് വീട്ടിലെത്തി.

**ജൂലൈ 6.** ചെറിയാച്ചനോടുകൂടി കൊല്ലം കളക്ടരെ കാണാൻ പോയി. അദ്ദേഹം അവിടെയില്ലാതിരുന്നതു കൊണ്ടു പി.എ. യെ കണ്ടു സിമന്റിനു വേണ്ടിയുള്ള അപേക്ഷ ഏൽപ്പിച്ചു. പഞ്ചായത്തു സംബന്ധിച്ചു ആർ.ഡി.ഡി യെ കണ്ടു. കൊല്ലത്തു മുൻപു പോയതിന്റെ ബിൽ പാസാക്കി തന്നു. മടങ്ങിപോന്നു. 7.30 ന് എത്തി.

**8.** രാവിലെ തിരിച്ചു. 9.30 ന് അരമനയിലെത്തി. 10 മണിക്ക് യൂണിവേഴ്സിറ്റി ഓഫീസിലെത്തി Deputy Registrar Mr. George നെ കണ്ടു റോസമ്മയുടെ Provision Centificate- ന് വേണ്ടി രൂപ അടച്ച രസീതും അപേക്ഷയും കൊടുത്തു. ജോയിയെ അവിടെവച്ചു കണ്ടു, ഞാൻ അരമനയിലെത്തി. 4 മണിക്ക് ജോയി അരമനയിൽ വന്നു, മണിയും വന്നു. മണിക്ക് ജോയി 210 രൂപ കൊടുത്തു. ബഥനിഹോസ്റ്റലിൽ കൊടുക്കാനുള്ള രൂപയും അവനെ ഏൽപ്പിച്ചു. അവർ പോയി. ഞാൻ ഡോ. വർഗീസിനെ കണ്ടു ചെക്കപ്പ് നടത്തി. കുഴപ്പമില്ല. അരമനയിൽ തിരുമേനിയുമായി മീറ്റിംഗ് കൂടി എം.ഡി. സ്കൂൾ സംബന്ധിച്ചു ആലോചിച്ചു. ശനിയാഴ്ചത്തെ ആലോചനയ്ക്ക് കോട്ടയത്തിന് ഞാൻ കൂടി പോകണമെന്ന് പറഞ്ഞു.



www.malankaralibrary.com

**9.** അരമനയിൽ ചൊല്ലി. 6.30 ന് മത്തായിസാറിനോടു കൂടി അടൂർക്ക് തിരിച്ചു. അവിടെ എത്തി അടൂർ, ഓമല്ലൂർ കേസു സംബന്ധിച്ച് ചിലതൊക്കെ ചെയ്തു താമസിച്ചു. 12 മണിക്ക് പോന്നു.

**11.** ഇന്നലെ തിരുവല്ല അരമനയിലെത്തി. കുർബാന ചൊല്ലി. ഞാനും മത്തായിസാറും, ജോർജ് കണ്ണന്താനവും എ.എം മാത്യുവും കൂടി തിരുമേനിയെ കണ്ടു. എം.ഡി സ്കൂൾ കേസ് സംബന്ധിച്ചു ആലോചിച്ചു. അനന്തരം ഞങ്ങൾ കോട്ടയത്ത് പഴയ സെമിനാരിയിൽ 10 മണി യോടു എത്തി. 11 മണിയോടു ഓർത്തഡോക്സ് ഭാഗത്തുള്ളവരും വന്നു. ഞങ്ങൾ വിട്ടുകൊടുക്കാവുന്ന സ്കൂളുകളെപ്പറ്റി ആലോചിച്ചു വിവരം അവരെ ധരിപ്പിച്ചു. 5 സൂചനകൾ ധരിപ്പിച്ചു. 1. വിട്ടുകൊടു ക്കാവുന്ന സ്കൂളുകൾ, 2. ചില നിബന്ധനകൾക്ക് കീഴ്പ്പെട്ട് കൊടു ക്കാവുന്നവ, 3. ചിലവായ തുക കിട്ടിയാൽ കൊടുക്കാവുന്നവ, 4. വിട്ടുകൊടുക്കുവാൻ പാടില്ലാത്തവ, 5. രണ്ടിൽ ഒന്നു കൊടുക്കാവു ന്നത്. 15 ാം തീയതി വീണ്ടും കൂടി ആലോചിക്കാൻ മാറ്റി വച്ചു. ഊണുകഴിഞ്ഞു ഞങ്ങൾ പോന്നു. വന്നവഴി 3 മണിക്ക് ഞാൻ കുമ്പ ഴവടക്ക് ഇറങ്ങി റമ്പാച്ചന്റെ അവിടെ നടന്ന കുടുംബയോഗ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

**12.** ചൊല്ലി വീട്ടിലെത്തി വിശ്രമിച്ചു. എം. എ. വർഗീസ് ക്ലേറി എന്നെ കാണാൻ വന്നു. കോട്ടയം ആലോചന കാര്യം പറഞ്ഞു. തീരുമാന അഭിപ്രായമാണ് അവർക്കുമുള്ളത് എന്നു പറഞ്ഞു. പള്ളിയിലും പഞ്ചായത്തിലും മറ്റും പോയി പണി കണ്ടിട്ട് തോട്ടാലിൽ എത്തി രോഗിയായി കിടക്കുന്ന തോമ്മാച്ചനെ കണ്ടിട്ടു മടങ്ങി വന്നു.

**13.** കിഴവള്ളൂർ ബ്ലോക്ക് ഓഫീസിൽ സബ് കമ്മിറ്റി മീറ്റിംഗിന് പോയി. പക്ഷേ ജൂനിയർ എഞ്ചിനീയർ നാണുപിള്ള വന്നില്ല. ഞാൻ പള്ളി യിൽ പോയി വിശ്രമിച്ചു. ഊണു കഴിഞ്ഞ് ഓഫീസിലെത്തി ബുധ നാഴ്ച നടക്കാനിരിക്കുന്ന കമ്മിറ്റിക്ക് ഞാൻ വരികയില്ലെന്ന് ബി.ഡി. ഒ.യെയും ഓഫീസിലും ധരിപ്പിച്ചു. വീട്ടിലെത്തി വിശ്രമിച്ചു. കോന്നി ബ്ലോക്കിലെ 5 പ്രസിഡന്റുമാർക്ക് കത്തുകൾ അയച്ചു. 17-ാം തീയതി കമ്മിറ്റി കൂടാൻ നോട്ടീസ് അയച്ചു.

**14.** തിരുവനന്തപുരത്തിനു പോയി. യൂണിവേഴ്സിറ്റിയിൽ പോയി, റോസമ്മയുടെ പ്രൊവിഷൻ സർട്ടിഫിക്കേറ്റ് 10-ാം തീയതി അയച്ച തായി അറിഞ്ഞു. അരമനയിലെത്തി എം. ഡി സ്കൂൾ സംബന്ധിച്ചു നടന്ന ആലോചനകൾ പറഞ്ഞു. വൈകിട്ടു മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുനാൾ പ്രാർത്ഥന നടന്നു. 8 മണിക്ക് പ്രോവിഡന്റ് ഫണ്ട് കമ്മിറ്റി കൂടി. 11 മണിക്ക് ഉറങ്ങാൻ കിടന്നു.



www.malankaralibrary.com

**15.** അരമനയിൽ ചൊല്ലി. പുതിയ കത്തിഡ്രലിൽ ഓർമ്മ പെരുനാളിന്റെ മൂന്നിൻമേൽ കുർബാന തിരുമേനിയും മറ്റും ചൊല്ലി. ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് അഡ്വക്കേറ്റ് എ.എം മാത്യൂവും കൂടി കോട്ടയത്തിനു തിരിച്ചു. 4.30-ന് പഴയ സെമിനാരിയിൽ എത്തി. സ്കൂൾ കാര്യം അവരുമായി ആലോചിച്ചു. അവർ നടക്കാൻ പാടില്ലാത്ത വിധം സ്കൂൾ വേണമെന്ന് ശഠിച്ചു. ആലോചനകൾ നിറുത്തി ഞങ്ങൾ മടങ്ങി പോന്നു. തിരുവല്ലാ അരമനയിലെത്തി താമസിച്ചു. 12 മണിക്ക് തിരുമേനി വന്നു വിവരങ്ങൾ അറിയിച്ചു.

**18.** 3.30 ന് കോന്നി പഞ്ചായത്ത് പ്രസിഡന്റ് വന്നു. പഞ്ചായത്ത് രാജ് ബിൽ സംബന്ധിച്ചു ആലോചിച്ചു ചില തീരുമാനങ്ങൾ എടുത്തു.

**19.** ചൊല്ലി. കോട്ടയത്തു നിന്നും 9.30ന് ഫോൺ വിളി വന്നതനു സരിച്ചു കാറു പിടിച്ചു കോട്ടയത്തിന് പോയി. 12 മണിക്ക് അവിടെ അരമനയിലെത്തി ഊണുകഴിഞ്ഞു. 1.30 ന് കുഞ്ഞപ്പൻ കാറിൽ വന്ന് എന്നെ റ്റി.ബി. യിൽ കൊണ്ടുപോയി. അവിടെ വച്ചു ആലോചിച്ച ശേഷം ഞാനും, ജോർജ് കണ്ണന്താനവും, കുഞ്ഞപ്പനും, മത്തായി സാറും കൂടി പഴയ സെമിനാരിയിലേക്ക് പോയി. 7 മണിവരെ ഇരുന്നു സംസാരിച്ചു രാജിവ്യവസ്തകൾ എഴുതിതീർത്തു. ഞങ്ങൾ തിരുവല്ലായിൽ എത്തി അരമനയിൽ താമസിച്ചു.

**20.** തിരുവല്ല അരമനയിൽ ചൊല്ലി. 12 മണിയോടുകൂടി കോട്ടയം റ്റി. ബിയിലേക്ക് ഞങ്ങൾ പോയി. പ്രയാസമുള്ള ചില കാര്യങ്ങൾ സംസാരിച്ചു തീർച്ചപ്പെടുത്തി. 3 മണിക്കു ശേഷം ദേവലോകത്ത് പോയി. അവിടെ ക്ലേറി എല്ലാം ടൈപ്പു ചെയ്യുകയായിരുന്നു. 5 മണിക്ക് തിരുമേനി അവിടെ വന്നു. കാപ്പികുടിച്ചതിനു ശേഷം 6 മണിയോടുകൂടി Agreement Report കൈമാറി. ഞാൻ കൂടി ഒരു സാക്ഷിയായിരുന്നു. ഞങ്ങൾ തിരുവല്ലാ അരമനയിലെത്തി. പിന്നീടു ഞാൻ മത്തായി സാറിന്റെ കൂടെ പന്തളത്ത് വീട്ടിലെത്തി ഉറങ്ങി.

**21.** രാവിലെ പന്തളത്ത് നിന്നും കാറിലെത്തി കുർബാന ചൊല്ലി. ഉച്ചയ്ക്ക് കിഴവള്ളൂർ ബ്ലോക്കിലും പിന്നീടു കോന്നി പഞ്ചായത്തിലും എത്തി. എല്ലാം കഴിഞ്ഞ് 5 മണിക്ക് വീട്ടിലെത്തി.

**23.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി സംസാരിച്ചു. എം.ഡി. സ്കൂൾ രാജിയാക്കൽ സംബന്ധിച്ചും അതിനു ചെലവായതും ഇനിയും അത് ഏൽപ്പിച്ചുകൊടുക്കാനുള്ള യാത്രയ്ക്കുമായി 200 രൂപ തന്നു. ടൗണിലെത്തി 10.30 ന് അസംബ്ളി ഹാളിലെത്തി.



www.malankaralibrary.com

തിരുവനന്തപുരം ഡിസ്ട്രിക്റ്റുകാർ തെളിവുകൊടുത്തു കൊണ്ടിരിക്കുകയായിരുന്നു. ഞാൻ അത് കഴിഞ്ഞ് മതി എന്നു പറഞ്ഞു. കുറെ ഏറെ സമയം ഇരുന്ന ശേഷം ഞാൻ മടങ്ങിപോന്നു. എന്റെ അഭിപ്രായം എഴുതി അയച്ചുകൊടുക്കാമെന്ന് പറഞ്ഞു. 5.30 ന് വീട്ടിലെത്തി.

**24.** ചൊല്ലി. 10 മണിക്ക് കുമ്പഴ എത്തി. മത്തായിസാറും, ക്ലേറിയും, ഫാ. കെ. ബി. മാത്യുവും വന്നു. ഞങ്ങൾ കുമ്പഴ സ്കൂളിലെത്തി സ്കൂൾ കൈമാറുന്നതായുള്ള റിക്കാർഡുകൾ ഉണ്ടാക്കി. പിന്നീടു മേക്കൊഴൂർ, നാരങ്ങാനം, പുത്തൻകാവു, കൈപ്പൂഴ, നീർവാളകം എന്നീ സ്കൂളുകളുടെ ചാർജ് അവരെ ഏൽപ്പിച്ചു. ഞങ്ങൾ പുത്തൻകാവിൽ പോയി ചിലതു ചെയ്തു. 5 മണിക്ക് അവിടെ നിന്നും മടങ്ങി 7 മണിക്ക് മൈലപ്രായിൽ എത്തി. മറ്റുള്ളവർ പിരിഞ്ഞുപോയി. മത്തായി സാറിനെ 70 രൂപ ഏൽപ്പിച്ചുകൊടുത്തു.

**25.** ഞാനും ഏബ്രഹാം അച്ചനും കൂടി മാക്കാംകുന്നേൽ പീടികയിൽ ജോർജ്ജുകുട്ടിയുടെ വീട്ടിൽ പോയി കാപ്പി കുടികഴിഞ്ഞ് കുറേ സംസാരിച്ചിരുന്നു. ആ വഴി ഞങ്ങൾ കിഴക്കേവീട്ടിൽ കയറി അച്ചനെ കണ്ടു. പണിക്കരച്ചനേയും മറ്റും വരുത്തി. പ്രാർത്ഥനയും തൈലാഭിഷേകവും നടത്തി. അത് കഴിഞ്ഞു വീട്ടിലെത്തി.

**26.** നല്ല സുഖമില്ല. എങ്കിലും നാളെ ഭരണങ്ങാനത്ത് പോകുന്നതിനായി തീരുമാനിച്ചു. ദീർഘനാളായി ഭരണങ്ങാനത്തു പോയി അൽഫോൻസാമ്മയുടെ കബറിടത്തിൽ ഓർമ്മദിവസം പ്രാർത്ഥനയും കുർബാനയും മുടക്കം കൂടാതെ നടത്തുന്നതു പതിവാണ്.

**27.** രാവിലെ തന്നെ പത്തനംതിട്ടയിൽ നിന്നും കോട്ടയത്തിനു പോയി. അവിടെ നിന്നും ഭരണങ്ങാനത്തിന് തിരിച്ചു. 11 മണിക്കെത്തി. ഉച്ച കഴിഞ്ഞു പ്ലാന്തോട്ടം കുടുംബത്തിന്റെ ശാഖയിൽപ്പെട്ട ഇനാശുമൂപ്പന്റെ തറപ്പേൽ വീട്ടിലെത്തി. 74 വയസ്സുള്ള പാപ്പിയച്ചനെ കണ്ടു കുടുംബകാര്യം സംസാരിച്ചു. കുര്യച്ചൻ ഉമ്മച്ചൻ ഇവരേയും കണ്ടു സംസാരിച്ചു. സന്ധ്യക്ക് പള്ളിയിലെത്തി പ്രാർത്ഥനയും മറ്റും കഴിഞ്ഞ് ഉറങ്ങാൻ കിടന്നു.

**28.** രാവിലെ 6.30 ന് അൽഫോൻസാമ്മയുടെ കബറിടത്തിൽ കുർബാന ചൊല്ലി പ്രാർത്ഥിച്ചു. കാപ്പികഴിഞ്ഞ ഉടനെ കോട്ടയത്തിന് തിരിച്ചു അവിടെനിന്നും തിരിച്ചു 1 മണിക്കു വീട്ടിലെത്തി.

**29.** തിക്കുറിഞ്ഞിയിലെ നിയോഗത്തിൽ കുർബാന ചൊല്ലി. ഞാനും



www.malankaralibrary.com

ഏബ്രഹാം അച്ചനും കൂടി അവിടെ വീട്ടിൽ എത്തി ധൂപപ്രാർത്ഥന നടത്തി. കാപ്പികഴിഞ്ഞു പോന്നു. കിഴവള്ളൂർ ബ്ലോക്കിൽ 2 മണിക്കെത്തി ബി.ഡി.സിയിൽ സംബന്ധിച്ചു പലകാര്യങ്ങളും തീരുമാനിച്ചശേഷം മടങ്ങിപോന്നു. 7 മണിക്ക് വീട്ടിലെത്തി.

**30.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു 9.30 ന് അരമനയിലെത്തി. കുറെ കഴിഞ്ഞു എം.ഡി സകൂൾ അധികൃതർ വന്ന് സ്കൂൾ സംബന്ധിച്ചു വേണ്ടതു ചെയ്യാൻ തിരുമേനിയെ കൊണ്ടു ഒപ്പിടുവിച്ചു. ഞങ്ങൾ 4 മണിക്ക് ശേഷം ആർ.ഡി.ഡി ഓഫീസിൽ എത്തി അദ്ദേഹത്തെകണ്ടു പേപ്പേഴ്സ് കൊടുത്തശേഷം അവർ മടങ്ങിപോയി. അടുത്ത ചൊവ്വാഴ്ച പടിഞ്ഞാറൻ സ്കൂളുകൾ ഏൽപ്പിച്ചു കൊടുക്കാൻ പോകാണമെന്ന് നിശ്ചയിച്ചു. ഞാൻ കൂടി ചെല്ലണമെന്ന് പറഞ്ഞു പിരിഞ്ഞു. അരമനയിലെത്തി.

**ആഗസ്റ്റ് 1.** അരമനയിൽ ചൊല്ലി. പലതും ചെയ്തുകൊണ്ടിരുന്നു. 1.30ന് തിരിച്ചു 5 മണിക്ക് വീട്ടിലെത്തി. മന്ത്രി പി.റ്റി. ചാക്കോ കോഴിക്കോട്ടുവച്ചു ഇന്ന് 4.30 ന് മരിച്ചതായി റേഡിയോ ന്യൂസിൽ കേട്ടു.

**4.** മാക്കാംകുന്നേൽ പോയി പാലമൂട്ടിൽ തോമ്മാച്ചനെ കണ്ടു. 9 മണിക്ക് ക്ലേറി വറുഗീസും മാത്യൂസ് അച്ചനും കാറിൽ വന്നു. ഞങ്ങൾ തുമ്പമൺപോയി എം.എസ്.സി സ്കൂളിൽ കയറി സ്റ്റോക്ക് എടുത്തു. നല്ല രണ്ട് അലമാരിയും മറ്റും ഉണ്ട്. High School ൽ കയറി H.Mനെ കണ്ടു. പിന്നീടു ഇലവംമൂടു ചെന്ന് സ്കൂൾ ഏൽപ്പിച്ചുകൊടുത്തു. അതുകഴിഞ്ഞു പരുമല സെമിനാരിയിൽ എത്തി. ഊണുകഴിഞ്ഞ് വിശ്രമിച്ച ശേഷം മന്നാർ സിറിയൻ സ്കൂളിൽ എത്തി അതും ഏൽപ്പിച്ചു കൊടുത്തു. അവിടെ നിന്നും മടങ്ങിപോന്നു.

**5.** വൈകിട്ടു കുമ്പഴ ബഥനി ആശ്രമത്തിന്റെ കൂദാശയ്ക്ക് പോയി. അനേകം അച്ചന്മാരും സിസ്റ്റേഴ്സും ജനങ്ങളും ഉണ്ടായിരുന്നു. തിരുമേനി 6 മണിക്കെത്തി. കൂദാശകഴിഞ്ഞ് 7.30 ന് മടങ്ങിപോന്നു.

**6.** ഇന്ന് 3.30 ന് തിരുമേനി സ്കൂളിൽ കല്ലിടാൻ കല്ല് ബ്ലസ് ചെയ്തു തന്നു. ഉടനെ മടങ്ങിപോയി. ഇന്നുമുതൽ 21 ആവർത്തിച്ച ക്ഷീരബല കഴിച്ചുതുടങ്ങി.

**12.** എണ്ണസേവ കഴിഞ്ഞു പത്ഥ്യം തുടങ്ങി. എങ്കിലും 10 മണിക്ക് തങ്കപ്പൻ നായരും ബേബിയും ഞാനും കൂടി കാറിൽ വടശ്ശേരിക്കര നിന്നും തലച്ചിറപോയി ഫോറസ്റ്റു സ്ഥലം കണ്ടു. വൈദ്യന്റെ മരുന്ന് തോട്ടവും കണ്ടു. അവിടെ നിന്നും തിരിച്ചു മലയാലപ്പുഴവഴി



www.malankaralibrary.com

മൈലപ്ര എത്തി. ഞാൻ പത്തനംതിട്ട ബാങ്കിൽ പോയിട്ടു വന്നു. വീണ്ടും 5 മണിക്ക് പത്തനംതിട്ടയും, പിന്നീടു മാക്കാംകുന്നേൽ ചാലിലും പാലമൂട്ടിൽ തോമ്മാച്ചന്റെ വീട്ടിലും പോയിട്ടു ചാലിൽ വന്ന് ഉറങ്ങി.

**15.** രാവിലെ മീൻമുട്ടിക്കൽ വസ്തുതർക്കം സംബന്ധിച്ചുപോയി. ജോൺതോമസും വന്നിരുന്നു. കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞു ചില ഉപദേശങ്ങൾകൊടുത്തു. 3 മണിക്ക് മണ്ണാരകുളഞ്ഞിയിൽ സ്കൂളി ലെത്തി സ്വാതന്ത്ര്യദിന മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു പ്രസംഗിച്ചു. 6 മണിക്ക് മടങ്ങിപോന്നു.

**24.** കിഴക്കേവീട്ടിൽ പോയി അച്ചനെകണ്ടു 4 മണിക്കു ഏബ്രഹാം അച്ചനും കരിയിലച്ചനും വന്നു കണ്ടിട്ടു മടങ്ങിപോയി.

**സെപ്റ്റംബർ 3.** സഹകരണ സംഘത്തിന്റെ പൊതുയോഗം 5മണിക്ക് തുടങ്ങി. ഞാൻ പ്രസംഗിച്ചു. കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നു. അവിടെകൂടിയ എല്ലാവരും ഏകാഭിപ്രായത്തോട് എന്നെ കമ്മിറ്റിയിലേക്ക് എടുത്തു. പിന്നെ വേറെ 6 പേരെ തെരഞ്ഞെടുത്തു. അനന്തരം കൂടിയ പുതിയ കമ്മിറ്റി എന്നെ പ്രസിഡന്റായും ഒട്ടമൂട്ടിൽ കുഞ്ഞച്ചനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. 7.30 ന് പിരിഞ്ഞുപോയി.

**8.** വൈകിട്ട് തോമസ് പണിക്കരച്ചൻ വന്ന് കിഴക്കേവീട്ടിലച്ചനെ വാനിൽ അഞ്ചൽ ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് പറഞ്ഞു. വാനിന് അഡ്വാൻസ് കൊടുക്കാൻ 25 രൂപ ആവശ്യപ്പെട്ടു. എന്റെ കയ്യിലു ണ്ടായിരുന്ന 20 രൂപ കൊടുത്തു.

**9.** നന്നുക്കാട്ടുപള്ളിയിലെത്തി. അച്ചൻ അവിടെയില്ലായിരുന്നു. കിഴ ക്കേവീട്ടിലച്ചനെ വാനിൽ കൊണ്ടുപോയില്ല എന്നറിഞ്ഞു. ആവശ്യ ത്തിന് രൂപാകിട്ടിയില്ല.

**11.** വൈകിട്ടു മേക്കൊഴൂർ വാളങ്ങാട്ടു കുടുംബ ചരിത്രം സംബന്ധിച്ചു പോയി. കളീയ്ക്കൽ മത്തായിയുടെ വീട്ടിൽ വച്ചു ആലോചനകൾ നടത്തി. ഞാൻ വേണ്ട നിർദ്ദേശങ്ങളും ഏർപ്പടുകളും ചെയ്തു കൊടുത്തു. രാത്രി 11 മണികഴിഞ്ഞതിനാൽ അവിടെതന്നെ ഉറങ്ങാൻ കിടന്നു.

**15.** ഇന്ന് ഉച്ചകഴിഞ്ഞു 12മണിക്ക് പുതിയ പഞ്ചായത്തു ഓഫീസിൽ കമ്മിറ്റി മീറ്റിംഗ് കൂടി. പൗലോസിന്റെ മേലുള്ള ആരോപണം ചർച്ച ചെയ്തു. 8 മണിക്ക് തീർന്നു മടങ്ങിപോന്നു.



www.malankaralibrary.com

**22.** മണ്ണാരകുളഞ്ഞിയിൽ 4 മണിക്കെത്തി ഫാമിലിവെൽഫയർ കമ്മിറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു. സി.കെ മാത്യുവിന്റെ വീട്ടിൽ കയറി കമ്മിറ്റീക്കാർ ചില ആലോചനകൾ നടത്തി.

**23.** രാവിലെ കൊല്ലത്തുപോയി കളക്ടരെ കണ്ടു പഞ്ചായത്തിന് സിമന്റും സംഘത്തിന് അരിയും കിട്ടണമെന്ന കാര്യം പറഞ്ഞു. DEO-യെ ഓഫീസിൽ പോയികണ്ടു. കൊല്ലത്തു, പഞ്ചായത്ത് ഓഫീസ് ഉൽഘാടനത്തിന് ക്ഷണിക്കേണ്ടവരെക്ഷണിച്ചു. അവിടെ നിന്നും തിരുവനന്തപുരത്തിന് പോയി.

**24.** അരമനയിൽ ചൊല്ലി. 10 മണിക്ക് RDD അരമനയിൽ വന്നപ്പോൾ കണ്ടു. റമ്പാച്ചന്റെ സ്കൂൾ കാര്യവും കെ.പി ജോർജിനെ AEO ആക്കുന്നകാര്യവും പറഞ്ഞു. ഉടനെ, അച്ചന്റെ ആളിനെ നിയമിച്ചു കഴിഞ്ഞു എന്നു പറഞ്ഞു. ഞാൻ താങ്ക്സ് പറഞ്ഞു. 3 മണിക്ക് ഞാൻ RDD ഓഫീസിലെത്തിയപ്പോൾ സ്കൂളിന്റെ റിപ്പോർട്ട് അനുകൂലമായി എത്തിയിട്ടില്ലാ എന്ന് ജോസഫ് പറഞ്ഞു. ഉടനെ മടങ്ങി അരമനയിൽ എത്തി. 5 മണിക്ക് കൗൺസിൽ കൂടി പലകാര്യങ്ങൾ ആലോചിച്ചു. പുതിയ കത്തീഡ്രലിന്റെ കൂദാശ സംബന്ധിച്ചു ആലോചിച്ചു.

**25.** അരമനയിൽ നിന്നും രാവിലെ തിരിച്ചു 9 മണി കഴിഞ്ഞു വീട്ടിലെത്തി. പഞ്ചായത്തു ഓഫീസിലെത്തി പലതും ആലോചിച്ചു. ക്ഷണകത്തുകൾ പലർക്കും അയപ്പിച്ചു.

**27.** ഉച്ചകഴിഞ്ഞു പത്തനംതിട്ട കലാനിലയം സംഘടിപ്പിച്ച മാത്തൻ തരകന്റെ ഷഷ്ഠിപൂർത്തി ആഘോഷത്തിൽ സംബന്ധിച്ചു. അതുകഴിഞ്ഞു കൈപ്പശ്ശേരിൽ കല്യാണം സംബന്ധിച്ചു പോയി കണ്ടു. പിന്നീടു റമ്പാച്ചന്റെ പള്ളിയിൽ കയറി ഷഷ്ഠിപൂർത്തി കമ്മിറ്റിയിൽ അദ്ധ്യക്ഷം വഹിച്ചു. ചിലതീരുമാനങ്ങൾ എടുത്തു. 11 മണിക്ക് വീട്ടിലെത്തി.

**29.** പത്തനംതിട്ട പോയി സംഘത്തിന്റെ കാര്യം പ്രമാണിച്ചു തഹസിൽദാരെ കണ്ടു. അരി തരാമെന്നു പറഞ്ഞു. ഞാൻ റമ്പാച്ചന്റെ പള്ളിയിലെത്തി. 9 മണിക്ക് കാറുവന്നു. അതിൽ റമ്പാച്ചനും ഞാനും ദാവീദച്ചനുംകൂടി അട്ടച്ചാക്കൽ സ്കൂളിൽ എത്തി ഷഷ്ഠിപൂർത്തി സംബന്ധിച്ചു മീറ്റിംഗ് നടന്നു. ഞാൻ പ്രസംഗിച്ചു. ദാനിയേലച്ചൻ അദ്ധ്യക്ഷനായിരുന്നു. പലരും പ്രസംഗിച്ചു. ഊണുകഴിഞ്ഞു പോന്നു. 2.30 -ന് പഞ്ചായത്ത് ഓഫീസിലെത്തി മീറ്റിംഗിൽ സംബന്ധിച്ചു.



www.malankaralibrary.com

6 മണിക്ക് മീറ്റിംഗ് കഴിഞ്ഞു റമ്പാച്ചനെ പോയി കണ്ടു, ഞങ്ങൾ പത്തനംതിട്ടപോയി തഹസിൽദാരെ കണ്ടു.

**30.** തോട്ടാലിൽ തോമസിന്റെ സംസ്കാരത്തിന് റമ്പാച്ചനും മറ്റും വന്നു. 11 മണിക്ക് അടക്കം കഴിഞ്ഞു. വിശ്രമം കഴിഞ്ഞ് 2 മണിക്ക് റമ്പാച്ചനോടുകൂടി അഞ്ചലിൽ കിഴക്കേവീട്ടിലച്ചനെ കാണാൻപോയി, കണ്ടു. അവിടത്തെ ഡോക്ടർ എന്നെയും പരിശോധിച്ചു. ബി.പി കൂടുതലാണ്. Urine Sugar ഉണ്ട് എന്നു പറഞ്ഞു മരുന്നുകൾ തന്നു. സൂക്ഷിക്കണമെന്നും ഒരാഴ്ച അച്ചൻ ആശുപത്രിയിൽ പോയികിടക്കണമെന്നും പറഞ്ഞു. 6 മണിക്ക് തിരിച്ചു 9 മണിക്ക് വീട്ടിലെത്തി.

**ഒക്ടോബർ 2.** കുർബാനചൊല്ലി തോട്ടാലിൽ തോമസിന്റെ വീട്ടിലെത്തി ധൂപംവച്ചു പ്രാർത്ഥിച്ചു. പഞ്ചായത്ത് ഓഫീസിലെത്തി പതാകയുയർത്തി. സ്കൂളിൽ പോയി മീറ്റീംഗിനുവേണ്ട ഒരുക്കങ്ങൾ ചെയ്യിച്ചു. 2 മണിയോടു കൂടി അതിഥികൾ വന്നുതുടങ്ങി. 3 മണിക്ക് പഞ്ചായത്തു ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ മുതലായവർ വന്നു. സ്കൂളിൽ വച്ചു പഞ്ചായത്തു ഓഫീസിന്റെ ഉത്ഘാടന മീറ്റിംഗ് വയലായുടെ അദ്ധ്യക്ഷതയിൽ നടന്നു. ഞാൻ സ്വാഗത പ്രസംഗം ചെയ്തു. പലരും പ്രസംഗിച്ചു. മീറ്റിംഗ് കഴിഞ്ഞു ഞങ്ങൾ ഏവരും കൂടി ഓഫീസിലെത്തി ഉത്ഘാടനം നടത്തി Tea Party യും കഴിഞ്ഞ് 5.30 ന് പിരിഞ്ഞുപോയി.

**5.** ഉച്ചകഴിഞ്ഞു 3 മണിക്ക് താലൂക്ക് ഓഫീസിലെത്തി . പ്രസിഡന്റ്മാരുടെ മീറ്റിംഗ് തഹസിൽദാരുടെ അദ്ധ്യക്ഷതയിൽകൂടി Super Market വില്പന സംബന്ധിച്ച് പലതും ആലോചിച്ചു. 8 മണിയായപ്പോൾ 300 Kg അരിക്കുള്ള അതോറിറ്റി തന്നു.

**6.** പത്തനംതിട്ടപോയി റമ്പാച്ചനുവേണ്ടി 55 Kg പഞ്ചസാരയ്ക്ക് വേണ്ട പെർമിറ്റിനു വേണ്ടതുചെയ്തു. ബാങ്കിൽപോയി 145 രൂപ എടുത്തു അരിവാങ്ങാനും വിതരണത്തിനും വേണ്ടി സെക്രട്ടറിയെ ഏൽപ്പിച്ചു. 4 മണിക്ക് സംഘം യോഗംകൂടി റേഷൻകട, അരിവിതരണം മുതലായ കാര്യങ്ങൾ ആലോചിച്ചു പിരിഞ്ഞു.

**8.** റേഷൻ വിതരണം നടത്തിച്ചു. 4 മണിക്ക് തഹസിൽദാരെ പോയി കണ്ടു റമ്പാച്ചനുവേണ്ടിയുള്ള പഞ്ചസാരയുടെ ഓർഡർ ഞാൻ വാങ്ങിപോന്നു. റമ്പാച്ചനെ പോയികണ്ടു കൊടുത്തു.

**9.** റേഷൻ വിൽപനകാര്യങ്ങളിൽ വ്യാപൃതനായിരുന്നു. 2 മണിക്ക് പഞ്ചായത്ത് മീറ്റിംഗിനുപോയി പല കാര്യങ്ങളും ആലോചിച്ചു.



www.malankaralibrary.com

സംഘത്തിന്റെ അരിവില്പനയിൽ കുഴപ്പം കാണിച്ചു എന്ന് പരാതി ഉന്നയിച്ചു. അതിന് കമ്മിറ്റി ആലോചിക്കാം എന്ന് ഞാൻ പറഞ്ഞു. പഞ്ചായത്ത് പ്യൂൺ പൗലോസിന്റെ കാര്യത്തിൽ തീവ്രമായ അഭിപ്രായം ഉണ്ടായി. മേൽ നടപടി വേണ്ടുന്ന സാഹചര്യത്തിൽ എത്തിചേർന്നു. 8 മണിക്ക് തീർന്നു.

**13.** രാവിലെ റമ്പാച്ചന്റെ ഷഷ്ഠിപൂർത്തി ആലോചിക്കാൻ പോയി. മെത്രാച്ചൻ ഉൾപ്പെടെ മൂന്നിന്മേൽ കുർബാന നടത്തി. പള്ളിയിൽ വച്ചു മീറ്റിംഗ് നടന്നു. ഞാൻ സ്വാഗതം പറഞ്ഞു. പ്രസംഗങ്ങളും ചടങ്ങുകളും ഭംഗിയായിനടന്നു.12 മണി കഴിഞ്ഞ് ഊണും കഴിഞ്ഞ് പോന്നു. അനേകം അച്ചന്മാരും ജനങ്ങളും ഉണ്ടായിരുന്നു. വീട്ടിൽ വന്ന് ഇന്നലത്തേതിന്റെ ബാക്കിയുണ്ടായിരുന്ന കാർഡ് ഒപ്പിട്ടു തീർത്തു.

**14.** അരിവിതരണത്തിന്റെ കാര്യംനോക്കി, ചിലകടകൾ പരിശോധിച്ചു. വേണ്ട നിർദ്ദേശങ്ങൾകൊടുത്തു. കാർഡ് കിട്ടാത്തവർക്ക് അരി വാങ്ങാൻ ചിറ്റുകൊടുത്തു.

**15.** ഏബ്രഹാം അച്ചനും ഞാനും കൂടി 11 മണിക്ക് തിക്കുറിഞ്ഞിയിൽ കുഞ്ഞൂഞ്ഞമ്മയുടെ കല്ല്യാണം ഉറയ്ക്കാൻ പോയി. ഇടത്വാക്കാർ വന്നു, എല്ലാകാര്യവും പറഞ്ഞുസമ്മതിച്ചു പോയി. കല്ല്യാണം ഡിസംബർ 28–ം തിയതി ഇടത്വാവച്ച് നടത്താൻ. കുഞ്ഞൂഞ്ഞ് എന്റെ കയ്യിൽ തുകതന്നു. അത് ഞാൻ അവരുടെ നേതാവിനെ ഏൽപിച്ചു. ഊണു കഴിഞ്ഞു ഞങ്ങൾ പോന്നു. റേഷൻ സംബന്ധിച്ച് പലതും ചെയ്തു. രാത്രി 10 മണിയോടുകൂടി ഏബ്രഹാം അച്ചനും പണിക്കരച്ചനും വന്നു. ഇന്ന് 3.30 ന് അഞ്ചലിൽ വച്ചു കിഴക്കേവീട്ടിലച്ചൻ മരിച്ചു എന്നു പറഞ്ഞു. ചില തീരുമാനങ്ങൾ ഞങ്ങളെടുത്തിട്ടു അവർപോയി.

**16.** രാവിലെ നന്നൂക്കാട്ടുപോയി. കിഴക്കേവീട്ടിലെത്തി പ്രാർത്ഥന നടത്തി. അനേകം അച്ചന്മാരും ജനങ്ങളും ഉണ്ടായിരുന്നു. പ്രാർത്ഥനാ മദ്ധ്യേ റമ്പാച്ചനും, കുരുവിള അച്ചനും മറ്റും തിരുവനന്തപുരത്തുനിന്നും വന്നു. പ്രാർത്ഥന കഴിഞ്ഞു ടൗണിൽ കൂടി മൃതശരീരം കൊണ്ടുപോയി. (നഗരികാണിക്കൽ) പള്ളിയിലെത്തി സംസ്കാര ശുശ്രൂഷ നടത്തി. 2 മണിക്ക് അടക്കം കഴിഞ്ഞു. ഭക്ഷണം കഴിഞ്ഞ് പോന്നു.

**17.** ഇലന്തൂർ കുഞ്ഞച്ചന്റെ ആഗ്രഹപ്രകാരം രാവിലെ വെട്ടിപ്പുറത്ത് ഡേവിഡിന്റെ വീട്ടിൽ ഞാനും കൊട്ടിപ്പള്ളിൽ കീവർച്ചനുംകൂടി



www.malankaralibrary.com

പോയി. കുഞ്ഞച്ചനുമായുള്ള വഴക്കുതീർക്കുന്ന കാര്യം പറഞ്ഞു. ഡേവിഡിനും ഭാര്യയ്ക്കും വഴക്കുതീർക്കുന്നതിൽ താൽപര്യമില്ലെന്ന് മനസ്സിലായതുകൊണ്ടു ഞാനുടനെ പത്തനംതിട്ടക്ക് പോയി. അവിടെ അരിയുടെ ഓർഡർ കുമ്പഴയ്ക്കു തിരുത്തിച്ച്കൊണ്ടു വന്നു തങ്കപ്പൻ നായരെ ഏല്പിച്ചു. അരി കൊണ്ടുവന്ന് പഴയതുപോലെ വീതിച്ചുകൊടുത്തു. മണ്ണാരകളഞ്ഞിവാർഡിലേക്കുള്ള വീതം പാപ്പിയെയോ, ബേബിയെയോ ഏൽപ്പിക്കണം.

**18.** ഉച്ചകഴിഞ്ഞ് പലരും വന്ന് പലകാര്യങ്ങളും പറഞ്ഞു. മേക്കൊഴൂർകാർ അരിവിതരണം വേണ്ടതുപോലെ നടത്തുന്നില്ലെന്ന് പരാതിപറഞ്ഞു. അത് അന്വേഷിക്കാൻ തങ്കപ്പൻ നായർ പോകാൻ പറഞ്ഞു. മേക്കൊഴൂർകാർക്ക് ഒരു കത്ത് കൊടുത്തയച്ചു.

**19.** റേഷൻ സംബന്ധിച്ച് പലർക്കും ചിറ്റുകൊടുത്തു. ഊതിമൂട് ബേബി വന്നു. വിതരണം മുഴുവനും അവർക്ക് കിട്ടണം അല്ലെങ്കിൽ സംഘത്തിനെ തന്നെ ഏൽപ്പിക്കണമെന്ന് പറഞ്ഞു. നിങ്ങൾ കൂടി നടത്തണം അല്ലെങ്കിൽ അതിന്റെ കുഴപ്പം അറിയാമല്ലോ എന്ന് ഞാൻ പറഞ്ഞു. ഏതായാലും ബേബി 2 ചാക്ക് അരികൊണ്ടുപോയി. കളീയ്ക്കൽ പാപ്പി വന്നു സംഘത്തിനുതന്നെ വിതരണാവകാശം കൊടുക്കണമെന്ന് പറഞ്ഞു. അതിനെകുറിച്ച് ആലോചിക്കാം എന്ന് ഞാൻ പറഞ്ഞു.

**20.** ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തുനിന്ന് ഡെപ്യൂട്ടി ഡയറക്ടർ മി. ജോസഫും പത്തനംതിട്ട DEO- യും സ്ക്കൂളിലെത്തി. ഞാനും കൂടി കുറെ നേരം കാര്യം പറഞ്ഞുകൊണ്ടിരുന്നു. പുതിയ സ്ഥലം കണ്ടു തൃപ്തിപ്പെട്ടുപോയി.

**21.** കിഴക്കേവീട്ടിലച്ചനുവേണ്ടി മൈലപ്രായിൽ ചൊല്ലി. രാവിലെ കാറിൽ കൊല്ലത്ത്പോയി ചില ഉദ്യോഗസ്ഥരെ കണ്ടു സംസാരിച്ചു. കളക്ടരെകാണാൻ സാധിച്ചില്ല. പുനലൂരിൽ എത്തി 3 മണിക്ക് District Co-op. Bank- ന്റെ ഉൽഘടനത്തിൽ സംബന്ധിച്ചു. 6 മണിക്ക് മടങ്ങിയെത്തി. സംഘത്തിന്റെ കമ്മിറ്റി മീറ്റിംഗ്കൂടി ചില നിശ്ചയങ്ങൾ എടുത്തു. 9 മണിക്ക് തീർന്നു.

**23.** പഞ്ചായത്ത് പ്യൂൺ പൗലോസിന്റെ ഓരോ പ്രവർത്തിയും പഞ്ചായത്തിനും ജനങ്ങൾക്കും ഹാനികരമാകയാൽ ടിയാന്റെ പേരിൽ ശിക്ഷാനടപടി എടുക്കാൻ ഓഫീസർക്ക് ഞാൻ ഓർഡർ കൊടുത്തു. 5.00 മണിക്ക് ഓഫീസർ പ്യൂണിനെ ഒരുമാസത്തേക്ക് സസ്പെന്റ്



www.malankaralibrary.com

ചെയ്തു ഓർഡർ കൊടുത്തു. ഇന്നുവന്ന 1450 കിലോ അരി 8 വിതരണക്കാർക്ക് വീതിച്ചുകൊടുത്തു.

**24.** രാവിലെ പഞ്ചായത്ത് ഓഫീസിലെത്തി ഓഫീസറുമായി പലകാര്യങ്ങൾ സംസാരിച്ചു. വീട്ടിലെത്തി വിശ്രമിച്ചു. ഉച്ച കഴിഞ്ഞ് പത്തനംതിട്ട താലൂക്ക് ഓഫീസിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ്മാരുടെ മീറ്റിംഗ്കൂടി. തഹസിൽദാർ വന്ന് ഭക്ഷ്യധാന്യ വിവരങ്ങൾ പറഞ്ഞു. അടുത്ത അരി വിതരണം നടത്തുന്നത് സഹകരണസംഘം വഴിയാണെന്നും മൈലപ്ര പഞ്ചായത്തിലെ കുമ്പഴ വടക്ക്, മേക്കൊഴൂർ ഈ സംഘങ്ങളെ മാത്രമേ വിതരണത്തിനെടുത്തിട്ടുള്ളൂ എന്നും മറ്റും പറഞ്ഞു. ഞാൻ വളരെ എതിർത്ത് കഴിഞ്ഞപ്പോൾ ഇനിയുമുള്ള സംഘങ്ങളുടെ പേരു അറിയിക്കുവാൻ പറയുകയും ഞാൻ മണ്ണാരകുളഞ്ഞിയും മൈലപ്രായും കൂടിച്ചേർക്കുവാൻ നിർബന്ധിച്ചപ്പോൾ അവകൂടി ചേർത്തു 7 വാർഡിലെ വിതരണം 4 സംഘങ്ങളെകൊണ്ടു നടത്താൻ നിശ്ചയിച്ചു. 6 മണിക്ക് മടങ്ങിവീട്ടിലെത്തി.

**25.** വൈകിട്ടു കുമ്പഴ വടക്ക് റമ്പാച്ചനെ പോയി കണ്ടിട്ടു വരുമ്പോൾ പേരുശ്ശേരിൽ കുഞ്ഞു ചെറുക്കന്റെ രണ്ടു നായ്ക്കൾ പുറകിൽകൂടി വന്നു എന്റെ കുപ്പായം കടിച്ചുകീറി. പള്ളിയിൽ കയറി ഇരുന്നു വീട്ടിൽ നിന്നും കുപ്പായംവരുത്തി മാറി വീട്ടിലെത്തി.

**26.** രാവിലെ പഞ്ചായത്ത് കമ്മിറ്റികൂടി പ്യൂൺ പൗലോസിന്റെ പേരിൽ എടുത്ത ശിക്ഷണനടപടി കമ്മിറ്റി അംഗീകരിച്ചു. വേറെയും ചില തീരുമാനങ്ങൾ എടുത്തശേഷം പിരിഞ്ഞുപോന്നു. 1 മണിക്ക് തങ്കപ്പൻ നായരുടെ കാറിൽ കൊല്ലത്തിന് പോയി. കളക്ടർ അവിടില്ലാതിരുന്നതുകൊണ്ട് ആ വഴി ഞാൻ തിരുവനന്തപുരത്തിന് പോയി. അരമനയിലെത്തി വിശ്രമിച്ചു.

**27.** കുർബാന കഴിഞ്ഞു മഠത്തിലും കോളേജിലുമൊക്കെ പോയി. മുത്തേരിലച്ചനെയും കണ്ടിട്ടു അരമനയിലെത്തി. കുമ്പക്കാട്ടു അച്ചൻ ജോൺമാത്യൂ അച്ചൻ ഏൽപ്പിച്ച 10 കുർബാനക്ക് 46 രൂപ തന്നു. 5 കുർബാന ഞാനും 5 ഏബ്രഹാം അച്ചനും ചൊല്ലാൻ വേണ്ടി. ഉച്ച കഴിഞ്ഞ് ജോണച്ചനും ഞാനുംകൂടി RDD- യെ കണ്ടു. കുഞ്ഞുമോന്റെ നിയമനകാര്യത്തിലെ കുഴപ്പം ഉടനെ തീർക്കുന്നതാണെന്ന് മി. ചാക്കോ പറഞ്ഞു. 4.30ന്റെ ബസിൽ പോന്നു.

**നവംബർ 1.** രാവിലെ എഴുന്നേറ്റു മുഖത്തല പള്ളിയിൽ ചൊല്ലി. അനേകരെ കുമ്പസാരിപ്പിച്ചു. മോൺസിഞ്ഞോർ വന്ന് കുർബാന



www.malankaralibrary.com

ചൊല്ലി. പ്രദക്ഷണത്തിന് ഞാൻ കാപ്പയിട്ടു. ഊണുകഴിഞ്ഞ് തിരിച്ചു പോന്നു.

**5.** രാവിലെ കൊല്ലത്തിനു പോയി കളക്ടറെ കാണാൻ സാധിച്ചില്ല. സ്ഥലത്തില്ല. പിഎയെ കണ്ടു കാര്യം പറഞ്ഞു. പിന്നീടു RDD മി. ജോസഫിനെ കണ്ടു. എം.എസ്.സി. മാനേജുമെന്റിലെ ചിലനിയമങ്ങൾ തടഞ്ഞുവച്ചതു അനുവദിക്കാൻ ഓർഡർ ഇട്ടതായി പറഞ്ഞു. മടങ്ങിപോന്നു. 8 മണിക്കെത്തി.

**8.** എന്റെ ക്ഷണമനുസരിച്ചു രാത്രി 7 മണിക്ക് DEO മി. മാത്യൂവും പി.എ. മി. ജോസഫും ഡിന്നറിന് പള്ളിയിൽ വന്നു. താഴത്തുവീട്ടിലച്ചനും ഏബ്രഹാം അച്ചനും കൂടി ഉണ്ടായിരുന്നു. ഡിന്നർ കഴിഞ്ഞ് അവർ പോയി. ഏബ്രഹാം അച്ചനാണ് പള്ളിയിൽ വച്ച് നടത്താൻ എല്ലാം ശരിപ്പെടുത്തിത്തന്നത്.

**14.** പത്തനംതിട്ടപോയി താലൂക്ക് ഓഫീസിലെത്തി. മൈലപ്രാ പഞ്ചായത്തിൽ 4 സഹകരണസംഘത്തിന് റേഷൻകട അനുവദിച്ചു ഓർഡർ കിട്ടി. ഉടനെ വീട്ടിലെത്തി ഓർഡർ ഉടമസ്ഥരെ ഏൽപ്പിച്ചു. ഞാൻ മൈലപ്രാ സംഘത്തിന്റെ കമ്മിറ്റി വിളിച്ചുകൂട്ടി കടയുടെ കാര്യത്തിലും മറ്റും വേണ്ടതീരുമാനം എടുത്തു.

**16.** കൊല്ലത്തുപോയി District Co-op. Society മാനേജരകണ്ടു ഓഹരിയുടെ കാര്യം റിക്കാർഡുനോക്കി. പലരേയും കണ്ടു. ക്ലബിൽ ഊണിനു ചെന്നിട്ടു കിട്ടിയില്ല, അരി കിട്ടാത്തതുകൊണ്ടാണെന്നു പറഞ്ഞു. ഉടനെ തിരിച്ചു 4 മണിക്ക് വീട്ടിലെത്തി ഉണ്ടു. അരിക്ഷാമം വളരെ കൂടുതലാണ്. കോളനിയിൽ താമസിക്കുന്ന 10 കുടുംബക്കാർക്ക് അരപറ നെല്ല്‌വീതം സൗജന്യവിലയ്ക്ക് 2.50രൂപ വച്ചു ഞാൻ കൊടുത്തു. ഇപ്പോൾ നെല്ലിന് 8 രൂപയിൽ കൂടുതലാണ്.

**17.** പഞ്ചായത്തു ഓഫീസിലെത്തി ചിലതൊക്കെ ചെയ്തു. ഉച്ചകഴിഞ്ഞ് കിഴവള്ളൂർ ബ്ലോക്കിൽ പോയി 3 മണിക്ക് എന്റെ അദ്ധ്യക്ഷതയിൽ ബി.ഡി.സി. കൂടി പലകാര്യങ്ങളും നിശ്ചയിച്ചു. 5 മണിക്ക് പിരിഞ്ഞുപോന്നു. 7 മണിക്ക് സഹകരണസംഘം കമ്മിറ്റികൂടി ചില തീരുമാനങ്ങൾ എടുത്തു.

**20.** DEO ഓഫീസിൽ രാവിലെ പോയി വന്നു. പഞ്ചായത്തു ഓഫീസിലെത്തി ചില കത്തുകൾ ഒപ്പിട്ടുകൊടുത്തു.

**21.** പഞ്ചായത്ത് 1-ാം വാർഡിൽ കമ്മിറ്റിക്കാർ സന്ദർശിച്ചു ആവശ്യങ്ങൾ അറിയുകയും കുടിശിഖ പിരിക്കുകയും ചെയ്തു. 1 മണി



www.malankaralibrary.com

കഴിഞ്ഞ് പ്രഭാകരന്റെ വീട്ടിൽ നിന്നും ഭക്ഷണം കഴിച്ചു പിരിഞ്ഞു.

**22.** പത്തനംതിട്ട Govt. Co-op. Society ഓഫീസിൽ എത്തി കൊല്ലം രജിസ്ട്രാരുടെ അദ്ധ്യക്ഷതയിൽ നടന്ന വിതരണ സഹകാരികളുടെ മീറ്റിംഗിൽ സംബന്ധിച്ചു. പത്തനാപുരം, പത്തനംതിട്ട ഇവിടങ്ങളിലെ സഹകാരികളുടെ മീറ്റിംഗായിരുന്നു. പലതീരുമാനങ്ങളും എടുത്തു. വിതരണം സംബന്ധിച്ചു വേണ്ടതു ആലോചിക്കുവാൻ ഞാനുംകൂടി ഉൾപ്പെട്ട ഒരു സബ് കമ്മിറ്റിയെ ഏർപ്പെടുത്തി.

**25.** 2-ാം വാർഡിൽ കമ്മിറ്റിക്കാർ ചുറ്റിനടന്ന് ആവശ്യങ്ങൾ അന്വേഷിച്ചു പണപ്പിരിവും നടത്തി. തഹസിൽദാരെ പോയികണ്ടു വല്യത്ത് ജോർജിനുവേണ്ടി കല്ല്യാണം സംബന്ധിച്ചു 10 കിലോ പഞ്ചസാരയ്ക്കുള്ള അനുവാദം വാങ്ങിച്ചു. സംഘം കമ്മിറ്റികൂടി പുതിയ കടയെപ്പറ്റിയും മറ്റും ആലോചിച്ചു. ചിലരെ അത് ചുമതലപ്പെടുത്തി.

**26.** പത്തനംതിട്ടപോയി 3.30ന് സഹകരണബാങ്കിൽ വച്ചു നടന്ന താലൂക്ക് ഫുഡ് കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. പലകാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. 7 മണിക്കു തീർന്നു. മടങ്ങിവന്നവഴി പള്ളിയിൽ കയറി. അവിടെ ബോംബേയ്ക്കുപോകുവാൻ വന്ന അച്ചന്മാരുണ്ടായിരുന്നു. അവരോടു യാത്ര പറഞ്ഞു പോന്നു.

**27.** കോന്നി ബ്ലോക്ക് ഓഫീസിലെത്തി ഫുഡ്കമ്മിറ്റിയും പഞ്ചായത്ത് രാജും സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചു.

**28.** പത്തനംതിട്ട അസി.എൻജിനിയരെ പോയികണ്ടു. കെ.എം. റോഡ് (കുറുപ്പ് മെമ്മോറിയൽ റോഡ്) നോക്കാൻ ജൂനിയർ എൻജിനീയരോടു കൂടിവരാം എന്നു പറഞ്ഞു. കിഴവള്ളൂർ എത്തി ജൂനിയർ എൻജിനീയർ മി. നാണുപിള്ളയെ കണ്ടുകാര്യം പറഞ്ഞു. അടുത്ത യാഴ്ച രണ്ടുപേരും കൂടി വരാമെന്നുപറഞ്ഞു. 7.30 ന് എത്തി.

**29.** സന്ധ്യക്കു കെ.എം റോഡു സംബന്ധിച്ചു വീട്ടിൽ വച്ചു മീറ്റിംഗ് കൂടി, രണ്ടുദിവസംകൊണ്ട് റോഡു വെട്ടി തീർക്കണമെന്ന് തീരുമാനിച്ചു. 20 രൂപ കൊടുത്തു.

**ഡിസംബർ 1.** ഉച്ചകഴിഞ്ഞ് കിഴവള്ളൂർ ബ്ലോക്ക് ഓഫീസിൽ പോയി പഞ്ചായത്ത് പ്രസിഡന്റുമാർ കൂടിയ മീറ്റിംഗിൽ പലകാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. BDO-യും മറ്റും കോന്നിക്ക് പോയിരുന്നു.

**5.** പഞ്ചായത്ത് കമ്മിറ്റി 10 മണിക്കുകൂടി. ഒന്നുരണ്ടു Works നടത്തുന്നതിന് ടെന്റർ വിളിക്കാൻ നിശ്ചയിച്ചു. 7-ാം വാർഡിൽ ഒരു വർക്ക് ബേബി നിർദ്ദേശിച്ചത് അതിന്റെ ഒരു ഭാഗം തോട്ടമൺ പഞ്ചായ



www.malankaralibrary.com

ത്തിൽ ആകയാൽ പാടില്ലെന്ന് ചിലർ വാദിച്ചു. അതിൽ പ്രതിഷേധിച്ചു ബേബി ഇറങ്ങി പോയി. മറ്റ് ചില കാര്യങ്ങളും തീരുമാനിച്ച ശേഷം 12 മണിക്ക് പിരിഞ്ഞു. 2.30 ന് അസി. എൻജിനീയരും ജൂനിയർ എൻജിനീയരും മറ്റും മേക്കൊഴൂർ–മൈലപ്രാ കെ.എം. റോഡു പരിശോധിക്കാൻ വന്നു. ഞാനും കൂടെപോയി. കുറെ ഭാഗം നടന്നുനോക്കിയിട്ടു വേണ്ടതുചെയ്യാം എന്നു പറഞ്ഞു മടങ്ങി.

**7.** പത്തനംതിട്ടപോയി എ.ഇ.-യുടെ ഓഫീസിലെത്തി കെ.എം. റോഡിന്റെ കാര്യം അന്വേഷിച്ചു. എ.ഇ. അവിടില്ലായിരുന്നു.. വീട്ടിലെത്തി വിശ്രമിച്ചു. വാളങ്ങാട്ടു കുഞ്ഞൂഞ്ഞിനു വേണ്ടി ഒരു വക്കീൽ നോട്ടീസ് രജിസ്റ്ററായികിട്ടി. ഓഫീസിൽ പോയി. തെക്കേടത്ത് റോഡുവെട്ടി വേലിപൊളിച്ചതായിട്ടുള്ള പരാതി അന്വേഷിക്കാൻ അവിടെപോയി കണ്ടു മനസിലാക്കി. ട്രെയിനിംഗ് സ്കൂളിലെ 3 അദ്ധ്യാപകർ പാപ്പി ഉപദേശിയുടെ ക്ലബിൽ നിന്നും ഊണുകൊടുക്കുന്നതിന് 75 പൈസ വേണമെന്ന് നിർബന്ധിക്കുന്നു എന്ന് പറഞ്ഞു. 3 പ്രാവശ്യം റേഷനരി ക്ലബിന് കൊടുത്തതായും അറിഞ്ഞു. അതു സംബന്ധിച്ചു അന്വേഷിക്കാമെന്ന് ഞാൻ പറഞ്ഞുവിട്ടു.

**8.** പാപ്പി ഉപദേശിയെ വിളിച്ചുവരുത്തി ക്ലബിലെ ഭക്ഷണത്തിന്റെ റേറ്റു കാര്യം പറഞ്ഞു. 12 പൈസ വിലയ്ക്കു ഊണുകൊടുക്കാമെന്ന് സമ്മതിച്ചു. പഞ്ചായത്ത് ഓഫീസിലെത്തി ജോലിചെയ്തു.

**16.** രാവിലെ പത്തനംതിട്ട എത്തി അവിടെനിന്നും എറണാകുളത്തിന് തിരിച്ചു. 4 മണിക്ക് ലിസി ആശുപത്രിയിൽ എത്തി. അവശതയിൽ ഓപ്പറേഷൻ കഴിഞ്ഞുകിടക്കുന്ന പാലമൂട്ടിലെ കുഞ്ഞുതോമ്മാച്ചനെ (കസിൻ) കണ്ടു. 6 മണിക്ക് അരമനയിൽ എത്തി താമസിച്ചു. ആർച്ചു ബിഷപ്പ് തിരുമേനിയെകണ്ടു സംസാരിച്ചു.

**17.** അരമനയിൽ നിന്നും ആശുപത്രിയിലെത്തി. അസുഖം കൂടിയതായി കണ്ടു. പലരും ഉണ്ടായിരുന്നു. കൊച്ചച്ചനും (കസിൻ അച്ചൻ) മകൾ കുഞ്ഞുമോളും ഞാനുകൂടി മാർ തോമ്മാപള്ളിയിലെ അച്ചനെ (കുടുംബ ബന്ധു) കാണാൻപോയി. കണ്ടശേഷം ആശുപത്രിയിൽ തിരിച്ചെത്തി. പിന്നീടു ഞാൻ മടങ്ങിപോന്നു.

**23.** രാവിലെ പത്തനംതിട്ട എത്തി. പാലമൂട്ടിൽ തോമ്മാച്ചൻ ലിസി ഹോസ്പിറ്റലിൽ വച്ചു ഇന്നുവെളുപ്പിന് മരിച്ചതായി അറിഞ്ഞു. വീട്ടിലേക്ക് ഫോൺ ചെയ്തറിയിച്ചു. വൈക്യത്ത് പോയി അവരെ വിവരമറിയിച്ചു. അതുവഴി പാലമൂട്ടിൽ പോയി ഉച്ചകഴിഞ്ഞ് ബോഡി



www.malankaralibrary.com

കൊണ്ടുവരുമെന്നറിഞ്ഞ് മടങ്ങിപോന്നു. ഉച്ചകഴിഞ്ഞ് പാലമൂട്ടിൽ പോയി മൃതശരീരം കണ്ടു. ഏവരുംകൂടി പ്രാർത്ഥനനടത്തി ധൂപം വച്ച് മടങ്ങിപോന്നു. 6 മണിക്ക് ഭാര്യയും കുഞ്ഞമ്മയും പോയി കണ്ടിട്ടുവന്നു.

**24.** കുർബാന കഴിഞ്ഞ് മാക്കാംകുന്നേൽപോയി. ആളുകൾ വന്നുകൊണ്ടിരുന്നു. 10 മണിയോടു പള്ളിയിലേക്ക് ശരീരം കൊണ്ടുപോയി. Pheloxinos തിരുമേനിവന്ന് ശുശ്രൂഷ നടത്തി 11 മണിക്ക് ശേഷം അടക്കം കഴിഞ്ഞു. ഞാൻ മടങ്ങിപോന്നു.

**25.** വെളുപ്പിന് 2 മണിക്ക് പള്ളിയിലെത്തി 2.30ന് ക്രിസ്തുമസിന്റെ ശുശ്രൂഷയും കുർബാനയും നടത്തി. 5.30ന് തീർന്നു.

**28.** പഞ്ചായത്ത് ഓഫീസിലെത്തി ചിലകാര്യങ്ങൾ ചെയ്തു. ഉച്ചകഴിഞ്ഞ് കിഴവള്ളൂർ ബ്ലോക്ക് ഓഫീസിലെത്തി 3 മണിക്ക് BDC- യുടെ മീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ കൂടി. പലകാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. മീറ്റിംഗ് കഴിഞ്ഞ് 5 മണിക്ക് ഫുഡ് കമ്മിറ്റി കൂടി ചിലകാര്യങ്ങൾ നിശ്ചയിച്ചു. 6 ന് മടങ്ങിപോന്നു.

**29.** പഞ്ചായത്ത് ഓഫീസിലെത്തി Tenders പൊട്ടിച്ചു രേഖപ്പെടുത്തി. 3 മണിക്ക് പത്തനംതിട്ടപോയി ജൂനിയർ ഇലക്ട്രിക്ക് എൻജിനീയർ ഓഫീസിലെത്തി എൻജിനീയരെകണ്ടു മേക്കൊഴൂർക്കുള്ള extension estimate എടുക്കാൻ ഏർപ്പാടുചെയ്തു. മടങ്ങിപോന്നു.

**30.** പഞ്ചായത്ത് ഓഫീസിലെത്തി കമ്മിറ്റികൂടി പലതും തീരുമാനിച്ചു. ചില വേലകളുടെ കാര്യത്തിൽ കുറെകൂടി ലാഘവമായി പെരുമാറണമെന്ന് ഞാൻ ഉദ്ബോധിപ്പിച്ചു. ഒരുവാർഡിൽ 2 വേലകൾ ഇപ്പോൾ പാടില്ല. മറ്റുവാർഡിൽ കൂടി ജോലി ആയിട്ടു ആപണി എടുക്കാം എന്ന് ചിലർ വാദിച്ചു. ബേബി വളരെ കോപിച്ചു ശല്യം ചെയ്തു. തോമസുമായി നേരിട്ടു വളരെ മോശമായി സംസാരിച്ചു. മീറ്റിംഗ് കഴിഞ്ഞ് ഞാൻ പോന്നു. ഉച്ചകഴിഞ്ഞ് മുഖത്തലക്കു പോയി.

**31.** അതിരാവിലെ എഴുന്നേറ്റു മുഖത്തല പള്ളിയിൽ ചൊല്ലി. ഉടനെ ഇറങ്ങി കൊല്ലത്തിനുപോയി. കൊല്ലം ബോയിസ് ഹൈസ്ക്കൂളിലെത്തി, കൊല്ലം ഡിസ്ട്രിക്റ്റിലെ പഞ്ചായത്ത് പ്രസിഡന്റ്മാരുടെ സെമിനാറിൽ പങ്കെടുത്തു. 3 മണിക്ക് കളക്ടരുടെ പി.എ. രഘുനാഥനെ കണ്ടു കോന്നി ബ്ലോക്കിലെ പ്രസിഡന്റ്മാരുടെ പേരിൽ ബ്ലോക്കിലേക്ക് പണം അനുവദിക്കാൻ നിവേദനം നടത്തി. ഒരുകാറിൽ മടങ്ങിപോന്നു.



www.malankaralibrary.com

# 1965

**ജനുവരി 1.** തീരെസുഖമില്ല. ശബ്ദിക്കാൻ പറ്റുന്നില്ല. പനിയും ഉണ്ട്. പള്ളിയിൽ പോയില്ല. Dr. George ന്റെ Clinic ൽ എത്തി പരിശോധിച്ചു. BP, Urine Sugar, Albumin എല്ലാം കൂടുതലാണെന്ന്. മരുന്നുകൾ വാങ്ങിപോന്നു. പ്യൂൺ പൗലോസിന്റെ രണ്ടുമാസത്തെ സസ്പെൻഷൻ കഴിഞ്ഞ് വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കാൻ തീരുമാനിച്ചു. (തീരെ സുഖമില്ലാതെ വീട്ടിൽതന്നെ വിശ്രമിച്ചു. എങ്കിലും പഞ്ചായത്തും സംഘവും മറ്റും സംബന്ധിച്ച ചിലകാര്യങ്ങൾ ചെയ്തു. പലരും വന്ന് പലകാര്യങ്ങളും പറഞ്ഞു).

**9.** മരുന്ന് കഴിച്ച് വിശ്രമിച്ചു. 5 മണികഴിഞ്ഞു ഒരാൾവന്ന് തൈപൊടിയന്റെ ഭാര്യ വീട്ടിൽ, കെട്ടിതൂങ്ങി ചത്തുകിടക്കുന്നു എന്നു പറഞ്ഞു. ഉടനെ ഞാൻ പള്ളിയിലേക്കുപോയി. അവിടെ അച്ചനും ചിലരും കൂടി ഈ വിവരം പറഞ്ഞുകൊണ്ടിരിക്കുന്നു. വീട്ടിലേക്ക് ഞാനും അച്ചന്മാരും പോന്നു. റാന്നിപോലീസിൽ വിവരം കാണിച്ച് ഞാൻ ഒരു കത്തു കൊടുത്തയച്ചു.

**10.** രാവിലെ ചൊല്ലി. രാവിലെ കൊട്ടാരക്കരപോയി വല്ല്യവീട്ടിലച്ചന്റെ മകളുടെ കല്ല്യാണത്തിൽ സംബന്ധിച്ചു. തിരുമേനിവന്നാണ് നടത്തിയത്. തിരുമേനിയോടുകൂടി ഭക്ഷണം കഴിച്ച് തിരുവനന്തപുരത്തിന് പോയി. 2.30 ന് അരമനയിലെത്തി. 5.30 ന് തിരുമേനിയുടെ ഫീസ്റ്റിന്റെ റ്റീ പാർറ്റി തുടങ്ങി. ഉദ്യോഗസ്ഥരും മറ്റുമായി 150 പേരോളം ഉണ്ടായിരുന്നു. പ്രസംഗങ്ങളും മറ്റും നടന്നു.

**11.** അരമനയിൽ ചൊല്ലി. തിരുമേനി കത്തീഡ്രലിൽ കുർബാന ചൊല്ലി. അച്ചന്മാരും സിസ്റ്റേഴ്സും മറ്റുമായി ധാരാളം ആളുകളുണ്ടായിരുന്നു. ഇതിനിടയിൽ ഞാൻപോയി ഡോ. വർഗ്ഗീസിനെ കണ്ടു. ബി.പി യും ഷുഗറും കൂടുതലാണെന്ന് പറഞ്ഞു. 2 മണിക്ക് ഊണു കഴിഞ്ഞ് ഏവരും കൂടി തിരുമേനിയെ അനുമോദിച്ചു. 4 മണിക്ക് ഞാൻ മടങ്ങി പോന്നു.

**13.** സുഖമില്ലാതെ വീട്ടിൽതന്നെ. പഞ്ചായത്ത് ഓഫീസിൽ പരിശോധനയ്ക്കും അന്വേഷണത്തിനുമായി പഞ്ചായത്ത് ഇൻസ്പെക്ടർ വന്നു. അദ്ദേഹം വീട്ടിൽ വന്ന് പ്യൂണിന്റെ കാര്യം സംസാരിച്ചു. മറ്റു പല കാര്യങ്ങളും സംസാരിച്ചിട്ടു മടങ്ങിപോയി. DDC-ക്ക് പഞ്ചായത്തു പ്രസിഡന്റ് മാരിൽ നിന്നും വടശ്ശേരിക്കര പഞ്ചായത്തു പ്രസിഡന്റു മി. തോമസ് ഏബ്രഹാമിനെ ഞാൻ നാമനിർദ്ദേശം ചെയ്തു കൊടുത്തയച്ചു.



www.malankaralibrary.com

**18.** രാവിലെ കുർബാന കഴിഞ്ഞ് ഏബ്രഹാം അച്ചനോടുകൂടി പോയി 9.25 അരമനയിലെത്തി. വിശ്രമിച്ചു. 2.30–ന് കൗൺസിൽ കൂടി പല കാര്യങ്ങളും ആലോചിച്ചു. കത്തീഡ്രലിന്റെ കൂദാശയ്ക്കുവേണ്ടി കമ്മിറ്റിയെ തെരഞ്ഞെടുത്തു. 3.30 ന് കൗൺസിൽ കഴിഞ്ഞു ആശുപത്രിയിലെത്തി ആമ്പശ്ശേരിയിലച്ചനെ കണ്ടു.

**19.** അരമനയിൽ നിന്നും രാവിലെ തിരിച്ചുപോന്നു. പഞ്ചായത്തിൽ പോയി ചിലകാര്യങ്ങൾ ചെയ്തു. പ്യൂൺ പൗലോസ് ഇന്നലെ റോഡിൽവച്ച് എന്നെ വളരെ ചീത്തപറഞ്ഞുവെന്ന് ഞാനറിഞ്ഞു. ഞാൻ വീട്ടിലെത്തിയപ്പോൾ അവൻ ക്ഷമചോദിച്ചുകൊണ്ടുള്ള ഒരു കത്ത് മണ്ണാരകുളഞ്ഞികാരൻ ഒരാൾവശം കൊടുത്തയച്ചു.

**20.** പഞ്ചായത്ത് ഓഫീസിലെത്തി ഓഫീസറുമായി പലകാര്യങ്ങൾ ആലോചിച്ചു. വീട്ടിലെത്തിയപ്പോൾ വല്ല്യത്ത് ജോർജ് വന്ന് നാളെ തിരുവനന്തപുരത്തിന് രാജന്റെ കല്ല്യാണം ഉറപ്പിക്കാൻ പോകണമെന്ന് പറഞ്ഞു. സമ്മതിച്ചു. 4 മണിക്ക് ഗ്രാമസേവകൻ ജോർജ്ജ് വന്ന് കപ്പകൃഷി 16X16 വസ്തീർണ്ണത്തിലുള്ളത് പിഴുതുതൂക്കി. 120 കിലോ ഉണ്ടായിരുന്നു.

**22.** രാവിലെ പഞ്ചായത്ത് ഓഫീസിലെത്തി ചിലകാര്യങ്ങൾ ചെയ്തു. വീണ്ടും പോയി 2.30 ന് കമ്മിറ്റികൂടി. പൗലോസിന്റെ അപ്പീൽ വായിച്ചു. അവന്റെ തെളിവുകൾ ആവശ്യപ്പെട്ടു. തെളിവു ഇല്ലെന്നു പറഞ്ഞു. മറ്റുപലതും ആലോചിച്ചിട്ടു 5.30 ന് പിരിഞ്ഞു. തർക്കവസ്തു കാണാൻ പോയി. വീട്ടിലെത്തി രാത്രിയിൽ പൗലോസിന്റെ കേസിനെപ്പറ്റി വളരെ ചിന്തിച്ചു. ശിക്ഷ സ്ഥിരപ്പെടുത്താനും പൗലോസ് കമ്മിറ്റിക്കാരെ അവഹേളിച്ചതിനും മറ്റുമായി ക്ഷമ ചോദിപ്പിക്കാനും നിശ്ചയിച്ചു. അതുചെയ്യുന്നില്ലെങ്കിൽ പിന്നീടു അവശ്യം വേണ്ട തീരുമാനം ചെയ്യേണ്ടതാണെന്നും ഞാൻ നിശ്ചയിച്ചു.

**26.** മേക്കൊഴൂർ പോയി റിപ്പബ്ലിക്ക് സംബന്ധിച്ചും പഞ്ചായത്തു വാർഷികം സംബന്ധിച്ചുമുള്ള മീറ്റിംഗ് SNDP സ്കൂളിൽ വച്ചു എന്റെ അദ്ധ്യക്ഷതയിൽ കൂടി. പലരും പ്രസംഗിച്ചു. കാപ്പികഴിഞ്ഞ് പിരിഞ്ഞുപോയി. വൈകിട്ടു കെ.എം റോഡുകാര്യം ആലോചിച്ചു. പരമു 7 രൂപതന്നു. മറ്റുള്ളവർകൂടി ഒരു കമ്മിറ്റിയെ എടുത്തു. 9 പേർ കമ്മിറ്റിയിൽ ഓരോരുത്തർക്കും എത്രരൂപയെന്ന് നിശ്ചയിച്ചു. ശനിയാഴ്ച ആ തുക പിരിച്ചെടുക്കണമെന്ന് നിശ്ചയിച്ചു പിരിഞ്ഞു.

**29.** രാവിലെ കിഴവള്ളൂർ ബ്ലോക്ക് ഓഫീസിൽ 9 മണിക്കെത്തി. ഓഫീസറും മറ്റും വന്നു. 11 മണിയോടുകൂടി ഗ്രാമസേവകന്മാരുടെ പ്രവൃ



www.malankaralibrary.com

ത്തികൾ പരിശോധിക്കാൻ പുറപ്പെട്ടു. ആദ്യമായി മല്ലശ്ശേരി ഗ്രാമസേവക ഓഫീസ്- തൃപ്തികരമല്ല. പിന്നീടു മലങ്കോട്ടയം ഓഫീസ് -അതും തൃപ്തികരമല്ല. കൈപ്പട്ടൂർ ഓഫീസിലെത്തി കുറെതരക്കേടില്ല. 2 മണിക്ക് പത്തനംതിട്ട എത്തി ഊണ് കഴിഞ്ഞു മൈലപ്രാ ഗ്രാമസേവക ഓഫീസ് റിക്കാർഡുകളും മറ്റും പരിശോധിച്ചു. തൃപ്തികരമായിരുന്നു. മലയാലപ്പുഴ എത്തിപരിശോധിച്ചു. അവിടെ മത്സരത്തിൽ ചേരുന്നില്ല എന്നു പറഞ്ഞു. ഒന്നും എഴുതിയിട്ടില്ല. പ്രവൃത്തിയും ചെയ്തിട്ടില്ല. പിന്നീടു പയ്യനാമണ്ണിൽ എത്തി. ഒന്നും എഴുതിയിട്ടില്ല. നാളെ രാവിലെ എഴുതികാണിക്കാമെന്ന് പറഞ്ഞു. കോന്നിയിൽ എത്തി. ഗ്രാമസേവകൻ 5 ന് 10 മിനിട്ടുള്ളപ്പോൾ അടച്ചു പോയി എന്നറിഞ്ഞു. പിന്നീടു അരുവിപ്പുറത്ത് എത്തി. അവിടെയും ഒന്നും ചെയ്തിട്ടില്ല. എന്നെ ജീപ്പിൽ 5.45 ന് വീട്ടിലെത്തിച്ചിട്ടു മറ്റുള്ളവർ പോയി.

**30.** പഞ്ചായത്ത് ഓഫീസിൽ പോയിട്ടു കുറെകഴിഞ്ഞുപോന്നു. 2 മണിക്കുശേഷം ബ്ളോക്ക് ഓഫീസിൽ പോയി ഗ്രാമസേവകന്മാരുടെ റാങ്കു നിശ്ചയിച്ചു. റ്റി.കെ. ജോർജ് ഒന്നാമതും കൈപ്പട്ടൂർ ഗ്രാമസേവകൻ രണ്ടാമതും അതുകഴിഞ്ഞു മടങ്ങിപോന്നു. രാത്രി 8.30 ന് വല്ല്യത്ത്പോയിട്ടു യാക്കോബായ ബംഗ്ലാവിൽ കയറി ഒസ്താത്തിയോസ് തിരുമേനിയെ കണ്ടു സംസാരിച്ചശേഷം പള്ളിയിലേക്ക് പോയി. തിരുവനന്തപുരത്തുനിന്നും ഗ്രിഗോറിയോസ് തിരുമേനി 9 മണിക്ക് എത്താമെന്ന് പറഞ്ഞിരുന്നു. വന്നില്ല. ഞാൻ മടങ്ങിപോന്നു.

**ഫെബ്രുവരി 1.** ഓഫീസിലെത്തി ചിലകാര്യങ്ങൾ ചെയ്തു. 2 മണിയോടുകൂടി ആങ്ങമൂഴി പ്രൈമറിസ്കൂൾ മാനേജരും ചിറ്റാർ പഞ്ചായത്തു മെമ്പറുമായ രാമകൃഷ്ണൻ വീട്ടിൽ വന്നു. ഞങ്ങൾ കൊല്ലത്തുപോയി RDD മി. മൈക്കിളിന്റെ വീട്ടിലെത്തി അദ്ദേഹത്തെ കണ്ടു. ചിറ്റാർ പഞ്ചായത്തു ചന്തയ്ക്കു നല്ല സൗകര്യമുള്ള സ്ഥലം സ്വീകരിച്ചു ചന്തയ്ക്കു അനുവാദം വാങ്ങണമെന്ന് അദ്ദേഹം പറഞ്ഞു. പിന്നീടു ഞങ്ങൾ മടങ്ങിപോന്നു. 8.30 ന് വീട്ടിലെത്തി.

**3.** തിരുമേനി 4 മണിക്കു പള്ളിയിൽ വന്നു. ഇടവകപ്രതിനിധികളുടെ മീറ്റിംഗ് കൂടി, തിരുമേനി ഇടവകക്കാരുടെ സഹകരണം സംബന്ധിച്ചു പ്രസംഗിച്ചു. ഞാനും പ്രസംഗിച്ചു ചില നിർദ്ദേശങ്ങൾ കൊടുത്തു. 50 പേരോളം യോഗത്തിൽ വന്നിരുന്നു.

**4.** ഉച്ചകഴിഞ്ഞു ചാങ്ങേൽ പൗലോച്ചൻ എന്നെ വിളിപ്പിച്ചു ഒരു കാര്യം പറഞ്ഞു. പൗലോച്ചനും ഭാര്യക്കും സുഖമില്ലാഞ്ഞതുകൊണ്ടും





www.malankaralibrary.com

മക്കൾ ജോർജും മാത്യൂവും തമ്മിൽ സൈ്വര്യം ഇല്ലാത്തതു കൊണ്ടും വസ്തുഭാഗിക്കണം. അതു രണ്ടുപോർക്കുമായി വസ്തുവിന്റെ ഏതേതുഭാഗമാണെന്നും എന്തൊക്കെയാണെന്നും മറ്റും വിശദമായി പറഞ്ഞു. ഇങ്ങനെ ആധാരം എഴുതണം. അച്ചൻ മറന്നു പോകാതെ ഇത് ചെയ്യിച്ചു തരണം എന്നു പറഞ്ഞു.

**5.** പഞ്ചായത്ത് കമ്മിറ്റികൂടി. 2 മെമ്പറന്മാർ വന്നില്ല. പ്യൂണിന്റെ കാര്യം 2 മണിക്കൂറോളം ചർച്ച ചെയ്തു. അപ്പീൽ തള്ളി. ശിക്ഷ ശരിവച്ച് താക്കീത് നൽകി. കൊല്ലം കളക്ടർ ഗ്രാമസേവകന്റെ മെരിറ്റു പരിശോധിക്കാൻ വന്നു. അദ്ദേഹവുമായി സംസാരിച്ചു. 6.30 ന് മീറ്റിംഗ് കഴിഞ്ഞു വീട്ടിലെത്തി.

**7.** വൈകിട്ടു 6 മണിക്ക് തിരുവനന്തപുരത്തുനിന്നും ഫോൺ വന്നു. ആമ്പശ്ശേരിയിലച്ചൻ 4 മണിക്ക് ആശുപത്രിയിൽ വച്ചു മരിച്ചു എന്നും ഉടനെ ബോഡി കൊണ്ടുവരുമെന്നും. ഞാനുടനെ ഏബ്രഹാം അച്ചനെ വിവരം അറിയിച്ചു. ഒരുമിച്ചു പുത്തൻപീടികയിൽ പോകാൻ ശ്രമിച്ചു. പക്ഷേ വണ്ടികിട്ടിയില്ല.

**8.** കുർബാന കഴിഞ്ഞ ഉടനെ പുത്തൻപീടികയിൽ അച്ചന്റെ വീട്ടിലെത്തി വേണ്ട ക്രമീകരണം നടത്തിയിട്ടു മടങ്ങിപോന്നു. 3 മണിക്കു ഞാനും ഭാര്യയും കൂടി അവിടെ പോയി ശുശ്രൂഷയിൽ കൂടി. അച്ചന്മാരും ജനങ്ങളും ധാരാളമുണ്ടായിരുന്നു. തിരുമേനി വന്നു. ശുശ്രൂഷ നടത്തി അടക്കി. 8 മണിക്ക് മടങ്ങിപോന്നു.

**16.** കൊല്ലത്ത് പോയി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ കണ്ട് ചില കാര്യം പറഞ്ഞു. എൻജിനീയറെ കണ്ട് കെ.എം. റോഡുകാര്യം ചോദിച്ചപ്പോൾ ഫയൽ മടക്കി അയച്ചതായി പറഞ്ഞു. മടങ്ങിപോന്നു. രാത്രിയിൽ തിരുമേനിയെ വിളിച്ച് പുളിനിൽക്കുന്നതിൽ വസ്തു 60 സെന്റ് 125 രൂപ വില വച്ച് വാങ്ങണമോ എന്ന് ചോദിച്ചു. പണമില്ലാത്തതിനാൽ വേണ്ട എന്ന് പറഞ്ഞു.

**21.** രാവിലെ പള്ളിയിൽ പോയി. കോഴിമലയിലെ കുഞ്ഞമ്മയുടെ കല്ല്യാണം നടത്തിയിട്ടു തിരുവനന്തപുരത്തിന് തിരിച്ചു. കുമ്പഴ നിന്ന് ഏബ്രഹാം അച്ചനും ബസിൽ കയറി. 3 മണിക്ക് അരമനയിലെത്തി. കത്തീഡ്രലിന്റെ കൂദാശയുടെ ഭാഗമായി സന്ധ്യക്ക് പ്രാർത്ഥനയും കൂദാശയുടെ ആദ്യഭാഗവും തിരുമേനി നടത്തി. ഊണ് 8 മണിക്ക് കഴിഞ്ഞു വിശ്രമിച്ചു.

**22.** അരമനയിൽ ചൊല്ലി. 10 മണിക്ക് വൈദീകരുടെ സെമിനാറിൽ സംബന്ധിച്ചു പലതും ആലോചിച്ചു. 12.30 ന് തീർന്നു. 4 മണിക്ക് കൂദാശ



www.malankaralibrary.com

തുടങ്ങി. 8 മണിക്ക് കുർബാന കഴിഞ്ഞു. 11 മണിക്ക് ഊണു കഴിഞ്ഞ് കലാപരിപാടികളും വെടിക്കെട്ടും ഉണ്ടായിരുന്നു. ഞാൻ നേരത്തേ ഉറങ്ങാൻ കിടന്നു.

**23.** രാവിലെ എഴുന്നേറ്റു ബസിൽ പോന്നു. 10 മണിക്ക് വീട്ടിലെത്തി, സി.എസ് നായർ പഞ്ചായത്തിൽ നിന്നും രാജിവച്ചിരിക്കുന്നതായി ഒരു കത്ത് എന്നെ ഏൽപ്പിച്ചു.

**24.** സി.എസ്. നായർ വന്നു ചിലകാര്യങ്ങൾ പറഞ്ഞു. രാഷ്ട്രീയ പ്രവർത്തനം സംബന്ധിച്ചു ചിലർ തെറ്റിധരിച്ചിരിക്കുന്നു എന്നും, സി.എസ്-നെ വോട്ടുചെയ്ത് സഹായിച്ചവർക്ക് വിഷമം ഉണ്ടെന്നും അതിനാൽ രാജിസ്വീകരിക്കണമെന്നും പറഞ്ഞു. പിന്നീടു നോക്കിയപ്പോൾ രാജിക്കത്തിൽ തിയതി വച്ചിട്ടില്ലാ എന്നുകണ്ടു.

**26.** മണ്ണിൽ ജോർജിന്റെ അമ്മയ്ക്ക് തൈലാഭിഷേക ശുശ്രൂഷ നടത്തിയിട്ടു പോന്നു. ഏബ്രഹാം അച്ചന് പുഷ്പഗിരിയിൽ നിന്നും ഒരു ടെലഗ്രാം വന്നു. അച്ചന്റെ സ്വന്തക്കാരിക്ക് സുഖക്കേട് കൂടുതലാണെന്ന് കാണിച്ച്. ഇന്ന് തങ്കപ്പൻ നായരുടെ രാജിയെപ്പറ്റി നായരുമായി സംസാരിച്ചു. രാജിവയ്ക്കരുത് അത് പിൻവലിക്കണം എന്ന് ഞാൻ പറഞ്ഞു.

**28.** രാവിലെ മണ്ണിലെ ജോർജിന്റെ അമ്മ മരിച്ചതായി വന്നു പറഞ്ഞു. 3 മണിക്കുശേഷം മണ്ണിൻപോയി. ജോസഫ് അച്ചനും പൊൻമേലിൽ അച്ചനും ഉണ്ടായിരുന്നു. അടക്കം കഴിഞ്ഞു വീട്ടിലേക്ക് വന്നവഴി തങ്കപ്പൻനായരുടെ കടയിൽ കയറി രാജിപിൻവലിച്ച് കത്തു തന്നില്ലല്ലോ എന്നു ഞാൻ പറഞ്ഞു. അത് അങ്ങനെ ഇരിക്കട്ടെ എന്ന് എന്നോടു പറഞ്ഞു.

**മാർച്ച് 2.** ഏബ്രഹാം അച്ചന് പിന്നെയും അസുഖമുണ്ടായി. പത്തനംതിട്ട അച്ചനെ കൊണ്ടുപോയി പരിശോധിപ്പിച്ചു. മടങ്ങി വന്നു. പന്തളം ഉണ്ണിയുടെ മകൻ മരിച്ചു എന്നു പറഞ്ഞ് ആൾവന്നു. 4 മണിക്ക് അടക്കത്തിന് ചെല്ലണമെന്ന് ഞാൻ അവിടെ പള്ളിയിലെത്തി. മുത്തച്ചൻ അടക്കാമെന്ന് പറഞ്ഞതുകൊണ്ട് ഞാൻ മടങ്ങിപോന്നു.

**4.** ഇലക്ഷൻ ദിവസം. വയല, എൻ.ജി. ചാക്കോ, കെ.കെ.നായർ എന്നിവരാണ് പ്രധാന സ്ഥാനാർത്ഥികൾ. ഞങ്ങൾ രാവിലെ പോയി വോട്ടു ചെയ്തു. കോന്നി ബ്ലോക്ക് ഓഫീസർ വീട്ടിൽ വന്ന് കുറെ നേരം ഇരുന്നു സംസാരിച്ചു. കാപ്പി കഴിഞ്ഞുപോയി.

**5.** ഓഫീസിൽ പോയി സി.എസ് നായരുടെ മെമ്പർഷിപ്പു രാജി വച്ചുള്ള കത്തു അംഗീകരിച്ചു ഓഫീസറെ ഏൽപ്പിച്ചു.



www.malankaralibrary.com

**7.** ഏബ്രഹാം അച്ചൻ സുഖമില്ലാതെ പുത്തൻകാവിൽ വീട്ടിൽ പോയിരുന്നതുകൊണ്ടു അച്ചനെകാണാൻ ജോസഫ് താഴത്തുവീട്ടിലച്ചനും ഞാനും കൂടി പുത്തൻ കാവിലേക്ക് പോയി. അച്ചന്റെ വീട്ടിലെത്തി കണ്ടു. കുറെനേരം സംസാരിച്ചിരുന്നു. 5 മണിക്ക് മടങ്ങിപോന്നു.

**10.** പഞ്ചായത്ത് ഓഫീസിലെത്തി പലതും ആലോചിച്ചു. 2 മണിക്ക് തിരുമേനി ഫോണിൽ വിളിച്ചു അടൂക്കാരൻ കൊച്ചനെ ഉദ്യോഗത്തിന് അയക്കണമെന്നും ഞാനുടനെ ചെല്ലണമെന്നും പറഞ്ഞു. കീവർച്ചൻ അവിടില്ലായിരുന്നു. വീട്ടിൽപോയി ജോയിയെ കണ്ട് വിവരം അറിയിച്ചു ഉടനെ പോകാൻ ഏർപ്പാടു ചെയ്തു. ഞാൻ തിരുവനന്തപുരത്തിന് തിരിച്ചു 8.15 ന് അരമനയിലെത്തി തിരുമേനിയെ കണ്ടു.

**11.** രാവിലെ തിരിച്ചു 9 മണിക്ക് വീട്ടിലെത്തി. തങ്കപ്പൻ നായർക്ക് രാജി സ്വീകരിച്ചതായി കത്തു ഇന്നു കൊടുത്തു. 3 മണിക്ക് ബ്ളോക്ക് ഓഫീസിലെത്തി 6 മീറ്റിംഗിന്റെ ബിൽ കൊടുത്തു. കെ.എം. റോഡിന്റെ കാര്യം അന്വേഷിച്ചു. കാര്യം അനുകൂലമല്ലാതെയാണ്.

**14.** വൈകിട്ടു സംഘം കമ്മിറ്റികൂടിയെങ്കിലും നടന്നില്ല. നാളത്തേക്ക് മാറ്റിവക്കേണ്ടിവന്നു. ഒരു കഥാപ്രസംഗം അടുത്തു നടത്തുന്നതിനാൽ ആണ് മാറ്റിയത്. അവർ എന്നെ ഉദ്ഘാടനം ചെയ്യാൻ ക്ഷണിച്ചു. 10 മിനിട്ട് സംസാരിച്ചു ഉദ്ഘാടനം നടത്തി. രണ്ട് കണ്ണും പൊട്ടിയ ഒരു അമയന്നൂർകാരൻ മാത്യൂ ആണ് അത് നടത്തിയത്. ഒരുവിധം നന്നായി നടത്തി.

**17.** സ്കൂൾ കെട്ടിടംപണി പോയി കണ്ടു. ഉണ്ണി നടത്തുന്ന സംഘം വക റേഷൻകടയുടെ ലൈസൻസ് കാൻസൽ ചെയ്യാതിരിപ്പാൻ കാരണം ചോദിച്ചു സപ്ലൈഓഫീസർ 15-3-1965-ൽ അയച്ച കത്ത് ഇന്ന് കിട്ടി.

**19.** വൈകിട്ടു ഗ്രാമസേവകൻ റ്റി.കെ. ജോർജ് പ്രൊമോഷനോടു കൂടി സ്ഥലം മാറിപോകുന്നതിനാൽ സെന്റ് ഓഫ് സ്ഥലത്തെ കർഷകരുടെ പ്രതിനിധികൾ സജ്ജമാക്കിയ മീറ്റിംഗിൽ ഞാൻ അദ്ധ്യക്ഷം വഹിച്ചു സംസാരിച്ചു. പലരും പ്രസംഗിച്ചു. കാപ്പികഴിഞ്ഞ് പിരിഞ്ഞു.

**22.** കുർബാന കഴിഞ്ഞു തിരിച്ചുവന്നപ്പോൾ ജംഗ്ഷനിൽ വച്ചു ഇടി ചെറിയ ജോർജ് പറഞ്ഞു പഞ്ചായത്തിലെ കുറെ റിക്കാർഡുകൾ കുളത്തിൽ കിടക്കുന്നു എന്ന്. ഉടനെ ഞാൻ ജോർജിനോടുകൂടി പോയി, കുളത്തിന്റെ അകത്ത് തിട്ടയിൽ കിടക്കുന്ന ഫയലുകൾ കണ്ടു. ഉടനെ ഫോണിൽ സർക്കിൾ ഇൻസ്പെക്ടരെ വിളിച്ചു.



www.malankaralibrary.com

അവിടില്ലാഞ്ഞിട്ടു റാന്നി എസ്.ഐ യെ വിളിച്ചു. ഉടനെ വരാമെന്ന് പറഞ്ഞെങ്കിലും വന്നില്ല. 10 മണിക്ക് ഞാനും ഓഫീസറും തങ്കപ്പൻ നായരും കൂടി കാറിൽ റാന്നിയിൽ പോയി ഹെഡ്കോൺസ്റ്റബിളിനെ കണ്ടു വിവരം പറഞ്ഞു. ഒരു പോലീസുകാരനെ വിട്ടുതന്നു. തിരിച്ചെത്തിയിട്ടു ഓഫീസർ പോയി. 6 മണിയോടുകൂടി HC- യും പോലീസും കൂടിവന്ന് മഹസർ തയ്യാറാക്കി. ഞാൻ അർജന്റ് കമ്മിറ്റി വിളിച്ച് കൂട്ടി ഏതാനും നിശ്ചയങ്ങൾ എടുത്തു. പോലീസ് 12 മണി വരെ വിസ്താരം നടത്തി.

**23.** ഞാനും ഓഫീസറും കൂടി കുമ്പഴ പോയി പഞ്ചായത്ത് ഇൻസ്പെക്ടരെ കണ്ടു. പൗലോസ് ഇന്നലെ രാവിലെ അവിടെ ചെന്നിരുന്നു എന്ന് പറഞ്ഞു. നടപടിക്കായി DD-യെ കാണാം എന്നും വേണ്ട നടപടി കൈകൊള്ളണമെന്നും ഞങ്ങളോടു പറഞ്ഞു. ഉച്ചകഴിഞ്ഞ് ഞങ്ങൾ രണ്ടുപേരും സി.ഐ യെ പോയി കണ്ടു വിവരം പറഞ്ഞു. പോലീസ് നടപടി ഊർജിതപ്പെടുത്തണമെന്നും പറഞ്ഞു. അദ്ദേഹം ഉടനെതന്നെ റാന്നി എസ്.ഐ യെ വിളിച്ചു കാര്യം അറിയിച്ചു.

**24.** രാവിലെ കൊല്ലത്തിനു പോയി. ഡെപ്യൂട്ടി ഡയറക്ടറെ കണ്ടു വിവരം പറഞ്ഞു. വേണ്ട നടപടി സ്വീകരിക്കാൻ മൈലപ്രായിലെ ഓഫീസറോടു പറയാൻ ഏർപ്പാടു ചെയ്തു. ഡിസ്ട്രിക്ട് ഓഫീസറും അതുതന്നെ പറഞ്ഞു. ഞാൻ തിരുവനന്തപുരത്തിന് പോയി. ഡയറക്ടരെ കാണാൻ സാധിച്ചില്ല. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി ആനന്ദവല്ലിയുടെ അമ്മയെ പേവാർഡിൽ എത്തി കണ്ടു. ഒരാഴ്ചക്കകം തിരിച്ചുപോകും.

**25.** അരമനയിൽ ചൊല്ലി. കറസ്പോണ്ടന്റ് ഓഫീസിൽ നിന്നും രണ്ടു പേരുടെ ട്രാൻസ്ഫർ ഓർഡർ വാങ്ങി തിരിച്ചുപോന്നു.

**26.** പഞ്ചായത്ത് ഓഫീസിലെത്തി ഓഫീസറുമായി സംസാരിച്ചു ചില കാര്യങ്ങൾ തീരുമാനിച്ചു. ദേഹത്ത് നല്ലവേദനയും, എഴുന്നേൽക്കാനും നടക്കാനും പ്രയാസവും ആണ്. പൗലോസിനെ 14 കാരണങ്ങൾ വച്ചു അന്വേഷണത്തിന് വിധേയമായി അനിശ്ചിത കാലത്തേക്ക് സസ്പെന്റ് ചെയ്തു. ഓർഡർ തയ്യാറാക്കി ഓഫീസർ എന്നെ കാണിച്ചു.

**27.** പഞ്ചായത്ത് ഓഫീസിലെത്തി ഓഫീസറുമായി ആലോചിച്ചു. പൗലോസിന് ഓർഡർ പോസ്റ്റുവഴി കൊടുത്തു. എ.ഇ.ഒ. മി. ജോർജും ഗ്രാമസേവകൻ മി. തോമസും വന്നു. ബി.ഡി.ഒ. വന്ന് തൊഴുത്തുകൾ പരിശോധിച്ചു. ജീപ്പിൽ ഞാനും കൂടി മണ്ണാരകുള



www.malankaralibrary.com

ഞ്ഞിയിൽ പോയി പണികണ്ടു. പിന്നീടു കുഞ്ഞൂഞ്ഞിന്റെ കിണർ പണിപോയി കണ്ടു. പൊതു ആവശ്യമല്ല കിണർ. അനുവാദം കൂടാതെയും എഗ്രിമെന്റ് വയ്ക്കാതെയുമുള്ള പണിയായതുകൊണ്ട് സഹായം കിട്ടുകയില്ല.

**ഏപ്രിൽ 5.** വൈകിട്ടു പഞ്ചായത്തു കമ്മിറ്റി കൂടി. ഓഫീസറുടെ സ്ഥലമാറ്റം സംബന്ധിച്ചു ചിലകാര്യങ്ങൾ നിശ്ചയിച്ചു.

**6.** വൈകിട്ടു ഓഫീസർ ചാണ്ടിയുടെ സെന്റ് ഓഫ് മീറ്റിംഗ് നടന്നു. റ്റീ പാർട്ടിയും നടത്തിപിരിഞ്ഞു.

**9.** മണ്ണാരകുളഞ്ഞിയിൽ പഞ്ചായത്ത് പണികാണാൻ പോയിട്ടു വന്നു. ഓഫീസിലെത്തി. പഞ്ചായത്ത് ഇൻസ്പെക്ടർ ചാർജ് എടുക്കാൻ വന്നു. എല്ലാംശരിപ്പെടുത്തി. ജോർജിനെ ചുമതലപ്പെടുത്തിപോയി. ചാണ്ടി യാത്ര പറഞ്ഞു പോയി. സ്കൂൾ പണിപോയി കണ്ടിട്ട് തിരിച്ചു വന്നപ്പോൾ വല്ലിറ ഇട്ടിക്കാലായിൽ ലക്ഷ്മിയും കുടുംബവും പുര തീകത്തി നശിച്ചു ചികിത്സാർത്ഥം എബനേസറിൽ കിടക്കുന്നതായി അറിഞ്ഞു. പോയി കണ്ടു. അവരുടെ കഷ്ടതയിൽ സഹായിക്കേണ്ടത് ആവശ്യമായി തോന്നി.

**10.** രാവിലെ ഞാനും പ്രഭാകരനുംകൂടി വല്ലീറയിൽ തീപിടിച്ചു നശിച്ച വീടു പോയി കണ്ടു. പലരേയും കണ്ടിട്ട് കുമ്പഴവടക്കുവഴി പോന്നു. കാര്യം അറിഞ്ഞ് റമ്പാച്ചൻ സഹായത്തിന് 5 രൂപ തന്നു. ഞാനതു പ്രഭാകരനെ ഏൽപ്പിച്ചു. നാളെ 5 മണിക്ക് ഒരു മീറ്റിംഗ് കൂടാൻ ഏർപ്പാടുചെയ്തു. വീട്ടിൽ വന്ന് തഹസിൽദാർക്കും കളക്ടർക്കും കേശവന്റെ വകയായി ഒരപേക്ഷ തയ്യാറാക്കി ഞാൻ കത്തെഴുതി വച്ചുകൊടുക്കാനായിട്ടു.

**11.** കുമ്പഴവടക്ക് 4 മണിക്കെത്തി വല്ലിറ കേശവന്റെ വീടു കത്തി നശിച്ചതു സംബന്ധിച്ചു സഹായം ചെയ്യാൻ ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. അത് കഴിഞ്ഞ് ഞാനും അച്ചന്മാരുംകൂടി കുമ്പഴ അച്ചന് സുഖക്കേടു കൂടുതലാണെന്നറിഞ്ഞ് അങ്ങോട്ടുപോയി. അച്ചൻ വളരെ അവശതയിൽ കിടക്കുന്നതുകണ്ടു. രണ്ടുമണിക്കൂറോളം അവിടെ ഇരുന്നു. അവിടെ വച്ചു തിരുവനന്തപുരത്തെ മദറിനെയും സി. അൽഫോൻസായേയും കണ്ടു. മടങ്ങിപോന്നു.

**27.** പഞ്ചായത്ത് മീറ്റിംഗ് നടന്നു. പലകാര്യങ്ങളും നിശ്ചയിച്ചു. തൽക്കാലത്തേക്ക് 25 രൂപ അലവൻസിന് ഒരാളെ പ്യൂൺ ആയി നിയമിച്ചു.

**29.** തിരുവനന്തപുരത്തിന് പോയി. മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തി ചങ്ങനാശ്ശേരിയിലെ മറിയാമ്മയെ കണ്ടു. കുറവില്ല.



www.malankaralibrary.com

പിന്നീട് അടൂർ കീവർകീച്ചായനെ കണ്ടു. ഓപ്പറേഷൻ കഴിഞ്ഞില്ല. ക്ഷീണതനായി കിടക്കുന്നു. മടങ്ങി ഡോ. വർഗ്ഗീസിനെ കണ്ടു. ബി. പി. കൂടുതലാണ്. ഒന്നുരണ്ടു വീടുകൾ സന്ദർശിച്ചു. അരമനയിലെത്തി.

**മേയ് 4.** ഇന്നലെ 2-ാം വാർഡിലേക്ക് നടന്ന Re-election-ന്റെ വോട്ട് ഇന്ന് എണ്ണി. ചാക്കോ തോമസ് ജയിച്ചു. സംഘത്തിന്റെ മീറ്റിംഗ് നടന്നു.

**12.** അരമനയിൽ ചൊല്ലി. മഠത്തിൽപോയി മണ്ണിൽ ജോർജിന്റെ മകൾ കുഞ്ഞുമോളുടെയും (സി. ലുസീന DM) മറ്റു 9 പേരുടെയും ഉടുപ്പിടീൽ കർമ്മത്തിൽ സംബന്ധിച്ചു. 9.30ന് തിരിച്ചുപോന്നു. ഇന്ന് മദ്യവർജന പ്രസ്ഥാനം ഇവിടെ തുടങ്ങുന്നതിന് വൈകിട്ടു ഒരു മീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ സ്കൂളിൽ വച്ചു നടന്നു. ഡോ. വാസുദേവൻ നമ്പൂതിരിയും മറ്റും പ്രസംഗിച്ചു. രാത്രിയിൽ കുരിയാക്കോസ് പാറയ്ക്കൽ അച്ചന്റെ കഥാപ്രസംഗവും, മദ്യത്തിന്റെ ദൂഷ്യഫലം പ്രകടിപ്പിച്ച്, നടത്തി. 2 മണിക്ക് കഴിഞ്ഞു.

**16.** കുർബാന കഴിഞ്ഞു എൻ.ഐ തോമസിന്റെ മരണം സംബന്ധിച്ചു. ആ വീട്ടിൽ പോയി പ്രാർത്ഥിച്ചു.

**17.** ചങ്ങനാശ്ശേരിയ്ക്ക് പോയി 11 മണിയോടു മാപ്പിളസാറും ആനന്ദവും ഒന്നിച്ചു കുമ്പഴ അച്ചനെ കാണാൻ അച്ചന്റെ മരുമകന്റെ വീട്ടിൽ പോയി. അച്ചൻ മടങ്ങി പോയി എന്നറിഞ്ഞു ഞാൻ മടങ്ങിപോന്നു. 6 മണിക്ക് പരമേശ്വരൻ സാറിനെ കണ്ടു അവരുടെ എൻഎസ്എസ് ഹാൾ ഒരു വർഷത്തേക്ക് സ്കൂൾ നടത്താൻ വിട്ടുതരണമെന്ന് പറഞ്ഞു. ആലോചിച്ചു പറയാമെന്ന് പറഞ്ഞു.

**21.** രാവിലെ മാക്കാംകുന്നേൽ പാലമൂട്ടിൽ എത്തി. കൊച്ചച്ചനും (ഫാ. റ്റി. ജി. അബ്രഹാം) കിഴവള്ളൂർ അച്ചനും (ഫാ. വി.ജെ.മാത്യൂ) ഞാനും കൂടി കോട്ടയത്തുപോയി കൊച്ചപ്പനെ (ഫാ.റ്റി.ജി.മാത്യൂ) കൊണ്ടുവരുന്ന കാര്യം ആലോചിച്ചു. പാലമൂട്ടിലെ കൊച്ചപ്പൻ (ഫാ. ഗീവർഗ്ഗീസ് കോർ എപ്പിസ്കോപ്പ) യാത്രയ്ക്ക് 20 രൂപ അവരെ ഏൽപ്പിച്ചതുകൂടാതെ എന്നെ 10 രൂപ ഏൽപ്പിച്ചു. ഞങ്ങൾ മൂന്നു പേരും ബേബികുട്ടിയും കൂടി പോയി. പുഷ്പഗിരിയിൽ കയറി ഒരു ബെഡ് സൗകര്യ പ്പെടുത്താൻ ഞാൻ ഏർപ്പാടു ചെയ്തു. തുടർന്ന് കോട്ടയത്തു എത്തി ആശുപത്രിയിൽ കയറി കൊച്ചപ്പനെ കണ്ടു. അവിടെ നിന്നും ദേവലോകത്ത് എത്തി കൊച്ചപ്പന് കിട്ടുനുള്ള 185 രൂപ വാങ്ങാൻ ശ്രമിച്ചു. എം.ഡിയിൽ എത്തിയിട്ടുതരാമെന്ന് ക്ലേറി പറഞ്ഞു. ബാവാ തിരുമേനി കൊച്ചപ്പനെ കൊണ്ടുപോകാൻ സമ്മതിച്ചു. ഞങ്ങൾ 4 മണിയോടു തിരിച്ചു തിരുവല്ലാ പുഷ്പഗിരി



www.malankaralibrary.com

യിലെത്തി വേണ്ടതു ചെയ്തു കൊച്ചപ്പനെ അഡ്മിറ്റ് ചെയ്തു. 6 മണിക്ക് ശേഷം ഞാൻ മടങ്ങിപോന്നു.

**25.** പള്ളിയിൽ Vicar General വന്നിരുന്നു. പോയി കണ്ടു. 3 മണിക്ക് നെഹ്റുജിയുടെ ചരമവാർഷികം സംബന്ധിച്ചു കമ്മിറ്റി കൂടി ആലോചിച്ചു.

**27.** താലൂക്ക് ഓഫീസിൽ 10 മണിക്ക് എത്തി നെഹ്റുഫണ്ട് പിരിവു സംബന്ധിച്ച് മീറ്റിംഗ് നടന്നു. പലരും പ്രസംഗിച്ചു. 3 മണികഴിഞ്ഞ് വീട്ടിലെത്തി.

**29.** കോന്നിയിൽ പവ്വത്ത് കറിയാച്ചന്റെ സംസ്കാര ചടങ്ങിൽ പോയി സംബന്ധിച്ചിട്ടു 11 മണിക്ക് മടങ്ങിപോയി.

**31.** രാവിലെ കോന്നിയിൽ പോയി പവ്വത്ത് കറിയാച്ചനുവേണ്ടി മൂന്നിന്മേൽ കുർബാന ചൊല്ലിയിട്ടു 10 മണിക്ക് എത്തി. പള്ളിയിൽ കയറി ഏബ്രഹാം അച്ചനോടു 200 രൂപ കടം വാങ്ങി.

**ജൂൺ 2.** റോസമ്മയും നെടുമ്പുറത്തു വർക്കിയും തമ്മിലും കുഞ്ഞു മോനും പുനലൂരിൽ ഏറത്തു മേരികുട്ടിയും തമ്മിലുള്ള വിവാഹ ത്തിന് വേണ്ട ആലോചനകളും ക്രമീകരണങ്ങളും ചെയ്തുകൊണ്ടി രിക്കുന്നു. ഇന്ന് ഒരു ലോറി മണ്ണെണ്ണ വിതരണത്തിനായി വന്നു. അത് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യണമെന്ന് കാണിച്ചു അനേകം ഹർജികിട്ടി. കഴിഞ്ഞ പ്രാവശ്യം കുപ്പി ഒന്നിന് ഒരു രൂപ വച്ചാണ് കൊടുത്തതെന്ന് പറയുന്നു. ഞാൻ പത്തനംതിട്ടയിലും റാന്നിയിലും ഫോൺ വിളിച്ചു. ആരെയും കിട്ടിയില്ല. ജനങ്ങൾ കൂടി ലോറി തടഞ്ഞു. മണ്ണെണ്ണ ഇറക്കാൻ സാധിച്ചില്ല. പോലീസ് വന്നു. വയലായും വന്നു. കുപ്പിക്ക് 40 പൈസ വച്ചു ഇന്ന് വാങ്ങിയതു വിതരണം ചെയ്യാമെന്ന് തങ്കപ്പൻ നായർ സമ്മതിച്ചു. ഞാൻ കാർഡിൽ പതിച്ചു കൊടുത്തു. 300 ൽ പരം പേർക്ക് കൊടുത്തു.

**3.** ഫാ. ഏബ്രഹാം, ഫാ. താഴത്തുവീട്ടിൽ, ഫാ. സി. മാത്യൂഎന്നിവ രുടെ സാന്നിദ്ധ്യത്തിലും മറ്റും ക്ഷണിക്കപ്പെട്ടവരുടെ സാന്നിദ്ധ്യ ത്തിലും കുഞ്ഞുമോന്റെ കല്ല്യാണം ഉറച്ചു. 14-ാം തീയതി നടത്തുന്ന തിനായിട്ടു.

**4.** പത്തനംതിട്ടപോയി കാലിലെ മുറിവു ഡ്രസ്സ് ചെയ്യിച്ചു. പാലമൂ ട്ടിൽ പോയി കൊച്ചപ്പനെ കണ്ടു കല്ല്യാണകാര്യവും മറ്റും പറഞ്ഞു. 5 മണിക്ക് സംഘം കമ്മിറ്റി മീറ്റിംഗ്കൂടി പലകാര്യങ്ങളും തീരുമാനിച്ചു.

**5.** പത്തനംതിട്ടപോയി നെഹ്റു മെമ്മോറിയൽ ഫണ്ട് മീറ്റിംഗിൽ സംബ ന്ധിച്ചു. മാക്കാംകുന്നേൽ നിന്നും കൊച്ചച്ചൻ വന്ന് മത്തായി



www.malankaralibrary.com

കൊച്ചപ്പന്റെ രോഗകാര്യവും പണത്തിന്റെ ആവശ്യവും പറഞ്ഞു. ഞാൻ 20 രൂപ കൊടുത്തു.

**6.** രാവിലെ കുമ്പഴ നെടുമ്പുറത്തു പോയി റോസമ്മയുടെയും വർക്കിയുടെയും കല്ല്യണം ഉറച്ചു. 14–ാം തീയതി നടത്താൻ. വൈകിട്ടു 4.30ന് അവരുടെ മനസ്സമ്മതം പള്ളിയിൽ വച്ചു ഞാൻ നടത്തി.

**7.** വൈകിട്ടു പള്ളിയിൽ പോയി അച്ചന്മാരോടു സംസാരിച്ചു. പരമേശ്വരൻ നായരുടെ കുട്ടിയെ ചേർക്കുന്ന കാര്യം അച്ചനോടു പറഞ്ഞു.

**8.** രാവിലെ തിരുവനന്തപുരത്തിന് പോയി അരമനയിലെത്തി ചില കാര്യങ്ങൾ ചെയ്തു. അലവൻസ് വാങ്ങി. മേരികുട്ടിക്ക് ഓർഡർ കൊടുക്കുവാൻ കറസ്പോണ്ടന്റ് ഓഫീസിൽ ഏർപ്പടുചെയ്തു മടങ്ങി.

**10.** പത്തനംതിട്ടപോയി സപ്ലൈഓഫീസറെ കണ്ടു. പഞ്ചസാര ഇല്ലെന്നു പറഞ്ഞു. ഇന്നു നടന്ന പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ ഞാൻ കൂടിയില്ല. അവർ ഒരുമിച്ചു വീട്ടിലെത്തി എന്നെ കണ്ടു. വീട്ടിൽ പന്തലും മറ്റും ഇട്ടു കല്ല്യണ ഒരുക്കങ്ങൾ നടക്കുകയാണ്.

**14.** റോസമ്മയുടേയും കുഞ്ഞുമോന്റെയും വിവാഹദിനം. നല്ല സുഖമില്ലെങ്കിലും വി. മാർട്ടിൻ ഡാപോറിന്റെ മാദ്ധ്യസ്ഥതയിൽ വിവാഹിതർക്കുവേണ്ടി വി. കുർബാന ചൊല്ലി. ഇന്ന് മഴപെയ്തില്ല. റോസമ്മയുടേയും വർക്കിയുടേയും വിവാഹം ഇവിടെ വച്ചു നടന്നു. അതിഥികൾക്ക് ഊണുകൊടുത്തു. എല്ലാം ഭംഗിയായി നടന്നു. കുഞ്ഞുമോനും ഭാര്യയും പുനലൂരിൽ നിന്നുവന്നു. റോസമ്മയേയും വർക്കിയേയും കുമ്പഴയ്ക്ക് വിട്ടു. എനിക്ക് പനികൂടി പ്രയാസമുണ്ടായി. മരുന്ന് കഴിച്ച് വിശ്രമിച്ചു.

**22.** രാവിലെ പാലമൂട്ടിൽ പോയി മത്തായി കൊച്ചപ്പനെ കണ്ടു. സുഖമില്ലാതെ കിടക്കുന്നു. കുറെകഴിഞ്ഞു പോന്നു. ഇന്ന് നെഹ്റു ഫണ്ടിലേക്ക് 101 രൂപയ്ക്കുള്ള ചെക്ക് തഹസിൽദാരെ ഏൽപ്പിച്ചു.

**ജൂലൈ 5.** രാവിലെ തിരുവനന്തപുരത്തിന് പോയി അരമനയിലെത്തി. തിരുമേനി അവിടില്ലായിരുന്നു. തിരുമേനി വന്നു, 4 മണിക്ക് കണ്ടു. അന്ത്രപേരുടെ അടൂർസ്ഥലം 3 ലക്ഷത്തിന് 50,000 രൂപ അഡ്വാൻസ് കൊടുത്തു ഉടമ്പടി എഴുതിച്ചു എന്ന് തിരുമേനി പറഞ്ഞു. കുഞ്ഞുമോനെയും മേരികുട്ടിയേയും നിയമിക്കുന്ന കാര്യം പറഞ്ഞപ്പോൾ ജോണച്ചനോടു പറയാമെന്നു പറഞ്ഞു. ജോണച്ചൻ വന്ന് 5.30ന് ഓർഡർ എഴുതിതന്നു. മടങ്ങിപോന്നു. 9.30 ന് എത്തി.

**8.** കോന്നിയിൽ പോയി കുർബാന ചൊല്ലി ധൂപവും കഴിഞ്ഞു വീട്ടിൽ പോയി പ്രാർത്ഥന കഴിഞ്ഞു ഭക്ഷണവും കഴിഞ്ഞു പോന്നു. ഉച്ച



www.malankaralibrary.com

യോടുകൂടി ചെങ്ങന്നൂർക്ക് പോയി അവിടെ കോഴിവളർത്തൽ കേന്ദ്ര ത്തിലെത്തി എല്ലാം കണ്ടു. ഏബ്രഹാം അച്ചനും ജേക്കബ് ജോണച്ചനും ഉണ്ടായിരുന്നു. ഞങ്ങൾ കുറെ കോഴിയെ വാങ്ങി 5 മണിക്ക് തിരിച്ചുപോന്നു.

**12.** ഉച്ചകഴിഞ്ഞ് റാന്നിക്ക്പോയി അവിടെ നിന്നും 2.30ന് ഒരു കാറിൽ വയലാ ഇടിക്കുളയുടെ വീട്ടിലെത്തി. ഫാദറിന് കന്തീലാ ശുശ്രൂഷ കൊടുക്കുന്നതിൽ സംബന്ധിച്ചു. മാർ ക്ലിമീസ്, മാർ പിലക്സിനോസ് എന്നീ മെത്രാന്മാരും അനേകം അച്ചന്മാരും കൂടിയാണ് നടത്തിയത്. ശുശ്രൂഷകഴിഞ്ഞ് 6 മണിക്ക് കാപ്പിയും കഴിഞ്ഞ് മടങ്ങിപോന്നു.

**13.** രാവിലെ പഞ്ചായത്തു കമ്മിറ്റി കൂടി പലകാര്യങ്ങളും തീരുമാനിച്ചു. റോഡിലേക്ക് ഇറക്കി കെട്ടിടം കെട്ടുന്നു എന്ന പരാതി അന്വേഷി ക്കാൻ മൈലപ്ര-മേക്കൊഴൂർ റോഡിൽ പോയി കണ്ടു മടങ്ങി. വീട്ടിലെത്തി ഊണുകഴിഞ്ഞു വിശ്രമിച്ചു. 5 മണിക്ക് തിരിച്ചു 8.30-ന് അരമനയിലെത്തി.

**15.** രാവിലെ അരമനയിൽ ചൊല്ലി. 7.30 ന് മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മയുടെ പ്രാർത്ഥനയും കുർബാനയും തിരു മേനി കത്തീഡ്രലിൽ നടത്തി. അനേകം അച്ചന്മാരും ജനങ്ങളും ഉണ്ടായിരുന്നു. കാപ്പിയും മറ്റും കഴിഞ്ഞ് ഡി.പി.ഐ. ഓഫീസിലെത്തി തങ്കച്ചനെ കണ്ടു. അവിടെ നിന്നും കോളേജ് ഡയറക്ടറേറ്റിലെത്തി ഫിലിപ്പിന്റെ ലോൺ സംബന്ധിച്ചു അന്വേഷിച്ചു. സാദ്ധ്യമല്ലെന്ന് പറഞ്ഞു. 2 മണിക്ക് കൗൺസിൽ കൂടി അന്ത്രപ്പേരുടെ 90 ഏക്കർ വസ്തു വാങ്ങുന്ന കാര്യം നിശ്ചയിച്ചു. 3 ലക്ഷത്തിന് നാളെ എഴുതിക്കാൻ തീരുമാനിച്ചു.

16. ഉച്ചകഴിഞ്ഞ് കിഴവള്ളൂർ ബ്ലോക്കോഫീസിലെത്തി കോ-ഓപ്പറേറ്റീവ് സൊസൈറ്റി റജിസ്ട്രാർ വിളിച്ചു കൂട്ടിയ മീറ്റിംഗിൽ സംബന്ധിച്ചു. പലകാര്യങ്ങളും ആലോചിച്ചു പിരിഞ്ഞു. 5 മണിക്ക് പോന്നു.

**27.** മേക്കൊഴൂർ റോഡുവെട്ടു കാണാൻ പോയിട്ടു മടങ്ങിവന്നു. ഏബ്രഹാം അച്ചനോടും ജേക്കബ് ജോണച്ചനോടും കൂടി കോട്ടയ ത്തുപോയി. അവിടെനിന്നും ഭരണങ്ങാനം പള്ളിയിലെത്തി ബംഗ്ലാവിൽ താമസിച്ചു. പ്രാർത്ഥനയും നേർച്ച ഇടീലും മറ്റും കഴിഞ്ഞു അവിടെ കിടന്നു.

**28.** വെളുപ്പിന് 4 മണിക്ക് എഴുനേറ്റു 5 മണിക്ക് ചാപ്പലിൽ എത്തി പ്രാർത്ഥിച്ചു. 5.30ന് ചാപ്പലിൽ അൽഫോൻസാമ്മയുടെ നിയോഗ ത്തിൽ ചൊല്ലി. 7 മണിക്ക് ശേഷം കാപ്പികഴിഞ്ഞ് ഞങ്ങൾ പാലാ



www.malankaralibrary.com

യ്ക്കും അവിടെ നിന്ന് തൊടുപുഴയ്ക്കും പോയി. അവിടെ നിന്നും ഒരു ജീപ്പ് പിടിച്ച് താഴത്തുവീട്ടിൽ ജോസഫ് അച്ചന്റെ വീട്ടിലെത്തി രോഗിയായ അമ്മയെ കണ്ട് പ്രാർത്ഥിച്ചു. കാപ്പികുടിച്ചിട്ടു അവിടെ നിന്നും തിരിച്ചു സി. മാത്യൂ അച്ചന്റെ വീട്ടിൽ എത്തി അമ്മയെ കണ്ടു. പിന്നീടു അവിടെ പള്ളിയിൽ കയറി. അവിടെ നിന്നും ഡി. ഇ.ഒ. മി. എം.എം മാത്യുവിന്റെ വീട്ടിൽ ചെന്ന് സുഖം അന്വേഷിച്ചു. 12 മണിക്ക് തിരിച്ചു കോട്ടയത്ത് എത്തി. ഊണുകഴിഞ്ഞ് ഞങ്ങൾ മടങ്ങിപോന്നു. 7 ന് വീട്ടിലെത്തി.

**31.** ഏബ്രഹാം അച്ചനും ഞാനും കൂടി പത്തനംതിട്ട എത്തി വാഴയിൽ മില്ലിൽ കാത്തിരുന്നു. 10 മണിക്ക് സി. മാത്യൂ അച്ചൻ വന്നു. കാറിൽ ഞങ്ങൾ വാഴമുട്ടത്തിന് പോയി. 11 മണിക്ക് ശേഷം തിരുമേനിവന്നു. 50 ൽ പരം വീടുകളിൽ നിന്നുമായി 200 ൽ പരം യാക്കോബായ കാർ സഭയിലേക്ക് ചേർന്നു. അതുകഴിഞ്ഞു 12.30 ന് മടങ്ങിപോന്നു. മേക്കൊഴൂർ റോഡുവെട്ടുപോയി കണ്ടിട്ടു വന്ന് പഞ്ചായത്ത് ഓഫീ സിലും കയറിയിട്ടു വീട്ടിലെത്തി.

**ആഗസ്റ്റ് 3.** ഫാമിലി പ്ലാനിംഗ് സംബന്ധിച്ച ഉദ്യോഗസ്ഥന്മാർ 3 മണിക്ക് വന്നു. പഞ്ചായത്തു കമ്മിറ്റി കൂടി. അതിന്റെ ദൂഷ്യവശങ്ങൾ ഞാൻ പറഞ്ഞു. ചിലതെല്ലാം അവരും സമ്മതിച്ചു. സെന്ററിന്റെ പണി സംബ ന്ധിച്ച് ബി.ഡി.ഒ. വളരെ അത്യാവശ്യമായി നോമിനിയെ നിശ്ചയി ക്കണമെന്ന് പറഞ്ഞു. കമ്മിറ്റി അതുസംബന്ധിച്ചു ആലോചിച്ചു പലകാര്യങ്ങളും തീരുമാനിച്ചു.

**4.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി സംസാരിച്ചു. മണിക്ക് ബി.എഡ്-ന് തരാമെന്നും മറ്റുപലതും പറഞ്ഞു. സെക്രട്ടറിയേറ്റിൽ എത്തി പ്യൂൺ കേസു സംബന്ധിച്ചു പറഞ്ഞു അനുകൂല പരിസ്ഥി തിയുണ്ടാക്കി. 4 മണിക്ക് തിരിച്ചു പോന്നു. 9.30 ന് വീട്ടിലെത്തി.

**15.** മൈലപ്രായിൽ ചൊല്ലി. മിഷ്യൻ പ്രചരണാർത്ഥം ഇഞ്ചക്കലോടി അച്ചനും, മത്തായി മലഞ്ചരുവിലച്ചനും സഖറിയാസ് കിളിലേത്ത ച്ചനും കൂടി വന്നു. അവരെ ഞാൻ പരിചയപ്പെടുത്തി പ്രസംഗിച്ചു. അവർ വന്നകാര്യം പറഞ്ഞു.

**19.** അരമനയിൽ ചൊല്ലി. ചിലരെ പോയികണ്ടു. ജോസ് മാത്യു അച്ച നെകണ്ടു മണിയുടെ കാര്യം പറഞ്ഞു. 1.30 ന് തിരുമേനിയോടു കൂടി അടൂർ പുതിയ കുന്നിലേക്ക്പോന്നു. 4 മണിക്ക് അവിടെ കയറി എല്ലാംകണ്ടു. നല്ല സ്ഥലവും നല്ല കെട്ടിടവും. പന്തളത്തു എത്തി എന്നെ ഇറക്കിയിട്ടു തിരുമേനി ഉള്ളന്നൂർക്ക് പോയി. ഞാൻ 5 മണിക്ക് വീട്ടിലെത്തി.





www.malankaralibrary.com

**22.** ജോസഫ് അച്ചനും പക്കോമിയോസ് അച്ചനും ഞാനുംകൂടി 3 മണിക്ക് കറ്റാനത്തിന് പോയി. അവിടെ മാങ്കാവിൽ മത്തായിച്ചന്റെ തൈലാഭിഷേകത്തിൽ സംബന്ധിച്ചു. തിരുമേനിയും പല അച്ചന്മാരും ഉണ്ടായിരുന്നു. കാറിൽ മടങ്ങിപോന്നു.

**25.** പുത്തൻപീടികയിൽ 8 മണിക്കെത്തി. 10 മണിക്കുശേഷം അളിയന്റെ അടക്കം കഴിഞ്ഞു. ഞാനും ഭാര്യയും മടങ്ങിവീട്ടിലെത്തി. ഞാൻ 5 മണിക്ക് തിരുവനന്തപുരത്തിന് പോയി. 8.30 ന് അരമനയിലെത്തി. തിരുമേനിയുമായി പലകാര്യങ്ങളെപ്പറ്റിയും സംസാരിച്ചു.

**29.** ഉതിമൂടു കണ്ടത്തിൽ പടിക്കൽ ഉള്ള സ്ലാബ് കാണാൻ ഞാനും തോമസും കെ.ജി. തോമസുംകൂടി പോയി. പണിയെല്ലാം കണ്ടു. സ്ലാബ് സ്ഥാപിക്കാൻ ഉള്ള രണ്ടു കരഭാഗവും പഞ്ചായത്തിനുള്ളതായി രിക്കണം. കൂടാതെ സ്ലാബ് വരെ ചെല്ലാനുള്ള വരമ്പ് വീതികൂട്ടി വെട്ടി സൗകര്യ പ്പെടുത്തണം എന്നു പറഞ്ഞു മടങ്ങിപോന്നു. മണ്ണാരകളഞ്ഞിയിൽ ഇറങ്ങി ഹെൽത്ത് സെന്റർ പണിയെ സംബ ന്ധിച്ചു ആലോചിച്ചു. 500 രൂപ കല്ലുപൊട്ടിക്കാൻ വേണമെന്നു പറഞ്ഞു. ആലോചിക്കാം എന്നു പറഞ്ഞു ഞങ്ങൾ പോന്നു.

**സെപ്റ്റംബർ 3.** അരമനയിൽ ചൊല്ലി. തിരുമേനി 10 മണിക്ക് റോമി ലേക്ക് പോകാനായി വേണ്ടതെല്ലാം ചെയ്തു. അനേകം അച്ചന്മാരും സിസ്റ്റേഴ്സും കൂടി എയർപോർട്ടിൽ എത്തി തിരുമേനിയെ യാത്രയാക്കി. ഞാൻ ഉടനെ മടങ്ങിപോന്നു.

**12.** രാവിലെ തുമ്പമണ്ണിൽ എത്തി നരിയാപുരം പള്ളിയിലെത്തി. അവിടെ കൊച്ചുവക്കീലിന്റെ മകളുടെ വിവാഹത്തിൽ റമ്പാച്ചനെ സഹായിച്ചു. വീട്ടിൽപോയി ഭക്ഷണം കഴിഞ്ഞ് റമ്പാച്ചനോടുകൂടി കാറിൽ പൂന്തല ഈഴേനത്തു പോയി കോശിസാറിനെ കണ്ടു പ്രാർത്ഥിച്ചു. കൊച്ചു കുട്ടി തന്ന 100 രൂപ സാറിനെ ഏല്പ്പിച്ചു. റമ്പാച്ചനോടുകൂടി അടൂരിൽ എത്തി. ഞാൻ അവിടിറങ്ങി കീവർച്ചാ യനെ പോയി കണ്ടു വിവരം അറിഞ്ഞു മടങ്ങിപോന്നു.

**19.** വൈകിട്ടു അമ്മാൻകുട്ടിയും ഉപദേശിയും വന്ന് പ്യൂൺ പൗലോ സിന്റെ കാര്യം പറഞ്ഞു. ഞാൻ വിവരം അവരെ ധരിപ്പിച്ചു. ഒരു നിവൃത്തിയും ഇനിയും ചെയ്യാനില്ല. അവൻ നന്നാകാൻ നിങ്ങൾ ഗുണദോഷിക്കുവിൻ എന്നെല്ലാം ഞാൻ പറഞ്ഞു. ഓഫീസർ തീരു മാനം ചെയ്തശേഷമേ കമ്മിറ്റിക്കാർ അറിയുകയുള്ളു. അതു കൊണ്ടു ഇപ്പോൾ ഒന്നും ചെയ്യാൻ പറ്റില്ല എന്നുഞാൻ പറഞ്ഞു. അവർ വളരെ അപേക്ഷിച്ചു അവനെ കൊണ്ടു എന്തും ചെയ്യിക്കാം വേണ്ടതു ചെയ്യണമെന്ന്. സാദ്ധ്യമല്ലെന്ന് പറഞ്ഞു വിട്ടു.



www.malankaralibrary.com

**24.** ബ്ലോക്ക് ഓഫീസിലെത്തി 2.30 ന് മീറ്റിംഗ് കൂടി. മടങ്ങി പഞ്ചായത്തു ഓഫീസിൽ പോയി. പൗലോസിന്റെ കേസിന്റെ വിധി ഓഫീസർ എന്നെ കാണിച്ചു. സസ്പെന്റ് ചെയ്ത അന്നുമുതൽ ഡിസ്മിസ് ചെയ്തു.

**27.** കോന്നിപഞ്ചായത്ത് ഓഫീസിലെത്തി ബി.ഡി.സി. മീറ്റിംഗിൽ സംബന്ധിച്ചു. പലകാര്യങ്ങളും തീരുമാനിച്ചു. മടങ്ങി 8 മണിക്കെത്തി.

**28.** വൈകിട്ടു ജവാന്മാരുടെ വീടുകൾ സന്ദർശിക്കുവാൻ കമ്മിറ്റിക്കാരോടുകൂടി മേക്കൊഴൂർ കുന്നുകയറി നാലഞ്ചു വീടുകൾ സന്ദർശിച്ചു. അവരെ ആശ്വസിപ്പിച്ചു വേണ്ടസഹായം ചെയ്യാൻ നോക്കാം എന്നു പറഞ്ഞു. 8 മണിക്ക് വീട്ടിലെത്തി. കാലിന് വേദനയും ക്ഷീണവുമുണ്ടായിരുന്നു, ചൂടുപിടിച്ചു.

**29.** മൂന്നിന്മേൽ ചൊല്ലി. അച്ചന്മാരും ഏവരുംകൂടി തോട്ടാലിൽ പോയി ധൂപം വച്ചു പ്രാർത്ഥിച്ചു. കാപ്പികഴിഞ്ഞ് പോന്നു. 5 മണിക്ക് തിരുവനന്തപുരത്തിന് തിരിച്ചു. കുമ്പഴ വച്ചു ഗബ്രിയേലച്ചനും കൂടി ബസിൽ കയറി. കുറെ കഴിഞ്ഞപ്പോൾ എനിക്ക് അസുഖമുണ്ടായി. ശർദ്ദിക്കുമോ എന്ന് തോന്നി. കയ്യിലുണ്ടായിരുന്ന ഗുളിക കഴിച്ചു. അല്പം ആശ്വാസം തോന്നി. അച്ചന്റെ കൂടെ നാലാഞ്ചിറ ഇറങ്ങി ആശ്രമത്തിലെത്തി. അച്ചൻ ഗാസ്ട്രോമോൺ തന്നു. അത് ദൈവാനുഗ്രഹം കൊണ്ടു ഫലിച്ചു. ആശ്രമത്തിൽ കിടന്നുറങ്ങി.

**30.** ആശ്രമത്തിൽ ചൊല്ലി. കാപ്പി കഴിഞ്ഞു മഠത്തിൽ പോയി സിസ്റ്ററിനെ കണ്ടു പലകാര്യങ്ങളും പറഞ്ഞു. അരമനയിൽ പോയി അലവൻസ് വാങ്ങി. ജോണച്ചനുമായി മേരിക്കുട്ടിയുടെ കാര്യവും മറ്റും പറഞ്ഞു. പൂജയുടെ അവധികഴിയുമ്പോഴേക്ക് ശരിയാക്കാമെന്നു പറഞ്ഞു. 4 മണിക്ക് മടങ്ങിപോന്നു.

**ഒക്ടോബർ 7.** രാവിലെ മുഖത്തല പള്ളിയിൽ ചൊല്ലി. കൊല്ലത്ത് എത്തി ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ കയറി മൈലപ്രാ സംഘത്തിന്റെ ഷെയർ സംബന്ധിച്ചു വേണ്ടതു ചെയ്യിച്ചു. കളക്ടറേറ്റിൽ എത്തി പഞ്ചായത്ത് ഡയറക്ടർ മി. കേശവൻ നായരെ കണ്ടു പലകാര്യങ്ങളും സംസാരിച്ചു. ഗ്രാന്റിന്റെ കാര്യം നോക്കാം എന്നു പറഞ്ഞു.

**8.** ഉച്ചകഴിഞ്ഞു പഞ്ചായത്ത് ഓഫീസിൽ പോയിട്ടു വന്നു. തഹസിൽദാരുടെ ക്ഷണമനുസരിച്ചു 5 മണിക്ക് താലൂക്ക് ഓഫീസിലെത്തി പത്തനംതിട്ട സിറ്റിസൺസ് മീറ്റിംഗിൽ സംബന്ധിച്ചു. യുദ്ധം സംബന്ധിച്ചുള്ള കാര്യങ്ങളെപ്പറ്റി ആലോചിച്ചു. പല കമ്മിറ്റികളെ എടുത്തു



www.malankaralibrary.com

ഫൈനാൻസ് കമ്മിറ്റിയിൽ എന്നെകൂടി ചേർത്തു. 8 മണിക്ക് പിരിഞ്ഞുപോന്നു.

**11.** കിഴവള്ളൂർ ബ്ളോക്ക് ഓഫീസിലെത്തി സഹകരണ സംഘത്തിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. വളവും കീടനാശിനിയും മറ്റും സംഘം വഴി വില്പന നടത്തണമെന്ന് നിശ്ചയിച്ചു. 1 മണിക്ക് വീട്ടിലെത്തി.

**13.** ഉച്ചകഴിഞ്ഞു പത്തനംതിട്ട എത്തി ഡിഫെൻസ് കമ്മിറ്റിയിലും ഫൈനാൻസ് കമ്മിറ്റിയിലും കൂടി പലതും ആലോചിച്ചു.

**14.** ഇടിക്കുളസാർ വന്നു, പിന്നെ പഞ്ചായത്ത് ഓഫീസിൽ പോയിട്ടു തിരിച്ചുവന്നു. 12 മണിയോടു ബി.ഡി.ഒ-യും വീട്ടിൽ വന്നു. ഞങ്ങൾ ഊണുകഴിഞ്ഞു സ്കൂളിൽ പോയി.

**15.** പഞ്ചായത്ത് ഓഫീസിൽ 2 മണിക്ക് കമ്മിറ്റി കൂടി പലകാര്യങ്ങൾ തീരുമാനിച്ചു. 3 മണിക്ക് ബി.ഡി.ഒ യും മറ്റും വന്നു. 17-ാം തീയതി കോന്നിയിൽ വച്ചു നടത്തുന്ന റാലി സംബന്ധിച്ചും മഹായോഗം സംബന്ധിച്ചും പലതും ആലോചിച്ചു തീരുമാനിച്ചു. 5 മണിക്ക് പിരിഞ്ഞുപോയി. 5.45 ന് സഹകരണസംഘം പുതിയ കമ്മിറ്റികൂടി എന്നെ പ്രസിഡന്റായും കെ.റ്റി.ജോർജിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. മറ്റു ചിലകാര്യങ്ങളും ആലോചിച്ചു. ചൊവ്വാഴ്ച ചാർജ് എടുക്കണമെന്ന് നിശ്ചയിച്ചു. 8 ന് തീർന്നു.

**17.** കോന്നിയിൽ മീറ്റിംഗിനുപോകാൻ ആളുകൾ വന്നുതുടങ്ങി. ലോറിയും വന്നു. 3.45 ന് കിഴവള്ളൂർക്ക് പോയി 4-ന് എത്തി. നല്ല മഴ പെയ്തു. കുറെകഴിഞ്ഞു അവിടെനിന്നും കോന്നിക്ക് നടന്നു പോയി. മഴകൂടിയപ്പോൾ ഞാൻ ഒരു ജീപ്പിൽ കയറി കോന്നി റ്റി.ബിയിലെത്തി വിശ്രമിച്ചു. മീറ്റിംഗ് നടത്താൻ പറ്റാത്തവിധം കഠിനമഴ കാരണം ഞാനും മറ്റു ചിലരും കൂടി ജീപ്പിൽ പോന്നു.

**19.** സംഘത്തിന്റെ റിക്കാർഡുകൾ പരിശോധിച്ചു നീക്കി ഇരിപ്പും മറ്റും കണ്ടുപിടിച്ചു തീരാത്തതുകൊണ്ട് പുതിയ കമ്മിറ്റി ചാർജെടുത്തില്ല.

**24.** രാവിലെ പുനലൂർക്കും അവിടെനിന്ന് കുമ്പഴ അച്ചനോടുകൂടി വലിയ വീട്ടിലച്ചന്റെ വീട്ടിലും പോയി. 3 മണിക്ക് അച്ചന്റെ മകളുടെ മാമോദീസാ നടത്തി. ഞാൻ തിരുവനന്തപുരത്തിന് പോയി.

**25.** അരമനയിൽ ചൊല്ലി. അലവൻസ് വാങ്ങി സിറ്റിയിൽ പോയി പഞ്ചായത്തു ഡയറക്ടർ ഓഫീസിലെത്തി അപേക്ഷകൊടുത്തു. 11 മണിക്ക് മടങ്ങി പോന്നു. 4 മണിക്കെത്തി.

**31.** വൈകിട്ടു 3-ാം വാർഡിലെ ഡിഫൻസ് ഫണ്ടു കമ്മിറ്റികൂടി യഥോചിതം പിരിവുതുക നിശ്ചയിച്ചു.



www.malankaralibrary.com

**നവംബർ 5.** പഞ്ചായത്ത് ഓഫീസിൽ എത്തി 11 മണിക്ക് പ്യൂണിനുള്ള ഇന്റർവ്യൂ നടത്തി. പ്രഭാകരൻ വിജയി ആയി.

**6.** ഉച്ചകഴിഞ്ഞ് മുഖത്തലയ്ക്ക്പോയി. യൂദാശ്ലീഹായുടെ പെരുനാൾ കൊണ്ടാടി. കഥാകാലക്ഷേമവും മറ്റും ഉണ്ടായിരുന്നു.

**7.** രാവിലെ 5 മണിക്ക് അച്ചന്റെ നിയോഗത്തിൽ ഞാൻ കുർബാന ചൊല്ലി. 9.30-ന് മോൺസിഞ്ഞോർ കുർബാന ചൊല്ലികഴിഞ്ഞ് ഞാൻ കാപ്പ ഇട്ടു പ്രദക്ഷിണം നടത്തി. ധാരാളം ആളുകളുണ്ടായിരുന്നു. എല്ലാം കഴിഞ്ഞ് ഊണിനുശേഷം 2 മണിയോടു മോൺസിഞ്ഞോറിന്റെ കൂടെ തിരുവനന്തപുരത്തിന് പോയി. 4 മണിക്ക്ശേഷം ആശുപത്രിയിൽ പോയി വേണ്ടപ്പെട്ട 2 രോഗികളെ കണ്ടു.

**15.** പലകാരണങ്ങൾകൊണ്ടു പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കണമെന്ന് ആഗ്രഹിക്കുന്നു. ഇന്ന് വൈകിട്ടു പഞ്ചായത്ത് കമ്മിറ്റി കൂടിയപ്പോൾ രാജിവയ്ക്കണമെന്നുള്ള ആഗ്രഹം പറഞ്ഞു. അവർക്ക് അതിനു സമ്മതമില്ലെന്ന് പറഞ്ഞു. മറ്റുള്ളവരും ഓഫീസിൽ വന്ന് രാജിവയ്ക്കരുതെന്ന് പറഞ്ഞു. ചിലരുടെ എതിർപ്പു മൂലമാണെന്ന് തെറ്റിദ്ധരിക്കുമെന്ന്.

**17.** അരുവാപുറത്ത് പഞ്ചായത്തു ഓഫീസിൽ വച്ചു കോന്നി ബ്ളോക്ക് ബി.ഡി.സി. മീറ്റിംഗ് നടന്നു. ഊണുകഴിഞ്ഞു 3 മണിക്ക് പോന്നു.

**25.** രാവിലെ എറണാകുളത്തിന് പോയി. കോട്ടയത്തുനിന്നും ട്രയിനിൽപോയി 11 മണിക്കെത്തി. ജോണച്ചനും തൊമ്മിയും അവിടുണ്ടായിരുന്നു. പുത്തൻകാവു സ്കൂൾ സംബന്ധിച്ചു റിട്ടുകൊടുക്കാനായി, ഞാനും കുഞ്ഞൂഞ്ഞും കൂടി 5 മണിക്ക് തൈക്കാട്ടു സ്വാമിയെകണ്ടു കേസുകാര്യം പറഞ്ഞു. 500 രൂപയാണ്. ഇന്നാകുമ്പോൾ 350 രൂപ തരണം. അതിൽ 230 ഉടനെ വേണം. ബാക്കി പുറകാലെ എന്നും സമ്മതിച്ചു. ചെക്കായി മാത്രമേ തരാൻ സാധിക്കു എന്നു പറഞ്ഞു. റിക്കാർഡുകൾ ഉള്ളത് സ്വാമിയെ ഏൽപ്പിച്ചു. ഞങ്ങൾ ഉടനെ ജോണച്ചന്റെ താമസസ്ഥലത്തെത്തി. അവിടെ ഉറങ്ങി.

**26.** എറണാകുളം സൗത്ത് സ്റ്റേഷനടുത്തുള്ള ആശ്രമത്തിൽ പോയി ചൊല്ലി. അതുകഴിഞ്ഞ് ജോർജ് വറുഗീസ് കണ്ണന്താനത്തിനെ പോയി കണ്ടു. അവിടെ നിന്നും സാലസ് അച്ചനെകാണാൻ കളമശ്ശേരിക്ക് പോയി. ഉച്ചകഴിഞ്ഞു മടങ്ങിവന്നപ്പോൾ ജോണച്ചന്റെ കേസു തള്ളിയതായിട്ടു അറിഞ്ഞു. തൈക്കാട്ടു സ്വാമിയുടെ ഗുമസ്തൻ കേശവപിള്ളയ്ക്ക് ഞാൻ 5 രൂപ കൊടുത്തു. പിന്നീടു താമസസ്ഥലത്ത് എത്തി. 4 മണിക്ക് ഞങ്ങൾ കാറിൽ മടങ്ങി. രാത്രി 1 മണിക്ക് വീട്ടിൽ എത്തി.



www.malankaralibrary.com

**28.** ഉച്ചകഴിഞ്ഞു വകയാറ്റുപള്ളിയിൽ എത്തി. അവിടെ 8 വീട്ടുകാരായി 30-ൽ പരം പേരെ കത്തോലിക്കാസഭയിൽ ചേർത്തു. 5.30 ന് തിരുവനന്തപുരത്തിന് തിരിച്ചു. മുറിഞ്ഞകല്ലു ഭാഗത്തു എത്തിയപ്പോൾ 2 ബസ്സുകൾ കൂട്ടി ഇടിച്ചു വഴിഅടഞ്ഞുകിടക്കുന്നു. ഞങ്ങൾ നാലഞ്ചുപേർ ഒരുകാറിൽ പത്തനാപുരത്ത്പോയി, ഒന്നരരൂപ കൊടുത്തു. അവിടെ നിന്നും പുനലൂരിൽ എത്തി. 7.30 ന് പുനലൂർ പള്ളി ബംഗ്ളാവിലെത്തി കിടന്നു.

**29.** പുനലൂർ പള്ളിയിൽ ചൊല്ലി. തിരുവനന്തപുരത്തിന് തിരിച്ചു. 9.30 ന് അരമനയിലെത്തി. ജോണച്ചനുമായി ചിലകാര്യങ്ങൾ പറഞ്ഞു. 1.30 ന് ബസിൽ മടങ്ങിപോന്നു.

**ഡിസംബർ 2.** സ്കൂൾ കെട്ടിടം പണിയുന്നിടത്തെ ആവശ്യത്തിന് 2 വണ്ടി മണൽ കൊണ്ടുവരാൻ ഏർപ്പാടു ചെയ്തു 4 രൂപ വണ്ടി കൂലി കൊടുത്തു.11 മണിക്ക് പത്തനംതിട്ടപോയി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിനെ കണ്ടു ഒപ്പിടുവിച്ചു മടങ്ങിപോന്നു.

**4.** മേസ്തിരി 10 മണിക്കും കുറെകഴിഞ്ഞു ജൂനിയർ എൻജിനീയറും വന്നു. ഞങ്ങൾ ഒരുമിച്ചു ഫാമിലി വെൽഫെയർ സെന്റർ പണിയുന്ന സ്ഥലത്തേക്ക് പോയി. അളന്ന് തിട്ടപ്പെടുത്തി. അതുകഴിഞ്ഞു തോട്ടാലിപടി കലുങ്കിന്റെ അളവു പരിശോധിനയും നടത്തി. എസ്റ്റിമേറ്റു എടുക്കാൻ തീരുമാനിച്ചു. പഞ്ചായത്തിൽ വച്ചു സഖറിയാമേസ്തിരി എഗ്രിമെന്റ് എഴുതി നോമിനിയായി വർത്തിക്കാമെന്ന് പറഞ്ഞു.

**7.** രാവിലെ പള്ളിയിൽ നിന്നും വീട്ടിലേക്കു വരുമ്പോൾ കൈപ്പട്ടൂർ വലിയവീട്ടിലെ വി.ജി.ജോർജ് സാർ മരിച്ചതായി ആൾവന്നു പറഞ്ഞു. ഉച്ചകഴിഞ്ഞു 2 മണിയോടു വലിയവീട്ടിലെത്തി മൃതശരീരം കണ്ടു പ്രാർത്ഥിച്ചു. അനേകം ആളുകളും ഒന്നുരണ്ടു പട്ടക്കാരും ഉണ്ടായിരുന്നു. 4.30 കഴിഞ്ഞ് ശരീരം പള്ളിയിലേക്ക് എടുത്തുകഴിഞ്ഞപ്പോൾ ഞാൻ പോന്നു.

**13.** തുമ്പമൺ പുത്തൻവീട്ടിൽ തോമ്മാച്ചന്റെ വീട്ടിലെത്തി പലകാര്യങ്ങളും സംസാരിച്ചു. കല്ല്യാണകാര്യവും ചിന്തിച്ചു. കൊച്ചുവക്കീലിന്റെ വീട്ടിൽപോയി 2 മാങ്കൊസ്റ്റിൽ തൈകളും 2 ജാതിതൈകളും തന്നതു കൊണ്ടുപോന്നു. വീട്ടിലെത്തി വിശ്രമിച്ചു. 4 മണിക്ക് താലൂക്കു ഓഫീസിൽ എത്തി ഗോൾഡ് ലോണിനെപ്പറ്റി ആലോചിക്കാൻ തഹസിൽദാരുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ സംബന്ധിച്ചു സംസാരിച്ചു.

**15.** രാവിലെ പത്തനംതിട്ടപോയി അവിടെനിന്നും തിരിച്ചു നേതാജി



www.malankaralibrary.com

ഹൈസ്കൂളിലെത്തി. 10 മണിക്ക് ബി.ഡി.സി. മെമ്പേഴ്സും വന്ന് എന്റെ അദ്ധ്യക്ഷതയിൽ ഉദ്ഘാടന മീറ്റിംഗ് നടന്നു. പിന്നീട് 3 ഗ്രൂപ്പായി പിരിഞ്ഞു. സെമിനാർ നടന്നു. കൃഷി സംബന്ധിച്ച ഗ്രൂപ്പിൽ ഞാനുംകൂടി. ഏവരും നന്നായി ചർച്ച ചെയ്തു പല നിശ്ചയങ്ങൾ എടുത്തു. 3 മണിക്ക് വീണ്ടും കൂടി ഓരോന്നും വായിച്ചു പാസാക്കി. 7 മണിക്ക് പിരിഞ്ഞു പോന്നു.

**17.** രാവിലെ 5.45 ന് ഞങ്ങൾ 10 പേർ മൂഴിയാർ, പമ്പ, കക്കി, തേക്കടി എന്നീ സ്ഥലങ്ങൾ കാണാൻ ഒരു ജീപ്പിൽ പോയി എല്ലാംകണ്ടു രാത്രി 11 മണിക്ക് തിരിച്ചെത്തി. പഞ്ചായത്തിലെ എന്റെ സ്ഥാനങ്ങൾ രാജി വയ്ക്കാൻ ഞാൻ നേരത്തേ ആലോചിച്ചതാണ്. എന്റെ അഭിമാനത്തിനും ആരോഗ്യത്തിനും അത് അത്യാവശ്യമാണെന്നുള്ള ബോധം വീണ്ടും ഉണ്ടായി. കമ്മിറ്റിക്കാരിൽ ചിലർക്ക് എന്നോട് അത്ര തൃപ്തിയില്ലെന്ന് സംസാരത്തിൽ അറിയാൻ കഴിഞ്ഞു. കൂടാതെ ഈ പഞ്ചായത്തിന്റെ സ്ഥാപനവും ഓഫീസ് നിർമ്മാണവും മറ്റുമാണ് ഞാൻ മെമ്പറായിരിക്കുന്നതിന് ആഗ്രഹിക്കാൻ കാരണം. അതു കഴിഞ്ഞപ്പോഴെ മാറാൻ നിശ്ചയിച്ചതാണ്. പക്ഷേ നടന്നില്ല.

**18.** ഉച്ചകഴിഞ്ഞ് തയ്യിൽ അച്ചൻ വന്ന് ചില കമ്മിറ്റിക്കാർക്ക് എന്നോട് അതൃപ്തിയും അസുഖവുമാണ്, അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഞാൻ തടസ്സം നിൽക്കുന്നു എന്നു പറഞ്ഞു. അച്ചന് കോളേജ് ജോലിയും മറ്റും ഉള്ളതുകൊണ്ടു സ്ഥാനം രാജിവയ്ക്കുകയാണെന്നും പറഞ്ഞു രാജി കത്ത് എന്റെ കൈയിൽ തന്നു. വൈസ് പ്രസിഡന്റ് സ്ഥാനവും മെമ്പർഷിപ്പും രാജിവച്ചു തന്ന കത്തു ഞാൻ അംഗീകരിച്ചു ഓഫീസറെ ഏൽപ്പിച്ചു, തങ്കപ്പൻ നായർ, അച്ചൻ ഇവർ പിരിഞ്ഞതുകൊണ്ടും ബാക്കിയുള്ള മെമ്പറന്മാരോടുകൂടി ജോലിചെയ്യുന്നതു ഹിതകരമല്ലാത്തതിനാലും ഞാൻ രാജി എഴുതി ഇന്നുതന്നെ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു. അതുകഴിഞ്ഞു എനിക്ക് മനസന്തോഷം കൂടുതലായി. ഞാൻ രാജിവയ്ക്കാൻ മറ്റൊരു കാരണം ജനന നിയന്ത്രണത്തിൽ ബ്ലോക്ക് കൂടുതൽ കർശന നടപടിക്ക് തയ്യാറാകുന്നതിനെ ഞാൻ ഒന്നു രണ്ടു പ്രാവശ്യം എതിർത്തതാണ്. വീണ്ടും ബ്ലോക്ക് കൂടുതൽ കർശനമാക്കുന്നു എന്നതാണ്.

**20.** അരമന ചാപ്പലിൽ ചൊല്ലി. തിരുമേനിയെകണ്ടു എന്റെ കാര്യങ്ങളും മറ്റു ചില കാര്യങ്ങളും പറഞ്ഞു. മേരിക്കുട്ടിയുടെ സി.എസ്-ഉം മറ്റും വാങ്ങി 5 മണിക്ക് പോന്നു.



www.malankaralibrary.com

**27.** രാത്രി 10 മണിക്ക് തയ്യിൽ അച്ചനും പാപ്പച്ചനും കൂടിവന്ന് അച്ചന്റെ രാജി സംബന്ധിച്ചു എന്റെ ഒരു കത്ത് ആവശ്യപ്പെട്ടു, അധികാരികൾ എന്തു ചെയ്യുന്നതിനും എനിക്ക് എതിരില്ല എന്ന് ഞാൻ എഴുതി കൊടുത്തു.

**28.** രാവിലെ തിരുവനന്തപുരത്തിന് പോയി അരമനയിലെത്തി. കറസ്പോണ്ടന്റ് ഓഫീസിലെത്തി പലകാര്യങ്ങൾ അറിഞ്ഞു. 6 മണിക്ക് കൗൺസിൽ കൂടി രാത്രി 1 മണിവരെ.

**29.** അരമനയിൽ ചൊല്ലി. ചിലരെയെല്ലാം കണ്ടു. പലതും ആലോചിച്ചു. ഫാ. സാലസിനെ മണിക്കുവേണ്ടി കാണാൻ പി.എം.ജി. ഏർപ്പാടു ചെയ്തു.

(1966 Diary is missing)

## 1967

**ജനുവരി 4.** രാവിലെ പഞ്ചായത്തു ഓഫീസിലെത്തി റ്റി.എ. ബിൽ സംബന്ധിച്ചു ഓഫീസറോടു പറഞ്ഞു. തോപ്പിൽ കുഞ്ഞച്ചന്റെ വീട്ടിൽ കല്ല്യാണം സംബന്ധിച്ചു കയറിയിട്ടു പോന്നു.

**6.** സി.എം.റ്റി. യോടു സംഘത്തിന്റെ കണക്ക് ശരിപ്പെടുത്താത്തതിനെക്കുറിച്ചും ജോർജിനോടു പണം സംഘത്തിന്റെ എസ്.ബി. അക്കൗണ്ടിൽ അടയ്ക്കാത്തതിനെക്കുറിച്ചും പറഞ്ഞു. നാളെ ഒടുക്കിശരിപ്പെടുത്താമെന്ന് തോമസ് ഏറ്റു. രണ്ടു പേരുടെ പക്കലും ഒഴപ്പ് കാണുന്നുണ്ട്. ഇതുകഴിഞ്ഞു വേണം പുതിയ കമ്മിറ്റി ചാർജ് എടുക്കുന്നത്.

**10.** അരമനയിൽ ചൊല്ലി. ഇന്ന് തിരുമേനിയുടെ ഫീസ്റ്റ് ആണ്. 6.45ന് തിരുമേനിയെ അച്ചന്മാർ കൂടി എതിരേറ്റു കത്തീഡ്രലിൽ എത്തി. തിരുമേനി കുർബാന ചൊല്ലി. അത്കഴിഞ്ഞ് കാപ്പി കുടിച്ചു. വിശ്രമം കഴിഞ്ഞു ഉച്ചനമസ്കാരവും ഊണും കഴിഞ്ഞ് 2 മണിക്ക് പ്രോവിഡന്റ് ഫണ്ട് കെട്ടിടം തീർക്കാനുള്ള സ്ഥലം കാണാൻ അച്ചന്മാർ ഒന്നിച്ചു ബസിൽ കൊറവൻകോണത്തു പോയി. ആ സ്ഥലത്തെപ്പറ്റി അവിടെ താമസിച്ചിരുന്നവരുടേയും ഇപ്പോൾ താമസിക്കുന്നവരുടേയും കഠിനമായ പ്രതിഷേധം അറിഞ്ഞു. ഏവരും മടങ്ങി മേക്കോണത്തു എത്തി പടിഞ്ഞാറു തെക്കായിട്ടുള്ള സ്ഥലം മതി എന്നു നിശ്ചയിച്ചു. അരമനയിൽ മീറ്റിംഗ് കൂടി തീരുമാനിച്ചു. 5 മണിക്ക് അന്തോണി അച്ചന്റെയും മറ്റും കൂടെ കാറിൽ അടൂർക്ക് തിരിച്ചു അവിടെ നിന്ന് ബസിൽ പോന്നു.



www.malankaralibrary.com

**18.** ഉച്ചകഴിഞ്ഞു ഡി.ഇ.ഒ ഓഫീസിലെത്തി ബിൽകാര്യം അന്വേഷിച്ചു. പി.എ., സെക്ഷൻ ക്ലർക്കിനെ വിളിച്ചു ഉടനെ പാസാക്കാൻ പറഞ്ഞു. മടങ്ങിവന്നു വിശ്രമിച്ചു. നെടുമങ്ങാട്ടു നിന്നും ജോർജ് വന്നു ഫിലിപ്പച്ചൻ അവന്റെ പേർക്ക് 90,000 രൂപയ്ക്ക് കേസു കൊടുത്തു എന്നും, ഞാൻ ശ്രമിച്ചു രമ്യതയിൽ കഴിയാൻ നോക്കണമെന്നും പറഞ്ഞു. അച്ചനെ കണ്ടു അന്വേഷിച്ചിട്ടു വിവരം അറിയിക്കാമെന്ന് പറഞ്ഞു വിട്ടു.

**20.** സംഘംവക 600 രൂപ എസ് ബിയിൽ നിന്നും എടുത്തു പത്തനംതിട്ട കോ-ഓപ്പറേറ്റീവ് ബാങ്കിൽ എത്തി 865.25 രൂപ കരുതൽ ധനവും 301.50 രൂപ ഷെയറിനും അടച്ചു. കുറേ ഫോംസ് വാങ്ങി മടങ്ങിപോന്നു. സംഘത്തിലെത്തി ചില കത്തുകൾ തയ്യാറാക്കി അയച്ചു. വീട്ടിലെത്തിയപ്പോൾ ചുട്ടിവെട്ടത്തിലച്ചൻ വന്നു. ഒരുമിച്ചു പള്ളിയിൽ പോയി. കുറെകഴിഞ്ഞ് അച്ചൻ പോയി. ഞാൻ വീട്ടിൽ വന്നു. പി. എസ്. ജോർജും എൻ. ജി. ചാക്കോയും മറ്റും വന്നു കോൺഗ്രസിന് വോട്ടുചെയ്യുന്ന കാര്യം പറഞ്ഞു. തിരുമേനിയുടെ അഭിപ്രായം കൂടി ആദരിച്ചു വേണ്ടതു ചെയ്യാമെന്ന് പറഞ്ഞു. ഒരു മീറ്റിംഗ് കൂടണമെന്ന് പറഞ്ഞപ്പോൾ, ഞാൻ ഇപ്പോൾ ഒന്നിലും പ്രവേശിക്കുകയില്ല, അനാരോഗ്യം കൊണ്ടും മറ്റും എല്ലാറ്റിൽ നിന്നും മാറിയിരിക്കുകയാണെന്ന് പറഞ്ഞു.

**22.** ചുട്ടിവെട്ടത്തിലച്ചൻ 3 മണിക്ക് വന്നു. ഞങ്ങൾ ഏബ്രഹാം അച്ചനോടു കൂടി വലിയഅയന്തിക്ക് പോയി. കയറ്റം കയറിയപ്പോൾ നെഞ്ചുവേദന അനുഭവപ്പെട്ടു. 5 മണിക്ക് വലിയ അയന്തിപള്ളിയലെത്തി വിശ്രമിച്ചു. തിരുമേനി കടമ്മനിട്ട നിന്നും 6.30 ന് പള്ളിയിലെത്തി ധൂപപ്രാർത്ഥന കഴിഞ്ഞു പ്രസംഗിച്ചു. ഐക്യത്തെപ്പറ്റിയും കേരള കോൺഗ്രസുകാർ ചെയ്ത പ്രതിജ്ഞയിൽ നിന്നും തെറ്റിമാറി അഹങ്കാരം കാണിച്ചതിനെപ്പറ്റിയും മറ്റും വളരെ വേദനയോടുകൂടി പ്രസംഗിച്ചു. ഞങ്ങൾ 7.30 ന് തിരിച്ചുപോന്നു. തിരുമേനിയുമായി സംസാരിച്ചശേഷം.

**23.** ഉച്ചകഴിഞ്ഞു 5 മണിക്കുള്ള ബസിൽ തിരിച്ചു അഞ്ചലിൽ ഇറങ്ങി കോളേജിലെത്തി താമസിച്ചു. ഫിലിപ്പച്ചനും നെടുമങ്ങാടു ജോർജും തമ്മിലുള്ള കേസ് ഞാനിടപെട്ടു രമ്യതയിലാക്കണമെന്ന് ജോർജ് പറഞ്ഞതനുസരിച്ച് അച്ചന്റെ അഭിപ്രായം അറിയാൻ അച്ചനുമായി ദീർഘമായി സംസാരിച്ചു. അച്ചന്റെ ഭാഗം വിശദമായി അറിഞ്ഞു. രാത്രി അവിടെ ഉറങ്ങി.



www.malankaralibrary.com

**24.** അഞ്ചൽ ചാപ്പലിൽ ചൊല്ലി. കാപ്പികഴിഞ്ഞു നെടുമങ്ങാടിനു പോയി 11 മണിക്ക് ജോർജിന്റെ വീട്ടിലെത്തി, ദീർഘമായി സംസാരിച്ചു. ജോർജിന്റെ ഭാര്യ അമ്മിണി ജോർജിന്റെ ഇടപാടുകളെപ്പറ്റിയും ധൂർത്തടിച്ചു ചെലവാക്കുന്നതിനെപ്പറ്റിയും അമ്മിണിയെ ഉപദ്രവിക്കുന്നതിനെപ്പറ്റിയും മറ്റും പറഞ്ഞു. ഒടുവിൽ ജോർജ് ഫിലിപ്പച്ചന് 40,000 രൂപ 3 വർഷത്തിനകം കൊടുക്കാം എന്നും ഈ വർഷം 10,000 രൂപയും പലിശയും, അടുത്ത വർഷങ്ങളിലായി ബാക്കി രൂപയും പലിശയും കൊടുക്കാം എന്നും പറഞ്ഞു. അതിൽ കൂടുതൽ കൊടുക്കാൻ നിവൃത്തിയില്ല എന്നും, അവനെ വേണ്ടപോലെ സഹായിച്ചില്ല, അവർക്ക് വേണ്ടി അവൻ ഇതുവരെ ജീവിച്ചതാണ് എന്നെല്ലാം പറഞ്ഞു ഞാൻ 2 മണിക്ക് തിരിച്ചു 8.30 ന് വീട്ടിലെത്തി.

**26.** പത്തനംതിട്ട ഡി.ഇ.ഒ. ഓഫീസിലെത്തി ബിൽ കൊടുത്ത് കാര്യം പറഞ്ഞു. പി.എ. ഉടനെ ഭാസ്കരനെ വിളിച്ചു ബിൽ കൊടുത്ത് ഉടനെ പാസാക്കി കൊടുക്കണമെന്ന് പറഞ്ഞു. ഞാൻ മാക്കാംകുന്നിലും മറ്റു ഒന്നുരണ്ടു വീടുകളിലും മറ്റും പോയിട്ടു തിരിച്ചു പോന്നു. ജോർജും ഫിലിപ്പച്ചനുമായുള്ള കേസ് സംബന്ധിച്ചു ജോർജുമായി നടത്തിയ സംഭാഷണവും വിവരവും മറ്റും എഴുതി അച്ചന്റെ പേർക്കയച്ചു.

**29.** രാവിലെ ജീപ്പു അയച്ചുതന്നതനുസരിച്ച് കാക്കുചേട്ടന്റെ ചാപ്പലിൽ പോയി കുർബാന ചൊല്ലി. വിവാഹത്തിന്റെ വിളിച്ചു ചൊല്ലു നടത്തി പ്രസംഗിച്ചു. കാപ്പികഴിഞ്ഞു മടങ്ങിപോന്നു.

**30.** പള്ളിയിൽപൊയി മുരുപ്പേൽ ബേബിയുടെ വിവാഹം ഞാൻ ആശീർവദിച്ചു നടത്തി. വീട്ടിൽ പോയി ഭക്ഷണം കഴിഞ്ഞു പോന്നു.

**ഫെബ്രുവരി 3.** തുമ്മലും തലവേദനയുമായിട്ടു മരുന്ന് കഴിച്ച് വിശ്രമിച്ചു. ഉച്ച കഴിഞ്ഞ് കരിപ്പാപറമ്പിലെ അവറാപ്പി ചണ്ണപേട്ടനിന്നു മടങ്ങി കാഞ്ഞിരപ്പള്ളിക്ക് പോയ വഴി വീട്ടിൽ കയറി എന്നെ കണ്ടു. കൂടെ താമസിക്കുന്ന മരുമകൻ വളരെ ശത്രുതയോടു പെരുമാറുന്നു-പട്ടി ...മോനെ....എന്നൊക്കെ അവറാപ്പിയെ വിളിച്ചു വഴക്കുണ്ടാക്കുന്നു എന്ന് സങ്കടത്തോട് പറഞ്ഞു. അവനെ അവിടെ നിന്നും വിടാൻ ആലോചിക്കുന്നു എന്നു പറഞ്ഞുപോയി.

**5.** മണ്ണാരകുളഞ്ഞിപള്ളിയിൽ പോയി. അവിടെ ബംഗ്ലാവ് പണിതതിന് ശേഷം ആദ്യമായാണ് അവിടെ എത്തിയത്. സ്റ്റെപ്പ് കയറിയപ്പോൾ നെഞ്ചുവേദന തുടങ്ങി. കുറെ നേരം വിശ്രമിച്ചു. കാക്കുചേട്ടന്റെ മകളുടെ വിവാഹവും കുർബാനയും കഴിഞ്ഞു. ഞങ്ങൾ



www.malankaralibrary.com

അച്ചന്മാർ ജീപ്പിൽ വീട്ടിൽ പോയി ഊണുകഴിഞ്ഞു 2.30 ന് മടങ്ങി പോന്നു. മൈലപ്രാവൈദ്യന്റെ മകൻ ഉണ്ണി കൃഷ്ണന്റെ വിവാഹം സംബന്ധിച്ചു നടത്തിയ ചായസൽക്കാരത്തിൽ പോയി സംബന്ധി ച്ചിട്ടു പോന്നു. അസുഖം കുറവില്ല.

**6.** ദേഹവേദനയും തലവേദനയും മറ്റുമായി വിശ്രമിച്ചു. വൈകിട്ടു ഡോ. ജോർജിനെ കൊണ്ടുവന്നു, ഇൻജക്ഷനും മറ്റുമരുന്നും തന്നു പോയി. ഇലക്ഷൻ സംബന്ധിച്ചു രണ്ടു പക്ഷക്കാരും വന്നു പറഞ്ഞിട്ടുപോയി.

**7.** രാവിലെ തിരുമേനി വന്ന് രോഗവിവരം അന്വേഷിച്ചു. ഇലക്ഷൻ കാര്യം പറഞ്ഞു. മണവാളന്റെ കാര്യവും കർശനമായി നടത്തുന്നതിന് തീരുമാനിച്ചതായും അതിലേക്കു കൂടിയാണ് കൗൺസിൽ മീറ്റംഗ് വച്ചിരിക്കുന്നതെന്നും പറഞ്ഞു. പലതും സംസാരിച്ചിട്ടു തിരുമേനി പോയി.

**10.** തിരുവനന്തപുരത്തിന് തിരിച്ചു ഒന്നുരണ്ടു ബസിൽ കയറി 1 മണി കഴിഞ്ഞു അരമനയിൽ എത്തി. ഊണുകഴിഞ്ഞു വിശ്രമിച്ചു. 3 മണിക്ക് കൗൺസിൽ കൂടി പലകാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. 6.15ന് തീർന്ന ഉടനെ പോരാൻ ശ്രമിച്ചെങ്കിലും ബസ് കിട്ടിയില്ല. അരമനയിൽ ഉറങ്ങി.

**20.** ഇലക്ഷൻ ദിവസം അസംബ്ലിയിലേക്കും പാർലമെന്റിലേക്കും വോട്ടു ചെയ്തു. വയലായ്ക്കു എതിരു കെ.കെ.നായർ ആയിരുന്നു. വയ ലായുടെ കാര്യം സംശയമാണ്. പൊതുവേ കമ്മ്യൂണിസ്റ്റ്കാർക്ക് അനുഭാവമാണെന്നാണ് കേൾക്കുന്നതു.

**26.** അരമനയിൽ നിന്നും പറഞ്ഞതനുസരിച്ചു ഉതിമൂട്ടിൽപോയി 7.30 ന് കുർബാന ചൊല്ലി. ഒന്നിടവിട്ട ഞായറാഴ്ചകളിൽ ഉതിമൂട്ടിൽ ചെല്ല ണമെന്നാണ് പറഞ്ഞിരിക്കുന്നത്.

**മാർച്ച് 2.** ഇന്നു അരമനയിൽ നിന്നും ഉതിമൂട് പള്ളിയുടെ വികാരി യായി നിയമിച്ചുകൊണ്ടുള്ള കൽപന വന്നു. 1-3-67 മുതൽ ചാർജ് ഏറ്റുകൊള്ളണമെന്ന്.

**7.** രാവിലെ ചാങ്ങയിൽ ജോർജിനേയും കൊണ്ടു പിരപ്പൻകോടു ആശു പത്രിയിൽ പോയി. ലോറൻസ് അച്ചനെകണ്ടു, ചുറ്റിനടന്ന് അവി ടെയെല്ലാം കണ്ടു. ജോർജിനെ അവിടെ ചികിത്സയ്ക്കായി ഏർപ്പാടു ചെയ്തുകൊടുത്തു. ഞാനും അച്ചനുംകൂടി കാറിൽ അരമനയ്ക്ക് പോയി. ജോണച്ചനെ പോയി കണ്ടു നിയമനം സംബന്ധിച്ച കത്തുകൾ വാങ്ങി അരമനയിൽ നിന്നും അലവൻസും വാങ്ങി മടങ്ങിപോന്നു. രാത്രി 9 മണിക്കെത്തി.





www.malankaralibrary.com

**12.** ഉതിമൂടുപള്ളിയിൽ ചൊല്ലി. 5 മണിക്ക് സംഘം കമ്മിറ്റികൂടി പലതും തീരുമാനിച്ചു. ഉണ്ണിയുടെ കട ചാങ്ങയിൽ പീടികയിൽ നടത്താനും 87–ാം നമ്പർ കട നിറുത്താനും തീരുമാനിച്ചു.

**15.** കോന്നി ബ്ലോക്കിൽ 1 മണിക്കെത്തി എന്റെ അദ്ധ്യക്ഷതയിൽ കർഷക മീറ്റിംഗ് കൂടി. ബ്ലോക്കിലെ അസിസ്റ്റന്റ് അഗ്രികൾചറൽ ഓഫീസർ പ്രസംഗിച്ചു. ഒരു ചർച്ചായോഗമായിരുന്നു. നെൽകൃഷിയെ സംബന്ധിച്ചും മറ്റും 4 മണിക്ക് ചർച്ച തീർന്നു. പിന്നീടു ഫാമിലി പ്ലാനിംഗ് സംബന്ധിച്ചു പ്രസംഗിക്കാൻ ഹെൽത്ത് ഓഫീസർ തുടങ്ങി. ഉടനെ ഞാൻ എഴുന്നേറ്റു, ഫാമിലി പ്ലാനിംഗിന്റെ അപ്രായോഗികത, ഗാന്ധിജിയുടെ അഭിപ്രായം ഉദ്ദേശത്തിനു പര്യാപ്തമല്ല, അതിന്റെ വഴി എന്ന് പറഞ്ഞു ഇറങ്ങിപ്പോന്നു. അതുകഴിഞ്ഞു അയാൾ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ പലരും പല ചോദ്യങ്ങൾ ചോദിച്ചു വിഷമിപ്പിച്ചു. അയാൾ പ്രസംഗം നിറുത്തിപോയി. കാപ്പി കുടി കഴിഞ്ഞു ഞാൻ മടങ്ങിപോന്നു.

**17.** കുമ്പഴപോയി മേലേതിലച്ചന്റെ വീട്ടിലെത്തി അച്ചനെ കണ്ടു പല കാര്യങ്ങളും സംസാരിച്ചു. മടങ്ങിവന്ന് 3 മണിക്ക് മുഖത്തലക്ക് പോയി 6.30ന് എത്തി. പ്രാർത്ഥനയും ഊണും കഴിഞ്ഞ് ഉറങ്ങി.

**18.** അതിരാവിലെ എഴുന്നേറ്റു പള്ളിയിലെത്തി പ്രാർത്ഥന കഴിഞ്ഞ് കുമ്പസരിച്ചു. അനന്തരം കട്ടുമ്പേട്ടച്ചന്റെ നിർദ്ദേശ പ്രകാരം കുറെ പേരെ കുമ്പസാരിപ്പിച്ചു. 7.30–ന് പരസ്യ കുർബാന ചൊല്ലി. അതു കഴിഞ്ഞു കാപ്പികുടിച്ചിട്ടു മടങ്ങിപോന്നു.

**19.** രാവിലെ ഉതിമൂട് പള്ളിയിലെത്തി കുമ്പസാരം നടത്തിയിട്ടു ഓശാന ശുശ്രൂഷയും കുർബാനയും നടത്തി. ട്രസ്റ്റിയുടെ വീട്ടിൽ നിന്നും ഭക്ഷണം കഴിഞ്ഞു അവിടെ ഒരു വീടും സന്ദർശിച്ചിട്ടു തിരിച്ചുപോന്നു.

**23.** ഉതിമൂട്ടിൽ പോയി പെസഹ കുർബാന ചൊല്ലി മടങ്ങിപോന്നു.

**24.** ഉതിമൂട്ടിൽ പോയി നമസ്കാരങ്ങളും ശുശ്രൂഷകളും മറ്റും നടത്തി 2 പ്രസംഗങ്ങളും ചെയ്തു 2 മണിയോടു അടക്കശുശ്രൂഷ കഴിഞ്ഞ് 3 ന് പോന്നു.

**25.** ഉതിമൂട്ടു പള്ളിയിൽ 5 മണി കഴിഞ്ഞെത്തി സന്ധ്യാ പ്രാർത്ഥന നടത്തി പള്ളിയിൽ കിടന്നു.

**26.** വെളുപ്പിന് 2.30ന് ക്യംത പ്രാർത്ഥനയും ഉയർപ്പിന്റെ ശുശ്രൂഷയും കുർബാനയും നടത്തി 5.30ന് തീർത്തു. മടങ്ങി വീട്ടിലെത്തി വിശ്രമിച്ചു.

**29.** ഞാനും സി.എം. തോമസുംകൂടി 9 മണിക്ക് കൊല്ലത്തിന് പോയി 11 മണിക്ക് സംഘം ഡെപ്യൂട്ടി രജിസ്ട്രാരെ കണ്ടു. 87–ാം നമ്പറിന്റെ



www.malankaralibrary.com

റേഷൻ കാര്യം ആലോചിച്ചു തീരുമാനിച്ചു. ഊണുകഴിഞ്ഞ് കോ-ഓപ്പറേറ്റീവ് ബാങ്ക് മാനേജർക്ക് ഒരു കത്തു തന്നു. അതുമായി മടങ്ങി ഞാൻ തിരുവനന്തപുരത്തിനും സി.എം.റ്റി. മൈലപ്രയ്ക്കും പോയി. അരമനയിൽ 5 മണിക്കെത്തി കാപ്പികഴിഞ്ഞു മേക്കോണത്തു നടക്കുന്ന കെട്ടിടം പണികാണാൻ കുരുവിള അച്ചനോടുകൂടി പോയി. അതുകഴിഞ്ഞു ഡോ. മാത്യൂവിന്റെ ഡിസ്പെൻസറിയിൽ കയറി ബ്ലഡ്ഡും യൂറിനും മറ്റും പരിശോധിച്ചു. അരമനയിൽ കിടന്നു.

**30.** രാവിലെ 5 മണിക്കുള്ള ബസിൽ തിരിച്ചു 8.30 മൈലപ്രാ പള്ളിപടിക്കലിറങ്ങി പള്ളിയിലെത്തി കുർബാനചൊല്ലി. വീട്ടിലെത്തി വിശ്രമിച്ചു. വൈകിട്ടു ക്ലാസ് 10-ലെ കുട്ടികളുടെ ഫോട്ടോയിൽ സംബന്ധിച്ചു.

**ഏപ്രിൽ 1.** തിരുമേനിയും ഏബ്രഹാം അച്ചനും കൂടി 8 മണിക്കു ശേഷം ആങ്ങമൂഴി ചാപ്പൽ കൂദാശയ്ക്കു പോകാൻ വന്നു. ഞാനും കൂടെ പോയി. 9.30 ന് കൂദാശ തുടങ്ങി കുർബാനചൊല്ലി. 11.30 ന് എല്ലാം കഴിഞ്ഞു. ഊണു കഴിഞ്ഞ് വിശ്രമിച്ചു. 2 മണിക്ക് പൊതു യോഗം തുടങ്ങി തിരുമേനി പ്രസംഗിച്ചു. അനന്തരം ഞങ്ങൾ മടങ്ങി പോന്നു. 3.15 ന് ഞാൻ വീട്ടിൽ ഇറങ്ങി വിശ്രമിച്ചു.

**3.** തിരുവനന്തപുരത്തിന് തിരിച്ചു 2 മണിക്ക് പാളയത്തു താഴയിൽ കോശിയുടെ വീട്ടിലെത്തി ഊണുകഴിച്ചു. വിശ്രമിച്ച ശേഷം പാളയം കൊച്ചു പള്ളിയിൽ എത്തി ബാബുവിന്റെയും തിരുവല്ലാ പൊന്നമ്മയുടേയും വിവാഹം നടത്തി. അനേകം അച്ചന്മാരും ആളുകളും ഉണ്ടായിരുന്നു. അത്കഴിഞ്ഞു ജൂബിലി ടൗൺ ഹാളിൽ വച്ചു കാപ്പി സൽക്കാരം നടന്നു. അത്കഴിഞ്ഞ് ഞാൻ അരമനയിൽ എത്തി വിശ്രമിച്ചു. പിതാവുമായി പല കാര്യങ്ങൾ സംസാരിച്ചു. ചണ്ണപ്പേട്ട പള്ളി പണി ഏർപ്പെടുത്താം എന്നു പറഞ്ഞു. ഭരണങ്ങാനം കുര്യച്ചന്റെ സംഭാവന ഒരു വൈദികവിദ്യാർത്ഥിയെ പഠിപ്പിക്കുന്നതിനുള്ളതു പുതുപറമ്പിൽ കൊച്ചൻ എന്ന് നിശ്ചയിച്ചു.

**10.** വൈകിട്ടു ഭരണങ്ങാനത്തിന് പോകാനായി തിരുവല്ലാ അരമനയിലെത്തി താമസിച്ചു.

**11.** രാവിലെ ഒരുങ്ങി കുർബാന ചൊല്ലി, കാപ്പി കുടിച്ചു കാത്തിരുന്നു. 8 മണിക്ക് ഗ്രിഗോറിയോസ് തിരുമേനി വന്നു. രണ്ടുതിരുമേനിമാരും ഞാനും കൂടി ഭരണങ്ങാനത്തിനു പോയി. 9.30 ന് കുര്യച്ചൻ പഠിപ്പിച്ചു അച്ചനാക്കിയ തോമസ് താന്നിക്കാകുഴി എന്ന അച്ചൻ കുർബാന ചൊല്ലി. കുര്യച്ചന്റെ കൊച്ചുമകൾക്ക് ആദ്യകുർബാന കൊടുത്തു. ഞാൻ അൽഫോൻസാമ്മയുടെ കബറിടത്തിൽപോയി



www.malankaralibrary.com

പ്രാർത്ഥിച്ചു. മഠത്തിലും കയറി. കുര്യച്ചൻ പാലമറ്റം എത്തി ഏവരും ഭക്ഷണം കഴിച്ചു. ഞാൻ റ്റോസ്റ്റ് പ്രസംഗം നടത്തി. പിന്നീടു മടങ്ങി തിരുവല്ലാ എത്തി. അവിടെ നിന്നും മടങ്ങിപോന്നു. പത്തനംതിട്ട എത്തിയപ്പോൾ കണ്ണംമണ്ണിൽ ജോർജിന്റെ ഭാര്യ അപകടനിലയിൽ ആശുപത്രിയിൽ കിടക്കുന്നു എന്നറിഞ്ഞ് അവിടെപോയി കണ്ടു.

**13.** വൈകിട്ടു സംഘം കമ്മിറ്റി കൂടി പലകാര്യങ്ങളും തീരുമാനിച്ചു. റേഷൻകടയിൽ ഉണ്ണി ക്രമക്കേടു കാണിച്ചതിനെപ്പറ്റി കമ്മിറ്റി ചോദിച്ച പ്പോൾ അനാവശ്യമായി ചിലതെല്ലാം പറഞ്ഞു. പല തീരുമാനങ്ങൾ കമ്മിറ്റി എടുത്തു. സംഘം വക എസ് ബി അക്കൗണ്ടിൽ അടയ്ക്കാൻ 277 രൂപ ഞാൻ കൊണ്ടുപോന്നു.

**16.** രാവിലെ തിരിച്ചു 1 മണിക്കുശേഷം അരമനയിലെത്തി. തിരുമേനി യുമായി സംസാരിച്ചു. സ്കൂൾ പണിക്ക് 500 രൂപ വാങ്ങി ഒരുമാസ ത്തിനകം പണിനടത്തുവാൻ പറഞ്ഞു. 4 മണിക്ക് കുളത്തുങ്കൽ പോത്തന്റെ സംസ്കാരത്തിൽപോയി സംബന്ധിച്ചു. സെമിത്തേരി വരെ നടന്നു.



**ആയുർവേദ വൈദ്യശാല**

**17.** രാവിലെ അരമനയിൽ ചൊല്ലി. 10 മണിക്ക് തിരുമേനി മാനില മുതലായ സ്ഥലങ്ങളിൽ പോകുന്നതിനായി തിരിച്ചു. ഞങ്ങൾ അച്ചന്മാരും മറ്റു പലരും വിമാനതാവളത്തിൽ കൂടെപോയി 10.30-ന് അയച്ചു. അത് കഴിഞ്ഞ് ഞങ്ങൾ കുളത്തുങ്കൽ പോത്തന്റെ വീട്ടിൽ പോയി പ്രാർത്ഥന നടത്തി. തിരിച്ചു അരമനയിലെത്തി ഊണു കഴിഞ്ഞു 4 മണിക്ക് മടങ്ങിപോന്നു. 9.ന് വീട്ടിലെത്തി.

**25.** രാവിലെ സംഘം ഓഫീസിൽ പോയി. 11 മണിയോടു കുഞ്ഞു കൃഷ്ണപിള്ള വൈദ്യൻ വന്ന് വൈദ്യശാലയുടെ കാര്യം പറഞ്ഞു.



www.malankaralibrary.com

അതിന് രമ്യമായ ഒരു തീരുമാനം ഉണ്ടാകണമെന്ന് ഞാൻ പറഞ്ഞു. അല്ലെങ്കിൽ റോഡരുകിൽ 3 സെന്റ് സ്ഥലം വാങ്ങിതരണം സംഘം ഓഫീസിനു വേണ്ടി. ആലോചിച്ചു പറയാമെന്നു പറഞ്ഞുപോയി.

**27.** ഉതിമൂട്ടിൽ 9 മണിക്കെത്തി വീടുകൂദാശ നടത്തി തുടങ്ങി. പള്ളിക്ക് വടക്കേഭാഗം ഉച്ചയായപ്പോഴേക്ക് കൂദാശനടത്തികഴിഞ്ഞു. കണിയാന്റേടത്ത് എത്തി വിശ്രമിച്ചു. ഊണു കഴിഞ്ഞു. 2.30 ന് വീണ്ടും തുടങ്ങി. ചമതക്കൽ പുത്തൻവീട്ടിൽ മത്തായിയുടെ വീട്ടിലെത്തി. അയാളും മരുമകളും തമ്മിൽ അനുകൂലമല്ല. വഴക്കാണ്. രണ്ടു പേരെയും കുറെ ശാസിച്ചു രമ്യതയിലാക്കി. പിന്നെ കൂദാശനടത്തി. 4 മണികഴിഞ്ഞപ്പോൾ 11 വീടുകൾ കൂദാശ നടത്തിയിട്ടു ബസിൽ പോന്നു. കൊച്ചുകുട്ടിക്ക് (മൂത്തമരുമകൻ) ദേഹത്തു വേദനയും മറ്റും കൂടിയിട്ടു ഇന്നലെ മുതൽ ആശുപത്രിയിലാണ്.

**28.** ആശുപത്രിയിൽ പോയി ഡോക്ടരുമായി സംസാരിച്ചു. അസുഖം എന്താണെന്നും മറ്റും വിശദമായി പറഞ്ഞു തന്നു. പുന്തലനിന്നും സാറും മറ്റും വന്നു കണ്ടിട്ടുപോയി.

**മേയ് 1.** കോന്നിയിൽ ഇല്ലരിക്കൽ സ്കറിയാച്ചൻ മരിച്ചതായി അറിഞ്ഞ് ഞാനും വേലശ്ശേരിൽ റമ്പാച്ചനും കൂടിപോയി പ്രാർത്ഥന നടത്തി. മറ്റു അച്ചന്മാരും വന്നിരുന്നു. 10 മണിക്ക് കോന്നി പള്ളിയിൽ അടക്കം കഴിഞ്ഞ് ഞങ്ങൾ പോന്നു. കുടുംബയോഗം സംബന്ധിച്ചു ഐരാമൺ പി.റ്റി. തോമസിന് ഒരു കത്ത് അയച്ചു ഈ ആഴ്ചയിൽ വരണമെന്ന് കാണിച്ചു.

**5.** റമ്പാച്ചനും പി.റ്റി. തോമസും വന്നു. കുടുംബയോഗത്തിന്റെ കാര്യം ആലോചിച്ചു. ക്ഷണകത്ത് അടിക്കാൻ ചാമിയെ ഏല്പ്പിച്ചു. ആശുപത്രിയിൽ കയറി കൊച്ചുകുട്ടിയെ കണ്ടിട്ടുപോന്നു.

**7.** ഉതിമൂട് പോയി ചൊല്ലി. ഒരു മാമോദീസായും നടത്തി. വൈകിട്ടു പോയി റമ്പാച്ചനെ കണ്ടു ആലോചിച്ചു. 20-ാം തീയതി വയ്ക്കണമെന്ന് പറഞ്ഞു. കൊച്ചുകുട്ടിയെ വീട്ടിൽ കൊണ്ടു വന്നു.

**8.** പത്തനംതിട്ട പോയി ചാമിയുടെ വീട്ടിലെത്തി ഞങ്ങൾ കോന്നിയിൽ പോയി ഒരു ജീപ്പ് പിടിച്ചു അവിടെ പലസ്ഥങ്ങളിൽ ചുറ്റികറങ്ങി സ്ഥലസൗകര്യം കണ്ടിട്ടു കോന്നിയിൽ തിരിച്ചെത്തി. 1 മണിയോടു ഞാൻ പുത്തൻപീടിക കിഴക്കേതിൽ കുട്ടിയുടെ മകളുടെ കല്ല്യാണ നിശ്ചയത്തിന് പോയി.

**10.** കുമ്പഴ നെടുമ്പുറത്ത് എത്തി പൊന്നച്ചനെകണ്ടു വില്ലേജ് കോടതി കാര്യവും മറ്റും സംസാരിച്ചു. പിന്നീടു പക്കോമിയോസ് അച്ചനോ



www.malankaralibrary.com

ടുകൂടി പുഷ്പഗിരി ആശുപത്രിയിലെത്തി കിളന്നമണ്ണിലച്ചനെ (ഫാ.ജേക്കബ്) കണ്ടു. അവശതയിൽ കിടക്കുന്നു. അത് കഴിഞ്ഞു ഞങ്ങൾ ആശുപത്രിയിലെത്തി ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**11.** രാവിലെ വെട്ടിപ്പുറം വഴി നടന്ന് പത്തനംതിട്ട എത്തി ചാമിയെ കണ്ടു. മേക്കൊഴൂർക്ക് കത്തുകൾ അയച്ചു എന്നു പറഞ്ഞു. മാക്കാം കുന്നുള്ള കത്തുകൾ തയ്യാറാക്കി ബേബിയെ ഏൽപ്പിച്ചു. നന്നൂ ക്കാട്ടു പള്ളിയിലെത്തി അച്ചന് അടുത്തസമയത്ത് സംഭവിച്ച കാര്യം അന്വേഷിച്ചു. മാക്കാംകുന്നേൽ കൊച്ചച്ചനെ പോയി കണ്ടിട്ടു പാല മൂട്ടിൽ ചെന്ന് കൊച്ചപ്പനെ കണ്ടു. ജോർജിന്റെ വീട്ടിൽ കയറി കൊച്ചപ്പന് തൈലാഭിഷേകം കൊടുക്കുന്ന കാര്യം പറഞ്ഞു. വീട്ടി ലെത്തി 30 ൽ പരം ക്ഷണകത്തുകൾ പോസ്റ്റിൽ അയച്ചു. റമ്പാച്ച നെപോയി കണ്ടിട്ടു വന്നു.

**12.** ഇന്ന് പഞ്ചായത്ത് കമ്മിറ്റി കൂടി. വില്ലേജ് കോടതിയിലേക്കായി എന്നെ തെരഞ്ഞെടുത്തതായി അറിഞ്ഞു. കോന്നിക്കാരും മറ്റും എന്റെ പേര് നിർദ്ദേശിച്ചതായി അറിഞ്ഞു. റമ്പാച്ചനുമായി കുടും ബയോഗത്തിന്റെ പ്രോഗ്രാം തയ്യാറാക്കി.

**14.** പരസ്യകുർബാന ചൊല്ലിയിട്ടു ദേഹത്തു വേദനയായിരുന്നതു കൊണ്ട് വീട്ടിൽ വിശ്രമിച്ചു. 4 മണിക്ക് തടത്തിൽ ഉണ്ണി (പി.എം. ചാക്കോ) അവന്റെ ജോലിസ്ഥലത്തുനിന്നും വന്നു എന്നെ കണ്ടു. അവന്റെ ഭാര്യയുമായി ശണ്ഠയിലാണെന്നും അവളും അവളുടെ കാമുകനും കൂടി അവനെ ഉപദ്രവിക്കുമെന്നും പറഞ്ഞു. ഏതായാലും ഞാൻ എന്റെ വീട്ടിൽ താമസിക്കാൻ പോകുന്നു എന്നും പറഞ്ഞു എന്റെ കയ്യിൽ 1000 രൂപ സൂക്ഷിക്കാൻ തന്നു. വീടിന് അടുത്തു റോഡരുകിൽ നിന്നാണ് എന്നോടു സംസാരിച്ചത്. ഞാൻ വീട്ടിൽ കയറിയ ഉടനെ തടിയിൽ പാപ്പി 100 രൂപ എന്റെ കയ്യിൽ കൊണ്ടു വന്നു തന്നുകൊണ്ടു പറഞ്ഞു അച്ചനും ഒരുത്തനും കൂടി സംസാ രിച്ചുകൊണ്ട് നിന്നിടത്തു കിടന്നതാണ്. ഉടനെ ചാക്കോയെ വരുത്തി രൂപാ കൊടുത്തു. 4 രൂപ പാപ്പിക്ക് സമ്മാനമായി ഞാൻ കൊടുത്തു. ഉണ്ണിയും മൂത്തമകനും കൂടി അവരുടെ വീട്ടിലേക്ക് പോയി. സൂക്ഷിച്ചു താമസിക്കണമെന്ന് പറഞ്ഞ് ഞാൻ അവരെ അയച്ചു.

**15.** കുർബാന ചൊല്ലി. തോട്ടത്തിൽ പോയി വന്നു. പി.എം. ചാക്കോ ഈ കഴിഞ്ഞ രാത്രിയിൽ അവന്റെ വീട്ടിൽ കിടക്കുമ്പോൾ തലയ്ക്ക് വെട്ടുകൊണ്ടു അവശതയിൽ കിടക്കുന്നതായി അറിഞ്ഞു. ഞാൻ പത്തനംതിട്ടപോയി മരുന്ന് വാങ്ങിയിട്ടു ചാക്കോ ആശുപത്രിയി



www.malankaralibrary.com

ലുണ്ടെന്നും കോട്ടയത്തു കൊണ്ടുപോകുമെന്നറിഞ്ഞ് ആശുപത്രിയിൽ പോയി കണ്ടു. തലയിലെ വെട്ടു കുറെ കടുപ്പത്തിലാണ്. മൂത്ത മകനോടു രൂപാ ആവശ്യമെങ്കിൽ ഞാൻ തരാം എന്നു പറഞ്ഞു. കാറിൽ ചാക്കോയെ കോട്ടയത്തിന് കൊണ്ടുപോയി.

**17.** കിഴവള്ളൂരിൽ പോയി 3 മണിക്ക് ബ്ലോക്കിലെത്തി ഫണ്ടു സംബന്ധിച്ചു കൂടിയ മീറ്റിംഗിൽ കൂടി പിരിവിന് അടുത്ത ചോവ്വാഴ്ച മുതൽ മൈലപ്രായിൽ ശ്രമിക്കാം എന്ന് നിശ്ചയിച്ചു. വില്ലേജ് കോടതിയിലേക്ക് 4 പഞ്ചായത്തിൽ നിന്നും ഒരേ നിലയിൽ പാനൽ അയച്ചിട്ടുണ്ടെന്നും അതിൽ എന്റെപേരുണ്ടെന്നും പറഞ്ഞു. 4 മണിക്ക് മടങ്ങിപോന്നു.

**20.** രാവിലെ ജീപ്പ് വന്നു നേരത്തേ പറഞ്ഞതനുസരിച്ച് അതിൽ കയറി റമ്പാച്ചനേയും മറ്റും കൂട്ടി കോന്നി വടക്കേകര എത്തി. അവിടെ അച്ചന്മാരും മറ്റും ഉണ്ടായിരുന്നു. അവരേയും കയറ്റി പന്നിവേലക്കാലായിലെത്തി. ആളുകൾ വന്നു കൊണ്ടിരുന്നു. കാപ്പികഴിഞ്ഞ് 11.30-ന് എല്ലാവരും കൂടി മീറ്റിംഗ് തുടങ്ങി. പലതും നിശ്ചയിച്ചു. കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് വായിച്ചു. മീറ്റിംഗ് കഴിഞ്ഞ് ഊണു കഴിഞ്ഞു. ജീപ്പിൽ പലരേയും മടക്കി അയച്ചു. 100-ൽ പരം ആളുകളുണ്ടായിരുന്നു. അവസാനം ഞാനും റമ്പാച്ചനും മറ്റും ജീപ്പിൽ മടങ്ങിപോന്നു.

**21.** ഉതിമൂട്ടിൽ പോയി ചൊല്ലി. പൊതുയോഗം കൂടി, പ്ലാവിലെ 20-ൽ പരം ചക്ക 4 രൂപയ്ക്കും തെങ്ങിലെ തേങ്ങ ഒരാണ്ടത്തേക്ക് 175 രൂപയ്ക്കും ലേലം ചെയ്തുകൊടുത്തു. അടുത്തതവണ പൊതുയോഗം കൂടി കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതാണെന്ന് പ്രസ്താവിച്ചു. 12 മണിയോടു മടങ്ങിപോന്നു. കോന്നി ബ്ലോക്ക് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് കത്തുകൾ തയ്യാറാക്കി കൊടുത്തു.

**22.** പുത്തൻപീടിക കിഴക്കേതിൽ എത്തി ത്രേസ്യാമ്മയുടെ കല്ല്യാണത്തിന് എല്ലാവരും കൂടി ചങ്ങനാശ്ശേരിക്ക് പോയി. എന്റെ നേതൃത്വത്തിൽ വിവാഹം ആശീർവദിച്ചു. ഭക്ഷണം കഴിഞ്ഞ് മടങ്ങിപോന്നു.

**24.** കുർബാന കഴിഞ്ഞ് 6 മണിക്ക് പത്തനംതിട്ടയ്ക്ക് പോയി. തോമസ് പണിക്കരച്ചനും വന്നു. ഒരുമിച്ചു തിരുവനന്തപുരത്തിന് പോയി. 10 മണിക്ക് അരമനയിലെത്തി. തിരുമേനിയെ കണ്ടു കുറെ കാര്യങ്ങൾ പറഞ്ഞു. പിന്നീടു പറയാം എന്ന് പറഞ്ഞ് തിരുമേനി മീറ്റിംഗിന് പോയി. ഊണു കഴിഞ്ഞു തിരുമേനിയുമായി കുറെ നേരം സംസാ



www.malankaralibrary.com

രിച്ചു. 3 മണിക്ക് യാത്ര ചോദിച്ചു മടങ്ങിപോന്നു. 8 മണി കഴിഞ്ഞ് വീട്ടിലെത്തി. കോന്നി ബി.ഡി.സി-യിൽ ഒരു മെമ്പറാകാൻ ഞാൻ അപേക്ഷിച്ചത് വോട്ടെടുപ്പിൽ ജയിച്ചതായി അറിഞ്ഞു.

**25.** ഉച്ചകഴിഞ്ഞ് മാക്കാംകുന്നേൽ എത്തി മത്തായി കൊച്ചപ്പനോടൊപ്പം പാലമൂട്ടിൽ എത്തി കൊച്ചമ്മയുമായി കൊച്ചപ്പന്റെ കന്തീല ശുശ്രൂഷയെപ്പറ്റി സംസാരിച്ചു. ഒടുവിൽ കൊച്ചപ്പനോടു വിവരം പറഞ്ഞു. നിങ്ങൾക്ക് അഭിപ്രായമാണെങ്കിൽ നടത്തിൻ, സമ്മതിക്കുന്നു എന്നു പറഞ്ഞു. അനന്തരം ചാലിൽ അച്ചൻ, ജോർജ്, രാജൻ മുതലായവരോടും കൂടി ആലോചിച്ചു 750 രൂപയുടെ ഒരു ബഡ്ജറ്റ് ഉണ്ടാക്കി ഒരു കമ്മിറ്റിയെ എടുത്തു.

**26.** റമ്പാച്ചനെ പോയി കണ്ടു. ഉടനെ കോഴഞ്ചേരിക്ക് റ്റി.റ്റി തോമസ് അച്ചനെ കാണാൻപോയി. വഴിതെറ്റിയെങ്കിലും അച്ചന്റെ വീട്ടിലെത്തി. കുടുംബയോഗം സംബന്ധിച്ചു ഭരണങ്ങാനം യാത്ര അവിടത്തുകാരുടെ അസൗകര്യംകൊണ്ട് മാറ്റിവച്ചതായി അറിയിച്ചിട്ടു മടങ്ങിപോന്നു.

**27.** റമ്പാച്ചൻ പള്ളിയിൽ വന്ന് ഭരണങ്ങാനം യാത്രയെപ്പറ്റി സംസാരിച്ചു. പിന്നീട് സ്ഥലം മാറിപോകുന്ന യാക്കോബായ പള്ളിയിലെ അച്ചനെ പോയി കണ്ടു. കാപ്പികുടിച്ചു, വീട്ടിലെത്തി, തടത്തേൽ ഉണ്ണിക്ക്-തലയ്ക്ക് വെട്ടു കൊണ്ട ആൾ-കൂടുതലാണെന്ന് കാണിച്ചു കമ്പിവന്നതു പൊടിമോൻ വന്നുപറഞ്ഞു. അവന് പോകാൻ 10 രൂപ കൊടുത്തു.

**29.** അതിരാവിലെചൊല്ലി. ഉടനെ റമ്പാച്ചന്റെ ബംഗ്ലാവിൽ എത്തി. 7 മണിക്ക് റമ്പാച്ചനും, ശമുവേലും ഞാനുംകൂടി കാറിൽ കോഴഞ്ചേരിയിലെത്തി റ്റി.റ്റി. തോമസച്ചന്റെ വീട്ടിൽ കയറി കാപ്പി കഴിച്ചു. അവിടെനിന്നും അച്ചനും കൂടി തിരിച്ചു ചങ്ങനാശ്ശേരിയിലെത്തി. റമ്പാച്ചന്റെ ചിലകാര്യങ്ങൾ സാധിച്ചു. അതു കഴിഞ്ഞു ഭരണങ്ങാനത്തു പാലമറ്റത്തു മി. കുര്യന്റെ വീട്ടിൽ എത്തി. കുര്യൻ അവിടില്ലായിരുന്നു. അവിടെ ഊണുകഴിഞ്ഞ് ഞങ്ങൾ പ്ലാന്തോട്ടം കുടുംബത്തിൽ എത്തി കണ്ടു സംസാരിച്ചു. കുറെകഴിഞ്ഞു ഭരണങ്ങാനം പള്ളിയിലെത്തി അൽഫോൻസാമ്മയുടെ കബറിടത്തിൽ പ്രാർത്ഥിച്ചു. മഠത്തിൽ എത്തി സിസ്റ്ററിന്റെ മുറികണ്ടു. തിരിച്ചുകോട്ടയത്ത് എത്തി ഡോ. മിസിസ്. മേരിഫിലിപ്പിനെ കണ്ടു. കോഴഞ്ചേരിയിലെത്തി അച്ചനെ വീട്ടിലാക്കിയിട്ടു ഞങ്ങൾ പോന്നു. 8 മണിക്ക് ഞാൻ വീട്ടിലെത്തി.

**ജൂൺ 2.** മൈലപ്രാ പള്ളിയിൽ തിരുഹൃദയ തിരുനാളിന് കുർബാന ചൊല്ലി. വൈകിട്ടു സംഘം കമ്മിറ്റികൂടി റേഷൻ കടയിൽ നിന്നും ഉണ്ണിയെമാറ്റി പാപ്പച്ചനെ ആക്കി. പലതും ആലോചിച്ചു.



www.malankaralibrary.com

**4.** ഉതിമൂട്ടിൽ പോയി ചൊല്ലി. പൊതുയോഗം കൂടി 5 പേരുൾപ്പെട്ട കമ്മിറ്റിയെ തെരഞ്ഞെടുത്തു. വടക്കുഭാഗത്തെ രണ്ടുവീടുകളിൽ കൂദാശ നടത്തി. ഒരിടത്തു വലിയകയറ്റമായിരുന്നു. എ.ജെ. ജോർജും ഭാര്യയും വന്നു. ഒന്നിച്ചു കാറിൽ വീട്ടിലെത്തി. അവർ കുറെകഴിഞ്ഞു പോയി. 3 മണിക്ക് മാക്കാംകുന്നേൽ പോയി കൊച്ചപ്പന്റെ കന്തീല ശുശ്രൂഷ സംബന്ധിച്ചു കമ്മിറ്റി കൂടി പലതീരുമാനങ്ങളും എടുത്തു. അടുത്തയാഴ്ച വീണ്ടും കൂടാൻ നിശ്ചയിച്ചു.

**10.** നല്ലസുഖമില്ലാതെ വിശ്രമിച്ചു. റമ്പാച്ചൻ തിങ്കളാഴ്ച ഓപ്പറേഷനു വേണ്ടി വെല്ലൂർക്ക് പോകുന്നു എന്നറിഞ്ഞു. 5 മണിയോടു ഞാൻ അവിടെപോയി കണ്ടു. രാത്രയിൽ കുറെ നേരം ഇരുന്ന് എന്റെ 'സ്മരണാകിരണങ്ങൾ' എന്ന ലേഖനം മാർ ഈവാനിയോസ് തിരുമേനിയെപ്പറ്റി എഴുതികൊണ്ടിരുന്നു. ഇതുവരെ പത്താംഭാഗം വരെ എഴുതിയതു ഞായല്ലൂർ അച്ചന്റെ പേർക്ക് (ഫാ. ജേക്കബ്) അയച്ചു കൊടുത്തു. ഇന്നു മുതൽ 21 ആവർത്തിച്ച ക്ഷീരബലകഷായം കുടിച്ചു തുടങ്ങി.

**20.** പത്ഥ്യം കഴിഞ്ഞു വീട്ടിലിരുന്നു പലതും ചെയ്തുകൊണ്ടിരുന്നു. മാക്കാംകുന്നേൽ പാലമൂട്ടിൽ പോയി കൊച്ചച്ചനെ കണ്ടു. കൊച്ചപ്പന്റെ കാര്യത്തിൽ കൊച്ചച്ചൻ സങ്കടമായി പലതും പറഞ്ഞു. പിന്നീടു മത്തായി കൊച്ചപ്പനെ കണ്ടു കന്തീലായുടെ ക്ഷണകത്ത് വേണ്ടവിധത്തിലല്ലാ തയ്യാറാക്കിയതു എന്നു പറഞ്ഞു. മടങ്ങി വീട്ടിലെത്തി.

**22.** രാവിലെ കുമ്പഴ എത്തി അവിടെനിന്നും മലയാലപ്പുഴ മണ്ണൊലിപ്പു പദ്ധതി ഓഫീസിലെത്തി. അവർ അളക്കാനുള്ള ഭാഗത്തിന്റെ പ്ലാനുംവരച്ചുകൊടുത്തു വിവരം പറഞ്ഞുകൊടുത്തു. പത്തനംതിട്ട എത്തി ഗോൾഡൻ പ്രസിൽ കയറി കന്തീലായ്ക്കുള്ള പ്രത്യേക ക്ഷണകത്ത് തയ്യാറാക്കി കൊടുത്തു.

**24.** കൊല്ലത്തു എത്തി 11 മണിക്ക് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പോയി മീറ്റിംഗിൽ സംബന്ധിച്ചു. 2 മണിക്ക് തീർന്നു. ഊണു കഴിഞ്ഞു മടങ്ങി പോന്നു.

**26.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു ഉച്ചകഴിഞ്ഞ് അരമനയിലെത്തി. ജോണച്ചനെയും ഞായല്ലൂരച്ചനെയും കണ്ടു ഓരോകാര്യങ്ങൾ പറഞ്ഞു. കാപ്പികഴിഞ്ഞു പോന്നു. രാത്രിയിൽ കുമ്പഴ ഇറങ്ങി 10 മണിക്ക് ഒരു ലോറിയിൽ കയറി വീട്ടിലെത്തി.

**30.** മാക്കാംകുന്നേൽ പോയി കിഴക്കേമുറിയിലും, പാലമൂട്ടിലും ഒക്കെ



www.malankaralibrary.com

കയറി വിവരം അറിഞ്ഞു. പിന്നെ കോളോത്തുമണ്ണിൽ കയറി കൊച്ച ച്ചനെകണ്ടു മീറ്റിംഗിൽ സംബന്ധിക്കാതിരിക്കുന്നതിനെപ്പറ്റിയും മറ്റും കുറെ നേരം സംസാരിച്ചു. മടങ്ങിവന്നു, വൈകിട്ടു ചിറ്റക്കാട്ടു മത്താ യിച്ചന്റെ രോഗ വിവരം അറിയാൻപോയി.

**ജൂലൈ 4.** ഇന്ന് സംഘം കമ്മിറ്റി കൂടി. കുഞ്ഞുപിള്ള മറ്റു സെയി സ്മാൻമാരെ പ്പോലെ ഉടമ്പടിവച്ചു വിൽപനനടത്താൻ തീരുമാനിച്ചു. രജിസ്റ്റർ പ്രകാരം ആരും തന്നിട്ടില്ലാത്തതിനാലും പണം ആർക്കും കൊടുത്തിട്ടില്ലാത്തതിനാലും ഇപ്പോൾ അങ്ങനെ ചെയ്താൽ മതിയാകും എന്ന് തീരുമാനിച്ചു.

**6.** പത്തനംതിട്ട നിന്നും 11 മണിയോടു തിരുവനന്തപുരത്തിന് തിരിച്ചു. 3 മണിക്ക് അരമനയിലെത്തി. തിരുമേനിയുമായി ചിലകാര്യങ്ങൾ പറഞ്ഞു. പി.എഫ്.ന്റേയും മറ്റും രൂപാ എടുത്തിട്ട് ബാക്കി അല വൻസും വാങ്ങി. പി.എഫ്. വക കെട്ടിടം പണികാണാൻ പോയി.

**7.** വെളുപ്പിനെ അരമന ചാപ്പലിൽ ചൊല്ലിയിട്ടു 5 മണിക്കുള്ള മൂഴി യാർ ബസിൽ പോന്നു. 8.35 ന് വീട്ടിലെത്തി. കുറെ കഴിഞ്ഞപ്പോൾ കടമ്പനാട്ടുനിന്നും ഉണ്ണുണ്ണിച്ചായനും മാത്യുച്ചായനും ദാനിയേൽ കുട്ടിയും കാറിൽ വന്നു. ഒരു അഡ്മിഷനുവേണ്ടി അവരുടെ കൂടെ എസ്.ബി. കോളേജിൽ എത്തി മാപ്പിള സാറിനെ കണ്ടു. പിന്നെ പ്രിൻസിപ്പൽ കാളാശ്ശേരി അച്ചനെ കണ്ടു കാര്യം പറഞ്ഞു. സീറ്റി ല്ലെന്നും മലയാളം തരാമെന്നും പറഞ്ഞു. ഞങ്ങൾ കോഴഞ്ചേരിയി ലെത്തി ഉണ്ടു. അവർ കോഴഞ്ചേരി കോളേജിൽപോയി ജോർജു കുട്ടിയെ കണ്ടു പറഞ്ഞശേഷം മടങ്ങിവന്നു. പത്തനംതിട്ട എത്തിയ ശേഷം ഞാൻ വീട്ടിലേക്ക് പോന്നു.

**8.** ഉച്ചകഴിഞ്ഞ് മാക്കാംകുന്നേൽ പോയി കൊച്ചച്ചനെ കണ്ടു. അവി ടെനിന്നും മത്തായി കൊച്ചപ്പനോടു കൂടി മാക്കാംകുന്ന് ഓർത്ത ഡോക്സ് പള്ളിയിലെത്തി. 2.30 ന് തിരുമേനിമാർ വന്ന് വല്ല്യകൊ ച്ചപ്പന് കോർ-എപ്പിസ്കോപ്പാ സ്ഥാനം കൊടുത്തിട്ടു, കന്തീലാ ശുശ്രൂഷയും നടത്തി. 5 മണിയോടു എല്ലാം കഴിഞ്ഞു കാപ്പിയും കഴിഞ്ഞ് മടങ്ങിപോന്നു.

**9.** ഉതിമൂട്ടിൽ എത്തി, അവിടുത്തെ Dentist Dr. John, മക്കൾ ടൈറ്റസ്, മാത്യു, ഭാര്യ അന്നാമ്മ എന്നിവരെ മാർത്തോമ്മാ സഭയിൽ നിന്നും ചേർത്തു. കുർബാന ചൊല്ലി ചെറുപ്രസംഗവും കഴിഞ്ഞ് പിരിഞ്ഞു. 9.30 ന് വീട്ടിലെത്തി. 1 മണിക്ക് ഏബ്രഹാം അച്ചനും ശമുവേലച്ചനും ജീപ്പിലെത്തി. ഇളവട്ട വല്ല്യച്ചൻ (ഫാ. പീലിപോസ് ഇളവട്ട, തിരുവല്ലാ)



www.malankaralibrary.com

കന്തീലാ ശുശ്രൂഷനടത്തുന്നതിൽ സംബന്ധിക്കുവാൻ പോയി. 3 മണിക്ക് അവിടെ എത്തി കന്തീലായുടെ ആദ്യത്തെ ശുശ്രൂഷ നടത്തി. 5 മണിക്ക് ഞങ്ങൾ മടങ്ങിപോന്നു.

**11.** ക്രൈസ്തവ കാഹളം കിട്ടി. അതിൽ എന്റെ സ്മരണാകിരണങ്ങൾ എന്ന ലേഖനം 8 പേജിലായി ഇട്ടിട്ടുണ്ട്. അതിൽ എന്റെ ബ്ലോക്ക് ചേർത്തിട്ടില്ല. അടുത്തതിൽ ചേർക്കണമെന്ന് ഞായല്ലൂരച്ചൻ നിർബന്ധിച്ചു പറഞ്ഞു.

**12.** ഇവിടിരുന്ന് സ്മരണാകിരണങ്ങളുടെ ബാക്കി ഭാഗം എഴുതികൊണ്ടിരുന്നു. പന്തോളിലച്ചന്റെ ജേഷ്ഠൻ മി.സൈമൺ 9 മണിക്ക് വന്ന് ജോർജും ആയുള്ള കേസിന്റെ കാര്യം എന്നോടു അഭിപ്രായം ചോദിച്ചു. ഞാൻ ഡയറി എടുത്തു നോക്കി ജനുവരി 23-ം, 24-ം തീയതികളിൽ അച്ചനേയും ജോർജിനേയും കണ്ടതും അത് സംബന്ധിച്ച വിവരത്തിന് അച്ചന് കത്ത് അയച്ചതും പറഞ്ഞു. കത്തിൽ പറഞ്ഞിട്ടുള്ളത് ശരിയാണെന്നും അതുപോലെ ഞങ്ങളുടെ സംസാരങ്ങളും എന്ന് ഞാൻ സൈമണോടു പറഞ്ഞു. കേസിൽ എന്നെ സാക്ഷിവയ്ക്കുമെന്ന് പറഞ്ഞു. എനിക്കറിയാവുന്നത് ഞാൻ പറയും, ആർക്ക് ഗുണമായാലും കള്ളം പറയുകയില്ല എന്ന് തീർത്തു പറഞ്ഞു.

**15.** മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മദിനമായിരുന്നു. സമൂഹബലിയിലെ 12 പേരിൽ ഒരാൾ ഞാനും കൂടിയായിരുന്നു. 9 മണി കഴിഞ്ഞു. ജോയിയും ഭാര്യയും എവിടെയെങ്കിലും ഒരിടത്തു താമസിക്കാൻതക്കവണ്ണം ജോലികിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹിച്ചു. തിരുമേനിയോട് സംസാരിച്ചു. തിരുമേനിക്കും സമ്മതമാണ്. അഞ്ചൽകോളേജിൽ രണ്ടുപേർക്കും സൗകര്യപ്പെടുത്തുന്നതിന് തയ്യാറാണ്. എന്നാൽ ജോയിക്ക് ഇന്നുള്ളനിലയ്ക്ക് ശമ്പളം കിട്ടുമോ എന്നും മറ്റും ആലോചിക്കണം എന്ന് തിരുമേനി പറഞ്ഞു. 4 മണിക്കു ശേഷം മടങ്ങിപോന്നു.

**18.** സ്മരണാകിരണങ്ങൾ എഴുതികൊണ്ടിരുന്നു. മാക്കാംകുന്നേൽ പോയി കൊച്ചപ്പനെ (കോർ-എപ്പിസ്കോപ്പ) കണ്ടു പലകാര്യങ്ങളും പറഞ്ഞു. ഒടുവിൽ മുമ്പിൽ മുട്ടു കുത്തി എന്നെ അനുഗ്രഹിക്കണമെന്ന് പറഞ്ഞു. രണ്ടു കൈയും വച്ചു അനുഗ്രഹിച്ചു. കുറെ കഴിഞ്ഞ് പോന്നു.

**19.** രാവിലെ തിരുവനന്തപുരത്തു നിന്നും സെക്രട്ടറി വിളിച്ച് ഇന്ന് കൗൺസിൽ കൂടണമെന്നും ഉടനെ ചെല്ലണമെന്നും അറിയിച്ചു. ഉടനെ ഞാൻ 9.15 ന് തിരിച്ചു. ബസുകൾ മാറി 2.30 ന് അരമനയി





www.malankaralibrary.com

ലെത്തി. പലകാര്യങ്ങളും ആലോചിച്ചു. ആർച്ച് ബിഷപ്സ് ഹൗസിനു വേണ്ടി പണിയുന്ന സ്ഥലത്തുപോയി കണ്ടു. ഞായല്ലൂരച്ചൻ ഉടനെ ലേഖനം അയയ്ക്കണമെന്ന് പറഞ്ഞു. ചില മാറ്റങ്ങളെപ്പറ്റി തിരുമേനിയോടു സംസാരിച്ചു. കോളേജു കാര്യങ്ങളും പറഞ്ഞു. 8 മണിക്ക് കൗൺസിൽ കൂടി.

**20.** അതിരാവിലെ ചാപ്പലിൽ ചൊല്ലി മടങ്ങിപോന്നു. കാഹളത്തിനുള്ള ലേഖനം എഴുതി പൂർത്തിയാക്കി ഞായല്ലൂരച്ചന്റെ പേർക്കയച്ചു കൊടുത്തു.

**23.** ഉതിമൂട്ടിൽ പോയി ചൊല്ലി. ഡോ. ജോണിന്റെ വീട്ടിൽ പോയി കാപ്പികുടിച്ചിട്ടു പോന്നു. കുറെ കഴിഞ്ഞപ്പോൾ കാലായിൽകാരുടെ കേസിന്റെ പകർപ്പും സമൻസും പ്യൂൺ കൊണ്ടുവന്നു തന്നു. 4 മണിക്ക് സംഘത്തിന്റെ പൊതുയോഗം കൂടി ബൈലോ ഭേദഗതി മുതലായ കാര്യങ്ങൾ പാസാക്കി. റേഷൻ കടക്കാരുടേയും സെയിൽസുമാൻമാരുടേയും ശമ്പളം സംബന്ധിച്ചു വാദപ്രതിവാദം ഉണ്ടാകുകയും അതനുസരിച്ചു വോട്ടെടുപ്പും നടന്നു. തീരുമാനം അനുസരിച്ചു ലാഭത്തിന്റെ 20 ശതമാനം സംഘത്തിന് കിട്ടണം എന്ന് പാസാക്കി. തയ്യിൽ അച്ചൻ അതുകഴിഞ്ഞ് കമ്മിറ്റി മെമ്പർ സ്ഥാനം രാജിവച്ചു പ്രസ്താവിച്ചു ഇറങ്ങിപോയി.

**24.** 10 മണിയോടുകൂടി ചേപ്പാട്ടു റമ്പാച്ചനും പന്തോളിൽ ഫിലിപ്പച്ചനും കൂടി കാറിൽ വന്നു. ഇടവട്ട അച്ചന്റെ രോഗം കാണാൻ ഞാൻ കൂടി പോയി. പ്രാർത്ഥന കഴിഞ്ഞു കുറെകഴിഞ്ഞ് ഞാൻ മടങ്ങിപോന്നു.

**27.** ഭരണങ്ങാനത്തിനുപോയി 5 മണിക്ക് ശേഷം പള്ളിയിലെത്തി. കുടുംബ വിശുദ്ധൻ സെബാസ്റ്റ്യൻ സഹദായോടു മുട്ടിപ്പായി പ്രാർത്ഥിച്ചു. അനന്തരം അൽഫോൻസാമ്മയുടെ കബറിൽ എത്തി ദീർഘനേരം പ്രാർത്ഥിച്ചു. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് ബംഗ്ലാവിൽ കിടന്നു.

**28.** വെളിപ്പിന് 4 മണിക്ക് എഴുന്നേറ്റു ഒരുങ്ങി കബറിങ്കൽ പോയി കുർബാന ചൊല്ലി. ബംഗ്ലാവിലെത്തി കാപ്പികുടിച്ചിട്ടു പാലമറ്റത്ത് കുര്യച്ചന്റെ വീട്ടിലെത്തി കുടുംബ ചരിത്രപരമായ കാര്യങ്ങൾ പരസ്പരം അറിഞ്ഞു. കാപ്പികഴിഞ്ഞ് തിരിച്ചുപോന്നു.

**ആഗസ്റ്റ് 3.** അരമനയിൽ തിരുമേനിയുടെ കൂടെ സമൂഹബലി നടത്തി. കുന്നേൽപോയി അച്ചന്മാരെ കണ്ടു തിരിച്ചെത്തി. കുമ്പുകാട്ടച്ചൻ തങ്കരാജന്റെ അനുജൻ പൊടിയനെ ജോലിക്ക് കൂടെ അയയ്ക്കാമെന്നു പറഞ്ഞു. ഞങ്ങൾ ഉച്ചകഴിഞ്ഞ് തിരിച്ചു 5 മണിയോടു വീട്ടിലെത്തി.

**4.** പൊടിയന് ആവശ്യമായ ഡ്രസും മറ്റും കൊടുത്തു കാര്യങ്ങൾ



www.malankaralibrary.com

പറഞ്ഞു കൊടുത്തു. വൈകിട്ടു ഫിലിപ്പച്ചന്റെ അനുജൻ ജോർജ് ഫോണിൽ വിളിച്ചു അച്ചനുമായുള്ള കേസിൽ എന്റെ എഴുത്ത് ഹാജ രാക്കിയെന്നും എന്നെ വിസ്തരിക്കുമെന്നും പറഞ്ഞു. അച്ചനോടു ചോദിച്ചിട്ടു വിവരം അറിയിക്കാമെന്ന് ഞാൻ പറഞ്ഞു. അങ്ങനെ ചെയ്യരുതെന്ന് ജോർജ് പറഞ്ഞു.

**9.** കടമ്പനാട്ടുനിന്നും ദാനിയേലും മകനും വന്നു. ഞങ്ങൾ അഞ്ചലി ലേക്ക് പോയി. കൂടലിൽ വച്ചു ഫിലിപ്പച്ചനെ കണ്ടു. അഡ്മിഷൻ തരാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും ചെന്നാൽ മതിയെന്നും പറഞ്ഞു. ബി.എസ്.സി യ്ക്ക് കിട്ടി, വേണ്ട ഏർപ്പാടു ചെയ്തിട്ടു അവരെ പറഞ്ഞയച്ചു. ഊണുകഴിഞ്ഞ് ഞാൻ ചണ്ണപേട്ടയ്ക്ക് പോയി മരിച്ച തോമ്മാച്ചാന്റെ വീട്ടിലും ഇല്ലിരിക്കലിലും കയറിയിട്ടു തിരിച്ചുപോന്നു. 6 മണിക്കെത്തി.

**10.** വൈകിട്ടു റമ്പാച്ചന്റെ അടുക്കൽ എത്തി. മാക്കാകുന്നേൽ നിന്നും ബാവുവും വന്നു. കോളോത്തുമണ്ണിൽ അച്ചൻ ബാവുവിന്റെയും മറ്റും പേരിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് ബാവുവിന് പറയാ നുള്ള മറുപടി പറഞ്ഞു. 7 മണി കഴിഞ്ഞ് മടങ്ങിപോന്നു.

**11.** പത്തനംതിട്ട വക്കീലാഫീസിൽ പോയി കെ.വി. വറുഗീസ് വക്കീൽ വന്നു. നാളെ കോഴഞ്ചേരിയിൽ ചൊല്ലാമെന്ന് പറഞ്ഞു ഞാൻ പോന്നു. മി. പി. റ്റി. തോമസിന്റെ വസ്തുവിൽ ചിലർ കയ്യേറ്റം നട ത്തുന്നു എന്ന് പറഞ്ഞറിഞ്ഞു. അതുസംബന്ധിച്ചു തൊമ്മികുഞ്ഞും മറ്റുമായി ആലോചിക്കുന്നതിൽ ഞാനും പണിക്കരച്ചനും, കറിയാ ച്ചനും തോമസും കൂടി ജീപ്പിൽ കോന്നി തൊമ്മികുഞ്ഞിന്റെ വീട്ടിൽ പോയി. അവിടെ തോമസ് പറഞ്ഞവരും ഉണ്ടായിരുന്നു. ഒരാൾ കൂടി വരാനുള്ളതുകൊണ്ടു ഞായറാഴ്ച ഉച്ചയ്ക്ക് കാറുമലയിൽ കൂടി ആലോചിക്കാം എന്നു പറഞ്ഞു പിരിഞ്ഞുപോന്നു. 8 മണിക്ക് വീട്ടിലെത്തി.

**12.** കോഴഞ്ചേരിയിൽ പോയി കെ.എം.വി വക്കീലിന്റെ വീട്ടിലെത്തി. കേസു സംബന്ധിച്ചു ആലോചിച്ചു, ആധാരങ്ങളും മറ്റും വായിച്ചു കേട്ടു. ഏതാനും പ്രമാണങ്ങളും എടുക്കണമെന്ന് പറഞ്ഞു. തേര കത്ത് ജോർജ് അവിടെ വന്ന് വേണ്ട സഹായം ചെയ്യാം എന്നു പറഞ്ഞു. ചില റിക്കാർഡുകൾ വക്കീലിനോടു വാങ്ങാൻ ഏൽപ്പിച്ച ശേഷം 12 മണിയോടുകൂടി മടങ്ങിപോന്നു. ജോയികുട്ടി വീട്ടിൽ വന്നിരുന്നു. ഞങ്ങൾ തമ്മൽ പലകാര്യങ്ങളും പറഞ്ഞു.

**20.** ഉതിമൂട്ടിൽ പോയി കുർബാന ചൊല്ലി. ഒരു കുടുംബത്തെ മാമോദീസാ



www.malankaralibrary.com

മുക്കി സഭാംഗമാക്കി. പള്ളിയിലെ കുറേ റിക്കാർഡുകൾ നോക്കി ഒപ്പിട്ടുകൊടുത്തു.

**22.** രാവിലെ വലിയ അയന്തിക്ക് തിരിച്ച് 7 മണിക്കെത്തി. ഏബ്രഹാം അച്ചൻ, ജേക്കബ് ജോണച്ചൻ, അവിടുത്തെ വികാരി എന്നിവരോടു കൂടി എന്റെ നേതൃത്വത്തിൽ സമൂഹകുർബാന ചൊല്ലി. കാപ്പി കഴിഞ്ഞു മടങ്ങിപോന്നു. ഉച്ചകഴിഞ്ഞു ബ്ലോക്കിൽപോയി വന്ന് പത്തനംതിട്ട വറുഗീസ് വക്കീലിന്റെ ഓഫീസിലെത്തി കേസിന്റെ വക്കാലത്ത് ഒപ്പിട്ടുകൊടുത്തു, മടങ്ങിപോന്നു.

**സെബ്റ്റംബർ 2.** കിഴവള്ളൂരിൽ പോയി മാവിയെകണ്ടു കുറെ നേരം സംസാരിച്ചിരുന്നു. 2 മണിക്ക് ബി.ഡി.സി. മീറ്റിംഗിന് ബ്ലോക്ക് ഓഫീസിലെത്തി സംബന്ധിച്ചു. കുറെ ആലോചിച്ചശേഷം തങ്കച്ചനെ ചെയർമാനായും ആക്ലേത്ത് ചെല്ലപ്പൻപിള്ളയെ വൈസ് ചെയർമാനായും തെരഞ്ഞെടുത്തു. രാത്രി 10 മണിക്കു ശേഷം തങ്കപ്പൻ നായരും തങ്കച്ചനും കൂടി പണമിടപാടിൽ വളരെ നേരമായി ഒച്ചപ്പാടിൽ തർക്കിച്ചു സംസാരിക്കുന്നു. 190 രൂപ തങ്കച്ചൻ കൊടുക്കാനുള്ളത് ഉടനെ കൊടുക്കണമെന്ന് തങ്കപ്പൻനായർ പറഞ്ഞു. രണ്ടു മൂന്നു ദിവസം കഴിഞ്ഞ് കൊടുക്കാമെന്ന് തങ്കച്ചൻ പറ്റില്ലെന്ന് തങ്കപ്പൻ നായർ. ഒടുവിൽ ഞാൻ തരാം എന്നു പറഞ്ഞു രണ്ടു പേരുടെയും വഴക്ക് പറഞ്ഞു തീർത്തു പിരിച്ചുവിട്ടു.

**3.** ഉതിമൂട്ടിൽ പോയി ചൊല്ലി. അവിടെ ഒരാളെ സഭയിലേക്ക് ചേർത്തു കുമ്പസാരം നടത്തി. ചിലകാര്യങ്ങൾ ആലോചിച്ചു. ഡോ. ജോണിയുടെ വീട്ടിലെത്തി കാപ്പികഴിഞ്ഞ് തിരിച്ചുപോന്നു. 6 മണിക്ക് സംഘം കമ്മിറ്റി മീറ്റിംഗ് നടന്നു.

**4.** തങ്കച്ചനെ വീട്ടിൽ പോയി കണ്ടു തങ്കപ്പൻ നായരുടെ കടം വീട്ടുന്ന കാര്യം പറഞ്ഞു. ഇന്ന് വൈകിട്ടുവന്ന് തീർക്കാം എന്നു പറഞ്ഞു. ഞാൻ പോന്നു. വൈകിട്ടു തങ്കച്ചനും ഉണ്ണിയും വന്നു. ഞങ്ങൾ തങ്കപ്പൻ നായരുടെ വീട്ടിലെത്തി കാര്യം പറഞ്ഞ് 189 രൂപ തങ്കപ്പൻ നായർക്ക് കൊടുത്തു രമ്യമായി തീർത്തു.

**8.** ഉച്ച കഴിഞ്ഞ് ഞാനും റമ്പാച്ചനും കൂടി കുറിയന്നൂർ ചാക്കോസാറിന്റെ വീട്ടിൽ പോയി. കോഴഞ്ചേരിയിൽ നിന്നും തോമസ് അച്ചനും ഉണ്ടായിരുന്നു. 4 മണിക്ക് മല്ലപ്പള്ളിയിൽ പയ്യംപള്ളി അച്ചന്റെ (ഫാ. ഡേവിഡ് പയ്യമ്പള്ളി, തിരുവല്ല) ഷഷ്ടിപൂർത്തി ആഘോഷത്തിൽ സംബന്ധിച്ചു. തിരുവല്ലാ തിരുമേനിയും അനേകം അച്ചന്മാരും മറ്റും ഉണ്ടായിരുന്നു. അതുകഴിഞ്ഞ് ഞങ്ങൾ മടങ്ങിപോന്നു. 7 മണിക്ക്



www.malankaralibrary.com

വീട്ടിലെത്തി. പുത്തൻകാവു പള്ളിക്കാമണ്ണിലെ ജോയി പ്ലെയിനിൽ വച്ചു മരിച്ചതായി ഫോണിൽ ഇവിടെ അറിയിച്ചതായി പറഞ്ഞു.

**9.** രാവിലെ പുത്തൻകാവിനു പോയി പള്ളിക്കാമണ്ണിലെത്തി. ജോയിയുടെ ശരീരം പെട്ടിയിൽ ഭദ്രമായി അടച്ചിരുന്നതിനാൽ കാണാൻ സാധിച്ചില്ല. അവിടെ നിന്നും തെക്കേടത്തു ഏബ്രഹാം അച്ചന്റെ ജേഷ്ടൻ ഉമ്മച്ചന്റെ രോഗം കാണാൻ പോയി. കിടപ്പിലായിരുന്നു. കുറെനേരം സംസാരിച്ചതിനു ശേഷം വീണ്ടും പള്ളിക്കാമണ്ണിലെത്തി സംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചിട്ടു മടങ്ങിപോന്നു.

**11.** അരമനയിൽ ചൊല്ലി. പലകാര്യങ്ങളും ആലോചിച്ചു. 3.30 ന് തിരുമേനിയോടുകൂടി തക്കല ആശുപത്രിയിൽ ഉൽഘാടനത്തിന് പോയി. 5 മണിക്ക് മീറ്റിംഗും ഉൽഘാടനവും കഴിഞ്ഞു പള്ളിയിലെത്തി 18 വീട്ടുകാരെ ചേർത്തു. പിന്നീടു കുണ്ടറ എത്തി ഒരു ഭവനം കൂദാശ നടത്തി. പിന്നീടു മുഖത്തല എത്തി കട്ട്ബേർട്ട് അച്ചനെ അവിടെയാക്കി. ഞാൻ അടൂരിൽ പരുമല ഭവനത്തിൽ ഉറങ്ങി.

**12.** അടൂരിൽ നിന്നും തിരിച്ചു മൈലപ്രായിലെത്തി ചൊല്ലി. 9 മണിക്ക് നന്നൂക്കാട്ടു ബംഗ്ലാവിൽ വച്ചു തിരുമേനി നടത്തിയ മീറ്റിംഗിൽ സംബന്ധിച്ചു. 4 മണിക്ക് തീർന്നു, മടങ്ങിപോന്നു.

**15.** രാവിലെ തിരിച്ചു 10 മണിയോടു അരമനയിൽ എത്തി. മണവളനച്ചന്റെ (ഫാ. സിറിയക്) അനുസരണക്കേടു, മാർത്താണ്ഡം മഠക്കാർ, ഇവരുടെ കാര്യങ്ങൾ തിരുമേനിയുമായി ആലോചിച്ചു. അവർ അതിരൂപതയിൽ നിന്നും മാറാനുള്ള ശ്രമം ആണ് നടത്തുന്നതു എന്നറിഞ്ഞു. മറ്റു കാര്യങ്ങളും ഹൗസിൽ ആലോചിച്ചു. പുനർനിയമനം കൗൺസിലിന്റെ കാര്യത്തിൽ നടത്തിയതായി തിരുമേനി പറഞ്ഞു, നാളെ പ്രഖ്യാപനം നടത്തുമെന്നും. 11 മണിക്കു ഉറങ്ങാൻ കിടന്നു.

**16.** അരമനയിൽ സമൂഹബലികഴിഞ്ഞ് വിശ്രമിച്ചു. കുമ്പക്കാട്ടച്ചൻ, ജോൺമാത്യു അച്ചൻ കുർബാനചൊല്ലാൻ അയച്ചുതന്ന ചെക്ക് മാറി 600 രൂപ തന്നു. 9 മണിക്ക് കൗൺസിൽ വീണ്ടും നിയമിച്ചുള്ള ഓർഡർ തിരുമേനിതന്നു. സത്യപ്രതിജ്ഞയും നടന്നു. മണവാളനച്ചന്റെ അനുസരണക്കേടിൽ ദുഃഖിച്ചു. അതിനുവേണ്ട പരിഹാരം കാണാൻ ആലോചിച്ചു. 3 മണിയോടുകൂടി തിരുമേനിയുടെ കാറിൽ ഞാനും കൂടി വകയാറ്റിന് തിരിച്ചു. വകയാറ്റുനിന്നും ഞാൻ വീട്ടിലേക്കുപോന്നു. ഏബ്രഹാം അച്ചന് 150 രൂപ കൊടുത്തു.

**17.** ഉതിമൂടുപള്ളിയിൽ 3 മണിക്ക്ചൊല്ലി. അവിടെനിന്നും ഇലന്തൂർക്ക് പോയി. 4 മണികഴിഞ്ഞു തിരുമേനിക്ക് സ്വീകരണം, 5മണിക്ക് പള്ളി



www.malankaralibrary.com

കൂദാശ, കുർബാന, 8 മണിക്ക് ഭക്ഷണം. പിന്നീട് കലാപരിപാടികൾ. 11 മണിക്ക് മണ്ണിലെ കാറിൽ പോന്നു. വീട്ടിലെത്തി.

**19.** വൈകിട്ടു ഏബ്രഹാം അച്ചൻ വന്നു, ഞങ്ങൾ ഒന്നിച്ചു പേരുനാടിന് പോകാൻ ബസുകാത്തുനിന്നു. 6 മണിക്ക് തിരിച്ചു 7.30 ന് മാമ്പാറ പള്ളിയിൽ എത്തി. ശമുവേലച്ചന്റെ സ്ഥലംമാറ്റം സംബന്ധിച്ചാണ് ഞങ്ങൾ 15 അച്ചന്മാർ കൂടിയത്. 9 മണിക്ക് ഭക്ഷണം കഴിഞ്ഞു. ഞങ്ങളിൽ ഏതാനുംപേർ കുറ്റിക്കയം ബംഗ്ലാവിൽ എത്തി ഉറങ്ങി. അവിടെ വീട്ടുകാർ വെല്ലൂർ ആശുപത്രിയിൽ മമ്മിയേയും കൊണ്ടു പോയിരിക്കുകയാണ്.

**20.** കുറ്റിക്കയം പള്ളിയിൽ ഞങ്ങൾ 5 പേർകൂടി സമൂഹബലി, ഞാൻ പ്രധാന കാർമ്മികനായി അർപ്പിച്ചു. അതുകഴിഞ്ഞു ഫോട്ടോയും കാപ്പികുടിയും കഴിഞ്ഞു 8.30ന് മടങ്ങിപോന്നു. ഇന്ന് എന്റെ **'സ്മരണാ കിരണങ്ങൾ'** മൂന്നാം ഭാഗം ഞായല്ലൂർ അച്ചന്റെ പേർക്ക് അയച്ചു കൊടുത്തു.

**28.** രാവിലെ കൊല്ലത്തിന് കാറിൽപോയി. കൊല്ലം ജില്ലാ സഹകരണ ബാങ്ക് കമ്മിറ്റി തെരഞ്ഞെടുപ്പിന് കോൺഗ്രസ് പാനലിന് വോട്ടു ചെയ്തു. 1 മണിക്ക് ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**ഒക്ടോബർ 2.** ഉച്ചകഴിഞ്ഞ് മുഖത്തലക്കുപോയി. 6.50ന് അവിടെഎത്തി. പ്രാർത്ഥന പള്ളിയിൽ നടക്കുകയായിരുന്നു, അതിൽകൂടി.

**3.** രാവിലെ മുഖത്തല കുരിശടിയിൽ ചൊല്ലി. കാപ്പികഴിഞ്ഞു കൊല്ല ത്തിന് പോയി. ജില്ലാ ട്രഷറിയിലെ ഒരു ക്ലാർക്കിനെ പരിചയപ്പെട്ടു. ജോയിയുടെകൂടെ പഠിച്ച കല്ലടകൊടുവിള എ. തോമസ് എന്ന ആൾ, വേണ്ട സഹായം ചെയ്തുകൊണ്ടു 3 മണിക്ക് ബിൽ മാറി പണവു മായി പോന്നു.

**10.** കുർബാനകഴിഞ്ഞു വീട്ടിലെത്തിയപ്പോൾ നന്നൂക്കാട്ടു സ്കറിയാ യുടെ ഫോൺവിളിവന്നു. അരമനയിൽ നിന്നും അറിയിച്ചതാണ്. വാഴപ്പിള്ളേത്ത് അച്ചൻ (ഫാ.ജോസഫ്, വടശ്ശേരിക്കര) മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വച്ചു കഴിഞ്ഞ രാത്രിയിൽ മരിച്ചു എന്ന്. 9 മണിയോടുകൂടി മൃതശരീരം പലഅച്ചന്മാരുമായി വാനിൽ കൊണ്ടു വന്നു, ഞാൻ വരാം എന്നു പറഞ്ഞു. പുറകേ തിരുവല്ലാ തിരുമേനി വന്നു ക്ഷണിച്ചു. ഞാനും കൂടെ വടശ്ശേരികരയ്ക്കുപോയി. 4 മണി യോടു അടക്കം കഴിഞ്ഞു. ഫിലിപ്പച്ചനോടു കൂടി മടങ്ങിപോന്നു.

**11.** ഉച്ചകഴിഞ്ഞു 3 മണിയോടു കുടുംബയോഗകമ്മിറ്റി അംഗങ്ങൾ വന്നു



www.malankaralibrary.com

തുടങ്ങി. 4 മണിക്ക് 15 പേർ വന്നു. മേടയിൽ വച്ചു മീറ്റിംഗ് കൂടി. പലകാര്യങ്ങളും തീരുമാനിച്ചു. ഏവരും കാപ്പികഴിഞ്ഞ് പിരിഞ്ഞു പോയി. പാലമൂട്ടിൽ കൊച്ചപ്പന് സുഖമില്ലെന്ന് ചാലിൽ അച്ചൻ പറഞ്ഞു.

**21.** പാറേൽ കറിയായുടെ മകളും ഭർത്താവും വന്ന് ചാക്കോയുടെ മകൻ കുഞ്ഞുമോന്റെ ഉപദ്രവം സംബന്ധിച്ചു പറഞ്ഞു. നാളെ വരാൻ പറഞ്ഞയച്ചു.

**22.** ഉച്ചകഴിഞ്ഞു 3 മണിയോടു മാക്കാംകുന്നേൽ ശോശാമ്മയുടെ മകൾ ശാന്തമ്മയുടെ വിവാഹം സംബന്ധിച്ചു പോയി കണ്ടിട്ടു തിരിച്ചു പോന്നു. പാറേൽ ചാക്കോയും കറിയായും മറ്റും വന്നു കേസു സംബന്ധിച്ചു സംസാരിച്ചു. ആധാരം സംബന്ധിച്ചു സംസാരിച്ചു ഏർപ്പാടു ചെയ്തു. നാളെ തീരുമാനിക്കാമെന്നു പറഞ്ഞു.

**23.** കറിയായുടെ മകളും മരുമകനും, ചാക്കോയുടെ മകളും, പത്രോസും എല്ലാവരേയും വരുത്തി ഉണ്ടായ വഴക്കു സംബന്ധിച്ചു സംസാരിച്ചു. കുഞ്ഞുമോൻ എന്ന ജോസഫ് പത്രോസിനോടും മറ്റും ക്ഷമചോദിച്ചു. മേലാൽ ചെയ്യുകയില്ലെന്ന് പ്രസ്താവിക്കുകയും, അത് എന്റെയും, ജോൺ ഉപദേശി, പഞ്ചായത്ത്മെമ്പറായ സി.എം. തോമസ് എന്നിവരുടെ മുമ്പാകെ എഴുതിവച്ചു. സമാധാനമായി പിരിഞ്ഞു. ഉച്ച കഴിഞ്ഞ് പത്തനംതിട്ടപോയി വറുഗീസ് വക്കീലും തമ്പിവക്കീലും കൂടി പത്രിക തയ്യാറാക്കി തന്നു. ഞാൻ വായിച്ചിട്ടു കൂറെ കൂടി നന്നാക്കാനും ഈപ്രാവശ്യം അവധി എടുക്കണമെന്നും പറഞ്ഞു 5 മണിക്ക് മടങ്ങിപോന്നു. പ്രാക്കാനത്തെ അമ്മിണി (ജോർജിന്റെ ഭാര്യ) വന്നു കണ്ടു ഫിലിപ്പച്ചനുമായുള്ള കേസിൽ ഞാൻ മൊഴി കൊടുക്കരുതെന്ന് നിർബന്ധിച്ചു പറഞ്ഞു.

**27.** ട്രാൻസ്പോർട്ട് ചെയർമാൻ മണ്ണാരകുളഞ്ഞിയിൽ വന്നിട്ടുണ്ടെന്നറിഞ്ഞ് ഞാൻ അവിടെപോയി ചെറിയാച്ചനുമായി സംസാരിച്ചു. പത്തനംതിട്ട-റാന്നി-പുതുപ്പള്ളി-കോട്ടയം-എറണാകുളം ഫാസ്റ്റ് പാസഞ്ചർ സർവീസിനെപ്പറ്റി പറഞ്ഞു. അനുവദിക്കാമെന്നു ചെറിയാച്ചൻ പറഞ്ഞു. ക്ലറിക്കൽ നിയമനം സംബന്ധിച്ചും ചോദിച്ചു. മടങ്ങിപോന്നു.

**29.** രാവിലെ 6.45 ന് കാറിൽ ഉതിമൂട് പള്ളിയിലെത്തി കുർബാന ചൊല്ലി. 9 മണിക്ക് വയലത്തലയ്ക്ക് തിരിച്ചു. അവിടെ പള്ളിയിൽ എത്തി കുറെപേരെ കുമ്പസാരിപ്പിച്ചു. അതുകഴിഞ്ഞ് മടങ്ങിപോന്നു. കാറുകൂലി 15 രൂപകൊടുത്തു. ദേഹത്ത് വേദന ഉണ്ട്.



www.malankaralibrary.com

**30.** കുർബാന കഴിഞ്ഞു വീട്ടിൽ എത്തിയപ്പോൾ കുരുവിള അച്ചനും ഏബ്രഹാം അച്ചനും മറ്റും പെരുനാട്ടിൽ പോകുന്നവഴി വന്നിരുന്നു. കണ്ടു അധികം താമസിയാതെ അവർ പോയി.

**നവംബർ 3.** ഉച്ചകഴിഞ്ഞ് മുഖത്തലക്കുപോയി 5 മണിക്കെത്തി. അവിടെ സ്കൂൾ കെട്ടിടം പോയികണ്ടു. മേസ്തിരിയെകണ്ടു മൈലപ്ര സ്കൂൾ കാര്യം പറഞ്ഞു. സന്ധ്യാ നമസ്കാരം കഴിഞ്ഞ് അവിടെ ഉറങ്ങി.

**4.** കുരിശടിയിൽ അച്ചന്റെ നിയോഗത്തിൽ ചൊല്ലി. ഈ വർഷം കിട്ടിയ എല്ലാനന്മകൾക്കും അടുത്തവർഷം കിട്ടേണ്ടതിനും നന്ദിപ്രകടന പ്രാർത്ഥനയും നടത്തി. കാപ്പികഴിഞ്ഞ് മടങ്ങിപോന്നു.

**10.** കാഹളത്തിലേക്കയക്കാൻ എഴുതിയ ലേഖനം പരിശോധിച്ചു. ഇന്ന് കിട്ടിയതിൽ കഴിഞ്ഞതവണ എഴുതി അയച്ച ലേഖനം അടിച്ചുവ ന്നിട്ടുണ്ട്. ലേഖനത്തെ അടിസ്ഥാനപ്പെടുത്തി ചിലരുടെ അനുമോദന കത്തുകൾ കിട്ടി.

**12.** ഉതിമൂട്ടിലെത്തിചൊല്ലി. മണപ്പുറത്ത് എത്തി ഭക്ഷണം കഴിച്ചു. കുഞ്ഞുകുട്ടിയേയും ഭാര്യയേയും, അവർ മുമ്പ് നടത്തിയ വിവാഹം ശരിയല്ലാത്തതുകൊണ്ട് അരമനയിൽ നിന്നും നിർദ്ദേശിച്ചതനുസ രിച്ച് അവരുടെ ആ തടസ്സം മാറ്റിക്കൊടുത്തു. ട്രസ്റ്റിയും മറ്റുരണ്ടു പേരും സാക്ഷികളായിട്ടുണ്ടായിരുന്നു. കുഞ്ഞുകുട്ടിയുടെ അമ്മയു മായുള്ള അസുഖം പറഞ്ഞുതീർക്കാൻ ചെല്ലാം എന്നുപറഞ്ഞു 12 മണിക്കു പോന്നു.

**17.** അരമനയിൽ ചൊല്ലി. മഠത്തിൽപോയി സിസ്റ്ററിനെ കണ്ടു. ഡൽഹി ജോർജ്കുട്ടിയുടെ മകളുടെ മകളെ മഠത്തിൽ വിളിച്ചുകണ്ടു. ഉച്ച കഴിഞ്ഞു പന്തോളിലച്ചൻ വന്നു, ഒരുമിച്ചു വൈകിട്ടു പോകണമെന്നു പറഞ്ഞു. വൈകിട്ടു 8 മണിക്കു ഊണുകഴിഞ്ഞ് ഞങ്ങൾ കാറിൽ അഞ്ചലിലേക്ക് തിരിച്ചു. 9.30 ന് അവിടെ എത്തി ഉറങ്ങി.

**18.** അഞ്ചൽ പള്ളിയിൽ ചൊല്ലി. അതുകഴിഞ്ഞ് ചണ്ണപ്പേട്ട പോയി ഇല്ലി രിക്കൽ കയറി കാപ്പികഴിഞ്ഞ് പള്ളിപണികാണാൻ പോയി. തിരിച്ചു വന്ന് 12 മണിക്ക് അഞ്ചൽ കോളേജിലെത്തി ഊണു കഴിഞ്ഞ് 2 മണിക്ക് മടങ്ങിപോന്നു. രാവിലെ പഞ്ചായത്തുകാർകൂടി വില്ലേജ്ജു കോടതിക്കുള്ള 10 പേരുടെ കൂട്ടത്തിൽ ചെയർമാനായി എന്റെ പേരെഴുതി അയച്ചു എന്നറിഞ്ഞു.

**19.** മൈലപ്രായിൽ ആദ്യകുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് കണ്ണൽമണ്ണിൽ കുട്ടിയുടേയും അന്നമ്മയുടേയും മകൾക്ക് കല്ല്യാണം നിശ്ചയിക്കാൻ ഉതിമൂട്ടിൽ മത്തായിച്ചനും മറ്റും വന്നു. എല്ലാകാര്യങ്ങളും വിശദമായി



www.malankaralibrary.com

പറഞ്ഞ് സമ്മതിച്ചു 27-ാം തിയതി ഉതിമൂട്ടിൽ വച്ച് വിവാഹം നടത്താൻ നിശ്ചയിച്ചു. അവർ ഉണ്ണാൻ തുടങ്ങിയപ്പോൾ ഞാൻ മടങ്ങി പോന്നു. കാഹളത്തിന് ലേഖനം എഴുതികൊണ്ടിരുന്നു.10 മണി കഴിഞ്ഞ് ഉറങ്ങി.

**27.** രാവിലെ ഉതിമൂട്ടിൽ എത്തി കണ്ണൻമണ്ണിൽ കുട്ടിയുടെ മകളുടെ കല്ല്യാണം നടത്തി. പിന്നീട് കുർബാനചൊല്ലി. കല്ല്യാണവീട്ടിലെത്തി കാപ്പി കഴിഞ്ഞു മടങ്ങിപോന്നു. 1 മണിക്ക് കാറുവന്നു, ഞാനും റമ്പാച്ചനും കൂടി മാക്കാം കുന്ന് പള്ളിയിൽ ചാക്കോച്ചന്റെ മകളുടെ കല്ല്യാണത്തിന് പോയി. റമ്പാച്ചൻ കല്ല്യാണം നടത്തി. അനേകം അച്ചന്മാരുണ്ടായിരുന്നു. ചടങ്ങെല്ലാം കഴിഞ്ഞ് ഞങ്ങൾ മടങ്ങിപോന്നു.

**28.** രാവിലെ ഇലന്തൂരിൽ എത്തി 7.45ന് ആറുപേർകൂടി കളീക്കൽ പാപ്പി യുടെ ഒരാണ്ടു ഓർമ്മകുർബാന ഞാൻ പ്രധാന കാർമ്മികനായി ചൊല്ലി. ധൂപപ്രാർത്ഥന സെമിത്തേരിയിലും വീട്ടിലും പോയി നട ത്തി. ഊണുകഴിഞ്ഞ് മടങ്ങിപോന്നു. മോട്ടോർ സൈക്കിൾ അപകട മുണ്ടായിവന്ന വാസുദേവൻനായരെ വടക്കേമുറിയിൽ പോയികണ്ടു.

**ഡിസംബർ 2.** കിഴവള്ളൂർ ബ്ലോക്കിൽ മീറ്റിംഗിൽ പോകാൻ തിരിച്ചു 2 മണിക്ക് അവിടെ എത്തി. 3 മണിക്ക് മീറ്റിംഗ് തുടങ്ങി. ചിലതൊക്കെ ഞാൻ ചോദിക്കുകയും പറയുകയും ചെയ്തു. കുറുപ്പു മെമ്മോറിയൽ റോഡുകാര്യം ഞാൻ പ്രമേയം അവതരിപ്പിച്ചു പ്രസംഗിച്ചു. 2 കലു ങ്കുകളെങ്കിലും തീർക്കണമെന്ന് പറഞ്ഞു. ഗവൺമെന്റ് ഏറ്റെടുത്ത റോഡുപണി ഉടനെ തുടങ്ങണമെന്ന പ്രമേയവും ഹാജരാക്കി പാസാക്കിച്ചു. 6 മണിക്ക് മടങ്ങി.

**3.** വൈകിട്ട് 5 മണിക്ക് ഞാനും ഏബ്രഹാം അച്ചനും കൂടി തിരുവനന്ത പുരത്തിന് തിരിച്ച് 8.30ന് അരമനയിലെത്തി. ഭക്ഷണം കഴിഞ്ഞു തിരുമേനിയെ കണ്ടു സ്കൂൾ പണിയുടെ കാര്യം പറഞ്ഞു. പണം 15-ന് ശേഷം തരാമെന്നും പണി തുടങ്ങാനും പറഞ്ഞു.

**4.** തിരുമേനിയുടെ കൂടെ കുർബാന ചൊല്ലി. കാപ്പികഴിഞ്ഞ് കടമ്മ നിട്ട പാപ്പച്ചനെ പോയി കണ്ടിട്ടു തിരിച്ചുവന്നു. അരമനയിൽ നിന്നും 50 രൂപ വാങ്ങി. യൂദാശ്ലീഹായുടെ പടം കാഹളത്തിലിടാൻ 5 രൂപ അച്ചനെ ഏൽപ്പിച്ചു. ഞാനും, ജോണച്ചനും, ഏബ്രഹാം അച്ചനും കൂടി ഡോ. ഏബ്രഹാമിനെ പോയി കണ്ടു ജോയികുട്ടിയുടെ കാര്യം -കോഴിക്കോട്ടുനിന്നും തിരുവനന്തപുരത്താക്കുന്നത് സംബന്ധിച്ചു പറഞ്ഞു. സൗകര്യം വരുമ്പോൾ വേണ്ടതു ചെയ്യാമെന്ന് പറഞ്ഞു. ഞാനും ഏബ്രഹാം അച്ചനും കൂടി 4.30 ന് മടങ്ങിപോന്നു.

**7.** വലിയ അയന്തിയിൽ പോയി കുർബാന ചൊല്ലി ധൂപപ്രാർത്ഥനയും



www.malankaralibrary.com

കഴിഞ്ഞു പോന്നു. ഉച്ചകഴിഞ്ഞ് അഞ്ചൽ കോളേജിലെത്തി കാപ്പി കഴിഞ്ഞ് ഉമ്മച്ചനും (അയ്യനേത്ത്) ദാനിയേലച്ചനും കൂടി ചണ്ണപ്പേട്ടയ്ക്ക് പോയി. ഇടയ്ക്കുവച്ചു ലത്തീൻ പള്ളിയിലെ അച്ചനേയും കുഞ്ഞൂഞ്ഞിനേയും കൂട്ടി പള്ളിയിൽ പോയിട്ടു ഇല്ലിരിക്കലെത്തി ഡേവിഡ് ശെമ്മാശ്ശന്റെ പട്ടം കൊടയെപ്പറ്റി പല തീരുമാനങ്ങളും എടുത്തു. അച്ചന്മാർ തിരിച്ചുപോയി. ഞാൻ അവിടെ കിടന്നു.

**8.** ഞാനും കുഞ്ഞൂഞ്ഞും കൂടി പുനലൂരിലെത്തി, ഞാൻ വീട്ടിലേക്ക് പോന്നു. കുഞ്ഞൂഞ്ഞ് ആലുവാ സെമിനാരിയിൽ ശെമ്മാശ്ശനെ കാണാൻ പോയി. ഞാൻ 4 മണിക്ക് പള്ളിയിലെത്തി കുർബാന ചൊല്ലി.

**10.** ഉതിമൂട്ടിൽ പോയി ചൊല്ലി. 4 മണിക്ക് പുത്തൂർ പള്ളിയിലേക്ക്പോയി. 6.30–ന് എത്തിയപ്പോൾ കുർബാന നടന്നുകൊണ്ടിരുന്നു. ജോസ് ശെമ്മാശ്ശന്റെ പട്ടംകൊടയായിരുന്നു. ജോയി വാങ്ങിച്ചുതന്ന റിസ്റ്റു വാച്ചു സിസ്റ്ററിനു കൊടുക്കാൻ മദറിനെ ഏൽപ്പിച്ചു.

**11.** പുത്തൂർ പള്ളിയിൽ സമൂഹബലിയായി അർപ്പിച്ചു. കാപ്പികഴിഞ്ഞ് ജോസച്ചൻ പുത്തൻകുർബാന ചൊല്ലി. 9 മണിക്ക് പൊതുയോഗം കൂടി അതിൽ ഞാൻ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് ഞാനും ചുട്ടിവട്ടത്തിലച്ചനും (ഫാ. ഗീവർഗ്ഗീസ്) കൂടി അരമനയിലെത്തി തിരുമേനിയെ കണ്ടു അച്ചന്റെ ആവശ്യം പറഞ്ഞു. 50 സെന്റ് സ്ഥലം അവിടെയുള്ള വിലയ്ക്ക് എടുക്കാമെന്നും ജനുവരി പകുതികഴിഞ്ഞു പണം കൊടുക്കാമെന്നും ഏറ്റു. അച്ചൻ ആ പള്ളിയിൽ വേണ്ട നിലയിൽ ഇടവകക്കാരെ പഠിപ്പിക്കുന്നില്ല എന്ന് തിരുമേനി ആരോപിച്ചു. അച്ചൻ വേണ്ടതു ചെയ്യാമെന്ന് പറഞ്ഞുപോയി. ഞാൻ അരമനയിൽ താമസിച്ചു.

**13.** വെളുപ്പിന് കുറെ നേരം ഉണർന്നിരുന്ന് 'തിരുമേനിയുടെ കബറിങ്കൽ' എന്ന ലേഖനം എഴുതി.

**20.** പത്തനംതിട്ട ആശുപത്രിയിൽ പോയി കാലിലെ മുറിവ് കാണിച്ചു. ഒരു ഇൻജക്ഷൻ തന്നു. ബി.പി., യൂറിൻ ഒക്കെ പരിശോധിച്ചു, എല്ലാം കൂടുതലാണ്. മടങ്ങിപോന്നു.

**22.** കോന്നിയിൽ എത്തി അവിടെ നിന്നും കല്ലേലിൽ പോയി. അവിടെ പ്രോജക്ട് ഇംപ്ലിമെന്റിംഗ് കമ്മിറ്റി ചെയർമാൻ അമ്മിണിയുടെ വീട്ടിലെത്തി. ബ്ലോക്ക് കമ്മിറ്റിയേയും മറ്റും അവർ മീറ്റിംഗിന് ക്ഷണിച്ചിരുന്നു. കല്ലേലിൽ എൽ.പി സ്കൂളിൽ വച്ചു മീറ്റിംഗ് കൂടി കുട്ടികളുടേയും



www.malankaralibrary.com

സ്ത്രീകളുടേയും പലനിലയിലുള്ള അഭിവൃദ്ധിക്കുവേണ്ടി പല കാര്യങ്ങളും ആലോചിച്ച് നിശ്ചയിച്ചു. ഊണുകഴിഞ്ഞ് 2 മണിക്ക് വീണ്ടും മീറ്റിംഗ് കൂടി ആലോചിച്ചു. 5.30ന് തീർന്നു. ഞങ്ങളെ കോന്നിയിൽ ഒരു ജീപ്പിൽ വിട്ടു. അവിടെ നിന്നും ബസിൽ പോന്നു.

**24.** ബസു കിട്ടാൻ താമസിച്ചതുകൊണ്ടു ഉതിമൂട്ടിൽ താമസിച്ചു എത്തി കുർബാന ചൊല്ലി. 11 മണിക്ക് മടങ്ങിപോന്നു. 4 മണികഴിഞ്ഞു വീണ്ടും ഉതിമൂട്ടിലെത്തി പള്ളിയിൽ താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് അവിടെ കിടന്നു. വേറെ മൂന്നാലുപേരും അവിടെ കിടന്നു.

**25.** 2 മണിക്ക് ഉണർന്ന് 2.30ന് പ്രാർത്ഥന തുടങ്ങി. ശുശ്രൂഷയും കുർബാനയും നടത്തി 5.30ന് തീർന്നു. 6 മണിക്ക് വീട്ടിലേക്ക് പോന്നു. കാപ്പി കഴിഞ്ഞ് വിശ്രമിച്ചു. പത്തനംതിട്ട ആശുപത്രിയിലെത്തി മുറിവു ഡ്രസ് ചെയ്യിച്ചു ഇൻജക്ഷൻ എടുത്തു.

**27.** ഉച്ചകഴിഞ്ഞു പുത്തൻപീടികയിൽ ഞാനും ഭാര്യയും കൂടിപോയി. കിഴക്കേതിലെ ജോയി ശെമ്മാശന് പട്ടം കൊടുക്കുകയായിരുന്നു. 4 മണിക്ക് തിരുമേനിവന്ന് ജോയിക്കും മറ്റു രണ്ടു ശെമ്മാശ്ശന്മാർക്കും വൈദികപട്ടം കൊടുത്തു. ഊണിനുശേഷം ഞാൻ പുറത്തൂട്ട് പോയി കിടന്നു.

**28.** രാവിലെ തിരുമേനിയും പുതിയ 3 അച്ചന്മാരും കൂടി സമൂഹബലി നടത്തി. അത്കഴിഞ്ഞു അനുമോദനയോഗം നടന്നു. ഊണുകഴിഞ്ഞു ഞാനും ഭാര്യയും മടങ്ങിപോന്നു.

**30.** രാവിലെ ചണ്ണപേട്ടയ്ക്കു തിരിച്ചു. അഞ്ചൽ കോളേജിൽ 12.30 ന് എത്തി ഊണുകഴിച്ചു. ഉമ്മച്ചനുമായി (ഫാ. അയ്യനേത്ത്) ആലോചിച്ചു മംഗളപത്രം ശരിയാക്കി. ഞങ്ങൾ 3 മണിക്ക് കാറിൽ ചണ്ണപേട്ടയ്ക്ക് പോയി. പള്ളിയിൽ ഇറങ്ങി വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. പിന്നീടു ഇല്ലിരിക്കൽ വീട്ടിലെത്തി. നാളെ അവിടത്തെ ഡേവിഡ് ശെമ്മാശ്ശന് പട്ടം കൊടുക്കുകയാണ്. ഊണുകഴിഞ്ഞു ഞാൻ അവിടെ ഉറങ്ങി.

**31.** രാവിലെ 10 മണിയോടു പള്ളിയിലെത്തി കുർബാനചൊല്ലി. ഇല്ലിരിക്കൽ വന്ന് ഭക്ഷണം കഴിഞ്ഞ് വിശ്രമിച്ചു. 3 മണിക്കുശേഷം പള്ളിയിലെത്തി. 4 മണിക്ക് തിരുമേനി വന്നു, സ്വീകരണം കഴിഞ്ഞ് കുർബാന തുടങ്ങി. കുർബാന മദ്ധ്യേ ഡേവിഡ് ശെമ്മാശ്ശന് കശീശാപട്ടം കൊടുത്തു. 50 ൽ പരം അച്ചന്മാരും അനേകം സിസ്റ്റേഴ്സും ജനങ്ങളും ഉണ്ടായിരുന്നു. അനുമോദനമീറ്റിംഗ് കൂടി തിരുമേനി മംഗളപത്രം കൊടുത്തു. ഇല്ലിരിക്കൽ ഏവരും പോയി ഉണ്ടു.





www.malankaralibrary.com

# 1968

**ജനുവരി 1.** രാവിലെ ചണ്ണപ്പേട്ടപള്ളിയിലെത്തി സമൂഹബലിചൊല്ലി. തിരുമേനി അഞ്ചലിൽ നിന്നും എത്തി. ഡേവിഡ് അച്ചൻ പുത്തൻ കുർബാന ചൊല്ലി. അനുമോദനമീറ്റിംഗ് നടത്തിയിട്ടു തിരുമേനി പോയി. അച്ചന്മാർ ഇല്ലിരിക്കൽപോയി ഭക്ഷണം കഴിഞ്ഞ് പിരിഞ്ഞു പോയി. ഞാൻ 5.30 ന് വീട്ടിലെത്തി.

**15.** പത്തനംതിട്ട നന്നൂക്കാട്ടു പള്ളിയിലെത്തി പണിക്കരച്ചനെ കണ്ടു കുമ്പസാരിച്ചു. അവിടെനിന്നും പീടികയിൽ കുഞ്ഞമ്മയുടെ വിവാഹ ഉറപ്പിന് പോയി സംബന്ധിച്ചു. ചില വീടുകളിൽ കയറി രോഗികളെ കണ്ടു പ്രാർത്ഥിച്ചിട്ടു പോന്നു.

**16.** പുത്തൻകാവിന് പോയി. തെക്കേടത്തു അച്ചന്മാരെ രണ്ടുപേരെയും വഴിക്കുവച്ച് കണ്ടു. വീട്ടിൽപോയി ഉമ്മച്ചനെകണ്ടു. സുഖക്കേടു കൂടി കിടപ്പാണ്. കുറെ കഴിഞ്ഞു ഐക്കരേത്തുപോയി അവരെ കണ്ട ശേഷം മടങ്ങിവന്ന് ഉമ്മച്ചനുമായി കുറെ നേരം സംസാരിച്ചു. മടങ്ങിപോന്ന വഴി പള്ളിക്കാമണ്ണിലും കയറി. ഈ പ്രാവശ്യത്തെ കാഹളത്തിൽ സ്മരണാകിരണങ്ങൾ ലേഖനമുണ്ടായിരുന്നു. ഇന്നു ഞാൻ ME 1100-ലെ (1924) ക്രിസ്തുമസ് സംബന്ധിച്ചു ഒരു ലേഖനം തയ്യാറാക്കി ഞായല്ലൂരച്ചന്റെ പേർക്കയച്ചു.

**23.** അരമനയിൽ ചൊല്ലി. പാപ്പച്ചനേയും തങ്കച്ചനേയും വീടുകളിൽ പോയി കണ്ടു. പ്രോവിഡന്റ് ഫണ്ടിനും കടം വാങ്ങിയതും കൊടുത്തിട്ടു ബാക്കി അലവൻസ് വാങ്ങി. ജോൺമാത്യു അച്ചൻ 10 കുർബാനയ്ക്ക് അയച്ചതും കിട്ടി. ഊണു കഴിഞ്ഞ്, ഉതിമൂട്ടിൽ ആലീസ് കുട്ടിയെ തണ്ണിതോട്ടിൽ നിയമിച്ചുള്ള ഓർഡർ വാങ്ങികൊണ്ടു പോന്നു.

**24.** ഉതിമൂട്ടിൽ ആലീസ് കുട്ടിയെ കണ്ടു ഓർഡറും ചില അദ്ധ്യാപകരുടെ സർവ്വീസ് ബുക്കുകളും കൊടുത്തുമടങ്ങി. യാത്രക്ക് കുട്ടിക്ക് രൂപാ ഇല്ലാഞ്ഞിട്ടു 4 രൂപ കൊടുത്തു.

**26.** വൈകിട്ടു ഇലക്ട്രിസിറ്റി ചീഫ് ഇഞ്ചിനീയർ സബ് ഓഫീസിൽ സ്ഥലം നോക്കാൻ വന്നിരുന്നു. പത്തനംതിട്ട ഉണ്ടെന്നറിഞ്ഞ് ഞാനും, തങ്കപ്പൻനായരും നാരായണനും കൂടി റ്റി.ബിയിൽ എത്തി. അപ്പോഴേക്കും അദ്ദേഹം പോയിരുന്നതുകൊണ്ടു കാണാൻ സാധിച്ചില്ല. വീട്ടിലെത്തിയപ്പോൾ കൂടൽ അച്ചൻ വന്നിരുന്നു. പണം സംബന്ധിച്ചു പറയാൻ, വസ്തുവില്ക്കുന്നില്ല, സെന്റിന് 300 രൂപ കിട്ടണം.



www.malankaralibrary.com

കല്ല്യാണ സംഭാവന വല്ലതും കിട്ടുമോ എന്നന്വേഷിച്ചു. അതിനെപ്പറ്റി ഞാൻ ചോദിച്ചറിയാം എന്നു പറഞ്ഞു. കഴിഞ്ഞ കല്ല്യാണത്തിന് 1200 രൂപ അച്ചനു കൊടുത്തു എന്നും കേസുവകകയ്ക്ക് 3000 രൂപ കടം കൊടുത്തു എന്നും പറഞ്ഞുപോയി.

**ഫെബ്രുവരി 2.** രാവിലെ മാക്കാംകുന്നേൽ പോയി കൊച്ചപ്പനെ കണ്ടു. നല്ല സുഖവും, ബോധവും, വിവേചനവും ഇല്ല. അവിടെ നിന്നും ചാലിൽപോയി അച്ചൻ വരുന്നതുവരെ അവിടിരുന്നു. ഉച്ചയ്ക്ക് കണ്ടു പലതും സംസാരിച്ചു. കോളോത്തുമണ്ണിൽ കൊച്ചച്ചന് മത്തായി കൊച്ചപ്പൻ തന്റെ വസ്തുക്കൾ എഴുതികൊടുത്തു എന്ന് പറഞ്ഞു. 4 മണിയോടു കൊച്ചച്ചനെ പോയികണ്ടു. മത്തായി കൊച്ചപ്പനും അവിടുണ്ടായിരുന്നു. പലകാര്യങ്ങൾ അച്ചന്മാർ രണ്ടുപേരുമായി സംസാരിച്ചു. അതിനുശേഷം കുമ്പഴ റമ്പാച്ചന്റെ വസതിയിലെത്തി പലകാര്യങ്ങളും പറഞ്ഞിട്ടു മടങ്ങിപോയി.

**4.** ഉതിമൂട്ടിൽ നിന്നും കുട്ടിവന്ന് കുറിവാങ്ങിച്ചുകൊണ്ടുപോയി. 4 മണിക്ക് കെ.എം.റോഡിന്റെ പണിസംബന്ധിച്ചു പൊതുയോഗം കൂടി 75 രൂപ പിരിക്കാൻ ഏർപ്പാടു ചെയ്തു കമ്മിറ്റി രൂപീകരിച്ചു.

**6.** മണ്ണാരകുളഞ്ഞിയിൽപോയി എം.എം. മാമ്മച്ചനെ കണ്ടു ചീങ്കൽ തടത്തിൽ എൽ.പി.സ്കൂൾ അനുവദിക്കുന്നതിന് ശ്രമിക്കണമെന്നും, പത്തനംതിട്ട–എറണാകുളം ഫാസ്റ്റു പാസഞ്ചറും, ഒരു മൂഴിയാർ–റാന്നിവണ്ടിയും, തിരുവനന്തപുരത്തുനിന്നുള്ള റാന്നിബസ് 3 മണിക്ക് വിടത്തക്കവണ്ണം വേണ്ടത് ചെയ്യണമെന്ന് പറഞ്ഞു.

**8.** ഒരു ജീപ്പിൽ കയറി ഞാനും റമ്പാച്ചനും കൊച്ചച്ചന്റെ ഷഷ്ടിപൂർത്തിയിൽ സംബന്ധിച്ചു. മെത്രാച്ചൻ കുർബാന ചൊല്ലി രണ്ടുപേർക്ക് ശെമ്മാശ്ശപട്ടം കൊടുത്തു. 11 മണിക്ക് കൂടിയ അനുമോദന മീറ്റിംഗിൽ ഞാൻ അനുമോദിച്ചു സംഭാവന നൽകി. ഊണുകഴിഞ്ഞ് റമ്പാച്ചനുമായി മടങ്ങിപോന്നു.

**14.** മണ്ണാരകുളഞ്ഞിയിൽ നിന്നും എം.എം. മാമ്മച്ചൻ വന്ന് പുതിയ ട്രാൻസുപോർട്ടു റൂട്ടിന്റെയും മറ്റു കാര്യങ്ങൾ ചോദിച്ചു. ഞാൻ വിശദമായി വിവരം പറഞ്ഞു കൊടുത്തു. ഇത് ട്രാൻസ്പോർട്ടു ചെയർമാൻ മി. ചെറിയാനോടു പറയാൻ വേണ്ടിയായിരുന്നു. ഈ വിവരം ഞാൻ അദ്ദേഹത്തോടു നേരത്തെ സംസാരിച്ചിട്ടുള്ളതാണ്. 4 മണിക്ക് ഓമല്ലൂർ മോഹൻ സാറും മറ്റും വന്ന് രാജനെകാണാൻ ഞാൻ കൂടി ചെല്ലണമെന്ന് പറഞ്ഞു.





www.malankaralibrary.com

**15.** രാവിലെ പത്തനംതിട്ട സ്റ്റാന്റിലെത്തി. ഓമല്ലൂരിൽ നിന്നും മോഹൻസാറും മറ്റും വന്നു. 5 മണിക്കുള്ള ബസിൽ തിരുവനന്തപുരത്തിന് തിരിച്ചു. ഞാൻ 8.15 ന് അരമനയിൽ എത്തി താമസിച്ചു.

**16.** അരമനയിൽ ചൊല്ലി. രാവിലെ വല്ല്യത്ത് രാജൻ(അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, തുമ്പ) താമസിക്കുന്ന ബർമ്മ റോഡിൽ മണലിൽ വീട്ടിൽ ഓമല്ലൂർക്കാരുടെ കൂടെപോയി കണ്ടു. രാജനുമായി സംസാരിച്ചിട്ടു പോന്നു. ഞാൻ അരമനയിലെത്തി കാപ്പികുടിച്ചു. ചില കാര്യങ്ങൾ അന്വേഷിച്ചു. ഊണും കഴിഞ്ഞ് 4 മണിയോട് ടിക്കറ്റുമായി അവർ വന്നു, കൂടെ പോന്നു. 8.30ന് വീട്ടിലെത്തി. സി.എം.തോമസിന്റെ അമ്മ മരിച്ചു എന്നറിഞ്ഞു.

**17.** കയറ്റം കയറാൻ വയ്യാത്തതുകൊണ്ടു ചാമക്കാലാവീട്ടിൽ പോയില്ല. പള്ളിയിൽ പോയി ഞാനുംകൂടി അടക്കി.

**18.** മുരുപ്പേൽ പീടികയിലെ വല്ല്യമ്മ മരിച്ചതായി അറിഞ്ഞു. 4 മണിക്ക് അച്ചനും ഞാനുംകൂടെ പോയി പ്രാർത്ഥന കഴിഞ്ഞു മൃതശരീരം പള്ളിയിലെടുപ്പിച്ചു സംസ്കാര ശുശ്രൂഷ നടത്തി അടക്കി.

**19.** ഉതിമൂട്ടിലെത്തി ഒരു കല്ല്യാണം നടത്തി. മടങ്ങിവന്നു. 12.30 ന് പള്ളിയിലെത്തി അച്ചനോടുകൂടി അഞ്ചൽ, കരവാളൂർ എന്നിവിടങ്ങളിൽ പോയി. അഞ്ചൽ ആശുപത്രിയിൽ വച്ച് ബി.പി. യും, ബ്ലഡ് ഷുഗറും മറ്റും പരിശോധിപ്പിച്ചു. 6 മണിക്ക് മടങ്ങിപോന്നു.

**21.** 10 മണിയോടുകൂടി കുമ്പഴ, കൊട്ടാരക്കര അച്ചന്മാർ കാറിൽ വന്നു. ഞാനും കൂടി ചെങ്ങറ ഉണ്ണികുഞ്ഞിന്റെ വീട്ടിൽ അനിയൻ കുഞ്ഞിനെ കാണാൻ പോയി. 11 മണിക്ക് അവിടെ എത്തികണ്ടു. മടങ്ങി 12 മണിക്ക് വീട്ടിലെത്തി, അവർപോയി.

**26.** തിരുവനന്തപുരത്തിന് തിരിച്ചു. 1.30 ന് അരമനയിലെത്തി. കർദ്ദിനാൾ (മാർ ജോസഫ് പാറേക്കാട്ടിൽ)7 മണിക്ക് വരുന്നതിനാൽ സ്വീകരണത്തിനുവേണ്ടതെല്ലാം ചെയ്തു. 7 മണി കഴിഞ്ഞു വന്നു, സ്വീകരണം നന്നായിരുന്നു. പ്രസംഗം കഴിഞ്ഞ് 8 മണിക്ക് ഡിന്നർ ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. അത് കഴിഞ്ഞ് പി.റ്റി തോമസ്സച്ചന്റെ വീട്ടിൽപോയി കിടന്നു. കട്ട്ബേർട്ടച്ചനുമുണ്ടായിരുന്നു.

**27.** അതിരാവിലെ എഴുന്നേറ്റു റെഡിയായി മഠത്തിൽ പോയി 6–ന് മുമ്പേ കുർബാന ചൊല്ലി. സുഖമില്ലാതെ കഴിയുന്ന തെക്കേവിളയിൽ അച്ചനെപോയി കണ്ടു. തിരിച്ചുപോരാൻ ബസ്സുകാത്തു നിന്നു, കിട്ടാഞ്ഞിട്ടു മൂന്നാലുപേർ കൂടി കാറുംപിടിച്ചു കൊട്ടാരക്കര എത്തി. അവിടെ നിന്നും പോന്നു.



www.malankaralibrary.com

**29.** ഉതിമൂട്ടിൽ പോയി മണപ്പുറത്ത് വീട്ടിലെത്തി. അക്കാമ്മ പല സങ്കടങ്ങളും കുഞ്ഞൂഞ്ഞുകുട്ടിയെപ്പറ്റി പറഞ്ഞു. കുഞ്ഞൂഞ്ഞുകുട്ടി അവിടില്ലായിരുന്നു. 11 മണിക്ക് മടങ്ങിവന്നു. മെഡിക്കൽ കോളേജിലെ ഡോ. തങ്കവേലുസാറും (പ്രിൻസിപ്പൽ) മാപ്പിള സാറും കൂടി റാന്നിക്ക് പോയിട്ടു മടങ്ങിവന്നവഴി ഇവിടെ വീട്ടിൽ കയറി സന്ധ്യ യോടുകൂടി. അധികം താമസിക്കാതെ അവർപോയി.

**മാർച്ച് 1.** ഉതിമൂട്ടിൽ നിന്നും കുഞ്ഞൂഞ്ഞുകുട്ടി 11 മണിക്ക് വന്ന് അമ്മയുമായുള്ള അസുഖം പറഞ്ഞു. പ്രതിമാസം 15 രൂപ വീതം കൊടുക്കാൻ പറഞ്ഞു. കുഞ്ഞപ്പി 100 രൂപ കൂടുതൽ അയച്ചുകൊടുക്കുന്നുണ്ടെന്നും ഒരു പുരയിടത്തിലെ ആദായം കൂടി ഉണ്ടെന്നും എന്നോടു പറഞ്ഞു. എങ്കിലും 15 രൂപ കൊടുക്കണം എന്ന് ഞാൻ പറഞ്ഞു, അവൻ സമ്മതിച്ചു.

**4.** വളരെ ക്ഷീണം തോന്നി. വിശ്രമിച്ചു ഉറങ്ങി. 4 മണിക്ക് ഏബ്രഹാം അച്ചനും കട്ട്ബേർട്ടച്ചനും വന്നു. ഞങ്ങൾ കുണ്ടറ മഠത്തിലെ മദറിന്റെ ഓമല്ലൂരുള്ള അടിമുറിയിൽ വീട്ടിലെത്തി മദറിന്റെ അമ്മ മരിച്ചെന്നറിഞ്ഞാണ് പോയി കണ്ടതു. അവിടെ പ്രാർത്ഥനയ്ക്കു ശേഷം പള്ളിയിൽ പോയി അടക്കം കഴിഞ്ഞു മടങ്ങിപോന്നു. അച്ചന്മാർ രണ്ടുപേരും വീട്ടിൽ വന്ന് പ്രാർത്ഥനയും ഊണും കഴിഞ്ഞ് പള്ളിയിലേക്ക് പോയി. അവിടെ കിടന്നു.

**10.** മൂന്നാലു ദിവസമായി കാലിന് നല്ല വേദനയായിരുന്നെങ്കിലും ഉതിമൂട്ടിൽ പോയി ചൊല്ലി. വീട്ടിലെത്തി വിശ്രമിച്ചു. 5 മണിക്ക് തിരുവനന്തപുരത്തിന് തിരിച്ച് 8.15-ന് അരമനയിലെത്തി.

**11.** അരമനയിൽ ചൊല്ലി. കാലിന് ഇപ്പോഴും വേദനയുണ്ട്. 4.30 ന് കൗൺസിൽ തുടങ്ങി. പാസ്റ്ററൽ കൗൺസിൽ, പണിനടത്തുന്നതിനുള്ള കമ്മിറ്റി, ജനറൽ കമ്മിറ്റി, മുതലായി പലതും ആലോചിച്ചു തീരുമാനിച്ചു. നമസ്കാരവും ഊണും കഴിഞ്ഞ് വീണ്ടും 8-ന് കൂടി പലതും തീരുമാനിച്ചു. അടൂർ ഡിവിഷൻ ഉണ്ടാകുമ്പോൾ സ്ഥലം വേണമെന്ന് മുമ്പു പറഞ്ഞകാര്യം വല്ലതും ആയോ എന്ന് ഞാൻ ചോദിച്ചു.

**12.** തിരുമേനിയോടുകൂടി സമൂഹബലിചൊല്ലി. മൈലപ്രായിൽ നിന്നും മറ്റും ഏബ്രഹാം അച്ചനോടുകൂടി വിനോദയാത്രക്കായി ആളുകൾ വന്നിരുന്നു. കുറെ സമയം അവരോടുകൂടി കഴിഞ്ഞു. 10 മണിക്ക് അവർ കന്യാകുമാരിക്കുപോയി. ഞാൻ കോട്ടയ്ക്കൽ വൈദ്യശാലയിൽ പോയി കാലിലെ ആവശ്യത്തിന് തൈലവും മറ്റും വാങ്ങി. 2 മണിക്ക്



www.malankaralibrary.com

ഹെൽത്ത് ചീഫ് എൻജിനീയറെ കണ്ടു മൈലപ്രാ വാട്ടർ വർക്സിന്റെ കാര്യം പറഞ്ഞു. അനുകൂലമായി വേണ്ടതു ചെയ്യാമെന്ന് പറഞ്ഞു. പാളയം കൊച്ചുപള്ളിയിൽ എത്തി ഉറങ്ങി. വിശ്രമത്തിന് ശേഷം തിരിച്ചുപോന്നു.

**14.** കോന്നിയിൽ ബി.ഡി.സി. മീറ്റിംഗിൽ പോയി. 3 മണിക്ക് തുടങ്ങി പല കാര്യങ്ങളും ആലോചിച്ചു. മൈലപ്രാ–മേക്കൊഴൂർ റോഡിന് 4000 രൂപ അനുവദിപ്പിച്ചു. ഉടനെ പണി തുടങ്ങാൻ വേണ്ടതു ചെയ്യണ മെന്ന് പറഞ്ഞു. മറ്റുചില തീരുമാനങ്ങളും എടുത്തു.

**15.** ഏബ്രഹാം അച്ചനും ഞാനും കൂടി 9 മണിക്ക് വടശ്ശേരിക്കര റേയിഞ്ചർ ഓഫീസർ മി. മാത്യുവിനെ കാണാൻ പോയി. ടാങ്കിയ കൃഷിയുടെ കാര്യം പറഞ്ഞു. ഡി.എഫ്.ഒ നീതിപൂർവ്വകമായേ ചെയ്യുക യുള്ളൂ, അതിൽ വിഷമിക്കണ്ട. ശരിയായ അപേക്ഷ ഉണ്ടെങ്കിൽ നിങ്ങൾക്കു കിട്ടും എന്നു പറഞ്ഞു. എങ്കിലും ഞാൻ ഡി.എഫ്.ഒ. യെ പോയി കണ്ടു പറയണം എന്ന് പറഞ്ഞു. ഞങ്ങൾ അദ്ദേഹത്തിന്റെ കൂടെ കാറിൽ മടങ്ങിപോന്നു. അദ്ദേഹം പത്തനംതിട്ടയ്ക്ക് കേസിന് പോകുകയായിരുന്നു. 3 മണിയോടുകൂടി ഞാൻ റാന്നി ഡി.എഫ്.ഒ -യെ കാണാൻ പോയി. ഡി.എഫ്.ഒ. അവിടില്ലായിരുന്നു. മാനേജരെ കണ്ടു വിവരം പറഞ്ഞു. വേണ്ടതു നീതിപൂർവം ചെയ്യാമെന്ന് പറഞ്ഞു.

**16.** രാവിലെ റാന്നിയിൽ ഡി.എഫ്.ഒ.-യെ വീട്ടിലെത്തി കണ്ടു. ചെന്ന പ്പോൾ അദ്ദേഹത്തിന്റെ മകൻ മോഹൻ എന്നെ സ്വീകരിച്ചിരുത്തി. കാപ്പികൊണ്ടുവന്നു തന്നു. ഡി.എഫ്.ഒ. മി. സുകുമാരൻ നായർ വന്നു, ഞാൻ കാര്യം പറഞ്ഞു. വേണ്ടതു നിവൃത്തിപോലെ ചെയ്യാ മെന്ന് പറഞ്ഞു. ഞാൻ മടങ്ങിപോന്നു. ഉച്ചകഴിഞ്ഞ് ഞാനും സി. എം.റ്റിയും കൂടി കോന്നി ഡി.എഫ്.ഒ-യെ കാണാൻ പോയി. അദ്ദേഹത്തേയും കണ്ടു ടാങ്കിയ കൃഷിയുടെ കാര്യം പറഞ്ഞു. നീതി യായ വിതരണം ചെയ്യുമെന്ന് പറഞ്ഞു. 5 മണിക്ക് ഞങ്ങൾ മടങ്ങി പോന്നു.

**17.** വൈകിട്ടു കുറുപ്പ് മെമ്മോറിയൽ റോഡിന്റെ പണി സംബന്ധിച്ചു ബന്ധപ്പെട്ട കക്ഷികൾ വന്ന് വീട്ടിൽ വച്ചു മീറ്റിംഗ് കൂടി. കലുങ്ക് കെട്ടുന്നകാര്യം ആലോചിച്ചു. പണം പിരിക്കാൻ ഏർപ്പാടു ചെയ്തു. എൻജിനീയരെകൊണ്ടുവന്ന് സെറ്റ്ഔട്ട് ചെയ്യാനും പറഞ്ഞു. 8.45–ന് പിരിഞ്ഞു പോയി.

**18.** ഞാനും അച്ചനുംകൂടി പണി സംബന്ധിച്ചു തിരുമേനിയുമായി ആലോചിക്കുവാൻ അരമനയിലെത്തി. തിരുമേനിയെ കണ്ടു



www.malankaralibrary.com

സംസാരിച്ചു. പണി നടത്തിക്കുന്നതിന് ദാനിയേൽ അച്ചൻ വരട്ടെ, ഉടനെ ഏർപ്പാടുചെയ്യാം എന്നു പറഞ്ഞു. അച്ചനുവേണ്ടി ഉടനെ എഴുതി. ബുധനാഴ്ച മൈലപ്രാ എത്തി പണി നടത്തുന്നതിനെപ്പറ്റി ആലോചിക്കട്ടെ എന്ന് പറഞ്ഞു. ഡിക്രൂസ് (H/o Cousin) മലയായിൽ നിന്നും വന്നിട്ടുണ്ടെന്നും ഉടനെ അരമനയിൽ എത്തുമെന്നും തിരുമേനി പറഞ്ഞു. ഉടനെവന്നു, ഞങ്ങൾ കണ്ടു സംസാരിച്ചു. ഒരുമിച്ചു ഊണുകഴിഞ്ഞു. നാലുമണിക്ക് പത്തനംതിട്ട പോകാമെന്ന് എന്നോടു പറഞ്ഞു. അതുകൊണ്ടു അവിടെ താമസിച്ചു. 4 മണികഴിഞ്ഞ് ഞങ്ങൾ തിരിച്ചു. 8 മണിക്ക് വീട്ടിലെത്തി.

**19.** രാവിലെ നന്നൂക്കാടു എത്തി ഡിക്രൂസുമായി കുറെനേരം സംസാരിച്ചിരുന്നു. കുറെകഴിഞ്ഞു മടങ്ങിപോന്നു. 5 മണിക്ക് കോളോത്തുമണ്ണിൽ അച്ചൻ വന്ന് കുറെ പ്രയാസങ്ങൾ പറഞ്ഞു. മത്തായി കൊച്ചപ്പനെ നോക്കുന്ന കാര്യത്തെപ്പറ്റി പറഞ്ഞു. കൊച്ചച്ചന് കൊച്ചപ്പൻ കൊടുത്ത വസ്തുവിന് വിലകൊടുത്തതാണെന്നും അന്നത്തെ വിലയുണ്ടായിരുന്നെങ്കിൽ അതിൽ കൂടുതൽ വസ്തു വാങ്ങാമായിരുന്നു എന്നു പറഞ്ഞു. അച്ചൻ 30-ാം തിയതി കഴിഞ്ഞ് വേറെ സ്ഥലത്ത് മാറിതാമസിക്കുന്നതിനെപ്പറ്റി ആലോചിക്കുകയാണെന്ന് പറഞ്ഞു. കൊച്ചപ്പന്റെ വസ്തുവുമായി ബന്ധപ്പെട്ടവരെ കണ്ടു ആലോചിക്കാമെന്ന് ഞാൻ പറഞ്ഞു. 6 മണിക്ക് അച്ചൻപോയി.

**24.** വൈകിട്ടു റമ്പാച്ചനും ഞാനും കൂടി മാക്കാംകുന്നേൽ കോളത്തുമണ്ണിലെത്തി അച്ചനുമായി കാര്യം പറഞ്ഞു 6 മണിവരെ ഇരുന്നു. പിന്നീടു നടന്ന് പാലമൂട്ടിൽ ജോർജിന്റെ വീട്ടിൽ കയറി. നല്ല മഴയായിരുന്നു. മത്തായികൊച്ചപ്പൻ അവർക്ക് 5 സെന്റ് സ്ഥലം കൊടുത്തു. അതിന് 100 രൂപ വില കൊടുത്തെന്ന് പറഞ്ഞു. പാലമൂട്ടിലും കയറിയിട്ടു ഞങ്ങൾ മടങ്ങിപോന്നു.

**25.** വകയാറ്റു 9 മണിയോടു എത്തി കുര്യൻ ഇലഞ്ഞമറ്റം അച്ചന്റെ ജൂബിലിയിൽ സംബന്ധിച്ചു. അച്ചന്റെ കുർബാന കഴിഞ്ഞ് 10.30-ന് അനുമോദന മീറ്റിംഗ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി. 1 മണിവരെ നീണ്ടു. അനന്തരം ഭക്ഷണം കഴിഞ്ഞു പലരുമായി പലതും സംസാരിച്ചു, 4 മണി കഴിഞ്ഞു പോന്നു.

**26.** റമ്പാച്ചൻ 9 മണിക്ക് വന്ന് മെത്രാച്ചനുമായുള്ള സംഭാഷണ വിവരം പറഞ്ഞു. 10.30-ന് മടങ്ങിപോയി. ഉച്ചകഴിഞ്ഞ് കിഴവള്ളൂരിൽ പോയി 3 മണിക്ക് ബി.ഡി.സി. മീറ്റിംഗിൽ സംബന്ധിച്ചു. അവശർക്കുള്ള ഗ്രാന്റ് അനുവദിച്ചു. 5 മണിക്കു മടങ്ങി.



www.malankaralibrary.com

**29.** വൈകൃത്ത് പോയി ബേബിയെ കണ്ടു മത്തായികൊച്ചപ്പന്റെ താമസം സംബന്ധിച്ചു സംസാരിച്ചു. അതുകഴിഞ്ഞ് ഞങ്ങൾ ഒരുമിച്ചു കോളോത്തുമണ്ണിലെത്തി കൊച്ചപ്പനെ കണ്ടു. ബേബി കൊച്ചപ്പനെ ക്ഷണിച്ചു. നോമ്പുകഴിഞ്ഞിട്ടു ചെല്ലാം എന്നു പറഞ്ഞു. ഞാൻ മടങ്ങിപോന്നു. 4 മണിക്ക് റമ്പാച്ചനെ കാണാൻ പോയി 5 മണികഴിഞ്ഞു കൊച്ചച്ചൻ വന്നു മെത്രാച്ചൻ പറഞ്ഞ കാര്യം റമ്പാച്ചനോടു പറഞ്ഞു. കൊച്ചപ്പന്റെ താമസത്തെപ്പറ്റിയും ഞങ്ങൾ സംസാരിച്ചു.

**ഏപ്രിൽ 5.** കോന്നി ഫോറസ്റ്റ് ഓഫീസിൽ പോയി. 11 മണിക്ക് മീറ്റിംഗ് കൂടി. 22 സംഘങ്ങൾക്ക് 42 സബ് ബ്ലോക്ക് വീതിച്ചു. ചിലർക്ക് വീതം ശരിയല്ലെന്ന് അഭിപ്രായം പറഞ്ഞു. വീതം സമ്മതിക്കുന്നവർ രേഘപ്പെടുത്തണമെന്ന് പറഞ്ഞു. 16 പേർ സമ്മതിച്ചു. മൈലപ്രായ്ക്ക് ആവോലികുഴിയിൽ 20 ഹെക്ടർ കിട്ടും എന്നുപറഞ്ഞു.

**9.** ഫാ. വറുഗീസ് മാവേലിൽ വന്ന് മുറിഞ്ഞകൽ, നെടുമൺകാവു മുതലായ പള്ളികൾ മണവാളച്ചനിൽ നിന്നും ഏറ്റെടുത്തിട്ടു വന്നതാണ്. വളരെ എതിർപ്പിനു ശേഷമാണ് പള്ളികൾ കൈവശപ്പെടുത്തിയതു എന്നു പറഞ്ഞു. കുറെ കഴിഞ്ഞ് അച്ചൻപോയി. റാന്നി ഡി.എഫ്.ഒയിൽ 2 മണിക്കെത്തി. സംഘങ്ങൾക്ക് സ്ഥലം കൊടുത്തകൂട്ടത്തിൽ മൈലപ്രായ്ക്ക് 37 ഏക്കർ തെക്കുമല എന്ന സ്ഥലത്തു കിട്ടി. മടങ്ങിവന്ന് പള്ളിയിൽ പോയി, അച്ചനില്ലായിരുന്നു.

**10.** രാവിലെ 6 മണിക്ക് തിരിച്ചു 9 മണിക്ക് മുഖത്തല പള്ളിയിൽ എത്തി. കുർബാനചൊല്ലി. കാപ്പികഴിഞ്ഞ് അവിടെ താമസിച്ചു. സന്ധ്യാ പ്രാർത്ഥന കഴിഞ്ഞ് 30 മിനിട്ടു പെസഹായെപ്പറ്റി പ്രസംഗിച്ചു. 9.30–ന് ഭക്ഷണം കഴിഞ്ഞ, വിശ്രമിച്ചു, വായിച്ചു, 11–ന് കിടന്നു.

**11.** പെസഹ. അതിരാവിലെ എഴുന്നേറ്റു 4 മണിയോടു പള്ളിയിലെത്തി കുമ്പസാരംകേട്ടു. 5 മണിക്ക് കുർബാനചൊല്ലി. 6.30–ന് തീർന്നു. 11.30 ന് പള്ളിയിലെത്തി പ്രാർത്ഥനകൾ നടത്തി 1–ന് തീർന്നു. 6 മണിക്ക് തിരുമണികൂർ ആരാധന നടത്തി. പ്രാർത്ഥനയും കഴിഞ്ഞു പോന്നു. പ്രസാദു വന്നു ശനിയാഴ്ച 9 മണിക്ക് തിരുവനന്തപുരത്തിന് പോകണമെന്ന കാര്യം പറഞ്ഞു.

**12.** 7 മണിക്ക് പ്രാർത്ഥന തുടങ്ങി. ക്രമപ്രകാരം പ്രാർത്ഥനകളും ശുശ്രൂഷകളും നടത്തി. ഉച്ചപ്രാർത്ഥന കഴിഞ്ഞ് 2–ാം ശുശ്രൂഷയുടെ മദ്ധ്യേ ഞാൻ കുരിശിലെ 7 മഹദ്വചനങ്ങളെപ്പറ്റി പ്രസംഗിച്ചു, 25 മിനിട്ടു നേരം. അനന്തരം ബാക്കി ശുശ്രൂഷകർമ്മങ്ങൾ നടത്തി. 2.15–ന്



www.malankaralibrary.com

അവസാനിച്ചു. കഞ്ഞികുടിച്ച്, വിശ്രമിച്ചു. 7 മണിക്ക് സന്ധ്യാ പ്രാർത്ഥന നടത്തി, 10-ന് കിടന്നു.

**13.** മുഖത്തല ചൊല്ലി. 9 മണിക്ക് പ്രസാദിന്റെ കൂട്ടുകാരായ എൻജിനീയറന്മാരുടെ ആവശ്യപ്രകാരം തിരുവനന്തപുരത്ത് മി. കെ.സി.ചാക്കോയെ കാണാൻപോയി. അരമനയിലെത്തി തിരുമേനിയെ കണ്ടു വിവരം പറഞ്ഞു. തിരുമേനി ചാക്കോച്ചനെ അരമനയിൽ വിളിപ്പിച്ചു സംസാരിച്ചു. അപേക്ഷിച്ചാൽ അനുകൂലമായി ചെയ്യാം, എം.എസ്. സി. പാസാകുന്നതുവരെ exemption കൊടുക്കാം എന്ന് പറഞ്ഞു. 2 മണിക്കുശേഷം ഞങ്ങൾ മടങ്ങിപോന്നു, മുഖത്തല എത്തി. സന്ധ്യാ പ്രാർത്ഥന നടത്തി. ഭക്ഷണവും കഴിഞ്ഞ് 9-ന് ഉറങ്ങാൻ കിടന്നു.

**14.** Easterday. രാത്രി 12 കഴിഞ്ഞ് എഴുന്നേറ്റു 1 മണിക്ക് ശുശ്രൂഷ തുടങ്ങി. കുർബാനയും എല്ലാം 4 മണിക്ക് തീർന്നു. വാനിൽ കുണ്ടറ മഠം ചാപ്പലിൽ എത്തി 6 മണിക്ക് കുർബാന ചൊല്ലി. 8 മണിയോടു ബസിൽ മൈലപ്രായ്ക്ക് പോന്നു.

**16.** പാലമൂട്ടിൽ പോയി വല്ല്യ കൊച്ചപ്പനേയും കുറെ കഴിഞ്ഞ് കോളോത്തുമണ്ണിൽ പോയി മത്തായി കൊച്ചപ്പനേയും കൊച്ചച്ചനേയും കണ്ടു. കൊച്ചച്ചൻ 4 മണിക്ക് റമ്പാച്ചന്റെ അടുക്കൽ വരാൻ പറഞ്ഞു, പോന്നു. മെത്രാച്ചനും കൊച്ചച്ചനും തമ്മിലുള്ള അസുഖം തീർക്കുന്ന വിധം ആലോചിച്ചു പലവഴിക്കും ആരാഞ്ഞു. അച്ചൻവഴിപ്പെടാൻ മടിക്കുന്നു. അതുമൂലം കൊച്ചപ്പൻ വളരെ വിഷമിക്കുന്നുണ്ട്. ഒന്നും ആകാതെ പിരിഞ്ഞുപോന്നു.

**18.** ഏബ്രഹാം അച്ചനോടുകൂടി കാട്ടൂർക്ക്പോയി. അവിടെ അച്ചൻ ഒരു വിവാഹം ആശീർവദിച്ചു. പല അച്ചന്മാരുമുണ്ടായിരുന്നു. ഊണു കഴിഞ്ഞ് പള്ളിയിൽ വിശ്രമിച്ചു. 3 മണി കഴിഞ്ഞ് ജോണച്ചന്റെ കാറിൽ തിരിച്ചു വീട്ടിലെത്തി. 6 മണിക്ക് വയലത്തലപള്ളിയിലേക്ക് അച്ചെന്റെ ക്ഷണപ്രകാരം പോയി. സന്ധ്യക്ക് എത്തി. കുര്യച്ചന്റെ ജൂബിലി ആഘോഷം സംബന്ധിച്ചും മറ്റും 12 മണിവരെ സംസാരിച്ചുകൊണ്ടിരുന്നു.

**19.** രാവിലെ വയലത്തല പള്ളിയിൽ ഞാനും, കുര്യച്ചനും, ജേക്കബ് ജോണും, ഏബ്രഹാം തെക്കേടത്തും കൂടി സമൂഹബലി അർപ്പിച്ചു. 8 മണിക്ക് കാപ്പി കഴിഞ്ഞു. ഒരു സാധു വിധവയുടെ അപേക്ഷ പ്രകാരം വി. അന്തോണിയോസിന്റെ ഒരു രൂപം ഞാൻ വാഴ്ത്തി അനുഗ്രഹിച്ചു പള്ളിയിൽ സ്ഥാപിച്ചു. 9 മണിക്ക് ജോണച്ചന്റെ



www.malankaralibrary.com

കാറിൽ മൈലപ്രായിൽ എത്തി. പിന്നീട് ഞങ്ങൾ ഇലന്തൂർ പള്ളി യിലെത്തി, കുര്യച്ചന്റെ ജൂബിലിപ്രമാണിച്ച് സൽകാരങ്ങൾ അവിടെ ഉണ്ടായിരുന്നു. 14 അച്ചന്മാർ എത്തിയിരുന്നു. പലകാര്യങ്ങളും ആലോചിച്ചു. അവ തിരുമേനിയെ അറിയിക്കാൻ ഞാനുൾപ്പെടെ ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. ഉച്ചനമസ്കാരം കഴിഞ്ഞ്, പ്രാർത്ഥന, ഭക്ഷണം. അതിനിടയിൽ ഞാൻ അനുമോദനപ്രസംഗം നടത്തി.

**21.** വയലത്തല കുഴിയം മണ്ണിലേക്ക് 2 മണിക്ക്പോയി. റാന്നിയിൽ നിന്നും ബസുകിട്ടാഞ്ഞ് നടന്നു കുഴിയം മണ്ണിലെത്തിയപ്പോൾ അവിടെ ആരുമില്ല. അപ്പോൾ കാട്ടൂർവരെ നടന്നു ബസിൽ മടങ്ങിപോന്നു. കാട്ടൂർവച്ചു നടക്കുമ്പോൾ എന്റെ തൊട്ടടുത്ത് കഠിനമായ ഇടിവെട്ടി. ദൈവാധീനംകൊണ്ടു ഒരുപദ്രവും ഉണ്ടായില്ല. വൈകിട്ടു സംഘം മീറ്റിംഗ് നടന്നു.

**24.** ഏബ്രഹാം അച്ചന്റെ ജേഷ്ഠൻ സുഖക്കേടുകൂടുതലായി കിടക്കുന്നു വെന്നറിഞ്ഞ് പുത്തൻ കാവിൽപോയി. 9 മണി കഴിഞ്ഞു അവിടെ എത്തിയപ്പോൾ മരിച്ചതായി അറിഞ്ഞു. പ്രാർത്ഥിച്ചിട്ടു കുറെ കഴിഞ്ഞു പോന്നു. നാളെയാണ് അടക്കം.

**25.** രാവിലെ തിരിച്ചു പത്തനംതിട്ട പള്ളിയിൽ കുർബാന ചൊല്ലിയിട്ടു പുത്തൻ കാവിനുപോയി. 9 മണിക്ക് അച്ചന്മാർ കുർബാന ചൊല്ലി. 10 മണി കഴിഞ്ഞ് അടക്കവും കഴിഞ്ഞു. മഠത്തിലെത്തി ഏവരും ഊണുകഴിഞ്ഞു. തിരുമേനിയുടെ കൂടെ ഞാനും അരമനയ്ക്കുപോയി. രാത്രി 8 മണിക്ക് കുര്യച്ചനും ഞാനും കൂടി തിരുമേനിയെ കണ്ടു അതിരൂപതയിലെ പലകാര്യങ്ങളും പറഞ്ഞു. പലതും തിരുമേനി സമ്മതിച്ചു. സൗഹാർദ്ദസംഭാഷണമാണ് നടന്നത്. ഒടുവിൽ ഇങ്ങ നെയുള്ളത് നിങ്ങൾ എന്നെ അറിയിക്കണം, സന്തോഷമാണ് എന്നും പറഞ്ഞു.

**26.** അരമന ചാപ്പലിൽ ഞങ്ങൾ 7 പേർ സമൂഹബലിയായി കുർബാന ചൊല്ലി. ബസിൽ തിരിച്ചു അടൂരിലെത്തി പുത്തൻ പുരക്കൽ പോയി കീവർച്ചായനെയും മറ്റും കണ്ടു, ഊണു കഴിഞ്ഞ് മടങ്ങിപോന്നു.

**27.** കുമ്പഴമേലേതിൽ എത്തി അച്ചനെ കണ്ടു പലകാര്യങ്ങളും പറഞ്ഞു. അച്ചന്റെ കത്തുകളെപ്പറ്റി സംസാരിച്ചു. ജെയിംസ് ഇപ്പോൾ തേവര യാണ് താമസിച്ച് പഠിക്കുന്നത്. അവൻ ബി.എസ്.സി സെക്കന്റ് ക്ലാസ്സിൽ ജയിച്ചു. മടങ്ങിപോന്നു. ഉച്ചകഴിഞ്ഞ് പത്തനംതിട്ട ആശു പത്രിയിൽ പോയി ബി.പി. യും ഷുഗറും മറ്റും പരിശോധിപ്പിച്ചു.



www.malankaralibrary.com

എല്ലാമുണ്ട്. മരുന്ന് കഴിക്കാൻ പറഞ്ഞു. 6 മണിക്ക് മടങ്ങി പള്ളിയിൽ എത്തി അച്ചനെ കണ്ടു. ഉതിമൂട്ടുകാര്യവും തിരുമേനിയെ കണ്ടു സംസാരിച്ചതും പറഞ്ഞു.

**28.** വൈകിട്ടു 6 മണിക്ക് ചണ്ണപേട്ടനിന്നും അവറാപ്പിയും ഭാര്യയും വന്നു. 10 ഏക്കർ റബ്ബർ തോട്ടം ഒരു മഠം സ്ഥാപിക്കുന്നതിന് തിരുമേനിക്ക് എഴുതികൊടുക്കാം എന്നു പറഞ്ഞു, തിരുമേനിയെ കാണാൻ ഞാൻ കൂടി ചെല്ലണമെന്ന്. ചൊവ്വാഴ്ച(30-ന്) വൈകിട്ട് അഞ്ചൽ കോളേജിൽ ഞാൻ എത്താം, പിറ്റേ ദിവസം രാവിലെ അവിടെ നിന്നും പോകാമെന്നും പറഞ്ഞു.

**30.** വൈകിട്ടു 5 മണിക്ക് തിരിച്ചു അഞ്ചലിൽ ഇറങ്ങി കോളേജിലെത്തി താമസിച്ചു. പലകാര്യങ്ങളും സംബന്ധിച്ചു അച്ചന്മാരുമായി സംസാരിച്ചു.

**മെയ് 1.** കോളേജ് ചാപ്പലിൽ ചൊല്ലി, കാപ്പി കഴിഞ്ഞു. 9 മണിക്ക് അവറാപ്പി ഫോണിൽ ജംഗ്ഷനിലേക്ക് വിളിച്ചു. ഞാനവിടെ എത്തി ഒരുമിച്ചു അരമനയ്ക്ക്പോയി. അരമനയിലെത്തി ഊണുകഴിഞ്ഞു തിരുമേനിയെ കണ്ടു മഠത്തിന്റെ കാര്യം പറഞ്ഞു. 20-ാം തിയതി തിരുമേനി അവിടെ എത്താമെന്നും സ്ഥലം കാണണമെന്നും പറഞ്ഞു. 4.30-ന് മടങ്ങിപോന്നു. 9-ന് വീട്ടിലെത്തി.

**2.** രാവിലെ 9 മണിക്ക് ഞാനും, ജോർജ്ജും, തോമസ്സുംകൂടി തെക്കുമല കൂപ്പിൽ പോയി. കൂപ്പുഅളന്ന്, 1 ഏക്കർ വീതം 38 ആയി ഭാഗിച്ചു. പിന്നീട് ചിട്ടിയിട്ടു എടുത്തുകൊടുത്തു. 4 മണിക്ക് എല്ലാം കഴിഞ്ഞു ബസുകാത്തു നിന്നെങ്കിലും 5 മണികഴിഞ്ഞു കിട്ടി. അതിൽ കയറി പോന്നു. 6 മണി കഴിഞ്ഞ് വീട്ടിലെത്തി.

**3.** കോന്നി ഡി.എഫ്.ഒ-യിൽ എത്തി കൃഷിസ്ഥലത്തിന് ഉടമ്പടി ശരിയാക്കി ഒപ്പിട്ടു കൊടുത്തു. അതുകഴിഞ്ഞു ഞാൻ പോന്നു. തോമസും മത്തായിയും അവിടെ നിന്നു, കൂപ്പിൽ പോകാനായിട്ടു.

**6.** മാക്കാംകുന്നേൽപോയി ചാലിലെ അച്ചന്റെ മകന്റെ കല്ല്യാണത്തിൽ സംബന്ധിച്ചു. അതു കഴിഞ്ഞ് പാലമൂട്ടിൽപോയി മത്തായി കൊച്ചപ്പന്റെ താമസം, ഭക്ഷണകാര്യം മുതലായവയെപ്പറ്റി പലരുമായി ആലോചിച്ചു. പാലമൂട്ടിൽ സാറാമ്മയുടെ മേൽനോട്ടത്തിൽ കാര്യങ്ങൾ നിർവഹിപ്പാൻ ഏർപ്പാടു ചെയ്തു. പ്രതിമാസം 100 രൂപ വീതം ഓരോരുത്തരിൽ നിന്നും പിരിച്ചെടുത്ത് കാര്യം നിർവ്വഹിപ്പാൻ ഏർപ്പാടു ചെയ്തു. റമ്പാച്ചൻ, കിഴവള്ളൂർ അച്ചൻ, ബാവു, ജോർജുകുട്ടി, റാന്നിയിലെ ഉണ്ണുണ്ണി മുതലായവർ ഉണ്ടായിരുന്നു. ഞാൻ 7 മണിക്ക് വീട്ടിലെത്തി.





www.malankaralibrary.com

**7.** റാന്നി ഡി.എഫ്.ഒ-യിൽ ചെന്ന് ഞാൻ ഉടമ്പടി ഒപ്പിട്ടു കൊടുത്തു.

**8.** മാക്കാംകുന്നേൽ പോയി പാലമൂട്ടിലെ കൊച്ചപ്പനേയും കൊച്ചമ്മ യേയും, മത്തായികൊച്ചപ്പനേയും പാലമൂട്ടിൽ പഴയ കെട്ടിടത്തിൽ ആക്കി അവിടെ മൂന്നുപേരും താമസിക്കാൻ ഏർപ്പാടു ചെയ്തു. തല്ക്കാലം ഭക്ഷണം ഇപ്പോൾ നടക്കുന്നതുപോലെ നടക്കട്ടെ എന്ന് തീരുമാനിച്ചു. ജോർജുകുട്ടിയും ശോശാമ്മയും അവിടുണ്ടായിരുന്നു. 30 രൂപ കൊച്ചമ്മയെ ഏൽപ്പിച്ചിട്ടു ഞാൻ പോന്നു.

**15.** അരമന ചാപ്പലിൽ ചൊല്ലി. പലകാര്യങ്ങളും ആലോചിച്ചു. ജോൺ മാത്യു അച്ചൻ അയച്ച കുർബാന പണം 90 രൂപ കുമ്പകാട്ടച്ചൻ തന്നു. അലവൻസും വാങ്ങി. സ്കൂൾ പണി സംബന്ധിച്ച് ആവശ്യമായ സിമന്റും കമ്പിയും വാങ്ങാൻ പറഞ്ഞു.

**16.** രാവിലെ ബസിൽ തിരിച്ചു 8.30–ന് പള്ളിപടിക്കലിറങ്ങി. പള്ളിയി ലെത്തി ജോൺമാത്യ അച്ചന്റെ നിയോഗത്തിൽ ചൊല്ലി. വീട്ടിലെത്തി വിശ്രമിച്ചു.

**17.** പന്തളത്ത് കുളനട ആശുപത്രിയിൽ പോയി ഈഴേനത്ത് കോശി സാർ സുഖമില്ലാതെ കിടക്കുന്നതുകണ്ടു. അവിടെ നിന്നും കിളന്ന മണ്ണിൽ എത്തി ജേക്കബ് അച്ചനെകണ്ടു. സുഖമില്ലാതെ കിടക്കുന്നു. പിന്നീടു തോപ്പിൽ എത്തി അച്ചനുമായി (ഫാ.സാമുവേൽ) സംസാ രിച്ചു ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**20.** ബ്ലോക്കിൽ ബി.ഡി.സി-യുടെ കർഷക കമ്മിറ്റിയുടെ മീറ്റിംഗിന് ക്ഷണിച്ചതനുസരിച്ചു പോയി സംബന്ധിച്ചു. പലകാര്യങ്ങളും സംസാരവിഷയമായി. 2 മണിക്ക് കഴിഞ്ഞുപോന്നു.

**21.** സന്ധ്യ കഴിഞ്ഞു പണിക്കരച്ചൻ (ഫാ.തോമസ്), ജോസ് അച്ചൻ, തൈകുടത്തിൽ പാപ്പി എന്നിവർ വന്ന് നാളെ അരമനയിൽ പോയി തിരുമേനിയെ കാണുന്നകാര്യം പറഞ്ഞു. ഞാൻ സമ്മതിച്ചു.

**22.** രാവിലെ പാപ്പി കാറുമായി വന്നു. അതിൽ പുത്തൻപീടികയിൽ എത്തി അവിടത്തെ അച്ചന് സ്ഥലം മാറ്റാമാകയാൽ അച്ചനേയും കൊണ്ടു 3 കാർ കൊല്ലത്തിന് പോയി. ഞാനും അതിലൊന്നിൽ കയറി കൊല്ലത്തിറങ്ങി, തിരുവനന്തപുരത്തിന് തിരിച്ചു. 2 മണിക്ക് അരമനയിലെത്തി തിരുമേനിയോടു പാപ്പിയുടെ മകൾ മേരിക്കു ട്ടിയെ കോളേജിൽ നിയമിക്കുന്ന കാര്യം പറഞ്ഞു. പണിക്കരച്ചനെ (പ്രിൻസിപ്പൽ) പോയി കണ്ടു അന്വേഷിച്ചു. പിന്നീടു അഞ്ചൽ കോളേജിലെത്തി. രണ്ടിടത്തും ചാൻസില്ല. രാത്രി 9.30–ന് വീട്ടിലെത്തി.



www.malankaralibrary.com

23. കുമ്പഴ വടക്ക് എത്തി, റമ്പാച്ചനും ഞാനും കൂടി ഗോപാലൻ വക്കീലിന്റെ വീട്ടിലെത്തി വിവാഹിതനെ കണ്ടു. വീട്ടിൽ വന്ന ഉടനെ പത്തനംതിട്ടപോയി 2 മണിക്ക് കുടുംബയോഗത്തിൽ സംബന്ധിച്ചു. പല കാര്യങ്ങളും തീരുമാനിച്ചു. ഉച്ചയ്ക്ക് ഉണ്ടില്ല. 3.30–ന് മടങ്ങി.

24. വൈകിട്ടു പ്രതിഷേധയോഗം എന്റെ അദ്ധ്യക്ഷതയിൽ കൂടി. പഞ്ചായത്തു വീട്ടുകരം കൂട്ടി ചുമത്തിയതിനെപ്പറ്റി പ്രതിഷേധിച്ചു പലരും പ്രസംഗിച്ചു നിശ്ചയം പാസാക്കി. 7 മണിക്ക് പിരിഞ്ഞു.

25. എ.ജെ.ജോർജും അളിയനും ഭാര്യയും മക്കളും വന്നു. കുറെ കഴിഞ്ഞു അവർ പോയി. ഡൽഹിക്ക് അടുത്തുതന്നെ ജോർജ് മടങ്ങുമെന്ന് പറഞ്ഞു. ജോൺമാത്യു അച്ചൻ അമേരിക്കയിൽ നിന്നും തിരിച്ചു വരുമെന്ന് പറഞ്ഞു.

31. ഉച്ചകഴിഞ്ഞ് കോന്നി ഫോറസ്റ്റ് ഓഫീസറെ കാണാൻപോയി, കുറേ നേരം സംസാരിച്ചു. ആവേലിക്കുഴി കൃഷിക്കാർ അരുകിൽ നിന്നും ഫോറസ്റ്റ് സ്ഥലം എടുത്തു വിത്തു കിളച്ചതു സംബന്ധിച്ചു കേസുണ്ടെന്നു പറഞ്ഞു. 100 രൂപയ്ക്ക് തീർക്കാമെന്നും പറഞ്ഞു. തിരിച്ചു വന്ന് കുടുംബയോഗ നോട്ടീസ് കുറെ അയച്ചു.

**ജൂൺ 1.** ഞാനും വല്ല്യത്തെ ജോർജുംകൂടി ഇറിഗേഷൻ എൻജിനിയറെ കാണാൻ പത്തനംതിട്ടയിലും പിന്നീടു അടൂരും പോയി. ആളില്ലായിരുന്നു. ക്രോസ്ബാർ സ്കൂളിന്റെ പടിക്കൽ കെട്ടരുതെന്ന് കാണിച്ച് അപേക്ഷ ഓഫീസിൽ കൊടുത്തു കാര്യം പറഞ്ഞു.

2. മാക്കാംകുന്നേൽ കൊച്ചച്ചന് സുഖമില്ലാ എന്നറിഞ്ഞ് അവിടെ പോയി കണ്ടു. ഇന്ന് സ്കൂൾ പടിക്കൽ ക്രോസ്ബാർ കെട്ടുന്ന കോൺട്രാക്ടർ രാജുവിനെ വിളിച്ചു ശാസിച്ചു. പണിനിറുത്താൻ പറഞ്ഞു.

3. കിളന്നമണ്ണിൽ ജേക്കബച്ചൻ മരിച്ചതായി അറിഞ്ഞു. പള്ളിയിൽ പോയി അച്ചനേയും വിളിച്ചു പോകാനായിതിരിച്ചു. ഇടയ്ക്ക്വച്ച് അച്ചൻ സ്കൂളിലേക്ക് വരുന്നതായി കണ്ടു. ഒന്നിച്ച് സ്കൂളിലെത്തി. അപ്പോൾ സ്കൂളിന്റെ പടിക്കൽ ക്രോസ്ബാർ കെട്ടാൻ സ്കൂളിന്റെ സ്ഥലം വെട്ടികീറി വാനം എടുക്കുന്നതായി കണ്ടു. ഞങ്ങൾ അവരെ തടഞ്ഞു അതുകഴിഞ്ഞു ഞങ്ങൾ പന്തളത്തിന് തിരിച്ചു കിളന്നമണ്ണിലെത്തി ശുശ്രൂഷനടത്തി. കുറെ കഴിഞ്ഞു പമ്പുരേത്ത് എത്തി ഊണുകഴിച്ചു. 4 മണികഴിഞ്ഞ് തിരുമേനി വന്ന് ശുശ്രൂഷയും പ്രസംഗവും കഴിഞ്ഞ് മൃതശരീരം പള്ളിയിൽ കൊണ്ടുപോയി 5.30–ന് അടക്കി. 8 മണിക്ക് വീട്ടിലെത്തി.





www.malankaralibrary.com

6. കൊല്ലം സഹകരണബാങ്കിലെത്തി കടംവാങ്ങാൻ വേണ്ട ഒപ്പിട്ടു കൊടുത്തു. അവിടെനിന്നും പുനലൂർ വഴി അഞ്ചൽ കോളേജിലെത്തി. 4 മണിക്ക് ആശുപത്രിയിലെ പുതിയ വാർഡ് തിരുമേനി കൂദാശ ചെയ്തു. 5-നുശേഷം ഉൽഘാടനം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മന്ത്രി വെല്ലിംഗ്ടൺ നടത്തി. പലരുടേയും പ്രസംഗം കഴിഞ്ഞു 7.30-ന് പിരിഞ്ഞു. ഞാൻ അവിടെ വാർഡിൽ കിടന്നു.
7. അഞ്ചൽ ചാപ്പലിൽ ചൊല്ലി. ആശുപത്രിയിലെത്തി ഡോ. ഉമ്മനെ കണ്ടു. പരിശോധനയെല്ലാം കഴിഞ്ഞു ബി.പി. ഇല്ല, ഷുഗർ ഉണ്ട്. മരുന്നു കഴിക്കണമെന്ന് പറഞ്ഞു. മരുന്നു വാങ്ങി, കാപ്പിയും കഴിഞ്ഞു മടങ്ങിപോന്നു. പത്തനംതിട്ട എത്തി ഓമല്ലൂരിൽ പോയി HM- നെ കണ്ടു ചിലതൊക്കെ പറഞ്ഞു. 1.30-ന് വീട്ടിലെത്തി, ഊണുകഴിഞ്ഞു വിശ്രമിച്ചു. 5 മണിക്ക് സംഘം കമ്മിറ്റികൂടി, 8-ന് തീർന്നു.
8. കുമ്പഴ പൊന്നച്ചനും കോട്ടയം ശമുവേലിന്റെ മകൻ കുഞ്ഞു മോനും കൂടി 8 മണിക്ക് കാറിൽ വന്ന് കുഞ്ഞുമോന് എം.എസ്സിയ്ക്ക് അഡ്മിഷന് വേണ്ടി തിരുവനന്തപുരത്തിന് ചെല്ലണമെന്ന് പറഞ്ഞു. അങ്ങനെ പോയി 12 മണിക്ക് അരമനയിലെത്തി. ഊണും വിശ്രമവും കഴിഞ്ഞു തിരുമേനിയെ കണ്ടു വിവരം പറഞ്ഞു. പണിക്കരച്ചനെ കണ്ടുപറയാൻ പറഞ്ഞു. ഞങ്ങൾ കോളേജിൽ പോയി അച്ചനില്ലായിരുന്നു. 5 മണിക്ക് വീണ്ടും പോയി, കണ്ടില്ല. മടങ്ങിവന്നവഴി വർക്കി എം.എ സെക്കന്റ് ക്ലാസിൽ പാസായതായി അറിഞ്ഞു. അഞ്ചൽ കോളേജിൽ കയറി വൈസ് പ്രിൻസിപലിനെ കണ്ടു വിവരം പറഞ്ഞു. രാത്രി 9 മണിക്ക് വീട്ടിലെത്തി.
10. റമ്പാച്ചനെ പോയികണ്ടു. സുഖമില്ലാതെ കിടപ്പാണ്. ഞാൻ മാക്കാംകുന്നേൽ എത്തി കുടുംബമീറ്റിംഗിന് വേണ്ടതു ചെയതു. മത്തായി കൊച്ചപ്പന്റെ അദ്ധ്യക്ഷതയിൽ 11 മണിക്ക് തുടങ്ങി. 50-ൽ പരം പേർ വന്നു. മാമ്മൻ അച്ചൻ പ്രസംഗിച്ചു. പുതിയ കമ്മറ്റിയെ തെരഞ്ഞെടുത്തു. ഞാൻ വൈസ്പ്രസിഡന്റായിട്ടും മാമ്മൻ അച്ചൻ സെക്രട്ടറിയായിട്ടും 5 മണിക്ക് പിരിഞ്ഞു.
11. ഞാൻ പത്തനംതിട്ട ബസ് സ്റ്റാന്റിൽ 9 മണിക്കെത്തി ഉമ്മൻ അയ്യനേത്തച്ചനെ കാത്തിരുന്നു. അച്ചൻ 11 മണിക്ക് വന്നു. ഞങ്ങൾ ചങ്ങനാശ്ശേരിയിൽ പോയി മാപ്പിളസാറിനെ കണ്ടു അച്ചന്റെ കാര്യ പറഞ്ഞു. 2.30-ന് മടങ്ങി പോന്നു. മേരി കുട്ടിക്ക് പിറവന്തൂർ സ്കൂളിലേക്ക് മാറ്റമുണ്ട്.



www.malankaralibrary.com

**13.** കക്കാട്ടു മഠം സ്ഥാപിക്കുന്നതു സംബന്ധിച്ചു മീറ്റിംഗിന് പോയി. പലഅച്ചന്മാരും ഉണ്ടായിരുന്നു. 4 മണി കഴിഞ്ഞ് തിരുമേനി വന്നു. കക്കാട്ടു യു.പി.സ്കൂളിന്റെ അടിവശത്തുള്ള കെട്ടിടം കൂദാശ ചെയ്തു അവിടെ മഠം സ്ഥാപിച്ചു. സ്കൂളിൽ മീറ്റിംഗ് തുടങ്ങി. പലരും പ്രസംഗിച്ചു, അവസാനം തിരുമേനിയും പ്രസംഗിച്ചു. 6.30ന് കാപ്പി കുടി കഴിഞ്ഞ് പിരിഞ്ഞു. ജോയി കോഴിക്കോട്ടു നിന്നും ഇന്നലെ വന്നിരുന്നു. ഇന്ന് കോട്ടയത്തു ബിസിഎം കോളേജിൽ ഈശന്റെ മകളെ ചേർക്കാൻ പോയിട്ടുവന്നു.

**20.** അരമന ചാപ്പലിൽ ചൊല്ലി. പ്രോവിഡന്റ് ഫണ്ട് ബംഗ്ലാവിൽ എത്തി ഞായല്ലൂരച്ചനെ കണ്ടു ഞാനെഴുതിയ ലേഖനം കൊടുത്തു. ജൂലായ് ലക്കത്തിലിടാമെന്നു പറഞ്ഞു. അരമനയിൽ തിരിച്ചെത്തി. ജോൺ മാത്യു അച്ചനും കൂടി തിരുവല്ലായിലെത്തി കൊട്ടറവട്ടത്തു അച്ചന്റെ കൊച്ചമ്മയെ കണ്ടു. അവിടെ നിന്നും ഞങ്ങൾ തിരുവല്ലായിലും പിന്നീടു റാന്നിയിൽ അച്ചന്റെ സഹോദരിയുടെ വീട്ടിലും പോയി. ഞാൻ 8-ന് വീട്ടിലെത്തി.

**21.** തിരുഹൃദയപെരുനാളിന് 5 അച്ചന്മാർ കൂടിയ സമൂഹബലി നടത്തി. കാപ്പികഴിഞ്ഞുപോന്നു. മണി എം.എയ്ക്ക് ജയിച്ചതായി കത്തു വന്നു. ഉച്ചകഴിഞ്ഞ് അഞ്ചൽ കോളേജിൽ പോയി മാപ്പിളസാറിന്റെ കത്തനുസരിച്ചു മാത്യുവിനെ സംബന്ധിച്ചു പിലിപ്പച്ചനോടു പറഞ്ഞു. എന്നാൽ മറ്റു വിധത്തിൽ അച്ചൻ സഹായിക്കാമെന്ന് പറഞ്ഞു ഏർപ്പാടു ചെയ്തു. വർക്കി 1-ാം തീയതി മുതൽ കോളേജിലെത്തി പ്രവേശിക്കാൻ ഏർപ്പാടു ചെയ്തു. 5 മണിക്ക് മടങ്ങിപോന്നു.

**26.** കുമ്പളാംപൊയ്കയിൽ അനേകർ കത്തോലിക്കാസഭയിൽ ചേരാൻ തയ്യാറാണെന്നറിഞ്ഞു. 5 മണിക്ക് തോമസ് പണിക്കരച്ചനും മറ്റും വന്നു, ഞാനുംകൂടി പോയി. അവിടെ ചിട്ടിനടത്തുന്ന കുഞ്ഞുകുട്ടിയുടെ വീട്ടിൽ പലരും വന്ന് ആലോചിച്ചു. അവർ അടുത്ത ഞായറാഴ്ച 4 മണിക്ക് ചേരാൻ തയ്യാറാണെന്ന് പറഞ്ഞു. അതിന് വേണ്ട ഇടപാടുചെയ്തു. 8 മണി കഴിഞ്ഞു പോന്നു.

**27.** സ്കൂൾ HM ജേക്കബ് 9 മണിക്ക് വന്നു പറഞ്ഞു മുളപ്പംപള്ളിൽ ജേക്കബ് അച്ചൻ മരിച്ചുവെന്ന്, 11 മണിക്ക് ഞാനും ഏബ്രഹാം അച്ചനും കൂടി അടൂർക്ക് പോയി അവിടെ നിന്നും കുറെ കഴിഞ്ഞു പഴകുളം പള്ളിയിലെത്തി. അച്ചന്റെ വീട്ടിലെത്തി ശുശ്രൂഷനടത്തി. കുറെ കഴിഞ്ഞ് തിരുമേനിയും അച്ചന്മാരും വന്നു. തുടർന്ന് പള്ളിയിൽ



www.malankaralibrary.com

കൊണ്ടുപോയി ശുശ്രൂഷകൾ നടത്തി 4 മണിയോടു അടക്കി. 5 മണിക്ക് മടങ്ങിപോന്നു. 7.30–ന് സംഘം കമ്മിറ്റികൂടി പലതും തീരുമാനിച്ചു.

**28.** സംഘം സെക്രട്ടറിയും സെയിൽസുമാന്മാരും വന്ന് അവർസംഘത്തിൽ അടയ്ക്കേണ്ട തുക സംബന്ധിച്ചു പറഞ്ഞു. ഇപ്പോൾ അടയ്ക്കാൻ ഒരു നിവൃത്തിയുമില്ലെന്ന് പറഞ്ഞു. ഒടുവിൽ ഓരോരുത്തരും 200രൂപ വീതം കടം സംഘത്തിൽ നിന്നും എടുത്തു അടയ്ക്കാൻ ഏർപ്പാടു ചെയ്തു.

**29.** ഉച്ചകഴിഞ്ഞ് അരുവിപ്പുല പഞ്ചായത്ത് ഓഫീസിൽ പോയി. 3 മണിക്ക് മീറ്റീംഗ് തുടങ്ങി. പലകാര്യങ്ങളും പറഞ്ഞു. 25 ഏക്കർ നിലം ഡിമോൺസ്ട്രേറ്റു പ്ലോട്ടായി മൈലപ്രാ വയലിൽ എടുക്കുന്നതിന് നിശ്ചയിച്ചു. കാപ്പികഴിഞ്ഞ് 5മണിക്ക് പിരിഞ്ഞു. മടങ്ങിവന്ന വഴി ഓർത്തഡോക്സ് പള്ളി ബംഗ്ലാവിൽ രോഗിയായി കിടക്കുന്ന വല്ല്യച്ചനെ കണ്ടിട്ടു പോന്നു.

**30.** രാവിലെ തിരുമേനി വന്നു. മലയാലപ്പുഴ പള്ളി കൂദാശയ്ക്ക് ഞാനും കൂടെ പോയി. കൂദാശയും കുർബാനയും കഴിഞ്ഞ് 3 മണിക്ക് കുമ്പളാംപൊയ്കയിൽ എത്തി. 30 വീട്ടുകാരെ കത്തോലിക്കാ സഭയിൽ ചേർത്തു. അതുകഴിഞ്ഞു തിരുമേനിയോടുകൂടി പുത്തൻപീടികയിൽ തൈകൂട്ടത്തിൽ അളിയന്റെ സുഖക്കേടുകാണാൻ പോയി. അവിടെ നിന്നും ഞങ്ങൾ പുഷ്പപുരത്ത് എത്തി. കൗൺസിൽ കൂടുന്നകാര്യം തിരുമേനി പറഞ്ഞു. പിന്നീടു ഞാൻ മടങ്ങി വീട്ടിലെത്തി. തിരുമേനി പറഞ്ഞതനുസരിച്ച് ഞാൻ അരമനയിലേക്ക് ഫോണിൽ വിളിച്ചു. കിട്ടിയില്ല.

**ജൂലൈ 2.** പലരും വന്ന് ഓരോ കാര്യം പറയുകയും അന്വേഷിക്കുകയും ചെയ്തു. 6.30–ന് കുളിക്കാൻ കുഴമ്പും എണ്ണയും തേച്ചപ്പോൾ തയ്യിൽ ശമുവേലച്ചനും പൂങ്കാവുകാർ ചിലരും കൂടി വന്നു. അവിടുത്തെ വസ്തുസംബന്ധിച്ചു കേസുകാര്യം പറഞ്ഞു. അവിടുത്തെ കത്തോലിക്കാ പള്ളിയുടെ വടക്കുവശത്തുകൂടി പടിഞ്ഞാറോട്ടുള്ള റോഡും കിഴക്കുവശത്തുകൂടി തെക്കോട്ടുള്ള റോഡും നഷ്ടപ്പെടാതെ ഇപ്പോൾ ഉപയോഗിക്കുന്നതുപോലെ ഉപയോഗിക്കാൻ വേണ്ട ഏർപ്പാടു ചെയ്തു രാജിയാക്കണമെന്ന് അവർ പറഞ്ഞു. തിരുമേനിയെ കണ്ടു നാളെ തീരുമാനിക്കാം എന്നു ഞാൻ പറഞ്ഞു. പഞ്ചായത്ത് മെമ്പർ പത്രോസ് കൂട്ടത്തിലുണ്ടായിരുന്നു. നാളെ നന്നുക്കാട്ടു വരാൻ പറഞ്ഞു.



www.malankaralibrary.com

**3.** നന്നുക്കാട്ടു പള്ളിയിലെത്തി. 50-ൽ പരം പേരുടെ കുമ്പസാരം കേട്ടു. കാർഷിക മീറ്റിംഗും നേഴ്സറി സ്കൂളിന്റെ ഉൽഘാടനവും തിരുമേനി നടത്തി. 11 മണിക്ക് ചെങ്ങന്നൂർക്ക് തിരിച്ചു പള്ളിയിൽ ഊണുകഴിഞ്ഞു വിശ്രമിച്ചു. പിന്നീടു 3.30-ന് പുനലൂർക്ക് പോയി അവിടെ പള്ളിയോടു ചേർത്തു കെട്ടിയ ബംഗ്ലാവിന്റെ കൂദാശനടത്തി. 5 മണിക്ക് അരമനയ്ക്ക് ഞങ്ങൾ തിരിച്ചു 7.30-ന് എത്തി.

**4.** അരമനയിൽ ചൊല്ലി. മണിയുടെ ബി.എഡ്. കാര്യത്തിന് വേണ്ടി കോളേജിൽ പോയി ജോൺമാത്യു അച്ചനുമായി സംസാരിച്ചു. പണിക്കരച്ചനേയും ജോർജച്ചനേയും (മലഞ്ചരുവിൽ) സി.എ. ഏബ്രഹാം അച്ചനേയും കണ്ടു. അരമനയിൽ തിരിച്ചെത്തി. ഞാനും ജോണച്ചനും കൂടി പല ഉദ്യോഗസ്ഥരേയും കാണാൻ പോയി. പണിക്കരച്ചനെ കൊണ്ടു തിരുമേനി മണിയുടെ ഫോറത്തിൽ ഒപ്പിടുവിച്ചുതന്നു. അനന്തരം കൗൺസിൽ കൂടി 7 മണിക്ക് തീർന്നു. ഞാനും ഫിലിപ്പച്ചനും കൂടി അഞ്ചലിലേക്ക് പോന്നു.

**5.** വൈകിട്ടു 5 മണിക്ക് പഞ്ചായത്തു ഓഫീസിൽ മന്ത്രി എം.എൻ. ഗോവിന്ദൻ നായർ വരുമ്പോൾ സ്വീകരിക്കുന്നതിനും നിവേദനം കൊടുക്കുന്നതിനും പ്രത്യേകം ക്ഷണിക്കപ്പെട്ടവർ കൂടി ചില തീരുമാനങ്ങൾ എടുത്തു.

**14.** തിരുവനന്തപുരത്തിന് തിരിച്ചു അരമനയിൽ 12.30-ന് എത്തി. ഊണു കഴിഞ്ഞ് 2 മണിക്ക് Priests Senate തുടങ്ങി. 50-ൽ പരം അച്ചന്മാരുണ്ടായിരുന്നു. സെനറ്റിനെകുറിച്ചു പലതും ആലോചിച്ചു. 3.30-ന് അത്കഴിഞ്ഞു ഓഡിറ്റോറിയത്തിൽ വച്ചു പാസ്റ്ററൽ കൗൺസിൽ കൂടി. 6.50-ന് കൗൺസിലും കഴിഞ്ഞു പള്ളിയിലെത്തി ഏവരും പ്രാർത്ഥന നടത്തി. മാർ ഈവാനിയോസ് തിരുമേനിയുടെ കബറിടത്തിൽ തിരികത്തിച്ചു എല്ലാവരും തീർത്ഥയാത്രയായി പ്രാർത്ഥന നടത്തി. എല്ലാവരും ഊണുകഴിഞ്ഞു പിരിഞ്ഞു.

**15.** മാർ ഈവാനിയോസ് തിരുമേനിക്കുവേണ്ടി കത്തീഡ്രലിൽ രണ്ടു തിരുമേനിമാരുടെ കൂടെ ഞങ്ങൾ 13 അച്ചന്മാരും ചേർന്ന് സമൂഹ കുർബാനചൊല്ലി. 10-ന് തീർന്ന് കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. 11 മണിക്ക് ഓഡിറ്റോറിയത്തിൽ കൂടി കുരുവിള അച്ചന്റെ ജൂബിലി കാര്യം ആലോചിച്ചു. ദീർഘമായ വാദപ്രതിവാദം കഴിഞ്ഞു സാധാരണ നിലയിൽ മുൻപ് നടത്തുന്നതുപോലെ നടത്തിയാൽ മതി എന്ന് ബഹുഭൂരിപക്ഷത്തോടു തീരുമാനിച്ചു. ഉച്ചകഴിഞ്ഞു 2.30 ന് കോളേജ്



www.malankaralibrary.com

ഓഡിറ്റോറിയത്തിൽ വച്ചു പൊതുയോഗം നടന്നു. വളരെ അധികം ആളുകൾ പലഭാഗങ്ങളിൽ നിന്നും വന്ന് സംബന്ധിച്ചു. പല നല്ല പ്രസംഗങ്ങൾ ഉണ്ടായിരുന്നു. സഭയുടെ സ്ഥാപനങ്ങളുടെ സംരക്ഷണം സംബന്ധിച്ചും ആലോചിച്ചു തീരുമാനിച്ചു. മീറ്റിംഗ് 3 മണിക്കൂറോളം സമയം ഉണ്ടായിരുന്നു. ഞാൻ അരമനയിലെത്തി വിശ്രമിച്ചു.

**21.** ഉച്ചകഴിഞ്ഞു ജോൺ മാത്യു അച്ചനും ജേക്കബ് ജോണച്ചനും മാവേലിലച്ചനും കൂടി വീട്ടിൽ വന്നു. കുറെ സമയം പലതും സംസാരിച്ചിരുന്നു. ജോൺ മാത്യു അച്ചന്റെ ജോലിസംബന്ധിച്ചു തിരുമേനിയുമായി സുഖമില്ലാതെ പിരിഞ്ഞതായി പറഞ്ഞു. കുറെകഴിഞ്ഞു അവർ പോയി.

**22.** രാവിലെ കാറിൽ കടമ്മനിട്ട എത്തി. മൂന്നിന്മേൽ കുർബാന ചൊല്ലി. 9.30–ന് കല്ല്യാണം പണിക്കരച്ചൻ ആശീർവദിച്ചു, ഞങ്ങളും കൂടി. അതുകഴിഞ്ഞു മേച്ചേരിൽ പറമ്പിൽ എത്തി ഊണുകഴിഞ്ഞു പോന്നു. പത്തനംതിട്ട എത്തി റബ്ബർ ബോർഡ് ഓഫീസിൽ കയറി കരീമിനെ കണ്ടു സബ്സിഡിക്കുള്ള അപേക്ഷയും റിക്കാർഡും വെരിഫൈ ചെയ്തു. രണ്ടു സ്റ്റേറ്റ്മെന്റ്സ് ഞാനെഴുതിക്കൊടുത്തു. 3 മണിക്ക് മടങ്ങിപോന്നു. സന്ധ്യയ്ക്ക് പണിക്കരച്ചനും ജോസച്ചനും വന്ന് വടശ്ശേരിക്കര പള്ളി പണിയുന്നതിന്റെ അതിരു സംബന്ധിച്ചുള്ള കാര്യം പറഞ്ഞു. നാളെ രാവിലെ 8 മണിക്ക് പോകാമെന്ന് ഞാൻ പറഞ്ഞു. അവർ പോയി.

**23.** രാവിലെ 9 മണിക്ക് അച്ചന്മാർ കാറിൽ വന്നു. ഞാനുംകൂടി വടശ്ശേരിക്കരയ്ക്ക് പോയി. സ്ഥലംകണ്ടു വിവരം അറിഞ്ഞ ശേഷം വില്ലേജ് ഓഫീസർ മി. കേശവനെ കണ്ടു മതിൽ കെട്ടുന്നതിന് തടസ്സമെന്താണെന്ന് ഞാൻ ചോദിച്ചു. തടസ്സമുണ്ടെങ്കിൽ എഴുതി തരാൻ പറഞ്ഞു, പണി നിർത്താൽ സാധ്യമല്ല, ഞങ്ങൾ കെട്ടുകയാണ് എന്നു പറഞ്ഞു. എന്നാൽ കെട്ടിക്കിൻ എന്നയാൾ പറഞ്ഞു. റിപ്പോർട്ടു ചെയ്യുക എന്ന് പറഞ്ഞു ഞങ്ങൾ പോന്നു. അനന്തരം കുമ്പളാംപൊയ്കയിൽ എത്തി ചാപ്പൽ പണികണ്ടു. മേച്ചിൽ നടത്തിതറ ശരിപ്പെടുത്തുന്നു. വാങ്ങാനുള്ള സ്ഥലത്തിന്റെ വിവരം അറിഞ്ഞു. ഒരു പ്ലാൻ എടുത്തു മടങ്ങി പോന്നു, 12 മണികഴിഞ്ഞ് വീട്ടിലെത്തി. 5 മണിക്ക് ബസിൽ തിരിച്ചു അരമനയിൽ 8.30 ന് എത്തി.

**24.** അരമനയിൽ ചൊല്ലി. ജോൺ മാത്യു അച്ചനും തിരുമേനിയുമാ



www.malankaralibrary.com

യുള്ള നടപടി അറിഞ്ഞു. 10 മണിക്ക് തിരുമേനിയെ കണ്ടു. കണ്ട പ്പോൾത്തന്നെ അദ്ദേഹം പറഞ്ഞു. അച്ചന് ഞാൻ ആളയയ്ക്കാൻ വിചാരിക്കയായിരുന്നു എന്ന്. എന്താണെന്ന് ഞാൻ ചോദിച്ചു. ജോൺ മാത്യു അച്ചൻ പറഞ്ഞാൽ കേൾക്കുകയില്ലാ, അമേരിക്കയ്ക്ക് പോകണമെന്നു പറയുന്നു, ഒന്നും ചെയ്യുകയില്ല. ഞാൻ പറഞ്ഞു അച്ചന് എന്തെങ്കിലും ജോലികൊടുക്കാതെ അരമനയിൽ ഇട്ടുവട്ടം കറക്കുകയാണ്, അച്ചനോട് സ്നേഹപൂർവ്വം ചെയ്യുന്നില്ല, എന്നെ ല്ലാമുള്ള പരാതി ഞാൻ പറഞ്ഞു. തിരുമേനി സ്നേഹപൂർവ്വം അച്ചനോടു വർത്തിക്കണം, അച്ചൻ അനുസരിക്കും, ജോലി ചെയ്യും, അച്ചന്റെ സാധനങ്ങൾ അമേരിക്കയിൽ നിന്നും കൊണ്ടുവരുന്നതിന് അച്ചനെ അനുവദിക്കണം. ഇതൊക്കെ ചെയ്യാം എന്ന് തീരുമേനി പറഞ്ഞു. ഞാൻ പോയി അച്ചനോടുകൂടി വന്ന് തിരുമേനിയെ കണ്ടു സംസാരിച്ചു. തിരുമേനി അച്ചനെ കെട്ടിപ്പിടിച്ചു ആലിംഗനം ചെയ്തു സംഗതികൾ സ്നേഹപൂർവ്വം പെരുമാറി, രമ്യതയിൽ പിരിഞ്ഞു. 5 മാസത്തിനകം അമേരിക്കയിൽ നിന്നും മടങ്ങി എത്താം എന്ന് അച്ചൻ പറഞ്ഞു. അടുത്തു തന്നെ പോകും. വന്നാൽ ട്രെയിനിംഗ് കോളേജിലാക്കാം, സോഷ്യലിന്റെ മുഴുവൻ ചുമതലയും ഏല്പിക്കാം എന്ന് തിരുമേനി. രാത്രി അരമനയിൽ കിടന്നു.

**25.** രാവിലെ മൂഴിയാർ ബസിൽ പോന്നു. 9 മണിക്കെത്തി വിശ്രമിച്ചു. 11 മണിക്ക് പള്ളിയിലെത്തി കുർബാന ചൊല്ലി. ഇന്ന് ഏതാനും പേരുടെ ട്രെയിനിംഗ് അഡ്മിഷന്റെ ഇന്റർവ്യു നടത്തി.

**26.** രാവിലെ കുരുവിള അച്ചൻ, ദാനിയേലച്ചൻ, മാവേലിലച്ചൻ, ഏബ്രഹാം അച്ചൻ ഇവരുടെ കൂടെ ഞാനും കൂടി സമൂഹബലി നടത്തി. കാപ്പി കഴിഞ്ഞു അവർ വടശ്ശേരിക്കരയ്ക്ക് പോയി. ഞാൻ വീട്ടിൽ വിശ്രമിച്ചു. 3 മണിയോടു കൂടി ജോസച്ചൻ വടശ്ശേരിക്കര നിന്നും വന്നു. വില്ലേജ് ഓഫീസിലെ ക്ലാർക്ക് വന്ന് വടശ്ശേരിക്കര പള്ളി പണിയുന്നതിന്റെ മതിൽകെട്ടാൻ പാടില്ലെന്ന് പറഞ്ഞു. എന്തെങ്കിലും എഴുതിതരുന്നെങ്കിൽ മാത്രം (നിരോധന ഓർഡർ), പണിനിറുത്തിയാൽ മതി എന്ന് ഞാൻ പറഞ്ഞയച്ചു. അച്ചൻപോയി.

**30.** ഭാരത ടൂറിംഗ് മ്യൂസിയത്തിന്റെ പ്രദർശനം നടത്താൻ ആളുവന്നു. അവർക്കുവേണ്ട സജ്ജീകരണം ചെയ്തുകൊടുക്കാൻ ഏർപ്പാടു ചെയ്തു. 7 മണിക്ക് സംഘം മീറ്റിംഗ് നടത്തിപലതും ആലോചിച്ചു തീരുമാനിച്ചു.





www.malankaralibrary.com

**31.** പത്തനംതിട്ട നിന്നും ടൂറിങ്ങ് പ്രദർശനം നടത്താൻ അവർ വന്നു. ഞാൻ ഒരു ചെറുപ്രസംഗം ചെയ്തു ഉൽഘാടനം നടത്തി. 4 മണിക്ക് ഞങ്ങൾ പോയികണ്ടു. അവർപോയി.

**ഓഗസ്റ്റ് 1.** ഇന്നു മുതൽ എണ്ണസേവയും പത്ഥ്യവും തുടങ്ങി.

**2.** വൈകിട്ടു മാവേലിൽ അച്ചനും, ജോൺ ജേക്കബ്ബച്ചനും ഏബ്രഹാം അച്ചനും വന്ന് ജോൺ മാത്യു അച്ചൻ പോകുന്നതിനു മുമ്പായി ഒന്നുവിളിച്ചുവരുത്തണമെന്ന് പറഞ്ഞു, ഞാൻ സമ്മതിച്ചു.

**3.** രാവിലെ ഫോണിൽ ജോൺ മാത്യു അച്ചനെ വിളിച്ചു. അച്ചൻ അവിടില്ലായിരുന്നു. 4.30-ന് വീണ്ടും വിളിച്ചു, വന്നു സംസാരിച്ചു. പോകുന്നതിനുമുമ്പായി തീർച്ചയായും വരാം, ദിവസം ഇപ്പോൾ പറയാൻ നിവർത്തിയില്ല എന്ന് പറഞ്ഞു.

**5.** ട്രെയിനിംഗ് സ്കൂൾ HM പറഞ്ഞതനുസരിച്ചു ജോണച്ചനെ ഫോണിൽ വിളിച്ചു കാര്യം പറഞ്ഞു. ആവശ്യമുള്ള ട്രെയിനിംഗ് അപേക്ഷകരെ ഞാൻ തന്നെ അപേക്ഷവാങ്ങി ഇന്റർവ്യൂ ചെയ്തു എടുത്ത് നാളെത്തന്നെ റിപ്പോർട്ടു അയച്ചുകൊടുക്കണമെന്ന് പറഞ്ഞു. തൊമ്മി അതിനായി വരുമെന്നു പറഞ്ഞു. HM കൂടെ ഉണ്ടായിരുന്നു. ഞാൻ 2 പേരെ നിർദ്ദേശിച്ചു.

**10.** അരമനയിൽ ചൊല്ലി. ജോൺ മാത്യു അച്ചൻ വീട്ടിൽ ചെന്നിരുന്നു എന്നും ഇങ്ങോട്ടുപോന്നു എന്നും വീട്ടിൽ നിന്നും വിളിച്ചുപറഞ്ഞു. അച്ചൻ 6 മണിക്ക് എത്തി. ഞങ്ങൾ ഊണുകഴിഞ്ഞ് മണിയുടെ കാര്യം ആലോചിച്ചു. അപേക്ഷ ഉടനെ അയക്കാൻ തയ്യാറാക്കി. അനന്തരം അച്ചന്മാർക്ക് ഒരു ഫണ്ടു ഉണ്ടാക്കുന്നതിനു ആലോചിച്ചു.

**11.** അരമനയിൽ ചൊല്ലി. രാവിലെ പോന്നു. 1.30-ന് എത്തി വിശ്രമിച്ചു. മാവേലിൽ അച്ചൻ വന്ന് കുമ്പളാംപൊയ്ക കാര്യം പറഞ്ഞു. അച്ചൻ അരമനയിൽപോയി ശരിപ്പെടുത്തണമെന്ന് പറഞ്ഞു.

**12.** ജോൺമാത്യു അച്ചൻ പറഞ്ഞതനുസരിച്ചു മണിക്ക് യുഎസ്എ-യിൽ അഡ്മിഷനുവേണ്ടി അപേക്ഷ പെൻസിൽവേനിയായിലെ പിറ്റ്സ് ബർഗിലേക്കു Dr. Fitzgerald, Director, School of Business Administration എന്ന വിലാസത്തിലയച്ചു.

**13.** ഇന്ന് പള്ളിയിൽ അച്ചന്മാരുടെ ധ്യാനം ഉണ്ടായിരുന്നു. ധ്യാനം കഴിഞ്ഞ് ഞങ്ങൾ ഏതാനും പേർ, ജോൺമാത്യു അച്ചൻ തരാമെന്നു പറഞ്ഞ പണത്തെപ്പറ്റി ആലോചിച്ചു. ശനിയാഴ്ചകൂടി ആലോചിക്കാമെന്ന് നിശ്ചയിച്ചു. കുരുവിള അച്ചന്റെ ജൂബിലി മുൻ



www.malankaralibrary.com

തീരുമാനത്തിന് വിപരീതമായി നടത്തുന്നതിൽ അച്ചന്മാരുടെ അഹിത മനസ്ഥിതി വ്യക്തമാക്കി.

**14.** ഉച്ചകഴിഞ്ഞു അഞ്ചലിലേക്ക് തിരിച്ചു 3 മണിക്ക് കോളേജിലെത്തി. ഫിലിപ്പച്ചൻ ചടയമംഗലത്ത് പോയിരിക്കയായിരുന്നു. അച്ചൻ വൈകിട്ടുവന്നു. ഫെഡറൽ ബാങ്കിലെ കാര്യങ്ങൾ ആലോചിച്ചു മാനേജിംഗ് ഡയറക്ടർ ഉറുമ്മീസിന് കത്തെഴുതി.

**15.** രാവിലെ ഉമ്മച്ചനും ഞാനുംകൂടി ചണ്ണപ്പേട്ടയിലെത്തി. ഡേവിടച്ച നോടുകൂടി മൂന്നിന്മേൽ കുർബാന ചൊല്ലി. അതുകഴിഞ്ഞ് വീട്ടി ലെത്തി ധൂപപ്രാർത്ഥന നടത്തി. കാപ്പികുടിച്ചു, അവിടെ വിശ്രമിച്ചിട്ടു ഊണും കഴിഞ്ഞ് പോന്നു. 6 മണിക്ക് വീട്ടിലെത്തി.

**17.** പള്ളിയിൽ 10 മണിക്ക് എത്തിയപ്പോൾ ഏബ്രഹാം അച്ചൻ കൂടാതെ മാവേലിൽ, പണിക്കർ, ജോർജ് ജോൺ എന്നീ അച്ചന്മാരുമുണ്ടായി രുന്നു. ചണ്ണപ്പേട്ട പള്ളിക്കടുത്തുള്ളതോട്ടം നോക്കാനായി വ്യാഴാഴ്ച 8 മണിക്ക് ഏവരും കൂടി പോകണമെന്ന് നിശ്ചയിച്ചു. കുറെകഴിഞ്ഞ് എല്ലാവരും പിരിഞ്ഞുപോയി. കുഴിയംമണ്ണിൽ നിന്നും ഏലിയാമ്മ വന്ന് കുഞ്ഞുമോൾ കെമിസ്റ്ററിക്ക് ജയിച്ചു. മാർഈവാനിയോസ് കോളേജിൽ എം.എസ്സിക്ക് അഡ്മിഷൻ വാങ്ങികൊടുക്കണമെന്ന് പറഞ്ഞു.

**21.** തിരുവനന്തപുരത്തു നിന്ന് പോന്നു 9 മണിക്കെത്തി. 4 മണിക്ക് പള്ളിയിൽ പോയിചൊല്ലി. വാഹകൂട്ടത്തിലെ ഒരു കൊച്ചിന്റെ മാമോദീസാ അച്ചൻ നടത്തിയില്ലെന്ന് ജോർജ് പറഞ്ഞു. അവനെ വളരെ വഴക്കു പറഞ്ഞെന്നും.

**25.** തിരുവനന്തപുരത്തിന് തിരിച്ചു 12 മണിക്ക് അരമനയിലെത്തി. 4 മണിക്ക് കുരുവിള അച്ചന്റെ ജൂബിലി സംബന്ധിച്ചുള്ള അനുമോദന മീറ്റിംഗ് നടന്നു. ഞാൻ ഒരു ചെറുപ്രസംഗത്തോടു കൂടി മംഗളപത്രം വായിച്ചുകൊടുത്തു. രാത്രി 10 മണിക്ക് ചടങ്ങുകൾ തീർന്നു. ഊണു കഴിഞ്ഞ് തങ്കച്ചന്റെ വീട്ടിലെത്തി ഉറങ്ങി.

**28.** മുരുപ്പേൽ പീടികയിലെ മേരിക്കുട്ടിയുടെ വിവാഹം നടത്തികൊടു ക്കണമെന്ന് ഏബ്രഹാം അച്ചൻ പറഞ്ഞു. അച്ചൻ ആമ്പശ്ശേരിലച്ചന്റെ മകളെ ബി.എഡിന്ചേർക്കാൻ തിരുവനന്തപുരത്തിന് പോകണമെന്ന് പറഞ്ഞു.

**29.** പള്ളിയിൽ പോയി മേരിക്കുട്ടിയുടെ വിവാഹം നടത്തി. വീട്ടിൽ പോയി ഭക്ഷണം കഴിഞ്ഞു. വരന്റെ പാർട്ടിയുടെ കൂടെ മാപ്പിളസാർ



www.malankaralibrary.com

വന്നിരുന്നു. കുറെകാര്യങ്ങൾ പറഞ്ഞു. ജോയിക്കുട്ടി ഇന്നലെ വൈകിട്ട് ആനന്ദവല്ലിയേയും കൊണ്ട് കോഴിക്കോടിന് പോയി എന്നു പറഞ്ഞു.

**30.** രാവിലെ മാപ്പിളസാർ വിളിച്ചുപറഞ്ഞു, സാറിന്റെ അമ്മായിഅമ്മ മരിച്ചു നാളെ 10 മണിക്ക് അടക്കം എന്ന്. ഞാൻ വൈകിട്ടു 6 മണിക്കെത്തും ഒന്നിച്ചു പോകാമെന്ന് ഞാൻ പറഞ്ഞു. 5 മണി കഴിഞ്ഞു ചങ്ങനാശ്ശേരി വീട്ടിലെത്തി. സന്ധ്യക്ക് ഭക്ഷണം കഴിഞ്ഞു ഞങ്ങൾ ബോട്ടുജട്ടിയിൽ കാറിലെത്തി, ബോട്ടിൽ തിരിച്ചു 10 മണിക്ക് പുളിങ്കുന്ന് എത്തി. ഞാൻ ഒരു തെശുമിശിത്താ എത്തിച്ചു. 12 മണിക്ക് ഉറങ്ങാൻ കിടന്നു.

**31.** രാവിലെ എഴുന്നേറ്റു റെഡിയായി ബോട്ടിൽ പുളിങ്കുന്നു പള്ളിയിലെത്തി കുർബാന ചൊല്ലി. മടങ്ങിവന്ന് കാപ്പികഴിഞ്ഞു. 10 മണിക്ക് ഏവരും കൂടി മൃതശരീരം ബോട്ടിൽ പള്ളിയിൽ കൊണ്ടുപോയി. അടക്കം കഴിഞ്ഞ ഉടനെ മടങ്ങിവീട്ടിലെത്തി ഉച്ചഭക്ഷണം കഴിഞ്ഞു ബോട്ടിൽ ബസ്സ് സ്റ്റാന്റിൽ എത്തി അവിടെ നിന്നും ബസിൽ ചങ്ങനാശ്ശേരിയിലെത്തിപോന്നു.

**സെപ്റ്റംബർ 1.** ഫാ. ജോൺ കോന്നിയൂർ വന്നു. ഊണ് കഴിഞ്ഞ് ഞങ്ങൾ അച്ചന്റെ പുനരൈക്യം സംബന്ധിച്ചു തിരുമേനിയെ കാണാൻ തിരുവനന്തപുരത്തിന് തിരിച്ചു. 5 മണിക്ക് അരമനയിലെത്തി. തിരുമേനി രാത്രി 9 മണികഴിഞ്ഞു വന്നുചേർന്നു. ഞങ്ങൾ കണ്ടു കൈമുത്തി. നാളെ കാണാമെന്ന് പറഞ്ഞു.

**2.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി അച്ചന്റെ കാര്യം സംസാരിച്ചു. ചിലഎതിരുകൾ വന്നു, മോശമായ ചിലവാർത്തകൾ കിട്ടിയതു തിരുമേനി പറഞ്ഞു. അത് എതൃകക്ഷികൾ പറഞ്ഞുണ്ടാക്കുന്നതാണെന്ന് ഞാൻ പറഞ്ഞു. അച്ചന് അനുകൂലമായി ഞാൻ നിർബന്ധിച്ചു പറഞ്ഞു. 11 മണിയോടുകൂടി ചാപ്പലിൽ തിരുമേനി, റമ്പാച്ചൻ, മോൺ. കുരുവിള, ഞാൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തിരുമേനി അച്ചനെ ചേർത്തു. 1.30–നുള്ള ബസിൽ ഞങ്ങൾ പോന്നു. വകയാറ്റുകയറി കുര്യച്ചനെ കണ്ടു പരിചയപ്പെടുത്തി. അച്ചന്റെ വീട്ടിൽ ഞാൻ കൂടി കയറിയിട്ടു മടങ്ങിപോന്നു.

**4.** റമ്പാച്ചനെ പോയികണ്ടു പലകാര്യങ്ങളും സംസാരിച്ചു. കുര്യച്ചൻ വന്നു ചിലകാര്യങ്ങൾ പറഞ്ഞു. നാളെ വകയാറ്റുകുർബാന ചൊല്ലണമെന്ന് പറഞ്ഞു. ഞാൻ സമ്മതിച്ചു. ഊണ് കഴിഞ്ഞു അച്ചൻപോയി.



www.malankaralibrary.com

**5.** രാവിലെ വകയാറ്റുപോയി. കുറെ കുമ്പസാരം നടത്തി, കുര്‍ബാന ചൊല്ലി. കാപ്പികഴിഞ്ഞു മടങ്ങിപോന്നു. 12 മണിക്ക് അയിരൂര്‍ക്ക്പോയി 2 ന് എത്തി. ഊണ്‍കഴിഞ്ഞു. 3.30–ന് പള്ളിയിലെത്തി കല്ല്യാണം നടന്നു. 4.30–ന് തീര്‍ന്നു, കാപ്പികഴിഞ്ഞ്, കോന്നിക്കാരന്‍ ചാക്കോച്ചന്റെ കാറില്‍ ഞങ്ങള്‍ കുമ്പഴ എത്തി, പോന്നു.

**6.** ഉച്ചകഴിഞ്ഞു കെ.എം. റോഡും കലുങ്കുപണിയും കാണാന്‍പോയി. അതുകഴിഞ്ഞു ചിറത്തലയ്ക്കല്‍ അബ്രഹാമിന്റെ വീട്ടില്‍ കയറി. അയാള്‍ അവിടെ ഇല്ലായിരുന്നു. അയാള്‍ 66–ാം വയസ്സില്‍ ഭാര്യയെ ഉപേക്ഷിച്ചു ചാമക്കാലയിലെ ഒരു കണ്ണുപോയ പൊടിയമ്മയെ വിവാഹം ചെയ്യാന്‍ പോകുന്നതായി അറിഞ്ഞു. അടുത്ത വീട്ടുകാരും ആ വിവരം പറഞ്ഞു.

**7.** കോഴിമല അച്ചായനു വേണ്ടി മൂന്നിന്മേല്‍ കുര്‍ബാന ഏബ്രഹാം അച്ചനോടും കിഴക്കേതിലെ ജോയി അച്ചനോടും കൂടിചൊല്ലി. കബറിങ്കല്‍ ധൂപപ്രാര്‍ത്ഥന കഴിഞ്ഞ് ഞങ്ങള്‍ വീട്ടില്‍ പോയി ധൂപ പ്രാര്‍ത്ഥനയും നടത്തി. കാപ്പി കഴിഞ്ഞ് മടങ്ങിപോന്നു. അപ്പോള്‍ തിരുമേനി ഫോണില്‍ വിളിച്ചു കുമ്പളാംപൊയ്ക ചാപ്പല്‍ കൂദാശയ്ക്ക് തടസ്സം ഉണ്ടെന്നും അവരുടെ അപേക്ഷ കിട്ടിയിട്ടുണ്ടെന്നും പറഞ്ഞു. ഞാന്‍ അച്ചന്മാരെയും അവിടുത്തെ ചുമതലക്കാരെയും വിളിച്ചു വരുത്തി വിവരങ്ങള്‍ അറിഞ്ഞു. വസ്തുവിന്റെ ഉടമസ്ഥനെകൊണ്ട് 2 രൂപ പത്രത്തില്‍ അയാള്‍ക്ക് ചാപ്പലില്‍ കര്‍മ്മങ്ങള്‍ നടത്തുന്നതിന് എതിരില്ലെന്ന് സമ്മതിപ്പിച്ചു എഴുതിവാങ്ങിച്ചു. തിരുമേനിയെ ഫോണില്‍ വിളിച്ചു വിവരങ്ങള്‍ പറഞ്ഞു. യാതൊരു കുഴപ്പവും ഇല്ലെന്നും നാളെ പ്രോഗ്രാം അനുസരിച്ചു തിരുമേനി വരണമെന്നും പറഞ്ഞു. ഇതെല്ലാം കഴിഞ്ഞുവന്നവര്‍ മടങ്ങിപോയി.

**8.** ഉച്ചകഴിഞ്ഞ് 3 മണിയോട് ഏബ്രഹാം അച്ചനും ജോണച്ചനും വന്നു. നല്ലമഴയായിരുന്നു. ഒരുമിച്ചു കുമ്പളാംപൊയ്ക ചാപ്പല്‍ കൂദാശയ്ക്ക് പോയി. തിരുമേനി 5 മണിക്ക് വന്നു. കൂദാശയും കാപ്പികുടിയും കഴിഞ്ഞു തിരുമേനിയുടെ കാറില്‍ പോന്നു. വീട്ടില്‍ ഇറങ്ങി. തിരുമേനി മൈലപ്രാ പള്ളിയില്‍ താമസിച്ചു.

**9.** നല്ല സുഖമില്ല. പനിയും മറ്റുമായി വിശ്രമിച്ചു. പലരും വന്ന് ഓരോ കാര്യങ്ങള്‍ പറഞ്ഞു. എങ്ങുംപോയില്ല.

**10.** രാവിലെ കുമ്പഴ അച്ചന്‍, ബേബി, അനുജന്‍ പത്രോസ് മുതലായവര്‍ കൊച്ചുവിളയില്‍ പെണ്ണമ്മയുടെ കാര്യം സംബന്ധിച്ചു വന്നു.



www.malankaralibrary.com

അവളെ എന്നും കഠിനമായി തല്ലുകയും ഉപദ്രവിക്കുകയും ചെയ്യുന്നതിനാലും, നിന്റെ തള്ളയെ കൊന്നിട്ടുവാ അല്ലെങ്കിൽ വീതംവാങ്ങി കൊണ്ടുവാ എന്ന് പറഞ്ഞു ഉപദ്രവിച്ചതിനാലും ഇനിയും ഭർത്താവിന്റെ കൂടെ നിൽക്കുന്നില്ല എന്നു പറഞ്ഞു അവൾ കൊച്ചുവിളയിൽ വന്നു നിൽക്കുകയാണ്. അവളെ കൊണ്ടുപോകാൻ വന്നിട്ടു അതിനാഗ്രഹമില്ലെന്ന് പറഞ്ഞ് പോയില്ലെന്നാണ് എന്റെ അറിവ്. അവളോടു ചോദിച്ചിട്ടു വിവരം അറിയിക്കാമെന്ന് ഞാൻ പറഞ്ഞു. അവർ പോയി.

**11.** ഉച്ചകഴിഞ്ഞു കൊച്ചുവിളയിലെ പെണ്ണമ്മയെ വരുത്തി, അവളുടെ അഭിപ്രായം ആരാഞ്ഞു. ഇനിയും ഭാര്യ-ഭതൃജീവിതം ആഗ്രഹിക്കുന്നില്ലെന്നും എന്നെ തല്ലികൊല്ലാൻ ശ്രമിക്കയാണെന്നും അവൾ പറഞ്ഞു. എന്നെ കൊന്നിട്ടു അവിടെ അടുത്തുള്ള ഒരു പണ്ഡാരത്തി, തയ്യൽ ജോലിയുള്ളവളെ കൂടെ നിറുത്തുവാൻ ആണ് ഒരുങ്ങുന്നത്. അതിനാണ് കൊല്ലാൻ ശ്രമിക്കുന്നത് എന്നു പറഞ്ഞു. എപ്പോഴെങ്കിലും നിന്നെ ഞാൻ കൊല്ലും എന്ന് അടിക്കുമ്പോൾ പറയും. അതുകൊണ്ടു എനിക്ക് ഇനിയും ആ ആളുമായി ജീവിക്കാൻ താൽപര്യമില്ല എന്നവൾ പറഞ്ഞു. ഈ വിവരത്തിന് ഞാൻ അധികാരികൾക്ക് എഴുതിയിട്ടുണ്ടെന്നും പറഞ്ഞു.

**14.** ഫാ. ജോൺ കോന്നിയൂർ വന്ന് കുറെ സമയം സംസാരിച്ചു. പിന്നീടു ഞാൻ മാക്കാംകുന്നിൽ കൊളോത്തുമണ്ണിൽ പോയി കുഞ്ഞുമോളുടെ കല്ല്യാണ നിശ്ചയത്തിൽ സംബന്ധിച്ചു. റമ്പാച്ചനും ഉണ്ടായിരുന്നു. ഞങ്ങൾ 3 മണിക്ക് മടങ്ങിപോന്നു.

**15.** ഉച്ചകഴിഞ്ഞു ഏബ്രഹാം അച്ചനും ജോസ് മാവേലിൽ അച്ചനും കൂടി വന്നു. പുതുശ്ശേരിമല പള്ളിയിൽവച്ചുണ്ടായ വഴക്കിനെപ്പറ്റി പറഞ്ഞു. 4 മണികഴിഞ്ഞ് അവർ പോയി.

**18.** രാവിലെ ഓമല്ലൂരിൽ നിന്നും രാജശേഖരൻ നായർ വന്ന് രാജനെ കണ്ടു അയാളുടെ ജോലികാര്യം പറയണമെന്ന് പറഞ്ഞു. അവരെ സഹായിക്കേണ്ടതു അത്യാവശ്യമാണെന്ന് തോന്നി അതുകൊണ്ടു ഞാൻ പോകാമെന്ന് പറഞ്ഞു. അയാൾ മേൽവിലാസം കുറിച്ചു തന്നിട്ട് പോയി. ഉച്ചകഴിഞ്ഞ് ഞാൻ തിരുവനന്തപുരത്തിന് പോയി 5 മണി കഴിഞ്ഞ് അരമനയിൽ എത്തി. രാത്രി രാജനെ വിളിച്ചു, 8 മണിക്ക് വന്നു. വിവരം പറഞ്ഞു വേണ്ടതു നിവൃത്തിപോലെ ചെയ്യാമെന്നു പറഞ്ഞു.



www.malankaralibrary.com

20. രാവിലെ പുത്തൂരിൽ നടക്കുന്ന പുനരൈക്യസമ്മേളനത്തിൽ സംബന്ധിക്കാൻ പോയി. തിരുമേനി 10 മണിക്ക് കുർബാന ചൊല്ലി. ഭക്ഷണമെല്ലാം കഴിഞ്ഞ് 2 മണിക്കുശേഷം പൊതുസമ്മേളനം നടന്നു. ജോൺ കോന്നിയൂർ അച്ചന് കുർബാന ചൊല്ലാൻ അനുവാദം തിരുമേനി തന്നു. മാപ്പിളസാറിന് തിരുമേനിയെ കാണാൻ സൗകര്യപ്പെടുത്തികൊടുത്തു. മടങ്ങിപോന്നു.

22. വടശ്ശേരി അച്ചൻ ഒരു ഹൈമീനിയാ തന്നു. ആശുപത്രിയിൽപോയി ഇൻജക്ഷൻ എടുത്തിട്ടു വകയാറ്റുപോയി. കോന്നിയൂരച്ചൻ കുർബാന ചൊല്ലിത്തുടങ്ങി. ഞാൻ പോയി നിന്ന് വേണ്ട സഹായം ചെയ്തു കൊടുത്തു. ഉച്ച ഊണു കഴിഞ്ഞു 4 മണിക്ക് പൊതുയോഗം കൂടി. ഫിലിപ്പച്ചൻ അദ്ധ്യക്ഷത വഹിച്ചു പ്രസംഗിച്ചശേഷം ഒടുവിൽ ഞാൻ പ്രസംഗിച്ചു. 6 മണിക്ക് മീറ്റിംഗ് തീർന്നു. കാപ്പി കഴിഞ്ഞ് മടങ്ങിപോന്നു. 8 മണിക്കെത്തി.

24. വകയാറ്റു ജോണച്ചന്റെ വീട്ടിലെത്തി. അച്ചൻ ഇല്ലായിരുന്നു എന്നും കുർബാന ചൊല്ലാൻ പള്ളിയിൽ എത്തണമെന്നും മറ്റും പറഞ്ഞേൽപ്പിച്ചിട്ടു പോന്നു.

25. അസുഖം മാറുന്നില്ല. പെൻസിലിൻ ഇൻജഗ്ഷനും മറ്റും എടുത്തു വിശ്രമിച്ചു.

27. മലയാലപ്പുഴയിൽ പോയി ബി.ഡി.സി. മീറ്റിംഗിൽ സംബന്ധിച്ചു. പലകാര്യങ്ങളും ആലോചിച്ചു. 5 മണിക്ക് മടങ്ങിപോന്നു.

30. ഏബ്രഹാം അച്ചനും ഞാനും കൂടി മണ്ണാരകുളഞ്ഞി പള്ളി ബംഗ്ലാവിൽ 10 മണിക്കെത്തി. കുമ്പളാംപൊയ്ക സ്ഥലം എഴുതിക്കുന്ന കാര്യം കുഞ്ഞുകുട്ടിയുമായി പറഞ്ഞ് ഏർപ്പാടു ചെയ്തു. വ്യാഴാഴ്ച എഴുതാമെന്ന് നിശ്ചയിച്ചു ഞങ്ങൾ പോന്നു.

**ഒക്ടോബർ 8.** ഇന്ന് സംഘത്തിനുവേണ്ടി വന്ന പാട്ടതുക എല്ലാം സെക്രട്ടറി തോമസിനെ ഏൽപ്പിച്ചു. പത്തനംതിട്ടപോയി റബ്ബർ ബോർഡ് ഓഫീസിലെത്തി സബ്സിഡിയുടെ കാര്യം അന്വേഷിച്ചു. ഡിസ്ട്രിക്ട് സഹകരണ ബാങ്കിൽ കയറി കടം സംബന്ധിച്ച റിക്കാർഡുകൾ ശരിപ്പെടുത്തി. ഊണ് കഴിഞ്ഞ് മടങ്ങിപോന്നു.

10. അരമനയിൽ ചൊല്ലി. തിരുമേനി വരാത്തതിനാൽ മൂക്കൻപാല തോട്ടത്തിൽ വേറെ അച്ചന്മാരുടെ കൂടെ പോയി കണ്ടു. മടങ്ങി വന്ന വഴി തെക്കുള്ള പല ഇടവകകളും സന്ദർശിച്ചു.

11. അരമനയിൽ ചൊല്ലി. 10.30-ന് 16 അച്ചന്മാരെ വിളിച്ചുവരുത്തി





www.malankaralibrary.com

അരമനയിൽ കൂടി ഏകറീത്തിനെപ്പറ്റി ആലോചിച്ചു. അച്ചന്മാരുടെ ഒരു പൊതുസമ്മേളനം 9-11-68-ൽ കൂടാൻ നിശ്ചയിച്ചു. ഞാനുൾപ്പെടെയുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. 3 മണിക്ക് തിരുമേനി വന്നു. ജോൺമാത്യു അച്ചന്റെ കാര്യം പറഞ്ഞു. ചിലകാര്യങ്ങൾ അച്ചൻ എതിർക്കുന്നുവെന്ന് തിരുമേനി പറഞ്ഞു. അച്ചനെ വരുത്താൻ ശ്രമിക്കണമെന്നു എന്നോടു പറഞ്ഞു. അലവൻസ് വാങ്ങി 5 മണിക്കു പോന്നു. 9.30-ന് വീട്ടിലെത്തി.

**12.** നല്ല ക്ഷീണമുണ്ടായിരുന്നു. വിശ്രമിച്ചു. 3 മണിക്ക് അതിരങ്കൽ പള്ളിയിലെത്തി. അവിടെ പള്ളി ബംഗ്ളാവ് തിരുമേനി വന്ന് കൂദാശ ചെയ്തു. അത്കഴിഞ്ഞ് ജോൺകോന്നിയൂർ അച്ചനെ അനുമോദിച്ചു തിരുമേനിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി. പലരും പ്രസംഗിച്ചു. 8 മണിക്ക് ഹോട്ടൽ ഉടമ ശ്രീ. കോശിയുടെ മകൻ ഫിലിപ്പിന്റെ വീട്ടിൽ പോയി തിരുമേനിയും ഞങ്ങളും ഊണുകഴിച്ചു. ഞാൻ അവിടെ കിടന്നു.

**13.** അതിരങ്കൽ പള്ളിയിൽ തിരുമേനിയുടെ കുർബാനയിൽ ഞാൻ സഹായിച്ചു. 25 പേരെ സഭാംഗമാക്കി. ഉച്ചയ്ക്ക് ഊണുകഴിഞ്ഞ് വിശ്രമിച്ചു. ഞാനും കോന്നിയൂർ അച്ചനും മടങ്ങി പോന്നു. ഞങ്ങൾ കുമ്പഴ ഇറങ്ങി പൊന്നച്ചനെകണ്ടു. ജോണച്ചന്റെ ചിട്ടി പിടിച്ചതിനെപ്പറ്റി പറഞ്ഞു. അടുത്തു വിവരം അറിയിക്കാമെന്ന് പറഞ്ഞു. അച്ചൻപോയി. ഞാൻ 4 ന് വീട്ടിലെത്തി.

**16.** രാവിലെ കോന്നിയൂർ അച്ചനും കാതോലിക്കേറ്റുകോളേജിലെ മലയാളം ലക്ചറർ ചാക്കോയും കൂടി വന്നു. കത്തോലിക്കനാകാമെന്നും കോളേജിൽ എവിടെയെങ്കിലും പ്രൊഫസറാക്കണമെന്നും കുടുംബസഹിതം ഉടനെ ചേരാമെന്നും പറഞ്ഞു. തിരുമേനിയുമായി ആലോചിക്കട്ടെയെന്ന് പറഞ്ഞുവിട്ടു. 3 മണിക്ക് പുത്തൻപീടിക പള്ളിയിൽ പോയി 2 ശെമ്മാശ്ശന്മാരുടെ കശീശാപട്ടംകൊടയിൽ സംബന്ധിച്ചു. മൈലപ്രാ ഇടവകക്കാരിൽ ചിലർ ഏബ്രഹാം അച്ചനെപ്പറ്റി ചില ഗൗരവമായ ആരോപണങ്ങൾ പറഞ്ഞു എഴുതിതന്നു തിരുമേനിക്ക് കൊടുക്കാൻ, ചടങ്ങു എല്ലാം കഴിഞ്ഞപ്പോൾ അത്കൊടുത്ത് എന്റെ അഭിപ്രായം പറഞ്ഞു. രാത്രി 9.30-ന് സ്കറിയായുടെ കാറിൽ വീട്ടിലെത്തി.

**18.** പുത്തൻ പീടികയിൽ പോയി. തിരുമേനി പെരുനാട് യാത്രയ്ക്ക് തിരിച്ചു. ഞാനും കൂടെകയറി. വാഴമുട്ടം പള്ളിപണി കണ്ടശേഷം വടശ്ശേരിക്കര



www.malankaralibrary.com

എത്തി പള്ളിപണികണ്ടു. പെരുനാട് മഠത്തിൽ എത്തി വിശ്രമിച്ചു. അവിടെ മഠം പണിയുന്ന സ്ഥലം കണ്ടു ആലോചനനടത്തി. സ്കൂളിൽ കയറിയിട്ടു 12.30-ന് മടങ്ങിപോന്നു. ഏബ്രഹാം അച്ചനും ചുട്ടിപ്പാറ അച്ചനും (ഫാ.ജോഷ്വാ) ഉണ്ടായിരുന്നു.

**20.** കാരിച്ചാൽ പള്ളിയിൽ വച്ചു പട്ടംകൊടുക്കുന്നതിൽ സംബന്ധിക്കാൻ തിരിച്ചു പന്തളത്ത് എത്തി. നേരത്തേ പറഞ്ഞിരുന്നതുപോലെ മാർ ഈവാനിയോസ് കോളേജ് ബസ് വരുമെന്ന് വിചാരിച്ചു കാത്തു നിന്നു. ബസ് വന്നില്ല. 4 മണിവരെ നിന്നപ്പോൾ കാലിൽ നീരുവന്ന് വേദനയും കൂടി. അതുകൊണ്ടു മടങ്ങി പത്തനംതിട്ട ആശുപത്രിയിൽ പോയി ഇൻജക്ഷനും മറ്റും എടുത്തു. നല്ലതുപോലെ വിശ്രമിക്കണമെന്നും പത്ഥ്യം നോക്കണമെന്നും ഇൻജക്ഷൻ ചെന്ന് എടുക്കണമെന്നും പറഞ്ഞു.

**23.** ആശുപത്രിയിൽപോയി ഇൻജക്ഷൻ എടുത്തിട്ടു മടങ്ങിവന്നവഴി മണ്ണാരകുളഞ്ഞിയിൽ പോയി മരിച്ചുപോയ ഈട്ടിമൂട്ടിൽ അന്നാമ്മ ടീച്ചറുടെ ഭർത്താവിനെ കണ്ടു അനുശോചനം പറഞ്ഞു. കുറച്ചു സമയം സംസാരിച്ചിട്ടു മടങ്ങിപോന്നു.

**24.** മാക്കാംകുന്നേൽ പോയി കൊച്ചച്ചനെകണ്ടു സംസാരിച്ചിട്ടു വന്ന് നന്നുക്കാട്ടു പള്ളിയിൽ കയറി. അച്ചനും സ്കറിയായും 3 മണിക്ക് കാറിൽ അരമനയ്ക്കുപോകുന്നു ഞാനുംകൂടിചെല്ലണമെന്ന് പറഞ്ഞു. വീട്ടിലെത്തി വിശ്രമിച്ചിട്ടു 3 മണിയോടുകൂടി പത്തനംതിട്ട എത്തി. കാറിൽ പണിക്കരച്ചൻ, ഞാൻ, സ്കറിയാ മകൾ ഇത്രയുംപേർ അരമനയ്ക്കുപോയി. 8 മണിയോടുഎത്തി. തിരുമേനിയുമായി സംസാരിച്ചു.

**25.** അരമനയിൽ ചൊല്ലി. തിരുമേനി ബംഗ്ലൂർക്ക്പോയി. സ്കറിയായുടെ കുഞ്ഞുമോന്റെ പാസ്പോർട്ട് സംബന്ധിച്ചു ജയ്ഹിന്ത് ഏജൻസിയിലെത്തി വേണ്ടത് ആലോചിച്ചു ചെയ്തു. അരമനയിലെത്തി പല കാര്യങ്ങളും ആലോചിച്ചു നിശ്ചയിച്ചു. അച്ചന്മാരുടെ മീറ്റിംഗ് സംബന്ധിച്ചു നോട്ടീസ് ഞാനെഴുതി ഞായല്ലൂരച്ചനെ ഏൽപ്പിച്ചു. 3.30 കഴിഞ്ഞ് മടങ്ങി അഞ്ചലിൽ കയറി അച്ചനെ കണ്ടിട്ടു മടങ്ങി. 7.30-ന് വീട്ടിലെത്തി.

**28.** രാവിലെ ജോണച്ചനും വടശ്ശേരി അച്ചനും തണ്ണിതോട്ടിൽ പോകാൻ വന്നു. ഞാനുംകൂടി ജീപ്പിൽ പോയി. അവിടെ ഉണ്ടായ തർക്കവും അച്ചനെപ്പറ്റിയുണ്ടായിരുന്ന പരാതിയെല്ലാം പറഞ്ഞു രമ്യപ്പെടുത്തി. 3 മണിക്ക് മടങ്ങിപോന്നു.



www.malankaralibrary.com

**30.** കുമ്പഴപോയി നെടുമ്പുറത്ത് കെട്ടിടം കൂദാശചെയ്തു. കാപ്പി കഴിഞ്ഞ് വന്നു. മാവേലിൽ അച്ചൻ വന്ന് പലകാര്യങ്ങളെക്കുറിച്ചു സംസാരിച്ചു. മാവേലിലച്ചൻ മൈലപ്രാവന്ന് നടത്തുകയും ഏബ്രഹാം അച്ചൻ പകരംപോയി അവിടെ നടത്തുകയും ചെയ്യാം. അപ്പോൾ കുറെ സാവകാശമായി സംഗതികൾ നടക്കുമല്ലോ എന്ന് പറഞ്ഞ് പോയി.

**നവംബർ 2.** അടൂരിൽ പോയി കീവർച്ചായനെ കണ്ടു പലകാര്യങ്ങളും ആലോചിച്ചു. പിന്നീട് മുഖത്തലക്കുപോയി 8.30 ന് പള്ളിയിലെത്തി. രാത്രിയിൽ നാടകവും കഥാകാലക്ഷേപവും ഉണ്ടായിരുന്നു. നല്ല ഗ്രൂപ്പിന് ഞാൻ മാർക്ക് ഇട്ടു തെരഞ്ഞെടുത്ത് സമ്മാനം കൊടുത്തു.

**3.** രാവിലെ 8 മണിക്ക് ഞങ്ങൾ 5 അച്ചന്മാർ സമൂഹബലിചൊല്ലി. അവിടെനിന്നും കടമ്പനാട്ടിന് പോയി മാവിളയിൽ മാമ്മച്ചന്റെ വീട്ടിൽ എത്തി മകൾ മോളിയുടെ കല്ല്യാണം സംബന്ധിച്ചു മംഗളം നേർന്ന് പ്രാർത്ഥിച്ചിട്ടു പോന്നു. പിന്നീട് മാത്യുച്ചായനോടുകൂടി റ്റി.ജി. തോമസ് മുണ്ടപ്പള്ളിയുടെ വീട്ടിലെത്തി കല്ല്യാണത്തിൽ സംബന്ധിച്ചു. അവിടിരുന്ന് പലതും ആലോചിച്ചു അവിടെ കിടന്നു.

**4.** രാവിലെ കടമ്പനാട്ടു പള്ളിയിൽപോയി കുർബാന ചൊല്ലി. കാപ്പി കഴിഞ്ഞു മടങ്ങി. അടൂർ പള്ളിയിൽ എത്തി ഡൊമനിക്ക് അച്ചനുമായി കുറെ സമയം സംസാരിച്ചു. മടങ്ങിവീട്ടിലെത്തി. 4 മണിക്ക് തിരുവനന്തപുരത്തിന് തിരിച്ചു 8 മണിക്ക് അരമനയിലെത്തി.

**5.** അരമനയിൽ ചൊല്ലി. ജോൺമാത്യു അച്ചൻ 125 കുർബാന ചൊല്ലാൻ വേണ്ടി 1000 രൂപ കുമ്പകാട്ടച്ചനെ ഏൽപ്പിച്ചത് അച്ചൻ തന്നു. ജോൺമാത്യ അച്ചന്റെ കാര്യം തിരുമേനിയോടു സംസാരിച്ചു. ട്രെയിനിംഗ് പ്രാക്റ്റിക്കൽ കിട്ടാനുള്ളത് എടുക്കാനായിട്ടു മാർച്ചു വരെ കാലാവധികൊടുക്കണമെന്ന് ഞാൻ പറഞ്ഞു. കൊടുത്തിരിക്കുന്നു എന്നറിയിക്കാൻ എന്നോടുകല്പ്പിച്ചു.

**6.** രാവിലെ തിരിച്ചു 8.30 ന് വീട്ടിലെത്തി. പത്തനംതിട്ടപള്ളിയിൽ 4 മണിക്കെത്തി കുർബാനചൊല്ലി. കോന്നിയൂർ അച്ചന് അരമനയിൽ നിന്നും തന്ന 150 രൂപ കൊടുത്തു.

**8.** ഉച്ചകഴിഞ്ഞ് അഞ്ചൽ കോളേജിൽ പോയി. വൈകിട്ട് അച്ചനുമായി നാളത്തെ വൈദീകസമ്മേളനം സംബന്ധിച്ചു വേണ്ട ആലോചനകൾ നടത്തി. അവിടെ കിടന്നു.

**9.** കോളേജ് ചാപ്പലിൽ ചൊല്ലി. 9 മണിമുതൽ മീറ്റിംഗിന് അച്ചന്മാർ വന്നു. 10 മണി കഴിഞ്ഞു റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് തുടങ്ങി.



www.malankaralibrary.com

ഉദ്ഘാടനം മോൺ. കുരുവിള നടത്തി. പലവിഷയങ്ങൾ സംബ ന്ധിച്ചു ചർച്ചകൾ നടന്നു. റീത്തിന്റെ അഭംഗമായ നിലനിൽപ്പിനെ ആദരിച്ചും മറ്റും നിശ്ചയങ്ങൾ എടുത്തു. ഏകറീത്തുകാർ വന്നിരുന്നു, അവർ പ്രസംഗിച്ചു. 1 മണിക്ക് പ്രമേയങ്ങൾ പാസാക്കി പിരിഞ്ഞു. ഊണുകഴിഞ്ഞ് മടങ്ങി പോയി.

**12.** പണിക്കരച്ചനും മാവേലിലച്ചനും കൂടിവന്ന് പലകാര്യങ്ങളും ചർച്ച ചെയ്തു. ഒരു മണിക്കൂർ കഴിഞ്ഞ് അവർ പോയി. വൈകിട്ടു 6 മണിക്ക് ഇവിടത്തെ പോസ്റ്റ് മാസ്റ്റർ ഖാന്റെ സ്ഥലം മാറ്റം സംബ ന്ധിച്ചു മീറ്റിംഗും ടീ പാർട്ടിയും എന്റെ അദ്ധ്യക്ഷതയിൽ നടന്നു.

**13.** രാവിലെ തിരുവനന്തപുരത്തിന് പോയി. മീൻമുട്ടിക്കൽ അവറാച്ചനും ഉണ്ടായിരുന്നു. 9 മണിക്ക് അരമനയിലെത്തി തിരുമേനിയെ കണ്ടു അവറാച്ചന്റെ ഭാര്യയുടെ ദുശാഠ്യത്തെപ്പറ്റി പറഞ്ഞു. എനിക്ക് അവളെ വേണ്ട, എന്നെ അനുസരിക്കുന്നില്ല. അവൾ പോകട്ടെ, വസ്തു പകുതി കൊടുക്കാം, വേറെ വിവാഹം വേണ്ട. ചെയ്യുകയുമില്ല എന്നെല്ലാം തിരുമേനിയോടു പറഞ്ഞു. ഒരു മണിക്കൂർ സമയം സംസാരിച്ചിട്ടു അവറാച്ചൻപോയി. ഞാൻ 11 മണിക്ക് വീണ്ടും തിരുമേനിയെകണ്ടു പലതും ആലോചിച്ചു കഴിഞ്ഞു.

**14.** അരമനയിൽ ചൊല്ലി. ഡെപ്യൂട്ടി രജിസ്ട്രാർ റ്റി.കെ. കോശിയുടെ വീട്ടിലെത്തി ജോയിയുടെ ട്രാൻസ്ഫർ സംബന്ധിച്ചു സംസാരിച്ചു. ഡോ. ഏബ്രഹാം (സിൻഡിക്കേറ്റ് അംഗം) അനുകൂലമല്ല എന്നു പറഞ്ഞു. തിരുമേനിയും ഏബ്രഹാമിനോടു ഇക്കാര്യം സംസാരി ച്ചിട്ടുണ്ട്. ഗവൺമെന്റ് ഇപ്പോൾ കോഴിക്കോട്ടുകാരെ ഓപ്പടു ചെയ്യാൻ സമ്മതിച്ചിട്ടില്ല എന്നു പറഞ്ഞു. ഞാൻ അരമനയിലെത്തി. 10 മണിക്ക് പാസ്റ്ററൽ കൗൺസിൽ കൂടി. അരമന, സ്കൂൾ, കോളേജ് ഇവ സംബ ന്ധിച്ചു തീവ്രമായ പ്രസംഗങ്ങൾ നടന്നു. ഊണുകഴിഞ്ഞു 2 മണിക്ക് വീണ്ടും കൂടി. സ്വയം പര്യാപ്തതയെപ്പറ്റി പറഞ്ഞു. ബഡ്ജറ്റും എസ്റ്റി മേറ്റും ഉണ്ടാക്കണമെന്ന് തീർത്തുപറഞ്ഞു. എത്രയോമുൻപുതന്നെ ഞാൻ ഇതെല്ലാം പറഞ്ഞതാണ് എന്ന് ഞാൻ പറഞ്ഞു. ഒടുവിൽ തിരുമേനി പട്ടം ഏറ്റ ജൂബിലിയെപ്പറ്റി ആലോചിച്ചു. ഞാനുൾപ്പെടെ 15 പേരുള്ള ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. എല്ലാം കഴിഞ്ഞു 5 മണിക്ക് തിരിച്ചു രാത്രി 10 മണിക്ക് വീട്ടിലെത്തി.

**15.** പത്തനംതിട്ടപോയി പലഓഫീസുകളിലും കയറി കാര്യങ്ങൾ അന്വേഷിച്ചു. വൈകിട്ടു വടക്കേ ഇൻഡ്യയിലെ നാഗപൂർകാർ





www.malankaralibrary.com

30-ഓളം അഭയാർത്ഥികൾ വന്നു. അവർക്ക് ഇവിടെ ഭക്ഷണം തയ്യാറാക്കി കിടക്കുന്നതിന് അവസരം കൊടുത്തു.

**16.** തണ്ണിതോട്ടിൽ നിന്നും കുറച്ചുപേർ വന്ന് അവിടത്തെ അച്ചന്റെ മാറ്റം സംബന്ധിച്ചു പറഞ്ഞിട്ടു പോയി.

**17.** രാവിലെ പോയി ചൊല്ലി. വിശ്രമിച്ചു. ഇന്ന് പള്ളിയിൽ അച്ചൻ ജനങ്ങളെ ആക്ഷേപിച്ചു പലതും പറഞ്ഞതായി കേട്ടു.

**23.** അരമനയിൽ ചൊല്ലി. ഞായല്ലൂർ അച്ചനെ കണ്ടു. ഞാൻ അയച്ച ലേഖനം ഒന്നുകൂടി ശരിപ്പെടുത്തി അയക്കാൻ പറഞ്ഞുതന്നു. 2.30-ന് മോൺസിഞ്ഞോറിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. പല അച്ചന്മാരും സിസ്റ്റേഴ്സും, ബ്രദേഴ്സും അൽമായരും കൂടി പലകാര്യങ്ങൾ നിശ്ചയിച്ചു.

**27.** അരമനയിൽ ചൊല്ലി. റ്റി.കെ. കോശിയെപോയികണ്ടു. 12.30-ന് ഡോ. ഏബ്രഹാം അരമനയിൽ വന്നു തിരുമേനിയുമായി ദീർഘമായി സംസാരിച്ചു. ജോയിയുടെ കാര്യം നിവൃത്തിപോലെ ചെയ്യാമെന്ന് പറഞ്ഞു. ഒടുവിൽ തിരുമേനി, എനിക്ക് അത്യാവശ്യമാണ് ഏബ്രഹാമിനെ ഇവിടെ ആക്കിത്തരണം എന്നു പറഞ്ഞു.

**ഡിസംബർ 15.** ചങ്ങനാശ്ശേരിക്ക് പോയി മാപ്പിളസാറിന്റെ വീട്ടിൽ 12 മണിക്കെത്തി. അവിടെ ജോഷിയും ഇംഗ്ലണ്ടുകാരൻ ഒരു സായ്പ്പും കൂടി ഉണ്ടായിരുന്നു. അവർ ആർച്ചുബിഷപ്പിനെ കാണാൻപോയി. 3.30-ന് തിരിച്ചുവന്ന് ഊണുകഴിച്ചു. 4.30 ന് 5 ഭവനങ്ങൾ വെഞ്ചരിപ്പിനായി കൊവേന്ത സ്ഥലത്ത്പോയി. തിരുവനന്തപുരത്തു നിന്നും തിരുമേനി വന്ന് വെഞ്ചരിപ്പ് നടത്തി. അതുകഴിഞ്ഞ് കൂടിയ മീറ്റിംഗിൽ മന്മഥൻ പ്രസംഗിച്ചു. തിരുമേനി അദ്ധ്യക്ഷം വഹിച്ചു. അതുകഴിഞ്ഞ് കൊവേന്തയിൽ കാപ്പി കുടിച്ചു. മാപ്പിളസാറിന്റെ ക്ഷണപ്രകാരം തിരുമേനിയും ഞാനും വീട്ടിലെത്തി. കൂൾഡ്രിംഗ് കഴിച്ചിട്ടു തിരുമേനി പോയി. ഞാൻ അവിടെ കിടന്നു.

**16.** രാവിലെ ചങ്ങനാശ്ശേരിയിൽ നിന്നും തിരിച്ചു 6.30-ന് പത്തനംതിട്ട പള്ളിയിലെത്തി കുർബാനചൊല്ലി. 10.30-ന് പാസ്റ്ററൽ കൗൺസിൽ കൂടി. 24 അച്ചന്മാർ കൂടി. 1 മണിക്ക് നിർത്തി. പ്രാർത്ഥനയും ഊണും കഴിഞ്ഞ് വീണ്ടും 2 മണിക്ക് ചർച്ച തുടങ്ങി. 3 മണിവരെ തുടർന്നു. കാപ്പികഴിഞ്ഞ് പിരിഞ്ഞു.

**17.** വെളുപ്പിന് കുർബാന ചൊല്ലി. 4 മണിക്ക് തിരിച്ചു 8 മണിക്ക് അരമനയിലെത്തി. പലരുമായി സംസാരിച്ചു. 11 മണിക്ക് തിരുമേനിയുമായി ചിലകാര്യങ്ങൾ സംസാരിച്ചു. ചെങ്ങന്നൂർകാരൻ ജോൺമത്തായി



www.malankaralibrary.com

മണിക്കുവേണ്ടി 800 ഡോളറിന്റെ കാര്യം രേഖപ്പെടുത്തി ഡിക്ലറേഷൻ എഴുതി ഒപ്പിട്ടുതന്നതു തിരുമേനി അറ്റസ്റ്റു ചെയ്തു തന്നു. യാദൃശ്ചികമായി അനുഭവപ്പെട്ട ദൈവാധീനമായി അങ്ങനെ സാധിച്ചു. അവർപോയി.

**18.** അരമനയിൽ ചൊല്ലി. 10 മണിക്ക് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ വൈദീക കൗൺസിൽ കൂടി പലകാര്യങ്ങളും ആലോചിച്ചു. 1 മണിക്ക് പിരിഞ്ഞു പ്രാർത്ഥനയ്ക്കുശേഷം ഊണു കഴിച്ചു. 2.45-ന് ജൂബിലി കമ്മിറ്റി കൂടി പല തീരുമാനങ്ങളും അംഗീകരിച്ചു. ദീർഘമായ ചർച്ച നടന്നു. 5 മണിക്ക് തീർന്നു. സന്ധ്യാപ്രാർത്ഥനയും ഊണും കഴിഞ്ഞു തിരുമേനിയുമായി പത്തനംതിട്ട മലയിലെ സ്ഥലം സംബന്ധിച്ചു പൊന്നിൻ വിലയ്ക്ക് കൊടുക്കുന്നതിനെക്കുറിച്ചു സംസാരിച്ചു. നല്ല വിലകിട്ടിയാൽ കൊടുക്കാം എന്ന് പറഞ്ഞു. വേറെയും ചില കാര്യങ്ങൾ സംസാരിച്ചു. ജോൺകോന്നിയൂർ അച്ചന്റെ നിയമനം, കടം മുതലായവ സംബന്ധിച്ചും സംസാരിച്ചു.

**20.** പൂങ്കാവു യാക്കോബായക്കാർ അവിടുത്തെ കത്തോലിക്കരുമായുള്ള വഴിക്കേസ് പറഞ്ഞുതീർക്കാൻ കാറുമായി വന്നു. ഞാനും ആശ്രമത്തിലെ അച്ചനുംകൂടി 6 മണിക്ക് അവിടെ എത്തി സ്ഥലവും മറ്റും പരിശോധിച്ചു ഒരു തീരുമാനത്തിൽ എത്തിചേർന്നു. യാക്കോബായ പള്ളിയുടെ കുരിശിന്റെ ഭാഗത്ത് 15 അടി റോഡും അതിന് പടിഞ്ഞാറുവശത്ത് 12 അടി റോഡും വിട്ടു മതിൽ കെട്ടാൻ നിശ്ചയിച്ചു. കാപ്പികഴിഞ്ഞ് ആ യാക്കോബായ പള്ളിയിൽ ഏവരും കയറി. കൗമാ ഞാൻ ചൊല്ലിക്കൊടുത്തു പ്രാർത്ഥിച്ചുട്ടു പോന്നു.

**21.** ചിലഭാഗത്തുനിന്നുള്ള അപസ്വരങ്ങൾ മൂലം കുടുംബയോഗത്തിൽ നിന്നും രാജിവച്ചു പിന്മാറിയതായി പ്രസിഡന്റ് റമ്പാച്ചനെ കത്തു മൂലം അറിയിച്ചു.

**22.** 2 മണിക്ക് റമ്പാച്ചനും കെ. എ. മാമ്മനും കൂടി വീട്ടിൽ വന്നു ഞാൻ കുടുംബയോഗത്തിൽ നിന്നും പിന്മാററുതെന്ന് പറഞ്ഞു. തീർച്ചയായും കമ്മിറ്റിയിൽ വരണമെന്നും രാജി പിൻവലിക്കണമെന്നും മറ്റും മാമ്മൻ അപേക്ഷിച്ചു. ഒടുവിൽ മാമ്മച്ചൻ എന്റെ കാലിൽ പിടിച്ചു അപേക്ഷിച്ചു. പിന്നെ ആകട്ടെ. ഒരുമാസം കഴിഞ്ഞ് കമ്മിറ്റി കൂടാം എന്നു പറഞ്ഞ് പോയി. ചന്ദനപ്പള്ളിക്ക് പോകാൻ അവരുടെകൂടെ റോഡിലിറങ്ങി നടന്നു. അവറാപ്പിയുടെ കാറിൽ കയറി കുമ്പഴ ഇറങ്ങി. അവിടെനിന്ന് തങ്കപ്പൻ നായരുടെ കാറിൽ ചന്ദനപ്പളിക്കു പോയി. ചന്ദനപ്പള്ളിയിൽ തിരുമേനിയുടെ സ്വീകരണത്തിലും പള്ളി കൂദാശയിലും സംബന്ധിച്ചിട്ടു 8 മണിക്ക് കാറിൽ പോന്നു.





www.malankaralibrary.com

**23.** കാർവന്നു. പത്തനംതിട്ട പള്ളിയിലെത്തി. ഞാനും അച്ചനും കൂടി ചന്ദനപ്പള്ളിയിൽ എത്തി പട്ടംകുട ശുശ്രൂഷയിൽ സംബന്ധിച്ചു. തിരുമേനിയോടു പൂങ്കാവുപള്ളി കേസു സംബന്ധിച്ചും മറ്റു പല കാര്യങ്ങളും പറഞ്ഞശേഷം 1 മണിക്കു പോന്നു.

**24.** 11 മണിയോടുകൂടി കെ. കെ. നായരുടെ കാറിൽ മണ്ണുങ്കൽ കുഞ്ഞു പിള്ളയും മറ്റുമായി നാലഞ്ചുപേർ വീട്ടിൽ വന്ന് അകത്ത് കയറി ഇരുന്നു. വന്നകാര്യം ചോദിച്ചു. ഞങ്ങൾ കമ്മ്യൂണിസ്റ്റ് കോൺഗ്രസ് എറണാകുളത്ത് തുടങ്ങി. അതിനുവേണ്ടി പണം പിരിക്കാൻ വന്നതാണ്. ഞാൻ പറഞ്ഞു കമ്മ്യൂണിസ്റ്റ് കാര്യത്തിന് സംഭാവന ചെയ്യാൻ എന്റെ കയ്യിൽ പണമില്ല. ഇന്ന് പണം കമ്മ്യൂണിസ്റ്റുകാർക്ക് ധാരാളമുണ്ട്. ഉദ്യോഗം കൊടുത്തും മറ്റും വളരെ പണം പാർട്ടി വാങ്ങുന്നുണ്ട്. അതുകൊണ്ട് ഒന്നും ഞാൻ തരത്തില്ല. വടക്ക് മല ബാറിൽ ചിലർക്കുണ്ടായ അനുഭവങ്ങൾ ഇവിടെയും ഉണ്ടാകുക യില്ലെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാലും ഒന്നും തരാൻ നിർവ്വാഹമില്ല എന്നു പറഞ്ഞു. അവർപോയി.

**25.** സുഖമില്ലാത്തതുകൊണ്ടു രാത്രിയിൽ യൽദോ ശുശ്രൂഷയ്ക്ക് പോയില്ല. രാവിലെപോയി ചൊല്ലി. 3 മണിക്ക് ചങ്ങനാശ്ശേരിയിൽ നിന്നും പി. സി. തോമസ് അപേക്ഷിച്ചതനുസരിച്ചു ഞാൻ കാറിൽ കോഴ ഞ്ചേരിയിൽ എം. എം. മാമ്മന്റെ വീട്ടിൽ എത്തി രോഗവിവരങ്ങള റിഞ്ഞ് പ്രാർത്ഥിച്ചു. ഒടുവിൽ ചെറിയാച്ചൻ മൂലം ഒരാൾക്ക് കണ്ടക്ടർ ജോലികൊടുക്കാൻ ശ്രമിക്കണമെന്ന് മാമ്മച്ചനോടു പറഞ്ഞു. ഇന്റർവ്യൂ കഴിഞ്ഞ് നമ്പർ കൊണ്ടു ചെല്ലാൻ അയാളോടുപറയാൻ പറഞ്ഞു. ഞാൻ മടങ്ങിപോന്നു.

**27.** ഇറിഗേഷൻ പണി സംബന്ധിച്ചു രാജുവും ഏബ്രഹാമും വന്ന് കുറെ റിക്കാർഡുകൾ എന്നെ ചുമതലപ്പെടുത്തി.

**28.** വൈകിട്ടു ഏബ്രഹാം വന്ന് ഇറിഗേഷൻ സംബന്ധിച്ചു പഞ്ചായത്തു കാർ വേണ്ട വിധം സഹകരിച്ചില്ല എന്നു പറഞ്ഞു. ഞാൻ നാളെയാകട്ടെ എന്ന് പറഞ്ഞയച്ചു.

**29.** ഉച്ചകഴിഞ്ഞു രാജു കാറിൽ വന്നു. ഞാൻകൂടി കയറി തയ്യിൽ അച്ചനെ (പഞ്ചായത്ത് പ്രസിഡന്റ്) കാണാൻപോയി. അവിടില്ലാ യിരുന്നു. രാജു മൈലപ്രാ വായനശാലയ്ക്ക് കൊടുക്കാമെന്ന് പറഞ്ഞ സംഭാവന 100 രൂപയും ഉടമ്പടി തയ്യിലച്ചൻ ഒപ്പിടുന്നതിനായി എന്നെ കൊണ്ടു അച്ചന്റെ ഭാര്യയുടെ കയ്യിൽ കൊടുപ്പിച്ചു.



www.malankaralibrary.com

# 1969

**ജനുവരി 1.** ഉച്ചകഴിഞ്ഞ് 2 മണിക്ക് കാറ്റാടി റോഡു ഉദ്ഘാടനത്തിന് പോയി. ഉദ്ഘാടനം നടത്തി. അതുകഴിഞ്ഞ് എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗു നടത്തി. പലരും പ്രസംഗിച്ചു. അതിനുശേഷം കുറെ പേർ ഒരുമിച്ചു പുതിയ റോഡിൽ കൂടി തെക്കോട്ടു നടന്ന് കുമ്പഴ വടക്ക് വന്ന് മെയിൻ റോഡിൽ കൂടി മടങ്ങിപോന്നു.

**2.** ചെങ്ങന്നൂർ പള്ളിയിൽ എത്തി, ഊണുകഴിഞ്ഞു ജോൺ മത്തായിയുടെ വീട്ടിലെത്തി. 16-ാം തിയതി പോയി അമേരിക്കയിൽ നിന്നും വേണ്ട റിക്കോർഡു ശരിയാക്കി അറ്റസ്റ്റും ചെയ്തു അയച്ചു തരാമെന്നു പറഞ്ഞു. ജോണിന്റെ ജ്യേഷ്ടന്റെ വീട്ടിലും കയറി സംസാരിച്ചു. കാപ്പി കുടിച്ചിട്ടു 4.30-ന് മടങ്ങിപോന്നു.

**4.** വൈകിട്ടു മണ്ണാരകുളഞ്ഞിയിൽ പോയി കൺവൻഷനിൽ സംബന്ധിച്ചു. തിരുമേനി 4.30-ന് വന്നു. സ്വീകരിച്ചു. പ്രസംഗം നടത്തി. 7 മണിക്ക് തിരുമേനിയോടുകൂടി മടങ്ങി വീട്ടിലെത്തി.

**10.** തിരുമേനിയുടെ ഫീസ്റ്റ് ആയിരുന്നു. കത്തീഡ്രലിൽ തിരുമേനിയോടുകൂടി ഞങ്ങൾ 11 അച്ചന്മാരും കൂടി സമൂഹബലി അർപ്പിച്ചു. അച്ചന്മാരും പ്രധാന അതിഥികളും എല്ലാം തിരുമേനിയോടുകൂടി ഉച്ചഭക്ഷണം കഴിച്ചു. 3 മണിക്ക് പൊതുസമ്മേളനം കൂടി അനുമോദിച്ചു. രാത്രിയിൽ സെമിനാരിക്കാരുടെ ഡ്രാമാ ഉണ്ടായിരുന്നു.

**12.** കുർബാന കഴിഞ്ഞ് ചെങ്ങന്നൂരിൽ പോയി ജോൺ മാത്യുവിന്റെ വീട്ടിൽ എത്തി മണിയുടെ വാസം സംബന്ധിച്ചും മറ്റും ആലോചിച്ചു. അവിടെനിന്നും തിരുവല്ലായ്ക്കുപോയി സിൻഡിക്കേറ്റംഗം പി. എസ്. ജോർജിനെ കണ്ടു യൂണിവേഴ്സിറ്റി കാര്യങ്ങൾ ദീഘമായി സംസാരിച്ചു. മടങ്ങിപോന്നു. 7 മണി കഴിഞ്ഞു കെ. പി. ജോർജ് വന്ന് എന്റെ മൈലപ്രാ പ്രവർത്തനങ്ങളെപ്പറ്റി ചോദിച്ചറിഞ്ഞു.

**13.** വീട്ടിൽ അച്ചന്മാർ പലരും വന്നുകൊണ്ടിരുന്നു. 4 മണിക്ക് തിരുമേനിയും വന്നു. തിരുമേനിയെ സ്വീകരിച്ചു. എന്നെയും മാലയിട്ടു സ്വീകരിച്ചു സ്കൂളിലേക്ക് പോയി. മീറ്റിംഗ് ജോണച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. തിരുമേനി വാർഷികം ഉൽഘാടനം ചെയ്തു എന്റെ ഒരു എണ്ണഛായ പടം അനാശ്ചാദനം ചെയ്തു. കെ. പി. ജോർജ് സാർ നാടിന്റെ നന്മയ്ക്കായുള്ള എന്റെ പ്രവർത്തനങ്ങളെപ്പറ്റി പ്രസംഗിച്ചു. മറ്റുപലരും എന്നെപ്പറ്റിയും സ്കൂൾ ഡേ സംബന്ധിച്ചും പ്രസംഗിച്ചു. ഞാൻ നന്ദി പ്രദർശിപ്പിച്ചു മറുപടിപറഞ്ഞു. 9 മണി



www.malankaralibrary.com

കഴിഞ്ഞ് സ്കൂളിൽ ഡ്രാമാ ഉണ്ടായിരുന്നു. തിരുമേനിയും അച്ചന്മാരും 11 മണികഴിഞ്ഞ് ഉറങ്ങാൻ പോയി. ഞാൻ 12 മണിവരെ ഇരുന്നു.

**14.** വയലത്തല പള്ളിയിൽ കല്ല്യാണത്തിന് തിരുമേനിപോയി. ഞാനും കൂടെ പോയി. 12 അച്ചന്മാരുണ്ടായിരുന്നു. കല്ല്യാണം കഴിഞ്ഞു ഞാൻ വീട്ടിലെത്തി വിശ്രമിച്ചു. 4 മണിക്ക് ഫിലിപ്പച്ചൻ കോളേജിൽ നിന്നും വിളിച്ചു കടമ്പനാട്ടു റ്റി. എം. ദാനിയെലിനെ കൊണ്ടു പോരണമെന്നും അവിടെ അനുസരിക്കുന്നില്ലെന്നും പറഞ്ഞു.

**15.** രാവിലെ കടമ്പനാട്ടുപോയി ദാനിയെലിന്റെ വീട്ടിലെത്തി കാര്യം പറഞ്ഞു. അവിടെ നിന്നും അഞ്ചലിലേക്ക്പോയി. പുനലൂരിൽ വച്ചു ദാനി യേലിനെ കണ്ടു. അപ്പോൾ അഡ്വ. എ. എം. മാത്യുവിന്റെ കാർ അതുവഴിവന്നപ്പോൾ അതിൽ ഞങ്ങൾ കൂടി കയറി കോളേജിലെത്തി പ്രിൻസിപ്പാളിനെ കണ്ടു. മത്തായി ദാനിയേലിനെ കണ്ട ഉടനെ വീട്ടിൽ പോകാൻ പറഞ്ഞു. ഞാനും മണിയും മടങ്ങിപോന്നു.

**20.** പന്തളം വഴി തിരുവനന്തപുരത്തിന് പോയി. 3 മണിക്ക് അരമനയി ലെത്തി അഞ്ചൽ കോളേജിലെ ശണ്ഠ സംബന്ധിച്ചു തിരുമേനിയും മറ്റു ബന്ധപ്പെട്ടവരുമായി ദീർഘമായി ആലോചിച്ച് ഒരു തീരുമാന ത്തിലെത്തി. ഡിറ്റെയിൻ ചെയ്തു കുട്ടികളെ പരീക്ഷയ്ക്ക് അയക്കണം. പ്രിൻസിപ്പാൾ കുറെ നാളത്തേക്ക് അവധിയിൽ പ്രവേശിക്കട്ടെ എന്നും തീരുമാനിച്ചു. രാത്രിയിൽ കുറെ നേരം ആലോചനയിൽ കഴിഞ്ഞു. ജോർജുകുട്ടിയുടെ അപ്പൻ പാപ്പി ആശുപത്രിയിൽ വച്ചു മരിച്ചതായി ഫോൺ വന്നു.

**23.** എന്റെ നേതൃത്വത്തിൽ സമൂഹകുർബാന ചാപ്പലിൽ ചൊല്ലി. പല കാര്യങ്ങളും ആലോചിച്ചു. കൗൺസിൽ കൂടാൻ വന്ന അച്ചന്മാരു മായി അഞ്ചൽകോളേജ്ജു കാര്യം ആലോചിച്ചു. ഒടുവിൽ കോളേജിലെ അദ്ധ്യാപകർ, സ്ഥലവാസികൾ, മന്ത്രി എം. എൻ. ഗോവിന്ദൻ നായർ എന്നിവരുമായി കോളേജ്ജുകാര്യം ആലോചിച്ചു. മുൻ നിശ്ചയിച്ച കാര്യം അവരെ അറിയിച്ചു. അവർ തൃപ്തരായിപോയി.

**24.** രാവിലെ 8 മണിക്ക് കൗൺസിൽ കൂടി. തൊമ്മി, ബേബി ഇവർ പണം സംബന്ധിച്ചു ചെയ്ത തകരാറുകൾ ഓരോന്നും കൗൺസിലിൽ വച്ചു പ്രൊക്കുറേറ്റർ ചോദിച്ചു. ഒന്നിനും കണക്കില്ലെന്ന് പറഞ്ഞത ല്ലാതെ സമാധാനം പറഞ്ഞില്ല. അവരെ ഒഴിവാക്കാൻ തീരുമാനിച്ച് വേണ്ട സമാധാനം ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇന്ന് യൂണിവേ ഴ്സിറ്റി ബിൽ സംബന്ധിച്ചു ബിഷപ്പ്മാർ ഗവർണറെ കണ്ടു നിവേദനം കൊടുത്തു. ഞാൻ 1.30 കഴിഞ്ഞ് തിരിച്ചുപോന്നു.



www.malankaralibrary.com

**25.** അമേരിക്കയിൽ നിന്നും ജോൺ മാത്യു അച്ചന്റെ കത്ത്കിട്ടി. ഉടനെ വിസായും എല്ലാം ശരിയാക്കും.

**28.** തിരുവനന്തപുരത്തു നിന്നും സിസ്റ്റർ വന്നു. കുഴിയംമണ്ണിലെ ഏലിയാമ്മ, കണ്ണിനു സുഖമില്ലാതെ ഇന്നലെ ഇവിടെ വന്ന് താമസിക്കുന്നു. മണിയുടെ കാര്യത്തിൽ എല്ലാവരും പ്രത്യേക പ്രാർത്ഥനയിൽ കഴിയുകയാണ്. മണി അഞ്ചലിൽ നിന്നും വന്നു. വിസയും പാസ്പോർട്ടും കിട്ടി. ജോയി കോഴിക്കോട്ടുനിന്നും വിവരമറിയാൻ വിളിച്ചു. ഏലിയാമ്മ 1 മണിക്ക് തിരിച്ചുപോയി.

**29.** രാവിലെ തിരുവനന്തപുരത്തിന് പോയി. ജയ് ഹിന്ദ് ഏജൻസിയിൽ എത്തി മണിയുടെ പ്ലെയിൻ ടിക്കറ്റിന് 4835രുപ കൊടുത്തു. അരമനയിലെത്തി ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**30.** രാവിലെ ജോയിക്കുട്ടി വന്നു. ഉച്ചയ്ക്ക് കോശിസാർ, മാപ്പിളസാർ എന്നിവർ വന്നു. 3.30 ന് റമ്പാച്ചൻ വന്നു. മറ്റുപലരും വന്നു. യാത്രയ്ക്കു ഒരുങ്ങി, പ്രാർത്ഥന റമ്പാച്ചൻ നടത്തി. ഞങ്ങൾ 7 പേർ തിരുവനന്തപുരത്തിനു തിരിച്ചു പട്ടത്ത് എത്തി. അവരെല്ലാം നെടുമ്പുറത്തു താമസിച്ചു. ഞാൻ അരമനയിലെത്തി.

**31.** രാവിലെ കുർബാന ചൊല്ലി. മണിവന്നു കണ്ടു, കുർബാന സ്വീകരിച്ചു. പുറകേ മറ്റുള്ളവരും രാജനും വന്നു. തിരുമേനിയുമായി എല്ലാവരും സംസാരിച്ചു. അരമനയിൽ നിന്നും കാപ്പികുടിച്ചു. തിരുമേനിയുടെ കൈമുത്തി അനുഗ്രഹം വാങ്ങിച്ചു എല്ലാവരും കാറിൽ കയറി എയർപോർട്ടിൽ 8.30 ന് എത്തി. വേണ്ട റിക്കാർഡുകൾ കൊടുത്തു തയ്യാറായി. സിസ്റ്റർ അൽഫോൻസായും വന്നു. 9–ന് പ്ലെയിൻ വന്നു. കുറെ കഴിഞ്ഞ് തിരുമേനിയും വന്നു. പ്രത്യേക ആശീർവാദം മണിക്കു കൊടുത്തു. അവൻ പ്ലെയിനിൽ കയറാൻ പോയി. 9.35 ന് പ്ലെയിൻ നീങ്ങിതുടങ്ങി. ഞങ്ങളെല്ലാം തിരിച്ചുപോന്നു. മൈലപ്രായിൽ വച്ചു നടന്ന ബ്ലോക്ക് മീറ്റിംഗിൽ സംബന്ധിച്ചു.

**ഫെബ്രുവരി 2.** പരസ്യകുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് അഞ്ചൽ കോളേജിൽ എത്തി. 3 മണിക്ക് തിരുമേനി വന്നു. നാട്ടുകാരുടേയും വിദ്യാർത്ഥികളുടേയും പ്രതിനിധികളെ തിരുമേനി സംബോധന ചെയ്ത് അവിടെ ഉണ്ടായ അനിഷ്ട സംഭവവികാസങ്ങളെപ്പറ്റി ഹൃദയംഗമായി പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ പ്രതിനിധികൾക്കും പ്രസംഗിക്കണമെന്ന് ആവശ്യപ്പെട്ടു. സമ്മതിച്ചു. വസതിയിൽ വച്ചു രക്ഷിതാക്കളേയും വിദ്യാർത്ഥികളേയും കണ്ടു അവരുടെ അഭിപ്രായം അറിഞ്ഞു.



www.malankaralibrary.com

3. കോളേജ് ചാപ്പലിൽ ചൊല്ലി. മദ്രാസ് മുഖ്യ മന്ത്രി അണ്ണാദുരൈ മരിച്ചതായി അറിഞ്ഞു. കുട്ടികളും സ്ഥലം രക്ഷിതാക്കളും എത്തി. അവരോടു പ്രത്യേകിച്ചു കുട്ടികളോട് തിരുമേനി പ്രസംഗിച്ചു. അതു കഴിഞ്ഞ് അനുശോചനപ്രമേയം പാസാക്കി പിരിഞ്ഞു. ചിലർ വന്ന് തിരുമേനിയെ കണ്ടു മണവാളനച്ചനെപ്പറ്റി കഠിന പരാതി അറിയിച്ചു. കോളേജിൽ മണിയുടെ ബാക്കികിട്ടാനുള്ള ശമ്പളത്തിന്റെ കാര്യം പറഞ്ഞിട്ടുപോന്നു.
4. ഇന്ന് അച്ചന്മാർ പലരും വന്നു ഓരോകാര്യങ്ങൾ പറഞ്ഞു. സന്ധ്യക്ക് പണിക്കരച്ചനും കൊല്ലംകാരൻ ഒരാളുംകൂടി വന്ന് തിരുവനന്തപുരത്തു പോയി രാജനെ കാണണമെന്ന്. സി.മാത്യു അച്ചനും യോഹന്നാൻ സാറും വന്ന് വത്സലൻ നായർക്കുവേണ്ടി രാജനോടു പറയണമെന്ന്. രാത്രിതന്നെ കാറിൽ തിരിച്ചു 12 മണിക്ക് കൊല്ലത്തു എത്തി അയാളുടെ വീട്ടിൽ ഉറങ്ങി. 3 മണിക്ക് അവിടെനിന്നും തിരിച്ചു 5 മണിക്ക് അരമനയിലെത്തി. കുറച്ചു സമയം കിടന്നു.
5. അരമനയിൽ ചൊല്ലി. 7 മണിക്ക് ഞാനും നസറേത്തും കൂടി രാജനെ കാണാൻ പോയി. കണ്ട് കാര്യം പറഞ്ഞശേഷം ഉടനെ മടങ്ങിപോന്നു. 10 മണിക്ക് വീട്ടിലെത്തി, വിശ്രമിച്ചു. 1 മണിയോടു കുമ്പഴ പള്ളിയിലെത്തി മരുതൂർ തോമസ് സാറിന്റെ സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.
10. മണിയുടെ കത്ത് പ്രതീക്ഷിച്ചു കഴിഞ്ഞു. കിട്ടാത്തതിൽ എല്ലാവർക്കും നിരാശയും വിഷമവും ഉണ്ടായി. എല്ലാം ദൈവത്തിൽ സമർപ്പിച്ചു. വെളുപ്പിന് 4 മണിക്കു എഴുന്നേറ്റു പ്രാർത്ഥിച്ചു.
11. കുർബാന കഴിഞ്ഞ് വന്നു. അഭയ യാചന ചെയ്തു. കുറെ കഴിഞ്ഞപ്പോൾ മണിയുടെ എഴുത്തു കിട്ടി. സുഖമായി എത്തിയെന്നും ജോൺ മാത്യു അച്ചനും മൂത്തേരിൽ ജോർജച്ചനും സ്വീകരിച്ചു കൊണ്ടുപോയി എന്നും എഴുതിയിട്ടുണ്ട്. ദൈവത്തിന് സ്തോത്രം കൊടുത്തു. എല്ലാവരെയും സദ്വാർത്ത അറിയിച്ചു.
13. നല്ല സുഖമില്ല. ദേഹത്ത് വെദനയും മറ്റുമായി വിശ്രമിച്ചു. എൻജിനിയർ തോട്ടിലെ ഇറിഗേഷൻ വേലപോയി കണ്ടിട്ടു വന്ന വിവരം പറഞ്ഞു.
22. വൈകിട്ടു 4 മണിക്ക് പള്ളിയിൽ പോയി. തിരുമേനി 7 മണിക്കു വന്നു. പ്രാർത്ഥന കഴിഞ്ഞ് പ്രസംഗിച്ചു. 9 മണി കഴിഞ്ഞ് ഞാൻ വീട്ടിലെത്തി വിശ്രമിച്ചു.



www.malankaralibrary.com

**23.** തിരുമേനി പള്ളിയിൽ ചൊല്ലി. കുറെകഴിഞ്ഞ് തിരുമേനിയും മറ്റും കുമ്പളാംപൊയ്കയിലേക്ക് പോയി. ഞാൻ 4 മണിക്ക് പള്ളിയിലെത്തി എക്യുമിനിക്ക് മീറ്റിംഗിൽ സംബന്ധിച്ചു. കോന്നിയൂർ അച്ചൻ അദ്ധ്യക്ഷം വഹിച്ചു. പലരും പ്രസംഗിച്ചു. 7 മണിക്ക് തീർന്നു. ഞാൻ പോന്നു.

**26.** പത്തനംതിട്ട-മൈലപ്രാ റോഡു കാണാൻ പോയി.

**മാർച്ച് 2.** ഉച്ചകഴിഞ്ഞ് കൈപ്പട്ടൂർ കെ. കെ. വറുഗീസിന്റെ കൊന്നയിൽ വീട്ടിലെത്തി. സാറിന്റെ മകൻ കോശിയും ഭാര്യ സിസിലിയും മറ്റും അവിടുണ്ടായിരുന്നു. അവരു തമ്മിലുള്ള പിണക്കവും മറ്റും സംസാരിച്ചു പരിഹരിച്ചു. വറുഗീസും ഭാര്യയും കത്തോലിക്കർ ആകാമെന്ന് പറഞ്ഞു. മകൻ കോശിക്ക് ഒരു ഉദ്യോഗം കൊടുക്കണമെന്ന് പറഞ്ഞു. വേണ്ടതു ചെയ്യാം ബുധനാഴ്ച മൈലപ്രായിൽ വരാൻ പറഞ്ഞു. സാർ വരാമെന്ന് പറഞ്ഞു. ഞാൻ മടങ്ങിപോന്നു.

**5.** തിരുമേനി പള്ളിയിൽ വന്നു അച്ചന്മാരും വന്നു. 9 മണിക്ക് പള്ളി പ്രതിപുരുഷന്മാരുടെ മീറ്റിംഗ് നടന്നു. പല അഭിപ്രായങ്ങളും വന്നു, എല്ലാം ആലോചിച്ചു. 11 മണിക്ക് യോഗം തീർന്നു. കൈപ്പട്ടൂർ സാറിനെ തിരുമേനിക്ക് പരിചയപ്പെടുത്തി, കാര്യം പറഞ്ഞു. വേണ്ടതു ചെയ്യാം, ഉടനെ ചേർക്കാം എന്നു പറഞ്ഞു.

**8.** ഉച്ചകഴിഞ്ഞു പത്തനംതിട്ട പള്ളിയിലെത്തി. കുറെകഴിഞ്ഞ് തിരുമേനിയും വന്ന് മീറ്റിംഗ് തുടങ്ങി പലതും ആലോചിച്ചു. 6 മണിക്ക് തിരുമേനിയോടു കൂടി ഞാനും തിരുവല്ലായ്ക്കുപോയി അരമനയിൽ താമസിച്ചു. അത്തനാസിയോസ് തിരുമേനിയുമായി നമ്മുടെ റീത്തിന്റെ അഭിവൃദ്ധിയും മറ്റുമായ കാര്യങ്ങൾ ആലോചിച്ചു. തിരുമേനിക്കും മറ്റുള്ളവരുടെ എതിർപ്പിനെപ്പറ്റി ആശങ്കയുണ്ട്. എങ്ങനെ പാത്രിയാർക്കാസ്ഥാനം അനുവദിച്ചുകിട്ടാം നമുക്ക്, നിങ്ങൾ ശ്രമിക്കിൻ, മറ്റുള്ളകാര്യങ്ങൾ തന്നെ ശരിപ്പെട്ടിട്ടില്ല എന്നു തിരുമേനി പറഞ്ഞു.

**9.** തിരുവല്ലാ അരമനയിൽ ചൊല്ലി. കാപ്പി കഴിഞ്ഞ് എറണാകുളത്തിന് പോയി ആർച്ച് ബിഷപ്പ്സ് അരമനയിൽ കയറി. കുറെകഴിഞ്ഞ് ലിസ്സി ആശുപത്രിയിൽ പോയി ജോസ് മാത്യു അച്ചനെ കണ്ടു. പ്രാർത്ഥിച്ചു. 11 മണിവരെ അവിടെ കഴിഞ്ഞു. ജോൺ മത്തായിയുടെ ഫാദർ ഇടതുകാൽ മുറിച്ചു ആശുപത്രിയിൽ കിടക്കുന്നതും കണ്ടു. അവിടെ നിന്നും പാലായിൽ പോയി അരമനയിലെത്തി വിശ്രമിച്ചു. 6 മണിക്ക് യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച് പ്രതിഷേധ മീറ്റിംഗ്



www.malankaralibrary.com

ഹൈസ്കൂൾ ഗ്രൗണ്ടിൽ നടക്കുന്നതിൽ പോയി സംബന്ധിച്ചു. തിരുമേനിമാർ, അച്ചന്മാർ, വളരെ അധികം ജനങ്ങൾ ഒക്കെകൂടി. പ്രസിദ്ധ പ്രാസംഗികർ ഉണ്ടായിരുന്നു. എല്ലാം മംഗളമായി 1 മണിക്ക് കഴിഞ്ഞു. ഞാൻ അരമനയിൽ കിടന്നു.

**11.** ഇന്നലെ മരിച്ച കോയിപ്പുറത്തു തോമ്മാച്ചന്റെ സംസ്കാര ശുശ്രൂഷക്ക് വീട്ടിൽ പോയിട്ടു പള്ളിയിലെത്തി. സംസ്കാര ശുശ്രൂഷയിൽ എന്നെ എബ്രഹാം അച്ചനും തയ്യിൽ ശമുവേലച്ചനും സഹായിച്ചു.

**12.** 1 മണിയോടുകൂടി മൈലപ്രാ വച്ചു തെങ്ങും തോട്ടത്തിൽ കൊച്ച ച്ചന്റെ മോട്ടോർ സൈക്കിളും ഒരു ജീപ്പുമായി കുട്ടി ഇടിച്ചു രണ്ടു കൂട്ടരേയും ആശുപത്രിയിലാക്കി. സ്ഥലത്തുഞാൻ പോയി കേടു പാടുപറ്റിയ വാഹനങ്ങൾ കിടക്കുന്നതു കണ്ടു. അതുമാറ്ററുതെന്നു പറഞ്ഞിട്ടു പത്തനംതിട്ടപോയി. സ്റ്റേഷനിൽ വിവരം അറിഞ്ഞതാ യിട്ടറിഞ്ഞു. കുറെകഴിഞ്ഞ് ഞാൻ തിരിച്ചുവന്നപ്പോൾ ജീപ്പ് മാറ്റി കൊണ്ടുപോകാൻ ആളുവന്നു. ഞാൻ തടഞ്ഞു. അവർപോയി.

**14.** 4 മണിക്ക് പള്ളിപടിക്കലും പടിഞ്ഞാറു തെക്കോട്ടും ഉള്ള റോഡു വെട്ടുകാണാൻ പോയി. എൻജിനീയറെ കണ്ടു സംസാരിച്ചു. കുറെ കഴിഞ്ഞ് മടങ്ങിപോന്നു.

**26.** അയ്യനേത്ത് ഉമ്മച്ചൻ ഇവിടെ ഒക്കെ ഉണ്ട്. അച്ചന്റെ അനുജനെ കോളേജിൽ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ ഫിലിപ്പച്ചൻ എതിരാ ണെന്ന് പറഞ്ഞ് പ്രചരണം നടത്തുന്നതായി അറിഞ്ഞു. പത്തനംതിട്ട വച്ചു ഞാൻ അയ്യനേത്തിനെകണ്ടു. അങ്ങേരെ മൈലപ്രാ സ്കൂളിൽ നിയമിക്കുന്നതിനും കോളേജിൽ പഠിക്കാൻ വിടുന്നതിനും ശ്രമിച്ചു തിരുമേനിയുടെ അനുവാദം വാങ്ങികൊടുത്ത കാര്യം അയ്യനേത്തിന് ബോധ്യമില്ലെന്ന് എന്നോട് പണിക്കരച്ചന്റെ സാന്നിദ്ധ്യത്തിൽ പറഞ്ഞു.

**27.** അയ്യനേത്ത് ദാനിയേലച്ചൻ വൈകിട്ടുവന്നു. ഞങ്ങൾ ഒരുമിച്ചു ലീജിയൻ വാർഷികത്തിന് സ്കൂളിൽ പോയി. പല അച്ചന്മാരും വന്നു. ട്രെയിനിംഗ് കുട്ടികളുടെ ലീജിയൻ മീറ്റിംഗ്, കാപ്പി, ഫോട്ടോ എടുപ്പു എല്ലാം കഴിഞ്ഞ് പിരിഞ്ഞു.

**28.** രാവിലെ പത്തനംതിട്ട ആശുപത്രിയിലെത്തി മുത്തച്ചനെ (ഫാ. സാമുവൽ ശങ്കരത്തിൽ) കണ്ടു. ബസുമൂലം അപകടം ഉണ്ടായി കിടക്കുകയാണ്. കുറവുണ്ട്. മത്തായി കൊച്ചപ്പന്റെ അസുഖത്തെപ്പറ്റി വന്നു പറഞ്ഞു.

**29.** മാക്കാം കുന്നേൽ ചാലിൽ എത്തി അച്ചനോടു മത്തായികൊച്ച പ്പന്റെ കാര്യത്തിൽ വേണ്ടതു ചെയ്യണമെന്നും സഹകരിക്കണമെന്നും



www.malankaralibrary.com

പറഞ്ഞു. പാലമൂട്ടിൽ പലരും വന്ന് കൂടി ആലോചിച്ചു. മാസംതോറും ഓരോ കൂട്ടരും ഓരോ തുക പിരിച്ച് നടത്തണമെന്ന് തീരുമാനിച്ചു. അന്നേരം തന്നെ 150 രൂപ പിരിച്ച് ഏല്പിച്ചു. അത് കഴിഞ്ഞ് ഞാൻ ഇലന്തൂർ പള്ളിയിലെത്തി അച്ചന്റെ സ്കൂട്ടറിൽ കയറി മെഴുവേലി പള്ളിയിൽ എത്തി താമസിച്ചു. അച്ചൻ തിരിച്ചു പോയി.

**30.** മെഴുവേലി പള്ളിയിൽ ചൊല്ലി. കുറെകഴിഞ്ഞ് വീട്ടിലെത്തി. ഇടതു കാലിന് ഉളുക്കുവന്നു നല്ല വേദന. ആവിപിടിച്ചും മറ്റും വിശ്രമിച്ചു.

**ഏപ്രിൽ 2.** ഉച്ചകഴിഞ്ഞ് മെഴുവെലിപള്ളിയിലേക്ക്പോയി. 4 മണിക്ക് പള്ളിയിലെത്തി. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ്, വിശ്രമിച്ചു.

**3.** പെസഹാ പ്രാർത്ഥന കഴിഞ്ഞ് കുർബാന ചൊല്ലി. അവിടെ തന്നെ താമസിച്ചു. യാക്കോബായ അച്ചന്റെ വീട്ടിൽ 10 മണിക്കെത്തി അദ്ദേഹത്തോടു അവിടെയുള്ള യു.പി. സ്കൂളിന്റെ കാര്യം ചോദിച്ചു. കുറെ കഴിഞ്ഞ് മടങ്ങിപോന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് പള്ളിയിൽ താമസിച്ചു.

**4.** ദുഃഖ വെള്ളിയുടെ പ്രാർത്ഥനയും ശുശ്രൂഷയും 7.30 ന് തുടങ്ങി, 2 പ്രസംഗവും, കബറടക്കവും മറ്റും 2.15-ന് തീർത്തു.

**5.** മെഴുവേലിൽ തന്നെ പ്രാർത്ഥനകഴിഞ്ഞ് ചൊല്ലി. മരുതിമൂട്ടിൽ നിന്നും അവിടെ വിവാഹം ചെയ്ത ദീനായുടെ വീട്ടിൽ പോയി കാപ്പിയും ഊണും കഴിച്ചു. വൈകിട്ടു മൈലപ്രാ സ്കൂളിലെ ലില്ലിയുടെ വീട്ടിൽ പാപ്പച്ചൻ വന്ന് കൊണ്ടുപോയി കാപ്പികഴിഞ്ഞ് 5 മണിക്ക് തിരിച്ചെത്തി. നമസ്കാരം നടത്തി അവിടെ കിടന്നു.

**6.** ഉയർപ്പ് തിരുനാൾ. വെളുപ്പിന് 2.30-ന് ഉയർപ്പിന്റെ പ്രാർത്ഥനയും ശുശ്രൂഷയും തുടങ്ങി. കുർബാന 5.15-ന് തീർന്നു. കാപ്പി കുടി കഴിഞ്ഞ് 8.45-ന് പോന്നു.

**9.** കൊല്ലം ഡിസ്ട്രിക്റ്റ് സഹകരണബാങ്കിന്റെ മീറ്റിംഗിൽ കൂടാൻപോയി. 3 ന് തുടങ്ങി പലതും ആലോചിച്ചു. സംഘം കടം കുടിശിഖ ഉടനെ തീർക്കാം എന്നുപറഞ്ഞു. ബ്രാഞ്ച് ഡെവലപ്മെന്റ് മെമ്പറായി എന്നെ തെരഞ്ഞെടുത്തു.

**17.** രാത്രി 12-ന് ജോണച്ചൻ എറണാകുളത്തുനിന്നും ട്രെയിനിംഗ് കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്താൻ ഹൈക്കോടതിയിൽ നിന്നുള്ള അനുവാദ സഹിതം വന്നു. രാവിലെ എച്ച്. എം., ക്ലാർക്കും കൂടി എസ്.എസ്.എൽ.സി ബുക്കുകളുമായി പട്ടത്ത് എത്തണമെന്ന് പറഞ്ഞുപോയി.



www.malankaralibrary.com

**29.** രാവിലെ തിരുവനന്തപുരത്തു നിന്നും തിരിച്ചു 9 മണിയോടു വീട്ടിലെത്തി. ഉടനെതന്നെ മാക്കാംകുന്നേൽ ഇന്നലെ മരിച്ച മത്തായി കൊച്ചപ്പന്റെ ശരീരം കാണാൻപോയി. കുറെകഴിഞ്ഞ് മടങ്ങിവന്നു. 3 മണിക്ക് വീണ്ടും മാക്കാംകുന്നേൽ പോയി പള്ളിയിൽ എത്തി. അപ്പോൾ മൃതശരീരം ആഘോഷപൂർവം കൊണ്ടുവന്നു. മാർ അത്തനാസിയോസ്, മാർ പിലക്സിനോസ് ഇവരെ കൂടാതെ ധാരാളം അച്ചന്മാരും റമ്പാച്ചന്മാരും ബഹുജനങ്ങളും ഉണ്ടായിരുന്നു. 4 മണിക്ക് ശേഷം അടക്കം കഴിഞ്ഞു.

**മേയ് 6.** രാവിലെ തിരുവനന്തപുരത്തിന് പുറപ്പെട്ടു 10.30 ന് നാലാഞ്ചിറ മഠത്തിൽ എത്തി. അപ്പോഴേക്കും 19 സിസ്റ്റേഴ്സിന്റെ ഉടുപ്പിടീൽ കർമ്മവും മറ്റും കഴിഞ്ഞു. കാപ്പികുടി കഴിഞ്ഞ് അവരെകണ്ടു. ഞാൻ അരമനയിൽപോയി ഊണുകഴിഞ്ഞ് വിശ്രമിച്ചു. 5 മണിക്ക് ചാക്കോ സാർ വന്നു, തിരുമേനിയെ പരിചയപ്പെടുത്തി. ഞാൻ ചാപ്പലിൽ കുർബാന ചൊല്ലി.

**7.** അരമനയിൽ ചൊല്ലി. ഏതാനും പ്രമേയങ്ങൾ തയ്യാറാക്കി സെനറ്റിൽ അവതരിപ്പിക്കാൻ അച്ചന്മാരെ ഏൽപ്പിച്ചു. 10 മണിക്ക് സെനറ്റുകൂടി. നോട്ടീസിലെ കാര്യങ്ങൾക്കുമുമ്പായി പ്രമേയങ്ങൾ വായിച്ചു ചർച്ചചെയ്തു. മെത്രാസനങ്ങളെപ്പറ്റിയുള്ളത് തൽക്കാലം വേണ്ട എന്ന് തിരുമേനി പറഞ്ഞു. മറ്റുള്ളത് പാസാക്കി. പാത്രിയാർക്കീസിന്റെ കാര്യത്തിൽ വേണ്ടതു ചെയ്യാൻ ഒരു കമ്മറ്റിയെ നിശ്ചയിച്ചു. 4-ന് മടങ്ങിപോന്നു.

**13.** തിരുവനന്തപുരത്തിന് തിരിച്ചു നാലാഞ്ചിറ ഇറങ്ങി ആശ്രമത്തിലെത്തി. ബഥനി ഗോൾഡൻ ജൂബിലി മീറ്റിംഗിൽ സംബന്ധിച്ചു. രാത്രി 8 മണിക്ക് അരമനയിലെത്തി ഉറങ്ങി.

**15.** വൈകിട്ടു കുമ്പഴവടക്കുപോയി റമ്പാച്ചനെകണ്ടു. ഒന്നു, രണ്ടുവീടുകളിൽ കയറിയിട്ടു തിരിച്ചെത്തി. എന്റെ പടംവരച്ചു ഒരാൾകൊണ്ടുവന്നു. അയാൾക്ക് 50 രൂപ കൊടുത്തു.

**25.** സ്കൂളിൽ സൺഡേസ്കൂൾ വാർഷികത്തോടുകൂടി ഏബ്രഹാം അച്ചന്റെ യാത്രഅയപ്പുനടത്തി. എന്നെ അറിയിച്ചില്ല. പോയതുമില്ല. അതുകഴിഞ്ഞ് മാവേലിൽ അച്ചനും ജോസച്ചനും വീട്ടിൽ വന്നു. കുറെ കഴിഞ്ഞ് പോയി.

**30.** അടൂർപള്ളിയിലെത്തി ചൊല്ലി. മഠത്തിൽ നിന്നും കാപ്പികഴിഞ്ഞ് രോഗിയായ ലൂക്കോസ് അച്ചനെ കാണാൻ പോയി. അവിടെനിന്നും കൊട്ടാരക്കരയ്ക്ക് ജൂബിലി സെൻട്രൽ കമ്മിറ്റിയിൽ സംബന്ധിക്കാൻ



www.malankaralibrary.com

പോയി. 10.45-ന് കമ്മിറ്റി കൂടി പല ആലോചനകളും നടന്നു. 2 മണിക്ക് പിരിഞ്ഞു. ഊണുകഴിഞ്ഞ് വീണ്ടും വർക്കിംഗ് കമ്മിറ്റി കൂടി വേണ്ടതു ചെയ്തു. 3 മണികഴിഞ്ഞ് മടങ്ങിപോന്നു.

**ജൂൺ 2.** നല്ല സുഖമില്ല. ആശുപത്രിയിൽ പോയി ഇൻജക്ഷൻ എടുത്തു മരുന്നും കഴിച്ചു. വൈകിട്ട് 5 മണിക്ക് സ്കൂൾ പണികാണാൻ പോയി. അത് കഴിഞ്ഞ് പള്ളിയിൽ എത്തി ജോൺ എം ജോൺ മരിച്ചുപോയെന്ന് കുര്യച്ചൻ പറഞ്ഞു. ഉടനെ അങ്ങോട്ട് പോകണമെന്ന്. ഞങ്ങൾ ഉടനെ വയലത്തല വീട്ടിലെത്തി പ്രാർത്ഥന നടത്തി. കുറെ കഴിഞ്ഞ് ജേക്കബ് ജോൺ അച്ചൻ വന്നു. 8 മണി കഴിഞ്ഞ് വീണ്ടും പ്രാർത്ഥന നടത്തി. ഊണു കഴിഞ്ഞ് അവിടെ നിന്നും മാടത്ത് (കുഴിയം മണ്ണലച്ചന്റെ വീട്) എത്തി ഉറങ്ങി. അതിരാവിലെ 1.30 കഴിഞ്ഞ് ഒരു ജീപ്പിൽ മൈലപ്രായിലെത്തി. തിരുമേനിയെ ഫോണിൽ വിളിച്ചു പറഞ്ഞു. നാളെ രണ്ടു മണിക്ക് അടക്കത്തിന് വന്നുചേരാമെന്നു പറഞ്ഞു. അച്ചൻ പള്ളിയിലേക്ക്പോയി.

**3.** തീരെസുഖം തോന്നിയില്ല. എങ്കിലും പള്ളിയിൽ പോയി ചൊല്ലി. ആശുപത്രിയിൽ കാറിൽപോയി ഇൻജക്ഷനും മറ്റും എടുത്തു. ആ കാറിൽ തന്നെ മടങ്ങിയെത്തി. തിരുമേനി 2.30 ന് വയലത്തല യാത്രയിൽ ഇവിടെ എത്തി അല്പം വിശ്രമിച്ചു കാപ്പി കുടിച്ചിട്ടു ജോണിന്റെ സംസ്കാരത്തിന് പോയി. ഞാൻപോയില്ല.

**6.** സ്കൂൾ തട്ട് വാർക്കുന്നതുപോയി കണ്ടിട്ട്, കുറെ കഴിഞ്ഞ് തിരിച്ചെത്തി. ആയിരുകുഴിയിൽ അച്ചൻ (ഫാ. തോമസ്) മരിച്ചതായി അറിഞ്ഞു. ഊണുകഴിഞ്ഞ് പള്ളിയിലെത്തി കുര്യച്ചനോടുകൂടി എടത്വായ്ക്ക് പോയി. 2 മണിക്കെത്തി. തിരുവനന്തപുരത്ത് നിന്നും മൃതശരീരം കൊണ്ടു വന്നു. അനേകർകൂടി. ഞങ്ങൾ ഒരു തെശുമിശിത്താ ചൊല്ലിയിട്ടു മടങ്ങിപോന്നു. 5 മണിക്ക് വീട്ടിലെത്തി.

**7.** രാവിലെ എടത്വായ്ക്ക് പോയി. തിരുമേനിവരുന്നതുവരെ ഞാൻ കൊഹനൈത്ത എത്തിച്ചു. 12 മണിക്ക് അടക്കി. ഭക്ഷണം കഴിഞ്ഞ് തിരുമേനിയോടുകൂടി കുമ്പഴ എത്തി. ഞാൻ വീട്ടിലേക്ക് പോന്നു.

**8.** പുനലൂരിൽ പോയി ഒരു കല്ല്യാണത്തിൽ സംബന്ധിച്ചു. ഭക്ഷണം കഴിഞ്ഞ് അരമനയ്ക്ക് പുറപ്പെട്ടു. ബസ് കിട്ടാൻ വളരെ താമസിച്ചു. ഒടുവിൽ ഒരു ബസിൽ കയറി. ഇടയ്ക്ക്വച്ച് ലൈറ്റ് കത്താതെ വന്നു. ബസ് നിർത്തി ഡ്രൈവറും കണ്ടക്ടറും അതു പരിശോധിച്ചപ്പോൾ ആരോ റാക്കിൽ നിന്നും 80 പൈസയുടെ 100 ടിക്കറ്റ് അപഹരിച്ചു. കുറെ തിരക്കിയിട്ടു കിട്ടാഞ്ഞ് വെഞ്ഞാറുംമൂട് പോലീസ് സ്റ്റേഷനിൽ





www.malankaralibrary.com

ചെന്ന് അറിയിച്ചതനുസരിച്ച് പോലീസ് വന്നു പരിശോധിച്ചു. സാക്ഷിയായി എന്റെ പേരു കുറിച്ചെടുത്തു.കുറെകഴിഞ്ഞ് വേറൊരു ബസിൽ കയറ്റിവിട്ടു. 10 മണിയോടു അരമനയിലെത്തി.

**9.** അരമനയിൽ ചൊല്ലി. രാജനെപോയി കണ്ടു അവന്റെ കുഞ്ഞിനേയും കണ്ടു. അരമനയിൽ തിരിച്ചെത്തി. സിസ്റ്റർ വന്നു കണ്ടു. ഞായല്ലൂരിനോടു പാത്രിയാർക്കാസ്ഥാനം സംബന്ധിച്ചു സെനറ്റു നിശ്ചയം വാങ്ങി റമ്പാച്ചനെ ഏൽപ്പിച്ചു. റമ്പാച്ചൻ എഴുതിയ ഒരു പൊതു ലേഖനത്തിൽ ഞാൻ കൂടി ചിലഭാഗം എഴുതി ചേർത്തു. തിരുമേനി രാത്രിയിൽ വന്നു.

**10.** അരമനയിൽ ചൊല്ലി. അലവൻസ് കിട്ടി. ഉച്ചകഴിഞ്ഞ് പോരാൻ നേരം ഔതകുട്ടി കാറിൽ തമ്പാനൂരിൽ കൊണ്ടുവിട്ടു. 5 മണിക്ക് വീട്ടിലെത്തി. മണിയുടെ കത്ത് കിട്ടി. എല്ലാത്തിനും ജയിച്ചു. ഒരു സ്റ്റീൽ കമ്പിനിയിൽ 3 മാസത്തേക്ക് ജോലിയിൽ പ്രവേശിച്ചെന്നും 350 ഡോളർ വീതം കിട്ടുമെന്നും എഴുതിയിരുന്നു. ദൈവത്തെ സ്തുതിച്ചു പ്രാർത്ഥിച്ചു.

**15.** പരസ്യ കുർബാനചൊല്ലി. അത് കഴിഞ്ഞ് തിരുവനന്തപുരത്തിന് പോയി 12.45-ന് എത്തി. ഭക്ഷണം കഴിഞ്ഞ് വിശ്രമിച്ചു. 3 മണിക്ക് ജൂബിലി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പല പ്രധാന വിഷയങ്ങളും ചർച്ചചെയ്തു. 5 മണിവരെ നീണ്ടു. അനന്തരം ജോൺ ഒ.ഐ.സി. അച്ചനും റമ്പാച്ചനും, ഞാനും കൂടി മലങ്കര പാത്രിയാർക്കീസിനെപ്പറ്റി ആലോചിച്ചു. കൂടുതൽ ആലോചനക്കായി മാറ്റിവച്ചു. പിതാവ് 7 മണി കഴിഞ്ഞ് വന്നു. 11 മണിക്ക് ഞാൻ കിടന്നു.

**19.** 2 മണി കഴിഞ്ഞപ്പോൾ പത്തനംതിട്ട പോയി ബാങ്കു മീറ്റിംഗിൽ സംബന്ധിച്ചു. 5 മണിക്ക് വീട്ടിലെത്തി. തിരുമേനി വന്ന് വയലത്തല കാര്യം പിന്നെയും വഷളാകുന്നു, ഞാൻ അവിടെ പോയി വേണ്ടതു ചെയ്യണമെന്ന് പറഞ്ഞു. ഞാൻ സമ്മതിച്ചു. തിരുമേനിപോയി. അച്ചൻ കുഞ്ഞിനെ ഞാൻ വിളിച്ചു വയലത്തലപോയി കാര്യം അന്വേഷിച്ചു വരാൻ ചുമതലപ്പെടുത്തി.

**24.** രാവിലെ വയലത്തലയ്ക്ക് പോയി. ജോൺ സാറിന്റെ ഭാര്യയെ കണ്ടു പലകാര്യങ്ങളും ചോദിച്ചറിഞ്ഞു. മാടത്തുകയറി, പിന്നീട് കൊച്ചുസാറിന്റെ വീട്ടിൽ എത്തി ചില കാര്യങ്ങൾ അറിഞ്ഞശേഷം വല്ല്യസാറിനെ കണ്ടു. ഏവരും പറഞ്ഞതു വീടിന് കല്ലെറിഞ്ഞു എന്നു പറഞ്ഞതു ശരിയല്ല. ഉണ്ണൂണ്ണി എന്ന കള്ളുകുടിയനാണ് ശല്യമുണ്ടാക്കിയത് എന്നു പറഞ്ഞു. പള്ളിയിൽ പോയി അച്ചനുമായി



www.malankaralibrary.com

സംസാരിച്ചു. ജോൺജേക്കബച്ചനും വന്നു. പരാതിക്കാരൻ ജോർജിനെ വരുത്തി വിവരം അറിഞ്ഞു. കുടിയൻ ഉണ്ണൂണ്ണിയാണ് കല്ലെറിഞ്ഞത് എന്ന് പറഞ്ഞു. അവിടെനിന്ന് ഊണുകഴിഞ്ഞ് ഉതിമൂട്ടിൽ കുഞ്ഞുമോളുടെ വീട്ടിലും കയറിയിട്ടു മടങ്ങിപോന്നു.

**ജൂലൈ 5.** ഉച്ചകഴിഞ്ഞ് ബി.ഡി.സി. മീറ്റിംഗിന് വള്ളിക്കോടിന് പോയി. 3 മണിക്ക് കമ്മിറ്റി തുടങ്ങി പലകാര്യങ്ങളും ആലോചിച്ചു. 5 മണിക്ക് കാപ്പികഴിഞ്ഞ് പോന്നു.

**6.** രാവിലെ തിരിച്ചു 9.30– ന് അരമനയിലെത്തി. കുർബാന ചൊല്ലി. കർദ്ദിനാൾ തിരുമേനയുടെ (കാർഡിനൽ പാറേക്കാട്ടിൽ) പ്രോഗ്രാം കുറെ താമസിച്ചു പ്ലെയിൻ കിട്ടാത്തതുകൊണ്ട്. യൂണിവേഴ്സിറ്റിയിൽ വച്ചു അനുമോദനമീറ്റിംഗ് ഗവർണരുടെ അദ്ധ്യക്ഷതയിൽ നടന്നു. പലരും പ്രസംഗിച്ചു. കർദ്ദിനാൾ മറുപടി പറഞ്ഞു. സെയിൽസ് അച്ചനുമായി പാത്രിയാർക്കീസ് വാഴ്ചകാര്യം ആലോചിച്ചു. 10 മണിക്ക് കിടന്നു.

**7.** സി. കേശവൻ മരിച്ചതായി പത്രത്തിൽ കണ്ടു. രാവിലെ റമ്പാച്ചനും ഞാനും കൂടി കോളേജിലെത്തി പണിക്കരച്ചനുമായി പാത്രി യാർക്കീസു കാര്യം സംസാരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കർദ്ദിനാൾ അരമനയിലെത്തി ഫോട്ടോ എടുത്തു. അതുകഴിഞ്ഞപ്പോൾ കർദ്ദിനാൾ തിരുമേനിയും റമ്പാച്ചനും കൂടി പാത്രിയാർക്കീസ് കാര്യം സംസാരിച്ചു. നൂറുശതമാനം ആ കാര്യത്തിൽ വേണ്ടതു ഞാൻ ചെയ്യാം എന്ന് കർദ്ദിനാൾ പറഞ്ഞു. 9 മണി കഴിഞ്ഞ് ഗ്രീഗോറിയോസ് തിരുമേനി യുമായി കർദ്ദിനാൾ പറഞ്ഞകാര്യം റമ്പാച്ചനും ഞാനുംകൂടി സംസാരിച്ചു.

**8.** അരമനയിൽ ചൊല്ലി. റമ്പാച്ചനുമായി ജോണച്ചനും, പണിക്കരച്ചനും ഞാനുംകൂടി കർദ്ദനാൾ പറഞ്ഞകാര്യത്തെക്കുറിച്ചു സംസാരിച്ചു. സി.എം. എബ്രഹാം അച്ചനുപകരം പന്തോളിലച്ചനെ കമ്മിറ്റിയിൽ കോ– ഓപ്പറ്റു ചെയ്യുന്നകാര്യം ഏവരും സമ്മതിച്ചു. മിനിട്ടസിൽ അതെഴുതി ഞാൻ റമ്പാച്ചനെ ഏൽപ്പിച്ചു. ഉച്ചകഴിഞ്ഞ് മടങ്ങിപോന്നു.

**10.** പത്തനംതിട്ടപോയി രോഗത്തിൽ കിടക്കുന്ന കെ.എം.വറുഗീസ് വക്കീ ലിന്റെ ഭാര്യയെകണ്ടു. മടങ്ങിവന്നു. സ്കൂൾ എച്ച്. എം. ജേക്കബും കൊച്ചുകുട്ടിയും വന്ന് കുഞ്ഞുമത്തായി സ്കൂളിൽ ഉണ്ടാക്കിയ കുഴപ്പങ്ങൾ പറഞ്ഞു. അവനെ വരുത്തി കൊടുത്ത പ്രമാണങ്ങൾ മടങ്ങിവാങ്ങാൻ പറഞ്ഞു.അനാവശ്യം കാണിച്ചതിന് ശിക്ഷ





www.malankaralibrary.com

അനുഭവിക്കണം എന്നു പറഞ്ഞ് അവനെ നന്നായി ശാസിച്ചു. ഞാൻ ഇങ്ങനെ രണ്ടുകാര്യങ്ങൾ ചെയ്തുപോയി, എന്റെ പ്രവർത്തിയാണ്, മറ്റാർക്കും ഇതിൽ പങ്കില്ല എന്നു പറഞ്ഞു.

**12.** രാവിലെ വലയത്തല പള്ളിയിൽ പോയി. തിരുമേനിയും മറ്റു അച്ചന്മാരും ഉണ്ടായിരുന്നു. ജോൺ സാറിനു വേണ്ടി 7 പേരും കൂടി സമൂഹബലി അർപ്പിച്ചു. 11 മണിക്ക് വീട്ടിലെത്തി ധൂപപ്രാർത്ഥന നടത്തി. ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**13.** ജൂബിലി സുവനറിൽ ചേർക്കാൻ 'സ്മരണാകിരണങ്ങൾ' എഴുതിക്കൊണ്ടിരുന്നു.

**14.** 4 മണി കഴിഞ്ഞ് തിരുവനന്തപുരത്തിന് പോയി, 7.45 ന് അരമനയിലെത്തി താമസിച്ചു.

**15.** മാർ ഈവാനിയോസ് തിരുമേനിയുടെ 16-ാം ചരമവാർഷികത്തിന്റെ സമൂഹബലിയിൽ ഞങ്ങൾ 13 പേർ കുർബാന ചൊല്ലി. ഊണുകഴിഞ്ഞ് ഞാൻ കൊണ്ടുപോയ ലേഖനം ഏബ്രഹാം ജോസഫിനെ ഏൽപ്പിച്ചു. പട്ടം ഏൽക്കൽ വരെ ഉള്ളതാണ് കൊടുത്തത്. ഇനിയും അതിന്റെ തുടർച്ചകൂടി വേണമെന്ന് പറഞ്ഞു. 2.30-ന് പൊതു സമ്മേളനം കൂടി, പലരും പ്രസംഗിച്ചു.

**17.** പത്തനംതിട്ടപോയി വക്കീലാഫീസിൽ നിന്നും കുറേ പ്രമാണങ്ങൾ നോക്കാൻ കൊണ്ടുവന്നു. കുറെ മരുന്നും വാങ്ങിവന്നു. ഇന്നു വൈകിട്ടു മുതൽ 21 ആവർത്തിച്ച ക്ഷീരബല കുടിച്ചുതുടങ്ങി.

**21.** എണ്ണസേവയും പത്ഥ്യവും ആയി കഴിയുന്നു. പലതും വായിക്കുകയും എഴുതുകയും ചെയ്യുന്നു. ജോയിക്കുട്ടി തിരുമേനിയെപ്പറ്റി ഇംഗ്ലീഷിൽ ഒരു ലേഖനം ജൂബിലി സുവനറിൽ ചേർക്കാൻ അയച്ചു തന്നത് കിട്ടി.

**26.** രാവിലെ അരമനയിലെത്തി കുർബാനചൊല്ലി. 3 മണിക്ക് ജൂബിലി എക്സിക്യൂട്ടീവ് കമ്മിറ്റികൂടി പലതും ആലോചിച്ചു തീരുമാനിച്ചു. 4.30 ന് കമ്മിറ്റി കഴിഞ്ഞ് കമ്മിറ്റിയുടെ ഗ്രൂപ്പ്ഫോട്ടോ എടുത്തു.

**27.** അരമനയിൽ ചൊല്ലി. ഉച്ച ഊണുകഴിഞ്ഞ് തിരുമേനിയുമായി മണിയുടെ കാര്യം സംസാരിച്ചു. പിന്നെ ഇ.എസ്. ജോണച്ചന്റെ ഉപരിപഠനം സംബന്ധിച്ചു ദീർഘമായി സംസാരിച്ചു. അങ്ങനെചെയ്യാം തൽക്കാലത്തേക്ക് പള്ളിയിൽ പോയി ഭരണംനടത്തട്ടെ, കുഴപ്പമില്ലാതെ ഞാൻ ചെയ്യാം എന്നു പറഞ്ഞു. ഞാനുടനെ മടങ്ങിപോന്നു. 6.45-ന് വീട്ടിലെത്തി.



www.malankaralibrary.com

**28.** കേസിന്റെ അവധിയാകയാൽ പത്തനംതിട്ട പോയി വക്കീലുമായി സംസാരിച്ചിട്ടു പോന്നു. ഊണുകഴിഞ്ഞ് അഞ്ചൽ കോളേജിലേക്ക് പോയി. 3.30 ന് അവിടെഎത്തി ഫിലിപ്പച്ചനെ കണ്ടു മണിയുടെ ശമ്പളകാര്യം പറഞ്ഞു. പാത്രിയാർക്കീസ് കമ്മറ്റി കർദ്ദിനാൾ തിരുമേനിയെ കണ്ടു അപേക്ഷിക്കാൻ ഒരുങ്ങണമെന്നും പറഞ്ഞു. ആശുപത്രിയിൽ എത്തി പരിശോധിപ്പിച്ചു. ബ്ലഡ് ഷുഗർ കൂടുതലാണ്. ഒരു ഗുളിക ദിവസവും എടുക്കണമെന്ന് പറഞ്ഞു. മടങ്ങിപോന്നു.

**ആഗസ്റ്റ് 6.** പത്തനംതിട്ട പോയി വക്കീലിനെ കണ്ടു സംസാരിച്ചിട്ടു മടങ്ങിവന്നു. 12 മണി കഴിഞ്ഞപ്പോൾ കോന്നി തങ്കപ്പനും തമ്പികുഞ്ഞും റാന്നി പാപ്പിയും മറ്റും വന്നു. തമ്പികുഞ്ഞിന്റെ മകന്റെ അഡ്മിഷൻ സംബന്ധിച്ചു മാർ ഈവാനിയോസ് കോളേജിൽ പോകാൻ നിർബന്ധിച്ചു. ഞങ്ങൾ 1.30 ന് കാറിൽ തിരിച്ചു. ഞാൻ അരമനയിൽ താമസിച്ചു.

**7.** അരമനയിൽ ചൊല്ലി. തങ്കച്ചനും മറ്റും വന്നു. ഞങ്ങൾ കോളേജിലെത്തി അച്ചനുമായി സംസാരിച്ചു. ഒടുവിൽ എം.കോമിന് അഡ്മിഷനു വേണ്ടി വെയ്റ്റിംഗ് ലിസ്റ്റിൽ 1-ാം നമ്പരായി പേരിട്ടു. അതുകഴിഞ്ഞ് ഞങ്ങൾ തിരിച്ചു അഞ്ചലിൽ കയറി നോക്കി. അവിടെയില്ല. പിന്നീടു പത്താനാപുരത്ത് തമ്പികുഞ്ഞിന്റെ വീട്ടിൽ കയറി ഊണുകഴിഞ്ഞു പോന്നു.

**15.** ഉച്ചകഴിഞ്ഞ് ചങ്ങനാശ്ശേരിക്ക് പോയി 5 മണിയോടു മാപ്പിള സാറിന്റെ വീട്ടിലെത്തി. സാറു നാളെ യൂറോപ്യൻ യാത്രയ്ക്ക് പോകുകയാണ്. അനേകർ വന്നു കണ്ടു. രാത്രി 11 മണിക്ക് ഞാൻ കിടന്നു.

**16.** വെളുപ്പിന് എല്ലാവരും ഉണർന്ന് ഒരുങ്ങി. 5 മണിക്ക് പ്രാർത്ഥന കഴിഞ്ഞ് സാറും മറ്റും കാറിൽ എറണാകുളത്തിന് പോയി. സാറിന് യാത്രാ മംഗളം പറഞ്ഞിട്ട് ഞാനും കൂടി ഇറങ്ങി കവലയിലെത്തി പത്തനംതിട്ടയ്ക്ക് പോന്നു. 8 മണിക്ക് വീട്ടിലെത്തിയപ്പോൾ പുത്തൻ പീടികയിലെ അളിയൻ മരിച്ചതായി അറിഞ്ഞു. അവിടെ പോയി കണ്ടു അടക്കം കഴിഞ്ഞ് ഞാനും ഭാര്യയും മടങ്ങി പോന്നു. 4 മണിക്ക് ശേഷം പള്ളിയിൽ പോയി കുർബാന ചൊല്ലി.

**17.** കുമ്പഴ വടക്ക് 4 മണിക്ക് പോയി റമ്പാച്ചനെ കണ്ടു. തോമസ് അച്ചനും അവിടുണ്ടായിരുന്നു. കുടുംബയോഗം സംബന്ധിച്ച് സംസാരിച്ചു. യോഗത്തിൽ ഞാൻ കൂടുന്നില്ലെന്ന് പറഞ്ഞു. ആത്മാർത്ഥതയില്ലാത്തവരാണ് ഇപ്പോഴത്തെ ചുമതലക്കാർ. അവർ എന്തെങ്കിലും ചെയ്യട്ടെ എന്ന് പറഞ്ഞ്, ഞാൻ പോന്നു.



www.malankaralibrary.com

**21.** ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി സഹകരണബാങ്കിലെത്തി. യൂണിയനിൽ നിൽക്കാൻ ഞാൻ നോമിനേഷൻ കൊടുത്തിരുന്നു. മറ്റു അനേകംപേർ നോമിനേഷൻ കൊടുത്തിട്ടുണ്ട്. ഒരു പാനൽ ഉണ്ടാക്കാൻ സഹകാരികൾ കൂടി പരിശ്രമിച്ചു. മാത്തൻ തരകൻ സാറിന്റെ വീട്ടിൽ കൂടി കോന്നിയിൽ നിന്നുമുള്ളവരേയും ചേർത്ത് ലിസ്റ്റ് ഉണ്ടാക്കിയപ്പോൾ 4 പേരുകൾ വന്നു. ഒരാൾ കൂടുതലാകയാൽ ഞാൻ പിന്മാറി. കുറെകഴിഞ്ഞ് തിരിച്ചുപോന്നു. രാത്രി 10.30-ന് വി. എസ്. ജോർജും മറ്റു സഹകാരികളും വന്ന് ഞാൻ പിന്മാറരുത്, എന്നെയും ചേർത്തു പാനൽ ഉണ്ടാക്കി എന്നു പറഞ്ഞു. ഞാൻ സമ്മതിക്കണമെന്ന് നിർബന്ധിച്ചു പറഞ്ഞു. അവസാനം ഞാൻ ഒപ്പിട്ടുകൊടുത്തു.

**27.** ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തിന് പോകാൻ പുറപ്പെട്ടു, 7.45-ന് അരമനയിലെത്തി. വകയാറ്റു അച്ചനെപ്പറ്റി ചില വിവരങ്ങൾ അറിഞ്ഞു. അരമനയിൽ താമസിച്ചു.

**28.** തിരുമേനിയുടെ ജൂബിലി ദിനമാണ്. തിരുമേനിയോടുകൂടി 21 അച്ചന്മാരും ചേർന്ന് സമൂഹബലി അർപ്പിച്ചു. ലഞ്ചിൽ സംബന്ധിച്ചു. പാത്രിയാർക്കീസുമായി സംസാരിച്ചു. 4 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു കർദ്ദിനാൾ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. 6-ന് പിരിഞ്ഞു. ഞാൻ എം.പി. അലക്സാണ്ടറുടെ കാറിൽ കൈപ്പട്ടൂർ എത്തി. കുഞ്ഞമ്മയുടെ വീട്ടിൽപോയി കിടന്നു.

**29.** ഇന്ന് യൂണിയൻ പാനൽ സ്ഥാനാർത്ഥികൾ കൂടി പലതും ആലോചിച്ചു. 20 രൂപ ഞാൻ കൊടുത്തു. ഉതളക്കുഴി ഉണ്ണൂണ്ണിച്ചൻ വന്ന് വകയാറ്റെ വഴക്കുകാര്യം പറഞ്ഞു.

**സെപ്റ്റംബർ 1.** വകയാറ്റുനിന്നും ദാനിയേൽ വന്ന് അവിടുത്തെ വിവരങ്ങൾ പറഞ്ഞു. ഉതളക്കുഴി ഉണ്ണൂണ്ണിച്ചനും കുഞ്ഞൂഞ്ഞുംകൂടി വന്ന് പല കാര്യങ്ങളും പറഞ്ഞു. തിരുമേനിയെകണ്ടു പറയാൻ ഞാൻ പറഞ്ഞയച്ചു.

**3.** പത്തനംതിട്ടപോയി 11 മണിയോടുകൂടി വോട്ട് കാൻവാസ് ചെയ്യാൻ പാനൽ സ്ഥാനാർത്ഥികൾ കാറിൽ പോയി. ഞങ്ങൾ പുത്തൻപീടിക, ഓമല്ലൂർ, പ്രക്കാനം, ചെന്നീർക്കര, ഇലവുംതട്ട, പുന്നയ്ക്കാട്, കോഴഞ്ചേരി, ഇലന്തൂർ മുതലായ സംഘങ്ങളിൽ പോയിട്ടു തിരിച്ചെത്തി.

**5.** വി. എസ്. ജോർജും മറ്റും പാനലുമായി സംഘം ഓഫീസിലെത്തി പലകാര്യങ്ങളും പറഞ്ഞു. കമ്മിറ്റി മീറ്റിംഗ് കൂടി. അവർ പോയി.

**6.** വോട്ടു സംബന്ധിച്ചു പലരേയും പല സംഘങ്ങളിലേക്കയച്ചു. വൈകിട്ടു 8 മണിക്ക് പാനൽകാർ വന്ന് മീറ്റിംഗ് കൂടി, പല കാര്യങ്ങളും



www.malankaralibrary.com

ആലോചിച്ചു തീരുമാനിച്ചു. ചെലവിന്റെ 30 രൂപ കൊടുക്കണം. രാത്രി 12 മണിക്ക് അവർ പോയി.

**7.** പരസ്യ കുർബാന കഴിഞ്ഞു പത്തനംതിട്ടപോയി. ഗവ.ഹൈസ്കൂളിൽ വച്ചു തെരഞ്ഞെടുപ്പു നടന്നു. പുതുതായി വന്ന അനേകരുമായി പരിചയപ്പെട്ടു സംസാരിച്ചു. 3 മണിയോടു മടങ്ങിപോന്നു. വോട്ടിന്റെ ഫലം അറിയാൻ കാത്തിരുന്നു. 10 മണി കഴിഞ്ഞപ്പോൾ ജോണിവന്നു പറഞ്ഞു എല്ലാവരിലും കൂടുതൽ വോട്ടു, 357 വോട്ടു, എനിക്കു കിട്ടിയെന്ന്. പാനലിൽ 6 പേർ ജയിച്ചു.

**9.** ഉച്ചകഴിഞ്ഞ് തിരുവല്ലായിൽ പോയിട്ടു തിരിച്ചുവന്നവഴി കോഴഞ്ചേരിയിൽ ഇറങ്ങി പാനലിൽ ജയിച്ച തയ്യലേത്തു മുതലാളിയെ കണ്ടു. ഞാൻ തന്നെ യൂണയൻ പ്രസിഡന്റ് ആയിരിക്കണമെന്നു പറഞ്ഞു. പത്തനംതിട്ട വച്ച് കേശവപിള്ളയും അതുതന്നെ പറഞ്ഞു. ഉണ്ണികൃഷ്ണൻ നായർ കേന്ദ്ര യൂണിയൻ മെമ്പറാകണമെന്ന് ഞാനും പറഞ്ഞു.

**10.** രാവിലെ വകയാറ്റു എത്തി തങ്കച്ചനേയും രാജനേയും കണ്ടു. കോന്നിയിൽ ഒരു ആശുപത്രി തുടങ്ങുന്നതിനു ബഥനി സിസ്റ്റേഴ്സ് രണ്ടുപേരെ കൊടുക്കുന്നകാര്യം തിരുമേനിയോടു ആലോചിക്കണമെന്ന് അവർ പറഞ്ഞു. ഉടനെ ഞാൻ തിരുവനന്തപുരത്തിന് പോയി 5 മണിക്ക് അരമനയിൽ എത്തി. പുതിയ അരമനയിൽ ഗാന്ധി ജയന്തി സംബന്ധിച്ച മീറ്റിംഗിൽ കൂടി, അവിടെ തന്നെ താമസിച്ചു.

**11.** അരമനയിൽ സമൂഹബലി അർപ്പിച്ചു. ടി. കെ. കോശിയെ കണ്ടു. മണിയുടെ ശമ്പളം കിട്ടത്തക്കതുപോലെ ഓർഡർ ആയെന്നും വർക്കിയുടേതു ഒന്നുമായില്ലെന്നും തിരുമേനിയോടു പറഞ്ഞു. തിരുമേനി മുൻപ് വൈസ്ചാൻസലർ ആയിരുന്ന ശ്രീ. നാരായണ പിള്ളയെ ഫോണിൽ വിളിച്ചു എന്നെ അയക്കുന്നകാര്യം പറഞ്ഞു. കാർഡും തന്നു. ഞാൻ ഉച്ചകഴിഞ്ഞ് വഴുതക്കാട്ടുപോയി അദ്ദേഹത്തെ കണ്ടു. ഒരു അപേക്ഷ നേരത്തെ കൊടുത്ത അപേക്ഷയുടെ കാര്യം പറഞ്ഞ് കൊടുക്കാൻ പറഞ്ഞു. 4.30 ന് ഞാൻ മടങ്ങിപോന്നു.

**20.** പത്തനംതിട്ട സഹകരണബാങ്കിലെത്തി വി.എസ്. ജോർജിനെ അവിടെ വച്ചുകണ്ടു. എന്റെ അടുക്കൽ വന്ന് അടുത്തപടി പ്രസിഡന്റ് തെരഞ്ഞെടുപ്പിന് ഞാൻ നിൽക്കണമെന്ന് തീർത്തു പറഞ്ഞു. തിരുവനന്തപുരത്തുള്ള കമ്മിറ്റിയിലേക്ക് വി. എസ്. ജി. നിൽക്കും, സഹായിക്കണമെന്ന് പറഞ്ഞു.





www.malankaralibrary.com

**22.** കോഴിമല പൊന്നച്ചന്റെ കല്ല്യാണ നിശ്ചയത്തിന് മേക്കൊഴൂരിൽ പോയി. അത് കഴിഞ്ഞ് വീട്ടിലെത്തി. പെരുനാടു മത്തപ്പനും ദാമോദരനും പ്രസിഡന്റാകാൻ എനിക്കുവേണ്ടി വോട്ടുചെയ്യാമെന്ന് തീർത്തു പറഞ്ഞു. 4 മണിക്ക് ഞാൻ തിരുവനന്തപുരത്തിന് പോയി അരമനയിലെത്തി.

**23.** അരമനയിൽ ചൊല്ലി. തിരുമേനി ഡോ. ഏബ്രഹാമിനെ വിളിച്ചു ജോയിയുടെ കാര്യം ചോദിച്ചു വിവരം അറിഞ്ഞു. അരമനയിൽ നിന്നും പണം വാങ്ങി ഫിലിപ്പച്ചന്റെ കാറിൽ അഞ്ചലിലേക്കു പോന്നു. വട്ടപ്പാറയ്ക്ക് അടുത്തുവച്ചു ട്രാൻസ്പോർട്ടു ബസുമായി കൂട്ടിമുട്ടി കാറിന്റെ ലൈറ്റുംമറ്റും പോയി. കുറെ തർക്കം കഴിഞ്ഞ് ഞങ്ങൾ അഞ്ചലിലേക്ക് മടങ്ങി. ചില രേഖകൾ എഴുതി കൈമാറിയ ശേഷം ഊണുകഴിഞ്ഞ് ഞാനും ചുട്ടിപ്പാറ അച്ചനും (ഫാ.ജോഷാ) കൂടി പത്തനാപുരത്ത് എത്തി. അച്ചൻ പള്ളിയിലേക്ക് പോയി, ഞാൻ ബസിൽ മൈലപ്രായ്ക്കു പൊന്നു.

**28.** ജൂബിലി വിശേഷാൽ പ്രതിയിൽ ലേഖനം എഴുതിയവരെ തിരുമേനി ക്ഷണിച്ചതനുസരിച്ചു തിരുവനന്തപുരത്തിന് പോയി. എന്റെ ലേഖനം സ്മരണാകിരണങ്ങൾ അതിൽ ചേർത്തിരുന്നു. 4.30-ന് തുടങ്ങിയ മീറ്റിംഗ് 8 മണിക്കു തീർന്നു. തിരുമേനി ലേഖകരെ അനുമോദിച്ചു ടീപാർട്ടി നടത്തിയിരുന്നു.

**ഒക്ടോബർ 2.** 7 മണിക്ക് 4 അച്ചന്മാർ കൂടി കുർബാന ചൊല്ലി. കാപ്പി കഴിഞ്ഞ് 9 മണിക്കുശേഷം കോഴിമല പൊന്നച്ചന്റെ വിവാഹം തുടങ്ങി, 11 മണിയോടു എല്ലാം കഴിഞ്ഞു. ഞങ്ങൾ വീട്ടിൽപോയി ഊണും കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ സ്കൂൾ പണി കണ്ടു. 2-ാം നില വാർത്തു. ഉച്ചകഴിഞ്ഞ് ആശുപത്രിയിൽ പോയി ബി.പി. യും ബ്ലഡും മറ്റും പരിശോധിപ്പിച്ചു.

**7.** രാവിലെ ഞാനും, ഭാര്യയും മോളിയും കുഞ്ഞൂട്ടിയും കൂടി ബസിൽ പാലായ്ക്കു പോയി. ഭരണങ്ങാനത്ത് 10 മണിക്കെത്തി. കബറിടത്തിൽ നേർച്ച കുർബാന ചൊല്ലി നേർച്ചയും മറ്റും കൊടുത്തു ഉടനെ മടങ്ങി. പാലായിൽ ഉണ്ടിട്ടു പോന്നു. 6 മണിക്ക് വീട്ടിലെത്തി.

**8.** മൈലപ്രാപള്ളിയിൽ വച്ചു അച്ചന്മാരുടെ ധ്യാനം ആയിരുന്നു. ധ്യാനവും കുമ്പസാരവും ഊണും കഴിഞ്ഞ് പോന്നു.

**10.** ഞാനും കുര്യച്ചനം കൂടി ചങ്ങനാശ്ശേരി തിരുമേനി (മാർ മാത്യു കാവുക്കാട്ടു) മരിച്ചതറിഞ്ഞ് അവിടെ പോയി കൈമുത്തി. കുറച്ചു സമയം കഴിഞ്ഞ് ഊണു കഴിഞ്ഞ് കുമ്പഴ അച്ചൻ ചെത്തിപ്പുഴ



www.malankaralibrary.com

ആശുപത്രിയിലുണ്ടെന്നറിഞ്ഞ് അവിടെപോയി. അച്ചൻ അവിടെ നിന്നും പോയിരുന്നു. ഞങ്ങൾ മാപ്പിള സാറിന്റെ വീട്ടിൽ കയറിയിട്ടു മടങ്ങിപോന്നു.

**17.** ഇന്ന് സംഘം ഓഫീസിൽ ഓഡിറ്റ് ചെയ്തു. കുറെ കുറ്റങ്ങൾ ചൂണ്ടി കാണിച്ചു. അറിഞ്ഞുകൊണ്ടു ചെയ്തതല്ലാത്തതിനാൽ അവ പരി ഹരിക്കാൻ ഏർപ്പാടു ചെയ്യാം എന്നു പറഞ്ഞു. കണക്ക് എഴുതുന്ന മാതൃക ശരിയല്ലെന്നാണ് അഭിപ്രായം.

**19.** ഊന്നൽ പാറയ്ക്കൽ ഉള്ള ഒരു സ്ത്രീ അവളെ കുമ്പഴ ബേബി, കൊച്ചുവിളയിൽ പെണ്ണമ്മയുടെ ഭർത്താവ് രാവിലെ പള്ളിയിൽ പോയപ്പോൾ കഠിനമായി വഴക്കും ചീത്തയും പറഞ്ഞതായി സങ്ക ടത്തോടു വന്നു പറഞ്ഞു. അവളുടെ ഭർത്താവിനെ തൊലയ്ക്കും എന്നും മറ്റും, വികാരി അച്ചനോടു പറയാൻ പറഞ്ഞയച്ചു. അച്ചനോടു പറഞ്ഞശേഷം അവൾ വന്ന് അച്ചൻ അതിൽ ഇടപെടുന്നില്ലെന്നും മറ്റും പറഞ്ഞു. ഞാൻ അവളെ സാന്ത്വനപ്പെടുത്തിയയച്ചു.

**24.** താലൂക്ക് സഹകരണ ബാങ്കിൽ പോയി സംഘത്തിനു വേണ്ടി പണം കടം വാങ്ങാൻ ഏർപ്പാടു ചെയ്തു. വൗച്ചറിൽ ഒപ്പിട്ടുകൊടുത്തു. വക്കീലാഫിസിലെത്തി വക്കീലുമായി കേസുകാര്യവും സംസാരിച്ചു. നിയമസഭയിൽ പ്രമേയം 9 വോട്ടിന്റെ കൂടുതലിൽ പാസായതായി റേഡിയോയിൽ കേട്ടു. പിന്നീട് ഇ. എം. എസ്. രാജിവച്ചതായും കേട്ടു.

**29.** ഉച്ചകഴിഞ്ഞ് മുഖത്തലക്കുപോയി, 5 മണിക്കെത്തി, പ്രാർത്ഥന, നൊവേന, ജപമാല, വാഴ്വ് ഇവയിലെല്ലാം സംബന്ധിച്ചിട്ടു നേർച്ച ഇട്ടു. കുളിച്ചു ഊണും കഴിഞ്ഞ് കിടന്നു.

**30.** 6.15-ന് പരസ്യകുർബാന ചൊല്ലി. കാപ്പികഴിഞ്ഞ് അച്ചൻ കാറിൽ കുണ്ടറ കൊണ്ടുവിട്ടു. ഗിൽബർട്ടച്ചൻ 3 കുർബാന ചൊല്ലാൻ 21 രൂപ തന്നു. 1 മണിയോടു വീട്ടിലെത്തി.

**നവംബർ 2.** ജോയി കോഴിക്കോടുനിന്നും കേരള യൂണിവേഴ്സിറ്റിയി ലേക്ക് ഒപ്റ്റ് ചെയ്തതിന്റെ പേരിൽ ട്രാൻസ്ഫർ വാങ്ങിവന്ന് തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റിയിൽ ജോയിൻ ചെയ്തതായി വിളിച്ചുപറഞ്ഞു.

**4.** മൈലപ്രാ സംഘത്തിൽ കൂടുതൽ ഓഹരി ചേർത്തു സർവീസ് സംഘം ആക്കുന്നതിനായി കമ്മിറ്റിക്കാർ ചുറ്റിക്കറങ്ങി ആളുകളെ ചേർത്തുകൊണ്ടിരുന്നു. ഞാൻ ഓഫീസിലിരുന്ന് ഓരോരുത്തരെ വിളിച്ചുവരുത്തി ചേർപ്പിച്ചു പോന്നു.



www.malankaralibrary.com

6. ഈ ദിവസങ്ങളിൽ സംഘം ഓഫീസിലിരുന്ന് കൂടുതൽ ആളുകളെ ചേർത്ത് ഓഹരികൂട്ടികൊണ്ടിരുന്നു. പത്തനംതിട്ട സംഘം സർക്കിൾ ഇൻസ്പെക്ടറും മറ്റും വന്ന് സഹകരണവാരം മീറ്റിംഗ് ഇവിടെ എന്റെ അദ്ധ്യക്ഷതയിൽ നടത്തി. പലരും പ്രസംഗിച്ചു. സഹകരണ സർവീസ് സംഘം ആക്കാനുള്ള 1000 ഓഹരി പൂർത്തിയായതായി ഞാൻ പ്രഖ്യാപിച്ചു. 7-ന് തീർന്നു.
7. ഉച്ചകഴിഞ്ഞ് കോന്നി സഹകരണ സെമിനാറിൽ സംബന്ധിക്കാൻ പോയി, 2.10-ന് എന്റെ അദ്ധ്യക്ഷതയിൽ കൂടി. അനേകർ വന്ന് പങ്കെടുത്തു. 9 വിഷയം സംബന്ധിച്ച് പ്രസംഗം ഉണ്ടായിരുന്നു. 5 മണിക്ക് ഫോട്ടോ എടുത്തു പിരിഞ്ഞു.
9. മേലേതിൽ തോമസിന്റെ മകളുടെ കല്ല്യാണം സംബന്ധിച്ചു വീട്ടിൽ പോയതിനുശേഷം യാക്കോബായ പള്ളിയിലെ ജോർജ്ജച്ചന്റെ വസതിയിൽ പോയി. പല അച്ചന്മാരും വന്നു. ക്രിസ്തുമസ് യൂണിയൻ ആഘോഷം സംബന്ധിച്ചു യോഗം എന്റെ അദ്ധ്യക്ഷതയിൽ കൂടി. പലകാര്യങ്ങളും ആലോചിച്ചു. മന്ത്രി കെ. എം. ജോർജിനെ സംയുക്ത മീറ്റിംഗ് ഉൽഘാടകനായി വരുത്തുന്നതിനു എന്നെ ചുമതലപ്പെടുത്തി. 7.30 ന് പിരിഞ്ഞു.
10. ഉച്ചകഴിഞ്ഞ് നെടുമങ്ങാടു ജോർജ് വന്ന് അവന് ദോഷമായി സാക്ഷി എഴുതരുതെന്ന് പറഞ്ഞു. എനിക്ക് അറിവുള്ളതു മാത്രമേ പറയുകയുള്ളു, കള്ളം പറയുകയില്ല എന്ന് പറഞ്ഞ് വിട്ടു. പാലമൂട്ടിലെ കൊച്ചമ്മ വീണു മയങ്ങികിടക്കുന്നതു പോയി കണ്ടിട്ടു വന്നു.
11. പാലമൂട്ടിലെ കൊച്ചമ്മ 10 മണിക്ക് മരിച്ചതായി അറിഞ്ഞു. ഞാൻ പോയി കണ്ടിട്ടു മടങ്ങിവന്നു.
12. രാവിലെ കോഴിമലയിലെ കുഞ്ഞവറാച്ചന്റെ അമ്മായി അമ്മ മരിച്ചതായി അറിഞ്ഞ് പോയി കണ്ടു പ്രാർത്ഥന നടത്തിയിട്ടു പോന്നു. വീട്ടിലെത്തി കാപ്പികഴിഞ്ഞ് മാക്കാംകുന്നേൽ പോയി 11 മണിക്ക് കൊച്ചമ്മയുടെ സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. 2 മെത്രാന്മാരും അനേകം അച്ചന്മാരും ആളും ഉണ്ടായിരുന്നു. 12 മണിക്ക് മടങ്ങി വന്നു. 2 മണിക്ക് കോഴിമലയിൽ പോയി, പ്രാർത്ഥന കഴിഞ്ഞ് മൃതശരീരം പള്ളിയിൽ കൊണ്ടുവന്നു. 4 മണിക്ക് അടക്കം കഴിഞ്ഞു.
13. ഉച്ചകഴിഞ്ഞ് 3 മണിക്ക് ചങ്ങനാശ്ശേരിക്ക് പോയി. 6 മണി കഴിഞ്ഞ് മാപ്പിളസാറിന്റെ വീട്ടിലെത്തി. ഏബ്രഹാം വടക്കേലച്ചനും അവിടെ വന്നു. ഞങ്ങൾ പലകാര്യങ്ങളും പറഞ്ഞ് അവിടെ കഴിച്ചുകൂട്ടി. 7 മണിക്ക് ജോയി വന്നു. 10 മണിക്ക് മാപ്പിള സാറും പാർട്ടിയും വന്നു.



www.malankaralibrary.com

ഞാൻ സ്തോത്രപ്രാർത്ഥന നടത്തി. സാറു യൂറോപ്യൻ പര്യടനം കഴിഞ്ഞ് വന്നതാണ്. അവിടെ ഉറങ്ങി.

**14.** രാവിലെ തിരുവനന്തപുരം ബസിൽ തിരിച്ചു ഉച്ചയോടുകൂടി അരമനയിലെത്തി. 3 മണിക്ക് സെക്രട്ടറിയേറ്റിൽ എത്തി മന്ത്രി കെ. എം. ജോർജിനെ കണ്ടു ക്രിസ്തുമസ് മീറ്റിംഗിന് മൈലപ്രായിൽ വരണമെന്ന് ആവശ്യപ്പെട്ടു. വരാമെന്ന് സമ്മതിച്ചു. ഞാൻ തിരിച്ചു അരമനയിലെത്തി. വൈകിട്ടു പ്രാർത്ഥന, ഊണു എല്ലാം കഴിഞ്ഞു പിതാവുമായി കുറെ സമയം സംസാരിച്ചിരുന്നു. 10 മണിക്ക് ഉറങ്ങാൻ കിടന്നു.

**16.** വൈകിട്ടു 5 മണിക്ക് 12 പള്ളിക്കാരുടെ എക്യുമിനിക്കൽ മീറ്റിംഗ് സംബന്ധിച്ചു ആലോചിക്കാൻ അച്ചന്മാരും പ്രതിനിധികളും കൂടി. ഞാൻ പ്രസിഡന്റായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. വർക്കിംഗ് കമ്മിറ്റിയിലേക്ക് ഞാനും തയ്യിലെ അച്ചനും കൂടി ആളെ നിർദ്ദേശിക്കാൻ നിശ്ചയിച്ചു.

**20.** രാവിലെ തിരുവനന്തപുരം സബ് കോർട്ടിലെ ഒരു സമൻസുമായി പ്യൂൺ വന്നു. 12.50 രൂപ തന്നു. അവിടെ 29-ാം തീയതി ചെല്ലുന്നതിനു വേണ്ടി. പന്തോളിൽ ഫിലിപ്പച്ചന്റെ കേസിന് സാക്ഷി എഴുതാനാണ്. ഞാൻ ഒപ്പിട്ടു കൊടുത്തു. 9 മണിക്ക് ഞാനും കുര്യച്ചനും കൂടി തൊമ്മികുഞ്ഞിന്റെ മകന്റെ കല്ല്യാണത്തിന് വീട്ടിൽ പോയി. 3 മണിക്ക് പള്ളിയിൽ പോയി. തിരുമേനിയും അനേകം അച്ചന്മാരും ഉണ്ടായിരുന്നു കല്ല്യാണത്തിന്. വീട്ടിലെ കാപ്പികഴിഞ്ഞ് ഞങ്ങൾ തങ്കപ്പൻ നായരുടെ കാറിൽ തിരിച്ചു പോന്നു.

**24.** കാപ്പി കഴിഞ്ഞ് കുമ്പഴ ജംഗ്ഷനിൽ എത്തി. അരുവാപുലത്തുനിന്ന് തൊമ്മികുഞ്ഞിന്റെ മകളുടെകല്ല്യാണ പാർട്ടി നിരണത്തുപോകാൻ വരും. അവരോടുകൂടി ചേരാൻ കുര്യച്ചനും, എബ്രഹാം അച്ചനും ഞാനും തയ്യാറായി നിന്നു. 11 മണിക്ക് കാർ വന്നു ഞങ്ങൾ കയറി. കാറുമല നിന്നും ലൂക്കോസ് മാക്കിൽ അച്ചനും ഉണ്ടായിരുന്നു. 12 മണിക്ക് തിരുവല്ലാ തിരുമേനി വന്നു. അനേകം അച്ചന്മാരും ഉണ്ടാ യിരുന്നു. തിരുമേനി വിവാഹം ആശീർവദിച്ചു. ഊണുകഴിഞ്ഞ് മേളാം പറമ്പിൽ എത്തി വിശ്രമിച്ചു. 3 മണിക്ക് മടങ്ങി. 5 മണിക്ക് വീട്ടിലെത്തി.

**29.** അരമനയിൽ ചൊല്ലി. 10 മണിക്ക് കോടതിയിലേക്ക് പോയി. 11.15ന് എന്നെ വിസ്തരിച്ചുതുടങ്ങി. എനിക്ക് അറിയാവുന്നതും ജോർജ് എന്നോടു പറഞ്ഞതും പറഞ്ഞു. ക്രോസും നടന്നു. ഊണുകഴിഞ്ഞ് അരമനയിലെത്തി. ഫിലിപ്പച്ചന്റെ കാറിൽ അഞ്ചലിൽ എത്തി.





www.malankaralibrary.com

അവിടെ നിന്നും പോന്നു 4.30 ന് വീട്ടിലെത്തി. 5 മണിക്ക് സംഘം മീറ്റിംഗ് തുടങ്ങി. ആദ്യം കുറെ പ്രശ്നങ്ങൾ ചിലർ ഉണ്ടാക്കി. അതു കഴിഞ്ഞ് ബൈലോവായിച്ചു പാസാക്കി. യോഗംപിരിഞ്ഞു.

**ഡിസംബർ 1.** പഞ്ചായത്ത് ഓഫീസിലെത്തി ഗസറ്റു കണ്ടു, 18-11-1969 ലേതു സഹകരണ യൂണിയൻ മെമ്പറന്മാരുടെ പേരുകൾ അതിലുണ്ട്. മന്ത്രി കെ. എം. ജോർജിനെ അനുമോദിച്ചു അയച്ച കത്തിന് നന്ദി പ്രകടിപ്പിച്ചു മറുപടികിട്ടി.

**7.** രാവിലെ ചെങ്ങറപോയിട്ടു വന്നു. 5 മണിക്ക് സ്കൂളിൽ ക്രിസ്ത്യൻ സഭാ മീറ്റിംഗ് കമ്മിറ്റികൂടി. എന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി ഞാൻ സ്വാഗതപ്രസംഗം നടത്തണമെന്ന് നിശ്ചയിച്ചു.

**15.** ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തിന് പോയി. 4.40-ന് അരമനയിലെത്തി. ജോയിയെ പാളയത്തുനിന്നും വിളിച്ചു വരുത്തി. 7 മണിക്ക് കുരുവിള അച്ചനും, ജോസ് മാത്യു അച്ചനും, ഞാനും, ജോയിയും കൂടി കുമാരപുരത്ത് രാജന്റെ വീട്ടിൽ പോയി പല കാര്യങ്ങൾ സംസാരിച്ചു. അതുകഴിഞ്ഞു എല്ലാവരും കൂടിപോയി ജോണച്ചനെ കണ്ടു. അരമനയിൽ തിരിച്ചെത്തി.

**18.** വൈകിട്ടു സംഘം മീറ്റിംഗ് നടന്നു. സർവീസ് സംഘമായി 4-ാം തീയതി ഉൽഘാടനം ചെയ്യാൻ നിശ്ചയിച്ചു. അതിനുവേണ്ട എല്ലാ കാര്യങ്ങളും ചെയ്യാനും നിശ്ചയിച്ചു.

**20.** പുന്തല കോശി സാർ മരിച്ചു എന്നറിഞ്ഞു. തിരുമേനിയെ ഫോണിൽ വിളിച്ചു അറിയിച്ചു. 2 മണിക്ക് വരാൻ സാധിക്കയില്ല, നാളെ 2 മണിക്കു വരാം. അടക്കം കഴിയട്ടെ എന്നു പറഞ്ഞു. ഞാനുടനെ പത്തനംതിട്ട പള്ളിയിൽ പോയി, അച്ചനില്ലായിരുന്നു, കുരിശു കിട്ടിയില്ല. പുത്തൻപീടികയിൽ പോയി കുരിശും മറ്റും വാങ്ങി കാറിൽ പോയി. 4 മണിക്ക് സംസ്കാര ശുശ്രൂഷ പമ്പുരേത്തച്ചനോടു കൂടി നടത്തി. അവിടെ കിടന്നു.

**21.** രാവിലെ ഞാനും അവിടുത്തെ അച്ചനുംകൂടി കുർബാന ചൊല്ലി കല്ലറയിൽ ധൂപം വച്ചു പ്രാർത്ഥിച്ചു. മടങ്ങിപോന്നു.

**23.** രാവിലെ നാലാഞ്ചിറ ആശ്രമ ചാപ്പലിൽ ചൊല്ലി. കാപ്പികഴിഞ്ഞ് അരമനയിലെത്തി. തിരുമേനിയുമായി സംസാരിച്ചു. 2 മണിയോടു കൂടി തിരുമേനിയോടുകൂടി ഇലന്തൂർക്ക് തിരിച്ചു. 4 മണികഴിഞ്ഞ് അവിടെ എത്തി. സംയുക്ത ക്രൈസ്തവ സമ്മേളനം തിരുമേനി ഉൽഘാടനം ചെയ്തു. അതുകഴിഞ്ഞ് തിരുമേനി വടശ്ശേരിക്കരക്ക് തിരിച്ചു. ഞാനും അതിൽ കയറി വീട്ടിലിറങ്ങി.



www.malankaralibrary.com

**24.** കടമ്മനിട്ട ബേബിയും കുഞ്ഞൂഞ്ഞും കാറിൽ വന്ന് നോമ്പുവിടൽ കുർബാന അവിടെ ചെല്ലണമെന്ന് പറഞ്ഞു. അച്ചൻ സുഖമില്ലാതെ കിടപ്പാണെന്നു പറഞ്ഞു. ഞാൻ സമ്മതിച്ചു. 5 മണിക്ക് കാർ അയക്കാമെന്ന് പറഞ്ഞു പോയി. 5 മണി കഴിഞ്ഞ് കാർവന്നു അതിൽ കടമ്മനിട്ട പള്ളിയിലെത്തി.

**25.** 3 മണിക്ക് യൽദാ ക്രമം തുടങ്ങി, കുർബാന 6 മണിക്കു തീർന്നു. ഒരു പ്രസംഗം ചെയ്തു. യാക്കോബിന്റെ ക്രമമാണ് ഉപയോഗിച്ചത്. കാപ്പി കഴിഞ്ഞ് കാറിൽ വീട്ടിലെത്തി.

**26.** ഇവിടത്തെ സംയുക്ത ക്രൈസ്തവ റാലിയും ആഘോഷവും നടന്നു. 12 പള്ളിക്കാർ കൂടി അതിഗംഭീരം ആയിരുന്നു. സ്കൂൾ പരിസരത്ത് മീറ്റിംഗ് കൂടി, റമ്പാച്ചൻ അദ്ധ്യക്ഷനായിരുന്നു. ഞാൻ സ്വാഗതം പറഞ്ഞു. മന്ത്രി കെ. എം. ജോർജ് ഉൽഘാടന പ്രസംഗം ചെയ്തു. മറ്റു പലരും പ്രസംഗിച്ചു. 11 മണിക്ക് പിരിഞ്ഞു.

**27.** നല്ല സുഖമില്ല, പനിയും ദേഹവേദനയും പത്തനംതിട്ടപോയി ഇൻജെക്ഷനും മറ്റും എടുത്തു. രോഗത്തിൽ കിടക്കുന്ന തെക്കേതിലെ കൃഷ്ണപിള്ളയെ പോയി കണ്ടു.

## 1970

**ജനുവരി 1.** വല്ല്യകാലായിൽ 12 മണിക്കെത്തി. ഇന്നലെ മരിച്ച അമ്മുവിന്റെ ശരീരം കണ്ടു, പ്രാർത്ഥിച്ചു, പള്ളിയിലേക്ക് എടുപ്പിച്ചു കൊണ്ടുപോയി. സംസ്കാരശുശ്രൂഷ നടത്തി അടക്കി. മടങ്ങിപോന്നു.

**2.** പത്തനംതിട്ട പോയി സ്റ്റേറ്റു ബാങ്കിൽ നിന്നും ലോൺ സർട്ടിഫിക്കേറ്റു വാങ്ങിപോന്നു. 3 മണികഴിഞ്ഞ് സൊസൈറ്റി ഡെപ്യൂട്ടി രജിസ്ട്രാർ കൊല്ലത്തുനിന്നും, അസിസ്റ്റന്റ് രജിസ്ട്രാർ പത്തനംതിട്ട നിന്നും, ബി.ഡി.ഒ.യും വയലായും വീട്ടിൽ എത്തി. 4.30–ന് സ്കൂളിലേക്ക് പോയി മീറ്റിംഗ് ബി.ഡി.ഒ.യുടെ അദ്ധ്യക്ഷതയിൽ കൂടി. ഞാൻ സ്വാഗതപ്രസംഗം നടത്തി. മൈലപ്രാ സർവീസ് സഹകരണസംഘം ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ, വയലാ മുതലായവർ പ്രസംഗിച്ചു. 5.30–ന് മീറ്റിംഗ് കഴിഞ്ഞു ക്ലബിലെത്തി കാപ്പികുടിച്ചു പിരിഞ്ഞു.

**4.** ചങ്ങനാശ്ശേരിയിൽ പോയിട്ടു വന്നു. 7 മണിക്ക് ജംഗ്ഷനിൽ റോഡു വെട്ടിന്റെ ബഹളം ഉണ്ടായിരുന്നു. പോലീസ് മഹസർ തയ്യാറാക്കുന്നതായി അറിഞ്ഞ് ഞാൻ ലൈറ്റുമായി പോയി റോഡു കണ്ടു. വൈദ്യശാലവരെ വെട്ടുന്നുണ്ട്.



www.malankaralibrary.com

**6.** രാവിലെ 8 മണിയോടു മുഖത്തല പള്ളിയിലെത്തി കുർബാനചൊല്ലി. അവിടെനിന്നും തിരുവനന്തപുരത്തിന് പോയി 12 മണിക്കെത്തി. 4 മണിക്ക് ജോണച്ചനെപോയി കണ്ടു. അവിടെനിന്നും ലൂർദു ഹോസ്റ്റലിൽ പോയി ജോയിയെ കണ്ടു 8 മണിവരെ അവിടെ കഴിഞ്ഞു തിരിച്ചു അരമനയിലെത്തി ഉറങ്ങാൻ കിടന്നു.

**10.** തിരുവനന്തപുരത്തുനിന്നും ഫോണിൽ വിളിച്ചു കാര്യം പറഞ്ഞു. 4 മണിക്ക് ചങ്ങനാശ്ശേരിയിൽ നിന്നും ജോഷി വിളിച്ചു നാളെ ജോഷിയുടെ കല്യാണനിശ്ചയത്തിന് പോകാൻ ചെല്ലണമെന്ന് പറഞ്ഞു. ഇന്ന് സംഘം കമ്മറ്റി കൂടി.

**11.** രാവിലെ കുർബാന കഴിഞ്ഞ് ചങ്ങനാശ്ശേരിക്ക് പോയി, 8.30-ന് ഭാരതീവിഹാരത്തിൽ എത്തി. 9.30-ന് എല്ലാവരും കൂടി കാവാലത്ത് പോയി. 12 മണിയോടു നിശ്ചയവും മനഃസമ്മതവും നടന്നു. ഞാൻ മോതിരങ്ങൾ വാഴ്ത്തി പരസ്പരം ഇടാൻ കൊടുത്തു. വീട്ടിലെത്തി ഊണുകഴിഞ്ഞു, പ്രാർത്ഥനയും കഴിഞ്ഞു ബോട്ടിൽ തിരിച്ചു പുളിങ്കുന്ന് ആശുപത്രിയിൽ കയറി കമ്യൂണിസ്റ്റുകാർ ഉപദ്രവിച്ചു കിടക്കുന്ന ജോയി എന്നയാളിനെ കണ്ടു. അതുകഴിഞ്ഞു പുളിങ്കുന്ന് വീട്ടിൽ പോയി മറിയമ്മയുടെ അമ്മയേയും ആങ്ങള ആന്റണിയേയും കണ്ടു. മടങ്ങി ചങ്ങനാശ്ശേരിയിലെത്തി താമസിച്ചു.

**17.** അരമനയിൽ ചൊല്ലി. 11 മണിക്ക് ട്രെയിനിംഗ് സ്കൂളിൽ ജൂബിലി എക്സിക്യൂട്ടീവ് കമ്മറ്റി കൂടി, പല കാര്യങ്ങളും ആലോചിച്ചു. പലതും ഞാൻ എതിർത്തു. ജൂബിലി ഫണ്ടിന് കമ്മറ്റി നിയമം ഉണ്ടാക്കാൻ പാടില്ലെന്ന് പ്രസ്താവിച്ചു. അടുത്ത യോഗത്തിലേക്ക് മാറ്റി. 3 മണികഴിഞ്ഞ് മടങ്ങിപോന്നു, 7 മണിക്കെത്തി. ചിറ്റക്കാടു ഉണ്ണിയുടെ മകൻ കുട്ടന്റെ കല്യാണം 2-ാം തീയതി നടത്തി കൊടുത്ത് വീട്ടിലും ചെല്ലണമെന്ന് വന്നുപറഞ്ഞു.

**24.** പുത്തൻപീടികയില കിഴക്കേതിൽ കുട്ടിയുടെ മകൾ ത്രേസ്യാമ്മയുടെ ഭർത്താവ് ബോപ്പാലിൽ വച്ചു ട്രെയിൻ അപകടത്തിൽപ്പെട്ടു മരിച്ചതായി അറിഞ്ഞ് അവിടെപോയി. കുറെ കഴിഞ്ഞു മടങ്ങിപോന്നു.

**25.** ചങ്ങനാശ്ശേരിക്ക് പോയി 11 മണിക്ക് ഭാരതീവിഹാരത്തിൽ എത്തി ജോഷിയുടെ വിവാഹത്തിൽ സംബന്ധിക്കാൻ. ജോയിയും മറ്റും ഉണ്ടായിരുന്നു. ഊണുകഴിഞ്ഞ് എല്ലാവരും 3 മണിക്ക് പള്ളിയിലെത്തി. ചിറ്റൂർ അച്ചൻ ആശീർവദിച്ചു, കാളാശ്ശേരിയച്ചൻ പ്രസംഗിച്ചു വട ക്കേലച്ചൻ കുർബാന ചൊല്ലി. എല്ലാവരും വീട്ടിലെത്തി, ഞാൻ



www.malankaralibrary.com

പ്രത്യേക പ്രാർത്ഥന നടത്തി. റ്റീപാർട്ടി കഴിഞ്ഞ് ഞാനും മാത്തൻ തരകൻ സാറും കൂടി മടങ്ങിപോന്നു. 7.30-ന് വീട്ടിലെത്തി.

**26.** കഴിഞ്ഞരാത്രി 10 മണിക്ക് കുഞ്ഞുമോന്റെ രണ്ടാമത്തെ കുഞ്ഞ് മരിച്ചു. ഞാൻ അവിടെ പുനലൂർ വീട്ടിൽ പോയി പ്രാർത്ഥിച്ചു. അവിടത്തെ കൊച്ചച്ചൻ വന്നു, ഏവരും കൂടി പള്ളിയിൽ മൃത ശരീരം കൊണ്ടുപോയി അടക്കി. കുറെകഴിഞ്ഞ് മടങ്ങിപോന്നു.

**31.** രാവിലെ പുന്തല മലയിൽ കുഞ്ഞൂഞ്ഞിന്റെ വീട്ടിൽ നിന്നും ഈഴേനത്ത് വീട്ടിലെത്തി. കുര്യച്ചനും അവിടെ വന്നു. ഞങ്ങൾ പള്ളിയിലെത്തി. 8 മണിയോടു തിരുമേനി വന്നു. തിരുമേനിയോടു കൂടി വികാരി അച്ചനും, ഞാനും കുര്യച്ചനും കൂടി ചേർത്ത് സമൂഹ ബലി, കോശിസാറിന്റെ ആത്മശാന്തിക്കായി അർപ്പിച്ചു. ധൂപപ്രാർത്ഥനയും നടത്തി. അതുകഴിഞ്ഞ് തിരുമേനിയോടുകൂടി ഏവരും വീട്ടിലെത്തി. ധൂപപ്രാർത്ഥനയും നടത്തി ഊണ് കഴിഞ്ഞ് 1 മണിയോടു തിരുമേനി പോയി. മടങ്ങി ഞാൻ 3 മണിക്ക് വീട്ടിലെത്തി. സ്കൂൾ ഡേയ്ക്ക് സ്പീക്കർ ദാമോദരൻ പോറ്റി വീട്ടിൽ വന്ന് വിശ്രമിച്ചു. പിന്നീട് സ്കൂളിൽ എത്തി മീറ്റിംഗിൽ പ്രസംഗിച്ച് ഉദ്ഘാടനം നടത്തി. വയലാ ഇടിക്കുള അദ്ധ്യക്ഷനായിരുന്നു. 5 മണി കഴിഞ്ഞ് മീറ്റിംഗ് തീർന്നു. എല്ലാവരും പോയി.

**ഫെബ്രുവരി 2.** ചിറ്റക്കാടു ഉണ്ണിയുടെ മകൻ തോമസിന്റെ വിവാഹം നടത്തികൊടുത്തു. കുര്യച്ചനും ഉണ്ടായിരുന്നു. അതുകഴിഞ്ഞ് ഞങ്ങൾ വീട്ടിൽ പോയി ഊണുകഴിഞ്ഞു. അച്ചൻ തിരുവനന്തപുരത്തിന് പോയി ഞാൻ വീട്ടിലേക്കു പോന്നു.

**3.** ഇലന്തൂർ കൊച്ചുപ്ലാംമൂട്ടിൽ തോമസച്ചൻ മരിച്ചതായി ഫാ. ജേക്കബ് ജോൺ വന്നുപറഞ്ഞു. അരമനയിലേക്ക് വിളിച്ചിട്ടു കിട്ടിയില്ല.

**4.** ഇലന്തൂർക്ക് പോയി അച്ചന്റെ അടക്കത്തിൽ സംബന്ധിച്ചു. റമ്പാച്ചനും അനേകം അച്ചന്മാരും ഉണ്ടായിരുന്നു. ലത്തീൻ അച്ചന്മാർ വേണ്ടതു പോലെ സഹകരിച്ചില്ല. തൈലാഭിഷേകം നടത്തുന്നതിന് അവർ ഉത്സാഹിച്ചില്ല. 7 മണിക്ക് വീട്ടിലെത്തി.

**8.** കാലായിൽ റേച്ചലിന്റെ കല്യാണം നടത്തികൊടുത്തു. ഞാനും കുര്യച്ചനും വീട്ടിൽ പോയി ഊണുകഴിഞ്ഞു ഞങ്ങൾ 3 മണിക്ക് വാഴമുട്ടത്തിന് പോയി. അവിടത്തെ പള്ളി കൂദാശക്ക് തിരുമേനിവന്നു, സ്വീകരണം കഴിഞ്ഞ് മടങ്ങിപോന്നു.

**11.** വൈകിട്ടു കുമ്പഴ പള്ളി പണികാണാൻ പോയി. അതിനുശേഷം കുമ്പഴ അച്ചനെ പോയി കണ്ടു സംസാരിച്ചു. മടങ്ങിവന്നപ്പോൾ അച്ചന്റെ അപ്പനെ കിടക്കയിൽ കണ്ടു.





www.malankaralibrary.com

**14.** അരമനയിൽ സമൂഹകുർബാന അച്ചന്മാരോടുകൂടി ചൊല്ലി. 11 മണിക്ക് ജൂബിലി എക്സിക്യൂട്ടീവു കമ്മറ്റി കൂടി. ഞാൻ ആദ്യമായി എല്ലാ മെമ്പറന്മാർക്കും ക്ഷണം അയച്ചിട്ടുണ്ടോ എന്ന് ചോദിച്ചു. ഉണ്ടെന്ന് പറഞ്ഞു. പിരിച്ചപണം തിരുമേനിക്ക് സമർപ്പിച്ചു കഴിഞ്ഞ ശേഷം അതിന്റെ വിനിയോഗവും കൈവശവും സംബന്ധിച്ചു നിയമം ഉണ്ടാക്കി കൂച്ചുകെട്ടുന്നത് ശരിയല്ല. രാഷ്ട്രീയ നേതാക്കൾക്ക് പണകിഴി കൊടുത്തിട്ടു അങ്ങനെ ആരും ചെയ്തിട്ടില്ല. അതു കൊണ്ടു അങ്ങനെ ചെയ്യുന്നതിനെ ഞാൻ എതിർക്കുന്നു എന്ന് പറഞ്ഞ് പുറത്തുപോന്നു. ഊണു കഴിഞ്ഞു ഞാൻ കമ്മറ്റിക്ക് കൂടിയില്ല. 3 മണിക്ക് തിരുമേനിയോടുകൂടി ഞാനും അഞ്ചൽ കോളേജിലേക്ക് പോയി. 8 മണിക്ക് അവിടെനിന്നും പോന്നു, തിരുമേനി മൈലപ്രാ പള്ളിയിൽ താമസിച്ചു. ഞാൻ വീട്ടിലെത്തി.

**15.** കുർബാന കഴിഞ്ഞു തിരുമേനിയോടുകൂടി പെരുനാട്ടിൽ പോയി മഠത്തിലെ ചാപ്പൽ കൂദാശ ചെയ്ത് തിരുമേനി ചൊല്ലി. അവിടെയും വടശ്ശേരിക്കരയും നടക്കുന്ന പള്ളിപണി കണ്ടിട്ടു ചീങ്കൽ തടത്തിൽ പോയി രോഗികളായ സിസ്റ്റേഴ്സിനെയും കണ്ടിട്ടു ഞങ്ങൾ മടങ്ങിവന്നു. മൈലപ്രായിൽ ചില സ്ഥലങ്ങൾ മഠത്തിനു വേണ്ടി കണ്ടശേഷം തിരുമേനി തിരുവല്ലായ്ക്ക് പോയി. ഞാൻ വീട്ടിൽവന്ന് വിശ്രമിച്ചു.

**18.** ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി കൊല്ലം സഹകരണബാങ്കിന്റെ ഡെവലപ്പുമെന്റ് കമ്മറ്റി മീറ്റിംഗ് തുടങ്ങി. ഇന്നത്തെ മീറ്റിംഗിന്റെ പ്രസിഡന്റായി എന്നെ നിർദ്ദേശിച്ചു, മീറ്റിംഗ് അങ്ങനെ നടന്നു. പല നിശ്ചയങ്ങളും എടുത്തു. 5 മണിക്ക് മടങ്ങിപോന്നു.

**19.** കൈപ്പട്ടൂർ സഹകരണബാങ്കു സുവർണ്ണജൂബിലിക്ക് കൂടാൻ 9 മണിക്കെത്തി. പതാക ഞാൻ ഉയർത്തി. 1 മണിക്ക് മീറ്റിംഗ് ഡെപ്യൂട്ടി രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ കൂടി. പല കാര്യങ്ങളും ആലോചിച്ചു. 26-ാം തീയതി തിരുവനന്തപുരത്ത് ഫോറസ്റ്റു കൃഷി സംബന്ധിച്ചു ഒരു മീറ്റിംഗ് ഗവൺമെന്റു വിളിച്ചുകൂട്ടുന്നു. അതിൽ കക്ഷികൾ ചെല്ലണമെന്ന് പറഞ്ഞു. മന്ത്രിയും രജിസ്ട്രാറും മറ്റും സംബന്ധിക്കുന്നതാണ്.

**20.** പാലമൂട്ടിൽ കൊച്ചപ്പന് സുഖക്കേടു കൂടുതലാണെന്നറിഞ്ഞ് രാവിലെ അവിടെ പോയി. 10 മണിക്ക് മെത്രാച്ചനും അച്ചന്മാരും ജനങ്ങളും വന്നു തൈലാഭിഷേകം നടത്തി.

**23.** രാവിലെ കൊട്ടാരക്കര എത്തി പുലമൺ ചാപ്പലിൽ ചൊല്ലി. അവിടെ നിന്ന് കൊല്ലത്തിനു പോയി. പോപ്പുലർ കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു. മന്ത്രി ജേക്കബ് വന്നു പല കാര്യങ്ങളും കുടികിടപ്പുകാർക്കു



www.malankaralibrary.com

വേണ്ടി പറഞ്ഞു. കൊല്ലം അരമനയിലെത്തി ഊണുകഴിച്ചു. ജോർജ് ജേക്കബിനെ പത്തനംതിട്ടയ്ക്ക് ആക്കാൻ ഏർപ്പാടു ചെയ്തു. അതു കഴിഞ്ഞ് പട്ടം അരമനയിലെത്തി. മേരിക്കുട്ടിയെ മൈലപ്രായിലുണ്ടാകുന്ന ഹിന്ദി ഒഴിവിൽ ആക്കണമെന്ന് പറഞ്ഞിട്ടു 4.30-ന് തിരിച്ചു. 8.30-ന് വീട്ടിലെത്തി.

**26.** കോന്നിയിൽ നിന്നും ഡോ. രാജനും ഉമ്മച്ചനും 4 മണിക്ക് വന്നു. തിരുമേനിയെ കാണുന്ന കാര്യം പറഞ്ഞിട്ടുപോയി.

**മാർച്ച് 4.** കോന്നിയിൽ നിന്നും ഡോ. രാജനും ഉമ്മച്ചനും 4 മണിക്ക് വന്ന്, ഞങ്ങൾ കൈപ്പട്ടൂർ എത്തി ഡോ. സിറിയക്കിനെ കണ്ടു കാറു വാങ്ങി തിരുവനന്തപുരത്തിന് പോയി. 7 മണികഴിഞ്ഞ് അരമനയിലെത്തി. തിരുമേനി ഇല്ലായിരുന്നു. ഞങ്ങൾ മഠത്തിൽ പോയി സിസ്റ്ററിനെ കണ്ടു. തിരുമേനി രാത്രി 11 മണിവരെ വന്നില്ല. ഡോക്ടറും ഉമ്മച്ചനും മടങ്ങി പോയി.

**5.** അരമനയിൽ ചൊല്ലി. തിരുമേനി പോങ്ങുംമൂടു മദറുമായി കോന്നിയിൽ രണ്ടു സിസ്റ്റേഴ്സിനെ അയക്കുന്ന കാര്യം ആലോചിച്ചു. 9-ാം തീയതി ഞാനും ഡോക്ടറും കൂടി കാര്യം തീരുമാനിക്കാൻ പോങ്ങുംമൂട്ടിലെത്താൻ പറഞ്ഞു.

**7.** പാലമൂട്ടിലെ കൊച്ചപ്പൻ 8.55-ന് മരിച്ചതായി അറിഞ്ഞു. ഞാൻ ഉടനെ അവിടെ വീട്ടിൽ പോയി കണ്ടു. ബാവാ വന്ന് ഇടവകക്കാരും വീട്ടുകാരും തമ്മിലുള്ള അസുഖം പറഞ്ഞുതീർത്തു. മദ്ബഹായുടെ സമീപം അടക്കാൻ നിശ്ചയിച്ചു. ഞാൻ 2 മണിക്ക് മടങ്ങിപോന്നു.

**8.** ഉച്ചകഴിഞ്ഞ് 2 മണിക്ക് മാക്കാംകുന്നേൽ എത്തി. കൊച്ചപ്പന്റെ മൃതശരീരം അനേകം അച്ചന്മാരുടേയും ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ കുരിശുകൾ, കുടകൾ, കൊടികൾ ഒക്കെ വഹിച്ചു ബാന്റുസമേതം അലങ്കരിച്ച രഥത്തിൽ പള്ളിയിലേക്ക് കൊണ്ടുപോയി. നഗരികാണിക്കൽ കഴിഞ്ഞ് 5 മണിക്ക് ബാവായും രണ്ടു മെത്രാന്മാരും കൂടി ശുശ്രൂഷ നടത്തി അടക്കി. ഞാൻ മടങ്ങിവന്ന് ഡോ. രാജന്റെ വീട്ടിലെത്തി താമസിച്ചു.

**9.** രാവിലെ 5 മണിക്ക് ഞാനും, ഡോക്ടറും ഉമ്മച്ചനും കൂടി അരമനയ്ക്ക് പോയി. 8 മണിക്ക് ഞാൻ ചൊല്ലി. പിന്നീടു പോങ്ങുംമൂടു മഠത്തിലെത്തി തിരുമേനിയുമായി സംസാരിച്ചു. ഇംഗ്ലണ്ടുകാരൻ ഒരു ശില്പി ഡോ. ബേക്കർ വീടുപണി സംബന്ധിച്ചു പ്രസംഗിച്ചു. അതു കഴിഞ്ഞ് തിരുമേനിയും മദറും സിസ്റ്റേഴ്സും ഞങ്ങളുമായി, കോന്നി ആശുപത്രിയിൽ രണ്ടുമൂന്ന് സിസ്റ്റേഴ്സിനെ അയക്കുന്നത്





www.malankaralibrary.com

സംബന്ധിച്ചു ദീർഘമായി സംസാരിച്ചു. പഠിച്ചുകഴിഞ്ഞ് അവർ വന്നു ചേരുമ്പോൾ മെയ് 15–നടുത്ത് അയക്കുന്ന കാര്യം തീരുമാനിക്കാം എന്നുപറഞ്ഞു. ഞങ്ങൾ അരമനയിൽ വന്ന് ഊണുകഴിഞ്ഞ് 3 മണിയോടു കാറിൽ തന്നെ മടങ്ങി. 5 മണിക്ക് അഞ്ചൽ ആശുപത്രിയിൽ കയറിയിട്ടു പോന്നു. വകയാറ്റു എത്തി. എന്നെ കാറിൽ തന്നെ വീട്ടിൽ എത്തിച്ചു.

**13.** രാവിലെ കോന്നി ആശുപത്രിയിൽ പോയി എന്റെ കാലിലെ പൊള്ളൽ ഡ്രസ് ചെയ്യിച്ചു. ബ്ലഡ് ഷുഗർ കൂടുതലാണ്. ഇൻജക്ഷൻ എടുത്തു. വീട്ടിലെത്തി വിശ്രമിച്ചു. 5.30–ന് സ്കൂൾ സോഷ്യലിൽ കൂടി പ്രസംഗിച്ചു. ഫോട്ടോയും മറ്റും എടുത്തു.

**17.** 9 മണി ആയപ്പോൾ മദറും, സിസ്റ്ററും, സെറാഫിയോനച്ചനും കൂടി വന്നു. കാപ്പികഴിഞ്ഞ് സ്കൂൾ പരിസരവും അതുകഴിഞ്ഞ് പുതിയ കെട്ടിടം വരെ പോയി കണ്ടശേഷം 11 മണിയോടുകൂടി അവർ പെരുനാട്ടിനു പോയി. ഞാൻ കുമ്പഴ എത്തി പട്ടിക അറപ്പിച്ചത് കയറ്റി അയച്ചു. 6 രൂപ വണ്ടികൂലിയും 10 രൂപ അറപ്പുകൂലിയും കൊടുത്തു. 3 മണിക്ക് പാലമൂട്ടിൽ പോയി കൊച്ചപ്പന്റെ അടിയന്തിരം സംബന്ധിച്ചു ആലോചിച്ചു. മടങ്ങിപോന്നു.

**20.** ഉച്ചകഴിഞ്ഞ് റാന്നിക്കാരൻ 'സാനിറ്ററി' മാത്യുവും അമ്മായി അപ്പനും അളിയനും മറ്റും അവരുടെ നിലം വിതക്കുന്ന മത്തായിയെ കാണാൻ വന്നു. മത്തായിക്ക് ആളയച്ചു നോക്കിയിരുന്നു. നിലം പാട്ടത്തിന് വേണമെങ്കിൽ വ്യവസ്ഥയിൻ പ്രകാരം മത്തായിക്ക് കൊടുക്കാം എന്ന് പറയാനാണ് വന്നത്. മത്തായി വരാത്തതുകൊണ്ടു അവർ മടങ്ങിപോയി. കുറച്ചുകഴിഞ്ഞപ്പോൾ മത്തായിവന്നു ഞാൻ വിവരം പറഞ്ഞു. ഞാൻ പറയുന്നതുപോലെ ചെയ്യാം, പൂവണ്ണം മൂടനേയും മറ്റും നിലം വിതപ്പിക്കുകയില്ല, കൊടുക്കുകയില്ല എന്നവൻ പറഞ്ഞു. നാളെ 4 മണിക്ക് മത്തായിയും ഇവിടെ വരാമെന്ന് പറഞ്ഞുപോയി.

**26.** പെസഹായാണ്. രാവിലെ കുർബാനചൊല്ലിയിട്ടു കുറെ കുമ്പസാരം കേട്ടു. വൈകിട്ടു തോട്ടുപുറം പള്ളിക്കാർ കാറുമായി വന്നു. ഞാൻ പുസ്തകങ്ങളും മറ്റും എടുത്ത് അവരുടെ കൂടെ പോയി. സന്ധ്യാ പ്രാർത്ഥന നടത്തി.

**27.** തോട്ടുംപുറം പള്ളിയിൽ ദുഃഖവെള്ളി ശുശ്രൂഷകൾ നടത്തി, 2 പ്രസംഗങ്ങളും ചെയ്തു. 3 മണിക്ക് കബറടക്കം കഴിഞ്ഞ്, വിശ്രമിച്ചു. സന്ധ്യാ പ്രാർത്ഥന നടത്തി.



www.malankaralibrary.com

**28.** രാവിലെ പ്രാർത്ഥനയും കുർബാനയും നടത്തിയിട്ടു 9 മണിക്ക് വീട്ടിലേക്ക് പോന്നു. 4 മണികഴിഞ്ഞ് ഞാൻ തോട്ടുംപുറത്ത് എത്തി, സന്ധ്യാ പ്രാർത്ഥന നടത്തി.

**29.** വെളുപ്പിന് 2.30–ന് പ്രാർത്ഥന തുടങ്ങി സ്ലീബാപുകഴ്ചയും കുർബാനയും മറ്റും നടത്തി 6 മണിയോടു തീർന്നു. അതുകഴിഞ്ഞ് പാപ്പച്ചന്റെ വീട്ടിലെത്തി. അവിടെ കൊല്ലന്റേത്തുകാർ ഉണ്ടായിരുന്നു. അവിടെനിന്നും കാപ്പികഴിഞ്ഞ് പാപ്പച്ചനോടുകൂടി പത്തനംതിട്ട എത്തി വീട്ടിലേക്ക് പോന്നു. നാലുമണികഴിഞ്ഞ് റാന്നിക്കാർ നിലം കൃഷി സംബന്ധിച്ചു മത്തായിയെ കാണാൻ വന്നു. ഞാൻ കാര്യം പറഞ്ഞ് മത്തായിയെ പോയി കാണാൻ പറഞ്ഞയച്ചു.

**30.** നിലംകൃഷിക്കാരൻ മത്തായി വന്നു. റാന്നിക്കാരുമായുള്ള അഭിപ്രായ വ്യത്യാസം പറഞ്ഞു. പഴയതുപോലെ പാട്ടം കൊടുക്കാം. ഞങ്ങളിൽ നിന്നും നിലം എടുത്ത് വേറെ ആർക്കും പാട്ടത്തിന് കൊടുക്കരുത്. അങ്ങനെയാണെങ്കിൽ ഒരു കുഴപ്പവും വരുത്താതെ ഞാൻ തന്നെ കൃഷിചെയ്ത് നെല്ലു കൊടുത്തുകൊള്ളാം എന്ന് എന്റെ അടുക്കൽ സമ്മതിച്ചു. അതുപോലെ ഉടമസ്തരുടെ അടുക്കൽ പറഞ്ഞ് അവർ സമ്മതിക്കുന്നെങ്കിൽ മുന്നേപ്പോൽ കൃഷി ചെയ്യുന്നതിന് ഞാൻ സമ്മതിപ്പിക്കാം എന്ന് പറഞ്ഞ്വിട്ടു.

ഞാൻ 4 മണിക്ക് പാലമൂട്ടിൽ അടിയന്തിരം സംബന്ധിച്ചു ആലോചിക്കാൻ പോയി. അതിനുശേഷം മത്തായിയോടുകൂടി റാന്നിയിൽ മാത്യുവിന്റെ വീട്ടിലെത്തി കൃഷി സംബന്ധിച്ചു സംസാരിച്ചു. മത്തായി പറഞ്ഞതുപോലെ സമ്മതിപ്പിച്ചു ഒരു വ്യവസ്ഥ എഴുതുന്നതിന് സമ്മതിച്ചുപോന്നു. 9 മണിക്ക് വീട്ടിലെത്തി.

**ഏപ്രിൽ 2.** വൈകിട്ടു മേക്കൊഴൂർ സംഘത്തിന്റെ കെട്ടിടം ഉദ്ഘാടനത്തിന് പോയി. മന്ത്രി ശേഷൻ രാജിവച്ചതു കൊണ്ടു വന്നില്ല. ഡെപ്യൂട്ടി രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. ബി.ഡി.ഒ. ചന്ദ്രൻപിള്ള ഉദ്ഘാടനം നടത്തി. 7 മണിക്ക് തിരിച്ചെത്തി.

**3.** 11 മണിക്ക് പള്ളിയിൽ പോയി. 2 മണിക്ക് തിരുമേനി വന്നു. വിശ്രമിച്ചു. ഞങ്ങൾ ഊണു കഴിഞ്ഞു. കുറെ കഴിഞ്ഞ് സ്കൂൾ പണിസ്ഥലത്ത് ഏവരും എത്തി. സ്കൂളിന്റെ പണി സംബന്ധിച്ചു തിരുമേനി അഭ്യർത്ഥിച്ചു. കുറെകഴിഞ്ഞ് തിരുമേനിപോയി. സ്കൂൾ പണിക്കുള്ള പണപിരിവിന്റെ കണക്കുബുക്ക് കുഞ്ഞുമത്തായിയോടു വാങ്ങി നോക്കി. ചില വ്യത്യാസങ്ങൾ കണ്ടു.



www.malankaralibrary.com

**15.** മാക്കാംകുന്ന് പള്ളിയിലെത്തി. കുർബാനയിലും ധൂപപ്രാർത്ഥന യിലും സംബന്ധിച്ചിട്ടു പാലമൂട്ടിലെത്തി. ധൂപപ്രാർത്ഥന കഴിഞ്ഞ് സ്കൂളിൽ പോയി ഊണുകഴിച്ചിട്ടു മടങ്ങിപോന്നു.

**18.** ഉച്ചകഴിഞ്ഞ് മുഖത്തലക്ക് പോയി 6 മണിക്കെത്തി. കുരിശടി വളരെ കേമമായി പണിതു തീർത്തു. സന്ധ്യാപ്രാർത്ഥന ഞാൻ നടത്തി. ഊണുകഴിഞ്ഞു കലാപരിപാടികളുണ്ടായിരുന്നു.

**19.** കുരിശടി കൂദാശ തിരുമേനി നടത്തി. അതുകഴിഞ്ഞ് എന്റേയും സി.എം. ജോർജച്ചന്റേയും സഹകരണത്തോടുകൂടി തിരുമെനി കുർബാന ചൊല്ലി. 11.30–ന് തീർന്നു. വിശ്രമിച്ചു. 2 മണിക്ക് ഊണു കഴിഞ്ഞ് തിരുമേനിയുടെ കാറിൽ ബസ് സ്റ്റാന്റിൽ പോയി. ബസിൽ പോന്നു, 7.30–ന് വീട്ടിലെത്തി.

**23.** മുണ്ടുകോട്ടയ്ക്കൽ സംഘം സംബന്ധിച്ച പരാതി അന്വേഷിക്കാൻ കമ്മറ്റിക്കാരെ കാണാൻ പോയി. ചിലരെ കണ്ടു. 5 മണിക്ക് വീട്ടിൽ വരാൻ ഏർപ്പാടു ചെയ്തു ഞാൻ പോന്നു. 5 മണിക്ക് കുഞ്ഞച്ചൻ വന്ന് സംഘത്തിന്റെ കാര്യം വിശദീകരിച്ചു പറഞ്ഞു. ഞാൻ നോട്ടു ചെയ്തു.

**24.** 3 മണിക്ക് പത്തനംതിട്ട സംഘം രജിസ്റ്ററോഫീസിൽ എത്തി. 4 മണിക്ക് യൂണിയൻ കൂടി. മുണ്ടുകോട്ടയ്ക്കൽ സംഘം ലിക്വിഡേറ്റു ചെയ്യാൻ ഞങ്ങൾ ശിപാർശ ചെയ്തു. മറ്റു കാര്യങ്ങളും നിശ്ചയിച്ചു പിരിഞ്ഞുപോന്നു.

**28.** കുര്യച്ചനും ഞാനും കൂടി അടൂർ പള്ളിയിലെത്തി. പ്രോവിഡന്റ് ഫണ്ട് കമ്മിറ്റി കൂടി ആലോചിച്ചു. ചില കാര്യങ്ങൾ നിശ്ചയിക്കാൻ 5 പേർ ഉൾപ്പെട്ട ഒരു വിദഗ്ധ കമ്മറ്റിയെ തെരഞ്ഞെടുത്തു. അതിൽ ഞാനുമുണ്ട്. ഊണുകഴിഞ്ഞ് മടങ്ങിപോന്നു. സന്ധ്യക്ക് സഹകരണ സംഘം മീറ്റിംഗിന് പോയി.

**മെയ് 1.** കെ.എം. അലക്സാണ്ടറുടെ പിതാവ് മത്തായി സാർ വന്ന് അലക്സിന്റെ നിയമനം കറസ്പോണ്ടിനെ കണ്ടു ശരിപ്പെടുത്തി കൊടുക്കണമെന്ന് പറഞ്ഞു. 25 രൂപ യാത്രക്ക് തന്നു. ഞാൻ 4 മണിക്ക് തിരുവനന്തപുരത്തിന് പോയി, അരമനയിലെത്തി.

**2.** അരമനയിൽ ചൊല്ലി. തിരുമേനിയെ കണ്ടു സംസാരിച്ചു. 11 മണിക്ക് ജൂബിലി സെൻട്രൽ കമ്മറ്റി കൂടി പല കാര്യങ്ങളിലും എതിർത്ത് സംസാരിക്കേണ്ടിവന്നു. 3 മണിവരെ മീറ്റിംഗ് നീണ്ടു. കറസ്പോണ്ട ന്റിനേയും കരിയിലച്ചനേയും കണ്ടു അലക്സാണ്ടറുടെ കാര്യം പറഞ്ഞു.



www.malankaralibrary.com

**3.** ചാലപള്ളിയിൽ പോയി 9 മണിക്ക് കുർബാന ചൊല്ലി ഒരു ചെറു പ്രസംഗവും നടത്തിപോന്നു. അരമനയിൽ വിശ്രമിച്ചു. 3 മണിക്ക് തിരുമേനിയോടുകൂടി കോന്നി പള്ളി കൂദാശക്ക് എത്തി. അതു കഴിഞ്ഞ് മടങ്ങി 8 മണിക്ക് വീട്ടിലെത്തി.

**10.** നല്ല സുഖമില്ല, കാലിന് നല്ലവേദന. 4 മണിക്ക് കുര്യച്ചൻ വന്നിട്ടു പോയി. ഓമല്ലൂരിൽ നിന്നും വി.റ്റി. ജോർജും ഭാര്യയും വന്നു. സന്ധ്യ കഴിഞ്ഞ് അവർ പോയി.

**11.** പ്രയാസപ്പെട്ടു പള്ളിയിൽ പോയി ചൊല്ലി. ഹെഡ്മാസ്റ്റർ വന്ന് മോഹന്റെ കാര്യം പറഞ്ഞു. ബുധനാഴ്ചത്തെ മീറ്റിംഗിന്റെ കാര്യം പറഞ്ഞു.

**13.** റാന്നി ഡി.എഫ്.ഒ. യിൽ പോയി കൃഷി സ്ഥലം സംബന്ധിച്ചു ഉടമ്പടിയിൽ ഒപ്പുവച്ചുകൊടുത്തിട്ടു മടങ്ങിപോന്നു.

**15.** പത്തനംതിട്ട പോയി വക്കീലിനെ കണ്ടു. ജഡ്ജിയെ പോയി കണ്ടു വിവരം അദ്ദേഹത്തോടു പറയണം. വല്ലതും വാങ്ങിക്കുന്നെങ്കിൽ കൊടുത്താലും തരക്കേടില്ല. മറ്റവർ എന്തെങ്കിലും കൊടുക്കാൻ മടിക്കുകയില്ല എന്ന് വക്കീൽ പറഞ്ഞു. ഞാൻ ഉടനെ ഇറങ്ങിപോന്നു, ആ അഭിപ്രായം എനിക്ക് പിടിച്ചില്ല. പ്രമാണപ്രകാരവും സത്യത്തിനും ദോഷം വരാൻ പാടില്ല എന്ന എന്റെ ദൃഢമായ നിശ്ചയം ഞാൻ ദൈവത്തിന് സമർപ്പിച്ചു പ്രാർത്ഥിച്ചു. മുഖത്തല നിന്നും അച്ചൻ വന്നു ചില കാര്യങ്ങൾ പറഞ്ഞിട്ടു പോയി. അതുപോലെ എൻജിനീയർ ജോണും വന്ന് ചില കാര്യങ്ങൾ സംസാരിച്ചു.

**18.** കെ.എം. അലക്സാണ്ടർ വന്ന് ഒരുമിച്ചു ബസിൽ അരമനയ്ക്ക് പോയി. കരിയിലച്ചനുമായി സംസാരിച്ചു. 23 കഴിഞ്ഞ് വേറെ നിയമനം കൊടുക്കാം എന്നു പറഞ്ഞു. അലക്സ് പോയി.

**19.** അരമന ചാപ്പലിൽ ഞങ്ങൾ 4 അച്ചന്മാർ സമൂഹബലി അർപ്പിച്ചു. കറസ്പോണ്ടന്റ് ഓഫീസിലെത്തി ചില കാര്യങ്ങൾ ശരിപ്പെടുത്തി. 11 മണിക്ക് അരമനയിൽ വച്ചു തിരുമേനിയെ കണ്ടു. ജോയിയുടെ ഭാര്യ ആനന്ദവല്ലിക്ക് അസംപ്ഷൻ കോളേജിൽ നിന്നും ട്രാൻസ്ഫറായി ഇവിടെ ആൾ സെയിന്റ്സ് കോളേജിൽ പ്രൊഫസറായി കിട്ടിയെന്ന് പറഞ്ഞു. അലക്സാണ്ടർ അച്ചനോടു കുര്യച്ചനു വേണ്ടി 774 രൂപയുടെ ചെക്കുവാങ്ങി. ഊണുകഴിഞ്ഞ്പോന്നു.

**22.** സംഘത്തിനുവേണ്ടി 18,000 രൂപാ കടം എടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്ത് ഞാൻ ഒപ്പിട്ടു സെക്രട്ടറി വശം കൊടുത്തയച്ചു.



www.malankaralibrary.com

**23.** പനമ്പള്ളി ഗോവിന്ദമേനോൻ ഹൃദയസ്തംഭനം മൂലം അസംബ്ലിയിൽ വച്ചു മരിച്ചതായി അറിഞ്ഞു. പത്തനംതിട്ട ബാങ്കിൽ നിന്നും പണം എടുത്തുകൊണ്ട് സെക്രട്ടറിവന്നു.

**25.** കുമ്പഴ കല്യാണക്കാർ അയച്ച കാറിൽ കയറി കുമ്പുക്കാട്ടു കുര്യന്റെ വീട്ടിലെത്തി. കുര്യന്റെ കല്യാണം കോട്ടയത്തുവച്ചു 11.30–ന് കാതോലിക്കാ അരമനയിൽവച്ചു കാതോലിക്കാബാവാ നടത്തുന്നതാണ്. അതിൽപോയി സംബന്ധിച്ചു. വധു ഡേവിഡ് അച്ചന്റെ അനുജന്റെ മകൾ. ഊണുകഴിഞ്ഞു മാപ്പിളസാറും, കുമ്പഴ അച്ചനും, കിഴവള്ളൂർ അച്ചനും ഞാനും കൂടി മടങ്ങിപോന്നു. സാറിനെ വീട്ടിലിറക്കി കുറെ മാങ്ങയുമായി ഞങ്ങൾ പോന്നു. വൈകിട്ടു സംഘം കമ്മറ്റി നടന്നു.

**27.** സഹകരണസംഘം വരണാധികാരിയായി ഇൻസ്പെക്ടർ തമ്പാൻ 9 മണികഴിഞ്ഞുവന്നു. 10–നുശേഷം നോമിനേഷൻ പത്രിക വാങ്ങി തുടങ്ങി. 5–ാമതായി ഞാൻ കൊടുത്തു. 1–ാം വാർഡിൽ എട്ടുപത്തു പേർ കൊടുത്തു. എന്റെ വാർഡിൽ വേറെ ആരും കൊടുത്തില്ല. 1 മണികഴിഞ്ഞ് തമ്പാൻ പോയി.

**29.** സ്കൂളിലെ കുട്ടികളുടെ രക്ഷകർത്താക്കളും അദ്ധ്യാപകരും മറ്റും കൂടി 3 മണിക്ക് ഒരു പൊതുയോഗം കൂടി. പലകാര്യങ്ങളും ആലോചിച്ച ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു.

**31.** സംഘം ഇൻസ്പെക്ടർ തമ്പാൻ സാറും അസിസ്റ്റന്റ് രജിസ്ട്രാറും കൂടി ജീപ്പിൽ വീട്ടിൽ വന്നു. എന്നെ കൂടികയറ്റി ചെങ്ങറ സംഘം ഓഫീസിലെത്തി. ആളുകൾ വന്നുകൊണ്ടിരുന്നു. 5 മണികഴിഞ്ഞ് സംഘത്തിന്റെ വാർഷിക പൊതുയോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി. ആദ്യം ഞാൻ സഹകരണത്തെപ്പറ്റി 15 മിനിട്ടോളം പ്രസംഗിച്ചു. രജിസ്ട്രാറും മറ്റും പ്രസംഗിച്ചു. 8 മണിയോടു കാപ്പികഴിഞ്ഞ് ഞങ്ങൾ പോന്നു.

**ജൂൺ 7.** അടൂരിൽ പോയിട്ടുവന്നവഴി കൈപ്പട്ടൂർ പള്ളിക്കൽ ബേബിയുടെ ആവശ്യപ്രകാരം അവിടെ കയറി. കുമാരിയുടെ ബി.എഡ്. അഡ്മിഷൻ സംബന്ധിച്ചു തിരുവനന്തപുരത്തിന് പോയി സാധിക്കണമെന്ന്. വ്യാഴാഴ്ച ആകട്ടെന്ന് ഞാൻ പറഞ്ഞു.

**9.** സ്കൂൾ ഹെഡ്മാസ്റ്റർ ജേക്കബ്സാർ ക്ലർക്ക് റ്റി.ജി. മാത്യുവിനെപ്പറ്റിയുള്ള ആരോപണവും കണക്കുകളും എന്നെ ഏല്പിച്ചു.

**11.** പത്തനംതിട്ട ബസ് സ്റ്റാന്റിൽ 7.45–ന് എത്തി. 8–ന് കൈപ്പട്ടൂർ ബേബി വന്നു. ബസിൽ തിരിച്ചു 11 മണിക്ക് നാലാഞ്ചിറ ട്രെയിനിംഗ്



www.malankaralibrary.com

കോളേജിലെത്തി. ജോസ് മാത്യു അച്ചനെ കണ്ടു കുമാരിയുടെ അഡ്മിഷൻ സംബന്ധിച്ചുപറഞ്ഞു. അപേക്ഷ കൊടുക്കാൻ പറഞ്ഞു. അതുകഴിഞ്ഞ് അരമനയിലെത്തി തിരുമേനിയെ കണ്ടു. ഭക്ഷണം കഴിഞ്ഞു അഡ്മിഷൻ കാര്യം പറഞ്ഞു. 3.30–ന് തിരിച്ചു 7.30–ന് വീട്ടിലെത്തി.

**12.** തുടർന്നുള്ള യാത്ര കൊണ്ടായിരിക്കാം ദേഹത്ത് വേദനയും കാലിന് നീരും ഉണ്ടായി. ആവിപിടിച്ചു വിശ്രമിച്ചു.

**17.** പത്തനംതിട്ട ബാങ്കിൽ എത്തി യൂണിയൻ മീറ്റിംഗിൽ സംബന്ധിച്ചു. 12.40–ന് മടങ്ങിപോന്നു.

**19–23.** ക്ഷീരബലം 21–ആവർത്തിച്ചത് കുടിച്ചു പത്ഥ്യം നോക്കി.

**23.** കേസ് ദോഷമായി വിധിച്ചു എന്നറിഞ്ഞു 8610 രൂപ വാദിക്ക് 6% പലിശ സഹിതം കൊടുക്കാൻ വിധി. പകർപ്പിന് അപേക്ഷിച്ചു.

**24.** പത്തനംതിട്ട പോയി വക്കീലിനെ കണ്ടു. അതുകഴിഞ്ഞ് അസിസ്റ്റന്റ് രജിസ്ട്രാർ തങ്കപ്പൻ, ഇൻസ്പെക്ടർ തമ്പാൻ, യൂണിയൻ അംഗങ്ങൾ മുതലായവരോടുകൂടി കോഴഞ്ചേരി, മേലുകര സംഘങ്ങളുടെ സംയുക്ത സമ്മേളനത്തിന് പോയി. എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. അവരുടെ സംഘങ്ങളുടെ അതിർത്തി നിർണ്ണയം ഉഭയ കക്ഷികളുടേയും ഏകാഭിപ്രായം നടന്നു. ഒപ്പിട്ടു ഞങ്ങൾ പിരിഞ്ഞു പോന്നു. ഊണുകഴിഞ്ഞു ഇലന്തൂർ സംഘത്തിന്റെ പണിപിരിവു സംബന്ധിച്ചു ശ്രമിച്ചിട്ടു ഞങ്ങൾ പോന്നു.

**26.** ഉച്ചയോടുകൂടി ഇലന്തൂർ വടക്കേക്കരനിന്നും ആൾ വന്ന് അവിടത്തെ വല്ല്യമ്മ മരിച്ചു, നാളെ 10 മണിക്ക് അടക്കം എന്നു പറഞ്ഞു പോയി. 6 മണിക്ക് സംഘം മീറ്റിംഗ് കൂടി.

**27.** ഇലന്തൂർക്ക് പോയി. പല അച്ചന്മാരും വന്നു. അടക്കം കഴിഞ്ഞു. ഊണുകഴിഞ്ഞു മടങ്ങിപോന്നു.

**28.** പരസ്യകുർബാന ചൊല്ലി. മാവേലിൽ അച്ചനെ കാണാൻ മണ്ണാരകുളഞ്ഞിയിൽ പോയി, കണ്ടില്ല. ഉടനെ മടങ്ങിവന്നു. 1.30–ന് കടമ്മനിട്ട നിന്നും വന്ന കാറിൽ പത്തനംതിട്ട പള്ളിയിലെത്തി. അച്ചനവിടില്ലായിരുന്നു. ഞാൻ കടമ്മനിട്ട എത്തി ദാനിയേൽ അച്ചന്റെ യാത്ര അയപ്പിനുള്ള മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. 3.45–ന് എന്റെ കടമ കഴിഞ്ഞ് പകരം ആളെ ആക്കി കാറിൽ സ്കൂളിലെത്തി പ്രസംഗം നടത്തി. അതുകഴിഞ്ഞ് സംഘത്തിന്റെ പൊതുയോഗം നടത്തുന്നതിന് വേണ്ട ആലോചന കമ്മറ്റിക്കാരുമായി നടത്തി. 7 മണിക്ക് കിഴക്കേ



www.malankaralibrary.com

വീട്ടിൽ ഷേർലിയുടെ കല്യാണം സംബന്ധിച്ചു വീട്ടിൽ ചെന്ന് പ്രാർത്ഥന നടത്തിയിട്ടു പോന്നു.

**30.** രാവിലെ പാളയം കൊച്ചുപള്ളിയിലെത്തി ചൊല്ലി. ജോയിയുടെ വീട്ടിലെത്തി കാപ്പികുടിച്ചു. 9 മണിക്ക് അരമനയിലെത്തി കറസ്പോണ്ടന്റിനെ കണ്ടു. കരിയിലച്ചനേയും കണ്ടു. വകയാറ്റെ തങ്കമ്മയെ അവിടെനിന്നും മാറ്റണമെന്ന് പൊൻമേലിലച്ചൻ പറഞ്ഞ കാര്യത്തെപ്പറ്റി ഞാൻ സംസാരിച്ചു. 12 മണികഴിഞ്ഞ് പുത്തൻ അരമനയിൽ നിന്നും ഊണുകഴിഞ്ഞ് തിരുമേനിയുമായി സംസാരിച്ചിട്ട് 3 മണിക്ക് മടങ്ങിപോന്നു.

**ജൂലൈ 13.** രാവിലെ കത്തീഡ്രലിൽ ചൊല്ലി. തിരുമേനിയേയും റമ്പാച്ചനേയും കണ്ടു. ഇന്ന് ജോയി പാളയത്ത് വാടകക്ക് താമസിക്കുന്ന തെന്നാല വീട് തിരുമേനിവന്ന് കൂദാശനടത്തി. പാളയം കൊച്ചുപള്ളി (പ്രോ കത്തീഡ്രൽ) വികാരി മണ്ണിലച്ചൻ ലൂർദു പള്ളിയിലെ കാട്ടടി അച്ചൻ, കുരുവിള അച്ചൻ മറ്റുരണ്ടു മൂന്നു അച്ചന്മാരും ശ്രീ. റ്റി.കെ. കോശിയും മറ്റും ഉണ്ടായിരുന്നു. ജോയിയും ആനന്ദവല്ലിയും കഴിഞ്ഞമാസം മുതൽ ഒന്നിച്ചുള്ള കുടുംബജീവിതമാണ്.

**14.** പാളയം കൊച്ചുപള്ളിയിൽ ചൊല്ലി. അരമനയിലെത്തി പല കാര്യങ്ങളിലും ഇടപെട്ടു. 3 മണിക്ക് സെനറ്റു കൂടി. 6 മണിക്ക് കത്തീഡ്രലിൽ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. 7 മണിക്ക് ഞാൻ പാളയത്തുപോയി ജോയിയുടെ കൂടെ താമസിച്ചു.

**15.** പാളയം പള്ളിയിൽ ചൊല്ലി. ജോയിയുടെ വീട്ടിൽ മൈലപ്രാ നിന്നും തങ്കപ്പൻ നായരും മകളും വന്നു. ഞങ്ങൾ കാപ്പികഴിച്ചിട്ടു ആനന്ദവല്ലിയോടുകൂടി ആൾ സെയിന്റ്സ് കോളേജിലെത്തി. തങ്കപ്പൻനായരുടെ മകൾ സുധക്ക് കോളേജു പ്രവേശനത്തിന് വേണ്ടത് ചെയ്തു. അതുകഴിഞ്ഞ് ഞങ്ങൾ മൈലപ്രായ്ക്ക് പുറപ്പെട്ടു. പത്തനംതിട്ട കോളേജിലും കയറി അന്വേഷിച്ചിട്ടു വീട്ടിലെത്തി.

**22.** ഉച്ചയോടുകൂടി നന്നുക്കാട്ടു പള്ളിയിൽ പോയി. പ്രോവിഡന്റ് ഫണ്ട് കമ്മറ്റി മീറ്റിംഗു നടന്നു. ഊണുകഴിഞ്ഞശേഷവും കൂടി, റൂൾ എഴുതി തയ്യാറാക്കി. 4-ന് പോന്നു.

**27.** 9 മണികഴിഞ്ഞ് കുമ്പഴ യാക്കോബായ പള്ളിയിൽ എത്തി. കടമ്പനാട്ടെ തോമ്മാച്ചന്റെ മകൾ എൽസിയും യോഹന്നാൻ ശെമ്മാശ്ശനുമായുള്ള വിവാഹത്തിൽ കൂടി. അതുകഴിഞ്ഞ് വീട്ടിൽ പോയി സദ്യകഴിഞ്ഞ്, ഞാൻ ഭരണങ്ങാനത്തിന് തിരിച്ചു. 6.45-ന് പള്ളിയിൽ എത്തി ബംഗ്ലാവിൽ താമസിച്ചു.



www.malankaralibrary.com

**28.** രാവിലെ കുർബാന ചൊല്ലി. കുർബാനയിൽ കൂടാൻ തിരുവനന്തപുരത്തുകാരൻ ഒരാളുണ്ടായിരുന്നു. കുര്യച്ചന്റെ വീട്ടിൽ പോയിട്ടു മടങ്ങിപോന്നു. 1.30-ന് വീട്ടിലെത്തി.

**29.** വൈകിട്ടു സംഘം കമ്മറ്റികൂടി, എന്നെ എതിരില്ലാതെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

**ആഗസ്റ്റ് 1.** അരമനയിൽ ചൊല്ലി. 8 മണികഴിഞ്ഞ് കൗൺസിൽ കൂടി. പല കാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. കൊല്ലത്ത് 2 ഏക്കർ വസ്തു വാങ്ങാൻ ഏർപ്പാടു ചെയ്തു, 4 ലക്ഷം രൂപാ വിലയ്ക്ക്. മീറ്റിംഗ് കഴിഞ്ഞ് പോന്നു. 5 മണിക്കെത്തി.

**2.** തിരുവനന്തപുരത്ത് ജോയിയുടെ വീട്ടിലേക്ക് ഓഫീസ് ടേബിളും അലമാരയും മറ്റും കൊണ്ടുപോയി കൊടുക്കാൻ അരമന ലോറിയിൽ കയറ്റിവിട്ടു. വൈകിട്ടു സംഘം കമ്മറ്റി കൂടി പല കാര്യങ്ങളും, റിപ്പോർട്ടു ബഡ്ജറ്റും മറ്റും ആലോചിച്ചു പിരിഞ്ഞു.

**3.** കിഴക്കേവീട്ടിൽ ചാക്കോച്ചന്റെ മകൾ സൂസമ്മയ്ക്ക് എം.എസ്.സി.യ്ക്ക് അഡ്മിഷനു വേണ്ടി ഈവാനിയോസ് കോളേജിലേക്ക് അവരുടെ കൂടെ പോയി. അവിടെ എത്തി പ്രിൻസിപ്പളിനെ കണ്ടു പറഞ്ഞു. അപേക്ഷ കൊടുക്കാൻ പറഞ്ഞു. ഞാൻ അരമനയിലെത്തി താമസിച്ചു, അവർ പോയി.

**4.** തിരുമേനിയോടുകൂടി സഹകരണ കുർബാന ചൊല്ലി. തിരുമേനിയുമായി മൈലപ്രാ മഠകാര്യവും, സ്കൂൾ പണികാര്യവും മറ്റും പലതും സംസാരിച്ചു. 1.30-ന് മടങ്ങിപോന്നു.

**13.** ചങ്ങനാശ്ശേരിക്ക് പോയി ഭാരതീവിഹാരത്തിലെത്തി. ഊണുകഴിഞ്ഞ് മാപ്പിളസാറിന്റെ കൂടെ കത്തീഡ്രലിൽ എത്തി അതിനടുത്തുള്ള മഠത്തിൽ പോയി ഇന്നലെ മരിച്ച സിസ്റ്ററിനെ കണ്ടു. സിസ്റ്റർ മാപ്പിള സാറിന്റെ ഭാര്യ മറിയാമ്മയുടെ അനുജത്തി ആയിരുന്നു. ഞാൻ ഒരു തെശുമിശിത്താ എത്തിച്ചു. 3 മണിക്ക് സംസ്കാരശുശ്രൂഷ തുടങ്ങി. 4.30-ന് ഞാൻ പോന്നു.

**16.** വൈകിട്ടു 4 മണിക്ക് പുളിക്കൽ കുഞ്ഞൂഞ്ഞും ആധാരമെഴുത്ത് ജോർജ്ജും നിലം സംബന്ധിച്ച തർക്കമായി വന്നു. എല്ലാം കേട്ടു കഴിഞ്ഞ് ഉഭയസമ്മതപ്രകാരം ജോർജ് 1250 രൂപ എന്നെ ഏല്പിച്ചു കഴിയുമ്പോൾ ഇപ്പോൾ നിലത്തിലുള്ള ഞാറ് നടാൻ വേണ്ടി പറിച്ചു കഴിഞ്ഞ് നിലം കുഞ്ഞൂഞ്ഞിന് വിട്ടുകൊടുക്കണം എന്ന് ഞാൻ പറഞ്ഞു. കുഞ്ഞൂഞ്ഞും ജോർജ്ജും സമ്മതിച്ചു രണ്ടുപേരും സൗഹാർദമായി പോയി.



www.malankaralibrary.com

**19.** രാവിലെ ജോയിയുടെ വീട്ടിൽ നിന്നും പ്രോ കത്തീഡ്രലിൽ പോയി ചൊല്ലിയിട്ടു മടങ്ങിവന്ന് കാപ്പി കുടിച്ചു. അതുകഴിഞ്ഞ് 10 മണിക്ക് അരമനയിലെത്തി, സെമിനാറിൽ സംബന്ധിച്ചു. 12 മണിവരെ നീണ്ടു. ഊണുകഴിഞ്ഞ് വിശ്രമിച്ചിട്ടു മൈലപ്രായ്ക്കു പോന്നു.

**21.** കൊല്ലത്ത് പോയി സി.പി. വക്കീലിനെ കണ്ടു കേസു നോക്കിച്ചു. കേസുകെട്ടും ജഡ്ജുമെന്റും മറ്റും കൊടുത്തു അപ്പീൽ കൊടുക്കാൻ ഏർപ്പാടു ചെയ്തു. 600 രൂപയും കൊടുത്ത് പോന്നു.

**24.** രാവിലെ മുഖത്തല പള്ളിയിൽ ചൊല്ലി. അവിടെനിന്നും കൊല്ലത്ത് പോയി സി.പി. & സി.പി. വക്കീലിന്റെ വീട്ടിലെത്തി കോടതി ചെലവിനും വക്കീൽ ഫീസുമായി 1377 രൂപാ കൂടി കൊടുത്തു. മടങ്ങിപോന്നു. 12.30-ന് വീട്ടിലെത്തി.

**26.** കൊല്ലത്ത് പോയി സി.പി. & സി.പി. വക്കീലിനെ കണ്ടു. കേസു തയാറാക്കിയത് വായിച്ചുകേട്ടു. ചില കടലാസുകളിൽ ഒപ്പിട്ടു കൊടുത്തു മടങ്ങി.

**27.** കോന്നിത്താഴം പള്ളിയിൽ എത്തി. പുതിയ പള്ളിയുടെ കൂദാശ 5 മണിക്ക് തിരുമേനി വന്നു സ്വീകരണം കഴിഞ്ഞ് നടത്തി. കൂദാശയും മറ്റും കഴിഞ്ഞപ്പോൾ ഞാനും കുര്യച്ചനും കൂടി മടങ്ങിപോന്നു.

**31.** രാവിലെ ആയുർവേദ വൈദ്യൻ വന്ന്, 17-09-1970-ൽ റിട്ടയർ ചെയ്യുന്നു എന്നു പറഞ്ഞു. മകൻ വാസുദേവനെ വൈദ്യശാലയിൽ നിയമിച്ചു എന്ന്. സംഘം വകസ്ഥലത്ത് ഗവൺമെന്റ് ഗ്രാന്റോടു കൂടി ഞാൻ തുടങ്ങിയ വൈദ്യശാലയായതുകൊണ്ടു പ്രത്യേക അനുവാദം നിയമനത്തിനും മറ്റും വേണ്ടിവരും. അതുകൊണ്ടു ഞാൻ പത്തനംതിട്ട പോയി സംഘം ഇൻസ്പെക്ടർ തമ്പാനെ കണ്ടു വൈദ്യശാല കാര്യം പറഞ്ഞു. വൈദ്യനുമായി ആലോചിക്കാം എന്നു പറഞ്ഞു.

**സെപ്റ്റംബർ 7.** കുര്യച്ചൻ വീട്ടിൽ പോയിരുന്നതുകൊണ്ട് 8-നോമ്പിന്റെ കുർബാന ഞാൻ ചൊല്ലി. അതുകഴിഞ്ഞ് പുന്തല മരണവീട്ടിൽ പോകാൻ ഒരു കാറിൽ നന്നുക്കാട്ടു പോയി പൊൻകുരിശും അലുക്കിട്ട കുടകളും മറ്റും എടുത്ത് പുന്തല ഈഴേനത്ത് വീട്ടിലെത്തി. പരേതനായ കോശിസാറിന്റെ ഭാര്യയുടെ മൃതശരീരം കണ്ടു, 3 ശുമിശിത്താ ഞാൻ നടത്തി. 3 മണിക്ക് വികാരി അച്ചൻ വന്ന് മൃതശരീരം പള്ളിയിലേക്ക് എടുപ്പിച്ചു. ഞാൻ സംസ്കാര ശുശ്രൂഷ നടത്തി അടക്കാൻ നേരം മകൻ കുഞ്ഞൂഞ്ഞ് വന്നു. പെട്ടി താഴെ വയ്പിച്ചു കാണിച്ച ശേഷം അടക്കി. 6.30 കഴിഞ്ഞ് ഞങ്ങളെല്ലാം തിരിച്ചുപോന്നു.



www.malankaralibrary.com

**17.** ഇന്ന് ഇലക്ഷൻ ആണ്. സ്കൂളിൽ വോട്ടിംഗ് തുടങ്ങി. അസംബ്ലിയിലേക്ക് വയലാ ഇടിക്കുളയും, കെ.കെ. നായരും ഉണ്ണികൃഷ്ണ പിള്ളയുമാണ് മത്സരിക്കുന്നത്. ഞാൻ 4 മണിക്ക് വോട്ടുചെയ്തു.

**18.** ഉച്ചകഴിഞ്ഞപ്പോൾ കെ.കെ. നായർ ജയിച്ചതായി അറിഞ്ഞു. റാന്നിയിൽ നിന്നും സഖറിയ ജയിച്ചു.

**21.** 40-ാം പുനരൈക്യവാർഷികത്തിൽ സംബന്ധിക്കാൻ കറ്റാനത്തിന് പോയി. രണ്ടു തിരുമേനിമാരും രണ്ടു മോൺസിഞ്ഞോർമാരും ഞങ്ങൾ രണ്ടു അച്ചന്മാരും ചേർന്ന് സമൂഹബലി അർപ്പിച്ചു. 3 മണിക്ക് പടിയറ തിരുമേനിയെ എതിരേറ്റു സ്വീകരിച്ചു പൊതുയോഗം നടത്തി. 5 മണികഴിഞ്ഞ് ഞാൻ മടങ്ങിപോന്നു.

**22.** 16-08-1970-ലെ എന്റെ മദ്ധ്യസ്ഥതയിലെ തീരുമാനപ്രകാരം റ്റി.കെ. ജോർജ് 750 രൂപയും 500 രൂപയ്ക്കുള്ള ചെക്കും തന്നു. അത് പുളിക്കൽ കുഞ്ഞൂഞ്ഞിന് കൊടുത്ത് രസീത് വാങ്ങി ഇടപാടു തീർക്കുന്നതിനാണ്. കുഞ്ഞൂഞ്ഞിനെ വരുത്തി രൂപ കൊടുത്തു. ചെക്ക് ഞാൻ തന്നെ മാറികൊടുത്താൽ മതി എന്നവൻ പറഞ്ഞു. മുഖത്തലക്ക് പോയവഴി കടമ്പനാടു ഹൈസ്കൂൾ മാനേജരോട് ഞാൻ പറഞ്ഞ് എടുപ്പിച്ച എച്ച്.എം. തോമ്മാച്ചനെ കണ്ടു സംസാരിച്ചു. 7-ന് മുഖത്തല എത്തി.

**24.** രാവിലെ മുഖത്തല കുരിശടി ചാപ്പലിൽ ചൊല്ലി. 8 മണിക്ക് കൊല്ലത്തിന് പോയി സി.പി. & സി.പി. വക്കീലിനെ കണ്ടു കേസു കാര്യം സംസാരിച്ചു. അതുകഴിഞ്ഞ് സഹകരണബാങ്കു ഹെഡ് ഓഫീസിൽ കയറി മാനേജരെ കണ്ടു. സൊസൈറ്റിക്കുള്ള 20,000/- രൂപയുടെ ലോൺ അനുവദിച്ചതായി പറഞ്ഞു. ഉടനെ മടങ്ങിപോന്നു.

**28.** ഞാൻ വയൽ നോക്കാൻ പോയപ്പോൾ ബാബു വാദ്ധ്യാരുടെ വീട്ടിൽ കയറി. ബാബുവും പിള്ളാരും അപ്പോളുണ്ടായിരുന്നു. ബാബുവിന്റെ മദ്യപാനത്തെ കർശനമായി ഞാൻ വിലക്കിപറഞ്ഞു. മേലാൽ കുടിക്കയില്ലെന്ന് എന്റെ കൈപിടിച്ചു ബാബു പറഞ്ഞു.

**29.** വൈകിട്ടു പത്തനംതിട്ട എത്തി, ഡിസ്ട്രിക്റ്റു ഇലക്ട്രിക്കൽ ഓഫീസ് പത്തനംതിട്ട തന്നെ സ്ഥാപിക്കുന്നത് സംബന്ധിച്ചു ഡെപ്യൂട്ടേഷൻ പോകാൻ ആലോചിക്കുന്നതിനു വേണ്ടി പഞ്ചായത്ത് ഓഫീസിൽ കൂടി. പലരും ഉണ്ടായിരുന്നു. ഡോ. പി.വി. ജോർജ്, മാത്തൻ തരകൻ സാർ, പഞ്ചായത്ത് പ്രസിഡന്റ് മീരാസാഹിബ്, ജോർജ്ജുകുട്ടി, ഞാൻ ഇത്രയും പേർ നാളെ രാവിലെ 6 മണിക്ക് പത്തനംതിട്ട നിന്നും പോകാൻ നിശ്ചയിച്ചു. എം.എൽ.എ. കെ.കെ. നായരോടും കാര്യം പറഞ്ഞു.



www.malankaralibrary.com

**30.** രാവിലെ 6 മണിക്ക് പത്തനംതിട്ട എത്തി. ഞങ്ങൾ 5 പേരും തിരുവനന്തപുരത്തിന് പോയി. 11.50–ന് ഇലക്ട്രിസിറ്റി ബോർഡ് ഓഫീസിലെത്തി ചെയർമാനെ കണ്ടു. കെ.കെ. നായരും വന്നു. പത്തനംതിട്ട ഓഫീസ് തരണമെന്ന് അപേക്ഷിച്ചു. കുറെനേരം സംസാരിച്ചു. തരകൻ സാറും ഞാനും കെ.കെ. നായരും വളരെ വിശദമായി കാര്യങ്ങൾ പറഞ്ഞു. അവിടെനിന്നും ഞങ്ങൾ പിരിഞ്ഞു. ഞാൻ അരമനയിലെത്തി, പിന്നീട് ജോയിയുടെ വീട്ടിലും പോയിട്ടു 5 മണി കഴിഞ്ഞ് പോന്നു. 10 മണിക്ക് വീട്ടിലെത്തി.

**ഒക്ടോബർ 2.** ഉച്ചയോടുകൂടി കൊട്ടാരക്കരക്ക് പോയി. ചെറുകർഷകരെ സംബന്ധിച്ച ഒരു മീറ്റിംഗ് കൊല്ലം ഡിവിഷനിലെ അച്ചന്മാരുടേത്, കൊട്ടാരക്കര കിഴക്കേതെരുവിൽ സ്കൂളിൽ വച്ചു 3 മണിക്ക് കൂടി. കൊല്ലം ബിഷപ്പും തിരുവനന്തപുരം ആർച്ചുബിഷപ്പും 50–ൽ പരം അച്ചന്മാരും സംബന്ധിച്ചു. ശ്രീ. ഉണ്ണിത്താൻ പ്രസംഗിച്ചു. പലരും പ്രസംഗിച്ചു. 5 മണിക്ക് പിരിഞ്ഞു. ഞാനും കുര്യച്ചനുംകൂടി 5.15–ന്റെ ബസിൽ കയറിപോന്നു.

**8.** ഉച്ചകഴിഞ്ഞ് വടശ്ശേരിക്കര പള്ളികൂദാശയിൽ സംബന്ധിക്കാൻ പോയി. 4.30–ന് തിരുമേനിയെ സ്വീകരിച്ചു. കൂദാശയും മറ്റും കഴിഞ്ഞ് ഞാൻ മടങ്ങിപോന്നു.

**12.** രാവിലെ പുത്തൻപീടിക പുറത്തൂട്ട് വീട്ടിലെത്തി. തൈക്കൂടത്തിൽ ശമുവേലച്ചനും വന്നു. 10 മണിക്ക് കുഞ്ഞൂഞ്ഞിന്റെ കല്യാണ നിശ്ചയത്തിന് ഞങ്ങളെല്ലാം കടമ്മനിട്ട തടത്തിൽ വീട്ടിൽ പോയി. കാര്യങ്ങളെല്ലാം പറഞ്ഞ് നിശ്ചയം കഴിഞ്ഞ് പ്രാർത്ഥനയും ഊണുംകഴിഞ്ഞ് 1 മണിക്ക് മടങ്ങിപോന്നു. ഞാൻ 2 മണിക്ക് പൂവണ്ണംമൂട്ടിലെത്തി രോഗിയായ കുഞ്ഞുതോമ്മായെ കണ്ടു. വല്ലത്ത് കയറി കുഞ്ഞമ്മയുടെ രോഗസ്ഥിതിയും അന്വേഷിച്ചിട്ടു വീട്ടിലെത്തി വിശ്രമിച്ചു.

**14.** രാവിലെ കൊല്ലത്ത് പോയി സഹകരണബാങ്ക് യൂണിയൻ മീറ്റിംഗിൽ സംബന്ധിച്ചു. 1.30–ന് കഴിഞ്ഞ് മടങ്ങിപോന്നു. കുമ്പഴ വടക്ക് റമ്പാച്ചന്റെ അളിയൻ മത്തായിച്ചൻ മരിച്ചതായി അറിഞ്ഞ് അവിടെ പോയി സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചിട്ടു പോന്നു.

**25.** മുണ്ടുകോട്ടയ്ക്കൽ 4 മണിക്കെത്തി ക്രിസ്ത്യൻ ഫ്രറ്റേണിറ്റി മീറ്റിംഗ് കൂടി ഞാൻ ഉദ്ഘാടനം നടത്തി 10 മിനിട്ടുനേരം പ്രസംഗിച്ചു. അതു കഴിഞ്ഞ് മടങ്ങിവന്ന് സംഘം കമ്മറ്റി കൂടി.



www.malankaralibrary.com

**26.** സംഘത്തിൽ നിന്നും കടം അനുവദിച്ചവർക്ക് ഇന്നുമുതൽ പണം കൊടുത്തു തുടങ്ങി.

**31.** രാവിലെ കൊല്ലത്തിന് പോയി. 10 മണിക്ക് വക്കീലാഫീസിൽ എത്തി. അപ്പീൽമെമ്മോ ഗുമസ്തൻ തന്നു. 9-ാം പ്രതിക്ക് സമൻസ് കൊടുത്തു. ഊണുകഴിഞ്ഞ് കൊല്ലത്തുനിന്നും മുഖത്തലക്ക് പോയി. അവിടെ പെരുനാൾ ചടങ്ങിൽ കൂടി.

**നവംബർ 1.** രാവിലെ മുഖത്തല പള്ളിയിൽ 5.30-ന് കുർബാന ചൊല്ലി. കാപ്പികഴിഞ്ഞ് കൊട്ടാരക്കര വഴി മടങ്ങിപോന്നു.

**2.** പുത്തൻപീടിക പള്ളിയിലെത്തി. പുറത്തൂട്ടു വീട്ടിൽപോയി കാപ്പി കഴിഞ്ഞുവന്ന് 10 മണിക്ക് മറ്റു രണ്ടു അച്ചന്മാരുടെ സഹകരണത്തിൽ കുഞ്ഞൂഞ്ഞിന്റെ വിവാഹം ഞാൻ നടത്തി. വീട്ടിലെത്തി ഭക്ഷണം കഴിഞ്ഞ് 2 മണിയോട് മടങ്ങി എത്തി. ശ്രീ. റ്റി.കെ. ജോർജ് തരാനുള്ള 500 രൂപ തന്ന്, നേരത്തെ തന്ന ചെക്ക് തിരിച്ചു വാങ്ങി. പുളിക്കൻ കുഞ്ഞൂഞ്ഞിനെ വരുത്തി നേരത്തെ 750 രൂപയും ചേർത്ത് 1250 രൂപ കൊടുത്ത് രസീത് വാങ്ങി ജോർജിന് കൊടുത്തു. അങ്ങനെ ഇടപാടു തീർത്തു.

**4.** തിരുവനന്തപുരത്തിന് പോയി 11.40-ന് അരമനയിലെത്തി ഊണു കഴിഞ്ഞ് ക്ലർജി ഹൗസിലെത്തി ഇഞ്ചക്കലോടി അച്ചനെ കണ്ട്, 'എം.ഡി. സ്കൂളുകളും മാർ ഈവാനിയോസും' എന്ന രണ്ടു ലേഖന ങ്ങൾ ഏല്പിച്ചു. 3 മണിയോടു അരമനയിൽ തിരിച്ചെത്തി അല വൻസിനുള്ള ചെക്കു വാങ്ങി പാളയത്ത് ജോയിയുടെ വീട്ടിലെത്തി താമസിച്ചു. അവിടെ അടുത്ത് താഴേതിൽ പോയി കൊച്ചുകോശി യേയും മറ്റും കണ്ടു.

**5.** രാവിലെ പാളയത്തുനിന്നും ബസിൽപോന്നു. 8.45-ന് വീട്ടിലെത്തി. 4 മണിക്ക് പള്ളിയിൽ പോയി ചൊല്ലി. തിരിച്ചു വന്ന വഴി കണ്ടം നോക്കിയശേഷം അടുത്ത് താമസിക്കുന്ന ബാബുവിന്റെ വീട്ടിൽ കയറി കടമ്മനിട്ട അച്ചൻ തരാനുള്ള പണത്തിന്റെ കാര്യം പറഞ്ഞു. നേരത്തേ പറഞ്ഞു വിലക്കിയ കാര്യം അന്വേഷിച്ചു.

**7.** പത്തനംതിട്ട സഹകരണ അസി. രജിസ്ട്രാർ ഓഫീസിലെത്തി യൂണിയൻ സെമിനാർ സമ്മേളനം സംബന്ധിച്ചു ദീർഘനേരം ചർച്ച നടന്നു. സെമിനാറിൽ അഞ്ചാമതായി ഞാൻ അവതരിപ്പിക്കാൻ വേണ്ടി ഒരു വിഷയം ചുമതലപ്പെടുത്തി. മടങ്ങിവന്ന് 5 മണിക്ക് സംഘം ഓഫീസിൽ മീറ്റിംഗ് കൂടി വളരെ ഗൗരവമായ ചില കാര്യങ്ങൾ ചർച്ച ചെയ്തു.



www.malankaralibrary.com

**8.** 4 മണിക്ക് സംഘം പൊതുയോഗം നടന്നു. പലരും കണക്കിനെ വിമർശിച്ചു. എല്ലാം പാസാക്കി. സഹകരണവാരം സംബന്ധിച്ചു പൊതുയോഗം എന്റെ അദ്ധ്യക്ഷതയിൽ 6.30-ന് തുടങ്ങി. യൂണിയൻ പ്രസിഡന്റ് പ്രസംഗിച്ചു. കഴിഞ്ഞ അവസാനപരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്കുവാങ്ങി ജയിച്ച രണ്ടു കുട്ടികൾക്ക് സമ്മാനം കൊടുത്തു. 7.30-ന് യോഗം പിരിഞ്ഞു.

**9.** പത്തനംതിട്ട സഹകരണ ബാങ്കിലെത്തി. ഡെപ്യൂട്ടി രജിസ്ട്രാർ വന്നിരുന്നു. അദ്ദേഹവുമായി ഒരു മണിക്കൂറോളം സംസാരിച്ചിരുന്നു. 3 മണിയോടുകൂടി ഞങ്ങൾ, ഡി.ആർ, അസി. രജിസ്ട്രാർ മുതലായവർ വയലത്തല സൊസൈറ്റി സ്കൂൾ ഉദ്ഘാടനത്തിന് പോയി. തിരുമേനി അദ്ധ്യക്ഷം വഹിച്ചു. ഡി.ആറും, ഞാനും മറ്റും പ്രസംഗിച്ചു. മീറ്റിംഗ് കഴിഞ്ഞു ഞാൻ പള്ളിയിലെത്തി തിരുമേനിയുമായി സംസാരിച്ചു. പിന്നീട് മാടത്തുപോയി കുഞ്ഞുമോളുടെ കല്യാണ കാര്യം ആലോചിച്ചിട്ടുപോന്നു.

**12.** പത്തനംതിട്ട എത്തി സെമിനാറിന്റെ കാര്യങ്ങൾ തയ്യാറാക്കി. ഉണ്ണി കൃഷ്ണൻ നായരുമായി ആലോചിച്ചു ശരിപ്പെടുത്തി. എല്ലാവരും ഊണുകഴിഞ്ഞ് 2 മണിക്ക് പൊതുയോഗം തുടങ്ങി. പ്രമേയങ്ങൾ വായിച്ചു അവതരിപ്പിച്ചു പാസാക്കി. കൊല്ലത്തുനിന്നും ഡി.ആർ, ബാങ്കു ഉദ്യോഗസ്ഥരും മറ്റും വന്നു. കാപ്പി കഴിഞ്ഞ് പിരിഞ്ഞു.

**13.** കുമ്പളാംപൊയ്കയിൽ മീറ്റിംഗിൽ കൂടാൻ ബസിൽ പോയി. 5 മണിക്ക് മീറ്റിംഗ് കൂടി അസി. രജിസ്ട്രാറും ഇൻസ്പെക്ടേഴ്സും മറ്റുമായി പലതും ആലോചിച്ചു. അതുകഴിഞ്ഞ് എന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി, ഉപക്രമമായി 10 മിനിട്ടു സമയം ഞാൻ പ്രസംഗിച്ചു. മറ്റുള്ളവരുടെ പ്രസംഗങ്ങളും നടന്നു. യോഗംകഴിഞ്ഞ് കാറിൽ പോന്നു.

**20.** വൈകിട്ടു സംഘം കമ്മറ്റി കൂടി. റേഷൻ വ്യാപാരത്തിൽ സെയിൽസുമാൻ കുഴപ്പം കാണിക്കുന്നതായി കാണുകയാൽ അയാളെ വരുത്തി സമാധാനം ചോദിച്ചു. അയാൾ കുറ്റം സമ്മതിച്ചു. 30-നു വരെ സാവകാശം കൊടുക്കണമെന്ന് നിശ്ചയിച്ചു പിരിഞ്ഞു.

**21.** പത്തനംതിട്ട എത്തി ഉണ്ണികൃഷ്ണൻ നായരോടുകൂടി 11 മണിക്ക് തിരിച്ച് 1 മണിയോടുകൂടി കൊല്ലം ഡിസ്ട്രിക്റ്റു ബാങ്കിലെത്തി. മെമ്പേഴ്സിനെ തെരഞ്ഞെടുക്കുന്നതിന് അവർ ഉണ്ടാക്കിയ പാനൽ അനുസരിച്ചു വോട്ടുചെയ്തു. 4 മണിക്ക് വിജയം പ്രസ്താവിച്ചു. ഞങ്ങളുടെ പാനൽ വിജയിച്ചു.



www.malankaralibrary.com

**25.** സഹകരണ വിദ്യാഭ്യാസം സംബന്ധിച്ചു 4 മണിക്ക് എൽ.പി. സ്കൂളിൽ വച്ചു ക്ലാസ് നടത്തി. എന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഞാൻ ഉപക്രമമായി പ്രാരംഭപ്രസംഗം നടത്തി. അസി. ഡയറക്ടർ ഉദ്ഘാടനവും ഇൻസ്പെക്ടർ തമ്പാൻ സ്വാഗതവും പറഞ്ഞു. ശ്രീ. കെ. ജനാർദ്ദനൻ ക്ലാസ് നടത്തി.

**26.** രാവിലെ 6.45-ന് തീകുറിഞ്ഞിയിൽ ഓമനയുടെ കല്യാണനിശ്ചയത്തിന് ജീപ്പിൽ പൊൻകുന്നത്ത് എത്തി കാപ്പികുടിച്ചശേഷം കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, പീരുമേടു വഴി കുമളിയിൽ എത്തി. കാപ്പികഴിഞ്ഞ്, നിശ്ചയവും കഴിഞ്ഞ് ഊണുകഴിച്ചു. അതുകഴിഞ്ഞ് അവിടത്തെ അച്ചൻ, ജോൺ ഇരുമേട, കാറിൽ എന്നെ അരണ്യ നിവാസിൽ എത്തിച്ചു. മറ്റുള്ളവർ ജീപ്പിൽ വന്നു. അവിടെ ചുറ്റികറങ്ങി കണ്ടശേഷം ഞങ്ങൾ ജീപ്പിൽ മടങ്ങിപോന്നു. 7 മണികഴിഞ്ഞ് വീട്ടിലെത്തി.

**27.** ഒരാഴ്ചയായി ബസു പണിമുടക്കായതിനാൽ, യാത്രയില്ല. ജനാർദ്ദനൻ നായരുടെ സഹകരണക്ലാസിൽ പോയിചേർന്നു.

**29.** ഞാനും കുര്യച്ചനും കൂടി ചാമക്കാലായിൽ പുതുപറമ്പിൽ കുഞ്ഞച്ചന്റെ മകളുടെ കല്യാണനിശ്ചയത്തിന് പോയി, എല്ലാംകഴിഞ്ഞ് 1.30-ന് മടങ്ങിപോന്നു. കുറെകഴിഞ്ഞ് ഉതിമൂട്ടിൽ മണപുറത്ത് കുഞ്ഞുകുട്ടിയുടെ അമ്മ മരിച്ചതായി ആൾ വന്നുപറഞ്ഞു. ഇന്നലെ പോയി രോഗിയെ കണ്ടു പ്രാർത്ഥിച്ചിട്ടു വന്നതാണ്. ഉടനെ ഉതിമൂട്ടിൽ എത്തി വീട്ടിൽ പോയി. രണ്ടു മൂന്നു അച്ചന്മാരും ഉണ്ടായിരുന്നു. ശുശ്രൂഷവീട്ടിൽ വച്ചു നടത്തിയിട്ടു പള്ളിയിൽ കൊണ്ടുപോയി സംസ്കാര ശുശ്രൂഷയും നടത്തി അടക്കി. 7 മണിക്ക് മടങ്ങിപോന്നു.

**30.** സഹകരണക്ലാസിൽ കൂടി. 6 മണിക്ക് തീർന്നു. ഏവർക്കും കാപ്പി കൊടുത്ത് പിരിഞ്ഞു.

**ഡിസംബർ 2.** പത്തനംതിട്ട സഹകരണ ബാങ്കിൽ 9 മണിക്കെത്തി. 10 മണിയോടുകൂടി രജിസ്ട്രാർ തങ്കൻ, ഇൻസ്പെക്ടർ ജോൺ, ഉണ്ണികൃഷ്ണൻ നായർ, കെ.എസ്സ്. മത്തായി എന്നിവരോടുകൂടി കാറിൽ തിരുവനന്തപുരത്തിന് പോയി. 1.30-ന് ഊണുകഴിഞ്ഞ് സഹകരണ രജിസ്ട്രാർ ഓഫീസിൽ എത്തി അദ്ദേഹത്തെ കണ്ട് ഓഫീസ് മാറ്റുന്ന കാര്യം പറഞ്ഞു. അദ്ദേഹം ഉടനെ ഓർഡർ ഇട്ടു. ഞാൻ ജോയിയുടെ വീട്ടിലെത്തി വിശ്രമിച്ചിട്ടു അരമനയിൽ പോയി, അലവൻസു വാങ്ങി. പിന്നീടു ട്രെയിനിംഗ് കോളേജിലെത്തി മൂത്തേരിൽ ജോർജച്ചനെ കണ്ടു. അരമനയിലെത്തി താമസിച്ചു.



www.malankaralibrary.com

**6.** ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി. രജിസ്ട്രാർ ഓഫീസ് പഴയസ്ഥലത്തുനിന്നും മാറ്റി. പുതിയ ഓഫീസിൽ ഞാൻ പോയികയറി. കെട്ടിട ഉടമസ്ഥൻ കൊച്ചുകുഞ്ഞു എന്നെ വിളിച്ചു അയാളുടെ ജനന ഉൽസവത്തിൽ പങ്കുചേരാനായിട്ടു. ഞാനും അതിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് നാരങ്ങാനത്തിന് പോയി നെടിയപറമ്പിൽ കയറി അല്പം വിശ്രമിച്ചിട്ടു തോമസിന്റെ വീട്ടിലെത്തി വിവരം അറിഞ്ഞു. 4 മണികഴിഞ്ഞു പോന്നു. മുണ്ടുകോട്ടയ്ക്കൽ ഇറങ്ങിനടന്ന് പൂവണ്ണംമൂട്ടിലും കയറിയിട്ടു 6 മണിക്ക് വീട്ടിലെത്തി.

**9.** പത്തനംതിട്ട 10 മണിക്കെത്തി രജിസ്ട്രാർ ഓഫീസിലെത്തി സഹകരണ യൂണിയൻ മീറ്റിംഗിൽ കൂടി പലകാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. 1 മണിക്ക് പിരിഞ്ഞു.

**13.** ഉച്ചകഴിഞ്ഞ് കുമ്പഴ പള്ളിയിലെത്തി മാടപള്ളിൽ മാത്യു ശെമ്മാശ്ശന്റെ കശ്ശീശാ പട്ടംകൊട ശുശ്രൂഷയിൽ സംബന്ധിച്ചു. തിരുമേനിയും ഏതാണ്ട് 25 അച്ചന്മാരുമുണ്ടായിരുന്നു.

**14.** കുമ്പഴ 8 മണി കഴിഞ്ഞെത്തി. മാടപ്പള്ളി അച്ചന്റെ പുത്തൻകുർബാനയിലും അതുകഴിഞ്ഞ് നടന്ന അനുമോദനയോഗത്തിലും സംബന്ധിച്ചു. അച്ചന്റെ വീട്ടിൽ തിരുമേനി ഉൾപ്പെടെ എല്ലാവരും എത്തി ഉച്ച ഭക്ഷണം കഴിഞ്ഞു. 2 മണിക്ക് പോന്നു.

**22.** രാവിലെ എഴുന്നേറ്റു റഡിയായി മുഖത്തല കുരിശടിയിൽ പ്രാർത്ഥിച്ചു. 6 മണിക്ക് പരസ്യകുർബാന, മലയാള തക്സാ ഉപയോഗിച്ചു ചൊല്ലി. അവിടെനിന്നും കൊല്ലത്ത് എത്തി വക്കീലിന്റെ വീട്ടിൽ പോയി കേസിന്റെ കാര്യം പറഞ്ഞു. സമൻസെല്ലാം നടന്നതായി പറഞ്ഞു. പ്രൈവറ്റു ബസ് സ്റ്റാന്റിലെത്തി പുനലൂർ ബസിൽ കയറി കുറെ നേരം ഇരുന്നു, വണ്ടി വിട്ടില്ല. ഉടനെ അവിടെ എത്തിയ പത്തനംതിട്ട വണ്ടിയിൽ കയറി ചവറ എത്തിയപ്പോൾ ബാഗ് നോക്കി, കണ്ടില്ല. വക്കീലിന്റെ വീട്ടിലോ, പുനലൂർ ബസിലോ ആയിരിക്കും. വീട്ടിലെത്തിയ ഉടനെ അവർക്ക് എഴുതി.

**24.** വൈകിട്ടു ക്രിസ്ത്യൻ സമ്മേളനം എന്റെ അദ്ധ്യക്ഷതയിൽ സ്കൂളിൽ കൂടി. ഫാ. ജോൺ കോന്നിയൂർ പ്രസംഗിച്ചു. റാലിയും ഡാൻസും മറ്റും നടന്നു. 10 മണിക്ക് തീർന്നു.

**25.** വൈകിട്ടു 4 മണിക്ക് പള്ളിയിൽ എത്തി, അവിടെ നടത്തിവരുന്ന ഇൻഫന്റ് ജീസസിന്റെ പേരിലുള്ള ക്ലബിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. 30-ൽപരം അംഗങ്ങളുണ്ടായിരുന്നു. ഞാനും അച്ചനും പ്രസംഗിച്ചു.



www.malankaralibrary.com

പൊതുജനോപകാരാർത്ഥം ജോലിയും പ്രവർത്തനങ്ങളും ചെയ്യണ മെന്ന് പറഞ്ഞു.

**26.** വയലത്തല പോയിട്ടു വന്നപ്പോൾ സി.എം.റ്റി.യ്ക്കു (സി.എം. തോമസ്) സുഖമില്ലാതെ ആശുപത്രിയിലാണെന്നറിഞ്ഞ് അങ്ങോട്ടുപോയി. രണ്ടുമൂന്നു ദിവസം അവിടെ കിടക്കേണ്ടി വരുമെന്ന് ഡോക്ടർ പറഞ്ഞതായി അറിഞ്ഞു. ഡോക്ടരെ കാണാൻ വീട്ടിലും പോയി. അവിടില്ലായിരുന്നു.

**27.** തീകുറിഞ്ഞിയിൽ ഓമനയുടെ കല്യാണം സംബന്ധിച്ചു വീട്ടിൽ പോയി പ്രാർത്ഥന നടത്തിയിട്ടു പള്ളിയിലെത്തി. 11.30-ന് വിവാഹം ഞാൻ ആശീർവദിച്ചു, കുര്യച്ചനും കൂടെയുണ്ടായിരുന്നു. വീട്ടിലെത്തി ഊണുകഴിഞ്ഞ് കോഴിമലയിൽ കേറി, മേരികുട്ടിയെ പ്രസവത്തിന് അയക്കുന്നതിന്റെ പ്രാർത്ഥന നടത്തി. 4 മണിക്ക് സംഘം കമ്മറ്റി സ്കൂളിൽവച്ചു കൂടി ചില തീരുമാനം എടുത്തു.

**30.** ആശുപത്രിയിൽ പോയി തോമസിനെ കണ്ടു. കുറച്ചുകുറവുണ്ട്.

# 1971

**ജനുവരി 1.** പരസ്യകുർബാന ചൊല്ലി. ആശുപത്രിയിൽ പോയി സി. എം.റ്റി.യുടെ സുഖക്കേടു അന്വേഷിച്ചുപോന്നു.

**2.** ഉച്ചയോടുകൂടി ഞാനും ഇലന്തൂർ കെ.ഐ. മാമ്മച്ചനും കൂടി മേക്കൊഴൂർ കളീയ്ക്കൽ എത്തി ശമുവേലും തോമസും തമ്മിലുള്ള കുടുംബ വഴക്ക് തീർക്കാൻ ശ്രമിച്ചു. അവർ രണ്ടുപേരും അവരവരുടെ വാദ ഗതികളും തീരേണ്ട രീതിയും പറഞ്ഞു. അത് രേഖപ്പെടുത്തികൊണ്ടു പോന്നു. മത്തായിച്ചനും ശമുവേലും തോമസുമായി സമ്പർക്കം പുലർത്തി.

**3.** വൈകിട്ടു കളീയ്ക്കൽ കുഞ്ഞുതോമ്മാ വന്ന് തന്റെ അഭിപ്രായവും മറ്റും പറഞ്ഞ് തീരാനുള്ള മാർഗ്ഗങ്ങളും പറഞ്ഞു.

**4.** വയലത്തല 8 മണിക്കെത്തി, അവിടെനിന്നും പള്ളത്ത് എൻജിനീയർ ജെ.എം.ജെ.യുടെ വീട്ടിൽ 12 മണിക്കെത്തി. അവിടെ മോനികുട്ടി യുടെ ഭർത്താവ് തോമ്മാച്ചൻ ഉണ്ടായിരുന്നു. ഊണുകഴിഞ്ഞ് മോനിയും, തോമ്മാച്ചനും ഞാനുംകൂടി കടപ്ളാമറ്റത്ത് പോയി. 4 മണിയോടു എത്തി. കുഞ്ഞുമോളെ (പരേതനായ കുഴിയംമണ്ണിൽ കോശി അച്ചന്റെ മകൾ) അവർക്ക് ഇഷ്ടമായി. വ്യവസ്ഥകൾ അവർ സമ്മതിച്ചു. അടുത്തുതന്നെ നിശ്ചയവും മറ്റും നടത്താം എന്നുപറഞ്ഞു.





www.malankaralibrary.com

മറ്റു കാര്യങ്ങളും പറഞ്ഞ് ഞങ്ങൾ 5.30-ന് തിരിച്ചുപോന്നു. ഞാൻ ചങ്ങനാശ്ശേരിയിൽ 8 മണിയോടുകൂടി മാപ്പിളസാറിന്റെ വീട്ടിലെത്തി ഉറങ്ങി.

**8.** ഇന്നു സ്കൂൾ ഡേയ്ക്ക് സംബന്ധിച്ചു. റാന്നി കോളേജ് പ്രിൻസിപ്പാൾ അദ്ധ്യക്ഷത വഹിച്ചു. രാത്രി 'ലോറ നീ എവിടെ' എന്ന നാടകം നടത്തി. 12 അച്ചന്മാർ വന്നുകണ്ടു. ധാരാളം ആളുകളും.

**12.** അരമനയിൽ തിരുമേനിയുടെ തിരുനാളിന്റെ സമൂഹബലിയിൽ കൂടി. ഭക്ഷണവും പൊതുയോഗവും കഴിഞ്ഞ് മടങ്ങിപോന്നു.

**14.** 9 മണിയോടു തിരിച്ചു വയലത്തല മാടത്ത് (കുഴിയംമണ്ണിൽ) വീട്ടിൽ 11 മണിക്കെത്തി. ഊണുകഴിഞ്ഞു 12 മണിക്ക് കല്യാണപാർട്ടി 4 കാറിൽ തിരിച്ചു 3.30-ന് കടപ്ളാമറ്റം പള്ളിയിൽ എത്തി. എന്റെ നേതൃത്വത്തിൽ വിവാഹകൂദാശ നടത്തി. പിന്നീടു കുർബാന കഴിഞ്ഞ് വരന്റെ വീട്ടിലെത്തി ടീപാർട്ടി കഴിഞ്ഞ് 6 മണിക്ക് മടങ്ങി പോന്നു. 9 മണിക്ക് വീട്ടിലെത്തി.

**19.** ഉച്ചകഴിഞ്ഞ് കിഴവള്ളൂർ ബി.ഡി.സി. മീറ്റിംഗിന് പോയി. 6 മണി കഴിഞ്ഞ് മടങ്ങിപോന്നു.

**21.** മേക്കൊഴൂർ വാളങ്ങാട്ടുകാരുടെ കേസു ശമുവേൽ പറയുന്നതു പോലെ അവിടെയുള്ള ഒരു കമ്മറ്റിയുടെ ആലോചന കേട്ടു തീരു മാനിക്കുന്നതിനാൽ അങ്ങനെ സാധിക്കയില്ലെന്ന് ഞാൻ ശ്രീ. കെ. റ്റി. ഏബ്രഹാമിനെ വ്യക്തമായി അറിയിച്ചു. അങ്ങനെ നിർബന്ധ മാണെങ്കിൽ ഞങ്ങൾ അതിൽ ഉൾപ്പെടുന്നില്ല എന്നറിയിച്ചു.

**28.** വാളങ്ങാട്ടെ തോമസ് വന്ന് അവരുടെ കേസുകാര്യം പറഞ്ഞു. ശമു വേലിന്റെ നില അനുകൂലമല്ലാത്തതിനാൽ കമ്മറ്റി അതിൽ നിന്നും മാറുകയാണ്.

**30.** ഇന്നു സംഘം കമ്മറ്റി 5 മണിക്ക് കൂടാൻ നോട്ടീസുണ്ടായിരുന്നു. ഞാൻ അവിടെപോയി, മറ്റുള്ളവരും വന്നു. സെക്രട്ടറി പള്ളിയിൽ മീറ്റിംഗിന് പോയതുകൊണ്ടു 6 മണി കഴിഞ്ഞാണ് വന്നത്. ഞാൻ കുറെ ദേഷ്യപ്പെട്ടു. 9-ന് മീറ്റിംഗ് തീർന്നു.

**ഫെബ്രുവരി 5.** രാവിലെ ഇലന്തൂർക്ക് പോയി ഞങ്ങൾ 7 അച്ചന്മാർ കൊച്ചുപ്ലാംമൂട്ടിൽ തോമസച്ചന്റെ ഒരാണ്ട് ഓർമ്മയ്ക്ക് കുർബാന ചൊല്ലി. കബറിങ്കലും വീട്ടിലും പോയി ധൂപപ്രാർത്ഥന നടത്തി. മടങ്ങിവന്നപ്പോൾ മുതുവയിൽ കൂടിയുള്ള റോഡു പുതുക്കിവെട്ടി ശരിപ്പെടുത്തിയതായി കണ്ടു. കരുവഞ്ചേരിക്കാർ പോലീസിനെ വരുത്തിയതായി അറിഞ്ഞു.



www.malankaralibrary.com

**6.** ഞാൻ കാറിൽ അടൂരിൽ എത്തി ശ്രീ. പി.റ്റി. മത്തായി വക്കീലിനെ കണ്ടു ആർ.ഡി.ഒ.യെ കണ്ടു അപേക്ഷകൊടുത്തു. മഹസർ തയ്യാറാക്കാൻ ഓർഡർ വാങ്ങി മടങ്ങിപോന്നു. കാറുകൂലിയും വക്കീലിന് കൊടുത്തതും മറ്റുമായി 40 രൂപയായി. വൈകിട്ടു കുഞ്ഞുപിള്ളയെ പത്തനംതിട്ടപോയി എസ്.ഐ.യെ കണ്ടു ആർ.ഡി.ഒ.-യുടെ ഓർഡർ കൊണ്ടുപോയി കൊടുക്കാനയച്ചു, അയാൾക്ക് 10 രൂപ കൊടുത്തു. എസ്.ഐ. അവിടില്ലാതിരുന്നതിനാൽ ഹെഡ്കോൺസ്റ്റബിളിനെ ഓർഡർ ഏല്പിച്ച്, അപേക്ഷയും കൊടുത്തു. നാളെ വരാമെന്ന് പറഞ്ഞു.

**7.** 9 മണിക്ക് തങ്കപ്പൻ നായരുടെ കാറിൽ ഞാനും കൂടി കൊല്ലത്തിന് പോയി. നന്നുക്കാട്ടു സ്കറിയായും കുഞ്ഞൂഞ്ഞും കൂടി പത്തനംതിട്ട നിന്നും കയറി. അവർ 3 പേരും സത്യസായിബാവയുടെ ഭജന കൊല്ലത്തുള്ളതിന് പോയതാണ്. അവിടെ ഒരു ഹോമിയോ ഡോക്ടറുടെ വീട്ടിൽ അവർ കയറി. എന്നെ കാറിൽ വക്കീലിന്റെ വീട്ടിൽ വിട്ടു. വക്കീലുമായി 30 മിനിട്ടോളം കേസിന്റെ കാര്യം സംസാരിച്ചു. കൊല്ലത്തു നിന്നും ഊണുകഴിച്ചു ഞാൻ പോന്നു. എസ്.ഐ. പറഞ്ഞതുപോലെ മഹസർ തയ്യാറാക്കാൻ ആളെ വിട്ടില്ല.

**8.** കുർബാന കഴിഞ്ഞ് വന്നപ്പോൾ റോഡിന്റെ സൈഡിൽ കരിങ്കല്ലു ഇറക്കുന്നതായി കണ്ടു. പത്തനംതിട്ട പോയി എസ്.ഐ.യെ കണ്ടു കാര്യം പറഞ്ഞു. മറ്റു അത്യാവശ്യമുള്ള കാര്യങ്ങൾ ഉള്ളതുകൊണ്ടു ഇന്ന് അങ്ങോട്ടു അയക്കാൻ സാധിക്കയില്ല, മഹസർ തയ്യാറാക്കി കൊള്ളും എന്ന് വ്യാജമായി പറഞ്ഞു. ഞാൻ കുമ്പഴ പൊന്നച്ചനോടു (തഹസീൽദാർ) കാര്യം പറഞ്ഞു. പൊന്നച്ചൽ എസ്.ഐ. യോടു പറഞ്ഞപ്പോൾ അനുകൂലമല്ലാതായി പറഞ്ഞു.

**9.** തങ്കപ്പൻ നായർ തന്ന ശ്രീ സത്യസായിബാവയുടെ 'സത്യം, ശിവം, സുന്ദരം' എന്ന പുസ്തകം വായിച്ചുകൊണ്ടിരുന്നു. പുസ്തകത്തിലെ ഉള്ളടക്കം എനിക്ക് വളരെ ഹൃദ്യമായി തോന്നി. തങ്കപ്പൻ നായരുമായി കുറെ സമയം ഇതു സംബന്ധിച്ചു സംസാരിച്ചു.

**10.** സി.എസ്.(തങ്കപ്പൻ നായർ) വന്ന് കണ്ടു കുറെ സമയം ബാവയെപ്പറ്റി പല വൃത്താന്തങ്ങളും എന്നോടുപറഞ്ഞ്, സ്കറിയാ, കുഞ്ഞൂഞ്ഞ്, കൊല്ലം ഹോമിയോ ഡോക്ടർ ഇവരുടെ മനസ്സുതിരിവും മറ്റും വിശദീകരിച്ചു. അവരവർ വിശ്വസിച്ചിരിക്കുന്ന മതത്തിലും ദൈവത്തിലും വിശ്വസിച്ചാൽ മതി എന്ന അഭിപ്രായമാണ് ബാവയ്ക്കുള്ളത്. സി.എസ്.ന്റെ അനുഭവങ്ങളും പറഞ്ഞു. രണ്ടുതരം ഭസ്മങ്ങൾ തന്നു,





www.malankaralibrary.com

ഒന്ന് രോഗശമനത്തിനുള്ളതും മറ്റേത് രക്ഷാകരവും എന്നുപറഞ്ഞു. പിന്നീട് പത്തനംതിട്ട പോയി വക്കീൽ ജോർജിനെ കണ്ടു, ഒന്നിച്ചു പോലീസ് സ്റ്റേഷനിൽ പൊയി എച്ച്.സി. യെ കണ്ടു, നാളെ 9 മണിക്ക് മൈലപ്രാ റോഡിന്റെ മഹസർ തയ്യാറാക്കാൻ വരണമെന്ന് പറഞ്ഞ് വക്കീൽ 15 രൂപ കൊടുത്തു. ഞാൻ മടങ്ങിപോന്നു.

**11.** രാവിലെ റോഡ് അടയ്ക്കാൻ എതിർകക്ഷികൾ വേലക്കാരെ നിറുത്തി. ഞാനുടനെ പത്തനംതിട്ട പോയി വക്കീലുമായി എച്ച്.സി.യെ കണ്ടു വിവരം പറഞ്ഞു. ഉടനെ വന്നേക്കാം എന്നുപറഞ്ഞു. ഞാൻ തിരിച്ചു പോന്നു. പോലീസ് ഒരു ജീപ്പിൽ വന്ന് മഹസർ തയ്യാറാക്കുകയാണെന്നറിഞ്ഞു. എതിർകക്ഷിയോടു സൗഹാർദമായിട്ടാണ് പെരുമാറുന്നത്. റോഡുകെട്ടി അടയ്ക്കാൻ റോഡിൽ വാനംവെട്ടി. അതിനെ തടയാൻ ഞാൻ എച്ച്.സി.യോടു പറഞ്ഞു. അവർ അടച്ചാലും തുറന്നുതരാം എന്നയാൾ പറഞ്ഞു. പാപ്പി, ജോൺ, കുഞ്ഞച്ചൻ എന്നിവരെ അറസ്റ്റു ചെയ്തു വണ്ടിയിൽ കയറാൻ നിർബന്ധിച്ചു. ഞാനും വരുകയാണെന്ന് പറഞ്ഞ് സ്കറിയായുടെ വണ്ടിയിൽ കയറി പോയി. പത്തനംതിട്ട സ്റ്റേഷനിൽ എത്തി, ഞാൻ ജാമ്യം നിൽക്കാം ഇവരെ വിടണമെന്ന് പറഞ്ഞു. സ്കറിയാ പറഞ്ഞു ആകെ 10 പോലീസുകാർക്കും കൂടി 150 രൂപാ കൊടുത്താൽ ജാമ്യം തരാമെന്ന്. ഞാൻ വക്കീലിനെ വരുത്തി ഒടുവിൽ 140 രൂപാ ഞാനും ബാബുവും കൂടി കൊടുത്ത് അവരെ കൊണ്ടുപോന്നു.

**12.** എതിർകക്ഷികൾ റോഡു ഇന്നലെ രാത്രികൊണ്ടു കെട്ടിഅടച്ചു. ഇന്ന് കച്ചേരി ഇല്ലാത്തതുകൊണ്ടു മഹസറിന്റെ പകർപ്പ് കിട്ടിയില്ല. കച്ചേരിയും ഓഫീസുകളും അടച്ചിരുന്നതുകൊണ്ടു റോഡ് കെട്ടി അടച്ചതിന് മേൽനടപടി എടുക്കാൻ കഴിഞ്ഞില്ല.

**19.** പത്തനംതിട്ട പോയി ജോർജ് വക്കീലിനോടുകൂടി അടൂർക്ക് പോയി ആർ.ഡി.ഒ.യെ കണ്ടു. മതിൽകെട്ടു സ്റ്റേ ചെയ്യാൻ ഓർഡർ വാങ്ങി, കാറിൽ തന്നെവന്ന് സ്റ്റേഷനിലെത്തി എച്ച്.സി.യെ ഏല്പിച്ചു. അയാൾ വളരെ പണം കിട്ടിയാൽ മാത്രമേ നടത്തുകയുള്ളൂവെന്ന് വക്കീലിനോടു പറഞ്ഞു. എന്നോടു ആലോചിച്ചു, ഞാൻ വക്കീലിന് ഫീസായി 15 രൂപാ കൊടുത്തിട്ടു മടങ്ങിപോന്നു.

**20.** ഇന്നു 2 മണിക്ക് മതിൽകെട്ടുനിറുത്തി എന്ന് ചിലർ വന്നുപറഞ്ഞു. ഞാൻ വൈകിട്ടു പള്ളിയിലേക്ക് പോയപ്പോൾ പണി നിറുത്തിയിരിക്കുന്നതായി കണ്ടു. രാത്രിയിൽ ലൈറ്റുവച്ചു വേല ചെയ്യാൻ ശ്രമിക്കുന്നതായും പോലീസിൽ അറിയിക്കണമെന്നും ചിലർ വന്നുപറഞ്ഞു.



www.malankaralibrary.com

അതുകൊണ്ട് ഗുണമില്ലെന്നറിയാവുന്നതുകൊണ്ടുവേണ്ട എന്ന് ഞാൻ അവരോടുപറഞ്ഞു.

**21.** ഉച്ചയോടുകൂടി ഞാനും കുര്യച്ചനുംകൂടി എം.എം. സ്കറിയായുടെ വീടുകൂദാശ നടത്തി. 1 മണിക്ക് വീട്ടിലെത്തി വിശ്രമിച്ചു. 4 മണിക്ക് സ്കൂളിൽ എത്തി അവിടെ കക്കൂസും മൂത്രപ്പുരയും മറ്റും കെട്ടുന്നത് കണ്ടു. കുര്യച്ചനും വന്നു. അപ്പോൾ ഒരു വിവരം അറിഞ്ഞു. കൊച്ചുവിളയിൽ പെണ്ണമ്മ താമസിക്കുന്നിടത്ത് അവളുടെ ഭർത്താവ് ബേബി വന്ന് അവളെ ഉപദ്രവിച്ചു. ഉടനെ അവൾ എന്തോ എടുത്ത് അവന്റെ തലയിലടിച്ചു, തലപൊട്ടി കിടക്കുന്നു എന്ന്. കുറെകാലമായി അവന്റെ ഉപദ്രവം കൊണ്ടു പെണ്ണമ്മ പിണങ്ങിമാറി ഇവിടെ വന്ന് താമസിച്ചുവരുകയായിരുന്നു. അവന്റെ പേരിൽ കേസുകളുമുണ്ട്.

**23.** പത്തനംതിട്ട പോയി പണിക്കരച്ചനെ കണ്ടു. ഡൊമിനിക്കച്ചനോടുകൂടി മൈലപ്രാ പള്ളിയിൽ 10 മണിക്കെത്തി. വൈദീകമീറ്റിംഗിൽ സംബന്ധിച്ചു. പലകാര്യങ്ങളെകുറിച്ചു ചർച്ച ചെയ്തു. തിരുമേനിയുടെ പല പ്രവർത്തനങ്ങളെകുറിച്ചും പരാമർശിച്ചായിരുന്നു ചർച്ച. 50 അച്ചന്മാരുണ്ടായിരുന്നു. ഉച്ചയൂണുകഴിഞ്ഞ് വീണ്ടും കൂടി, പോയിന്റുകൾ ചർച്ച ചെയ്ത് ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. കുര്യച്ചന്റെ അദ്ധ്യക്ഷതയിലാണ് യോഗം കൂടിയത്.

**24.** പത്തനംതിട്ട പോയി ബാങ്കിൽ യൂണിയൻ മീറ്റിംഗ് കൂടി. കോഴഞ്ചേരി സംഘത്തിന്റെ നടപടി സംബന്ധിച്ചു ആലോചിച്ചു. രണ്ടുകൂട്ടരും വന്നിരുന്നു. അസി. രജിസ്ട്രാരും ഇൻസ്പെക്ടറും ഉണ്ടായിരുന്നു. അടുത്തുതന്നെ ബാങ്കിന്റെ ശരിയായ നടപടിക്ക് വേണ്ടത് ചെയ്യണമെന്ന് നിശ്ചയിച്ചു. ഊണുകഴിഞ്ഞ് വീണ്ടും കൂടി, യൂണിയൻ ഓഫീസിൽ മാർച്ചു 1-നു തിങ്കളാഴ്ച 2 മണിക്ക് ബാങ്കിന്റെ രണ്ടുഭാഗം കമ്മറ്റി മെമ്പറന്മാരും യൂണിയൻകാരും കൂടി ആലോചിച്ചു വഴക്കുംമറ്റും അവസാനിപ്പിക്കുവാൻ വേണ്ടത് ചെയ്യണമെന്ന് നിശ്ചയിച്ചു. 4 മണിക്ക് ഞാൻ പോന്നു. ഇന്ന് 3 മണിക്ക് ആർ.ഡി.ഒ. മൈലപ്രാ വഴി പ്രശ്നം സംബന്ധിച്ചുവന്നു. കണ്ടുപോയതായി അറിഞ്ഞു.

**മാർച്ച് 1.** ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി യൂണിയൻ കമ്മറ്റി കൂടി. കോഴഞ്ചേരി സർവീസ് ബാങ്കിന്റെ മുൻ കമ്മറ്റിയും നിലവിലുള്ള കമ്മറ്റിയും കൂടി ഒരു സമ്മേളനം നടത്തി. പുതിയ കമ്മറ്റിക്കാർ 5 പേർ അവശതയുള്ളവർ ആകയാൽ തുടരുവാൻ നിർവാഹമില്ല. ബാങ്കിനു കിട്ടാനുള്ള തുക ഈടാക്കുന്നതിന് വേണ്ട സത്വരനടപടി



www.malankaralibrary.com

സ്വീകരിക്കാനും പുതിയ ഒരു ഗവേണിഗ് ബോർഡിനെ തെരഞ്ഞെടുക്കുന്നതിനും വേണ്ടത് ചെയ്യണമെന്നും യൂണിയൻ ശിപാർശ ചെയ്യാൻ നിശ്ചയിച്ചു. 5 മണിക്ക് തിരിച്ചുപോന്നു. റമ്പാച്ചനെ കണ്ടു വാളങ്ങാട്ടു കാര്യം പറഞ്ഞു. റമ്പാച്ചന്റെ പള്ളിയുടെ തെക്കുവശത്തു കൂടിയുള്ള റോഡിൽ കലുങ്കുകെട്ടുന്നതിനുള്ള തടസ്സം മാറ്റി തരാമെന്ന് റമ്പാച്ചൻ പറഞ്ഞു.

**9.** ഇന്ന് പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പാണ്. ഐക്യജനാധിപത്യ സ്ഥാനാർത്ഥി ഭാർഗവിയും എതിരായി ആദിച്ചനുമാണ് മത്സരിക്കുന്നത്. ഐക്യകക്ഷിക്ക് വോട്ടുചെയ്തു.

**10.** പള്ളിയിൽ 10 മണിക്കെത്തി മാസാന്ത്യ ധ്യാനത്തിൽ സംബന്ധിച്ചു. പലകാര്യങ്ങളും ആലോചിച്ചു. ഭക്ഷണവും മറ്റുംകഴിഞ്ഞ് മടങ്ങിപോന്നു.

**13.** ഇന്ന് സി.എം.റ്റി., സെയിൽസുമാന് അരി എടുക്കാൻ 600 രൂപക്ക് ചെക്കു കൊടുക്കണമെന്ന് പറഞ്ഞു ചെക്കുബുക്കുമായി വന്നു. ഞാൻ സമ്മതിച്ചില്ല. തോമസ് പോയി വീണ്ടും മടങ്ങിവന്ന് രൂപാ വേണം അരി എടുത്തെങ്കിലേ ഒക്കൂ എന്ന്പറഞ്ഞു. അരി ഉള്ളതായാണ് അറിവു, ഉള്ള അരി വിറ്റിട്ടു കൊടുത്താൽ മതി എന്നു ഞാൻ പറഞ്ഞു. തോമസ് നിർബന്ധിച്ചതുകൊണ്ടു, 600 രൂപയ്ക്ക് ചെക്ക് കൊടുത്തു. വൈകിട്ടു കമ്മറ്റി കൂടി. കട പരിശോധിച്ചപ്പോൾ കാണേണ്ട സ്റ്റോക്ക് അവിടെ ഇല്ലായിരുന്നു. കള്ളം കാണിച്ചതിനും ചതിച്ചതിനും മറ്റും കുഞ്ഞുപിള്ളയെ മാറ്റാൻ നിശ്ചയിച്ചു. ക്ലാർക്ക് തല്ക്കാലത്തേക്ക് കടനടത്താനും, ചതിവിനും മറ്റും നടപടി സെയിൽസുമാന്റെ പേരിൽ നടത്താനും നിശ്ചയിച്ചു.

**15.** പാളയത്ത് ജോയിയുടെ വീട്ടിൽ നിന്നും അരമനയിലെത്തി കുർബാന ചൊല്ലി. 9 മണിക്ക് പള്ളിയിൽ പോയി പട്ടംകൊട ശുശ്രൂഷയിൽ സംബന്ധിച്ചു. 2 മണികഴിഞ്ഞ് കൗൺസിൽ കൂടി പല കാര്യങ്ങളും തിരുമേനിയോടു ചോദിച്ചു. ഇ.എസ്. ജോണച്ചൻ ചില കാര്യങ്ങൾ പറഞ്ഞു. മണവാളനച്ചന്റെ കാര്യം ഞാൻ എടുത്തു ചോദിച്ചു. 24 വർഷമായുള്ള അച്ചന്റെ ജീവിതം നോക്കാതെയും രക്ഷിക്കാതെയും ഈ ചെറിയ കാര്യത്തിൽ ഇത്ര ഗൗരവം എന്തിന്? കുറെനേരം പറഞ്ഞ് പലകാര്യങ്ങളും തീരുമാനിച്ചു. ഇന്നത്തെ കൗൺസിൽ പലകാര്യങ്ങൾക്കും ഊർജിതമായിരുന്നു. ജോണച്ചന് ഇടവക കൊടുക്കാം എന്നും പണിക്കരച്ചനെ (ഫാ. തോമസ്) അമേരിക്കയ്ക്ക് അയയ്ക്കാം എന്നും സമ്മതിച്ചു.



www.malankaralibrary.com

**16.** തിരുമേനി എറണാകുളത്തിന് പോയി. ജോണച്ചനെ തമലം എന്ന സ്ഥലത്ത് ആക്കാൻ തീരുമാനിച്ചതായി പറഞ്ഞു. ഏതായാലും ഇന്നലത്തെ ഇടപെടലാണ് ഇത്രവേഗം തീരുമാനമായത്. ഊണു കഴിഞ്ഞ് 2.30-ന് മടങ്ങിപോന്നു.

**24.** റോഡുകേസു സംബന്ധിച്ചു തോമസും കുഞ്ഞുപിള്ളയും ഗോപാലൻ വക്കീലിനും, ഞാനും മറ്റുള്ളവരും പിലിപ്പ് വക്കീലിനും ജോർജ് വക്കീലിനും വക്കാലത്ത് കൊടുത്തു.

**25.** രാവിലെ പത്തനംതിട്ട പോയി, ഉണ്ണികൃഷ്ണൻ നായരേയും കൂട്ടി കൊല്ലത്തിന് പോയി. അവിടെ ഡെപ്യൂട്ടി രജിസ്ട്രാർ ഇല്ലായിരുന്നു. ഉദ്യോഗസ്ഥരെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞു. ഊണുകഴിഞ്ഞ് ഞാൻ തിരുവനന്തപുരത്തിന് പോയി. 3 മണിക്ക് സെക്രട്ടറിയേറ്റി ലെത്തി മന്ത്രിയെ കാണാൻ ശ്രമിച്ചു. മന്ത്രി ഇല്ലായിരുന്നു. പി.എ.യെ കണ്ടു അപേക്ഷ ഏല്പിച്ചു. രജിസ്ട്രാരെയും മറ്റും കണ്ടു വിവരം പറഞ്ഞു. 8 മണിക്ക് അരമനയിലെത്തി താമസിച്ചു.

**26.** അരമനയിൽ ചൊല്ലി. മഠത്തിൽ പോയി സിസ്റ്ററിനെ കണ്ട് വിവരങ്ങൾ അറിഞ്ഞു. മദറുമായി സ്കൂളിനടുത്തുള്ള സ്ഥലത്തെപ്പറ്റി ആലോചിച്ചു. മടങ്ങിപോന്ന് അഞ്ചലിലെത്തി ഫിലിപ്പച്ചനുമായി സംസാരിച്ചു. അവിടെനിന്നും 4.30-ന് പോന്നു.

**ഏപ്രിൽ 1.** വൈകിട്ടു 10-ാം സ്റ്റാൻഡേർഡു കുട്ടികളുടെ സോഷ്യലിൽ സംബന്ധിച്ചു പ്രസംഗിച്ചു. കാപ്പിയിലും ഫോട്ടോയിലും പങ്കുചേർന്നു.

**2.** പത്തനംതിട്ട പോയി അസി. രജിസ്ട്രാരെ കണ്ടു വിവരങ്ങൾ അറിഞ്ഞു. വൈകിട്ടു സ്കൂളിലെത്തി മൂന്നു ക്ലാസുകാരുടെ സോഷ്യ ലിലും ഫോട്ടോ എടുപ്പിലും മറ്റും പങ്കെടുത്ത് പ്രസംഗിച്ചു.

**3.** വൈകിട്ടു അട്ടച്ചാക്കൽ നിന്നും വന്ന ബ്രദർ തോമസിന്റെ കൂടെ കോന്നിത്താഴത്ത് പള്ളിയിലെത്തി സന്ധ്യാനമസ്കാരം നടത്തി അവിടെ താമസിച്ചു.

**4.** രാവിലെ 8 മണിക്ക് ഓശാനയുടെ ശുശ്രൂഷയും കുർബാനയും മറ്റും തുടങ്ങി 10.45-ന് തീർന്നു. 11.30-ന് വീട്ടിലെത്തി വിശ്രമിച്ചു.

**5.** കുർബാന കഴിഞ്ഞ് പുന്തല പാപ്പനോടുകൂടി തിരുവനന്തപുരത്തിന് പോയി. 11 മണിക്ക് അരമനയിലെത്തി. പ്രാർത്ഥനയും ഊണും കഴിഞ്ഞ് തിരുമേനിയോടു പാപ്പന്റെ കാര്യം പറഞ്ഞു. എം.കെ.കെ. നായരെ കണ്ടു പറയുകയോ എഴുത്തു തരുകയോ ചെയ്യാം എന്നു പറഞ്ഞു. പാപ്പൻ തിരിച്ചുപോയി. ഞാൻ ജോയിയുടെ വീട്ടിൽ പോയി താമസിച്ചു.



www.malankaralibrary.com

**7.** 3 മണിക്ക് കോന്നിക്ക് പോയി പള്ളി ബംഗ്ലാവിൽ താമസിച്ചു. സന്ധ്യാ നമസ്കാരവും കുമ്പസാരവും നടത്തി. 8 മണിക്ക് തീർന്നു.

**8.** രാവിലെ 7 മണിക്ക് പ്രാർത്ഥനയും പെസഹാകുർബാനയും തുടങ്ങി. 10 മണിക്ക് എല്ലാം തീർന്നു. ധാരാളം പേർ വി. കുർബാന കൈകൊണ്ടു. അവിടെതന്നെ താമസിച്ചു.

**9.** ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷ രാവിലെ തുടങ്ങി 3 മണിക്ക് തീർന്നു. ഞാൻ വകയാറ്റു ഉതളകുഴിയിൽ എത്തി ഉണ്ണൂണ്ണിച്ചന്റെ മൂത്തമകൻ ജോലിസംബന്ധമായ മുണ്ടക്കയത്തുവച്ച് മരിച്ചു, ശരീരം കൊണ്ടുവന്നു, കണ്ടു. ഞാനും മറ്റും കൂടി സംസ്കാര ശുശ്രൂഷ നടത്തി അടക്കി. യാക്കോബായ അച്ചന്മാരും വന്നിരുന്നു. അതു കഴിഞ്ഞ് കോന്നിപള്ളിയിലെത്തി പ്രാർത്ഥന നടത്തി താമസിച്ചു.

**10.** രാവിലെ കുർബാന ചൊല്ലി, വൈകിട്ടു സന്ധ്യാപ്രാർത്ഥനയും നടത്തി.

**11.** വെളുപ്പിന് 2 മണിക്ക് എഴുന്നേറ്റു, ഉയർപ്പിന്റെ പ്രാർത്ഥന, ശുശ്രൂഷ, കുർബാനയെല്ലാം നടത്തി. രാവിലെ 5.30-ന് തീർന്നു. അവർ 25 രൂപ തന്നു. ഞാൻ 6 മണികഴിഞ്ഞ് ബസിൽ പോന്നു, വീട്ടിലെത്തി വിശ്രമിച്ചു. സന്ധ്യയ്ക്ക് സംഘം മീറ്റിംഗ് കൂടി. സെയിൽസുമാൻ കുഞ്ഞുപിള്ളയുടെ പേരിൽ ഉടനെ കേസ് എടുക്കാൻ ഏർപ്പാടു ചെയ്തു. മറ്റു പല തീരുമാനങ്ങളും എടുത്തു. ഒരു മാസത്തെ റേഷൻ ആദായം തിട്ടപ്പെടുത്തി 16-ാം തീയതി കമ്മറ്റി കൂടി നഷ്ടം ആണെങ്കിൽ കടനിറുത്തണമെന്ന് തീരുമാനിച്ചു.

**13.** ഉച്ചകഴിഞ്ഞ് കോന്നി ഡി.എഫ്.ഒ.യെ പോയികണ്ടു എഗ്രിമെന്റു ഒപ്പിട്ടുകൊടുത്തു.

**14.** ഇന്ന് റോഡുകേസായിരുന്നു. കക്ഷികൾ വക്കീലിനെ ഏർപ്പാടു ചെയ്ത് ജാമ്യം എടുത്തു.

**15.** ചെങ്ങന്നൂർ പള്ളിയിൽ 10 മണിക്കെത്തി. പലരും വന്നു. നിലയ്ക്കൽ നഷ്ടപ്പെട്ട പള്ളിയുടെ പുനരുത്ഥാനം സംബന്ധിച്ചു, എന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആലോചിച്ചു ചില തീരുമാനങ്ങൾ എടുത്തു. ഞാൻ പ്രസിഡന്റായി ഒരു അഡ്ഹോക്ക് കമ്മറ്റിയെ നിശ്ചയിച്ചു, ചെറിയ സംഭാവനകൾ സ്വീകരിച്ചു. ഞാൻ 5 രൂപ കൊടുത്തു. വിളയിൽ അച്ചനെ ട്രഷററാക്കി. 4 മണിക്ക് പിരിഞ്ഞുപോന്നു.

**16.** മൈലപ്രാസംഘം തെന്മല എടുത്ത കൂപ്പിന്റെ ഉടമ്പടി വയ്ക്കാനായി തെന്മല ഡി.എഫ്.ഒ. ഓഫീസിൽ ഞാനും, സെക്രട്ടറിയും ഭാസ്കരൻ നായരും കൂടിപൊയി. 11 മണികഴിഞ്ഞ് എല്ലാം ചെയ്ത് തീർത്തു മടങ്ങിപോന്നു. 5 മണിക്ക് സംഘം കമ്മറ്റി കൂടി അത്യാവശ്യമുള്ള



www.malankaralibrary.com

പല തീരുമാനങ്ങളും എടുത്തു. കട മാറ്റാനും, സെയിൽസുമാന്റെ പേർക്കുള്ള കേസ് 20-ാം തീയതി കൊടുക്കാനും നിശ്ചയിച്ചു.

**17.** കണ്ണംമണ്ണിൽ പോയി ജോർജും കുഞ്ഞുമത്തായിയും തമ്മിലുള്ള അതിരുവഴക്ക് പറഞ്ഞുതീർത്തു. അതിരിട്ടു കൊടുത്തു. അനന്തരം തെക്കേവീട്ടിൽ തോമ്മാച്ചന്റെ വീട്ടിലെത്തി സുഖമില്ലാതെ ഇരിക്കുന്ന തോമസിന്റെ ഭാര്യയെകണ്ടു പ്രാർത്ഥന നടത്തി. അവറാച്ചന്റെ വീട്ടിൽ കയറി അവരുടെ കാര്യങ്ങൾ അറിഞ്ഞ് മടങ്ങിപോന്നു.

**18.** ഉച്ചകഴിഞ്ഞ് ചെങ്ങന്നൂർ പള്ളി ബംഗ്ലാവിലെത്തി. നിലയ്ക്കൽ പള്ളി കമ്മറ്റിക്കാർ വന്നു, എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് തുടങ്ങി. പലതും ആലോചിച്ചു. അടുത്ത മീറ്റിംഗ് കോട്ടയത്തുവച്ചു നടത്താൻ തീരുമാനിച്ചു. 4 മണികഴിഞ്ഞ് പോന്നു.

**20.** രാവിലെ 6.30-ന് കുർബാന ചൊല്ലാൻ എത്തിയപ്പോൾ തെക്കേടത്ത് ഏബ്രഹാം അച്ചനെ കണ്ടു. അച്ചൻ പറഞ്ഞു ഹൈസ്കൂൾ എച്ച്.എം. ശ്രീ. പി.റ്റി. ജേക്കബ് സാർ ഹൃദയസ്തംഭനംകൊണ്ട് മരിച്ചുഎന്ന്. മരിച്ചസാറിനു കൂടി കുർബാന ചൊല്ലി. അതുകഴിഞ്ഞ് അനേകർ വന്നു, കാര്യങ്ങൾ ആലോചിച്ചു ചില ഏർപ്പാടുകൾ ചെയ്തു. 2.30-ന് ഞാനും ഭാര്യയും, കുഞ്ഞുമോനും, റോസമ്മയും, വർക്കിയും കൂടി കാറിൽ തുമ്പമൺ പോയി വീട്ടിലെത്തി. ഞാൻ പ്രാർത്ഥന നടത്തിയിട്ടു, നല്ല സുഖമില്ലായിരുന്നതിനാൽ പറഞ്ഞിട്ടു പോന്നു. അവിടെ താമസിച്ചില്ല.

**29.** കാക്കുവൈദ്യൻ ഇന്നു വെളുപ്പിന് 2 മണിക്ക് മരിച്ചു എന്ന് ചിലർ വന്നുപറഞ്ഞു.

**30.** കുമ്പഴ നിന്നും പൊന്നച്ചനും മറ്റും വന്ന ജീപ്പിൽ ഞാനും കൂടി കയറി ചീങ്കൽ തടത്തിൽ പോയി കാക്കുവൈദ്യന്റെ മൃതശരീരം കണ്ടു. പ്രാർത്ഥന നടത്തി മടങ്ങിപോന്നു. 8.30-ന് കാറിൽ കുര്യച്ചനും മറ്റു അദ്ധ്യാപകരും തുമ്പമൺ പള്ളിയിൽ എത്തി. ഞാനും അവരുടെ കൂടെ എത്തി. 10 മണിക്ക് ഞാനും കുര്യച്ചനും കൂടി കുർബാനചൊല്ലി. കുഴിയ്ക്കരികെ ധൂപപ്രാർത്ഥന നടത്തി. വീട്ടിൽ പോയി പ്രാർത്ഥിച്ചു മടങ്ങിപോന്നു.

**മെയ് 1.** കുമ്പഴ വടക്ക് റമ്പാച്ചന്റെ പള്ളിയുടെ കൂദാശക്ക് ക്ഷണിച്ചതനുസരിച്ചു ഞാനും പോയി. കാതോലിക്കാബാവായും മറ്റും വന്ന്, ദീർഘമായ പള്ളി കൂദാശയും, കുർബാനയും കുരിശടികൂദാശയും കഴിഞ്ഞ് 11.50-ന് മടങ്ങിപോന്നു.



www.malankaralibrary.com

**3.** വിളക്കുവട്ടത്ത് മേരികുട്ടിയുടെ വീട്ടിൽ നിന്നും പള്ളിയിൽ പോയി കുർബാന ചൊല്ലിയിട്ടു വീട്ടിൽ തിരിച്ചുചെന്ന് കാപ്പികുടിച്ചു. അതു കഴിഞ്ഞ് ട്രാൻസുപോർട്ടു ഓഫീസിലെത്തി, 22-12-1970-ൽ ബസിൽ വച്ചു നഷ്ടപ്പെട്ട എന്റെ ബാഗും സാധനങ്ങളും വാങ്ങി മടങ്ങിപോന്നു. 1 മണിക്ക് വിട്ടീലെത്തി.

**7.** ഓർത്തഡോക്സ് പള്ളിയിൽ, നിയോഗിക്കപ്പെട്ട കാതോലിക്കാ ബാവാ എത്തിയിട്ടുണ്ടെന്നറിഞ്ഞ്, അദ്ദേഹത്തെ കാണാൻ ഞാൻ പോയി. അദ്ദേഹത്തെകണ്ടു നശിച്ചുപോയ നിലയ്ക്കൽ പള്ളി സംബന്ധിച്ചു ഒരു മണിക്കൂർ സംസാരിച്ചു. വേണ്ട സഹായം ചെയ്യാം എന്നുപറഞ്ഞു. ഞാൻ മടങ്ങിപോന്നു.

**12.** ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി സംഘം അസി. രജിസ്ട്രാർ ഓഫീസിൽ കയറി. അസി. രജിസ്ട്രാർ തമ്പിയുമായി വീട്ടിൽ പോയി മൈലപ്രാ വൈദ്യശാല കേസു സംബന്ധിച്ചു ആലോചിച്ചു. 5.30 വരെ പലതും സംസാരിച്ചു.

**14.** 8 മണിയോടുകൂടി ഇല്ലിരിക്കൽ ഡേവിഡ് അച്ചൻ വന്നു, കാപ്പി കഴിഞ്ഞ് സംസാരിച്ചിരുന്നു. 10 മണിയോട് അച്ചൻ പോയി. ഞാൻ പത്തനംതിട്ട അസി. രജിസ്ട്രാർ ഓഫീസിൽ കയറി. ഉണ്ണികൃഷ്ണൻ നായരെ കാണാൻ ഞാനും രജിസ്ട്രാർ തമ്പിയും കൂടി പോയി. പിന്നീടു ഞങ്ങൾ കോഴഞ്ചേരിയിൽ പോയി മുതലാളിയെ കണ്ടു. 2 മണിയോടു കൂടി യൂണിയൻ പ്രസിഡന്റ് കെ.എസ്സ്. മത്തായിയുമായി മടങ്ങിപോന്നു. അവർ പന്തളത്തിന് പോയി, ഞാൻ വീട്ടിലേക്കും.

**18.** അതിരാവിലെ പോയി ചൊല്ലി. 6 മണിക്ക് ഞാനും കുര്യച്ചനും കൂടി കുമ്പഴ ആശ്രമത്തിലെത്തി തിരുമേനിയെ കണ്ടു. അവിടെ നിന്നും കാറുമലക്ക് ഞങ്ങൾ ഒരുമിച്ച് പോയി. തിരുമേനി പള്ളികൂദാശ നടത്തി കുർബാന ചൊല്ലി കാപ്പികഴിഞ്ഞ് തിരുവല്ലായ്ക്ക് തിരുമേനിയോടുകൂടി പോയി. ഞാനെഴുതിയ 'പൂർവ്വനിധി' എന്ന ലേഖനം തിരുമേനി വായിച്ചു. നന്നായിരിക്കുന്നു എന്ന് പറഞ്ഞു. എറണാകുളത്തിന് പോകാൻ വണ്ടി കിട്ടാഞ്ഞിട്ടു മടങ്ങിപോന്നു.

**19.** ചാമക്കാല മത്തായിക്കുവേണ്ടി മൂന്നിൻമേൽ കുർബാനചൊല്ലി. വീട്ടിലെത്തി. പൂർവ്വനിധി എന്ന നിലയ്ക്കൽ പള്ളിയെ സംബന്ധിച്ച ലേഖനം സൂസിയകൊണ്ടു എഴുതിച്ചു മനോരമയ്ക്ക് അയച്ചുകൊടുത്തു.

**20.** കുഴിയംമണ്ണിലെ ഏലിയാമ്മവന്ന് കുഴിയംമണ്ണിലച്ചന്റെ കുഴിമാടത്തിൽ നിന്നും അവശിഷ്ടം എടുത്ത് പുതിയ പള്ളിയിൽ അടക്കാൻ



www.malankaralibrary.com

തിരുമേനിയുടെ അനുവാദം വാങ്ങണമെന്ന് പറഞ്ഞു. അതു ചെയ്യാമെന്ന് ഞാൻ പറഞ്ഞു.

**22.** ഉച്ചകഴിഞ്ഞ് പത്തനംതിട്ട പോയി മാത്തൻ തരകൻ സാറിന്റെ വീട്ടിലെത്തി കുറനേരം സംസാരിച്ചിരുന്നു. 4 മണികഴിഞ്ഞ് ക്രിസ്ത്യൻ മെഡിക്കൽ ഹോസ്പിറ്റലിന്റെ ഉദ്ഘാടനമീറ്റിംഗിന് പോയി. സദസിലിരുന്ന എന്നെ വേദിയിൽ വിളിച്ചിരുത്തി. പത്മഭൂഷൻ കെ.എം. ചെറിയാൻ ഉദ്ഘാടനം നടത്തി. അത്യാനി ജോസ് അദ്ധ്യക്ഷനായിരുന്നു.

**24.** പാളയം പള്ളിയിൽ ചൊല്ലി. അരമനയിൽ എത്തി പലകാര്യങ്ങളിൽ ഇടപെട്ടു. തിരുമേനിയുമായി പലകാര്യങ്ങൾ പറഞ്ഞു. മണ്ണാരകുളഞ്ഞിയിലെ ജോസഫ് അച്ചനെപ്പറ്റിയുള്ള പരാതികൾ തിരുമേനി എന്നെ കാണിച്ചു, വേണ്ട അന്വേഷണം നടത്താൻ പറഞ്ഞു. തിരുമേനി ഒരു കല്ലിടീൽ കർമ്മത്തിനുപോയി. ഞാൻ ഒരു ദീർഘ കത്തെഴുതി തിരുമേനിയെ ഏല്പിക്കുവാൻ കൊടുത്തു. 5.30–ന് ഞാനും അലക്സാണ്ടർ പനംകുന്നേൽ അച്ചനുംകൂടി രാജനെ പോയി കണ്ടിട്ടു വന്ന്, ഞാൻ പാളയത്ത് ജോയിയുടെ വീട്ടിലെത്തി കിടന്നു.

**29.** രാവിലെ ഞാനും കുര്യച്ചനും കൂടി ഒരു കാറിൽ കടമ്മനിട്ട പള്ളിയിൽ പോയി മൂന്നിന്മേൽ കുർബാന ചൊല്ലി. അടിയന്തിരത്തിന് ആ വീട്ടിൽ പോയി ധൂപപ്രാർത്ഥനയും നടത്തി. ഞാൻ ചെറുമഴയോടുകൂടി മലവഴി നടന്ന് വീട്ടിലെത്തി.

**31.** ഉച്ചകഴിഞ്ഞ് 3 മണിക്ക് കിഴവള്ളൂർ ബ്ലോക്കിലെത്തി. 3.30–ന് എന്റെ അദ്ധ്യക്ഷതയിൽ ബി.ഡി.സി. കൂടി പലകാര്യങ്ങളും തീരുമാനിച്ചു. 5.30–കഴിഞ്ഞ് നടന്ന് കുമ്പഴ വടക്കുവരെ എത്തിയപ്പോൾ ഒരുകാറു കിട്ടി, അതിൽ വീട്ടിലെത്തി. 10 മണികഴിഞ്ഞ് സംഘം വക 14,324 രൂപ മത്തായിയും ഉണ്ണൂണ്ണിയും കൂടികൊണ്ടുവന്നുതന്നു സൂക്ഷിക്കാൻ.

**ജൂൺ 5.** തോമസ് എസ്.ബി.യിൽ നിന്നും 5000 രൂപ എടുത്തുകൊണ്ടുവന്നുതന്നു. സംഘംവക ലോൺ അപേക്ഷകർക്ക് കൊടുത്തുകൊണ്ടിരുന്നു.

**6.** പരസ്യകുർബാന കഴിഞ്ഞ്വന്ന് അയൽക്കാരൻ നായരുടെ കൊണ്ടൂർ പുത്തൻവീട്ടിൽ പോയി പ്രവേശനത്തിന്റെ കാപ്പികുടിച്ചു.

**7.** ഇന്ന് പലർക്കും സംഘം വക ലോൺ കൊടുത്തു. കണ്ണംമണ്ണിൽ ജോർജ് എന്നോടു കടംവാങ്ങിയ 125 രൂപയുടെ 67–ലെ ഒറ്റി ആധാരം



www.malankaralibrary.com

തിരിച്ചുകൊടുത്തു. അവൻ 25 രൂപാ മാത്രമേ തന്നുള്ളൂ. അവന്റെ പ്രയാസം മനസ്സിലാക്കി ബാക്കിയുള്ളത് വിട്ടുകൊടുത്തു.

**8.** രാവിലെ തിരുവനന്തപുരത്തിന് തിരിച്ചു 11 മണിക്ക് അരമനയിലെത്തി. പ്രാർത്ഥനയും ഊണും കഴിഞ്ഞ് തിരുമേനിയുമായി സംസാരിച്ചു. ജോസഫ് അച്ചന്റേയും പൊൻമേലിലച്ചന്റേയും കാര്യം എന്നോടു ചോദിച്ചു. എനിക്ക് അറിയാവുന്നത് പറഞ്ഞു. അട്ടച്ചാക്കൽ വച്ചു കെട്ടിടത്തിന്റെ മേൽകൂര പണിയിച്ചുകൊണ്ടുപോയതായി അറിഞ്ഞു. രാത്രി 8 മണിക്ക് അച്ചന്മാരുടെ പ്രാരംഭമീറ്റിംഗ് നടന്നു.

**9.** അരമനയിൽ ചൊല്ലിയിട്ടു പാളയത്ത് ജോയിയുടെ വീട്ടിലെത്തി. കാപ്പികഴിഞ്ഞ് കുമ്പഴ ചിട്ടിക്ക് ഒരു ചെക്കുവാങ്ങി അരമനയിൽ തിരിച്ചെത്തി. 9 മണിക്ക് ഓഡിറ്റോറിയത്തിൽ മീറ്റിംഗ് തുടങ്ങി. നൂറോളം അച്ചന്മാരുണ്ടായിരുന്നു. കുറെ കഴിഞ്ഞ് നടുവേദനയായി രുന്നതിനാൽ അരമനയിലെത്തി വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് വീണ്ടും കൂടിയപ്പോൾ പ്രാരംഭ മായി ഞാൻ മൈലപ്രാമീറ്റിംഗ് കൂടാനുള്ള സാഹചര്യം മുതലായത് 15 മിനിട്ടു നേരം പ്രസ്താവിച്ചു. മറ്റു പലരും സംസാരിച്ചു. ഏതായാലും സൗഹാർദപരമായ അന്തരീക്ഷം വന്നു. തിരുമേനിയും അച്ചന്മാരുമായി കൂടുതൽ അടുത്തും ആത്മാർത്ഥമായും ഇടപെട്ടു പല കാര്യങ്ങളും മീറ്റിംഗിൽ വച്ചുതന്നെ അനുവദിച്ചതായി പറഞ്ഞു. ശുഭപര്യാവസാനമായിരുന്നു മീറ്റിംഗ്. അതുകഴിഞ്ഞ് വടക്കോട്ടുള്ള അച്ചന്മാർക്ക് അരമനയിൽ നിന്ന് ബസ് തയ്യാറാക്കി തന്നു. ഞാൻ അടൂരിൽ ഇറങ്ങിപോന്നു. 9.45-ന് വീട്ടിലെത്തി.

**20.** ചെങ്ങന്നൂരിൽ 12 മണിക്കെത്തി മാർത്തോമ്മാ കമ്മറ്റി മീറ്റിംഗ് (നിലയ്ക്കൽ പള്ളി സംബന്ധിച്ചു) കൂടി. ആലോചനകൾക്കുശേഷം 23-ന് കാഞ്ഞിരപ്പള്ളിയിൽ കൂടി ആലോചിക്കാൻ നിശ്ചയിച്ചുപിരിഞ്ഞു. 7 മണിക്ക് വിട്ടിലെത്തി.

**23.** രാവിലെ കാഞ്ഞിരപ്പള്ളിക്ക് പോയി, 10 മണിക്ക് വാഴൂർ സെന്റ് പോൾസ് എച്ച്.എസ്.ൽ എത്തി ഹെഡ്മാസ്റ്റർ ജോർജ്ജുകുട്ടിയെ കണ്ടു. അവിടെ നിന്നും സഹപാഠിയായിരുന്ന കെ.കെ. ജോസഫിന്റെ വീട്ടിൽ പോയി. ഊണു കഴിഞ്ഞു 1 മണിക്ക് തിരിച്ചു കാഞ്ഞിരപ്പള്ളി ആശുപത്രി പടിക്കൽ ഇറങ്ങി ജോർജ്ജുകുട്ടിയോടൊപ്പം ശ്രീ. കെ.റ്റി. മൈക്കളിന്റെ വീട്ടിലെത്തി നിലയ്ക്കൽ കാര്യം സംസാരിച്ചു. കാപ്പി കഴിഞ്ഞ് പള്ളിയിൽ ഞങ്ങൾ എത്തി. മറ്റുപലരും വന്നു. നിലയ്ക്കൽ കാര്യം സംബന്ധിച്ചു പലതും ആലോചിച്ചു തീരുമാനിച്ചു. അവിടെ നിന്നും തേക്കടി ബസിൽ കയറി ചങ്ങനാശ്ശേരിയിൽ മാപ്പിളസാറിന്റെ വീട്ടിലെത്തി താമസിച്ചു.



www.malankaralibrary.com

**25.** പന്തളത്തുനിന്നും രണ്ടു അച്ചന്മാർ കാറിൽവന്നു. ഞാനും കൂടെ തിരുവനന്തപുരത്തിന് പോയി 11 മണിയോടു ജോയിയുടെ വീട്ടിലെത്തി. ജോയിയും അവരും കൂടി ആൾ സെയ്ന്റ്സ് കോളേജിൽ പോയി ആനന്ദവല്ലിയെ കണ്ടു അഡ്മിഷൻ സംബന്ധിച്ചു ആലോചിച്ചു. അവരുടെ കൂടെ ആനന്ദവും വീട്ടിൽ എത്തി ഊണുകഴിച്ചു. ഞങ്ങൾ അരമനയിലെത്തി, അവിടെനിന്ന് 4 മണിക്ക് തിരിച്ചുപോന്നു. നല്ല മഴയും വെള്ളപൊക്കവും ആയിരുന്നു. മാക്കാംകുന്നേൽ എത്തി ഞാൻ അവിടെ ഇറങ്ങി ബാവുവിന്റെ വീട്ടിലെത്തി ഉറങ്ങി.

**28.** പത്തനംതിട്ട പോയി ഫിലിപ്പ് വക്കീലിന്റെ ഓഫീസിലെത്തി റോഡു കേസു രാജിയാക്കുന്നതിനെപ്പറ്റി ആലോചിച്ചു. നക്കൽ രാജിഹർജി എഴുതി അന്യോന്യം കൊടുത്തു. കുറെ തർക്കം വന്നതിനാൽ മാറ്റി വച്ചു. 4 മണികഴിഞ്ഞ് കുര്യച്ചനുമായി ആലോചിച്ചു നാളെ അരമനയിൽ പോകാൻ തീരുമാനിച്ചു.

**29.** രാവിലെ കുർബാന കഴിഞ്ഞ് പള്ളിയിൽനിന്നും കാപ്പികുടിച്ചിട്ടു കുര്യച്ചനും ഞാനും പത്തനംതിട്ട എത്തി. അവിടെനിന്നും തിരുവനന്തപുരത്തിന് തിരിച്ചു 11 മണികഴിഞ്ഞു ക്ലർജി ഹൗസിലെത്തി ഇഞ്ചക്കലോടി അച്ചനെ കണ്ടു സംസാരിച്ച്, നിലയ്ക്കൽ പള്ളി ലേഖനം ഞായല്ലൂരച്ചനെ ഏല്പിക്കാൻ അദ്ദേഹത്തിന്റെ പക്കൽ കൊടുത്തു. അരമനയിലെത്തി കുര്യച്ചനും ഞാനും കൂടി തിരുമേനിയെ കണ്ടു മൈലപ്രാ ശവക്കോട്ടയ്ക്ക ടുത്തുള്ള വസ്തുവാങ്ങുന്ന കാര്യം ആലോചിച്ചു. അരമനയ്ക്ക് മൈലപ്രാ പള്ളിയിൽ നിന്നും 5 വർഷത്തിനകം 5000 രൂപ തരാം, ഇപ്പോൾ തിരുമേനി 5000 രൂപാ തരണമെന്നു പറഞ്ഞു. സിസ്റ്റേഴ്സിനെ കണ്ടു അവർക്കുവേണ്ടി അത് വാങ്ങിച്ചിട്ട് പിന്നീടു ആ തുക തിരുമേനി കൊടുക്കാമെന്ന് പറഞ്ഞു. ഞാൻ ജോയിയെ പോയി കണ്ടിട്ടു, അരമനയിലെത്തി ഉറങ്ങി.

**30.** അതിരാവിലെ എഴുന്നേറ്റു മൂഴിയാർ ബസിനുപോന്നു, 9 മണിക്ക് വീട്ടിലെത്തി. ഞാൻ പള്ളിയിലെത്തി കുർബാന ചൊല്ലി. കുര്യച്ചനും മദറും 2 സിസ്റ്റേഴ്സും ഉണ്ടായിരുന്നു. കാപ്പികുടിച്ചിട്ടു സ്കൂൾ സ്ഥലം കണ്ടു. ഈഴവന്റെ വസ്തുവും കണ്ടു. പ്രഭയുമായി വസ്തുവിന് വില പറഞ്ഞു. 10,000 രൂപ കൊടുക്കാം ആധാരചെലവു അവർ വഹിക്കണമെന്ന് ഞാൻ പറഞ്ഞു. അത് സമ്മതമല്ലെന്ന് പറഞ്ഞു. 10,000 രൂപയും ചെലവിന്റെ പകുതിയും വഹിക്കാമെന്ന് സമ്മതിച്ചു. സിസ്റ്റേഴ്സിന്റെ അഭിപ്രായം അറിഞ്ഞില്ല. അവർ പെരുനാട്ടിനു



www.malankaralibrary.com

പോയി. കോട്ടയം സഹകരണസംഘം തമ്പാൻസാറും, നമ്പ്യാദിരിയും പ്രസിഡന്റും സെക്രട്ടറിയും വന്നു. 2962 രൂപക്കുള്ള ചെക്ക് കടമായി അവർക്ക് കൊടുത്തു.

**ജൂലൈ 3.** രാവിലെ കുർബാന കഴിഞ്ഞ് ചെങ്ങന്നൂർക്ക് പോയി സെന്റ് തോമസ് ഹാളിലെത്തി. കാഞ്ഞിരപ്പള്ളിക്കാരും മറ്റാളുകളും എല്ലാം എത്തി. 11 മണികഴിഞ്ഞ് എന്റെ അദ്ധ്യക്ഷതയിൽ നിലയ്ക്കൽ പള്ളി സംബന്ധിച്ചു മീറ്റിംഗ് തുടങ്ങി. ഞാൻ നിലയ്ക്കൽ പള്ളി സംബന്ധിച്ചു തയ്യാറാക്കിയ പ്രബന്ധം വായിച്ചു വേണ്ട ആലോചനകൾ നടത്തി. 2.30-ന് മീറ്റിംഗ് കഴിഞ്ഞ് ഏവരും പിരിഞ്ഞു. ഞാൻ 4.30-ന് വീട്ടിലെത്തി.

**4.** വൈകിട്ടു പ്രഭയെ വരുത്തി പുളിനിൽക്കുന്നതിൽ വസ്തുവിന് സെന്റിന് 225 രൂപ വച്ചു കൊടുക്കാമെന്ന് ഞാൻ പറഞ്ഞു. അതിന് 250 രൂപ വച്ചുകൊടുത്താൽ ആധാരചെലവിന്റെ പകുതി വക വയ്ക്കാം എന്ന് പ്രഭ പറഞ്ഞു, പോയി.

**ജൂലൈ 9-16.** ക്ഷീരബല 21 ആവർത്തിച്ച എണ്ണ സേവിച്ചുതുടങ്ങി.

**17.** ഉച്ചകഴിഞ്ഞ് 2 മണിക്ക് പത്തനംതിട്ട ആർ.ഡി.ഒ.യുടെ കത്തനുസരിച്ചു ഫാമിലി പ്ലാനിംഗ് മീറ്റിംഗിനുപോയി. എം.റ്റി. ഹൈസ്കൂളിൽ കളക്ടരുടെ അദ്ധ്യക്ഷതയിൽ 4 മണിക്ക് മീറ്റിംഗ് തുടങ്ങി. കളക്ടരുടെ ആഹ്വാനം കഴിഞ്ഞ് ഞാൻപോന്നു, മുഖത്തലയ്ക്ക് പോയി. 7 മണിക്ക് അവിടെ എത്തി.

**18.** മുഖത്തല ചാപ്പലിൽ ചൊല്ലി. കൊല്ലത്തിന് പോയി വക്കീലിനെ കണ്ടു, കേസുനോക്കി പഠിച്ചു. ഇതുവരെ 250 രൂപ കിട്ടി. ഇനി ബാക്കി 650 രൂപ കൂടി കൊടുക്കണമെന്നുപറഞ്ഞു.

**19-25.** രണ്ടു കണ്ണിനും അസുഖമായതിനാൽ മരുന്ന് ഒഴിച്ചു വിശ്രമിച്ചു. രണ്ടുദിവസം എങ്ങുംപോയില്ല. പിന്നെ വൈകിട്ടു പള്ളിയിൽപോയി കുർബാനചൊല്ലി.

**27.** കുർബാനകഴിഞ്ഞ് ഭരണങ്ങാനത്തിന് പോയി. 11.30-ന് അവിടെ എത്തി. 4.30-ന് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചരമജൂബിലി മീറ്റിംഗ് നടത്തി. 7 മണിക്ക് തീർന്നു. ഞാൻ പള്ളി ബംഗ്ലാവിൽ താമസിച്ചു.

**28.** രാവിലെ എഴുന്നേറ്റു ഒരുങ്ങി. 7 മണിക്ക് തിരുമേനിയുടെ നേതൃത്വത്തിൽ ഞാനും തൈകൂട്ടത്തിൽ ശമുവേലച്ചനും കൂടിചേർന്ന് സഹകരണ കുർബാന അർപ്പിച്ചു. 8.45-ന് തീർന്നു. 9 മണിക്ക് മറ്റു മെത്രാൻമാർ



www.malankaralibrary.com

കൂടി സഹകരണകുർബാന നടത്തി. ഞാൻ 11 മണിക്ക് കുര്യച്ചന്റെ വീട്ടിൽ എത്തി ഊണു കഴിച്ചു മടങ്ങിപോന്നു, 4-ന് വീട്ടിലെത്തി.

**30.** ഉച്ചകഴിഞ്ഞ് റമ്പാച്ചനും, ഞാനും, കുര്യച്ചനും കൂടി മാക്കാംകുന്നേൽ പള്ളിയിലെത്തി കുഴിയിൽ ജോർജ്ജുകുട്ടിയുടെ സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. 5 മണിക്ക് മടങ്ങിപോന്നു.

**ആഗസ്റ്റ് 1.** രാവിലെ കോട്ടയത്തിന് തിരിച്ചു. 11.25-ന് അവിടെ എത്തി. നിലയ്ക്കൽ പള്ളി സംബന്ധിച്ചു വന്നവരുമായി ആലോചിച്ചു. ഊണുകഴിഞ്ഞ് വൈ.എം.സി.എ. യിൽ എത്തി പൊതുയോഗം കൂടി. നിലയ്ക്കൽ പള്ളികണ്ടുപിടിക്കുന്ന കാര്യവും മറ്റും ആലോചിച്ചു നിശ്ചയിച്ചു. 4 മണിക്ക് മടങ്ങിപോന്നു.

**2.** തിരുമേനിയും കുരുവിള അച്ചനും മറ്റും പള്ളിയിൽ 9 മണികഴിഞ്ഞ് എത്തി. പലപള്ളി പ്രതിനിധികളും വന്നു. വരുമാനം സംബന്ധിച്ചു തിരുമേനി ദീർഘമായി പ്രസംഗിച്ചു. 1 മണിക്ക് പിരിഞ്ഞു, ഊണു കഴിഞ്ഞ് വിശ്രമിച്ചു. തിരുമേനിയോടുകൂടി മേലേതിൽ അച്ചന്റെ അപ്പന്റെ രോഗാവസ്ഥ പോയി കണ്ടു. അവിടെനിന്നും അച്ചനെ കാണാൻ പോയി.

**4.** പത്തനംതിട്ട പോയി രജിസ്ട്രാർ തങ്കപ്പനെ കണ്ടു. കോഴഞ്ചേരി മീറ്റിംഗ് ശനിയാഴ്ചത്തേക്ക് മാറ്റി എന്നുപറഞ്ഞു. 2.30-ന് യൂണിയൻ മീറ്റിംഗ് നടന്നു. പലതും ആലോചിച്ചു പിരിഞ്ഞു.

**5.** തിരുവനന്തപുരത്തിന് തിരിച്ചു 11 മണിക്ക് അരമനയിലെത്തി. പ്രാർത്ഥനയും ഊണുംകഴിഞ്ഞ് തിരുമേനിയുമായി നിലയ്ക്കൽ കാര്യം സംസാരിച്ചു. ട്യൂബർ ക്രോപ്സ് ഗവേഷകർ തിരുമേനിയെ കാണാൻ വന്നു. ഞാൻ ഒന്നുരണ്ടു പേരെ വീട്ടിൽ പോയി കണ്ടിട്ടു പാളയത്ത് ജോയിയുടെ വീട്ടിലെത്തി. ചങ്ങനാശ്ശേരിയിലെ മറിയമ്മയും അവിടെ ഉണ്ടായിരുന്നു. ഞാനവിടെ കിടന്നു.

**6.** അരമനയിലെത്തി തിരുമേനിയെ കണ്ടു. വെള്ളിയാഴ്ച എം.എൽ.എ. മാരുടെ യോഗം നടത്താം, അവരുമായി ആലോചിക്കാം, അപ്പോൾ ഞാൻ കൂടി ചെല്ലണം എന്നുപറഞ്ഞു. മടങ്ങിപോന്നു.

**7.** പത്തനംതിട്ട പോയി രജിസ്ട്രാരെ കണ്ടു. അവിടെനിന്നും 10 മണിക്ക് കാറിൽ ചെന്നീർക്കര എത്തി ഉണ്ണികൃഷ്ണൻ നായർ, കുര്യൻ എന്നിവരോടുകൂടി കോഴഞ്ചേരി 136-ാം നമ്പർ സൊസൈറ്റി ബാങ്കിൽ എത്തി. മുതലാളിയും കെ.എസ്. മത്തായിയും ഉണ്ടായിരുന്നു. ഡെപ്യൂട്ടി രജിസ്ട്രാർ വിളിച്ചുകൂട്ടിയ യോഗത്തിൽ അവിടത്തെ പ്രോബ്ളം ഒരുവിധം സമാധാനത്തിൽ പറഞ്ഞുതീർത്ത് പിരിഞ്ഞു.



www.malankaralibrary.com

പത്തനംതിട്ട എത്തി, നല്ലസുഖം തോന്നാത്തതുകൊണ്ട് ക്രിസ്ത്യൻ മെഡിക്കൽ ഹോസ്പിറ്റലിൽ പരിശോധിപ്പിച്ചു ഇൻജക്ഷൻ എടുത്തു മരുന്നും വാങ്ങിപോന്നു.

**13.** ഇപ്പോഴും നല്ലസുഖമില്ല. കുമ്പഴ അച്ചന്റെ അപ്പൻ മരിച്ചതായി അറിഞ്ഞു. 1 മണിക്ക് അവിടെപോയി പ്രാർത്ഥന നടത്തി. അച്ചനെ കാണാൻ അവിടെനിന്നും അച്ചൻ താമസിക്കുന്നിടത്തുപോയി. 3 മണിക്ക് ഞാനും അച്ചനും കൂടി കാറിൽ പള്ളിയിലെത്തി വിശ്രമിച്ചു, കുറെകഴിഞ്ഞ് മൃതശരീരം കൊണ്ടുവന്നു. 4.30-ന് അടക്കംകഴിഞ്ഞ് മടങ്ങിപോന്നു.

**18.** അരമനയിൽ ചൊല്ലി. വൈകിട്ടു 7 മണിക്ക് ക്രിസ്ത്യൻ എം.എൽ.എ. മാരെ ക്ഷണിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി അജണ്ട തയ്യാറാക്കണ മെന്ന് രാവിലെ തിരുമേനി പറഞ്ഞു. ഞാൻ ചിലതെല്ലാം ചെയ്ത് ശരിയാക്കി. ചില ഇൻഡ്യൻ ഡലഗേറ്റ്സ് അരമനയിൽ 6 മണിക്ക് വന്നുപോയി. എം.എൽ.എ.-മാർ വന്നുതുടങ്ങി, 7 മണിക്ക് മീറ്റിംഗ് തുടങ്ങി. ഞാൻ 15 മിനിട്ടുനേരം നിലയ്ക്കൽ കാര്യവും ഇതുവരെ ചെയ്തതും പ്രസംഗിച്ചു. ഏവർക്കും തൃപ്തിയായി. എം.എൽ.എ. മാർ സെപ്റ്റംബർ 16-ന് നിലയ്ക്കൽ പോകാം എന്ന് നിശ്ചയിച്ചു. അതിനു വേണ്ട സഹായം കമ്മറ്റിക്കാർ ചെയ്യണമെന്നും പറഞ്ഞു.

**19.** വെളുപ്പിന് 5 മണിക്ക് ജോണച്ചന്റെ കാറിൽ ഞാനും കൂടി പോന്നു. 9 മണിക്ക് തോട്ടാലിൽ എത്തി വീടുകൂദാശ നടത്തി. ശമുവേലച്ചൻ (തൈകൂട്ടത്തിൽ) കുര്യച്ചൻ, ജോണച്ചൻ, തയ്യിലച്ചൻ ഇത്രയും പേരുണ്ടായിരുന്നു.

**20.** വൈദീകപ്രതിനിധിയുടെ കാര്യം സംബന്ധിച്ച് 10 അച്ചന്മാർക്ക് എഴുതി അയച്ചു.

**26.** കുമ്പഴ തൊമ്മിസാർ രാവിലെ ഹൃദ്രോഗം മൂലം മരിച്ചതായി വന്നു അറിയിച്ചു. ഞാൻ ഉടൻ തന്നെ കുമ്പഴയ്ക്ക് പോയി കണ്ടു. പ്രാർത്ഥിച്ച ശേഷം മടങ്ങിപോന്നു.

**27.** കുമ്പഴ തൊമ്മിസാറിന്റെ അടക്കത്തിന് പോയി. മൃതശരീരം പള്ളിയിൽ കൊണ്ടുപോയി. 10 മണിക്ക് മൂന്നിന്മേൽ കുർബാന ചൊല്ലി. 10.10-ന് തിരുമേനിവന്നു. കുർബാന കഴിഞ്ഞ് സംസ്കാര പ്രാർത്ഥന നടത്തി തിരുമേനി പ്രസംഗിച്ചു. 11.30-ന് അടക്കവും മറ്റും കഴിഞ്ഞു. ആശ്രമത്തിലെത്തി ഊണു കഴിച്ചു. 1.30 കഴിഞ്ഞ് പുനലൂർക്ക് പോയി ഡി.എഫ്.ഒ. ഓഫീസിലെത്തി കൂപ്പു സംബന്ധിച്ച എഗ്രിമെന്റിൽ ഒപ്പിട്ടുകൊടുത്തു. 6 മണിക്ക് മടങ്ങിയെത്തി.



www.malankaralibrary.com

**സെപ്റ്റംബർ 8.** രാവിലെ തിരിച്ചു കാഞ്ഞിരപ്പള്ളി ഇരുമ്പുപാലത്തിൽ ഇറങ്ങി പഴയപള്ളിയിലെത്തി. അവിടെ വികാരിയച്ചനെ കണ്ടു 11 മണിക്ക് പഴയപള്ളിയിൽ കുർബാനചൊല്ലി പ്രത്യേക പ്രാർത്ഥനകൾ നടത്തി. അച്ചനോടുകൂടി ഉച്ചഭക്ഷണം കഴിച്ചു. അവിടത്തുകാരും കൺവീനറും സെക്രട്ടറിയും ഉണ്ടായിരുന്നു. നിലയ്ക്കൽ സംബന്ധിച്ചു ഞങ്ങൾ പല കാര്യങ്ങൾ ആലോചിച്ചു, 26-ന് നിരണത്ത് പോയി വേണ്ടത് ആലോചിച്ചു നിശ്ചയിക്കാൻ തീരുമാനിച്ചു. മടങ്ങിപോന്നു.

**15.** അരമനയിൽ ചൊല്ലി. 10 മണിക്ക് അച്ചന്മാരുടെ മീറ്റിംഗ് നടന്നു. 1 മണിക്ക് പിരിഞ്ഞു. ഊണുകഴിഞ്ഞ് 1.30-ന് കൗൺസിൽ കൂടി. ജനപ്രതിനിധിയുമുണ്ടായിരുന്നു.

**26.** പരസ്യകുർബാന കഴിഞ്ഞ് 9 മണിക്ക് തിരുവല്ലായ്ക്ക് പോയി. അലക്സാണ്ടർ കാരക്കലിനെ അന്വേഷിച്ചു. കണ്ടില്ല. അരമനയിലെത്തി ഊണുകഴിഞ്ഞ് നിരണത്തിന് പോയി. 2 മണിക്ക് നിരണം സ്കൂളിലെത്തി. കുറെകഴിഞ്ഞ് കൺവീനർ, സെക്രട്ടറി, തുണ്ടിയിൽ കുഞ്ഞ് മുതലായി 10 പേർ വന്നു. വേണ്ട ആലോചനകൾ നടത്തി. ഞാനും കൺവീനർ ജോർജും വിവരണം ചെയ്തു പ്രസംഗിച്ചു. ഒക്ടോബർ 9-നു 10 മണിക്ക് പെരുന്നാടു ബഥനിയിൽ കൂടി ഭാവി പരിപാടികൾ ആലോചിക്കണമെന്ന് നിശ്ചയിച്ചു പിരിഞ്ഞു. 4.30-ന് മടങ്ങിപോന്നു.

**ഒക്ടോബർ 2.** ഉച്ചകഴിഞ്ഞ് ഉതിമൂട്ടിൽ മണപ്പുറത്ത് കുഞ്ഞൂഞ്ഞിന്റെ കുട്ടിയുടെ അസുഖം കാണാൻ പോയി, പ്രാർത്ഥന നടത്തിയിട്ടു പോന്നു.

**5.** രാവിലെ 8 മണികഴിഞ്ഞ് കുമ്പഴ പോയി. 9 മണിക്ക് ഞങ്ങൾ 13 അച്ചന്മാർ തൊമ്മിസാറിനുവേണ്ടി കുർബാന ചൊല്ലി. ഞാൻ 7 മിനിട്ടു നേരം അനുസ്മരണം നടത്തി. വീട്ടിലും പോയി പ്രാർത്ഥന നടത്തി, ഊണും കഴിഞ്ഞ് ഞങ്ങൾപോന്നു.

**9.** രാവിലെ 8.45-ന് പെരുനാടിന് പോയി. അവിടെ പാലത്തിങ്കൽ നിന്നും ജോയി അച്ചന്റെ വീട്ടിലെത്തി. അവിടെ പലരും ഉണ്ടായിരുന്നു. 11 മണിക്ക് കാപ്പികുടിച്ചശേഷം ആശ്രമത്തിലേക്ക് ജീപ്പിൽ തിരിച്ചു 12 മണിക്ക് അവിടെയെത്തി. മീറ്റിംഗ് തുടങ്ങി. കൺവീനർ സ്വാഗതം നടത്തി. ഞാൻ ഇതുവരെയുള്ള സമിതിയുടെ ചരിത്രം പ്രസംഗിച്ചു. പല ആലോചനകളും നടന്നു. പുതിയ രണ്ടു മൂന്നു അച്ചന്മാരെ



www.malankaralibrary.com

പരിചയപ്പെട്ടു. പമ്പാവാലി അച്ചൻ എന്റെ അഭിപ്രായം ആരാഞ്ഞു. ഞാൻ ചായൽ സ്ഥാനം കാണിച്ചു പ്ലാൻ വരച്ചുകൊടുത്തു. 3.30-ന് മീറ്റിംഗ് തീർന്നു. ഞങ്ങൾ ബസിൽ മടങ്ങി, 5.30-ന് എത്തി.

**13.** രാവിലെ മണ്ണാരകുളഞ്ഞിയിൽ എത്തി മണ്ണിൽ ജോർജ് സാറിന്റെ മരിച്ച മകൾക്കുവേണ്ടി കുർബാന ചൊല്ലി. വീട്ടിൽ പോയി ധൂപ പ്രാർത്ഥന തടത്തി. അവർ അയച്ചകാറിൽ പോന്നു.

**14.** കിഴക്കേതിലെ കല്യാണാലോചനയുമായി അച്ചന്മാരും മറ്റും 4 മണിക്ക് വന്നു. അവരോടുകൂടി ഞാനും പത്തനാപുരത്ത് പോയി. കാര്യങ്ങളെല്ലാം പറഞ്ഞ് മടങ്ങിപോന്നു.

**17.** രാവിലെ താഴത്തുവീട്ടിൽ ചാക്കോച്ചൻ അയച്ചകാറിൽ അവിടെ എത്തി. സണ്ണിയുടെ കല്യാണനിശ്ചയത്തിന് 10 മണിക്ക് ഞങ്ങൾ പിറവത്തിനു പോയി. 12 മണികഴിഞ്ഞ് അവിടെ എത്തി കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞു സമ്മതിച്ചു. മാക്കാംകുന്നേൽ വച്ചു കല്യാണം. 3 അച്ചന്മാരുണ്ടായിരുന്നു ഞങ്ങളുടെ കൂടെ. മടങ്ങിപോന്നു.

**22.** ബാങ്കു ഡെവലപ്പമെന്റ് കമ്മറ്റി 3 മണിക്ക് കൂടി, പലകാര്യങ്ങളും ആലോചിച്ചു, 5 മണികഴിഞ്ഞ് മാത്തൻതരകൻ സാറിന്റെ വീട്ടിലെത്തി, ഞാൻ എഴുതി ഏല്പിച്ച കവിത പരിശോധിച്ചോ എന്ന് ചോദിച്ചു. അത് നോക്കിയിട്ടു കണ്ടില്ല.

**23.** യൂണിയൻ കമ്മറ്റി 11 മണിക്കുകൂടി. പലതും ആലോചിച്ചു. സഹകരണ വാരത്തിന്റെ അവസാന സമ്മേളനം മൈലപ്രാ ഹൈസ്കൂളിൽ വച്ചു നടത്താൻ തീരുമാനിച്ചു. മടങ്ങിപോന്നു.

**24.** തോട്ടപ്പുഴശ്ശേരി പീലി കഴിഞ്ഞ ആണ്ടിൽ സംഘത്തിൽ നിന്നും കടം എടുത്ത 85 രൂപ തരാതെ, അത് കുടിശിഖയായിരിക്കുമ്പോൾ വേറെ കടം എടുക്കാൻ അപേക്ഷിച്ചത് സെക്രട്ടറി നിരസിച്ചു. കുടിശിഖ തീർത്തശേഷം പ്രമാണസഹിതം അപേക്ഷിക്കണമെന്ന് പറഞ്ഞത് സമ്മതിക്കാതെ എന്നോടു പരാതിപറഞ്ഞു. അന്വേഷിക്കട്ടെ എന്ന് പറഞ്ഞ്വിട്ടു.

**25.** സംഘം ഓഫീസിലെത്തി സെക്രട്ടറിയുമായി കടംവായ്പകൾ സംബന്ധിച്ചു ആലോചിച്ചു. അപ്പോൾ തോട്ടപ്പുഴശ്ശേരി പീലിവന്നു. കുടിശിഖ തീർക്കാതെ കടംവായ്പ വീണ്ടും തരാനൊക്കുകയില്ലെന്ന് പറഞ്ഞു. അയാൾ വളരെ അനാവശ്യങ്ങൾ പറഞ്ഞു. അയാൾ എന്റെ വീട്ടിൽ വന്ന് തൂങ്ങിമരിക്കുമെന്ന് ഭീഷണിപ്പെടുത്തി. ഒടുവിൽ കമ്മറ്റി കൂടി തീരുമാനിക്കട്ടെന്ന് പറഞ്ഞ് ഞാൻ പോന്നു.



www.malankaralibrary.com

26. ഞാൻ 10 മണിക്ക് സംഘം ഓഫീസിലെത്തി. പീലി അവിടെ ഉണ്ടായിരുന്നു. മര്യാദയായി സംസാരിച്ചു. അതു സംബന്ധിച്ചു തീരുമാനിക്കാൻ വെള്ളിയാഴ്ച കമ്മറ്റി വയ്ക്കാൻ പറഞ്ഞിട്ടു ഞാൻ പത്തനം തിട്ട പോയി. സംഘം ഇൻസ്പെക്ടറുടെ ഓഫീസിൽ കയറി സഹകരണവാരം സംബന്ധിച്ചു ഇൻസ്പെക്ടറുമായി ആലോചിച്ചു. ഉച്ചയ്ക്ക് മടങ്ങിയെത്തി.

**നവംബർ 3.** നിലയ്ക്കൽ പള്ളി സമതി സെക്രട്ടറിയുടെ കത്തുവന്നു ചായൽ പള്ളി തറ കണ്ടുപിടിച്ചു എന്ന് കാണിച്ചു. ഉച്ചകഴിഞ്ഞ് കവിയൂർക്ക് പോയി. പത്തനംതിട്ട നിന്നും ഫാ. ഏബ്രഹാം പമ്പാവാലിയും ഉണ്ടായിരുന്നു. പള്ളിയിൽ 5 മണിക്കെത്തി ആലോചന നടന്നു, പലതും നിശ്ചയിച്ചു.

**8.** കുമ്പഴ വഴി മലയാലപ്പുഴക്ക് പോയി. 11 മണിക്ക് സഹകരണവാരം സംബന്ധിച്ചു മീറ്റിംഗ് അസി. രജിസ്ട്രാർ തങ്കപ്പന്റെ അദ്ധ്യക്ഷതയിൽ കൂടി. 1 മണിക്കുതീർന്നു. മടങ്ങിപോന്നു.

**11.** പത്തനംതിട്ട നിന്നും അസി. രജിസ്ട്രാർ, ജോൺ, നമ്പൂതിരി, മുൻ മാനേജർ മുതലായവർ ജീപ്പിൽ വന്നു. ഞാനും കൂടി ജീപ്പിൽ കയറി തണ്ണിതോട്ടിൽ 11.50-ന് എത്തി. അവിടെ അച്ചന്റെ ബംഗ്ലാവിൽ ഞാനിറങ്ങി വിശ്രമിച്ചു. മറ്റുള്ളവർ മണ്ണീറയ്ക്ക് പോയി. ഊണു കഴിഞ്ഞ് 3 മണിക്ക് ജീപ്പിൽ ഞാൻ മീറ്റിംഗ് സ്ഥലത്തെത്തി. 4.30-ന് മീറ്റിംഗ് തുടങ്ങി അദ്ധ്യക്ഷപ്രസംഗം കഴിഞ്ഞ് ഞാൻ പ്രസംഗിച്ചു. 5.30-ന് അവിടെനിന്നും മടങ്ങി.

**13.** സഹകരണവാരാഘോഷ സെമിനാർ 10 മണിക്ക് മൈലപ്രാ സ്കൂളിൽ തുടങ്ങി. 100 പേർ ഹാജരായി. സെമിനാറിൽ ഞാൻ സ്വാഗതം പറഞ്ഞു. 3 മണിയോടുകൂടി മന്ത്രി ഡോ. അടിയോടിയെ സ്വീകരിക്കാൻ താലിപ്പൊലിയോടുകൂടി റോഡിൽ എത്തി ഞങ്ങൾ നിന്നു. ഞാൻ ബൊക്കെ കൊടുത്തു സ്വീകരിച്ച്, സ്കൂളിൽ കുറച്ചു സമയം ഇരുത്തി. പിന്നീടു മീറ്റിംഗ് നടക്കുന്ന മാർ ഈവാനിയോസ് ഹോളിൽ ഏവരും എത്തി. 7 പേർ മാല കൊടുത്തു. സംഘത്തിന്റെ വകയായി ഞാൻ കൊടുത്തു. മീറ്റിംഗ് 4.30-ന് കഴിഞ്ഞ്, അടിയോടി കാപ്പി കുടിച്ചിട്ടുപോയി.

**21.** വള്ളംകളത്ത് പള്ളിയിൽ 9 മണി കഴിഞ്ഞെത്തി അവിടത്തെ തമ്പി അച്ചനുമായി കാഞ്ഞിരപ്പള്ളി ആനക്കല്ലു പള്ളിയിലേക്ക് പോയി 5 മണിക്ക് അവിടെ എത്തി. അവിടെ നടന്ന മീറ്റിംഗ് കഴിഞ്ഞ് 7 മണിക്ക് നിലയ്ക്കൽ പള്ളിയുടെ സമ്മേളനം നടന്നു. ഞാൻ അതിൽ





www.malankaralibrary.com

വിവരമായി പ്രസംഗിച്ചു. സെക്രട്ടറിയും പ്രസംഗിച്ചു. അതുകഴിഞ്ഞ് ഞങ്ങൾ മടങ്ങി 9 മണിക്ക് കവിയൂർ തമ്പി അച്ചനോടുകൂടി കഴിഞ്ഞു.

**23.** രാവിലെ അരമനയിലെത്തി ചൊല്ലി. അവിടെ ഓരോന്നുചെയ്തു കഴിഞ്ഞു. 5 മണിക്ക് കോളേജിൽ പോയി പണിക്കരച്ചനെ കണ്ടു. പിന്നീടു പി.എഫ്. സ്ഥലം പോയി കണ്ടു. തൃപ്തിയായി. ജോയിയുടെ വീട്ടിൽ പോയി താമസിച്ചു.

**24.** അരമനയിലെത്തി ചൊല്ലി. തിരുമേനിയുടെ വരവിനെ സംബന്ധിച്ചു സംസാരിച്ചു. വൈകിട്ടു ജോണച്ചനോടു കൂടി ജോയിയുടെ വീട്ടിൽ പോയിട്ടു 7 മണിക്ക് അരമനയിലെത്തി.

**25.** അരമനയിൽ ചൊല്ലി. തിരുമേനി രാവിലെ പ്ലെയിനിൽ വരുമെന്ന് കേട്ടെങ്കിലും, സമയം മാറ്റിയതായി അറിഞ്ഞു. വൈകിട്ടു 7 മണിക്ക് എയർപോർട്ടിലെത്തി. ഞാനും കൂടിപോയി സ്വീകരിച്ചുകൊണ്ടുവന്നു. കുറെകഴിഞ്ഞ് ഞാൻ നിലയ്ക്കൽ കാര്യം പറഞ്ഞു. അടുത്ത ആഴ്ചയിൽ എം.എൽ.എ. മാരെ കൂടി കണ്ടിട്ടു വേണ്ടത് ചെയ്യാമെന്ന് പറഞ്ഞു. ഞാൻ വെളുപ്പിന് പോകുമെന്ന് യാത്രപറഞ്ഞ് പോയികിടന്നു.

**29.** രാവിലെ പുനലൂർ പള്ളിയിൽ ചൊല്ലി. കാപ്പികഴിഞ്ഞ് ഞാനും ജോഷുവാ അച്ചനുംകൂടി ഇടമൺ പോയി. 11 മണിക്ക് അവറാച്ചന്റെ മകളുടേയും ഉമ്മച്ചന്റെ മകന്റേയും കൂടിയുള്ള വിവാഹം നടത്തുന്നതിന് എന്നെ ചുമതലപ്പെടുത്തി. അച്ചൻ ആര്യങ്കാവിന് പോയി. വേറൊരു കല്യാണവും കൂടി ഉണ്ടായിരുന്നതും നടത്താൻ എന്നെ ചുമതലപ്പെടുത്തി. ജോസഫ് അച്ചനും (വടക്കേക്കൂറ്റ്) വന്നു. കല്യാണം കഴിഞ്ഞ് ഞങ്ങൾ വീട്ടിൽ പോയി ഊണ്കഴിഞ്ഞ്, 3 മണിക്ക് ഞാൻ മടങ്ങിപോന്നു.

**ഡിസംബർ 3.** തീകുറിഞ്ഞിയിൽ കുഞ്ഞൂഞ്ഞ് വന്ന് മരുമകൻ കുഞ്ഞുകുട്ടിക്ക് സാമ്പിയായിൽ പോകാൻ എം.ഐ. കോളേജിൽ നിന്നും ലീവ് കൊടുക്കുന്നതിനുവേണ്ടി ശിപാർശ ചെയ്യണമെന്ന് പറഞ്ഞു. ഉച്ചകഴിഞ്ഞ് പോകാമെന്ന് പറഞ്ഞു. ഞങ്ങൾ 1.30-ന് അരമനയിലെത്തി തിരുമേനിയെ കണ്ടു പറഞ്ഞു. പ്രിൻസിപ്പാളിനെ കണ്ട് പറയാൻ പറഞ്ഞു. അതനുസരിച്ചു ഞങ്ങൾ അച്ചന്റെ വസതിയിലെത്തി കണ്ടു കാര്യം പറഞ്ഞു. അച്ചൻ അനുകൂലമായിട്ടൊന്നും പറഞ്ഞില്ല. അരമനയിലെത്തി തിരുമേനിയെ കണ്ടു അനുകൂലമല്ല സ്ഥിതിയെന്ന് പറഞ്ഞു. അവിടെ താമസിച്ചു.

**4.** അരമനയിൽ ചൊല്ലി. കാപ്പികഴിഞ്ഞ് ജോയിയുടെ വീട്ടിൽ പോയി.



www.malankaralibrary.com

കുറെകഴിഞ്ഞ് അരമനയിലെത്തി. ഉച്ചകഴിഞ്ഞ് തിരിച്ചുപോന്നു, 5 മണിക്ക് വീട്ടിലെത്തി.

**9.** വൈകിട്ടു സംഘം കമ്മറ്റികൂടി കോന്നി മാർക്കെറ്റിംഗ് സംഘത്തിൽ 500 രൂപയുടെ ഷെയർ എടുക്കുന്നതിന് തീരുമാനിച്ചു.

**12.** ഉച്ചകഴിഞ്ഞ് വള്ളംകുളം പള്ളിയിലെത്തി തമ്പി അച്ചനെ കണ്ടു. ചായൽ പള്ളികാര്യം സംസാരിച്ചു. ജോർജ് പ്ലാപ്പറപടിക്കൽ അച്ചന്റെ മരണം സംബന്ധിച്ചു കൂടുതൽ അറിഞ്ഞു. മടങ്ങിപോന്നു.

**13.** ഏലിയാസ് അച്ചനും ഞാനും കൂടി അരമനയ്ക്ക് പോയി. 11 മണി കഴിഞ്ഞ് തിരുമേനിയെ കണ്ടു. അച്ചനേയും കുടുംബത്തേയും കത്തോലിക്കാസഭയിൽ ചേർക്കണമെന്ന് അച്ചൻ അപേക്ഷിച്ചു. തിരുമേനി ആലോചിച്ച് ചെയ്യാമെന്ന് പറഞ്ഞു. 2 മണിക്ക് നെടുമ ങ്ങാടു ജോർജിന്റെ ഭാര്യയുടെ അടക്കം സംബന്ധിച്ചു തിരുമേനി യോടു കൂടി ഞാനും പോയി. 4 മണിക്ക് അടക്കം കഴിഞ്ഞ് ഞങ്ങൾ പോന്നു. സി.എസ്.ഐ ഹാളിൽ വിവിധ സഭകളുടെ വകയായി കൂടിയ സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകൂട്ടത്തിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് ജോയിയുടെ വീട്ടിലെത്തി താമസിച്ചു.

**30.** രാവിലെ റാന്നിയിൽ പോയി കൊല്ലം സഹകരണബാങ്കിന്റെ ബ്രാഞ്ചു ഉദ്ഘാടനത്തിൽ സംബന്ധിച്ചു. കെ.എ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ മന്ത്രി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പലരും പ്രസംഗിച്ചു. 12 മണിക്ക് തീർന്നു. മടങ്ങിപോന്നു.

## 1972

**ജനുവരി 3.** പത്തനംതിട്ടയ്ക്ക് 4 മണിക്ക് പോയി. അവിടെനിന്നും മുഖത്തല പള്ളിയിലേക്ക് പോയി. കട്ബേർട്ടച്ചൻ അവിടില്ലായിരുന്നു.

**4.** രാവിലെ Shrine-ൽ ചൊല്ലി. കാപ്പികഴിഞ്ഞ് പെരുമ്പുഴയ്ക്ക് പോയി. ഇടയ്ക്കുവച്ചു ദാനിയേൽ അയ്യനേത്തച്ചനെ കണ്ടു. ആശുപത്രിയി ലെത്തി കട്ബേർട്ടച്ചനെ കണ്ടു. ദാനിയേലച്ചനോടും കൂടി അവിടെ കുറേസമയം കഴിഞ്ഞു. ഉച്ചക്ക് അവിടെ മഠത്തിൽ പോയി ഊണു കഴിച്ചിട്ടു മടങ്ങിപോന്നു.

**5.** ഉച്ചകഴിഞ്ഞ് അടൂർക്ക് പോയി. പള്ളി ബംഗ്ലാവിലെത്തി. തിരുമേനി അവിടുണ്ടായിരുന്നു. കുറെനേരം സംസാരിച്ചു. ചായൽ പള്ളി സ്ഥലം കാണുന്ന കാര്യം പറഞ്ഞു. തിരുമേനി എം.എൽ.എ. മാരെ കണ്ടു ശരിപ്പെടുത്തണമെന്ന് ഞാൻ പറഞ്ഞു. അതുകഴിഞ്ഞ് 4 മണിക്ക് പട്ടം കൊടനടന്നതിൽ സംബന്ധിച്ചു.



www.malankaralibrary.com

**10.** രാവിലെ 7 മണിക്ക് കത്തീഡ്രലിൽ തിരുമേനിയോടുകൂടി ഞങ്ങൾ 6 പേർ ചേർന്ന് സഹകരണകുർബാന ചൊല്ലി. കാപ്പികഴിഞ്ഞ് ജോയിയുടെ വീട്ടിലെത്തി. 1 മണിക്ക് ചില അതിഥികളോടു ചേർന്ന് ഊണുകഴിച്ചു. 4 മണികഴിഞ്ഞ് മടങ്ങിപോന്നു.

**26.** പ്രോവിഡന്റ് ഫണ്ടു സംബന്ധിച്ച മീറ്റിംഗിന് അടൂരിലെത്തി. 10 മണിക്ക് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. അതിനു ശേഷം തിരുമേനിയുടെ നേതൃത്വത്തിൽ മീറ്റിംഗ് നടന്ന് പല കാര്യങ്ങളും ആലോചിച്ചു തീരുമാനിച്ചു. 1.30-ന് തീർന്നു. ഊണു കഴിഞ്ഞ് 2.30-ന് ഒരുവാനിൽ ഞങ്ങൾ പലരുംകൂടി പത്തനംതിട്ട എത്തി. അവിടെനിന്നും വീട്ടിലെത്തി.

**29.** ഉച്ചകഴിഞ്ഞ് റാന്നിയിൽ പോയി. അവിടെനിന്നും ഇട്ടിയപ്പാറ കൺവൻഷൻ പന്തലിലെത്തി വിശ്രമിച്ചു. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് 7 മണിക്ക് വന്നു, ഞാൻ കുറെനേരം അദ്ദേഹവുമായി ചായൽ പള്ളി സംബന്ധിച്ചു സംസാരിച്ചു. 9 മണിയോട് മടങ്ങി പോന്നു.

**ഫെബ്രുവരി 1.** കുർബാനകഴിഞ്ഞ് ഡോ. ജേക്കബിന്റെ വീട്ടിലെത്തി കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു. ഞാൻ വീട്ടിലെത്തിയപ്പോൾ എനിക്ക് തീരെ സുഖമില്ലാതെ കിടപ്പായി. ഒന്നും ഓർമ്മയില്ല. അസുഖം വർദ്ധിച്ചു. ഡോക്റെ കൊണ്ടുവന്നു. ചികിത്സ തുടങ്ങി.

**2.** തീരെ സുഖമില്ലാതെ കിടന്നു. ഡോക്ടർ വന്നു.

**3.** വീട്ടിൽതന്നെ. കുര്യച്ചൻ വന്നു. മറ്റു വേണ്ടപ്പെട്ടവരും വന്നു.

**4.** ഡോക്ടർ വന്നു പരിശോധിച്ചു, മരുന്നുതന്നു. പലരും കാണാൻ വന്നു. വൈകിട്ടു തിരുമേനിയും നാലഞ്ച് അച്ചന്മാരും കൂടിവന്നു കണ്ടു. കുറെനേരമിരുന്ന് പ്രാർത്ഥിച്ചിട്ടുപോയി. ചായൽ കാര്യം ഞാൻ തിരുമേനിയെ ഏല്പിക്കുന്നു എന്നുപറഞ്ഞു, അത് നിറവേറ്റണ മെന്നും.

**10.** (ഈ കഴിഞ്ഞ ദിവസങ്ങളിലെല്ലാം പള്ളിയിൽ പോകാതെ കിടപ്പാ യിരുന്നു. ഡോക്ടർ ദിവസവും വന്നു ചികിത്സിച്ചു. പലരും അടുത്തു നിന്നും അകലെനിന്നും വന്നുകണ്ടു). ഇന്നലെ മുതൽ അല്പം സുഖം തോന്നി, അതുകൊണ്ട് ഇന്ന് രാവിലെ പള്ളിയിൽ പോയി കുർബാന ചൊല്ലി പ്രാർത്ഥിച്ചു. ക്ഷീണമുണ്ട്.

**12.** കുർബാനകഴിഞ്ഞ് കൊല്ലത്തിനുപോയി. വക്കീലിനെ കണ്ടു കേസു കാര്യം പറഞ്ഞിട്ടു പോന്നു. വീട്ടിലെത്തി വിശ്രമിച്ചു.

**13.** ക്ഷീണമുണ്ട്. വൈകിട്ടു പള്ളിയിൽ പോയി ചൊല്ലി.



www.malankaralibrary.com

**21.** (ഒരാഴ്ചയായി പള്ളിയിൽ മാത്രം പോയി ചൊല്ലിയിട്ടു വന്ന് വിശ്രമിച്ചു. ക്ഷീണം മാറിവരുന്നു, ആരോഗ്യം വീണ്ടുകിട്ടുന്നു എന്നെഴുതിയിരിക്കുന്നു).

**22.** കിഴവള്ളൂരിലെത്തി 3 മണിക്ക് ബ്ളോക്കിൽ ബി.ഡി.സി. മീറ്റിംഗ് തുടങ്ങി. പല കാര്യങ്ങൾ തീരുമാനിച്ചു. മടങ്ങിപോന്നു.

**26.** ചീങ്കൽ തടത്തിൽ കാക്കുവൈദ്യന്റെ ജൂബിലി സംബന്ധിച്ചു മീറ്റിംഗ് ഉണ്ടായിരുന്നു. തിരുമേനിയും മന്ത്രി കോയയും വന്ന് പ്രസംഗം നടത്തിയതായി അറിഞ്ഞു. 7 മണിക്ക് രാത്രിയിൽ തിരുമേനി വീട്ടിൽ വന്ന് കണ്ടു കുറെനേരം സംസാരിച്ചു. ചായൽ പള്ളി, Recognition of College മുതലായവയെ സംസാരിച്ചു. 8 മണികഴിഞ്ഞ് തിരുമേനി പോയി.

**29.** തിരുമേനിക്കും, ശ്രീ. കെ.എം. ജോർജിനും ചായൽ പള്ളി സംബന്ധിച്ചു കത്തുകൾ അയച്ചു.

**മാർച്ച് 5.** ഇന്നലെ ചങ്ങനാശ്ശേരി ഭാരതീവിഹാരത്തിലെത്തി. ഇന്ന് അവിടത്തെ ജോർഡിയുടെ വിവാഹ ചടങ്ങുകളിൽ സംബന്ധിച്ചിട്ടു പോന്നു. വൈകിട്ടു പള്ളിയിൽ പോയി കുർബാന ചൊല്ലി.

**13.** വൈകിട്ടു റാന്നി വയലാ പാപ്പച്ചൻ വന്നു. അവരുടെ നിലം വിതക്കാരുമായുള്ള തർക്കംപറഞ്ഞു തീർക്കണമെന്ന്. ഞാനും പഞ്ചായത്ത് മെമ്പേഴ്സ് ശമുവേലച്ചനും ഉതിമൂട്ടു ബേബിയും കൂടി രണ്ടു കൂട്ടരുടേയും വാദംകേട്ടു. അതിനുശേഷം 4500 രൂപ വീതം ഓരോരുത്തർക്കും കൊടുക്കാൻ നിശ്ചയിച്ചു. കുറെപിണക്കമുണ്ടായെങ്കിലും സമ്മതിച്ചു. 25 സെന്റ് മരുതിമൂട്ടിൽകാർക്കും 4500 രൂപ ചാങ്ങേൽ ജോർജിനും, വസ്തുവാങ്ങുന്നെങ്കിൽ ജോർജിന് 4500 രൂപ വകവച്ചു കൊടുക്കാനും നിശ്ചയിച്ചുപിരിഞ്ഞു.

**14.** രാത്രിയിൽ തന്നെ തങ്കച്ചൻ വന്ന്, 25 സെന്റ് നിലം തരാമെന്ന് പറഞ്ഞതുകൊണ്ട് തൃപ്തിപ്പെട്ടു സമ്മതിച്ചു എന്ന് പറഞ്ഞു. നന്നുക്കാട്ടു സ്കറിയാവന്ന് 15–20 വരെ 5 ദിവസം കുർബാന സ്കറിയായ്ക്കുവേണ്ടി ചെയ്യണമെന്ന് പറഞ്ഞ് 25 രൂപ തന്നു.

**22.** പത്തനംതിട്ട പോയി 10 മണിക്ക് യൂണിയൻ മീറ്റിംഗുംകൂടി. 8–ാം തീയതി 2.30–ന് യാത്ര അയപ്പും സ്വീകരണയോഗവും കൂടുന്നതിന് നിശ്ചയിച്ചു.

**23.** സംഘം കമ്മറ്റി 5.30–ന് കൂടി. ചേമ്പാല കൂപ്പുകാര്യം പാട്ടക്കാരുമായി ആലോചിച്ചു, 1000 രൂപയ്ക്ക് വകയാറ്റു ശമുവേലിന് കൊടുക്കാൻ



www.malankaralibrary.com

നിശ്ചയിച്ചു. ശമുവേലിനോടു അപേക്ഷയും 1000 രൂപയും ഞാൻ വാങ്ങി.

**25.** രാവിലെ 1000 രൂപ പോസ്റ്റു ഓഫീസിലെ എസ്.ബി.യിലിട്ടു. 3 മണിക്ക് സഹകരണസംഘത്തിന്റെ മീറ്റിംഗ് കൂടി ബൈലോപാസാക്കി. പിന്നീടു ബഡ്ജറ്റ് മീറ്റിംഗ് നടന്നു. പ്രൈമറി സ്കൂളിലെ 4-ാം ക്ലാസിൽ നിന്നു ഒന്നാമതും രണ്ടാമതുമായി പാസായ 4 കുട്ടികൾക്ക് സമ്മാനംകൊടുത്തു. അനന്തരം പൊതുയോഗം നടന്നു. ചിലർ എതിരായിരുന്നെങ്കിലും ഒടുവിൽ എല്ലാം ഏകാഭിപ്രായമായി പാസാക്കി പിരിഞ്ഞു. മീറ്റിംഗിൽ ഇൻസ്പെക്ടറും രജിസ്ട്രാരും പങ്കെടുത്തു.

**29.** ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഏബ്രഹാമിന്റെ യാത്രഅയപ്പു യോഗം 3 മണിക്ക് എന്റെ അദ്ധ്യക്ഷതയിൽ കൂടി. കുര്യച്ചൻ, തയ്യിൽ അച്ചൻ, വി. കെ. വറുഗീസ് എന്നിവർ പ്രസംഗിച്ചു. കാപ്പിയും ഫോട്ടോയും കഴിഞ്ഞ് പിരിഞ്ഞു.

**ഏപ്രിൽ 6.** രാവിലെ പാളയത്തു ജോയിയുടെ വീട്ടിൽ നിന്നും അരമനയിലെത്തി ചൊല്ലി. കുറെകഴിഞ്ഞ് ജേക്കബ് ജോണച്ചനും ഞാനും കൂടി ഞായല്ലൂർ വീട്ടിലെത്തി. അവിടെ എല്ലാവരും കല്യാണത്തിന്റെ ധൃതിയിലായിരുന്നു. അവിടെ നിന്നും ഞാൻ താഴേതിൽ എൻജിനീയർ ശ്രീ. റ്റി.കെ. ജോർജിന്റെ വീട്ടിൽ കയറിയിട്ടു, പ്രൊവിഡന്റ് ഫണ്ടു കെട്ടിടത്തിൽ പോയി ചില വിവരങ്ങൾ അറിഞ്ഞിട്ടു, വയലിൽ കൂടിനടന്ന് നെടുംപുറത്ത് ഏബ്രഹാമിന്റെ വീട്ടിലും കയറിയിട്ടു അരമനയിലെത്തി വിശ്രമിച്ചു. 4.30-ന് പള്ളിയിൽ പോയി ഞായല്ലൂർ എൻ.ജെ. ജോർജിന്റെ മകൾ ലിസിയുടെ വിവാഹചടങ്ങുകളിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് വേലശ്ശേരിൽ റമ്പാച്ചന്റെ കൂടെ ഞാൻ പോന്നു.

**8.** പത്തനംതിട്ട പോയി 2 മണിക്ക് യൂണിയൻ മീറ്റിംഗ് കൂടി പല കാര്യങ്ങൾ തീരുമാനിച്ചു. അതുകഴിഞ്ഞ് മുൻസെക്രട്ടറി ജോണിന് യാത്ര അയപ്പും പുതിയ സെക്രട്ടറി ഉമ്മറിന് സ്വാഗതവും നടത്തി. കാപ്പിസൽക്കാരം കഴിഞ്ഞ് പിരിഞ്ഞുപോയി.

**17.** നന്നുക്കാടു പള്ളിയിലെത്തി. 12 മണിക്ക് തിരുമേനിവന്ന്, സ്കറിയായുടെ മകന്റെ കല്യാണം നടത്തി. 1 മണിക്ക് ഭക്ഷണം കഴിഞ്ഞ് 2 മണിക്ക് മടങ്ങിപോന്നു.

**18.** നല്ല സുഖമില്ലാത്തതിനാൽ എങ്ങും പോയില്ല. രാവിലെ കുമ്പഴക്കാർ ചായൽ പള്ളിത്തറ കാണാൻ പോകാനായി വന്ന് ക്ഷണിച്ചു. സുഖമില്ലാത്തതിനാൽ പോയില്ല. വൈകിട്ടു പള്ളിയിൽ പോയി ചൊല്ലി.



www.malankaralibrary.com

**19.** ഇന്ന് അനേകർ ചായൽ പള്ളിത്തറ കാണാൻ പോയി. തിരുമേനിയും, എം.എൽ.എ. മാരും, അച്ചന്മാരും കൂടിപോയി കണ്ടിട്ടു മടങ്ങി. സുഖമില്ലാത്തതുകൊണ്ടു എനിക്ക് പോകാൻ സാധിച്ചില്ല. 4 മണികഴിഞ്ഞു തിരുമേനി വീട്ടിൽവന്ന് വിവരങ്ങൾ പറഞ്ഞു. വളരെ സന്തോഷത്തോട് മടങ്ങിപോയി.

**20.** രാവിലെ 9 മണിക്ക് സ്കൂളിലെത്തി. മുൻ എച്ച്.എം. പി.റ്റി. ജേക്കബിന്റെ ഒരാണ്ടു ഓർമ്മ സ്കൂളിൽ മീറ്റിംഗ് കൂടി ആദരിച്ചു. ജേക്കബിന്റെ പടംവരച്ചത് ഞാൻ അനാശ്ചാദനം ചെയ്തു. പലരും പ്രസംഗിച്ചു.

**23.** രാവിലെ ഞാനും ഭാര്യയും കൂടി ചങ്ങനാശ്ശേരിയിൽ പോയി ജോയിയുടെ കുഞ്ഞിന്റെ മാമോദീസാ നടത്തി. ജോസഫ് എന്ന് പേരിട്ടു, ജോർഡി തലതൊട്ടപ്പൻ. ചടങ്ങെല്ലാം കഴിഞ്ഞ് ഞങ്ങൾ പോന്നു, പത്തനംതിട്ട എത്തി ആശുപത്രിയിൽ കയറി കണ്ണൻമണ്ണിൽ കുഞ്ഞുമത്തായിയുടെ ഭാര്യ മറിയമ്മയെ കണ്ടു. ആശ്വാസമില്ലാത്തതിനാൽ തിരുവനന്തപുരത്ത് മെഡിക്കൽ കോളെജ് ആശുപത്രിയിൽ കൊണ്ടു പോകാൻ നിശ്ചയിച്ചു. ഞാൻ 100 രൂപ കൊടുത്തു.

**27.** ഇന്ന് ചങ്ങനാശ്ശേരി കൊച്ചുതിരുമേനിയും ധാരാളം ആളുകളും കൂടി നിലയ്ക്കൽ പോയതായി അറിഞ്ഞു. ഉച്ചകഴിഞ്ഞ് കോന്നിയിൽ സൊസൈറ്റി മീറ്റിംഗിന് പോയി. എന്റെ അദ്ധ്യക്ഷതയിൽ കൂടി. പശുക്കളെ വാങ്ങി പാൽവിതരണം ചെയ്യുന്നതിനെപ്പറ്റി ആലോചിച്ചു. അതു സംബന്ധിച്ചു കൂടുതൽ ആലോചിക്കുന്നതിനും മറ്റും വീണ്ടും 5-ാം തീയതി കൂടാൻ നിശ്ചയിച്ചു.

**30.** ഇന്ന് മൈലപ്രാ പോസ്റ്റ് ഓഫീസ് അറിയിപ്പു കൂടാതെ ഇവിടെ നിന്നും തങ്കപ്പൻ നായരുടേയും മാസ്റ്ററുടേയും ശണ്ഠയുടെ ഫലമായി തങ്കപ്പൻ നായരുടെ കെട്ടിടത്തിൽ നിന്നും കുമ്പഴയുള്ള ഗോപാലൻ വക്കീലിന്റെ കെട്ടിടത്തിലേക്ക് മാറ്റി. ജനങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചു. (22-8-1938-ൽ 301 രൂപ 26 ചക്രം സ്വന്തമായി ഗവൺമെന്റിൽ കെട്ടിവച്ചു തുടങ്ങിയ അഞ്ചൽ ഓഫീസ് പിന്നീടു പോസ്റ്റ് ഓഫീസായതാണ്).

**മെയ് 1.** ശ്രീ. സി.എസ്. നായർ, കെ.റ്റി. ജോർജ്, ഇ.കെ. കുര്യൻ, ഫാ. സാമുവൽ തയ്യിൽ, ഞാൻ ഒന്നിച്ചു കൊല്ലത്തുപോയി പോസ്റ്റൽ സൂപ്രണ്ടിനെ കണ്ടു വിശദമായി കാര്യങ്ങൾ സംസാരിച്ചു.

**2.** ഇന്നലെ കൊല്ലത്തു പോയവരെല്ലാം കൂടി തിരുവനന്തപുരത്ത് ജോയിയുടെ വീട്ടിലെത്തി വിശ്രമിച്ചു. ഒരപേക്ഷ തയ്യാറാക്കി ഉച്ചയോടുകൂടി പോസ്റ്റ് മാസ്റ്റർ ജനറലിനെ കണ്ടു അപേക്ഷ കൊടുത്തു.



www.malankaralibrary.com

അനന്തരം എം.എൻ.-ന്റെ (ശ്രീ. എം.എൻ. ഗോവിന്ദൻ നായർ, സഹോദരീഭർത്താവ് സി.എസ്. നായർ) അനുജന്മാരെയും അമ്മയേയും പോയി കണ്ടിട്ടു ഞാൻ അരമനയിൽ എത്തി. മറ്റുള്ളവർ കൊല്ലത്തിന് പോയി.

**7.** പോസ്റ്റൽ കാര്യം സംബന്ധിച്ചു മീറ്റിംഗ് കൂടി. 70-ൽ പരം ആളുകൾ കൂടി. ഒരു ജനറൽ കമ്മറ്റിയേയും ഒരു ചെറിയ വർക്കിംഗ് കമ്മറ്റി യേയും എടുത്തു.

**8.** കൊല്ലം പോസ്റ്റൽ സൂപ്രണ്ട് വരുമെന്നറിഞ്ഞ് കാത്തിരുന്നു. 2 മണിക്ക് വന്നു. ഞാൻ വിശദീകരണം കൊടുത്ത് സ്ഥലവും കെട്ടിടവും കാണിച്ചുകൊടുത്തു. 4.30-ന് കുമ്പഴയ്ക്കു മടങ്ങി. ഇവിടത്തുകാർ പലരും അവിടെപോയി. പത്തനംതിട്ട റ്റി.ബി.യിൽ ശ്രീ. സി.എസ്. നായർ, ഹെഡ്മാസ്റ്റർ, കെ.പി. ജോർജ് എന്നിവർ എത്തി സൂപ്രണ്ടിനെ കണ്ടു നന്നായി വിവരം കൊടുത്തു.

**14.** കുമ്പഴയ്ക്ക് പോയി 10 മണികഴിഞ്ഞ് മേലേതിൽ എത്തി. അച്ചന്റെ അമ്മ മരിച്ചു. അവിടെ ശുശ്രൂഷ നടത്തി. മൃതശരീരം പള്ളിയിലേക്ക് എടുപ്പിച്ചുകൊണ്ടുപോയി. ഡാമിയനച്ചനും കുര്യച്ചനും ഉണ്ടായിരുന്നു. സംസ്കാരശുശ്രൂഷ നടത്തി അടക്കം കഴിഞ്ഞ്പോന്നു.

**15.** കുര്യച്ചൻ വീട്ടിൽ പോയിരുന്നു. ഞാൻ കുർബാന ചൊല്ലി. ഉച്ച കഴിഞ്ഞ് കോന്നി ഡി.എഫ്.ഒ. ഓഫീസിലെത്തി എഗ്രിമെന്റ് ഒപ്പിട്ടുകൊടുത്തു.

**25.** രാവിലെ കുമ്പഴ പള്ളിയിലെത്തി. കുമ്പഴ അച്ചന്റെ അമ്മയ്ക്കു വേണ്ടി മറ്റു രണ്ടച്ചന്മാരുടെ കൂടെ കുർബാനചൊല്ലി. വീട്ടിൽ പോയി ധൂപംവച്ചു പ്രാർത്ഥിച്ചു. മടങ്ങിപോന്നു. ചായൽപടി ആശ്രമത്തിൽ നിന്നും അച്ചൻ വീട്ടിൽവന്ന് കുറെനേരം സംസാരിച്ചു. അനന്തരം പത്തനംതിട്ട ബാങ്കിൽ മീറ്റിംഗിന് പോയി. അതുകഴിഞ്ഞ് 5 മണിക്ക് വറുഗീസും മറ്റുമായി ജീപ്പിൽ ഏർതുമ്പമൺ കറിയാച്ചന്റെ വീട്ടിൽ എത്തി ഡിപ്പോസിറ്റിന്റെ കാര്യം പറഞ്ഞു. വേണ്ടത് ചെയ്യാമെന്ന് പറഞ്ഞു. അവിടെനിന്നും മടങ്ങി എന്നെ ജീപ്പിൽ വീട്ടിൽ വിട്ടിട്ടു പോയി.

**26.** രാവിലെ വടശ്ശേരിക്കര താഴത്തില്ലത്ത് കുടുംബയോഗത്തിൽ സംബന്ധി ക്കാൻ പോയി. അവരുടെ കുടുംബത്തിലെ 3 അച്ചന്മാരും ഉണ്ടായി രുന്നു. 70 പേർ കൂടി. മീറ്റിംഗിൽ ഞാൻ പ്രസംഗിച്ചു. ഇലന്തൂരെ കുടുംബത്തിൽപെട്ട 2 പേരെ അവിടെ വിവാഹം ചെയ്തയച്ചിരുന്നു. ഊണുകഴിഞ്ഞ് 2 മണിക്ക് പോന്നു.



www.malankaralibrary.com

**ജൂൺ 8.** ഒരാഴ്ചയായി ദേഹസുഖമില്ലാത്തതിനാൽ 21 ആവർത്തിച്ച ക്ഷീരബലകഷായം കുടിച്ചു പത്ഥ്യം നോക്കി വിശ്രമിച്ചു.

**9.** തെന്മല ഉടമ്പടിക്കുവേണ്ടി പുനലൂർക്ക് കാറിൽ സെക്രട്ടറിയും രണ്ടു മെമ്പറന്മാരും കൂടിപോയി. ഡി.എഫ്.ഒ. ഇല്ലാഞ്ഞതിനാൽ ഉടമ്പടി നടന്നില്ല. മടങ്ങിപോന്നു.

**11.** സെന്റ് തോമസ് സമതി മീറ്റിംഗ് കൂടാൻ കുമ്പഴയ്ക്ക് പോയി. ശ്രീ. കെ.പി. ജോർജും കൊച്ചുകുട്ടിയും കോന്നിയിൽ പോയി ശ്രീ. പി. ജെ. തോമസിനെ കണ്ടു വിളിച്ചുകൊണ്ടുവന്നു. എന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. തോമസും മറ്റു പലരും പ്രസംഗിച്ചു. അടുത്തമാസം വീണ്ടും കൂടുന്നതിനുവേണ്ടി ഒരു കമ്മറ്റിയെ എടുത്തു.

**13.** ബാങ്കു ഡെവലപ്പ്മെന്റ് കമ്മറ്റി 11 മണിക്ക് മേടയിൽ കൂടി. പലതും ആലോചിച്ചു പിരിഞ്ഞു. 3 മണിക്ക് കുമ്പഴ വടക്ക് സംഘം ഓഫീസിൽ കൂടി. അവരുടെ നീക്കിയിരിപ്പിൽ കണ്ട അമിതമായ തുകയുടെ ഉത്തരവാദി സെക്രട്ടറി തന്നെയൊണെന്ന് കണ്ടു. സംഘം അംഗങ്ങളിൽ ചിലർക്ക് യോജിപ്പിൽ താല്പര്യം കണ്ടില്ല.

**25.** നന്നുക്കാടു കുഞ്ഞുമത്തായി ഹൃദയസ്തംഭനം മൂലം മരിച്ചതായി ഫോൺ വന്നു. ഉച്ചയോടുകൂടി അവിടെപോയി മറ്റു അച്ചന്മാരോടു കൂടി പ്രാർത്ഥന നടത്തി. പള്ളിയിൽ പോയി, 6 മണിക്ക് തിരുമേനി വന്ന് അടക്കം ചെയ്തു, കാറിൽ മടങ്ങിപോന്നു.

**ജൂലൈ 6.** നന്നുക്കാടു പള്ളിയിലെത്തി. 10 മണിക്ക് തിരുമേനിവന്നു. കടമ്മനിട്ട ബേബിയുടെ (കടമ്മനിട്ട അച്ചന്റെ മകൻ) മകന്റെ വിവാഹം തിരുമേനി ആശീർവദിച്ചു. പല അച്ചന്മാരും ഉണ്ടായിരുന്നു. ചടങ്ങെല്ലാം കഴിഞ്ഞ് പോന്നു, 3 മണിക്ക് വീട്ടിലെത്തി.

**8.** പത്തനംതിട്ട എത്തി ബാങ്കു യൂണിയൻ മീറ്റിംഗിൽ സംബന്ധിച്ചു. തോമസ് വറുഗീസിന്റെ വകയായി എല്ലാവർക്കും ഭക്ഷണം. മീറ്റിംഗ് 3 മണിക്ക് തീർന്നു, പോന്നു. 5.30-ന് മൈലപ്രാ സംഘം കമ്മറ്റി കൂടി പലതും നിശ്ചയിച്ചു. 8 മണിക്ക് തീർന്നു.

**17.** കുര്യച്ചനും, ഏലിയാസച്ചനും ഞാനും കൂടി ഉളനാടു പള്ളിയിലേക്ക് പോയി. കുറെ മലകയറി നടന്ന് പള്ളിയിലെത്തി. 11 മണിക്ക് തിരുമേനിവന്ന് കല്യാണം നടത്തി. ആ വഴി ഞാൻ പുന്തല ഈഴേനത്ത് പോയി കല്യാണനിശ്ചയം നടത്തി. 4 മണിക്ക് ജീപ്പിൽ പത്തനംതിട്ട എത്തി.

**ആഗസ്റ്റ് 7.** പുത്തൻപീടികയിലെത്തി കിഴക്കേതിൽ ഈശോസാറിന്റെ ഭാര്യയുടെ 41-ന്റെ കുർബാന 7 അച്ചന്മാർ കൂടിചൊല്ലി. 10 മണിക്ക് വീട്ടിലെത്തി ധൂപപ്രാർത്ഥന നടത്തി. 1.30-ന് പത്തനംതിട്ട എത്തി





www.malankaralibrary.com

തിരുവനന്തപുരത്തിന് പോയി. 5 മണിയോടു ജോയിയുടെ വീട്ടിലെത്തി വിശ്രമിച്ചു.

**8.** രാവിലെ 7.30-ന് ഡോ. പൈയുടെ വീട്ടിൽ ഞാനും ജോയിയും കൂടി കാറിൽ പോയി. അദ്ദേഹം എന്നെ വിശദമായി പരിശോധിച്ചു. ലാബിൽ രക്തവും മൂത്രവും പരിശോധനയ്ക്ക് കൊടുത്തിട്ടുപൊന്നു. അരമനയിലെത്തി എഴിയത്തച്ചനെ കണ്ടു എൽസിയുടെ കാര്യം പറഞ്ഞു. അത് ഉടനെ ചെയ്യാമെന്ന് അച്ചൻ പറഞ്ഞു. മടങ്ങിപോന്നു.

**24.** 9 മണിക്ക് ഞാനും, കുര്യച്ചനും, കുമ്പഴ അച്ചനും കൂടി മേലേതിൽ പണിത പുതിയ നെടുംമ്പുറത്ത് വീട്ടിലെത്തി എന്റെ നേതൃത്വത്തിൽ വീടുകൂദാശ നടത്തി. കാപ്പികഴിഞ്ഞ് പിരിഞ്ഞു.

**29.** മൈലപ്രായിൽ പുതിയ പോസ്റ്റ് ഓഫീസ് അനുവദിച്ചതായി അറിഞ്ഞു.

**സെപ്റ്റംബർ 9.** ഇലന്തൂരിൽ പോയി മൂത്തേരിൽ 10 മണിക്കെത്തി വിശ്രമിച്ചു. 1 മണിക്ക് പള്ളിയിലെത്തി ചായൽപള്ളി സ്ഥാപനം സംബന്ധിച്ചു മീറ്റിംഗ് നടത്തി. അതുകഴിഞ്ഞ് മാമ്മച്ചന്റെ അസുഖം കണ്ടിട്ടുപോന്നു.

**19.** ഉച്ചകഴിഞ്ഞ് ചെങ്ങന്നൂർ പോയി 4 മണിക്ക് പള്ളിയിൽ എത്തി. പള്ളികൂദാശയും മീറ്റിംഗും കഴിഞ്ഞ് ഭക്ഷണം കഴിഞ്ഞു. യോഹന്നാച്ചന്റെ വീട്ടിൽ പോയി ഉറങ്ങി. ഏലിയാസച്ചനും ഭാര്യയും വന്ന് തിരുമേനിയെ കണ്ടു.

**20.** രാവിലെ ചെങ്ങന്നൂർ പള്ളിയിലെത്തി. ഞാനും, വികാരി ജേക്കബ് അച്ചനും മറ്റു 3 പേരും കൂടി എന്റെ പ്രധാന നേതൃത്വത്തിൽ കുർബാന ചൊല്ലി. കാപ്പികഴിഞ്ഞു മീറ്റിംഗ് നടത്തി. 1 മണികഴിഞ്ഞ് സൺഡേ സ്കൂൾ കുട്ടികളുടെ മീറ്റിംഗ് നടന്നു, അതിൽ ഞാൻ പ്രസംഗിച്ചു. 3 മണിക്ക് മടങ്ങിപോന്നു.

**26.** രാവിലെ അഞ്ചൽ ആശുപത്രിയിൽ പോയി. ഏലിയാസച്ചനും കൂടെ ഉണ്ടായിരുന്നു. ഞാൻ ഡോക്ടരെ കണ്ടു. പരിശോധിച്ചു മരുന്ന് തന്നു. 12 മണിക്ക് മടങ്ങിപോന്നു.

**28.** കൊല്ലത്തിന് പൊയി 1 മണിക്കെത്തി. എം.എസ്. നാരായണ പിള്ളയെ കണ്ടു, കേസ് ജയിച്ചതായി പറഞ്ഞു. പിന്നീടു വക്കീൽ സി.പി. വക്കീലിനെ കണ്ടു, കേസു ജയിച്ചതായി പറഞ്ഞു. ബാക്കി വക്കീൽ ഫീസും ജഡ്ജുമെന്റ് കോപ്പി എടുപ്പിക്കാനും മറ്റും കൊടുത്തിട്ടു പോന്നു.

**30.** ഇലന്തൂരിൽ പോയി ചായൽ പള്ളി സംബന്ധിച്ച മീറ്റിംഗ് കൂടി.



www.malankaralibrary.com

**ഒക്ടോബർ 8.** പാളയം പള്ളിയിൽ ചൊല്ലി. സിസ്റ്റർ വന്നു. ജോയിയുടെ വീട്ടിൽ കാപ്പികുടിച്ചിട്ടു ഞങ്ങൾ മൂന്നുപേരും കൂടി കാറിൽ കരമന രാഘവൻ പിള്ള വൈദ്യനെ പോയികണ്ടു. എന്റെ രോഗവിവരം പറഞ്ഞു. ഗുളിക തന്നിട്ടു അടുത്ത ശനിയാഴ്ച കുഴമ്പും എണ്ണയും തയ്യാറാക്കി തരാമെന്നുപറഞ്ഞു. അതിന് ഏർപ്പാടു ചെയ്തിട്ടു മടങ്ങി വന്നു. ഊണുകഴിഞ്ഞ് സിസ്റ്റർ മഠത്തിലേക്കും ഞാൻ മൈലപ്രായ്ക്കും പോന്നു.

**17.** കിഴക്കേതിൽ ഈശോസാർ മരിച്ചതായി ആൾ വന്ന് പറഞ്ഞു. 10 മണിക്ക് പോയികണ്ടിട്ടു തിരിച്ചുപോന്നു.

**22.** പത്തനംതിട്ട പോയി ശ്രീ. കെ.പി. ജോസഫ് വക്കീലിനെ ജഡ്ജ്മെന്റ് കോപ്പി കാണിച്ചു, സന്തോഷിച്ചു. കോഴഞ്ചേരിയിൽ പോയി വറുഗീസ് വക്കീലിനേയും കാണിച്ചു. വായിച്ചിട്ടു വളരെ സന്തോഷം പറഞ്ഞു.

**25.** കൊട്ടാരക്കര പോയി കിഴക്കേതെരുവിൽ പള്ളിയിലെത്തി കോശി അച്ചനെ (ചക്കാലമണ്ണിൽ) കണ്ടു ചില ഏർപ്പാടുകൾ ചെയ്തു. അവിടെനിന്നും തിരുവനന്തപുരത്തിന് പോയി.

**നവംബർ 4.** കൊല്ലത്ത് പോയിട്ടു മുഖത്തല എത്തി പ്രാർത്ഥനയും മറ്റുംകഴിഞ്ഞ് അവിടെ താമസിച്ചു. റാസയും മറ്റുംകഴിഞ്ഞ് ജോൺ കോന്നിയൂരച്ചന്റെ പ്രസംഗം ഉണ്ടായിരുന്നു. അതുകഴിഞ്ഞ് കലാപരിപാടിയും കഥാപ്രസംഗവും നടന്നു.

**5.** രാവിലെ ഞാൻ ചൊല്ലി. 8 മണിക്ക് തിരുമേനിവന്നു ചൊല്ലി. ഉച്ചയൂണു കഴിഞ്ഞ് മടങ്ങിപോന്നു.

**നവംബർ 8.** വൈകിട്ടു സംഘം മീറ്റിംഗ് കൂടി. വടശ്ശേരിക്കര തെക്കുംമല കഴിഞ്ഞവർഷം എടുത്ത കൂപ്പുകൃഷി സംബന്ധിച്ചു സെക്രട്ടറി യഥാസമയം വേണ്ട നടപടി സ്വീകരിക്കാത്തതിനാൽ വന്നനഷ്ടം പരിഹരിക്കാനും അത് സംഘത്തിൽ വരവു വയ്ക്കാനും വാഗ്വാദങ്ങൾക്കുശേഷം തീരുമാനിച്ചു. 1525 രൂപ വരവുവച്ച് മറ്റു പലതും ആലോചിച്ചു തീരുമാനിച്ചു.

**13.** രാവിലെ പാലമൂട്ടിൽ ബോവന്റെ കല്യാണത്തിന് പോയി. കല്യാണവും ഊണും കഴിഞ്ഞ് മടങ്ങിപോന്നു. പെരുനാടു ചാക്കോച്ചനും കിഴക്കേമുറിയിൽ കുഞ്ഞുമത്തായിയും തമ്മിലുള്ള കേസ് പറഞ്ഞുതീർക്കുന്ന കാര്യം ചാലിൽ അച്ചനോടു പറഞ്ഞിട്ട് അച്ചന് അതിന് സമ്മതമില്ല.

**ഡിസംബർ 16.** തിരുമേനിയും അച്ചന്മാരും 10 മണിക്കുവന്നു. ഏലിയാസ് അച്ചന്റെ കാര്യം തീർത്തുപറഞ്ഞു. അടുത്തശനിയാഴ്ച അച്ചനും ഭാര്യയും തിരുവനന്തപുരത്ത് ചെല്ലാൻ പറയാൻ പറഞ്ഞു.



www.malankaralibrary.com

കുഴിയംമണ്ണിലച്ചന്റെ അവശേഷം പുതിയ പള്ളിയിൽ നിക്ഷേപിക്കാൻ അനുവദിച്ചു. മൈലപ്രാ സ്കൂളിന്റെ പണി തുടങ്ങാൻ അനുവദിച്ചു. തിരുമേനി 11 മണിയോടുകൂടി പോയി.

**17.** ഇന്ന് മൈക്ക് വച്ചു സ്ഥലവാസികൾ പുതിയ പോസ്റ്റ് ഓഫീസിന്റെ ഉദ്ഘാടനം പ്രഖ്യാപിച്ചു. നാളെ 9.30-ന് മീറ്റിംഗ് നടക്കുമെന്നും അടൂർ ആർ.ഡി.ഒ. ഉദ്ഘാടനം നടത്തുമെന്നും മറ്റും ഉദ്ഘാടന മീറ്റിംഗിനു വേണ്ട ആലോചനകൾ പലരും വന്ന് ആലോചിച്ചു.

**18.** രാവിലെ 9.30-ന് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് തുടങ്ങി. ഞാൻ ചെറിയ ചരിത്രപ്രസ്താവനയോടുകൂടി ഉദ്ഘാടകനെ ക്ഷണിച്ചു. അടൂർ ആർ.ഡി.ഒ. ഉദ്ഘാടനം നടത്തി. വയലഇടിക്കുള, ശ്രീ. കെ.പി. ജോർജ്, സി. ജോർജ്, ശ്രീ. കെ.റ്റി. ജോർജ് മുതലായവർ പ്രസംഗിച്ചു. അങ്ങനെ 'മൈലപ്രാ ടൗൺ' പോസ്റ്റ് ഓഫീസും ടെലഗ്രാഫ് ഓഫീസും ഉദ്ഘാടനം നടന്നു.



**പോസ്റ്റ് ഓഫീസ്**

**20.** കഴിഞ്ഞ മാസം 25-നു തുടങ്ങി നടത്തിയ ഞവരകിഴി ഒരാഴ്ച കഴിഞ്ഞ് തീർന്നെങ്കിലും പത്ഥ്യവും എണ്ണ-കുഴമ്പ് തേച്ചുകുളിയും മറ്റും കഴിഞ്ഞ് വിശ്രമിച്ചു. അല്പം ഭേദം തോന്നുന്നു. അങ്ങനെ രോഗശുശ്രൂഷയ്ക്കുശേഷം ഇന്ന് പള്ളിയിൽ പോയി കുർബാന ചൊല്ലി.

**21.** ഇന്ന് സെന്റ് തോമസ് സംഘം ഏഴരപള്ളിയും നോക്കി പ്രാർത്ഥന നടത്തി തിരുവാംകോട്ടുനിന്നും 11 മണിക്കിവിടെ ബസിൽ എത്തിചേർന്നു. തുണ്ടിയിൽ കുഞ്ഞുഡൊമിനിക്കച്ചനും ഇവിടെ നേരത്തെ എത്തിച്ചേർന്നു. ഞാൻ ഒരു മാല ഇട്ടു. അവർ 12 മണിക്ക് പോയി.



www.malankaralibrary.com

# 1973

**ജനുവരി 1.** രാവിലെ തിരുമേനി വീട്ടിലെത്തി. എന്റെ രോഗശാന്തിക്കു വേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി. ഉടനെ പോയി. ഏലിയാസ് അച്ചന്റെ കാര്യം ഞാൻ തിരുമേനിയോട് പറഞ്ഞു. അദ്ദേഹത്തിന്റെ സാധനങ്ങൾ മൈലപ്രാ പള്ളി ബംഗ്ലാവിൽ സൂക്ഷിക്കാൻ പറഞ്ഞു. അച്ചൻ അരമനയിൽ അടുത്തുതന്നെ എത്തട്ടെ, എവിടെ താമസിക്കണമെന്ന് അന്നേരം നിശ്ചയിക്കാം എന്നുപറഞ്ഞു. 4 മണിക്ക് പള്ളിയിൽ പോയി ചൊല്ലി.

**7.** കുമ്പളാംപൊയ്ക പള്ളിയിൽ കാറിൽ പോയി. അവിടത്തെ മത്തായി സാറിന്റെ മകന്റെ കല്യാണം വികാരിയച്ചനും ഞാനും കൂടി നടത്തി. ഭക്ഷണം കഴിഞ്ഞ് 3 മണിയോടു മടങ്ങിപോന്നു.

**13.** കുർബാന ചൊല്ലി. കുറെ ദിവസങ്ങളായി സുഖം തോന്നുന്നില്ല. മരുന്നും ഇൻജക്ഷനും എടുക്കുന്നുണ്ട്.

**14.** ചൊല്ലിയില്ല. അസുഖം കൂടി. കുഞ്ഞുമോനും കുഞ്ഞുകുട്ടിയും കാറിൽ ഡോ. ജോർജിന്റെ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ അഡ്മിറ്റു ചെയ്തു. പരിശോധിക്കുന്നു.

**15.** ആശുപത്രിയിലാണ്. യൂറിൻ ഷുഗർ കൂടുതലാണ്. പുത്തൻപീടികയിൽ നിന്ന് മേരികുട്ടി, ജോഷുവാ പീടികയിലച്ചൻ, ചാമക്കാല പാപ്പി, ചിറ്റക്കാട്ടു ഏലിശുബ, മറ്റുപലരും വന്നുപോയി.



**ക്ഷീണിതനായ മൈലപ്രാ അച്ചൻ**



www.malankaralibrary.com

16. മരുന്നുകൾ കഴിക്കുന്നു. ഉച്ചകഴിഞ്ഞ് ചൂടുവെള്ളത്തിൽ കുളിച്ചപ്പോൾ അല്പം സുഖം തോന്നി. കുമ്പഴ അച്ചനും മകനും, വല്ല്യത്ത് ജോർജ്, മണ്ണാരകുളഞ്ഞി പാപ്പി ഇവരൊക്കെ വന്നു കണ്ടു. 4 മണിക്ക് തെക്കും പുറത്ത് കീവർച്ചൻ പെട്ടെന്ന് അസുഖംബാധിച്ചു മരിച്ചതായി അറിഞ്ഞു.

17. വല്ല്യത്ത് ജോർജ് വന്നു ഒരു മണിക്കൂറോളം സംസാരിച്ചിരുന്നു. മറ്റുപലരും വന്നു. ഉച്ചകഴിഞ്ഞ് വൈക്കത്ത് ശലോമിയും മറിയാമ്മയും കീവർച്ചന്റെ അടക്കംകഴിഞ്ഞുവന്നു. ഡോക്ടർ വന്നു പരിശോധിച്ചു. രോഗം കുറവുണ്ടെന്ന് പറഞ്ഞു. 4 മണിക്ക് മറിയാമ്മയുടെ വീട്ടിൽ പോയി കുളിച്ചിട്ടുവന്നു. കുമ്പഴ പൊന്നച്ചൻ, കുഞ്ഞവറാൻ, കൊച്ചുവിള ജോർജ്, പതാക്ക് വറുഗീസ്, എൻ.റ്റി. വറുഗീസ്, കെ.റ്റി. എബ്രഹാം, ചാണ്ടപ്പിള്ള, സഹകരണസംഘം രജിസ്ട്രാർ തങ്കപ്പൻ, ബാങ്കു മാനേജർ ഒക്കെ വന്നുകണ്ടു.

18. ബി.പി. കുറഞ്ഞില്ല. ചിലരൊക്കെ കാണാൻ വന്നു. തോട്ടാലിൽ ജോർജ്, മൂന്നാലു ബ്രദറുകാർ വന്ന് പ്രാർത്ഥിച്ചിട്ടു പോയി. ചാലിൽ അച്ചൻ വന്ന് കുറെസമയം കഴിഞ്ഞ്പോയി.

19. കടമ്മനിട്ട ബേബി, പി.റ്റി. ജോർജ്, ചാലിൽ കൊച്ചച്ചൻ, മറ്റുചിലരും വന്നു കണ്ടിട്ടുപോയി. രണ്ടുമൂന്നു ദിവസം കൂടികഴിഞ്ഞ് പോകാമെന്ന് ഡോക്ടർ പറഞ്ഞു. Heart weakness ഉള്ളതുകൊണ്ട് വളരെ സൂക്ഷി ക്കണമെന്ന് പറഞ്ഞു. പാലമൂട്ടിൽ ശോശാമ്മയും ബാവുവും വന്നു. രാത്രി 9 മണിക്ക് ഡോ. കോട്ടൂർ വന്ന് പരിശോധിച്ചിട്ടുപോയി. ഷുഗറും ബി.പി.യും നോർമലായി എന്ന് മുറിക്ക് പുറത്തുവച്ചു പറയുന്നത് കേട്ടു. അതുകൊണ്ടു അച്ചൻ ഉറങ്ങിയേക്കും എന്നു പറഞ്ഞു. പക്ഷേ രാത്രിയിൽ പുറത്തും രണ്ടുകാലിനും വേദന ഉണ്ടായിരുന്നു.

20. പുറത്തെ വേദന കുറവുണ്ട്. പാലമൂട്ടിൽ ജോർജ്ജും മറ്റും കാണാൻ വന്നു. ജോയിയും കുഞ്ഞുകുട്ടിയും വന്നു. വൈകിട്ടു ജോയി ലേഡി ഡോക്ടരുമായി സംസാരിച്ചു വിശദവിവരം അറിഞ്ഞു. ചാലിൽ അച്ചനും വന്നു. മറിയാമ്മയുടെ വീട്ടിൽ പോയി കുളിച്ചിട്ടുവന്നു.

21. ഇന്ന് കുറച്ചുഭേദമായി. ഞാൻ ചുറ്റിനടന്ന് മറ്റുരോഗികളെ കണ്ടു. പത്രംവായിച്ചു. ഡോക്ടർ വന്ന് പരിശോധിച്ചു. കുറഞ്ഞിട്ടുണ്ട്, ഒരിടത്തും പോകരുതെന്ന കണ്ടീഷനിൽ വീട്ടിൽവിടാം എന്നുപറഞ്ഞു. 10 മണിക്ക് ജോയികുട്ടിയും കുഞ്ഞുമോനും വന്നു. കരിങ്കുറ്റിക്കൽ ബേബിയും (കെ.പി. ജോർജ്) കൂട്ടരും വന്നുകണ്ടു. ഡോക്ടരോടും



www.malankaralibrary.com

മറ്റും പറഞ്ഞിട്ടു ഒരുകാറിൽ ഞങ്ങൾ വീട്ടിലേക്ക് പോയി. വിശ്രമിച്ചു. ഉച്ചയൂണു കഴിഞ്ഞ് ജോയികുട്ടി പോയി.

**22.** മരുന്നുകഴിച്ചുവിശ്രമിച്ചു. അനേകർ കാണാൻ വന്നു.

**24.** മാപ്പിളസാർ വന്നു. ഊണുകഴിഞ്ഞ് വിശ്രമിച്ചിട്ടുപോയി.

**31.** ഡോ. ജോർജിന്റെ ആശുപത്രിയിൽ പോയി. പരിശോധിച്ചു. കാലിലെ വേദനയ്ക്ക് ന്യൂറോബയോൺ ഇൻജഗ്ഷൻ തന്നു.

**ഫെബ്രുവരി 1.** കഴിഞ്ഞ 14-നുശേഷം ഇന്ന് പള്ളിയിൽ പോയി കുർബാനചൊല്ലി.

**2.** രാവിലെ വിശ്രമിച്ചു. 3 മണിക്ക് പത്തനംതിട്ട പോയി ഡെവലപ്പ്മെന്റ് കമ്മറ്റി മീറ്റിംഗ് കൂടി പലകാര്യങ്ങൾ ആലോചിച്ചു. മൈലപ്രാ സംഘത്തിന്റെ കാര്യവും ആലോചനയിൽ വന്നു. 5 മണിക്ക്പോന്നു.

**16.** വൈകിട്ടു സംഘം കമ്മറ്റി കൂടി. സി.എം.റ്റി. തെക്കും മലവക രൂപാ സംഘത്തലടക്കാനുള്ളത് അടുത്തമാസം 15-ാം തീയതിക്കകം തരാമെന്ന് പറയുകയും അങ്ങനെ എഴുതി ഒരു കത്ത് എന്നെ ഏല്പി ക്കുകയും ചെയ്തു. കമ്മറ്റിക്കാർ 2 പേര് സാക്ഷികളായി ഒപ്പിട്ടു. തിരുമേനി വീട്ടിൽ വന്നിട്ടുപോയി. എനിക്ക് കാണാൻ സാധിച്ചില്ല.

**22.** ഉച്ചയോടുകൂടി കോളാത്തുമണ്ണിൽ കൊച്ചച്ചന്റെ വീട്ടിൽ പോയി മകൻ തമ്പാന്റെ കല്യാണനിശ്ചയത്തിൽ സംബന്ധിച്ചു. ഊണു കഴിഞ്ഞ് വന്ന് യൂണിയൻ മീറ്റിംഗ് കൂടി. കാപ്പികഴിഞ്ഞ് സിറ്റിംഗ് ഫീ വാങ്ങിപോന്നു. വൈകിട്ടു പള്ളിയിലെത്തി നമസ്കാരത്തിൽ കൂടി. പ്രസംഗവും കേട്ടു മടങ്ങിപോന്നു.

**24.** പത്തനംതിട്ട യൂണിയനിൽ എത്തി 9 പേർക്ക് വോട്ടു ചെയ്തിട്ടു പോന്നു. 4 മണിക്ക് കൃഷ്ണപുരം വൈദ്യന് ദേവസ്വം ബോർഡിൽ നിന്നും 'വൈദ്യരത്നം' അവാർഡ് കിട്ടിയതിന് അനുമോദനമീറ്റിംഗ് കൂടി. ദേവസ്വംബോർഡ് പ്രസിഡന്റ് അദ്ധ്യക്ഷനായിരുന്നു. ഞാൻ ഒരു ചെറുപ്രസംഗത്തോടുകൂടി സ്വാഗതം പറഞ്ഞു. മറ്റു പലരും പ്രസംഗിച്ചു. 6 മണിക്ക് പള്ളിയിലെത്തി തിരുമേനിയെ പ്രതീക്ഷിച്ചു 10.30 വരെ ഇരുന്നു. പ്രസംഗം കേട്ടു.

**25.** ഞാൻ രാവിലെ ചൊല്ലി. തിരുമേനി 8 മണിക്ക് ചൊല്ലി, 10.0-ന് തീർന്നു. കാപ്പികഴിഞ്ഞ് ഞാൻ പോന്നു.

**27.** ആശുപത്രിയിൽ പോയി, പരിശോധിച്ചു മരുന്ന് തന്നു.

**മാർച്ച് 5.** രാവിലെ അച്ചൻ കഴിഞ്ഞ പത്ത് വിവാഹത്തിന്റെ പട്ടത്വ വരുമാനം 1720 രൂപയിൽ സെമിനാരി ഫണ്ടിലേക്ക് കൊടുത്തതിന്റെ





www.malankaralibrary.com

ബാക്കി 573 രൂപ രണ്ടുപേർക്കുമായി വീതിച്ചു എനിക്ക് 286 രൂപ തന്നു.

**8.** സ്കൂളിൽ പുതിയ ക്ലാസുമുറി പണിതുടങ്ങാൻ കുറ്റി അടിച്ചു.

**12.** ആശുപത്രിയിൽ പോയിട്ടുവന്നു. സ്കൂളിൽ വാനം എടുക്കാൻ തുടങ്ങി.

**15.** ഉച്ചകഴിഞ്ഞ് 4 മണിക്ക് മുഖത്തലക്ക് പോയി. 7 മണിക്ക് അവിടെ ആശ്രമത്തിലെത്തി, താമസിച്ചു.

**16.** രാവിലെ മുഖത്തല ചൊല്ലി. കാപ്പികഴിഞ്ഞ് കൊല്ലത്തിന് പോയി. വക്കീലിനെ കണ്ടു. അപ്പീലിന്റെ കാര്യം അറിഞ്ഞിട്ടു പേപ്പേഴ്സ് കൊണ്ടുപോയാൽ മതി എന്നുപറഞ്ഞു.

**17.** രാവിലെ ചൊല്ലി. മാന്നാത്തു കുഞ്ഞൂഞ്ഞിനോടുകൂടി 9 മണിക്ക് തിരുവനന്തപുരത്തിന് പോയി 12 മണിക്കെത്തി. ഊണുകഴിഞ്ഞു വിശ്രമിച്ചു. കുഞ്ഞൂഞ്ഞ് ലോറൻസ് അച്ചനെ (മാർ എപ്രേം തിരുമേനി) പോയി കണ്ടു വിവരങ്ങൾ അറിഞ്ഞ് വന്നുപറഞ്ഞു. അതിനുശേഷം അവൻ കൊല്ലത്തിന് പോയി.

**18.** അരമനയിൽ ചൊല്ലി. തിരുമേനിയുമായി സംസാരിച്ചു. 11 മണിക്ക് ജോയിയുടെ വീട്ടിലെത്തി പലകാര്യങ്ങളും സംസാരിച്ചു. ഊണു കഴിഞ്ഞ് 3 മണിക്ക് കൊല്ലത്തിന് പൊയി കുഞ്ഞൂഞ്ഞിന്റെ വീട്ടിലെത്തി.

**19.** രാവിലെ ഞാനും കുഞ്ഞൂഞ്ഞും കൂടി കൊല്ലം കടവിലെത്തി വൈദ്യന്റെ വീട്ടിൽ പോയി സംസാരിച്ചു. മരുന്നുകൾ തന്നിട്ടു അതുപയോഗിക്കുന്നതിനുള്ള നിർദ്ദേശവും തന്നു. അവിടെനിന്നും ഞങ്ങൾ മൈലപ്രായ്ക്ക് പോന്നു. 12.30-ന് എത്തി. 4 മണിക്ക് പള്ളിയിൽ പോയി ചൊല്ലിയിട്ടു വന്ന് സ്കൂൾ വാർഷികത്തിലും സംബന്ധിച്ചു. നാടകമുണ്ടായിരുന്നു. പക്ഷേ ഞാൻ വന്നുറങ്ങി. (20-മുതൽ ഏപ്രിൽ 2 വരെ കുർബാനചൊല്ലി, വന്ന് മരുന്ന് കഴിച്ചു, തൈലവും മറ്റും പുരട്ടി തേച്ചുകുളിച്ചു വിശ്രമിച്ചു).

**ഏപ്രിൽ 7.** കുര്യച്ചന്റെ കൂടെ ഓണം കുളത്തച്ചൻ 10 മണിക്ക് വടശ്ശേരിക്കര നിന്നും വന്ന് വിശ്രമിച്ചു. ഇവിടെ വീട്ടിൽ എല്ലാ മുറികളിലും മുറ്റത്തും മേടയിലെ ഓഫീസ്മുറികളിലും, കൊച്ചുകുട്ടിയുടെ വീട്ടിലെ എല്ലാ മുറികളിലും ഒക്കെ കയറി പ്രാർത്ഥിച്ചു. കുർബാനയ്ക്ക് അച്ചനെ രൂപ ഏല്പിച്ചു. ഊണുകഴിഞ്ഞ് 2.30-ന് കാറിൽ പത്തനംതിട്ടയ്ക്ക് പോയി.

**11.** ഇന്ന് ജോൺ തേവർവേലിൽ അച്ചൻ (ഫാ. അലക്സ് ജോൺ തേവർവേലിൽ, തിരുവല്ലാ) മറ്റു രണ്ടുപേരുമായി വന്ന് നാളെ



www.malankaralibrary.com

ഗ്രീഗോറിയോസ് തിരുമേനിയെ ഒരു കാര്യം സംബന്ധിച്ചു കാണണമെന്ന് പറഞ്ഞു. നാളെ രാവിലെ പോകാം എന്നു പറഞ്ഞയച്ചു. സ്കൂൾ പണിക്ക് പൂർവ്വവിദ്യാർത്ഥികൾക്ക് അയക്കാൻ സഹായാഭ്യർത്ഥന ഞാൻ ഒപ്പിട്ടു കുര്യച്ചനെ ഏൽപിച്ചു.

**12.** രാവിലെ തേവർവേലിൽ കൊച്ചച്ചൻ കാറുമായി വന്നു. 7 മണിക്ക് ഞങ്ങൾ പുനലൂർ പോയി. അച്ചന്റെ കൊച്ചപ്പന്റെ വീട്ടിൽ നിന്നും കാപ്പികഴിഞ്ഞ് അവിടെനിന്നും രണ്ടുപേരുമായി തിരുവനന്തപുരത്തിന് പോയി. 12 മണിക്ക് തിരുമേനിയെ കണ്ടു അവരെ പരിചയപ്പെടുത്തി. പുനലൂർകാരന്റെ സ്റ്റേറ്റ് ബാങ്കു ഓഫ് ട്രാവൻകൂറിലെ സ്ഥലമാറ്റം സംബന്ധിച്ചു തിരുമേനിയോടു പറഞ്ഞ് ഒരു കത്തുവാങ്ങിച്ചു. ഞങ്ങൾ ടൗണിൽ പോയി ഊണുകഴിഞ്ഞ് ജോയിയുടെ വീട്ടിലെത്തി വിശ്രമിച്ചിട്ട് 2 മണിക്ക് പോന്നു. 4.30-ന് വീട്ടിലെത്തിച്ചിട്ടു അച്ചൻ പോയി.

**17.** ഇഞ്ചക്കലോടി അച്ചൻ മരിച്ചതായി പത്രത്തിൽ കണ്ടു. ഉച്ചയോട് ചെങ്ങന്നൂരിൽ പോയി സംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു. അടക്കം കഴിഞ്ഞ് 5 മണിക്ക് മടങ്ങിപോന്നു.

**19.** സംഘത്തിലേക്ക് ഉണ്ണിയും പാപ്പനും തമ്മിൽ 3-ാം വാർഡിലെ തെരഞ്ഞെടുപ്പിന് നിന്നു. ഞാൻ പാപ്പനെ വിളിച്ചു പിന്മാറ്റി. അങ്ങനെ ഉണ്ണി മാത്രമായി, വിജയിച്ചു.

**27.** പത്തനംതിട്ട ബാങ്കു മീറ്റിംഗിന് പോയി. പലതും ആലോചിച്ചു തീരുമാനിച്ചു. 6 മണിക്ക് മടങ്ങിപോന്നു.

**29.** 5 മണിക്ക് സംഘം മീറ്റിംഗ് തുടങ്ങി. പലതും ആലോചിച്ചു. ബഡ്ജറ്റ് രൂപീകരിച്ചു. മലയിലെ കൃഷിയെപ്പറ്റി ആലോചിച്ചു.

**മെയ് 7.** രാവിലെ തിരിച്ചു ചന്ദനപ്പള്ളി പള്ളിയിൽ 7 മണിക്കെത്തി. തിരുമേനിയേയും അച്ചനേയും എതിരേറ്റ് പള്ളിയിൽ കൊണ്ടുവന്നു. 8 മണിക്ക് തിരുമേനിയുടെ കാർമ്മികത്വത്തിൽ 12 പേരുകൂടി കുർബാന ചൊല്ലി. തിരുമേനിയുടെ വലത്തുഭാഗത്ത് ഞാൻ നിന്നു. കാപ്പി കഴിഞ്ഞ് അച്ചനെ അനുമോദിക്കാൻ മീറ്റിംഗ് കൂടി. ഞാൻ ഒടുവിൽ പെരുമല അച്ചനെ അനുമോദിച്ചു ഞങ്ങളുടെ ഒരുമിച്ചുള്ള പഠനത്തെപ്പറ്റിയും മറ്റും പ്രസംഗിച്ചു. ഊണുകഴിഞ്ഞ് മടങ്ങിപോന്നു.

**10.** അടൂർക്ക് കാറിൽ പോയി ആർ.ഡി.ഒ. യെ കണ്ടു സ്കൂൾ പണിക്കാവശ്യമായ സിമന്റിനുവേണ്ടി പറഞ്ഞ് ഏർപ്പാടു ചെയ്തുമടങ്ങി.

**12.** സ്കൂൾ പണിയെപ്പറ്റി ഞാൻ കുര്യച്ചനോടു പറഞ്ഞു. ആ പണി





www.malankaralibrary.com

ക്കാരനെ വിട്ടു വേറെ ആളെ ആക്കണമെന്ന്. വേറെ ആളെ ഞാൻ നിർദ്ദേശിച്ച് കുട്ടൻ മേസ്തിരിയെ അച്ചന്റെ അടുക്കൽ വിട്ടു. മേസ്തിരിയെ മാറ്റിയില്ല.

**13.** വൈകിട്ടു സംഘം മീറ്റിംഗ് വീട്ടിൽവച്ചുകൂടി. കൃഷി സംബന്ധിച്ചും ടാങ്കിയ കൃഷിയും മറ്റും ആലോചിച്ചു.

**22.** സ്കൂൾ പണി കാണാൻ പോയി. ഒട്ടും മെച്ചമല്ല. കുമ്മായം ഇടിച്ചു കൂട്ടി ചെയ്യുന്നില്ല. ആരോ മേസ്തിരിയെപ്പറ്റി അഭിപ്രായം പറഞ്ഞ തനുസരിച്ചു അച്ചൻ വിശ്വസിച്ചു കഴിയുന്നതിനാൽ അയാളെ അച്ചൻ മാറ്റുന്നില്ല. കൂടാതെ അച്ചന് പണി സംബന്ധിച്ചു അത്ര അറിവുമില്ല.

**23.** സംഘത്തിന്റെ സബ്കമ്മറ്റി കൂടി കൂപ്പിന്റെ വകയിൽ ഉണ്ണൂണ്ണി എടുത്ത കൂപ്പിന്റെ ഒന്നാംവർഷത്തെ ആദായത്തിൽ 500 രൂപ തരുന്നതിന് കമ്മറ്റി നിശ്ചയിച്ചു. ആ തുക ഉണ്ണൂണ്ണി പ്രസിഡന്റായ എന്നെ ഏല്പിച്ചു. ബാക്കി വരാനുള്ള 1000 രൂപ ഒരു മാസത്തിനകം ഏല്പിക്കാമെന്ന് സമ്മതിച്ചു.

**ജൂൺ 3.** ഇന്ന് മൂന്നിന്മേൽ കുർബാന ചൊല്ലി വിശ്രമിച്ചു. വൈകിട്ടു രോഗിയായ ചിറ്റക്കാട്ടു മത്തായിച്ചനെ പോയികണ്ടു.

**5.** സ്കൂളിലേക്ക് ബഞ്ചുപണി വീട്ടിൽവച്ചു നടത്തിവരുന്നു.

**7.** ബഞ്ചുപണി നടക്കുന്നു. കുര്യച്ചൻ വന്ന് ചിലതെല്ലാം ആലോചിച്ചു മടങ്ങിപ്പോയി.

**12.** കുര്യച്ചനും ഞാനും കൂടി സ്കൂൾ പണിയുടെ കാര്യം പറഞ്ഞു. പണിമോശമാണ്, കെട്ടു നന്നായിട്ടല്ല നടക്കുന്നതെന്ന് ഞാൻ പറഞ്ഞു. കെട്ടിന് കുഴപ്പമില്ല, വല്ല കുഴപ്പവും വരുന്നെങ്കിൽ ഞാൻ പരിഹരിച്ചു കൊള്ളാം എന്ന് അച്ചൻ പറഞ്ഞതുകൊണ്ടു ഞാൻ സംസാരം നിറുത്തി പോന്നു. അച്ചനുമായി പിണങ്ങുന്നത് ശരിയല്ല എന്ന് ഞാൻ കരുതി.

**14.** കുര്യച്ചനും, ഞാനും, ജോയിയും, കുഞ്ഞുമോനും കൂടി തങ്കപ്പൻ നായരുടെ കാറിൽ, അമേരിക്കയിൽ നിന്നും വരുന്ന മണിയെ സ്വീകരിക്കാൻ, എറണാകുളത്തിന് പോയി. 1 മണിക്ക് അവിടെ എത്തി ഊണുകഴിച്ചു. അരമനയിലെത്തി വിശ്രമിച്ചു. 3.30-ന് എയർപോർട്ടിലെത്തി. അന്വേഷിച്ചപ്പോൾ ഇന്നത്തെ മദ്രാസ് പ്ലെയിനിൽ ഇല്ല, നാളെ രാവിലെ മാത്രമേ എത്തുകയുള്ളൂ എന്നറിഞ്ഞു. ഞങ്ങൾ വിഷമിച്ചു. ഞാനും അച്ചനും അവിടെ അരമനയിലെത്തി താമസിച്ചു. മറ്റുള്ളവർ ക്ലബിൽ താമസിച്ചു. കുഞ്ഞുമോൻ കടമ്മനിട്ട ബേബിയുടെ കൂടെ വീട്ടിലേക്ക് തിരിച്ചുപോയി വിവരമറിയിക്കാൻ.



www.malankaralibrary.com

**15.** രാവിലെ കാപ്പികഴിഞ്ഞ് 8.30-ന് എയർപോർട്ടിൽ എത്തി. 9-ന് പ്ലെയിൻ വന്നു. മണി ഉണ്ടായിരുന്നു. സാധനങ്ങൾ എടുത്ത് 9.30-ന് മടങ്ങി പോന്നു. ചങ്ങനാശ്ശേരിയിലിറങ്ങി കാപ്പികുടിച്ചിട്ടു പോന്നു. 1 മണിക്ക് വീട്ടിലെത്തി. 4 മണിക്ക് ജോയി തിരുവനന്തപുരത്തിന് പോയി.

**18.** സംഘം കമ്മറ്റി 5.30-ന് കൂടി. പഴയകമ്മറ്റി പിന്മാറി പോന്നു. പുതിയത് ചാർജെടുക്കാൻ ഏർപ്പാടുചെയ്തു.

**24.** പള്ളിയിൽ 4 മണിക്കെത്തി കുർബാനചൊല്ലി. ചിറക്കാട്ടു മത്തായിച്ചന് സുഖമില്ലാതെ കിടക്കുന്നതിനാൽ അവിടെ പോയി കണ്ടു പ്രാർത്ഥിച്ചു. തിരിച്ചുവന്നവഴി വല്ല്യത്തും കയറിയിട്ടു കണ്ടത്തിൽ ഇറങ്ങി നടന്നപ്പോൾ സ്കൂളിന്റെ പുതിയ കെട്ടിടം തെക്കുഭാഗത്തുനിന്ന് ഭയങ്കര ശബ്ദത്തോടു തകർന്നുവീണു. ഞാൻ കഴിയുന്നതും വേഗത്തിൽ വരമ്പിൽ കൂടെ നടന്ന് സ്കൂൾ കോമ്പൗണ്ടിൽ കയറി വീണഭാഗം കണ്ടു. ആർക്കും അപകടമില്ല. ധാരാളം ആളുകളെത്തി. വീട്ടിലെത്തി മനഃക്ഷോപത്തോടു കഴിഞ്ഞു. കുര്യച്ചൻ ഇത് അറിഞ്ഞ് വളരെയധികം വിഷമത്തോട് കഴിയുന്നു എന്നറിഞ്ഞു.

**25.** രാവിലെ ചൊല്ലി. അച്ചനുമായി സംസാരിച്ചു. സ്കൂളിന്റെ കല്ലുകെട്ടിൽ മേസ്തിരി കാണിച്ച അക്ഷന്ത്യവമായ അനാസ്ഥയെപ്പറ്റി തിരുമേനിയെയും, ഡി.ഇ.ഒ. യേയും വിവരം അറിയിക്കാൻ ഏർപ്പാടുചെയ്തു. ഞാൻ തമ്പി അച്ചനെ കാണാൻ കവിയൂർ പോയി, കാണാൻ സാധിച്ചില്ല. മടങ്ങിപോന്നു.

**26.** പള്ളിയിൽ വികാരി ജനറാളും കറസ്പോണ്ടന്റ് എഴിയത്തച്ചനും മറ്റും തിരുവനന്തപുരത്തുനിന്നും വന്നു. അവർ സ്കൂളിലെത്തി പൊളിഞ്ഞ കെട്ടിടം കണ്ടു. ക്ലാസിനുള്ള കെട്ടിടം നിശേഷം പൊളിഞ്ഞു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കൽകെട്ടുകാരന്റെ കുഴപ്പമാണെന്ന് അവരെല്ലാം അഭിപ്രായപ്പെട്ടു. 10 മണിക്ക് അവർ വടശ്ശേരിക്കരക്ക് പോയി. ഉത്തരവും കഴുക്കോലും മറ്റും പറക്കി വയ്ക്കാൻ ഏർപ്പാടുചെയ്തു.

**30.** തിരുവനന്തപുരത്തിന് 10 മണികഴിഞ്ഞ് തിരിച്ചു. കൊട്ടാരക്കര എത്തി. ഊണുകഴിഞ്ഞ് പുറപ്പെട്ടു 3 മണിക്ക് അരമനയിലെത്തി. തിരുമേനിയെ കണ്ടു. വളരെ സങ്കടത്തോടു തിരുമേനി കെട്ടിടം വീണ കാര്യം പറഞ്ഞു. അരമനയിൽ നിന്നും കുർബാന പണം വാങ്ങി ജോയിയുടെ വീട്ടിലെത്തി താമസിച്ചു.

**ജൂലൈ 1.** ജോയി ചിലകാര്യങ്ങൾ പറഞ്ഞേൽപ്പിച്ചു. വൈദ്യനെപോയി



www.malankaralibrary.com

കണ്ടു മരുന്ന് വാങ്ങി, ചിങ്ങംവരെ സേവിക്കാൻ പറഞ്ഞു, പത്ഥ്യവും പറഞ്ഞു. ജോയി 250 രൂപ തന്നു. ഉച്ചയ്ക്ക് ഉണ്ടിട്ടുപോന്നു.

**2-15.** ക്ഷീരബലം കഴിച്ചു പത്ഥ്യവും നോക്കി വിശ്രമിച്ചു. പിന്നീടും കുർബാനചൊല്ലി യാത്രചെയ്യാതെ വിശ്രമിച്ചു.

**20.** ഇന്ന് 5 മണിക്ക് വയലാ ഇടിക്കുളക്ക് താമ്രപത്രം സംഭാവന ചെയ്തതിന്റെ അനുമോദനമീറ്റിംഗ് എന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. സി.സി.ജോസഫ് എം.പി. ഉദ്ഘാടനപ്രസംഗം നടത്തി. ഏഴെട്ടു പേർ പ്രസംഗിച്ചു. വീട്ടിൽവച്ചു ചായസൽക്കാരം നടത്തി.

**സെപ്റ്റംബർ 17.** ചിറ്റക്കാട്ടുകാർക്കുവേണ്ടി ഞാനും, കുര്യച്ചനും, താഴത്തേതിൽ കോശി അച്ചനും കൂടി കുർബാന ചൊല്ലി. വീട്ടിൽ പോയി ധൂപപ്രാർത്ഥനയും നടത്തി.

**ഒക്ടോബർ 1.** ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തിന് പോയി. 5 മണിയോടു ജോയിയുടെ വീട്ടിലെത്തി താമസിച്ചു.

**2.** അരമനയിലെത്തി കുർബാനചൊല്ലി. തിരുമേനിയെ കണ്ടു വിവരം പറഞ്ഞു. ശ്രീ. എ.സി. ജോർജിന് കൊടുക്കാൻ ഒരു കത്ത് മണിക്കു വേണ്ടിതന്നു. തിരുമേനിയോടു യാത്രപറഞ്ഞ് പോന്നു. 8 മണിക്ക് വീട്ടിലെത്തി.


(ജൂലായ് മുതൽ അസുഖം കൂടിയും കുറഞ്ഞും വളരെ ക്ഷീണിതനായി. കഴിവതും യാത്രകളെല്ലാം, പ്രത്യേകിച്ചു ദൂരയാത്രകൾ കുറച്ച്, രാവിലെയോ വൈകിട്ടോ പള്ളിയിൽ പോയി കുർബാനചൊല്ലി വന്നു, വിശ്രമിച്ചു. ചില വായനകളൊക്കെ നടത്തി. വീട്ടിൽ വന്നപേക്ഷിക്കുന്ന ആളുകൾക്കെല്ലാം കഴിവതും ചെയ്യാവുന്ന സഹായങ്ങൾ ചെറുയാത്ര ചെയ്തും കൊടുത്തിരുന്നു. ഡയറി എഴുത്ത് തുടരാൻ ശ്രമിച്ചെങ്കിലും അവ്യക്തമായി ഒന്നും രണ്ടും വാചകങ്ങളിൽ നിറുത്തി. വായിച്ചെടുക്കാൻ സാധിച്ചില്ല. 1976-നു ശേഷം എഴുതിയിട്ടില്ല).



www.malankaralibrary.com




**മൈലപ്രാ അച്ചന്റെ മുത്തച്ഛൻ**



**മൈലപ്രാ അച്ചനും സഹധർമ്മണി ശോശാമ്മ ഏബ്രഹാമും**



www.malankaralibrary.com



ശോശാമ്മ ഏബ്രഹാം



സി. അൽഫോൻസ SIC (മകൾ)

**കുടുംബാംഗങ്ങൾ**



ഇരിക്കുന്നവർ: ലീലമ്മ, ശോശാമ്മ ഏബ്രഹാം, കുഞ്ഞമ്മ, ജോയി
നിൽക്കുന്നവർ: വത്സമ്മ, മണി, മോളി, കുഞ്ഞുമോൻ, റോസമ്മ



www.malankaralibrary.com



ഇരിക്കുന്നത്: സി. അൽഫോൻസ, ശോശാമ്മ ഏബ്രഹാം, കുഞ്ഞമ്മ
നിൽക്കുന്നത്: കുഞ്ഞമ്മ, മേരിക്കുട്ടി, വത്സമ്മ, റോസമ്മ, ആനന്ദവല്ലി




നിൽക്കുന്നത്: കുഞ്ഞുമോൻ, ജോയി, മണി



www.malankaralibrary.com

# അന്ത്യയാത്രാ രംഗങ്ങൾ







www.malankaralibrary.com



കുടുംബാംഗങ്ങൾ



നഗരികാണിക്കൽ



www.malankaralibrary.com



നഗരികാണിക്കൽ



പള്ളിവാതിൽക്കൽ കാത്തുനിൽക്കുന്നു



www.malankaralibrary.com



**മഞ്ചത്തിൽ നിന്നും ഇറക്കുന്നു**



**പള്ളിക്കകത്തേക്ക് അവസാനപ്രവേശനം**



www.malankaralibrary.com



പള്ളിക്കകത്ത് പ്രാർത്ഥനയിൽ



പരിശുദ്ധ മദ്ബഹാ സമാധാനത്തോട് വസിക്കുക



www.malankaralibrary.com



**പറുദീസായുടെ അവകാശി സമാധാനത്തോട് പോവുക**






www.malankaralibrary.com

www.malankaralibrary.com